# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**2016 ഒക്ടോബർ 31, തിങ്കൾ**

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 163 - നമ്പർ 19

വില : ₹ 50

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം**

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

2016 ഒക്ടോബർ 31, തിങ്കൾ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീ. ബി. മഹേന്ദ്ര കുമാർ**


എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

269/2019.

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1
2. തിരുത്തിയ ഉത്തരം .. 26
3. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 30

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 30
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 62

**II അടിയന്തരപ്രമേയം**

വരൾച്ച (അവതരണാനുമതി നിഷേധിച്ചു) .. 296

**III ശ്രദ്ധ ക്ഷണിക്കൽ**

1. ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത—

ശ്രീ. എ. പ്രദീപ്കുമാർ .. 309

2. പ്രീ-പ്രൈമറി സ്കൂൾ ജീവനക്കാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ—

ശ്രീ. ഷാഫി പറമ്പിൽ .. 316

**IV സബ്മിഷൻ**

1. മലപ്പുറം ക്യാൻസർ സെന്റർ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം—

ശ്രീ. പി. ഉബൈദുള്ള .. 321

2. സ്ഥലം അനുവദിക്കൽ—

ശ്രീ. കെ. വി. അബ്ദുൾ ഖാദർ .. 323

3. അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി—

ശ്രീ. അടൂർ പ്രകാശ് .. 324

4. കുന്നമ്മൽ അനുബന്ധ കുടിവെള്ള പദ്ധതി—

ശ്രീ. ഇ. കെ. വിജയൻ .. 327

*പേജ്*

5. ചീക്കോട് കുടിവെള്ള പദ്ധതി—

ശ്രീ. ടി. വി. ഇബ്രാഹിം .. 328

6. കൊച്ചിൻ ട്രാംവെ റെയിൽ മ്യൂസിയം—

ശ്രീ. ബി. ഡി. ദേവസ്സി .. 329

7. തസ്തിക സൃഷ്ടിക്കൽ—

ശ്രീ. എ. എം. ആരിഫ് .. 331

8. ആംബുലൻസിന്റെ പ്രവർത്തനം—

ശ്രീ. കെ. മുരളീധരൻ .. 332

9. സർവ്വേ നടപടികളും പദ്ധതിരേഖയും പൂർത്തിയാക്കൽ—

ശ്രീ. ഐ. സി. ബാലകൃഷ്ണൻ .. 334

10. ബൈപ്പാസ് നിർമ്മാണം—

ശ്രീ. ആർ. രാജേഷ് .. 336

**V പ്രത്യേക പരാമർശം**

എം.എൽ.എ. ഫണ്ട് ലഭ്യമാകുന്നതിന് കാലതാമസം—

ശ്രീ. കെ. ബി. ഗണേഷ് കുമാർ .. 336

**VI മേശപ്പുറത്തുവച്ച കടലാസ്സുകൾ**

ചട്ടം 47(2) അനുസരിച്ചുള്ള കടലാസ്സുകൾ .. 337

**VII റിപ്പോർട്ട് സമർപ്പണം**

(1) 2015-16 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് .. 337

പേജ്

(2) 2015-16 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ
പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ
അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട് .. 337

**VIII വ്യക്തിപരമായ വിശദീകരണം**

(1) തെറ്റിദ്ധാരണാജനകമായ റിപ്പോർട്ട് സമർപ്പിച്ചത് സംബന്ധിച്ച്—

ശ്രീ. വി. ഡി. സതീശൻ .. 338

(2) സത്യവിരുദ്ധവും അടിസ്ഥാന രഹിതവുമായ പരാമർശം—

ശ്രീ. എ. പി. അനിൽ കുമാർ .. 340

**IX ധനകാര്യം**

2016-17 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള
ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും .. 340

**X വ്യക്തിപരമായ വിശദീകരണം**

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും
വകുപ്പുമന്ത്രി—

(ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) .. 489

**XI ചട്ടം 58 അനുസരിച്ചുള്ള ചർച്ച**

സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന വാഹനാപകടങ്ങൾ— .. 493

**XII അറിയിപ്പ്**

കേരളപ്പിറവി ആഘോഷം— .. 517

മി. സ്പീക്കർ

(ചർച്ച തുടർച്ച) .. 518

**അനുബന്ധം** .. 529

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

*2016 ഒക്ടോബർ 31, തിങ്കൾ*

വാല്യം 163] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 19

നിയമസഭ 2016 ഒക്ടോബർ മാസം 31-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.... ഓർഡർ.... ചോദ്യം നമ്പർ *601

### സൈബർ കുറ്റകൃത്യങ്ങൾ

1 (*601) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. ടി.എ. അഹമ്മദ് കബീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യത്യസ്ത രീതിയിലുള്ള സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഐ.റ്റി. മേഖല കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ആധുനീകരണ ഗവേഷണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുമുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിൽ ഐ.റ്റി. വിഭാഗത്തിന്റെ സേവനം ഉപയോഗപ്പെടുത്താറുണ്ടോ;

(സി) ഐ.റ്റി. രംഗത്ത് അതിവേഗത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്കൊപ്പം സംസ്ഥാനത്തിന്റെ ഐ.റ്റി. വിഭാഗത്തേയും സൈബർ കുറ്റാന്വേഷണ വിഭാഗത്തേയും സജ്ജമാക്കാൻ ആവശ്യമായ പരിഷ്കരണ നടപടികൾ സ്വീകരിക്കുമോ?

269/2019.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പരിഗണനയിലുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ തടയുകയെന്ന ലക്ഷ്യത്തോടെ എല്ലാ ജില്ലകളിലും സൈബർ സെല്ലുകളും സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിനായി തിരുവനന്തപുരത്ത് ഒരു സൈബർ പോലീസ് സ്റ്റേഷനും ഇതിനുപുറമെ, പോലീസ് ആസ്ഥാനത്ത് ഒരു ഹൈടെക് എൻക്വയറി സെല്ലും പ്രവർത്തിച്ചുവരുന്നുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ ശാസ്ത്രീയമായി തെളിയിക്കുന്നതിന് സൈബർ ഫോറൻസിക് ടൂളുകൾ ഉപയോഗിച്ചുവരുന്നു. സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിച്ച് കണ്ടെത്തുന്നതിന് ഒരു സീനിയർ പോലീസ് ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ സൈബർ കുറ്റാന്വേഷണ വിഭാഗം രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. കുറ്റകൃത്യങ്ങൾ തടയുന്നതിന് ആധുനിക സൗകര്യങ്ങളോടുകൂടി സൈബർ ഡോം ടെക്നോപാർക്കിൽ പ്രവർത്തിച്ചുവരുന്നു. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്.

(ബി) C-DAC, CERT-K, FSL, IT Mission, Cyber Dom എന്നീ ആധുനിക സാങ്കേതിക വിഭാഗങ്ങളുടെ സേവനം ഉപയോഗപ്പെടുത്താറുണ്ട്.

(സി) പോലീസ് സേനയ്ക്ക് ആവശ്യമായ ആധുനിക സോഫ്റ്റ്‌വെയർ, മൊബൈൽ ആപ്ലിക്കേഷൻ എന്നിവ വികസിപ്പിക്കുന്നതിനാവശ്യമായ സാങ്കേതിക സഹായം സൈബർ ഡോം നൽകിവരുന്നു. ഈ കാലയളവിനുള്ളിൽ സൈബർ ഡോം ട്രാഫിക് സുരക്ഷയെ മുൻനിർത്തി Think Traffic Mobile Application വികസിപ്പിച്ചിട്ടുള്ളതും Reserve Bank of India-യുമായി ചേർന്ന് ATM/OTP/Mobile wallet തട്ടിപ്പ് എന്നിവ തടയുന്നതിനുവേണ്ടിയുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടുതൽ പരിഷ്കരണ നടപടികൾ ഗൗരവതരമായി ആലോചനയിലുണ്ട്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിക്കുവേണ്ടി ശ്രീ. പി. ഉബൈദുള്ള : സർ, സൈബർ കുറ്റകൃത്യങ്ങൾ ആഗോളതലത്തിൽ ജനങ്ങൾക്കും പോലീസിനും വെല്ലുവിളി സൃഷ്ടിക്കുകയാണ്. തീവ്രവാദം മുതൽ കുടുംബ ബന്ധങ്ങളുടെ ശിഥിലീകരണം വരെ അതിർവരമ്പുകളില്ലാതെ ഇത്തരം കുറ്റകൃത്യങ്ങൾ വ്യാപിച്ചിരിക്കുന്നു. നമ്മുടെ നാട്ടിൽ അടുത്തകാലത്തായി വ്യാപകമായിക്കൊണ്ടിരിക്കുന്ന എ.ടി.എം. തട്ടിപ്പുകളും എ.ടി.എം. കവർച്ചയുമൊക്കെ കുറച്ചുകൊണ്ടുവരുന്നതിനും സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും നിലവിലുള്ള പോലീസ് ആക്ടിൽ എന്തെങ്കിലും പരിമിതികൾ നിലവിലുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? ഇത്തരം പരിമിതികൾ തരണം ചെയ്യുന്നതിന് ആവശ്യമായ ഭേദഗതികൾ ബന്ധപ്പെട്ട ആക്ടിൽ കൊണ്ടുവരാൻ സർക്കാർ മുന്നോട്ടുവരുമോ?

ശ്രീ. ജി. സുധാകരൻ: സർ, കേരളത്തിലെ പോലീസ് ആക്ട് ഉപയോഗിച്ചല്ല സൈബർ കുറ്റങ്ങൾ കൈകാര്യം ചെയ്യുന്നത്. അതിന് 2000-ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ The Information Technology Act-ഉം 2008-ൽ കൊണ്ടുവന്ന ഭേദഗതിയുമാണ് പ്രധാനമായുമുള്ളത്. സൈബർ കേസുകൾ അന്തർദേശീയ സ്വഭാവം കൂടിയുള്ളതാണ്. അന്തർദേശീയ അടിസ്ഥാനത്തിൽ ഇത്തരം കുറ്റങ്ങൾക്ക് രാജ്യങ്ങളെ തമ്മിൽ കോ-ഓർഡിനേറ്റ് ചെയ്യുന്ന നിയമങ്ങളൊന്നും ഇപ്പോൾ നിലവിലില്ല. ഇന്ത്യാ ഗവൺമെന്റുതന്നെ കുറച്ച് രാജ്യങ്ങളുമായി മാത്രമേ international law-ലെ Extradition treaty ഒപ്പിട്ടിട്ടുള്ളൂ. ലോകത്തെ ഒരു രാജ്യവും എല്ലാ രാജ്യങ്ങളുമായി Extradition treaty ഒപ്പിട്ടിട്ടില്ല. അത് എളുപ്പമല്ല. കാരണം അമേരിക്കയുടെ നയമാണത്. അവർക്ക് ബുദ്ധിമുട്ടുള്ള രാജ്യങ്ങളുമായി അവർ ഒപ്പിടില്ല. അങ്ങനെ നിരവധി പ്രശ്നങ്ങളുണ്ട്. അതുകൊണ്ട് The Information Technology Act-2000-ഉം അതിന് 2008-ൽ കൊണ്ടുവന്ന ഭേദഗതിയുടെയും അടിസ്ഥാനത്തിലാണ് നടപടികളെടുക്കുന്നത്. പോലീസ് നിയമത്തിലും ചില കാര്യങ്ങളുണ്ട്. ശക്തമായ നടപടി എടുത്തുവരികയാണ്. പോലീസ് സ്റ്റേഷൻ, സൈബർ ഡോം ഇവ കൂടാതെ കേന്ദ്രത്തിൽ വേറെ സംവിധാനവുമുണ്ട്. വളരെ തൃപ്തികരമായ ഒരു സംവിധാനമാണ് കേരളത്തിലുള്ളത്. കാരണം, തിരുവനന്തപുരത്ത് നടന്ന ഹൈടെക് തട്ടിപ്പിൽ ഏതാനും ദിവസത്തിനുള്ളിൽത്തന്നെ റുമാനിയക്കാരെ പിടികൂടിയെന്നത് കേരള ഗവൺമെന്റിന്റെ/സൈബർ സെല്ലിന്റെ പ്രവർത്തന മികവിന്റെ വലിയ ഒരു പൊൻതൂവൽ തന്നെയാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, സംസ്ഥാനത്ത് ഒളിക്യാമറകൾ വിപണനം ചെയ്യുന്നത് വഴി വ്യക്തികൾ അറിയാതെ സ്വകാര്യ ദൃശ്യങ്ങൾ പകർത്തുന്ന തരത്തിലുള്ള കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരികയാണ്. ഇത്തരം ക്യാമറകൾ വാങ്ങുന്നതിനും വിൽക്കുന്നതിനും എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉദ്ദേശ്യശുദ്ധി ബോദ്ധ്യപ്പെടാതെ ഇത്തരം ക്യാമറകൾ വിൽക്കുന്നത് കുറ്റകൃത്യങ്ങൾ പെരുകുന്നതിന് ഇടയാക്കുന്നുണ്ടെന്നത് സർക്കാർ ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ സ്വകാര്യ വ്യക്തികൾക്കും മറ്റുള്ള സ്ഥാപനങ്ങൾക്കും ഉദ്ദേശ്യശുദ്ധി ബോദ്ധ്യപ്പെടാതെ ഒളിക്യാമറകൾ വിപണനം ചെയ്യുന്നതിന് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്താൻ സർക്കാർ മുന്നോട്ടുവരുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഒളിക്യാമറകൾ എന്ന അർത്ഥത്തിലുള്ള ക്യാമറകൾ ഒന്നും വിൽക്കാൻ ഗവൺമെന്റ് സമ്മതിക്കാറില്ല. നിയമം ലംഘിച്ചുകൊണ്ട് രഹസ്യമായി ചില കാര്യങ്ങൾ പകർത്തുന്നതിനുവേണ്ടിയാണല്ലോ അത്. അതെല്ലാം അതീവ ഗൗരവതരമായ കുറ്റകൃത്യങ്ങളാണ്. അത് ഗവൺമെന്റ് പ്രോത്സാഹിപ്പിക്കാറില്ല. അങ്ങനെ ഉണ്ടാക്കുകയോ വിതരണം ചെയ്യുകയോ ചെയ്യുന്ന വ്യക്തികളെപ്പറ്റി റിപ്പോർട്ട് തരികയോ ഗവൺമെന്റിന്റെ രഹസ്യ പോലീസിന് വിവരം കിട്ടുകയോ ചെയ്താൽ ശക്തമായ നടപടി സ്വീകരിക്കും.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, സൈബർ കുറ്റാന്വേഷണ നടപടികൾ ശക്തമാക്കണമെന്നാണ് ഓരോ ദിവസവും നമ്മുടെ നാട്ടിൽ നടക്കുന്ന സംഭവങ്ങൾ നമ്മളോട് ആവശ്യപ്പെടുന്നത്. ഇന്നത്തെ മാതൃഭൂമി പത്രത്തിൽ പെരുമ്പാവൂർ നിന്നുള്ള ഒരു വാർത്തയുണ്ട്. ഒരു പാർട്ടി സെക്രട്ടറി തന്റെ നഗ്ന ഫോട്ടോ എടുത്ത് വാട്സ്-ആപ്പിലൂടെ പ്രചരിപ്പിച്ചത് വളരെ വിവാദമായിരിക്കുകയാണ്. കുറ്റാന്വേഷണ നടപടികൾ ഊർജ്ജിതമാക്കണമെന്നാണ് അതൊക്കെ സൂചിപ്പിക്കുന്നത്. പോലീസ് ഉദ്യോഗസ്ഥർക്ക് 2010-നുശേഷം നല്ല രീതിയിലുള്ള ഐ.ടി. കോഴ്സുകൾ ഇല്ല. ജനങ്ങൾക്കായാലും പോലീസിനായാലും ബോധവൽക്കരണ ക്ലാസ്സുകൾ നൽകാൻ സർക്കാരിന്റെ ഭാഗത്തുനിന്നും ഇപ്പോൾ വേണ്ടത്ര പ്രോത്സാഹനം നൽകാറില്ല. മറ്റൊരു പ്രധാനപ്പെട്ട കാര്യം, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അദ്ദേഹത്തെ വധിക്കുമെന്ന് പറഞ്ഞ് വിദേശത്തുനിന്നും ഒരു കോൾ വന്നു. നമ്മുടെ സംസ്ഥാനത്ത് ഇന്റർനെറ്റ് കോളുകൾ ട്രെയ്സ് ചെയ്യാനുള്ള സംവിധാനം ഇല്ല. അതേക്കുറിച്ചും നമ്മുടെ സൈബർ സെല്ലിൽ ഐ.ടി. സ്പെഷ്യലിസ്റ്റിനെ നിയമിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ചും ഗവൺമെന്റ് ആലോചിക്കുമോ? തിരുവനന്തപുരത്തുള്ളതു പോലെ സൈബർ പോലീസ് സ്റ്റേഷൻ എല്ലാ ജില്ലകളിലും സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, സൈബർ പോലീസ് സ്റ്റേഷൻ സ്റ്റേറ്റ് അടിസ്ഥാനത്തിൽ നന്നായി പ്രവർത്തിക്കുന്നുണ്ട്. പോലീസ് ട്രെയിനിംഗ് കോളേജിന്റെ രണ്ടാം നിലയിലാണ് ഇത് പ്രവർത്തിക്കുന്നത്. അതിന്റെ ഇൻസ്റ്റലേഷൻ പോലുള്ള കാര്യങ്ങളുടെ ഉത്തരവാദിത്തം പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിനാണ്. സൈബർ കുറ്റങ്ങൾ കുറച്ച് വർദ്ധിക്കുന്നുണ്ടെന്ന കാര്യം ശരിയാണ്. മൂന്നാം ലോക രാജ്യമായ ഇന്ത്യയിൽ സ്വാഭാവികമായും അതിന്റെ വർദ്ധനവുണ്ട്. പക്ഷെ എല്ലാ ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷൻ സ്ഥാപിക്കാൻ ഇപ്പോൾ തീരുമാനിച്ചിട്ടില്ല. അത് ആവശ്യമുണ്ടെങ്കിൽ പരിഗണിക്കാൻ ആഭ്യന്തര വകുപ്പിനോട് പറയാവുന്നതാണ്. ഫേസ്ബുക്കിലൊക്കെ ശരിയല്ലാത്ത ഒരുപാട് കാര്യങ്ങൾ വരികയാണ്. ഫേസ്ബുക്കിന് രണ്ട് ഗുണമുണ്ടെന്ന് എല്ലാവർക്കുമറിയാം. സാമൂഹികമായി കാര്യങ്ങൾ വേഗം ആശയവിനിമയം നടത്താൻ സാധിക്കുമെന്നതാണ് മറ്റ് പ്രിന്റ് മീഡിയയിൽ നിന്നുള്ള വ്യത്യാസം. പ്രിന്റ് മീഡയയ്ക്കാണ് വിശ്വാസ്യത. മറ്റുള്ളവയ്ക്ക് കുറച്ച് ചായ്‌വും ചരിവുമൊക്കെ വന്നാലും പ്രിന്റ് മീഡിയയാണ് വിശ്വാസ്യതയുള്ള മേഖല. ടെലിവിഷനുപോലും അത്ര വിശ്വാസ്യതയില്ല. ഫേസ്ബുക്കിന് അത്രപോലുമില്ല. നല്ല നല്ല കാര്യങ്ങൾ ഫേസ്ബുക്കിൽ അവതരിപ്പിക്കാൻ നമുക്ക് കഴിയും. നല്ല കാര്യങ്ങൾക്കൊക്കെ വലിയ തരത്തിലുള്ള സപ്പോർട്ടാണ് വരുന്നത്. മറ്റ് തരത്തിലുള്ള കാര്യങ്ങളെപ്പറ്റി

ഗവൺമെന്റ് ആലോചിച്ചിട്ടില്ല. സൈബർ കുറ്റങ്ങൾ കൈകാര്യം ചെയ്യുന്നതിൽ ഇന്ത്യയിലെ ഏറ്റവും മികച്ച സ്റ്റേറ്റാണ് കേരളമെന്നുള്ളതും ബന്ധപ്പെട്ട പോലീസ് ഓഫീസർമാരുടെ പ്രവർത്തന മികവ് സമ്മതിക്കാതിരിക്കാൻ കഴിയില്ല. ഐ.ടി. പരിജ്ഞാനമുള്ളവരെത്തന്നെയാണ് അവിടെ നിയമിച്ചിരിക്കുന്നത്. ഇനി ആവശ്യമുണ്ടെങ്കിൽ അത് ഗവൺമെന്റ് പരിഗണിക്കുന്നതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനുണ്ടായ പ്രശ്നത്തെ സംബന്ധിച്ച് ഗൗരവതരമായി അന്വേഷിച്ചുവരികയാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ തന്നെ സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിനായി തിരുവനന്തപുരത്ത് ഒരു സൈബർ പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചുവരുന്നുണ്ടെന്ന് പറയുന്നു. ഇന്നത്തെ മാധ്യമം പത്രത്തിൽ, അതീവ സുരക്ഷ പുലർത്തേണ്ട തിരുവനന്തപുരത്തെ സൈബർ പോലീസ് സ്റ്റേഷൻ തീരെ സുരക്ഷിതമല്ലാതെയാണ് പ്രവർത്തിക്കുന്നതെന്നും സൈബർ പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സെർവ്വറുകൾ പരിപാലനം നടത്താൻ പുറം കാരാറുകാർക്കാണ് നൽകിയിട്ടുള്ളതെന്നും വാർത്തകളിലൂടെ പറയുന്നു. പ്രസ്തുത അപാകതകൾ പരിഹരിക്കാനും ഇൻഫർമേഷൻ ടെക്നോളജി, ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജി എന്നിവ ഉപയോഗിച്ചുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, മാധ്യമം പത്രത്തിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെടുകയുണ്ടായി. സ്വന്തം ലേഖകന്റെ ഒരു വാർത്തയാണത്. അതിൽ സൈബർ പോലീസ് സ്റ്റേഷൻ പോലീസ് ട്രെയിനിംഗ് കോളേജിന്റെ രണ്ടാം നിലയിലാണെന്നും അതിന്റെ ഇൻസ്റ്റലേഷൻ ഉത്തരവാദിത്തം കെൽട്രോണിനാണെന്നും പറയുന്നുണ്ട്. പക്ഷെ കെൽട്രോൺ അത് സ്വകാര്യ ഏജൻസിക്ക് സബ് കോൺട്രാക്ട് കൊടുത്തുവെന്നാണ് പറഞ്ഞിട്ടുള്ളത്. പോലീസും സുരക്ഷാ വിഭാഗവും അത് പരിശോധിക്കുന്നുണ്ട്. അപരിചിതരായ ആളുകൾക്ക് അവിടെ പ്രവേശിക്കാനോ കയറിയിറങ്ങാനോ കഴിയുമെന്ന് കരുതുന്നില്ല. എല്ലാ ഹൈടെക് സ്ഥാപനങ്ങളിലും ഇൻസ്റ്റലേഷൻ ഉണ്ടെങ്കിൽ ഗവൺമെന്റ് ഉദ്യോഗസ്ഥരല്ല വേറെ ആളുകളാണ് ഇൻസ്റ്റാൾ ചെയ്യുന്നത്. അതിന്റേതായ സുരക്ഷിതത്വം ഉണ്ടാകും. സുരക്ഷിതത്വത്തിന് തകരാറായ ഒന്നുംതന്നെ അവിടെ സംഭവിച്ചിട്ടില്ല. എന്നാൽ സൈബർ പോലീസ് സ്റ്റേഷൻ സ്വകാര്യ മേഖലയുമായി കൊളാബറേറ്റ് ചെയ്യുമെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. അവിടെയുള്ള സൗകര്യങ്ങൾ ഇവിടെയും ഏർപ്പെടുത്തിയാൽ ഒരുപാട് മെച്ചമുണ്ടാകുന്നതാണ്. ഇത് ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, പല അംഗങ്ങളും പറഞ്ഞതുപോലെ ഇവിടെ വിവിധ തരത്തിലുള്ള സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരികയാണ്. സർക്കാർ വെബ്സൈറ്റ് തന്നെ ഹാക്ക് ചെയ്യപ്പെടുന്നു. സർക്കാർ വെബ്സൈറ്റ് ഹാക്ക് ചെയ്താൽ ആകെ തകിടം മറിയും. എ.ടി.എം. കവർച്ച, സ്ത്രീകളെ ആത്മഹത്യയിലേയ്ക്ക് പ്രേരിപ്പിക്കുന്ന തരത്തിലുള്ള സംഭവങ്ങൾ എന്നിവയെല്ലാം നടക്കുന്നു. സാമൂഹ്യദ്രോഹ നടപടികൾക്കുവേണ്ടി ഇൻഫർമേഷൻ ടെക്നോളജിയുടെ വളർച്ചയെ ഉപയോഗിക്കുന്നത് തടയുകയാണ് സൈബർ സെല്ലിന്റെ ഉദ്ദേശ്യം. കേരളത്തിൽ വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ സമ്പൂർണ്ണമായി നിയന്ത്രിക്കുന്നതിനായി പോലീസിന് സമാന്തരമായ ഒരു ഡിപ്പാർട്ടുമെന്റും പ്രത്യേക സംവിധാനങ്ങളും അതിന് ഒരു തലവനേയും ജീവനക്കാരെയും സൃഷ്ടിക്കാൻ ഗവൺമെന്റ് നടപടിയെടുക്കുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, സൈബർ സെല്ലിന് ഒരു ഉയർന്ന ഉദ്യോഗസ്ഥനുണ്ട്. ഇത് ആഭ്യന്തര വകുപ്പിന്റെ കീഴിൽ വരുന്ന സ്ഥാപനമായതിനാൽ ഇതിനുമാത്രമായി ഒരു പ്രത്യേക വകുപ്പുണ്ടാക്കാൻ സാധിക്കില്ല. ഇതിനെത്തന്നെ കൂടുതൽ ശക്തവും ദൃഢവുമായ സംവിധാനമാക്കി മാറ്റുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. കഴിഞ്ഞ നാല് വർഷം (2013-2016) 1,273 സൈബർ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ വിദേശികൾ ഉൾപ്പെട്ട ആറ് കേസ്സുകളുണ്ട്. തിരുവനന്തപുരം എ.ടി.എം. കവർച്ച ചെയ്ത റുമേനിയക്കാരായ ഗബ്രിയേൽ മരിയൻ, എഫ്. ബി. ഫ്ലോറിയൻ, കെ. കെ. വിക്ടർ, ഇ. ഫ്ലോറിൻ എന്നീ നാലുപേരും ഇന്ത്യാക്കാരനായ ഒരാളുമുൾപ്പെടെ അഞ്ചുപേരെയും പിടിച്ചിട്ടുണ്ട്. വളരെ വേഗം തന്നെ അവരെ അറസ്റ്റ് ചെയ്യുകയുണ്ടായി. എ.ടി.എം.-ന്റെ നിയന്ത്രണമുള്ള എസ്.ബി.ടി.-യുടെ അശ്രദ്ധകൊണ്ട് ഉണ്ടായതാണിത്. ഇതിന്റെ കേബിളുകൾ കെട്ടിടത്തിനു പുറത്താണ് കിടന്നത്. കേബിളിന്റെ ഒരു ഭാഗം മുറിച്ചുമാറ്റി അവിടെ അവർ പ്രത്യേക തരത്തിലുള്ള ഇൻസ്ട്രുമെന്റ് വച്ച് അതുവഴി ബോംബെയിലിരുന്നാണ് ചെയ്യുന്നത്. ഇന്റർനാഷണൽ ലെവലിലോ നാഷണൽ ലെവലിലോ ആണ്. അതിനുള്ള ഇന്റർനാഷണൽ കോ-ഓർഡിനേഷൻ ഇതുവരെ ഉണ്ടായിട്ടില്ല. ഗവൺമെന്റ് വിജയകരമായി പൊരുതുകയാണ്. അക്കാര്യത്തിൽ നല്ല വിജയമാണ് ഉണ്ടായിട്ടുള്ളതെന്നാണ് ഇതുസംബന്ധിച്ച് പറയാനുള്ളത്. ഹാക്കിംഗ്, തെഫ്റ്റ്, സൈബർ സ്റ്റാക്കിംഗ്, ഐഡന്റിറ്റി തെഫ്റ്റ്, മലേഷ്യ സോഫ്റ്റ്‌വെയർ, ചൈൽഡ് സൊളിസിറ്റിംഗ് എന്നിങ്ങനെ ആറ് തരത്തിലുള്ള സൈബർ കുറ്റങ്ങൾ ഇപ്പോൾ വെളിപ്പെട്ടിട്ടുണ്ട്. സ്ത്രീകളെയും കുട്ടികളെയും സൊളിസിറ്റ് ചെയ്ത്, അവരോട് നല്ല കാര്യങ്ങൾ പറഞ്ഞ് അവരെ തെറ്റിലേയ്ക്ക് നയിക്കുന്ന പ്രവണത സാർവ്വത്രികമാണ്. അത് കേരളത്തിലും ഇന്ത്യയിലും, ലോകത്ത് എല്ലായിടത്തുമുണ്ട്. ഇതിനെയെല്ലാം ശക്തമായി നേരിടാൻ കഴിയും. ഏത് സാങ്കേതിക വിദ്യയെയും മദർ സാങ്കേതിക വിദ്യ ഉപയോഗിച്ച് നേരിടാൻ കഴിയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ടെലിഫോൺ ചോർത്തൽ സൈബർ കുറ്റകൃത്യമെന്ന നിലയിൽ പരിഗണിക്കപ്പെടുന്ന ഒന്നാണ്. ഇവിടെ വിജിലൻസ് ഡയറക്ടർ തന്റെ ടെലിഫോൺ ചോർത്തുന്നു എന്നൊരു പരാതി തന്നിട്ടുണ്ട്. അതുസംബന്ധിച്ചുള്ള അന്വേഷണം ഏതുവരെയായി; അദ്ദേഹത്തിന്റെ പരാതിയിൽ കഴമ്പുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; എത്ര കാലയളവിനുള്ളിൽ അന്വേഷണം പൂർത്തിയാക്കാൻ സാധിക്കും?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ചോദ്യങ്ങൾക്കടക്കം വ്യക്തമായി ഈ വകുപ്പിന്റെ ചുമതലയുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് നേരിട്ട് ചോദിച്ചിട്ടുള്ളതാണ്. അദ്ദേഹം അത് വ്യക്തമാക്കിയിട്ടുണ്ട്. അതിന്റെ അന്വേഷണ പുരോഗതി എനിക്കിപ്പോൾ വ്യക്തമാക്കാൻ കഴിയില്ല. ഫോൺ ചോർത്തൽ ഒരു സൈബർ കുറ്റം മാത്രമല്ല, നേരത്തെ മുതൽ ഇന്ത്യാ രാജ്യത്തെ നിയമത്തിലുള്ളതാണ്. ഇന്ത്യൻ ടെലഗ്രാഫ് ആക്ട് 5 (2) പ്രകാരം രാഷ്ട്ര സുരക്ഷ, ജനങ്ങൾക്ക് സേവനം നൽകുക എന്നിവയ്ക്ക് എതിരായി വരുന്ന കാര്യങ്ങൾക്ക് സർക്കാരിന്റെ അനുവാദത്തോടെ ചോർത്താവുന്നതാണ്. ടെലിഗ്രാഫ് ഭേദഗതി ചട്ടം 2007 പ്രകാരം സംസ്ഥാന ആഭ്യന്തര വകുപ്പ് സെക്രട്ടറിയാണ് ഇതിന് അനുമതി നൽകുന്നത്. വകുപ്പ് 7 പ്രകാരമല്ലാതെ നടത്തുന്ന എല്ലാ ചോർത്തലുകളും ഇന്ത്യൻ പീനൽ കോഡും സി.ആർ.പി.സി.-യും ഇൻഡ്യൻ എവിഡൻസ് ആക്ടും അനുസരിച്ച് ഗുരുതരമായ കുറ്റകൃത്യമാണ്. സൈബർ അതിൽ ബന്ധപ്പെടുന്നെങ്കിൽ സൈബർ കുറ്റകൃത്യമായിമാറും. ഈ വ്യവസ്ഥ പ്രകാരമല്ലാതെ, ഗവൺമെന്റ് അനുവദിക്കാതെ, ചോർത്തുന്നതെല്ലാം കുറ്റകൃത്യമാണ്. സ്വകാര്യ വ്യക്തികളുടെ സ്വകാര്യതയ്ക്കുള്ള സുരക്ഷിതത്വം ഫണ്ടമെന്റൽ റൈറ്റാണ്. ആ ഫണ്ടമെന്റൽ റൈറ്റ്സിനെ ചോദ്യം ചെയ്താൽ ടെലിഫോണോ, മൊബൈലോ ആരെങ്കിലും വാങ്ങുമോ? മൊബൈൽ കമ്പനികളെല്ലാം പൂട്ടിപ്പോവുകയില്ലേ; അതെല്ലാം നിയമാനുസൃതമുള്ളതല്ലേ; നിയമത്തിൽ 69, 69(A), 69(B) പ്രകാരം സർക്കാരിന് രാജ്യത്തിന്റെ അഖണ്ഡതയ്ക്കും സുരക്ഷിതത്വത്തിനും വേണ്ടി കമ്പ്യൂട്ടറിൽ ലഭിക്കാവുന്ന ഏതൊരു വിവരവും നിരീക്ഷിക്കാവുന്നതാണ്.

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: സർ, ഐ.ടി. ആക്ട് 2000-ത്തിലെ 79(A) വകുപ്പു പ്രകാരം ഇത്തരം കുറ്റകൃത്യങ്ങൾ ചെയ്യുന്നവരെ ഒരു ഇലക്ട്രോണിക് എക്സാമിനർ നോട്ട് ചെയ്യേണ്ടതുണ്ട്. അത് നോട്ടിഫൈ ചെയ്യാത്തതുകൊണ്ട് പല കേസ്സുകളിലും ആധികാരികമായി റിപ്പോർട്ട് കൊടുക്കാൻ സാധിക്കുന്നില്ല. അതിന് അടിയന്തര നടപടി സ്വീകരിക്കുമോ; തിരുവനന്തപുരത്ത് മാത്രമാണ് സൈബർ പോലീസ് സ്റ്റേഷനുള്ളത്. കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നതനുസരിച്ച് എറണാകുളം, കോഴിക്കോട് മേഖലയിലും ഇത്തരത്തിലുള്ള ഒരു സംവിധാനം ഉണ്ടാക്കാൻ കഴിയുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഇതുസംബന്ധിച്ച് അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്. കൂടുതൽ സൈബർ പോലീസ് സ്റ്റേഷൻ വേണമെന്ന് നേരത്തെ ഇവിടെ ഒരു മെമ്പർ പറഞ്ഞു. ഇക്കാര്യം ആഭ്യന്തര വകുപ്പ് ഗൗരവമായി പരിശോധിക്കും.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരളത്തിൽ മാത്രമല്ല ഇന്ത്യയിലൊട്ടാകെ സൈബർ കുറ്റങ്ങൾ വർദ്ധിച്ചു വരികയാണ്. ഇതിനെതിരായി പാർലമെന്റ് പാസ്സാക്കിയ ഒരു നിയമമാണ് ഇപ്പോൾ നിലവിലുള്ളത്. ഐ.ടി. ആക്ടിലെ 66 (A), കേരള പോലീസ് ആക്ടിലെ 118 D എന്നീ വകുപ്പുകൾ ഒരു വ്യക്തിയുടെ ഫണ്ടമെന്റൽ റൈറ്റ് എന്നുള്ള നിലയിൽ അടുത്തകാലത്ത് ബഹുമാനപ്പെട്ട സുപ്രീംകോടതി റദ്ദാക്കുകയുണ്ടായി. അതുകാരണം സൈബർ കുറ്റകൃത്യങ്ങൾ തടയാൻ വളരെ പ്രയാസമാണ്. നമുക്കിനി ആകെ ചെയ്യാൻ കഴിയുന്നത് കേരള ഐ.പി.സി. ആക്ട് അനുസരിച്ചുള്ള നടപടികൾ മാത്രമാണ്. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നമുക്കിപ്പോൾ ഐ.ടി. സെൽ, ഹൈടെക് സെൽ, സൈബർ സെൽ എന്നിവയും അടുത്ത കാലത്ത് ആരംഭിച്ച സൈബർ ഡോമും ഉണ്ട്. ഈ കുറ്റകൃത്യങ്ങൾ തടയാനുള്ള നടപടികൾ എഫക്ടീവാക്കുന്ന കാര്യത്തിൽ സുപ്രീംകോടതി വിധി ബാധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇപ്പോൾ എന്തു നടപടികളാണ് തുടർന്നുകൊണ്ടിരിക്കുന്നത്?

ശ്രീ. ജി സുധാകരൻ: സർ, പ്രധാനപ്പെട്ട ചോദ്യമാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി 66 (A) വകുപ്പ് റദ്ദാക്കിയതിനുശേഷം സർക്കാർ എല്ലാ നടപടികളും വളരെ സൂക്ഷ്മതയോടെയും ജാഗ്രതയോടെയും സ്വീകരിച്ചു വരികയാണ്. ഇത് ദേശീയ നിയമം ആയതുകൊണ്ടും അന്തർദ്ദേശീയ നിയമങ്ങളൊന്നും പൊതുവായിട്ടില്ല എന്നതുകൊണ്ടും കേരളത്തെ സംബന്ധിച്ച് നാം ശക്തമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഇനി എന്തെല്ലാം പുതിയ കാര്യങ്ങൾ വേണമെന്നതു സംബന്ധിച്ചും കേരളത്തിൽ നമ്മുടെ ഐ.പി.സി., അല്ലെങ്കിൽ സി.ആർ.പി.സി. നിയമങ്ങളിൽ മാറ്റങ്ങൾ വരുത്തുന്നതു സംബന്ധിച്ചുമെല്ലാം നിയമവിദഗ്ദ്ധരുമായി ആലോചിക്കുന്നതാണ്. ശിവസേനാ നേതാവ് ബാൽ താക്കറേയ്ക്ക് എതിരായി ഒരു കൊച്ചുപെൺകുട്ടി പോസ്റ്റിട്ടു. ശിവസേനക്കാർ കേസ്സ് കൊടുത്തതിന്റെ ഭാഗമായി ആ കുട്ടിയെ അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തു. പക്ഷേ റിലീസ് ചെയ്ത ശേഷം കുട്ടി വീണ്ടും ഈ പോസ്റ്റ് തന്നെ ഇട്ടു. കോൺസ്റ്റിറ്റ്യൂഷന്റെ 19(1) പ്രകാരം ഇത് തന്റെ ഫണ്ടമെന്റൽ റൈറ്റാണെന്നാണ് വാദിച്ചത്. അതിന് പോസിറ്റീവും നെഗറ്റീവുമായ വശങ്ങളുമുണ്ട്. പോസിറ്റീവായ വശത്തിനു വേണ്ടിയാണ് സുപ്രീംകോടതി വാദിച്ചത്. നെഗറ്റീവായ വശങ്ങൾ പരിഹരിക്കാനുള്ള നടപടികൾ സ്വാഭാവികമായും അധികാരികൾ സ്വീകരിക്കേണ്ടതാണ്.

ശ്രീ. എ. എം. ആരിഫ് : സർ, ബഹുമാനപ്പെട്ട ഇൻഡ്യൻ പ്രധാനമന്ത്രിയെ സംബന്ധിച്ച് ഫേസ്ബുക്കിൽ വന്നൊരു പരാമർശത്തെ ചൊല്ലിയുള്ള കേസിന് ആസ്പദമായ കാര്യത്തിലാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി ഐ.ടി. ആക്ടിന്റെ 66 (A) വകുപ്പ് റദ്ദ് ചെയ്തുകൊണ്ട് ഇടപെട്ടത്. പക്ഷേ അതുനിമിത്തം ആർക്കും ആരെക്കുറിച്ചും എന്തും പറയാവുന്ന നിലയിലേയ്ക്ക് കാര്യങ്ങൾ മാറിയിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ആ വിധിയെത്തുടർന്ന് ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നതിനും അത് പരിഹരിക്കുന്നതിനും കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി മാത്രമേ സാധിക്കുകയുള്ളൂ. പക്ഷേ എല്ലാ അതിരുകളും ലംഘിച്ചുകൊണ്ട് പുറത്തു പറയാൻ കൊള്ളാത്ത തരത്തിലുള്ള മോശപ്പെട്ട പ്രതികരണങ്ങളാണ് വന്നുകൊണ്ടിരിക്കുന്നത്. ഇതിന് എവിടെയെങ്കിലും ഒരു നിയന്ത്രണം ഏർപ്പെടുത്താൻ കഴിയത്തക്ക വിധത്തിലുള്ള ഇടപെടൽ നടത്താൻ കഴിയുമോ; ഇത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, നേരത്തേ ബഹുമാനപ്പെട്ട ഒരു മെമ്പറുടെ ചോദ്യത്തിന് മറുപടി പറഞ്ഞപ്പോൾ ഞാൻ പറഞ്ഞതാണ്. ഇതിന് ഗുണവശവുമുണ്ട്, ഗുണവശമാണ് ആ പെൺകുട്ടിയുടെ ഫണ്ടമെന്റൽ റൈറ്റ്, കോൺസ്റ്റിറ്റ്യൂഷനിലെ 19 (1) പ്രകാരം അഭിപ്രായ സ്വാതന്ത്ര്യത്തെ അപ്ഹെൽഡ് ചെയ്തു, അതിനെ നമുക്ക് ചോദ്യം ചെയ്യാൻ പറ്റുകയില്ല. ഇതിന് നിഷേധാത്മകമായ വശങ്ങളുണ്ട്. അതുവരെ ചാർജ് ചെയ്തു വച്ചിരുന്ന എല്ലാ കേസ്സുകളും ശിക്ഷിക്കാതെ പോയി. ആർക്കും എന്തും പറയാം. പക്ഷേ മൗലികാവകാശങ്ങളെ ചോദ്യം ചെയ്യുന്ന ഒന്നും നമുക്ക് അംഗീകരിക്കാൻ പറ്റുകയില്ല. അത് ചോദ്യം ചെയ്ത് അംഗീകരിച്ചു കഴിഞ്ഞാൽ ഏകാധിപത്യമായിപ്പോകും. അത് ഇന്ത്യൻ കോൺസ്റ്റിറ്റ്യൂഷനോ, നമ്മുടെ ഒരു ഡെമോക്രാറ്റിക് പൊളിറ്റിക്കൽ പാർട്ടിക്കോ വിഭാവനം ചെയ്യാൻ പറ്റുകയില്ല. ഇത് റദ്ദ് ചെയ്യുന്നതിന് മുൻപ് ദുരുപയോഗം ചെയ്തിട്ടുണ്ട്. അനാവശ്യം പറഞ്ഞാൽ ഫെയ്സ്ബുക്കിൽ തന്നെ വിമർശനം വരുന്നുണ്ട്. സ്റ്റേറ്റിന്റെ ക്രിമിനൽ നിയമത്തിൽ എന്തെങ്കിലും മാറ്റം വേണോ എന്നത് കൂട്ടായി ആലോചിച്ച് മാത്രമേ ചെയ്യാൻ സാധിക്കൂ.

ശ്രീ. ഐ. ബി. സതീഷ്: സർ, ആധാർ കാർഡിനുവേണ്ടി ശേഖരിക്കുന്ന വ്യക്തികളുടെ ബയോമെട്രിക് വിവരങ്ങൾ സ്വകാര്യ കമ്പനികൾ ഉപയോഗിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇവിടെ ഒരു മൊബൈൽ കമ്പനി, പുതിയ കണക്ഷനുവേണ്ടി ചെല്ലുന്ന കസ്റ്റമറോട് ഫിംഗർ പ്രിന്റ് രേഖപ്പെടുത്താൻ പറയും. ഫിംഗർ പ്രിന്റ് രേഖപ്പെടുത്തുമ്പോൾ ഡിസ്പ്ലേ ചെയ്യപ്പെടുന്നത് ആധാർ കാർഡിലെ വിവരങ്ങളാണ്. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഇത് നിയമാനുസൃതമാണോ?

ശ്രീ. ജി. സുധാകരൻ: സർ, ഇത് സംബന്ധിച്ച് ഒരു പരാതി വന്നതായി അറിയില്ല. എന്തായാലും അത് പരിശോധിക്കാം.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, സൈബർ നെറ്റിൽ കുരുങ്ങുന്ന പലരും കൗമാരക്കാരാണ്, അതുകൊണ്ടു തന്നെ സമൂഹത്തെ രക്ഷിക്കാൻ കഴിയുന്നവിധം വിദ്യാലയങ്ങളിൽ ഇതു സംബന്ധിച്ച് അവബോധമുണ്ടാക്കാൻ കഴിയുന്ന പാഠ്യ പദ്ധതി കൊണ്ടുവരാൻ ബന്ധപ്പെട്ട വകുപ്പ് തയ്യാറാകുമോ?

ശ്രീ. ജി. സുധാകരൻ: സർ, അത് ഒരു നല്ല നിർദ്ദേശമാണ്. ഇക്കാര്യം ഗവൺമെന്റ് തീർച്ചയായും പരിശോധിക്കുന്നതാണ്. പാഠ്യ പദ്ധതിയിൽ അനാവശ്യമായ ഒരുപാട് കാര്യങ്ങളുണ്ട്, ആവശ്യമായവ ഇല്ല. കൊച്ചു കുഞ്ഞുങ്ങളേയും, സ്ത്രീകളേയും ഇങ്ങനെ സന്തോഷിപ്പിച്ച് റ്റീസ് ചെയ്ത്, അവരുടെ മനസ്സ് സ്വായത്തമാക്കിയതിനു ശേഷം അവരെ അപകീർത്തിപ്പെടുത്തുക, നശിപ്പിക്കുക, തുടങ്ങിയ കാര്യങ്ങൾ ധാരാളമായി നടക്കുന്നു. സൈബർ ലൈനുകൾ വഴിയുള്ള ചാറ്റിംഗിൽ ആത്മഹത്യ നടന്നിട്ടുള്ള എത്രയോ കേസ്സുകൾ ലോകത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സോഷ്യൽ മീഡിയക്ക് വേണ്ടിയാണെന്നുള്ള കേവലമായ സങ്കൽപ്പം തികച്ചും തെറ്റാണ്. സോഷ്യൽ മീഡിയ സോഷ്യൽ പ്രോഗ്രസ്സിന് വേണ്ടിയുള്ളതാണ്. അതിനുവേണ്ടിയുള്ള ക്യാമ്പയിൻ നടക്കുന്നുണ്ട്. നമുക്കെല്ലാം സോഷ്യൽ മീഡിയയിൽ ലക്ഷക്കണക്കിന് ആരാധകർ ഉണ്ട്. തീർച്ചയായും കുഞ്ഞുങ്ങളേയും സ്ത്രീകളേയും സംരക്ഷിക്കാൻ ഏത് അറ്റം വരെയും പോകാൻ നിശ്ചയദാർഢ്യമുള്ള ഗവൺമെന്റാണ് കേരളത്തിൽ ഉള്ളത്, അങ്ങനെ പോകുകയും ചെയ്യും.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു പോലെ ഈ നവമാധ്യമങ്ങൾ വന്നതിനുശേഷം, മാധ്യമങ്ങളുടെ ഇടയിൽ കുറച്ച് ആളുകൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. പക്ഷെ അതിൽ കൂടുതൽ ദോഷങ്ങൾ ഉണ്ടായിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. സമൂഹത്തിൽ മാന്യമായി ജീവിക്കുന്ന ആളുകളെ മോശപ്പെട്ട രീതിയിൽ ചിത്രീകരിക്കാൻ ഇന്ന് നവമാധ്യമങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ 66 (എ) വകുപ്പ് സുപ്രീം കോടതി റദ്ദ് ചെയ്ത ശേഷം ഇന്ന് എന്തെങ്കിലും കുറ്റകൃത്യങ്ങൾ ഉണ്ടായാൽ നവമാധ്യമങ്ങളുടെ വിദേശത്തുള്ള ആസ്ഥാനത്ത് ബന്ധപ്പെടുമ്പോൾ ഈ വകുപ്പ് റദ്ദാക്കിയതിന്റെ പേരിൽ മറുപടി ലഭിക്കുന്നില്ല എന്നതാണ് വസ്തുത. എന്റെ ചോദ്യം, കുറ്റാന്വേഷണത്തിൽ സഹകരിക്കുന്നതിനായി നവമാധ്യമങ്ങളായ ഫെയ്സ് ബുക്ക്, വാട്ട്സ് ആപ്പ്, ട്വിറ്റർ തുടങ്ങിയവയുടെ വിദേശത്തുള്ള ആസ്ഥാനവുമായി എന്തെങ്കിലും ധാരണ ഉണ്ടാക്കിയിട്ടുണ്ടോ? കേസ്സുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ ഈ ആസ്ഥാനത്തേയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്, എത്ര എണ്ണത്തിന് നമുക്ക് മറുപടി കിട്ടിയിട്ടുണ്ട് ?

ശ്രീ. ജി. സുധാകരൻ: സർ, ഞാൻ ഇവിടെ നേരത്തേ കണക്ക പറഞ്ഞിരുന്നു. നമ്മുടെ ആസ്ഥാനമാണ്, അല്ലാതെ ഇന്ത്യക്ക് വെളിയിൽ നമുക്ക് അയയ്ക്കാൻ കഴിയുകയില്ല. 1273 സൈബർ കേസ്സുകൾ 4 വർഷം കൊണ്ട് നമ്മുടെ പോലീസ് സ്റ്റേഷനുകളിൽ സ്വീകരിച്ച് അന്വേഷണം നടത്തി വരികയാണ്. എ.ടി.എം. കവർച്ചയുമായി ബന്ധപ്പെട്ട് 21 കേസ്സുകൾ ഈ അടുത്ത കാലത്ത് രജിസ്റ്റർ ചെയ്തതാണ്. 4 കേസ്സുകളിൽ പ്രതികളെ പിടിച്ചു, 3 കേസ്സുകളിൽ കുറ്റപത്രം നൽകി ബാക്കി കേസ്സുകൾ അന്വേഷിച്ചു വരികയാണ്. നേരത്തെ പറഞ്ഞതുപോലെ നമ്മുടെ പോലീസ് റുമേനിയക്കാരെ പെട്ടെന്നു തന്നെ പിടിച്ചു. ദേശീയമായ കണക്ക് നമ്മളെക്കാൾ മോശമാണ്. ഇന്ത്യയിൽ 2013-ൽ 5693 കേസ്സുകളും, 2014-ൽ 9622 കേസ്സുകളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. 2013-ൽ 330-ഉം, 2014-ൽ 5752 കേസ്സുകളിലും പ്രതികളെ അറസ്റ്റ് ചെയ്തു. സൈബർ കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ ദേശീയ ശരാശരിയിൽ 4.7 ശതമാനമാണ് കേരളത്തിന്റെ പങ്കാളിത്തം, മണിപ്പൂരിലാണ് ഏറ്റവും കുറവ് 0.1 ശതമാനം. എന്നാൽ മഹാരാഷ്ട്രയിൽ 19.5 ശതമാനവും ഉത്തർപ്രദേശിൽ 18.1 ശതമാനവും കർണ്ണാടകയിൽ 10.6 ശതമാനവും രാജസ്ഥാനിൽ 7.2 ശതമാനവും തെലുങ്കാനയിൽ 7.3 ശതമാനവുമാണ്.

## റേഷൻ മൊത്തവ്യാപാര വിതരണം

2(*602) ശ്രീ. ഹൈബി ഈഡൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മൊത്തവ്യാപാരികളെ ഒഴിവാക്കി എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്ന് റേഷൻ സാധനങ്ങൾ എടുത്ത് സർക്കാരിന്റെ സംഭരണ ശാലകളിൽ സൂക്ഷിച്ച് വിതരണത്തിന് എത്തിക്കാനുള്ള പദ്ധതിയിൽ റേഷൻ സാധനങ്ങളുടെ കരിഞ്ചന്തയും മറിച്ചുവില്പനയും തടയാൻ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്, വിശദാംശങ്ങൾ എന്തെല്ലാം?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ,

എഫ്.സി.ഐ. ഗോഡൗണിൽ നിന്നും മദ്ധ്യതല സംഭരണശാലകളിലേയ്ക്ക് വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ തൂക്കം, എഫ്.സി.ഐ. ഗോഡൗണിൽ നിന്നും സ്റ്റോക്കെടുക്കുന്ന സമയത്തു തന്നെ അതാത് മദ്ധ്യതലവിതരണ സംഭരണശാലകളിലെ കംപ്യൂട്ടറിൽ ലഭ്യമാകുന്ന തരത്തിലും, മദ്ധ്യതല സംഭരണ

ശാലകളിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ റേഷൻ കടകളിൽ എത്തിച്ചേരുന്ന വേളയിൽ തന്നെ ഭക്ഷ്യധാന്യങ്ങളുടെ തൂക്കം, ഇനം, വിഹിതം മുതലായ വിവരങ്ങൾ ഉപഭോക്താവിന്റെ ഫോണിൽ എസ്.എം.എസ്. നിർദ്ദേശമായി എത്തുന്ന സംവിധാനം ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ഇതിനു പുറമേ, എഫ്.സി.ഐ. ഗോഡൗണിൽ നിന്നും മദ്ധ്യതല സംഭരണശാലകളിലേയ്ക്കും, അവിടെ നിന്ന് റേഷൻ കടകളിലേയ്ക്കുമുള്ള വാഹനത്തിൽ ജി.പി.എസ്. ഘടിപ്പിക്കുകവഴി അവയുടെ നീക്കം ഇലക്ട്രോണിക്കലായി നിരീക്ഷിക്കുന്നതിനും സാധിക്കുന്നതാണ്. ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണ സംവിധാനവും, വിതരണശൃംഖല മാനേജ്മെന്റ് സംവിധാനവും നടപ്പിലാക്കുന്നതിന് സർക്കാർ ഏജൻസിയായ സപ്ലൈകോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനാവശ്യമായ വിശദമായ പദ്ധതി റിപ്പോർട്ട് സപ്ലൈകോ തയ്യാറാക്കി വരുന്നുണ്ട്. മേൽപ്പറഞ്ഞ സംവിധാനങ്ങൾക്ക് ആവശ്യമായ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾ കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ തയ്യാറാക്കിയിട്ടുണ്ട്. 2016 നവംബർ മാസത്തോടെ മേൽപ്പടി പദ്ധതിയുടെ പൈലറ്റ് പ്രോജക്ട് കൊല്ലം ജില്ലയിലും, 2017 ഏപ്രിൽ ഒന്നാം തീയതിയോടെ സംസ്ഥാനത്തുടനീളവും നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. ഹൈബി ഈഡൻ: സർ, ഉപഭോക്താക്കൾ വാങ്ങാത്ത ബി.പി.എൽ., എ.പി.എൽ. അരി മൊത്തവ്യാപാരികളും, റേഷൻ വ്യാപാരികളുമായി ഗൂഢാലോചന നടത്തി പൊതുമാർക്കറ്റിൽ വിൽക്കുന്നത് പല സന്ദർഭങ്ങളിലും നമ്മുടെ ശ്രദ്ധയിൽപ്പെടുകയും മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുകയുമുണ്ടായിട്ടുണ്ട്. പുതിയ സംവിധാനം വരുമ്പോൾ സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥരും, റേഷൻ വ്യാപാരികളും ഒത്തു ചേർന്ന് പഴയതുപോലെ പൊതുവിപണിയിൽ വിൽക്കാനുള്ള സാധ്യതകളെ എങ്ങനെയാണ് ചെറുക്കാൻ സാധിക്കുന്നത്?

ശ്രീ. പി. തിലോത്തമൻ: സർ, നേരത്തേ പറഞ്ഞ മറുപടിയിൽ നിന്നു തന്നെ വളരെ വ്യക്തമാണ്, ഇനി വളരെ സുതാര്യമായി മാത്രമേ എല്ലാ കാര്യങ്ങളും നടക്കുകയുള്ളൂ. എഫ്.സി.ഐ.-യിൽ നിന്ന് അരിയും മറ്റ് ഭക്ഷ്യധാന്യങ്ങളും എടുത്താൽ അത് കൊണ്ടുപോകുന്ന വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിച്ച്, മദ്ധ്യതലപോയിന്റ് ഉണ്ടെങ്കിൽ അവിടെയും അതിന്റെ സംവിധാനങ്ങൾ ഒരുക്കി, അവിടെ നിന്നും എ.ആർ.ഡി.-യിലേയ്ക്ക് കൊണ്ടുപോകുമ്പോഴും എല്ലാ സംവിധാനങ്ങളും ഒരുക്കിക്കൊണ്ടാണ് കൊടുക്കുന്നത്. എ.ആർ.ഡി.-യിൽ ഉപഭോക്താക്കൾ ചെന്ന് e-pos machine-ൽ അവരുടെ തള്ളവിരൽ അമർത്തിയാൽ അവർക്ക് എത്രകിലോ അരി, എത്രകിലോ ഗോതമ്പ് എന്നത് സ്ക്രീനിൽ തെളിയും. അതനുസരിച്ചുള്ള ധാന്യങ്ങൾ കൊടുത്താൽ മാത്രമേ ബില്ല് സെറ്റിലാകു എന്ന രൂപത്തിലുള്ള സംവിധാനം ഏർപ്പെടുത്താനാണ് ശ്രമിക്കുന്നത്.

ശ്രീ. ഹൈബി ഈഡൻ: സർ, അങ്ങ് നൽകിയ മറുപടി ഈ പ്രോസസ്സിന്റെ ഫസ്റ്റ് സ്റ്റേജ് ആണ്. അത് പ്രായോഗികമായി നടപ്പിലാക്കാൻ സാധിക്കുമായിരിക്കും. ഇതിന്റെ സെക്കന്റ് സ്റ്റേജിലാണ് ഗൂഢാലോചന നടക്കുന്നത്. ഞാൻ ചോദിച്ചത് ബി.പി.എൽ., എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവർ വാങ്ങാത്ത അരി പൊതുമാർക്കറ്റിൽ വിൽക്കുന്നത് തടയാൻ സംവിധാനമുണ്ടാകുമോ; അതുപോലെ തന്നെ തമിഴ്നാട്ടിൽ സൗജന്യമായി കൊടുക്കുന്ന അരി കേരളത്തിന്റെ വിപണിയിലേയ്ക്ക് അതിർത്തി വഴി കള്ളക്കടത്ത് നടത്തി കൊണ്ടുവന്ന് അതിൽ മായം ചേർത്ത് വിൽക്കാറുണ്ട്. അത്തരം കുറ്റകൃത്യങ്ങൾ തടയാൻ ഈ സംവിധാനങ്ങൾ വഴി സാധിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, സംസ്ഥാനത്ത് ഇനി മുതൽ പ്രയോറിറ്റി ആന്റ് നോൺ പ്രയോറിറ്റി, ഈ രണ്ടു തരത്തിലുള്ള കാർഡുകളാണ് ഉണ്ടാകുക. ഇനി റേഷൻ കടകളിൽ എ.പി.എൽ. വിഭാഗത്തിലേയോ, ബി.പി.എൽ. വിഭാഗത്തിലേയോ, എ.എ.വൈ. വിഭാഗത്തിലേയോ അരി വാങ്ങാതിരുന്നിട്ട് കള്ളക്കണക്ക് എഴുതാൻ സാധിക്കുകയില്ല. ഗുണഭോക്താക്കൾക്ക് കൊടുത്തു കഴിഞ്ഞാൽ സ്റ്റോക്ക് പൊസിഷൻ എല്ലാപ്രകാരത്തിലും, ടി.എസ്.ഒ.-മാർക്കും ഡി.എസ്.ഒ.-മാർക്കും കമ്മീഷണറേറ്റിൽ ഇരിക്കുന്നവർക്കും കാണാൻ പറ്റുന്ന രൂപത്തിലുള്ള വളരെ സുതാര്യമായ ഒരു സംവിധാനം വരുന്നതുവഴി, ഒരു മണി അരിയോ ഗോതമ്പോ ചോരാൻ സാധിക്കുകയില്ല. നമ്മുടെ വിതരണ സംവിധാനം വളരെ പെർഫെക്ടായി നടക്കുന്നതായിരിക്കും. തമിഴ്നാട്ടിൽ നിന്നും വരുന്ന ഭക്ഷ്യവസ്തുക്കളിൽ കൃത്രിമം നടക്കുന്നതായി വാർത്തകൾ വരുന്നുണ്ട്, ഏതായാലും ഈ സംവിധാനം ഏർപ്പെടുത്തുന്നതോടുകൂടി നമ്മുടെ പൊതുവിതരണ രംഗത്ത് നടക്കുന്ന ക്രമക്കേടുകളെല്ലാം അവസാനിക്കുന്നതായിരിക്കും.

ശ്രീ. സണ്ണി ജോസഫ്: സർ, റേഷൻ കാർഡുകളുടെ മുൻഗണനാക്രമം സംബന്ധിച്ച് ആയിരക്കണക്കിന് പരാതികളാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. പല സ്ഥലത്തും അത് വികേന്ദ്രീകരിച്ച് താലൂക്ക് തലത്തിൽനിന്നും പഞ്ചായത്ത് തലത്തിലേയ്ക്ക് വരുന്നുണ്ട്. ഈ പരാതികളിൽ സമയബന്ധിതമായി തീർപ്പുണ്ടാക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? ഇപ്പോൾ താലൂക്ക് തലത്തിൽ പരാതികൾ കേൾക്കുന്നതിനും ജില്ലാതലത്തിൽ അതിന്റെ അപ്പീലുകൾ കേൾക്കുന്നതിനുമാണ് സംവിധാനമുള്ളത്. ഇത് ജനങ്ങൾക്ക് ഒരുപാട് അസൗകര്യങ്ങളുണ്ടാക്കുന്നുണ്ട്. പഞ്ചായത്ത് തലത്തിൽ തന്നെ വികേന്ദ്രീകരിച്ച് പരാതികൾക്ക് തീർപ്പുണ്ടാക്കാനും പരിശോധന നടത്താനും ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, ഇതുവരെ ഏഴ് ലക്ഷത്തിൽപ്പരം പരാതികളാണ് ഇന്നലത്തെ കണക്കുപ്രകാരം ലഭിച്ചത്. ഏറ്റവും കൂടുതൽ പരാതികൾ ലഭിച്ചത് കൊല്ലം ജില്ലയിൽനിന്നാണ്. എല്ലാ പഞ്ചായത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അടിസ്ഥാനപ്പെടുത്തിയും പ്രാദേശിക വെരിഫിക്കേഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ആ കമ്മിറ്റി എറണാകുളം ജില്ലയിൽ മാത്രം നാല്, അഞ്ച് സിറ്റിംഗുകൾ നടത്തി. ഇടുക്കി, കോട്ടയം ജില്ലകളിലും സിറ്റിംഗുകൾ നടന്നുകഴിഞ്ഞു. അവിടെയൊക്കെ വളരെ ഫലപ്രദമായി പ്രവർത്തനങ്ങൾ മുന്നോട്ട് പോകുകയാണ്. അൽപ്പം സമയമെടുത്താണെങ്കിലും അർഹതപ്പെട്ടവരെ ഉൾപ്പെടുത്തുവാനും അനർഹരായവരെ ഒഴിവാക്കാനുമുള്ള പ്രക്രിയ പൂർത്തിയാക്കുവാൻ കഴിയും. ആ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്.

ശ്രീ. റോജി എം. ജോൺ: സർ, റേഷൻ സാധനങ്ങളുടെ മറിച്ച് വിൽപ്പനയും കരിഞ്ചന്തയും തടയുന്നതിനായി ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പുതിയ സംവിധാനങ്ങൾ ഒരുക്കുന്നതിനെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇതുസംബന്ധിച്ച് വളരെ വ്യാപകമായ പരാതികളുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര റേഷൻ മൊത്തവ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ട്, അതിൽ എത്ര സ്ഥാപനങ്ങളിൽ ക്രമക്കേട് കണ്ടെത്താൻ കഴിഞ്ഞു? എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്? എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. തിലോത്തമൻ: സർ, തിരുവനന്തപുരം ജില്ലയിൽ ഒരു ഹോൾസെയിൽ കടയും അതുപോലെ മറ്റൊരു ഹോൾസെയിൽ കടയും സപ്ലൈകോ ഏറ്റെടുത്തിട്ടുണ്ട്. ധാരാളം റേഷൻ കടകൾ സസ്പെന്റ് ചെയ്തിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് റേഷൻ കടകൾക്കെതിരെയും ഹോൾസെയിൽ കടകൾക്കെതിരെയും വളരെ കർശനമായ നടപടികൾ ഉണ്ടായിട്ടുണ്ട്. അതിന്റെ ഒരു പൊതുവായ വിവരം മാത്രമെ നൽകാൻ സാധിക്കൂ. കൃത്യമായി പറയണമെങ്കിൽ നോട്ടീസ് വേണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനുവേണ്ടി ശ്രീ. പി. ടി. തോമസ്: സർ, ഭക്ഷ്യാധിഷ്ഠിത ക്ഷേമ പദ്ധതികൾക്ക് ആവശ്യമായ ശാസ്ത്രീയ സംഭരണ ശാലകൾ ദേശീയ ഭക്ഷ്യസുരക്ഷാ നിയമത്തിലെ 24(v)(ab) അനുസരിച്ച് ഉണ്ടാകണ മെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും രണ്ട് സംഭരണശാലകളെങ്കിലും നിർമ്മിക്കുന്നതിനുള്ള സംവിധാനമൊരുക്കുന്നതിന് 29-8-2016-ൽ 11/2016 ആയി ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം ബ്ലോക്കുകളിൽ പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. തിലോത്തമൻ: സർ, അങ്ങ് പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. പൊതുവിതരണ സംവിധാനം ശാസ്ത്രീയമായി നടത്തണമെങ്കിൽ നമുക്ക് ഇന്റർമീഡിയറ്റ് പോയിന്റിൽ ഗോഡൗണുകൾ വേണ്ടതുണ്ട്. അത്തരം ഗോഡൗണുകൾ സ്വന്തമായി സപ്ലൈകോയ്ക്കുപോലും വളരെ ചുരുക്കമായിട്ട് മാത്രമെയുള്ളൂ. നമ്മൾ അഭയം പ്രാപിക്കുന്നത് വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണുകളെയാണ്. ഇപ്പോൾ എഫ്.സി.ഐ.-യുമായുള്ള ചർച്ചയിൽ അവരുടെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്താമെന്ന് പറഞ്ഞിട്ടുണ്ട്. നിരവധി സഹകരണ സ്ഥാപനങ്ങളും ഗോഡൗണുകൾ തരാമെന്ന് ഇങ്ങോട്ട് വാഗ്ദാനം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തുള്ള ഇത്തരം ഗോഡൗണുകൾ ഈ സംവിധാനത്തിനുവേണ്ടി പ്രയോജനപ്പെടുത്താൻ കഴിയും. എന്നാലും നമുക്ക് നല്ല ആധുനിക സൗകര്യങ്ങളുള്ള സംഭരണ ശാലകൾ ഉണ്ടായാലേ മതിയാകൂ. കേന്ദ്ര ഗവൺമെന്റ് അതുസംബന്ധിച്ച് വളരെ നല്ലൊരു നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്. അതിന് ധനസഹായം നൽകുന്നതിനും കേന്ദ്ര ഗവൺമെന്റ് തയ്യാറാണ്. അതിനായി ബ്ലോക്കുതലത്തിൽ സംഭരണശാലകൾ തുടങ്ങാൻ സ്ഥലം കണ്ടെത്തി റിപ്പോർട്ട് ചെയ്യണമെന്ന് എല്ലാ ജില്ലാകളക്ടർമാരോടും പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ നിരവധി കളക്ടർമാർ സർക്കാർ ഭൂമി കണ്ടെത്തി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഭാവിയിൽ പടിപടിയായി സംഭരണശാലകൾ നിർമ്മിച്ച് മുന്നോട്ട് പോകുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, 2013-ൽ ആണ് ഫുഡ് സേഫ്റ്റി ആക്ട് നിലവിൽ വന്നത്. ഏകദേശം മൂന്ന് വർഷമായിട്ടും ഈ നിയമം കേരളത്തിൽ നടപ്പിലാക്കിയിട്ടില്ല. അതുകൊണ്ട് കേരളത്തിന് സബ്സിഡിയിനത്തിൽ എത്രകോടി രൂപയാണ് നഷ്ടം സംഭവിച്ചത്?

ശ്രീ. പി. തിലോത്തമൻ: സർ, അതിന്റെ കൃത്യമായ കണക്കെടുത്താൽ മാത്രമെ പറയാൻ കഴിയൂ. നേരത്തെ ആറ് രൂപയ്ക്ക് നൽകിയ അരി ഇപ്പോൾ മൂന്ന് രൂപയ്ക്കും അഞ്ച് രൂപയ്ക്ക് ലഭിച്ചിരുന്ന ഗോതമ്പ് രണ്ടുരൂപയ്ക്കുമാണ് നൽകുന്നത്. നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട് (എൻ.എഫ്.എസ്.എ.) പ്രകാരം പറയുന്ന 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യ ധാന്യങ്ങളിൽ 10.25 ലക്ഷം മെട്രിക് ടൺ ധാന്യം മൂന്ന് രൂപയ്ക്ക് അരിയും രണ്ട് രൂപയ്ക്ക് ഗോതമ്പുമായിട്ടാണ് തരുന്നത്. ആയിനത്തിൽ കോടിക്കണക്കിന് രൂപയുടെ മെച്ചം നമുക്കുണ്ട്. അത് നേരത്തെ നടപ്പാക്കാത്തതിന്റെ പേരിൽ അതിന്റേതായ നഷ്ടവുമുണ്ട്.

ശ്രീ. അൻവർ സാദത്ത്: സർ, ഇന്ന് നമ്മുടെ മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി സാറിന്റെ 74-ാമത് ജന്മദിനമാണ്. അദ്ദേഹത്തിന് പിറന്നാൾ ആശംസകൾ നേരുകയാണ്.

മി. സ്പീക്കർ: സഭയിൽ നമുക്കെല്ലാവർക്കുംകൂടി ഒന്നിച്ച് അദ്ദേഹത്തിന് പിറന്നാൾ ആശംസിക്കാം.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ പറഞ്ഞത് റേഷൻ കടകളിൽ ഇന്ന് പല രീതിയിലുള്ള തെറ്റായ പ്രവണതകൾ കണ്ടുവരുന്നുണ്ട്. ആ തെറ്റായ പ്രവണതയ്ക്ക് റേഷൻ വ്യാപാരികളെ ഒരു പരിധിവരെ പ്രേരിപ്പിക്കുന്നത് അവർക്കൊരു നിശ്ചിത വരുമാനമില്ലായെന്നുള്ളതുകൊണ്ടാണ്. കഴിഞ്ഞ ദിവസം അവരുടെ സമര പരിപാടികളും മറ്റുമുണ്ടായിരുന്നു. അതുകൊണ്ട് ഇവരുടെ കുടുംബം പോറ്റുന്നതിനാവശ്യമായ ഒരു നിശ്ചിത ശമ്പളം കൊടുക്കുകയാണെങ്കിൽ ഒരു പരിധിവരെ തെറ്റായ കാര്യങ്ങളിൽനിന്നും അവരെ പിൻതിരിപ്പിക്കാനും നല്ല രീതിയിൽ റേഷൻ കടകൾ മുമ്പോട്ടുകൊണ്ടു പോകാനും കഴിയും. അത് സർക്കാർ നേരിട്ട് ഇടപെട്ടുകൊണ്ട് പരിഹരിക്കുമോ? അത് റേഷൻ വാങ്ങുന്ന ആളുകൾക്ക് വളരെ ഉപകാരമായിരിക്കും. ആ കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ടോ?

ശ്രീ. പി. തിലോത്തമൻ: സർ, റേഷൻ കടകളിൽ നടക്കുന്നതിനേക്കാൾ കൂടുതൽ ക്രമക്കേടുകൾ നടക്കുന്നത് ഹോൾസെയിൽ കടകളിലാണ്. ഇതെല്ലാം എത്രയോ വർഷങ്ങളായി നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. ഈ പുതിയ സംവിധാനം ഏർപ്പെടുത്തുന്നതോടുകൂടി ആ ക്രമക്കേടുകൾക്കെല്ലാം ഒരവസാനമുണ്ടാകുവാൻ പോകുകയാണ്. റേഷൻ കടക്കാർക്ക് വരുമാനമില്ലെന്ന കാര്യം വർഷങ്ങളായി നമ്മൾ ചർച്ച ചെയ്യുന്ന കാര്യമാണ്. ഈ സംവിധാനം നിലവിൽവരുമ്പോൾ അവർക്ക് കമ്മീഷനല്ലാതെ വേറൊരു നയാപൈസ കിട്ടാനുള്ള സാധ്യതയില്ല. ആ പ്രശ്നങ്ങളെല്ലാം സർക്കാരിന്റെ മുന്നിലുണ്ട്, അതെല്ലാം പരിഗണിച്ചുകൊണ്ട് അവരുടെ വരുമാനം എങ്ങനെ വർദ്ധിപ്പിക്കാമെന്നതിനെപ്പറ്റി ആലോചിക്കുന്നുണ്ട്. അതോടൊപ്പംതന്നെ റേഷൻ കടകളിലൂടെ മറ്റ് സേവനങ്ങൾ കൂടി ലഭ്യമാക്കുന്നതിന് എങ്ങനെ സൗകര്യങ്ങൾ ഒരുക്കാമെന്നതിനെക്കുറിച്ചും, അങ്ങനെ റേഷൻ കടകളെ പൊതുവെ നവീകരിക്കുകയും വൈവിദ്ധ്യ വൽക്കരിക്കുകയും ചെയ്യുക എന്ന കാര്യംകൂടി ഗവൺമെന്റിന്റെ പക്കലുണ്ട്. അത് പരിഗണിക്കുന്നതാണ്.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഇത് ഗവൺമെന്റ് നടപ്പിലാക്കുന്ന റേഷൻ വിതരണവുമായി ബന്ധപ്പെട്ട വിപ്ലവകരമായ ഒരു മാറ്റമാണ്. അവിടെ നടക്കുന്ന അഴിമതിയും മറ്റ് കാര്യങ്ങളുമെല്ലാം അവസാനിപ്പിക്കാൻ ഇത് സഹായകരമാകും. പക്ഷേ ഇതുമായി ബന്ധപ്പെട്ട് തട്ടിപ്പ് നടത്തി അതിന്റെ ലാഭം കൊയ്യുന്നവർ വളരെ വലിയൊരു വെല്ലുവിളി ഉയർത്താൻ സാധ്യതയുണ്ട്. അപ്പോൾ ഡിപ്പാർട്ടുമെന്റ് സംവിധാനമല്ലാതെ നമ്മുടെ പഞ്ചായത്ത് മെമ്പർമാർക്കും എം.എൽ.എ.മാർക്കും ജനപ്രതിനിധികൾക്കുമെല്ലാം അഡ്രൈസ് ചെയ്യാൻ കഴിയുന്ന തരത്തിൽ ഈ സിസ്റ്റത്തെ ആരും അട്ടിമറിക്കാതിരിക്കാൻ കഴിയുന്ന ഒരു സംവിധാനംകൂടി ഏർപ്പെടുത്തുമോ?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, ഈ പുതിയ സംവിധാനത്തിന്റെ പ്രയോജനത്തെപ്പറ്റി പറഞ്ഞതെല്ലാം ശരിയാണ്. അതിനെല്ലാം കാവലായി നിൽക്കേണ്ടത് ഈ സംസ്ഥാനത്തെ ജനങ്ങളാണ്. അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയുന്ന ഏറ്റവും സമഗ്രമായ ഒരു പദ്ധതിയായാണ് ഈ പദ്ധതിയെ കാണുന്നത്. അതുകൊണ്ട് നമുക്കെല്ലാം അതിന്റെ ഉത്തരവാദിത്തമുണ്ട്. സമിതികൾ എങ്ങനെ വേണമെന്നതിനെക്കുറിച്ച് ആലോചിക്കാം. നമ്മളെല്ലാവരും ഒറ്റക്കെട്ടായി നിൽക്കുകയാണെങ്കിൽ ഒരു ക്രമക്കേടും ഇല്ലാതെ പാവങ്ങൾക്ക് റേഷൻ കൊടുക്കുന്ന സംവിധാനത്തെ വളരെ ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കും. അതിനെ അട്ടിമറിക്കാൻ ആര് വിചാരിച്ചാലും നടക്കില്ലെന്ന് പറയാനുള്ള ഇച്ഛാശക്തി നമുക്കുണ്ടാവണം.

<u>ശ്രീ. വി.ടി. ബൽറാം</u>: സർ, മൊത്തവ്യാപാരികളെ ഒഴിവാക്കാനുള്ള തീരുമാനത്തിലൂടെ അഴിമതിയും കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പുമെല്ലാം അവസാനിപ്പിക്കാൻ സാധിക്കും. സാധാരണ റേഷൻ കടക്കാർക്ക് ഇന്ന് മുന്നോട്ട് പോകാൻ കഴിയാത്ത സാഹചര്യം ഉണ്ടാകുകയാണ്. ഇപ്പോൾ ഒരു രൂപയുടെ അരി എടുക്കുമ്പോൾ അത്രയും സ്റ്റോക്കിന്റെ തുക അടച്ചാൽ അവർക്ക് അത് ലഭിക്കും, അരിയുടെ വില മൂന്ന് രൂപയാകുമ്പോൾ മൂന്നിരിട്ടി തുക അടച്ചുവേണം അവർ സ്റ്റോക്കെടുക്കാൻ. ഈ രീതിയിൽ വലിയൊരു ഇൻവെസ്റ്റ്മെന്റ് നടത്തുമ്പോൾ അതിനനുസരിച്ചുള്ള റിട്ടേൺ ഉണ്ടാകുന്നില്ല എന്നതാണ് ഏറ്റവും വലിയ യാഥാർത്ഥ്യം. ദശാബ്ദങ്ങളായി ഈ മേഖലയിൽ നിലനിൽക്കുന്ന ഇവർക്ക് മാസശമ്പളം ഏർപ്പെടുത്താൻ തയ്യാറാകണം, കാരണം ഭക്ഷ്യ സുരക്ഷാ നിയമത്തിൽത്തന്നെ അതിനുള്ള വ്യവസ്ഥയുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിന്റെ ഒരു ഷെയർ നൽകാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാണ്. ആ സാധ്യത ഉപയോഗപ്പെടുത്തിക്കൊണ്ട് റേഷൻ കട ഉടമകൾക്കും അതോടൊപ്പം റേഷൻ സാധനങ്ങൾ തൂക്കി വിൽക്കുന്ന ഒരാൾക്കും മാസംതോറും ശമ്പളം നൽകുന്നതിനുള്ള നടപടി ഇതിനോടൊപ്പം ഉണ്ടാകുമോ?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, റേഷൻ കടകൾ പ്രവർത്തിക്കുമ്പോൾ ഈ പറയുന്ന പ്രയാസങ്ങളെല്ലാം വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉണ്ടാകാൻ സാധ്യതയുണ്ട്. ആയതിനാൽ അവരുടെ വരുമാനം എങ്ങനെ വർദ്ധിപ്പിക്കാമെന്നതിനെക്കുറിച്ച് വളരെ ഗൗരവപൂർവ്വം ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. ശമ്പളം കൊടുക്കുന്നതിന് കേന്ദ്രം വിഹിതം നൽകുന്നില്ലായെന്ന വസ്തുത മനസ്സിലാക്കണം. നമുക്ക് നൽകുന്ന പ്രധാനപ്പെട്ട ആനുകൂല്യം എന്നുപറയുന്നത്, 10.25 ലക്ഷം മെട്രിക് ടൺ അരി മൂന്ന് രൂപയ്ക്കും രണ്ട് രൂപയ്ക്കും നൽകുന്നുണ്ട്. എന്നാൽ അത് മേലോട്ടുള്ള അരിയുടെ വിലയിൽ വ്യത്യാസമുണ്ട്. രണ്ട് കാറ്റഗറി തിരിച്ചാണ് അരിയും ഗോതമ്പും നൽകുന്നത്. ഇവിടെ മുൻഗണനക്കാർക്ക് എന്ത് വില, എ.എ.വൈ.ക്കാർക്ക് എന്ത് വില, നോൺപ്രയോറിറ്റിക്കാർക്ക് എന്ത് വില എന്നതുസംബന്ധിച്ച കാര്യങ്ങൾ ഗവൺമെന്റിന്റെ പരിശോധനയിലാണ്. തീരുമാനമെടുത്തുകഴിഞ്ഞാൽ തീർച്ചയായും ഈ സഭയിൽ അക്കാര്യം പറയുന്നതാണ്. റേഷൻ കടകൾ നവീകരിക്കും/

വൈവിദ്ധ്യവൽക്കരിക്കുമെന്ന് തെരഞ്ഞെടുപ്പുകാലത്ത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അവരുടെ മാനിഫെസ്റ്റോയിൽ പരാമർശിച്ചിരുന്നു. അരിയും ഗോതമ്പും മണ്ണെണ്ണയും പഞ്ചസാരയും മാത്രമല്ല ജനങ്ങൾക്ക് ആവശ്യമായ അവശ്യ സാധനങ്ങൾകൂടി ലഭ്യമാക്കുന്ന സംവിധാനമായി റേഷൻ കടകളെ മാറ്റാൻ എങ്ങനെ സാധിക്കും എന്നതിനെക്കുറിച്ച് ആലോചിക്കുകയാണ്. അതിന്റെ വിശദാംശങ്ങൾ പിന്നാലെ പറയാൻ സാധിക്കും.

മി. സ്പീക്കർ: റേഷൻ കടക്കാർ തൃപ്തരല്ലെങ്കിൽ ഈ പദ്ധതി ആകെ അവതാളത്തിലാകും. അക്കാര്യത്തിൽ ഒരു സംശയവുമില്ല.

ശ്രീ. പി. തിലോത്തമൻ: സർ, റേഷൻ കടക്കാർ തൃപ്തരാകും. കള്ളക്കച്ചവടം നടത്തിയാൽ മാത്രമേ അവർക്ക് നിലനിൽക്കാൻ സാധിക്കൂ എന്ന അവസ്ഥ മാറുകയാണ്. നല്ല നിലയിൽ കച്ചവടം നടത്തി അവർക്ക് വരുമാനം ഉണ്ടാക്കുന്നതിനുള്ള എല്ലാ സംവിധാനവും സംസ്ഥാന സർക്കാർ ഉറപ്പുവരുത്തുന്നതാണ്.

ശ്രീ. സി. കൃഷ്ണൻ: സർ, ഭക്ഷ്യഭദ്രതാ നിയമം അനുസരിച്ചുള്ള അപേക്ഷകളിന്മേൽ ഏഴ് ലക്ഷത്തിൽപ്പരം പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതുസംബന്ധിച്ച പരിശോധനയും തീർപ്പ് കൽപ്പിക്കലും അതത് പഞ്ചായത്തുകളിലോ നഗരസഭകളിലോ മാത്രമായി കേന്ദ്രീകരിക്കുകയും ആക്ഷേപവും പരാതിയും നൽകിയവരെ സഹായിക്കുന്നതിനായി എന്തെങ്കിലും നടപടികളും ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, ആക്ഷേപങ്ങളിലും പരാതികളിലും തീർപ്പുകൽപ്പിക്കേണ്ടത് പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ തലങ്ങളിലുള്ള വെരിഫിക്കേഷൻ കമ്മിറ്റികളാണ്. പ്രസ്തുത കമ്മിറ്റികളുടെ പരിശോധനയിൽ തീർപ്പുകൽപ്പിക്കാൻ സാധിക്കാതെ മറ്റെന്തെങ്കിലും ആക്ഷേപം നിലനിൽക്കുക യാണെങ്കിൽ ജില്ലാതല അപ്പീൽ കമ്മിറ്റിയിൽവച്ച് അതിന് തീർപ്പ് കൽപ്പിക്കും. ഇപ്പോൾ ഇടുക്കി, എറണാകുളം, പാലക്കാട് എന്നീ ജില്ലകളിൽ വെരിഫിക്കേഷൻ കമ്മിറ്റി സിറ്റിംഗ് നടത്തുകയും നൂറ് കണക്കിന് പരാതികളിന്മേൽ തീർപ്പുകൽപ്പിക്കുകയും ചെയ്തു. വളരെ നല്ല റിസൾട്ടാണ് അവിടെ നിന്ന് ലഭിച്ചത്. ജനങ്ങളുടെ അവകാശങ്ങൾ/ആക്ഷേപങ്ങൾ അർഹതപ്പെട്ടതാണെങ്കിൽ അതെല്ലാം പരിഹരിച്ചുകൊടുക്കും. ഒരു കാരണവശാലും അവരെ അവഗണിച്ചുകൊണ്ട് മുന്നോട്ടു പോകില്ല. പ്രയോറിറ്റി/നോൺ പ്രയോറിറ്റി ലിസ്റ്റിൽ ആരെയെല്ലാം ഉൾപ്പെടുത്തണം എന്നതുസംബന്ധിച്ച് കൃത്യമായ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുള്ളതിനാൽ അതിന്മേൽ ഉചിതമായ തീരുമാനമെടുക്കുന്നതാണ്. അതിന് കുറച്ച് സമയം വേണ്ടിവരും എന്നുള്ളതേയുള്ളൂ.

## സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന ഹോട്ടലുകൾ

3(*603) ശ്രീ. മുഹമ്മദ് മുഹസിൻ പി.:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീമതി സി.കെ. ആശ:
ശ്രീമതി ഗീതാ ഗോപി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടൽ ഭക്ഷണത്തിന്റെ അമിതനിരക്ക്മൂലം സാധാരണക്കാരായ ജനങ്ങൾ ബുദ്ധിമുട്ടുന്ന സാഹചര്യത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന സബ്സിഡി നിരക്കിൽ ഭക്ഷ്യസാധനങ്ങൾ നൽകുന്ന ഹോട്ടലുകൾ ആരംഭിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ ഭക്ഷ്യസാധനങ്ങളാണ് പ്രസ്തുത ഹോട്ടലുകൾ മുഖേന നൽകുവാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ഹോട്ടലുകൾക്ക് സബ്സിഡി നിരക്കിൽ സാധനങ്ങൾ നൽകുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ തയ്യാറാകുമോ; വിശദാംശങ്ങൾ നൽകുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ,

(എ-സി) നിലവിൽ സപ്ലൈകോ ഭക്ഷണശാലകളുടെ പ്രവർത്തനം നടത്തുന്നില്ല. സബ്സിഡി നിരക്കിൽ ഭക്ഷ്യ സാധനങ്ങൾ നൽകുന്ന ഹോട്ടലുകൾ പുതുതായി ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. ശബരിമല സീസണിൽ ജില്ലാ ഭരണകൂടങ്ങളുടെ ന്യായവില ഹോട്ടലുകൾ പ്രവർത്തിക്കുക യാണെങ്കിൽ അവയ്ക്ക് സപ്ലൈകോ ബൾക്ക് നിരക്കിൽ സാധനങ്ങൾ സപ്ലൈ ചെയ്യുന്നതാണ്.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, നമ്മുടെ നാട്ടിലെ ഹോട്ടലുകളിൽ നിലവിൽ ഭക്ഷണത്തിന് വളരെയേറെ വില ഈടാക്കുന്നുണ്ട്. കേരളത്തിന്റെ 60-ാം വാർഷികം ആഘോഷിക്കുന്ന ഈ സാഹചര്യത്തിൽ തമിഴ്നാട്ടിലെ അമ്മ ഹോട്ടൽ പോലെ, നമ്മൾ കേരളാ ഹോട്ടൽ ആരംഭിച്ച് സബ്സിഡി നിരക്കിൽ ഭക്ഷണം നൽകുന്ന സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്. ഇക്കാര്യം പരിഗണനയിൽ ഇല്ലായെന്ന് പറഞ്ഞ സ്ഥിതിക്ക് ഹോട്ടലുകളിൽ സാധാരണക്കാരന് ന്യായവിലയ്ക്ക് ബേസ് ഭക്ഷണമെങ്കിലും ഉറപ്പാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, നിലവിലുള്ള ഹോട്ടലുകളിൽ ഭക്ഷണ സാധനങ്ങൾക്ക് ഏകീകരിച്ച വില നിശ്ചയിക്കുക എന്നതിൽ പ്രായോഗികമായ ധാരാളം ബുദ്ധിമുട്ടുകളുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇതുസംബന്ധിച്ച

ഒരു ബിൽ അവതരിപ്പിക്കാൻ ശ്രമം നടത്തിയെങ്കിലും അത് നടന്നില്ല. പ്രസ്തുത വിഷയം എങ്ങനെ കൈകാര്യം ചെയ്യാമെന്നത് സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. ഓരോ ഹോട്ടലുകളും ഭക്ഷണത്തിന്റെ ക്വാളിറ്റിപോലും ഉറപ്പുവരുത്താതെ തോന്നുന്ന വില ഈടാക്കുന്നുവെന്ന് ധാരാളം ആക്ഷേപങ്ങൾ ഉയർന്നുവരുന്നുണ്ട്. ഈ സാഹചര്യത്തിൽ എല്ലാവിഭാഗം ജനങ്ങളുടെയും അഭിപ്രായം പരിഗണിച്ചുകൊണ്ട് ഇത് എങ്ങനെ പ്രായോഗികമായി നടപ്പിൽ വരുത്താമെന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, താലൂക്ക്-ജില്ല-ജനറൽ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ആദിവാസികൾക്കും പാവപ്പെട്ട രോഗികൾക്കും അവരുടെ ബൈസ്റ്റാന്റേഴ്സിനും പലപ്പോഴും ഭക്ഷണം ലഭിക്കാത്ത അവസ്ഥ നിലനിൽക്കുന്നുണ്ട്. ആയതിനാൽ അവർക്ക് ഭക്ഷണം ലഭ്യമാക്കുന്നതിനുള്ള എന്തെങ്കിലും സംവിധാനം ഒരുക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, ഇപ്പോൾ ഇതിന്മേൽ ഒരു സംവിധാനവും നിലവിലില്ല. സന്നദ്ധ സംഘടനകളാണ് ഇത്തരത്തിലുള്ള ചുമതലകൾ ഏറ്റെടുക്കുന്നത്. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പിന്റെ ഭാഗത്തുനിന്ന് യാതൊരു പരിശ്രമവും നടത്തുന്നില്ല. ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കേണ്ട വിഷയമായതിനാൽ ഇതിന്മേൽ എന്ത് നടപടികൾ സ്വീകരിക്കാൻ സാധിക്കു മെന്നതിനെക്കുറിച്ച് പരിശോധിക്കാം.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, മാവേലി ഹോട്ടൽ നടത്തുന്നത് സംബന്ധിച്ച് നൽകിയ മറുപടിയിൽ അങ്ങനെയൊന്ന് ആലോചിക്കുന്നില്ല എന്നാണ് പറഞ്ഞത്. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് സഖാവ് ഇ. ചന്ദ്രശേഖരൻ നായർ ഭക്ഷ്യ വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് പാവപ്പെട്ട ആളുകൾക്ക് ഭക്ഷണം നൽകുന്നതിനു വേണ്ടി മാവേലി ഹോട്ടൽ ആരംഭിച്ചത്. അതിനുശേഷം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ അത് നന്നായി നടത്തിവന്നിരുന്നു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് അത് നിർത്തലാക്കിയത്. ന്യായ വിലയ്ക്ക് ഭക്ഷണം നൽകുമെന്നാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ പ്രകടന പത്രികയിൽ പറഞ്ഞിരിക്കുന്നത്. ആയതിനാൽ ഇതുസംബന്ധിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിച്ച് പാവപ്പെട്ട ആളുകൾക്ക് ന്യായ വിലയ്ക്ക് ഭക്ഷണം നൽകുന്നതിനുള്ള പുതിയ സംവിധാനം ഏർപ്പെടുത്തുമോ?

ശ്രീ. പി. തിലോത്തമൻ: സർ, പണ്ട് മാവേലി ഹോട്ടലുകൾ നടത്തിയ സന്ദർഭം വ്യത്യസ്തമായിരുന്നു. അന്ന് നമുക്ക് യൂണിവേഴ്സൽ റേഷനിംഗ് ഉണ്ടായിരുന്നു. ഇന്ന് ടാർജറ്റഡ് റേഷൻ സംവിധാനമാണ് നിലനിൽക്കുന്നത്.

കേന്ദ്രം സംസ്ഥാനത്തിന് അർഹതപ്പെട്ട അരിപോലും നൽകാതിരിക്കുന്ന പശ്ചാത്തലമാണ് ഇന്ന് നിലനിൽക്കുന്നത്. അതുകൊണ്ട് ഇന്ന് ലഭിക്കുന്ന അരികൊണ്ട് റേഷൻ വിതരണം നടത്തിയാൽ മാത്രമേ നമുക്ക് എത്ര സേവ് ചെയ്യാൻ സാധിക്കുമെന്ന് മനസ്സിലാക്കാൻ കഴിയൂ. ഇപ്പോൾ 1434 ക്ഷേമ സ്ഥാപനങ്ങൾക്ക് അരിയും ഗോതമ്പും നൽകുന്നുണ്ട്. ഇത്തരം കാര്യങ്ങളിൽ എന്ത് ചെയ്യാൻ സാധിക്കുമെന്നത് സംബന്ധിച്ച് ഈ പദ്ധതി നടപ്പിൽ വരുത്തിയതിനുശേഷമേ പറയാൻ സാധിക്കൂ. തമിഴ്നാട്ടിൽ അമ്മ ഹോട്ടൽ നടത്തുന്നതിനാവശ്യമായ അരി അവർക്കുണ്ട്. നമുക്കിവിടെ അരിയില്ല. ഏതായാലും കുടുംബശ്രീ പ്രസ്ഥാനം പോലുള്ള സംഘടനകൾ മുന്നോട്ട് വരാൻ തയ്യാറാകുമെങ്കിൽ നമുക്ക് അത്തരം സ്ഥാപനങ്ങളെ സഹായിക്കുന്നതിനെക്കുറിച്ച് തീർച്ചയായും ആലോചിക്കാം.

ശ്രീമതി സി. കെ. ആശ: സർ, ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തിന്റെ പ്രധാനഘടകമായ സ്ത്രീ ശാക്തീകരണത്തിന്റെ മുന്നോടിയായി കുടുംബത്തിലെ മുതിർന്ന വനിതാ അംഗത്തിനെ കാർഡുടമയാക്കുന്ന നടപടി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് സ്ത്രീകൾ നടത്തുന്ന ഭക്ഷണശാലകൾ നിരവധിയുണ്ട്, ഇവർ നടത്തുന്ന ഹോട്ടലുകൾക്ക് ആവശ്യമായ അരിയും മറ്റ് പലവ്യഞ്ജന സാധനങ്ങളും സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന സബ്സിഡി നിരക്കിൽ നൽകാൻ തയ്യാറാകുമോ?

ശ്രീ. പി. തിലോത്തമൻ: സർ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇപ്പോൾ തന്നെ സബ്സിഡി നിരക്കിലാണ് ഉല്പന്നങ്ങൾ നൽകുന്നത്. 13 ഉല്പന്നങ്ങൾ മാർക്കറ്റ് വിലയേക്കാൾ അൻപതും അൻപത്തിരണ്ട് ശതമാനവും വിലക്കുറവിൽ നൽകുന്നുണ്ട്. അത് തുടരുകയാണ്. ഒരു കാരണവശാലും ആ സബ്സിഡി ഉല്പന്നങ്ങളുടെ വില വരുന്ന 5 വർഷക്കാലത്തേയ്ക്ക് ഉയർത്തില്ല എന്ന് ഈ ഗവൺമെന്റ് പരസ്യമായി പ്രഖ്യാപിച്ചതാണ്. അതിൽ ഒരു മാറ്റവും ഉണ്ടാവില്ല. അതോടൊപ്പം സബ്സിഡി ഇല്ലാത്ത ഉല്പന്നങ്ങൾക്കും മാർക്കറ്റ് റേറ്റിനേക്കാൾ കുറഞ്ഞ നിരക്കിലാണ് ഇപ്പോൾ കോർപ്പറേഷൻ നൽകിക്കൊണ്ടിരിക്കുന്നത്. അത് തുടരും. മഹിളകൾക്ക് മാത്രമല്ല എല്ലാവർക്കും നൽകും. ബി.പി.എൽ. കാർഡുടമകളായ മുഴുവൻ ആളുകൾക്കും, ഇനിമുതൽ മുൻഗണനാ പട്ടികയിൽ വരുന്ന മുഴുവൻ ആളുകൾക്കും ആ അവകാശം തീർച്ചയായിട്ടും ഉണ്ടാകും.

ശ്രീമതി ഗീതാ ഗോപി: സർ, അങ്ങയുടെ മറുപടി സ്ത്രീ സമൂഹത്തിന് നീതിപരമായി അർഹിക്കുന്നതാണ്. ഭക്ഷ്യഭദ്രതാ നിയമം വരുമ്പോൾ പൊതുകമ്പോളം വിലക്കയറ്റത്തിന്റെ സമ്മർദ്ദത്തിലാകാൻ സാധ്യതയുണ്ട്. സാധാരണക്കാർക്ക് വിലകുറച്ച് ആഹാരം ലഭിക്കുന്നതിന് നമ്മുടെ ഗ്രാമങ്ങളിൽ പൊതു മാവേലി ഹോട്ടലുകൾ, ഒരു ഗ്രാമത്തിൽ ഒരു ഹോട്ടലെങ്കിലും തുടങ്ങാൻ അങ്ങേയ്ക്ക് സാധിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, മാവേലി ഹോട്ടൽ തുടങ്ങുന്നതിൽ പ്രായോഗിക പ്രശ്നങ്ങളുണ്ട്. മുൻപ് അത് തുടങ്ങിയിട്ട് എന്തുകൊണ്ട് നിന്നുപോയി എന്നുള്ള പ്രശ്നങ്ങൾ നമ്മുടെ മുൻപിലുണ്ട്. ആ സന്ദർഭമല്ല ഇപ്പോൾ. അന്ന് നമുക്ക് ആവശ്യത്തിന് അരി സുഭിക്ഷമായി കേന്ദ്രം തന്നിരുന്നു. ഇന്ന് നമുക്ക് ആവശ്യത്തിനുള്ള അരി ലഭിക്കുന്നില്ല. നമുക്ക് 16 ലക്ഷം മെട്രിക് ടൺ അരി കിട്ടേണ്ട സ്ഥാനത്ത് 14.25 ലക്ഷം മെട്രിക് ടണ്ണാണ് ലഭിക്കുന്നത്. ഇത് വച്ചുകൊണ്ട് നമ്മൾ പുതിയൊരു സിസ്റ്റത്തിലേയ്ക്ക് വരികയാണ്. അത് നടപ്പിലാക്കിയിട്ട് നമ്മുടെ കയ്യിലെ സേവിംഗ്സ് ഉള്ളത്, കേന്ദ്ര വിഹിതം നമുക്ക് എത്രതരും. ഈ പ്രശ്നങ്ങളെല്ലാം വച്ചുകൊണ്ടാണ് ഭാവിയിൽ അത്തരം കാര്യങ്ങളെ കുറിച്ച് ആലോചിക്കാനും തീരുമാനിക്കാനും കഴിയുന്നത്.

ശ്രീ. മുരളി പെരുനെല്ലി: സർ, അടുക്കളയുടെ വാതിൽ അടച്ചിട്ട് ഹോട്ടലുകളുടെ വാതിലിന് മുൻപിൽ ക്യൂ നിൽക്കുന്ന പ്രവണത കൂടി വരുന്ന സന്ദർഭത്തിൽ ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ വില നിയന്ത്രിക്കാനാവശ്യമായ നടപടി അടിയന്തരമായി എടുക്കേണ്ടത് ആവശ്യമാണ്. മെഡിക്കൽ കോളേജുകളിലും പ്രധാനപ്പെട്ട ആശുപത്രികളിൽ പ്രവർത്തിക്കുന്ന ക്യാന്റീനുകളിലെങ്കിലും സബ്സിഡി നിരക്കിൽ ഉൽപ്പന്നങ്ങൾ നൽകിക്കൊണ്ട് വില നിയന്ത്രിക്കാനാവശ്യമായ നടപടിയെടുക്കാൻ സാധിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, ഞാൻ ഇതിന് മറുപടി പറഞ്ഞതാണ്. അതിന്റെ പ്രായോഗിക പ്രശ്നങ്ങൾ ധാരാളമുണ്ട്. ഏതായാലും ഹോട്ടലുകൾ വലിയ തീവെട്ടിക്കൊള്ളയാണ് നടത്തുന്നത്. ഭക്ഷണം കഴിച്ച് കഴിഞ്ഞ് പണം കൊടുക്കാൻ ചെല്ലുമ്പോഴാണ് കഴിച്ചത് മുഴുവൻ ദഹിച്ചുപോകുന്ന രൂപത്തിലുള്ള ബിൽ ലഭിക്കുന്നത്. ആ പ്രശ്നങ്ങളെ നമുക്ക് എങ്ങനെ നേരിടാമെന്നതിനെക്കുറിച്ച് സീരിയസായി ആലോചിക്കുന്നതാണ്. ശബരിമല സീസൺ വരികയാണ്. രണ്ട് മൂന്ന് ജില്ലകളിലെ ഹോട്ടൽ വ്യാപാരികളെ വിളിച്ച് ഏകീകൃതമായ ഓരോ ഐറ്റംസ് ഇത്ര വിലയ്ക്ക് നൽകണമെന്ന രൂപത്തിലുള്ള ചർച്ച നടത്താൻ ശ്രമം നടത്തുകയാണ്. ആദ്യ പടിയായി അത് വിജയിക്കുകയാണെങ്കിൽ മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കാൻ സാധിക്കും. ഒട്ടേറെ പ്രായോഗിക പ്രശ്നങ്ങളുണ്ടെങ്കിലും ജനങ്ങൾ ഏറ്റവും കൂടുതൽ പ്രയാസമനുഭവിക്കുന്ന ഈ രംഗത്ത് എങ്ങനെ ഫലപ്രദമായിട്ട് ഇടപെടാം എന്നതിനെ സംബന്ധിച്ച് ഇനിയും ചർച്ച ചെയ്യുന്നതാണ്.

ശ്രീ. അടൂർ പ്രകാശ്: സർ, ലക്ഷക്കണക്കിന് ഭക്തജനങ്ങൾ ഓരോ ദിവസവും എത്തിച്ചേരുന്ന ഒരു കേന്ദ്രമാണ് ശബരിമല. ശബരിമലയിലെത്തിച്ചേരുന്ന ഭക്തജനങ്ങൾക്ക് ന്യായമായ വിലയ്ക്ക് ഭക്ഷണം ലഭ്യമാകാറില്ല. അവർ

ചൂഷണത്തിന് വിധേയരാകുകയാണ്. മുൻകാലങ്ങളിൽ ശബരിമല കേന്ദ്രീകരിച്ചുകൊണ്ട് മാവേലി ഹോട്ടലുകൾക്ക് ആരംഭം കുറിച്ചിരുന്നു. മാവേലി ഹോട്ടലുകൾക്ക് ആരംഭം കുറിച്ചുകൊണ്ട് അവിടെ ന്യായമായ വിലയ്ക്ക് ഭക്ഷണസാധനങ്ങൾ ലഭ്യമാകാനുള്ള ഒരവസരം ഒരുക്കിയിരുന്നു. അത് തുടർന്നു കൊണ്ടുപോകാൻ ഈ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ, ഇപ്പോൾ അങ്ങനെയൊരു നടപടിയിലേയ്ക്ക് പോകുന്നില്ല എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അങ്ങനെയാണെങ്കിൽ ഒരു പുനഃപരിശോധന നടത്തിക്കൊണ്ട് ശബരിമലയിൽ വരുന്ന ഭക്തജനങ്ങൾക്കെങ്കിലും ചൂഷണത്തിന് വിധേയമാകാതിരിക്കാൻ വേണ്ടി ന്യായമായ വിലയ്ക്ക് ഭക്ഷണം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് നേരിട്ട് ഹോട്ടൽ നടത്താൻ ഉദ്ദേശിച്ചിട്ടില്ല. അതിന് ഒരുപാട് പ്രായോഗിക പ്രശ്നങ്ങളുണ്ട്. എന്നാൽ ഏതെങ്കിലും സന്നദ്ധ സംഘടനകളോ ജില്ലാ ഭരണകൂടങ്ങളോ മുന്നോട്ട് വന്നാൽ തീർച്ചയായിട്ടും അവരെ സഹായിക്കുന്നതാണ്. ശബരിമല സീസണുമായി ബന്ധപ്പെട്ട് കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളിലെ ഹോട്ടലുടമകളുടെ യോഗം അടിയന്തരമായി വിളിക്കുന്നുണ്ട്. അങ്ങ് പറഞ്ഞതുപോലെ ചില നിർദ്ദിഷ്ട ഐറ്റംസ് ഇത്ര വിലയ്ക്ക് നൽകണമെന്ന രൂപത്തിലുള്ള നിർദ്ദേശം ഗവൺമെന്റിന് മുൻപിലുണ്ട്. അത് വച്ചുകൊണ്ട് ചർച്ച ചെയ്ത് അതിന്മേൽ ഒരു തീർപ്പുണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ശബരിമല സീസണിൽ ഈ രണ്ട് ജില്ലകളിലാണ് ഏറ്റവും പ്രധാനമായി ഹോട്ടലുകാർ തീവെട്ടിക്കൊള്ള നടത്തുന്നത്. മറ്റ് സ്ഥലങ്ങളിലും ഉണ്ടാകാം. ആ മേഖലയുമായി ബന്ധപ്പെട്ട് ചർച്ച നടത്താൻ തീരുമാനമെടുത്തിട്ടുണ്ട്.

ശ്രീ. കെ. രാജൻ: സർ, യു.പി.എ. സർക്കാർ കൊണ്ടുവന്ന ദേശീയ ഭക്ഷ്യ ഭദ്രതാനിയമം കഴിഞ്ഞ 3 വർഷമായി നടപ്പിലാക്കാത്തതിന്റെ പേരിൽ ഉളവായിട്ടുള്ള പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കാൻ അങ്ങയുടെ ഗവൺമെന്റ് എടുക്കുന്ന നടപടികൾ പൊതുവേ ശ്ലാഘനീയമാണ്. ഇവിടെ സിവിൽ സപ്ലൈസ് വകുപ്പ് വിതരണം ചെയ്യുന്ന പയർ വർഗ്ഗങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ നിലവിൽ കോന്നിയിൽ മാത്രമാണ് ക്വാളിറ്റി ടെസ്റ്റിംഗ് ലബോറട്ടറിയുള്ളത്. നാല് റീജിയണുകളിലും ക്വാളിറ്റി ടെസ്റ്റിംഗ് ലബോറട്ടറികൾ സ്ഥാപിച്ചുകൊണ്ട് പയറ് വർഗ്ഗങ്ങളുടെ കാര്യത്തിൽ ഉണ്ടാകുന്നു എന്ന് പറയപ്പെടുന്ന മായം ചേർക്കൽ ഉൾപ്പെടെയുള്ള പ്രശ്നങ്ങളെ നേരിടാൻ കഴിയുമോ?

ശ്രീ. പി. തിലോത്തമൻ: സർ, അത് വകുപ്പിന്റെ ആലോചനയിലുള്ള കാര്യമാണ്. നിലവിൽ സപ്ലൈകോയുടെകീഴിൽ സി.എഫ്.ആർ.ഡി. കോന്നിയിൽ ഒരു യൂണിറ്റ് വളരെ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യ വകുപ്പിന്റെ ഫുഡ് സെക്യൂരിറ്റി വകുപ്പിന് കീഴിൽ നിരവധി കേന്ദ്രങ്ങളുണ്ട്. ഇനിയും അത്തരം

കേന്ദ്രങ്ങൾ കൂടുതലായിട്ട് ഉണ്ടാകേണ്ടത് ആവശ്യമാണ്. മായം ചേർന്ന ഭക്ഷണപദാർത്ഥങ്ങളും ഭക്ഷ്യവസ്തുക്കളും ധാരാളമായി വിറ്റഴിക്കപ്പെടുന്ന സംസ്ഥാനമെന്ന നിലയിൽ ആ രംഗത്ത് കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട് എന്നുള്ളതുകൊണ്ട് ഞങ്ങൾ മൊബൈൽ ലാബ് വേണമെന്ന തരത്തിലാണ് ആലോചിക്കുന്നത്. തീർച്ചയായിട്ടും അക്കാര്യങ്ങളിലേയ്ക്ക് പോകുന്നതാണ്.

**ഭക്ഷ്യഭദ്രതാ നിയമം-ഫുഡ് അലവൻസ്**

4(*604) ശ്രീ. ജി.എസ്. ജയലാൽ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. വി.ആർ. സുനിൽ കുമാർ:
ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാകുമ്പോൾ ഭക്ഷണത്തിന് പകരം ഉപഭോക്താക്കൾക്ക് ഫുഡ് അലവൻസ് തുക നല്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ബി) റേഷൻ കടകളിൽ കൂടി അരിയും ഗോതമ്പും കൂടാതെ പ്രധാന പലവ്യഞ്ജനങ്ങളും വിതരണം ചെയ്യാൻ നടപടിയെടുക്കുമോ;

(സി) റേഷൻ കടകളിൽ ബയോമെട്രിക് യന്ത്രങ്ങൾ വയ്ക്കുന്ന സാഹചര്യത്തിൽ സർക്കാർ ക്ഷേമ പെൻഷനുകൾ, ബാങ്കിംഗ് സേവനങ്ങൾ തുടങ്ങിയവ ഈ സംവിധാനത്തിലൂടെ നൽകാൻ നടപടി സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ,

(എ) 2013-ലെ ഭക്ഷ്യഭദ്രതാ നിയമത്തിന്റെ വകുപ്പ് (8) പ്രകാരം നിയമം വ്യവസ്ഥചെയ്യുന്ന ഭക്ഷ്യ/പോഷകാഹാര വിഹിതം ഉപഭോക്താക്കൾക്ക് നൽകാൻ പറ്റാത്ത സാഹചര്യത്തിൽ, നിഷേധിക്കപ്പെടുന്ന പ്രയോജനം ഭക്ഷ്യഭദ്രതാ അലവൻസായി (Food Security allowance) ഓരോ വ്യക്തിക്കും അവരുടെ ബാങ്ക് അക്കൗണ്ട് വഴി നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതുപ്രകാരം കേന്ദ്രസർക്കാർ ഫുഡ് സെക്യൂരിറ്റി അലവൻസ് റൂൾസ്, 2015 എന്ന പേരിൽ പ്രത്യേക ചട്ടവും 21-01-2015-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) 2016-17 ലെ ബഡ്ജറ്റിൽ റേഷൻ കടകളെ നവീകരിക്കാനും അവ പലചരക്ക് സാധനങ്ങൾ കൂടി ന്യായവിലയ്ക്ക് വിൽക്കുവാനുള്ള കടകളായി രൂപമാറ്റം വരുത്തുന്നത് പരിഗണിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

(സി) ആധാർ ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിക്കുന്ന പ്രക്രിയ പൂർത്തിയാവുകയും, മറ്റ് സർക്കാർ വകുപ്പുകളുടെ ഡാറ്റാ ബേസ് പൊതുവിതരണ വകുപ്പിന്റെ ഡാറ്റാബേസുമായി ബന്ധിപ്പിക്കുകയും ചെയ്താൽ മാത്രമേ ഇത്തരം സേവനങ്ങൾ നൽകാൻ കഴിയുകയുള്ളൂ. ഈ പ്രവർത്തനങ്ങൾ നടന്നു വരികയാണ്.

ശ്രീ. ജി. എസ്. ജയലാൽ: സർ, ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യം, ആരോഗ്യ വിദഗ്ദ്ധർ കണക്കാക്കിയിട്ടുള്ളത് ഒരു ഗ്രാമീണന് പ്രതിദിനം ശരാശരി 2300 കലോറി ഭക്ഷ്യോർജ്ജം ആവശ്യമാണെന്നാണ്. എന്നാൽ നിയമം അനുശാസിക്കുന്ന 5 കിലോ ഭക്ഷ്യധാന്യം കൊണ്ട് പരമാവധി ലഭിക്കാൻ സാധ്യതയുള്ളത് 333 കലോറി ഭക്ഷ്യോർജ്ജം മാത്രമാണ്. അരിയാഹാരം മുഖ്യമായിട്ട് എടുത്തിട്ടുള്ള മലയാളിയെ സംബന്ധിച്ച് പയറ് വർഗ്ഗങ്ങളും എണ്ണയും പഞ്ചസാരയും ഉൾപ്പെടെ ഭക്ഷ്യോർജ്ജം ലഭ്യമാകുന്ന ധാന്യങ്ങൾ കൂടി വിതരണം ചെയ്താൽ മാത്രമേ യഥാർത്ഥ ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാകൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, അരിയും ഗോതമ്പും മാത്രമല്ല മറ്റ് ധാന്യങ്ങളും നൽകുമെന്നാണ് ആക്ടിൽ പറയുന്നത്. അത് ഇനിയുള്ള ദിവസങ്ങളിലേ അറിയാൻ കഴിയൂ. ഒരു ബി.പി.എൽ. കുടുംബത്തിന് 25 കിലോ അരിയാണ് നൽകിയിരുന്നതെങ്കിൽ ഒരു കുടുംബത്തിലെ പ്രയോറിറ്റി ലിസ്റ്റിലെ ഒരംഗത്തിന് 5 കിലോ അരി വീതം നൽകുന്നുണ്ട്. അപ്പോൾ 5 അംഗങ്ങളുള്ള ഒരു വീട്ടിൽ 25 കിലോ അരി കിട്ടും. 18 അംഗങ്ങളുള്ള വീട്ടിൽ 90 കിലോ അരി കിട്ടും. 18 അംഗങ്ങളുള്ള ഒരു വീട്ടമ്മ എന്നെ ഇന്നലെ വിളിച്ചിരുന്നു. അവർക്ക് 90 കിലോ അരി കിട്ടും. കലോറിയൊക്കെ പിന്നീട് കൂട്ടാം.

## 2. തിരുത്തിയ ഉത്തരം

273-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന് നൽകിയ മറുപടി തിരുത്തിക്കൊണ്ട് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീൽ 2016 ഒക്ടോബർ 28-ന് നൽകിയ മറുപടിയെ ആധാരമാക്കിയുള്ള ഉപചോദ്യങ്ങൾ

### സംയോജിത നീർത്തട പരിപാലന പദ്ധതി

(*273) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. എൽദോസ് കുന്നപ്പിള്ളി:
ശ്രീ. കെ. എസ് ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ ജനതയുടെ വരുമാന സ്രോതസ്സ് മെച്ചപ്പെടുത്തി ജീവിത നിലവാരം ഉയർത്തുന്നതിന് സംയോജിത നീർത്തട പരിപാലന പദ്ധതി എങ്ങനെയാണ് പ്രയോജനപ്പെടുത്തിയത്; വിശദമാക്കാമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ലക്ഷ്യമിട്ടിരുന്നത്; വിശദമാക്കാമോ;

(സി) പദ്ധതി നടത്തിപ്പിനായി ബ്ലോക്ക് പഞ്ചായത്തുകളെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്; വിശദമാക്കാമോ;

(ഡി) പദ്ധതി പ്രവർത്തനത്തിന് ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളെ എങ്ങനെയാണ് ശാക്തീകരിച്ചത് വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ,

(എ) നേരത്തെ സംയോജിത നീർത്തട പരിപാലന പദ്ധതി (IWMP) സ്വതന്ത്രമായ ഒരു പദ്ധതിയായിരുന്നു. ഇപ്പോൾ PMKSY-യുടെ നാല് ഘടകങ്ങളിൽ ഒന്നായി അത് മാറിയിട്ടുണ്ട്. നീർത്തട പരിപാലന പദ്ധതിയനുസരിച്ച് ഇതിനകം സംസ്ഥാനത്തെ 2760 Joint Liability Group (J.L.G) കൾക്കായി 7,41,00,000 (ഏഴ് കോടി നാൽപത്തൊന്ന് ലക്ഷം) രൂപ പ്രാരംഭ മൂലധനമായി നൽകിയിട്ടുണ്ട്. ആട് വളർത്തൽ, കോഴി വളർത്തൽ, ജൈവപച്ചക്കറി കൃഷി, ചെറുകിട സംരംഭങ്ങളായ തയ്യൽ യൂണിറ്റ്, അച്ചാർ, പപ്പടം, കറിപൗഡർ യൂണിറ്റുകൾ, ഈറ്റ, മുള മുതലായവ ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണം എന്നിവയാണ് പദ്ധതിക്ക് കീഴിൽ നടന്നു വരുന്നത്.

(ബി) മണ്ണ്, ജലം, ജൈവ സമ്പത്ത് എന്നീ അടിസ്ഥാന പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കലും, കാർഷിക മേഖലയിൽ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കലും, ഗ്രാമീണ ജനതയുടെ ജീവിത നിലവാരം അഭിവൃദ്ധിപ്പെടുത്തലുമാണ് സംയോജിത നീർത്തട പരിപാലന പദ്ധതിയുടെ ലക്ഷ്യം.

(സി) പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി പ്രവർത്തിക്കുന്ന ബ്ലോക്ക് പഞ്ചായത്തുകൾക്ക് സാങ്കേതിക സഹായം നൽകുന്നതിനായി സാങ്കേതിക വിദഗ്ദ്ധർ അടങ്ങിയ Water Shed Development Team (WDT) രൂപീകരിച്ച് പദ്ധതിയുടെ നിർവ്വഹണം കാര്യക്ഷമമാക്കുന്നു. ബ്ലോക്ക് പ്രസിഡന്റ് അധ്യക്ഷനായി ബ്ലോക്ക്തല കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ച് പദ്ധതി പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ചുവരുന്നു.

(ഡി) ജില്ലാ തലങ്ങളിൽ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കാൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായുള്ള Watershed Cell Cum Data Centre (WCDC) രൂപീകരിച്ചിട്ടുണ്ട്. സംയോജിത നീർത്തട പരിപാലന പദ്ധതിയുടെ ആസൂത്രണവും നിർവ്വഹണവും ജില്ലാ ആസൂത്രണ സമിതിക്കാണ്, DPC-യെ ഇക്കാര്യത്തിൽ സഹായിക്കുന്നതിനായി ഒരു കോ-ഓർഡിനേഷൻ കമ്മിറ്റിയും പ്രവർത്തിച്ചുവരുന്നുണ്ട്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, കേരള നിയമസഭയുടെ ചരിത്രത്തിൽ അപൂർവ്വമായിട്ടാണ് തിരുത്തിയ ഉത്തരങ്ങൾക്ക് ഫ്ലോറിൽതന്നെ വീണ്ടും ഉപചോദ്യം ചോദിക്കുവാനുള്ള അവസരം ലഭിക്കുന്നത്. ഞാൻ മനസ്സിലാക്കുന്നത് ശരിയാണെങ്കിൽ 30 വർഷം മുമ്പ് ശ്രീ. വി. എം. സുധീരൻ നിയമസഭാ സ്പീക്കറായിരിക്കുമ്പോൾ ആണ് 25-3-1986-ന് ഇത്തരത്തിലുള്ള അവസരം ലഭിച്ചത്. പ്രതിപക്ഷ നേതാവുകൂടി ആവശ്യപ്പെട്ടതനുസരിച്ച് ഇത്തരം ഒരു അവസരം നല്കിയതിന് ബഹുമാനപ്പെട്ട സ്പീക്കറെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്.

മി. സ്പീക്കർ : 1986 മാർച്ച് 24-ന് ശ്രീ. വി.ജെ. തങ്കപ്പന്റെ ചോദ്യത്തിന് ഒരു റൂളിംഗുണ്ടായിരുന്നു. തിരുത്തിയ ഉപചോദ്യം അനുവദിക്കുന്നത് 9.30-9.35-നുള്ളിലാണ്. അത് അഞ്ചു മിനിട്ടുകൊണ്ട് തീർക്കുക എന്നുള്ളതാണ്.

ശ്രീ. എ. പി. അനിൽ കുമാർ : സർ, അങ്ങ് ഓർമ്മിപ്പിച്ചത് നന്നായി. സഭ അറിഞ്ഞിരിക്കേണ്ട കാര്യമാണിത്. അങ്ങയെ അഭിനന്ദിക്കേണ്ട കാര്യമാണ്. സമയക്കുറവുകൊണ്ട് ഞാൻ ചോദ്യം ചുരുക്കുകയാണ്. കൂടുതൽ മേഖലയിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കുമോ?

ഡോ. കെ. ടി. ജലീൽ : സർ, Integrated Watershed Management Programme (IWMP) 2010-11-ലാണ് നമ്മുടെ രാജ്യത്ത് ആരംഭിച്ചത്. സംസ്ഥാനത്ത് 83 പ്രോജക്ടുകൾക്കാണ് അംഗീകാരം കിട്ടിയത്. 64 ബ്ലോക്കുകളിലായി അത് ഫലപ്രദമായി വിനിയോഗിച്ചു. ഈ വർഷം ഏതാണ്ട് 304 കോടി രൂപയുടെ പദ്ധതികൾ തയ്യാറാക്കിക്കഴിഞ്ഞു. ഇതിൽ 11 കോടി രൂപ നമുക്ക് ഇതിനകം ലഭിച്ചു. സംസ്ഥാനത്തിന്റെ മറ്റ് ബ്ലോക്കുകളിലേയ്ക്കുകൂടി ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കാനാണ് ശ്രമിക്കുന്നത്.

ശ്രീ. എ. പി. അനിൽ കുമാർ : സർ, ഈ സംയോജിത പദ്ധതി ഒരു സ്വതന്ത്ര പദ്ധതിയായിരുന്നു. PMKSY-യുടെ നാല് ഘടകങ്ങളിൽ ഒന്നായിട്ടാണ് വരുന്നത്. കേന്ദ്ര ഗവൺമെന്റ് നേരത്തെ ഈ പദ്ധതിക്കുവേണ്ടി അനുവദിച്ചിരുന്ന പണം ഇപ്പോൾ ലഭ്യമാണോ അതിൽ എന്തെങ്കിലും കുറവ് വരുത്തിയിട്ടുണ്ടോ?

ഡോ. കെ. ടി. ജലീൽ : സർ, നേരത്തെ ഇത് IWMP ആയിരുന്ന സമയത്ത് 90 ശതമാനം കേന്ദ്ര വിഹിതവും 10 ശതമാനം സംസ്ഥാന വിഹിതവുമായിരുന്നു. എന്നാൽ പിന്നീട് അത് പി.എം.കെ.എസ്.വൈ.ആയി മാറ്റപ്പെട്ടപ്പോൾ കേന്ദ്രവിഹിതം 60 ശതമാനവും സംസ്ഥാന വിഹിതം 40 ശതമാനവുമായിട്ട് മാറുകയാണുണ്ടായത്.

<u>ശ്രീ. പി. ടി. തോമസ്</u> : സർ, സംയോജിത നീർത്തട പരിപാലന പദ്ധതി പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജനയായി മാറിയപ്പോൾ 19-7-2016-ൽ അങ്ങ് നൽകിയ ഉത്തരത്തിൽ 9 ശതമാനം ദാരിദ്ര്യലഘൂകരണ പദ്ധതികൾക്കായി മാറ്റിവയ്ക്കുമെന്ന് പറഞ്ഞിരുന്നു. അതിനെ തുടർന്നുണ്ടായ സംഭവവികാസങ്ങളാണ് ചോദ്യം മാറുന്നതിനുള്ള കാരണമായത്. ഈ നാല് ഘടകങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവ വർദ്ധിപ്പിക്കുക എന്നുള്ളതാണ്. 182 ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന നടപ്പാക്കുന്ന ഈ പദ്ധതികൾക്ക് വാട്ടർഷെഡ് സെൽ കം ഡാറ്റാ സെന്ററിന്റെ പ്രവർത്തനം ജില്ലാതലത്തിലും ബ്ലോക്കുതലത്തിലും ഏകോപിപ്പിച്ചുകൊണ്ട് യഥാർത്ഥത്തിൽ മണ്ണൊലിപ്പ് തടയുന്നതിന് 80 ശതമാനം പണം കയ്യാല പദ്ധതിക്കായി മാറ്റിവച്ചാൽ മാത്രമേ വരൾച്ച പോലുള്ള ദുരന്തങ്ങൾ നമുക്ക് ഒഴിവാക്കാൻ കഴിയൂ. ആ നിലയ്ക്ക് കാര്യങ്ങൾ തിരിച്ചുവിടുന്നതിന് ഗൗരവതരമായി ആലോചിക്കുമോ?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും കർക്കശമായ നിർദ്ദേശങ്ങളുണ്ട്. അതനുസരിച്ചാണ് പദ്ധതി വിഹിതത്തിന്റെ 9 ശതമാനം ജീവനോപാധികൾക്കായി നീക്കിവയ്ക്കാമെന്ന് തീരുമാനിക്കുന്നത്. അതുപോലെ ഭരണച്ചെലവിനായി 10 ശതമാനവും മണ്ണ്, ജല സംരക്ഷണം എന്നിവയ്ക്കായി 56 ശതമാനവും കാർഷിക ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് 10 ശതമാനവും മറ്റു ചെലവുകൾക്കായി അഞ്ചു ശതമാനവും നീക്കിവയ്ക്കണം. സംസ്ഥാനത്തിന് സ്വന്തമായി ഈ വ്യവസ്ഥയിൽ മാറ്റം വരുത്താൻ നിലവിൽ സാധിക്കാത്ത സ്ഥിതിയാണുള്ളത്.

<u>മി. സ്പീക്കർ</u> : ശ്രീ. എൽദോസ് കുന്നപ്പിള്ളി, not in the seat.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, നമ്മുടെ നാട്ടിലെ മണ്ണ്, ജലം, ജൈവസമ്പത്ത് എന്നീ അടിസ്ഥാന പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുക എന്നുള്ളതാണ് ഈ പ്രോജക്ടിന്റെ പ്രധാനപ്പെട്ട ലക്ഷ്യം. ഈ പ്രോജക്ടുകളുടെ ഭാഗമായി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് ഏഴര കോടി രൂപയുടെ പദ്ധതികൾക്ക് മൂലധനം നൽകിയിട്ടുണ്ടെന്ന് അങ്ങ് പറയുന്നുണ്ട്. ഈ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ അതാത് പ്രദേശങ്ങളിലെ പ്രത്യേകതകൾ കണക്കിലെടുത്ത്, ഉദാഹരണത്തിന് എന്റെ മണ്ഡലം ഉൾപ്പെടുന്ന മലയോര മേഖലകളിൽ ഈറ്റ, മുള, തേൻ തുടങ്ങിയവ ഉപയോഗിച്ച് പദ്ധതികൾ തയ്യാറാക്കാൻ സാധിക്കും. സ്ഥലത്തിന്റെ പ്രത്യേകതകൾ മനസ്സിലാക്കി അതിനനുസൃതമായ പ്രോജക്ടുകൾ തയ്യാറാക്കുമോ?

<u>ഡോ. കെ. ടി. ജലീൽ</u> : സർ, ഈ പദ്ധതി നടപ്പിലാക്കുന്നതിനായി ഓരോ ബ്ലോക്കിലും വാട്ടർഷെഡ് ഡെവലപ്മെന്റ് ടീം എന്ന പേരിൽ സാങ്കേതികവിദഗ്ദ്ധർ അടങ്ങുന്ന ഒരു വിംഗുതന്നെയുണ്ട്. അവരാണ് ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾക്കനുസൃതമായി ഇതിനനുയോജ്യമായിട്ടുള്ള പദ്ധതികൾ തെരഞ്ഞെടുക്കുന്നത്.

<u>മി. സ്പീക്കർ</u> : ഓർഡർ.....ഓർഡർ..... ചോദ്യോത്തരസമയം കഴിഞ്ഞു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 3. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### യുവജന കമ്മീഷന്റെ പ്രവർത്തനങ്ങൾ

5 (*605) ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. ഡി. കെ. മുരളി :
പ്രൊഫ. കെ.യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന യുവജന കമ്മീഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) യുവജനങ്ങളുടെ ക്ഷേമം മുൻനിർത്തി അവരെ വിദ്യാസമ്പന്നരാക്കുന്നതിനും ശാക്തീകരിക്കുന്നതിനും യുവജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും വേണ്ടി എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത കമ്മീഷൻ നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(സി) യുവജനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംബന്ധിച്ച് കമ്മീഷന് ലഭിക്കുന്ന പരാതികളും നിർദ്ദേശങ്ങളും പരിഗണിക്കുന്നതിനായി ജില്ലാ തലത്തിൽ അദാലത്തുകൾ നടത്തുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) മദ്യം, മയക്കുമരുന്ന്, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരെയും റോഡ് സുരക്ഷ, മാനസിക ആരോഗ്യം എന്നിവ സംബന്ധിച്ചും യുവാക്കൾക്കിടയിൽ ബോധവത്കരണം നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) അവലോകനം ചെയ്യാറുണ്ട്.

(ബി) യുവാക്കൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസത്തിനും, തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിനുംവേണ്ടി സർക്കാർ വകുപ്പുകളെ ഏകോപിപ്പിക്കുക, പൂർണ്ണമായ ശാക്തീകരണവും മികവും നേടുന്നതിനുവേണ്ടി യുവാക്കളുടെ കഴിവ് വികസിപ്പിക്കുകയും നേർവഴിക്ക് നയിക്കുകയും ചെയ്യുന്ന പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുക, യുവാക്കൾക്ക് തൊഴിൽ അവസരങ്ങൾ തേടുന്നതിനുള്ള പ്രോത്സാഹനപരവും വിദ്യാഭ്യാസപരവുമായ ഗവേഷണങ്ങൾ ഏറ്റെടുക്കുക,

തുടങ്ങിയവയാണ് കമ്മീഷന്റെ പ്രധാന പ്രവർത്തനങ്ങൾ. യുവജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി അവർ സമർപ്പിക്കുന്ന പരാതിയിൻമേലും കമ്മീഷന് നേരിട്ട് ബോദ്ധ്യപ്പെടുന്നതിലും കമ്മീഷൻ റിപ്പോർട്ട് ലഭ്യമാക്കി ഹിയറിംഗ് നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നുണ്ട്. കമ്മീഷന്റെ ഇടപെടൽ ആവശ്യമായ മേഖലകളിൽ കമ്മീഷൻ നേരിട്ട് ഇടപെട്ട് അവയ്ക്ക് പരിഹാരം കാണുന്നുണ്ട്.

(സി) ജില്ലാതലത്തിൽ അദാലത്തുകൾ നടത്തി വരുന്നുണ്ട്.

(ഡി) ഇതിനായി കോളേജുകൾ, ഇതര വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ലൈബ്രറികൾ, യുവജന ക്ലബ്ബുകൾ തുടങ്ങി യുവതീ/യുവാക്കളുടെ പ്രാതിനിധ്യമുള്ള എല്ലാ മേഖലകളിലും ബോധവത്കരണ പ്രവർത്തനങ്ങളും സെമിനാറുകളും സംഘടിപ്പിച്ചുകൊണ്ട് അവരെ സമൂഹത്തിന്റെ പൊതുധാരയുടെ ഭാഗമാക്കുന്നതിനുള്ള ശ്രമമാണ് നടത്തുന്നത്. അതുവഴി സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരു തലമുറയെ വാർത്തെടുക്കുക എന്നതും കമ്മീഷന്റെ കടമയാണ്.

**നീതി ആയോഗ് നിലവിൽ വന്നതിന് അനുസൃതമായ മാറ്റങ്ങൾ**

6 (*606) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന് കീഴിൽ പ്ലാനിംഗ് കമ്മീഷന് പകരം നീതി ആയോഗ് സംവിധാനം വന്നശേഷം ഏതെല്ലാം പദ്ധതികളാണ് കേരളത്തിനായി അനുവദിച്ചതെന്ന് വ്യക്തമാക്കുമോ; നീതി ആയോഗിൽ പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കുന്നതിന് ഏതെങ്കിലും തലത്തിലുള്ള നിർദ്ദേശങ്ങൾ സംസ്ഥാന പ്ലാനിംഗ് ബോർഡിന് നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ പ്രവർത്തനവും വിവിധ വകുപ്പുകളുടെ ആസൂത്രണവും തമ്മിലുള്ള ഏകോപനം സുദൃഢമാക്കാൻ എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നീതി ആയോഗ് നിലവിൽ വന്ന സാഹചര്യത്തിൽ ഓരോ പദ്ധതിയുടെയും പ്രൊപ്പോസലുകൾ ഏത് തട്ടിൽ നിന്നാണ് ആരംഭിക്കുന്നതെന്നും അതിന് എന്ത് സംവിധാനങ്ങളാണ് ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും നിലവിലുള്ളതെന്നും വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) പ്ലാനിംഗ് കമ്മീഷന് പകരം നീതി ആയോഗ് വന്നശേഷം നീതി ആയോഗിൽ നിന്ന് കേരളത്തിനു മാത്രമായി പദ്ധതികൾ അനുവദിച്ചിട്ടില്ല.

നീതി ആയോഗിൽ പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശങ്ങൾ സംസ്ഥാന പ്ലാനിംഗ് ബോർഡിന് ലഭ്യമായിട്ടില്ല.

(ബി) കേരള സംസ്ഥാന ആസൂത്രണ ബോർഡ് വിവിധ വികസന വകുപ്പുകളുമായി ആസൂത്രണ പ്രക്രിയയിൽ സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്. എല്ലാ വികസന വകുപ്പുകളും നടപ്പിലാക്കുന്ന വാർഷിക പദ്ധതികളുടെ അവലോകനം ആസൂത്രണ ബോർഡിൽ നടത്താറുണ്ട്. പദ്ധതി നടത്തിപ്പിൽ ഏതെങ്കിലും പോരായ്മകൾ/തടസ്സങ്ങൾ വകുപ്പുകൾക്ക് നേരിടുന്നുണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് സംസ്ഥാന ആസൂത്രണബോർഡ് വേണ്ട നിർദ്ദേശങ്ങൾ നൽകാറുണ്ട്. കൂടാതെ, വിവിധ വകുപ്പുകൾക്ക് സംസ്ഥാനത്തിന്റെ വിഭവലഭ്യതയുടെ അടിസ്ഥാനത്തിൽ വാർഷിക പദ്ധതി ആസൂത്രണം ചെയ്യുന്നതിന് എല്ലാ വകുപ്പുതലവൻമാരുമായും, വകുപ്പു സെക്രട്ടറിമാരുമായും സംസ്ഥാന ആസൂത്രണ ബോർഡ് പദ്ധതി ചർച്ച നടത്താറുണ്ട്.

(സി) കേന്ദ്രസർക്കാർ പഞ്ചവൽസര പദ്ധതി നിർത്തലാക്കിയതുകൊണ്ടും പദ്ധതി/പദ്ധതിയിതര ക്ലാസിഫിക്കേഷൻ ഇല്ലാതാക്കിയതുകൊണ്ടും സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി പ്ലാനിംഗ് കമ്മീഷന് പകരമായി നിയോഗിക്കപ്പെട്ട നീതി ആയോഗിന് സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ട ആവശ്യമില്ല. കേരളസർക്കാർ പഞ്ചവൽസര പദ്ധതിയുമായി മുൻപോട്ടു പോവുകയും അതിന്റെ പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

## കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകളുടെ ബാഹുല്യം

7*(T*607) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ.സുരേഷ് കുറുപ്പ് :
ശ്രീ. എ.എം. ആരിഫ് :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘകാലം കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകളുടെ ബാഹുല്യം നീതിന്യായ സംവിധാനത്തിനു മുന്നിലെ വലിയ വെല്ലുവിളിയാണെന്ന ബഹു. സുപ്രീംകോടതി ചീഫ് ജസ്റ്റിസിന്റെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) സംസ്ഥാനത്തെ വിവിധ തലങ്ങളിലുള്ള കോടതികൾ സമാനമായ പ്രതിസന്ധി നേരിടുന്നുവെന്നത് മനസ്സിലാക്കിയിട്ടുണ്ടോ;

(സി) വിവിധ കോടതികളിൽ കെട്ടിക്കിടക്കുന്ന സിവിൽ, ക്രിമിനൽ കേസുകളെ അവയുടെ ഗൗരവം കണക്കാക്കി തരം തിരിച്ച് എത്രയും വേഗം തീർപ്പുകൽപ്പിക്കാനുള്ള നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) സമയബന്ധിതമായി അദാലത്തുകൾ സംഘടിപ്പിച്ച് കേസുകളുടെ ബാഹുല്യം കുറച്ച്, നീതിന്യായ സംവിധാനത്തിൽ ജനങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കാനുതകുന്ന സത്വര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ.പിണറായി വിജയൻ) :

(എ & ബി ) ഉണ്ട്.

(സി) സംസ്ഥാനത്തെ വിവിധ കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകൾ വേഗത്തിൽ തീർപ്പുകൽപ്പിക്കുന്നതിനുവേണ്ടി സിവിൽ ക്രിമിനൽ കേസ്സുകളെ അവയുടെ ഗൗരവം കണക്കാക്കി തരം തിരിക്കാനുള്ള ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതിനായി കേസുകൾ ഒന്നിച്ചു ചേർക്കൽ, തരം തിരിക്കൽ, പ്രത്യേക സ്വഭാവമുള്ള കേസുകൾ സ്പെഷ്യൽ കോടതികളിലേയ്ക്ക് കൈമാറ്റം ചെയ്യൽ തുടങ്ങിയവ ചെയ്തിട്ടുണ്ട്. കാലപ്പഴക്കം ചെന്ന കേസുകൾ തീർപ്പാക്കുന്നതിനായി പ്രാധാന്യം അർഹിക്കുന്ന കേസുകളെ ഇനം തിരിക്കുകയും, കീഴ് കോടതികളുടെ നടത്തിപ്പ് നിരീക്ഷിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ ബഹു. ഹൈക്കോടതി നൽകി വരികയും ചെയ്യുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ കോടതികളിലേയും 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള കേസുകൾ 2016 വർഷത്തിൽ തന്നെ തീർപ്പാക്കുന്നതിന് സ്പെഷ്യൽ ഡ്രൈവ് തീരുമാനിച്ചിട്ടുണ്ട്.

(ഡി) അതെ; KELSA, DLSA, താലൂക്ക് ലീഗൽ സർവ്വീസ് കമ്മിറ്റി തുടങ്ങിയവയുടെ ആഭിമുഖ്യത്തിൽ അദാലത്തുകൾ നടത്താറുണ്ട്. നാഷണൽ ലീഗൽ എയ്ഡ് അതോറിറ്റിയുടെ നിർദ്ദേശ പ്രകാരം KELSA-യുടെ സഹായത്തോടുകൂടി എല്ലാ മാസങ്ങളിലേയും രണ്ടാം ശനിയാഴ്ച ഓരോ വിഷയത്തിൻമേൽ ജില്ലാടിസ്ഥാനത്തിലും താലൂക്കാടിസ്ഥാനത്തിലും നാഷണൽ ലോക് അദാലത്തുകൾ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ ഉൾഗ്രാമ പ്രദേശങ്ങളിലെ പഞ്ചായത്തുകളിൽ അദാലത്തുകൾ നടത്തുന്നതിനായി മൊബൈൽ ലോക് അദാലത്ത് വാൻ സർവ്വീസ് നടത്തുന്നുണ്ട്. 2016 വരെ 1,420 ലോക് അദാലത്തുകൾ 8 നാഷണൽ ലോക് അദാലത്തുകൾ എന്നിവ സംഘടിപ്പിക്കുകയും 1,17,047 കേസുകൾ 32,363 pre-litigation കേസുകൾ എന്നിവ തീർപ്പാക്കിയിട്ടുമുണ്ട്. 352,84,21,946 രൂപ ന്യായ തീർപ്പായും നൽകിയിട്ടുണ്ട്.

**ദ്രുതവും ദീർഘകാലാടിസ്ഥാനത്തിലുമുള്ള വളർച്ചയ്ക്കായി പദ്ധതികൾ**

8 (*608) ശ്രീ. പി. ഉണ്ണി :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ദ്രുതവും ദീർഘകാലാടിസ്ഥാനത്തിലുമുള്ള വളർച്ചയ്ക്കായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം അറിയിക്കാമോ;

(ബി) സംസ്ഥാനം നേരിടുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നായ യുവജനങ്ങൾക്കിടയിലെ തൊഴിൽരാഹിത്യം പരിഹരിക്കാനായി എന്തൊക്കെ പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്;

(സി) പരമ്പരാഗത മേഖലയിൽ ഉപജീവനമാർഗ്ഗം കണ്ടെത്തുന്നവരുൾപ്പെടെ താഴ്ന്ന വരുമാനക്കാർക്കുകൂടി വികസനത്തിന്റെ സദ്ഫലങ്ങൾ ലഭ്യമാക്കാൻ പദ്ധതികളുണ്ടെങ്കിൽ അവയുടെ വിശദാംശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) സംസ്ഥാനത്തിന്റെ ദ്രുതവും ദീർഘകാലാടിസ്ഥാനത്തിലുമുള്ള വളർച്ചയ്ക്കായി പ്രഖ്യാപിക്കപ്പെട്ട പ്രധാന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.*

(ബി) ഐ.ടി., ടൂറിസം മേഖലകളിലും ഇലക്ട്രോണിക്സ് തുടങ്ങി ആധുനിക വ്യവസായ മേഖലകളിലും കൃഷി, വാണിജ്യം, ചെറുകിട വ്യവസായം തുടങ്ങിയ മേഖലകളിലും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പര്യാപ്തമായ വിവിധങ്ങളായ പദ്ധതികൾ പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. യുവജനങ്ങൾക്ക് വേണ്ടിയുള്ള വൈദഗ്ദ്ധ്യ വികസന പദ്ധതികൾക്ക് ഊന്നൽ നൽകുന്നതും പ്ലേസ്മെന്റ് ലിങ്ക്ഡ് എംപ്ലോയബിലിറ്റി പ്രോഗ്രാം നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്. പുതുതായി പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ യുവജനങ്ങൾക്കിടയിലെ തൊഴിൽരാഹിത്യം പരിഹരിക്കുന്നതിനായുള്ള പദ്ധതികൾ സംബന്ധിച്ച വിശദാംശം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(സി) പരമ്പരാഗത മേഖലയിൽ ഉപജീവന മാർഗം കണ്ടെത്തുന്നവരുൾപ്പെടെ താഴ്ന്ന വരുമാനക്കാർക്കുകൂടി വികസനത്തിന്റെ സദ്ഫലങ്ങൾ ലഭ്യമാക്കാൻ 2016-17 പദ്ധതി കാലയളവിൽ വകയിരുത്തിയിട്ടുള്ള പദ്ധതികളും വിഹിതവും ഇനം തിരിച്ച് ചുവടെ ചേർത്തിരിക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| പദ്ധതി | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|
| കരകൗശല തൊഴിലാളികളുടെ സഹായം (asha) | 30.00 |
| കൈത്തറി മേഖലയിലെ പ്രോത്സാഹനത്തിനും വികസനത്തിനുമായുള്ള പദ്ധതികൾ | 1,000.00 |
| കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ/ഹാന്റ് ലൂം ബിസിനസ് ഇന്റിക്കേറ്റർ | 250.00 |
| പ്രോത്സാഹനവും ക്ഷേമവും ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികൾ | 98.00 |
| ഖാദി നൂൽ ഉൽപ്പന്നക്കാർക്കും നെയ്ത്തുകാർക്കും ഉൽപ്പാദന പ്രോത്സാഹനവും ഉത്സവബത്തയും | 400.00 |
| തേനീച്ച വളർത്തൽ വ്യവസായ വികസനം | 6.00 |
| പ്രത്യേക തൊഴിൽദാന പരിപാടി (ഖാദി വ്യവസായം) | 550.00 |

**എയർപോർട്ട് പരിസരങ്ങളിൽ പക്ഷി ശല്യമൊഴിവാക്കാൻ നടപടികൾ**

9 (*609) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വ്യോമയാന പരിധിയിൽ അപകടങ്ങൾ ഉണ്ടാകാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കുന്ന കാര്യത്തിൽ സർക്കാരിന്റെ ഉത്തരവാദിത്വങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) എയർപോർട്ട് പരിസരങ്ങളിൽ പക്ഷിയിടിച്ചുള്ള അപകട സാദ്ധ്യത കൂടുതലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പക്ഷി ശല്യമൊഴിവാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) എയർപോർട്ടുകളുടെ രണ്ട് കിലോമീറ്റർ ചുറ്റളവിൽ ലാന്റേൺ കൈറ്റുകൾ നിരോധിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. എയർപോർട്ടിന് സമീപം കുന്നുകൂടുന്ന മാലിന്യങ്ങളാണ് പക്ഷികൾ ഇടിച്ചുള്ള അപകടങ്ങൾക്ക് കാരണമാകുന്നത്. ഇത്തരം മാലിന്യങ്ങൾ നീക്കം ചെയ്യേണ്ടത് തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളാണ്, ഇതിനായി സംവിധാനങ്ങൾ ഒരുക്കേണ്ടതുണ്ട്. മാലിന്യങ്ങൾ നിക്ഷേപിക്കുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്. മാലിന്യം വലിച്ചെറിയുന്ന പ്രവണത ഒഴിവാക്കുന്നതിനായി പോലീസിന്റെ സേവനവും ഉപയോഗപ്പെടുത്തുന്നുണ്ട്.

(ബി) ഉണ്ട്. തിരുവനന്തപുരം വിമാനത്താവളം സംബന്ധിച്ച വിഷയം ചർച്ച ചെയ്യാൻ ചീഫ് സെക്രട്ടറി ഒരു മീറ്റിംഗ് വിളിച്ച് ചേർക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ചുവടെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട് :

- മാലിന്യം ദിനംപ്രതി നീക്കം ചെയ്യുവാൻ തീരുമാനിച്ചു.
- നിലവിലെ നിക്ഷേപിക്കപ്പെട്ടിട്ടുള്ള മാലിന്യാവശിഷ്ടങ്ങൾ തിരുവനന്തപുരം നഗരസഭയും എയർപോർട്ട് അതോറിറ്റിയുമായി ചേർന്ന് അടിയന്തിരമായി നീക്കം ചെയ്യുവാൻ തീരുമാനിച്ചു.
- എയർപോർട്ടിന് ചുറ്റും മാലിന്യം ഉണ്ടാകാതിരിക്കുന്നതിനുള്ള ശാശ്വതപരിഹാര പദ്ധതികൾക്ക് നഗരസഭയും എയർപോർട്ട് അതോറിറ്റിയും ചേർന്ന് പ്രോജക്ട് തയ്യാറാക്കുവാൻ തീരുമാനിച്ചു.
- മാലിന്യം വലിച്ചെറിയാതിരിക്കാനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക. തുടർന്നും മാലിന്യം വലിച്ചെറിയുകയാണെങ്കിൽ പിഴ ഉൾപ്പെടെയുള്ള ശിക്ഷാനടപടികൾ സ്വീകരിച്ചുവരുന്നു.
- രാത്രികാലങ്ങളിൽ തിരുവനന്തപുരം എയർപോർട്ടിന്റെ ചുറ്റുമുള്ള റോഡുകളിൽ നഗരസഭ നൈറ്റ് സ്ക്വാഡ് പ്രവർത്തിക്കുന്നതോടൊപ്പം പോലീസിന്റെ നിരീക്ഷണം ശക്തമാക്കാൻ പോലീസ് അധികാരികൾക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

കോഴിക്കോട്, കൊച്ചി വിമാനത്താവളങ്ങളിൽ അതാത് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ യോഗം ചേർന്ന് പക്ഷിശല്യം ഒഴിവാക്കാനുള്ള നടപടികൾ എടുക്കാറുണ്ട്.

**ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള മത്സ്യങ്ങളുടെ പരിശോധന**

10 *(T*610) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി.എഫ്.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽ നിന്ന് വില്പനക്കായി കൊണ്ടുവരുന്ന മത്സ്യങ്ങളിൽ ആരോഗ്യത്തിന് ഹാനികരമായ രാസപദാർത്ഥങ്ങൾ ചേർക്കുന്നതായും വൃത്തിഹീനമായ സാഹചര്യങ്ങളിൽ സംസ്കരിക്കുന്നതായുമുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഈ സാഹചര്യത്തിൽ, ഇവ നിർബന്ധമായും പരിശോധനയ്ക്ക് വിധേയമാക്കിയതിനുശേഷം മാത്രം സംസ്ഥാനത്തേക്ക് കടത്തി വിടുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ;

(സി) ഇപ്രകാരം ഹാനികരമായ രാസവസ്തുക്കൾ ചേർത്ത മത്സ്യങ്ങൾ വില്ക്കുന്നവർക്കും വിതരണക്കാർക്കുമെതിരെ ശക്തമായ നടപടികൾ കൈക്കൊള്ളുമോ; വിശദാംശം നൽകുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ) ഉണ്ട്. സംസ്ഥാനത്ത് 14 ജില്ലകളിലെയും വിപണികളിൽ ലഭ്യമായിട്ടുള്ള മത്സ്യത്തിന്റെ സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് അനലറ്റിക്കൽ ലാബുകളിലും കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള CIFT (Central Institute of Fisheries Technology) എന്ന ഗവേഷണ സ്ഥാപനത്തിലും പരിശോധിച്ച് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നുണ്ട്. സംസ്ഥാനത്തേയ്ക്ക് ഗോവ, തുത്തുക്കുടി, മംഗലാപുരം എന്നിവിടങ്ങളിൽ നിന്നാണ് വൻതോതിൽ മത്സ്യം എത്തുന്നത്. ഇത്തരം മത്സ്യത്തിന്റെ സാമ്പിൾ മത്സ്യ മൊത്ത കച്ചവട കേന്ദ്രങ്ങളിൽ നിന്നും ശേഖരിച്ച് പരിശോധിക്കുന്നുണ്ട്. കൂടാതെ ബഹുമാനപ്പെട്ട മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവ് പ്രകാരം വിപണിയിൽ ലഭ്യമായ മത്സ്യത്തിന്റ സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ചതിൽ എന്തെങ്കിലും രാസവസ്തുക്കൾ ഉള്ളതായി കണ്ടെത്തിയിട്ടില്ല.

എന്നാൽ മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനായി ഉപയോഗിക്കുന്ന ഐസിന്റെ സാമ്പിളുകൾ പരിശോധിച്ചതിൽ ഫോർമാലിന്റെ അംശം കണ്ടെത്തിയതിനെത്തുടർന്ന് നാല് ഐസ് ഫാക്ടറികൾ പൂട്ടുകയും അവയുടെ പ്രവർത്തനം നിർത്തിവയ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ വിപണിയിൽ ലഭ്യമായിട്ടുള്ള അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്നതുൾപ്പെടെ യുള്ള മത്സ്യം ഭക്ഷ്യയോഗ്യമാണെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടി തമിഴ്നാട്, കർണ്ണാടക, ഗോവ എന്നീ സംസ്ഥാനങ്ങളിലെ ഭക്ഷ്യ സുരക്ഷാ കമ്മീഷണർമാർക്ക് ഈ വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് അടിയന്തര ഇടപെടലുകൾ നടത്തുന്നതിനും പ്രസ്തുത സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന മത്സ്യത്തിൽ ഫോർമാലിൻ അടക്കമുള്ള രാസവസ്തുക്കൾ ഇല്ല എന്ന് ഉറപ്പ് വരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട്.

(ബി) ചെക്ക്പോസ്റ്റുകളിൽകൂടി കടന്നുവരുന്ന മത്സ്യത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിലുള്ള ലാബുകളിൽ

അയച്ച് പരിശോധിക്കുന്നതാണ്. എന്നാൽ മൊബൈൽ ടെസ്റ്റിംഗ് ലബോറട്ടറികൾ ഉപയോഗിച്ച് മത്സ്യം ചെക് പോസ്റ്റിൽ വച്ച് പരിശോധിക്കുന്നതിനുള്ള സാധ്യതകൾ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയുടെ സഹായത്തോടുകൂടി പരിശോധിക്കുന്നതാണ്.

(സി) സംസ്ഥാനത്ത് വിപണിയിൽ ലഭ്യമായിട്ടുള്ള മത്സ്യം ഉൾപ്പെടെയുള്ള എല്ലാ ഭക്ഷ്യവസ്തുക്കളുടെയും ഗുണനിലവാരം ഉറപ്പാക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. പൊതുജനങ്ങളുടെ പരാതികൾ അടിയന്തരമായി പരിശോധിക്കുവാനും പരിശോധനകളിൽ രാസവസ്തുക്കളോ, ഫോർമാലിനോ ചേർത്തിട്ടുണ്ടെന്ന് കണ്ടെത്തിയാൽ പ്രോസിക്യൂഷൻ അടക്കമുള്ള നടപടി സ്വീകരിക്കുവാനും ഇത്തരം നിയമ ലംഘനങ്ങൾ തുടർന്നാൽ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന മത്സ്യം ചെക് പോസ്റ്റുകളിൽ വച്ചുതന്നെ തടയുന്നതിനുമുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ വിഭാഗത്തിന്റെ പ്രവർത്തനം

11 (*611) ഡോ. എം. കെ. മുനീർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എം. ഉമ്മർ :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിജിലൻസ് ആന്റ് ആന്റികറപ്ഷൻ വിഭാഗത്തിന്റെ പ്രവർത്തന ചട്ടങ്ങളിൽ മാറ്റമെന്തെങ്കിലും വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) വിജിലൻസ് സ്റ്റേഷനോടനുബന്ധിച്ച് ലോക്കപ്പ് സംവിധാനം, അഴിമതിക്കുറ്റങ്ങളെ മഞ്ഞ, ചുമപ്പ് എന്നീ നിറങ്ങളിൽ ക്ലാസ്സിഫൈ ചെയ്യൽ എന്നീ പരിഷ്കാരങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) രാഷ്ട്രീയ ഔദ്യോഗിക വിരോധങ്ങളുടെ പേരിലും സോഷ്യൽ മീഡിയയിലുൾപ്പെടെയുള്ള പബ്ലിസിറ്റിക്കുവേണ്ടിയും വിജിലൻസ് സംവിധാനം ദുരുപയോഗം ചെയ്യുന്ന പ്രവണത തടയാൻ പ്രാപ്തമായ പരിഷ്കാരങ്ങൾ ആ വകുപ്പിൽ വരുത്താൻ വേണ്ട നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ വിഭാഗത്തിന്റെ പ്രവർത്തന ചട്ടങ്ങളിൽ സർക്കാർ തലത്തിൽ മാറ്റം വരുത്തിയിട്ടില്ല. എന്നാൽ സുപ്രീം കോടതിയുടേയും കേരള ഹൈക്കോടതിയുടേയും വിവിധ വിധികളുടെയും ബഹു. ഗവർണർ നയപ്രഖ്യാപനത്തിൽ പ്രഖ്യാപിച്ച സീറോ ടോളറൻസ് റ്റു കറപ്ഷൻ എന്ന സർക്കാർ നയത്തിന്റെയും അടിസ്ഥാനത്തിൽ വിജിലൻസ് വകുപ്പിന്റെ സുഗമമായ നടത്തിപ്പിനായി കാലോചിതമായ സർക്കുലറുകൾ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) വിജിലൻസ് സ്റ്റേഷനോടനുബന്ധിച്ച് ലോക്കപ്പ് സംവിധാനത്തിനായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ സമർപ്പിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. അഴിമതിക്കുറ്റങ്ങളെ നിറങ്ങളിൽ ക്ലാസിഫൈ ചെയ്യുന്നത് സംബന്ധിച്ച നിർദ്ദേശമൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

(സി) വിജിലൻസ് സംവിധാനം ദുരുപയോഗം ചെയ്യുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അഴിമതിനിരോധന നിയമങ്ങളെപ്പറ്റിയും അഴിമതിയുടെ പ്രിവന്റിവ് വിജിലൻസ് പ്രവർത്തനങ്ങൾക്ക് വേണ്ടിയും വിവിധ ജനവിഭാഗങ്ങളിൽ ബോധവത്കരണം (Awareness Creation) വിജിലൻസിന്റെ എല്ലാ സംവിധാനങ്ങളും ഉപയോഗിച്ച് നടത്തേണ്ടത് സർക്കാരിന്റെ സീറോ ടോളറൻസ് റ്റു കറപ്ഷൻ എന്ന നയത്തിന്റെ വിജയത്തിന് ആവശ്യമായതിനാൽ അഴിമതി ബോധവത്കരണം വളരെ ശക്തമായും വിപുലമായും നടത്തുന്നതാണ്.

**മലബാർ കാൻസർ സെന്ററിന്റെ വിപുലീകരണം**

12 (*612) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ പ്രദേശത്തുള്ള കാൻസർ രോഗികളിൽ ഗണ്യമായൊരു പങ്ക് തിരുവനന്തപുരത്തെ ആർ.സി.സി.യിൽ ചികിത്സ തേടേണ്ടി വരുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ന്യൂക്ലിയർ മെഡിസിൻ സംവിധാനം ഉൾപ്പെടെയുള്ള നൂതന സംവിധാനം മലബാർ കാൻസർ സെന്ററിലില്ലാത്തത് വടക്കൻ ജില്ലകളിലുള്ളവരെ വിദഗ്ദ്ധ ചികിത്സയ്ക്കായി ആർ.സി.സി.യെയോ സ്വകാര്യ ആശുപത്രികളെയോ ആശ്രയിക്കാൻ നിർബ്ബന്ധിതരാക്കുന്നതു പരിഗണിച്ച് മലബാർ കാൻസർ സെന്ററിന്റെ വിപുലീകരണം ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഈ സ്ഥാപനത്തെ പി.ജി. ഇൻസ്റ്റിറ്റ്യൂട്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും അതുകൊണ്ടുണ്ടാകുന്ന നേട്ടങ്ങളും അറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഉണ്ട്. മലബാർ കാൻസർ സെന്ററിൽ ചികിത്സയ്ക്കെത്തുന്ന രോഗികളിൽ ചിലർ സ്വന്തം ഇഷ്ടപ്രകാരം തിരുവനന്തപുരം ആർ.സി.സി.യിൽ

ചികിത്സയ്ക്കായി പോകുന്നുണ്ട്. ചില രോഗികൾ ആദ്യം തിരുവനന്തപുരം ആർ.സി.സി.യിലും പിന്നീട് സ്വന്തം ഇഷ്ടപ്രകാരമോ ഡോക്ടർമാരുടെ നിർദ്ദേശാനുസരണമോ മലബാർ കാൻസർ സെന്ററിലും ചികിത്സ തേടി വരുന്നുണ്ട്.

(ബി) ന്യൂക്ലിയർ മെഡിസിൻ സംവിധാനം ഒഴിച്ചുള്ള ചികിത്സാ സൗകര്യങ്ങൾ ഇന്ന് എം.സി.സി. യിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കാൻസർ ചികിത്സയിലെ അത്യാധുനിക ചികിത്സാ രീതിയായ വിത്തുകോശ കാൻസർ ചികിത്സ ഏറ്റവും ആധുനികമായ രണ്ട് ലീനിയർ ആക്സിലറേറ്ററും എല്ലാ തരത്തിലുള്ള കാൻസർ ശസ്ത്രക്രിയകളും കാൻസർ നിർണ്ണയത്തിന് ആവശ്യമായ അത്യാധുനിക സംവിധാനങ്ങളും ഇന്ന് എം.സി.സി. യിൽ ഉണ്ട്. ന്യൂക്ലിയർ മെഡിസിൻ എന്ന സംവിധാനം 2016-17 കാലഘട്ടത്തിൽ ഏർപ്പെടുത്തുന്നതാണ്. എം.സി.സി.യെ കാൻസർ ചികിത്സാരംഗത്തെ മികച്ച ഗവേഷണ പഠന കേന്ദ്രമായി ഉയർത്തുവാൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന 9-ാം ഗവേണിംഗ് ബോഡിയിൽ തീരുമാനമെടുക്കുകയുണ്ടായി.

(സി) 9-ാം ഗവേണിംഗ് ബോഡിയിൽ എം.സി.സി.യെ പി.ജി. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസ് ആന്റ് റിസർച്ച് ആയി ഉയർത്തുവാൻ തത്വത്തിൽ തീരുമാനിക്കുകയുണ്ടായി. ഏകദേശം 600 കോടി രൂപയാണ് പ്രസ്തുത പദ്ധതിക്കായി കണക്കാക്കിയിരിക്കുന്നത്. ഇതു സംബന്ധിച്ച ഡി.പി.ആർ. തയ്യാറാക്കിവരുന്നു. പി.ജി. ഇൻസ്റ്റിറ്റ്യൂട്ട് എന്ന നിലയിൽ എം.സി.സി.-യെ ഉയർത്തുകയാണെങ്കിൽ കാൻസർ ചികിത്സാരംഗത്ത് ആവശ്യമായ മാനവശേഷി ഉല്പാദിപ്പിക്കുന്ന ഏറ്റവും ഉന്നതനിലവാരത്തിലുള്ള പഠന കേന്ദ്രമായി മാറുന്നതാണ്.

**മാതൃകാപരമായ സ്ത്രീസുരക്ഷ**

13 (*613) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. എം. എം. മണി :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുസ്ഥലങ്ങളിൽ മാതൃകാപരമായ സ്ത്രീസുരക്ഷ ഉറപ്പാക്കാൻ കഴിയാതെ പോയത് പരിഹരിക്കാൻ നടപടി സ്വീകരിയ്ക്കുമോ;

(ബി) ട്രെയിൻ ഉൾപ്പെടെയുള്ള പൊതുവാഹനങ്ങളും തൊഴിലിടങ്ങളും പൊതുനിരത്തുകളും പലപ്പോഴും സ്ത്രീ-സുരക്ഷിതമാക്കാൻ സാധിക്കാതെ പോകുന്നത് തിരുത്താൻ എന്തൊക്കെ മാർഗ്ഗങ്ങളാണ് ഉദ്ദേശിക്കുന്നത്;

(സി) സ്വയം രക്ഷയ്ക്കായി ഇലക്ട്രോണിക് സാങ്കേതികവിദ്യയുൾപ്പെടെയുള്ള മാർഗ്ഗങ്ങൾ പ്രചരിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) അപമാനത്തിന് ഇരയാകുന്നവർ പരാതി നൽകിയാൽ വീണ്ടും അവഹേളനപാത്രങ്ങൾ ആകുന്ന സ്ഥിതി മാറ്റാനും ത്വരിതഗതിയിൽ വിചാരണ നടത്തി കുറ്റക്കാർക്കെതിരെ നടപടിയെടുക്കാനും കഴിയുന്ന അവസ്ഥ സൃഷ്ടിച്ച് നിയമപാലനസംവിധാനത്തിൽ മാറ്റം വരുത്താൻ വേണ്ട ഇടപെടലുകൾ നടത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) സംസ്ഥാനത്ത് സ്ത്രീ സുരക്ഷ ഉറപ്പാക്കാൻ കഴിയാത്ത തരത്തിലുള്ള സംഭവങ്ങൾ ഈ അടുത്തിടെയെങ്ങും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രധാനപ്പെട്ട പൊതുസ്ഥലങ്ങളിലും ട്രെയിൻ/ബസ് തുടങ്ങിയ പൊതുവാഹനങ്ങളിലും നിരീക്ഷിക്കുന്നതിനായി പോലീസ് ഉദ്യോഗസ്ഥരെ ബീറ്റ് ഡ്യൂട്ടിക്കായി നിയോഗിക്കാറുള്ളതും സ്ത്രീകൾക്ക് ഏതു സമയവും സുരക്ഷിതമായ യാത്ര ഒരുക്കുന്നതിനായി 'ഷീ ഓട്ടോ' പോലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തി വരുന്നതും ഏതെങ്കിലും തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ ത്വരിതഗതിയിൽ ആയത് പരിഹരിക്കുന്നതിന് പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതും ആയത് പാലിക്കുന്നുണ്ടോയെന്ന് സൂക്ഷ്മമായി നിരീക്ഷിച്ചു വരുന്നതുമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ കണ്ടെത്തി തടയുന്നതിന് അത്യാധുനിക സാങ്കേതിക സംവിധാനങ്ങളുള്ള വാഹനങ്ങളിൽ വനിതാ പോലീസ് മാത്രമുള്ള പിങ്ക് പട്രോളിംഗ് പദ്ധതി പ്രവർത്തനം നടത്തിവരുന്നു. പൊതു സ്ഥലങ്ങളിൽ സ്ത്രീകളിൽ ആത്മവിശ്വാസം വളർത്തുന്ന തരത്തിൽ സ്വയം പ്രതിരോധം, കൗൺസലിംഗ് എന്നിവയിലുള്ള പരിശീലനം എന്നിവ നടപ്പാക്കിവരുന്നു.

(ബി) ട്രെയിൻ ഉൾപ്പെടെയുള്ള പൊതുവാഹനങ്ങളും തൊഴിലിടങ്ങളും പൊതുനിരത്തുകളും സ്ത്രീ സുരക്ഷിതമാക്കുന്നതിനുവേണ്ടി കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട എല്ലാ സ്ഥലങ്ങളിലും പോലീസിന്റെ സേവനം ഏർപ്പെടുത്തിയും പിങ്ക് പോലീസ് പട്രോളിംഗ്, പിങ്ക് ബീറ്റ്, വനിതാ ഹെൽപ്പ് ലൈൻ എന്നിവ 24 മണിക്കൂറും പ്രവർത്തിച്ചു വരുന്നു.

(സി) സ്ത്രീകളുടെ സുരക്ഷയ്ക്കായി റയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാന്റ് ഉൾപ്പെടെയുള്ള പൊതുസ്ഥലങ്ങളിൽ CCTV ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. e-mail, whatsapp എന്നിവ വഴിയും പരാതി നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. കൂടാതെ ഐ സേഫ് ആപ്പ് പോലുള്ള നിരവധി സംവിധാനങ്ങളും നിലവിലുണ്ട്.

(ഡി) അപമാനത്തിന് ഇരയാകുന്നവർ പരാതി നൽകിയാൽ വീണ്ടും അവഹേളനപാത്രങ്ങൾ ആകുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കുറ്റമറ്റ അന്വേഷണം നടത്തി കുറ്റാരോപിതർക്കെതിരെ നിയമാനുസൃതമായ എല്ലാ തെളിവുകളും ശേഖരിച്ച് കോടതിയിൽ കുറ്റപത്രം സമർപ്പിക്കുന്നതിന് ഇപ്പോൾ തന്നെ നിർദ്ദേശം നിലവിലുണ്ട്.

**സിവിൽ സപ്ലൈസ് കോർപ്പറേഷൻ-സാധനങ്ങളുടെ വിതരണ പദ്ധതി**

14 (*614) ശ്രീമതി ഗീതാ ഗോപി :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ യൂണിറ്റുകൾ, വനിതാ സ്വാശ്രയ സംഘങ്ങൾ എന്നിവ മുഖേന സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന സാധനങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ബി) എല്ലായിടത്തും എത്താൻ കഴിയുന്ന ഗതാഗത സൗകര്യമെന്ന നിലയിൽ ഓട്ടോറിക്ഷകളെ ഉപയോഗപ്പെടുത്തിക്കൊണ്ട് സാധനങ്ങൾ വീടുകളിലും ഫ്ലാറ്റുകളിലും എത്തിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(സി) ഓൺലൈനായി ഓർഡർ നല്കിയാൽ പ്രസ്തുത പദ്ധതി പ്രകാരം സാധനങ്ങൾ എത്തിക്കുന്നതിന് സാധിക്കുമോ; വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) :

(എ) നിലവിൽ പദ്ധതിയില്ല.

(ബി&സി) മേൽ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**ഹരിത കേരളം പദ്ധതി**

15 (*615) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയത്തിനും ശുചിത്വത്തിനും ഊന്നൽ നൽകുന്ന ഹരിത കേരളം പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) പദ്ധതി നടത്തിപ്പിന് ബഹുജനപങ്കാളിത്തം ഉറപ്പാക്കാൻ എന്തു മാർഗ്ഗമാണ് ആവിഷ്കരിച്ചിരിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിനായി കർമ്മസേന രൂപീകരിച്ചിട്ടുണ്ടോ; കർമ്മസേനയുടെ ഇടപെടൽ ഏത് വിധത്തിലായിരിക്കുമെന്നും ഈ സേനയിൽ ഏതൊക്കെ വകുപ്പുകളിലെ ഉദ്യോഗസ്ഥരാണുണ്ടാവുകയെന്നും ഇവരുടെ പ്രവർത്തനം ക്രോഡീകരിക്കുന്നതിനായി എന്തു സംവിധാനമാണുള്ളതെന്നും അറിയിക്കാമോ;

(ഡി) പദ്ധതിയുടെ രൂപരേഖയും നടത്തിപ്പിനുള്ള സമയക്രമവും തയ്യാറാക്കിയിട്ടുണ്ടെങ്കിൽ വിശദവിവരം അറിയിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) ശുചിത്വം-മാലിന്യ സംസ്കരണം, കൃഷി വികസനം, ജലസംരക്ഷണം എന്നീ മേഖലകളിൽ ഊന്നൽ നൽകുന്ന ബൃഹത്തായ ഒരു പദ്ധതിയാണ് ഹരിതകേരളം പദ്ധതി.

(ബി) ആസൂത്രണത്തിലും നിർവ്വഹണത്തിലും തുടർ നടത്തിപ്പിലും സാമൂഹിക ഓഡിറ്റ് ഉറപ്പാക്കി ജനപങ്കാളിത്തത്തോടെയാണ് പദ്ധതി നടപ്പാക്കുക. ഇതിലേയ്ക്കായി ഓരോ പദ്ധതിയിലും ഗുണഭോക്താക്കളെ സംഘടിപ്പിച്ചുകൊണ്ട് അവർക്കാവശ്യമായ ശേഷിവർദ്ധനവും പരിശീലനവും നൽകും.

(സി) പദ്ധതിയിൽ ഉൾപ്പെട്ട മിഷനുകളുടേയും കർമ്മസേനകളുടേയും പ്രവർത്തനത്തിന്റെ കാര്യക്ഷമതയും ഫലപ്രാപ്തിയും സർക്കാരിന്റെ നേരിട്ടുള്ള നിരീക്ഷണത്തിലായിരിക്കും. പദ്ധതികളുടെ ഗുണഫലങ്ങൾ, പൂർത്തിയാക്കേണ്ടുന്ന നാഴികക്കല്ലുകൾ, ജനപങ്കാളിത്തത്തോടെയുള്ള ജനസൗഹൃദ നടത്തിപ്പ്, സാമൂഹിക നിരീക്ഷണം എന്നിവ ഉറപ്പാക്കിക്കൊണ്ടുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതാണ്.

ജില്ലാതല കർമ്മസേന (Task Force)

അദ്ധ്യക്ഷൻ : ജില്ലാ കളക്ടർ.

അംഗങ്ങൾ : ജില്ലാ പ്ലാനിംഗ് ഓഫീസർ,
പട്ടികജാതി വകുപ്പ്, പട്ടികവർഗ്ഗ വകുപ്പ്,
ഫിഷറീസ് വകുപ്പ്, കുടുംബശ്രീ,
സാമൂഹ്യക്ഷേമ വകുപ്പ്, നഗരാസൂത്രണം,
ഗ്രാമവികസനം, കൃഷി, ജലവിഭവം, വിദ്യാഭ്യാസം,
ആരോഗ്യം, വാട്ടർ അതോറിറ്റി, ജലനിധി എന്നിവയുടെ ജില്ലാ ഓഫിസർമാർ, ആർ.ഡി.ഒ./സബ് കളക്ടർ,

ജില്ലാ പഞ്ചായത്ത് സെക്രട്ടറി ഓരോജില്ലാതല ടാസ്ക് ഫോഴ്സിനും ഒരു പൂർണ്ണസമയ ഉദ്യോഗസ്ഥൻ കോ-ഓർഡിനേറ്റർ എന്ന നിലയിൽ പ്രവർത്തിക്കുന്നതാണ്. പ്രസ്തുത ഏകോപനത്തിന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയും ഉണ്ടായിരിക്കുന്നതാണ്.

(ഡി) പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി വരികയാണ്.

## ചക്കയുടെ ഔഷധമൂല്യം

16 (*616) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. എം. ഷാജി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചക്കയുടെ ഔഷധമൂല്യത്തെ സംബന്ധിച്ച ഗവേഷണ പ്രവർത്തനങ്ങൾക്ക് ആയുഷ് വകുപ്പ് സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ സഹായം നൽകുന്ന രീതി നിശ്ചയിച്ചിട്ടുണ്ടോ; പദ്ധതിയുടെ വിശദ വിവരം വെളിപ്പെടുത്തുമോ;

(സി) ചക്കയിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള ഔഷധം നിർമ്മിക്കുന്നതായി അറിവുണ്ടോ; എങ്കിൽ അതു സംബന്ധമായ വിശദവിവരം ശേഖരിച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ & ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ചക്കയിൽ നിന്നും ഔഷധങ്ങൾ നിർമ്മിക്കുന്നതായി അറിവില്ല.

## ന്യൂബോൺ സ്ക്രീനിംഗ് പ്രോഗ്രാം

17 (*617) ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവജാത ശിശുക്കളിൽ വരാൻ സാധ്യതയുള്ള ജനിതക രോഗങ്ങൾ പ്രാരംഭത്തിൽതന്നെ കണ്ടെത്തുന്നതിന് ന്യൂബോൺ സ്ക്രീനിംഗ് പ്രോഗ്രാം നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രോഗ്രാം മുഖേന ഏതൊക്കെ ജനിതക രോഗങ്ങൾ കണ്ടുപിടിക്കാമെന്ന് വിശദമാക്കാമോ;

(സി) നിലവിൽ ഏതെല്ലാം ലാബുകളിൽ പ്രസ്തുത പരിശോധനാ സൗകര്യം ലഭ്യമാണെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ എല്ലാ പബ്ലിക് ഹെൽത്ത് ലാബുകളിലും ഈ പ്രോഗ്രാം നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : സർ,

(എ) നവജാതശിശുക്കളിൽ വരാൻ സാധ്യതയുള്ള ജനിതക മെറ്റബോളിക് രോഗങ്ങൾ കണ്ടുപിടിക്കുന്നതിനായുള്ള "ന്യൂബോൺ സ്ക്രീനിംഗ് പ്രോഗ്രാം" പ്രസവം നടക്കുന്ന 44 സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) നാല് ജനിതക മെറ്റബോളിക് രോഗങ്ങളാണ് ഈ പ്രോഗ്രാമിലൂടെ കണ്ടുപിടിക്കാൻ കഴിയുന്നത്.

1. കൺജനിറ്റൽ ഹൈപ്പോതൈറോയിഡിസം.

2. കൺജനിറ്റൽ അഡ്രീനൽ ഹൈപ്പർപ്ലേസിയ.

3. ഫിനൈൽ കീറ്റോന്യൂറിയ.

4. ജി-6 പീഡി ഡെഫിഷ്യൻസി - എന്നീ രോഗങ്ങളാണ് കണ്ടുപിടിക്കാൻ കഴിയുന്നത്.

(സി) സംസ്ഥാനത്ത് ആകെയുള്ള നാല് പബ്ലിക് ഹെൽത്ത് ലാബുകളിലാണ് പരിശോധനാ സൗകര്യം ലഭ്യമായിട്ടുള്ളത്.

1. സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് & ക്ലിനിക്കൽ ലബോറട്ടറി, തിരുവനന്തപുരം.

2. റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറി, എറണാകുളം.

3. റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറി, കോഴിക്കോട്.

4. റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറി, കണ്ണൂർ.

(ഡി) വിദഗ്ധരായ ഡോക്ടർമാരുടെ മേൽനോട്ടവും പരിചയസമ്പന്നരായ സയന്റിഫിക് ഓഫീസർമാരുടേയും ലാബ്ടെക്നീഷ്യൻമാരുടേയും സേവനവും ആവശ്യമായ പരിശോധനകൾ ആയതിനാൽ നിലവിൽ സ്റ്റേറ്റ് പി.എച്ച്. ലാബിലും റീജിയണൽ പി.എച്ച്.ലാബിലും മാത്രമേ ടി പരിശോധനാ സംവിധാനം ലഭ്യമായിട്ടുള്ളൂ. പത്തനംതിട്ട പുതുതായി നിലവിൽ വരുന്ന റീജിയണൽ പബ്ലിക് ലാബിലേയ്ക്കും കൂടി (പ്രവർത്തനം ആരംഭിച്ചു കഴിയുമ്പോൾ) പ്രസ്തുത പരിശോധനാ സംവിധാനം ഒരുക്കാൻ കഴിയും.

**കായികനയം**

18 (*618) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായിക നയത്തിന് രൂപം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ;

(ബി) സ്പോർട്സിന്റെ സമഗ്ര വികസനത്തിനായി എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത നയം എന്നു പ്രസിദ്ധീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഉണ്ട്. സംസ്ഥാനത്ത് സമഗ്രമായ കായികനയം രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ബി) "കായിക പരിശീലന സൗകര്യങ്ങൾ ഉറപ്പുവരുത്തിക്കൊണ്ട് യഥാർത്ഥ കായികപ്രതിഭകളെ കണ്ടെത്തി സമഗ്രപരിശീലനം ലഭ്യമാക്കുക" എന്നതു കായിക നയത്തിന്റെ ഭാഗമാണ്. കായികരംഗവുമായി ബന്ധമുള്ള വിവിധ അസോസിയേഷനുകളും വ്യക്തികളും സ്ഥാപനങ്ങളുമായി ചർച്ച ചെയ്ത് സംസ്ഥാനത്തിന്റെ കായിക ആവശ്യം മുൻനിർത്തി വ്യക്തവും സമഗ്രവുമായ ഒരു നയം കൊണ്ടുവരുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(സി) ചർച്ചകളും അഭിപ്രായങ്ങളും ക്രോഡീകരിച്ച് ഒരു പൊതു അഭിപ്രായം രൂപീകരിച്ച് അംഗീകരിക്കുന്ന മുറയ്ക്ക് കായികനയം പ്രസിദ്ധീകരിക്കുന്നതാണ്.

**ലൈറ്റ് മെട്രോ പദ്ധതി**

19 (*619) ശ്രീ. കെ. ആൻസലൻ :
ശ്രീ. എസ്.ശർമ്മ :
ശ്രീ. എം. സ്വരാജ് :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പദ്ധതികൾക്കുള്ള കൺസൾട്ടന്റിനെ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ഏതു സ്ഥാപനമാണ്; എന്തൊക്കെ ചുമതലകൾ ഏൽപ്പിച്ചിട്ടുണ്ട്;

(സി) സ്ഥലം ഏറ്റെടുപ്പിനായി പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; അലൈൻമെന്റ് നിശ്ചയിച്ച് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കാൻ ഓഫീസ് സ്ഥാപിച്ചിട്ടുണ്ടോ;

(ഡി) പദ്ധതികൾക്കുള്ള ഫണ്ടിംഗ് രീതിയും ഏജൻസിയും നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾക്ക് 11-9-2015-ലെ ജി.ഒ. (എംഎസ്.) നമ്പർ 74/2015/പി.ഡബ്ള്യൂ.ഡി. പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാരിന് 12-8-2015-ന് വിശദമായ പദ്ധതി രേഖ സമർപ്പിച്ചിട്ടുണ്ട്. ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൾട്ടന്റായി ഡി.എം.ആർ.സി.-യെ നിയമിച്ചു. ഡിപ്പോ/യാർഡ് നിർമ്മാണത്തിനായി തിരുവനന്തപുരത്ത് 19.54716 ഏക്കർ സർക്കാർ ഭൂമിയും, കോഴിക്കോട് 8.2819 ഹെക്ടർ സർക്കാർ ഭൂമിയും കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷന് അനുവദിച്ച് നൽകിയിട്ടുണ്ട്. പദ്ധതികൾക്കായി തിരുവനന്തപുരത്ത് 4.7593 ഹെക്ടറും കോഴിക്കോട് 1.4474 ഹെക്ടറും സ്വകാര്യഭൂമി ഏറ്റെടുക്കുന്നതിന് ഉത്തരവായി.

(ബി) ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൾട്ടന്റായി ഡി.എം.ആർ.സി.യെ നിയമിച്ചിട്ടുണ്ട്. ഡി.എം.ആർ.സി.യുടെ ചുമതലകൾ താഴെ പറയുന്നു:

1. സ്ഥലമെടുപ്പിനാവശ്യമായ വിശദവിവരങ്ങൾ തയ്യാറാക്കുക.
2. ലൈറ്റ് മെട്രോ പാതയിൽ ആവശ്യമായ മേൽപ്പാലങ്ങളുടെ രൂപരേഖയും എസ്റ്റിമേറ്റും തയ്യാറാക്കുക.
3. പൈപ്പുകളും കേബിളുകളും മാറ്റി സ്ഥാപിക്കാനുള്ള രൂപരേഖ തയ്യാറാക്കുക.
4. ലൈറ്റ് മെട്രോ കോച്ചുകളുടെ രൂപകല്പനയും ദർഘാസ് ക്ഷണിക്കുന്നതിനാവശ്യമായ സാങ്കേതിക വിവരണങ്ങളും തയ്യാറാക്കുക.
5. കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ സാങ്കേതിക ഉപദേശം/വിവരങ്ങൾ ലഭ്യമാക്കുക.

(സി) ലൈറ്റ് മെട്രോ ഡിപ്പോ/യാർഡ് നിർമ്മാണങ്ങൾക്കായി തിരുവനന്തപുരത്ത് 19.54716 ഏക്കർ സർക്കാർ ഭൂമിയും കോഴിക്കോട് 8.2819 ഹെക്ടർ സർക്കാർ ഭൂമിയും കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷന് അനുവദിച്ച് നൽകിയിട്ടുണ്ട്. ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ച് തിരുവനന്തപുരത്ത് ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നീ സ്ഥലങ്ങളിൽ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനായി 2.77 ഹെക്ടർ സ്വകാര്യ ഭൂമിയും ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കോഴിക്കോട് ലൈറ്റ് മെട്രോ സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി 1.4474 ഹെക്ടർ സ്വകാര്യ ഭൂമിയും, തിരുവനന്തപുരം ലൈറ്റ് മെട്രോ സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി 1.9893 ഹെക്ടർ സ്വകാര്യ ഭൂമിയും ഏറ്റെടുക്കുന്നതിനുള്ള അനുമതിയും 8-9-2016-ലെ ജി.ഒ. (എം.എസ്.) നമ്പർ 67/2016/പി.ഡബ്ള്യൂ.ഡി. പ്രകാരം നൽകിയിട്ടുണ്ട്. സ്ഥലമെടുപ്പിനുള്ള വിശദാംശങ്ങൾ അതാത് ജില്ലാ കളക്ടർമാർക്ക് കൈമാറിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ഒരു ഡെപ്യൂട്ടി കളക്ടർ/സബ് ഡിവിഷണൽ ഓഫീസറും ആവശ്യമായ മറ്റു സ്റ്റാഫിനേയും നിയമിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ലൈറ്റ് മെട്രോ പദ്ധതി നടത്തിപ്പിനായി രൂപീകരിച്ച എസ്.പി.വി. (Special Purpose Vehicle) ആയ കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് ആണ് പദ്ധതിക്കാവശ്യമായ സ്ഥലമേറ്റെടുപ്പിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നത്. ഡി.എം.ആർ.സി. തയ്യാറാക്കിയ രൂപരേഖയ്ക്കും വിശദാംശങ്ങൾക്കും അനുസൃതമായാണ് സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുന്നത്.

(ഡി) പദ്ധതിചെലവിന്റെ 20% കേരള സർക്കാരും, 20% കേന്ദ്ര സർക്കാരും, ബാക്കി 60% തദ്ദേശ/വിദേശ ഏജൻസികളിൽ നിന്ന് വായ്പയായും കണ്ടെത്തണമെന്നാണ് നിശ്ചയിച്ചിരിക്കുന്നത്. ഇതു കൂടാതെ ഫ്ലൈഓവർ നിർമ്മാണം, സ്ഥലമേറ്റെടുപ്പ് എന്നിവയ്ക്ക് ആവശ്യമായ തുക KIIFB മുഖേന കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിക്കാവശ്യമായ വായ്പ ഫ്രഞ്ച് ഏജൻസിയായ എ.എഫ്.ഡി.-യിൽ നിന്ന് സമാഹരിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

## സർക്കാർ സേവനം വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ നവീകരിക്കൽ

20 (*620) <u>ശ്രീ. സി. കെ. നാണു</u> :
<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> :
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> :
<u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാരിന്റെ ഫീൽഡുതല വകുപ്പുകൾ കൂടുതൽ ജനസൗഹൃദ പരമാക്കാൻ എന്തൊക്കെ പ്രവർത്തനങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വിവര സാങ്കേതികവിദ്യയുടെ പെട്ടെന്നുള്ള വികാസം ബാങ്കിംഗ്, സ്വകാര്യ വ്യാപാരമേഖലകളിൽ വമ്പിച്ച മാറ്റങ്ങൾ വരുത്തുകയും അവയെ കൂടുതൽ ജനസൗഹൃദപരമാക്കുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിന്റെ ചുവടുപിടിച്ച് പൊതുജനങ്ങൾക്ക് അവരുടെ പരാതികൾ, നിവേദനങ്ങൾ എന്നിവയുടെ നീക്കം സ്വന്തം മൊബൈൽ ഫോണിന്റെ സഹായത്തോടെ നിരീക്ഷിക്കത്തക്ക രീതിയിൽ സർക്കാർ സേവനം വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ നവീകരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) സർക്കാർ സംവിധാനത്തെ ഇത്തരത്തിൽ നവീകരിക്കുന്നതിന് ഇതേവരെ ചെയ്ത കാര്യങ്ങൾ വിശദീകരിക്കുമോ;

(ഇ) ഈ വിഷയത്തിൽ സർക്കാർ ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ വിശദമാക്കാമോ; സ്വതന്ത്ര സോഫ്റ്റ്വെയർ സംവിധാനം കൂടുതൽ ജനകീയമാക്കാൻ എന്തൊക്കെ നടപടികളാണ് ചെയ്യാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) കേരളത്തിലെ സിവിൽ സർവ്വീസ് മേഖലയിൽ സമഗ്രവും വികസനോൻമുഖവുമായ പരിഷ്കരണങ്ങൾ നടപ്പിലാക്കുന്നതിന് ശിപാർശകൾ സമർപ്പിക്കുന്നതിനായി 6-8-2016-ലെ സ.ഉ. (എംഎസ്.) 16/2016/ഉ.ഭ.പ.വ പ്രകാരം ശ്രീ. വി. എസ്. അച്യുതാനന്ദൻ ചെയർമാനും ശ്രീ. സി. പി. നായർ, ശ്രീമതി നീലാഗംഗാധരൻ എന്നിവർ അംഗങ്ങളായും 4-ാം ഭരണ പരിഷ്കാര കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. 30-8-2016-ലെ സ.ഉ. (എംഎസ്.) 21/2016 ഉ.ഭ.പ.വ. പ്രകാരം കമ്മീഷന്റെ പരിഗണനാ വിഷയങ്ങളിൽ ചുവടെ പരാമർശിക്കുന്ന വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് :

1. സംസ്ഥാനത്തെ ഭരണ സംവിധാനത്തിന്റെ ഘടനയും പ്രവർത്തനവും വിലയിരുത്തുകയും ആയതിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുക.

2. ഭരണനിർവ്വഹണത്തിലെ കാലതാമസം, അഴിമതി, സ്വജനപക്ഷപാതം എന്നിവ ഒഴിവാക്കി ഫലപ്രദമായ ഭരണം കാഴ്ചവയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക.

3. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ജനങ്ങൾക്ക് ഗുണകരമായ വിധത്തിൽ വിവര സാങ്കേതിക വിദ്യയുടെ വ്യാപനവും നൂതനമായ ഭരണ നിർവ്വഹണ രീതിയും ഉപാധികളും നിർദ്ദേശിക്കുക. കൂടാതെ ജനസൗഹൃദപരമായ മറ്റ് വിഷയങ്ങൾ സംബന്ധിച്ച ശിപാർശകൾ നൽകുവാനും കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

എല്ലാ വകുപ്പുകളും നിർബന്ധിതമായി വിവരങ്ങൾ വെളിപ്പെടുത്തണം എന്ന വ്യവസ്ഥ ഏർപ്പെടുത്തുകയും സർക്കാർ സർവ്വീസിൽ സ്ഥലം മാറ്റങ്ങൾക്ക് വ്യക്തവും സുതാര്യവും നിർവ്വചിക്കപ്പെട്ടതുമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുന്ന കാര്യം പരിഗണനയിലാണ്.

(ബി) ഉണ്ട്.

(സി) ഉണ്ട്. പുതിയതായി പല സർക്കാർ സേവനങ്ങളും ലഭ്യമാവുന്ന തരത്തിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ, ഐ.ടി.മിഷന്റെ ആഭിമുഖ്യത്തിൽ നിർമ്മിക്കാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. അതിലൂടെ പരാതികളുടെയും പ്രശ്നങ്ങളുടെയും തൽസ്ഥിതി അറിയാൻ കഴിയും.

(ഡി & ഇ) എല്ലാ വകുപ്പുകളും നിർബന്ധിതമായി വിവരങ്ങൾ നൽകണമെന്നും, കെട്ടിക്കിടക്കുന്ന ഫയലുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനും, ഡ്യൂട്ടിസമയത്ത് സർക്കാർ ജീവനക്കാർ നിർബന്ധമായും തിരിച്ചറിയൽ കാർഡ് ധരിക്കണമെന്നും, പഞ്ചദിനതത്വം കൃത്യമായി പരിപാലിക്കുവാനും കൂടാതെ നിവേദനങ്ങൾക്കും പരാതികൾക്കും കൈപ്പറ്റ് രസീത് നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

സർക്കാർ സംവിധാനം നവീകരിക്കുന്നതിന്റെ ഭാഗമായി ഇ-ഓഫീസ് പദ്ധതി വഴി ഫയൽ നീക്കം സുതാര്യമാക്കുകയും ഇ-ഡിസ്ട്രിക്റ്റ് പദ്ധതി വഴി വിവിധ റവന്യൂ സർട്ടഫിക്കറ്റുകൾ ഓൺലൈനായി ലഭ്യമാക്കുകയും ചെയ്തുവരുന്നു. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകളും ഇതിലൂടെ സമർപ്പിക്കാൻ കഴിയും. കൂടുതൽ സർട്ടഫിക്കറ്റുകളും സേവനങ്ങളും ഇതുവഴി ലഭ്യമാക്കാൻ പദ്ധതി തയ്യാറാക്കി വരുന്നു. ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങൾ വഴിയും അക്ഷയ കേന്ദ്രങ്ങൾ വഴിയും വിവിധ സേവനങ്ങൾ പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക് സംസ്ഥാന ഡാറ്റ സെന്ററുകൾ എന്നിവ ഒരുക്കിയത് വഴി ഇ-ഗവേണൻസ് ആപ്ലിക്കേഷനുകൾക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണ്. ഡാറ്റാസെന്റർ നവീകരണം/ക്ലൗഡ് ഇൻഫ്രാസ്ട്രക്ചർ ശാക്തീകരണം, സെക്യൂരിറ്റി ഓപ്പറേഷൻ സെന്ററുകളുടെ സജ്ജീകരണം, ഇ-ഓഫീസ് സംവിധാനം വ്യാപിപ്പിക്കൽ, കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക് (KSWAN) നവീകരണം എന്നീ പ്രവർത്തനങ്ങളാണ് സർക്കാർ ചെയ്യാൻ ഉദ്ദേശിക്കുന്നത്. സ്വതന്ത്ര സോഫ്റ്റ്‌വെയർ സംവിധാനം കൂടുതൽ ജനകീയമാക്കാൻ ഉദ്ദേശിച്ചുകൊണ്ട് സർക്കാർ 2011-ൽ ഐ.സി.ഫോസ് എന്ന പേരിൽ ഒരു സ്ഥാപനം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ വ്യാപനവും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിർമ്മാണവും വിപുലീകരണവും മുൻനിർത്തിക്കൊണ്ട് ധാരാളം പരിപാടികൾ സ്ഥാപനം ഏറ്റെടുത്ത് നടത്തിവരുന്നുണ്ട്. സ്വതന്ത്ര സോഫ്റ്റ്‌വെയർ മേഖലയിൽ രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളേക്കാൾ തന്ത്രപരമായ നേതൃത്വം നിലനിർത്തുന്നത് സാധ്യമാക്കത്തക്കവിധം കേരളത്തിലെ ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനും പ്രാദേശികമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പ്രേരണ നൽകുവാനും വേണ്ടി സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ ശക്തി പ്രയോജനപ്പെടുത്തുക എന്നതാണ് സ്ഥാപനത്തെ സംബന്ധിച്ച കാഴ്ചപ്പാട്.

**ഭക്ഷ്യഗവേഷണ വികസന കൗൺസിൽ**

21 (*621) ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തനത് ഭക്ഷ്യ ഇനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഭക്ഷ്യ ഗവേഷണ വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഇതിന്റെ ഭാഗമായി ഭക്ഷ്യ ഗുണനിലവാര നിരീക്ഷണ ലബോറട്ടറി, ഭക്ഷ്യ സംസ്കരണ പരിശീലന കേന്ദ്രം, തദ്ദേശീയ ഭക്ഷ്യ സാങ്കേതിക കോളേജ് എന്നിവ സ്ഥാപിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഭക്ഷ്യ സംസ്കരണ-മൂല്യവർദ്ധിത പ്രവർത്തനങ്ങൾക്ക് വേണ്ട പ്രധാന ഭൗതിക സാഹചര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പ്രസ്തുത കൗൺസിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) :

(എ) ഏറ്റവും മികച്ച ഗുണമേൻമയുള്ള പാചകത്തിനുതകുന്ന തരത്തിലുള്ള ഭക്ഷണ പദാർത്ഥങ്ങൾ വിപണിയിലെത്തിക്കുക, അന്തർദ്ദേശീയ തലത്തിൽ സ്വീകാര്യമായ ഗുണമേൻമയും സുരക്ഷിതത്വവും ഉറപ്പുനൽകിക്കൊണ്ട് ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ മികച്ച ഭക്ഷണ പദാർത്ഥങ്ങൾ വിപണിയിലെത്തിക്കുക; ഇവയ്ക്കാവശ്യമായ മാനവശേഷി വികസിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടി കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് കേരള (സി.എഫ്.ആർ.ഡി.) പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

(ബി&സി) സി.എഫ്.ആർ.ഡി.-യുടെ കീഴിൽ (1) ഭക്ഷ്യഗുണനിലവാര പരിശോധന ലാബ് (എഫ്.ക്യൂ.എം.എൽ.) (2)കോളേജ് ഓഫ് ഇൻഡിജിനസ് ഫുഡ് ടെക്നോളജി (സി.എഫ്.റ്റി.കെ.) (3) ഫുഡ് പ്രോസസിംഗ് ട്രെയിനിംഗ് സെന്റർ (എഫ്.പി.റ്റി.സി.) എന്നിവ പ്രവർത്തിച്ചുവരുന്നു. കൂടാതെ (4) ഫുഡ്പാർക്ക് (എഫ്.പി.) (5) ഔഷധ പരിശോധനശാല (6) പഴം പച്ചക്കറി ഭക്ഷ്യസംസ്കരണശാല എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ഭക്ഷ്യഗുണനിലവാര പരിശോധന ലാബിൽ (എഫ്.ക്യൂ.എം.എൽ.) മൈക്രോബയോളജി ലാബും കെമിക്കൽ ലാബും പൂർണ്ണമായും യന്ത്രവൽകൃത സംവിധാനത്തോടെ പ്രവർത്തിക്കുന്നു. ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെ എല്ലാവിധ ഭക്ഷണ പദാർത്ഥങ്ങളിലും, ജലത്തിലും അടങ്ങിയിരിക്കുന്ന സൂക്ഷ്മാണുക്കളെയും രാസപദാർത്ഥങ്ങളെയും വിശകലനം ചെയ്യാനും അവയുടെ ഗുണമേൻമയും, സുരക്ഷിതത്വവും, പോഷകമൂല്യവും ഉറപ്പുവരുത്താനും സഹായിക്കുന്നു. ഇവ NABL അംഗീകാരം നേടിയിട്ടുണ്ട്.

കോളേജ് ഓഫ് ഇൻഡിജിനസ് ഫുഡ് ടെക്നോളജി (സി.എഫ്.റ്റി.കെ.)-യിൽ "ഫുഡ് ടെക്നോളജി &ക്വാളിറ്റി അഷ്വറൻസ്" വിഷയത്തിൽ മൂന്നുവർഷത്തെ ബിരുദകോഴ്സും രണ്ടു വർഷത്തെ പഠനദൈർഘ്യമുള്ള ബിരുദാനന്തര ബിരുദ കോഴ്സും നടത്തിവരുന്നു.

ഫുഡ് പ്രോസസിംഗ് ട്രെയിനിംഗ് സെന്ററിൽ (എഫ്.പി.റ്റി.സി.) ഉൽപ്പാദനത്തിലും, ഭക്ഷ്യ സുരക്ഷയിലും, ഗുണമേൻമയിലും, താൽപര്യവും അറിവുമുള്ള യുവജനങ്ങൾക്കും, ഭക്ഷ്യോദ്പാദന രംഗത്ത് പ്രവർത്തിക്കുന്ന മാനേജർമാർക്കും, മറ്റ് ജോലിക്കാർക്കും പരിശീലനം നൽകി വരുന്നു. കൂടാതെ ഭക്ഷ്യോദ്പാദനം, ഭക്ഷ്യസുരക്ഷ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, ഗുണമേൻമയുള്ള ഉൽപ്പന്നങ്ങൾ എന്നിങ്ങനെ പൊതുജനാരോഗ്യത്തെ സാരമായി ബാധിക്കുന്ന വിഷയങ്ങളെ കുറിച്ച് ഉപഭോക്താക്കൾക്ക് അറിവ് നൽകുകയും ചെയ്യുന്നു.

(ഡി) സി.എഫ്.ആർ.ഡി. എറണാകുളം ജില്ലയിൽ 1250 ടൺ പഴം, പച്ചക്കറി എന്നിവ സൂക്ഷിക്കുവാനും സംസ്കരിക്കുന്നതിനും ശീതീകൃത പാണ്ഡിക ശാലയും 2 ടൺ പച്ചക്കറി, പഴം ഉണക്കുവാനുള്ള സംസ്കരണശാലയും നിർമ്മിച്ച് വരുന്നു.

**മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്ന പദ്ധതി**

22 (*622) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്ന പദ്ധതി ഏതു ഘട്ടത്തിലാണ്;

(ബി) ഈ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭ്യമാണോ; വിശദാംശം നൽകുമോ;

(സി) സർക്കാർ മെഡിക്കൽ കോളേജുകളിൽ ഏത് മെഡിക്കൽ കോളേജിനെയാണ് ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെ പദവിയിലേക്ക് ഉയർത്തുവാൻ നിശ്ചയിച്ചിട്ടുള്ളത്; ഇതിനായി കൈക്കൊണ്ട നടപടി വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ.കെ. ശൈലജ ടീച്ചർ):

(എ & ബി) ഗവർണറുടെ 2016-17 നയപ്രഖ്യാപന പ്രസംഗത്തിൽ സംസ്ഥാനത്തിലെ എല്ലാ മെഡിക്കൽ കോളേജുകളേയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് പ്രഖ്യാപിച്ചിട്ടുണ്ട്.

കേന്ദ്രസർക്കാരിന്റെ PMSSY എന്ന പദ്ധതിയിൽപ്പെടുത്തി കോഴിക്കോട്, ആലപ്പുഴ എന്നീ മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റികൾ ശക്തിപ്പെടുത്താനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരം മെഡിക്കൽ കോളേജിനെ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെ പദവിയിലേയ്ക്ക് ഉയർത്തുന്നതിനായുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരികയാണ്. പ്രോജക്ട് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## സിറ്റിസൺ കോൾ സെന്റർ സംവിധാനം

23 (*623) പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിറ്റിസൺ കോൾ സെന്റർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) വിവിധ സർക്കാർ വകുപ്പുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയെക്കുറിച്ച് ജനങ്ങൾക്കുള്ള സംശയങ്ങൾ ദൂരീകരിയ്ക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് ഈ സംവിധാനത്തിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഉണ്ട്.

(ബി) വിവിധ സർക്കാർ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന സംശയങ്ങൾക്ക് ടെലിഫോൺ മുഖേന നിവൃത്തി വരുത്തുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് സിറ്റിസൺ കോൾ സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചത്. ജനങ്ങൾക്ക് വിവിധ മേഖലകളെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നതിനും പരാതികൾ സമർപ്പിക്കുന്നതിനും ഉതകുന്ന രീതിയിലാണ് ഇത് പ്രവർത്തിക്കുന്നത്.

(സി) ആകെ 65 വകുപ്പുകൾ/സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സേവനങ്ങളാണ് കൈകാര്യം ചെയ്യുന്നത്.

അതാത് വകുപ്പുകൾ അവരുമായി ബന്ധപ്പെട്ടുവരുന്ന പരാതികൾ പരിഹരിക്കാനും വിവരങ്ങൾ ജനങ്ങളുമായി പങ്ക് വയ്ക്കാനുമായി കോൾ സെന്റർ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുകയോ ഔദ്യോഗിക വെബ്സൈറ്റ് ഉപയോഗിക്കുവാനുള്ള അനുമതി നൽകുകയോ പരാതി പരിഹാരത്തിനുള്ള മാർഗ്ഗ നിർദ്ദേശക രേഖകൾ കൈമാറുകയോ ചെയ്യാറുണ്ട്.

നിലവിൽ ടെലിഫോൺ അധിഷ്ഠിതമായ പരാതി പരിഹാര രീതി മാത്രമാണ് ഉള്ളത്. ഭാവിയിൽ വെബ്സൈറ്റ്/ഇ-മെയിൽ/എസ്.എം.എസ്. അധിഷ്ഠിത സേവനം നടപ്പിലാക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്യുന്നുണ്ട്.

**നാളികേര വികസന പാർക്കുകൾ**

24 (T*624) ശ്രീമതി സി. കെ. ആശ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തേങ്ങയുടെ ഉല്പാദനം, സംസ്കരണം, വിപണനം എന്നിവ ലക്ഷ്യം വച്ചുകൊണ്ട് നാളികേര വികസന പാർക്കുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) നാളികേര വികസന പാർക്കുകൾ സ്ഥാപിക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിവരിക്കുമോ?

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ&ബി) തേങ്ങയുടെ ഉല്പാദനം, സംസ്കരണം, വിപണനം എന്നിവ ലക്ഷ്യം വച്ചുകൊണ്ട് കെ.എസ്.ഐ.ഡി.സി.യുടെ കീഴിൽ കോഴിക്കോട് ജില്ലയിൽ വേളം വില്ലേജിലെ കുറ്റ്യാടിയിൽ നാളികേര വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇതിനായി 115 ഏക്കർ സ്ഥലം അഡ്വാൻസ് പൊസഷനിൽ ഏറ്റെടുത്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ അവസാന ഘട്ടത്തിലാണ്.

ജില്ലാ കാർഷിക ഫാമുകളുടെ സ്ഥലം ഉപയോഗപ്പെടുത്തി മൂല്യവർദ്ധിത കാർഷികോൽപ്പന്നങ്ങൾക്ക് വേണ്ടിയുള്ള ചെറുകിട ഇടത്തരം അഗ്രോപാർക്കുകളുടെ ശൃംഖല സ്ഥാപിക്കുന്നതിനായി 2016-17 വർഷം 500 കോടി രൂപ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ കൃഷി വകുപ്പിന്റെ കീഴിൽ നാളികേര അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു. നാളികേരത്തിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനും അതുവഴി കേര കർഷകർക്ക് കൂടുതൽ വരുമാനം ലഭ്യമാക്കുവാനുള്ള പദ്ധതിയാണ് നാളികേര അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്.

### സംയുക്ത ജൈവവൈവിധ്യ പരിപാലന സമിതി

25 (*625) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് കീഴിൽ സംയുക്ത ജൈവവൈവിധ്യ പരിപാലന സമിതി എന്നാണ് രൂപീകൃതമായതെന്നും ഇതിലെ അംഗങ്ങൾ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) പമ്പാ നദിയുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ കാര്യക്ഷമ മാക്കുന്നതിനായി എന്തെല്ലാം കർമ്മപദ്ധതികളാണ് പ്രസ്തുത സമിതിയുടെ മേൽനോട്ടത്തിൽ നടപ്പിലാക്കിയിട്ടുള്ളത്;

(സി) ഇതിന്റെ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് എവിടെനിന്നാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പമ്പാനദിയുടെ സംരക്ഷണത്തിനായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായി രൂപീകരിച്ച പ്രസ്തുത സമിതി കാര്യക്ഷമമായി പ്രവർത്തിക്കാതിരി ക്കുന്നതിന്റെ കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഇ) ശബരിമല തീർത്ഥാടന സീസൺ ആരംഭിക്കാനിരിക്കെ, പ്രസ്തുത സമിതി മുഖേന പമ്പാനദിയുടെ പരിപാലനത്തിനുള്ള അടിയന്തര പ്രവർത്തനങ്ങൾ നടത്തുന്നതിനും ഇതിനായി തീർത്ഥാടകർക്കുൾപ്പെടെ ബോധവൽക്കരണ പരിപാടികൾ ആരംഭിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ നേതൃത്വത്തിൽ പമ്പാനദിയുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ഒരു സംയുക്ത ജൈവവൈവിധ്യ പരിപാലന സമിതി 21-8-2015-ന് രൂപീകരിച്ചിട്ടുണ്ട്. അംഗങ്ങളുടെ വിവരങ്ങൾ അടങ്ങുന്ന ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പമ്പാനദിയുടെ പുരുദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി നദി ഒഴുകി വരുന്ന മേഖലകളിലെ മലിനീകരണം, ജൈവവൈവിധ്യ ശോഷണം, നദിനശീകരണം, കടന്നുകയറ്റം മുതലായവ തദ്ദേശസ്ഥാപനത്തിന്റെ അധികാര പരിധിയിൽ തന്നെ പരിഹാരം കണ്ടെത്തുക എന്നുള്ളതാണ് കർമ്മപദ്ധതിയുടെ അടിസ്ഥാനം. പുനരുജ്ജീവനത്തിനുള്ള പ്രവർത്തനങ്ങൾ സംയുക്ത ജൈവവൈവിധ്യ പരിപാലന സമിതിയിലൂടെ വികേന്ദ്രീകൃത-ജനകീയ മാതൃകയിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) നിലവിൽ സംയുക്ത ജൈവവൈവിധ്യ പരിപാലന സമിതിയുടെ പ്രവർത്തനങ്ങൾക്ക് പ്രത്യേകമായി ഫണ്ട് അനുവദിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ പ്രവർത്തനങ്ങൾക്കായി ഫണ്ട് ആവശ്യപ്പെടുന്ന പക്ഷം ആയതു ലഭ്യമാക്കുന്നതിന് ജൈവവൈവിധ്യ ബോർഡിന് സാധിക്കുന്നതാണ്.

(ഡി) ദേശീയതലത്തിൽതന്നെ മാതൃകാപരമായി തുടങ്ങിയിട്ടുള്ള ഒരു പദ്ധതിയാണിത്. എന്നാൽ സമിതിയെ മികച്ച രീതിയിൽ ശാക്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. സമിതിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ശബരിമല തീർത്ഥാടനം തുടങ്ങുന്നതിനു മുമ്പ് ജൈവ വൈവിധ്യ പരിപാലന സമിതിയുടെ യോഗം ചേർന്ന്, പമ്പാനദിയുടെ പരിപാലനത്തിനുള്ള പ്രവർത്തനങ്ങളും തീർത്ഥാടകർക്കുള്ള ബോധവൽക്കരണ പരിപാടികളും പഞ്ചായത്തുതലത്തിൽ വികേന്ദ്രീകൃത മാതൃകയിൽ ജനകീയ പങ്കാളിത്തത്തോടെ എപ്രകാരം നടപ്പിലാക്കാം എന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതിലേയ്ക്ക് നവംബർ ആദ്യവാരം സമിതിയുടെ യോഗം വിളിച്ചു ചേർക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത യോഗതീരുമാനങ്ങളുടെ വെളിച്ചത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുവാൻ നടപടി

26 (*626) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. അനിൽ അക്കര :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ഓഫീസ് ഭരണം കൃത്യനിഷ്ഠയോടെയും കാര്യക്ഷമമായും ആണോ നടക്കുന്നതെന്ന് പരിശോധിക്കുവാനുള്ള സംവിധാനം എന്താണ്;

(സി) ജീവനക്കാർക്ക് കൃത്യസമയത്ത് ഓഫീസിൽ എത്തുന്നതിനും തിരികെ പോകുന്നതിനും സഹായകരമാകുന്ന രീതിയിൽ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനും കാര്യക്ഷമമായ യാത്രാസൗകര്യം ഒരുക്കുന്നതിനും എന്ത് സംവിധാനമാണ് ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) കാര്യക്ഷമവും സുതാര്യവും അഴിമതിരഹിതവുമായ സിവിൽ സർവ്വീസ് നടപ്പിലാക്കുന്നതിനായി വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവ വ്യാപകമായി നടപ്പിലാക്കി വരുന്നു. ഇ-ഓഫീസ് സംവിധാനം ഫയൽ നീക്കം കാര്യക്ഷമവും സുതാര്യവുമാക്കുന്നു. സർക്കാർ ജീവനക്കാരുടെ കാര്യക്ഷമതയും തൊഴിൽപരമായ കഴിവും വർദ്ധിപ്പിക്കുന്നതിന് വേണ്ടി വിവിധ തരത്തിലുള്ള പരിശീലനം നൽകി വരുന്നു. കാര്യക്ഷമമായ സിവിൽ സർവ്വീസ് എന്ന ലക്ഷ്യത്തോടെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഭരണനിർവ്വഹണത്തിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനായി 4-ാമത് ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. സേവനം യഥാസമയം ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സേവനാവകാശ നിയമം നടപ്പിലാക്കി വരുന്നു. പൗരാവകാശരേഖ പുറപ്പെടുവിച്ച് ഇതു സംബന്ധിച്ച വിവരങ്ങൾ ജനങ്ങൾക്ക് നൽകി വരുന്നു. വിവരാവകാശ നിയമം കർശനമായി പ്രാവർത്തികമാക്കുന്നതിൽ കൂടി വിശ്വസ്തതയും സുതാര്യതയും ഉറപ്പുവരുത്താൻ കഴിയുന്നുണ്ട്.

(ബി) ജീവനക്കാരുടെ കൃത്യനിഷ്ഠ ഉറപ്പ് വരുത്തുന്നതിനായി എല്ലാ വകുപ്പുകളിലും ബയോമെട്രിക് പഞ്ചിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

(സി) പൊതുഗതാഗത സംവിധാനം നൽകുന്ന ഒരു സ്ഥാപനമെന്ന നിലയിൽ കെ.എസ്.ആർ.ടി.സി. കഴിയുന്നത്ര സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുകയും ഓഫീസ് സമയത്തിനനുസരിച്ച് ഷെഡ്യൂളുകൾ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. ഗതാഗതക്കുരുക്ക് കണക്കിലെടുത്ത് നഗരാതിർത്തിയിലുള്ള ഓഫീസുകളിൽ സമയം ക്രമീകരിച്ചിട്ടുണ്ട്.

**ജീവിതശൈലീ രോഗങ്ങൾ**

27 (*627) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. സി. കൃഷ്ണൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജീവിതശൈലി രോഗങ്ങൾ വർദ്ധിച്ചുവരുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സമൂഹത്തെ പ്രമേഹ രോഗമുക്തമാക്കാൻ കുടുംബശ്രീ പ്രവർത്തകരെ ഉപയോഗിച്ച് നടത്തിയ പൈലറ്റ് പദ്ധതി അവലോകനം ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) പദ്ധതി വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ.കെ. ശൈലജ ടീച്ചർ) :

(എ) സംസ്ഥാനത്ത് ജീവിതശൈലീരോഗങ്ങൾ വർദ്ധിച്ച വരുന്നതായാണ് ഇതുസംബന്ധിച്ച വിവിധ കണക്കുകളും പഠനങ്ങളും സൂചിപ്പിക്കുന്നത്. ആധുനിക വൽക്കരണത്തിന്റെയും നഗരവൽക്കരണത്തിന്റെയും ഭാഗമായി ജനങ്ങളുടെ ജീവിതശൈലിയിൽ വന്ന കാതലായ മാറ്റമാണ് ഈ രോഗങ്ങൾ വർദ്ധിക്കുന്നതിന് കാരണമാകുന്നത്. അനാരോഗ്യകരമായ ഭക്ഷണരീതി, വ്യായാമമില്ലായ്മ, മദ്യം, പുകയില തുടങ്ങിയ ലഹരിപദാർത്ഥങ്ങളോടുള്ള ആസക്തി എന്നിവയാണ് ഈ രോഗം വർദ്ധിക്കുന്നതിനുള്ള കാരണമായി കണക്കാക്കപ്പെടുന്നത്.

(ബി) കുടുംബശ്രീ പ്രവർത്തകരെ ഉപയോഗിച്ചുകൊണ്ട് പ്രമേഹരോഗ നിർണ്ണയവും അതിന്റെ കാരണങ്ങൾ കണ്ടെത്തുന്നതിന്റെ പഠനവും നടത്തുന്നതിനായി അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസ് എന്ന സ്ഥാപനം കേരള ഡയബറ്റിക് പ്രിവൻഷൻ പ്രോഗ്രാം എന്ന ഒരു പദ്ധതി ആരംഭിക്കുകയുണ്ടായി. ഇതിന്റെ പൈലറ്റ് സ്റ്റഡി, കൊല്ലം ജില്ലയിൽ നടത്തുകയും കുടുംബശ്രീ വോളണ്ടിയർമാരെ പരിശീലിപ്പിച്ച് ജീവിതശൈലീ രോഗങ്ങളെക്കുറിച്ച് ബോധവൽക്കരണവും സർവ്വേയും നടത്തിവരുന്നു.

(സി) പദ്ധതി അവലോകനം കഴിഞ്ഞിട്ടുമാത്രമേ പദ്ധതി വ്യാപകമാക്കുന്ന കാര്യം തീരുമാനിക്കുകയുള്ളൂ.

## എറൈസിംഗ് കേരള മൊബൈൽ ആപ്ലിക്കേഷൻ

28 (*628) ശ്രീ. വി. ജോയി :

ശ്രീ. എ. എം. ആരിഫ് :

ശ്രീ. പി. ടി. എ. റഹീം :

ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിനെ സംബന്ധിച്ച വിവരങ്ങൾ, പ്രധാന നിയമങ്ങൾ, സുരക്ഷാ നിർദ്ദേശങ്ങൾ, വിവിധ സേവനങ്ങൾ ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തിയ മൊബൈൽ ആപ്ലിക്കേഷൻ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) അഴിമതിക്കെതിരെ പൊതുജനങ്ങൾക്ക് വിജിലൻസിന് പരാതി നൽകുന്നതിന് 'എറൈസിംഗ് കേരള' എന്ന മൊബൈൽ ആപ്ലിക്കേഷൻ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) മൊബൈൽ ആപ്ലിക്കേഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) 'എറൈസിംഗ് കേരള' മൊബൈൽ ആപ്ലിക്കേഷൻ നിർമ്മാണം പൂർത്തിയായി വരുകയാണ്. അത് പൂർണ്ണമായും പ്രവർത്തനക്ഷമത കൈവരിച്ചിട്ടില്ല. പരീക്ഷണാർത്ഥം Playstore-ൽ മൊബൈൽ ആപ് upload ചെയ്തിട്ടുണ്ട്.

## സർക്കാർ ഓഫീസുകളെ ജനസേവന കേന്ദ്രങ്ങളാക്കി ഉയർത്താൻ നടപടി

29 (*629) ശ്രീ. സി. കെ. ഹരീന്ദ്രൻ :

ശ്രീ. എം. നൗഷാദ് :

ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഗ്ദാനം ചെയ്ത ചികിത്സാ സഹായം ദീർഘകാലമായി ലഭിക്കാത്തതിനാൽ താലൂക്ക് ഓഫീസിനു തീയിടാനിടയായ സംഭവത്തിന്റെ പശ്ചാത്തലത്തിൽ, സംസ്ഥാനത്ത് സേവനാവകാശ നിയമം എത്രമാത്രം ഫലപ്രദമായി നടപ്പാക്കാൻ മുൻ സർക്കാരിന് കഴിഞ്ഞുവെന്ന് അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള അനാസ്ഥയും അലംഭാവവും കൊണ്ട് ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കത്തക്കവിധം സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന് എന്തു നടപടി സ്വീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ;

(സി) സർക്കാർ ഓഫീസുകളെ ജനസേവന കേന്ദ്രങ്ങളാക്കി ഉയർത്താൻ എന്തു ചെയ്യാനുദ്ദേശിക്കുന്നെന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) അവലോകനം നടത്തിയിട്ടില്ല. അതോടൊപ്പം കേരള സംസ്ഥാന സേവനാവകാശ നിയമം 2012 പ്രകാരം റവന്യൂ വകുപ്പ് പുറപ്പെടുവിച്ച സേവനാവകാശങ്ങളുടെ പട്ടികയിൽ ചികിത്സാ ധനസഹായം ഉൾപ്പെടുന്നില്ല. ഈ നിയമത്തിന്റെ അപര്യാപ്തത അവലോകനം ചെയ്ത് സേവനാവകാശ നിയമത്തിന് കാലോചിതമായ ഭേദഗതി വരുത്തേണ്ടതിന്റെ ആവശ്യകത പരിശോധിക്കാവുന്നതാണ്.

(ബി) സേവനം കൃത്യസമയത്ത് നൽകുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും വീഴ്ചയുണ്ടാകുന്നപക്ഷം ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും പിഴ ഈടാക്കുന്നതിനും അച്ചടക്ക നടപടിക്ക് വിധേയമാക്കുന്നതിനും സേവനാവകാശ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.

(സി) അഴിമതിമുക്തവും ജനസൗഹൃദവുമായ ഒരു സിവിൽ സർവ്വീസ് ഉറപ്പാക്കുന്നതിന് പ്രതിജ്ഞാബദ്ധമായ കേന്ദ്രങ്ങളാക്കി സർക്കാർ ഓഫീസുകളെ മാറ്റുക എന്നതാണ് ലക്ഷ്യം. അതിനായി സമഗ്രമായ ശിപാർശകൾ നൽകുന്നതിന് പുതുതായി രൂപീകരിച്ച ഭരണപരിഷ്കാര കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## ഭക്ഷ്യഭദ്രതാ നിയമത്തിന്റെ അടിസ്ഥാനത്തിൽ സിവിൽ സപ്ലൈസ് വകുപ്പിന്റെ ആധുനികവത്കരണം

30 (*630) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ബി. സത്യൻ :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവംബർ 1 മുതൽ ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കുന്നത് എ.പി.എൽ. അരി വിതരണത്തെ ഏത് വിധത്തിൽ ബാധിക്കുമെന്ന് വിശദമാക്കുമോ; കേന്ദ്ര നിയമപ്രകാരം സബ്സിഡി ആനുകൂല്യം നിഷേധിക്കപ്പെടുന്നവർക്ക് കുറഞ്ഞ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിന് സംസ്ഥാന സർക്കാരിന് എന്ത് ചെയ്യുവാൻ കഴിയുമെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്ത് സുതാര്യവും കാര്യക്ഷമവും അഴിമതിരഹിതവും ജനങ്ങളോട് ഉത്തരവാദപ്പെട്ടതുമായ ഒരു പൊതു വിതരണ സമ്പ്രദായം ഉറപ്പാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പിനെ ആധുനികവത്കരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഇതിന്റെ ഭാഗമായി റേഷൻ കാർഡുകളും ഗുണഭോക്താക്കളെ സംബന്ധിക്കുന്ന മറ്റ് വിവരങ്ങളും ഡിജിറ്റലൈസ് ചെയ്തിട്ടുണ്ടോ;

(ഇ) പൊതു ജനങ്ങളുടെ പരാതി പരിഹരിയ്ക്കുന്നതിനുള്ള സംവിധാനം, ട്രാൻസ്പരൻസി പോർട്ടൽ എന്നിവ സ്ഥാപിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരം 14.25 മെ.ടൺ ആണ് വാർഷിക അലോട്ട്മെന്റ് ആയി സംസ്ഥാനത്തിന് ലഭിക്കുന്നത്. ആയതിൽ 10.13 ലക്ഷം മെ.ടൺ മുൻഗണനാ വിഭാഗത്തിൽപ്പെടുന്ന 1.54 കോടി ജനങ്ങൾക്ക് നൽകുവാൻ കഴിയുന്നതാണ്. മുൻഗണനാ വിഭാഗത്തിൽപ്പെടുന്നവർക്ക് 5 കിലോഗ്രാം ഭക്ഷ്യധാന്യം ഒരാളിനും 35 കിലോഗ്രാം ഭക്ഷ്യധാന്യം എ.എ.വൈ. കാർഡിനും നൽകുന്നതാണ്. മുൻഗണനേതര വിഭാഗങ്ങൾക്ക് നൽകുന്നതിനായി 4.12 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യം പ്രതിവർഷം ലഭിക്കും.

ദേശീയ ഭക്ഷ്യഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന്റെ മൊത്ത ഉപഭോഗത്തിന്റെ ശരാശരിക്ക് അനുസൃതമായി ടൈഡ്ഓവർ അലോട്ട്മെന്റ് കണക്കാക്കാതിരിക്കുന്നത് പൊതുവിതരണ രംഗത്ത് സംസ്ഥാനത്തിന്റെ താൽപര്യങ്ങളെ പ്രതികൂലമായി ബാധിക്കുവാനിടയുണ്ടെന്നും ആയതിനാൽ അഡ്ഹോക്ക് ഉൾപ്പെടെ സംസ്ഥാനത്തിന് കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ലഭ്യമായിക്കൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യങ്ങൾക്കനുസൃതമായി ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കിയതിനു ശേഷവും സംസ്ഥാനത്തിന് ലഭിക്കുന്നതിന് കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു. ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുമ്പോൾ ധാന്യ വിലയിൽ ഉണ്ടാകുന്ന മിച്ചം ഫലപ്രദമായി ഉപയോഗിക്കുന്ന കാര്യവും പരിഗണിക്കുന്നുണ്ട്.

(ബി&സി) റേഷൻ കടകളിലെല്ലാം ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുന്നതിനും റേഷൻ കടകളിൽ

നടക്കുന്ന എല്ലാ ഇടപാടുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും റേഷൻ കടകളിലെത്തുന്ന ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിന് ആധാർ അല്ലെങ്കിൽ സ്മാർട്ട് കാർഡ്/ബാർകോഡ് പോലുള്ള ബദൽ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഓരോ ഗുണഭോക്താവിനും റേഷൻ സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ തത്സമയം തന്നെ ഉദ്യോഗസ്ഥതലത്തിലും പൊതു ജനങ്ങൾക്കും വിവരങ്ങൾ ലഭ്യമാകത്തക്കവിധം ട്രാൻസ്പാരൻസി പോർട്ടൽ സജ്ജമാക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. റേഷൻ സാധനങ്ങളുടെ നീക്കം ഇലക്ട്രോണിക് നിരീക്ഷണത്തിന് വിധേയമാകുന്ന രീതിയിലായിരിക്കും നടത്തുന്നത്.

(ഡി) ഉണ്ട്.

(ഇ) പൊതുജനങ്ങളുടെ പരാതി പരിഹരിക്കുന്നതിനായി ജില്ലാ തലത്തിലുള്ള ചുമതല 'എ.ഡി.എമ്മിനും', സംസ്ഥാന തലത്തിലുള്ള ചുമതല സംസ്ഥാന ഉപഭോക്തൃ തർക്കപരിഹാര കമ്മീഷനും നൽകി ഉത്തരവായിട്ടുണ്ട്. റേഷൻ അലോട്ട്മെന്റ് വിതരണം സംബന്ധമായ കണക്കുകളും ഗുണഭോക്തൃ വിവരങ്ങളും സുതാര്യമായി പൊതുജനങ്ങൾക്ക് നിരീക്ഷിക്കുന്നതിനായി ഒരു ഓൺലൈൻ സുതാര്യതാ പോർട്ടൽ (Transparency Portal) തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. ഓൺലൈൻ അലോക്കേഷൻ പോർട്ടൽ NIC തയ്യാറാക്കിയിട്ടുള്ളത് പരീക്ഷിച്ചു വരികയാണ്. ഗുണഭോക്തൃവിവരങ്ങൾ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചുകഴിഞ്ഞു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സ്ത്രീകളുടേയും, കുട്ടികളുടേയും വികാസത്തിനായി ഒരു വകുപ്പ്

1 (5191) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സ്ത്രീകളുടെയും, കുട്ടികളുടെയും വികാസത്തിനായി ഒരു വകുപ്പ് സൃഷ്ടിക്കുമെന്ന് 24-6-2016-ലെ നിയമസഭയിലെ പ്രസംഗത്തിൽ ബഹുമാനപ്പെട്ട ഗവർണ്ണർ പ്രസ്താവിച്ച പ്രകാരം എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) സ്ത്രീകളെ വികസന പ്രക്രിയയിൽ ഉൾപ്പെടുത്തുവാനും, അവർക്കെതിരെയുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കുവാനും ലിംഗ സമത്വം ഉറപ്പാക്കുവാനും വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ;

(സി) കേരളത്തെ സമ്പൂർണ്ണമായും ഒരു ലിംഗ-സൗഹൃദ സംസ്ഥാനമാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സ്ത്രീകളുടേയും, കുട്ടികളുടേയും വികാസത്തിനായി ഒരു പുതിയ വകുപ്പ് രൂപീകരിക്കുന്ന വിഷയത്തിൽ പഠനം നടത്തി ആറുമാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിന് 17-9-2016-ലെ സ.ഉ. (സാധാ)നമ്പർ 436/2016/സാനീവ. പ്രകാരം സാമൂഹ്യനീതി വകുപ്പ് മുൻ ഡയറക്ടർ ശ്രീ. വി. എൻ. ജിതേന്ദ്രനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി നടന്നു വരുന്നു.

(ബി) സ്ത്രീകളെ വികസന പ്രക്രിയയിൽ ഉൾപ്പെടുത്തുവാനും, അവർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുമായി "ജെന്റർ പോളിസി" രൂപീകരിച്ച് സാമൂഹ്യനീതി വകുപ്പിലെ ശിശു വികസന പദ്ധതി ഓഫീസർമാർ വഴി നടപ്പിലാക്കി വരുന്നു. ഇതിലേയ്ക്കായി ശിശു വികസന പദ്ധതി ഓഫീസർമാരെ ഉൾപ്പെടുത്തി TOT (Training of Trainers) ശില്പശാലകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതുവഴി സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ താഴെത്തട്ടിൽ നിന്നും തടയുന്നതിന് ഒരു പരിധി വരെ കഴിഞ്ഞിട്ടുണ്ട്. കൂടാതെ സ്കൂൾ കൗൺസലേഴ്സ് വഴിയും NSS (National Service Scheme), SPC (Students Police Cadet) വഴിയും സ്കൂൾതലം മുതൽ ലിംഗസമത്വം നടപ്പിലാക്കുന്നതിനായി ട്രെയിനിംഗ് നൽകുവാൻ സാധിച്ചിട്ടുണ്ട്. ലിംഗസമത്വം ഉറപ്പാക്കുന്നതിനായി ധനകാര്യ വകുപ്പ് ജെന്റർ ബഡ്ജറ്ററി സെൽ രൂപീകരിക്കുകയും ഇതിന്റെ നോഡൽ ഏജൻസിയായി സാമൂഹ്യനീതി വകുപ്പിനെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

(സി) കേരളത്തെ സമ്പൂർണ്ണമായും ഒരു ലിംഗസൗഹൃദ സംസ്ഥാനമാക്കുന്നതിനായി ജെന്റർ പോളിസി, ട്രാൻസ്ജെന്റർ പോളിസി എന്നിവ രൂപീകരിച്ചിട്ടുണ്ട്. ലിംഗപരിവർത്തിതരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാനതല ട്രാൻസ്ജെന്റർ ജസ്റ്റീസ് ബോർഡും ജില്ലാതല ട്രാൻസ്ജെന്റർ ജസ്റ്റീസ് ബോർഡും രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്കൂൾതലത്തിൽ ട്രാൻസ്ജെന്റർ കുട്ടികളെ കണ്ടെത്തുന്നതിനും അവർക്ക് പ്രത്യേക പരിഗണന നൽകി അവരുടെ വിദ്യാഭ്യാസം പൂർത്തീകരിക്കുന്നതിനും ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കുന്നതിലേയ്ക്കായി സ്കൂൾ ടീച്ചേഴ്സിന് ട്രെയിനിംഗ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ട്രാൻസ്ജെന്ററുമായി ബന്ധപ്പെട്ട് അവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന CBO (Community Based Organisation) യുമായി സഹകരിച്ച് കൊണ്ട് 14 ജില്ലകളിലും സ്കിൽ ട്രെയിനിംഗ് നടത്തുവാനുള്ള പദ്ധതി ആവിഷ്കരിച്ചു വരുന്നു. ട്രാൻസ്ജെന്ററിന് തിരിച്ചറിയൽ കാർഡ് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## സുതാര്യകേരളം പദ്ധതി

2 (5192) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പരാതി പരിഹാര സംവിധാനമായ 'സുതാര്യകേരളം' പദ്ധതി സംബന്ധിച്ച് എന്തെങ്കിലും തരത്തിലുള്ള അവലോകനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) സുതാര്യ കേരളം പദ്ധതിയുടെ നടത്തിപ്പിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതിക്കായി ഈ വർഷം ബഡ്ജറ്റിൽ അനുവദിച്ച തുക എത്ര; വ്യക്തമാക്കുമോ?

ഉത്തരം

(എ) സുതാര്യകേരളം പദ്ധതി സംബന്ധിച്ച് ജില്ലാകളക്ടർ ചെയർമാൻ ആയിട്ടുള്ള നാലംഗ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി മാസത്തിലൊരിക്കൽ ചേർന്ന് സുതാര്യകേരളം പദ്ധതിയിലൂടെ ഓരോ ജില്ലയിലും ലഭിക്കുന്ന പരാതികൾ തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ അവലോകനം നടത്താനും ഉത്തരവായിട്ടുണ്ട്. പരാതിയിൻമേൽ സ്വീകരിച്ച നടപടികളിൻമേൽ അപേക്ഷകൻ സംതൃപ്തനാണോ എന്ന് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്. ഐ&പി.ആർ. വകുപ്പുമായി ബന്ധപ്പെട്ട് പദ്ധതി നടത്തിപ്പ് സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ വകുപ്പുതലത്തിൽ അവലോകനം നടത്തിയിട്ടുണ്ട്.

(ബി) പൊതുജനങ്ങളിൽനിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ മുഖ്യമന്ത്രിക്ക് ലഭിക്കുന്ന പരാതികൾ ഏകീകൃത സംവിധാനത്തിലൂടെ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സംവിധാനമായ "സ്റ്റേയിറ്റ് ഫോർവേഡ്"സെൽ 2016 ജൂൺ മാസം മുതൽ സെക്രട്ടേറിയറ്റിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സുതാര്യകേരളം വീഡിയോ കോൺഫറൻസിംഗ് പരിപാടി തുടർന്നും നടത്തുന്നതിനായി ബന്ധപ്പെട്ട വിഷയം പരിശോധിച്ചു വരുന്നു.

(സി) 2016-17 സാമ്പത്തിക വർഷത്തിൽ സുതാര്യകേരളം പദ്ധതിക്കായി 300 ലക്ഷം രൂപ "2220-60-800-77" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്.

## പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി

3 (5193) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) കാലാവധി അവസാനിക്കാറായ പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടികൊടുക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) പി.എസ്.സി.റാങ്ക് പട്ടിക നിലവിലുണ്ടെങ്കിൽ, നിലവിലുള്ള എല്ലാ ഒഴിവുകളും 3-6-2016-നകം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് 27-5-2016-ലെ ഉ.പ.സി.3/38/16/ഉഭപവ സർക്കുലർ മുഖേന എല്ലാ വകുപ്പദ്ധ്യക്ഷൻമാർക്കും നിയമനാധികാരികൾക്കും സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഇതു കൂടാതെ 2017-ലെ പ്രതീക്ഷിത ഒഴിവുകൾ 2016 സെപ്റ്റംബർ 30-ഓടു കൂടി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ 17-8-2016-ലെ ഉ.പ.സി3/104/16/ഉഭപവ. സർക്കുലർ മുഖേന, വകുപ്പദ്ധ്യക്ഷൻമാർക്കും നിയമനാധികാരികൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 30-6-2016-ന് നിലവിലുണ്ടായിരുന്നതും 30-12-2016 വരെയുള്ള കാലയളവിൽ കാലാവധി അവസാനിക്കുന്നതുമായ എല്ലാ റാങ്ക് പട്ടികകളുടേയും കാലാവധി ചില വ്യവസ്ഥകൾക്ക് വിധേയമായി 31-12-2016 വരെ 6 മാസത്തേയ്ക്ക് പി.എസ്.സി. ദീർഘിപ്പിച്ചിട്ടുണ്ട്.

## ഭരണപരിഷ്കാര കമ്മീഷൻ

4 (5194) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭരണ പരിഷ്കരണ ശുപാർശകൾ നല്കുന്നതിനായി ഒരു കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത ഭരണ പരിഷ്കാര കമ്മീഷന്റെ പ്രവർത്തന മേഖലയിൽ എന്തെല്ലാം സംഗതികളാണ് ഉൾപ്പെടുന്നത്; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) കമ്മീഷൻ അംഗങ്ങൾ ആരെല്ലാമാണെന്നും ഇവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ഡി) കമ്മീഷന്റെ ഓഫീസ് പ്രവർത്തനത്തിന് സഹായിക്കുന്നതിന് ഓരോ കമ്മീഷൻ അംഗത്തിനും അനുവദിച്ച തസ്തികകൾ ഏതെല്ലാമാണെന്നും ഓരോ ജീവനക്കാരനും നൽകേണ്ട ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ, ഓരോ മാസത്തേക്കും കമ്മീഷന്റെ പ്രവർത്തനത്തിന് ചെലവാകുന്ന മൊത്തം തുക എന്നിവ എത്രയാണെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. (അനുബന്ധ*മായി ചേർക്കുന്നു)

(ബി) കമ്മീഷന്റെ പ്രവർത്തനമേഖലയും പരിഗണനാ വിഷയവും സംബന്ധിച്ച് 30-8-2016 ലെ സ.ഉ. (എംഎസ്.) 21/16 ഉ.ഭ.പ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധം* ആയി ചേർക്കുന്നു.)

(സി) ശ്രീ. വി. എസ്. അച്ചുതാനന്ദൻ -ചെയർമാൻ

ശ്രീ. സി. പി. നായർ - മെമ്പർ

ശ്രീമതി നീലാഗംഗാധരൻ -മെമ്പർ (പാർട്ട്-ടൈം)

ചെയർമാന് ക്യാബിനറ്റ് മന്ത്രിയുടെ പദവിയും അംഗങ്ങൾക്ക് ചീഫ് സെക്രട്ടറിയുടെ പദവിയുമാണ് നൽകിയിട്ടുള്ളത്. ശ്രീമതി നീലാഗംഗാധരൻ പാർട്ട്-ടൈം അംഗമായാണ് പ്രവർത്തിക്കുന്നത്. ആനുകൂല്യങ്ങൾ സംബന്ധിച്ച് തീരുമാനമായിട്ടില്ല.

(ഡി) തസ്തികകൾ സംബന്ധിച്ച് പ്രതിപാദിക്കുന്ന 30-8-2016-ലെ സ.ഉ. (എംഎസ്.) 21/16 ഉ.ഭ.പ.വ. അനുബന്ധം* ആയി ചേർത്തിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളം, മറ്റാനുകൂല്യങ്ങൾ ഓരോ മാസത്തേക്കുമുള്ള പ്രവർത്തന ചെലവ് എന്നിവ കണക്കാക്കിയിട്ടില്ല.

**കേരള സിവിൽ സർവ്വീസിനെ ഡയറക്ടറേറ്റ് രൂപത്തിലാക്കുന്നതിനുള്ള നടപടി**

5 (5195) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സിവിൽ സർവ്വീസിൽ ഫയൽ തീർപ്പാക്കുന്നതിനുള്ള നിലവിലെ നടപടിക്രമങ്ങൾ വളരെ സങ്കീർണ്ണമാണ് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരം നൽകുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാർ മാതൃകയിൽ ഡയറക്ടറേറ്റ് രൂപത്തിൽ കേരള സിവിൽ സർവ്വീസിനെ ക്രമപ്പെടുത്തുന്നത് ഗുണകരമാകുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ സമയബന്ധിതമായി പ്രസ്തുത നടപടിക്ക് തയ്യാറാകുമോ; ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) 7-6-2016-ൽ ഇക്കാര്യം ചർച്ച ചെയ്യുകയും ഈ വിഷയം സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## ഭൂമി സൗജന്യമായി വിട്ടുനൽകിയവർക്ക് നൽകിയ വാഗ്ദാനങ്ങൾ

6 (5196) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ കെട്ടിടങ്ങൾ പണിയുന്നതിന് ഭൂമി സൗജന്യമായി വിട്ടുനൽകിയവർക്ക് സർക്കാർ നൽകിയ വാഗ്ദാനങ്ങൾ പാലിക്കപ്പെട്ടിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത വിഭാഗങ്ങൾക്ക് ഏറ്റെടുത്ത ഭൂമിയുടെ വിലയോ ആശ്രിതർക്ക് സർക്കാർ സർവ്വീസിൽ നിയമനമോ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) നിലവിൽ ഇത്തരത്തിൽ എത്ര കേസുകൾ തീർപ്പാക്കാനുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സർക്കാർ കെട്ടിടം പണിയുന്നതിന് പൊന്നുംവില നടപടി പ്രകാരം ഭൂമി സൗജന്യമായി വിട്ടു നൽകിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) നിലവിൽ ഇത്തരത്തിൽ കേസ്സുകൾ തീർപ്പാക്കാനില്ല.

## കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പ്രവർത്തനം സുഗമമാക്കുന്നതിന് നടപടി

7 (T*5197) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ കേസുകളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യം ട്രൈബ്യൂണലിന്റെ പ്രവർത്തനക്ഷമതയെ ദോഷകരമായി ബാധിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) കേസുകളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവിനനുസരിച്ചുള്ള പ്രവർത്തന സൗകര്യം ട്രൈബ്യൂണലിന് ലഭ്യമാക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ നൽകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേസുകൾ സമയബന്ധിതമായി തീർപ്പാക്കപ്പെടുന്നുണ്ടോയെന്ന കാര്യം വിലയിരുത്താറുണ്ടോ;

(ഡി) ട്രൈബ്യൂണലിന്റെ പ്രവർത്തനം സുഗമമാക്കുന്നതിന് ആവശ്യമായ സൗകര്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹൈക്കോടതിയിൽ നിന്നും കൈമാറിക്കിട്ടിയ കേസുകളുൾപ്പെടെ 26440 കേസ്സുകൾ നാളിതുവരെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്തിട്ടുണ്ട്. കേസ്സുകളുടെ എണ്ണം കൂടുന്നതിനനുസരിച്ച് ജോലിഭാരം വർദ്ധിക്കുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) പ്രവർത്തനം സുഗമമാക്കുന്നതിനായി ട്രൈബ്യൂണലിൽ നിന്നും ലഭിക്കുന്ന ശിപാർശകൾ പരിശോധിച്ച് സമയബന്ധിതമായി നടപടി സ്വീകരിച്ചു വരുന്നു.

## എൽ.ഡി.ടൈപ്പിസ്റ്റുമാരുടെ റാങ്ക് ലിസ്റ്റ്

8 (5198) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൽ.ഡി. ടൈപ്പിസ്റ്റുമാരുടെ പുതിയ റാങ്ക് ലിസ്റ്റ് എല്ലാ ജില്ലകളിലും പ്രസിദ്ധീകരിച്ചത് എന്നാണെന്ന് അറിയിക്കുമോ;

(ബി) ഇവയുടെ ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ച തീയതിയും, വെരിഫിക്കേഷൻ നടത്തിയ തീയതിയും വെരിഫിക്കേഷൻ അറിയിപ്പ് നൽകിയ രീതിയും ജില്ലകൾ തിരിച്ച് അറിയിക്കുമോ;

(സി) നിയമാനുസൃതമായാണോ മേൽ നടപടികൾ എന്ന് വ്യക്തമാക്കുമോ;

(ഡി) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച ശേഷവും വെരിഫിക്കേഷൻ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;

(ഇ) പ്രസ്തുത ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് അനാവശ്യമായ ധൃതി കാണിച്ചതിനു പിന്നിലെ കാരണം അറിയിക്കുമോ;

(എഫ്) റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി വരെയുള്ള ഒഴിവുകളിലേക്ക് പഴയ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 31-8-2016-ന്

(ബി) 28-7-2016 മുതൽ 6-8-2016 വരെയുള്ള വിവിധ തീയതികളിലാണ് ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചത്. 1-8-2016 മുതൽ 22-8-2016 വരെ തീയതികളിൽ പ്രമാണ പരിശോധന നടന്നിട്ടുണ്ട്. ഉദ്യോഗാർത്ഥികൾക്ക് SMS, Profile Message, Telephone, പത്രക്കുറിപ്പ്, PSC Website-ലെ അറിയിപ്പ്, തപാൽ എന്നീ മാർഗ്ഗങ്ങളിൽ പി.എസ്.സി.അറിയിപ്പ് നൽകിയിരുന്നു.

(സി) അതെ.

(ഡി) ഇല്ല.

(ഇ) 31-8-2016-ന് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുക എന്ന കമ്മീഷൻ തീരുമാനപ്രകാരമാണ് ലിസ്റ്റ് തയ്യാറാക്കിയത്.

(എഫ്) പഴയ റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്ന തീയതി വരെ എഴുതി അറിയിച്ച ഒഴിവിലേയ്ക്ക് ടി ലിസ്റ്റിൽ നിന്നും നിയമന ശിപാർശ നൽകുന്നതാണെന്ന് പി.എസ്.സി. അറിയിച്ചിട്ടുണ്ട്.

**അക്ഷയ സെന്ററുകൾ**

9 (5199) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

25-2-2016-ലെ G.O. (MS)NO.12/16/ITD പ്രകാരം സംസ്ഥാനത്ത് അനുവദിച്ച അൻപത് അക്ഷയ സെന്ററുകൾ ആരംഭിക്കുന്നതിന് തടസങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ഉണ്ട്. ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള WP(C) No.6080/2016-ലെ 17-2-2016 തീയതിയിലെ ഇടക്കാല ഉത്തരവ് പ്രകാരം പുതിയ അക്ഷയ സെന്റർ അനുവദിക്കുന്നത് ബഹു. കോടതി സ്റ്റേ ചെയ്തിട്ടുണ്ട്. സ്റ്റേ ഒഴിവാക്കുന്നതിന് വേണ്ടി കാര്യവിവരണ പത്രിക ബഹു. കോടതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. കോടതി സ്റ്റേ ഒഴിവാക്കുന്ന മുറയ്ക്ക് മാത്രമേ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

## അതിഥി സൽക്കാരങ്ങൾ

10 (5200) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുൻസർക്കാരിന്റെ കാലത്ത് മന്ത്രിമാർ അതിഥി സൽക്കാരങ്ങൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

മറുപടി അനുബന്ധമായി* ചേർക്കുന്നു.

## സംസ്ഥാന സിവിൽ സർവ്വീസ്

11 (5202) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സർവ്വീസിൽ കേന്ദ്ര സർവ്വീസിൽ നിന്നും എത്ര പേരെയാണ് നിയമിച്ചിട്ടുള്ളത്;

(ബി) ഓരോ വകുപ്പിലും എത്ര പോസ്റ്റുകളാണ് പ്രസ്തുത ആവശ്യത്തിനായി മാറ്റി വെച്ചിട്ടുള്ളത്; ഇതിൽ നിയമനം നടത്തിയിട്ടുള്ളത് ഏതെല്ലാം പോസ്റ്റുകളിലാണെന്ന് വ്യക്തമാക്കാമോ;

(സി) കേന്ദ്ര സർവ്വീസിൽനിന്നും സംസ്ഥാന സിവിൽ സർവ്വീസിൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് നിലവിലെ സംവരണ തത്വം പാലിക്കേണ്ടതുണ്ടോ ; വിശദമാക്കുമോ;

(ഡി) കേന്ദ്ര സർവ്വീസിൽനിന്നും സംസ്ഥാന സിവിൽ സർവ്വീസിൽ നിയമിച്ചിട്ടുള്ളവരിൽ നിലവിൽ എസ്.സി./എസ്.റ്റി. വിഭാഗങ്ങൾ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള സിവിൽ സർവ്വീസ് (എക്സിക്യൂട്ടീവ്) റൂൾസ്, 1963 പ്രകാരം ഡെപ്യൂട്ടി കളക്ടർ തസ്തികയാണ് സംസ്ഥാന സിവിൽ സർവ്വീസ് ആയി കണക്കാക്കുന്നത്. ഈ തസ്തികയിൽ നിലവിൽ കേന്ദ്ര സർവ്വീസിൽ നിന്നും ആരെയും നിയമിച്ചിട്ടില്ല.

(ബി) നിലവിൽ മാറ്റിവച്ചിട്ടില്ല.

(സി&ഡി) ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സംസ്ഥാന വിവരാവകാശ കമ്മീഷൻ

12 (5203) ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിവരാവകാശ കമ്മീഷനിൽ നിലവിൽ എത്ര അംഗങ്ങളുടെ ഒഴിവുണ്ട്;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്;

(സി) വിവരാവകാശ കമ്മീഷനിൽ അംഗങ്ങളെ നിയമിക്കുന്നതു സംബന്ധിച്ച് ഹൈക്കോടതി വിധിയിന്മേൽ അപ്പീൽ പോകുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ എത്ര അപ്പീൽ കേസുകളും പരാതികളും നിലവിലുണ്ട്;

(ഇ) നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി നികത്തി കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) അഞ്ച്.

(ബി) വിവരാവകാശ കമ്മീഷനിൽ ഒഴിവുകൾ നികത്തുന്നതിന് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുവേണ്ടി 48308/സിഡിഎൻ5/2015/പൊഭവ. തീയതി 2-12-2015, 48308/സിഡിഎൻ5/2015 പൊഭവ. തീയതി 21-1-2016 എന്നീ വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ച് അപേക്ഷ ക്ഷണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ മുൻ മുഖ്യമന്ത്രി, വ്യാവസായിക വകുപ്പുമന്ത്രി, മുൻ പ്രതിപക്ഷ നേതാവ് എന്നിവരടങ്ങുന്ന സെലക്ഷൻ കമ്മിറ്റി, പ്രതിപക്ഷ നേതാവിന്റെ വിയോജനക്കുറിപ്പോടെ പാനൽ അംഗീകരിക്കുകയും ആയത് ഗവർണ്ണറുടെ അംഗീകാരത്തിന് സമർപ്പിക്കുകയുമുണ്ടായി. ഗവർണ്ണർ പാനൽ അംഗീകരിച്ചില്ല. തുടർന്ന് പാനലിൽ ഉൾപ്പെട്ട അംഗങ്ങൾ കോടതിയിൽ കേസ് ഫയൽ ചെയ്തു. മുൻ സെലക്ഷൻ കമ്മിറ്റി അംഗീകരിച്ച പാനലിൽനിന്ന് നിയമനം നടത്തുവാൻ ബഹു.ഹൈക്കോടതി ഉത്തരവായെങ്കിലും പ്രസ്തുത ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യുകയും ഉത്തരവ് നടപ്പാക്കുന്നതിന് സ്റ്റേ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. അംഗങ്ങളായി ശിപാർശ ചെയ്യപ്പെട്ടവരുടെ തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ കൂടാതെ തയ്യാറാക്കിയ ചുരുക്കപ്പട്ടികയിൽ നിന്നാണെന്ന് ബോധ്യമായതിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളത്.

(ഡി) 30-9-2016-ലെ കണക്കു പ്രകാരം കമ്മീഷനിൽ 8877 അപ്പീൽ കേസുകളും 2600 പരാതികളും നിലവിലുണ്ട്.

(ഇ) ഹൈക്കോടതിയിൽ വിവരാവകാശ കമ്മീഷണർമാരുടെ നിയമനവുമായി ബന്ധപ്പെട്ട് നിലവിലുള്ള കേസ് തീർപ്പുകൽപ്പിക്കുന്നതിന് അനുസൃതമായി ഉചിതമായ തീരുമാനം എടുക്കും.

## സിവിൽ സർവ്വീസ് ബോർഡ്

13 (5204) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസിലുള്ള ഗസറ്റഡ് ജീവനക്കാരുടെ ട്രാൻസ്ഫർ, നിയമനം, അച്ചടക്കനടപടി തുടങ്ങിയ കാര്യങ്ങളിൽ സർക്കാരിന് ഉപദേശം നൽകുന്നതിനായി സിവിൽ സർവ്വീസ് ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ബോർഡിലെ അംഗങ്ങളാരൊക്കെയാണ്;

(ബി) പ്രസ്തുത ബോർഡിന്റെ ഉപദേശം സ്വീകരിച്ച ശേഷമാണോ 2016 മേയ് മാസം മുതൽ ഗസറ്റഡ് തസ്തികകളിൽ ട്രാൻസ്ഫർ നടത്തിയതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ബാധകമല്ല.

## കടാശ്വാസ പദ്ധതി

14 (5205) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഏതൊക്കെ വിഭാഗത്തിൽപ്പെട്ട ആളുകൾക്കാണ് മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി പ്രകാരം സഹായം ലഭിക്കുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകളുടെ തിരിച്ചടവിൽ വീഴ്ചവരുത്തിയതിനാൽ ജപ്തിഭീഷണി നേരിടുന്ന ആളുകൾക്കാണ് വായ്പാപലിശ/പിഴപ്പലിശയിളവും കടാശ്വാസവും അനുവദിക്കുന്നതിനായി 20-8-2016-ലെ

സ.ഉ.(പി)നമ്പർ118/2016/ധന. പ്രകാരം രൂപീകരിച്ചിട്ടുള്ള ഒറ്റത്തവണ കടാശ്വാസ പദ്ധതി പ്രകാരം സഹായം ലഭിക്കുന്നത്. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, പട്ടിക-ജാതി, പട്ടി-വർഗ്ഗ, പിന്നാക്കക്ഷേമ കോർപ്പറേഷനുകൾ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, എന്നീ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും റവന്യൂ വകുപ്പിൽനിന്നും വായ്പ ലഭ്യമാക്കിയവർക്കാണ് കടാശ്വാസവും പലിശയിളവും ലഭിക്കുന്നത്.

മേൽ പ്രകാരമുള്ള വായ്പാസ്ഥാപനങ്ങളിൽനിന്ന് വായ്പയെടുത്ത (അർഹതാ പട്ടികയിൽ ഇടം നേടിയ) വ്യക്തി/നിയമാനുസൃത അനന്തരാവകാശിയുടെ ചുവടെ ചേർക്കുംപ്രകാരമുള്ള അർഹതാ തുകയ്ക്കാണ് കടാശ്വാസത്തിന്റെ (പൂർണ്ണമായും എഴുതിത്തള്ളുന്നതിന്റെ) ആനുകൂല്യം ലഭിക്കുന്നത്.

(i) റവന്യൂ വകുപ്പിൽനിന്ന് ലഭ്യമാക്കിയിട്ടുള്ള Low Income Group Housing (LIGH), Middle Income Group Housing (MIGH) വായ്പകളിലെ കുടിശ്ശിക തുക.

(ii) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ നിന്ന് താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് (എൽ.ഐ.ജി.)അനുവദിച്ചതും, മുതലും പലിശയും പിഴപ്പലിശയും ഉൾപ്പെടെ മുതലിന്റെ 200% എങ്കിലും തിരിച്ചടവ് നടത്തിയിട്ടുള്ളതുമായ വായ്പകൾ.

(iii) വായ്പാ സ്ഥാപനങ്ങളിൽനിന്ന് അനുവദിക്കപ്പെട്ട പരമാവധി അഞ്ചുലക്ഷം രൂപവരെയുള്ള വായ്പകളിൽ മുതലും പലിശയും പിഴപ്പലിശയും ഉൾപ്പെടെ മുതലിന്റെ 200% എങ്കിലും തിരിച്ചടവ് നടത്തിയതിൽ ബാക്കി നിൽക്കുന്ന തുക മേൽ പ്രകാരമുള്ള വായ്പാസ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്ത (അർഹതാ പട്ടികയിൽ ഇടം നേടിയ) വ്യക്തി/നിയമാനുസൃത അനന്തരാവകാശിയുടെ ചുവടെചേർക്കും പ്രകാരമുള്ള അർഹതാ തുകയ്ക്കാണ് പലിശ/പിഴപ്പലിശ എഴുതിത്തള്ളുന്നതിന്റെ ആനുകൂല്യം ലഭിക്കുന്നത്.

(i) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽനിന്ന് താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് (എൽ.ഐ.ജി.) അനുവദിച്ചതും മുതലും പലിശയും പിഴപ്പലിശയും ഉൾപ്പെടെ മുതലിന്റെ 150% എങ്കിലും നാളിതുവരെ അടച്ചു തീർത്തതുമായ വായ്പയിൽ ബാക്കി നിൽക്കുന്നതും മുതലിന്റെ 200% എത്തുന്നതുവരെയുള്ളതുമായ തുക. 24 പ്രതിമാസ ഗഡുക്കളായി തിരിച്ചടയ്ക്കണമെന്ന നിബന്ധനയിൽ പലിശയും പിഴപ്പലിശയും ഒഴിവാക്കി നൽകുന്നതാണ്.

(ii) റവന്യൂ വകുപ്പ് ഒഴികെയുള്ള വായ്പാസ്ഥാപനത്തിൽനിന്ന് താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദിച്ചതും മുതലും പലിശയും പിഴപ്പലിശയും ഉൾപ്പെടെ മുതലിന്റെ 150% എങ്കിലും നാളിതുവരെ അടച്ച് തീർത്തതുമായ വായ്പയിൽ ബാക്കി നിൽക്കുന്നതും മുതലിന്റെ 200% എത്തുന്നതുവരെയുള്ളതുമായ തുക 24 പ്രതിമാസ ഗഡുക്കളായി തിരിച്ചടയ്ക്കണമെന്ന നിബന്ധനയിൽ പലിശയും പിഴപ്പലിശയും ഒഴിവാക്കി നൽകുന്നതാണ്.

**സമാശ്വാസ പദ്ധതി പ്രകാരം ജോലി**

15 (5206) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 നവംബർ 26-ന് കോഴിക്കോട് കണ്ടംകുളത്ത് മാൻഹോളിൽ വീണ് മരണപ്പെട്ട ഓട്ടോ ഡ്രൈവർ നൗഷാദിന്റെ ഭാര്യയ്ക്ക് സമാശ്വാസ പദ്ധതി പ്രകാരം ജോലി നൽകുമെന്ന മുഖ്യമന്ത്രിയുടെ വാഗ്ദാനം നടപ്പിലാക്കിയോ; ഇല്ലെങ്കിൽ എന്തു കൊണ്ട് നടപ്പാക്കാൻ കഴിഞ്ഞില്ല എന്ന് വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് പൊതുഭരണ വകുപ്പിൽ സ്വീകരിച്ച നടപടികൾ, ബന്ധപ്പെട്ട ഫയലിന്റെ നമ്പർ, ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ സഹിതം അറിയിക്കുമോ?

ഉത്തരം

(എ&ബി) കോഴിക്കോട് ജില്ലാ കളക്ടറുടെ 8-7-2016-ലെ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ പൊതുഭരണ വകുപ്പിൽ 811959/C1/16/GAD നമ്പർ ഫയലായി കൈകാര്യം ചെയ്യുകയും പ്രസ്തുത ഫയൽ 24-10-2016-ൽ റവന്യൂ വകുപ്പിൽ ലഭിക്കുകയും 753862/റ്റി1/16/റവ. നമ്പർ ഫയലായി ഈ വകുപ്പിൽ നടപടി സ്വീകരിച്ച് വരികയും ചെയ്യുന്നു.

**സ്വകാര്യ മാധ്യമങ്ങളിൽ സേവനം അനുഷ്ഠിക്കുന്ന സർക്കാർ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ**

16 (5207) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് സ്വകാര്യ ടെലിവിഷൻ ചാനലുകളിലും സ്വകാര്യ എഫ്.എം. റേഡിയോയിലും പ്രവർത്തിക്കുന്നതിനും മാസികകളിൽ

എഴുതുന്നതിനും സീരിയലുകൾ, ഡോക്യുമെന്ററികൾ എന്നിവയിൽ അഭിനയം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും സർക്കാർ നയത്തിന് വിരുദ്ധമാകാതെയും ജോലിക്കും ജോലിസമയത്തിനും തടസ്സമുണ്ടാകാതെയും സാമ്പത്തിക ആനുകൂല്യങ്ങൾ കൈപ്പറ്റിയും അല്ലാതെയും ഏർപ്പെടുന്നതിന് നിലവിൽ വ്യവസ്ഥയുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് സമർപ്പിക്കുന്ന അപേക്ഷകൾ പ്രത്യേക കേസായി പരിഗണിച്ച് അനുമതി നൽകാറുണ്ടോ; വ്യക്തമാക്കുമോ;

(സി) എങ്കിൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പ്രത്യേക അനുമതി നൽകിയിട്ടുള്ളതും അങ്ങനെയുള്ള പ്രവർത്തനങ്ങളിൽ നിലവിൽ ഏർപ്പെടുന്നവരുമായ ഉദ്യോഗസ്ഥരുടെ പേരുവിവരവും ഏതൊക്കെ മേഖലയിൽ പ്രവർത്തിക്കുന്നുവെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സർക്കാർ ജീവനക്കാർക്ക് സ്വകാര്യ ടെലിവിഷൻ ചാനലുകളിലും സ്വകാര്യ എഫ്. എം. റേഡിയോയിലും പ്രവർത്തിക്കുന്നതിനും സീരിയലുകൾ, ഡോക്യുമെന്ററികൾ എന്നിവയിൽ അഭിനയം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിൽ നിലവിൽ വ്യവസ്ഥയില്ല. എന്നാൽ ഒരു സർക്കാർ ജീവനക്കാരന് ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് വിഘാതമാകാത്ത വിധത്തിൽ പ്രതിഫലം കൂടാതെ സാമൂഹിക ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി കല-സാഹിത്യ-ശാസ്ത്ര മേഖലയിൽ വല്ലപ്പോഴും പ്രവർത്തിക്കുന്നതിന് സർക്കാർ അനുമതി നൽകാറുണ്ട്.

(ബി&സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**കാഷ്വൽ സ്വീപ്പർമാർ**

17 (5208) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ പതിനഞ്ച് വർഷത്തിലധികമായി ജോലിചെയ്തു വരുന്ന കാഷ്വൽ സ്വീപ്പർമാർ എത്ര പേരുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ പ്രതിമാസ വേതനം എത്രയെന്ന് വ്യക്തമാക്കാമോ;

(സി) കാഷ്വൽ സ്വീപ്പർമാരുടെ പ്രതിമാസ വേതനം 10,000 രൂപയാക്കി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ഒഴിവ് വരുന്ന പാർട്ട്-ടൈം സ്വീപ്പർ തസ്തികയുടെ 50% തസ്തികയിലേക്ക് കാഷ്വൽ സ്വീപ്പർമാരെ പ്രൊമോട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) കാഷ്വൽ സ്വീപ്പർമാരുടെ പ്രതിമാസ വേതനം 20-1-2016-ലെ ജി.ഒ. (പി) നമ്പർ 7/2016 ധന. ഉത്തരവ് പ്രകാരം 6000 രൂപയായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

(സി&ഡി) വേതനം ഉയർത്തി നിശ്ചയിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

**ജൂനിയർ ഇൻസ്ട്രക്ടർ (അരിത്തമെറ്റിക് കം ഡ്രോയിംഗ്) തസ്തിക.**

18 (5209) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക പരിശീലന വകുപ്പിൽ, കാറ്റഗറി നമ്പർ 528/2012 പ്രകാരം ജൂനിയർ ഇൻസ്ട്രക്ടർ (അരിത്തമെറ്റിക് കം ഡ്രോയിംങ്) തസ്തികയിലേക്ക് സംസ്ഥാനതല എഴുത്തു പരീക്ഷയ്ക്കായി പി.എസ്.സി. വിജ്ഞാപനം ചെയ്ത തീയതിയും എഴുത്തു പരീക്ഷ നടന്ന തീയതിയും ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ച തീയതിയും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയുടെ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ടവരുടെയെല്ലാം അസ്സൽ സർട്ടിഫിക്കറ്റുകളുടെ പരിശോധന പൂർത്തിയായിട്ടുണ്ടോ; ഉണ്ടെങ്കിൽ പൂർത്തിയായ തീയതി വ്യക്തമാക്കാമോ;

(സി) ഇന്റർവ്യൂ നടത്തുന്നത് സംബന്ധിച്ച് പി.എസ്.സി. തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പൂർത്തിയാക്കി ലിസ്റ്റ് എന്ന് പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാറ്റഗറി നമ്പർ 528/2012-ജൂനിയർ ഇൻസ്ട്രക്ടർ (അരിത്തമെറ്റിക് കം ഡ്രോയിംഗ്) തസ്തികയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചത് 15-11-2012-ൽ ആണ്. 28-3-2014-ൽ എഴുത്തു പരീക്ഷ (OMR Test) നടന്നു. 22-12-2015-ൽ ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

(ബി) ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ 5-3-2016-ൽ പൂർത്തിയായിട്ടുണ്ട്.

(സി) ഇന്റർവ്യൂ തീയതി നിശ്ചയിച്ചിട്ടില്ല.

## ലിഫ്റ്റ് സൂപ്പർവൈസർമാരുടെ ചുമതലകൾ

19 (5210) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ ലിഫ്റ്റ് സൂപ്പർവൈസർമാരുടെ എത്ര തസ്തികകളാണ് നിലവിലുള്ളത് എന്ന് വിശദാംശം സഹിതം ലഭ്യമാക്കുമോ;

(ബി) ലിഫ്റ്റ് സൂപ്പർവൈസർമാരുടെ ചുമതല എന്തെല്ലാമെന്ന് നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) ലിഫ്റ്റ് ഓപ്പറേറ്റർമാരുടെ ഷിഫ്റ്റ്-ഇൻ-ചാർജ് എന്ന ഉത്തരവാദിത്വം സൂപ്പർവൈസർമാർ നിർവ്വഹിക്കാറുണ്ടോ; ഇത് പരിശോധിച്ച് ഉറപ്പ് വരുത്താറുണ്ടോ; ആയതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(ഡി) ലിഫ്റ്റ് ഓപ്പറേറ്റർമാർക്കും സൂപ്പർവൈസർക്കും യൂണിഫോം നിർബന്ധമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവർക്ക് യൂണിഫോം അലവൻസ് നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഇ) യൂണിഫോം അലവൻസ് കൈപ്പറ്റുകയും എന്നാൽ യൂണിഫോം ധരിക്കാതെ ഡ്യൂട്ടി ചെയ്യുകയും ചെയ്യുന്ന വിവരം പരിശോധിച്ചിട്ടുണ്ടോ; ഈ വിഭാഗം ജീവനക്കാരുടെ ജോലി, ഹാജർ, പെരുമാറ്റം എന്നീ കാര്യങ്ങൾ പരിശോധിച്ച് മേൽനോട്ടം വഹിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഓഫീസർ ആരെന്ന് വ്യക്തമാക്കാമോ;

(എഫ്) യൂണിഫോം ധരിക്കാതിരിക്കുക, ലിഫ്റ്റ് പ്രവർത്തിപ്പിക്കാതിരിക്കുക, ഡ്യൂട്ടി സമയം കൃത്യമായി ജോലി നോക്കാതെ ലിഫ്റ്റിൽനിന്നും മാറി നിൽക്കുക എന്നീ വീഴ്ചകൾ ബോധപൂർവ്വം നടത്തുന്ന ലിഫ്റ്റ് ഓപ്പറേറ്റർ, സൂപ്പർവൈസർ തസ്തികകളിൽ ജോലി ചെയ്യുന്നവരെ കണ്ടെത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) 3 തസ്തികകളാണ് നിലവിലുള്ളത്. അതിൽ താഴെ പറയുന്നവർ സേവനമനുഷ്ഠിച്ചുവരുന്നു:

1. ശ്രീ. എ. നസീർ
2. ശ്രീ. ബി. മോഹനകുമാർ
3. ശ്രീ. ജി. ജെ. ജോയ് കുമാർ

(ബി) ഉണ്ട്. വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(സി) ഉണ്ട്. ഇത് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിന് ലിഫ്റ്റ് സൂപ്പർവൈസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) യൂണിഫോം നിർബന്ധമാക്കിയിട്ടുണ്ട്. യൂണിഫോം അലവൻസ് നൽകി വരുന്നുണ്ട്.

(ഇ) ഇത്തരത്തിൽ ലഭിച്ച പരാതികൾ പരിശോധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലിഫ്റ്റിന്റെ ചാർജ്ജുള്ള സാർജന്റിനാണ് ഇക്കാര്യത്തിന്മേലുള്ള ചുമതല.

(എഫ്) പരാതികൾ ലഭിക്കുന്ന മുറയ്ക്ക് അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

**പെൻഷൻ പ്രായം**

20 (5211) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലഘട്ടത്തിൽ ഏതെങ്കിലും സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ പ്രായം ഉയർത്തി നൽകുകയോ, കാലാവധി നീട്ടിനൽകുകയോ ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ സർക്കാർ ഉത്തരവിന്റെ പകർപ്പുകളും കാലാവധി നീട്ടിനൽകാനുള്ള കാരണവും സഹിതം അറിയിക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**പുതിയതായി രൂപീകരിച്ച കമ്മീഷനുകൾ**

21 (5212) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏതെല്ലാം പുതിയ കമ്മീഷനുകൾ രൂപീകരിച്ചിട്ടുണ്ട്;

(ബി) ഈ കമ്മീഷനുകളുടെ പ്രവർത്തനത്തിനായി എത്ര പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നും ഓരോ തസ്തികയുടെയും ശമ്പള സ്കെയിലും അലവൻസുകളും എത്ര വീതമാണെന്നുമുള്ള വിവരം ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പുതിയ നിയമനങ്ങൾ വഴി എത്ര ഔദ്യോഗിക വാഹനങ്ങൾ അധികമായി ഉപയോഗിക്കേണ്ടി വരുമെന്നും ആയതിന്റെ ചെലവുകൾക്കായി ഏകദേശം എന്ത് തുക ഒരു വർഷം വിനിയോഗിക്കേണ്ടിവരുമെന്നും വിശദമാക്കാമോ;

(ഡി) പുതിയ നിയമനങ്ങൾ വഴി ഓരോ വർഷവും എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്ന വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## സർക്കാർ ഓഫീസുകളിലെ പ്രവൃത്തി ദിവസങ്ങൾ

22 (5214) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ഓഫീസുകൾ ആഴ്ചയിൽ 6 ദിവസം രാവിലെ 10 മുതൽ വൈകുന്നേരം 5 മണി വരെ പ്രവർത്തിയ്ക്കുന്നതിൽനിന്നും വ്യത്യസ്തമായി ആഴ്ചയിൽ 5 പ്രവൃത്തി ദിവസങ്ങളാക്കി മാറ്റാൻ ഏതെങ്കിലും വിധത്തിലുള്ള ചർച്ചകളോ കൂടിയാലോചനകളോ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുമായി ബന്ധപ്പെട്ട ചർച്ചകളോ കൂടിയാലോചനകളോ ആരംഭിച്ചിട്ടില്ല.

## സർക്കാർ ജീവനക്കാർക്ക് പെരുമാറ്റച്ചട്ടം

23 (5215) ശ്രീ. കെ. മുരളീധരൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് പെരുമാറ്റച്ചട്ടം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതുസംബന്ധിച്ച് സംഘടനാ പ്രതിനിധികളുമായി ചർച്ച ചെയ്തിട്ടുണ്ടോ; വിവരിക്കുമോ;

(സി) ചർച്ചയിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് മുഖ്യമന്ത്രി മുന്നോട്ടു വച്ചിട്ടുള്ള തെന്ന് വിശദമാക്കുമോ;

(ഡി) എന്നു മുതൽ പെരുമാറ്റച്ചട്ടം നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങൾ ബാധകമാണ്. പ്രസ്തുത ചട്ടങ്ങളിൽ കാലാകാലങ്ങളിൽ സർക്കാർ ആവശ്യമായ ഭേദഗതികൾ വരുത്താറുണ്ട്. പെരുമാറ്റച്ചട്ടങ്ങൾ നടപ്പിലാക്കുവാനായി യോഗം ചേർന്നിരുന്നില്ല. എന്നാൽ ജനങ്ങൾ ആഗ്രഹിക്കുന്ന തരത്തിലുള്ളതും കാര്യക്ഷമവുമായ ഭരണം കാഴ്ച വയ്ക്കുന്നതിനും സിവിൽ സർവ്വീസ് മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 4-7-2016-ന് സംഘടനാ പ്രതിനിധികളുമായി മുഖ്യമന്ത്രി ചർച്ച നടത്തിയിട്ടുണ്ട്. യോഗത്തിന്റെ മിനുട്സ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

## വൈദ്യുതീകരണം പൂർത്തിയാകാത്തതിനാൽ ഉദ്ഘാടനം ചെയ്യപ്പെടാത്ത സർക്കാർ കെട്ടിടങ്ങൾ

24 (5216) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണം പൂർത്തീകരിച്ചെങ്കിലും വൈദ്യുതീകരണം പൂർത്തിയായിട്ടില്ല എന്ന കാരണത്താൽ എത്ര സർക്കാർ കെട്ടിടങ്ങളുടെ ഉത്ഘാടനം മുടങ്ങിക്കിടക്കുന്നുണ്ട്; വകുപ്പ് തിരിച്ച് വിശദാംശം നൽകുമോ;

(ബി) ഈ പ്രശ്നം പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ എന്തെങ്കിലും തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) നിർമ്മാണം പൂർത്തീകരിച്ചെങ്കിലും വൈദ്യുതീകരണം പൂർത്തിയായിട്ടില്ല എന്ന കാരണത്താൽ ഉദ്ഘാടനം മുടങ്ങിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സിവിൽ പ്രവൃത്തികൾ ഒരു വിധമെങ്കിലും പൂർത്തീകരിച്ച (വാതിലുകളും ജനലുകളും വച്ച്) ശേഷം മാത്രമേ വൈദ്യുതീകരണ ജോലികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ നടന്ന് കൊണ്ടിരിക്കുന്ന സിവിൽ പ്രവൃത്തികൾ ഏകദേശം പൂർത്തിയായവയുടെ വൈദ്യുതീകരണ പ്രവൃത്തികളുടെ തൽസ്ഥിതി അടക്കമുള്ള പട്ടിക അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗം ശാക്തീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ട്. പ്രവൃത്തികൾ പലതും ജില്ലാതലത്തിൽ പൂർത്തിയാകുന്നവയായതുകൊണ്ട് ജില്ലാതലത്തിൽകൂടുതൽ ശ്രദ്ധയും ഏകോപനവും ഉണ്ടാവാൻ നിർദ്ദേശിച്ചിട്ടുണ്ട്. പ്രധാന പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികകളുടെ കേഡർ സ്ട്രെങ്ത്

25 (5217) ഡോ. എൻ. ജയരാജ് :

ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഭരണ വകുപ്പിലെ അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്നീ തസ്തികകളുടെ എൻട്രി കേഡറിലെ സാംങ്ഷൻഡ് സ്ട്രെങ്ത് എത്രയാണ്;

(ബി) പ്രസ്തുത തസ്തികകളുടെ കേഡർ സ്ട്രെങ്ത് അവസാനമായി പുനർ നിർണയിച്ചത് എന്നാണ്; പ്രസ്തുത ഉത്തരവുകൾ ഏതൊക്കെ; പകർപ്പ് ലഭ്യമാക്കാമോ;

(സി) ആയതിനു ശേഷം പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഒരോന്നിലും എത്ര എണ്ണം വീതം സൃഷ്ടിച്ചു; പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ഇത്തരത്തിൽ സൃഷ്ടിച്ച പുതിയ തസ്തികകളിൽ പി.എസ്.സി. നിയമനം നടത്തിയിട്ടുണ്ടോ;

(ഇ) ഇത്തരത്തിൽ സൃഷ്ടിച്ച പുതിയ തസ്തികകൾ കൂടി ഉൾപ്പെടുത്തി കേഡർ സ്ട്രെങ്ത് പുനർനിർണ്ണയിക്കുന്നതിൽ എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ യെന്ന് വ്യക്തമാക്കുമോ; കേഡർ സ്ട്രെങ്ത് പുനർ നിർണ്ണയിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അസിസ്റ്റന്റ് -373

കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II -89

(ബി) അസിസ്റ്റന്റിന്റെ തസ്തികയുടെ കേഡർ സ്ട്രെങ്ത് അവസാനമായി പുനർ നിർണ്ണയിച്ചത് 6-4-2006-ലെ സ.ഉ. (സാധാ) നമ്പർ 2498/2006/പൊഭവ. പ്രകാരമാണ്. പകർപ്പ് അനുബന്ധം* ആയി ചേർത്തിട്ടുണ്ട്. കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയുടെ കേഡർ സ്ട്രെങ്ത് താത്കാലികമായി പുനർനിർണ്ണയിച്ചത് 19-6-2015-ലെ സ.ഉ. (സാധാ) 4560/15/പൊഭവ. പ്രകാരമാണ്. പകർപ്പ് അനുബന്ധം* ആയി ചേർത്തിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഉണ്ട്. 14 സർക്കാർ ഉത്തരവുകളിലൂടെ അസിസ്റ്റന്റിന്റെ 43 തസ്തികകളും കമ്പ്യൂട്ടർ അസിസ്റ്റന്റിന്റെ 1 തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധം* ആയി ചേർത്തിട്ടുണ്ട്.

(ഡി) 1-9-2016-ലെ സ. ഉ. (കൈ)നമ്പർ 131/2016/പൊഭവ. പ്രകാരം സാമൂഹ്യനീതി വകുപ്പിൽ സൃഷ്ടിച്ചിട്ടുള്ള തസ്തികകളൊഴികെ ബാക്കിയെല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) കേഡർ സ്ട്രെങ്ത് പുനർ നിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**ഭിന്നശേഷിയുള്ള ഉദ്യോഗസ്ഥർ**

26 (5218) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിലെ ഭിന്നശേഷിയുള്ള ഉദ്യോഗസ്ഥർക്കായി പ്രൊമോഷൻ സംവരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഭാഗം ഉദ്യോഗസ്ഥർക്ക് പ്രൊമോഷനിൽ സംവരണം ഏർപ്പെടുത്തണം എന്ന നിർദ്ദേശം എവിടെ നിന്നെങ്കിലും ലഭിച്ചിട്ടുണ്ടോ; ഇത് നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംവരണം ചെയ്തിട്ടില്ല. നിലവിലെ സർവ്വീസ് ചട്ടങ്ങളിൽ പ്രൊമോഷന് സംവരണം വ്യവസ്ഥ ചെയ്തിട്ടില്ല.

(ബി) ഇല്ല.

**സർവ്വകലാശാല അസിസ്റ്റന്റ് നിയമനം**

27 (5219) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളിലേക്ക് അസിസ്റ്റന്റ് നിയമനത്തിനായി പി.എസ്.സി. എന്നാണ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തെ ഏതൊക്കെ യൂണിവേഴ്സിറ്റികളുടെ നിയമനങ്ങൾക്കാണ് പ്രസ്തുത ലിസ്റ്റിലെ ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര പേർ ദിവസ വേതനാടിസ്ഥാനത്തിൽ വർക്കിംഗ് അറേഞ്ച്മെന്റ്, ഡെപ്യൂട്ടേഷൻ, കരാർ തുടങ്ങിയ രീതികളിൽ ജോലി നോക്കി വരുന്നുവെന്ന് ഇനം തിരിച്ച് വിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) 10-8-2016-ന് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

(ബി) 1. കേരള സർവ്വകലാശാല

2. കാലിക്കറ്റ് സർവ്വകലാശാല

3. കണ്ണൂർ സർവ്വകലാശാല

4. എം.ജി. സർവ്വകലാശാല

5. കുസാറ്റ്

6. കേരള കാർഷിക സർവ്വകലാശാല

7. കേരള ഫിഷറീസ്-സമുദ്ര പഠന സർവ്വകലാശാല

8. കേരള വെറ്ററിനറി & അനിമൽ സയൻസ് സർവ്വകലാശാല

9. നാഷണൽ യൂണിവേഴ്സിറ്റി ഫോർ അഡ്വാൻസ് ലീഗൽ സ്റ്റഡീസ്

10. കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ്

11. തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല

12. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല.

(സി) കേരള സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല, എം. ജി. സർവ്വകലാശാല, കേരള വെറ്ററിനറി &അനിമൽ സയൻസ് സർവ്വകലാശാല, എ. പി. ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ സർവ്വകലാശാല, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല എന്നീ സർവ്വകലാശാലകളിൽ നിലവിൽ ആരും തന്നെ അസിസ്റ്റന്റ് തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിലും വർക്കിംഗ് അറേഞ്ച്മെന്റ്, ഡെപ്യൂട്ടേഷൻ, കരാർ തുടങ്ങിയ രീതികളിലും ജോലി നോക്കുന്നില്ല.

കണ്ണൂർ സർവ്വകലാശാല-ദിവസവേതനാടിസ്ഥാനത്തിൽ 52 പേർ ജോലി ചെയ്തുവരുന്നു. ഇതിൽ 42 പേർ അനുവദിക്കപ്പെട്ട തസ്തികകൾക്ക് പുറമേയുള്ളവരാണ്.

കേരള കാർഷിക സർവ്വകലാശാല-അസിസ്റ്റന്റ് തസ്തികയിൽ നിലവിൽ 145 പേർ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കിവരുന്നു.

കേരള ഫിഷറീസ്-സമുദ്രപഠന സർവ്വകലാശാല-നിലവിൽ കാലിക്കറ്റ് സർവ്വകലാശാലയിലെ 2 അസിസ്റ്റന്റുമാർ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്തുവരുന്നു.

നുവാൽസ് - 3 പേർ കരാറടിസ്ഥാനത്തിൽ ജോലിനോക്കുന്നു.

കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ് - 31 അസിസ്റ്റന്റുമാർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലിചെയ്തുവരുന്നു.

കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജി - നിലവിൽ അസിസ്റ്റന്റ് തസ്തികയിൽ ഒരാൾ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു.

**പൊതുജനങ്ങളുടെ പരാതി പരിഹാരത്തിന് ഡിജിറ്റൽ സംവിധാനം**

28 (5220) <u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ഓഫീസിൽ പൊതുജനങ്ങളുടെ പരാതികളുടെ പരിഹാരത്തിന് ഡിജിറ്റൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പൊതുജനങ്ങളുടെ പരാതികൾ പരിശോധിക്കാനും പരിഹാരം നിർണ്ണയിക്കാനും എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതുവരെ എത്ര പരാതികളാണ് പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ചത്; അതിൽ എത്ര പരാതികൾക്കാണ് പരിഹാരം കണ്ടത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. മുഖ്യമന്ത്രിക്ക് നേരിട്ട് ലഭിക്കുന്ന പരാതികളും തപാൽ മുഖേന വരുന്ന പരാതികളും അപേക്ഷകളും ഇലക്ട്രോണിക്കായി കൈകാര്യം ചെയ്യുന്നതിന് പുതിയ സോഫ്റ്റ് വെയർ മുഖേനയുള്ള സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. പരാതികളും അപേക്ഷകളും സ്വീകരിക്കുന്നതിന് ഡാറ്റാ എൻട്രി ചെയ്യുന്നതിനും പത്ത് കൗണ്ടറുകളുള്ള പ്രത്യേക സംവിധാനം സെക്രട്ടേറിയറ്റിൽ തുടങ്ങിയിട്ടുണ്ട്. ഇവിടെ പരാതികളും അനുബന്ധരേഖകളും സ്കാൻ ചെയ്ത് സോഫ്റ്റ്വെയറിന്റെ വിവരശേഖരത്തിൽ ചേർക്കുന്നു. തുടർന്ന്

പരാതികളുടെ സ്കാൻ ചെയ്ത കോപ്പി മുഖ്യമന്ത്രിയുടെ ഉത്തരവോ നിർദ്ദേശമോ ഉൾപ്പെടുത്തി ഓൺലൈനായിത്തന്നെ ബന്ധപ്പെട്ട സെക്രട്ടറിയേറ്റ് വകുപ്പുകളിലേയ്ക്കോ, വകുപ്പ് മേധാവികൾക്കോ, ജില്ലാ കളക്ടർക്കോ അയച്ചു കൊടുക്കുന്നു. ലഭിക്കുന്ന പരാതികളുടെ സ്വഭാവം അനുസരിച്ച് 13 വിഭാഗങ്ങളിലായി തരംതിരിക്കുന്നതിന് സോഫ്റ്റ് വെയറിൽ സംവിധാനം ഒരുക്കിയിട്ടുണ്ട്. ബന്ധപ്പെട്ട ഓഫീസുകളിൽ ഇവ പരിശോധിച്ച് മേൽനടപടി സ്വീകരിച്ച് ഓൺലൈനായോ തപാൽ മുഖേനയോ റിപ്പാർട്ടുകൾ തിരികെ അയയ്ക്കുന്നതിനും സംവിധാനം ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്ക് നേരിട്ടും, ഓൺലൈനായും പരാതികൾ സമർപ്പിക്കാം. cmo.kerala.gov.in എന്ന വെബ്സൈറ്റിൽ പേര് രജിസ്റ്റർ ചെയ്തശേഷം നിർദ്ദിഷ്ട ഫോറം വഴി പരാതികൾ നൽകാവുന്നതാണ്.

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായത്തിനുള്ള അപേക്ഷകൾ ഒഴികെ 26-5-2016 മുതൽ 26-10-2016 വരെ ആകെ 37340 പരാതികൾ ലഭിച്ചിട്ടുണ്ട്. അതിൽ നാളിതുവരെ 30081 പരാതികൾ പരിഹാരത്തിനായി മേൽനടപടിക്ക് അയച്ചു കൊടുത്തിട്ടുണ്ട്.

## കേന്ദ്രസർക്കാർ മുമ്പാകെ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ

29 (5222) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വികസനത്തിനായി കേന്ദ്രസർക്കാർ മുമ്പാകെ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ എന്തൊക്കെയാണ്; അതിനോടുള്ള കേന്ദ്രപ്രതികരണം വ്യക്തമാക്കുമോ;

(ബി) സംസ്ഥാന സർക്കാർ ഉന്നയിച്ച ഏതെങ്കിലും ആവശ്യം കേന്ദ്ര സർക്കാർ ഇതിനകം നടപ്പിലാക്കുകയോ, നിരസിക്കുകയോ ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി കേരളസർക്കാർ ഉന്നയിച്ച പ്രധാന ആവശ്യങ്ങൾ അനുബന്ധമായി* ചേർക്കുന്നു. ട്രെയിൻ യാത്രക്കാരുടെ സുരക്ഷയ്ക്ക് ഏറ്റവും ഉയർന്ന പരിഗണന നൽകിവരുന്നതായി റെയിൽവേ അധികാരികൾ അറിയിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഡോ. എം.എ. ഉമ്മൻ കമ്മിറ്റി

30 (5223) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2009-ൽ ഡോ.എം. എ. ഉമ്മൻ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്റ്റാറ്റിസ്റ്റിക്കൽ സെൽ രൂപീകരിക്കുവാനുള്ള നടപടി സ്വീകരിക്കുമോ;

(സി) മലപ്പുറം ജില്ലയിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് തസ്തികയിൽ ഒഴിവുകൾ ഉണ്ടായിട്ടും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ എത്തിയതിന് ശേഷം മലപ്പുറം ജില്ലയിൽ എൽ.ഡി.സി. നിയമനവുമായി ബന്ധപ്പെട്ട് എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തു; പി.എസ്.സി. യിലേക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 2007-ന് മുൻപുള്ള പത്ത് വർഷക്കാലത്തെ വികേന്ദ്രീകരണാസൂത്രണം, വികസനം എന്നിവ വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്കായി രൂപീകരിച്ച ഡോ. എം.എ. ഉമ്മൻ കമ്മിറ്റി 2009-ൽ സമർപ്പിച്ച റിപ്പോർട്ടിൽ, ജോലിഭാരം സംബന്ധിച്ച് വിശദമായി കണക്കാക്കി തെരഞ്ഞെടുക്കപ്പെട്ട വിഷയങ്ങളിൽ പ്രാഥമിക വിവര ശേഖരണത്തിനായി സ്റ്റാറ്റിസ്റ്റിക്കൽ ഉദ്യോഗസ്ഥനെ ഓരോ പഞ്ചായത്തിലും ഒന്നുവീതവും മുൻസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ ആവശ്യാനുസരണവും നിയമിക്കേണ്ട ആവശ്യമുണ്ടെന്ന് സൂചിപ്പിക്കുകയും ആയതിന് 1219 സ്റ്റാറ്റിസ്റ്റിക്കൽ തസ്തികകൾ ആവശ്യമായി വരുമെന്ന് ടി കമ്മിറ്റി മുമ്പാകെ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് ഡയറക്ടർ സമർപ്പിച്ചിരുന്ന കുറിപ്പിൽ വ്യക്തമാക്കിയിരുന്നുവെന്നും പരാമർശിക്കുന്നുണ്ട്. സംസ്ഥാന പ്ലാനിംഗ് ബോർഡ് ഒരു സ്റ്റഡിഗ്രൂപ്പ് രൂപീകരിച്ച് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലും വിവിധ വകുപ്പുകളിലെ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റിലും ഒരു വർക്ക് സ്റ്റഡി

നടത്തി വർക്ക് ലോഡിന് ആനുപാതികമായുള്ള തസ്തികകൾ കണക്കാക്കി അധികമായി കണ്ടെത്തുന്ന ജീവനക്കാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് ആവശ്യമായി വരുന്ന പുതുതായി നിർദ്ദേശിക്കപ്പെട്ട തസ്തികകളിലേയ്ക്ക് പുനർവിന്യസിക്കുന്നതിനാണ് ടി കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ളത്.

(സി) ഇല്ല.

(ഡി) 109 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഹാഡ പദ്ധതി**

31 (T*5224) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര വികസന ഏജൻസി (ഹാഡ) യുടെ പദ്ധതി പ്രകാരം പത്തനംതിട്ട ജില്ലയിൽ ഏതൊക്കെ പ്രവൃത്തികളാണ് നടത്തിയിട്ടുള്ളത്; ഇപ്പോൾ പുതുതായി എന്തൊക്കെ പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) ഇതിനായുള്ള പ്രൊപ്പോസലുകൾ ആര് മുഖേനയാണ് സമർപ്പിക്കേണ്ടതെന്ന് വ്യക്തമാക്കാമോ;

(സി) റാന്നിയിൽ ഹാഡയുടെ പദ്ധതികൾ എന്തൊക്കെയാണെന്നും ഇതിനായി എത്ര രൂപ ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവരം അനുബന്ധ*മായി ചേർക്കുന്നു.

(ബി) ബന്ധപ്പെട്ട എം.എൽ.എ. മാർ മുഖേന മലയോര വികസന ഏജൻസിയുടെ ചെയർമാന് പ്രൊപ്പോസലുകൾ സമർപ്പിക്കണം.

(സി) മലയോര വികസന ഏജൻസിയുടെ പ്രവർത്തന പരിധിയിൽ റാന്നി നിയോജകമണ്ഡലത്തിലെ ഒരു പഞ്ചായത്തും നിലവിൽ ഉൾപ്പെടുന്നില്ല.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പതിമൂന്നാം പഞ്ചവത്സര പദ്ധതി**

32 (5225) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പതിമൂന്നാം പഞ്ചവത്സര പദ്ധതി തയ്യാറാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) എത്ര തുകയുടെ പദ്ധതിയാണ് വിഭാവനം ചെയ്യുന്നത്; ഈ തുക എങ്ങനെ സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത്; പദ്ധതി രൂപീകരണത്തിനും നടത്തിപ്പിനും ഏർപ്പെടുത്താനുദ്ദേശിക്കുന്ന സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ കൂടുതൽ പരിഗണനയും പ്രാധാന്യവും നൽകാനുദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പതിമൂന്നാം പഞ്ചവത്സരപദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടികൾ ഇതിനകം ആരംഭിച്ചു കഴിഞ്ഞു. ഇതിന്റെ ഭാഗമായി സംസ്ഥാന ആസൂത്രണ ബോർഡിൽ വിവിധ മേഖലകൾ/ഉപ മേഖലകളിലായി 43 കർമ്മ സമിതികൾക്ക് രൂപം നൽകുകയും ഈ സമിതികളുടെ യോഗം നടന്നുവരികയും ചെയ്യുന്നു. ഇവയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാവും പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നത്. സംസ്ഥാനത്തിന്റെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ സമീപനരേഖ (Approach paper) പുറത്തിറക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷമായ 2017-18 വാർഷിക പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. വാർഷിക പദ്ധതിയിൽ വിവിധ വകുപ്പുകൾക്ക് അടങ്കൽ തുക നിർദ്ദേശിക്കുന്നതിനായി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ, വിവിധ പ്രൊഫോർമകൾ എന്നിവ ഇതിനകം നൽകി കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ഭാഗമായി വകുപ്പു മേധാവികൾ, ഗവൺമെന്റ് സെക്രട്ടറിമാർ, മന്ത്രിമാർ എന്നിവരുമായുള്ള ചർച്ചകൾ ഒക്ടോബർ, നവംബർ മാസങ്ങളിൽ നടക്കുന്നതാണ്. വാർഷിക പദ്ധതി 2017-18-ന്റെ പദ്ധതി രേഖ ഫെബ്രുവരി 2017-ന് പുറത്തിറങ്ങുന്നതിനും പതിമൂന്നാം പഞ്ചവൽസര പദ്ധതിയുടെ പദ്ധതിരേഖ 2017-18-ന്റെ ആദ്യ പാദത്തിൽ തന്നെ പുറത്തിറക്കുന്നതിനും ലക്ഷ്യമിടുന്നു.

(ബി&സി) പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ കർമ്മസമിതികളുടെ റിപ്പോർട്ട്, സമീപന രേഖ എന്നിവയ്ക്ക് അന്തിമ രൂപം നൽകി അംഗീകരിച്ചശേഷം

മാത്രമാണ് പൊതുരേഖയായി പ്രസിദ്ധീകരിക്കുന്നത്. പദ്ധതി തുകയുടെ അടങ്കൽ, സമാഹരണം, നടത്തിപ്പ് എന്നിവ സംബന്ധിച്ച് രൂപരേഖ തയ്യാറാക്കി വരുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ സമീപന രേഖയുടെ കരട് അന്തിമ ഘട്ടത്തിലാണ്.

## വിദ്യാഭ്യാസ വായ്പ

33 (5226) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പ എടുത്ത് പഠിച്ച വിദ്യാർത്ഥികൾക്ക് ജോലി ലഭിക്കാത്തതു മൂലം വായ്പ കുടിശ്ശിക ഉണ്ടാകുമ്പോൾ ബാങ്കുകൾ ജപ്തി നടപടികൾ സ്വീകരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വകാര്യ ഏജൻസികൾ മുഖേന വായ്പ എടുത്ത് കുടിശ്ശിക വരുത്തിയവരെ ഭീഷണിപ്പെടുത്തുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ലോൺ കുടിശ്ശിക തീർത്ത വിദ്യാർത്ഥികൾക്ക് 'സിബിൽ സ്കോർ' റിമാർക്ക് ഉള്ളതിനാൽ ബാങ്ക് ജോലിക്ക് അപേക്ഷിക്കുവാൻ സാധിക്കുന്നില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഇടപെട്ട് ആവശ്യമായ പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) വിദ്യാഭ്യാസ വായ്പ എടുത്തു പഠിച്ച് ജോലി ലഭിക്കാത്തതുമൂലം വായ്പ കുടിശ്ശിക ആകുന്ന അക്കൗണ്ടുകളിൽ, പരമാവധി അനുവദനീയമായ കാലാവധി നീട്ടിക്കൊടുത്ത ശേഷം മാത്രമേ റിക്കവറി നടപടികൾ സ്വീകരിക്കാറുള്ളൂ. അങ്ങനെയുള്ള കേസുകളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ നിയമാനുസൃതമായ ഇളവുകൾ കൊടുത്ത്, വായ്പ അടച്ചു തീർക്കുവാനും ബാങ്കുകൾ അവസരം നൽകുന്നതാണ്.

(ബി) പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി&ഡി) ഇക്കാര്യം പരിശോധിച്ചു വരുന്നു.

**കൃഷിഭൂമിയുടെ വിവരം**

34 (T* 5227) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മൊത്തം കൃഷിഭൂമി എത്രയാണ്; ഇതിൽ ദീർഘകാല വിളകളായ തെങ്ങ്, കാപ്പി, തേയില, കുരുമുളക്, ജാതി, ഏലം, കവുങ്ങ് തുടങ്ങിയ വിളകളുടെ കഴിഞ്ഞ 40 വർഷത്തെ (1976-2016) ഭൂവിസ്തൃതി, മൊത്ത ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ ക്രോഡീകരിച്ച് ലഭ്യമാക്കുമോ;

(ബി) ഹ്രസ്വകാല വിളകളായ നെല്ല്, പച്ചക്കറി, പയറുവർഗ്ഗങ്ങൾ, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ് എന്നീ വിളകളുടെ കഴിഞ്ഞ 40 വർഷത്തെ (1976-2016) ഭൂവിസ്തൃതി, മൊത്തം ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ ക്രോഡീകരിച്ച് ലഭ്യമാക്കുമോ;

(സി) മൊത്തം കൃഷി ഭൂമിയിൽ കൃഷി ചെയ്യുന്നത്, കൃഷിക്ക് ഉപയുക്തമായതും എന്നാൽ കൃഷിചെയ്യാത്തതും, പൂർണ്ണമായും കൃഷിക്ക് ഉപയുക്തമല്ലാത്തത്, ജലസേചന സൗകര്യം പൂർണ്ണമായും ലഭ്യമല്ലാത്തത് എന്നിവയുടെ കഴിഞ്ഞ 40 വർഷത്തെ (1976-2016) ജില്ലാടിസ്ഥാനത്തിൽ ക്രോഡീകരിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 'കാർഷിക സ്ഥിതി വിവര കണക്ക് 2014-15' പ്രകാരം കൃഷി ഭൂമി 21,98,298 ഹെക്ടറാണ്. ക്രോഡീകരിച്ച വിവരങ്ങൾ അനുബന്ധം* ആയി ചേർക്കുന്നു.

(ബി) നെല്ല്, പച്ചക്കറി, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ് എന്നീ വിളകളുടെ ക്രോഡീകരിച്ച വിവരങ്ങൾ അനുബന്ധം* ആയി ചേർക്കുന്നു. പയറു വർഗ്ഗങ്ങളെ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു

(സി) വിവരം ശേഖരിച്ചു വരുന്നു.

**സി.ആർ.ഇസെഡ്. നിയമത്തിൽ ഇളവ്**

35 (5228) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തീരദേശത്തും കനോലി കനാലിന്റെ തീരത്തും താമസിച്ച് വരുന്ന പാവപ്പെട്ടവർക്ക് മറ്റിടങ്ങളിൽ സ്വന്തമായി ഭൂമി ഇല്ലാത്ത പക്ഷം വീട് പുതുക്കി പണിയുന്നതിന് സി.ആർ.ഇസെഡ്. നിയമത്തിൽ ഇളവ് നൽകുന്നതിന് നടപടി സ്വീകരിക്കാമോ?

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

തീരദേശത്തും, കനോലി കനാലിന്റെ തീരത്തും താമസിച്ച് വരുന്നവരുടെ അംഗീകൃത ഭവനങ്ങൾ (1991 ഫെബ്രുവരി 19-ന മുൻപ് നിർമ്മിച്ചവ) അതേ തറ വിസ്തീർണ്ണത്തിൽ പുനർ നിർമ്മിക്കുന്നതിന് നിലവിലുള്ള തീരദേശ നിയന്ത്രണ വിജ്ഞാപനം പ്രകാരം അനുമതി നൽകുന്നതിന് വ്യവസ്ഥയുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ ഇളവുകൾ അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**സിസ്റ്റെഡിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ**

36 (5229) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സയൻസ് ആന്റ് ടെക്നോളജി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സിസ്റ്റെഡിലെ (CSTED) ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച് നിലവിലുള്ള 30/A1 തീയതി 22-7-2016 നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ബഹു. കേരള ഹൈക്കോടതി ഉത്തരവിനനുസൃതമായി ജീവനക്കാർക്ക് ശമ്പളമോ മറ്റ് ആനുകൂല്യങ്ങളോ ലഭിക്കാത്ത പ്രശ്നം പരിഹരിച്ച് അടിയന്തരമായി ശമ്പളവും ആനുകൂല്യങ്ങളും നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പരാതിക്കാരായ ജീവനക്കാരെ സിസ്റ്റെഡിന്റെ റഗുലർ ജീവനക്കാരായി പരിഗണിക്കണമെന്നാണ് ബഹു. ഹൈക്കോടതി വിധിച്ചിരിക്കുന്നത്. അതനുസരിച്ച് അവർക്ക് ശമ്പളകുടിശ്ശികയും മറ്റ് ആനുകൂല്യങ്ങളും നല്കാനും പ്രസ്തുത കോടതി വിധിയിൽ ഉത്തരവായിട്ടുണ്ട്. സ്വന്തമായി വരുമാനമാർഗ്ഗം കണ്ടെത്തി നടത്തിവരുന്ന സൊസൈറ്റിയാണ് സിസ്റ്റെഡ്. പ്രസ്തുത സ്ഥാപനം സർക്കാർ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനമല്ല. 2012 മുതൽ കാര്യമായ പ്രവർത്തനങ്ങൾ നടക്കാത്തതുമൂലം സിസ്റ്റെഡ് സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ ജീവനക്കാരുടെ വേതന വ്യവസ്ഥകൾ നടപ്പിലാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. സർക്കാർ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനമല്ലാത്തതിനാൽ കോടതി ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ബാധ്യത സിസ്റ്റെഡിനാണ്.

(സി) സിസ്റ്റെഡിന്റെ ധനലഭ്യതയ്ക്കനുസരിച്ച് ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതാണ്.

## ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ നിയമനങ്ങൾ

37 (5230) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജെ.എൻ.റ്റി.ബി.ജി.&ആർ.ഐ.യിൽ 2003-ന് ശേഷം എത്ര താത്ക്കാലിക/കരാർ/ദിവസ വേതന ജീവനക്കാർക്ക് സ്ഥിര നിയമനം നൽകിയിട്ടുണ്ട്; വിശദാംശം വിഭാഗം തിരിച്ച് നൽകാമോ;

(ബി) കരാർ കാലയളവിൽ ജോലി ചെയ്തിരുന്ന തസ്തികയിലാണോ സ്ഥിര നിയമനം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിക്കാതെ പുതിയ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ;

(ഡി) ലാബുകളിലും പ്രോജക്റ്റുകളിലും ജോലി ചെയ്തു വന്നിരുന്നവരെ ഓഫീസ് തസ്തികയിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകളിലാണ് സ്ഥിരപ്പെടുത്തിയത്; ഇതിന് അനുബന്ധമായ ചട്ടങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഇ) ജെ.എൻ.റ്റി.ബി.ജി. & ആർ.ഐ-യിൽ 2006-ന് ശേഷം എത്ര തസ്തികകളിൽ പുനഃക്രമീകരണം നടത്തിയിട്ടുണ്ടെന്നും അവയിൽ ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(എഫ്) ധനകാര്യ വകുപ്പിന്റെ അനുമതി ലഭിക്കാതെ പുനഃക്രമീകരണത്തിലൂടെ സൃഷ്ടിക്കപ്പെട്ട തസ്തികകൾ ഏതെല്ലാമെന്ന് അറിയിക്കുമോ;

(ജി) പ്രസ്തുത സ്ഥാപനത്തിൽ 2003-ന് ശേഷം ഓഫീസ് അസിസ്റ്റന്റായും, റെക്കോർഡ് കീപ്പറായും ജോലി ചെയ്ത് വരുന്നവർ സ്ഥിരനിയമനം ലഭിക്കുന്നതിന് തൊട്ടുമുൻപ് ഏതു തസ്തികയിലാണ് ജോലി ചെയ്തിരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 19 താത്കാലിക ജീവനക്കാർക്ക് കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും, ജെ.എൻ.റ്റി.ബി.ജി. &ആർ.ഐ.-യും സ്ഥിര നിയമനം നൽകിയിട്ടുണ്ട്. പ്രസ്തുത നിയമനത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടില്ല. തസ്തികകളുടെ വിശദാംശം അനുബന്ധമായി * ചേർക്കുന്നു.

(സി) ഇല്ല.

(ഡി) ശാസ്ത്ര സാങ്കേതിക കൗൺസിലിന്റെ ഉത്തരവ് പ്രകാരം അസിസ്റ്റന്റ്, റെക്കോർഡ് കീപ്പർ എന്നീ തസ്തികകളിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. ഇതിന് ചട്ടങ്ങൾ നിലവിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) 6 ടൈപ്പിസ്റ്റ് തസ്തിക പുനഃക്രമീകരിച്ച് 3 അസിസ്റ്റന്റ് തസ്തിക സൃഷ്ടിച്ചതിന് ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

(എഫ്) 2 ലാബ് അസിസ്റ്റന്റ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പ്രസ്തുത തസ്തികകൾക്ക് ധനകാര്യ വകുപ്പിന്റെ അനുമതി ലഭ്യമായിട്ടില്ല.

(ജി) അസിസ്റ്റന്റ്, ലാബ് അസിസ്റ്റന്റ്, സ്കിൽഡ് വർക്കർ എന്നീ തസ്തികകളിലാണ് ജോലി ചെയ്തിരുന്നത്.

## സി.ഡി.പി.ഒ. റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

38 (5231) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 40/2011 പ്രകാരം 4-8-2015-ന് നിലവിൽവന്ന സി.ഡി.പി.ഒ. റാങ്ക് ലിസ്റ്റിൽ നിന്ന് ഇത് വരെ എത്രപേരെ നിയമിച്ചിട്ടുണ്ട്;

(ബി) റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനത്തിന് ശിപാർശ ചെയ്തതിൽ എത്ര എൻ.ജെ.ഡി. ഒഴിവുകൾ നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) ഈ എൻ.ജെ.ഡി. ഒഴിവിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തുമോ?

ഉത്തരം

(എ) 4-8-2015-ൽ നിലവിൽ വന്ന സി.ഡി.പി.ഒ. റാങ്ക് ലിസ്റ്റ് പ്രകാരം 48 പേരെ നിയമിച്ചിട്ടുണ്ട്. ഇതിൽ നാളിതുവരെ റിപ്പോർട്ട് ചെയ്ത എൻ.ജെ.ഡി. ഒഴിവുകളും ഉൾപ്പെട്ടിട്ടുണ്ട്.

(ബി) 5 എൻ.ജെ.ഡി. ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) റാങ്ക് ലിസ്റ്റിന്റെ കാലാവധിയ്ക്കുള്ളിൽ വരുന്ന എൻ.ജെ.ഡി. ഒഴിവുകളിൽ പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

## പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ

39 (5232) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പി.എസ്.സി. ആസ്ഥാന ഓഫീസിലും ജില്ലാ ഓഫീസുകളിലും ആയി എത്ര പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ട്; പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ എത്ര ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകുമോ; റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പി.എസ്.സി.യിൽ അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. പി.എസ്.സി. റാങ്ക് പട്ടിക നിലവിലുള്ള, എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ വകുപ്പദ്ധ്യക്ഷൻമാർക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) നിലവിൽ പരിഗണനയിലില്ല.

**യൂണിവേഴ്സിറ്റി അസിസ്റ്റന്റ് തസ്തിക**

40 (5233) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂണിവേഴ്സിറ്റി അസിസ്റ്റന്റ് തസ്തികയിലേക്ക് പി. എസ്. സി. റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര ഒഴിവുകളാണ് പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും നിലവിൽ എത്ര പേർക്ക് അഡ്വൈസ് നൽകിയെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എത്രയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

10-8-2016-ൽ പ്രാബല്യത്തിൽ വന്നു.

(ബി) 725 ഒഴിവുകൾ റിപ്പോർട്ട് ചെയ്തു. നിലവിൽ 610 ഒഴിവുകൾക്ക് നിയമന ശിപാർശ നൽകി.

(സി) റാങ്ക് ലിസ്റ്റിന്റെ കാലാവധി ഏറ്റവും കുറഞ്ഞത് ഒരു വർഷവും കൂടിയത് മൂന്ന് വർഷവുമാണ്. ഒരു വർഷത്തിനുശേഷം പുതിയ ഒരു റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നപക്ഷം നിലവിലെ ലിസ്റ്റിന്റെ പ്രാബല്യം ഇല്ലാതാവുന്നതാണ്.

**സർവ്വകലാശാലകളിലെ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തിക**

41 (5234) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർവ്വകലാശാലകളിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ എത്ര ഒഴിവുകളാണുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഒഴിവുകൾ ഏതൊക്കെ സർവ്വകലാശാലകളിലാണെന്ന് വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും, റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ എത്രയെന്നും വ്യക്തമാക്കുമോ;

(സി) അടുത്ത രണ്ട് വർഷത്തിനുള്ളിൽ ഓഫീസ് സൂപ്രണ്ട്, സെലക്ഷൻ ഗ്രേഡ് കമ്പ്യൂട്ടർ അസിസ്റ്റന്റ് സീനിയർ ഗ്രേഡ് കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്നീ തസ്തികകളിൽ നിന്ന് എത്ര ഉദ്യോഗസ്ഥർ വിരമിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിവിധ സർവ്വകലാശാലകളിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ 256 ഒഴിവുകളുണ്ട്.

1. കേരള സർവ്വകലാശാല-കേരള സർവ്വകലാശാലയിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തിക നിലവിലില്ല. L.D Typist തസ്തികയിൽ 36 ഒഴിവുകളുണ്ട്.

2. കാലിക്കറ്റ് സർവ്വകലാശാല- കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ 14 ഒഴിവുകൾ ഉണ്ട്.

3. കണ്ണൂർ സർവ്വകലാശാല-നിലവിലുള്ള ടൈപ്പിസ്റ്റ് കം സ്റ്റെനോഗ്രാഫർ തസ്തിക പുനഃപരിവർത്തനം ചെയ്ത് കമ്പ്യൂട്ടർ അസിസ്റ്റന്റ്, സ്റ്റെനോഗ്രാഫർ തസ്തികകളാക്കുന്ന പ്രക്രിയ നടന്നു വരികയാണ്. ഇതിന് ശേഷമേ ഒഴിവുകൾ നിർണ്ണയിച്ച്, പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ കഴിയുകയുള്ളൂ.

4. എം.ജി. സർവ്വകലാശാല-കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ 62 ഒഴിവുകൾ ഉണ്ട്.

5. കുസാറ്റ് - കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ 21 ഒഴിവുകൾ നിലവിൽ ഉണ്ട്.

6. കേരള കാർഷിക സർവ്വകലാശാല- കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ 98 ഒഴിവുകൾ നിലവിൽ ഉണ്ട്.

7. കേരള ഫിഷറീസ്-സമുദ്ര പഠന സർവ്വകലാശാല-കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ 5 ഒഴിവുകൾ ഉണ്ട്.

8. കേരള വെറ്ററിനറി &അനിമൽ സയൻസ് സർവ്വകലാശാല-കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ 20 ഒഴിവുകൾ ഉണ്ട്.

9. നുവാൽസ്- കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തിക നിലവിലില്ല.

10. എ. പി. ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ സർവ്വകലാശാല-കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കപ്പെട്ടില്ല.

11. കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ്-കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടില്ല.

12. തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല-കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തിക സ്ഥിരാടിസ്ഥാനത്തിൽ അനുവദിച്ചിട്ടില്ല.

13. ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല-കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ നിലവിൽ ഒഴിവുകൾ ഇല്ല.

(ബി) 1. കേരള സർവ്വകലാശാല-ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

2. കാലിക്കറ്റ് സർവ്വകലാശാല -എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. കണ്ണൂർ സർവ്വകലാശാല- നിലവിൽ റിപ്പോർട്ട് ചെയ്തിട്ടില്ല.

4. എം.ജി. സർവ്വകലാശാല-61 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 1 ഒഴിവ് റിപ്പോർട്ട് ചെയ്യാനുണ്ട്.

5. കുസാറ്റ് - 21 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. കേരള കാർഷിക സർവ്വകലാശാല- 24 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 74 ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ട്.

7. കേരള ഫിഷറീസ്-സമുദ്ര പഠന സർവ്വകലാശാല-എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

8. കേരള വെറ്ററിനറി & അനിമൽ സയൻസ് സർവ്വകലാശാല-20 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

9. നുവാൽസ്- തസ്തിക സൃഷ്ടിച്ചിട്ടില്ല

10. എ. പി. ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ സർവ്വകലാശാല-തസ്തിക സൃഷ്ടിച്ചിട്ടില്ല.

11. കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ്-തസ്തിക സൃഷ്ടിച്ചിട്ടില്ല.

12. തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല-തസ്തിക സൃഷ്ടിച്ചിട്ടില്ല.

13. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല- നിലവിൽ ഒഴിവുകൾ ഇല്ല.

(സി) 1. കേരള സർവ്വകലാശാല-അടുത്ത രണ്ട് വർഷത്തിനുള്ളിൽ 13 പേർ വിരമിക്കുന്നു.

2. കാലിക്കറ്റ് സർവ്വകലാശാല-2017-ൽ പ്രസ്തുത തസ്തികയിൽ നിന്നും 1 ആൾ വിരമിക്കുന്നുണ്ട്. 2018-ൽ വിരമിക്കുന്നവരുടെ എണ്ണം കണക്കാക്കപ്പെട്ടിട്ടില്ല.

3. കണ്ണൂർ സർവ്വകലാശാല-ആരും തന്നെ വിരമിക്കുന്നില്ല.

4. എം.ജി. സർവ്വകലാശാല-15 ഓളം ഉദ്യോഗസ്ഥർ വിരമിക്കുമെന്ന് കണക്കാക്കപ്പെടുന്നു.

5. കുസാറ്റ്-ഓഫീസ് സൂപ്രണ്ട് -1, കമ്പ്യൂട്ടർ അസിസ്റ്റന്റ് സെലക്ഷൻ ഗ്രേഡ് -1.

6. കേരള കാർഷിക സർവ്വകലാശാല-പ്രസ്തുത തസ്തികകളിൽ 2016-ൽ ഒന്നും 2017-ൽ 7-ഉം 2018- ൽ 2-ഉം ഉദ്യോഗസ്ഥർ വിരമിക്കുന്നു.

7. കേരള ഫിഷറീസ് -സമുദ്രപഠന സർവ്വകലാശാല-2017-ൽ ഒന്നും 2018-ൽ ഒന്നും ഓഫീസ് സൂപ്രണ്ടുമാർ വിരമിക്കുന്നു.

8. കേരള വെറ്ററിനറി & അനിമൽ സയൻസ് സർവ്വകലാശാല-ഓഫീസ് സൂപ്രണ്ട് വിഭാഗത്തിൽ 2 പേർ വിരമിക്കുന്നു.

9. നുവാൽസ് - തസ്തിക സൃഷ്ടിച്ചിട്ടില്ല.

10. എ. പി. ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ സർവ്വകലാശാല-തസ്തിക സൃഷ്ടിച്ചിട്ടില്ല.

11. കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ് - തസ്തിക സൃഷ്ടിച്ചിട്ടില്ല.

12. തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല -തസ്തിക സൃഷ്ടിച്ചിട്ടില്ല.

13. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല-ഓഫീസ് സൂപ്രണ്ട് തസ്തികയിൽ നിന്ന് ഒരാൾ വിരമിക്കും.

**വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് - II നിയമനം**

42 (5235) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-II നിയമനത്തിനായി പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ ഈ റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നതെന്നും കാലാവധി എന്ന് അവസാനിക്കുമെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്ന് ഇതുവരെ എത്ര പേരെ നിയമിച്ചുവെന്ന് ജനറൽ, സംവരണ വിഭാഗങ്ങൾ തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികയിലേക്ക് അവസാനമായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തുവെന്നും അവയിൽ നിയമന ശിപാർശ ചെയ്തിട്ടുള്ളവ എത്രയെന്നും പേരും മേൽവിലാസവും സഹിതം വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

12-04-2016-ന് ലിസ്റ്റ് നിലവിൽ വന്നു. ഈ റാങ്ക് ലിസ്റ്റിന്റെ ഏറ്റവും കുറഞ്ഞ കാലാവധി ഒരു വർഷവും പരമാവധി 3 വർഷവുമാണ്. ഒരു വർഷത്തിനുശേഷം ഇതേ തസ്തികയിലേയ്ക്ക് പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന സാഹചര്യത്തിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതാണ്.

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്ന് ഇതുവരെ 11 പേരെ നിയമിച്ചു. ഒ.സി.-7, ഒ.ബി.സി.-4.

(സി) 18-8-2016-ന് റിപ്പോർട്ട് ചെയ്ത 31 എൻ.ജെ.ഡി. ഒഴിവുകളിലേയ്ക്കും നിയമന ശിപാർശ ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

## ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ്- II റാങ്ക് ലിസ്റ്റ്

43 (5236) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് -II റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത റാങ്ക് ലിസ്റ്റിൽ എത്ര പേരാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും ഈ ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രസ്തുത തസ്തികയിലുള്ള എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) റിപ്പോർട്ട് ചെയ്ത എല്ലാ ഒഴിവുകളിലേയ്ക്കും നിയമന ശിപാർശ നൽകിയിട്ടുണ്ടോ; അവരിൽ എത്ര പേർ സർവ്വീസിൽ പ്രവേശിച്ചിട്ടുണ്ടെന്നും എത്ര എൻ.ജെ.ഡി. വേക്കൻസികൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്നും അറിയിക്കുമോ;

(ഡി) ദീർഘകാലത്തിന് ശേഷമുണ്ടായ റാങ്ക് ലിസ്റ്റായതിനാൽ റാങ്ക് ലിസ്റ്റിന്റെ കാലാവധി ആറുമാസത്തേക്കു കൂടി ദീർഘിപ്പിച്ച് നൽകാനും പരമാവധി പേർക്ക് നിയമനം നൽകാനുമായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) മറുപടി അനുബന്ധമായി* ചേർക്കുന്നു.

(ഡി) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മുനിസിപ്പൽ കോമൺ സർവ്വീസിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - II തസ്തികയിലേയ്ക്കുള്ള നിയമനം

44 (5237) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 2014, 2015 വർഷങ്ങളിൽ 571/2014, 137/2015 എന്നീ കാറ്റഗറി നമ്പരുകളിൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - II തസ്തികയിലെ നിയമനത്തിന് എസ്.എസ്.എൽ.സി. വിജയവും സാനിറ്ററി ഇൻസ്പെക്ടർ സർട്ടിഫിക്കറ്റും മാത്രമാണ് യോഗ്യതയായി ആവശ്യപ്പെട്ടിരുന്നതെങ്കിലും ഈ തസ്തികയിൽ ഡിപ്ലോമക്കാരെയും ഉൾപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) സർട്ടിഫിക്കറ്റ് കോഴ്സ് പഠിച്ച് ദീർഘകാലമായി ജോലിക്കായി കാത്തിരിക്കുന്ന ഉദ്യോഗാർത്ഥികളെ അവഗണിച്ച്കൊണ്ട് പി.എസ്.സി. ഇത്തരം ഒരു നിലപാട് സ്വീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ തസ്തികയിൽ ആരോഗ്യവകുപ്പിൽ എല്ലാ വർഷവും ഡിപ്ലോമക്കാർക്കായി അവസരങ്ങൾ ലഭിക്കുമ്പോൾ, മുനിസിപ്പൽ കോമൺ സർവ്വീസിൽ സാനിറ്ററി ഇൻസ്പെക്ടർ സർട്ടിഫിക്കറ്റ് കോഴ്സ് കഴിഞ്ഞവർക്ക് 9 വർഷത്തിനുശേഷം മാത്രമാണ് അവസരം ലഭിച്ചിരിക്കുന്നത് എന്ന വസ്തുത കണക്കിലെടുത്ത് ടി തസ്തികയിൽ പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ ആവശ്യപ്പെട്ട യോഗ്യതയുള്ളവരെ മാത്രം ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കേരള സർക്കാരിന്റെ ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസിന്റെ കീഴിൽ നടത്തുന്ന രണ്ട് വർഷത്തെ ഡിപ്ലോമാ ഇൻ ഹെൽത്ത് ഇൻസ്പെക്ടേഴ്സ് കോഴ്സ് യോഗ്യത മുനിസിപ്പൽ കോമൺ സർവ്വീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയുടെ തെരഞ്ഞെടുപ്പിന് പരിഗണിക്കുവാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തിരുമാനിച്ചിട്ടുണ്ട്. ഒരു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സുകളുടെ ഉയർന്ന യോഗ്യതയായി കണക്കാക്കി ആയിരുന്നു പ്രസ്തുത തീരുമാനം.

(ബി) ഇക്കാര്യത്തിൽ പി.എസ്.സി. കൈക്കൊണ്ട തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഈ വിഷയം കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിലുള്ള വിഷയമാണ്. പ്രസ്തുത കേസ്സിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രതിസ്ഥാനത്താണ്. കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീഡ്യുവർ പ്രകാരം ഒരു തസ്തികയുടെ നിയമനത്തിന് വിജ്ഞാപനം

പുറപ്പെടുവിക്കുക, റാങ്ക് ലിസ്റ്റ് തയ്യാറാക്കുക, അഡ്വൈസ് ചെയ്യുക എന്നിവയെല്ലാം ഭരണഘടനാ സ്ഥാപനമായ പി.എസ്.സി.-യുടെ അധികാര പരിധിയിൽ വരുന്ന വിഷയമാണ്. അതിനാൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തുന്നതിൽ സർക്കാർ ഇടപെടുന്നത് ഉചിതമല്ല.

### ഫാർമസിസ്റ്റ് ഗ്രേഡ് - II തസ്തിക

45 (5238) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ ഇൻഷ്വറൻസ് സർവ്വീസ് വകുപ്പിൽ ഫാർമസിസ്റ്റ് ഗ്രേഡ് - II തസ്തികയിലേക്ക് നിയമനത്തിന് പി.എസ്.സി. വിജ്ഞാപനം ക്ഷണിച്ചിരുന്നത് എന്നാണ്;

(ബി) പരീക്ഷയ്ക്ക് ശേഷം പ്രസ്തുത നിയമനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിരുന്നു;

(സി) പ്രസ്തുത നിയമനത്തിനുള്ള അന്തിമ പട്ടിക പ്രസിദ്ധീകരിച്ചോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 29-12-2015-ൽ

(ബി&സി) ഫാർമസിസ്റ്റ് ഗ്രേഡ് - II തസ്തികയുടെ പരീക്ഷ നടത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ഡി) തിരുവനന്തപുരം-1
കൊല്ലം-3
എറണാകുളം-1
തൃശ്ശൂർ-1
കോഴിക്കോട്-1

### ദേശീയോദ്ഗ്രഥന സമിതി

46 (5239) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയോദ്ഗ്രഥനത്തിനായി കേന്ദ്ര സർക്കാർ തലത്തിൽ പ്രവർത്തിക്കുന്ന സമിതി ഏതാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സമിതിയുടെ അദ്ധ്യക്ഷനും അംഗങ്ങളും ആരെല്ലാമാണെന്ന് അറിയിക്കുമോ;

(സി) ദേശീയോദ്ഗ്രഥന സമിതി യോഗത്തിൽ സംസ്ഥാന മുഖ്യമന്ത്രിമാർക്കുള്ള അവകാശങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഏറ്റവും ഒടുവിൽ പ്രസ്തുത സമിതിയോഗം ചേർന്നത് എന്നാണെന്നും ആ യോഗത്തിന്റെ മുഖ്യ വിഷയം എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ദേശീയോദ്ഗ്രഥന സമിതി (National Integration Council) യാണ് കേന്ദ്ര സർക്കാർ തലത്തിൽ ദേശീയോദ്ഗ്രഥനത്തിനായി പ്രവർത്തിക്കുന്ന സമിതി.

(ബി&സി) ബഹു. പ്രധാനമന്ത്രി അദ്ധ്യക്ഷനായ ദേശീയോദ്ഗ്രഥന സമിതിയിൽ കേന്ദ്രകാബിനറ്റ് മന്ത്രിമാർ, ലോകസഭയിലേയും രാജ്യസഭയിലേയും പ്രതിപക്ഷനേതാക്കൾ, സംസ്ഥാനങ്ങളിലേയും കേന്ദ്രഭരണ പ്രദേശങ്ങളിലേയും മുഖ്യമന്ത്രിമാർ, കേന്ദ്ര സംസ്ഥാന രാഷ്ട്രീയ പാർട്ടികളുടെ നേതാക്കൾ, കേന്ദ്ര കമ്മീഷനുകളിലെ ചെയർപേഴ്സൺമാർ, പത്രപ്രവർത്തകർ, മറ്റു വ്യക്തികൾ എന്നിവരെയാണ് അംഗങ്ങളായി ഉൾക്കൊള്ളിച്ചിട്ടുള്ളത്. 16-ാം സമിതിയിൽ ആകെ 148 അംഗങ്ങളാണ് ഉണ്ടായിരുന്നത്.

(ഡി) ദേശീയോദ്ഗ്രഥന സമിതി അവസാനയോഗം ചേർന്നത് 23-9-2013 തീയതിയിലാണ്. മതസൗഹാർദ്ദം, മതസ്പർദ്ധ ഒഴിവാക്കുന്നതിനുള്ള നടപടികൾ, സ്ത്രീ സുരക്ഷ, പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് നേരെയുള്ള കുറ്റകൃത്യങ്ങൾ തടയൽ, ഈ വിഭാഗത്തിനുവേണ്ടിയുള്ള വികസന പദ്ധതികൾ നടപ്പാക്കൽ, സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടേയും സഹകരണത്തോടെ വിവിധ വിഭാഗങ്ങൾ തമ്മിലുള്ള സംഘർഷം ഒഴിവാക്കുന്നതിനുള്ള നടപടികൾ തുടങ്ങിയവയായിരുന്നു 16-ാം ദേശീയോദ്ഗ്രഥനസമിതി യോഗത്തിന്റെ മുഖ്യവിഷയങ്ങൾ.

**സെർട്ട് - കേരള**

47 (5240) <u>ശ്രീ. കെ. ആൻസലൻ</u> :
<u>ശ്രീ. കെ. ബാബു</u> :
<u>ശ്രീ. വി. അബ്ദുറഹിമാൻ</u> :
<u>ശ്രീ. കെ.ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ ടെക്നോളജി മേഖലയിലെ സെക്യൂരിറ്റി സംബന്ധമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് 'സെർട്ട്-കേരള' (CERT-K) എന്ന സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) 'സെർട്ട്-കേരള'യുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ വെബ്സൈറ്റുകളുടെ സുരക്ഷാ പാളിച്ചകൾ കണ്ടു പിടിക്കുന്നതിനും അതിനു വേണ്ട സുരക്ഷാ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും എന്തെല്ലാം മാർഗ്ഗങ്ങളാണ് പ്രസ്തുത സംവിധാനത്തിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 'സെർട്ട് - കേരള'- യുടെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

- സുരക്ഷ ഓഡിറ്റിംഗ് : സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ ഹോസ്റ്റ് ചെയ്തിട്ടുള്ളതും പുതുതായി വികസിപ്പിച്ചതുമായ സർക്കാർ വെബ്സൈറ്റുകളുടെ സുരക്ഷാ പാളിച്ചകൾ കണ്ടെത്തി അവ നീക്കം ചെയ്യുന്നതിനാവശ്യമായ സുരക്ഷാ മാർഗ്ഗങ്ങൾ നൽകി വെബ്സൈറ്റുകളെ പ്രവർത്തനസജ്ജമാക്കുക. നിലവിലുള്ള വെബ്സൈറ്റുകളുടെ സമയാനുസൃതമായ സുരക്ഷാ ഓഡിറ്റിംഗ് നടത്തുക. കേരള സർക്കാർ വെബ്സൈറ്റുകളിൽ ഉണ്ടാകുന്ന ഹാക്കിംഗ് ശ്രമങ്ങൾ വിശകലനം ചെയ്ത് വെബ്സൈറ്റുകളെ സുരക്ഷിതമാക്കുക.
- വിവിധ സർക്കാർ ഉദ്യോഗസ്ഥർക്ക് സൈബർ സുരക്ഷാഭീക്ഷണികളെക്കുറിച്ചും അവയുടെ പരിണിതഫലങ്ങളെക്കുറിച്ചും ബോധവത്കരണവും പരിശീലനവും നൽകുക.
- സർക്കാർ വിവരം സുരക്ഷിതമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഉൾക്കൊള്ളുന്ന നയത്തിന്റെ രൂപീകരണത്തിൽ പങ്ക് വഹിക്കുക.
- സർക്കാർ വെബ്സൈറ്റുകളിൽ ഉണ്ടാകുന്ന ഹാക്കിംഗ് ശ്രമങ്ങൾ വിശകലനം ചെയ്ത് അവലോകന റിപ്പാർട്ടും ലോഗ്സും 'സെർട്ട് -ഇന്ത്യ'-യ്ക്ക് സമർപ്പിക്കുക.

(സി) പുതിയ സർക്കാർ വെബ്സൈറ്റുകൾ സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ ഹോസ്റ്റ് ചെയ്യുന്നതിനായി മുൻകൂർ സുരക്ഷാ ഓഡിറ്റിംഗ് നിർബന്ധമാക്കിയിട്ടുണ്ട്. നിലവിലുള്ള സർക്കാർ വെബ്സൈറ്റുകൾ രണ്ടു വർഷത്തിൽ ഒരിക്കലോ അഥവാ എന്തെങ്കിലും മാറ്റങ്ങൾ വരുത്തുന്ന മുറയ്ക്കോ സുരക്ഷാ ഓഡിറ്റിംഗിന് വിധേയമാക്കുന്നുണ്ട്. സൈബർ സുരക്ഷാ ഭീക്ഷണി നേരിടാൻ സാധ്യതയുള്ളതും കാലപ്പഴക്കം വന്നതുമായ സോഫ്റ്റ്വെയറുകൾ പുതുക്കി അവ കുറ്റമറ്റതാക്കുവാനുള്ള നിർദ്ദേശങ്ങൾ യഥാസമയം നല്കിവരുന്നുണ്ട്.

## എല്ലാ വകുപ്പുകളിലും ഇ-ഗവേണൻസ്

48 (5241) ശ്രീ. എം. സ്വരാജ് :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

എല്ലാ വകുപ്പുകളിലും ഇ-ഗവേണൻസ് സമയബന്ധിതമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഇ-ഗവേണൻസ് പദ്ധതികൾ ഡിജിറ്റൽ കേരള ഉദ്യമത്തിന് കീഴിൽ ഉൾപ്പെടുത്തി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇ-ഗവേണൻസ് നടപ്പാക്കുന്നതിനായി സംസ്ഥാന ഡാറ്റ സെന്റർ, സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്വർക്ക്, വീഡിയോ കോൺഫറൻസ് മുതലായ അടിസ്ഥാന സൗകര്യങ്ങൾ നിലവിലുണ്ട്. നോഡൽ ഏജൻസിയായ കേരള ഐ.ടി.മിഷൻ ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിനാവശ്യമായ കൺസൾട്ടൻസി സേവനങ്ങളും നൽകി വരുന്നു.

ഇ-ഗവേണൻസ് കാര്യക്ഷമമായി നടപ്പാക്കുന്നതിന്റെ ഭാഗമായി സർക്കാർ ഉദ്യോഗസ്ഥരുടെ ഐ.ടി. പ്രാഗൽഭ്യം വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം നടത്തിവരുന്നു. കൂടാതെ, സർക്കാർ തലത്തിൽ വിവരസാങ്കേതികവിദ്യയുടെ വ്യാപനം ത്വരിതപ്പെടുത്തുന്നതിനുവേണ്ടി തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി വെർച്വൽ ഐ.ടി.കേഡർ രൂപീകരിച്ചിട്ടുണ്ട്.

കൂടാതെ, വിവിധ ഇ-ഗവേണൻസ് ആപ്ലിക്കേഷനുകൾ സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു ഏകീകൃത എം-ഗവേണൻസ് മൊബൈൽ ആപ്ലിക്കേഷൻ സംസ്ഥാന ഐ.ടി. മിഷൻ വഴി വികസിപ്പിച്ചുവരുന്നു.

എല്ലാ വകുപ്പുകളും വിവിധ തലങ്ങളിൽ ഇ-ഗവേണൻസ് ആപ്ലിക്കേഷനുകൾ ഉപയോഗിക്കുന്നുണ്ട്. ഇ-ഗവേണൻസ് പദ്ധതികളുടെ കാര്യക്ഷമമായ നിർവ്വഹണത്തിനായി വകുപ്പുതല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ കീഴിലുള്ള പദ്ധതികൾ, അതാത് വകുപ്പുകൾ തന്നെയാണ് നിർവ്വഹണ നിയന്ത്രണം നടത്തുന്നത്. ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിനാവശ്യമായ നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനായി മുഖ്യമന്ത്രി തലവനായിട്ടുള്ള സ്റ്റിയറിംഗ് കമ്മിറ്റിയും, ചീഫ് സെക്രട്ടറി തലവനായിട്ടുള്ള അപ്പെക്സ് കമ്മിറ്റിയും നിലവിലുണ്ട്.

## കോഴിക്കോട് സൈബർ പാർക്ക്

49 (5242) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൈബർ പാർക്കിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനം ഏതു ഘട്ടത്തിലാണ്;

(ബി) പുതിയ കെട്ടിടത്തിന്റെ അലോട്ട്മെന്റ് ആരംഭിച്ചിട്ടുണ്ടോ;

(സി) ഏതൊക്കെ കമ്പനികളാണ് സൈബർ പാർക്കിൽ വരുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കോഴിക്കോട് സൈബർപാർക്കിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനം അവസാന ഘട്ടത്തിലാണ്. ഇതിലെ പ്രധാന ഘടകമായ 7 നില കെട്ടിടം ഡിസംബറിൽ ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് കരുതുന്നു.

(ബി) ഉണ്ട്.

(സി) മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ നടന്നുവരുന്നു. പുതിയ കെട്ടിടത്തിൽ ഇതിനകം ആറ് ഐ.ടി. കമ്പനികൾ ഏകദേശം 30,000 ച.അടി സ്ഥലം ബുക്ക് ചെയ്തിട്ടുണ്ട്. ലീസ് എഗ്രിമെന്റ് ആകുന്ന മുറയ്ക്ക് മാത്രമേ കമ്പനികളുടെ വിശദ വിവരങ്ങൾ വെളിപ്പെടുത്താൻ കഴിയുകയുള്ളൂ.

## ഡിജിറ്റൽ ഇന്ത്യ പബ്ലിക് ഇന്റർനെറ്റ് അക്സസ് പ്രോഗ്രാം

50 (5243) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ ഇന്ത്യ പബ്ളിക്ക് ഇന്റർനെറ്റ് അക്സസ് പ്രോഗ്രാം എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ സംസ്ഥാനത്തെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ, ലഭിച്ച തുക, വിനിയോഗിച്ച തുക എന്നിവയുടെ കണക്കു സഹിതം ജില്ലാ അടിസ്ഥാനത്തിൽ വിശദീകരിക്കാമോ;

(ബി) ഈ പദ്ധതിയിൻ കീഴിൽ സംസ്ഥാനത്ത് ഈ വർഷം നടപ്പിലാക്കാൻ പോകുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും ഈ വർഷത്തെ കേന്ദ്ര-സംസ്ഥാന വിഹിതം എത്രയാണെന്നും നാളിതുവരെ എത്ര രൂപ വിനിയോഗിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**മരണമടയുന്ന സൈനികരുടെ ആശ്രിതർക്ക് പ്രഖ്യാപിക്കുന്ന വാഗ്ദാനങ്ങൾ**

51 (5245) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈനിക സേവനത്തിലിരിക്കെ ഭീകരാക്രമണങ്ങളിലും അല്ലാതെയും മരണമടയുന്ന സൈനികരുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാർ പ്രഖ്യാപിക്കുന്ന വാഗ്ദാനങ്ങൾ യഥാസമയം പാലിക്കപ്പെടുന്നുണ്ടോ എന്ന കാര്യം സർക്കാർ വിലയിരുത്താറുണ്ടോ;

(ബി) ഇത്തരത്തിൽ പ്രഖ്യാപിച്ചിട്ടുള്ള സഹായങ്ങൾ പൂർണ്ണമായി നാളിതുവരെ നൽകിയിട്ടില്ലാത്ത എത്ര കേസുകൾ നിലവിലുണ്ടെന്നും ഏതെല്ലാം തരത്തിലുള്ള വാഗ്ദാനങ്ങളാണ് പാലിക്കപ്പെടാനുള്ളതെന്നും ജില്ല തിരിച്ചും ഇനം തിരിച്ചുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത്തരം കേസുകളിൽ നൽകുന്ന എല്ലാതരം വാഗ്ദാനങ്ങളും സമയബന്ധിതമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സൈനിക സേവനത്തിലിരിക്കെ ഭീകരാക്രമണങ്ങളിലും അല്ലാതെയും മരണമടയുന്ന സൈനികരുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള, സൈനിക ക്ഷേമ വകുപ്പ് മുഖാന്തിരം വിതരണം ചെയ്യുന്ന, ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) i. മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമനിധിയിൽ നിന്നുള്ള സാമ്പത്തിക സഹായത്തിനായി സമർപ്പിച്ചിട്ടുള്ള 02 അപേക്ഷകൾ നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്.

1. ശ്രീമതി ഷീജ കെ.
   W/o. late Nb Sub പ്രദീപ്. കെ. വി. (കണ്ണൂർ)
2. ശ്രീമതി സിന്ധു. എസ്. ആർ.
   W/o. late SI. ജി. ജയചന്ദ്രൻ (തിരുവനന്തപുരം)

ii. ധീരതാപുരസ്കാര ജേതാക്കൾക്കുള്ള ഗ്രാന്റിനായി സമർപ്പിച്ചിട്ടുള്ള 02 അപേക്ഷകൾ നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്.

1. ശ്രീമതി പ്രഭായിനി റ്റി. പി.
   W/o. late വിഷ്ണു. പി. ഉണ്ണി,
   സേനാമെഡൽ (പാലക്കാട്).
2. ശ്രീമതി ബീനാ ജോജൻ തോമസ്,
   W/o. late കേണൽ ജോജൻ തോമസ്,
   അശോക് ചക്ര (പത്തനംതിട്ട).

iii. ആശ്രിതനിയമനം നൽകുന്നതിനായി നിലവിലെ സർക്കാർ ഉത്തരവിന്റെ പരിധിയിൽപ്പെടുന്ന 04 അപേക്ഷകൾ സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

1. ശ്രീമതി ഷീജ. കെ
   W/o. late Nb Sub പ്രദീപ്. കെ. വി. (കണ്ണൂർ).
2. ശ്രീമതി സാല്യമോൾ.പി
   W/o.late L/Nk.സുധീഷ് ബി. (കൊല്ലം).
3. ശ്രീമതി സൗമ്യ. ആർ. എസ്.
   W/o. late LEM (P) ലിജു ലാറൻസ് (തിരുവനന്തപുരം).
4. ശ്രീമതി നീതു വർഗ്ഗീസ്
   Sister of late Spr നയ്ജോ വർഗ്ഗീസ് (കണ്ണൂർ).

(സി) സൈനിക സേവനത്തിലിരിക്കെ ഭീകരാക്രമണങ്ങളിലും അല്ലാതെയും മരണമടയുന്ന സൈനികരുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാർ പ്രഖ്യാപിക്കുന്ന എല്ലാ വാഗ്ദാനങ്ങളും യഥാസമയം പാലിക്കുവാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

## ചികിത്സാ ധനസഹായം

52 (5246) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കടുത്തുരുത്തി എം.എൽ.എ.യുടെ ശിപാർശ പ്രകാരം എത്ര പേർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമല്ല എന്ന പറയുന്നത് പുതിയ സോഫ്റ്റ് വെയറിലെ തകരാറാണെങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പുതിയ സോഫ്റ്റ്‌വെയർ ഡെവലപ്മെന്റിലെ പോരായ്മകൾ മനസ്സിലാക്കി പഴയ സോഫ്റ്റ്‌വെയറായ ഐഡിയാസ് (Ideas)-ന്റെ നവീകരിച്ച രൂപം തയ്യാറാക്കാൻ ശ്രമിക്കുമോ;

(ഡി) എം.എൽ.എ.മാർ, എം.പി.മാർ എന്നിവരെ ഒഴിവാക്കി ധനസഹായ വിതരണം നൽകുന്നതിനുള്ള പ്രത്യേക സർക്കാർ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(ഇ) ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം അനുവദിക്കുന്നതിന് മാനദണ്ഡം നിശ്ചയിച്ചുകൊണ്ട് ഈ സർക്കാർ എത്ര ഉത്തരവുകൾ പുറത്തിറക്കിയിട്ടുണ്ട്; പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) 29-4-2015-ലെ ജി.ഒ. (ആർറ്റി.) 2248/15/റവന്യൂ നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം* ആയി ചേർക്കുന്നു.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അത്തരം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള പരിധി ഉയർത്തി 3-9-2016-ലെ സ.ഉ. (കയ്യെഴുത്ത്) നമ്പർ 492/16/റവ.പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധം* ആയി ചേർക്കുന്നു.

**ചികിത്സാ ധനസഹായം**

53 (5247) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ 2011-16 കാലഘട്ടത്തിൽ ചികിത്സാ ധനസഹായമായി എത്ര തുക അനുവദിച്ച് ഉത്തരവായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അനുവദിച്ച തുക മുഴുവൻ വ്യക്തികൾക്ക് ലഭ്യമാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) ഇല്ലെങ്കിൽ എത്ര പേർക്ക് ഇനിയും തുക ലഭ്യമാക്കാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഇവർക്ക് അടിയന്തരമായി പ്രസ്തുത തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-ഡി) മണ്ഡലം തിരിച്ചുള്ള കണക്ക് സൂക്ഷിക്കാറില്ല. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായത്തിനുള്ള അപേക്ഷകളിൻമേൽ അടിയന്തരമായി നടപടി സ്വീകരിച്ച് ധനസഹായം നൽകി വരുന്നുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ദുരിതാശ്വാസ നിധി

54 (5248) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ പള്ളുരുത്തി പൈപ്പ് ലൈൻ റോഡിൽ പുത്തൻ പറമ്പിൽ വീട്ടിൽ ഷംസുവിന്റെ മകൻ ഷിഹാസ് അപകടത്തിൽ മരണമടഞ്ഞതിനെ തുടർന്ന് ദുരിതാശ്വാസനിധിയിൽനിന്നും തുക അനുവദിച്ച് കിട്ടുന്നതിനായി 15-2-2016-ൽ സമർപ്പിച്ച അപേക്ഷയിന്മേൽ തുക അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) എറണാകുളം ജില്ലയിലെ പള്ളുരുത്തി പൈപ്പ് ലൈൻ റോഡിൽ പുത്തൻ പറമ്പിൽ വീട്ടിൽ ശ്രീ. ഷംസുവിന്റെ മകൻ അപകടത്തിൽ മരണമടഞ്ഞതിനെത്തുടർന്ന് ദുരിതാശ്വാസനിധിയിൽ നിന്നും തുക അനുവദിച്ച് കിട്ടുന്നതിനായി സമർപ്പിച്ചതായി പറയുന്ന അപേക്ഷ റവന്യൂ വകുപ്പിൽ ലഭിച്ചതായി കാണുന്നില്ല. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ശ്രീ. ഷംസുവിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്ന കാര്യം പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

55 (5249) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായം ലഭിക്കുന്നതിനായി അപേക്ഷിച്ചവരുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇപ്രകാരം എത്ര തുക അനുവദിച്ചുവെന്ന് വിശദമാക്കുമോ;

<u>ഉത്തരം</u>

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സെപ്തംബർ 15 വരെ ഏകദേശം 28,300 ഓളം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 14 ജില്ലകളിലായി 20815 പേർക്ക് 33,04,87,646 രൂപ (മുപ്പത്തിമൂന്ന് കോടി നാല് ലക്ഷത്തി എൺപത്തേഴായിരത്തി അറുനൂറ്റി നാൽപ്പത്താറ് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

## കരിപ്പൂർ വിമാനത്താവള വികസനം

56 (5250) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിപ്പൂർ വിമാനത്താവള വികസനവുമായി ബന്ധപ്പെട്ട് എത്ര കുടുംബങ്ങളെയാണ് കുടിയൊഴിപ്പിക്കുന്നത്;

(ബി) കുടിയൊഴിപ്പിക്കുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവള വികസനത്തിനായുള്ള ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് സർവ്വെ നടപടികൾ പൂർത്തിയാകാത്തതു കൊണ്ട് കുടിയൊഴിപ്പിക്കേണ്ട കുടുംബങ്ങളെപ്പറ്റിയുള്ള വിവരം ലഭ്യമായിട്ടില്ല. 485.3 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയും അർത്ഥനാധികാരിയെ നിയമിച്ചും സാമൂഹ്യ പ്രത്യാഘാത പഠനത്തിന് ഏജൻസിയെ ചുമതലപ്പെടുത്തിയും ഡയറക്ട് പർച്ചേസിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയും 24-10-2016-ൽ സ.ഉ.(കൈ)നമ്പർ 66/2016 ഗതാ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## കൊച്ചി മെട്രോ റെയിൽ

57 (5251) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ റെയിൽ എന്ന് കമ്മീഷൻ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ;

(ബി) മെട്രോ മാതൃകയിൽ 'ലൈറ്റ് മെട്രോ' എവിടെയെല്ലാം തുടങ്ങുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്; ആയതിന്റെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദവിവരം നൽകുമോ;

(സി) 'ലൈറ്റ് മെട്രോ'യുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് മുതൽ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആലുവ മുതൽ പാലാരിവട്ടം വരെയുള്ള റീച്ച് വൺ, 2017 ഏപ്രിൽ മാസം കമ്മീഷൻ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. പ്രവർത്തന പുരോഗതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. ആലുവ മുതൽ പാലാരിവട്ടം വരെയുള്ള ഒന്നാം റീച്ചിലെ വയഡക്ടിന്റെ 100 ശതമാനവും ട്രാക്കിന്റെ 96 ശതമാനവും, വൈദ്യുതീകരണത്തിന്റെ 65 ശതമാനവും പൂർത്തീകരിച്ചു കഴിഞ്ഞു.

2. ഈ റീച്ചിലെ സ്റ്റേഷനുകളുടെ കോൺക്രീറ്റ് സ്ട്രക്ച്ചർ 100 ശതമാനവും, പ്ലാറ്റ്ഫോം, മേൽക്കൂര എന്നിവയുടെ 78 ശതമാനവും പൂർത്തിയായിക്കഴിഞ്ഞു.

3. മുട്ടം ഡിപ്പോയിലെ സബ്സ്റ്റേഷൻ ചാർജ്ജ് ചെയ്തു കഴിഞ്ഞു.

4. ആർ.ഡി.എസ്.ഒ. ട്രയൽ റൺ പൂർത്തീകരിച്ചു.

5. നിർമ്മാണം പൂർത്തിയാക്കിയ രണ്ട് ട്രെയിനുകൾ ഡിപ്പോയിൽ എത്തിക്കഴിഞ്ഞു. ബാക്കി ട്രെയിനുകളുടെ നിർമ്മാണ പ്രവൃത്തികൾ ഫാക്ടറിയിൽ പുരോഗമിക്കുകയാണ്.

6. ഈ റീച്ചിലേക്കു വേണ്ടതായ മറ്റു പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയും.

(ബി) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലാണ് ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്. തിരുവനന്തപുരം നഗരത്തിൽ ടെക്നോസിറ്റി മുതൽ കരമന (21.821 കി.മീ., 19 സ്റ്റേഷനുകൾ) വരെയും കോഴിക്കോട് നഗരത്തിൽ മെഡിക്കൽ കോളേജ് മുതൽ മീഞ്ചന്ത (13.33 കി.മീ., 14 സ്റ്റേഷനുകൾ) വരെയുമാണ് ഡി.പി.ആർ. പ്രകാരം ലൈറ്റ് മെട്രോ വിഭാവനം ചെയ്തിരിക്കുന്നത്. സംസ്ഥാന സർക്കാർ അനുമതി നല്കിയ പദ്ധതിരേഖ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരിക്കുകയാണ്. പദ്ധതിയുടെ ഇടക്കാല കൺസൾട്ടന്റായി ഡി.എം.ആർ.സി.യെ നിയമിക്കുകയുണ്ടായി. ലൈറ്റ് മെട്രോ ഡിപ്പോ/യാർഡ് നിർമ്മാണങ്ങൾക്കായി തിരുവനന്തപുരത്ത് 19.54.716 ഏക്കർ സർക്കാർ ഭൂമിയും കോഴിക്കോട് 8.2819 ഹെക്ടർ സർക്കാർ ഭൂമിയും കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷന് അനുവദിച്ച് കഴിഞ്ഞു. ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ച് തിരുവനന്തപുരത്ത് ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നിവിടങ്ങളിൽ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനും അതിനാവശ്യമായ സ്ഥലമെടുപ്പിനും ഭരണാനുമതി നൽകി കഴിഞ്ഞു. ലൈറ്റ് മെട്രോ സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി കോഴിക്കോട് 1.4474 ഹെക്ടർ സ്വകാര്യ ഭൂമിയും, തിരുവനന്തപുരത്ത് 1.9893 ഹെക്ടർ സ്വകാര്യ ഭൂമിയും, ഏറ്റെടുക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്. സ്ഥലമെടുപ്പിനുള്ള വിശദാംശങ്ങൾ അതാതത് ജില്ലാ കളക്ടർമാർക്ക് കൈമാറിക്കഴിഞ്ഞു.

(സി) കേന്ദ്രാനുമതി ലഭ്യമായ ശേഷം ലൈറ്റ് മെട്രോ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. പ്രാരംഭ നടപടികൾ പുരോഗമിച്ചുവരുന്നു.

## കാവേരി ജലത്തിലെ സംസ്ഥാന വിഹിതം

58 (T* 5252) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. കെ. എം. ഷാജി :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവേരി ജലത്തിലെ സംസ്ഥാന വിഹിതം ഉപയോഗപ്പെടുത്താൻ ഏതൊക്കെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇതു സംബന്ധിച്ച ട്രൈബ്യൂണൽ തീരുമാനം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് നിന്ന് ഉത്ഭവിച്ച് അന്യ സംസ്ഥാനങ്ങളിലേക്ക് ഒഴുകുന്ന നദികളിൽ നിന്ന് സംസ്ഥാനത്തിന് മൊത്തം ലഭിക്കുന്ന വെള്ളത്തിന്റെ അളവ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) കാരാപ്പുഴ പദ്ധതി, ബാണാസുര സാഗർ പദ്ധതി, ചെങ്കല്ലാർ സ്കീമിലെ പട്ടിശ്ശേരി ഡാം, കബനി സബ് ബേസിനിലെ വയനാട് ജില്ലയിൽ 3 ചെക്ക് ഡാമുകൾ, പാമ്പാർ സബ് ബേസിനിലെ ഇടുക്കി ജില്ലയിലെ കാന്തല്ലൂർ പഞ്ചായത്തിലെ സൂക്ഷ്മ ജലസേചന പ്രവൃത്തികൾ, ഭവാനി ബേസിനിലെ പാലക്കാട് ജില്ലയിൽ അട്ടപ്പാടിയിൽ 4 ചെക്ക് ഡാം, 6 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ എന്നീ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

(ബി) കബനി, ഭവാനി, പാമ്പാർ എന്നീ കാവേരി സബ് ബേസിനുകളിൽ വിവിധ പദ്ധതികൾക്കായി കാവേരി ട്രിബ്യൂണൽ അവാർഡ് പ്രകാരം കേരളത്തിന് കബനി ബേസിനിൽ -21 ടി.എം.സി. യും, ഭവാനി ബേസിനിൽ -6 ടി.എം.സി യും, പാമ്പാർ ബേസിനിൽ -3 ടി.എം.സി. യും ജലം അനുവദിച്ചിട്ടുണ്ട്.

(സി) കേരളത്തിലെ പശ്ചിമഘട്ടത്തിൽ നിന്നും ഉത്ഭവിച്ച് വയനാട്ടിലൂടെ ഒഴുകി കർണ്ണാടകയിലേയ്ക്ക് ഒഴുകുന്ന കാവേരി പോഷക നദിയായ കബനിയിൽ നിന്ന് കേരളത്തിന് 96 ടി.എം.സി.യുടെ വാർഷിക ജലലഭ്യതയുണ്ട്. കേരളത്തിലെ പശ്ചിമഘട്ടത്തിൽ നിന്ന് (ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ) ഉത്ഭവിച്ച് തമിഴ് നാട്ടിലേക്ക് ഒഴുകുന്ന കാവേരിയുടെ പോഷക നദിയായ പാമ്പാറിൽ നിന്നും കേരളത്തിന് 15 ടി.എം.സി.യുടെ വാർഷിക ജല ലഭ്യതയുണ്ട്. കൂടാതെ തമിഴ് നാട്ടിൽ നിന്ന് ഉത്ഭവിച്ച് കേരളത്തിലൂടെ ഒഴുകി വീണ്ടും തമിഴ് നാട്ടിലേക്ക് ഒഴുകുന്ന കാവേരിയുടെ പോഷക നദിയായ ഭവാനിയിൽ നിന്നും കേരളത്തിന് 36 ടി.എം.സി.യുടെ വാർഷിക ജലലഭ്യതയുണ്ട്.

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

**അന്തർ സംസ്ഥാന നദീജലക്കരാർ**

59 (5253) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാടുമായുള്ള അന്തർ സംസ്ഥാന നദീജലക്കരാറിന്റെ ലംഘനങ്ങളിലൂടെ സംസ്ഥാനത്തിന് കോടിക്കണക്കിന് രൂപയുടെ നഷ്ടം ഉണ്ടായിട്ടുള്ളതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ തുടർ നഷ്ടം ഒഴിവാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) കരാർ ലംഘനങ്ങൾ മുഖേന ഇതേവരെയുണ്ടായിട്ടുള്ള നഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സമ്പൂർണ്ണ വിവര ശേഖരണത്തിനും, പരിഹാര നിർദ്ദേശങ്ങൾക്കും കമ്മീഷനെ നിയോഗിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. വിവിധ കാലയളവുകളിൽ പറമ്പിക്കുളം ആളിയാർ പദ്ധതിയിൽ തമിഴ്നാട് നടത്തിയ കരാർ വ്യവസ്ഥാലംഘനങ്ങൾ കാരണം പ്രധാനമായും വൈദ്യുതോല്പാദനരംഗത്തും കാർഷികമേഖലയിലും സാരമായ നഷ്ടമുണ്ടായിട്ടുണ്ട്.

(ബി) പറമ്പിക്കുളം ആളിയാർ പദ്ധതിയിൽ തമിഴ്നാട് നടത്തിയ കരാർ വ്യവസ്ഥാലംഘനങ്ങളെല്ലാം തന്നെ ഉദ്യോഗസ്ഥ തലത്തിലും സർക്കാർ തലത്തിലും കേരളം യഥാസമയം തമിഴ്നാടിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മുൻപ് നടത്തിയ കരാർ പുനരവലോകന ചർച്ചകളിലും കേരളം ഇക്കാര്യം ശക്തമായി ഉന്നയിച്ചിരുന്നു. നിലവിലെ കരാറിൽ, കരാർ ലംഘനങ്ങൾക്കെതിരായി നഷ്ടപരിഹാരം ലഭ്യമാക്കുവാനുള്ള വ്യവസ്ഥയില്ല.

എന്നാൽ 2012-13 ജലവർഷത്തിൽ തമിഴ്നാടിന്റെ പി.എ.പി. കരാർ വ്യവസ്ഥാലംഘനങ്ങൾക്കെതിരെ 16-4-2013-ന് ബഹു. സുപ്രീം കോടതിയിൽ ഒരു അസ്സൽ അന്യായവും (2 ഓഫ് 2013), ഒരു ഇടക്കാല ഹർജിയും (1 ഓഫ് 2013), ഫയൽ ചെയ്യുകയുണ്ടായി. ഈ ഹർജിയിൽ വൈദ്യുതോല്പാദന രംഗത്തും കാർഷികമേഖലയിലുമായി കേരളത്തിന് ഉണ്ടായ നഷ്ടം കണക്കാക്കി ആകെ 56,12,22,548 രൂപ നഷ്ടപരിഹാരമായി ആവശ്യപ്പെട്ടിട്ടുണ്ട്. കേസിന്റെ തുടർ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

(സി) 2012-13 ജല വർഷത്തിൽ പി.എ.പി. കരാർ ലംഘനങ്ങളുടെ അടിസ്ഥാനത്തിൽ കണക്കാക്കിയ കേരളത്തിനുണ്ടായ 56,12,22,548 രൂപയുടെ നഷ്ടമല്ലാതെ കരാർ ലംഘനങ്ങൾ മുഖേന ഇതേവരെയുണ്ടായിട്ടുള്ള മൊത്തം നഷ്ടം എത്രയെന്ന് കൃത്യമായി കണക്കാക്കിയിട്ടില്ല. ആയത് കണക്കാക്കി നഷ്ടപരിഹാരം നേടിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**പറമ്പിക്കുളം-ആളിയാർ പദ്ധതി**

60 (T* 5254) ശ്രീ. പി. ഉണ്ണി :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽ നിന്നും കേരളത്തിന് ജലം നൽകിയത് സംബന്ധിച്ച് സംയുക്ത ജലക്രമീകരണ സമിതിയോഗം വിളിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കരാറുമായി ബന്ധപ്പെട്ട് ഇരു സംസ്ഥാനങ്ങളിലെയും ഉന്നത ഉദ്യോഗസ്ഥർ പൊള്ളാച്ചിയിൽ വച്ച് ചർച്ച നടത്തിയതിനെ തുടർന്നുണ്ടായ ധാരണ എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ഇതുമൂലം ജലദൗർലഭ്യം നേരിടുന്ന ചിറ്റൂർ താലൂക്കിലെ കർഷകർക്കും കുടിവെള്ളത്തിനായി ചിറ്റൂർപ്പുഴയെ ആശ്രയിക്കുന്ന പഞ്ചായത്തുകൾക്കും താൽക്കാലിക ആശ്വാസം നൽകുന്നതിന് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽ നിന്ന് തമിഴ്നാട് ജലം കടത്തുമ്പോൾ കേരളത്തിന് അവകാശപ്പെട്ട ജലം നേടിയെടുക്കുവാൻ ആവശ്യമായ അടിയന്തര ഇടപെടൽ നടത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 10-10-2016-ന് തമിഴ്നാട്ടിലെ പൊള്ളാച്ചിയിൽ വച്ച് നടന്ന ഉദ്യോഗസ്ഥതല ചർച്ചയിൽ കരാർ പ്രകാരമുള്ള മൊത്തം ജലം ലഭിക്കണമെന്ന് കേരളം ആവശ്യപ്പെട്ടുവെങ്കിലും തമിഴ്നാട്, കേരളത്തിന് 10-10-2016 മുതൽ 2016 ഒക്ടോബർ ഒന്നാം ദ്വൈവാരത്തിന്റെ അവസാനം വരെ മണക്കടവ് വിയറിൽ

---

* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

കുറഞ്ഞത് 300 ക്യുസെക്സ് എന്ന തോതിൽ ജലം നൽകാമെന്ന് സമ്മതിച്ചു. കൂടാതെ ഒക്ടോബർ രണ്ടാം ദ്വൈവാരത്തിൽ സംയുക്ത ജല ക്രമീകരണ ബോർഡ് (ജെ.ഡബ്ല്യു.ആർ.ബി.) യോഗം ചേരാമെന്നും അതുവരെ മണക്കടവ് വിയറിൽ കുറഞ്ഞത് 200 ക്യുസെക്സ് എന്ന തോതിൽ ജലം നൽകാമെന്നും സമ്മതിച്ചു. ഇപ്രകാരം സമ്മതിച്ചതിനേക്കാൾ കൂടുതൽ ജലം ലഭ്യമാക്കിയിട്ടുണ്ട്. 2016 നവംബർ മാസത്തിലെ രണ്ട് അർദ്ധമാസങ്ങളിലും 2016 ഡിസംബറിലെ 1-ാം അർദ്ധമാസത്തിലും കരാർ പ്രകാരമുള്ള മുഴുവൻ ജലവും കേരളത്തിന് ലഭ്യമാക്കുവാൻ ധാരണയായിട്ടുണ്ട്.

(സി) 10-10-2016-ന് തമിഴ്നാട്ടിലെ പൊള്ളാച്ചിയിൽ വെച്ച് നടന്ന ഉദ്യോഗസ്ഥതല ചർച്ചയുടെ അടിസ്ഥാനത്തിൽ മണക്കടവ് വിയറിൽ ജലം ലഭ്യമാക്കിയതിനാൽ ചിറ്റൂർപ്പുഴ പദ്ധതി പ്രദേശത്തെ കുടിവെള്ള ക്ഷാമത്തിനും കാർഷികാവശ്യങ്ങൾക്കുള്ള ജലദൗർലഭ്യത്തിനും ഒരു പരിധിവരെ താൽകാലിക പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്. തുടർന്നും പി.എ.പി. കരാർ പ്രകാരമുള്ള ജല ലഭ്യത ഉറപ്പുവരുത്താൻ ജലസേചന വകുപ്പും, കേരള സർക്കാരും തുടർന്നും പരമാവധി ശ്രമിക്കുന്നതായിരിക്കും.

(ഡി) പി.എ.പി. കരാർ പ്രകാരമുള്ള ജലലഭ്യത ഉറപ്പുവരുത്താൻ കേരളം അടിയന്തര ഇടപെടലുകൾ നടത്തുന്നുണ്ട്.

**പറമ്പിക്കുളം - ആളിയാർ പദ്ധതി**

61 (5255) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ പ്രകാരം കഴിഞ്ഞ അഞ്ചു വർഷം തമിഴ്നാട്ടിൽ നിന്നും കേരളത്തിന് ലഭിക്കേണ്ട വെള്ളത്തിന്റെയും ലഭിക്കുന്ന വെള്ളത്തിന്റെയും അളവ് എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) കരാർ പ്രകാരമുള്ള ജലം ലഭ്യമാകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ജലം ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പറമ്പിക്കുളം-ആളിയാർ അന്തർ സംസ്ഥാന നദീജലക്കരാർ പ്രകാരം ഒരു ജലവർഷം മണക്കടവ് വിയറിൽ 7250 എം.സി.എഫ്.ടി.യും കേരള ഷോളയാർ സംഭരണിയിൽ 12300 എം.സി.എഫ്.ടി.യും അപ്പർ നീരാറിലെ തനത് നീരൊഴുക്കുമാണ് കേരളത്തിന്റെ വിഹിതം.

കഴിഞ്ഞ അഞ്ച് ജല വർഷങ്ങളിൽ കേരളത്തിന് ലഭിച്ച ജലത്തിന്റെ അളവുകൾ വ്യക്തമാക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു:

| Water Year | Quantity in Mcft at Kerala Sholayar | Quantity net Accepted at Manacadavu in Mcft | Upper Nirar Quantity received in Mcft |
|---|---|---|---|
| 2011-12 | 12321 | 7250+562=7812 | 960 |
| 2012-13 | 10663 | 5574 | 763 |
| 2013-14 | 12950 | 7250+271=7521 | 950 |
| 2014-15 | 12725 | 7250+217=7467 | 974 |
| 2015-16 | 11113.73 | 7250+42=7292 | 1131.49 |

(ബി) ഉണ്ട്. നടപ്പ് ജലവർഷത്തിൽ നാളിതുവരെ പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽ നിന്ന് കേരളത്തിന് അവകാശപ്പെട്ട ജലം ലഭിച്ചിട്ടില്ല. ചിറ്റൂർ പ്രദേശത്തെ കൃഷിക്ക് ഉണ്ടാകാനിടയുള്ള ജല ദൗർലഭ്യത്തെക്കുറിച്ച് ജോയിന്റ് ഡയറക്ടർ, ജോയിന്റ് വാട്ടർ റഗുലേഷൻ ഡിവിഷൻ, പാലക്കാട് സൂചന നൽകിയതിന്റെ അടിസ്ഥാനത്തിൽ മഴയുടെ ലഭ്യതക്കുറവും, ആളിയാർ ഡാമിലെ ഉപയോഗ യോഗ്യമായ ജലത്തിന്റെ കുറഞ്ഞ അളവും മുൻനിർത്തി ചിറ്റൂരിലെ കൃഷിക്കാവശ്യമായ വെള്ളം ലഭ്യമാക്കാൻ പറമ്പിക്കുളം ഡാമിലെ ഉപയോഗിക്കാനാവുന്ന വെള്ളം ആളിയാർ റിസർവോയറിൽ എത്തിച്ച് അവിടെ നിന്ന് മണക്കടവിൽ നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരളത്തിന്റെ ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ, ഐ.എസ്.ഡബ്ല്യു. 27-8-2016-ന് തന്നെ കോയമ്പത്തൂരിലെ തമിഴ്നാട് ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകിയിരുന്നു.

കൂടാതെ രൂക്ഷമായ ജലക്ഷാമം പരിഹരിക്കാൻ കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹു. കേരള മുഖ്യമന്ത്രി ബഹു. തമിഴ്നാട് മുഖ്യമന്ത്രിക്ക് 16-9-2016-ന് കത്തയയ്ക്കുകയുണ്ടായി. സംയുക്ത ജല ക്രമീകരണ ബോർഡിന്റെ (ജെ.ഡബ്ല്യു.ആർ.ബി.) യോഗം 21-10-2016-ന് ചേരണമെന്നാവശ്യപ്പെട്ട് കേരളം 4-10-2016-ന് തമിഴ്നാടിന് കത്ത് അയച്ചിരുന്നു. ഇതിനോടുള്ള തമിഴ്നാടിന്റെ പ്രതികരണം അനുകൂലമല്ലാത്തതിനാൽ ബന്ധപ്പെട്ട കരാർ വ്യവസ്ഥകൾ ചൂണ്ടിക്കാട്ടി 21-10-2016-ന് തന്നെ ജെ.ഡബ്ല്യു.ആർ.ബി.യുടെ യോഗം ചേരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 7-10-2016-ന് കേരളം വീണ്ടും കത്തയയ്ക്കുകയുണ്ടായി.

ഇതിനുപുറമേ 2016 ഒക്ടോബർ ഒന്നാം ദ്വൈവാരത്തിൽ കരാർ പ്രകാരം കേരളത്തിന് ചിറ്റൂർപ്പുഴ പദ്ധതി പ്രദേശത്തേയ്ക്ക് ലഭ്യമാകേണ്ട 700 എം.സി.എഫ്.ടി. ജലം 540 ക്യുസെക്സ് എന്ന തോതിൽ മണക്കടവ് വിയറിൽ നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ വളരെ കുറഞ്ഞ തോതിലാണ് തമിഴ്നാട് മണക്കടവിൽ ജലം ലഭ്യമാക്കിവന്നത്. ഇതിനെ തുടർന്ന് രൂക്ഷമായ ജലക്ഷാമം പരിഹരിക്കാൻ കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹു. കേരള ജലവിഭവ വകുപ്പുമന്ത്രി 8-10-2016-ന് ബഹു. തമിഴ്നാട് പൊതുമരാമത്ത് മന്ത്രിക്ക് കത്തയയ്ക്കുകയുണ്ടായി. കൂടാതെ രൂക്ഷമായ ജലക്ഷാമം കണക്കിലെടുത്ത് ഈ പ്രശ്നത്തിൽ ഇടപെട്ട് കരാർ പ്രകാരമുള്ള ജലം കേരളത്തിന് ലഭ്യമാക്കാൻ വേണ്ട നിർദ്ദേശം തമിഴ്നാടിന് നൽകണമെന്നാവശ്യ പ്പെട്ടുകൊണ്ട് ബഹു. കേരള ജലവിഭവ വകുപ്പുമന്ത്രി 8-10-2016-ന് ബഹു. കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രിക്കും കത്തയയ്ക്കുകയുണ്ടായി.

10-10-2016-ന് തമിഴ്നാട്ടിലെ പൊള്ളാച്ചിയിൽ വെച്ച് ഉദ്യോഗസ്ഥ തലത്തിൽ ഒരു ചർച്ച നടത്തുകയുമുണ്ടായി. ഈ ചർച്ചയിൽ കേരളത്തിന് 10-10-2016 മുതൽ ഒക്ടോബർ ഒന്നാം ദ്വൈവാരത്തിന്റെ അവസാനം വരെ മണക്കടവ് വിയറിൽ 300 ക്യുസെക്സ് എന്ന തോതിൽ ജലം നൽകാമെന്ന് സമ്മതിച്ചു. 26-10-2016-ന് ജലക്രമീകരണ ബോർഡിന്റെ യോഗം ചേരാമെന്നും അതുവരെ ഒക്ടോബർ രണ്ടാം ദ്വൈവാരത്തിൽ 200 ക്യുസെക്സ് എന്ന തോതിൽ ജലം നൽകാമെന്നും സമ്മതിച്ചു.

26-10-2016-ൽ കൂടിയ പ്രസ്തുത യോഗത്തിൽ പി.എ.പി. കരാർ പ്രകാരമുള്ള ജലലഭ്യത പരമാവധി ഉറപ്പുവരുത്താൻ കേരളം ശ്രമിച്ചിട്ടുണ്ട്.

പി.എ.പി.കരാർ പ്രകാരമുള്ള ജലലഭ്യത ഉറപ്പുവരുത്താൻ ബന്ധപ്പെട്ട ജലസേചന വകുപ്പ് ഉദ്യോഗസ്ഥരും, കേരള സർക്കാരും സ്ഥിതിഗതികൾ സൂക്ഷ്മമായി നിരീക്ഷിച്ച് വരികയാണ്.

**അന്തർ സംസ്ഥാന നദീജലക്കരാറുകൾ**

62 (T* 5256) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> :
<u>ശ്രീ. സി. കെ. നാണു</u> :
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> :
<u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മൊത്തം എത്ര ഡാമുകളാണ് നിലവിലുള്ളത്; ഓരോ ഡാമിന്റെയും പേരും ജലസംഭരണശേഷിയും വ്യക്തമാക്കാമോ;

---

* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) അന്തർസംസ്ഥാന നദീജലക്കരാറുകൾ പ്രകാരം ഓരോ വർഷവും കേരളം തമിഴ്നാടിന് ഓരോ ഡാമിൽ നിന്നും എത്ര ജലം വീതം നൽകാൻ ബാദ്ധ്യസ്ഥമാണെന്നത് സംബന്ധിച്ച് അണക്കെട്ടുകൾ തിരിച്ചുള്ള കണക്കുകൾ ലഭ്യമാണോ; ഉണ്ടെങ്കിൽ അത് ലഭ്യമാക്കുമോ;

(സി) അന്തർസംസ്ഥാന നദീജലക്കരാർ പ്രകാരം കേരളത്തിന് ഓരോ പ്രോജക്ടിൽ നിന്നും ലഭ്യമാകേണ്ട ജലം എത്രയെന്നത് സംബന്ധിച്ച വിവരങ്ങൾ സൂക്ഷിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ 2010-11 മുതൽ 2015-16 കാലയളവ് വരെ എത്ര ജലം ലഭ്യമാക്കിയെന്ന് വ്യക്തമാക്കാമോ;

(ഡി) കേരളത്തിലെ ജലം ഉപയോഗിച്ച് തമിഴ്നാട്ടിൽ എത്ര വൈദ്യുതി ഉല്പാദന യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്; അവ ഓരോന്നിന്റെയും പേരും ഉല്പാദന ശേഷിയും അറിയിക്കുമോ?

ഉത്തരം

(എ) കേരളത്തിൽ മൊത്തം 83 ഡാമുകളാണ് നിലവിലുള്ളത്. കേരളത്തിലെ ജലസേചന വകുപ്പിന്റെ കീഴിൽ 24 ഡാമുകൾ/ബാരേജുകളും, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ 58 ഡാമുകളുമാണ് ഉള്ളത്. അവയുടെ പേരും ജലസംഭരണ ശേഷിയും ഉൾപ്പെടുന്ന പട്ടിക അനുബന്ധ*മായി ചേർത്തിരിക്കുന്നു.

കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ ഒരു ഡാമാണ് ഉള്ളത്. ഇത് പേപ്പാറ ഡാം ആണ്, ഈ ഡാമിന്റെ സംഭരണശേഷി 70 million $m^3$ ആണ്.

(ബി) കേരളവും തമിഴ്നാടും തമ്മിലുള്ള ശിരുവാണി കുടിവെള്ള പദ്ധതി കരാർ അനുസരിച്ച് കേരളം ഓരോ വർഷവും 1.3 ടി.എം.സി.എഫ്.ടി. ജലം കവിയാതെ തമിഴ്നാട്ടിലെ കോയമ്പത്തൂർ മുൻസിപ്പൽ ടൗണിലേയും തൊട്ടടുത്തുള്ള സ്ഥലങ്ങളിലേയും കുടിവെള്ള ആവശ്യങ്ങൾക്ക് വേണ്ടി നൽകേണ്ടതാണ്.

പറമ്പിക്കുളം ആളിയാർ പദ്ധതി കരാർ പ്രകാരം തമിഴ്നാടിന് കേരളത്തിലെ ഡാമുകളിൽ നിന്ന് ലഭിക്കാവുന്ന ജലത്തിന്റെ അളവ് താഴെപ്പറയും പ്രകാരമാണ്:

1. പറമ്പിക്കുളം, പെരുവാരിപ്പള്ളം, തുണക്കടവ് എന്നീ ഡാമുകളിൽ നിന്നും 14 ടി.എം.സി. ജലം തമിഴ്നാടിന് സംഭരിച്ച് തിരിച്ചുവിടാവുന്നതാണ്.

2. ചാലക്കുടി നദീതടത്തിൽ നിന്നും ഓരോ വർഷവും കേരളത്തിന് 12.3 ടി.എം.സി. ജലം അളന്നു പുറത്ത് വിട്ടതിനുശേഷം ബാക്കി വരുന്ന അധിക ജലം തമിഴ്നാടിന് അവകാശപ്പെട്ടതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1886-ലെ മുല്ലപ്പെരിയാർ പാട്ടക്കരാർ പ്രകാരം പെരിയാർ നദിയുടെ ഏറ്റവും താഴ്ന്ന നിരപ്പിൽ നിന്നും 155 അടിയുടെ പൊക്കം വരെ കോണ്ടൂർ ലൈനിൽ ചുറ്റപ്പെട്ട ഏകദേശം 8000 ഏക്കർ ജലസംഭരണിയും അതിനടുത്തു തന്നെ മറ്റൊരു 100 ഏക്കർ സ്ഥലവും 999 വർഷത്തേയ്ക്ക് തമിഴ്നാടിന് പാട്ടത്തിന് നൽകിയിട്ടുണ്ട്. ഈ കരാർ പ്രകാരം മേൽപ്പറഞ്ഞ പ്രദേശത്തേയ്ക്ക് വരുന്നതോ, അതിലൂടെ ഒഴുകുന്നതോ, വീഴുന്നതോ, അതിൽ നിന്നുള്ളതോ ആയ ജലം മുഴുവൻ തമിഴ്നാടിന് അവകാശപ്പെട്ടതാണ്. (1886-ലെ പാട്ടക്കരാർ നിലവിലില്ല എന്നാണ് കേരളത്തിന്റെ വാദമെങ്കിലും 7-5-2014-ലെ സുപ്രീം കോടതി വിധിയിൽ ഈ കരാറിന് സാധുത നൽകിയിട്ടുണ്ട്.)

(സി) ഉണ്ട്.

മണക്കടവ് വിയറിൽ കേരളത്തിന് ഒരു ജലവർഷം ലഭിക്കേണ്ട ജലം 7250 എം.സി.എഫ്.ടി. യും കേരള ഷോളയാറിൽ കേരളത്തിന് ഒരു ജലവർഷം ലഭിക്കേണ്ട ജലം 12300 എം.സി.എഫ്.ടി.യുമാണ്.

പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽ നിന്ന് 2010-11 മുതൽ 2015-16 വരെ ജലവർഷങ്ങളിൽ കേരളത്തിന് ലഭിച്ച ജലത്തിന്റെ അളവുകൾ വ്യക്തമാക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു:

| Water Year | Quantity in MCFT at Kerala Sholayar | Quantity net Accepted at Manacadavu MCFT | Upper Nirar Quantity received in MCFT |
|---|---|---|---|
| 2010-11 | 12334 | 7250+509=7759 | 1561 |
| 2011-12 | 12321 | 7250+562=7812 | 960 |
| 2012-13 | 10663 | 5574 | 763 |
| 2013-14 | 12950 | 7250+271=7521 | 950 |
| 2014-15 | 12725 | 7250+217=7467 | 974 |
| 2015-16 | 11113.73 | 7250+42=7292 | 1131.49 |

ലോവർ നീരാർ ഡാമിന്റേയും, പറമ്പിക്കുളം പെരുവാരിപ്പള്ളം, തുണക്കടവ് എന്നീ ഡാമുകളുടെ വൃഷ്ടിപ്രദേശത്തുള്ള ജലം ഒരുമിച്ച് കണക്കാക്കി 16350 എം.സി.എഫ്.ടി.-ക്ക് അധികമായി വന്ന 2500 എം.സി.എഫ്.ടി. ജലം 2007-08 ജല വർഷത്തിൽ കേരളത്തിന് അർഹതപ്പെട്ടതായി. ഇത് തുടർന്നുള്ള ജലവർഷങ്ങളിൽ കേരളത്തിന് മണക്കടവ് വിയറിൽ ചുവടെ കൊടുത്തിരിക്കുന്ന വിധം ഗഡുക്കളായി ലഭിച്ച് വരുന്നു:

Parambikulam Group Express Yield Receipt

| Water Year | Eligible Quantity in MCFT | Quantity received in MCFT | Remarks |
|---|---|---|---|
| 2010-11 | 0 | 509 | |
| 2011-12 | 0 | 562 | |
| 2012-13 | 0 | 0 | |
| 2013-14 | 0 | 271 | |
| 2014-15 | 0 | 217 | |
| 2015-16 | 0 | 42 | |

ശിരുവാണി കുടിവെള്ള പദ്ധതി കരാർ പ്രകാരം അഞ്ച് ക്യൂസെക്സ് ജലം കേരളത്തിന്റെ കീഴ് നദീതട അവകാശം സംരക്ഷിക്കുന്നതിനുവേണ്ടി ലഭിക്കേണ്ടതാണ്. കരാർ പ്രകാരം riparian requirement-നായി അഞ്ച് ക്യൂസെക്സ് ജലം കൃത്യമായി കേരളത്തിന് ലഭിക്കുന്നുണ്ട്.

(ഡി)പറമ്പിക്കുളം-ആളിയാർ സിസ്റ്റത്തിൽ തമിഴ്നാടിന്റേയും കേരളത്തിന്റേയുംകൂടി വെള്ളം സംയുക്തമായി ഉപയോഗിച്ചുകൊണ്ടുള്ള വൈദ്യുത നിലയങ്ങളുടെ പേരും ഉല്പാദനശേഷിയും താഴെ കൊടുക്കുന്നു:

| വൈദ്യുതി നിലയത്തിന്റെ പേര് | ഉല്പാദനശേഷി (MW) |
|---|---|
| 1.തമിഴ്നാട് ഷോളയാർ പവ്വർ ഹൗസ് -1 | 70 MW |
| 2.തമിഴ്നാട് ഷോളയാർ പവ്വർ ഹൗസ് -2 | 25 MW |
| 3. സർക്കാർ പദ്ധതി | 30 MW |
| 4. ആളിയാർ | 2.5 MW |
| 5. തിരുമൂർത്തി | 1.95 MW |
| 6. കാടാമ്പാറ പവ്വർ ഹൗസ് | 400 M W |

മുല്ലപ്പെരിയാറിലെ ജലം ഉപയോഗിച്ച് തമിഴ്നാട്ടിൽ 4 വൈദ്യുതി യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ നിന്നും കഴിഞ്ഞ വർഷം ഉല്പാദിപ്പിച്ച വൈദ്യുതിയുടെ അളവുകൾ ചുവടെ ചേർക്കുന്നു:

| Unit No. | Total consumption in kwh |
|---|---|
| I | 80997000 |
| II | 124164000 |
| III | 165306000 |
| IV | 63000 |

കാവേരിയുടെ പോഷക നദിയായ ഭവാനിയുടെ ജലം ഉപയോഗിച്ച് തമിഴ്നാട് ലോവർ ഭവാനിയിൽ ലോവർ ഭവാനി പവ്വർഹൗസും, ലോവർ ഭവാനി RBC പവ്വർ ഹൗസും പ്രവർത്തിക്കുന്നുണ്ട്.

പവ്വർ ഹൗസുകളുടെ പേരും അവയുടെ ഉല്പാദനശേഷിയും ചുവടെ ചേർക്കുന്നു:

| പവ്വർ ഹൗസുകളുടെ പേര് | Installed capacity (MW) |
|---|---|
| 1. ലോവർ ഭവാനി പവ്വർ ഹൗസ് | 8 MW |
| 2. ലോവർ ഭവാനി RBC പവ്വർ ഹൗസ് | 7.5 MW |

**മാധ്യമ പ്രവർത്തകരുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

63 (5257) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മാധ്യമപ്രവർത്തകരുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രീമിയത്തിന്റെ 50 ശതമാനം തുക സർക്കാർ വഹിക്കുവാൻ തീരുമാനിച്ചിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ബഡ്ജറ്റ് സംബന്ധമായി ഈ വകുപ്പിൽ ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ നിന്നും മാധ്യമ പ്രവർത്തകരുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രീമിയത്തിന്റെ 50% തുക സർക്കാർ വഹിക്കുവാൻ തീരുമാനിച്ചിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 25 ലക്ഷം രൂപ നോൺ പ്ലാൻ വിഹിതമായി അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷവും ഇതേ തുക തന്നെയാണ് നൽകിയത്. മുൻ വർഷത്തെ ധനവിനിയോഗ സർട്ടിഫിക്കറ്റും ഓഡിറ്റഡ് സ്റ്റേറ്റ്മെന്റും കേരള പത്രപ്രവർത്തക യൂണിയൻ (KUWJ) ഹാജരാക്കുന്ന മുറയ്ക്ക് നടപ്പു സാമ്പത്തിക വർഷത്തെ തുക ധനവകുപ്പിന്റെ അനുമതിയോടുകൂടി അനുവദിക്കുന്നതാണ്.

## സർക്കാരിന്റെ പരസ്യങ്ങൾ

64 (5258) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിൻെറ പരസ്യങ്ങൾ ഏതെല്ലാം വിധത്തിലാണ് പ്രസിദ്ധീകരിക്കുന്നത്; ആയതിനുള്ള നടപടിക്രമങ്ങൾ എന്താണ്; വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന് 100 ദിവസം പൂർത്തിയായതിൻെറ പരസ്യങ്ങൾ പ്രസിദ്ധീകരിയ്ക്കുന്നതിന് എന്തു തുക ചെലവായി; ആയത് പ്രസിദ്ധീകരിച്ചത് എങ്ങനെയാണ്; ഇതിനായി പരസ്യ കമ്പനികളെ ചുമതലപ്പെടുത്തിയിരുന്നോ; ആണെങ്കിൽ പരസ്യ കമ്പനികളെ തെരഞ്ഞെടുക്കാൻ ടെൻഡർ വിളിച്ചിരുന്നോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) 'സർക്കാറിൻെറ 100 ദിവസം' പരസ്യം എത്ര പത്രങ്ങളിൽ പൂർണ്ണമായും വന്നിട്ടുണ്ട്; ഇവ ദൃശ്യമാധ്യമങ്ങളിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പ്രദർശിപ്പിക്കുന്നതിന് എന്ത് നിരക്കാണ് നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ സർക്കാരിൻെറ അവസാന കാലത്ത് പരസ്യങ്ങൾ എങ്ങനെയാണ് നൽകിയിട്ടുള്ളത്; ആയതിന് പാലിച്ച നടപടിക്രമങ്ങൾ എന്താണ്; വിശദമാക്കാമോ;

(ഇ) എൽ.ഡി.എഫ്. മുന്നണി കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലത്ത് നൽകിയ പരസ്യങ്ങൾ ചെയ്ത കമ്പനിയ്ക്ക് തന്നെ ഈ സർക്കാർ പരസ്യങ്ങൾ നൽകിയെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ നിജസ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വിവിധ ക്യാമ്പയിനുകൾ, തിയറ്റർ, റെയിൽവേ, KSRTC, പ്രസിദ്ധീകരണങ്ങൾ, ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ, FM റേഡിയോകൾ, വെബ് മീഡിയ എന്നിവ വഴിയാണ് സർക്കാരിന്റെ പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നത്. ഇതിനു പുറമേ മൊബൈൽ എക്സിബിഷൻ വാഹനങ്ങൾ വഴിയും പരസ്യം നൽകാറുണ്ട്. വകുപ്പിന്റെ മീഡിയ ലിസ്റ്റിൽ ഉൾപ്പെട്ട പ്രസിദ്ധീകരണങ്ങൾക്ക് വകുപ്പ് മാനദണ്ഡമനുസരിച്ചും, നെഗോസിയേഷൻ മുഖേനയും പരസ്യ ഏജൻസികളെ ക്വട്ടേഷൻ/ താത്പര്യ പത്രം ക്ഷണിച്ചുമാണ് പരസ്യം നൽകുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന് 100 ദിവസം പൂർത്തിയായതിന്റെ പരസ്യങ്ങൾ പ്രസിദ്ധീകരിച്ച വകയിൽ നാളിതുവരെ തുകയൊന്നും അനുവദിച്ചിട്ടില്ല.

തുക നല്കുന്നതിനുള്ള നടപടിക്രമങ്ങൾ തുടർന്നു വരുന്നതേയുള്ളൂ. പത്ര-ദൃശ്യ മാധ്യമങ്ങൾ വഴിയും, FM റേഡിയോകൾ, വെബ് മീഡിയ, ഹോർഡിംഗുകൾ, ബോർഡുകൾ, പോസ്റ്ററുകൾ, ഫോൾഡറുകൾ എന്നിവ വഴിയും പരസ്യ പ്രചരണം നടത്തുയുണ്ടായി. ഇതിനായി പരസ്യ കമ്പനികളെ ചുമതലപ്പെടുത്തിയിരുന്നു. ക്വട്ടേഷൻ/താത്പര്യപത്രം ക്ഷണിച്ചാണ് പരസ്യ ഏജൻസികളെ തെരഞ്ഞെടുത്തത്.

(സി) സർക്കാരിന്റെ 100 ദിവസം സംബന്ധിച്ച പരസ്യം 80 പത്രങ്ങൾക്ക് പ്രസിദ്ധീകരണത്തിന് നൽകിയിട്ടുണ്ട്. ആയത് പൂർണ്ണമായും വന്നിട്ടുണ്ടോ എന്നത് പത്രസ്ഥാപനങ്ങൾ ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. അതിനനുസരിച്ചാണ് ബിൽ തുക അനുവദിക്കുന്നത്. ദൃശ്യ മാധ്യമങ്ങളിൽ പരസ്യം പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും ദൃശ്യമാധ്യമങ്ങൾ പൂർണ്ണമായും ബിൽ സമർപ്പിച്ചിട്ടില്ലാത്ത തിനാൽ നിരക്ക് നിർണ്ണയ നടപടികൾ തുടർന്ന് വരുന്നതേയുള്ളൂ.

(ഡി) മുകളിൽ പ്രതിപാദിച്ച നടപടിക്രമങ്ങൾ തന്നെയാണ് സ്വീകരിച്ചത്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർക്കാർ പരസ്യങ്ങൾ പി.ആർ.ഡി. നേരിട്ടാണ് മാധ്യമങ്ങൾക്ക് നൽകുന്നത്.

## ക്ഷേമപ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും പൊതുജനങ്ങളെ അറിയിക്കുന്ന പദ്ധതി

65 (5259) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എം. എം. മണി :
ശ്രീ. കെ. ദാസൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങളേയും വികസന പ്രവർത്തനങ്ങളേയും കുറിച്ച് പൊതുജനങ്ങളെ അറിയിക്കുന്നതിനും ഇതുസംബന്ധിച്ച് ജനങ്ങളുടെ പ്രതികരണങ്ങൾ സമാഹരിക്കുന്നതിനും ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്;

(ബി) പ്രസ്തുത വകുപ്പ് പ്രത്യേക പൊതുജന സമ്പർക്ക മേളകൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഈ പദ്ധതിയിലൂടെ എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിയ്ക്കാനാണുദ്ദേശി ക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങളെയും വികസന പ്രവർത്തനങ്ങളെയും കുറിച്ച് പൊതുജനങ്ങളെ അറിയിക്കുന്നതിന് ജനസമ്പർക്കമേളകൾ, എക്സിബിഷനുകൾ, സെമിനാറുകൾ, ചിത്രപ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്. തിരുവനന്തപുരം,

എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ എക്സിബിഷൻ വാഹനങ്ങൾ ഉപയോഗിച്ച് മൊബൈൽ എക്സിബിഷനുകൾ സംഘടിപ്പിച്ചു വരുന്നു. പൊതുജനങ്ങൾക്ക് ദൃശ്യമാകത്തക്ക വിധം വിവിധ ജില്ലാ കേന്ദ്രങ്ങളിൽ വീഡിയോവാളുകൾ സ്ഥാപിച്ച് സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങളേയും വികസന പ്രവർത്തനങ്ങളേയും കുറിച്ച് പ്രചാരണം ചെയ്തുവരുന്നു. തിയേറ്ററുകൾ, റെയിൽവേ സ്റ്റേഷനുകൾ, കെ.എസ്.ആർ.ടി.സി. ബസുകൾ എന്നിവയിൽ സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങളേയും വികസനപ്രവർത്തനങ്ങളേയും കുറിച്ച് പരസ്യം ചെയ്തു വരുന്നു.

(ബി&സി) പൊതുജന സമ്പർക്കമേളകൾ സംഘടിപ്പിക്കുന്നത് ഇപ്പോൾ വകുപ്പിന്റെ പരിഗണനയിൽ ഇല്ല.

**സ്വപ്ന സാഫല്യം പദ്ധതി**

66 (5260) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികൾക്കായി സ്വപ്ന സാഫല്യം പദ്ധതി നടപ്പിലാക്കി യിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്ന തെന്ന് വ്യക്തമാക്കുമോ;

(സി) ആരുടെയൊക്കെ സഹകരണത്തോടെയാണ് ഇത് നടപ്പിലാക്കുന്നത്; ഏതെല്ലാം ഗൾഫ് രാജ്യങ്ങളിലേയ്ക്ക് പ്രസ്തുത പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) നടപ്പിലാക്കിയിട്ടുണ്ട്. തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ ചെറിയ കുറ്റങ്ങൾക്ക് വിദേശ ജയിലുകളിൽ ശിക്ഷ അനുഭവിച്ച് മോചിതരാകുന്ന മലയാളികൾക്ക് അവരുടെ നാട്ടിൽ തിരിച്ചെത്തുവാൻ നിവൃത്തിയില്ലാതെ വിഷമിക്കുന്ന സാഹചര്യത്തിൽ സ്വപ്ന സാഫല്യം പദ്ധതിയിലൂടെ സൗജന്യ വിമാന ടിക്കറ്റ് നൽകി അവരെ നാട്ടിലെത്താൻ സഹായിക്കുന്നു.

(സി) വിദേശ രാജ്യങ്ങളിലെ ഇന്ത്യൻ എംബസ്സികൾ, വിവിധ പ്രവാസി സംഘടനകൾ എന്നിവരുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ലോകത്തിലെ ഏത് രാജ്യത്തിൽ നിന്നും നിബന്ധനകൾക്ക് അനുസൃതമായി ഈ പദ്ധതി പ്രവാസി മലയാളികൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

## പ്രവാസി ക്ഷേമനിധി

67 (5261) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ക്ഷേമനിധിയിൽ അംഗങ്ങളായവർ അടയ്ക്കുന്ന ക്ഷേമനിധി വിഹിതം കാലാവധി പൂർത്തീകരിക്കുമ്പോൾ ആനുകൂല്യങ്ങളോടെ തിരിച്ചു നൽകാൻ നടപടികൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ;

(ബി) ഔട്ട് പാസിൽ വന്നവർക്കും ക്ഷേമനിധി വിഹിതം അടച്ച് അംഗങ്ങളാകാനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം അംഗങ്ങളായവർ അടയ്ക്കുന്ന ക്ഷേമനിധി വിഹിതം കാലാവധി പൂർത്തീകരിക്കുമ്പോൾ തിരികെ നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

(ബി) ഔട്ട് പാസിൽ തിരികെ വന്നവർക്ക് നിലവിൽ പ്രവാസി ക്ഷേമനിധി ബോർഡിൽ അംഗത്വം അനുവദിച്ചു വരുന്നുണ്ട്. ഇതിനായി അപേക്ഷകൻ വിദേശത്തായിരുന്നു എന്ന് തെളിയിക്കുന്നതിന് രണ്ട് വർഷത്തിലധികം സാധുതയുണ്ടായിരുന്ന എൻ.ആർ.ഐ. ബാങ്ക് അക്കൗണ്ടും ജോബ് സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.

## പ്രവാസി ക്ഷേമനിധി ഓഫീസ്

68 (5262) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ കേന്ദ്രങ്ങളിൽ പ്രവാസി ക്ഷേമനിധി ഓഫീസ് ഏർപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) സാന്ത്വനം പദ്ധതി തുക ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി സമയബന്ധിത സഹായം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

### ഉത്തരം

(എ) ജില്ലാ കേന്ദ്രങ്ങളിൽ പ്രവാസി ക്ഷേമനിധി ഓഫീസ് ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. തിരുവനന്തപുരത്ത് ഹെഡ് ഓഫീസും എറണാകുളം, കോഴിക്കോട് ജില്ലകളിൽ റീജിയണൽ ഓഫീസുകളും മലപ്പുറത്ത് കോട്ടയ്ക്കലിൽ ലെയ്സൺ ഓഫീസും പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ ജില്ലാ കളക്ടറേറ്റുകളിൽ പ്രവർത്തിച്ചുവരുന്ന നോർക്ക സെല്ലുകൾ വഴി പ്രവാസി ക്ഷേമനിധി ഫോറങ്ങളും മറ്റും വിതരണം ചെയ്തു വരുന്നുണ്ട്.

(ബി) സാന്ത്വന പദ്ധതിയിലേയ്ക്ക് ലഭിക്കുന്ന അപേക്ഷകളിൻമേൽ അതാത് റീജിയണൽ/ജില്ലാ ഓഫീസുകൾ അന്വേഷണം നടത്തി റിപ്പോർട്ട് നിർദ്ദിഷ്ട പ്രൊഫോർമയിൽ ഹെഡ് ഓഫീസ് വഴി സർക്കാരിൽ ലഭ്യമാക്കുന്നു. സർക്കാർ ഇത് പരിശോധിച്ച് അർഹതയുള്ളവർക്ക് ധനസഹായം അനുവദിക്കുകയും ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് വിതരണം ചെയ്യും വരുന്നു.

ധനസഹായം അനുവദിക്കപ്പെടുന്നവരുടെ എണ്ണത്തിലും തുകയിലും വലിയ വർദ്ധനവ് ഉണ്ടായതിനാൽ ബഡ്ജറ്റ് വിഹിതത്തേക്കാൾ കൂടുതൽ തുക ആവശ്യമായി വരുന്നുണ്ട്. ഇതിലുള്ള കാലതാമസം പരമാവധി ഒഴിവാക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു.

**സാന്ത്വന പദ്ധതി**

69 (5263) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വിദേശത്ത് വച്ച് അപകടത്തിൽ പരിക്കേറ്റവർക്കും മരണപ്പെടുന്നവരുടെ അവകാശികൾക്കും 'സാന്ത്വന' പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ?

<u>ഉത്തരം</u>

വിദേശത്ത് വച്ച് മരണപ്പെടുന്ന പ്രവാസിയുടെ അവകാശികൾക്ക് മരണാനന്തര ധനസഹായമായി പരമാവധി ഒരു ലക്ഷം രൂപ ഈ പദ്ധതി പ്രകാരം അനുവദിക്കുന്നുണ്ട്.

വിദേശത്ത് വച്ച് അപകടം സംഭവിക്കുകയും എന്നാൽ നാട്ടിലെത്തി ചികിത്സ തുടരുകയും ചെയ്താൽ ഈ പദ്ധതി പ്രകാരം പരമാവധി 50,000 രൂപ വരെ ചികിത്സാ ധനസഹായം നല്കി വരുന്നുണ്ട്.

ഈ പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

- അപേക്ഷകന്റെ വാർഷിക കുടുംബ വരുമാനം 1,00,000 രൂപയിലധികമാവാൻ പാടില്ല.
- കുറഞ്ഞത് 2 വർഷം പ്രവാസി ആയിരുന്നിരിക്കണം.
- പ്രവാസി തിരിച്ചെത്തിയ കാലം മുതൽ കണക്കാക്കുമ്പോൾ വിദേശത്ത് എത്രവർഷം ജോലി ചെയ്തിരുന്നുവോ അത്രയും വർഷത്തിനകം പരമാവധി 10 വർഷം എന്ന കാലയളവിനുള്ളിൽ അപേക്ഷ സമർപ്പിച്ചിരിക്കണം.
- അപേക്ഷ സമർപ്പിക്കുമ്പോഴും സഹായം സ്വീകരിക്കുമ്പോഴും അപേക്ഷകന് ജോലിയുണ്ടായിരിക്കുവാൻ പാടില്ല.

## ആവശ്യമുള്ള രേഖകൾ

### ചികിത്സാ ധനസഹായം

- പാസ്സ്പോർട്ട്
- റേഷൻ കാർഡ്
- വരുമാന സർട്ടിഫിക്കറ്റ്
- മെഡിക്കൽ സർട്ടിഫിക്കറ്റ്
- മെഡിക്കൽ ബില്ലുകൾ.

### മരണാനന്തര സഹായം

- പാസ്സ്പോർട്ട്
- റേഷൻ കാർഡ്
- വരുമാന സർട്ടിഫിക്കറ്റ്
- അപേക്ഷകന്റെ തിരിച്ചറിയൽ കാർഡ്
- മരണ സർട്ടിഫിക്കറ്റ്
- പ്രവാസിയുമായുള്ള ബന്ധം തെളിയിക്കുന്ന രേഖ.

### വിവാഹ ധനസഹായം

- പാസ്സ്പോർട്ട്
- റേഷൻ കാർഡ്
- വരുമാന സർട്ടിഫിക്കറ്റ്
- തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള വിവാഹ സർട്ടിഫിക്കറ്റിന്റെ പകർപ്പ്
- പ്രവാസിയുമായുള്ള ബന്ധം തെളിയിക്കുന്നതിനുള്ള രേഖ.

www.norkaroots.net എന്ന വെബ്സൈറ്റിൽ നിന്നും ജില്ലാ സെല്ലുകളിൽ നിന്നും അപേക്ഷാ ഫോറം ലഭിക്കുന്നതാണ്.

ആവശ്യമായ രേഖകൾ സഹിതം പൂരിപ്പിച്ച അപേക്ഷകൾ കളക്ടേറ്റുകളിൽ പ്രവർത്തിക്കുന്ന നോർക്കാ സെല്ലുകളിൽ സമർപ്പിക്കാവുന്നതാണ്. അപേക്ഷകളിൻമേൽ അതാത് റീജിയണൽ/ജില്ലാ ഓഫീസുകൾ മുഖാന്തിരം അന്വേഷണം നടത്തുകയും

ആവശ്യമായ എല്ലാ അസ്സൽ രേഖകളും പരിശോധിച്ച് ആവശ്യമായ മറ്റ് രേഖകൾ അപേക്ഷകരിൽ നിന്നും ലഭ്യമാക്കി അന്വേഷണ റിപ്പോർട്ടുകൾ ഹെഡ് ഓഫീസിലേയ്ക്ക് സമർപ്പിക്കുകയും ചെയ്യുന്നു. ഹെഡ് ഓഫീസിൽ ലഭിക്കുന്ന അന്വേഷണ റിപ്പോർട്ടുകൾ പരിശോധിച്ച് സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിക്കുകയും സർക്കാർ പരിശോധിച്ച് ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവാകുകയും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ധനസഹായം വിതരണം ചെയ്യുകയും ചെയ്യുന്നു.

## പ്രവാസികളുടെ ക്ഷേമം

70 (5264) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമനിധിയിൽ അംഗമല്ലാത്ത പ്രവാസികളുടെ ക്ഷേമത്തിനായി എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ക്ഷേമനിധി ആക്ടിൽ പറഞ്ഞിരിക്കുന്നതുപോലെ ഈ പദ്ധതിയിൽ അംഗമല്ലാത്തവരുടെ ക്ഷേമത്തിനായി പ്രതിപാദിച്ചിരിക്കുന്ന 'പ്രത്യേക സഹായ നിധി' യുടെ രൂപീകരണം എത് ഘട്ടത്തിലായെന്ന് വിശദീകരിക്കുമോ;

(സി) സംസ്ഥാനത്ത് പ്രവാസി ക്ഷേമനിധിയിൽ നിന്നും പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ; ഇതുവരെ എത്ര തുക വിതരണം ചെയ്തു; വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ക്ഷേമനിധിയിൽ അംഗമല്ലാത്ത പ്രവാസികളുടെ ക്ഷേമത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നിലവിലുണ്ട്:

- സാന്ത്വന പദ്ധതി
- കാരുണ്യം പദ്ധതി
- ചെയർമാൻ ഫണ്ട്
- തൊഴിൽ വൈദഗ്ദ്ധ്യ പരിശീലന പരിപാടി
- പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം
- നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ
- എമർജൻസി റിപ്പാട്രിയേഷൻ ഫണ്ട് (അടിയന്തര സാഹചര്യങ്ങളിൽ പ്രവാസികളെ തിരിച്ചെത്തിക്കാനുള്ള പദ്ധതി)
- പ്രവാസി നിയമസഹായ പദ്ധതി
- സ്വപ്ന സാഫല്യം

• നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM).

(ബി) 2015 ഒക്ടോബർ 6-ാം തീയതി പ്രത്യേക സഹായനിധി രൂപീകൃതമായിട്ടുണ്ട്. ടി നിധിയിൽ നിന്നും അനുവദിക്കേണ്ട പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

(സി) സംസ്ഥാനത്ത് പ്രവാസി ക്ഷേമനിധിയിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവർ ആകെ 3186 പേരാണ്. ജില്ല തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു. പെൻഷൻ ഇനത്തിൽ 2016 സെപ്റ്റംബർ മാസംവരെ ആകെ 2,81,95,350 രൂപ വിതരണം ചെയ്തിട്ടുണ്ട്.

| ജില്ല | 1 എ | 1 ബി | 2 എ | എണ്ണം |
|---|---|---|---|---|
| തിരുവനന്തപുരം | 179 | 337 | 1 | 517 |
| കൊല്ലം | 249 | 398 | 8 | 655 |
| പത്തനംതിട്ട | 71 | 77 | 3 | 151 |
| ആലപ്പുഴ | 97 | 133 | 3 | 233 |
| കോട്ടയം | 16 | 39 | 4 | 59 |
| ഇടുക്കി | 2 | -- | -- | 2 |
| എറണാകുളം | 36 | 74 | 4 | 114 |
| തൃശ്ശൂർ | 94 | 149 | 8 | 251 |
| പാലക്കാട് | 50 | 95 | 4 | 149 |
| മലപ്പുറം | 78 | 179 | 2 | 259 |
| കോഴിക്കോട് | 136 | 213 | 4 | 353 |
| വയനാട് | 4 | 11 | -- | 15 |
| കണ്ണൂർ | 152 | 189 | 4 | 345 |
| കാസർഗോഡ് | 24 | 58 | 1 | 83 |
| ആകെ | 1188 | 1952 | 46 | 3186 |

**നോർക്കയുടെ പ്രവർത്തനങ്ങൾ**

71 (5265) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്കയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) സി.ഇ.ഒ.ആയി ഐ.എഫ്.എസ്. ഉദ്യോഗസ്ഥനെ നിയോഗിക്കുമോയെന്ന് അറിയിക്കുമോ;

(സി) നോർക്കയുടെ ദില്ലി, മുംബൈ, ചെന്നൈ എന്നിവിടങ്ങളിലെ ഓഫീസുകളിൽ കുറഞ്ഞത് പത്ത് ഉദ്യോഗസ്ഥരെയെങ്കിലും നിയമിക്കുമോ;

(ഡി) ഇതര സംസ്ഥാനങ്ങളുടെ തലസ്ഥാനങ്ങളിലെ നോർക്കയുടെ ഓഫീസുകളിലേക്ക് അവിടെ സ്ഥിര താമസമാക്കിയ മലയാളി കുടുംബങ്ങളിൽ നിന്ന് റിക്രൂട്ട്മെന്റ് നടത്തുമോ; എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന ആയതിന് അപേക്ഷ ക്ഷണിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിദേശരാജ്യങ്ങളിൽ ജോലി നോക്കുന്ന കേരളീയർ, തിരികെ എത്തിയവർ, ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ ജോലി നോക്കുന്നവർ, വിദേശത്തേക്ക് ജോലി തേടിപ്പോകുന്നവർ എന്നീ നാലു വിഭാഗക്കാർക്കായി നോർക്ക റൂട്ട്സ് ഒട്ടേറെ കർമ്മ പരിപാടികൾ ആവിഷ്കരിക്കുകയും ക്ഷേമ-പുനരധിവാസ പ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്യുന്നു. വിദേശത്തേയും ഇതര സംസ്ഥാനങ്ങളിലേയും മറുനാടൻ മലയാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനായും പ്രശ്നങ്ങൾക്ക് പരിഹാരം തേടുന്നതിനായും ധാരാളം പ്ലാൻ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. മടങ്ങിയെത്തി നാട്ടിൽ സ്ഥിര താമസമാക്കിയ പ്രവാസികളുടെ പുനരധിവാസത്തിനുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു.

നോൺ പ്ലാൻ പദ്ധതികളായ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ, പ്രവാസി തിരിച്ചറിയൽ കാർഡ് തുടങ്ങിയവയും വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. ഇവയെല്ലാം കാലാകാലങ്ങളിൽ വിശകലനം ചെയ്യുകയും വേണ്ടുന്ന മാറ്റങ്ങൾ വരുത്തി കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്യുന്നുണ്ട്.

(ബി) ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) നോർക്കയുടെ ദില്ലി, മുംബൈ, ചെന്നൈ എന്നിവിടങ്ങളിലെ ഓഫീസുകളുടെ പ്രവർത്തനത്തിന് നിലവിലുള്ള ഉദ്യോഗസ്ഥരുടെ എണ്ണം തന്നെ മതിയാകുന്നതാണ്. നോർക്ക റൂട്ട്സിന്റെ നിലവിലുള്ള സാമ്പത്തിക പരിമിതി കണക്കിലെടുത്ത് കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കുന്ന വിഷയം തല്ക്കാലം പരിഗണനയിലില്ല.

(ഡി) നോർക്ക റൂട്ട്സിന്റെ പ്രവർത്തനങ്ങൾ കേരളത്തിനു പുറത്തുള്ള മലയാളികളുടെ ഇടയിൽ കൂടുതൽ വ്യാപിപ്പിക്കുന്നതിനും സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിനും വേണ്ടിയാണ് ചെന്നൈ, ബറോഡ, ബാംഗ്ലൂർ, ഹൈദരാബാദ് എന്നിവിടങ്ങളിൽ സാറ്റലൈറ്റ് ഓഫീസുകളുടെ പ്രവർത്തനം ആരംഭിച്ചത്. സർക്കാരിന്റെ നോർക്ക വകുപ്പിന്റെ പ്ലാൻ പദ്ധതികളെല്ലാം തന്നെ നോർക്ക റൂട്ട്സ് വഴി നടപ്പാക്കി വരുന്നതിനാലും, ആയതുവഴി സർക്കാർ പണം കൈകാര്യം ചെയ്യേണ്ടതിനാലും സർക്കാർ ചട്ടങ്ങൾക്ക് അനുസൃതമായി മാത്രമേ ഉദ്യോഗസ്ഥരെ ടി ഓഫീസുകളിൽ നിയമിക്കുവാൻ സാധിക്കുകയുള്ളൂ.

**പ്രവാസി പെൻഷൻ**

72 (5266) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ക്ഷേമനിധിയിലെ പെൻഷൻ തുക മിനിമം 500 രൂപയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ എല്ലാ സാമൂഹ്യക്ഷേമ പെൻഷനുകളും മിനിമം 1,000 രൂപയായി വർദ്ധിപ്പിച്ചിട്ടും പ്രവാസി ക്ഷേമനിധി പെൻഷൻ അംശദായം അടക്കുന്നവർക്ക് ഇത്രയും ചെറിയ തുക നൽകുന്നത് വിവേചനപരമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രവാസി പെൻഷനും ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

**അവശതയനുഭവിക്കുന്ന പ്രവാസികൾക്ക് സാമ്പത്തിക സഹായം**

73 (5267) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വിദേശത്തു നിന്നും തിരിച്ചുവന്ന്ജോലിയില്ലാതെ അവശതയനുഭവിക്കുന്ന പഴയകാല പ്രവാസികളായ മുഴുവൻ പേരെയും ഉൾപ്പെടുത്തി സാമ്പത്തിക സഹായ പദ്ധതി പ്രഖ്യാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തതിനുശേഷം തിരികെ നാട്ടിലെത്തി ദുരിതമനുഭവിക്കുന്ന പ്രവാസികൾക്ക് വേണ്ടി 'സാന്ത്വന' പദ്ധതി സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം മരണാനന്തര ധനസഹായം,

ചികിത്സാ സഹായം, വിവാഹ ധനസഹായം എന്നിവ നല്കി വരുന്നു. ഇത്തരം പ്രവാസികൾക്കും അവർ ചേർന്ന് രൂപീകരിച്ച കമ്മറ്റി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയ്ക്കും നടപടിക്രമങ്ങൾ പാലിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങൽ നല്കുന്ന നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പുനരധിവാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ പരമാവധി 20 ലക്ഷം രൂപ മൂലധന ചെലവ് വരുന്ന പദ്ധതിക്ക് 15% മൂലധന സബ്സിഡിയും ആദ്യ 4 വർഷം 3% പലിശ സബ്സിഡിയും നല്കി ബാങ്ക് വായ്പ ലഭ്യമാക്കുന്നു.

വിദേശത്ത് നിന്നും തിരിച്ചുവന്ന പഴയകാല പ്രവാസികളെ മുഴുവൻ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പദ്ധതി നിർദ്ദേശം തല്ക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

**വിമാനക്കമ്പനികളുടെ ചൂഷണം**

74 (5268) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ഈദ് അവധി ദിവസങ്ങളിൽ എയർ ഇന്ത്യ ഉൾപ്പെടെയുള്ള വിമാനക്കമ്പനികൾ പ്രവാസികളിൽ നിന്നും അമിത യാത്രാക്കൂലി ഈടാക്കിയതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗൾഫ് രാജ്യങ്ങളിൽ നിന്നും കേരളത്തിലെത്താൻ വൺവേ ടിക്കറ്റിന് 25,000 രൂപയിലധികം ഈടാക്കിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ കാലയളവിൽ മുംബൈ, ഗോവ, ഹൈദ്രാബാദ് തുടങ്ങിയ സെക്ടറുകളിലേയ്ക്ക് വിമാനക്കമ്പനികൾ ചുരുങ്ങിയ നിരക്കാണ് ഈടാക്കിയതെന്ന വസ്തുത പരിഗണിച്ച് പ്രവാസി മലയാളികളെ വിമാനക്കമ്പനികളുടെ ചൂഷണത്തിൽ നിന്നും രക്ഷിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഇക്കഴിഞ്ഞ ഈദ്/ഓണം അവധി ദിവസങ്ങളിൽ യു.എ.ഇ.യിൽ നിന്നും തിരുവനന്തപുരത്തേയ്ക്കുള്ള എയർക്രാഫ്റ്റുകളിൽ ഉയർന്ന നിരക്ക് ഈടാക്കിയതുമായി ബന്ധപ്പെട്ട പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുവാൻ കേന്ദ്ര വ്യോമയാന ഡയറക്ടറോട് അഭ്യർത്ഥിച്ചുകൊണ്ട് ഗതാഗത വകുപ്പ് കത്ത് അയച്ചിട്ടുണ്ട്. ഇക്കാര്യം പലതവണ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## പ്രവാസികൾക്കായുള്ള സമഗ്ര പുനരധിവാസ പദ്ധതി

75 (5269) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി.എഫ്.തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തേക്ക് മടങ്ങിവന്ന പ്രവാസികളുടെ പുനരധിവാസം മുൻനിർത്തി നോർക്ക വകുപ്പ് മുഖാന്തിരം പുതുതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) മടങ്ങിവരുന്ന പ്രവാസികൾക്കായി വിഭാവനം ചെയ്ത സമഗ്ര പുനരധിവാസ പദ്ധതി വിജയകരമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഫണ്ടിന്റെ അപര്യാപ്തത പ്രതിബന്ധമായി തീർന്നിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) സൗദിയിലെ നിതാഖത്ത് നിയമം, ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവത്ക്കരണം തുടങ്ങിയവ മൂലം തൊഴിൽ നഷ്ടപ്പെട്ട പ്രവാസികളുടെ പുനരധിവാസത്തിനും സുസ്ഥിര വരുമാനം ഉറപ്പുവരുത്തുന്നതിനും നോർക്കവഴി നടപ്പാക്കുന്ന പദ്ധതികൾക്ക് ആവശ്യമായ ബജറ്റ് വിഹിതം നടപ്പുസാമ്പത്തിക വർഷം നീക്കിവച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്തേയ്ക്ക് മടങ്ങിവന്ന പ്രവാസികളുടെ പുനരധിവാസം മുൻ നിർത്തി അവരെ പ്രത്യേക ഗുണഭോക്താക്കളായി പരിഗണിച്ച് സർക്കാർ നടപടിക്രമങ്ങൾ പാലിച്ച്, സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങൽ നല്കുന്ന "നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM)" എന്ന പദ്ധതി നടപ്പാക്കി വരുന്നു. ചുരുങ്ങിയത് രണ്ടുവർഷം വിദേശത്ത് ജോലി ചെയ്തതിനുശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളേയും, അവർ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയേയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി 20 ലക്ഷം രൂപ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാലു വർഷം 3% പലിശ സബ്സിഡിയും നല്കി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് ഈ പദ്ധതി. കൂടാതെ തിരികെയെത്തിയ പ്രവാസികൾക്കായി ഒരു സമഗ്ര പുനരധിവാസ പദ്ധതി ആവിഷ്കരിക്കുന്നതിനുവേണ്ട പഠനം നടത്തി റിപ്പോർട്ട് നല്കാൻ ഐക്യരാഷ്ട്രസഭയുടെ കീഴിലുള്ള യു.എൻ.ഡി.പി.യുമായും സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസുമായും പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്. ഇതിൽ തുടർനടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

(ബി) തിരികെയെത്തുന്ന പ്രവാസി മലയാളികൾക്ക് സുസ്ഥിര വരുമാന മാർഗ്ഗം കണ്ടെത്തുക എന്ന ഉദ്ദേശ്യത്തോടെ ഒരു സമഗ്ര പുനരധിവാസ പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് നടപ്പാക്കുന്നതിന് വിവിധ രാജ്യങ്ങളിലെ ഇന്ത്യൻ എംബസികൾ, വിദേശ മലയാള പ്രമുഖർ, പ്രവാസി മലയാളി സംഘടനകൾ എന്നിവയുടെ സഹകരണവും കേന്ദ്ര സഹായവും അഭ്യർത്ഥിച്ചിട്ടുണ്ട്. നോർക്ക വകുപ്പ് നിലവിൽ നടപ്പാക്കിയിട്ടുള്ള പ്രവാസി പുനരധിവാസ പദ്ധതിയായ നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) മുഖേന സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ സർക്കാർ മൂലധന സബ്സിഡിയും പലിശ സബ്സിഡിയും നല്കി ബാങ്ക് ലോൺ ലഭ്യമാക്കിവരുന്നു.

(സി) വിദേശ രാജ്യങ്ങളിൽ നിന്നും ജോലി നഷ്ടപ്പെട്ട് മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി നടപ്പാക്കിയിട്ടുള്ള NDPREM പദ്ധതിക്കായി നടപ്പു സാമ്പത്തിക വർഷം 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനും കൂടുതൽ ഗുണഭോക്താക്കൾക്ക് സഹായം ലഭ്യമാക്കുന്നതിനും അധികമായി 12 കോടി രൂപ കൂടി പദ്ധതി വിഹിതം അനുവദിക്കാമെന്ന് ധനമന്ത്രി ബജറ്റ് പ്രസംഗത്തിൽ പ്രസ്താവിച്ചിരുന്നു. പ്രസ്തുത തുക ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്താൻ ധനവകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**പോലീസ് പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ നീക്കം ചെയ്യുന്നതിന് നടപടി**

76 (5270) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കേസ്സുകളുമായി ബന്ധപ്പെട്ട് പോലീസ് സ്റ്റേഷൻ പരിസരങ്ങളിലും മറ്റും പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ പോലീസ് സ്റ്റേഷനുകൾക്ക് മുമ്പിലും പാതയോരങ്ങളിലും നിർത്തിയിടുന്നതുമൂലം അപകടമുണ്ടാകുന്നതും ഗതാഗത തടസ്സങ്ങൾ ഉണ്ടാകുന്നതും ആളുകൾ മരണപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിലെ പോലീസ് സ്റ്റേഷനുകൾക്ക് മുമ്പിലും പാതയോരങ്ങളിലും ഇത്തരത്തിൽ അപകടകരമായ രീതിയിൽ നിർത്തിയിട്ട വാഹനങ്ങൾ നീക്കം ചെയ്യുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഗതാഗത തടസ്സമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, എന്നാൽ ഇതുമൂലം ആളുകൾ മരണപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പോലീസ് സ്റ്റേഷനുകളിൽ കേസുമായി ബന്ധപ്പെട്ട് പിടിച്ചെടുത്ത വാഹനങ്ങൾ കോടതിയുടെ നിർദ്ദേശമനുസരിച്ച് അതിന്റെ ഉടമസ്ഥർക്ക് വിട്ടു നൽകുന്നുണ്ട്. അവകാശികളില്ലാതെ പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിക്കുന്ന വാഹനങ്ങളെ KP Act 2011 Section 56 പ്രകാരം പൊതുലേലം നടത്തുന്നതിന് നടപടി സ്വീകരിച്ച് വരുന്നതും ഇപ്രകാരം അവകാശികളില്ലാത്ത വാഹനങ്ങളെ G.O. (MS) No.550/2014/Fin, dated 15-12-2014 ഉത്തരവ് പ്രകാരം MSTC LTD. കമ്പനി മുഖാന്തിരം E-Auction ചെയ്തുവരുന്നു.

## അതിക്രമംതടയൽ നിയമപ്രകാരം എടുത്ത കേസ്സുകൾ

77 (5271) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പട്ടികജാതി-പട്ടികവർഗ്ഗകാർക്കെതിരെയുള്ള അതിക്രമം തടയൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്ത ബലാത്സംഗ കേസ്സുകൾ എത്ര എണ്ണമുണ്ട്; വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര കേസ്സുകളിൽ അന്വേഷണം നടത്തി പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലത്ത് പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം തടയൽ നിയമപ്രകാരം 766 ബലാത്സംഗ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇതിൽ 13 കേസ്സുകളിന്മേൽ പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

## നിരാക്ഷേപപത്രം നൽകി പിൻവലിച്ച ക്രിമിനൽ കേസ്സുകൾ

78 (5272) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ 5 വർഷകാലത്തിനിടയ്ക്ക് നിരാക്ഷേപ പത്രം നൽകി എത്ര ക്രിമിനൽ കേസ്സുകൾ പിൻവലിച്ചിട്ടുണ്ട്;

(ബി) വർഗ്ഗീയ സ്വഭാവമുള്ള വകുപ്പുകൾ ചേർത്ത എത്ര കേസ്സുകൾ പിൻവലിക്കാൻ നിരാക്ഷേപ പത്രം നൽകി;

(സി) രാഷ്ട്രീയ സംഘർഷവുമായി ബന്ധപ്പെട്ട വകുപ്പുകൾ ചേർത്ത എത്ര കേസ്സുകൾക്ക് നിരാക്ഷേപ പത്രം നൽകി;

(ഡി) കോൺഗ്രസ്സ്, മുസ്ലീം ലീഗ്, കേരളാ കോൺഗ്രസ്സ്, ആർ.എസ്.പി. സോഷ്യലിസ്റ്റ് ജനത എന്നീ പാർട്ടികളിൽപ്പെട്ട പ്രവർത്തകർ പ്രതികളായ എത്ര കേസ്സുകൾ ഇപ്രകാരം പിൻവലിച്ചിട്ടുണ്ട്;

(ഇ) ഇതിലെല്ലാംകൂടി എത്ര പ്രതികൾ ഉണ്ടായിരുന്നു; വിശദാംശം വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) 1649 ക്രിമിനൽ കേസ്സുകൾ.

(ബി) 32 കേസ്സുകൾ.

(സി) 1118 കേസ്സുകൾ.

(ഡി) പിൻവലിച്ച കേസ്സുകളുടെ എണ്ണം

കോൺഗ്രസ്-405
മുസ്ലീം ലീഗ്-210
കേരള കോൺഗ്രസ്-13
ആർ.എസ്.പി.-2
സോഷ്യലിസ്റ്റ് ജനത-3
5201 പ്രതികൾ.

(ഇ) വിശദാംശം അനുബന്ധമായി * ചേർത്തിരിക്കുന്നു.

**യു. എ. പി. എ. കേസ്സുകൾ**

79 (5273) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര കേസ്സുകളിൽ യു. എ. പി. എ. ചുമത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) സർക്കാരിന്റെ പ്രഖ്യാപിത നയത്തിന് വിരുദ്ധമായി സാധാരണ കേസ്സുകളിൽ പോലും യു. എ. പി. എ. ചുമത്തുന്ന പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 13 കേസ്സുകൾ (ഇടതുപക്ഷ തീവ്രവാദ/മാവോയിസ്റ്റ് പ്രവർത്തനവുമായി ബന്ധപ്പെട്ട്-9 കേസ്സുകൾ; ഇസ്ലാമിക് സ്റ്റേറ്റ് പ്രവർത്തനവുമായി ബന്ധപ്പെട്ട്-3 കേസ്സുകൾ; കള്ളനോട്ട് കേസ്സ് - 1).

(ബി) യു.എ.പി.എ. നിയമം സംസ്ഥാനത്ത് ഇപ്പോൾ ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ബി. ജെ. പി. ഹർത്താൽ

80 (5274) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ഒക്ടോബർ മാസം 13-ാം തീയതി ബി.ജെ.പി.സംസ്ഥാന വ്യാപകമായി പ്രഖ്യാപിച്ച ഹർത്താലിൽ ഉണ്ടായ ആക്രമണ സംഭവങ്ങളിൽ ബി.ജെ.പി. പ്രവർത്തകർക്കെതിരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ടി ആക്രമണ പ്രവർത്തനങ്ങളിൽ സർക്കാരിനുണ്ടായ നാശനഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സർക്കാരിനുണ്ടായ നാശനഷ്ടം പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

### ഉത്തരം

(എ) തിരുവനന്തപുരം-9, കൊല്ലം-7, പത്തനംതിട്ട-3, ആലപ്പുഴ-4, കോട്ടയം -6, ഇടുക്കി-4, എറണാകുളം-7, തൃശ്ശൂർ -6, പാലക്കാട്-8, മലപ്പുറം -11, കോഴിക്കോട്-7, കാസർഗോഡ്-6 കേസ്സുകൾ വീതം ആകെ 78 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. ഹർത്താലുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് വിവിധ ഭാഗങ്ങളിൽ നടന്ന അക്രമസംഭവങ്ങളിൽ 2,06,000 (രണ്ട് ലക്ഷത്തി ആറായിരം) രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്.

(സി) പൊതുമുതൽ നഷ്ടം വന്നിട്ടുള്ള എല്ലാ സംഭവങ്ങളിലും കുറ്റക്കാർക്കെതിരെ PDPP (Prevention of Damage to Public Property) Act പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിച്ചിട്ടുണ്ട്.

## ഐ. എസ്. ബന്ധം

81 (5275) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എസ്. ബന്ധത്തെ തുടർന്ന് എത്ര പേരെ ഇതു വരെ പോലീസ് പിടികൂടിയിട്ടുണ്ടെന്ന് വിശദമാക്കുമോ; ഇതിൽ മലയാളികൾ എത്ര;

(ബി) ഇവരിൽ മലയാളികളുടെ പേരും, അഡ്രസ്സും ജില്ല തിരിച്ച് വിശദമാക്കുമോ;

(സി) ഐ.എസ്. പ്രവർത്തനം സംസ്ഥാനത്തു നിന്നും പാടെ തുടച്ചു നീക്കാൻ എന്തൊക്കെ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 3 പേരെ കേരള പോലീസും, 7 പേരെ എൻ.ഐ.എ.-യും പിടികൂടിയിട്ടുണ്ട്. ഇതിൽ 7 പേർ മലയാളികളാണ്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുന്നതിന് നിർവ്വാഹമില്ല.

**ഉദുമ മണ്ഡലത്തിലെ യു. ഡി. എഫ്. സ്ഥാനാർത്ഥിക്കെതിരായ കേസ്**

82 (5276) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ഉദുമ മണ്ഡലത്തിലെ യു.ഡി.എഫ്. സ്ഥാനാർത്ഥി പരസ്യമായി കള്ളവോട്ട് ചെയ്യണമെന്ന് ആഹ്വാനം ചെയ്യുന്നതായി പറയപ്പെടുന്ന വീഡിയോ ക്ലിപ്പുമായി ബന്ധപ്പെട്ട വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതൊക്കെ വകുപ്പുകൾ ചേർത്താണ് കേസ് എടുത്തിട്ടുള്ളത്; അന്വേഷണ ചുമതല ആർക്കാണ്; വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) അന്വേഷണത്തിന്റെ ഭാഗമായി ആരെയെങ്കിലും ചോദ്യം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ഇ) അന്വേഷണത്തിന്റെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഉണ്ട്. ഇത് സംബന്ധിച്ച് ബേക്കൽ പോലീസ് സ്റ്റേഷൻ ക്രൈം 341/16/u/s. 171 F, r/w 116 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ ബേക്കൽ പോലീസ് സബ് ഇൻസ്പെക്ടറാണ് അന്വേഷണം നടത്തിവരുന്നത്.

(ഡി) ഇല്ല.

(ഇ) കേസ് ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**വാഹന പരിശോധനകളിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ**

83 (5277) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വാഹന പരിശോധനകളിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് ഡി.ജി.പി.പോലീസുദ്യോഗസ്ഥർക്ക് നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

വാഹനപരിശോധനകളിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ച നിർദ്ദേശങ്ങളുടെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

**എൻ. എൽ. സി. ലഭിക്കുന്നതിനുള്ള നടപടി**

84 (5278) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിട്ടയർ ചെയ്ത ജീവനക്കാരുടെ ഗ്രാറ്റുവിറ്റി, ഡിപ്പാർട്ട്മെന്റ് തലത്തിൽ അച്ചടക്കനടപടിയുടെ ഫയൽ തീർപ്പാക്കത്തതിന്റെ പേരിൽ തടഞ്ഞുവയ്ക്കാൻ നിലവിൽ വ്യവസ്ഥയുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കേരള പോലീസ് സബ് ഇൻസ്പെക്ടറായിയിരിക്കെ 31-3-2015-ന് സർവ്വീസിൽ നിന്നും വിരമിച്ച കുഞ്ഞഹമ്മദ്. കെ, കല്ലട വീട്, മുട്ടാഞ്ചേരി പി.ഒ. എന്നയാൾക്ക് ഡി.സി.ആർ.ജി. ലഭിക്കുന്നതിനുള്ള എൻ.എൽ.സി. കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണർ ഓഫീസിൽ നിന്നും ഇതുവരെയും നൽകിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള കാരണം വിശദമാക്കുമോ;

(സി) പ്രസ്തുത ഉദ്യോഗസ്ഥന് ഗ്രാറ്റുവിറ്റി ലഭിക്കാൻ വേണ്ടി എൻ.എൽ.സി. നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) KSR Part III ചട്ടം 3 (a) പ്രകാരം വകുപ്പുതല നടപടിയോ ജുഡീഷ്യൽ നടപടിയോ ഉണ്ടാകുന്നപക്ഷം പ്രസ്തുത നടപടിക്രമങ്ങൾ അവസാനിക്കുന്നതുവരെ പ്രൊവിഷണൽ പെൻഷൻ അനുവദിക്കാവുന്നതാണെന്നും ഡി.സി.ആർ.ജി. തടഞ്ഞുവയ്ക്കാവുന്നതാണെന്നും വ്യവസ്ഥയുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി&സി) സബ് ഇൻസ്പെക്ടറായിരിക്കെ 31-3-2015-ന് സർവ്വീസിൽ നിന്നും പിരിഞ്ഞ ശ്രീ. കുഞ്ഞഹമ്മദിനെതിരെ 29-10-2014-ൽ തുടങ്ങിയ അച്ചടക്ക നടപടി പൂർത്തിയായിട്ടില്ല. അച്ചടക്ക നടപടി തീർപ്പാക്കുന്ന മുറയ്ക്ക് എൻ.എൽ.സി. നൽകാവുന്നതാണ്.

### എല്ലാ ബസ്സ്റ്റാന്റുകളിലും പോലീസ് എയ്ഡ്പോസ്റ്റ്

85 (5279) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പ്രധാനപ്പെട്ട എല്ലാ ബസ്സ്റ്റാന്റുകളിലും പോലീസ് എയ്ഡ്പോസ്റ്റ് സ്ഥാപിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ അതിനായി നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

നിലവിൽ സംസ്ഥാനത്തെ പ്രധാനപ്പെട്ട എല്ലാ ബസ്സ്റ്റാന്റുകളിലും പോലീസ് എയ്ഡ്പോസ്റ്റ് സ്ഥാപിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ നൽകി വരുന്നുണ്ട്. കൂടാതെ എയ്ഡ്പോസ്റ്റ് സ്ഥാപിച്ചിട്ടില്ലാത്ത ബസ്സ്റ്റാന്റുകളിൽ പോലീസ് സേവനം ലഭ്യമാക്കുന്നതിനുവേണ്ടി ബസ്സ്റ്റാന്റിനുള്ളിൽ പോയിന്റ് ഡ്യൂട്ടിയും നിരന്തരമായ പോലീസ് പട്രോളിംഗും ഏർപ്പെടുത്തിയിട്ടുണ്ട്.

### ഗതാഗതതടസ്സം സൃഷ്ടിക്കുന്ന ഭാരവാഹനങ്ങൾ

86 (5280) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രാവിലെ 6.00 മുതൽ 10.00 മണിവരെയുള്ള സമയങ്ങളിൽ കല്ല്, മണൽ മുതലായ സാധനങ്ങൾ കയറ്റിയ ഭാരവാഹനങ്ങൾ സ്കൂൾ വാഹനങ്ങൾക്കും സ്വകാര്യ ചെറുവാഹനങ്ങൾക്കും തടസ്സം സൃഷ്ടിച്ച് നിരത്തുകളിൽ ഓടുന്നതുമൂലം കൃത്യസമയത്ത് സ്കൂളുകളിലും മറ്റ് ഓഫീസുകളിലും എത്തേണ്ടവർ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സാഹചര്യം ഒഴിവാക്കുന്നതിനായി ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഗതാഗത തടസ്സം സൃഷ്ടിക്കുന്ന ഭാരവാഹനങ്ങൾ ഉൾപ്പെടെയുള്ള മറ്റ് വാഹനങ്ങൾക്കെതിരെ വാഹന പരിശോധനയുൾപ്പെടെയുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ച് നിയമനടപടി കൈക്കൊള്ളുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നഗരങ്ങളിലെ തിരക്കേറിയ പ്രധാനപ്പെട്ട റോഡുകളിലും മറ്റും ഭാരം കയറ്റിയ വലിയ ചരക്ക് വാഹനങ്ങൾ, ടിപ്പറുകൾ എന്നിവയ്ക്ക് ഓഫീസ് സമയങ്ങളിൽ പ്രവേശന നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ ഇത്തരം ബുദ്ധിമുട്ട് ഇപ്പോൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) നഗരങ്ങൾ, തിരക്കേറിയ സ്ഥലങ്ങൾ എന്നിവിടങ്ങളിലെ സ്കൂളുകളിലേയ്ക്കും ഓഫീസുകളിലേയ്ക്കും തിരിച്ചുമുള്ള യാത്ര സുഗമമാക്കുന്നതിലേയ്ക്കായി ആവശ്യമായ പോലീസ് ഉദ്യോഗസ്ഥരെ ട്രാഫിക് ഡ്യൂട്ടിക്കായി നിയോഗിച്ച് ഗതാഗത കുരുക്കുകളും മറ്റും നിയന്ത്രിച്ച് വരുന്നു. കൂടാതെ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള വാഹനങ്ങൾ ഈ മേഖലകളിലേയ്ക്ക് വരുന്നത് തടയുകയും, വാഹന പരിശോധന ഊർജ്ജിതമാക്കിയും നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചും വരുന്നുണ്ട്.

**മണൽ മാഫിയക്കെതിരെ സ്വീകരിച്ച നടപടികൾ**

87 (5281) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണൽ മാഫിയക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) അനധികൃതമായി മണൽ കടത്തിയ എത്ര വാഹനങ്ങൾ ഈ സർക്കാർ വന്നശേഷം പിടികൂടിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(സി) പിടിച്ചെടുത്ത വാഹനങ്ങൾ എവിടെയാണ് സൂക്ഷിച്ചിട്ടുള്ളത്; ഉടമകൾക്ക് അവ തിരിച്ചുനൽകുമോ; എങ്കിൽ അതിനു സ്വീകരിക്കുന്ന മാനദണ്ഡമെന്താണ്; എത്ര കാലാവധിക്കു ശേഷമാണ് തിരിച്ചു നൽകുക; വിശദമാക്കുമോ;

(ഡി) അനധികൃതമായി മണൽ കടത്തി എന്ന കുറ്റം ചെയ്തതിന്റെ പേരിൽ വാഹനങ്ങൾ ഉടമകൾക്ക് തിരിച്ചുനൽകാതെ നശിപ്പിക്കാറുണ്ടോ; എങ്കിൽ എത്ര വാഹനങ്ങൾ ഇങ്ങനെ നശിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) അനധികൃതമായി മണൽ വാരിയ എത്ര തോണികൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിടികൂടിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(എഫ്) പിടിച്ചെടുത്ത തോണികൾ എവിടെയാണ് സൂക്ഷിച്ചിട്ടുള്ളത്; ഉടമകൾക്ക് അവ തിരിച്ചു നൽകുമോയെന്ന് വ്യക്തമാക്കുമോ;

(ജി) അനധികൃതമായി മണൽ വാരുന്ന തോണികളെ പിടികൂടി തകർക്കാറുണ്ടോ; എങ്കിൽ ഏത് നിയമവും വകുപ്പും അനുസരിച്ചാണ് ഇങ്ങനെ ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അനധികൃത മണൽ ഖനനവും കടത്തും തടയുന്നതിനായി ജില്ലാ, താലൂക്ക് റവന്യൂ ഡിവിഷണൽ തലങ്ങളിൽ റവന്യൂ, പോലീസ് സംയുക്ത സ്ക്വാഡ് പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. കൂടാതെ മണൽ അനധികൃതമായി കൂട്ടി വച്ചിരിക്കുന്നതോ വാഹനത്തിൽ കൊണ്ടുപോകുന്നതോ കണ്ടാൽ ആയത് പിടിച്ചെടുക്കുകയും ഉത്തരവാദികൾക്കെതിരെ KPRD& RRS Act, MMDR Act എന്നിവ പ്രകാരം നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) അനധികൃതമായി മണൽ കടത്തിയതിന് പിടിച്ചെടുത്ത വാഹനങ്ങളുടെ എണ്ണം- തിരുവനന്തപുരം-14, കൊല്ലം-11, ആലപ്പുഴ-10, കോട്ടയം-2, ഇടുക്കി-4, എറണാകുളം-2, മലപ്പുറം-240, പാലക്കാട്-27, കോഴിക്കോട്-12, കണ്ണൂർ-23, കാസർഗോഡ്-217, പത്തനംതിട്ട, തൃശ്ശൂർ, വയനാട്, ജില്ലകളിൽ വാഹനം പിടിച്ചെടുത്തിട്ടില്ല.

(സി) പിടിച്ചെടുത്ത വാഹനങ്ങൾ വിവിധ പോലീസ് സ്റ്റേഷനുകളിലും, താലൂക്ക് ഓഫീസ്, ആർ.ഡി.ഒ. പരിസരത്തുമാണ് സൂക്ഷിച്ചിട്ടുള്ളത്. കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമം 23 (എ) 4 വകുപ്പിന് വിധേയമായി വാഹന ഉടമ ആവശ്യപ്പെടുകയാണെങ്കിൽ വാഹനത്തിന് ജില്ലാ കളക്ടർ നിശ്ചയിക്കുന്ന വില ഈടാക്കി നടപടിക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് വാഹനം വിട്ടുതൽ ചെയ്യുന്നു.

(ഡി) നശിപ്പിക്കാറില്ല. അനധികൃതമായി മണൽ കടത്തിയതിന് പിടികൂടുന്ന വാഹനങ്ങൾ തിരിച്ചെടുക്കുന്നതിന് ഉടമകൾക്ക് അവസരം നൽകാറുണ്ട്. ആയതു പ്രകാരം പിഴയും വിലയും അടയ്ക്കാത്ത കേസുകളിൽ വാഹനം ലേലം ചെയ്ത് സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുന്നതാണ്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം-3, ആലപ്പുഴ-5, മലപ്പുറം-90, എറണാകുളം-1, കണ്ണൂർ-2, കാസർഗോഡ്-1 തോണികൾ പിടികൂടിയിട്ടുണ്ട്. മറ്റു ജില്ലകളിൽ തോണികൾ പിടിച്ചെടുത്തിട്ടില്ല.

(എഫ്) പിടിച്ചെടുത്ത തോണികൾ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ സൂക്ഷിച്ചു വരുന്നു. സബ് ഡിവിഷണൽ മജിസ്ട്രേറ്റ് വിചാരണ നടത്തി നിശ്ചയിക്കുന്ന പിഴത്തുക ഒടുക്കുന്നപക്ഷം തോണികൾ വ്യവസ്ഥകൾക്ക് വിധേയമായി ഉടമകൾക്ക് വിട്ടുകൊടുക്കുന്നു.

(ജി) അനധികൃതമായി മണൽ വാരുന്ന തോണികൾ പിടികൂടി തകർക്കാറില്ല.

## പോലീസ് ഉദ്യോഗസ്ഥരുടെ പെരുമാറ്റ ദൂഷ്യത്തിനും അധികാരദുർവിനിയോഗത്തിനുമെതിരെ നടപടി

88 (5282) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് വകുപ്പിൽ വിവിധ ഉദ്യോഗസ്ഥർക്കെതിരെയുള്ള പെരുമാറ്റദൂഷ്യം, അധികാര ദുർവിനിയോഗം തുടങ്ങിയ പരാതികൾ ഗൗരവപൂർവ്വം അന്വേഷിച്ച് മാതൃകാപരമായ അച്ചടക്ക നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത്; ഇതിൽ എത്ര പരാതികളിലാണ് അന്വേഷണം പൂർത്തിയാക്കി അച്ചടക്ക നടപടികൾ സ്വീകരിക്കാൻ അവശേഷിക്കുന്നത്;

(സി) പോലീസ് വകുപ്പിൽ ഉദ്യോഗസ്ഥനും തിരുവനന്തപുരം ജില്ലയിൽ വിഴിഞ്ഞം പോലീസ് സ്റ്റേഷൻ പരിധിയിൽ താമസിക്കുന്നതുമായ ഹെഡ് കോൺസ്റ്റബിൾ ശ്രീ. സുരേഷ് കുമാറിനെതിരെ (ഗ്രേഡ് എസ്.ഐ. റ്റി. 9291) അയൽക്കാരന്റെ അതിര് കയ്യേറിയതിനും തെറിവിളിച്ചതിനും ഭീഷണിപ്പെടുത്തിയതിനും 2015 ഒക്ടോബർ മാസം ആഭ്യന്തര സെക്രട്ടറിക്ക് പരാതി ലഭിച്ചിരുന്നോ; പ്രസ്തുത പരാതി ലഭിച്ച് ഒരു വർഷമായിട്ടും നടപടി എടുക്കാതിരുന്നതെന്തു കൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) വിഴിഞ്ഞം പോലീസ് സ്റ്റേഷനിൽ നിന്നും ആവശ്യപ്പെട്ടതനുസരിച്ച് പരാതിക്കാരനും പ്രതിയായ പോലീസുകാരനും എന്നാണ് സ്റ്റേറ്റ്മെന്റുകൾ ഹാജരാക്കിയതെന്നും അവ ആഭ്യന്തര സെക്രട്ടറിക്ക് എന്നാണ് അയച്ചുനൽകിയതെന്നും വ്യക്തമാക്കുമോ;

(ഇ) പരാതിക്കാരൻ വിഴിഞ്ഞം പോലീസ് സ്റ്റേഷനിൽ സമർപ്പിച്ച സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് എന്നാണ് പരാതിക്കാരൻ ആഭ്യന്തര സെക്രട്ടറിക്ക് ലഭ്യമാക്കിയത്;

(എഫ്) പ്രതിസ്ഥാനത്തുള്ള ഉദ്യോഗസ്ഥനെ രക്ഷപ്പെടുത്താനുള്ള ബോധപൂർവ്വമായ ശ്രമം നടക്കുന്നുണ്ടോയെന്ന് സർക്കാർ പരിശോധിക്കുമോ; പ്രസ്തുത പരാതിയിൽ വേഗം അനേഷണം പൂർത്തിയാക്കി കുറ്റക്കാരനെതിരെ മാതൃകാപരമായ അച്ചടക്ക നടപടി സ്വീകരിച്ച് വിവരം സഭയുടെ മേശപ്പുറത്ത് വയ്ക്കുമോ?

<u>ഉത്തരം</u>

(എ) ഇത്തരം പരാതികൾ ഗൗരവപൂർവ്വം തന്നെ അന്വേഷിക്കുകയും ആവശ്യമായ കേസുകളിൽ മാതൃകാപരമായ അച്ചടക്ക നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്.

(ബി) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ സംസ്ഥാനത്തെ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ 15685 പരാതികളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ 159 പരാതികളിൽ അന്വേഷണ നടപടികൾ പൂർത്തിയാക്കുവാനായിട്ടുണ്ട്.

(സി) ലഭിച്ചിരുന്നു. ശ്രീ.അഗസ്റ്റിൻ എന്നയാൾ എ.എസ്.ഐ. ഗ്രേഡ് 9291 ശ്രീ. സുരേഷ് കുമാറിനെതിരെ സമർപ്പിച്ച പരാതിയിൻമേൽ വിശദമായ അന്വേഷണം നടത്തിയിട്ടുള്ളതും അന്വേഷണത്തിൽ പരാതിക്കാരനും എതിർകക്ഷിയും ബന്ധുക്കളാണെന്നും വസ്തു സംബന്ധമായ തർക്കമാണ് പരാതിക്കാധാരമെന്നും പ്രസ്തുത വസ്തു തർക്കം സംബന്ധിച്ച് താലൂക്ക് തഹസിൽദാർ ഓഫീസിൽ നിന്നും സർവ്വേ ഉദ്യോഗസ്ഥരെത്തി അതിർത്തി നിർണ്ണയിച്ചിട്ടുള്ള തായും അറിവായിട്ടുണ്ട്.

(ഡി) വിഴിഞ്ഞം പോലീസ് സ്റ്റേഷനിൽ നിന്നും ആവശ്യപ്പെട്ടതനുസരിച്ച് പരാതിക്കാരൻ ശ്രീ. അഗസ്റ്റിൻ ജെ. തയ്യാറാക്കിയ പ്രിന്റഡ് സ്റ്റേറ്റ്മെന്റ് 26-2-2016 തീയതിയിലും, എതിർകക്ഷിയായ ശ്രീ. സുരേഷ് കുമാർ (പോലീസ് ഉദ്യോഗസ്ഥൻ) 29-11-2015 തീയതിയിലുമാണ് സ്റ്റേറ്റ്മെന്റുകൾ നല്കിയിരുന്നത്. ഈ സ്റ്റേറ്റ്മെന്റുകൾ സർക്കാരിൽ സമർപ്പിച്ചിട്ടില്ല.

(ഇ) 2-4-2016-ൽ

(എഫ്) പരാതിക്കാരന്റെ പരാതിക്കാധാരമായ വിഷയത്തിൽ താലൂക്ക് തഹസിൽദാർ പരിഹാരം കണ്ടെത്തിയതായാണ് അന്വേഷണത്തിൽ വെളിവായിട്ടുള്ളത്. ടിയാന് മറ്റു പരാതികൾ എന്തെങ്കിലും ഇനിയും അവശേഷിക്കുന്നെങ്കിൽ ഉചിത മാർഗ്ഗേന ഉന്നയിച്ച് പരിഹാരം തേടാവുന്നതാണ്.

**പോലീസ് സേനയിലെ അംഗസംഖ്യ**

89 (5283) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിലെ ആകെ അംഗസംഖ്യ എത്ര; ജില്ല തിരിച്ച് വ്യക്തമാക്കുമോ; റിസർവ് പോലീസിലെയും ബറ്റാലിയനുകളിലെയും അംഗസംഖ്യ എത്ര വീതമെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് പോലീസ് സേനയിലെ അംഗസംഖ്യ നിശ്ചയിക്കുന്ന മാനദണ്ഡം എന്താണ്; നിലവിൽ സംസ്ഥാനത്ത് ആവശ്യത്തിന് പോലീസ് സേനാംഗങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ എത്ര കുറവാണ്; പ്രസ്തുത ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ;

(സി) സിറ്റികളിൽ പോലും ആവശ്യത്തിന് പോലീസ് സേനാംഗങ്ങൾ ഇല്ലാത്തതിനാൽ പലപ്പോഴും ക്രമസമാധാന പ്രശ്നങ്ങളും ട്രാഫിക് പ്രശ്നങ്ങളും ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) തിരുവനന്തപുരം സിറ്റിയിൽ ബേക്കറി ജംഗ്ഷനടുത്ത് നിയമസഭയിൽ നിന്നും മന്ത്രിമാരും മറ്റ് ഉദ്യോഗസ്ഥരും സെക്രട്ടേറിയറ്റിലേയ്ക്ക് പോകുന്ന വഴി പാലത്തിനടിയിലെ പോയിന്റിനടുത്ത് ട്രാഫിക് പോലീസിനെ സ്ഥിരമായി നിയമിക്കുമോ; നിലവിൽ ഒരു സബ് ഇൻസ്പെക്ടറും ഒരു പോലീസ് കോൺസ്റ്റബിളും ഉണ്ടെങ്കിലും ട്രാഫിക് തിരക്ക് നോക്കാതെ അവർ ഹെൽമറ്റ് ചെക്കിംഗ് നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) തിരക്കുള്ള സ്ഥലങ്ങളിൽ പോലീസ് ഉദ്യോഗസ്ഥർ ട്രാഫിക് ശ്രദ്ധിക്കാതെ തൊട്ടടുത്ത് ഹെൽമറ്റ് പരിശോധനയും സീറ്റ് ബെൽറ്റ് പരിശോധനയും നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ പരാതി ലഭിച്ചാൽ ആഭ്യന്തര വകുപ്പ് നടപടി സ്വീകരിക്കുമോ;

(എഫ്) പ്രധാന സിറ്റികളിലും തിരക്കുള്ള സ്ഥലങ്ങളിലും ട്രാഫിക് ശ്രദ്ധിക്കുവാൻ ആവശ്യമായ നിർദ്ദേശം സംസ്ഥാന പോലീസ് മേധാവിക്ക് രേഖാമൂലം നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന പോലീസ് സേനയിലെ ആകെ അംഗസംഖ്യ-52076. ബറ്റാലിയനിലെ അംഗസംഖ്യ-8703. ജില്ല തിരിച്ചുള്ള അംഗസംഖ്യ റിസർവ് പോലീസിന്റെ എണ്ണം ഉൾപ്പെടെ ഇതോടൊപ്പം അനുബന്ധമായി* ഉൾക്കൊള്ളിക്കുന്നു.

(ബി) പി&എ.ആർ.ഡി. നടത്തിയ വർക്ക് സ്റ്റഡി റിപ്പോർട്ട് അനുസരിച്ച് ജനസംഖ്യ പോലീസ് അനുപാതം 500:1 എന്ന തോതിലാകണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് 500:1 എന്ന തോത് കണക്കാക്കുമ്പോൾ പോലീസ് സേനാംഗങ്ങളുടെ എണ്ണത്തിൽ കുറവുണ്ട്. 500:1 എന്ന് അനുപാതത്തിൽ പോലീസ് സേനാഗംങ്ങളുടെ എണ്ണം കണക്കാക്കുന്നതിനായി ശാസ്ത്രീയ മാർഗ്ഗങ്ങൾ ഉൾപ്പെടുത്തി വിശദമായ പഠനം ആവശ്യമായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ ഇക്കാര്യത്തിൽ ട്രാഫിക് ഉദ്യോഗസ്ഥരുടെ കുറവ് ഡ്യൂട്ടി സമയം ക്രമീകരിച്ചുകൊണ്ട് പരിഹരിക്കുന്ന സമീപനമാണ് അനുവർത്തിക്കുന്നത്.

(ഡി) തിരുവനന്തപുരം സിറ്റിയിൽ ബേക്കറി ജംഗ്ഷനടുത്ത് സ്ഥിരമായി പോലീസിനെ നിയമിച്ചിട്ടുണ്ട്. ട്രാഫിക് നിരക്ക് നോക്കാതെ ട്രാഫിക് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ വാഹന പരിശോധന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

(എഫ്) സംസ്ഥാനത്തെ ട്രാഫിക് നിയന്ത്രണത്തിനും വാഹന പരിശോധനയ്ക്കും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ നൽകിയിട്ടുണ്ട്. അവ കർശനമായും പാലിച്ച വരുന്നുണ്ട്.

**പോലീസ് വകുപ്പിലെ സ്ഥലംമാറ്റങ്ങൾ**

90 (5284) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസ് വകുപ്പിൽ എ. എസ്. ഐ., എസ്. സി. പി. ഒ., സി. പി. ഒ. തസ്തികകളിൽ ജോലി നോക്കി വരുന്ന എത്ര ജീവനക്കാരെ സ്ഥലം മാറ്റി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത സ്ഥലം മാറ്റങ്ങൾ മാനദണ്ഡങ്ങൾ പാലിച്ചാണോ നടത്തിയത് എന്ന് വ്യക്തമാക്കാമോ ;

(സി) ഇല്ലെങ്കിൽ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നടത്തിയ സ്ഥലംമാറ്റങ്ങൾ റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസ് വകുപ്പിൽ നിന്നും 177 എ.എസ്.ഐ. മാരെയും 741 എസ്.സി.പി.ഒ. മാരെയും 1891 സി.പി.ഒ. മാരെയും സ്ഥലം മാറ്റിയിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥലംമാറ്റങ്ങളെല്ലാം മാനദണ്ഡങ്ങൾ പാലിച്ചാണ് നടത്തിയിട്ടുള്ളത്

(സി) ബാധകമല്ല.

## പോലീസ് കംപ്ലയിന്റ് അതോറിറ്റി

91 (5285) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പോലീസ് കംപ്ലയിന്റ് അതോറിറ്റി മുമ്പാകെ എത്ര പരാതികൾ ലഭിച്ചു; അതിൽ എത്ര പരാതികൾ തീർപ്പാക്കി; വിശദമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് പോലീസ് കസ്റ്റഡിയിൽ എത്രപേർ മരണപ്പെടുകയുണ്ടായി; കുറ്റക്കാർക്കെതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) പോലീസ് കസ്റ്റഡിയിൽ 2 പേർ മരണപ്പെടുകയുണ്ടായി. ഈ സംഭവങ്ങളിൽ അന്വേഷണത്തിന്റെ ഭാഗമായി 6 പോലീസ് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. ഇവർക്കെതിരെ വകുപ്പ്തല നടപടി സ്വീകരിച്ചു വരുന്നു.

## പോലീസ് സ്റ്റേഷനുകളുടെ നവീകരണം

92 (5286) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകളുടെ നവീകരണത്തിന്റെ ആവശ്യകത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കുമോ;

(ബി) പോലീസ് സ്റ്റേഷൻ നവീകരണത്തിന് വേണ്ടി നടപ്പിലാക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാണോ; വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കാൻ സ്വീകരിച്ച നടപടി ക്രമങ്ങൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാന പോലീസ് സേനയെ കാര്യക്ഷമവും ജനസൗഹൃദവുമാക്കുന്നതിന് വിപുലമായ പുതിയ പദ്ധതികൾ ആലോചിക്കുന്നു. സൈബർ സ്പേസിന്റെ ദുരുപയോഗം കണക്കിലെടുത്ത് സൈബർ ക്രൈം ഇൻവെസ്റ്റിഗേഷനും പരിശീലനത്തിനുമുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് മുൻഗണന നല്കുന്നതാണ്. പോലീസ് സ്റ്റേഷനുകളുടെ നിലവാരമുയർത്തി സ്മാർട്ട് പോലീസ് സ്റ്റേഷനുകളായി മാറ്റുന്നതിന് ഘട്ടം ഘട്ടമായി നടപടിയെടുക്കും. കുറ്റവാളികളെയും, കുറ്റകൃത്യങ്ങളെയും കുറിച്ചുള്ള അന്വേഷണത്തിന് സഹായകരമായ സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി 'ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് & സിസ്റ്റം' ശൃംഗലയിൽ എല്ലാ പോലീസ് സ്റ്റേഷനേയും ഉൾപ്പെടുത്തും. സ്ത്രീകളുടെയും കുട്ടികളുടേയും സുരക്ഷ ഉറപ്പാക്കുന്നതിനായി കൂടുതൽ വനിതാ പോലീസുകാരെ നിയമിക്കുന്നതിനുള്ള സാധ്യത പരിശോധിക്കും.

(സി) സംസ്ഥാനത്ത് 4 പോലീസ് സ്റ്റേഷനുകൾ (മലയാലപ്പുഴ, ആലപ്പുഴ വനിതാ പോലീസ് സ്റ്റേഷൻ, തങ്കമണി, മുഴക്കുന്ന്) ഒഴികെ ബാക്കിയുള്ള എല്ലാ പോലീസ് സ്റ്റേഷനുകളിലും ഇന്റർനെറ്റ് കണക്റ്റിവിറ്റി ലഭ്യമാണ്.

(ഡി) ഇന്റർനെറ്റ് കണക്റ്റിവിറ്റിക്കായി നടപടി സ്വീകരിച്ചുവരുന്നു.

**പോലീസ് സ്റ്റേഷനുകളിലെ വർക്ക് ലോഡ്**

93 (5287) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സ്റ്റേഷനുകളിലെ വർക്ക് ലോഡ് സംബന്ധിച്ച കംപാരിറ്റീവ് സ്റ്റഡി റിപ്പോർട്ട് പൂർത്തിയായിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) കോഴിക്കോട് ജില്ലയിൽ ഈ സ്റ്റഡി റിപ്പോർട്ട് പ്രകാരം വർക്ക് ലോഡ് കൂടുതലുള്ളതായി കാണുന്ന പോലീസ് സ്റ്റേഷനുകൾ ഏതെല്ലാമെന്നുള്ള പട്ടിക ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പോലീസ് വകുപ്പിനെ സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നടത്തിയ വർക്ക് സ്റ്റഡി റിപ്പോർട്ട് പൂർത്തിയായിട്ടുണ്ട്. അതിലെ ശിപാർശകൾ പരിശോധിച്ച് വരുന്നു.

(ബി) കോഴിക്കോട് ജില്ലയിൽ പട്ടാമ്പി പോലീസ് സ്റ്റേഷൻ വിഭജിച്ച് കൊപ്പം പോലീസ് സ്റ്റേഷൻ തുടങ്ങാനും വടകര പോലീസ് സ്റ്റേഷൻ വിഭജിക്കാനും റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്. എന്നാൽ കോഴിക്കോട് ജില്ലയിൽ വർക്ക് ലോഡ് കൂടുതലുള്ള പോലീസ് സ്റ്റേഷനുകളുടെ പട്ടിക റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല.

**പോലീസ് പരിശീലനക്കാലത്തെ അഡ്വാൻസ് ഇൻക്രിമെന്റ്**

94 (5288) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് പരിശീലനകാലം സർവ്വീസായി പരിഗണിച്ച് പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്ക് അനുവദിച്ച അഡ്വാൻസ് ഇൻക്രിമെന്റ് പരിശീലനം പൂർത്തിയാക്കിയ ശേഷം നിയമാനുസൃതം റിലീവ് ചെയ്ത് മറ്റു സർക്കാർ വകുപ്പുകളിലേക്ക് പോയ ഉദ്യോഗസ്ഥർക്ക് ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മറ്റ് സർക്കാർ വകുപ്പുകളിലേക്ക് പോയ ഉദ്യോഗസ്ഥർക്ക് അനുവദിക്കുന്ന 200 രൂപ പേഴ്സണൽ പേ ശമ്പള പരിഷ്കരണത്തിന് മുമ്പുള്ള സ്കെയിലിലാണ് എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇവർക്ക് അഡ്വാൻസ് ഇൻക്രിമെന്റ് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ &ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പോലീസ് വകുപ്പിലെ സേവനം മറ്റു വകുപ്പുകളിലേതിൽ നിന്നും വ്യത്യസ്തമായതിനാൽ പോലീസ് വകുപ്പിന് മാത്രമായി നൽകിവരുന്ന ആനുകൂല്യങ്ങൾ ടി സർവ്വീസിൽ നിന്നും വിടുതൽ ചെയ്ത് മറ്റു സർവ്വീസുകളിൽ ചേരുന്നവർക്ക് നൽകാൻ വ്യവസ്ഥയില്ല.

**ജനസൗഹൃദ പോലീസ് നയം നടപ്പാക്കാൻ നടപടി**

95 (5289) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി.എഫ്.തോമസ് :
ഡോ.എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനസൗഹൃദ പോലീസ് നയം നടപ്പിലാക്കുന്നതിൽ നേരിടുന്ന വെല്ലുവിളികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പൊതുജനങ്ങളിൽ സർക്കാരിന്റെ പ്രതിച്ഛായ തകർക്കുന്ന രീതിയിൽ സർക്കാർ നയത്തിന് വിരുദ്ധമായി പ്രവർത്തിച്ചതിനും ഗുണ്ടായിസം, പെരുമാറ്റദൂഷ്യം, അച്ചടക്കരാഹിത്യം തുടങ്ങിയവ സംബന്ധിച്ചും പോലീസ് ഉദ്യോഗസ്ഥർക്കെതിരെ മാധ്യമങ്ങളിൽ വന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എത്ര പരാതികളാണ് സർക്കാർ മുമ്പാകെ വന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം പരാതികളിന്മേൽ നീതിപൂർവ്വമായ അന്വേഷണം നടത്തി മാതൃകാപരമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് തടസ്സവും കാലതാമസവും ഉണ്ടാകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ എത്ര പരാതികളിൽ അന്വേഷണം നടത്തി റിപ്പോർട്ട് പോലീസ് വകുപ്പിൽ നിന്ന് സർക്കാരിന് സമർപ്പിക്കാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) പോലീസുദ്യോഗസ്ഥർക്കെതിരെയുള്ള പരാതികളിൽ പോലീസുകാരെ സംരക്ഷിക്കുന്ന പോലീസ് വകുപ്പിന്റെ ശ്രമങ്ങളെ അതിജീവിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഇ) സർക്കാരിന്റെ നയവും പ്രതിച്ഛായയും സംരക്ഷിക്കുന്നതിനും ജനങ്ങൾക്ക് ഭയപ്പാടില്ലാതെ പോലീസിനെ സമീപിക്കുന്നതിനും ഉതകുന്ന വിധത്തിൽ പോലീസ് സർക്കിൾ ഇൻസ്പെക്ടർ തസ്തികയിലുള്ള ഉദ്യോഗസ്ഥരുടെ നിയമനം, സ്ഥലംമാറ്റം, അച്ചടക്ക നടപടികൾ എന്നിവ ആഭ്യന്തരവകുപ്പിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പോലീസ് ഉദ്യോഗസ്ഥർക്കെതിരെ സർക്കാരിൽ ലഭിച്ച പരാതികളിൽ ഇത്തരത്തിലുള്ള പരാതികളുണ്ടോ എന്ന വിവരം പരിശോധിച്ചു വരുന്നു.

(സി) നീതിപൂർവ്വമായ അന്വേഷണം നടത്തി മാതൃകാപരമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരത്തിൽ എന്തെങ്കിലും പരാതികളുണ്ടോ എന്ന കാര്യം വകുപ്പുതലത്തിൽ പരിശോധിച്ചുവരുന്നു.

(ഡി) പോലീസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള പരാതികളിൽ പോലിസുകാരെ സംരക്ഷിക്കാൻ പോലീസ് വകുപ്പിൽ പ്രത്യേക ശ്രമങ്ങളൊന്നും നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇക്കാര്യം പരിശോധിച്ച് ആവശ്യമെങ്കിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## കൊല്ലം ജില്ലയിലെ ലോക്കൽ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് സ്ഥലം മാറ്റം

96 (5290) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 6-1-2015-ലെ OA നമ്പർ 2380/14 ഉത്തരവ് പ്രകാരം 51 പോലീസുകാരെ മറ്റുജില്ലകളിൽ നിന്നും കൊല്ലം ജില്ലയിലെ ലോക്കൽ സ്റ്റേഷനുകളിലേക്ക് മാറ്റുന്നതിനുള്ള നടപടികൾക്ക് നിർദ്ദേശിച്ചിരുന്നോ;

(ബി) പ്രസ്തുത ഉത്തരവിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) നിർദ്ദേശിച്ചിരുന്നു.

(ബി) ബഹു. ട്രൈബ്യൂണലിന്റെ മേൽ ഉത്തരവ് പ്രകാരം 23-2-2015-ന് സംസ്ഥാന പൊലീസ് മേധാവി പരാതിക്കാരുടെ ഹിയറിംഗ് നടത്തുകയുണ്ടായി. 1993 മുതൽ 2014 വരെ കൊല്ലം ലോക്കൽ പോലീസ് വിഭാഗത്തിലേയ്ക്കുള്ള അന്തർ ജില്ലാ സ്ഥലംമാറ്റത്തിൽ 51 പോലീസുകാരുടെ കുറവുണ്ടായിട്ടുണ്ടെന്ന് സംസ്ഥാന പോലീസ് മേധാവി കണ്ടെത്തുകയും പ്രസ്തുത കുറവ്, ലോക്കൽ വിഭാഗത്തിൽ തുടർന്നുണ്ടാകുന്ന ഒഴിവുകൾ നികത്തുമ്പോൾ ബറ്റാലിയൻ മുഖാന്തിരം വന്ന പോലീസുദ്യോഗസ്ഥരുടെ അവകാശങ്ങളെ ദോഷകരമായി ബാധിക്കാത്തവിധം നയപരമായി പരിഹരിക്കണമെന്ന് 21-3-2015-ലെ ഇ 4-99584/2014/പി.എച്ച്.ക്യൂ. നമ്പർ കത്ത് പ്രകാരം സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചിട്ടുള്ളതുമാണ്. തുടർന്ന് പോലീസ് ആസ്ഥാനത്തു നിന്നുള്ള 11-1-2016-ലെ ഇ 4-198681/2015/ പി.എച്ച്.ക്യൂ. നമ്പർ കത്ത് പ്രകാരം അന്തർ ജില്ലാ സ്ഥലം മാറ്റത്തിലുണ്ടായ കുറവ് പരിഹരിക്കുന്നതിനുള്ള അനുപാതം 20 ശതമാനമായി ഉയർത്താൻ നിർദ്ദേശിച്ചിട്ടുണ്ട്.

ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA നമ്പർ 2380/14 നമ്പർ ഉത്തരവ് നടപ്പാക്കുന്നതിനായുള്ള സംസ്ഥാന പോലീസ് മേധാവിയുടെ 21-3-2015-ലെ ഇ 4-99584/2014/പി.എച്ച്.ക്യൂ. നമ്പർ കത്ത് ഉത്തരവ് ഇറങ്ങിയശേഷം കൊല്ലം സിറ്റി, കൊല്ലം റൂറൽ ജില്ലകളിലായി നാളിതുവരെ 174 ലോക്കൽ സിവിൽ പോലീസ് ഓഫീസർമാരുടെ ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. ഇതിൽ 138 ഒഴിവുകൾ ജില്ലാ എ.ആർ.ക്യാമ്പിൽ നിന്നും ലോക്കൽ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് ട്രാൻസ്ഫർ നൽകിയും ശേഷിച്ച 36 ഒഴിവുകൾ മറ്റു ജില്ലകളിൽ നിന്നും അന്തർ ജില്ലാ സ്ഥലം മാറ്റം മുഖാന്തിരവും നികത്തിയിട്ടുള്ളതാണ്. ഇപ്രകാരം 51 പേരുടെ കുറവ് കണ്ടെത്തിയതിൽ 19 എണ്ണം നിലവിൽ പരിഹരിച്ചിട്ടുള്ളതും ശേഷിച്ച 32 എണ്ണം തുടർന്നുണ്ടാകുന്ന ഒഴിവുകളിൻമേൽ ആനുപാതികമായി നികത്തുന്നതുമാണ്.

## പോലീസ് സ്റ്റേഷനുകളിലെ ഡ്രൈവർ തസ്തിക

97 (5291) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകളിലെ ഡ്രൈവർ തസ്തികയിൽ നിയമനം നടത്താത്തത് സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തികയിലുള്ള ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്നത് വിശദീകരിക്കുമോ;

(സി) കെ.എ.പി. മൂന്നാം ബറ്റാലിയൻ വിഭാഗത്തിൽ ഡ്രൈവർ തസ്തികയുടെ ഒഴിവുകൾ നിരവധി ഉണ്ടായിട്ടും, പി.എസ്.സി. റാങ്ക് ലിസ്റ്റ് ഉണ്ടായിട്ടും നിയമനം നടക്കാത്തതിന്റെ കാരണം വിശദീകരിക്കുമോ;

(ഡി) പ്രസ്തുത വിഭാഗത്തിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യിപ്പിച്ച് ഡ്രൈവർ തസ്തികയിൽ നിയമനം വേഗത്തിലാക്കുന്ന കാര്യം സർക്കാർ ആലോചിക്കുമോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുവരുന്നു.

(സി&ഡി) കെ.എ.പി. 3-ാം ബറ്റാലിയനിലെ പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികകൾ സംബന്ധിച്ച് ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ശ്രീ. അരുൺ എം-ഉം മറ്റുള്ളവരും ഫയൽ ചെയ്ത ഒ.എ.നമ്പർ 820/16 കോടതിയുടെ പരിഗണനയിലാണ്. ആയതിനാൽ ഇക്കാര്യത്തിൽ ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ അന്തിമ ഉത്തരവ് ലഭിച്ചെങ്കിൽ മാത്രമേ തുടർ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

## നിരീക്ഷണ ക്യാമറകൾ

98 (5292) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ ചാവക്കാട്, ഗുരുവായൂർ നഗരങ്ങളിൽ ക്രമസമാധാന പാലനത്തിന് സഹായകരമായ വിധത്തിൽ നിരീക്ഷണ ക്യാമറകൾ (എം.എൽ.എ.യുടെ പ്രത്യേക വികസന ഫണ്ട് വിനിയോഗിച്ച്) സ്ഥാപിച്ചിരുന്നത് പൂർണ്ണമായും പ്രവർത്തിക്കാത്തതിനാൽ ആയത് പ്രവർത്തനസജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ആഭ്യന്തര വകുപ്പ് തനത് ഫണ്ട് ഉപയോഗിച്ച് കെൽട്രോൺ പോലുള്ള സ്ഥാപനങ്ങളിൽ റിപ്പയറിംഗിന് സംവിധാനമുണ്ടാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ചാവക്കാട് നഗരത്തിൽ ക്രമസമാധാന പാലനത്തിന് സഹായകരമായ വിധത്തിൽ എം.എൽ.എ.-യുടെ പ്രത്യേക വികസന ഫണ്ട് ഉപയോഗിച്ച് സ്ഥാപിച്ച നിരീക്ഷണ ക്യാമറകൾ പൂർണ്ണമായും പ്രവർത്തനസജ്ജമാക്കുന്നതിനും/റിപ്പയർ ചെയ്യുന്നതിനും സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കാവുന്നതാണ്. ഗുരുവായൂർ നഗരത്തിൽ സ്ഥാപിച്ചിരിക്കുന്ന 18 നിരീക്ഷണ ക്യാമറകൾ പൂർണ്ണമായും പ്രവർത്തിച്ചുവരുന്നതാണ്.

**ഓട്ടോറിക്ഷ/ടാക്സി വാഹനങ്ങൾക്ക് സ്റ്റാന്റ് അനുവദിക്കുന്ന സംവിധാനം**

99 (T*5293) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓട്ടോറിക്ഷ/ടാക്സി വാഹനങ്ങൾക്ക് സ്റ്റാന്റ് അനുവദിക്കുന്ന സംവിധാനം എപ്രകാരമാണ്; വിശദമായ വിവരം ലഭ്യമാക്കുമോ;

(ബി) ഓട്ടോ/ടാക്സി വാഹനങ്ങൾക്ക് സ്റ്റാന്റ് ഇല്ലാത്ത സ്ഥലങ്ങളിൽ അനധികൃതമായി വാഹനങ്ങൾ പാർക്ക് ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം പരാതികൾ ലഭിച്ചാൽ വകുപ്പ് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ലാന്റിംഗ് സ്ഥലം, ഹാൾട്ടിംഗ് സ്ഥലം, കാർട്ട് സ്റ്റാന്റ് എന്നിവ പ്രകാരം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് സംസ്ഥാനത്ത് ഓട്ടോറിക്ഷ/ടാക്സി വാഹനങ്ങൾക്ക് സ്റ്റാന്റ് അനുവദിക്കുന്നത്. പൊതുജനങ്ങൾക്ക് എതിർപ്പുണ്ടോ എന്നറിയുന്നതിനായി നോട്ടീസ് പതിച്ചും, പത്രപ്പരസ്യങ്ങൾ നൽകിയും ലഭിക്കുന്ന പരാതികളിൽ തീർപ്പ് കൽപ്പിച്ച്, ബന്ധപ്പെട്ട ആർ.ടി.ഒ. യിൽ നിന്നും മുൻകൂർ അനുമതി വാങ്ങി സ്റ്റാന്റ് അനുവദിക്കുന്നു.

(ബി&സി) ഓട്ടോ/ടാക്സി വാഹനങ്ങൾക്ക് സ്റ്റാന്റ് ഇല്ലാത്ത സ്ഥലങ്ങളിൽ അനധികൃതമായി വാഹനങ്ങൾ പാർക്ക് ചെയ്താൽ നിലവിലുള്ള നിയമപ്രകാരം കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**അപകടങ്ങൾമൂലം നിരാലംബരാകുന്ന കുടുംബങ്ങളെ രക്ഷിക്കുന്നതിനായി പദ്ധതി**

100 (5294) <u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര വാഹനാപകടങ്ങൾ നടന്നു; ഇതിൽ മരണപ്പെട്ടവരുടെ ജില്ലതിരിച്ചുള്ള കണക്ക് വിശദമാക്കാമോ;

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) അപകടങ്ങൾമൂലം നിരാലംബരാകുന്ന കുടുംബങ്ങളെ രക്ഷിക്കുന്നതിനായി ഒരു പ്രത്യേക നിധി രൂപീകരിക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ; വ്യക്തമാക്കുമോ;

(സി) അപകടങ്ങളിൽ ജീവൻ നഷ്ടപ്പെടുന്നതിൽ 70 ശതമാനത്തിലധികം പേർ 18-നും 34-നും ഇടയ്ക്ക് പ്രായമുള്ളവരാണെന്ന വസ്തുത പരിഗണിച്ച് മേൽപ്പറഞ്ഞ പദ്ധതിക്ക് അടിയന്തര പരിഗണന നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം (25-5-2016 മുതൽ 22-10-2016 വരെ) സംസ്ഥാനത്ത് നടന്ന വാഹനാപകടങ്ങളുടേയും മരണപ്പെട്ടവരുടേയും ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർത്തിരിക്കുന്നു:

| ജില്ല | വാഹനാപകടങ്ങൾ | മരണപ്പെട്ടവർ |
|---|---|---|
| തിരുവനന്തപുരം സിറ്റി | 1003 | 73 |
| തിരുവനന്തപുരം റൂറൽ | 1224 | 126 |
| കൊല്ലം സിറ്റി | 717 | 74 |
| കൊല്ലം റൂറൽ | 603 | 67 |
| പത്തനംതിട്ട | 624 | 44 |
| ആലപ്പുഴ | 1179 | 130 |
| കോട്ടയം | 1047 | 82 |
| ഇടുക്കി | 394 | 35 |
| എറണാകുളം സിറ്റി | 1084 | 69 |
| എറണാകുളം റൂറൽ | 1441 | 139 |
| തൃശ്ശൂർ സിറ്റി | 561 | 50 |
| തൃശ്ശൂർ റൂറൽ | 1089 | 110 |
| പാലക്കാട് | 1001 | 147 |
| മലപ്പുറം | 965 | 145 |
| കോഴിക്കോട് സിറ്റി | 582 | 61 |
| കോഴിക്കോട് റൂറൽ | 710 | 92 |
| വയനാട് | 260 | 28 |
| കണ്ണൂർ | 768 | 83 |
| കാസർഗോഡ് | 416 | 35 |
| ആകെ | 15668 | 1590 |

(ബി&സി) അപകടത്തിൽപ്പെടുന്നവർക്കുള്ള ചികിത്സാ സഹായത്തിനു പുറമേ ദാരുണ മരണം സംഭവിക്കുന്ന കേസുകളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് വ്യവസ്ഥകൾക്ക് അനുസൃതമായി ഓരോ ലക്ഷം രൂപ വീതം നിരാലംബരാകുന്ന കുടുംബങ്ങൾക്ക് നൽകി വരുന്നുണ്ട്.

പ്രത്യേക നിധി രൂപീകരിക്കുന്നതിനായുള്ള പദ്ധതി സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**വിജിലൻസ് കേസുകൾ പിൻവലിക്കൽ**

101 (5295) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ 5 വർഷ കാലത്തിനിടയിൽ എത്ര വിജിലൻസ് കേസ്സുകൾ പിൻവലിക്കാനാണ് നിരാക്ഷേപ പത്രം നൽകിയിട്ടുള്ളത്;

(ബി) ഏതെല്ലാം വിഭാഗങ്ങളിൽപ്പെടുന്ന വിജിലൻസ് കേസുകൾ പിൻവലിക്കാനാണ് നിരാക്ഷേപ പത്രം നൽകിയിട്ടുള്ളത്; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) മുൻ സർക്കാരിന്റെ 5 വർഷ കാലത്തിനിടയിൽ 17 വിജിലൻസ് കേസ്സുകൾ പിൻവലിക്കാൻ നിരാക്ഷേപ പത്രം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**ബന്ധുനിയമന വിഷയത്തിൽ വിജിലൻസ് അന്വേഷണം**

102 (5296) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ഡി.എഫ്. സർക്കാരിന്റെ ബന്ധുനിയമന വിഷയത്തിൽ വിജിലൻസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഗവൺമെന്റ്- പൊതുമേഖലാ സ്ഥാപനങ്ങളിലെ ഏതൊക്കെ തസ്തികകളിൽ, ആരെയൊക്കെ നിയമിച്ചപ്രകാരം ഏത് മന്ത്രിക്ക് അല്ലെങ്കിൽ രാഷ്ട്രീയക്കാർക്ക് എതിരെയാണ് അന്വേഷണമെന്ന് പേരുസഹിതം വിശദമാക്കുമോ;

(സി) ഉദ്യോഗാർത്ഥികളെ നിയമിച്ചവരും, ഉദ്യോഗാർത്ഥികളും തമ്മിലുള്ള ബന്ധമെന്തെന്ന് വിശദമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ബന്ധു നിയമനത്തിനെതിരെ അന്വേഷണം ആവശ്യപ്പെട്ട് നിലവിൽ എത്ര പരാതികൾ വിജിലൻസിന് കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പരാതി തന്നവർ ആരൊക്കെയെന്ന് പേരുസഹിതം വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ഈ വിഷയത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(ഡി) അഞ്ച് പരാതികൾ ലഭിച്ചിട്ടുണ്ട്. ശ്രീ.വി.മുരളീധരൻ, ശ്രീ.രമേശ് ചെന്നിത്തല, ശ്രീ.കെ.സുരേന്ദ്രൻ, ശ്രീ.ജിജോ ജോൺ.കെ, (ഇ -മെയിൽ പരാതി) എന്നിവർ മുൻ വ്യവസായ വകുപ്പ് മന്ത്രിക്കെതിരെയും ശ്രീ.ഷാജഹാൻ എന്നയാൾ മത്സ്യബന്ധന വകുപ്പ് മന്ത്രിക്കെതിരെയും പരാതി സമർപ്പിച്ചിട്ടുണ്ട്.

**കോടതികളിലെ മാധ്യമ വിലക്ക്**

103 (5297) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടതിയിൽ മാധ്യമ വിലക്കില്ലെന്ന് മുഖ്യമന്ത്രിയും ഹൈക്കോടതി രജിസ്ട്രാറും വ്യക്തമാക്കുമ്പോഴും കോടതികളിൽ മാധ്യമ പ്രവർത്തകർക്ക് അഭിഭാഷകരിൽ നിന്ന് മർദ്ദനമേൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുഖ്യമന്ത്രിയും ഹൈക്കോടതി ചീഫ് ജസ്റ്റിസും ഇതു സംബന്ധിച്ച് ചർച്ച നടത്തുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) എങ്കിൽ കോടതിയിലെ മാധ്യമ വിലക്ക് പൂർണ്ണമായും നീക്കുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ;

(ഡി) ഈ വിഷയവുമായി ബന്ധപ്പെട്ട് ഇതിനകം ഏതെങ്കിലും കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) കോടതിയിൽ നിന്നും മാധ്യമ പ്രവർത്തകരെ ഒരു സംഘം അഭിഭാഷകർ ബലം പ്രയോഗിച്ച് ഇറക്കി വിട്ടതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) അഭിഭാഷകരും മാധ്യമപ്രവർത്തകരും തമ്മിലുണ്ടായ സംഘർഷങ്ങൾക്ക് പരിഹാരം കാണുന്നതിലേയ്ക്കായി ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ

എറണാകുളം ഗസ്റ്റ്ഹൗസിൽ വച്ച് ചേർന്ന യോഗത്തിലെ തീരുമാനപ്രകാരം അഭിഭാഷകരും മാധ്യമപ്രവർത്തകരും തമ്മിൽ ഭാവിയിൽ ഉണ്ടായേക്കാവുന്ന സംഘർഷങ്ങൾ തീർപ്പാക്കുന്നതിനായി അഡ്വക്കേറ്റ് ജനറൽ ചെയർമാനായും മാധ്യമ പ്രവർത്തകരുടേയും അഭിഭാഷകരുടേയും പ്രതിനിധികളെ ഉൾപ്പെടുത്തിയും ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ഇവർക്കു പുറമേ പോലീസുകാരുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സംസ്ഥാന പോലീസ് മേധാവിയും ബന്ധപ്പെട്ട ജില്ലയിലെ ജില്ലാ പോലീസ് മേധാവിയും സമിതിയിൽ ഉൾപ്പെടുന്നതാണ്.

ഇതിനു പുറമേ, മുഖ്യമന്ത്രി അഡ്വക്കേറ്റ് ജനറലിനോടൊപ്പം ബഹു. ഹൈക്കോടതി ചീഫ് ജസ്റ്റിസിനെ നേരിൽ കാണുകയും മാധ്യമ പ്രവർത്തകർക്ക് കോടതികളിൽ പ്രവേശിക്കുന്നതിന് തടസ്സമുണ്ടാവില്ല എന്ന് ഉറപ്പ് വരുത്തുകയും ചെയ്തിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ നിയമം അനുശാസിക്കുന്ന തരത്തിൽ നേരിടുന്നതിന് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്. അഭിഭാഷകരും മാധ്യമപ്രവർത്തകരും തമ്മിലുള്ള പ്രശ്നങ്ങളോടനുബന്ധിച്ച് 14-7-2016-ന് ശേഷം സംസ്ഥാനത്ത് ആകെ 12 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. (തിരുവനന്തപുരം സിറ്റി-5, ആലപ്പുഴ-1, കൊച്ചി സിറ്റി-6) ഇതിൽ 6 എണ്ണം അഭിഭാഷകർ പ്രതികളായിട്ടുള്ളതും 5 എണ്ണം മാധ്യമ പ്രവർത്തകർ പ്രതികളായിട്ടുള്ളതും ഒരെണ്ണം ഇരുകൂട്ടരും പ്രതികളായിട്ടുള്ളതുമാണ്.

## ഗുരുവായൂർ പോലീസ് സ്റ്റേഷൻ

104 (5298) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഗുരുവായൂരിന് തൊട്ടടുത്തുള്ള പ്രദേശങ്ങൾ കണ്ടാണശ്ശേരിയിൽ സ്ഥിതി ചെയ്യുന്ന ഗുരുവായൂർ സ്റ്റേഷൻ പരിധിയിലാക്കിയത് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതിനാൽ അതിർത്തി പുനർവിഭജനം നടത്തി കുരഞ്ഞിയൂർ, പേരകം പ്രദേശങ്ങൾ ടെംബിൾ സ്റ്റേഷന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

ഇത്തരമൊരു നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

**ഫോറൻസിക് കേസുകളുടെ പരിശോധനാ ഫലം**

105 (5299) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ ഫോറൻസിക് ആസ്ഥാനത്ത് എത്ര കേസുകൾ പരിശോധന ഫലം കാത്ത് കിടക്കുന്നുണ്ട്;

(ബി) ഡി.എൻ.എ.പരിശോധനയ്ക്ക് സംസ്ഥാനത്ത് എവിടെയാണ് സംവിധാനമുള്ളത്; കൂടുതൽ സ്ഥലത്ത് ഡി.എൻ.എ.പരിശോധന സംവിധാനത്തിന് നടപടികൾ സ്വീകരിക്കുമോ;

(സി) ഫോറൻസിക് ലാബുകളുടെ നവീകരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും ;വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ 30-9-2016 വരെ 5218 കേസ്സുകൾ പരിശോധനയ്ക്കായുണ്ട്.

(ബി) തിരുവനന്തപുരത്തെ ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സംവിധാനമുണ്ട്. തൃശ്ശൂരിലെ റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ ഡി.എൻ.എ. പരിശോധനാ സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഫോറൻസിക് സയൻസ് ലബോറട്ടറികളുടെ നവീകരണവുമായി ബന്ധപ്പെട്ട് ഉപകരണങ്ങൾ വാങ്ങുന്നതിനും കൊച്ചി റീജിയണൽ ഫോറൻസിക് സയൻസ് ലാബ് ആരംഭിക്കുന്നതിന്റെ ഭാഗമായി DNA Kit, Lab Wares, Cyber Forensic Tool തുടങ്ങിയ ആധുനിക ഉപകരണങ്ങളും കെമിക്കൽസ് തുടങ്ങിയവ വാങ്ങുന്നതിനും എ.എം.സി.-ക്കും മറ്റുമായി 2016-2017-ൽ 425 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2017-2018 സാമ്പത്തിക വർഷത്തേയ്ക്ക് സൈബർ ഫോറൻസിക് വർക്ക് സ്റ്റേഷൻ തുടങ്ങുന്നതിനും, ഡി.എൻ.എ. പരിശോധനാ സംവിധാനം തുടങ്ങുന്നതിനും 350 ലക്ഷം രൂപ ശിപാർശ ചെയ്തിട്ടുമുണ്ട്. കേന്ദ്ര സഹായപദ്ധതിയിൽ 111 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**ഉത്സവങ്ങളും കാർണിവലുകളും സംഘടിപ്പിക്കുന്നതിനുള്ള അനുമതി**

106 (5300) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്സവങ്ങൾ, കാർണിവലുകൾ, എക്സിബിഷനുകൾ എന്നിവ സംഘടിപ്പിക്കുന്നതിന് അനുമതി ആവശ്യമാണോ; എങ്കിൽ അപേക്ഷ സമർപ്പിക്കേണ്ട നടപടിക്രമം എന്താണെന്നും അനുമതി നൽകേണ്ട അധികൃതർ ആരാണെന്നും വ്യക്തമാക്കുമോ;

(ബി) ഇത്തരം മേളകൾ നടത്തുന്ന സ്ഥലങ്ങളിലെ സുരക്ഷാ സംവിധാനങ്ങൾ പരിശോധിക്കാറുണ്ടോ; എങ്കിൽ ആരാണ് പരിശോധന നടത്താറുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സുരക്ഷാ സംവിധാനങ്ങളൊന്നുമില്ലാതെ മേളകൾ സംഘടിപ്പിക്കുന്നവർക്കെതിരെ ശിക്ഷണ നടപടികൾ കൈക്കൊള്ളാൻ നിയമമുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ; പ്രസ്തുത നിയമമനുസരിച്ച് കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) പത്തനംതിട്ട ചിറ്റാറിൽ സ്വകാര്യ ഗ്രൂപ്പ് വസന്തോത്സവത്തിന്റെ പേരിൽ സുരക്ഷാസംവിധാനങ്ങളൊന്നുമില്ലാതെ പ്രവർത്തിപ്പിച്ചിരുന്ന ആകാശത്തൊട്ടിലിൽ നിന്ന് വീണ് അഞ്ചു വയസ്സുള്ള കുട്ടി മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികളും മരിച്ച കുട്ടിയുടെ കുടുംബത്തിനു നൽകിയ സഹായവും എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) അധികാരികളുടെ ഉദാസീനത കാരണമാണ് വിനോദ സംരംഭങ്ങൾ മരണത്തിനും കഷ്ടനഷ്ടങ്ങൾക്കും കാരണമാകുന്നതെന്ന് അഭിപ്രായമുണ്ടോ; എങ്കിൽ ഇത്തരം സംവിധാനങ്ങളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിനുള്ള മാനദണ്ഡം, അനുമതി നൽകുന്നതിന് അധികാരമുള്ള ഭരണ സംവിധാനം, സുരക്ഷാസംവിധാനങ്ങൾ സംബന്ധിച്ച നിയമാവലി എന്നിവയിൽ വ്യക്തത വരുത്താൻ നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉത്സവങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന കാർണിവലുകൾ, എക്സിബിഷനുകൾ എന്നിവയ്ക്ക് അനുമതി ആവശ്യമാണ്. 1963-ലെ പ്ലേസസ് ഓഫ് പബ്ലിക് റിസോർട്ട് ആക്ട്, അതിനനുസരിച്ച് 1965-ലെ ചട്ടങ്ങൾ എന്നിവ പ്രകാരം പ്രാദേശിക ഭരണകൂടങ്ങളുടെ നിയന്ത്രണത്തിലുള്ള സ്ഥലത്ത് സ്ഥിരമായോ താല്ക്കാലികമായോ വിനോദ പരിപാടികൾ, പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

പ്രദർശനം/വിനോദപരിപാടി ആരംഭിക്കുന്നതിന് 21 ദിവസം മുമ്പ് അപേക്ഷ സ്ഥലത്തിന്റെ സ്കെച്ച്, ഉടമസ്ഥതാരേഖ, ഹെൽത്ത് ഇൻസ്പെക്ടറുടേയും, ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടേയും പോലീസ് ഓഫീസറുടെയും നിരാക്ഷേപ സാക്ഷ്യപത്രം, മെക്കാനിക്കൽ എഞ്ചിനീയറുടെ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷ സമർപ്പിച്ച് നിശ്ചിത ഫീസ് അടയ്ക്കേണ്ടതാണ്.

ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിയാണ് അനുമതി നൽകുക.

(ബി) ഉണ്ട്. ലൈസൻസിംഗ് അതോറിറ്റിക്കും നിരാക്ഷേപ സാക്ഷ്യപത്രം അനുവദിക്കുന്നവർക്കും പരിശോധന നടത്താവുന്നതാണ്.

(സി) ഉണ്ട്. 1963-ലെ കേരള പ്ലേസസ് ഓഫ് പബ്ലിക് റിസോർട്ട് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ലൈസൻസ് നേടാതിരിക്കുകയോ, നേടിയ ലൈസൻസിലെ വ്യവസ്ഥകൾ ലംഘിക്കുകയോ ചെയ്താൽ മജിസ്ട്രേട്ട് മുമ്പാകെയുള്ള കുറ്റ സ്ഥാപനത്തിന്മേൽ പ്രസ്തുത ആക്ടിലെ 16-ാം വകുപ്പ് പ്രകാരം 500 രൂപ വരെയുള്ള പിഴ ശിക്ഷ ചുമത്താവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം ശിക്ഷയായി ചുമത്തുന്ന പിഴ 1898-ലെ ക്രിമിനൽ പ്രൊസീജിയർ കോഡ് പ്രകാരം ഈടാക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ നിയമനാനുസൃത ലൈസൻസ് എടുത്തിട്ടില്ലാത്ത കേസുകളിൽ പിഴ ശിക്ഷയ്ക്ക് പുറമെ ചട്ടപ്രകാരം ലഭ്യമാക്കേണ്ട ലൈസൻസ് ഫീസ് ഈടാക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

10 വർഷത്തിനിടെ രജിസ്റ്റർ ചെയ്ത കേസുകൾ സംബന്ധിച്ച വിവരം

ശേഖരിച്ചുവരുന്നു.

(ഡി) ഉണ്ട്. ടി മേള നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 9-9-2016-ൽ ചിറ്റാർ ഗ്രാമപഞ്ചായത്ത് നോട്ടീസ് നൽകി മേള നിർത്തിവയ്പിച്ചു. സംഘാടകർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

മരിച്ച കുട്ടിയുടെ കുടുംബത്തിന്, 22-9-2016-ലെ ജി.ഒ. (ആർ.റ്റി.)നമ്പർ 3763/16/റവ. പ്രകാരം ധനസഹായമായി 2,00,000 രൂപയും, 24-9-2016-ലെ സ.ഉ. (കയ്യെഴുത്ത്) നമ്പർ 520/16/റവ. പ്രകാരം അധിക ധനസഹായമായി 7,50,000 രൂപയും അനുവദിച്ചിട്ടുണ്ട്.

(ഇ) അഭിപ്രായമില്ല.

## സർക്കിൾ ഇൻസ്പെക്ടർമാരെ പ്രൊമോട്ട് ചെയ്ത് ഡിവൈ.എസ്.പി.മാരാക്കി നിയമിക്കാൻ നടപടി

107 (5301) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിലുള്ള വനിതാ സർക്കിൾ ഇൻസ്പെക്ടർമാർക്ക് സ്ഥാനക്കയറ്റം നൽകി ഡിവൈ.എസ്.പി. മാരാക്കി എല്ലാ പോലീസ് ജില്ലകളിലും (19 എണ്ണം) നിയമിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിലേയ്ക്കായുള്ള 67505/K2/2015/Home നമ്പർ ഫയൽ ആഭ്യന്തര വകുപ്പിൽ വളരെക്കാലമായി പെന്റിംഗിൽ ഇരിക്കുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാന പോലീസ് സേനയിലെ ക്ലോസ്ഡ് വനിതാ വിഭാഗത്തിലെ 21 വനിതാ ഇൻസ്പെക്ടർമാരെ വനിതാ ഡിവൈ.എസ്.പി.മാരായി സ്ഥാനക്കയറ്റം നൽകുന്നതിനായി 21 തസ്തികകൾ സൃഷ്ടിക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി ആവശ്യപ്പെട്ടിരുന്നുവെങ്കിലും പ്രൊമോഷനുവേണ്ടി മാത്രം തസ്തികകൾ സൃഷ്ടിക്കാൻ സാധിക്കാത്തതിനാൽ ടി വിവരം ചൂണ്ടിക്കാട്ടി 25-4-2016-ലെ 67505/കെ2/2015/ആഭ്യന്തരം നമ്പർ കത്ത് പ്രകാരം സംസ്ഥാന പോലീസ് മേധാവിയെ അറിയിച്ചിട്ടുണ്ട്.

**മഞ്ചേഷിന്റെ ദുരൂഹ മരണം**

108 (5302) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഉദുമ പഞ്ചായത്ത് മുദിയക്കാൽ സ്വദേശി മഞ്ചേഷ് വയനാട് വൈത്തിരിയിലെ വൈത്തിരി വില്ലേജ് ലക്ഷ്വറി സ്പാ റിസോർട്ടിൽ 18-7-2015-ൽ ദുരൂഹസാഹചര്യത്തിൽ മരണപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സംഭവുമായി ബന്ധപ്പെട്ട കേസ് മുൻ സർക്കാരിന്റെ കാലത്ത് സ്റ്റേറ്റ് ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ക്രൈം ബ്രാഞ്ച് അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) ക്രൈംബ്രാഞ്ച് അന്വേഷണം കുറ്റമറ്റരീതിയിൽ നടത്തണമെന്നാവശ്യപ്പെട്ട് ആക്ഷൻ കമ്മിറ്റിയും പരേതന്റെ പിതാവും നൽകിയ ഹർജിയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) കേസ് സ്റ്റേറ്റ് ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടില്ല. ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത വൈത്തിരി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 333/2015 കേസ് വയനാട് ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി. അന്വേഷണം നടത്തിവരുന്നു.

(ഡി) മഞ്ചേഷിന്റെ ദുരൂഹമരണം സംബന്ധിച്ച്, സത്യസന്ധമായ അന്വേഷണം നടത്തി കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്, മരണപ്പെട്ട മഞ്ചേഷിന്റെ അമ്മ ആശ സർക്കാരിൽ സമർപ്പിച്ച 2 പരാതികളും മഞ്ചേഷിന്റെ ദുരൂഹമരണത്തെ സംബന്ധിച്ച് ഉന്നതതല അന്വേഷണം ആവശ്യപ്പെട്ട് മഞ്ചേഷ് ആക്ഷൻ കമ്മിറ്റി കൺവീനർ പ്രതിഭാ രാജൻ സർക്കാരിൽ സമർപ്പിച്ച ഒരു പരാതിയും സർക്കാരിൽനിന്നും അന്വേഷണത്തിനായി സംസ്ഥാന ക്രൈംബ്രാഞ്ചിന് ലഭിച്ചിട്ടുണ്ട്. ആയവ ക്രൈംബ്രാഞ്ച് എച്ച്.എച്ച്.ഡബ്ല്യൂ.-III, കോഴിക്കോട് പോലീസ് സൂപ്രണ്ട് മുഖാന്തിരം അന്വേഷണം നടത്തിയിട്ടുള്ളതും, ടി കേസിന്റെ അന്വേഷണം നടത്തുന്ന ജില്ലാ ക്രൈംബ്രാഞ്ചിന്റെ അന്വേഷണം ശരിയായ രീതിയിൽ ആണെന്നും, സംസ്ഥാന ക്രൈംബ്രാഞ്ച് അന്വേഷിക്കേണ്ട ആവശ്യമില്ലായെന്നും കണ്ടെത്തിയിട്ടുണ്ട്.

## പുറ്റിങ്ങൽ വെടിക്കെട്ട് ദുരന്തം

109 (5303) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം പുറ്റിങ്ങൽ വെടിക്കെട്ട് ദുരന്തം സംബന്ധിച്ച അന്വേഷണത്തിന് ജുഡീഷ്യൽ കമ്മീഷനെ നിയമിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) കമ്മീഷന്റെ കാലാവധി എന്ന് അവസാനിക്കുമെന്ന് അറിയിക്കുമോ;

(സി) കമ്മീഷന്റെ അന്വേഷണ വിഷയങ്ങൾ എന്തൊക്കെയാണെന്ന് നിശ്ചയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 2016 ഏപ്രിൽ 22-ാം തീയതി.

(ബി) നിലവിലുള്ള കാലാവധി 21-10-2016-ന് അവസാനിച്ചുവെങ്കിലും കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഉണ്ട്.

## സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്

110 (5304) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലെ രാമപുരം ഗവൺമെന്റ് എച്ച്.എസ്.-ൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് അനുവദിക്കണമെന്ന അപേക്ഷ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ടി സ്കൂളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി ആരംഭിക്കുന്നതിനാവശ്യമായ മാനദണ്ഡങ്ങൾ പാലിക്കുന്ന സ്കൂളുകളുടെ അപേക്ഷകളിൽ പദ്ധതിയുടെ ജില്ലാ/സംസ്ഥാനതല ഉപദേശക സമിതിയുടെ ശിപാർശ പ്രകാരം ഉചിതമായ തീരുമാനം കൈക്കൊണ്ടു വരുന്നു.

**ഗോപാലകൃഷ്ണൻ നായരുടെ ആത്മഹത്യ**

111 (5305) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ കരവാളൂർ പ്രദേശത്ത് 15-10-2016-ൽ ഗോപാലകൃഷ്ണൻ നായർ എന്നയാൾ ആത്മഹത്യ ചെയ്തിരുന്നോ; ടിയാന്റെ ആത്മഹത്യക്കുറിപ്പ് ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ആത്മഹത്യാക്കുറിപ്പിൽ കാരണം വ്യക്തമാക്കിയിരുന്നോ;

(സി) അപ്രകാരം കാരണം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത ആത്മഹത്യാക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;എങ്കിൽ കേസ് നമ്പരും പ്രതികളുടെ പേരും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആത്മഹത്യ ചെയ്തിട്ടുണ്ട്. ലഭിച്ചിട്ടുണ്ട്.

(ബി) വ്യക്തമാക്കിയിരുന്നു.

(സി) കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പുനലൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 2083/2016 u/s 306, 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. അന്വേഷണത്തെ ബാധിക്കുമെന്നുള്ളതിനാൽ പ്രതികളുടെ പേരുവിവരം വെളിപ്പെടുത്തുന്നത് ഉചിതമല്ല.

**ഹോം ഗാർഡുമാർ**

112 (5307) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി, ഓച്ചിറ എന്നീ പോലീസ് സ്റ്റേഷനുകളിൽ നിലവിൽ എത്ര ഹോംഗാർഡുമാർ ജോലിചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ദേശീയ പാതയിലെ ഗതാഗതത്തിരക്ക് അനുഭവപ്പെടുന്ന പുതിയകാവ്, പുത്തൻതെരുവ്, വവ്വാക്കാവ്, ചങ്ങൻകുളങ്ങര ബ്ലോക്ക് ജംഗ്ഷൻ എന്നിവിടങ്ങളിൽ ഹോംഗാർഡുമാരെ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കരുനാഗപ്പള്ളി സബ്ഡിവിഷനിൽ കൂടുതൽ ഹോംഗാർഡുകളെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(ഡി) കരുനാഗപ്പള്ളി നഗരത്തിലും, സമീപഭാഗത്തെ ദേശീയപാതയിലുമുള്ള ഗതാഗതത്തിരക്ക് ഒഴിവാക്കുന്നതിന് കൂടുതൽ പോലീസ് ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനിൽ 11 ഹോംഗാർഡുകളും, ഓച്ചിറ പോലീസ് സ്റ്റേഷനിൽ 6 ഹോം ഗാർഡുകളും നിലവിൽ ജോലി ചെയ്യുന്നുണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

(സി) പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

(ഡി) നടപടി സ്വീകരിക്കാവുന്നതാണ്.

**തീവ്രവാദത്തിനെതിരെ ജനകീയ ക്യാമ്പയിൻ**

113 (5308) <u>ശ്രീ. റ്റി. വി. രാജേഷ്</u> :
<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> :
<u>ശ്രീ. കാരാട്ട് റസാഖ്</u> :
<u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള ഭീകര സംഘടനയായ ഐ.എസ്.-ന്റെ അംഗങ്ങളെന്നു സംശയിക്കുന്നവരെ സംസ്ഥാനത്തു നിന്നും അറസ്റ്റ് ചെയ്തതിന്റെയും, നിരവധി പേർ ആ സംഘടനയുടെ ഭാഗമായി സംസ്ഥാനത്തു പ്രവർത്തിക്കുന്നുണ്ടെന്ന വാർത്തയുടെയും അടിസ്ഥാനത്തിൽ പോലീസിന് ജാഗ്രത നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) വർഗ്ഗീയ ചേരിതിരിവുണ്ടാക്കി ഭീകരവാദം വളർത്താൻ ഈ സംഘം ശ്രമിക്കുമെന്നതിനാൽ സംസ്ഥാനത്തെ മറ്റു തീവ്രവാദ പ്രസ്ഥാനങ്ങളെയും കർശന നിരീക്ഷണത്തിന് വിധേയമാക്കുമോ;

(സി) മതവിശ്വാസികളെ ഉൾപ്പെടെ അണിനിരത്തി തീവ്രവാദത്തിനെതിരെ ജനകീയ ക്യാമ്പയിൻ നയിക്കാൻ നടപടിയെടുക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) തീവ്രവാദ പ്രവർത്തനവുമായി ബന്ധമുണ്ടെന്ന് സംശയിക്കുന്ന വ്യക്തികളുടെയും പ്രസ്ഥാനങ്ങളുടെയും സംഘടനകളുടെയും പ്രവർത്തനങ്ങൾ നിരീക്ഷിക്കാറുണ്ട്.

(സി) നിലവിൽ പരിഗണനയിലില്ല.

## സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിന് നടപടി

114 (5309) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിന് മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ;

(ബി) വനിതാ പോലീസ് ഓഫീസർമാരുടെ എണ്ണം കൂടിയാൽ വനിതകൾക്ക് എതിരായ കേസുകളിന്മേലുള്ള നടപടികളുടെ വേഗം കൂടും എന്നത് കണക്കിലെടുത്ത് കൂടുതൽ വനിതാ പോലീസ് ഓഫീസർമാരെ നിയമിക്കുമോ;

(സി) എല്ലാ പോലീസ് സ്റ്റേഷനുകളിലും വിമൻ ആന്റ് ചിൽഡ്രൻ ജസ്റ്റിസ് ഓഫീസർമാരായി വനിതകളെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) വനിതാ ഹെൽപ്പ് ലൈൻ നമ്പറിനെക്കുറിച്ച് ജനങ്ങൾക്കിടയിൽ ബോധവല്ക്കരണം നടത്തുന്നതിന് എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങൾ, കുറ്റകൃത്യങ്ങൾ എന്നിവ കണ്ടെത്തുന്നതിനും, സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനുമായി PINK POLICE MOBILE PATROLLING എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. സ്ത്രീകൾക്ക് ദൈനംദിന ജീവിതത്തിൽ നേരിടേണ്ടിവരുന്ന അതിക്രമങ്ങളെ ചെറുക്കുന്നതിനുള്ള കായികവും, മാനസികവും, സാമൂഹ്യമായി ലളിത പ്രതിരോധ തന്ത്രങ്ങൾ അഭ്യസിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി സ്വയരക്ഷാ പരിശീലനവും നൽകി വരുന്നുണ്ട്.

(ബി) വനിതകൾക്കെതിരായ കേസുകളിന്മേലുള്ള അന്വേഷണ നടപടികൾ വളരെ വേഗം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചു വരുന്നു. ഇക്കാര്യത്തിൽ താമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വനിതാ പോലീസ് ഓഫീസർമാരുടെ അംഗബലം വർദ്ധിപ്പിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) വനിതാ ഹെൽപ്പ് ലൈൻ നമ്പറിനെക്കുറിച്ച് ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നതിന് വനിതാ സെല്ലുകളുടെ ആഭിമുഖ്യത്തിൽ സ്കൂളുകൾ, കോളേജുകൾ, അംഗൻവാടികൾ, കുടുംബശ്രീ യൂണിറ്റുകൾ, എസ്.സി./എസ്.റ്റി. കോളനികൾ തുടങ്ങിയ സ്ഥലങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടത്താറുണ്ട്. കൂടാതെ ബസ്സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷൻ എന്നീ പൊതുസ്ഥലങ്ങളിലും, ബസുകളിലും ട്രെയിനുകളിലും വനിതാ ഹെൽപ്പ് ലൈൻ നമ്പർ പ്രദർശിപ്പിച്ചുവരുന്നുണ്ട്.

## ക്രൈം നമ്പർ 331/2015

115 (5310) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ.പി.എ.ഖലീൽ പരാതിക്കാരനായ ക്രൈം നമ്പർ 331/2015 കാസർകോട് ജില്ലയിൽ ഏത് പോലീസ് സ്റ്റേഷനിലാണ രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(ബി) കേസിനാസ്പദമായ സംഭവം നടന്ന സ്ഥലം ഏത് പോലീസ് സ്റ്റേഷന്റെ പരിധിയിലാണെന്ന് വ്യക്തമാക്കുമോ;

(സി) സംഭവം നടന്നസ്ഥലം അധികാരപരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനിൽ അല്ല കേസ് രജിസിറ്റർ ചെയ്തിട്ടുള്ളതെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കേസിന്റെ എഫ്.ഐ.ആർ.-ൽ എത്ര പ്രതികളുണ്ട്; പേരുവിവരം വ്യക്തമാക്കുമോ;

(ഇ) എഫ്.ഐ.ആർ.-ൽ പ്രതികളാണെന്ന് പറയുന്നവരെ ചോദ്യം ചെയ്യുകയോ അറസ്റ്റ് ചെയ്യുകയോ ചെയ്തിട്ടുണ്ടോ; ഈ കേസിനാസ്പദമായ സംഭവം എന്തായിരുന്നുവെന്നും, നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ; ഈ കേസിന്റെ ചാർജ്ജ്ഷീറ്റ് കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എപ്പോഴാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത കേസ് കാസർഗോഡ് പോലീസ് സ്റ്റേഷനിലാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ബി) കാസർഗോഡ് പോലീസ് സ്റ്റേഷൻ പരിധിയിലാണ്.

(സി) കേസിനാസ്പദമായ സംഭവം നടന്ന സ്ഥലം കാസർഗോഡ് പോലീസ് സ്റ്റേഷൻ പരിധിയിലാണ് ഉൾപ്പെടുന്നത്. ആയതിനാൽ ടി കേസ് രജിസ്റ്റർ ചെയ്തത് കാസർഗോഡ് പോലീസ് സ്റ്റേഷനിലാണ്.

(ഡി&ഇ) 26-4-2015 തീയതി രാവിലെ 8.00 മണിക്കും 27-4-2015 തീയതി 18.00 മണിക്കും ഇടയിൽ അന്യായക്കാരനായ പി.എ. ഖലീൽ, S/o. പി.എച്ച്. അബ്ദുള്ള എന്നയാളുടെ പരാതി പ്രകാരം അലമാരയിൽ സൂക്ഷിച്ചതായ 114 പവൻ സ്വർണ്ണാഭരണങ്ങൾ കളവ് പോയതിന് ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 454, 380 എന്നീ വകുപ്പുകൾ പ്രകാരമുള്ള കാസർഗോഡ് പോലീസ് സ്റ്റേഷൻ ക്രൈം 331/2015 പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും എഫ്.ഐ.ആർ.-ൽ പ്രതിയെന്ന് സംശയിക്കുന്ന അന്യായക്കാരന്റെ വീട്ടിൽ ജോലി ചെയ്തിരുന്നതായ നസീമ, W/o. സിയാവുള്ള, ഏറുമാട്, മടിക്കേരി, കർണ്ണാടക എന്ന സ്ത്രീയെ ചോദ്യം ചെയ്യുകയും സ്ഥലത്തുനിന്നും കിട്ടിയ വിരലടയാളങ്ങൾ എടുത്തു ഒത്തുനോക്കുകയും ഇതിനുപുറമേ തിരുവനന്തപുരം ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സംശയിക്കുന്നയാളെ പോളീഗ്രാഫ് ടെസ്റ്റിന് വിധേയയാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കേസിന് അനുകൂലമായ തെളിവുകളൊന്നും ലഭിച്ചിട്ടില്ലാത്തതിനാൽ ടിയാളെ അറസ്റ്റ് ചെയ്തിട്ടില്ല. ഇപ്പോൾ ഈ കേസ് കാസർഗോഡ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് അന്വേഷിച്ചുവരികയാണ്. കേസിൽ കുറ്റപത്രം സമർപ്പിച്ചിട്ടില്ല.

**അഴിമതിയും കൈക്കൂലിയും അവസാനിപ്പിക്കുന്നതിന് നടപടികൾ**

116 (5311) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സർവ്വീസിലെ അഴിമതിയും കൈക്കൂലിയും സമ്പൂർണ്ണമായും അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര അഴിമതി, കൈക്കൂലി കേസ്സുകളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് എത്ര ജീവനക്കാർക്കെതിരെ നടപടി എടുത്തിട്ടുണ്ട്; ഏതെല്ലാം വകുപ്പുകളിലാണെന്നും വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സിവിൽ സർവ്വീസിലെ അഴിമതിയും കൈക്കൂലിയും സമ്പൂർണ്ണമായി അവസാനിപ്പിക്കുന്നതിനുവേണ്ടി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ വിവിധ തരത്തിലുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പരാതികളിന്മേൽ അന്വേഷണം, മിന്നൽ പരിശോധന, ത്വരിത പരിശോധന, വിജിലൻസ് അന്വേഷണം, ഓഫീസ് സന്ദർശനങ്ങൾ, ബോധവൽക്കരണ പരിപാടികൾ എന്നിവ നടത്തുന്നുണ്ട്. സർക്കാർ ഓഫീസുകളിൽ

കണ്ടുവരുന്ന അഴിമതി സംബന്ധമായ വിഷയങ്ങൾ പരിഹരിക്കുന്നതിനായി "കൺകറന്റ് വിജിലൻസ് " (Concurrent Vigilance) എന്ന പേരിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഒരു പദ്ധതി തയ്യാറാക്കി നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ ഓഫീസുകളിലെ അഴിമതി തടയുക എന്ന ലക്ഷ്യത്തോടെയാണ് പ്രദേശത്തെ വിജിലൻസ് ഉദ്യോഗസ്ഥന്റെ വിലാസവും ഫോൺ നമ്പരും ഉൾപ്പെടെയുള്ള വിവരങ്ങൾ ഓരോ ഓഫീസിലും പ്രദർശിപ്പിച്ചിട്ടുള്ളത്. “Zero tolerance to corruption” എന്ന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പ്രവർത്തിക്കുന്നു. അഴിമതി നിരോധന നിയമങ്ങളെപ്പറ്റിയും അഴിമതി തുടച്ചുനീക്കുന്നതിനുവേണ്ടിയുള്ള പ്രിവന്റീവ് വിജിലൻസ് പ്രവർത്തനങ്ങൾക്കു വേണ്ടിയും ജനവിഭാഗങ്ങളിൽ ബോധവൽക്കരണം നടത്തുന്നുണ്ട്. സംസ്ഥാന സിവിൽ സർവ്വീസിലെയും സർക്കാർ ഇതര ഓഫീസുകളിലെയും ഉദ്യോഗസ്ഥർക്കും കുടുംബശ്രീ പ്രവർത്തകർക്കും വായനശാലകൾ മുഖാന്തിരവും, പൊതുജനങ്ങൾക്ക് പരിശീലന ക്ലാസുകൾ സംഘടിപ്പിച്ചും, അഴിമതിയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും ചെയ്യുന്നുണ്ട്. അഴിമതിയെപ്പറ്റി വിവരം നല്കുന്നതിനായി വിസിൽ ബ്ലോവർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. സമൂഹത്തിലെ അഴിമതി തുടച്ചുനീക്കുന്നതിന്റെ ഭാഗമായി ജില്ലാതലത്തിൽ വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഭരണത്തിന്റെ സദ്ഫലങ്ങൾ ജനങ്ങളിൽ എത്തിക്കുവാനും സംതൃപ്തവും അതേസമയം കാര്യക്ഷമവുമായ സിവിൽ സർവ്വീസ് വാർത്തെടുക്കുന്നതിനുമായി “Zero tolerance to corruption” എന്ന നയത്തിന്റെ വിജയത്തിനാവശ്യമായ അഴിമതി നിർമ്മാർജ്ജന ബോധവൽക്കരണം വളരെ ശക്തമായും വിപുലമായും സോഷ്യൽ മീഡിയയിലും ദൃശ്യ-അച്ചടി മാധ്യമങ്ങളിലും നടത്തുന്നതാണ്.

(ബി&സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 174 അഴിമതി കേസുകളും 6 കൈക്കൂലി കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസുകളുടെ അന്വേഷണം പൂർത്തിയായാൽ മാത്രമേ തുടർ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**അതിവേഗ വനിതാ കോടതികൾ**

117 (5312) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതകൾക്കെതിരെ ഉണ്ടാകുന്ന അതിക്രമങ്ങൾ പ്രകാരം എടുത്തിട്ടുള്ള കേസ്സുകളിൽ സത്വരമായി തീർപ്പുകല്പിക്കുന്നതിന് അതിവേഗ വനിതാ കോടതികൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) വനിതകൾക്കെതിരേയുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസുകൾ സംസ്ഥാനത്ത് നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ; ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള കുറ്റങ്ങൾ വിചാരണ ചെയ്യുന്നതിന് മാത്രമായി അതിവേഗ വനിതാ കോടതികൾ നിലവിലില്ല. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി സംസ്ഥാനത്ത് 3 അഡീഷണൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് കോടതികൾ രൂപീകരിച്ചിട്ടുണ്ട്. ഇതിൽ എറണാകുളം, തിരുവനന്തപുരം ജില്ലകളിലെ കോടതികൾ യഥാക്രമം 27-1-2013, 5-3-2016 എന്നീ തീയതികളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ കോടതി പ്രവർത്തനം ആരംഭിക്കുന്നതിന് വേണ്ട നടപടികൾ ഹൈക്കോടതി സ്വീകരിച്ചു വരികയാണ്.

(ബി) 26,376 കേസുകൾ 30-9-2016 വരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. *

**ഓടുമേഞ്ഞ കോടതി കെട്ടിടങ്ങളുടെ പുനർനിർമ്മാണം**

118 (T 5313) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓടുമേഞ്ഞ കോടതി കെട്ടിടങ്ങൾ പുനർനിർമ്മിക്കണമെന്ന കേന്ദ്ര സർക്കാർ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചിറ്റൂർ കോടതി കെട്ടിടം ഓടിട്ട പഴയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്നത് ശ്രദ്ധിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കെട്ടിടം പുനർനിർമ്മിക്കുന്നതിനും നവീകരിക്കുന്നതിനും വികസിപ്പിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) പ്രസ്തുത കോടതിയുടെ കെട്ടിട പുനർ നിർമ്മാണം സംബന്ധിച്ച ശിപാർശ ഹൈക്കോടതി, സർക്കാരിന്റെ പരിഗണനയ്ക്കായി നൽകിയിട്ടില്ല. ഇക്കാര്യത്തിൽ അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല എന്നാണ് ഹൈക്കോടതി രജിസ്ട്രാർ അറിയിച്ചിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## പാലക്കാട് കോടതി സമുച്ചയം

119 (T5314) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് കോടതി സമുച്ചയ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ വിശദമാക്കാമോ?

ഉത്തരം

പാലക്കാട് കോടതി സമുച്ചയം നിർമ്മിക്കുന്നതിനായുള്ള പരിഷ്കരിച്ച രൂപരേഖ ഹൈക്കോടതി അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച് ഭരണാനുമതി ലഭിക്കുന്നതിനുവേണ്ടി നിർദ്ദിഷ്ട മാതൃകയിൽ തയ്യാറാക്കി സമർപ്പിക്കുവാൻ പൊതുമരാമത്ത് (കെട്ടിട വിഭാഗം) ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ, കോടതി സമുച്ചയം നിർമ്മിക്കുന്നതിനുള്ള സ്ഥലം സംരക്ഷിത സ്മാരകമായ പാലക്കാട് കോട്ടയ്ക്ക് സമീപത്തായതിനാൽ ബന്ധപ്പെട്ട അധികാരികളുടെ അനുമതി ലഭിക്കേണ്ടതുണ്ട്.

## ഒറ്റപ്പാലം കോർട്ട് കോംപ്ലക്സ്

120 (5315) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം കോർട്ട് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി സർക്കാർ എത്ര തുക അനുവദിച്ചിരുന്നു; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഒറ്റപ്പാലം കോർട്ട് കോംപ്ലക്സ് നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കോർട്ട് കോംപ്ലക്സ് നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഒറ്റപ്പാലം കോർട്ട് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി ജി.ഒ. (ആർ.റ്റി.) 565/2012/PWD തീയതി 31-3-2012 പ്രകാരം 925 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കോർട്ട് കോംപ്ലക്സ് നിർമ്മിക്കുന്നതിനായുള്ള ഒറ്റപ്പാലം താലൂക്കിലെ ഒറ്റപ്പാലം വില്ലേജിലുള്ള 35.75 (Sy. No.107/1A2 B, 1A1) സെന്റ് വസ്തു ജുഡീഷ്യറി വകുപ്പിന് ഇതുവരെ കൈമാറ്റം ചെയ്തു ലഭിച്ചിട്ടില്ല. വസ്തു കൈമാറ്റത്തിനുള്ള നടപടികൾ സ്വീകരിക്കുവാൻ പാലക്കാട് ജില്ലാ കളക്ടറോട്, ഹൈക്കോടതി രജിസ്ട്രാർ ആവശ്യപ്പെട്ടിട്ടുണ്ട്.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

**ഫയർ എൻ.ഒ.സി.**

121 (5316) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൈറൈസ് കെട്ടിടങ്ങൾക്ക് ഫയർ എൻ.ഒ.സി. നൽകുന്നത് സംബന്ധിച്ച് വിശദമായ വിവരം ലഭ്യമാക്കുമോ;

(ബി) കെട്ടിട നിർമ്മാണച്ചട്ടം അനുസരിച്ച് തയ്യാറാക്കുന്ന പ്ലാനുകൾ പരിശോധിക്കാനുള്ള സാങ്കേതിക പരിജ്ഞാനം ഫയർ ഫോഴ്സ് ഉദ്യോഗസ്ഥർക്ക് ഉണ്ടോ; ഇല്ലെങ്കിൽ ഇത്തരം പരിശോധനകൾ നടത്തുവാൻ ആവശ്യമായ ടെക്നിക്കൽ ഉദ്യോഗസ്ഥരെ നിയമിക്കുമോ എന്ന് വ്യക്തമാക്കുമോ;

(സി) കെട്ടിട നിർമ്മാണച്ചട്ടം സംബന്ധിച്ച അത്യാവശ്യ അറിവ് ഫയർഫോഴ്സ് ഉദ്യോഗസ്ഥർക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) കെട്ടിട നിർമ്മാണച്ചട്ടം പരിഷ്ക്കരിക്കുമ്പോൾ ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന്റെ റിപ്പോർട്ട് വാങ്ങുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഫയർ ആന്റ് റെസ്ക്യൂ വകുപ്പിൽ നിലവിൽ ഫയർ എൻ.ഒ.സി. സംബന്ധിച്ച എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ട്; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ, കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ എന്നിവ പ്രകാരം സർട്ടിഫിക്കറ്റ് ഓഫ് അപ്രൂവൽ ആവശ്യമുള്ള ബഹുനില കെട്ടിടങ്ങൾക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്നും അഗ്നിശമന രക്ഷാവകുപ്പിലേയ്ക്ക് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അഗ്നിശമന രക്ഷാവകുപ്പിൽനിന്നും സർട്ടിഫിക്കറ്റ് ഓഫ് അപ്രൂവൽ അനുവദിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. അഗ്നിശമന രക്ഷാ വകുപ്പിൽനിന്നും രണ്ടുവിധത്തിലാണ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകി വരുന്നത്. കെട്ടിട നിർമ്മാണത്തിന് മുൻപ് ചട്ടങ്ങൾ അനുസരിച്ച തയ്യാറാക്കിയ പ്ലാനുകൾ പ്രകാരം അഗ്നി സുരക്ഷാ സംവിധാനങ്ങൾ പരിശോധിച്ച് ഫയർ സേഫ്റ്റി ക്ലിയറൻസ് സർട്ടിഫിക്കറ്റും നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് അപേക്ഷകൻ സർട്ടിഫിക്കറ്റ് ഓഫ് അപ്രൂവലിനായി അപേക്ഷ സമർപ്പിക്കുമ്പോൾ കെട്ടിടം, വകുപ്പിലെ ഉദ്യോഗസ്ഥരുടെ കമ്മിറ്റി പരിശോധിച്ച് ആവശ്യമായ നിയമ പ്രകാരമുള്ള എല്ലാ അഗ്നിശമന രക്ഷാ സംവിധാനങ്ങളും സ്ഥാപിച്ചിട്ടുണ്ടോ എന്ന് ബോധ്യപ്പെട്ടശേഷം സർട്ടിഫിക്കറ്റ് ഓഫ് അപ്രൂവലും അനുവദിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ അഗ്നിശമന രക്ഷാ വകുപ്പിന്റെ Standing Order No.01/16, Addendum to Standing Order No. 01/16, How to apply and get “Certificate of Approval” for Buildings from the Department of Fire & Rescue

Services എന്ന നിർദ്ദേശത്തിലും വിശദമായി പരാമർശിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പുകൾ അഗ്നിശമന രക്ഷാ സേവന വകുപ്പിന്റെ വെബ്സൈറ്റായ www.fire.kerala.gov.in-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. അഗ്നിസുരക്ഷാ സംബന്ധമായ കാര്യങ്ങൾ പ്ലാനുകൾ പ്രകാരം പരിശോധിക്കുന്നതിനുള്ള സാങ്കേതിക പരിജ്ഞാനം ഫയർ ഫോഴ്സ് ഉദ്യോഗസ്ഥർക്കുണ്ട്. നാഷണൽ ഫയർ സർവ്വീസ് കോളേജിൽ പരിശീലനത്തിനായി നിയോഗിക്കപ്പെടുന്ന (Diploma, Advanced Diploma) ഓഫീസർമാരുടെ പാഠ്യപദ്ധതിയിൽ ഇത് ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള പരിശീലന പരിപാടികൾ നടന്നുവരുന്നു.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

(ഇ)

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 20 |
| കൊല്ലം | 10 |
| കോട്ടയം | 5 |
| ആലപ്പുഴ | 1 |
| പത്തനംതിട്ട | 4 |
| എറണാകുളം | 95 |
| ഇടുക്കി | 3 |
| പാലക്കാട് | 41 |
| മലപ്പുറം | 36 |
| തൃശ്ശൂർ | 82 |
| കോഴിക്കോട് | 29 |
| വയനാട് | 2 |
| കാസർഗോഡ് | 7 |
| കണ്ണൂർ | 6 |
| ആകെ | 341 |

## അങ്കമാലി ഫയർ സ്റ്റേഷൻ

122 (5317) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ അങ്കമാലി ഫയർ സ്റ്റേഷൻ പരിധിയിൽ ഏതൊക്കെ പ്രദേശങ്ങൾ ഉൾപ്പെടുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) അങ്കമാലിയിലെ ഫയർ സ്റ്റേഷനിൽ 1994 മോഡൽ വാഹനവും പ്രവർത്തനക്ഷമമല്ലാത്ത ജീവൻ രക്ഷാ ഉപകരണങ്ങളുമാണ് ഉള്ളതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) നിലവിൽ അങ്കമാലി ഫയർ സ്റ്റേഷനിൽ ലഭ്യമാക്കിയിട്ടുള്ള ജീവൻ രക്ഷാ ഉപകരണങ്ങൾ ഏതൊക്കെയാണ് ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) അങ്കമാലി ഫയർസ്റ്റേഷന് പുതിയ വാഹനവും ജീവൻ രക്ഷാ ഉപകരണങ്ങളും നൽകുന്നതിനും മുങ്ങൽ വിദഗ്ധന്മാരുടെ സേവനം ലഭ്യമാക്കുന്നതിനും വേണ്ട അടിയന്തര നിർദ്ദേശം നൽകുമോ; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) അങ്കമാലി ഫയർ സ്റ്റേഷൻ പരിധിയിൽ അങ്കമാലി, നെടുമ്പാശ്ശേരി, കാലടി, കാഞ്ഞൂർ, ശ്രീമൂലനഗരം, മൂക്കന്നൂർ, തുറവൂർ, മഞ്ഞപ്ര, അയ്യമ്പുഴ, മലയാറ്റൂർ, പാറക്കടവ്, കറുകുറ്റി, ചെങ്ങമനാട്, കുന്നുകര എന്നീ പ്രദേശങ്ങൾ ഉൾപ്പെടുന്നുണ്ട്.

(ബി) അങ്കമാലി നിലയത്തിൽ അഞ്ച് വാഹനങ്ങൾ നിലവിലുള്ളതിൽ ഒരു എമർജൻസി ടെണ്ടർ 1994 മോഡലിലുള്ളതാണ്. കൂടാതെ സ്റ്റേഷനിൽ ലഭ്യമായ ഉപകരണങ്ങളിൽ ഹൈഡ്രോളിക് റെസ്ക്യൂ ടൂൾസ്, റബ്ബർ ഡിങ്കി ആന്റ് എഞ്ചിൻ എന്നിവ പ്രവർത്തനക്ഷമമല്ല.

(സി)

| | |
|---|---|
| ബ്രീത്തിംഗ് അപ്പാരറ്റസ് | 2 സെറ്റ് |
| ചെയിൻസാ | 2 എണ്ണം |
| ഫ്ലോട്ട് പമ്പ് | 1 |
| അമോണിയ സ്യൂട്ട് | 1 |
| ലൈഫ് ജാക്കറ്റ് | 13 എണ്ണം |
| ലൈഫ് ബോയ് | 17 എണ്ണം |

| | |
|---|---|
| ഇൻഫ്ളേറ്റബിൾ ടവർലൈറ്റ് | 1 എണ്ണം |
| സ്മോക്ക് എക്സ്ഹോസ്റ്റ് ബ്ലോവർ | 1 എണ്ണം |
| ലൈഫ് ഡിറ്റക്ടർ | 1 എണ്ണം |
| സീറോ ടോർക്ക് ബ്രാഞ്ച് | 3 എണ്ണം |
| അലുമിനിയം എക്സ്റ്റൻഷൻ ലാഡർ | 1 എണ്ണം |
| ഷിയേഴ്സ് | 1 |
| ഫയർ എക്സ്റ്റിംഗ്വഷർ | 8 എണ്ണം |
| ന്യൂമാറ്റിക് ജാക്ക് | 1 |
| എഫ്.എം.പി.ബി. | 2 എണ്ണം |

(ഡി) 2016-17 സാമ്പത്തിക വർഷത്തിലെ സ്റ്റേറ്റ് പ്ലാൻ ഫണ്ട് വിനിയോഗിച്ച് 39 കോടി രൂപയുടെ വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ആയവ ലഭ്യമാകുന്ന മുറയ്ക്ക് അങ്കമാലി നിലയത്തിന്റെ കാര്യവും പരിഗണിക്കാവുന്നതാണ്.

സംസ്ഥാന അഗ്നിശമന സേനയിലെ ജീവനക്കാർക്ക് മുങ്ങൽ പരിശീലനം നൽകുന്നതിനുള്ള സമയബന്ധിത നടപടികൾ സ്വീകരിച്ചു വരുന്നു.

**കൊട്ടാരക്കര ഫയർ സ്റ്റേഷനിലേയ്ക്ക് പുതിയ ഉപകരണങ്ങൾ**

123 (5318) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര ഫയർ സ്റ്റേഷനിലേക്ക് പുതിയ ഉപകരണങ്ങൾ, വാഹനം എന്നിവ ലഭ്യമാക്കുന്നതിനായി സമർപ്പിച്ച നിവേദനത്തിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ;

(ബി) കൊട്ടാരക്കര ഫയർസ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചശേഷം എന്തെല്ലാം പുതിയ സംവിധാനങ്ങൾ നിലയത്തിലേക്ക് അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ചുവടെ ചേർക്കുന്ന ഉപകരണങ്ങളും വാഹനങ്ങളും പൊതുജന സുരക്ഷാർത്ഥം കൊട്ടാരക്കര ഫയർ സ്റ്റേഷനിൽ അനുവദിച്ച് നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| 1 | മൊബൈൽ ടാങ്ക് യൂണിറ്റ് | 1 |
| 2 | ആംബുലൻസ് | 1 |
| 3 | ഫ്ലോട്ട് പമ്പ് | 2 |
| 4 | ഹൈഡ്രോളിക് റെസ്ക്യൂ ടൂൾസ് | 1 യൂണിറ്റ് |
| 5 | ന്യൂമാറ്റിക്ക് ബാഗ്സ് | 1 സെറ്റ് |
| 6 | പോർട്ടബിൾ പമ്പ് | 1 |
| 7 | സ്കൂബാ സെറ്റ് | 1 |
| 8 | ചെയിൻസാ | 2 |
| 9 | ഫയർ പ്രോസിമിറ്റി സ്യൂട്ട് | 1 |
| 10 | ലൈഫ് ജാക്കറ്റ് | 6 |
| 11 | ലൈഫ് ബോയ് | 8 |
| 12 | ബി.എ. സെറ്റ് | 2 |
| 13 | ഫോൾഡിംഗ് സ്ട്രച്ചർ | 2 |
| 14 | സേഫ്റ്റി ബെൽറ്റ് | 7 |

**ആറൻമുളയിൽ ഫയർ സ്റ്റേഷൻ**

124 (5319) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള വള്ളംകളി, മാരാമൺ കൺവെൻഷൻ, ചെറുകോൽപ്പുഴ കൺവെൻഷൻ, ആറന്മുള വള്ളസദ്യ തുടങ്ങി ലക്ഷക്കണക്കിനാളുകൾ പങ്കെടുക്കുന്ന ചടങ്ങുകളുടെയും സമ്മേളനങ്ങളുടെയും പ്രാധാന്യം കണക്കിലെടുത്ത്, കോഴഞ്ചേരിയിലോ, ആറന്മുളയിലോ ഒരു ഫയർ സ്റ്റേഷൻ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുള്ള സാഹചര്യങ്ങൾ എങ്ങനെയാണ് വിലയിരുത്തുന്നതെന്ന് വിശദമാക്കുമോ;

(ബി) ആറന്മുള പോലീസ് സ്റ്റേഷനിൽ ഒരു സ്പീഡ് ബോട്ട് ആവശ്യമാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോഴഞ്ചേരി കേന്ദ്രമാക്കി ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് സ്ഥല പരിശോധന നടത്തിയെങ്കിലും അനുയോജ്യമായ സ്ഥലം ലഭ്യമായിട്ടില്ല. അനുയോജ്യമായ പഞ്ചായത്ത്/റവന്യൂ വക ഭൂമിയോ കെട്ടിടമോ കിട്ടുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) ഉണ്ട്. ഇതിനായി വിശദമായ ഒരു പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു.

**ഫയർമാൻമാരുടെ ഒഴിവുകൾ**

125 (5320) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ & റസ്ക്യൂ വകുപ്പിൽ എത്ര ഫയർമാൻമാരുടെ ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഒഴിവുകളിൽ നിയമനം നടത്തുന്നതിനായി പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ ഈ ലിസ്റ്റ് എന്നാണ് നിലവിൽ വന്നതെന്നും പ്രസ്തുത ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയെന്നും അറിയിക്കുമോ;

(സി) നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 532.

(ബി) റാങ്ക് ലിസ്റ്റ് നിലവിലില്ല. പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്വീകരിച്ചുവരികയാണ്.

(സി) നിലവിലുള്ള ഒഴിവുകളിൽ 393 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതാണ്.

**ഇ-ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന സർട്ടിഫിക്കറ്റിന് നിയമസാധുത**

126 (5321) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഗസറ്റ് ഓൺലൈനിൽ പ്രസിദ്ധീകരിക്കുന്നത് എന്നുമുതലാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഇ-ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന അനന്തരാവകാശ സർട്ടിഫിക്കറ്റിന് നിയമസാധുതയുണ്ടോ;

(സി) എങ്കിൽ താലൂക്ക് ഓഫീസുകളിൽ തഹസിൽദാർമാർ ഗസറ്റ് വഴി പ്രസിദ്ധീകരിക്കുന്ന പരസ്യം അനന്തരാവകാശ സർട്ടിഫിക്കറ്റിന് പരിഗണിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) താലൂക്ക് ഓഫീസുകളിൽ നിന്നും അയയ്ക്കുന്ന പരസ്യങ്ങൾക്ക് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുവാനും, സർക്കാർ പ്രസ്സിൽ ഇ-ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങൾക്ക് ഡിജിറ്റൽ ഒപ്പ് വഴി നിയമസാധുത നൽകുവാനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 22-5-2007 മുതൽ പ്രസിദ്ധീകരിച്ചുവരുന്നു.

(ബി) അവകാശികളെ വിചാരണ ചെയ്ത് മൊഴി രേഖപ്പെടുത്തി വില്ലേജോഫീസർ സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തഹസിൽദാർ ഗസറ്റ് വിജ്ഞാപനം തയ്യാറാക്കി ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും 30 ദിവസങ്ങൾക്കകം ആക്ഷേപങ്ങൾ ലഭിച്ചിട്ടില്ലെങ്കിൽ അവകാശികളെ നിശ്ചയിച്ച് സാക്ഷ്യപത്രം നൽകാവുന്നതുമാണ്. ഇങ്ങനെ പ്രസിദ്ധീകരിക്കുന്ന ഗസറ്റിന്റെ ഒരു പകർപ്പാണ് പൊതുജനങ്ങൾക്ക് എളുപ്പത്തിൽ ലഭിക്കുന്നതിനായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പരിശോധിക്കാവുന്നതാണ്.

## കേരള സർവ്വീസ് ചട്ടങ്ങളുടെ അച്ചടി

127 (5322) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ്, സർക്കാർ ജീവനക്കാരുടെ ശിക്ഷണ നടപടി മാനുവൽ, കേരള സിവിൽ സർവീസ് (ക്ലാസ്സിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ)റൂൾസ്, 1960-ലെ കേരള ഗവ.സർവന്റ്സ് കോൺഡക്റ്റ് റൂൾസ്, കേരള ഗവ. സർവന്റ്സ് മെഡിക്കൽ അറ്റൻഡൻസ് റൂൾസ് എന്നീ സർവീസ് പുസ്തകങ്ങൾ സർക്കാർ പ്രസ്സ് വഴി ഇപ്പോൾ അച്ചടിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വെളിപ്പെടുത്താമോ;

(ബി) ഇവയുടെ പ്രസിദ്ധീകരണം സംബന്ധിച്ച് അച്ചടി വകുപ്പിൽ നിന്നും അനുമതി തേടിയിരുന്നോ; ഇക്കാര്യത്തിൽ എന്ത് അഭിപ്രായമാണ് രേഖപ്പെടുത്തിയതെന്ന വിശദാംശം നല്കുമോ;

(സി) കേരള സർവ്വീസ് ചട്ടങ്ങൾ സംബന്ധിച്ച ഇത്തരം പുസ്തകങ്ങൾ സമയബന്ധിതമായി അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ്, കേരള ഗവൺമെന്റ് സർവന്റ്സ് കോൺടാക്റ്റ് റൂൾസ് എന്നിവ പരിഷ്കരിക്കുന്ന മുറയ്ക്ക് അച്ചടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. സർക്കാർ ജീവനക്കാരുടെ ശിക്ഷണ നടപടി മാനുവൽ എന്ന പുസ്തകം സർക്കാർ പ്രസ്സിൽ ലഭ്യമാണ്. കൂടാതെ അച്ചടി വകുപ്പിൻ കീഴിലുള്ള വിവിധ ജില്ലാ ഫോറം സ്റ്റോറുകളിൽനിന്നും ടി പുസ്തകം വിൽപ്പന നടത്തുന്നുണ്ട്. കേരള സിവിൽ സർവ്വീസ് (ക്ലാസ്സിഫിക്കേഷൻ,

കൺട്രോൾ & അപ്പീൽ) റൂൾസ് എന്ന പുസ്തകത്തിന്റെ പരിഷ്കരിച്ച പതിപ്പുകൾ അച്ചടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കേരള ഗവൺമെന്റ് സെർവന്റ്സ് മെഡിക്കൽ അറ്റൻഡൻസ് റൂൾസ് എന്ന സർവ്വീസ് പുസ്തകം സർക്കാർ പ്രസ്സിൽ അച്ചടിക്കുന്നില്ല.

**അച്ചടി വകുപ്പിൽ സ്പെഷ്യൽ റൂൾസ്**

128 (5323) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിൽ സ്പെഷ്യൽ റൂൾസ് (എസ്.ആർ.ഒ.നമ്പർ.616/2016) നടപ്പിലാക്കിയപ്പോൾ കരട് റൂൾസിൽ പ്രസിദ്ധീകരിച്ചതിന് വ്യത്യസ്തമായി ഓഫ് സെറ്റ്, റീഡിംഗ്, മെഷീൻ എന്നീ സെക്ഷനുകളിൽ വരുത്തിയിട്ടുള്ള മാറ്റങ്ങളുടെ കാരണമെന്തെന്ന് വിശദമാക്കുമോ; കെ.എസ്. ആന്റ് എസ്.എസ്.ആർ. നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണോ ഈ മാറ്റങ്ങൾ നടത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) കരട് സർവ്വീസ് റൂൾസ് പ്രകാരം മെഷീൻ വിഭാഗത്തിലെ അസിസ്റ്റന്റ് ഫോർമാൻ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് ഓഫ് സെറ്റ് ഓപ്പറേറ്റർ ഗ്രേഡ്-ഒന്ന് ജീവനക്കാരെ പരിഗണിച്ചിരുന്നെങ്കിലും സർവ്വീസ് റൂൾസ് പ്രസിദ്ധീകരിച്ചപ്പോൾ അവരെ പ്രിന്റർ സീനിയർഗ്രേഡ് എന്ന തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിനായാണ് ഉൾപ്പെടുത്തിയത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏത് മാനദണ്ഡം അനുസരിച്ചാണ് ഇപ്രകാരത്തിലുള്ള മാറ്റങ്ങൾ വരുത്തിയതെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ വരുത്തിയ മാറ്റംമൂലം അർഹമായ സ്ഥാനക്കയറ്റം നിഷേധിക്കപ്പെട്ടിരിക്കുന്ന ഓഫ് സെറ്റ് ഓപ്പറേറ്റർ ഗ്രേഡ് -1 ജീവനക്കാർക്ക് നീതി ലഭ്യമാക്കാൻ കരട് സർവ്വീസ് റൂൾസിൽ നിഷ്കർഷിച്ചിരുന്ന വിധത്തിലേക്ക് അസിസ്റ്റന്റ് ഫോർമാൻ തസ്തികയുടെ നിയമന രീതിയിൽ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) എസ്.ആർ.ഒ.നമ്പർ.616/2016 അനുസരിച്ച് പ്രിന്റിംഗ് വിഭാഗത്തെയും ഓഫ് സെറ്റ് വിഭാഗത്തെയും ഒന്നിച്ച് ചേർത്ത് സ്ഥാനക്കയറ്റം നൽകിയപ്പോൾ ഒരു വിഭാഗം ജീവനക്കാർക്ക് ഉയർന്ന പേ സ്കെയിലുള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം കിട്ടിയപ്പോൾ ഓഫ് സെറ്റ് വിഭാഗം ജീവനക്കാർക്ക് നിലവിലുള്ള പേ സ്കെയിൽ തസ്തികകളിലേക്കാണ് സ്ഥാനക്കയറ്റം അനുവദിച്ചിട്ടുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് കെ.എസ്. ആന്റ് എസ്.എസ്.ആർ. മാർഗ്ഗരേഖ അനുസരിച്ചാണോ;

(ഇ) എസ്.ആർ.ഒ.നമ്പർ.616/2016-ൽ കരട് സർവ്വീസ് റൂൾസിൽ നിഷ്കർഷിച്ചിരിക്കുന്നതിനു വിരുദ്ധമായി റീഡിംഗ് വിഭാഗത്തിലെ പൊതുവായ കോപ്പി ഹോൾഡർ തസ്തികയിലുള്ളവരെ റീഡർ ഗ്രേഡ്-2 തസ്തികയിലേക്കുള്ള

സ്ഥാനക്കയറ്റത്തിൽ നിന്നും ഒഴിവാക്കിയത് ഏത് മാനദണ്ഡം അനുസരിച്ചാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) അച്ചടി വകുപ്പിൽ കേരള ഗവൺമെന്റ് പ്രസ്സസ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 30-9-2016-ലെ GO.(P) No.19/16/H.Edn. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും (SRO. No.616/2016) ആയതു 30-9-2016-ലെ 1695-ാം പ്രകാരം ഗവൺമെന്റ് ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുമുണ്ട്. പ്രസ്തുത വിശേഷാൽ ചട്ടത്തിൽ സംഭവിച്ച തെറ്റുകൾ, വിട്ടുകളയൽ തുടങ്ങിയവ ചൂണ്ടികാട്ടി ചില പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതികൾ പരിശോധിച്ച് അടിയന്തരമായി നടപടി സ്വീകരിക്കുന്നതാണ്.

## സ്റ്റേഷനറി വകുപ്പിലെ ക്രമക്കേട്

129 (5324) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേഷനറി വകുപ്പിൽ കഴിഞ്ഞ തെരഞ്ഞെടുപ്പ് സംബന്ധമായി സാധനങ്ങൾ വാങ്ങിയതിൽ ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാങ്ങിയ സാധനങ്ങളുടെ വിലയിൽ വലിയ വർദ്ധനവ് ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ വാങ്ങലുകളെ സംബന്ധിച്ച് വിശദമായ ഒരു അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ;

(ഡി) തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വാങ്ങിയ സാധനങ്ങളുടെ വിലയടക്കമുള്ള വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ&ബി) ഇല്ല.

(സി) നിലവിൽ അന്വേഷണം നടത്തേണ്ട സാഹചര്യം ഇല്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വാങ്ങിയ സ്റ്റേഷനറി സാധനങ്ങളുടെ വിലയടക്കമുള്ള വിശദമായ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. *ഇലക്ഷൻ കമ്മീഷന്റെ അനുമതിയോടുകൂടിയാണ് പ്രസ്തുത ഇനങ്ങൾ വാങ്ങിയിട്ടുള്ളത്.

## സ്റ്റേഷനറി വകുപ്പിൽ സാധനങ്ങൾ വാങ്ങിയതിലെ ക്രമക്കേട്

130 (5325) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്റ്റേഷനറി വകുപ്പിൽ സാധനങ്ങൾ വാങ്ങിയതിൽ വ്യാപമായ ക്രമക്കേട് ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വാങ്ങിയ സാധനങ്ങൾക്ക് ഗുണനിലവാരം ഇല്ലെന്നതും അനാവശ്യ അളവിൽ സാധനങ്ങൾ വാങ്ങിക്കൂട്ടിയതാണെന്നുമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യങ്ങളെ സംബന്ധിച്ച് ഒരു സമഗ്രമായ അന്വേഷണം നടത്തുന്നതിനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും തയ്യാറാകുമോ;

(ഡി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സാധാരണ നിലയിൽ സ്റ്റേഷനറി സാധനങ്ങൾ ആവശ്യമായ അളവിലാണ് വാങ്ങാറുള്ളത്. വകുപ്പിന്റെ പരിമിതമായ ഫണ്ടിൽ നിന്നുകൊണ്ട് ആവശ്യമായ സാധനങ്ങൾ നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി ഗുണനിലവാരം ഉറപ്പുവരുത്തിയാണ് വാങ്ങി വിതരണം ചെയ്യുന്നത്.

(സി&ഡി) അന്വേഷണം നടത്തേണ്ട സാഹചര്യം നിലവിലില്ല.

## ഗവൺമെന്റ് പ്രസ്സുകളുടെ ആധുനികവത്ക്കരണം

131 (5326) ശ്രീ. ബി. സത്യൻ :
ശ്രീ. പി. ഉണ്ണി :
ശ്രീ. എം. മുകേഷ് :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗവൺമെന്റ് പ്രസ്സുകളുടെ ആധുനികവത്ക്കരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സമയബന്ധിതമായും ഗുണമേന്മ ഉറപ്പുവരുത്തിയും അച്ചടി ജോലികൾ പൂർത്തീകരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) പാഠപുസ്തക അച്ചടിക്ക് ഉപയോഗപ്രദമായ വെബ് ഓഫ്സെറ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഗവൺമെന്റ് പ്രസ്സുകളുടെ ആധുനികവത്കരണത്തിനായി ഓഫീസ് ആട്ടോമേഷൻ COMPOSE PROJECT നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ NIC-മായി ചേർന്ന് നടപടികൾ സ്വീകരിച്ചു വരുന്നു. ആയത് അവസാനഘട്ടത്തിലാണ്. കൂടാതെ സർക്കാർ മേഖലയിലെ അച്ചടി സൗകര്യങ്ങൾ ഏകോപിപ്പിക്കൽ, അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ഒരു പ്രിന്റിംഗ് പാർക്ക്, പ്രിന്റിംഗ് മ്യൂസിയം എന്നിവ സ്ഥാപിക്കൽ, തുടങ്ങിയ കാര്യങ്ങൾ

പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് 1-10-2016-ലെ സ.ഉ.(സാധാ.) 2661/16/ഉവിവ. സർക്കാർ ഉത്തരവ് പ്രകാരം ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്.

(ബി) സമയബന്ധിതമായും ഗുണമേന്മ ഉറപ്പുവരുത്തിയും അച്ചടി ജോലികൾ പൂർത്തീകരിക്കുവാൻ ഉതകുന്ന ആധുനിക മെഷീനുകൾ വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്.

(സി) പാഠപുസ്തക അച്ചടിക്ക് ഉപയോഗപ്രദമായ വെബ് ഓഫ്സെറ്റ് മെഷീനുകൾ മണ്ണന്തല, വാഴൂർ, ഷൊർണ്ണൂർ എന്നീ പ്രസ്സുകളിൽ സ്ഥാപിച്ചിട്ടുണ്ട്.

**ജലപാതകൾ**

132 (5327) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള പ്രധാന ജലപാതകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്ത് ജലഗതാഗതമാർഗ്ഗങ്ങൾ വിപുലപ്പെടുത്തുന്നതിനും നിലവിലുള്ളവ ശക്തിപ്പെടുത്തുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കോവളം മുതൽ കാസർഗോഡ് നീലേശ്വരം വരെയുള്ള 590.18 കി.മീ. നീളം വരുന്ന വെസ്റ്റ് കോസ്റ്റ് കനാലാണ് സംസ്ഥാനത്തെ നിലവിലുള്ള പ്രധാന ജലപാത. ഇതിൽ കൊല്ലം മുതൽ തൃശ്ശൂർ കോട്ടപ്പുറം വരെയുള്ള 168 കിലോമീറ്ററും ഉദ്യോഗമണ്ഡൽ കനാൽ (23 കി.മീ.), ചമ്പക്കര കനാൽ (14 കി.മീ.) എന്നിവയും ദേശീയ ജലപാത-3-ൽ ഉൾപ്പെടുന്നു. കോട്ടപ്പുറം മുതൽ കോഴിക്കോട് വരെ 160 കി. മീ. ദൂരം പാതയും കൂടി ദേശീയ ജലപാതയിൽ ഉൾപ്പെടുത്തി, 26-3-2016 തീയതിയിൽ പ്രാബല്യത്തിൽ വന്ന National Waterways Act 2016 പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ ആലപ്പുഴ-ചങ്ങനാശ്ശേരി കനാൽ, ആലപ്പുഴ-കോട്ടയം അതിരമ്പുഴ കനാൽ, കോട്ടയം-വൈക്കം എന്നീ ഫീഡർ കനാലുകളും National Waterways Act 2016 പ്രകാരം ദേശീയജലപാതാ നിലവാരത്തിലേയ്ക്ക് ഉയർത്താൻ തീരുമാനിച്ചിട്ടുണ്ട്. കോവളം മുതൽ കൊല്ലം വരെയുള്ള 74.18 കി. മീറ്ററും കോഴിക്കോട് മുതൽ നീലേശ്വരം വരെയുള്ള 188 കി. മീറ്ററും നിലവിൽ സംസ്ഥാന ജലപാതയാണ്.

(ബി) 12-ാം ധനകാര്യ കമ്മീഷൻ, 13-ാം ധനകാര്യ കമ്മീഷൻ, നബാർഡ്, സ്റ്റേറ്റ് ഫണ്ട് എന്നിവയുടെ സഹായത്തോടെ വിവിധ സ്ഥലങ്ങളിലായി ജലപാതകളുടെ വീതിയും ആഴവും വർദ്ധിപ്പിച്ചും, സംരക്ഷണ ഭിത്തികൾ നിർമ്മിച്ചും, ഉപ്പുവെള്ളം തടയുന്നതിന് ലോക്കുകൾ സ്ഥാപിച്ചും, ജെട്ടികൾ, കാർഗോ ടെർമിനലുകൾ എന്നിവ സ്ഥാപിച്ചും ഉയരം കുറവുള്ള പാലങ്ങളും മറ്റും

പുനർനിർമ്മിച്ചും ജലപാതകൾ നവീകരിച്ച് വരുന്നു. 2016-2017 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾക്കായി 125.32 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതും ആയതിലേയ്ക്കുള്ള പദ്ധതികൾ അടിയന്തരമായി തയ്യാറാക്കി വരികയുമാണ്.

**ആറ്റിങ്ങലിൽ പ്രവർത്തിച്ചു വന്നിരുന്ന സ്റ്റീൽ ഫാക്ടറി**

133 (5328) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങലിൽ പ്രവർത്തിച്ചു വന്നിരുന്നതും വർഷങ്ങളായി പ്രവർത്തനം നിലച്ചതുമായ സ്റ്റീൽ ഫാക്ടറി സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി എത്രയാണെന്നും ഇതിന്റെ ഉടമസ്ഥാവകാശം ആർക്കാണെന്നും വിശദമാക്കാമോ ?

ഉത്തരം

ആറ്റിങ്ങലിൽ പ്രവർത്തിച്ചു വന്നിരുന്നതും വർഷങ്ങളായി പ്രവർത്തനം നിലച്ചതുമായ സ്റ്റീൽ ഫാക്ടറി സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി 1 ഏക്കർ ആണ്. ഇന്ത്യാ ഗവൺമെന്റിന്റെ ഉടമസ്ഥാവകാശത്തിലുള്ള പ്രസ്തുത സ്ഥലം ഇപ്പോൾ എം.എസ്.എം.ഇ. ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (MSME, TI) ഏറ്റുമാനൂരിന്റെ നിയന്ത്രണത്തിലാണ്.

**ലൈഫ് സയൻസ് പാർക്ക്**

134 (5329) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കേന്ദ്രമാക്കി ലൈഫ് സയൻസ് പാർക്ക് ആരംഭിക്കാൻ ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഇതിനു വേണ്ടിയുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) ജൈവ മേഖലയിലെ സംരംഭകരെ പ്രോൽസാഹിപ്പിക്കുന്നതിനും, ആകർഷിക്കുന്നതിനും അനുബന്ധ ഗവേഷണ സ്ഥാപനങ്ങൾ ലൈഫ് സയൻസ് പാർക്കിൽ ഉണ്ടാവും. ജീവശാസ്ത്ര വ്യവസായങ്ങൾക്കും, ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾക്കും പ്രയോജനപ്പെടുന്ന ഒരു വിജ്ഞാനകേന്ദ്രമായി ലൈഫ് സയൻസ് പാർക്ക് പ്രവർത്തിക്കുന്നതാണ്. കാർഷിക ജൈവ സാങ്കേതികത, സമുദ്ര വിഭവ ജൈവ സാങ്കേതികത, ബയോ ഇൻഫർമാറ്റിക്സ്, ബയോ മെഡിക്കൽസ്,

ബയോ ഫാർമസ്യൂട്ടിക്കൽസ് തുടങ്ങിയ വ്യത്യസ്ത ജൈവശാസ്ത്ര മേഖലകളുടെ ഗവേഷണ പദ്ധതികൾക്കും വികസന പ്രവർത്തനങ്ങൾക്കും ഉൽപ്പാദന പ്രക്രിയകൾക്കും പാർക്ക് അവസരമൊരുക്കും. അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഇൻകുബേഷൻ സെന്റർ, ലബോറട്ടറി തുടങ്ങിയ സംവിധാനങ്ങൾ ഈ പാർക്കിന്റെ സവിശേഷതകളാണ്.

ചെറുകിട പദ്ധതികൾക്ക് ഉടൻ പ്രവർത്തനം ആരംഭിക്കാൻ പാകത്തിൽ സൗകര്യങ്ങൾ ഒരുക്കുന്നതിനുപുറമേ വൻകിട ജൈവ ശാസ്ത്ര കമ്പനികൾ സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളും ഇവിടെ ഏർപ്പെടുത്തുന്നുണ്ട്. ആഗോളതലത്തിൽ പ്രവർത്തിക്കുന്ന വൻകിട ജൈവ ശാസ്ത്ര കമ്പനികൾക്ക് പ്രവർത്തനം തുടങ്ങാൻ പര്യാപ്തമാകുന്ന വിധത്തിൽ പ്ലോട്ടുകൾ വികസിപ്പിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി കൊടുക്കുന്നതാണ്. ചെറുകിട കമ്പനികൾക്ക് നേരിട്ട് ഉൽപ്പാദനം തുടങ്ങാൻ സാധിക്കുന്ന വിധത്തിൽ വെറ്റ് ലാബ്, ഡ്രൈ ലാബ് സൗകര്യങ്ങൾ ഇവിടെ ലഭ്യമാക്കുന്നുണ്ട്.

**ബയോ ടെക്നോളജി വ്യവസായം**

135 (5330) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ.ആർ. രാമചന്ദ്രൻ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബയോ ടെക്നോളജി അധിഷ്ഠിതമായ വ്യവസായങ്ങൾ സംബന്ധിച്ച് നയം വ്യക്തമാക്കുമോ;

(ബി) കേരളം ആസ്ഥാനമായി പ്രവർത്തിച്ച് ലോകമാർക്കറ്റിൽ ഇടം നേടിയിട്ടുള്ള ബയോ ടെക്നോളജി കമ്പനികളുണ്ടോ; വിശദമാക്കുമോ;

(സി) ജൈവ-സാങ്കേതിക മേഖലയുമായി ബന്ധപ്പെട്ടുള്ള ഉല്പന്നങ്ങളുണ്ടാക്കുന്ന സംരംഭങ്ങളുടെ പ്രോത്സാഹനത്തിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ബയോ ടെക്നോളജിയധിഷ്ഠിതമായ വ്യവസായങ്ങൾ നല്ല രീതിയിൽ പ്രോത്സാഹിപ്പിക്കണമെന്നതാണ് സർക്കാരിന്റെ നയം.

(ബി) കിൻഫ്ര സ്ഥാപിച്ചിട്ടുള്ള ഹൈടെക് പാർക്കിൽ ലോക മാർക്കറ്റിൽ ഇടം നേടിയ M/s Ubio Biotechnology Systems Pvt. Ltd., M/s Greenleaf Extractions Pvt. Ltd., M/s Prasan Solutions (India) Private Ltd. എന്നീ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(സി) ജൈവ സാങ്കേതിക മേഖലയിലെ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാനത്ത് കളമശ്ശേരിയിലുള്ള കിൻഫ്ര ഹൈടെക് പാർക്കിനോട് ചേർന്ന് ഒരു ബയോടെക്നോളജി/ബയോടെക്നോളജി അധിഷ്ഠിത വ്യവസായങ്ങൾ എന്നിവയ്ക്കായി കിൻഫ്ര ഒരു വ്യവസായ പാർക്ക് സ്ഥാപിച്ചിട്ടുണ്ട്.

വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ്, വികസിപ്പിച്ച പ്ലോട്ടുകൾ എന്നിവ ഒരുക്കിയാണ് ഈ പാർക്ക് സ്ഥാപിച്ചിട്ടുള്ളത്. ഇവ കൂടാതെ വ്യവസായ സംരംഭകർക്ക് ഏകജാലക സംവിധാനം വഴി വ്യവസായം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ അനുബന്ധ അനുമതികളും ലഭിക്കുന്നതിനുള്ള സംവിധാനവും ഈ പാർക്കിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കിൻഫ്ര പാർക്കുകളിൽ ആരംഭിക്കുന്ന വ്യവസായ സംരംഭകർക്ക് അവരുടെ ഭൂമിയുടെ രജിസ്ട്രേഷന് സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലും രജിസ്ട്രേഷൻ ഫീസ് ഇനത്തിലും തുക ഇളവ് അനുവദിച്ചിട്ടുണ്ട്.

### ഒളവണ്ണ ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ

136 (5331) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഒളവണ്ണ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിൽ നിലവിൽ എത്ര ജീവനക്കാരാണുള്ളതെന്നും, ഏതെല്ലാം കാറ്റഗറിയിലായാണ് ഇവർ പ്രവർത്തിച്ചുവരുന്നതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനം പ്രവർത്തിക്കുന്നതിന് അത്യാവശ്യമായ മെഷീൻ ഓപ്പറേറ്റർ, ഹെൽപ്പർ എന്നീ തസ്തികകളിലേക്ക് സ്ഥിരം നിയമനം നടത്താതിരിക്കുന്നതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) സ്ഥിരം നിയമനം ലഭിച്ചവർക്ക് വർഷാവർഷം ലഭിക്കേണ്ട ശമ്പള വർദ്ധനവ്, യാത്രാബത്ത തുടങ്ങിയ ആനുകൂല്യങ്ങൾ ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ ജീവനക്കാർക്ക് ലഭിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സ്ഥാപനത്തിലെ സി.എൻ.സി. മെഷിനറികൾ പ്രവർത്തിപ്പിക്കുന്ന പ്രത്യേക വൈദഗ്ധ്യമുള്ള ജീവനക്കാർക്ക് ഐ.ടി.ഐ. ഫിറ്റർ, മെഷീനിസ്റ്റ് എന്നിവയിൽ നിയമിതരാവുന്ന ഉദ്യോഗസ്ഥരെക്കാൾ കുറഞ്ഞ ശമ്പള സ്കെയിലാണ് നൽകിവരുന്നതെന്നത് ശ്രദ്ധിച്ചിട്ടുണ്ടോ; ഇത് പരിഹരിച്ച് അർഹമായ ശമ്പള സ്കെയിൽ നൽകാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നിലവിൽ 15 ജീവനക്കാരാണുള്ളത്.

| | |
|---|---|
| ടൂൾ റൂം മാനേജർ | -1 |
| അക്കൗണ്ട്സ് മാനേജർ | -1 |
| ഡിസൈൻ എഞ്ചിനീയർ | -1 |
| ടൂൾ റൂം എഞ്ചിനീയർ | -2 |

| | |
|---|---|
| അസിസ്റ്റന്റ് ടൂൾ റൂം എഞ്ചിനീയർ | -6 |
| സി.എൻ.സി. ഓപ്പറേറ്റർ | -3 |
| ഡ്രൈവർ | -1 |

(ബി) പ്രസ്തുത തസ്തികകളിലേയ്ക്ക് സ്പെഷ്യൽ റൂൾ രൂപീകരിച്ചിട്ടില്ല. റൂൾ നിലവിൽ വരുന്ന മുറയ്ക്ക് സ്ഥിരം നിയമനം നടത്തുന്നതാണ്.

(സി) ഉണ്ട്.

(ഡി) ശ്രദ്ധിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ സിഡ്കോ മാനേജിംഗ് ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

**ഭക്ഷ്യ സംസ്കരണ മിഷൻ**

137 (5332) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഭക്ഷ്യ സംസ്കരണ മിഷന്റെ ചുവട് പിടിച്ച് കേരള സംസ്ഥാന ഭക്ഷ്യ സംസ്കരണ മിഷൻ ഇന്നേവരെ രൂപീകരിക്കപ്പെട്ടിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെറുകിട ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ, ഹോട്ടലുകൾ, തട്ടുകടകൾ എന്നിവയ്ക്ക് ഭക്ഷ്യ സംസ്കരണ മിഷന്റെ പദ്ധതികളിലുൾപ്പെടുത്തി സഹായങ്ങൾ നൽകാനാകുമോയെന്ന് വിശദമാക്കുമോ;

(സി) കേന്ദ്ര ഭക്ഷ്യ സംസ്കരണ മിഷനിൽ നിന്ന് ഇന്നേവരെ ലഭിച്ച സബ്സിഡി സഹായങ്ങൾ എങ്ങനെയാണ് വിനിയോഗിച്ചതെന്ന് വിശദമാക്കുമോ;

(ഡി) ഭക്ഷ്യ സംസ്കരണ രംഗത്തെ കാലാനസൃതമായി നവീകരിക്കാനും യുവസംരംഭകരെയും കുടുംബശ്രീ ഉൾപ്പെടെയുള്ള വനിതാ സംരംഭക സംഘങ്ങളെയും ഈ രംഗത്തേയ്ക്ക് ആകർഷിക്കാനും എന്തൊക്കെ പദ്ധതികളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നാഷണൽ മിഷൻ ഓൺ ഫുഡ് പ്രോസ്സസിംഗ് (NMFP)-ന്റെ കീഴിൽ കേരള സർക്കാർ സംസ്ഥാന ഭക്ഷ്യസംസ്കരണ മിഷൻ (SFPM) എന്ന പദ്ധതി രൂപീകരിച്ചിരുന്നുവെങ്കിലും കേന്ദ്ര സർക്കാർ പ്രസ്തുത സ്കീം നിർത്തലാക്കിയ സാഹചര്യത്തിൽ കേരള സർക്കാർ സംസ്ഥാന ഭക്ഷ്യസംസ്കരണ മിഷൻ (SFPM) കേരളയുടെ പ്രവർത്തനവും നിർത്തി.

(ബി) സംസ്ഥാന സർക്കാർ ഭക്ഷ്യ സംസ്കരണ മിഷൻ നിർത്തലാക്കിയെങ്കിലും ഭക്ഷ്യ സംസ്കരണ വ്യവസായ സംരംഭകരെ സഹായിക്കാനായി എന്റർപ്രണർ സപ്പോർട്ട് സ്കീം (ESS) എന്ന ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പക്ഷെ ഹോട്ടലുകളും തട്ടുകടകളും ഈ സ്കീമിന്റെ പരിധിയിൽ വരുന്നില്ല.

(സി) 2012 ഏപ്രിൽ 1 മുതൽ 2015 ഏപ്രിൽ 1 വരെ കാലയളവിൽ സർക്കാർ സംസ്ഥാന ഭക്ഷ്യ സംസ്കരണ മിഷന് (SFPM) 11.14 കോടി രൂപ ധനസഹായം കേന്ദ്രത്തിൽനിന്നും ലഭിച്ചിരുന്നു. ആ തുക മുഴുവനും നാഷണൽ മിഷൻ ഓൺ ഫുഡ് പ്രോസ്സസിംഗ് (NMFP) സ്കീമിന്റെ വിവിധ പദ്ധതികൾക്കായി വിനിയോഗിച്ചു. ഇതിന്റെ വിശദാംശങ്ങൾ ഇപ്രകാരമാണ്.

- 9.32 കോടി രൂപ 23 വിവിധതരം ഭക്ഷ്യ സംസ്കരണ ശാലകൾ സ്ഥാപിക്കുന്നതിന് ധനസഹായവും
- 0.48 കോടി രൂപ കേരളത്തിലുടനീളം 48 സംരംഭകത്വ വികസന (EDP) പരിപാടികൾ നടത്താനും
- 0.65 കോടി രൂപ ഭക്ഷ്യ സംസ്കരണത്തെ സംബന്ധിച്ചുള്ള പ്രോൽസാഹന പ്രവർത്തനങ്ങൾക്കായും
- 0.69 കോടി രൂപ ഭരണപരമായ ചിലവുകൾക്കും വിനിയോഗിച്ചു.

(ഡി) ഭക്ഷ്യ സംസ്കരണ രംഗത്തേയ്ക്ക് യുവസംരംഭകരെയും സ്ത്രീ സംരംഭകരേയും ആകർഷിക്കുന്നതിനായി കേരള സർക്കാർ ആവിഷ്കരിച്ചിട്ടുള്ള എന്റർപ്രണർ സപ്പോർട്ട് സ്കീം (ESS)-ൽ ഇൻസെന്റീവ്സ് വകയിരുത്തിയിട്ടുണ്ട്.

- മൊത്തം മൂലധന നിക്ഷേപത്തിന്റെ 15%, 20 ലക്ഷം രൂപയിൽ കവിയാത്ത തുക സാമ്പത്തിക സഹായമായി ലഭിക്കും.
- മേൽ 15% ത്തിന് പുറമേ-സ്ത്രീ സംരംഭകർക്കും യുവ സംരംഭകർക്കും 5% അധിക സഹായം, 30 ലക്ഷം രൂപയിൽ കവിയാത്ത തുക സാമ്പത്തിക സഹായം ആയി ലഭിക്കും.

**അതിവേഗ റെയിൽപ്പാത**

138 (T*5333) <u>ശ്രീ. സി. കൃഷ്ണൻ</u> :
<u>ശ്രീ. എ. എം. ആരിഫ്</u> :
<u>ശ്രീ. ഡി. കെ. മുരളി</u> :
<u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(എ) തിരുവനന്തപുരം മുതൽ കണ്ണൂർ വരെയുള്ള നിർദ്ദിഷ്ട അതിവേഗ റെയിൽപ്പാതയുടെ സാധ്യതാ പഠന റിപ്പോർട്ട് ഡി.എം.ആർ.സി. സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോ;

(ബി) നിർദ്ദിഷ്ട അതിവേഗ പാതയുടെ അലൈൻമെന്റിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) ജനവാസ കേന്ദ്രങ്ങൾ ഒഴിവാക്കിക്കൊണ്ടുള്ള പുതിയ അലൈൻമെന്റിനായി സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനായി എത്ര തുകയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്നും അത് എങ്ങനെ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം മുതൽ കണ്ണൂർ വരെയുള്ള അതിവേഗ റെയിൽപ്പാതയുടെ 430 കി.മീറ്റർ ദൂരത്തിൽ 180 കി.മീറ്റർ തൂണിന് മുകളിലും 105 കി.മീറ്റർ ഭൂമിക്കടിയിൽ കൂടിയും ബാക്കി ദൂരം ഭൂമിയിൽ ചാലുകളുണ്ടാക്കിയും വരമ്പുകളുണ്ടാക്കിയും ആയിരിക്കും പൂർത്തിയാക്കുക. നിർദ്ദിഷ്ട റെയിൽപ്പാത റോഡിൽ നിന്നും മാറി ജനവാസം കുറഞ്ഞതും ചതുപ്പ് പ്രദേശങ്ങളിലും കൂടിയാണ് കടന്നുപോകുന്നത്. തിരുവനന്തപുരം, കൊല്ലം, ചെങ്ങന്നൂർ, കോട്ടയം, കൊച്ചി, തൃശ്ശൂർ, വളാഞ്ചേരി, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ സ്റ്റേഷനുകൾ ഉണ്ടായിരിക്കും. തിരുവനന്തപുരം കൊച്ചുവേളിക്ക് സമീപമായിരിക്കും പ്രധാന ഡിപ്പോയും സ്റ്റേഷനും നിർമ്മിക്കുന്നത്.

(സി) കേരള ഹൈസ്പീഡ് റെയിൽ കോറിഡോറിനായുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറായിട്ടുണ്ട്. ജനവാസ കേന്ദ്രങ്ങൾ ഉണ്ടെങ്കിൽ അവ ഒഴിവാക്കി അലൈൻമെന്റ് പുതുക്കി നിശ്ചയിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

(ഡി) അതിവേഗ റെയിൽപ്പാതയ്ക്ക് ഉദ്ദേശം 90,663/- കോടിരൂപ (എല്ലാ നികുതിയും ഉൾപ്പെടെ) ചെലവ് വരുന്നതാണെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതിനാവശ്യമായ തുക സ്വരൂപിക്കുന്നത് സംബന്ധിച്ച് സർക്കാർ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**രാജകുമാരി കുളപ്പാറച്ചാലിലെ അപ്പാരൽ പാർക്ക്**

139 (5335) <u>ശ്രീ. എം. എം. മണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിലെ രാജകുമാരി കുളപ്പാറച്ചാലിൽ അപ്പാരൽ പാർക്ക് സമുച്ചയം പണികഴിപ്പിച്ചിട്ടുണ്ടോ;

(ബി) എത്ര രൂപ മുടക്കിയാണ് ഈ കെട്ടിടം പണി കഴിപ്പിച്ചിട്ടുള്ളത്; പണി പൂർത്തീകരിച്ചിട്ട് എത്ര വർഷമായി;

(സി) ഈ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം എത്രയാണ്;

(ഡി) നിലവിൽ ഈ കെട്ടിടം ഒഴിഞ്ഞുകിടക്കുകയാണോ;

(ഇ) എങ്കിൽ കോടികൾ മുടക്കി പണികഴിപ്പിച്ച ഇവിടെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് തൊഴിൽ ലഭിക്കുന്നതിനുതകുന്ന എന്തെങ്കിലും പദ്ധതി കൊണ്ടുവരുന്ന കാര്യം പരിഗണിക്കുമോ;

(എഫ്) ഇതു സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ വ്യവസായ ഓഫീസറെ ചുമതലപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പ്രസ്തുത പദ്ധതിക്ക് 6.70 കോടി രൂപയാണ് മുതൽ മുടക്ക്. പ്രസ്തുത കെട്ടിടം പണി പൂർത്തീകരിച്ചത് 31-12-2012 ലാണ്.

(സി) കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 55000 ചതുരശ്ര അടിയാണ്.

(ഡി&ഇ) കെട്ടിടം ഒഴിഞ്ഞു കിടക്കുകയാണ്. ഇവിടെ വ്യവസായ സംരംഭകരെ കണ്ടെത്തുന്നതിന് കിൻഫ്ര വിവിധ സംരംഭകരുമായി പല ഘട്ടത്തിൽ ചർച്ചകൾ നടത്തിയിട്ടുണ്ടായിരുന്നു. ഇപ്പോഴും അതിനുവേണ്ടിയുള്ള ശ്രമങ്ങൾ തുടരുന്നു. പ്രസ്തുത കെട്ടിടം പൂർണ്ണമായും പ്രയോജനപ്പെടുന്ന രീതിയിൽ സംരംഭകരെ കണ്ടെത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(എഫ്) ഇടുക്കി ജില്ലാ വ്യവസായ കേന്ദ്രവുമായി ചർച്ച നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ**

140 (5336) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങൾ, കമ്പനി, ബോർഡ്, കോർപ്പറേഷൻ എന്നിവയിൽ ചെയർമാൻ, മാനേജിംഗ് ഡയറക്ടർ തസ്തികയിൽ നടത്തിയ നിയമനങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഓരോരുത്തരുടെയും പേര് വിവരങ്ങളും യോഗ്യതയും വെളിപ്പെടുത്തുമോ;

(സി) ഏതെങ്കിലും സ്ഥാപനങ്ങളിൽ മേധാവികളായി നിയമിച്ചവരെ പിരിച്ചുവിട്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ആരെയെല്ലാമെന്നും ഏതു സ്ഥാപനമാണെന്നും വെളിപ്പെടുത്തുമോ;

(ഡി) അനധികൃത നിയമനത്തിൽ കുറ്റക്കാർക്കെതിരെ അഴിമതി നിരോധന നിയമത്തിലെ വകുപ്പുകൾ പ്രകാരം കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രൊഫഷണലിസം**

141 (5337) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രൊഫഷണലിസം നടപ്പാക്കാനുദ്ദേശമുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി പൊതുമേഖലാ സ്ഥാപനങ്ങളുടെ നിയമനങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താനുദ്ദേശിക്കുന്നതെന്ന് വിവരിക്കുമോ;

(സി) ഈ ലക്ഷ്യം കൈവരിക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മാനേജിംഗ് ഡയറക്ടർ, ജനറൽ മാനേജർ തുടങ്ങിയ ഉന്നതതല നിയമനങ്ങളിലേക്ക് ദേശീയതലത്തിൽ അംഗീകാരമുള്ള സാങ്കേതിക വിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തി ടി സമിതിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്തുവാനും നിയമനങ്ങൾക്ക് വിജിലൻസ് ക്ലിയറൻസ് നിർബന്ധമാക്കി ആയത് കർശനമായി പാലിക്കുവാനും കൂടാതെ പ്രസ്തുത നിയമനങ്ങളിൽ സുതാര്യതയും നിഷ്പക്ഷതയും ഉറപ്പുവരുത്തി പ്രൊഫഷണലുകളെ നിയമിക്കുന്നതിന് നിയമ നിർമ്മാണം നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്.

## ഭെല്ലിന്റെ ഓഹരി

142 (5338) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഭെൽ ഇ.എം.എൽ. കമ്പനിയിലെ ഭെല്ലിന്റെ ഓഹരി കയ്യൊഴിയുന്നുവെന്ന് കാണിച്ച് കേന്ദ്ര സർക്കാരിൽ നിന്നും 12-8-2016, 6-9-2016, 19-9-2016 തീയതികളിൽ സംസ്ഥാന സർക്കാരിന് കത്ത് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) സംസ്ഥാന സർക്കാർ പ്രസ്തുത ഓഹരികൾ വാങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഭെൽ ഇ.എം.എൽ. രൂപീകരണ സമയത്ത് സംസ്ഥാന സർക്കാരും ഭെല്ലും തമ്മിലുള്ള സംയുക്ത സംരംഭക ഉടമ്പടിയിൽ ഏതെങ്കിലും ഒരു കക്ഷി ഓഹരി ഒഴിവാക്കാൻ തീരുമാനിക്കുന്ന പക്ഷം സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് വ്യവസ്ഥകളുണ്ടായിരുന്നുവോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത സ്ഥാപനത്തെ പൊതുമേഖലയിൽ തന്നെ നിലനിർത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കാസർഗോഡ് ഭെൽ ഇ.എം.എൽ. കമ്പനിയിലെ ഭെല്ലിന്റെ ഓഹരി കയ്യൊഴിയുന്നുവെന്ന് കാണിച്ച് കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാന സർക്കാരിന് കത്ത് ലഭിച്ചിട്ടുണ്ട്. ഇത് പരിശോധിച്ച് വരുന്നു.

(സി) ഭെൽ ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ് രൂപീകരണ സമയത്ത് കേരള സർക്കാരും ഭെല്ലും തമ്മിലുള്ള സംയുക്ത സംരംഭക ഉടമ്പടിയിലെ വകുപ്പ് നമ്പർ 4-ൽ ഓഹരികളുടെ കൈമാറ്റം സംബന്ധിച്ച നടപടികൾ പ്രതിപാദിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഏതെങ്കിലും കക്ഷി ഓഹരി ഒഴിവാക്കുവാൻ തീരുമാനിക്കുന്ന പക്ഷം ഇതിനായി മറ്റേ കക്ഷിയുടെ എഴുതിനൽകിയ സമ്മതം ആവശ്യമാണ്. ഈ ഉടമ്പടിയുടെ തീയതി മുതലുള്ള ആദ്യ നാല് വർഷം കഴിഞ്ഞ് ഉടമ്പടിയിലെ വകുപ്പ് നമ്പർ 4.2-ലെ നിബന്ധനകൾ മുഴുവനും പാലിച്ചുകൊണ്ട് ഓഹരി ഒഴിവാക്കുന്നതിനുള്ള സമ്മതം നൽകാവുന്നതാണെന്നും ഉടമ്പടിയിൽ പ്രതിപാദിച്ചിട്ടുണ്ട്. ഓഹരികൾ കൈമാറ്റം ചെയ്യുവാൻ ഡയറക്ടർ ബോർഡിന്റെ അനുമതിയും ലഭിക്കേണ്ടതുണ്ട്. വകുപ്പ് നമ്പർ നാലിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(ഡി) ഇത് സംബന്ധിച്ച് അന്തിമ തീരുമാനമെടുത്തിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ**

143 (5339) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ഒക്ടോബർ 15 വരെ എത്ര നിയമനങ്ങൾ നടത്തി; വിശദാംശം നൽകുമോ;

(ബി) പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ട ഏതെങ്കിലും തസ്തികകളിൽ ഈ കാലയളവിൽ കമ്മീഷനെ മറികടന്ന് നിയമനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ; വിശദവിവരം നൽകുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**വസ്ത്രഗ്രാമം പദ്ധതി**

144 (5340) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതകളെ സംരംഭക രംഗത്തേക്ക് ആകർഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദീകരിക്കുമോ;

(ബി) 'വസ്ത്രഗ്രാമം' എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(സി) വസ്ത്രഗ്രാമം പദ്ധതി വഴി എത്ര വനിതകൾക്ക് തൊഴിൽ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വനിതകളെ സംരംഭക രംഗത്തേക്ക് ആകർഷിക്കുന്നതിനായി സംരംഭക സഹായ പദ്ധതിയിൽ 15% അടിസ്ഥാന സബ്സിഡിയെക്കാൾ 5% അധിക സബ്സിഡി നൽകിവരുന്നു. പരമ്പരാഗത വ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ള വനിതകൾക്ക് തൊഴിൽ ലഭ്യമാക്കി അവരുടെ കുടുംബ വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വസ്ത്രഗ്രാമം എന്ന പദ്ധതിയും താരതമ്യേന താഴ്ന്ന ജീവിത നിലവാരത്തിൽ ജീവിക്കുന്ന ആർട്ടിസാൻസ് കുടുംബങ്ങളെ സ്ത്രീ ശാക്തീകരണ

ത്തിലൂടെ സ്വയം പര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ ഗൃഹസ്ഥ എന്ന പദ്ധതിയും സർക്കാർ ധനസഹായത്തോടെ കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖാന്തരം നടപ്പാക്കി വരുന്നു.

(ബി) വ്യവസായ വാണിജ്യ ഡയറക്ടറുടെ മേൽനോട്ടത്തിൽ കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖാന്തരം വസ്ത്രഗ്രാമം പദ്ധതി നടപ്പാക്കിവരുന്നു. പരമ്പരാഗത വ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ള വനിതകൾക്ക് തൊഴിൽ ലഭ്യമാക്കി അവരുടെ കുടുംബ വരുമാനം വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഓരോ ജില്ലകളിൽ നിന്നും 60 വനിതകളെ തെരഞ്ഞെടുത്ത് വിവിധതരം വസ്ത്രങ്ങൾ തയ്ക്കുന്നതിനും വസ്ത്രങ്ങളിൽ ഓർണമെന്റേഷൻ നടത്തി മൂല്യവർദ്ധനവ് വരുത്തുന്നതിനും മൂന്നുമാസത്തെ പരിശീലനം നൽകുക, പരിശീലനം പൂർത്തീകരിക്കുന്നവർ രൂപീകരിക്കുന്ന വനിത വ്യവസായ സഹകരണ സംഘങ്ങൾക്ക് പൊതു സേവനകേന്ദ്രം സ്ഥാപിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

(സി) സംസ്ഥാനത്തൊട്ടാകെ വസ്ത്രഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിലൂടെ ഏകദേശം ആയിരത്തോളം വനിതകൾക്ക് നേരിട്ട് തൊഴിൽ ലഭ്യമാക്കുവാൻ കഴിയുമെന്ന് കണക്കാക്കുന്നു.

## ട്രാവൻകൂർ ബിവറേജസ് ലിമിറ്റഡിന്റെ സ്ഥാവരജംഗമ വസ്തുക്കൾ കൈമാറ്റം ചെയ്യൽ

145 (5341) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ശ്രീ. സി. എഫ്. തോമസ്</u> :
<u>ഡോ. എൻ. ജയരാജ്</u> :
<u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കടകംപള്ളി വില്ലേജിൽ വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്ന ട്രാവൻകൂർ ബിവറേജസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ സ്ഥാവരജംഗമ വസ്തുക്കൾ 1999-ാമത് വർഷം കാത്തലിക് സിറിയൻ ബാങ്കിന് കൈമാറ്റം ചെയ്തിരുന്നോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാവര ജംഗമ വസ്തുക്കൾ കൈമാറ്റം ചെയ്യാനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) ട്രാവൻകൂർ ബിവറേജസ് ലിമിറ്റഡിന്റെ സ്ഥാവരജംഗമ വസ്തുക്കൾ കാത്തലിക് സിറിയൻ ബാങ്കിന് കൈമാറ്റം ചെയ്യാൻ കമ്പനിയുടെ ഒഫീഷ്യൽ ലിക്വിഡേറ്ററിനെ അധികാരപ്പെടുത്തിക്കൊണ്ട് വ്യവസായവകുപ്പ് 3-4-1995-ൽ പുറപ്പെടുവിച്ച ജി.ഒ (ആർ.റ്റി) 316/95/ഐ.ഡി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കൈമാറ്റം ചെയ്തിരുന്നു.

(ബി) പ്രസ്തുത കമ്പനി ലിക്വിഡേഷനിലാണ്. യൂണിറ്റിന്മേലുണ്ടായ സാമ്പത്തിക ബാധ്യതയാണ് കാരണം.

(സി) 3-4-1995-ൽ പുറപ്പെടുവിച്ച ജി.ഒ.(ആർ.റ്റി) 316/95/ഐ.ഡി. ഉത്തരവിനാസ്പദമായ ഫയൽ കാലാവധിക്കുശേഷം നശിപ്പിച്ചതിനാൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാൻ നിർവ്വാഹമില്ലായെന്ന് അറിയിക്കുന്നു.

**ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് സെക്രട്ടറി**

146 (5342) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിന്റെ സെക്രട്ടറി സ്ഥാനത്തുനിന്നും ശ്രീ. രാമചന്ദ്രൻ ഐ.എ.എസ്.-നെ സ്ഥലംമാറ്റിയിട്ടുണ്ടോ;

(ബി) പുതുതായി പ്രസ്തുത തസ്തികയിൽ ആരെയാണ് നിയമിച്ചത്; ടിയാളുടെ യോഗ്യത സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) ഈ തസ്തികയിൽ ഇപ്പോൾ നിയുക്തനായിട്ടുള്ള ഉദ്യോഗസ്ഥൻ ഏതു വകുപ്പിൽ നിന്നാണ് നിയമിതനായത്; പ്രസ്തുത വകുപ്പിൽ അദ്ദേഹത്തിന്റെ തസ്തിക എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) 30-9-2016-ലെ സ.ഉ.(സാധാ.)1007/2016/വ്യവ. നമ്പർ ഉത്തരവ് പ്രകാരം ഭൂജലവകുപ്പിന്റെ കീഴിലെ കൊല്ലം ജില്ലാ ഓഫീസിലെ ഹൈഡ്രോജിയോളജിസ്റ്റായ ശ്രീ. വി. ജയകുമാരൻ പിള്ളയെ ഖാദി ബോർഡ് സെക്രട്ടറിയായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. ടിയാന്റെ വിദ്യാഭ്യാസ യോഗ്യതകൾ ഇപ്രകാരമാണ്.

1. എം.എസ്.സി. ജിയോളജി

2. എം.ബി.എ.

**ഭരണനിർവ്വഹണത്തിലെ സമൂലമാറ്റം**

147 (5343) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ കാർഷിക വളർച്ച മന്ദീഭവിക്കുകയും പൊതുമേഖലാ യൂണിറ്റുകൾ നഷ്ടത്തിലാകുകയും പരമ്പരാഗത വ്യവസായങ്ങൾ തകർച്ച നേരിടുകയും

വിദ്യാഭ്യാസം വാണിജ്യവൽക്കരിക്കപ്പെടുകയും പൊതു ആരോഗ്യസംവിധാനം ദുർബലപ്പെടുകയും ചെയ്തിട്ടുള്ള ഈ പശ്ചാത്തലത്തിൽ ഈ അവസ്ഥക്കൊരു സമൂല മാറ്റം കൊണ്ടുവരുവാൻ എന്തൊക്കെ നടപടികൾ സ്വീകരിയ്ക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

കേരളത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി താഴെപ്പറയുന്ന നാല് ബൃഹത്തായ പദ്ധതികൾ അഞ്ച് വർഷംകൊണ്ട് ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ ആസൂത്രണ സാമ്പത്തിക കാര്യ (ഡി) വകുപ്പിന്റെ 28-9-2016-ലെ സ.ഉ.(പി) നമ്പർ 41/2016/ആ.സാ.വ. നമ്പർ ഉത്തരവ് പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

1. സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി.

2. ജന സൗഹൃദ സർക്കാർ ആശുപത്രികൾ.

3. സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതി.

4. ശുചിത്വം-മാലിന്യ സംസ്കരണം, കൃഷി വികസനം, ജലവിഭവ സംരക്ഷണം എന്നീ മൂന്ന് മേഖലകൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ള ഹരിത കേരളം പദ്ധതി.

സാധാരണക്കാരുടെയും മുൻഗണനാ വിഭാഗങ്ങളുടെയും ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളാണിവ. ചിട്ടയോടെയുള്ള പ്രവർത്തനങ്ങളിലൂടെ ജനോപകാരപ്രദമായ ഗുണഫലങ്ങൾ ഉറപ്പാക്കുകയാണ് പദ്ധതിയുടെ ഉദ്ദേശ്യം. പൊതുമേഖലാ യൂണിറ്റുകളുടെ വളർച്ചയ്ക്ക് വിഘാതമായ കെടുകാര്യസ്ഥതയും അഴിമതിയും നിർമ്മാർജ്ജനം ചെയ്ത് വ്യാവസായിക പുരോഗതി ഉറപ്പുവരുത്തുന്ന പുതിയ നയം രൂപീകരിക്കുന്നതാണ്.

**നിർദ്ദേശ് പദ്ധതി**

148 (5344) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ യുദ്ധക്കപ്പൽ രൂപകൽപ്പന കേന്ദ്രമായ നിർദ്ദേശ് പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ അന്തിമ അംഗീകാരത്തിനായുള്ള ഫയൽ കേന്ദ്ര ധനകാര്യ മന്ത്രാലയം തിരിച്ചയച്ചതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അഞ്ചു വർഷം മുമ്പ് തറക്കല്ലിട്ട ഈ പദ്ധതിക്ക് സംസ്ഥാന സർക്കാർ 40 ഏക്കർ ഭൂമി സൗജന്യമായി നൽകിയ കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ നാമമാത്രമായ മലബാർ പ്രദേശത്ത് അനുവദിച്ച് കിട്ടിയ ഈ സ്ഥാപനം നിലനിർത്താൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ&ബി) കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന നിർദ്ദേശ് (National Institute for Research and Development in Defenceship building) നേരിട്ട് നടത്തിവരുന്ന ഈ പദ്ധതിക്കുവേണ്ടി രണ്ടര കോടി ചെലവിൽ ഒരു താല്ക്കാലിക ഹെഡ്ഓഫീസ് മന്ദിരം 8000 സ്ക്വയർ ഫീറ്റ് വിസ്തൃതിയിൽ കോഴിക്കോട് സൈറ്റിൽ തയ്യാറായിട്ടുണ്ട്. ഇവിടെ ട്രെയിനിംഗ് വർക്ക് ഷോപ്പുകളും ഐ.ഐ.റ്റി.യുമായി സഹകരിച്ച് റിസർച്ച് ആന്റ് ഡെവലപ്മെന്റ് പ്രോജക്ടുകളും തുടങ്ങിക്കഴിഞ്ഞു. ഈ പദ്ധതി നിർത്തലാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നും ഔദ്യോഗിക അറിയിപ്പൊന്നും സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടില്ല.

(സി) പ്രസ്തുത പദ്ധതിക്കുവേണ്ടി 40.52 ഏക്കർ സ്ഥലം സംസ്ഥാന സർക്കാർ സൗജന്യമായി നൽകിയിട്ടുണ്ട്.

(ഡി) ഈ വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

**നെന്മാറ ഗ്രാമപഞ്ചായത്തിൽ ആയുർവേദ ജനറൽ ഡിസ്പെൻസറി**

149 (5345) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ ഗ്രാമപഞ്ചായത്തിൽ ആയുർവേദ ജനറൽ ഡിസ്പെൻസറി ഇല്ലായെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിലവിലെ ആയുർവേദ വിഷ ചികിത്സാകേന്ദ്രത്തിൽ എത്ര ജീവനക്കാരാണ് ജോലി ചെയ്യുന്നത് എന്നും, സ്ഥിരം ഡോക്ടർ ഇല്ലാതായിട്ട് എത്ര വർഷമായി എന്നും വിശദമാക്കുമോ;

(സി) ആയുർവേദ വിഷചികിത്സാ കേന്ദ്രത്തിൽ ജനറൽ ഡിസ്പെൻസറി കൂടി അനുവദിച്ച് പ്രസ്തുത കേന്ദ്രത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) അറ്റൻഡർ, പാർട്ട്ടൈം സ്വീപ്പർ തസ്തികകളിൽ ജീവനക്കാർ ജോലി

ചെയ്തുവരുന്നു. ഫാർമസിസ്റ്റ് തസ്തിക അനുവദിക്കപ്പെട്ടിട്ടില്ല. 8-7-2005 മുതൽ സ്ഥിരം മെഡിക്കൽ ഓഫീസർ (വിഷ) ഇല്ല. ടി ഒഴിവ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മറ്റൊരു മെഡിക്കൽ ഓഫീസർക്ക് അധിക ചുമതല നൽകിയിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് നിലവിൽ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

## കാസർഗോഡ് ജില്ലയിലെ ഡോക്ടർമാരുടെ ഒഴിവുകൾ

150 (5346) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ജില്ലാ, താലൂക്ക് ആശുപത്രികളിൽ സ്ഥിരനിയമനമില്ലാതെ വർഷങ്ങളായി ഒഴിഞ്ഞ് കിടക്കുന്ന ഡോക്ടർമാരുടെ തസ്തികകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതിനുള്ള കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) വർഷങ്ങളായി ഒഴിഞ്ഞ് കിടക്കുന്ന തസ്തികകളിൽ ഡോക്ടർമാരെ ലഭ്യമാക്കുന്നതരത്തിൽ നിലവിലുള്ള തസ്തികകൾ ജില്ലയ്ക്ക് നഷ്ടപ്പെടാത്തതരത്തിൽ പുനഃക്രമീകരിക്കുന്ന വിഷയം പരിശോധിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഒഴിഞ്ഞു കിടക്കുന്ന ഡോക്ടർമാരുടെ തസ്തികകൾ താഴെപ്പറയും പ്രകാരമാണ്:

<u>ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്</u>

ചീഫ് കൺസൾട്ടന്റ്-റെസ്പറേറ്റീവ് മെഡിസിൻ

മെഡിക്കൽ കൺസൾട്ടന്റ് - ജനറൽ മെഡിസിൻ

മെഡിക്കൽ കൺസൾട്ടന്റ് - അനസ്തേഷ്യ

മെഡിക്കൽ കൺസൾട്ടന്റ് - പീഡിയാട്രിക്സ്

ജൂനിയർ മെഡിക്കൽ കൺസൾട്ടന്റ്

ജൂനിയർ കൺസൾട്ടന്റ് - സൈക്യാട്രി

ജൂനിയർ കൺസൾട്ടന്റ് - സർജറി

ആർ.എം.ഒ., ജില്ലാ ആശുപത്രികൾ

ഈ തസ്തികകളിലെല്ലാം തന്നെ അഡ്ഹോക്ക് വ്യവസ്ഥയിൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്.

(ബി) പിന്നോക്ക ജില്ലയായ കാസർഗോഡിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുന്നതിൽ മുൻതൂക്കം നൽകുന്നുണ്ട്. എന്നാൽ ഗ്രാമീണ/ദുർഘട ഗ്രാമീണ മേഖലകളിൽ ഡോക്ടർമാർ ജോലിയിൽ പ്രവേശിക്കുന്നതിന് വിമുഖത കാണിക്കുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്.

(സി) സ്പെഷ്യാലിറ്റി കേഡറിൽ ഒഴിവുള്ള തസ്തികകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഇ-ഹെൽത്ത് പദ്ധതി**

151 (5347) ശ്രീ. എസ്. ശർമ്മ :
ശ്രീ. എം. നൗഷാദ് :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവര വിനിമയ സാങ്കേതികവിദ്യ ആരോഗ്യ മേഖലയിൽ പ്രയോജനപ്പെടുത്തുന്നതിനായി ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ചികിത്സയുമായി ബന്ധപ്പെട്ട എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) ആരൊക്കെ ചേർന്നാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതിക്കുള്ള കേന്ദ്ര വിഹിതം എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇ-ഹെൽത്ത് പദ്ധതിയുടെ പ്രാരംഭ പ്രവർത്തനം സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്.

(ബി) ആശുപത്രിയിലെ ഒ.പി. രജിസ്ട്രേഷൻ, ഒ.പി. കൺസൾട്ടേഷൻ, ഫാർമസി, ലബോറട്ടറി, ഐ.പി., ഓപ്പറേഷൻ തിയേറ്റർ എന്നിങ്ങനെയുള്ള രോഗികളുടെ ചികിത്സയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി&ഡി) കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും സംയുക്തമായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. കേന്ദ്ര വിഹിതം 86.69 കോടി രൂപയാണ്.

**ഇ-ഹെൽത്ത് പദ്ധതി**

152 (5348) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഹെൽത്ത് എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതി നടത്തിപ്പിന്റെ ഭാഗമായുള്ള വിവര ശേഖരണം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തിയാക്കുവാൻ സാധിക്കും; വിശദാംശം നൽകുമോ;

(സി) സംസ്ഥാന പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ എല്ലാ ആരോഗ്യ സ്ഥാപനങ്ങളെയും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിന് പ്രസ്തുത പദ്ധതി പ്രകാരം ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഇ-ഹെൽത്ത് പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ കേരളത്തിലെ പൊതുജനാരോഗ്യ സംബന്ധമായ വിവരങ്ങൾ ഒരു കേന്ദ്രീകൃത കംപ്യൂട്ടർ സംവിധാനത്തിൽ ലഭ്യമാക്കുക.

കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളിലും ബന്ധപ്പെട്ട മറ്റ് പൊതുജനസ്ഥാപനങ്ങളിലും കമ്പ്യൂട്ടർവൽക്കൃത സേവനങ്ങൾ ലഭ്യമാക്കുക.

കേരള സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളെയും ബന്ധപ്പെട്ട മറ്റ് പൊതുജനാരോഗ്യ സ്ഥാപനങ്ങളെയും ഒരു വൈഡ്ഏരിയ നെറ്റ് വർക്കിലൂടെ കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനവുമായി ബന്ധിപ്പിക്കുക.

കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളിലും ചികിത്സ നടത്തുന്നവരുടെ ചികിത്സാ വിവരങ്ങൾ കമ്പ്യൂട്ടറിൽ സൂക്ഷിക്കുകയും പിന്നീട് തുടർചികിത്സയ്ക്കായി വീണ്ടുമെത്തുമ്പോൾ അവ പ്രസ്തുത ആശുപത്രികളിലെ ഡോക്ടർമാർക്ക് അനായാസേന ലഭ്യമാക്കുകയും ചെയ്യുക.

(ബി) പദ്ധതിയുടെ സാങ്കേതിക വശങ്ങളെ സംബന്ധിച്ചുള്ള വിവരശേഖരണം പൂർത്തിയായിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായ കുടുംബ ആരോഗ്യ വിവരശേഖരണം ആരംഭിച്ചിട്ടുണ്ട്. ഇത് 2017 മാർച്ച് മാസത്തോടെ പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) ഉണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങി മെഡിക്കൽ കോളേജുകൾ വരെയുള്ള എല്ലാ സർക്കാർ ആശുപത്രികളെയും ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 7 ജില്ലകൾ വീതം 2 ഘട്ടങ്ങളിലായിട്ടാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

**ഇതരസംസ്ഥാന തൊഴിലാളികൾക്കിടയിൽ പകർച്ചവ്യാധികൾ**

153 (5349) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിൽ പകർച്ചവ്യാധികൾ വർദ്ധിച്ചുവരുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പകർച്ചവ്യാധികൾ തടയുന്നതിനായി ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ കൃത്യമായ ഇടവേളകളിൽ മെഡിക്കൽ പരിശോധന നടത്തുന്നതിനുള്ള 'സേഫ് കേരള' പദ്ധതി ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 'സേഫ് കേരള' എന്ന പദ്ധതി ഊർജ്ജിതമാക്കി 'ഹെൽത്തി കേരള' എന്ന് പുനർ നാമകരണം ചെയ്ത് നടപ്പിലാക്കിവരുന്നു.

**മായം ചേർത്ത ഭക്ഷ്യവസ്തുക്കൾ**

154 (5350) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മായം ചേർത്ത ഭക്ഷ്യ വസ്തുക്കൾ വിറ്റഴിക്കുന്നത് തടയുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉത്തരം

സംസ്ഥാനത്ത് നിയമസഭാനിയോജകമണ്ഡലാടിസ്ഥാനത്തിൽ ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ നിയന്ത്രണത്തിൽ ഫുഡ് സേഫ്റ്റി സർക്കിൾ ഓഫീസുകളും ഇവരെ നിയന്ത്രിക്കുന്നതിന് ജില്ലാടിസ്ഥാനത്തിൽ അസിസ്റ്റന്റ് ഫുഡ് സേഫ്റ്റി കമ്മീഷണർമാരും പ്രവർത്തിക്കുന്നുണ്ട്. ഈ ഫുഡ് സേഫ്റ്റി ഓഫീസർമാർ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ഭക്ഷ്യവസ്തുക്കൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ലാബുകളിൽ പരിശോധിച്ച് ഗുണനിലവാരം പരിശോധിക്കാറുണ്ട്. ഇതുകൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന മൊബൈൽ വിജിലൻസ് സ്ക്വാഡ്

ഇത്തരം സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കാറുണ്ട്. ഗുണനിലവാരമില്ലാത്ത ഭക്ഷ്യ പദാർത്ഥങ്ങൾ കണ്ടെത്തിയാൽ കുറ്റക്കാർക്കെതിരെ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു.

ഇതുകൂടാതെ ഉത്സവ ആഘോഷവേളകളിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പരിശോധനകൾ നടത്താറുണ്ട്.

**മാതൃ-ശിശു മൾട്ടി സ്പെഷ്യാലിറ്റി യൂണിറ്റ്**

155 (5351) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാനന്തവാടി ജില്ലാ ആശുപത്രിയിൽ മാതൃ-ശിശു മൾട്ടി സ്പെഷ്യാലിറ്റി യൂണിറ്റ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

ഇല്ല. മാനന്തവാടി ജില്ലാ ആശുപത്രിയിൽ നിലവിൽ സ്ത്രീകൾക്കുവേണ്ടി മാത്രമായും കുട്ടികൾക്കുവേണ്ടി മാത്രമായും ഓരോ വാർഡ് പ്രവർത്തിച്ചുവരുന്നുണ്ട്.

**ആശ്രിത നിയമനം**

156 (5352) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ഗവ.ഹോമിയോ ആശുപത്രിയിൽ നഴ്സിംഗ് അസിസ്റ്റന്റ് ആയിരിക്കെ അന്തരിച്ച ശ്രീ. എസ്. സജികുമാറിന്റെ വിധവ ശ്രീമതി അനില, അണവിളവീട്, വെള്ളല്ലൂർ പി.ഒ, കിളിമാനൂർ എന്നയാൾ ആശ്രിതനിയമനത്തിന് സമർപ്പിച്ച അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) അവർക്ക് ഏതു തസ്തികയിൽ നിയമനം നൽകാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഇതുമായി ബന്ധപ്പെട്ട ഫയൽ തീർപ്പുകൽപ്പിക്കാൻ ഇപ്പോൾ ഏത് ഓഫീസിലാണുള്ളത്; ബന്ധപ്പെട്ട ഫയൽ നമ്പർ വ്യക്തമാക്കുമോ;

(ഡി) ആശ്രിത നിയമനത്തിന് എന്നാണ് അപേക്ഷിച്ചത്;

(ഇ) പ്രസ്തുത ഫയൽ തീർപ്പുകൽപ്പിക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ;

(എഫ്) കാലതാമസം ഒഴിവാക്കി ശ്രീമതി അനിലയ്ക്ക് നിയമനം നൽകാൻ എന്തു നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) അപേക്ഷ സംബന്ധിച്ച് ജില്ലാ കളക്ടറുടെ അന്വേഷണ റിപ്പോർട്ട് 25-10-2016-ൽ ഹോമിയോപ്പതി വകുപ്പ് ഡയറക്ടറേറ്റിൽ ലഭിച്ചിട്ടുണ്ട്. അപേക്ഷ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിയമനത്തിനാണ് ജില്ലാ കളക്ടർ ശിപാർശ ചെയ്തിട്ടുള്ളത്.

(സി) ഹോമിയോപ്പതി ഡയറക്ടറേറ്റിലാണ് ഫയൽ ഉള്ളത്.

(ഡി) 30-4-2014-ന്.

(ഇ) അപേക്ഷാ തീയതി സജികുമാർ മരണപ്പെട്ട തീയതിക്ക് മുമ്പുള്ളതായതിനാൽ അപേക്ഷ കളക്ടറേറ്റിൽ നിന്നും നിരസിപ്പിച്ചതിനാലാണ് കാലതാമസം നേരിട്ടിട്ടുള്ളത്.

(എഫ്) അപേക്ഷ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ആരോഗ്യമേഖലയിലെ സ്ഥിരനിയമനം**

157 (5353) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ മേഖലയിൽ എത്ര പേർക്ക് സ്ഥിരനിയമനം നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ തസ്തികയിൽ എത്ര പേർക്കെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ വകുപ്പിന് കീഴിൽ 991 പേർക്കും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 330 പേർക്കും നിയമനം നൽകിയിട്ടുണ്ട്.

(ബി) ആരോഗ്യ വകുപ്പിലെ നിയമനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം 1* ആയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ നിയമനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം 2* ആയും ചേർത്തിരിക്കുന്നു.

**ഏകീകൃത പൊതുജനാരോഗ്യ നിയമം**

158 (5354) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) ആരോഗ്യവകുപ്പിൽ പൊതുജനാരോഗ്യമേഖലയിൽ ഒരു ഏകീകൃത പൊതുജനാരോഗ്യ നിയമം ഉണ്ടാക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പരിശോധിച്ചുവരുന്നു.

**ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

159 (5355) <u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. കെ. സി.ജോസഫ്</u> :
<u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ എത്ര സ്വകാര്യ ആശുപത്രികൾ അംഗങ്ങളായിട്ടുണ്ട്;

(ബി) ഈ വർഷം എത്ര സ്വകാര്യ ആശുപത്രികൾ പ്രസ്തുത പദ്ധതിയിൽ നിന്നും പിൻമാറി ;എങ്കിൽ അതിനുള്ള കാരണം എന്ത്;

(സി) പദ്ധതിയുടെ നടത്തിപ്പ് ഇപ്പോൾ ഏത് ഇൻഷ്വറൻസ് കമ്പനിയിലാണ് നിക്ഷിപ്തമായിട്ടുള്ളത്;

(ഡി) ഈ വർഷം പ്രസ്തുത പദ്ധതിക്ക് എത്ര കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്;

(ഇ) പാവപ്പെട്ട രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ കിട്ടുന്നതിന് ആവിഷ്കരിച്ച പ്രസ്തുത പദ്ധതി കൂടുതൽ മെച്ചപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 149 (നൂറ്റി നാൽപ്പത്തി ഒൻപത്)

(ബി) ഒന്ന്, അസ്സീസിയ മെഡിക്കൽ കോളേജ്, കൊല്ലം സ്വമേധയാ പിന്മാറി.

(സി) ഐ.സി.ഐ.സി.ഐ. ലൊംബാർഡ് ജനറൽ ഇൻഷ്വറൻസ് കമ്പനിയിലാണ് പദ്ധതി നടത്തിപ്പ് നിക്ഷിപ്തമായിട്ടുള്ളത്.

(ഡി) സംസ്ഥാന വിഹിതമായി 225 കോടി രൂപയും കേന്ദ്ര വിഹിതമായി 75 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ഇ) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമാണ് ആർ.എസ്.ബി.വൈ-ചിസ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി. കേന്ദ്ര സർക്കാർ മെച്ചപ്പെട്ട പദ്ധതി ആസൂത്രണം ചെയ്യുന്ന മുറയ്ക്ക് സംസ്ഥാന സർക്കാരും അനുബന്ധമായ പരിഷ്കാരത്തോടെ പദ്ധതി മെച്ചപ്പെടുത്തി നടപ്പിലാക്കുന്നതായിരിക്കും.

## ആശ്രിത നിയമനപ്രകാരം വിജീഷിന് ജോലി

160 (5356) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ എലപ്പുള്ളി സി.എച്ച്.സി.-യിൽ നേഴ്സിംഗ് അസിസ്റ്റന്റ് ആയി ജോലി നോക്കവെ മരണപ്പെട്ട വിജയകൃഷ്ണന്റെ ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് ജി.ഒ. (Ms) No. 378/2013/ആ.കു.വ. തീയതി 5-9-2013 പ്രകാരം സർക്കാർ ഇറക്കിയ ഉത്തരവ് അനുസരിച്ച് എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ആശ്രിത നിയമനപ്രകാരം മകൻ വിജീഷിന് ജോലി ലഭിക്കുവാൻ ഉണ്ടാകുന്ന കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ആശ്രിത നിയമനത്തിനായി ജി.ഒ.(എം.എസ്.)നമ്പർ 249/2013/പൊ.ഭ.വ. തീയതി 02/09/2013 പ്രകാരം ആരോഗ്യ വകുപ്പിൽ 113 ക്ലർക്കുമാരുടെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകിയത് ക്രമീകരിക്കുന്നതിനുള്ള നടപടി പൂർത്തിയായ ശേഷം വരുന്ന ഒഴിവുകളിലേക്ക് നിലവിലെ നിയമങ്ങളുടെ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ ഉത്തരവ് ആയി, നിയമനം ലഭിക്കാത്ത ഉദ്യോഗാർത്ഥികളുടെ പട്ടികയിൽ ശ്രീ. വിജീഷിന്റെ ക്രമനമ്പർ 55 ആണ്. തദനുസൃതമായി മാത്രമേ നിയമനം നൽകാൻ സാധിക്കുകയുള്ളൂ.

## കിഡ്നി രോഗികൾക്ക് സാമ്പത്തിക സഹായം

161 (5357) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡയാലിസിസിന് വിധേയരാകുന്ന കിഡ്നി രോഗികൾക്ക് പ്രത്യേക സാമ്പത്തിക സഹായം നൽകുന്നതിന് 2016-17 വർഷത്തെ ബഡ്ജറ്റിൽ തുക ഉൾപ്പെടുത്തിയിരുന്നോ;

(ബി) എങ്കിൽ തുക എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ആരോഗ്യ വകുപ്പിന്റെ ശിപാർശ അനുസരിച്ച് അധിക തുക ബജറ്റിൽ ഉൾപ്പെടുത്തിയോ; എങ്കിൽ തുക എത്ര;

(ഡി) തുക എന്നത്തേക്ക് രോഗികൾക്ക് വിതരണം ചെയ്യാനാവുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉൾപ്പെടുത്തിയിരുന്നില്ല.

(ബി-ഡി) ബാധകമല്ല.

**ജില്ലാ-താലൂക്ക്-പ്രാഥമിക ആശുപത്രികളിലെ ഒപ്റ്റോമെറ്റ്റിസ്റ്റ് തസ്തിക**

162 (5358) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജില്ലാ-താലൂക്ക്-പ്രാഥമിക ആശുപത്രികളിലെ ഒപ്റ്റോമെറ്റ്റിസ്റ്റ് തസ്തികയുടെ അനുവദനീയമായ പോസ്റ്റ് എത്രയാണ്;

(ബി) പ്രസ്തുത പോസ്റ്റുകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; വിശദമാക്കാമോ;

(സി) എങ്കിൽ പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇല്ലെങ്കിൽ ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 349

(ബി) പതിനാറ്, വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ജില്ലാ, താലൂക്ക് തല ആശുപത്രികളിലും ബ്ലോക്ക് തല സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും സ്റ്റാഫ് പാറ്റേൺ അനുസരിച്ച് തസ്തിക സൃഷ്ടിക്കുന്നതിനായി ആരോഗ്യ വകുപ്പിൽ തയ്യാറാക്കി വരുന്ന സമാഹൃത പ്രൊപ്പോസലിൽ ടി തസ്തിക ഉൾപ്പെട്ടിട്ടുണ്ട്.

**മണലൂർ പി.എച്ച്.സി.-ക്ക് കേരള അക്രെഡിറ്റേഷൻ സ്റ്റാൻഡേർഡ്സ് ഫോർ ഹോസ്പിറ്റൽസ് പദവി**

163 (5359) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) മണലൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് കേരള അക്രെഡിറ്റേഷൻ സ്റ്റാൻഡേർഡ്സ് ഫോർ ഹോസ്പിറ്റൽസ്(KASH) എന്ന പദവി ലഭിച്ചിട്ടുണ്ടോ;

(ബി) തൃശ്ശൂർ ജില്ലയിൽ പ്രസ്തുത പദ്ധതി ലഭിച്ച മറ്റ് ആശുപത്രികൾ ഏതെല്ലാമാണ്;

(സി) മണലൂർ പി.എച്ച്.സി. യിൽ ഒ.പി. വിപുലീകരിക്കാനും ലാബ്, ജനറേറ്റർ എന്നിവ സ്ഥാപിക്കാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) മറ്റ് ആശുപത്രികൾക്ക് ലഭിച്ചിട്ടില്ല.

(സി) മണലൂർ പി.എച്ച്.സി.-യിൽ ദിവസേന 160-ഓളം ഒ.പി. ഉണ്ട്. ഒ.പി.-വിപുലീകരണത്തിന് ഗ്രാമപഞ്ചായത്തുമായി ചർച്ച ചെയ്ത് നപടികൾ സ്വീകരിക്കുന്നതിന് മെഡിക്കൽ ആഫീസറോട് നിർദ്ദേശിച്ചിട്ടുണ്ട്. എൻ.എച്ച്.എം.-സി.എച്ച്.പി. (സമഗ്ര ആരോഗ്യ പദ്ധതി) മുഖേന ലാബ് നവീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് ലഭ്യമായ വേൾഡ്ബാങ്ക് ഫണ്ട് ഉപയോഗപ്പെടുത്തി ജനറേറ്റർ, ലാബിലേക്ക് ഹീമറ്റോളജി അനലൈസർ, കമ്പ്യൂട്ടർ എന്നിവ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്.

**മഴക്കാല രോഗപ്രതിരോധ പ്രവർത്തനത്തിനായി നിയമിച്ച ജീവനക്കാർ**

164 (5360) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ മഴക്കാല രോഗ പ്രതിരോധ പ്രവർത്തനത്തിനായി 2012-ൽ നിയമിച്ച ജീവനക്കാർക്ക് കഴിഞ്ഞ 10 മാസമായി ശമ്പളം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. നടപടി സ്വീകരിച്ചുവരുന്നു.

**മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബ്**

165 (5361) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ അതോറിറ്റിയുടെ മൊബൈൽ ഫുഡ് ടെസ്റ്റിങ് ലാബിന്റെ പ്രവർത്തനം ഏത് രീതിയിലാണെന്നും, ഗുണനിലവാരമുള്ള ഭക്ഷണം ഉറപ്പുവരുത്താൻ പ്രസ്തുത ലാബ് എങ്ങനെ സഹായകരമാകുമെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ലാബിന്റെ സേവനം എല്ലാ ജില്ലകളിലും ലഭ്യമാണോ;

(സി) ഹോട്ടലുകളിൽ നിന്ന് പിടിച്ചെടുക്കുന്ന ഭക്ഷ്യ സാമ്പിളുകളുടെ പരിശോധന ഇതുവരെ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞിരുന്നോ; മൊബൈൽ ലാബിന്റെ വരവോടെ എന്ത് മാറ്റമാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ രണ്ടെണ്ണമാണ് ഈ സാമ്പത്തിക വർഷം പ്രവർത്തനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. അതിൽ ഒരു ലാബിന്റെ ഉദ്ഘാടനം 9-9-2016-ൽ നടന്നു. ഈ ലാബിൽ തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറിയിലെ ഉദ്യോഗസ്ഥന്മാരെ നിയമിച്ച് ലാബിന്റെ പ്രവർത്തം നടത്തുന്നതാണ്. ഈ ലാബുകൾ പ്രധാനമായും ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ചാണ് പ്രവർത്തനം നടത്തുന്നത്. ചെക്ക്പോസ്റ്റുകളിൽക്കൂടി കൊണ്ടുവരുന്ന പാൽ, എണ്ണ, മറ്റ് ആഹാര പദാർത്ഥങ്ങൾ എന്നിവ പരിശോധിച്ച് ഗുണനിലവാര മില്ലാത്തവയാണെങ്കിൽ ഉടൻതന്നെ തിരിച്ചയയ്ക്കുന്നതാണ്. ഇതുകൂടാതെ ഉത്സവമേഖലകളിൽ ലാബുകളുടെ പ്രവർത്തനം ഉപയോഗപ്പെടുത്താവുന്നതാണ്.

(ബി) ലഭ്യമല്ല.

(സി) എല്ലായ്പ്പോഴും സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ചില അവസരങ്ങളിൽ സാമ്പിളുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുമ്പോൾ സാമ്പിൾ പരിശോധന സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാറില്ല. മൊബൈൽ ലാബുകളുടെ വരവോടുകൂടി റീജിയണൽ ലാബുകളിൽ അയയ്ക്കേണ്ട സാമ്പിളുകളുടെ എണ്ണം കുറയ്ക്കുവാനും അതിന്റെ ഫലമായി ഭക്ഷണ സാധനങ്ങളുടെ പരിശോധന സമയബന്ധിതമായി പൂർത്തീകരിക്കാനും കഴിയുന്നതാണ്.

**എയ്ഡ്സ് രോഗികളുടെ പുനരധിവാസം**

166 (5362) <u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയ്ഡ്സ് രോഗികളുടെ എണ്ണത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടോ;കഴിഞ്ഞ അഞ്ചുവർഷത്തെ കണക്ക് വിശദമാക്കാമോ;

(ബി) രക്തദാനം വഴി എയ്ഡ്സ് രോഗം ബാധിച്ചവർ എത്ര പേരുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്;

(സി) എയ്ഡ്സ് രോഗികളെ പുനരധിവസിപ്പിക്കുവാൻ എന്ത് പദ്ധതിയാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്?

<u>ഉത്തരം</u>

(എ) ഇല്ല. സംസ്ഥാനത്തെ എച്ച്.ഐ.വി. ബാധിതരുടെ കഴിഞ്ഞ അഞ്ച് വർഷത്തെ കണക്ക് ചുവടെ ചേർക്കുന്നു:

| വർഷം | എച്ച്.ഐ.വി. ബാധിതരുടെ എണ്ണം |
|---|---|
| 2011 | 2160 |
| 2012 | 1909 |
| 2013 | 1740 |
| 2014 | 1750 |
| 2015 | 1494 |

(ബി) രക്തദാനം വഴി ഒരു വ്യക്തിക്കും എയ്ഡ്സ് രോഗം ബാധിച്ചതായി നാളിതുവരെ കണ്ടെത്തിയിട്ടില്ല.

(സി) കേരളത്തിലെ എച്ച്.ഐ.വി. അണുബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി സർക്കാരിന്റെ കീഴിൽ ഒരു സംവിധാനവും നിലവിലില്ല. ഇവർക്ക് സൗജന്യ ചികിത്സകളും മറ്റ് സാമൂഹ്യ സുരക്ഷാ പദ്ധതികളുമാണ് സർക്കാർ സൗജന്യമായി വിവിധ വകുപ്പുകളിലൂടെ നടപ്പിലാക്കിവരുന്നത്.

**ആരോഗ്യവകുപ്പിലെ താൽക്കാലിക ഡ്രൈവർമാർ**

167 (5363) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ 10 വർഷം സേവനം പൂർത്തിയാക്കിയ താല്ക്കാലിക ഡ്രൈവർമാരിൽ എത്രപേരെ ഇതുവരെ സ്ഥിരപ്പെടുത്തി നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 10 വർഷം പൂർത്തിയാക്കിയിട്ടും സ്ഥിര നിയമനം ലഭിക്കാത്ത എത്ര അപേക്ഷകർ ഉണ്ടെന്നും ഇവരെ എപ്പോൾ സ്ഥിരപ്പെടുത്തുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 13 പേരെ.

(ബി) ആറ്. ഇവരെ സ്ഥിരപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## മണലൂർ മണ്ഡലത്തിലെ അരിമ്പൂർ പ്രാഥമികാരോഗ്യ കേന്ദ്രം

168 (5364) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിടത്തി ചികിത്സയുള്ള അരിമ്പൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ രോഗികൾക്കുള്ള മരുന്ന് കൂടുതലായി സൂക്ഷിക്കേണ്ടി വരുന്നതിനാൽ മരുന്ന് സൂക്ഷിക്കുന്ന ഫാർമസി, എ.സി. ആക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിലെ കെട്ടിടത്തിന്റെ മേൽക്കൂരയിൽ നിന്നും ഓടിളകി വീണ് വാർഡിലുള്ള രോഗികൾക്ക് അപകടം സംഭവിക്കാതിരിക്കാനായി മേൽക്കൂരയ്ക്ക് താഴെ തട്ടടിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) മരുന്ന് സൂക്ഷിക്കുന്നതിനായി ഫാർമസി എ.സി. ആക്കുന്നതിനുള്ള പ്രൊപ്പോസൽ നാഷണൽ ഹെൽത്ത് മിഷൻ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നൽകി നടപടി സ്വീകരിക്കുന്നതിന് മെഡിക്കൽ ആഫീസർക്ക് ആരോഗ്യവകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) രോഗികൾ കിടക്കുന്ന വാർഡുകൾ തട്ടടിച്ച് സുരക്ഷിതമാക്കിയിട്ടുണ്ട്.

## കൃത്രിമ മുട്ടകളുടെയും മായം ചേർത്ത പാലിന്റെയും വിപണനം

169 (T*5365) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃത്രിമ മുട്ടകളുടെയും മായം ചേർത്ത പാലിന്റെയും വിപണനം വർദ്ധിച്ചുവരുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഗുണനിലവാരം ഇല്ലാത്തതും മായം ചേർത്തതും കൃത്രിമമായതുമായ പാൽ, മുട്ട എന്നിവയുടെ വിൽപ്പനയും ഇറക്കുമതിയും തടയുന്നതിന് സ്വീകരിച്ച സംവിധാനങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ വിപണിയിൽ ലഭ്യമായിട്ടുള്ളതും അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നതുൾപ്പെടെയുള്ള വിവിധ ബ്രാൻഡുകളിലുള്ള പാലിന്റെ സാമ്പിൾ പരിശോധനയ്ക്കെടുക്കുകയും അതിൽ നിശ്ചിത നിലവാരം ഇല്ലാതെ വിൽപ്പന നടത്തുന്നവർക്കെതിരെ ഭക്ഷ്യ സുരക്ഷാ വകുപ്പും ക്ഷീരവികസന വകുപ്പും

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

കർശന നടപടി സ്വീകരിച്ചിട്ടുണ്ട്. അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാലിന്റേത് ഉൾപ്പെടെയുള്ള സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ അനലിറ്റിക്കൽ ലാബിൽ പരിശോധന നടത്താറുണ്ട്. ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ പുതുതായി തുടങ്ങിയ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബിന്റെ സേവനം ചെക്ക്പോസ്റ്റുകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പരിശോധനയ്ക്കായി വിനിയോഗിക്കുന്നതാണ്. കൂടാതെ മറ്റൊരു മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ സേവനം കൂടി ഈ വർഷം ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ പരിശോധിക്കുന്നതിനായി നിരത്തിലിറക്കുന്നതാണ്. എന്നാൽ കൃത്രിമ പാലോ കൃത്രിമ മുട്ടകളോ കേരളത്തിൽ വിൽപ്പന നടത്തുന്നതായി കണ്ടെത്തിയിട്ടില്ല.

**കുറിച്ചി സി.എച്ച്.സി.-യിൽ ജീവനക്കാരുടെ കുറവ്**

170 (5366) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ കുറിച്ചി പഞ്ചായത്തിലെ സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ജീവനക്കാർ ഇല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സി.എച്ച്.സി. സചിവോത്തമപുരത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ആശുപത്രികളുടെ സ്റ്റാന്റൈഡസേഷനിൽ ബ്ലോക്കുതല കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉൾപ്പെടുത്തിയിട്ടുണ്ട്.

**മാൾട്ട പനി**

171 (5367) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജന്തുജന്യ രോഗമായ മാൾട്ട പനി സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) മാൾട്ട പനി ജനങ്ങളെ ബാധിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ജന്തുജന്യ രോഗമായ മാൾട്ട പനി തിരുവനന്തപുരം മെഡിക്കൽ കോളേജിൽനിന്ന് നാല് കേസ്സുകളും മലപ്പുറത്തുനിന്ന് 2014-ലും പാലക്കാട് നിന്ന് 2016-ലും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ആരോഗ്യ വകുപ്പും ബന്ധപ്പെട്ട ജില്ലാ ഭരണകൂടവും മൃഗസംരക്ഷണ വകുപ്പും സംയുക്തമായി ബോധവൽക്കരണ ക്ലാസ്സും സ്ക്രീനിംഗ് ക്യാമ്പുകളും നടത്തി പാലും പാലുൽപ്പന്നങ്ങളും ശരിയായ രീതിയിൽ അണുവിമുക്തമാക്കി ഉപയോഗിക്കാൻ അവബോധം നൽകി. രോഗം ബാധിച്ചുവെന്ന് സംശയിച്ച പശുക്കളെ മാറ്റി പാർപ്പിക്കാനും നിർദ്ദേശം നൽകി.

കൂടാതെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്ന സംസ്ഥാന സാംക്രമിക പ്രതിരോധ നിയന്ത്രണ സെല്ലിന്റെ കീഴിൽ 7 മെഡിക്കൽ കോളേജുകളിൽ പ്രവർത്തിച്ചുവരുന്ന റീജിയണൽ പി.ഇ.ഐ.ഡി. സെല്ലുകൾ വഴി മാൾട്ട പനിയുടെ രോഗലക്ഷണം, രോഗനിർണ്ണയം, വിദഗ്ദ്ധ ചികിത്സ, രോഗസംക്രമണം, രോഗനിയന്ത്രണം എന്നിവയിൽ ജനങ്ങൾക്ക് ആരോഗ്യ വിദ്യാഭ്യാസ ക്ലാസ്സുകൾ നൽകിവരുന്നു.

**കോഡൂരിനെ മലപ്പുറം ഹെൽത്ത് ബ്ലോക്കിലേക്ക് മാറ്റാൻ നടപടി**

172 (5368) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ കോഡൂർ പഞ്ചായത്ത് ഇപ്പോഴും മങ്കട ഹെൽത്ത് ബ്ലോക്കിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭരണപരമായ സൗകര്യത്തിന് കോഡൂരിനെ മലപ്പുറം ഹെൽത്ത് ബ്ലോക്കിലേക്ക് മാറ്റണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) മലപ്പുറം ബ്ലോക്ക് പരിധിയിൽപ്പെടുന്ന കോഡൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം നിലവിൽ മങ്കട ഹെൽത്ത് ബ്ലോക്കിന്റെ കീഴിലാണ് പ്രവർത്തിച്ചുവരുന്നത്. ഇത് ഭരണപരമായ ദൈനംദിന കാര്യങ്ങളുടെ മേൽനോട്ടം,

പദ്ധതി ആസൂത്രണം, ഫണ്ട് വിനിയോഗം എന്നിവ സംബന്ധിച്ച് പ്രയാസങ്ങൾ നേരിടുന്നതായി കോഡൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയും മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയും അറിയിച്ചിരുന്നു. ഈ പ്രയാസങ്ങൾ പരിഹരിക്കുന്നത് ആരോഗ്യ വകുപ്പിനും ഗുണകരമായതിനാൽ കോഡൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിനെ മങ്കട ഹെൽത്ത് ബ്ലോക്കിൽനിന്നും മലപ്പുറം ഹെൽത്ത് ബ്ലോക്കിലേക്ക് മാറ്റി നൽകാവുന്നതാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ കോഡൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ലീൻ മങ്കട ബ്ലോക്കിൽനിന്നും മാറ്റി മലപ്പുറം ബ്ലോക്കിന്റെ കീഴിലാക്കി പൊതുജനാരോഗ്യ പ്രവർത്തനങ്ങളുടെ ബ്ലോക്ക് കോ-ഓർഡിനേഷൻ പൂക്കോട്ടൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കീഴിലാക്കിയാൽ എല്ലാ തരത്തിലുമുള്ള പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് നൽകിയിരിക്കുന്നതായും ആയത് പരിശോധിച്ച് സർക്കാരിൽ സമർപ്പിക്കുന്ന താണെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

## താലൂക്ക് ആശുപത്രികളെ ജില്ലാ ആശുപത്രികളായി ഉയർത്തൽ

173 (5369) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. പി. വി. അൻവർ :
ശ്രീ. കെ. ബാബു :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ താലൂക്ക് ആശുപത്രികളെ ജില്ലാ ആശുപത്രികളായി ഉയർത്തി പ്രഖ്യാപിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം പ്രഖ്യാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; മാനദണ്ഡങ്ങൾ പാലിച്ചാണോ മുൻസർക്കാർ താലൂക്ക് ആശുപത്രികളെ ജില്ലാ ആശുപത്രികളായി പ്രഖ്യാപിച്ചതെന്ന് വിശദമാക്കുമോ;

(സി) ഇപ്രകാരം താലൂക്ക് ആശുപത്രികളെ ജില്ലാ ആശുപത്രികളായി ഉയർത്തിയെങ്കിലും അതിനനുസരിച്ചുള്ള തസ്തികകൾ അനുവദിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു പരിഹരിയ്ക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാർ താലൂക്ക് ആശുപത്രികളെ ജില്ലാ ആശുപത്രികളായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) പ്രഖ്യാപിച്ചിരുന്നു.

(ബി) പ്രസ്തുത ആശുപത്രികളിലെ ഒ.പി., ഐ.പി., ഭൗതിക സാഹചര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് ആശുപത്രികളെ ജില്ലാ ആശുപത്രികളായി ഉയർത്തിയത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ ആരോഗ്യ വകുപ്പിനുകീഴിലെ വിവിധ സ്ഥാപനങ്ങളെ ജില്ലാതലം, താലൂക്ക് തലം, ബ്ലോക്ക് തലം എന്ന രീതിയിൽ ക്രമീകരിക്കാനും സ്റ്റാഫ് പാറ്റേൺ അനുസരിച്ച് മതിയായ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനാവശ്യമായ സമാഹൃത പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ തയ്യാർ ചെയ്തുവരുന്നുണ്ട്. അതിൽ ഉൾപ്പെടുത്തി മേൽ ആശുപത്രികളിലും ആവശ്യത്തിന് തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഒരു ജില്ലയിൽ ഒരു ജില്ലാതല ആശുപത്രി, ഒരു താലൂക്കിൽ ഒരു താലൂക്കുതല ആശുപത്രി, ഒരു റവന്യൂ ബ്ലോക്കിൽ ഒരു സാമൂഹികാരോഗ്യ കേന്ദ്രം എന്നിങ്ങനെ സ്ഥാപനങ്ങളെ ഒരു നിശ്ചിത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ സൗകര്യങ്ങൾ ക്രമീകരിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## സ്വകാര്യ ആശുപത്രികളിലെ ചികിത്സാ നിരക്കുകൾ ഏകീകരിക്കുവാൻ നടപടി

174 (5370) <u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u> :
<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> :
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> :
<u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചികിത്സാരംഗത്ത് സ്വകാര്യമേഖലയുടെ പങ്കാളിത്തം എത്രത്തോളമുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(ബി) സ്വകാര്യ ആശുപത്രികളിലെ ചികിത്സാ നിരക്കുകൾ ഏകീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിലത് ഏതു വിധത്തിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) നിലവിൽ സ്വകാര്യ ചികിത്സാലയങ്ങളുടെ പ്രവർത്തനങ്ങൾ സർക്കാരിന്റെ നിയന്ത്രണത്തിലല്ല. എന്നാൽ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാസ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി. & റഗു.) ബിൽ 2016-ന് രൂപം നൽകിയിട്ടുണ്ട്. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമമാകുന്നതോടെ മാത്രമേ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ മേൽ സർക്കാരിന് നിയന്ത്രണം ഏർപ്പെടുത്താൻ കഴിയുകയുള്ളു.

**തൈക്കാട് പട്ടിണിപുരയ്ക്ക് സമീപമുള്ള പ്രൈമറി ഹെൽത്ത് സെന്റർ**

175 (5371) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിടത്തി ചികിത്സയ്ക്കായി പുതുക്കി പണിത ഗുരുവായൂർ മുനിസിപ്പാലിറ്റിയിൽപ്പെട്ട തൈക്കാട് പട്ടിണിപുരയ്ക്ക് സമീപമുള്ള പ്രൈമറി ഹെൽത്ത് സെന്ററിൽ കിടത്തി ചികിത്സയ്ക്കാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

തൈക്കാട് പ്രാഥമികാരോഗ്യകേന്ദ്രം, നിലവിൽ മിനി പ്രാഥമികാരോഗ്യ കേന്ദ്രമായിട്ടാണ് പ്രവർത്തിക്കുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രത്തിന് ഒരു ഏക്കറിൽ താഴെ സ്ഥലമാണുള്ളത്. പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരു പഴയ കെട്ടിടവും ഓഫീസ്, ഫാർമസി, സ്റ്റോർ, ഡോക്ടേഴ്സ് റൂം എന്നിവ പ്രവർത്തിക്കുന്ന പുതിയ ഒരു കെട്ടിടവുമാണുള്ളത്. 7 കിലോമീറ്റർ ചുറ്റളവിലുള്ള ചാവക്കാട് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലും 6 കിലോമീറ്റർ അകലെയായുള്ള ദേവസ്വം വക ആശുപത്രിയിലും കിടത്തി ചികിത്സ ലഭ്യമാണ്. ടി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സ തുടങ്ങുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ആലത്തൂർ നിയോജക മണ്ഡലത്തിലെ ആയുർവേദ ആശുപത്രികൾ**

176 (5372) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന ആയുർവേദ ആശുപത്രികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രികളിൽ സർക്കാർ ഉടമസ്ഥതയിലുള്ളത് എത്രയെന്നും എൻ.എച്ച്.എം. പദ്ധതിപ്രകാരം പ്രവർത്തിക്കുന്നത് ഏതൊക്കെയെന്നും വ്യക്തമാക്കാമോ;

(സി) സർക്കാർ ഉടമസ്ഥതയിലുള്ളവയിൽ ഡിസ്പെൻസറികൾ, ആശുപത്രികൾ എന്നിവ പ്രത്യേകം തരം തിരിച്ച് പറയാമോ?

ഉത്തരം

(എ-സി) ആലത്തൂർ നിയോജക മണ്ഡലത്തിൽ സർക്കാർ ഉടമസ്ഥതയിലോ എൻ.എച്ച്.എം. പദ്ധതി പ്രകാരമോ ആയുർവേദ ആശുപത്രികൾ നിലവിലില്ല. സർക്കാർ ഉടമസ്ഥതയിൽ ടി നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ആയുർവേദ ഡിസ്പെൻസറികളുടെ വിവരം ചുവടെ ചേർക്കുന്നു:

1. ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി, ആലത്തൂർ
2. ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി, എരിമയൂർ
3. ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി, കോരഞ്ചിറ
4. ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി, കുഴൽമന്ദം
5. ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി, മേലാർകോട്
6. ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി, വണ്ടാഴി
7. ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി, വിളയഞ്ചാത്തനൂർ.

**നേത്രരോഗ ശസ്ത്രക്രിയയ്ക്കുള്ള ഉപകരണങ്ങൾ**

177 (5373) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേത്രരോഗ ശസ്ത്രക്രിയയ്ക്കുള്ള ഉപകരണങ്ങൾ ഉണ്ടായിട്ടും പല ആശുപത്രികളിലും ഇത് പ്രയോജനപ്പെടുത്താതെ ഉപകരണങ്ങൾ നശിച്ചുപോകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇടുക്കി ജില്ലയിലെ വിവിധ സർക്കാർ ആശുപത്രികളിലായി എത്ര ഡോക്ടർമാരുടെ തസ്തികകളാണ് നേത്രരോഗ വിഭാഗത്തിൽ ഉള്ളത് എന്ന് വ്യക്തമാക്കാമോ; ഇതിൽ എത്ര തസ്തികകളിൽ ഡോക്ടർമാർ ജോലി ചെയ്യുന്നുണ്ട്; ഇവയിൽ ഏതൊക്കെ ആശുപത്രികളിൽ നേത്രരോഗ ശസ്ത്രക്രിയ ഉപകരണങ്ങൾ ഉണ്ടായിട്ടും പ്രയോജനപ്പെടുത്താത്തത് എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) സൗകര്യങ്ങൾ പ്രയോജനപ്പെടുത്താത്തതിനാൽ കാഴ്ച പരിശോധന കേന്ദ്രങ്ങൾ മാത്രമായി ആശുപത്രികൾ പരിമിതപ്പെട്ടു പോകുന്ന സാഹചര്യം പരിശോധിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇടുക്കി ജില്ലയിൽ ആരോഗ്യ വകുപ്പിനുകീഴിൽ 5 തസ്തികകളുണ്ട്. ഇതിൽ 4 തസ്തികകളിൽ നേത്രരോഗ വിദഗ്ദ്ധർ ജോലി ചെയ്യുന്നു. ഇടുക്കി ജില്ലാശുപത്രിയിൽ ഇപ്പോൾ തിയേറ്റർ ഉപയോഗിക്കാൻ പറ്റിയ അവസ്ഥയിൽ അല്ലാത്തതിനാൽ ശസ്ത്രക്രിയ നടക്കുന്നില്ല. ഉപയോഗയോഗ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഇടുക്കി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ 2 തസ്തികകളുണ്ട്. രണ്ടിലും ഡോക്ടർമാർ ജോലി ചെയ്യുന്നു. ഇവിടെ നേത്രരോഗ ശസ്ത്രക്രിയ ഉപകരണങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ശസ്ത്രക്രിയയ്ക്കുവേണ്ടി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**മാവേലിക്കര ജില്ലാശുപത്രിയിലെ ലബോറട്ടറിയുടെ പ്രവർത്തനം**

178 (5374) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിലെ ലബോറട്ടറിയുടെ പ്രവർത്തനം ശോചനീയമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ലബോറട്ടറി പൂർണ്ണമായി പ്രവർത്തനസജ്ജമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എല്ലാവിധ ടെസ്റ്റുകളും പ്രസ്തുത ലബോറട്ടറിയിൽ ചെയ്യുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പരിമിതമായ സ്ഥലലഭ്യതയും ലാബ് ടെക്നീഷ്യന്മാരുടെ കുറവും വർക്ക് ബഞ്ചുകളുടെയും റാക്കുകളുടെയും കുറവും പ്രത്യേക കളക്ഷൻ സോൺ ഇല്ലാത്തതും ഈ ലബോറട്ടറികളുടെ പരിമിതികളാണ്.

(ബി) ലബോറട്ടറി നവീകരണത്തിനുള്ള പ്രൊപ്പോസൽ ആശുപത്രി സൂപ്രണ്ട് മുഖേന ജില്ലാ പഞ്ചായത്തിന് സമർപ്പിക്കുകയും 2016-17 വാർഷിക പദ്ധതിയിൽ-പ്പെടുത്തി 10 ലക്ഷം രൂപയുടെ ഉപകരണങ്ങൾ വാങ്ങുന്നതിന് അനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉപകരണങ്ങൾ വാങ്ങുന്നതിലൂടെ ലബോറട്ടറിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ സാധിക്കും. സ.ഉ. എം.എസ്. നമ്പർ 192/16 തീയതി 7-10-2016 പ്രകാരം ജില്ലാ ആശുപത്രിയിൽ ഒരു ലാബ് ടെക്നീഷ്യൻ തസ്തിക അനുവദിച്ചിട്ടുണ്ട്.

## മെഡിക്കൽ കോളേജ് ആശുപത്രികളിൽ രോഗികൾക്കുണ്ടാകുന്ന അസൗകര്യങ്ങൾ

179 (5375) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ രോഗികൾക്കുണ്ടാകുന്ന അസൗകര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) അവ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുടെ അപര്യാപ്തത, ലാബ്, എക്സ്റേ തുടങ്ങിയ സംവിധാനങ്ങൾ രാത്രി കാലങ്ങളിൽ സേവനസജ്ജമല്ലാത്തത്, മരുന്നുകളുടെയും റേഡിയേഷൻ മെഷീൻ, സ്കാനിംഗ് മെഷീൻ, ഓപ്പറേഷനാവശ്യമായ സാമഗ്രികൾ എന്നിവയുടെ ലഭ്യതക്കുറവ്.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

## ഒറ്റപ്പാലം താലൂക്ക് ആശുപത്രി

180 (5376) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-7-2011 മുതൽ 31-3-2016 വരെ ഒറ്റപ്പാലം താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി നടത്തിയ പ്രവൃത്തികളും അതിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും വെളിപ്പെടുത്താമോ;

(ബി) 1-7-1996 മുതൽ 31-3-2011 വരെയുള്ള കാലയളവിലേക്ക് എത്ര തുക വികസനത്തിനായി ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ ഒറ്റപ്പാലം താലൂക്ക് ആശുപത്രിക്ക് എത്ര തുക അനുവദിച്ചു; എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്തി എന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) അനുബന്ധം ആയി ചേർത്തിട്ടുണ്ട്*.

(ബി) അനുബന്ധം ആയി ചേർത്തിട്ടുണ്ട്*.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം താലൂക്ക് ആശുപത്രിക്ക് വികസന പദ്ധതികളുമായി ബന്ധപ്പെട്ട് തുകയൊന്നും അനുവദിച്ചിട്ടില്ല. പ്രസ്തുത ആശുപത്രിയിൽ ഡയറ്റിന്റെ ആവശ്യത്തിനായി 3 ലക്ഷം രൂപ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽനിന്നും അനുവദിച്ചിട്ടുണ്ട്. വികസന പ്രവർത്തനങ്ങൾ മുനിസിപ്പാലിറ്റിയുടെ പ്രോജക്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കാനുള്ള ചർച്ചകൾ പുരോഗമിക്കുന്നു.

## കാസർഗോഡ് ജില്ലയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി

181 (5377) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി സ്ഥാപിക്കുന്ന വിഷയം പരിഗണനയിലുണ്ടോ;വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ആശുപത്രി സ്ഥാപിക്കുന്നതിനുള്ള നടപടി ഏതുഘട്ടത്തിലായെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ നിലവിലില്ലാത്ത ജില്ലകളിൽ അവ സ്ഥാപിക്കുന്നതാണെന്ന 2011-12, 2012-13 വർഷങ്ങളിലെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ കാഞ്ഞങ്ങാട് പുതിയ കോട്ടയിൽ ആരോഗ്യ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 3822/13/ആ.കു.വ. തീയതി 16-11-2013, സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 2644/15/ആ.കു.വ. തീയതി 17-8-2015 എന്നിവ പ്രകാരം യഥാക്രമം 360 ലക്ഷം രൂപയും 200 ലക്ഷം രൂപയും പ്രസ്തുത ആശുപത്രിയുടെ നിർമ്മാണത്തിനായി പി.ഡബ്ല്യു.ഡി.-ക്ക് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) കാഞ്ഞങ്ങാട് പുതിയ കോട്ടയിൽ ആരോഗ്യ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി തുടങ്ങുന്നതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി പഴയ ജില്ലാശുപത്രിയുടെ നാല്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനും ടി സ്ഥലത്ത് സ്ഥിതി ചെയ്യുന്ന മരങ്ങൾ ലേലം ചെയ്ത് ഒഴിവാക്കി സ്ഥലം പി.ഡബ്ല്യു.ഡി. കെട്ടിടവിഭാഗത്തിന് നൽകുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്. അതിൻപ്രകാരം മരങ്ങൾ മുറിച്ചുമാറ്റുന്നതിനാവശ്യമായ നടപടിക്രമങ്ങൾ പൂർത്തീകരിച്ചു. പഴയ കെട്ടിടങ്ങൾ പൊളിച്ച് നീക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ പൂർത്തിയായി വരുന്നു.

## കാസർഗോഡ് ജില്ലയിൽ ആരോഗ്യകുടുംബക്ഷേമ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ

182 (5378) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ആരോഗ്യകുടുംബക്ഷേമ വകുപ്പിന് കീഴിൽ എത്ര ഓഫീസുകൾ/സ്ഥാപനങ്ങൾ/ആശുപത്രികൾ/ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) എത്ര തസ്തികകൾ ഇതിനായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നും ,ഇതിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(സി) പുതുതായി സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് തസ്തിക തിരിച്ചും, വകുപ്പ് തിരിച്ചും വ്യക്തമാക്കാമോ;

(ഡി) തസ്തിക സൃഷ്ടിക്കാതെ ദിവസവേതന പ്രകാരവും കരാറടിസ്ഥാനത്തിലും എത്രപേർ ജോലി ചെയ്യുന്നുണ്ടെന്നും ഏതൊക്കെ തസ്തികയിലാണ് ഇവർ ജോലിചെയ്യുന്നതെന്നും വ്യക്തമാക്കാമോ;

(ഇ) കരാർ/ദിവസവേതനപ്രകാരം തുടർച്ചയായി ജോലിചെയ്തുവരുന്നവർ എത്രപേരുണ്ടെന്നും എത്ര വർഷങ്ങളായി ഇവർ ജോലി ചെയ്തുവരുന്നുവെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ അനുബന്ധം ആയി ചേർക്കുന്നു*.

(ബി) തസ്തികകൾ: 1797, ഇതിൽ 1570 സ്ഥിരം ജീവനക്കാർ ജോലി ചെയ്യുന്നു.

(സി) ആരോഗ്യ വകുപ്പിൽ പുതുതായി സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ 7 ഒഴിവുകളുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | |
|---|---|
| മെഡിക്കൽ ടെക്നീഷ്യൻ | -5 ഒഴിവ് |
| ഡെന്റൽ ഹൈജീനിസ്റ്റ് | -1 ഒഴിവ് |
| കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | -1 ഒഴിവ് |

(ഡി) ദിവസവേതന പ്രകാരവും കരാറടിസ്ഥാനത്തിലും ജോലി ചെയ്യുന്നവരുടെ വിവരം അനുബന്ധം ആയി ചേർക്കുന്നു*.

(ഇ) തുടർച്ചയായി 180 ദിവസത്തിൽ കൂടുതൽ ആരും തന്നെ കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നില്ല. രണ്ടോ മൂന്നോ ദിവസത്തെ ഇടവേളക്കുശേഷമാണ് ഇവർക്ക് പുനർനിയമനം നൽകുന്നത്. ടെക്നിക്കൽ യോഗ്യത ഉള്ളവരെ ലഭ്യമാകാത്ത സാഹചര്യമുണ്ടാകുന്നത് ഒഴിവാക്കുന്നതിനും പരിശീലനം ലഭിച്ചവരുടെ സേവനം പരമാവധി ഉപയോഗിച്ച് ആശുപത്രികളുടെ പ്രവർത്തനം സുഗമമാക്കുന്നതിനും വേണ്ടിയാണ് ഇപ്രകാരം നിയമനം നടത്തുന്നത്.

## നിലമ്പൂർ മണ്ഡലത്തിലെ ആശുപത്രികൾ

183 (5379) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിലെ ജില്ലാ ആശുപത്രി, പി.എച്ച്.സി., സി.എച്ച്.സി. ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ സ്റ്റാഫുകളുടെ കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒഴിവ് നികത്താൻ നടപടി സ്വീകരിക്കുമോ;

(ബി) നിലമ്പൂർ മണ്ഡലത്തിലെ മൂണ്ട പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഇപ്പോൾ കിടത്തി ചികിത്സ ഇല്ല എന്നതും രാത്രി തുറന്ന് പ്രവർത്തിക്കുന്നില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ കൗക്കാട് ആയുർവേദ ആശുപത്രിയുടെ ടെണ്ടർ നടപടി പൂർത്തിയായോ; ആവശ്യമായ തസ്തികകൾ ഉടനെ അനുവദിക്കുമോ; വിശദമാക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എടക്കര, വഴിക്കടവ്, മൂത്തേടം എന്നീ പി.എച്ച്.സി.കൾ, ചുങ്കത്തറ സി.എച്ച്.സി., നിലമ്പൂർ ജില്ലാ ആശുപത്രി എന്നിവയാണ് നിലമ്പൂർ മണ്ഡലത്തിലെ ആശുപത്രികൾ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഇവയിൽ പി.എച്ച്.സി. എടക്കര, സി.എച്ച്.സി. ചുങ്കത്തറ എന്നിവയിൽ ഒഴിവുകൾ നിലവിലില്ല. പി.എച്ച്.സി. വഴിക്കടവ് (മുണ്ട)-ൽ ലാബ് ടെക്നീഷ്യൻ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I, ഹോസ്പിറ്റൽ അറ്റൻഡന്റ് എന്നീ ഒഴിവുകളും പി.എച്ച്.സി. മൂത്തേടത്തിൽ ഹെൽത്ത് ഇൻസ്പെക്ടറുടെ ഒഴിവും നിലവിലുണ്ട്. ജില്ലാ ആശുപത്രിയിൽ ഡോക്ടർമാരുടെ 5 ഒഴിവുകൾ നിലവിലുണ്ട്. കൂടാതെ ഫാർമസിസ്റ്റ്-1, ലാബ് ടെക്നീഷ്യൻ-1, മെഡിക്കൽ റെക്കോഡ്സ് ലൈബ്രേറിയൻ-1, ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II-15 എന്നീ ഒഴിവുകളും നിലവിലുണ്ട്.

ആയതിൽ സി.എം.ഒ. തസ്തികയിലെ ഒഴിവ് പുതുതായി പി.എസ്.സി. അഡ്വൈസ് ചെയ്യുന്ന മുറയ്ക്കും കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ പ്രൊമോഷൻ മുഖേനയും ജൂനിയർ കൺസൾട്ടന്റ് അനസ്തേഷ്യ ഒഴിവ് സ്പെഷ്യാലിറ്റി യോഗ്യതയുള്ള ഡോക്ടർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ചും നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. മറ്റ് ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(ബി) വഴിക്കടവ് (മുണ്ട) പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിലവിൽ കിടത്തി ചികിത്സാസൗകര്യം ലഭ്യമാണ്. 1-9-2016 മുതൽ 18-10-2016 വരെ ഡോക്ടറുടെയും സ്റ്റാഫിന്റെയും അഭാവംമൂലം കിടത്തി ചികിത്സാ സൗകര്യം തടസ്സപ്പെട്ടിരുന്നു വെങ്കിലും 19-10-2016 മുതൽ ജീവനക്കാരുടെ സേവനം ലഭ്യമായതിനെത്തുടർന്ന് കിടത്തി ചികിത്സാസൗകര്യം പുനരാരംഭിച്ചിട്ടുണ്ട്. ഐ.പി. വിഭാഗം പ്രവർത്തിക്കുന്നതിനാൽ രാത്രി സമയത്ത് ആശുപത്രിയെ ആശ്രയിക്കുന്ന രോഗികൾക്കും ചികിത്സാ സഹായം ലഭ്യമാകുന്നു.

(സി) 18-7-2016-ലെ സ.ഉ. (സാധാ.) നമ്പർ 343/16/ആ.കു.വ. പ്രകാരം എടക്കര ഗ്രാമപഞ്ചായത്തിലെ കക്കാട് ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ അതിലേക്ക് അധിക തസ്തികകൾ അനുവദനീയമല്ലാത്തതാണെന്ന് മേൽ ഉത്തരവിൽത്തന്നെ വ്യക്തമാക്കിയിട്ടുണ്ട്.

**മെഡിക്കൽ കോളേജിൽ പുതിയ റേഡിയേഷൻ മെഷീനുകൾ സ്ഥാപിക്കുവാൻ നടപടി**

184 (5380) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ക്യാൻസർ രോഗികളെ ചികിത്സിക്കാനുപയോഗിക്കുന്ന റേഡിയേഷൻ മെഷീനുകൾ കാലഹരണപ്പെട്ടതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ആരോഗ്യവകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് സത്വര നടപടി സ്വീകരിക്കുമോ;

(സി) ഓരോ മെഡിക്കൽ കോളേജിലും രോഗികളുടെ എണ്ണത്തിന് ആനുപാതികമായി മെഷീനുകൾ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പുതിയ മെഷീനുകൾ അടിയന്തരമായി സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ചില റേഡിയേഷൻ മെഷീനുകൾ കാലഹരണപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) കോട്ടയം, ആലപ്പുഴ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ കാൻസർ ചികിത്സയ്ക്കാവശ്യമായ ലീനിയർ ആക്സിലറേറ്റർ സ്ഥാപിച്ചിട്ടുണ്ട്. മറ്റ് മെഡിക്കൽ കോളേജുകളിലും ലീനിയർ ആക്സിലറേറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

## കാറ്ററിംഗ് യൂണിറ്റുകളുടെ പ്രവർത്തനം

185 (5381) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാറ്ററിംഗ് യൂണിറ്റുകൾ നൽകുന്ന കുടിവെള്ള പാക്കറ്റുകൾ (300 ml) ശുദ്ധീകരിക്കാത്ത വെള്ളമാണെന്ന പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സംസ്ഥാനത്ത് കാറ്ററിംഗ് യൂണിറ്റുകൾ നല്കുന്ന ആഹാരസാധനങ്ങൾ പരിശോധിക്കുന്ന സംവിധാനങ്ങളെക്കുറിച്ച് വിശദമാക്കുമോ; പലപ്പോഴും വൃത്തിഹീനമായ അന്തരീക്ഷത്തിലാണ് ഇത്തരം ഭക്ഷണങ്ങൾ തയ്യാറാക്കുന്നതെന്ന പരാതി ലഭിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) കാറ്ററിംഗ് യൂണിറ്റുകൾക്ക് പ്രവർത്തിക്കാനുള്ള ലൈസൻസ് നൽകുന്നത് ആരാണ്; കേരളത്തിൽ എത്ര കാറ്ററിംഗ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്എന്ന വിവരം ലഭ്യമാണോ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) കാറ്ററിംഗ് യൂണിറ്റുകൾ പരിശോധിക്കുന്ന സംവിധാനത്തെക്കുറിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. പരാതികൾ ലഭ്യമാകുന്ന മുറയ്ക്ക് കുടിവെള്ള പാക്കറ്റുകളുടെ സാമ്പിളുകൾ ഫുഡ്സേഫ്റ്റി ഓഫീസർമാർ ശേഖരിച്ച് പരിശോധനയ്ക്ക് അയച്ച് ഗുണനിലവാരമില്ലാത്തവയാണെന്ന് കണ്ടെത്തിയാൽ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) കാറ്ററിംഗ് യൂണിറ്റുകൾ പരിശോധിച്ച് ശുചിത്വമില്ലെന്ന് കണ്ടെത്തിയാൽ നോട്ടീസ് നൽകുകയോ പിഴയീടാക്കുകയോ ചെയ്യാറുണ്ട്. കാറ്ററിംഗ് യൂണിറ്റുകൾ പരിശോധിക്കുന്നതിന് പ്രത്യേക സ്ക്വാഡുകൾ രൂപീകരിക്കാറുണ്ട്. ഗുരുതരമായ സാഹചര്യങ്ങൾ കണ്ടെത്തിയാൽ അത്തരം കാറ്ററിംഗ് യൂണിറ്റുകളുടെ ലൈസൻസ് റദ്ദാക്കുകയും ചെയ്യാറുണ്ട്.

(സി) കാറ്ററിംഗ് യൂണിറ്റുകൾക്ക് ലൈസൻസ് നൽകുന്നത് അസിസ്റ്റന്റ് ഫുഡ്സേഫ്റ്റി കമ്മീഷണർമാരാണ്. കേരളത്തിലാകെ 2037 കാറ്ററിംഗ് യൂണിറ്റുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു:

| ജില്ല | കാറ്ററിംഗ് യൂണിറ്റുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 236 |
| കൊല്ലം | 298 |
| പത്തനംതിട്ട | 53 |
| ആലപ്പുഴ | 126 |
| കോട്ടയം | 65 |
| ഇടുക്കി | 55 |
| എറണാകുളം | 926 |
| തൃശ്ശൂർ | 44 |
| പാലക്കാട് | 59 |
| മലപ്പുറം | 83 |
| കോഴിക്കോട് | 69 |
| വയനാട് | 3 |
| കണ്ണൂർ | 17 |
| കാസർഗോഡ് | 3 |

(ഡി) ജില്ലകളിൽ പ്രവർത്തിക്കുന്ന കാറ്ററിംഗ് യൂണിറ്റുകൾ ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് നിരന്തര പരിശോധന നടത്തിവരുന്നു. കാറ്ററിംഗ് യൂണിറ്റുകളുടെ ഭക്ഷണസാധനങ്ങൾ പാചകം ചെയ്യുന്ന സ്ഥലം പരിശോധിച്ച് നിയമാനുസൃതമാണെന്ന് ഉറപ്പുവരുത്താറുണ്ട്. പാചകത്തിൽ ഏർപ്പെടുത്തുന്ന തൊഴിലാളികൾക്ക് അസുഖങ്ങൾ ഇല്ലായെന്നുള്ള ഡോക്ടറുടെ സാക്ഷ്യപത്രം സ്ഥാപനത്തിൽ ഉണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുന്നു. പാചകത്തിന് ഉപയോഗിക്കുന്ന വെള്ളം സുരക്ഷിതമാണെന്ന ലാബ് റിപ്പോർട്ട് സ്ഥാപനത്തിലുണ്ടെന്ന് ഉറപ്പുവരുത്തുന്നു. കാറ്ററിംഗ് യൂണിറ്റുകളിൽ ഭക്ഷ്യയോഗ്യമല്ലാത്ത ഭക്ഷണം കണ്ടെത്തിയാൽ അവ അവിടെ വച്ചുതന്നെ നശിപ്പിക്കുന്നു. കൂടാതെ നോട്ടീസ് നൽകി പിഴ ഈടാക്കുന്നു. ഗുരുതരമായ സാഹചര്യമുണ്ടെങ്കിൽ കാറ്ററിംഗ് യൂണിറ്റിന്റെ ലൈസൻസ് റദ്ദ് ചെയ്യാറുമുണ്ട്.

**നിരാലംബരായ രോഗികൾക്കായുള്ള ആശ്വാസനടപടികൾ**

186 (5382) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ഡോ. എം. കെ. മുനീർ :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുതര രോഗം ബാധിച്ചവർക്കും നിരാലംബരായ വൃദ്ധജനങ്ങൾക്കും ആശ്വാസം നല്കുന്നതിന് ആരോഗ്യ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കുമോ;

(ബി) സഹായികളില്ലാത്ത അവശരായ രോഗികൾക്കും നിരാലംബരായ വൃദ്ധജനങ്ങൾക്കും സർക്കാർ ആശുപത്രികളിൽ കിടത്തി ചികിത്സ നല്കുന്നതിൽ വിമുഖത കാട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ പരിഹാര നടപടികൾ സ്വീകരിക്കുമോ;

(സി) ഒറ്റയ്ക്ക് വീടുകളിൽ കഴിയുന്ന രോഗികൾക്ക് അടുത്ത ആശുപത്രികളിലെത്തി ചികിത്സ തേടാൻ വാഹന സൗകര്യമുൾപ്പെടെയുള്ളവ ഏർപ്പെടുത്താൻ പാലിയേറ്റീവ് സേവന വിഭാഗത്തെ സജ്ജമാക്കുമോ?

<u>ഉത്തരം</u>

(എ) ഗുരുതര രോഗം ബാധിച്ചവർക്കും നിരാലംബരായ വൃദ്ധജനങ്ങൾക്കും സംസ്ഥാന ആരോഗ്യ വകുപ്പ് വയോജന ആരോഗ്യ പദ്ധതിയിലൂടെയും സാന്ത്വന ചികിത്സാ പദ്ധതിയിലൂടെയും വിവിധതരം സേവനങ്ങൾ നൽകിവരുന്നു.

ആശുപത്രികളിൽ ജറിയാട്രിക് വാർഡുകളും ജറിയാട്രിക് ക്ലിനിക്കുകളും വയോജന സൗഹൃദ ശൗചാലയങ്ങളും സജ്ജീകരിച്ചിരിക്കുന്നത് ഈ ഉദ്ദേശ്യത്തോടെയാണ്. സാന്ത്വന ചികിത്സാ പദ്ധതി വഴി ശയ്യാവലംബരായ രോഗികൾക്ക് ഭവന സന്ദർശനത്തിലൂടെ ആരോഗ്യ പരിചരണം നൽകിവരുന്നു. ദേശീയ ആരോഗ്യ മിഷന്റെ സഹകരണത്തോടുകൂടി സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും ഗുരുതര രോഗം ബാധിച്ചവർക്കായി സെക്കന്ററി കെയർ സാന്ത്വന ചികിത്സ നൽകി വരുന്നുണ്ട്.

(ബി) എല്ലാ സർക്കാർ ജനറൽ ആശുപത്രികളിലും വയോജന വാർഡുകളും വയോജന ക്ലിനിക്കുകളും സജ്ജീകരിക്കുന്നതിന് ആരോഗ്യ വകുപ്പിൽനിന്നും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാന്ത്വന ചികിത്സ മാത്രം വേണ്ടിവരുന്നവർക്കായി പാലിയേറ്റീവ് കെയർ വാർഡുകളും കൂട്ടിരിപ്പുകാരില്ലാത്ത നിരാലംബരായ വൃദ്ധജനങ്ങൾക്കായി സബ്സ്റ്റിറ്റ്യൂട്ട് വാർഡുകളും മിക്ക ആശുപത്രികളിലും സജ്ജീകരിച്ചിട്ടുണ്ട്. നിരാലംബരായ രോഗികളെ ആശുപത്രികളിൽ പ്രവേശിപ്പിക്കുന്നില്ല എന്ന വാർത്ത ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരാതികൾ ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ പരിഹാര നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഗ്രാമപഞ്ചായത്തുകളിലുള്ള പ്രൈമറി കെയർ സാന്ത്വന ചികിത്സ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് നൽകിവരുന്നത്.

### പുകവലിയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് അവബോധം

187 (5383) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുകവലിയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്കിടയിൽ അവബോധം നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം?

ഉത്തരം

സിഗരറ്റ് & അദർ ടുബാക്കോ പ്രോഡക്ട്സ് ആക്ട് (കോട്പ) നിയമത്തിന്റെ ചുവടുപിടിച്ച് വിദ്യാലയങ്ങളുടെ 100 വാര ചുറ്റളവിൽ പുകയില ഉൽപ്പന്നങ്ങൾ വിൽക്കുന്നത് കർശനമായി നിരോധിച്ചിട്ടുണ്ട്. സ്കൂളുകളും പരിസരങ്ങളും പുകയില വിമുക്തമായി പ്രഖ്യാപിക്കുകയും ഇത് ഉറപ്പാക്കുന്നതിനായി ആരോഗ്യ വകുപ്പും വിദ്യാഭ്യാസ വകുപ്പും കർശന ജാഗ്രത പുലർത്തുകയും ചെയ്യുന്നുണ്ട്. 18 വയസ്സിൽ താഴെയുള്ളവർ പുകയില ഉൽപ്പന്നങ്ങൾ വിൽക്കുന്നതും ഈ പ്രായക്കാർ പുകയില കൈവശം വയ്ക്കുന്നതും നിയമപ്രകാരം നിരോധിച്ചിട്ടുണ്ട്. സിഗരറ്റ് വിൽപ്പന

കേന്ദ്രങ്ങളിൽ 18 വയസ്സിന് താഴെയുള്ളവർക്ക് പുകയില ഉൽപ്പന്നങ്ങൾ വിൽക്കില്ല എന്ന സചിത്ര മുന്നറിയിപ്പ് ബോർഡുകളും നിർബന്ധമാക്കിയിട്ടുണ്ട്. ഇതിനുപുറമേ വിദ്യാർത്ഥികൾക്കായി ബോധവൽക്കരണ സെമിനാറുകൾ, എക്സിബിഷനുകൾ, മത്സരങ്ങൾ, കൂട്ടനടത്തം തുടങ്ങിയ പദ്ധതികളും എല്ലാ സാമ്പത്തിക വർഷവും നടപ്പിലാക്കി വരുന്നു. ആരോഗ്യ വകുപ്പ് നേരിട്ടും ആഭ്യന്തര വകുപ്പുമായി ചേർന്നും വിദ്യാലയങ്ങളിലും പരിസര പ്രദേശങ്ങളിലും റെയ്ഡുകൾ നടത്തുകയും അനധികൃത പുകയില ഉൽപ്പന്നങ്ങൾ പിടിച്ചെടുക്കുകയും കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**സർക്കാർ ആശുപത്രികളിൽ നേത്ര പരിശോധകരുടെ കുറവ്**

188 (5384) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജില്ല, താലൂക്ക് ആശുപത്രികളിലും സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും നേത്ര പരിശോധകരുടെ (Optometrist) കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) സർക്കാർ ആശുപത്രികളിൽ എത്ര നേത്ര പരിശോധകരുടെ തസ്തികകൾ ഒഴിവുണ്ട്; ഇത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സ്വീകരിക്കുന്നതാണ്. ജില്ലാ താലൂക്ക് തല ആശുപത്രികളിലും ബ്ലോക്ക് തല സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും സ്റ്റാഫ് പാറ്റേൺ അനുസരിച്ച് തസ്തിക സൃഷ്ടിക്കുന്നതിനായി ആരോഗ്യ വകുപ്പിൽ തയ്യാറാക്കി വരുന്ന സമാഹൃത പ്രൊപ്പോസലിൽ ടി തസ്തിക ഉൾപ്പെട്ടിട്ടുണ്ട്.

(സി) ആരോഗ്യ വകുപ്പിന് കീഴിൽ പതിനാറും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ 2-ഉം ഒഴിവുകൾ നിലവിലുണ്ട്. ആരോഗ്യ വകുപ്പിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ഒഫ്ത്താൽമിക് അസിസ്റ്റന്റിന്റെ 9 ഒഴിവുകൾ (പട്ടികജാതി-7, പട്ടികവർഗ്ഗം-2) സൂപ്പർ ന്യൂമററിയായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ആരോഗ്യ കിരണം പദ്ധതി**

189 (5385) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ 'ആരോഗ്യകിരണം' പദ്ധതിയിലൂടെ നാളിതുവരെ എത്രപേർക്ക് ചികിത്സാ സഹായം നൽകാൻ കഴിഞ്ഞിട്ടുണ്ട്; ഇതിലേക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(ബി) ഈ പദ്ധതി നിർത്തലാക്കുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആരോഗ്യ കിരണം പദ്ധതിയിലൂടെ നാളിതുവരെ 1,86,95,021 കുട്ടികൾക്ക് (18 വയസ്സിനു താഴെയുള്ള) ചികിത്സാ സഹായം നൽകാൻ കഴിഞ്ഞിട്ടുണ്ട്. ഇതിലേക്കായി 16,99,52,298 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതി നിർത്തലാക്കുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വയനാട്ടിൽ ആരംഭിക്കുന്ന ശ്രീചിത്ര ആശുപത്രി**

190 (5386) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരും സംസ്ഥാനസർക്കാരും ചേർന്ന് വയനാട്ടിൽ ആരംഭിക്കുന്ന ശ്രീചിത്ര ആശുപത്രിയുടെ നിർമ്മാണപ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ വർഷത്തെ ബഡ്ജറ്റിൽ ഇക്കാര്യത്തിനായി തുക വകയിരിത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ശ്രീചിത്ര ആശുപത്രിയുടെ ഒരു സബ് സെന്റർ, സി.എച്ച്.സി. നിലവാരത്തിൽ അതായത് 10 Bedded Hospital-നുവേണ്ട പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്. നബാർഡ് RIDF-XXI-ൽ ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് (ആർ.റ്റി.) 489/16/ആ.കു.വ. തീയതി 15-2-2016 പ്രകാരം 250 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം ഉപധനാഭ്യർത്ഥനയിലൂടെ ഈ സ്ഥാപനത്തിന് വേണ്ടി 1,90,21,000 രൂപ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ ശീർഷകത്തിൽ വകയിരുത്തി തുക വയനാട് ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്.

(ബി) 2016-17 സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.

**നിർദ്ധനരായ കാൻസർ രോഗികൾക്ക് സൗജന്യ ചികിത്സ**

191 (5387) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർദ്ധനരായ കാൻസർ രോഗികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ ഈ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് സൗജന്യ ചികിത്സ ഉറപ്പാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിന്റെ കാൻസർ രജിസ്ട്രി പ്രകാരമുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രതിവർഷം 50,000 പുതിയ രോഗികൾ രജിസ്റ്റർ ചെയ്യപ്പെടുന്നതായും ഇരുപതിനായിരം മരണങ്ങൾ സംഭവിക്കുന്നതായും ആർ.സി.സി.-യിൽനിന്നുള്ള കണക്കുകൾ സൂചിപ്പിക്കുന്നു.

(ബി) കാൻസർ ചികിത്സ ദൈർഘ്യമേറിയതും ഏറെ സാമ്പത്തിക ഭാരം ഉണ്ടാക്കുന്നതുമാണ്. നിർദ്ധനരായ രോഗികൾക്ക് ഈ ചികിത്സ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. ആർ.എസ്.ബി.വൈ./ചിസ്സ് പ്ലസ്-ബി.പി.എൽ. രോഗികൾക്ക് 70,000 രൂപ വരെ ധനസഹായം

2. കാരുണ്യ ബെനവലന്റ് ഫണ്ട് 2,00,000 രൂപ വരെ ധനസഹായം

3. ആർ.ബി.എസ്.കെ./ആരോഗ്യ കിരണം-18 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ

4. സാമൂഹ്യ നീതി വകുപ്പിന്റെ താലോലം പദ്ധതി

5. എസ്.എം.എ.പി.-ആരോഗ്യ വകുപ്പിൽനിന്ന് 50,000 രൂപ വരെ ധനസഹായം

6. സുകൃതം-ബി.പി.എൽ. രോഗികൾക്ക് സർക്കാർ അർബുദ ചികിത്സാലയങ്ങളിൽ സൗജന്യ ചികിത്സ

7. മലപ്പുറം ജില്ലയിൽ നിർദ്ധനരായ കാൻസർ രോഗികൾക്കായി ഹോമിയോ വകുപ്പിൻകീഴിൽ ചേതന എന്ന പേരിൽ സൗജന്യ കിടത്തി ചികിത്സാ സൗകര്യത്തോടുകൂടി പെയിൻ & പാലിയേറ്റീവ് കെയർ സെന്റർ

8. സർക്കാർ സഹായ പദ്ധതികളൊന്നും ലഭിക്കാത്ത സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികൾക്ക് മലബാർ കാൻസർ സെന്ററിന്റെ പേഷ്യന്റ് വെൽഫെയർ ഫണ്ടിൽനിന്നും സൗജന്യ ചികിത്സ നൽകി വരുന്നു.

**ആശ്രിതനിയമനം കാത്തിരിക്കുന്നവർ**

192 (5388) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ആശ്രിത നിയമനം വഴി ജോലി ലഭിക്കേണ്ടവരുടെ പേരും മേൽവിലാസവും, തസ്തികയും സീനിയോരിറ്റിയും തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഏത് തീയതി വരെയുള്ളവർക്കാണ് നിലവിൽ നിയമനം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ആശ്രിതനിയമനം വഴി ജോലി ലഭിക്കുവാൻ അർഹരായവർ വർഷങ്ങളോളം കാത്തിരിക്കേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി സൂപ്പർന്യൂമററി തസ്തിക സൃഷ്ടിക്കുന്നത് ഉൾപ്പെടെയുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആരോഗ്യ വകുപ്പിൽ ആശ്രിത നിയമനം വഴി ജോലി ലഭിക്കേണ്ടവരുടെ വിവരം അനുബന്ധം* ആയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ജോലി ലഭിക്കേണ്ടവരുടെ വിവരം അനുബന്ധം* ആയും ചേർത്തിരിക്കുന്നു.

(ബി) 7-1-2013-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 04/2013/ആ.കു.വ. പ്രകാരം ഉത്തരവായതും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 28-4-2014-ലെ നടപടിക്രമം നമ്പർ ഇ.ഡി.1-37617/2014/ആ.വ.ഡ. പ്രകാരം ക്ലർക്കായി ആശ്രിത നിയമനം ലഭിച്ചത് ശ്രീ. അനു ഇ.യ്ക്കാണ്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 27-6-2014-ലെ അപേക്ഷകനാണ് അവസാനമായി ആശ്രിതനിയമനം നൽകിയിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ആശ്രിത നിയമനം നൽകുന്നതിനായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കാൻ പാടില്ലെന്ന് WP(C) No. 33621/2015, 5960/2016 കേസ്സുകൾ പരിഗണിക്കവേ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 25-2-2016-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## ചെട്ടികുളങ്ങര പ്രാഥമികാരോഗ്യ കേന്ദ്രം

193 (5389) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെട്ടികുളങ്ങര ക്ഷേത്രത്തിന്റെയും, കായകുളം തിരുവല്ല സംസ്ഥാന പാതയുടേയും സമീപത്ത് സ്ഥിതിചെയ്യുന്ന ചെട്ടികുളങ്ങര പ്രാഥമികാരോഗ്യ കേന്ദ്രത്തിനെ എല്ലാ സൗകര്യങ്ങളോടും കൂടിയ സാമൂഹികാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

കുറത്തിക്കാട് ബ്ലോക്കിൽ കുറത്തിക്കാട് സാമൂഹികാരോഗ്യ കേന്ദ്രത്തിന് കീഴിലാണ് ചെട്ടികുളങ്ങര പ്രാഥമികാരോഗ്യ കേന്ദ്രം സ്ഥിതി ചെയ്യുന്നത്. ടി ബ്ലോക്കിനുകീഴിൽ ചെട്ടികുളങ്ങര കൂടാതെ ചെന്നിത്തല പ്രാഥമികാരോഗ്യ കേന്ദ്രം, തഴക്കര പ്രാഥമികാരോഗ്യ കേന്ദ്രം എന്നീ ആരോഗ്യ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. ചെട്ടികുളങ്ങര പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്ന് ഏകദേശം 6 കിലോ മീറ്റർ തെക്ക് മാറി കായംകുളം താലൂക്കാശുപത്രിയും ഏകദേശം 5 കിലോമീറ്റർ വടക്കുമാറി മാവേലിക്കര ജില്ലാ ആശുപത്രിയും പ്രവർത്തിച്ചുവരുന്നു. ടി ആശുപത്രികളിൽ എല്ലാ വിഭാഗങ്ങളും 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നുണ്ട്. സ്റ്റാൻഡേർഡൈസേഷന്റെ ഭാഗമായി ഒരു റവന്യൂ ബ്ലോക്കിൽ ഒരു സാമൂഹികാരോഗ്യ കേന്ദ്രത്തിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്താനും ക്രമീകരിക്കാനുമാണ് നടപടി സ്വീകരിച്ചുവരുന്നത്. കൂടുതൽ സ്ഥാപനങ്ങളുടെ പദവി ഉയർത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## സിക്കിൾസെൽ അനീമിയ, ഹീമോഫീലിയ എന്നീ രോഗങ്ങൾ ബാധിച്ച ആദിവാസി-ഗോത്രവർഗ്ഗ ജനവിഭാഗങ്ങൾ

194 (5390) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിക്കിൾസെൽ അനീമിയ, ഹീമോഫീലിയ എന്നീ രോഗങ്ങൾ ബാധിച്ച ആദിവാസി-ഗോത്രവർഗ്ഗ ജനവിഭാഗങ്ങൾക്ക് മരുന്നും മറ്റ് ജീവനോപാധികളും വാങ്ങുന്നതിന് പ്രതിമാസം ധനസഹായം അനുവദിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്നു മുതലാണ് ധനസഹായം അനുവദിച്ച് തുടങ്ങിയതെന്നും പ്രസ്തുത പദ്ധതിപ്രകാരം എത്ര പേർക്ക് ധനസഹായം അനുവദിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) ഏറനാട് മണ്ഡലത്തിൽ നിന്നും എത്ര പേർക്ക് നാളിതുവരെയായി ധനസഹായം അനുവദിച്ച് നല്കിയിട്ടുണ്ട്;

(ഡി) എത്ര മാസത്തെ ധനസഹായം കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഹീമോഫീലിയ രോഗബാധിതർക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷനും ആദിവാസി വിഭാഗങ്ങളിലെ സിക്കിൾസെൽ അനീമിയ രോഗബാധിതർക്ക് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പും മറ്റ് പൊതുവിഭാഗത്തിന് കേരള സാമൂഹ്യ സുരക്ഷാ മിഷനും ധനസഹായം അനുവദിക്കുന്നു. കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഹീമോഫീലിയ രോഗബാധിതർക്ക് 1000/- രൂപയും പൊതുവിഭാഗത്തിലെ സിക്കിൾസെൽ അനീമിയ ബാധിതർക്ക് 2000/-രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് ആദിവാസി വിഭാഗങ്ങളിലെ സിക്കിൾ സെൽ അനീമിയ ബാധിതർക്ക് പ്രതിമാസം 2000 രൂപയും അനുവദിക്കുന്നു.

(ബി) ഹീമോഫീലിയ രോഗബാധിതർക്ക് 2014 മുതലും സിക്കിൾ സെൽ അനീമിയ രോഗബാധിതർക്ക് (ആദിവാസി വിഭാഗം) 2012 മുതലും ധനസഹായം അനുവദിക്കുന്നു. 1138 ഹീമോഫീലിയ രോഗബാധിതർക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷൻ ധനസഹായം അനുവദിച്ചുവരുന്നു. സിക്കിൾ സെൽ അനീമിയ ബാധിച്ച ട്രൈബൽ വിഭാഗത്തിൽപ്പെട്ടവരുടെ വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) ഏറനാട് മണ്ഡലത്തിൽനിന്നും ഹീമോഫീലിയ രോഗബാധിതരായ 14 പേർക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷൻ ധനസഹായം അനുവദിച്ചുവരുന്നു. സിക്കിൾ സെൽ അനീമിയ ബാധിതരുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) ഹീമോഫീലിയ രോഗബാധിതർക്ക് 2016 ജൂൺ മാസം വരെയുള്ള ധനസഹായം കേരള സാമൂഹ്യ സുരക്ഷാ മിഷൻ അനുവദിച്ചിട്ടുണ്ട്. സിക്കിൾ സെൽ അനീമിയ രോഗബാധിതർക്ക് നൽകാനുള്ള കുടിശ്ശികയുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

**രാസവസ്തുക്കൾ ചേർത്ത മത്സ്യം**

195 (5391) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യം കേടാകാതിരിക്കാൻ രാസവസ്തുക്കൾ ചേർത്ത് സൂക്ഷിക്കുകയും വില്പന നടത്തുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു പരിശോധിക്കാൻ എന്തു സംവിധാനമാണ് നിലവിലുള്ളത്;

(സി) നിലവിലുള്ള സംവിധാനം അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തെല്ലാം നടപടികളാണ് പുതിയതായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഭക്ഷ്യവസ്തുക്കളിൽ ചേർക്കുന്ന മായവും മത്സ്യത്തിൽ ചേർക്കുന്ന രാസവസ്തുക്കളുടെ സാന്നിദ്ധ്യവും കണ്ടെത്തുന്നതിനുവേണ്ടി സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ലാബുകളിലും കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള Central Institute of Fisheries Technology (CIFT) എന്ന ഗവേഷണസ്ഥാപനത്തിലും പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കുന്നുണ്ട്.

(സി) ഇല്ല.

(ഡി) മൊബൈൽ ടെസ്റ്റിംഗ് ലാബുകളിൽ മത്സ്യത്തിന്റെ പരിശോധനകൾ നടത്തുന്നതിനുള്ള സാദ്ധ്യതകൾ Central Institute of Fisheries Technology (CIFT) എന്ന ഗവേഷണസ്ഥാപനത്തിന്റെ സഹായത്തോടുകൂടി പരിശോധിക്കുന്നതാണ്.

**ഡോക്ടർമാരുടെ ഒഴിവുകൾ**

196 (5392) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ കോളേജ്, ജില്ലാ ആശുപത്രി, സി.എച്ച്.സി., പി.എച്ച്.സി.കളിൽ ഡോക്ടർമാരുടെ ഒഴിവുകൾ ദീർഘനാളുകൾ ഒഴിഞ്ഞു കിടക്കാതിരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ;

(ബി) ഡി.എം.ഇ., ഡി.എം.ഒ. ഓഫീസുകളിൽ ഇതിനായി ഒരു സ്പെഷ്യൽ മോണിറ്ററിംഗ് സെൽ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത കാറ്റഗറികളിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രി, സി.എച്ച്.സി., പി.എച്ച്.സി. എന്നിവിടങ്ങളിലെയും എൻട്രി കേഡർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.യിൽനിന്നും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തിയും പ്രൊമോഷൻ തസ്തികകൾ ഡി.പി.സി. മുഖേന പ്രൊമോഷൻ നടത്തിയും നികത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലാ ആശുപത്രി, സി.എച്ച്.സി., പി.എച്ച്.സി. എന്നിവിടങ്ങളിലെ ഡോക്ടർമാരുടെ ക്ഷാമം പരിഹരിക്കുന്നതിനായി അഡ്ഹോക്ക് വ്യവസ്ഥയിലും ഡോക്ടർമാരെ നിയമിച്ചുവരുന്നു. കൂടാതെ സ്പെഷ്യാലിറ്റി യോഗ്യതയുള്ള ഡോക്ടർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് ജൂനിയർ കൺസൾട്ടന്റുമാരെ നിയമിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) അത്തരമൊരു നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

(സി) ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് സർജന്റെ 700 പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ താഴെപ്പറയും പ്രകാരമാണ്:

പതോളജി-5
മൈക്രോബയോളജി-1
ഫോറൻസിക് മെഡിസിൻ-6
ഫിസിയോളജി-1
ഓറൽ മാക്സിലോ ഫേഷ്യൽ സർജറി-1
അനസ്തേഷ്യ-3
ഓഫ്ത്താൽമോളജി-3
സർജറി-6
ന്യൂറോ സർജറി-1
തൊറാസിക് സർജറി-3
റേഡിയോ തെറാപ്പി-2
ഗൈനക്കോളജി-11
ഇ.എൻ.ടി.-3
ഓർത്തോപീഡിക്സ്-2
ജനറൽ മെഡിസിൻ-11
സൈക്യാട്രി-2

## പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ സംരക്ഷണ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് നടപടി

197 (5393) ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ സംരക്ഷണ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ;

(ബി) നിലവിൽ സംസ്ഥാന ജനസംഖ്യയുടെ എത്ര ശതമാനം പേരാണ് പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ എത്തുന്നത്; ഇതുവർദ്ധിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) കുടുംബ ഡോക്ടർ എന്ന സംവിധാനം കൊണ്ടുവരുന്നതുവഴി ഏത് ചെറിയ രോഗങ്ങൾക്കും സ്പെഷ്യലിസ്റ്റുകളെ തേടിപ്പോയി അനാവശ്യപണച്ചെലവ് വരുത്തുന്ന സ്പെഷ്യലൈസേഷൻ ഭ്രമത്തിന് കുറവ് വരുത്താനാകുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ആരോഗ്യ സംരക്ഷണത്തിനും രോഗപ്രതിരോധത്തിനും ഊന്നൽ നൽകുന്നതിനായി പ്രാഥമികാരോഗ്യ സംരക്ഷണ കേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളായി മാറ്റുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള പ്രാരംഭ നടപടികൾ ആരോഗ്യ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാർ വഴി മെച്ചപ്പെട്ട ക്ലിനിക്കൽ സേവനങ്ങൾ ലഭ്യമാക്കാൻ പരിശീലനം നൽകേണ്ട മേഖലകൾ തിട്ടപ്പെടുത്തുന്ന പ്രക്രിയ എസ്.എച്ച്.എസ്.ആർ.സി. വഴി നടന്നുവരികയാണ്.

(ബി) 5.73 ശതമാനം പേർ.

അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചും കൂടുതൽ ജീവനക്കാരെ നിയമിച്ചും ഘട്ടംഘട്ടമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) പ്രാഥമികാരോഗ്യ സംരക്ഷണകേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി അവിടങ്ങളിലെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കാൻ സജ്ജമാക്കുന്നതിലൂടെ ഓരോ പ്രദേശത്തെയും സാംക്രമിക രോഗങ്ങളും ജീവിത ശൈലി രോഗങ്ങളും കണ്ടെത്തി പരിഹരിക്കുവാനും സാംക്രമിക രോഗ സാന്നിദ്ധ്യവും അവയ്ക്ക് കാരണമാകുന്ന ഘടകങ്ങളും കണ്ടെത്തി പരിഹരിക്കുവാനും സാധിക്കുന്നതിലൂടെ രോഗപ്രതിരോധവും നിയന്ത്രണവും പ്രാഥമിക മേഖലയിൽ

കൊണ്ടുവരാൻ സാധിക്കും. പകർച്ചവ്യാധികളല്ലാത്ത രോഗങ്ങളുടെ കാര്യത്തിൽ ഒരു പ്രാഥമിക ആരോഗ്യ സമ്പ്രദായം വികസിപ്പിച്ചെടുക്കാനും ലക്ഷ്യമിടുന്നുണ്ട്. കൂടാതെ പ്രാഥമികാരോഗ്യതലം മുതലുള്ള സ്ഥാപനങ്ങളിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രാരംഭ നടപടി ആരംഭിച്ചിട്ടുണ്ട്. ടി തസ്തിക സൃഷ്ടിക്കപ്പെടുന്നതിലൂടെ മെച്ചപ്പെട്ട സേവനം പ്രാഥമിക തലത്തിൽ നൽകാൻ സാധിക്കുകയും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ തേടിപ്പോകുന്ന പ്രവണത കുറയുകയും ചെയ്യുന്നതാണ്.

**വൃക്കരോഗങ്ങൾ തടയുന്നതിനായി നടപടികൾ**

198 (5394) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൃക്കരോഗങ്ങൾ വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വർദ്ധിച്ചുവരുന്ന വൃക്കരോഗങ്ങൾ തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജില്ലാ, ജനറലാശുപത്രി മുതൽ പി.എച്ച്.സി. തലംവരെ വൃക്ക രോഗങ്ങൾക്ക് പ്രധാന കാരണങ്ങളായ രക്താതിസമ്മർദ്ദം, പ്രമേഹം എന്നീ ജീവിതശൈലി രോഗങ്ങൾ കണ്ടുപിടിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ രോഗങ്ങൾ നേരത്തെ കണ്ടെത്തുന്നതിലൂടെയും ചികിത്സയിലൂടെയും മറ്റ് ജീവിതശൈലി മാറ്റങ്ങളിലൂടെയും നിയന്ത്രണ വിധേയമാക്കുന്നതുവഴി ഈ രോഗികൾക്ക് വൃക്കരോഗങ്ങൾ ബാധിക്കാനുള്ള സാധ്യത കുറയുന്നു. ജില്ലാ, ജനറലാശുപത്രി മുതൽ കുടുംബക്ഷേമ ഉപകേന്ദ്രം വരെ നടത്തുന്ന ക്യാമ്പുകളിലൂടെ ജീവിതശൈലി രോഗനിർണ്ണയം സംസ്ഥാന ആരോഗ്യ വകുപ്പ് നടത്തിവരുന്നു. എല്ലാ ആഴ്ചയും NCD Clinics സബ്സെന്റർ തലം വരെയുള്ള സ്ഥാപനങ്ങളിലും നടത്തിവരുന്നുണ്ട്. പുറമെ ജില്ലാ, താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. വൃക്കരോഗികളിൽ ഡയാലിസിസ് ആവശ്യമുള്ളവർക്ക് വേണ്ട ചികിത്സാ സൗകര്യങ്ങൾ 35 സ്ഥാപനങ്ങളിൽ ലഭ്യമാണ്. ഇനി വരും വർഷത്തിൽ 44 ഡയാലിസിസ് യൂണിറ്റുകൾ മാന്ദ്യവിരുദ്ധ പാക്കേജിൽനിന്നുള്ള തുക വിനിയോഗിച്ച് സ്ഥാപിക്കുവാൻ അനുമതി ലഭിച്ചിട്ടുണ്ട്.

ജീവിതശൈലി രോഗപ്രതിരോധ നിയന്ത്രണമാർഗ്ഗങ്ങളെക്കുറിച്ച് സമൂഹത്തിൽ അവബോധം വളർത്തുന്ന പരിപാടികളും ആരോഗ്യ വകുപ്പ് നടപ്പിലാക്കിവരുന്നു.

**കക്കാട് പ്രാഥമികാരോഗ്യ കേന്ദ്രം**

199 (5395) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുകുറ്റി പഞ്ചായത്തിലെ കക്കാട് പി. എച്ച്. സി. യുടെ പേര് 'കാട്ടുകുറ്റി ഗ്രാമ പഞ്ചായത്ത് പ്രാഥമിക ആരോഗ്യ കേന്ദ്രം, കാതിക്കുടം പി. ഒ.' എന്നാക്കി മാറ്റുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനായി അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഇക്കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്.

**ഫാർമസിസ്റ്റുകളില്ലാത്ത മെഡിക്കൽ സ്റ്റോറുകൾ**

200 (5396) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പലയിടത്തും യോഗ്യരായ ഫാർമസിസ്റ്റുകൾ ഇല്ലാതെ മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

ഔഷധ വ്യാപാര ലൈസൻസിനായി അപേക്ഷ സമർപ്പിക്കുമ്പോൾ തന്നെ രജിസ്റ്റേർഡ് ഫാർമസിസ്റ്റിന്റെ സേവനം ഉറപ്പായതിനുശേഷമാണ് ലൈസൻസ് നൽകുന്നത്. രാജ്യത്ത് മരുന്നുൽപ്പാദനവും വിതരണവും വിൽപ്പനയും നിയന്ത്രിക്കുന്നത് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് 1940-ഉം അതിന്റെ കീഴിലുള്ള ചട്ടങ്ങൾ പ്രകാരവുമാണ്. ഒരു മരുന്ന് വിൽപ്പനശാലയിൽ മരുന്ന് വിൽപ്പനയുടെ മേൽനോട്ടത്തിനായി രജിസ്റ്റേർഡ് ഫാർമസിസ്റ്റിന്റെ സേവനം കർശനമാണെന്ന് റൂൾ 65(2) പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. മെഡിക്കൽ സ്റ്റോറുകൾ പ്രസ്തുത നിബന്ധന പാലിക്കുന്നുണ്ടോ എന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉറപ്പ് വരുത്തുന്നുണ്ട്. 2015-16-ൽ ഈ റൂളുകൾ ഉൾപ്പെടെയുള്ള വിവിധ ലംഘനങ്ങളുടെ ശിക്ഷയായി സംസ്ഥാനത്തൊട്ടാകെ ഏകദേശം 598 കടകളുടെ ലൈസൻസുകൾ നിശ്ചിത കാലയളവിലേയ്ക്ക് സസ്പെൻഡ് ചെയ്തിട്ടുണ്ട്. നിലവിൽ വകുപ്പിൽ പ്രവർത്തനസജ്ജമായിട്ടുള്ള XLN Software-ലൂടെ ഓരോ മരുന്ന് കടകളിലേയും ഫാർമസിസ്റ്റിന്റെ സേവനം ഫാർമസിസ്റ്റ് ഇല്ലാത്ത കടകൾ, ഒരു ഫാർമസിസ്റ്റ് ഒന്നിൽ കൂടുതൽ കടകളിൽ സേവനം എന്നിവ ഡ്രഗ്സ് കൺട്രോൾ വകുപ്പിന് സുഗമമായി നിരീക്ഷിക്കാൻ സാധിക്കുന്നുണ്ട്. നിയമലംഘനങ്ങൾ കണ്ടെത്തുന്ന പക്ഷം സത്വര നടപടികൾ സ്വീകരിക്കുന്നുണ്ട്.

## ഭക്ഷ്യസുരക്ഷയ്ക്കായി പ്രത്യേക സ്ക്വാഡുകൾ

201 (5397) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷയ്ക്കായി പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(സി) ഉത്സവ സീസണിൽ മാത്രം ഇത്തരം സ്ക്വാഡുകൾ രൂപീകരിക്കുന്നതിന്റെ അപ്രായോഗികത പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത്തരം പ്രത്യേക സ്ക്വാഡുകളുടെ പ്രവർത്തനം സംസ്ഥാനത്ത് സ്ഥിരമായി നിലനിർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഓണം, ക്രിസ്തുമസ് തുടങ്ങിയ ആഘോഷവേളകളിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധന നടത്താറുണ്ട്.

(ബി&സി) ഉണ്ട്.

(ഡി) നിലവിൽ സംസ്ഥാനത്ത് ഫുഡ്സേഫ്റ്റി ഓഫീസർമാരുടെ 111 തസ്തികകൾ ഒഴിഞ്ഞ് കിടക്കുകയാണ്. ഈ തസ്തികകളിലേക്ക് ഫുഡ്സേഫ്റ്റി ഓഫീസർമാരെ നിയമിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുക യാണ്. എല്ലാ തസ്തികകളിലേക്കും ഫുഡ്സേഫ്റ്റി ഓഫീസർമാർ ചാർജ്ജ് എടുക്കുന്നതോടുകൂടി പ്രത്യേക സ്ക്വാഡുകളുടെ പ്രവർത്തനം സ്ഥിരമായി നിലനിർത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സമഗ്ര ആരോഗ്യരക്ഷാ പദ്ധതി

202 (5398) ശ്രീ. ഒ. ആർ. കേളു :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. പി. വി. അൻവർ :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗക്കാർക്കായി സമഗ്ര ആരോഗ്യരക്ഷാപദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത വിഭാഗങ്ങൾക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്;

(സി) പട്ടിക വർഗ്ഗവിഭാഗക്കാർ താമസിക്കുന്ന പ്രദേശങ്ങളിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ക്ലിനിക്കുകളും ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവാനും ആവശ്യമായ മരുന്നുകൾ കൃത്യമായി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും സമഗ്ര ആരോഗ്യ രക്ഷാ പദ്ധതി പ്രകാരം ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ച് മേൽപ്പറഞ്ഞ സേവനം നടത്തിവരുന്നു. കിടത്തി ചികിത്സിക്കുന്ന രോഗികൾക്കുള്ള ഭക്ഷണം 150 രൂപയും കൂട്ടിരിപ്പുകാർക്ക് 200 രൂപ തുകയായും ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നു. ഗവൺമെന്റ് സംവിധാനം നിലവിലില്ലാത്ത സ്ഥാപനങ്ങളിൽ എക്സ്റേ, ബ്ലഡ്, ലാബ്, സ്കാനിംഗ്, തിമിര ശസ്ത്രക്രിയയും ഈ പദ്ധതി പ്രകാരം നടത്തിവരുന്നു. ആശുപത്രിയിൽ ലഭ്യമല്ലാത്ത മരുന്നുകൾ ഗവൺമെന്റ് അംഗീകൃത മെഡിക്കൽ സ്റ്റോറിൽ നിന്നും വാങ്ങുന്നതിനുള്ള ചെലവുകളും നൽകുന്നു. കൂടാതെ ഗുരുതരമായ രോഗമുള്ള രോഗികളെ മറ്റ് ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകുന്നതിനുള്ള ചെലവുകളും ഗുരുതരമായ രോഗത്താൽ വീട്ടിലുള്ള രോഗികളെ ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകുന്നതിനുള്ള ചെലവുകളും തിരികെ കൊണ്ടുപോകുന്നതിനുള്ള ചെലവുകളും ഈ പദ്ധതി പ്രകാരം നൽകിവരുന്നു. കൂട്ടിരിപ്പുകാർ ഇല്ലാത്ത രോഗികൾക്ക് പകരം ആളെ വച്ച് 200 രൂപ നിരക്കിലും നൽകിവരുന്നു.

(ബി) കിടപ്പ് രോഗികൾക്ക് 150 രൂപയുടെ ഭക്ഷണം നൽകിവരുന്നു.

(സി) ചികിത്സാ സംവിധാനം ഉറപ്പ് വരുത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനുള്ള നിർദ്ദേശം ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് നൽകിയിട്ടുണ്ട്.

**108 ആംബുലൻസുകൾ**

203 (5399) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ആകെ എത്ര 108 ആംബുലൻസുകളുണ്ടെന്ന് വ്യക്തമാക്കാമോ; ഇവയിൽ പ്രവർത്തിക്കാത്തവ ഉണ്ടെങ്കിൽ കാരണമെന്താണെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

സംസ്ഥാനത്താകെ 43 (നാല്പത്തി മൂന്ന്) 108 ആംബുലൻസുകളുണ്ട്. തിരുവനന്തപുരം ജില്ലയിൽ സർവ്വീസിനായുള്ള 25 വാഹനങ്ങളിൽ 11 വാഹനങ്ങൾ പ്രവർത്തനക്ഷമമാണ്. 3 വാഹനങ്ങൾ അറ്റകുറ്റപ്പണികൾക്കായി വർക്ക്ഷോപ്പിലാണ്. 11 വാഹനങ്ങളുടെ ഫിറ്റ്നസ് ടെസ്റ്റ് പൂർത്തീകരിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ആലപ്പുഴ ജില്ലയിൽ സർവ്വീസിനായുള്ള 18 വാഹനങ്ങളിൽ 16 വാഹനങ്ങൾ പ്രവർത്തനക്ഷമമാണ്. 2 വാഹനങ്ങളുടെ ഫിറ്റ്നസ് ടെസ്റ്റ് പൂർത്തീകരിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**ലാബ് ടെക്നീഷ്യൻ ഗ്രേഡ് II തസ്തികയിലെ ഒഴിവുകൾ**

204 (5400) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ട വിവിധ തസ്തികകളിലെ ഒഴിവുകളുടെ പട്ടിക ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളിലായി അനുവദിക്കപ്പെട്ടിട്ടുള്ള ലാബ് ടെക്നീഷ്യൻ ഗ്രേഡ്-II തസ്തികകളുടെ എണ്ണം മെഡിക്കൽ കോളേജുകളുടെ പേര് സഹിതം ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തസ്തികകൾ ഈ കാറ്റഗറിയിൽ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്; എവിടങ്ങളിലൊക്കെ; പട്ടിക തിരിച്ച് ലഭ്യമാക്കുമോ;

(ഡി) ലാബ് ടെക്നീഷ്യൻ ഗ്രേഡ് - II തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എന്നും എന്നാണ് പ്രസ്തുത റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നും അറിയാമോ ;

(ഇ) ഒഴിവുള്ള എത്ര തസ്തികകൾ ഇതേവരെ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(എഫ്) പി.എസ്.സി.-യിൽ നിന്നും എത്ര പേർക്കാണ് അഡ്വൈസ് ലഭിച്ചിട്ടുള്ളത്; എത്ര പേർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്; എൻ.ജെ.ഡി. ഒഴിവുകൾ എത്രയാണ് എന്നും പ്രസ്തുത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ട വിവിധ തസ്തികകളിലെ ഒഴിവുകൾ

| നമ്പർ | തസ്തിക | ഒഴിവുകൾ |
|---|---|---|
| 1 | 2 | 3 |
| 1. | ജൂനിയർ ലാബ് അസിസ്റ്റന്റ് | 6 |
| 2. | ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് | 1 |
| 3. | റിസപ്ഷനിസ്റ്റ് | 1 |
| 4. | വാച്ച്മാൻ | 1 |
| 5. | സർജന്റ് | 2 |
| 6. | എൽ.ഡി. ടൈപ്പിസ്റ്റ് | 1 |
| 7. | ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ | 9 |
| 8. | അസിസ്റ്റന്റ് പ്രൊഫസർ, അനസ്തേഷ്യ | 3 |
| 9. | അസിസ്റ്റന്റ് പ്രൊഫസർ, ഒഫ്ത്താൽമോളജി | 3 |
| 10. | അസിസ്റ്റന്റ് പ്രൊഫസർ, കാർഡിയോ വാസ്കുലർ സർജറി | 3 |
| 11. | അസിസ്റ്റന്റ് പ്രൊഫസർ, റേഡിയോ തെറാപ്പി | 2 |
| 12. | അസിസ്റ്റന്റ് പ്രൊഫസർ, ഓർത്തോപീഡിക്സ് | 2 |
| 13. | അസിസ്റ്റന്റ് പ്രൊഫസർ, ഗൈനക്കോളജി | 11 |
| 14. | അസിസ്റ്റന്റ് പ്രൊഫസർ, ഇ.എൻ.റ്റി. | 3 |
| 15. | അസിസ്റ്റന്റ് പ്രൊഫസർ, ജനറൽ മെഡിസിൻ | 11 |
| 16. | അസിസ്റ്റന്റ് പ്രൊഫസർ, ജനറൽ സർജറി | 6 |
| 17. | അസിസ്റ്റന്റ് പ്രൊഫസർ, ന്യൂറോ സർജറി | 1 |
| 18. | സീനിയർ ലക്ചറർ, നഴ്സിംഗ് വിഭാഗം | 8 |
| 19. | അസിസ്റ്റന്റ് പ്രൊഫസർ, ഫോറൻസിക് മെഡിസിൻ | 6 |
| 20. | അസിസ്റ്റന്റ് പ്രൊഫസർ, ഫിസിയോളജി | 1 (എസ്.ടി.) |
| 21. | അസിസ്റ്റന്റ് പ്രൊഫസർ, ഡെന്റൽ വിഭാഗം | 8 |

| 1 | 2 | 3 |
|---|---|---|
| 22. | ലക്ചറർ, മൈക്രോബയോളജി | 1 |
| 23. | ലക്ചറർ, പത്തോളജി | 1 |
| 24. | അസിസ്റ്റന്റ് പ്രൊഫസർ, പത്തോളജി | 4 |

(ബി)

| നമ്പർ | പേര് | തസ്തികകളുടെ എണ്ണം |
|---|---|---|
| 1. | മെഡിക്കൽ കോളേജ്, തിരുവനന്തപുരം | 65 |
| 2. | എസ്.എ.റ്റി., തിരുവനന്തപുരം | 11 |
| 3. | റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജി, തിരുവനന്തപുരം | 2 |
| 4. | ദന്തൽ കോളേജ്, തിരുവനന്തപുരം | 2 |
| 5. | മെഡിക്കൽ കോളേജ്, കോട്ടയം | 56 |
| 6. | ദന്തൽ കോളേജ്, കോട്ടയം | 2 |
| 7. | മെഡിക്കൽ കോളേജ്, ആലപ്പുഴ | 58 |
| 8. | ദന്തൽ കോളേജ്, ആലപ്പുഴ | 2 |
| 9. | മെഡിക്കൽ കോളേജ്, കോഴിക്കോട് | 53 |
| 10. | ദന്തൽ കോളേജ്, കോഴിക്കോട് | 12 |
| 11. | മെഡിക്കൽ കോളേജ്, തൃശ്ശൂർ | 76 |
| 12. | ദന്തൽ കോളേജ്, തൃശ്ശൂർ | 2 |
| 13. | മെഡിക്കൽ കോളേജ്, ഇടുക്കി | 12 |
| 14. | മെഡിക്കൽ കോളേജ്, മഞ്ചേരി | 8 |
| 15. | ഇന്ദിരാഗാന്ധി മെഡിക്കൽ കോളേജ്, തിരുവനന്തപുരം | 6 |
| 16. | മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം | 17 |
| 17. | മെഡിക്കൽ കോളേജ്, കോന്നി | 6 |
| 18. | മെഡിക്കൽ കോളേജ്, പാരിപ്പള്ളി | 21 |

(സി) പാരിപ്പള്ളി മെഡിക്കൽ കോളേജിൽ 21 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. 26-9-2012-നാണ് ലിസ്റ്റ് നിലവിൽ വന്നത്.

(ഇ) 25 ഒഴിവുകൾ.

(എഫ്) നിലവിലെ റാങ്ക് പട്ടികയിൽ നിന്നും 197 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. 10 എൻ.ജെ.ഡി. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ഐ.സി.ഡി.എസ്.-ന്റെ പ്രവർത്തനങ്ങൾ

205 (5401) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സ്കീമിന്റെ (ഐ.സി.ഡി.എസ്.) സംസ്ഥാനത്തെ കഴിഞ്ഞ അഞ്ചു വർഷത്തെ പ്രവർത്തനങ്ങൾ, ലഭിച്ച തുക, വിനിയോഗിച്ച തുക എന്നിവ ജില്ലാ അടിസ്ഥാനത്തിൽ വിശദീകരിക്കാമോ;

(ബി) ഈ വർഷം സംസ്ഥാനത്ത് ഇക്കാര്യത്തിൽ നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ എന്തൊക്കെയാണെന്നും ഈ വർഷത്തെ കേന്ദ്ര- സംസ്ഥാന വിഹിതം എത്രയാണെന്നും ഈ വർഷം ഇക്കാര്യത്തിൽ എത്ര തുക ഇതേവരെ വിനിയോഗിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഈ വർഷം സംസ്ഥാനത്ത് ഐ.സി.ഡി.എസ്. നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

## നാഷണൽ ഫാമിലി ബെനിഫിറ്റ് സ്കീം

206 (5402) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഫാമിലി ബെനിഫിറ്റ് സ്കീം (NFBS) പ്രകാരം ലഭിച്ച എത്ര അപേക്ഷകളാണ് ആനുകൂല്യം നൽകാതെ നിലവിലുള്ളതെന്നറിയിക്കാമോ; ജില്ലതിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(ബി) മേല്പറഞ്ഞ അപേക്ഷകൾ തീർപ്പാക്കാതെ കിടക്കുന്നതിനുള്ള കാരണം അറിയിക്കുമോ;

(സി) അപേക്ഷകർക്ക് ആനുകൂല്യം നൽകുന്നതിനും കെട്ടിക്കിടക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിനും സത്വര നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**അംഗൻവാടികൾ മുഖേന മരുന്ന് വിതരണം**

207 (5403) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടികൾ മുഖേന മരുന്ന് വിതരണം ചെയ്യുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഏതൊക്കെയിനം മരുന്നുകളാണ് അംഗൻവാടികൾ മുഖേന വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ആരുടെ മേൽനോട്ടത്തിലാണ് ഇത്തരം മരുന്നുകൾ വിതരണം നടത്തുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) അംഗൻവാടികൾ മുഖേന മരുന്ന് വിതരണം ചെയ്യുന്നുണ്ട്.

(ബി) അംഗൻവാടികൾ മുഖേന വിതരണം ചെയ്യുന്ന മരുന്നുകളുടെ ഇനം ചുവടെ ചേർക്കുന്നു:

Paracetamol tablets 500 mg., Paracetamol suspension 125 mg/600 ml., Albandazole Tablets 400 mg, White field ointment 15 gm, povidone iodine ointment & solution 25 gm, Carminative Mixture (CPC formulate) 250 ml, IFA tablets (small) elemental iron 20 mg & Folic acid 0.01 mg, Benzyl Benzoate Application 500 ml, ORS Powder (WHO formula), Zinc Sulphate drops 15 ml, Cotton bandage 5 cm & 5 mtr & 1 dozen, Gentian Violet 100 ml, Betadine Antiseptic lotion 200 ml, Multivitamin tablets & B complex, Calcium citrate 500 mg, Carmicide Paediatrics suspension, Folic Acid 1 mg, Sterilised bandage, Saline nasal drops, Zinc sulphate tab 20 mg.

(സി) ഐ.സി.ഡി.എസ്. പദ്ധതി കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. പ്രസ്തുത പദ്ധതി പ്രകാരം ഓരോ അങ്കണവാടിക്കും പ്രതിവർഷം 1,000 രൂപ ചെലവിൽ മെഡിസിൻ കിറ്റ് വാങ്ങി വിതരണം ചെയ്യാൻ വ്യവസ്ഥ ചെയ്യുന്നു. ആയത് പ്രകാരം മെഡിസിൻ കിറ്റിൽ ഉൾപ്പെടുത്തേണ്ട മരുന്ന് നിശ്ചയിക്കാൻ ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസ് അംഗമായിട്ടുള്ള ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. മെഡിസിൻ കിറ്റിലെ മരുന്നുകൾ പി.എച്ച്.സി. ഡോക്ടർ, ജെ.പി.എച്ച്.എൻ. എന്നിവരുടെ മേൽനോട്ടത്തിൽ വിതരണം നടത്തുന്നു.

## എം.ബി.ബി.എസ്. സ്പോട്ട് അഡ്മിഷൻ

208 (5404) പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ബി.ബി.എസ്. സ്പോട്ട് അഡ്മിഷൻ സംബന്ധിച്ച പരാതികൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) സ്പോട്ട് അഡ്മിഷൻ തിടുക്കത്തിൽ നടത്തിയതിലൂടെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ അഡ്മിഷൻ കിട്ടിയ കുട്ടികൾക്ക് അവരുടെ ഹയർ ഓപ്ഷൻ നിലനിൽക്കുന്ന കോളേജുകളിലെ വേക്കൻസികൾക്ക് വേണ്ടി, സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുവാൻ അവസരം ലഭിച്ചില്ലെന്ന പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ;

(സി) സ്പോട്ട് അഡ്മിഷൻ ലഭിക്കുന്ന കുട്ടികൾക്ക് മെറിറ്റ് അട്ടിമറിക്കാത്ത രീതിയിൽ പ്രൊസ്പെക്ടസ് തയ്യാറാക്കുമോ;

(ഡി) ഉയർന്ന റാങ്കുള്ള വിദ്യാർത്ഥികളെക്കാൾ താഴ്ന്ന റാങ്കുള്ള കുട്ടികൾക്ക് കോഴിക്കോട്, തിരുവനന്തപുരം, കോട്ടയം മെഡിക്കൽ കോളേജുകളിൽ അഡ്മിഷൻ ലഭിച്ചിട്ടുണ്ടോ; വിശദ വിവരം ലഭ്യമാക്കുമോ;

(ഇ) തുടർന്നുള്ള വർഷങ്ങളിൽ ഇത്തരത്തിൽ അപാകതകൾ വരാതെ കുറ്റമറ്റ രീതിയിൽ പ്രൊസ്പെക്ടസ് തയ്യാറാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി&സി) എം.ബി.ബി.എസ്./ബി.ഡി.എസ്. കോഴ്സുകളിലേക്ക് രണ്ട് കേന്ദ്രീകൃത കൗൺസിലിംഗ് മാത്രമാണ് സംസ്ഥാനങ്ങൾക്ക് നടത്തുവാനായി കേന്ദ്രാനുമതിയുള്ളത്. എന്നാൽ നിലവിലെ പുതുക്കിയ കൗൺസിലിംഗ് ഷെഡ്യൂൾ പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് നടത്തിയ ഒരു കൗൺസിലിംഗ് ഉൾപ്പെടെ മൂന്ന് കേന്ദ്രീകൃത കൗൺസിലിംഗ് എം.ബി.ബി.എസ്./ബി.ഡി.എസ്. കോഴ്സുകളിൽ 2016 സെപ്റ്റംബർ 22-നകം നടത്തിയിട്ടുണ്ട്. സർക്കാരും സ്വാശ്രയ മാനേജ്മെന്റുകളും ചർച്ചയിലൂടെ ഏർപ്പെട്ടിട്ടുള്ള കരാറിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ സർക്കാർ സീറ്റുകളിലെ പ്രവേശനം 2016 സെപ്റ്റംബർ 26-ന് അവസാനിപ്പിക്കേണ്ടതുണ്ട്. ആയതിനാൽ ലഭ്യമായ എല്ലാ സർക്കാർ സീറ്റുകളും

നികത്തുന്നതിനായാണ് 2016 സെപ്റ്റംബർ 24-ന് ഒരു സ്പോട്ട് അലോട്ട്മെന്റ് നടത്തിയിട്ടുള്ളത്. ആയതിൻപ്രകാരം അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് അതത് കോളേജുകളിൽ പ്രവേശനം നേടുന്നതിന് 2016 സെപ്റ്റംബർ 26 വരെ സമയം നൽകുകയും ചെയ്തിരുന്നു. പൂർണ്ണമായും സർക്കാർ അംഗീകൃത പ്രോസ്പെക്ടസിലെ വ്യവസ്ഥകൾ പ്രകാരമാണ് സ്പോട്ട് അലോട്ട്മെന്റ് നടത്തിയിട്ടുള്ളത്.

ആൾ ഇന്ത്യാ ക്വാട്ടയിൽ ഒഴിവുവന്നതിനാൽ സംസ്ഥാന ക്വാട്ടയിലേക്ക് മടക്കിനൽകിയ ഏതാനും എം.ബി.ബി.എസ്./ബി.ഡി.എസ്. സീറ്റുകളും ശ്രീഗോകുലം മെഡിക്കൽ കോളേജ് പുതുതായി സർക്കാരിന് വിട്ടുനൽകിയ 50 എം.ബി.ബി.എസ്. സീറ്റുകളും ശ്രീ ശങ്കര ദന്തൽ കോളേജ് സർക്കാരിന് നൽകിയ 25 ബി.ഡി.എസ്. സീറ്റുകളും നികത്തുന്നതിനായി ഒരു സ്പോട്ട് അഡ്മിഷൻ പ്രവേശനം അവസാനിപ്പിക്കേണ്ടുന്ന അവസായ തീയതിയായ 2016 സെപ്റ്റംബർ 30-ന് നടത്തുകയുണ്ടായി. 2016 സെപ്റ്റംബർ 26-നുശേഷം സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിൽ പ്രവേശനം നേടിയിരുന്ന വിദ്യാർത്ഥികളെ വീണ്ടും അലോട്ട് ചെയ്യാൻ പാടില്ലെന്ന സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥ പ്രകാരം അത്തരം വിദ്യാർത്ഥികളെ ടി സ്പോട്ട് അഡ്മിഷനിൽ പങ്കെടുപ്പിക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിൽ പ്രവേശനം നേടിയിട്ടുള്ളവരെക്കാൾ താഴ്ന്ന റാങ്കുള്ള ഏതാനും വിദ്യാർത്ഥികൾക്ക് സർക്കാർ കോളേജിൽ പ്രവേശനം ലഭിച്ചിട്ടുണ്ടാകാം. സ്വാശ്രയ മെഡിക്കൽ/ ഡെന്റൽ കോളേജുകളിൽ പ്രവേശനം നേടിയിരുന്ന വിദ്യാർത്ഥികളെ പരിഗണിച്ചാൽ അതിന്റെ ഫലമായുണ്ടാകുന്ന ഒഴിവുകൾ സർക്കാരിന് നഷ്ടമാകുമായിരുന്നു. കൂടാതെ അവ 2016 സെപ്റ്റംബർ 26-നുശേഷം മാനേജ്മെന്റുകൾക്ക് വൻതുക ഫീസ് ഈടാക്കി മാനേജ്മെന്റ് സീറ്റുകളായി നികത്താൻ സാധിക്കുമെന്നതിനാലാണ് ഈ നയം സർക്കാർ വർഷങ്ങളായി പിന്തുടർന്നുവരുന്നത്.

(ഡി) സർക്കാർ മെഡിക്കൽ കോളേജുകളിലേക്ക് 24-9-2016-ൽ നടത്തിയ സ്പോട്ട് അഡ്മിഷനിൽ 9 വിദ്യാർത്ഥികൾക്കും 30-9-2016-ന് നടത്തിയ അലോട്ട്മെന്റിൽ ലഭ്യമായ ആൾ ഇന്ത്യാ ക്വാട്ട സീറ്റുകളിൽ 15 വിദ്യാർത്ഥികൾക്കും പ്രവേശനം ലഭിക്കുകയുണ്ടായി. റാങ്ക് കാറ്റഗറി തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം-I ആയി ചേർത്തിട്ടുണ്ട്.* പ്രോസ്പെക്ടസും നോട്ടിഫിക്കേഷനുകളും അനുസരിച്ചുള്ള റാങ്ക് ക്രമത്തിലെ അലോട്ട്മെന്റാണ് നടത്തിയിട്ടുള്ളത്. അവസാന കേന്ദ്രീകൃത കൗൺസിലിംഗ് റാങ്ക് സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) എം.ബി.ബി.എസ്./ബി.ഡി.എസ്. കോഴ്സുകളിൽ ലഭ്യമായ എല്ലാ സർക്കാർ സീറ്റുകളും നികത്താൻ കഴിയുന്ന രീതിയിലുള്ള ഏറ്റവും പ്രായോഗികമായ നടപടിയാണ് സർക്കാർ വർഷങ്ങളായി കൈക്കൊണ്ടുവരുന്നത്. ഇത് സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ വിവിധ കേസുകളിൽ സർക്കാരിന് അനുകൂലമായ വിധിയാണ് ഉണ്ടായിട്ടുള്ളത്.

**മാവേലിക്കര ജില്ലാ ആശുപത്രിയിൽ നഴ്സിംഗ് കോളേജ്**

209 (5405) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര ജില്ലാ ആശുപത്രിയിൽ നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

**കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ**

210 (5406) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് അനുവദിച്ച കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) സ്ഥലമെടുപ്പ് പൂർത്തിയായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കി അടുത്ത വർഷം വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒന്നാംഘട്ടമായി അക്കാദമിക് ബ്ലോക്കിന്റെ ടെണ്ടർ വിളിച്ച പണി നടന്നുകൊണ്ടിരിക്കുന്നു. കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജിൽ ഉൾപ്പെടുത്തി 25 കോടി രൂപ കൂടി അനുവദിച്ചിട്ടുണ്ട്. ആശുപത്രിയുടെയും അനുബന്ധ സൗകര്യങ്ങളുടെയും നിർമ്മാണത്തിന് നബാർഡിന് സമർപ്പിച്ച പ്രോജക്ട് അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ആയതിന് ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 25.06 ഹെക്ടർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്.

(സി) നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്കും മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്കും വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതായിരിക്കും.

## ഡ്രഗ് വെയർഹൗസുകൾ

211 (5407) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരുന്നുകൾ സൂക്ഷിക്കുന്നതിനും വിതരണം ചെയ്യുന്നതിനും സ്വന്തമായി കെട്ടിടങ്ങളുള്ള ഡ്രഗ് വെയർ ഹൗസുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) വാടകയ്ക്ക് പ്രവർത്തിക്കുന്ന ജില്ലാ ഡ്രഗ് വെയർഹൗസുകൾ എവിടെയൊക്കെയാണുള്ളതെന്നും പ്രതിമാസ വാടക എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) ഭീമമായ വാടക നൽകുന്നത് ഒഴിവാക്കി, ജില്ലാ ഡ്രഗ് വെയർ ഹൗസുകൾക്ക് സ്വന്തമായി കെട്ടിടമുണ്ടാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ആയതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മരുന്നുകൾ സൂക്ഷിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമായി നിലവിൽ 13 ജില്ലകളിൽ സ്വന്തമായി കെട്ടിടങ്ങളുണ്ട്. അവയിൽ കോഴിക്കോട്, എറണാകുളം, കൊല്ലം ജില്ലകളിലെ കെട്ടിടങ്ങൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഡിപ്പോകളായും മറ്റ് ജില്ലകളിലേത് സർക്കാർ ആശുപത്രികളിലേയ്ക്കുള്ള സൗജന്യ മരുന്നുകളുടെ സംഭരണ-വിതരണ ശാലകളുമായാണ് പ്രവർത്തിക്കുന്നത്. ടി കെട്ടിടങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

1. തിരുവനന്തപുരം (ഡി.എം.ഒ. കോമ്പൗണ്ട്)
2. കൊല്ലം (തേവള്ളി)
3. ആലപ്പുഴ (ജില്ലാ ആശുപത്രിക്ക് സമീപം)
4. ഇടുക്കി (മുട്ടം, പൈനാവ്)
5. കോട്ടയം (ജില്ലാ ആശുപത്രിക്ക് സമീപം)
6. എറണാകുളം (ജനറൽ ആശുപത്രി കോമ്പൗണ്ട്)
7. തൃശ്ശൂർ
8. പാലക്കാട് (ജില്ലാ ആശുപത്രി കോമ്പൗണ്ട്)
9. മലപ്പുറം - തിരൂർ
10. കോഴിക്കോട് - മലാപ്പറമ്പ്
11. വയനാട് (മാനന്തവാടി ജില്ലാ ആശുപത്രിക്ക് സമീപം)
12. കണ്ണൂർ (കക്കാട് റോഡ്)
13. കാസർഗോഡ് (കാഞ്ഞങ്ങാട്).

(ബി) നിലവിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന ജില്ലാ ഡ്രഗ് വെയർഹൗസുകൾ പത്തനംതിട്ട, തിരുവനന്തപുരം, എറണാകുളം, കൊല്ലം, കോട്ടയം, കോഴിക്കോട്, വയനാട്, മലപ്പുറം, കണ്ണൂർ, തൃശ്ശൂർ എന്നീ ജില്ലകളിലാണുള്ളത്. ടി മരുന്ന് സംഭരണശാലകളുടെ പ്രതിമാസ വാടക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഉണ്ട്. കണ്ണൂർ, ആലപ്പുഴ, പത്തനംതിട്ട, കോഴിക്കോട്, തൃശ്ശൂർ എന്നീ അഞ്ച് ജില്ലകളിൽ ആധുനിക രീതിയിലുള്ള ശാസ്ത്രീയ വെയർ ഹൗസുകൾ നിർമ്മിക്കുന്നതിനായി 25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ, കോട്ടയം ജില്ലയിലെ മരുന്ന് സംഭരണശാല നിർമ്മാണത്തിലേയ്ക്കായി 10 കോടി രൂപ ദേശീയ ആരോഗ്യ ദൗത്യത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

**മരുന്ന് പരിശോധന കാര്യക്ഷമമാക്കുന്നതിനായി നടപടി**

212 (5408) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്ന ലാബുകളുടെ എണ്ണം കുറവായതിനാൽ പരിശോധനകൾ ശരിയായ വിധത്തിൽ നടക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ മരുന്ന് പരിശോധന കാര്യക്ഷമമാക്കുന്നതിനായി പുതിയ ലാബുകൾ തുടങ്ങുന്നത് ഉൾപ്പെടെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ;

(ബി) ഡ്രഗ്സ് കൺട്രോൾ വിഭാഗം എടുക്കുന്ന മിക്കവാറും കേസുകളിലും തീരെ ചെറിയ പിഴ ഒടുക്കി കേസിൽ നിന്ന് ഒഴിവാക്കുന്ന അവസ്ഥാവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതൊഴിവാക്കാൻ ഫലപ്രദമായ സംസ്ഥാന ചട്ടങ്ങൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. നിലവിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിൽ തിരുവനന്തപുരം, എറണാകുളം എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന മരുന്ന് പരിശോധനാ ലബോറട്ടറികളാണുള്ളത്. ഇവിടെ പ്രതിവർഷം 8000-ത്തോളം മരുന്ന് സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നു. കഴിഞ്ഞ 5

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വർഷങ്ങളിലെ ഗുണനിലവാര പരിശോധനാ കണക്കുകൾ പ്രകാരം ഗുണനിലവാരമില്ലാത്ത മരുന്നുകൾ 4 ശതമാനത്തിൽ താഴെ മാത്രമാണ് വരുന്നത്. മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിൽ രാജ്യത്ത് നമ്മുടെ സംസ്ഥാനം മുൻപന്തിയിലാണ്. മരുന്ന് പരിശോധനാ സംവിധാനം വിപുലപ്പെടുത്തുന്നതിനായി തൃശ്ശൂർ, കോന്നി, കോഴിക്കോട് എന്നിവിടങ്ങളിൽ പുതിയ ലബോറട്ടറികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. ഇവകൂടി പ്രാബല്യത്തിലാകുന്നതോടുകൂടി കേരള വിപണിയിൽ വിറ്റഴിക്കുന്ന ആകെ മരുന്ന് ബ്രാന്റുകളുടെ ഏകദേശം 10 ശതമാനം സാമ്പിളുകളുടെയെങ്കിലും ഗുണനിലവാര പരിശോധന നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഗുണനിലവാരം കുറഞ്ഞ മരുന്നുകളെ minor/Major defects കാറ്റഗറിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ മേജർ ആയി റിപ്പോർട്ട് ചെയ്യപ്പെടുന്ന മരുന്നുകളുടെ നിർമ്മാതാക്കൾക്കെതിരെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി നിയമനടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത നിയമ ലംഘനങ്ങൾ നടത്തുന്ന നിർമ്മാതാക്കൾക്കെതിരെ കേന്ദ്ര നിയമമായ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് ആക്ടിൽ പ്രതിപാദിച്ചിരിക്കുന്ന പിഴയോ തടവോ പോലെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നത് ബഹു. കോടതിയുടെ അന്തിമ തീരുമാനത്തിന് വിധേയമായാണ്. മൈനർ ഡിഫക്ട്സ് ആയി റിപ്പോർട്ട് ചെയ്യപ്പെടുന്ന നിർമ്മാതാക്കളോട് വിശദീകരണം ആവശ്യപ്പെടുകയും തുടരന്വേഷണം നടത്തി ഇവർക്കെതിരെ ലൈസൻസ് സസ്പെൻഷൻ, കാൻസലേഷൻ ഉൾപ്പെടെയുള്ള വകുപ്പുതല നടപടികളും സ്വീകരിച്ചുവരുന്നു.

**നിരോധിച്ച മരുന്നിന്റെ ഉല്പാദനവും വിൽപ്പനയും തടയുന്നതിന് നടപടി**

213 (5409) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കും മത്സ്യത്തിനുമുള്ള പോഷകാഹാരം എന്നപേരിൽ മാരകമായ ആന്റിബയോട്ടിക്കുകൾ അടങ്ങിയ സെപ്രോസ്പിൻ എന്ന മരുന്ന് സംസ്ഥാനത്ത് വ്യാപകമായി വിറ്റുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്രസർക്കാർ നേരത്തെ നിരോധിച്ച ഈ മരുന്ന് ലൈസൻസ് പോലുമില്ലാതെയാണ് ഇപ്പോൾ നിർമ്മിക്കുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത്തരം മരുന്നുകൾ നൽകിയ കോഴിയുടെ ഇറച്ചിയും കൊഞ്ച് അടക്കമുള്ള മീനും കഴിക്കുന്നത് മനുഷ്യരിൽ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ മരുന്നിന്റെ ഉൽപ്പാദനവും വിൽപ്പനയും തടയുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. Coastal Aquaculture Authority, Ministry of Agriculture, Government of India, Aqua Culture-ന്റെ ഉപയോഗത്തിനായി ആന്റി ബയോട്ടിക്കുകൾ ഉൾപ്പെടെയുള്ള മരുന്നുകൾ അടങ്ങിയിട്ടുള്ള സെപ്രൊസ്പിൻ എന്ന മരുന്ന് യാതൊരുവിധ ഡ്രഗ് ലൈസൻസും കൂടാതെ വെറ്ററിനറി ഉപയോഗത്തിനുള്ള ഫുഡ് സപ്ലിമെന്റായി ബാംഗ്ലൂരിൽ പ്രവർത്തിക്കുന്ന കമ്പനി നിർമ്മിച്ച് വിതരണം ചെയ്തത് ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി ഉല്പന്നം ഫുഡ് സപ്ലിമെന്റായി വൻതോതിൽ ശേഖരിച്ച് വിതരണം ചെയ്യുന്നതിന് തിരുവനന്തപുരം ആസ്ഥാനമായുള്ള ഒരു ഏജൻസിക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും തുടർനടപടികൾക്കായി പ്രസ്തുത സ്റ്റോക്കും അനുബന്ധ രേഖകളും ബഹു. ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്.

(സി&ഡി) ഉണ്ട്. ഇത്തരത്തിൽ നിരോധിച്ചിട്ടുള്ള ഉല്പന്നങ്ങൾ സംസ്ഥാനത്ത് നിർമ്മിക്കുന്നില്ല. എന്നിരുന്നാലും അന്യ സംസ്ഥാനങ്ങളിൽ നിർമ്മിച്ച് ഇവിടെ വിതരണം ചെയ്യുന്ന ഇത്തരം നിരോധിത ഉല്പന്നങ്ങളുടെ വിതരണം തടയുന്നതിലേയ്ക്കായി ഇത് സംബന്ധിച്ച അന്വേഷണം സംസ്ഥാനത്തുടനീളം വ്യാപകമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മലിനീകരണ നിയന്ത്രണ പദ്ധതി**

214 (T*5410) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലിനീകരണ നിയന്ത്രണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എന്തൊക്കെ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) മെച്ചപ്പെട്ട പരിസ്ഥിതി സംരക്ഷണം ഉറപ്പ് വരുത്താൻ വ്യവസായ വകുപ്പിലും അനുബന്ധ സ്ഥാപനങ്ങളിലും മലിനീകരണ നിയന്ത്രണം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ പ്രോത്സാഹനങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ജലമലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമം, 1974 പ്രകാരവും 1981-ലെ വായു നിയമ പ്രകാരവും കൂടാതെ പരിസ്ഥിതി നിയമം/ചട്ടവും ആയതിന്റെ കീഴിൽ വിജ്ഞാപനം ചെയ്തിട്ടുള്ള മറ്റ് ചട്ടങ്ങളുടെയും നടപ്പിലാക്കൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിക്ഷിപ്തമാണ്. ടി നിയമത്തിലെ/ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിനുള്ള

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

നിബന്ധനകൾ ഉൾപ്പെടുത്തിയാണ് വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, ഉത്തുംഗ കെട്ടിടങ്ങൾ, ഹൗസ് ബോട്ടുകൾ എന്നിവയ്ക്കെല്ലാം മലിനീകരണ നിയന്ത്രണ ബോർഡ് സ്ഥാപനാനുമതി/പ്രവർത്തനാനുമതി നൽകുന്നത്. ടി നിബന്ധനകൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുകയും സർവൈലൻസ് ക്യാമറകൾ സ്ഥാപിച്ചും സംവിധാനങ്ങൾ കാര്യക്ഷമമാക്കിയിട്ടുണ്ട്. കൂടാതെ തത്സമയ വായു ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ തിരുവനന്തപുരത്ത് പട്ടം, പ്ലാമൂട് ജംഗ്ഷനിൽ സ്ഥാപിച്ചിട്ടുള്ളതുപോലെ കണ്ടിന്യുവസ് ആമ്പിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് ആന്റ് ഡിസ്പ്ലേ സ്റ്റേഷൻ കൂടുതൽ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ പുരോഗമിച്ചുവരികയാണ്. സംസ്ഥാനത്തെ മുഴുവൻ ആശുപത്രികളിൽ നിന്നുള്ള ബയോ മെഡിക്കൽ മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് നിലവിലുള്ള 'IMAGE' എന്ന സ്ഥാപനത്തിന്റെ മാതൃകയിൽ കൂടുതൽ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. കൂടാതെ മലിനീകരണ നിയന്ത്രണവുമായി ബന്ധപ്പെട്ട നിയമങ്ങൾ/ചട്ടങ്ങൾ പൊതുജനങ്ങൾ അറിയുന്നതിലേക്കും ടി നിയമങ്ങൾ/ചട്ടങ്ങൾ പാലിക്കുന്നതിന് അവരെ സന്നദ്ധരാക്കുന്നതിനും വേണ്ടിയുള്ള അവെയർനസ് ക്യാംപെയിന് രൂപംനൽകിയിട്ടുണ്ട്. കൂടാതെ, ശുചിത്വ മിഷന്റെ പിന്തുണയോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ താഴെപ്പറയുന്ന പദ്ധതികളും നടപ്പിലാക്കിവരുന്നു.

1.ഉറവിട മാലിന്യ സംസ്കരണ സംവിധാനം വീടുകളിലും സ്ഥാപനങ്ങളിലും കമ്മ്യൂണിറ്റി തലത്തിലും.

2. നിലവിലുള്ള പൊതു പ്ലാന്റുകളുടെ അറ്റകുറ്റപ്പണികളും അപ്ഗ്രഡേഷനും.

3. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി.

4. സ്ലോട്ടർ ഹൗസ്, ക്രിമറ്റോറിയം.

5. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ.

6. എല്ലാ വീടുകൾക്കും കക്കൂസ് സൗകര്യം, വൃത്തിയും വെടിപ്പുമുള്ള പൊതു ടോയ്ലറ്റ്.

7. പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് സംവിധാനങ്ങൾ.

8. പുനരുപയോഗ സാധ്യമായ സാധനങ്ങൾ പരമാവധി ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്നതിനും പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കാനുമുള്ള ക്യാംപെയിൻ, ബദൽ ഉല്പന്നങ്ങൾ ലഭ്യമാക്കൽ, ബദൽ ഉല്പന്ന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കൽ.

9. വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ.

10. ശേഷി വികസന പരിപാടികൾ.

(ബി) വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന സംരംഭകത്വ സഹായ പദ്ധതി പ്രകാരം എം.എസ്.എം.ഇ. മേഖലയിലെ ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്ന മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾക്ക് നിബന്ധനകൾക്ക് വിധേയമായി 15% സബ്സിഡി നൽകുന്നുണ്ട്. ബയോ ഡീഗ്രേഡബിൽ പ്ലാസ്റ്റിക് യൂണിറ്റ്, പ്ലാസ്റ്റിക് വേസ്റ്റ് ഇൻഡസ്ട്രീസ് തുടങ്ങിയ വ്യവസായ സംരംഭങ്ങളെ മുൻഗണനാ മേഖലയായി പരിഗണിച്ച് 10% അധിക ധനസഹായം സംരംഭകത്വ സഹായ പദ്ധതിയിൽ നൽകിവരുന്നു.

കൂടാതെ, മെച്ചപ്പെട്ട പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുന്നതിനായി നടപടികൾ സ്വീകരിക്കുകയും കാര്യക്ഷമമായ മലിനീകരണ നിയന്ത്രണ ഉപാധികൾ ഏർപ്പെടുത്തി പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുള്ള സ്ഥാപനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി മലിനീകരണ നിയന്ത്രണ ബോർഡ് എല്ലാ വർഷവും മലിനീകരണ നിയന്ത്രണ അവാർഡുകൾ ലോക പരിസ്ഥിതി ദിനത്തിൽ നൽകിവരുന്നു.

**മലിനീകരണ നിയന്ത്രണം**

215 (5411) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികൾ മലിനമാക്കുന്ന വ്യവസായ സ്ഥാപനങ്ങൾ കണ്ടെത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരം ചെറുകിട, വൻകിട വ്യവസായ സ്ഥാപനങ്ങൾക്കെതിരെ എപ്രകാരമുള്ള നടപടിയാണ് നിലവിൽ സ്വീകരിച്ചു വരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത്തരം വ്യവസായ സ്ഥാപനങ്ങളെ നിരീക്ഷിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ നദികളെ വ്യാവസായിക മലിനീകരണത്തിൽ നിന്ന് സംരക്ഷിക്കുന്നതിനും മലിനീകരണം നടത്തുന്ന വ്യവസായ സ്ഥാപനങ്ങളെ നിരീക്ഷിച്ച് യഥാസമയം നടപടിയെടുക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. മലിനീകരണ നിയന്ത്രണ ബോർഡ് വ്യവസായ സ്ഥാപനങ്ങൾക്ക് അനുമതി നൽകുമ്പോൾ തന്നെ അവ പുറന്തള്ളുന്ന മലിന വസ്തുവിലെ ഘടകങ്ങളുടെ അളവിന്റെ പരിധി നിശ്ചയിച്ചാണ് അനുമതി നൽകുന്നത്. ടി നിബന്ധന പാലിക്കുന്നുണ്ടോയെന്ന് പരിശോധന നടത്തുകയും

അപ്രകാരമല്ലാതെ മലിനവസ്തു പുറന്തള്ളുന്ന സ്ഥാപനങ്ങൾക്കെതിരായി ബോർഡ് നടപടിയെടുക്കാറുമുണ്ട്. പ്രശ്നപരിഹിരത്തിനായി ആവശ്യമായ സംവിധാനങ്ങൾ ഒരുക്കാൻ ബോർഡ് നിർദ്ദേശം നൽകാറുണ്ട്. ബോർഡിന്റെ നിർദ്ദേശങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ ക്ലോഷർ ഇന്റൻഷൻ നോട്ടീസുകളും ക്ലോഷർ ഓർഡറുകളും നൽകുന്നു. ബോർഡ് ക്ലോഷർ ഓർഡർ നൽകുന്ന സ്ഥാപനങ്ങൾക്കുള്ള ജലം, വൈദ്യുതി എന്നിവ വിച്ഛേദിക്കുവാൻ ബന്ധപ്പെട്ട അധികാരികൾക്കും നിർദ്ദേശം നൽകുന്നു. വ്യവസായ മേഖലയായ ഏലൂരിൽ ദിവസം മുഴുവൻ പ്രവർത്തിക്കുന്ന നിരീക്ഷണ ക്യാമറകൾ പെരിയാർ നദിയുടെ ഇരുകരകളിലായി സ്ഥാപിച്ചിട്ടുണ്ട്. ഇത് മാലിന്യങ്ങൾ നദിയിലേക്ക് പുറംതള്ളുന്നവർക്കെതിരെ നടപടി സ്വീകരിക്കാൻ സഹായിക്കുന്നു. കൂടാതെ താരതമ്യേന മലിനീകരണ സാധ്യത കൂടുതലുള്ള സ്ഥാപനങ്ങൾക്ക് തൽസമയ മോണിറ്ററിംഗ് സംവിധാനങ്ങൾ ബോർഡ് ഏർപ്പെടുത്തിവരുന്നു. സംസ്ഥാനത്തെ ജലസ്രോതസ്സുകൾ പരിശോധിച്ച് ബോർഡ് തയ്യാറാക്കുന്ന ജല ഗുണനിലവാര ഡയറക്ടറി വ്യാവസായിക മാലിന്യം ജലസ്രോതസ്സുകളിൽ കലരുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ ആയത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കാനും സഹായിക്കുന്നു. ബോർഡ് നൽകുന്ന അനുമതികളുടെ തുടർ പരിശോധനകൾ നടത്തുകയും പരാതികളിന്മേൽ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(സി) നടപടി സ്വീകരിക്കുന്നുണ്ട്. ടി നടപടികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്.

**വിധവാ വിവാഹ പ്രോത്സാഹന പദ്ധതി**

216 (5412) <u>ശ്രീ. എം. എം. മണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിധവാ വിവാഹ പ്രോത്സാഹന പദ്ധതി നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയുടെ പേര്, ഉദ്ദേശ്യലക്ഷ്യങ്ങൾ ഇവ സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) എത്ര രൂപയുടെ ധനസഹായമാണ് ഈ പദ്ധതിയിലൂടെ നൽകി വരുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, അപേക്ഷ സമർപ്പിക്കേണ്ട വിധം ഇവ സംബന്ധിച്ച വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വിധവാ വിവാഹ പ്രോത്സാഹന പദ്ധതി 'മംഗല്യ' എന്ന പേരിലാണ് അറിയപ്പെടുന്നത്. വിധവകളാകുന്ന സ്ത്രീകൾക്ക് കഴിവും പ്രാപ്തിയും സാമ്പത്തിക നിലയുമുള്ള അവസരത്തിൽ സംരക്ഷകർ ഉണ്ടായിരിക്കുകയും അവസാന നാളുകളിൽ അവരെ ആരും സംരക്ഷിക്കാനില്ലെന്ന അവസ്ഥ ഉടലെടുക്കുകയും ചെയ്യുന്ന അവസരത്തിൽ സ്ത്രീ ശാക്തീകരണവും പുനരധിവാസവും എന്ന ലക്ഷ്യത്തോടുകൂടി ആരംഭിച്ച പദ്ധതിയാണിത്.

(സി) 25,000/- രൂപയുടെ ധനസഹായം.

(ഡി) (i) ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ സംസ്ഥാനം അംഗീകരിച്ചിട്ടുള്ള ദാരിദ്ര്യ രേഖയിൽ താഴെയുള്ളവരായിരിക്കണം.

(ii) ഭർത്താവിന്റെ മരണംമൂലം വിധവയായവരും നിയമപ്രകാരം വിവാഹബന്ധം വേർപെടുത്തിയത് നിമിത്തം വിധവയ്ക്ക് സമാനമായി തീർന്നിട്ടുള്ള കുടുംബങ്ങളിൽപ്പെട്ട വനിതകളുമാണ് ഈ പദ്ധതിയുടെ പരിധിയിൽപ്പെടുന്നത്.

(iii) മേൽ വിഭാഗത്തിൽപ്പെട്ടവരിൽ 1-4-2007-ന് ശേഷം പുനർ വിവാഹം നടത്തിയിട്ടുള്ളവർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കും.

(iv) പുനർ വിവാഹം ബന്ധപ്പെട്ട വിവാഹ രജിസ്ട്രാർ മുമ്പാകെ രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റ് ഹാജരാക്കുന്നവർക്ക് മാത്രമേ ധനസഹായം ലഭിക്കുകയുള്ളൂ.

(v) 18-നും 50-നും മധ്യേ പ്രായമുള്ള വിധവകളുടെ പുനർ വിവാഹത്തിനാണ് ധനസഹായം നൽകുന്നത്.

(vi) അപേക്ഷകൾ താഴെപ്പറയുന്ന രേഖകൾ സഹിതം അപേക്ഷകർ താമസിക്കുന്ന ബ്ലോക്കിലെ ശിശു വികസന പദ്ധതി ഓഫീസർ മുഖേന ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ് :

1. ആദ്യ വിവാഹത്തിലെ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്.

2. വിവാഹ ബന്ധം വേർപെടുത്തിയത് സംബന്ധിച്ച കോടതി ഉത്തരവ്.

3. സംസ്ഥാനം അംഗീകരിച്ച ബി.പി.എൽ. ലിസ്റ്റിൽ അംഗമാണെന്നതിന് തെളിവ്.

4. അപേക്ഷകയുടെ ജനനത്തീയതി തെളിയിക്കുന്നതിനുള്ള മതിയായ രേഖ (സ്കൂൾ സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫക്കറ്റ് തുടങ്ങിയവ)

5. പുനർ വിവാഹം രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

## വയോജന കമ്മീഷൻ രൂപീകരണം

217 (5413) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതിർന്ന പൗരൻമാരുടെ ക്ഷേമകാര്യങ്ങൾ ഉറപ്പുവരുത്താനായി വയോജന കമ്മീഷൻ രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെ കാര്യങ്ങളാണ് കമ്മീഷന്റെ പരിഗണനയിൽ വരുക; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

## ആശ്വാസ കിരണം പദ്ധതി

218 (5414) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസ കിരണം പദ്ധതി പ്രകാരം എത്ര തുകയാണ് ജില്ലകൾ തോറും വിതരണം ചെയ്യേണ്ടതെന്ന് വെളിപ്പെടുത്തുമോ;

(ബി) പദ്ധതിയിൽ കുടിശികയായിട്ടുള്ള തുക വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) കൊല്ലം ജില്ലയിൽ പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റുന്നവരുടെ പട്ടിക ലഭ്യമാക്കുമോ?

ഉത്തരം

(എ)

| ക്രമ നമ്പർ | ജില്ല | തുക |
|---|---|---|
| 1 | 2 | 3 |
| 1. | തിരുവനന്തപുരം | 51,35,550 |
| 2. | കൊല്ലം | 35,94,072 |
| 3. | പത്തനംതിട്ട | 5,58,600 |
| 4. | ആലപ്പുഴ | 24,82,200 |
| 5. | കോട്ടയം | 19,72,425 |

| 1 | 2 | 3 |
|---|---|---|
| 6. | ഇടുക്കി | 7,36,575 |
| 7. | എറണാകുളം | 31,30,050 |
| 8. | തൃശ്ശൂർ | 28,03,500 |
| 9. | പാലക്കാട് | 33,41,100 |
| 10. | മലപ്പുറം | 43,82,700 |
| 11. | കോഴിക്കോട് | 42,70,875 |
| 12. | വയനാട് | 6,45,225 |
| 13. | കണ്ണൂർ | 25,54,125 |
| 14. | കാസർഗോഡ് | 42,70,875 |
| | ആകെ | 3,98,77,872 |

(ബി) 2016 ഫെബ്രുവരി വരെയുള്ള ധനസഹായം 2016 സെപ്റ്റംബറിൽ അനുവദിച്ചുകഴിഞ്ഞു. 2016 മാർച്ച് മുതലുള്ള കുടിശ്ശിക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കൊല്ലം ജില്ലയിൽ ആശ്വാസകിരണം പദ്ധതിയിൽ ഉൾപ്പെട്ട 4534 ഗുണഭോക്താക്കളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

## സാമൂഹ്യസുരക്ഷാ പെൻഷനുകൾ

219 (5415) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അഗതിമന്ദിരങ്ങൾ, വയോജന കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ അർഹരായ പല അന്തേവാസികൾക്കും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ലഭിക്കുന്നില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരത്തിൽ അർഹരായവരെ ഈ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദാംശം ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്തെ അഗതിമന്ദിരങ്ങൾ, വയോജന കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ അർഹരായ എല്ലാ അന്തേവാസികൾക്കും സാമൂഹിക സുരക്ഷാ പെൻഷൻ ലഭിക്കുന്നതിന് സർക്കാർ ആവശ്യമായ നടപടി സ്വീകരിക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) 30-1-2016-ലെ സ.ഉ.(എംഎസ്.) നമ്പർ 9/2016/സാനീവ. പ്രകാരം ഒരു ലക്ഷം രൂപ വരുമാനപരിധിക്കുള്ളിൽ കുടുംബ വാർഷിക വരുമാനം വരുന്നതും അനാഥ/അഗതി/വൃദ്ധ മന്ദിരങ്ങൾ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളുമായവർക്ക് വാർദ്ധക്യകാല പെൻഷന് അർഹതയുണ്ട്. ആയതിനാൽ സ്ഥാപനങ്ങളിലെ താമസക്കാർക്ക് വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട വൃദ്ധസദന സൂപ്രണ്ടുമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സ്കൂൾ കൗൺസിലർമാരുടെ ഓണറേറിയം**

220 (5416) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കൗൺസിലർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് ഏതെങ്കിലും അപേക്ഷകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) ബഹു. മന്ത്രിയുടെ ഓഫീസിൽ നിന്നും പ്രസ്തുത അപേക്ഷ എന്നാണ് വകുപ്പ് ഡയറക്ടർക്ക് നൽകിയതെന്നും ഇതു സംബന്ധിച്ച ഫയലിന്റെ നമ്പരും അറിയിക്കുമോ;

(സി) പ്രസ്തുത ഫയലിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; ഈ ഫയലിൽ നടപടി സ്വീകരിക്കുന്നതിൽ ഗുരുതരമായ വീഴ്ച സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത ഫയലിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങൾ, പേരുകൾ, തസ്തികകൾ, തീയതികൾ സഹിതം അറിയിക്കുമോ;

(ഇ) സ്കൂൾ കൗൺസിലർമാരുടെ ഓണറേറിയത്തിൽ അർഹമായ വർദ്ധന വരുത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സ്കൂൾ കൗൺസിലർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് അപേക്ഷ ലഭിച്ചിട്ടുണ്ട്. നിലവിൽ സ്കൂൾ കൗൺസിലർമാർക്ക് ലഭിക്കുന്ന ഓണറേറിയം 12,500 രൂപയിൽ നിന്നും ഐ.ഇ.ഡി. ടീച്ചർമാർക്ക് ലഭിക്കുന്ന ശമ്പളം ആക്കി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ടി അപേക്ഷയിൽ അഭ്യർത്ഥിച്ചിരിക്കുന്നത്.

(ബി) ആരോഗ്യ സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ ആഫീസിൽ നിന്നും 4-8-2016-നാണ് സാമൂഹ്യനീതി ഡയറക്ടർക്ക് ടി കത്ത് ലഭിച്ചിട്ടുള്ളത്. സാമൂഹ്യ നീതി ഡയറക്ടറേറ്റിലെ ഫയൽ നമ്പർ ഐ.സി.ഡി.എസ്./എ 6-1478/2016 ആണ്.

(സി) ഫയൽ നമ്പർ ഐ.സി.ഡി.എസ്./എ 6-1478/2016 പ്രകാരമുള്ള അപേക്ഷയിന്മേൽ 11-8-2016-ന് സെക്ഷൻ നടപടി സ്വീകരിച്ചിരുന്നു. കൗൺസിലർമാരുടെ ഓണറേറിയം 12,500 രൂപയിൽ നിന്നും 14,000 രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ 4-3-2016-ലെ ഐ.സി.ഡി.എസ്./എ 6-1478/2016 നമ്പരായ കത്ത് പ്രകാരം നൽകിയിരുന്നതി നാൽ ആയതിനുള്ള തീരുമാനമാകുന്ന മുറയ്ക്ക് പുതിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ തീരുമാനിക്കുകയുണ്ടായി. പ്രസ്തുത ഫയലിൽ ഗുരുതര വീഴ്ചയൊന്നും തന്നെ സംഭവിച്ചിട്ടില്ല.

(ഡി) ഐ.സി.ഡി.എസ്./എ 6-1478/2016 നമ്പർ ഫയൽ സെക്ഷൻ ക്ലാർക്കായ ശ്രീ. പ്രകാശ് കുമാർ 11-8-2016-ന് സൂപ്രണ്ടിന് സമർപ്പിക്കുകയും 12-8-2016-ന് സൂപ്രണ്ടായ ശ്രീമതി വത്സമ്മ, സ്റ്റേറ്റ് പ്രോഗ്രാം ഓഫീസറായ ശ്രീമതി ചിത്രലേഖയ്ക്ക് സമർപ്പിക്കുകയും ചെയ്തു. സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ 12-8-2016-ന് തന്നെ ജോയിന്റ് ഡയറക്ടറായ ശ്രീമതി ജലജയ്ക്ക് ഫയൽ സമർപ്പിച്ചു. ജോയിന്റ് ഡയറക്ടർ 16-8-2016 തീയതിയിൽ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറായ ശ്രീ. വി. എസ്. വേണുവിന് ഫയൽ സമർപ്പിച്ചു. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ ഫയൽ റിമാർക്സിനായി 17-8-2016-ന് സീനിയർ സൂപ്രണ്ടായ ശ്രീ. ബാഹുലേയൻ നായർക്ക് നൽകി. സീനിയർ സൂപ്രണ്ട് ഫയലിൽ റിമാർക്ക്സ് രേഖപ്പെടുത്തി 22-8-2016-ന് സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർക്ക് ഫയൽ മടക്കിനൽകി. തുടർന്ന് നിലവിൽ സ്കൂൾ കൗൺസിലർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ ഐ.സി.ഡി.എസ്./എ 6-1478/2016 നമ്പർ പ്രകാരം സർക്കാരിന് നൽകിയിട്ടുള്ളതിനാൽ ടി പ്രൊപ്പോസലിൽ തീരുമാനമാകുന്ന മുറയ്ക്ക് പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ സാമൂഹ്യനീതി ഡയറക്ടർ തീരുമാനിക്കുകയുണ്ടായി.

(ഇ) സൈക്കോ സോഷ്യൽ സർവ്വീസ് പദ്ധതി ആരംഭിക്കാൻ തീരുമാനിച്ച മുഴുവൻ സ്കൂളിലും പദ്ധതി നടപ്പിലാക്കിയശേഷം ക്ലിനിക്കുകളുടെ പ്രവർത്തനം, കൗൺസിലർമാരുടെ യോഗ്യത എന്നിവ പരിശോധിച്ചശേഷം സ്കൂൾ കൗൺസിലർ മാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**ചൈൽഡ് വെൽഫെയർ കമ്മിറ്റി പുനഃസംഘടിപ്പിക്കുന്നതിന് നടപടി**

221 (5417) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 ലെ കേരള ജുവനൈൽ ജസ്റ്റിസ് (Care and Protection of children) ചട്ടങ്ങൾ പ്രകാരം ചൈൽഡ് വെൽഫയർ കമ്മിറ്റിയുടെ കാലപരിധി എത്രയാണ്;

(ബി) ഇപ്പോൾ നിലവിലുള്ള ചൈൽഡ് വെൽഫയർ കമ്മിറ്റികൾ എത്രകാലമായി പ്രവർത്തിച്ചു വരുന്നുവെന്ന് അറിയിക്കാമോ;

(സി) ചൈൽഡ് വെൽഫയർ കമ്മിറ്റികളുടെ കാലപരിധി അവസാനിച്ചു വെങ്കിൽ പ്രസ്തുത കമ്മിറ്റികൾ പുനഃസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2014-ലെ കേരള ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻസ്) ചട്ടങ്ങൾ പ്രകാരം ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെ കാലാവധി മൂന്ന് വർഷമാണ്.

(ബി) നിലവിലുള്ള കമ്മിറ്റികളുടെ കാലാവധി സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ | രൂപീകരിക്കപ്പെട്ട തീയതി | സർക്കാർ ഉത്തരവ് നമ്പർ |
|---|---|---|---|
| 1. | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം | 27-12-2011 | ജി.ഒ.(പി) നമ്പർ 63/2011/എസ്. ഡബ്ല്യു.ഡി. തീയതി 27-12-2011 |
| 2. | ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് | 6-2-2013 | ജി.ഒ.(പി) നമ്പർ 13/2013/എസ്. ജെ.ഡി. തീയതി 6-2-2013 |
| 3. | കോഴിക്കോട്, വയനാട് | 14-6-2013 | ജി.ഒ.(പി) നമ്പർ 47/2013/എസ്. ജെ.ഡി. തീയതി 14-6-2013 |

പതിനാല് ജില്ലകളിലെയും ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെ കാലാവധി അവസാനിച്ചു. എന്നാൽ കാലാവധി തീർന്നാലും അടുത്ത കമ്മിറ്റി രൂപീകരിക്കപ്പെടുന്നതുവരെ നിലവിലെ കമ്മിറ്റിക്ക് തുടരാമെന്ന ചട്ടത്തെ [കേരള ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻസ് ] ചട്ടങ്ങൾ 2014-ലെ ചട്ടം 25) അടിസ്ഥാനമാക്കി ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ തുടർന്ന് പ്രവർത്തിച്ചുവരികയാണ്.

(സി) കാലാവധി കഴിഞ്ഞ ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## അംഗനവാടി ജീവനക്കാർക്ക് ശമ്പള വർദ്ധനവ്

222 (5418) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.സി.ഡി.എസ്. പ്രോജക്ടിനു കീഴിൽ പ്രവർത്തിക്കുന്ന അംഗനവാടി ജീവനക്കാർക്ക് അനുവദിച്ച ശമ്പള വർദ്ധനവ് പ്രസ്തുത ജീവനക്കാർക്ക് നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ; പ്രസ്തുത ജീവനക്കാർക്ക് എന്നു മുതൽ വർദ്ധിപ്പിച്ച വേതനം നൽകുമെന്ന് അറിയിക്കാമോ?

### ഉത്തരം

(എ&ബി) 25-2-2016-ലെ സ.ഉ.(എംഎസ്.) നമ്പർ 21/2016/സാനീവ. പ്രകാരം അംഗൻവാടി വർക്കർമാരുടെ പ്രതിമാസ ഓണറേറിയം 10,000 രൂപയായും അംഗൻവാടി ഹെൽപ്പറുടെ ഓണറേറിയം 7,000 രൂപയായും വർദ്ധിപ്പിക്കുന്നതിനും 16-2-2016-ലെ സ.ഉ.(സാധാ.) നമ്പർ 636/2016/തസ്വഭവ. 25-2-2016-ലെ സ.ഉ.(എംഎസ്.) നമ്പർ 21/2016/സാനീവ. എന്നീ ഉത്തരവുകൾ പ്രകാരം ടി തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിനും ഉത്തരവായിരുന്നു. എന്നാൽ ടി തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമല്ലാത്തതിനാൽ വർദ്ധനവ് ഫലപ്രദമായി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. 2016-17 സാമ്പത്തിക വർഷത്തിലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ അംഗൻവാടി ജീവനക്കാരുടെ ഓണറേറിയത്തിന്റെ 50 ശതമാനം സർക്കാരും ശേഷിക്കുന്ന 50 ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വഹിക്കണമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ അംഗൻവാടി പ്രവർത്തകരുടെ വർദ്ധിപ്പിച്ച ഓണറേറിയം നൽകുന്നതിന് ആകെ ആവശ്യമായ തുകയുടെ 50 ശതമാനം തുകയായ 1,44,81,92,400 രൂപ സാമൂഹ്യനീതി വകുപ്പിന്റെ വിഹിതമായി 30-8-2016-ലെ സ.ഉ.(സാധാ.) നമ്പർ 409/2016/സാനീവ. പ്രകാരം അനുവദിച്ച് ഉത്തരവായിരുന്നു. 2016 ആഗസ്റ്റ് മാസം മുതൽ വർദ്ധിപ്പിച്ച ഓണറേറിയം നൽകുന്നതിനും 1-4-2016 മുതലുള്ള കുടിശ്ശിക തുടർന്ന് മാറി നൽകുന്നതിനും സാമൂഹ്യനീതി ഡയറക്ടർ 1-9-2016-ലെ ഉത്തരവ് നമ്പർ ഐ.സി.ഡി.എസ്. ബി6-5820/2016 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**വയോമിത്രം പദ്ധതി**

223 (5419) ശ്രീ. കെ. മുരളീധരൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോമിത്രം പദ്ധതി ത്രിതല പഞ്ചായത്തുകളിൽ കൂടി നടപ്പിലാക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സം നിലവിലുണ്ടോ;

(ബി) ത്രിതല പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയുമായി സംയോജിപ്പിച്ച് ഈ പദ്ധതി നടപ്പിലാക്കുന്നതിന് നിലവിലുള്ള മാർഗ്ഗനിർദ്ദേശപ്രകാരം സാധിക്കുമോ;

(സി) ഇല്ലെങ്കിൽ ഈ സാങ്കേതിക തടസ്സം മറികടന്ന് ത്രിതല പഞ്ചായത്തുകളിൽ കൂടി ഈ പദ്ധതി നടപ്പിലാക്കുമോ?

ഉത്തരം

(എ) തടസ്സമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) വയോമിത്രം പദ്ധതി കോർപ്പറേഷൻ/മുനിസിപ്പാലിറ്റി പ്രദേശത്ത് മാത്രമാണ് നടപ്പാക്കാൻ 2011-ൽ ഉത്തരവായിരുന്നത്. ടി പദ്ധതി 2014 മുതൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കിവരുന്നു. 6-5-2013-ലെ സ.ഉ. (സാധാ.) നമ്പർ 1209/2013/തസ്വഭവ. ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള തുക കേരള സാമൂഹ്യ സുരക്ഷാ മിഷന് പ്രസ്തുത പദ്ധതി നടത്തിപ്പിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകിവരുന്നു. ടി പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി നിലവിൽ 44 നഗരസഭകളിൽ പദ്ധതി നടപ്പാക്കിവരുന്നു. പദ്ധതി എല്ലാ മുനിസിപ്പാലിറ്റിയിലും ആരംഭിക്കുന്നതിനുവേണ്ട നടപടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ സ്വീകരിച്ചുവരുന്നു. ഉത്തരവുകളിൽ നിഷ്ക്കർഷിക്കുന്ന തരത്തിൽ തുക ലഭ്യമാക്കുന്ന ബ്ലോക്ക്/പഞ്ചായത്തുകളിൽ വയോമിത്രം പദ്ധതി ആരംഭിക്കുന്നത് പരിഗണിക്കുന്നതാണ്.

**സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത അംഗൻവാടികൾ**

224 (5420) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൻമാറ നിയോജക മണ്ഡലത്തിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത എത്ര അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം നൽകുമോ;

(ബി) ഈ അംഗൻവാടികൾക്ക് സ്വന്തമായി സ്ഥലം ലഭിക്കുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനുമായി വകുപ്പ് തലത്തിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നെൻമാറ നിയോജക മണ്ഡലത്തിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത 29 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. വിശദാംശം അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

(ബി) സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നതിന് വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടികൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്.+

**കോഴിക്കോട് ഇംഹാൻസ്**

225 (5421) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സൗജന്യ ചികിത്സയും മരുന്നും നൽകുന്ന കോഴിക്കോട് ഇംഹാൻസിൽ നിന്നും ഇപ്പോൾ മരുന്നുകൾ ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇംഹാൻസിൽ നിന്നും അവശ്യമരുന്നുകൾ മുടക്കമില്ലാതെ ലഭിക്കാനും ചികിത്സകൾ സൗജന്യമായി നൽകാനും നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇംഹാൻസ് നടത്തുന്ന സാമൂഹ്യ/ജില്ലാ മാനസികാരോഗ്യ പദ്ധതിയിലൂടെ സൗജന്യ ചികിത്സയും മരുന്നും നൽകുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽനിന്നും മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**അംഗൻവാടി ജീവനക്കാരുടെ പെൻഷൻ മാനദണ്ഡം**

226 (5422) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അംഗൻവാടി ടീച്ചർമാർക്കും ഹെൽപ്പർമാർക്കും വിരമിക്കൽ പ്രായം നിശ്ചയിച്ചിട്ടുണ്ടോ ; ഇവരുടെ പെൻഷൻ സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡം വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

ഉണ്ട്. അംഗൻവാടി പ്രവർത്തകർക്ക് പെൻഷൻ അനുവദിക്കുന്നതിന്റെ മാനദണ്ഡം ചുവടെ ചേർക്കുന്നു:

1. കേരള അംഗൻവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധിയിൽ അംഗമായിട്ടുള്ളവർക്ക് മാത്രമേ പെൻഷന് അർഹതയുള്ളൂ.

2. പ്രസ്തുത അംഗം ക്ഷേമനിധി വിഹിതം അടയ്ക്കുന്നതിൽ മുടക്കം വരുത്താൻ പാടില്ലാത്തതാകുന്നു.

3. അംഗൻവാടി വർക്കർ/ഹെൽപ്പർ ആയി കുറഞ്ഞത് 10 വർഷക്കാലം സേവനം ചെയ്തിട്ടുള്ളവർക്കാണ് നിലവിൽ പെൻഷൻ നൽകിവരുന്നത്. ഇപ്രകാരമുള്ള സേവനത്തിൽ ബാലവാടികളിലെ സേവനവും കണക്കിലെടുക്കുന്നതാണ്.

4. അംഗൻവാടി ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുന്നതിനായി ടിയാൾക്ക് 62 വയസ്സാകുന്ന ദിവസം ടിയാൾ സർവ്വീസിൽ ഉണ്ടായിരിക്കേണ്ടതാണ്.

**കുട്ടികളുടെ ശ്രദ്ധയ്ക്കും സംരക്ഷണത്തിനും പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ**

227 (5423) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-ലെ കേരള ജുവനൈൽ ജസ്റ്റീസ് (care and protection of children) ചട്ടങ്ങൾ പ്രകാരം കുട്ടികളുടെ ശ്രദ്ധയ്ക്കും സംരക്ഷണത്തിനുമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യണമെന്ന വ്യവസ്ഥ നിലവിലുണ്ടോയെന്നും ഉണ്ടെങ്കിൽ ഇതേവരെ കേരളത്തിൽ എത്ര സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും രജിസ്റ്റർ ചെയ്യുന്നതിന് എന്തെങ്കിലും കാലപരിധി നിശ്ചയിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ബി) ഇതേവരെ രജിസ്റ്റർ ചെയ്യാത്ത സ്ഥാപനങ്ങൾക്കെതിരെ എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2000-ലെ ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ട്, 2014-ലെ ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ചട്ടങ്ങളിലെ ചട്ടം 36 1(a) പ്രകാരവും കുട്ടികളുടെ ശ്രദ്ധയും സംരക്ഷണത്തിനുമായി പ്രവർത്തിക്കുന്ന എല്ലാ ചിൽഡ്രൻസ് ഹോമുകളും രജിസ്റ്റർ ചെയ്യണമെന്ന് വ്യവസ്ഥയുണ്ട്.

അപ്രകാരം കേരളത്തിൽ മൂന്ന് സ്ഥാപനങ്ങൾക്ക് മാത്രമേ ജെ. ജെ. രജിസ്ട്രേഷൻ നൽകിയിട്ടുള്ളൂ. അവയുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. ചിൽഡ്രൻസ് ഹോം, മയ്യനാട് ഗ്രാമപഞ്ചായത്ത്, കൊല്ലം.

2. അഞ്ജനം ചിൽഡ്രൻസ് ഹോം, ക്വയിലോൺ സോഷ്യൽ സർവ്വീസ് സൊസൈറ്റി, ഫാത്തിമ റോഡ്, കൊല്ലം.

3. സെന്റ്. വിൻസെന്റ് ഗേൾസ് ഹോം, കോൺവെന്റ് റോഡ്, കോഴിക്കോട്.

2015-ലെ ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ടിലെ വകുപ്പ് 41 പ്രകാരം 2016 ജനുവരി 15 മുതൽ 6 മാസത്തിനുള്ളിൽ രജിസ്റ്റർ ചെയ്തിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിരുന്നു.

എന്നാൽ ചില ഓർഫനേജ് അധികൃതരും അവരുടെ സംഘടനയും ബഹു. ഹൈക്കോടതി മുൻപാകെ സമർപ്പിച്ച പരാതികളുടെ അടിസ്ഥാനത്തിൽ WP(c) No.13869/2016 & WP(c) No.14858/2016 7-4-2016 മുതൽ 3 മാസ കാലത്തേയ്ക്ക് തൽസ്ഥിതി തുടരേണ്ടതാണെന്ന് ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പിന്നീട് WP(C) No.13869/2016(G) dated 7-7-2016 ഉത്തരവ് പ്രകാരം രജിസ്ട്രേഷൻ എടുക്കുന്നതിന്റെ സമയപരിധി നാല് മാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ചുകൊണ്ട് ബഹു. കേരളാ ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിരിക്കുകയാണ്.

(ബി) 2015 ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ടിലെ സെക്ഷൻ 41 പ്രകാരം രജിസ്റ്റർ ചെയ്യുണമെന്ന വ്യവസ്ഥ 2016 നവംബർ 7-ാം തീയതി വരെ ബഹു. ഹൈക്കോടതിയുടെ സ്റ്റേ നിലനിൽക്കുകയാണ്.

സമയപരിധിക്കുള്ളിൽ രജിസ്ട്രേഷനുള്ള നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് ഒരു വർഷം വരെയുള്ള തടവോ ഒരു ലക്ഷം രൂപയിൽ കുറയാത്ത ഫൈനോ രണ്ടും കൂടിയോ ശിക്ഷ ലഭിക്കാവുന്നതാണ്. (2015 ജുവനൈൽ ജസ്റ്റിസ് ആക്ടിലെ സെക്ഷൻ 42). കൂടാതെ രജിസ്ട്രേഷന് അപേക്ഷിക്കുവാൻ താമസിക്കുന്ന ഓരോ 30 ദിവസവും പ്രത്യേക കുറ്റമായി പരിഗണിക്കുന്നതുമാണ്.

**ആശ്വാസകിരൺ പദ്ധതി**

228 (5424) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസകിരൺ പദ്ധതി പ്രകാരം രോഗികൾക്കും അവരുടെ ആശ്രിതർക്കും നൽകിവരുന്ന ഓണറേറിയം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ; ഇവരുടെ നിലവിലുള്ള ഓണറേറിയം എത്രയാണ്;

(ബി) കിടപ്പ് രോഗികളെ പരിചരിക്കുന്നതിന് രോഗികളുടെ ആശ്രിതർക്ക് സർക്കാർ ധനസഹായം നൽകുന്നുണ്ടോ; ഇതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ; ഇത്തരം രോഗികളുടെ ആശ്രിതർ ആർക്കാണ് അപേക്ഷ കൊടുക്കേണ്ടത്; ഇതിന് പ്രത്യേക അപേക്ഷ ഫോം നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ആശ്വാസ കിരണം പദ്ധതി പ്രകാരം മാനസിക, ശാരീരിക വെല്ലുവിളികൾ നേരിടുന്നവരെയും 100% അന്ധത ബാധിച്ചവരെയും കിടപ്പിലായ രോഗികളെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ളവരെയും പരിചരിക്കുന്നവർക്ക് പ്രതിമാസം 525 രൂപ നിരക്കിൽ നൽകിവന്നിരുന്നത് 21-10-2016 മുതൽ 600 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) കിടപ്പ് രോഗികളെ പരിചരിക്കുന്നതിന് ആശ്വാസകിരണം പദ്ധതി പ്രകാരം രോഗികളുടെ ആശ്രിതർക്ക് സർക്കാർ ധനസഹായം നൽകുന്നുണ്ട്. താഴെപ്പറയുന്നവയാണ് ടി പദ്ധതിയുടെ മാനദണ്ഡങ്ങൾ:

1. കുടുംബ വാർഷിക വരുമാനം മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ 22,375 രൂപയും പഞ്ചായത്തുകളിൽ 20,000 രൂപയും വരെ.

2. മാനസിക രോഗികൾ, ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം ഇവ ബാധിച്ചവരുടെ കാര്യത്തിൽ വരുമാനപരിധി ബാധകമല്ല.

3. വരുമാനം തെളിയിക്കുന്ന അറ്റസ്റ്റ് ചെയ്ത ബി.പി.എൽ. റേഷൻ കാർഡ്/വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് രോഗിയുടെ പേരിൽ ഹാജരാക്കണം.

4. അപേക്ഷയോടൊപ്പമുള്ള നിർദ്ദിഷ്ട മാതൃകയിൽ സർക്കാർ ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് വേണം.

5. വിധവ, വാർദ്ധക്യ, കർഷക തൊഴിലാളി തുടങ്ങി മറ്റ് ക്ഷേമ പെൻഷനുകൾ ലഭിക്കുന്നത് ആശ്വാസകിരണം പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് തടസ്സമല്ല.

രോഗികളുടെ ആശ്രിതർ ആശ്വാസകിരണം പദ്ധതിയുടെ നിശ്ചിത അപേക്ഷാ ഫോറത്തിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ, ശിശുവികസന പദ്ധതി ഓഫീസർ എന്നിവരുടെ ശിപാർശ സഹിതം സാമൂഹ്യ സുരക്ഷാ മിഷന് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ആശ്വാസകിരണം പദ്ധതിക്ക് പ്രത്യേക അപേക്ഷാഫോറം നിലവിലുണ്ട്. ആയതിന്റെ കോപ്പി അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഡിസെബിലിറ്റി സർട്ടിഫിക്കറ്റിന് കാലതാമസം

229 (5425) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗപരിമിതർക്ക് ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിൽ മെഡിക്കൽ ബോർഡിൽ കാലതാമസം ഉണ്ടാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന മെഡിക്കൽ ബോർഡിന്റെ ഘടനയും ബോർഡിൽ ചുമതല നിർവ്വഹിക്കുന്ന ഡോക്ടർമാരുടെ വിശദാംശവും ലഭ്യമാക്കാമോ;

(സി) കോഴിക്കോട് ജില്ലയിൽ വിവിധ താലൂക്കാശുപത്രികളിൽ സമർപ്പിക്കപ്പെട്ട, ഡിസെബിലിറ്റി സർട്ടിഫിക്കറ്റിനുള്ള എത്ര അപേക്ഷകൾ തീർപ്പാകാതെയുണ്ടെന്ന് വിശദമാക്കാമോ; പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജി.ഒ.(പി) 161/97/എച്ച്&എഫ്.ഡബ്ല്യു. തിരുവനന്തപുരം തീയതി 15-5-1997 പ്രകാരം കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന മെഡിക്കൽ ബോർഡിന്റെ ഘടന താഴെ കൊടുക്കുന്നു:

ചെയർമാൻ - ബന്ധപ്പെട്ട സ്ഥാപനത്തിലെ മേലധികാരി

അംഗങ്ങൾ - 1. പീഡിയാട്രിസ്റ്റ്

2. ഓർത്തോ പീഡീഷ്യൻ

3. ഒഫ്ത്താൽമോളജിസ്റ്റ്

4. ഇ.എൻ.ടി. സർജൻ

5. സൈക്യാട്രിസ്റ്റ്.

(സി) കോഴിക്കോട് ജില്ലയിലെ താലൂക്ക് ആശുപത്രികളിൽ സമർപ്പിക്കപ്പെട്ട ഡിസെബിലിറ്റി സർട്ടിഫിക്കറ്റിനുള്ള 138 അപേക്ഷകൾ ആകെ തീർപ്പാക്കാനുണ്ട്. പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

## വൃദ്ധജനങ്ങളുടെ സുരക്ഷ

230 (5426) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വയോജനങ്ങളുടെ എണ്ണം വർദ്ധിക്കുന്നതും അവർക്കാവശ്യമായ മാനസികവും ശാരീരികവുമായ പരിചരണം, സാമ്പത്തിക സഹായം എന്നിവ നൽകുന്നതിന് ബന്ധുക്കൾ തയ്യാറാകാതിരിക്കുന്നതും പരിഗണിച്ച്, അവരുടെ ക്ഷേമത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വൃദ്ധജനങ്ങളുടെ സുരക്ഷയ്ക്ക് മക്കൾ തയ്യാറാകാതിരുന്നാൽ അവരെ പുനരധിവസിപ്പിക്കുന്നതിന് തയ്യാറാകുമോയെന്ന് അറിയിക്കാമോ;

(സി) വൃദ്ധസദനങ്ങളിൽ അന്തേവാസികൾക്ക് മതിയായ ശ്രദ്ധ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്; ആയത് ഫലപ്രദമായി നടക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ബന്ധുക്കൾ സംരക്ഷിക്കാൻ തയ്യാറാകാത്ത വയോജനങ്ങളെ സംരക്ഷിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിൻകീഴിൽ 16 ഗവൺമെന്റ് വൃദ്ധസദനങ്ങളും ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ സന്നദ്ധ സംഘടനകൾ നടത്തുന്ന 566 വൃദ്ധസദനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഗവൺമെന്റ് വൃദ്ധസദനങ്ങളിൽ 60 വയസ് കഴിഞ്ഞവർക്ക് വരുമാന പരിധിയുടെ അടിസ്ഥാനത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ നൽകിവരുന്നുണ്ട്. 60 വയസ് കഴിഞ്ഞവർക്ക് 1000 രൂപയും 75 വയസ് കഴിഞ്ഞവർക്ക് 1500 രൂപയുമാണ് നിലവിൽ പെൻഷനായി നൽകിവരുന്നത്. താമസം, ഭക്ഷണം, മരുന്ന്, വസ്ത്രം എന്നിവ സൗജന്യമായി താമസക്കാർക്ക് അനുവദിക്കുന്നുണ്ട്. കൂടാതെ ഭാരതീയ ചികിത്സാ വകുപ്പിന്റെ സഹകരണത്തോടെ വയോ അമൃതം എന്ന ആയുർവ്വേദ ചികിത്സാ പദ്ധതി നടപ്പിലാക്കിവരുന്നു. കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി വയോമിത്രം എന്ന പദ്ധതിയും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. 65 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് മൊബൈൽ കെയർ യൂണിറ്റ്, പാലിയേറ്റീവ് കെയർ, സൗജന്യ ആംബുലൻസ് സേവനം, ഹെൽപ്പ് ഡെസ്ക്, മൊബൈൽ ക്ലിനിക് എന്നീ സൗകര്യങ്ങൾ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ഈ പദ്ധതിയിലൂടെ ലഭ്യമാക്കുന്നുണ്ട്.

ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള വയോജന ആരോഗ്യ പദ്ധതി പ്രകാരം ആശുപത്രികളിൽ വയോജന ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും സൗജന്യ ചികിത്സ നൽകുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിവിധ സർക്കാർ ഇൻഷ്വറൻസ് പദ്ധതികളും ആരോഗ്യ വകുപ്പിന്റെ സ്ഥാപനങ്ങളിലൂടെ വൃദ്ധ ജനങ്ങളുടെ ചികിത്സാ ചെലവ് കുറയ്ക്കുന്നതിനായി പ്രയോജനപ്പെടുത്തിവരുന്നു. സാന്ത്വന ചികിത്സാ പദ്ധതിയിലൂടെ നിരാലംബരും ശയ്യാവലംബരുമായ രോഗികൾക്ക് ഭവന സന്ദർശനത്തിലൂടെയും ആശുപത്രികളിലൂടെയും സൗജന്യ സേവനം നൽകിവരുന്നു. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ നിയന്ത്രണത്തിലുള്ള വൃദ്ധസദനങ്ങളിൽ സർക്കാർ ഗ്രാന്റിന് അനുമതിയുള്ള സ്ഥാപനങ്ങൾക്ക് ഒരു അന്തേവാസിക്ക് 1000 രൂപ നിരക്കിൽ പ്രതിമാസ ഗ്രാന്റ് നൽകുന്നു. ആരോഗ്യ ശുശ്രൂഷയുടെ ഭാഗമായി എല്ലാ മാസവും സ്ഥലത്തെ മെഡിക്കൽ ഓഫീസറുടെ (അലോപ്പതി, ആയുർവ്വേദം, ഹോമിയോപ്പതി) സൗജന്യ വൈദ്യ പരിശോധന ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ സ്ഥാപനങ്ങൾക്ക് ബി.പി.എൽ. നിരക്കിൽ റേഷൻ നൽകുന്നു.

(ബി) മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും പരിരക്ഷയും സംബന്ധിച്ച നിയമം 2007 പ്രകാരം മാതാപിതാക്കളെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം മക്കൾക്കും മക്കളില്ലാത്തയാളാണെങ്കിൽ ബന്ധുവിനുമാണ്. മക്കൾക്ക് മാതാപിതാക്കളെ സംരക്ഷിക്കാനുള്ള ഒരു സാഹചര്യവുമില്ലാത്ത ഘട്ടത്തിൽ മാത്രമേ സ്ഥാപനപരമായ സംരക്ഷണം പ്രോത്സാഹിപ്പിക്കപ്പെടാറുള്ളൂ.

(സി) വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് മതിയായ ശ്രദ്ധയും സംരക്ഷണവും ലഭിക്കുന്നുണ്ടോയെന്ന് വിലയിരുത്തുന്നതിന് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ക്ഷേമ സ്ഥാപനങ്ങളുടെ ശരിയായ ഭരണ നിർവ്വഹണത്തിനും പ്രവർത്തനങ്ങൾക്കുംവേണ്ടി വ്യക്തവും പ്രായോഗികവുമായ നടപടിക്രമങ്ങളും വ്യവസ്ഥകളും മാർഗ്ഗനിർദ്ദേശങ്ങളുമടങ്ങുന്ന ഒരു മാനേജ്മെന്റ് മാന്വൽ തയ്യാറാക്കിയിട്ടുണ്ട്. മാനേജ്മെ ന്റ് കമ്മിറ്റികളിൽ സ്ഥാപനത്തിലെ താമസക്കാരുടെ പ്രശ്നങ്ങൾ വിലയിരുത്തി അവർക്ക് മതിയായ ശ്രദ്ധയും സംരക്ഷണവും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ നിയന്ത്രണത്തിലുള്ള വൃദ്ധസദനങ്ങളിൽ ഗ്രാന്റ് നൽകുന്നതിന്റെ ഭാഗമായി ജില്ലാ സാമൂഹ്യനീതി ഓഫീസർ, ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ സ്ഥാപനങ്ങളിൽ പരിശോധന നടത്തി പ്രവർത്തനം വിലയിരുത്തുന്നു. ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ സ്ഥാപനം സന്ദർശിച്ച് അന്തേവാസികൾക്ക് ആരോഗ്യ സേവനം നൽകുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥർ, ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള ജില്ലാ തല മോണിറ്ററിംഗ് കമ്മിറ്റിയും ഇത്തരം സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങളെ നിരീക്ഷിക്കുന്നു.

## ഭിന്നശേഷിയുള്ള ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി

231 (5427) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ജോലി ചെയ്തുകൊണ്ടിരിക്കെ, പി.എസ്.സി. നിയമനം നടന്ന കാരണത്താൽ, 179 ദിവസം പൂർത്തിയാക്കാൻ കഴിയാതെ 160 ദിവസം മാത്രം ജോലി ചെയ്ത് പിരിഞ്ഞുപോയ ഭിന്നശേഷിയുള്ള ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ;

(ബി) തങ്ങളുടേതല്ലാത്ത കാരണത്താൽ നിർബന്ധമായി പിരിഞ്ഞ് പോകേണ്ടിവന്ന പ്രസ്തുത ഉദ്യോഗാർത്ഥികളെ, സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തി നിയമിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 1-1-1993 മുതൽ 31-12-2003 വരെ കാലയളവിൽ താൽക്കാലികമായി 179 ദിവസം സേവനമനുഷ്ഠിച്ച അംഗപരിമിതർക്ക് സ്ഥിരനിയമനം നൽകിവരുന്നു. 179 ദിവസം പൂർത്തിയാക്കാൻ കഴിയാത്തവരെ സ്ഥിരപ്പെടുത്തുന്ന വിഷയം പരിഗണനയിലില്ല.

## സെറിബ്രൽപാൾസി രോഗം

232 (5428) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സെറിബ്രൽപാൾസി രോഗം ബാധിച്ച കുട്ടികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നിലവിൽ സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നത്; വിശദവിവരം നൽകുമോ?

ഉത്തരം

സെറിബ്രൽപാൾസി ഉൾപ്പെടെയുള്ള എല്ലാ അംഗപരിമിതരായ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് അനുവദിക്കുന്നുണ്ട്. സെറിബ്രൽപാൾസി ചികിത്സയിലുള്ള അംഗപരിമിതർക്ക് ചികിത്സാ ധനസഹായമായി കോർപ്പസ് ഫണ്ടിൽ നിന്നുള്ള പലിശയിനത്തിൽ നിന്നും പരമാവധി 5000 രൂപ അനുവദിക്കുന്നു. നാഷണൽ ട്രസ്റ്റ് ആക്ട് 1999-ന്റെ വ്യവസ്ഥകൾ പ്രകാരം സെറിബ്രൽപാൾസി രോഗബാധിതരായ കുട്ടികളുടെ സംരക്ഷണത്തിനായി ലീഗൽ ഗാർഡിയൻഷിപ്പ് സർട്ടിഫിക്കറ്റ് നൽകിവരുന്നു.

സെറിബ്രൽപാൾസി രോഗം ബാധിച്ച കുട്ടികളെ പരിചരിക്കുന്നയാൾക്ക് ആശ്വാസകിരണം പദ്ധതിയിലൂടെ 525 രൂപ നിരക്കിൽ പ്രതിമാസ ധനസഹായം നൽകിവരുന്നു.

സെറിബ്രൽപാൾസിമൂലം ചലനവൈകല്യമുള്ള രോഗം ബാധിച്ച കുട്ടികൾക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കിവരുന്ന വൈകല്യ നിർണ്ണയ ക്യാമ്പിലൂടെ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും തൽസമയം നൽകിവരുന്നു.

സെറിബ്രൽപാൾസി രോഗം ബാധിച്ച കുട്ടികൾക്ക് വിവിധ തെറാപ്പികളും വിദ്യാഭ്യാസവും നൽകുന്ന സ്ഥാപനമായ തൃശ്ശൂർ ഇരിങ്ങാലക്കുടയിലെ National Institute of Physical Medicine & Rehabilitation-ലെ ഭൗതിക സാഹചര്യം ഒരുക്കുന്നതിനുള്ള ധനസഹായം കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നൽകിവരുന്നു. കൂടാതെ സെറിബ്രൽപാൾസി രോഗം ബാധിച്ച കുട്ടികൾക്ക് കേരളത്തിലെ തെരഞ്ഞെടുത്ത ആശുപത്രികളിലൂടെ സൗജന്യ ചികിത്സ താലോലം എന്ന പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നു. സൗജന്യ ചികിത്സ നടപ്പിലാക്കിവരുന്ന ആശുപത്രികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

1. റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം.
2. എസ്.സി.റ്റി.ഐ.എം.എസ്.റ്റി., തിരുവനന്തപുരം.
3. എസ്.എ.റ്റി. ആശുപത്രി, തിരുവനന്തപുരം.
4. ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം.
5. ഗവ. മെഡിക്കൽ കോളേജ്, കോട്ടയം.
6. ഐ.എം.സി.എച്ച്., കോട്ടയം.
7. ഗവ. മെഡിക്കൽ കോളേജ്, തൃശ്ശൂർ.
8. ഗവ. ചെസ്റ്റ് ഹോസ്പിറ്റൽ, തൃശ്ശൂർ.
9. ഗവ. മെഡിക്കൽ കോളേജ്, കോഴിക്കോട്.
10. ഐ.എം.സി.എച്ച്., കോഴിക്കോട്.
11. ഗവ. മെഡിക്കൽ കോളേജ്, എറണാകുളം.
12. പരിയാരം സഹകരണ ആശുപത്രി, കണ്ണൂർ.
13. മലബാർ ക്യാൻസർ സെന്റർ, കണ്ണൂർ.

14. ജനറൽ ഹോസ്പിറ്റൽ, ആലുവ.

15. ICCONS, ഷൊർണ്ണൂർ.

16. ICCONS, തിരുവനന്തപുരം.

17. ഗവ. മെഡിക്കൽ കോളേജ്, മഞ്ചേരി.

18. ഗവ. മെഡിക്കൽ കോളേജ്, ആലപ്പുഴ.

**അംഗപരിമിതർക്ക് പൊതുശൗചാലയങ്ങൾ**

233 (5429) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗപരിമിതർക്ക് പൊതു ശൗചാലയങ്ങൾ, പൊതു സംവിധാനങ്ങൾ എന്നിവ ഉപയോഗിക്കുന്നതിന് സാധിക്കാത്ത സാഹചര്യമാണ് സംസ്ഥാനത്ത് നിലവിലുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതു സ്ഥലങ്ങളിലേയും ബസ്സ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ, സ്കൂളുകൾ, കോളേജുകൾ തുടങ്ങിയ സ്ഥലങ്ങളിലേയും പൊതു ശൗചാലയങ്ങൾ അംഗപരിമിതർക്ക് കൂടി ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ സംവിധാനം ഏർപ്പെടുത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) ഇതിനായി പ്രത്യേക പദ്ധതി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം നിർമ്മിക്കുന്ന എല്ലാ സർക്കാർ കെട്ടിടങ്ങളിലും അംഗപരിമിതർക്കുകൂടി ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ റാമ്പുകൾ, ടോയ്ലെറ്റുകൾ, പാർക്കിംഗ് സൗകര്യങ്ങൾ തുടങ്ങിയവ നിർമ്മിക്കുന്നുണ്ട്. കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇതനുസരിച്ച് മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

**അംഗൻവാടികളിൽ നിയമനത്തിനായി തയ്യാറാക്കിയ റാങ്ക് ലിസ്റ്റ്**

234 (5430) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറഡുക്ക ബ്ലോക്കിന് കീഴിൽ വരുന്ന മൂളിയാർ, ബേഡഡുക്ക, കുറ്റിക്കോൽ, പഞ്ചായത്തുകളിലെ അംഗൻവാടികളിൽ വർക്കർമാരുടെയും ഹെൽപ്പർമാരുടെയും നിയമനത്തിനായി തയ്യാറാക്കിയ റാങ്ക് ലിസ്റ്റ്, മുൻപരിചയം പൂർണ്ണമായി കണക്കാക്കാതെ തയ്യാറാക്കിയതാണെന്നുള്ള പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) എങ്കിൽ ആയത് പരിശോധിച്ച് മുൻപരിചയം പൂർണ്ണമായി കണക്കിലെടുത്ത് പ്രസ്തുത ലിസ്റ്റ് പുതുക്കി തയ്യാറാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ബേഡഡുക്ക പഞ്ചായത്തിലെ ഒരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബേഡഡുക്ക പഞ്ചായത്തിലെ സമാഹൃത സീനിയോറിറ്റി ലിസ്റ്റിലെ 8-ാം നമ്പരുകാരിയും 6-1-2007-ലെ സ.ഉ.(എംഎസ്.) നമ്പർ 02/07/സാക്ഷേവ. പ്രകാരം നിലവിൽ വന്ന സീനിയോറിറ്റി ലിസ്റ്റിലെ 18-ാം നമ്പരുകാരിയും നിയമനം ലഭിക്കുവാൻ ബാക്കിയുള്ളവരിലെ രണ്ടാമത്തെ ആളുമായ ശ്രീമതി സുജാത കെ. 2007-ലെ സീനിയോരിറ്റി ലിസ്റ്റ് നിലവിൽ വന്നശേഷമുള്ള തന്റെ താൽക്കാലിക സേവനംകൂടി പരിഗണിക്കുമ്പോൾ സമാഹൃത ലിസ്റ്റിൽ തന്റെ മുന്നിലുള്ളവരേക്കാൾ പ്രവർത്തന പരിചയമുണ്ടെന്നും ആകയാൽ സമാഹൃത ലിസ്റ്റിൽ താൻ പിന്തള്ളപ്പെട്ടു എന്നുള്ള പരാതി ജില്ലാ സാമൂഹ്യനീതി ഓഫീസർ മുഖേന ലഭിച്ചതായും ആയതിനുള്ള മറുപടി പരാതിക്കാരിക്കും ജില്ലാ സാമൂഹ്യനീതി ഓഫീസർക്കും നൽകിയതായും കാറഡുക്ക അഡീഷണൽ ശിശു വികസന പദ്ധതി ഓഫീസർ അറിയിച്ചിട്ടുണ്ട്.

(ബി) 6-1-2017-ലെ സ.ഉ.(എംഎസ്.) നമ്പർ 02/07/സാക്ഷേവ. 10-11-2010-ലെ സ.ഉ.(എംഎസ്.) നമ്പർ 79/2010/സാക്ഷേവ. എന്നിവ പ്രകാരം നിലവിൽ വന്ന സീനിയോറിറ്റി ലിസ്റ്റുകളിലെ നിയമനം ലഭിക്കുവാൻ അവശേഷിക്കുന്നവരുടെ ലിസ്റ്റിലെ സേവന ദൈർഘ്യം മാത്രം കണക്കിലെടുത്താണ് സമാഹൃത ലിസ്റ്റ് തയ്യാറാക്കിയത്. മേൽ ഉത്തരവുകൾ പ്രകാരം സീനിയോറിറ്റി ലിസ്റ്റ് നിലവിൽ വന്നശേഷമുള്ള സേവന പരിചയം സമാഹൃത സീനിയോറിറ്റി ലിസ്റ്റിന് പരിഗണിക്കുവാൻ നിർവ്വാഹമില്ല.

**സാമൂഹിക സഹായ പദ്ധതി (NSAP)**

235 (5432) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ സാമൂഹിക സഹായ പദ്ധതി (NSAP)യുടെ സംസ്ഥാനത്തെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ, ലഭിച്ച തുക, വിനിയോഗിച്ച തുക എന്നിവ ജില്ലാ അടിസ്ഥാനത്തിൽ വിശദീകരിക്കാമോ;

(ബി) ഈ വർഷം സംസ്ഥാനത്ത് ഇക്കാര്യത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും ഈ വർഷത്തെ കേന്ദ്ര സംസ്ഥാന വിഹിതം എത്രയാണെന്നും വ്യക്തമാക്കാമോ; ഈ വർഷം ഇതേവരെ എത്ര രൂപ ചെലവഴിച്ചെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**റേഷൻകാർഡ് - മുൻഗണനാ പട്ടിക**

236 (5433) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻകാർഡ് നൽകുന്നതിന്റെ ഭാഗമായി മുൻഗണനാ പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഈ ലിസ്റ്റിൽ പരാതിയുള്ളവർക്ക് അത് നൽകാനുള്ള സംവിധാനങ്ങൾ വിശദീകരിക്കാമോ;

(ഡി) പഞ്ചായത്ത് തലത്തിൽ പരാതി പരിഹാര സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) കരട് മുൻഗണനാ പട്ടിക 5-10-2016-ൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(ബി) റേഷൻകടകൾ വഴി വിതരണം ചെയ്ത പ്രീ-പോപ്പുലേറ്റഡ് ഫോറം വഴി ലഭ്യമായ വിവരങ്ങൾ ഡേറ്റാ എൻട്രി നടത്തുകയും സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുകയും കരട് പട്ടിക സിവിൽ സപ്ലൈസ് വകുപ്പിന്റെ വെബ്സൈറ്റിലും, തദ്ദേശസ്വയംഭരണ സ്ഥാപനം, വില്ലേജ് ഓഫീസ്, താലൂക്ക് സപ്ലൈ ഓഫീസ്/സിറ്റി റേഷനിംഗ് ഓഫീസ്, റേഷൻകടകൾ എന്നിവിടങ്ങളിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(സി) കരട് പട്ടികയിൽ പരാതിയുള്ളവർക്ക് വെരിഫിക്കേഷൻ കമ്മറ്റി മുമ്പാകെ പരാതി സമർപ്പിക്കാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. പരാതിക്കാരന് വെരിഫിക്കേഷൻ കമ്മറ്റി മുമ്പാകെ അവകാശ വാദങ്ങളുടെ രേഖകൾ സമർപ്പിക്കുവാനും അതിന്മേൽ പരാതിയുണ്ടെങ്കിൽ പരിഹരിക്കുന്നതിനായി അപ്പലേറ്റ് കമ്മറ്റിയും രൂപീകരിച്ചിട്ടുണ്ട്.

(ഡി) പഞ്ചായത്ത് സെക്രട്ടറി ചെയർമാനായിട്ടുള്ള വെരിഫിക്കേഷൻ കമ്മറ്റി കരട് പട്ടികയുടെ പരാതി പരിഹാരത്തിനായി രൂപീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ പരാതി സ്വീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**റേഷൻ കാർഡ്-പ്രയോറിറ്റി, നോൺ പ്രയോറിറ്റി വിഭാഗങ്ങൾ**

237 (5434) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുള്ള റേഷൻ കാർഡുകൾ പ്രയോറിറ്റി, നോൺ പ്രയോറിറ്റി എന്നിങ്ങനെ രണ്ടായി തരം തിരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കാർഡുടമകളെ പ്രയോറിറ്റി, നോൺ പ്രയോറിറ്റി എന്നിങ്ങനെ രണ്ട് വിഭാഗങ്ങളായി തരം തിരിക്കാൻ സ്വീകരിച്ചിട്ടുള്ള മാനദണ്ഡം വിശദമാക്കാമോ;

(സി) അർഹതയുണ്ടെങ്കിലും പ്രയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടാതെ പോയവരുടെ പരാതി പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) റേഷൻ കാർഡ് വിതരണത്തിന് മുമ്പായി ആക്ഷേപങ്ങൾ പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ, ആദായ നികുതി ഒടുക്കുന്നവർ, സ്വന്തമായി ഒരേക്കറിനുമേൽ ഭൂമിയുള്ളവർ, സ്വന്തമായി 1000 ചതുരശ്ര അടിയ്ക്ക് മേൽ വിസ്തീർണ്ണമുള്ള വീടോ, ഫ്ളാറ്റോ ഉള്ളവർ, നാല് ചക്രവാഹനമുള്ളവർ എന്നിവർ മുൻഗണനാ ക്രമത്തിൽ നിന്നും ഒഴിവാക്കപ്പെടും. എന്നാൽ പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന ക്ലാസ് 4 തസ്തിക വരെയുള്ള ജീവനക്കാരെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. മുൻസർക്കാർ മുൻഗണനാ വിഭാഗക്കാരെ കണ്ടെത്താൻ താലൂക്ക് തല റാങ്കിംഗ് ആണ് നടത്തിയിരുന്നത്. ഇത് മാറ്റി ഇപ്പോൾ സംസ്ഥാനതല റാങ്കിംഗ് നടത്തിയിട്ടുണ്ട്.

(സി&ഡി) 2013-ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി റേഷൻ കാർഡ് പുതുക്കലിനായി കരട് പട്ടിക 20-10-2016-ന് റേഷൻകടകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വില്ലേജ് ഓഫീസ്, താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസ് എന്നിവിടങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൻമേൽ ആക്ഷേപങ്ങളും പരാതികളുമുണ്ടെങ്കിൽ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസിൽ പത്ത് ദിവസത്തിനകം പരാതി നൽകാവുന്നതാണ്. താലൂക്ക് സപ്ലൈ ഓഫീസർ ലഭ്യമായ പരാതി സ്വീകരിച്ച് തെളിവെടുപ്പിനായി വെരിഫിക്കേഷൻ കമ്മറ്റി മുമ്പാകെ അവകാശ വാദങ്ങളുടെ രേഖകളുമായി ഹാജരാകാൻ പരാതിക്കാരനെ അറിയിക്കുകയും ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കുകയും പട്ടികയിൽ മാറ്റം വരുത്തുകയും ചെയ്യുന്നതാണ്. വെരിഫിക്കേഷൻ കമ്മറ്റിയുടെ തീരുമാനത്തിനെതിരെ പരാതിയുണ്ടെങ്കിൽ അപ്പലേറ്റ് കമ്മറ്റിയെ സമീപിക്കാവുന്നതാണ്. അപ്പലേറ്റ് കമ്മറ്റിയുടെ തീരുമാന പ്രകാരം അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്.

**റേഷൻ വ്യാപാരികൾക്ക് ഓണറേറിയം അനുവദിക്കാൻ നടപടി**

238 (5435) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ച മാതൃകയിൽ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കേണ്ടത് എന്നായിരുന്നു;

(ബി) ഭക്ഷ്യ സുരക്ഷാ നിയമം നിശ്ചിത സമയത്തിനുള്ളിൽ നടപ്പിലാക്കാത്തതുമൂലം കേന്ദ്ര ഗവൺമെന്റ് അരിയുടെ അളവിൽ കുറവുവരുത്തിയത് തരണം ചെയ്യുന്നതിന് എന്തു നടപടി സ്വീകരിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി റേഷൻ കടകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് സാമ്പത്തിക സഹായം അനുവദിച്ചിരുന്നുവോ; ഉണ്ടെങ്കിൽ എത്ര രൂപയാണ് അനുവദിച്ചത്;

(ഡി) ഭക്ഷ്യ സുരക്ഷാ നിയമം പ്രാബല്യത്തിൽ വന്നാൽ വിതരണം ചെയ്യേണ്ട സാധനങ്ങളുടെ അളവ് കുറയുന്നതുമൂലം കമ്മീഷനിൽ ഗണ്യമായ കുറവ് വരുന്നതു കൊണ്ട് റേഷൻ വ്യാപാരികൾ പ്രതിസന്ധിയിലാകും എന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ഇ) റേഷൻ വ്യാപാരികൾക്ക് നിശ്ചിത തുക ഓണറേറിയം നൽകി അവരെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2013-ലെ ഭക്ഷ്യ ഭദ്രതാ നിയമം നിലവിൽ വന്ന് 365 ദിവസത്തിനകം നടപ്പാക്കണമെന്നാണ് നിയമം അനുശാസിക്കുന്നത്.

(ബി) സംസ്ഥാനത്ത് ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കാത്തതിനാൽ എ.പി.എൽ. വിഭാഗത്തിനുള്ള അരിയും, ഗോതമ്പിനും 2016 നവംബർ മുതൽ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്നത് വരെയുള്ള കാലത്തേയ്ക്ക് താങ്ങുവില നിരക്കിലേ നൽകാൻ കഴിയുകയുള്ളൂ എന്ന് കേന്ദ്ര സർക്കാർ ഉത്തരവ് ലഭ്യമായിരുന്നുവെങ്കിലും സംസ്ഥാനത്ത് ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടത്തിവരുന്നതായി കേന്ദ്രത്തെ ധരിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 2016 നവംബർ മുതൽ പ്രാബല്യം നൽകിക്കൊണ്ട് ഭക്ഷ്യ ഭദ്രതാ നിയമപ്രകാരമുള്ള ഭക്ഷ്യ ധാന്യങ്ങൾ അനുവദിച്ചുകൊണ്ടുള്ള കേന്ദ്ര സർക്കാർ ഉത്തരവ് ലഭ്യമായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം മുൻഗണനാ വിഭാഗങ്ങൾക്ക് ലഭ്യമാകുന്നതിന് പുറമേ

ലഭിക്കുന്ന ടൈഡ് ഓവർ അലോട്ട്മെന്റ് നിലവിൽ എ.പി.എൽ. വിഭാഗങ്ങൾക്കുള്ള ഭക്ഷ്യധാന്യങ്ങൾ ലഭ്യമായിരുന്ന അതേ വിലയിൽ തന്നെ ലഭിക്കുന്നതാണ്.

(സി) കമ്പ്യൂട്ടർവത്കരണവുമായി ബന്ധപ്പെട്ട് കമ്പോണന്റ് 1-ന് 7.3 കോടി രൂപ കേന്ദ്ര ഗവൺമെന്റ് സാമ്പത്തിക സഹായം അനുവദിച്ചിരുന്നു. റേഷൻ കടകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നത് കേന്ദ്ര സർക്കാരിന്റെ നിർദ്ദിഷ്ട മാനദണ്ഡ പ്രകാരമുള്ള രണ്ടാമത്തെ കമ്പോണന്റിലാണ് ഉൾപ്പെടുന്നത്. ഇതിനുള്ള സാമ്പത്തിക സഹായം ഇതുവരെയും ലഭ്യമായിട്ടില്ല.

(ഡി) ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുമ്പോൾ കേന്ദ്ര ഭക്ഷ്യ ധാന്യ വിഹിതത്തിന്റെ അളവിൽ കാര്യമായ കുറവ് വരുന്നതായി കാണുന്നില്ല. ആയതിനാൽ കമ്മീഷനിൽ ഗണ്യമായ കുറവ് വരാനുള്ള സാധ്യത കാണുന്നില്ല.

(ഇ) ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

**റേഷൻ ഗുണഭോക്താക്കൾക്ക് അറിയാനുള്ള അവകാശം**

239 (5436) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ ഗുണഭോക്താക്കൾക്ക് അറിയാനുള്ള അവകാശം ലഭ്യമാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) വിവിധ വിഭാഗം റേഷൻ ഗുണഭോക്താക്കൾക്ക് ഓരോ ആഴ്ചയിലും അർഹതപ്പെട്ട ഭക്ഷ്യവസ്തുക്കളുടെ അളവ്, ഗുണമേന്മ, വില ഇവ സംബന്ധിച്ച കാര്യങ്ങൾ ഗുണഭോക്താവിന്റെ മൊബൈൽ ഫോണിൽ ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ?

ഉത്തരം

(എ &ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ/മുൻഗണനേതര ഗുണഭോക്താക്കളുടെ പട്ടിക വകുപ്പിന്റെ പോർട്ടലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിലും റേഷൻ കടകളുടെ അടിസ്ഥാനത്തിലും വിവരങ്ങൾ ലഭ്യമാണ്. റേഷൻ ഗുണഭോക്താക്കൾക്ക് ലഭിക്കേണ്ട ഗുണഭോക്തൃ വിഹിതം സംബന്ധിച്ച വിവരങ്ങളും civilsupplieskerala.gov.in എന്ന പോർട്ടലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൊതുവിതരണ സമ്പ്രദായത്തിന്റെ എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പൂർണ്ണമായി നടപ്പിലാക്കുമ്പോൾ ഓരോ കാർഡുടമയ്ക്കും അവരവരുടെ അർഹതപ്പെട്ട വിഹിതം, കൈപ്പറ്റിയ വിഹിതം, ബാക്കിയുള്ള വിഹിതം, തുടങ്ങിയവ എസ്.എം.എസ്. മുഖേന അറിയിക്കുവാൻ പദ്ധതിയുണ്ട്. കൂടാതെ റേഷൻ കടകളിലെ സ്റ്റോക്കിന്റെ നിലവാരവും അറിയിക്കുവാൻ പദ്ധതിയുണ്ട്.

## കുറ്റമറ്റ രീതിയിൽ റേഷൻ വിതരണം

240 (5437) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ വിതരണം കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതിന് സർക്കാർ നടപ്പിലാക്കാൻ പോകുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര പൊതുവിതരണ കേന്ദ്രങ്ങളാണ് ഉള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി റേഷൻ കടകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും, ബയോമെട്രിക് സംവിധാനം ഏർപ്പെടുത്തുന്നതിനും, റേഷൻ സാധനങ്ങളുടെ നീക്കം ഫോൺ മെസേജ് വഴി ജനങ്ങളെ അറിയിക്കുന്നതിനും, ജി.പി.എസ്. ഘടിപ്പിച്ച വാഹനങ്ങൾ മുഖേന ഭക്ഷ്യ ധാന്യങ്ങളുടെ ചരക്ക് നീക്കം നടത്തുന്നതിനുമുള്ള സംവിധാനമൊരുക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്ത് നിലവിൽ 14348 റേഷൻ കടകളാണുള്ളത്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | റേഷൻ കടകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 1889 |
| കൊല്ലം | 1423 |
| പത്തനംതിട്ട | 833 |
| ആലപ്പുഴ | 1253 |
| കോട്ടയം | 989 |
| ഇടുക്കി | 700 |
| എറണാകുളം | 1346 |
| തൃശ്ശൂർ | 1200 |
| പാലക്കാട് | 938 |
| മലപ്പുറം | 1242 |
| കോഴിക്കോട് | 972 |
| വയനാട് | 317 |
| കണ്ണൂർ | 858 |
| കാസർഗോഡ് | 388 |

**ഭക്ഷ്യസുരക്ഷാ നിയമം-റേഷൻ വീട്ടുകളിൽ എത്തിക്കുന്നതിനുള്ള നടപടി**

241 (5438) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യസുരക്ഷാ നിയമം കേരളത്തിൽ നടപ്പിലാക്കുമ്പോൾ എത്ര കാർഡുടമകൾക്കാണ് റേഷൻ നഷ്ടമാകുന്നത്; വിശദവിവരം നൽകുമോ;

(ബി) ഭക്ഷ്യസുരക്ഷാ നിയമത്തിന്റെ ഭാഗമായി റേഷൻ വീട്ടുകളിൽ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന് ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങളുടെ അലോട്ട്മെന്റ് 14.25 ലക്ഷം മെട്രിക് ടൺ ആണ്. കേരളത്തിൽ മുൻഗണനാ വിഭാഗങ്ങൾക്ക് മാത്രമായിട്ട് 10.25 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യങ്ങൾ ആവശ്യമായി വരും. ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ പരിധിയിൽ വരാത്ത 187 ലക്ഷത്തോളം അർഹരായ ജനവിഭാഗങ്ങൾക്ക് ബാക്കിയുള്ള 4 ലക്ഷം മെ.ടൺ ഭക്ഷ്യ സാധനങ്ങൾ വിതരണം ചെയ്യുവാൻ കഴിയും. ആയതിന്റെ വിതരണക്രമം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) പരിഗണനയിലില്ല.

**എ.പി.എൽ., ബി.പി.എൽ. കാർഡ് ഉടമകൾക്കുള്ള സബ്സിഡി**

242 (5439) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ, എ.പി.എൽ. കാർഡുടമകൾക്കുള്ള സബ്സിഡി എത്രയാണെന്നും ഇതിൽ കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ എത്രയാണെന്നും വിശദമാക്കാമോ;

(ബി) സബ്സിഡിക്കായി എത്ര തുകയാണ് കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാരിന് ഈ സാമ്പത്തിക വർഷം നൽകിയതെന്നുമുള്ള വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ബി.പി.എൽ, എ.എ.വൈ, എ.പി.എൽ. വിഭാഗങ്ങൾക്ക് പ്രതിമാസം അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവ വിതരണം ചെയ്യുമ്പോഴുള്ള സബ്സിഡിയുടെ വിവരങ്ങളും ഇതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം സംബന്ധിച്ച വിവരങ്ങളും ചുവടെ ചേർക്കുന്നു:

ആകെ സബ്സിഡി- 376.5 കോടി രൂപ

(പ്രതിമാസം)

ഏകദേശം

കേന്ദ്രവിഹിതം- 331.9 കോടി രൂപ

(പ്രതിമാസം)

ഏകദേശം

സംസ്ഥാന വിഹിതം- 44.6 കോടി രൂപ

(പ്രതിമാസം)

ഏകദേശം

(ബി) സംസ്ഥാനത്തെ ബി.പി.എൽ., എ.എ.വൈ., എ.പി.എൽ. വിഭാഗങ്ങൾക്ക് പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്നതിനായി അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവ നല്കിയ വകയിൽ നടപ്പു സാമ്പത്തിക വർഷത്തിൽ (2016 ഒക്ടോബർ വരെ) 2323.15 കോടി രൂപ കേന്ദ്ര സർക്കാർ, സബ്സിഡിയായി സംസ്ഥാനത്തിന് നല്കിയിട്ടുണ്ട്.

## സി.ബി.ഐ. അന്വേഷണം നേരിടുന്ന വ്യക്തിയുടെ സപ്ലൈകോ നിയമനം

243 (5440) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ബി.ഐ. അന്വേഷണം നേരിടുന്ന ശ്രീ. ആർ.എൻ. സതീശൻ എന്ന വ്യക്തിയെ, അസാധാരണ നടപടിയിലൂടെ മെഡിക്കൽ ബിസിനസ് വിഭാഗത്തിന്റെ തലപ്പത്ത് നിയമിച്ച നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് മാനദണ്ഡം വച്ചാണ്, മാവേലി മെഡിക്കൽ സ്റ്റോറുകളിലേയ്ക്ക് 2004-2006 കാലങ്ങളിൽ കേന്ദ്ര പർച്ചേസിംഗ് വഴി മരുന്നുകൾ വാങ്ങി കൂട്ടിയ വകയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് കോടികളുടെ നഷ്ടമുണ്ടാക്കിയ കേസിൽ അന്വേഷണം നേരിടുന്ന ടിയാനെ നിയമിച്ചത് എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത നിയമനം പുനഃപരിശോധിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശ്രീ. ആർ.എൻ. സതീഷ് ഡെപ്യൂട്ടി മാനേജരുടെ പ്രെമോഷനുമായി ബന്ധപ്പെട്ട് സി.ബി.ഐ. അധികൃതരിൽ നിന്നും അഭിപ്രായം ആരാഞ്ഞിരുന്നു. 30-3-2015-ലെ DP/CHN/2015/1416/3/23(A)/2007/SPE/ KER നമ്പർ കത്തുപ്രകാരം ടി കേസ് ആരംഭഘട്ടത്തിലാണെന്നും ടിയാന്

പ്രമോഷൻ നൽകുന്നതിന് സി.ബി.ഐ.ക്ക് യാതൊരു എതിർപ്പുമില്ലെന്നും അറിയിക്കുകയുണ്ടായി. ഇതിനെതുടർന്ന് 26-8-2016-ൽ നടന്ന ബോർഡ് മീറ്റിംഗിൽ ടിയാന് പ്രമോഷൻ നൽകുവാൻ തിരുമാനിച്ചു. കൂടാതെ സ്പെഷ്യൽ ബിസിനസ്സ് വിഭാഗത്തിലെ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം മാർക്കറ്റിംഗ് വിഭാഗവുമായി ബന്ധപ്പെട്ട് കൂടുതൽ കാര്യക്ഷമമായി ചെയ്യുവാൻ കഴിയുമെന്നതിനാലാണ് ടിയാന് മെഡിക്കൽ വിഭാഗത്തിന്റെ ചുമതല കൂടി നൽകിയത്.

(ബി) മെഡിക്കൽ സ്റ്റോറുകളുടെ നിലവിലെ പ്രവർത്തനത്തിൽ ടിയാന്റെ പ്രവർത്തനം പ്രതികൂലമാണെന്ന് ശ്രദ്ധയിൽപ്പെട്ടാൽ പുനഃപരിശോധന നടപടി പരിഗണിക്കാവുന്നതാണ്

**വില നിരീക്ഷണ സെല്ലുകൾ**

244 (5441) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ സാധനങ്ങൾ പൊതുജനങ്ങൾക്ക് കൃത്യമായ വിലയ്ക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി വില നിരീക്ഷണ സെല്ലുകൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) വില നിരീക്ഷണ സെല്ലുകളുടെ വിപുലീകരണവുമായി ബന്ധപ്പെട്ട് ഹാർഡ്‍വെയർ/സോഫ്റ്റ്‍വെയർ നിർമ്മാണ ചെലവുകൾക്കായി നടപ്പു സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ എത്ര തുക വകയിരുത്തിയിട്ടുണ്ട്;

(സി) പ്രസ്തുത ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര രൂപ വകയിരുത്തിയിരുന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) എല്ലാ ജില്ലകളിലും താലൂക്കുകളിലും വില നിരീക്ഷണ സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്.

(ബി&സി) വില നിരീക്ഷണ സെല്ലുകളുടെ വിപുലീകരണവുമായി ബന്ധപ്പെട്ട് 2015-16 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ 10.80 ലക്ഷം രൂപ വകയിരുത്തിയിരുന്നു. എന്നാൽ ഹാർഡ് വെയർ/സോഫ്റ്റ് വെയർ വാങ്ങുന്നതിനായി നടപ്പുസാമ്പത്തിക വർഷം കേന്ദ്ര സർക്കാർ തുകയൊന്നും വകയിരുത്തിയിട്ടില്ല.

## പാചകവാതക സിലിണ്ടറിൽ നിന്നുള്ള അപകടങ്ങൾ

245 (5442) ശ്രീ. പി. കെ. ബഷീർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാചക വാതക സിലിണ്ടറിൽ നിന്നുള്ള അപകടങ്ങൾ വർദ്ധിച്ചുവരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പഴക്കം ചെന്നതും, കാലാനുസൃത പരിശോധനയില്ലാത്തതുമായ സിലിണ്ടറുകളാണ് ഇത്തരത്തിൽ അപകടങ്ങളുണ്ടാക്കുന്നതെന്നത് പരിഗണിച്ച് സംസ്ഥാനത്ത് വിതരണം നടത്തുന്ന സിലിണ്ടറുകളുടെ സുരക്ഷാ പരിശോധന കർശനമാക്കുന്നതിന് നിർദ്ദേശം നൽകുമോ;

(സി) നിശ്ചിത കാലപരിധി കഴിഞ്ഞ സിലിണ്ടറുകൾ വിതരണത്തിന് വരുന്നില്ലെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇത്തരത്തിൽ ചില കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിലും അപകടങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) പാചകവാതക സിലിണ്ടറുകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി സിലിണ്ടറുകൾ ബോട്ട്ലിംഗ് പ്ലാന്റുകളിൽ വച്ച് നിയമാനുസൃതമായ പരിശോധനകളിൽ യോഗ്യമെന്ന് കണ്ടെത്തുന്നവയിൽ മാത്രം പാചകവാതകം നിറയ്ക്കുന്നു. ഇതിനുശേഷം ബോട്ട്ലിംഗ് പ്ലാന്റുകളിൽ വച്ചും വിതരണ ഏജൻസികളിൽ വച്ചും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായ പരിശോധനകൾ നടത്തിയതിനുശേഷം മാത്രമേ ഉപഭോക്താക്കൾക്ക് ലഭ്യമാക്കാറുള്ളൂ എന്നും പരിശോധനയിൽ ഉപയോഗയോഗ്യമല്ല എന്ന് കാണുന്ന സിലിണ്ടറുകൾ യാതൊരു തരത്തിലും ഉപഭോക്താക്കളിൽ എത്തുന്നില്ല എന്ന് ഉറപ്പ് വരുത്താറുണ്ട് എന്നും ഇതുകൂടാതെ ഉപഭോക്താക്കൾക്കായി വിതരണ ഏജൻസികൾ സേഫ്റ്റി ക്ലിനിക്കുകൾ സംഘടിപ്പിക്കുകയും വീടുകളിൽ നിർബന്ധിത പരിശോധനകൾ നടത്തുകയും ചെയ്യാറുണ്ട് എന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. ഈ അടുത്ത കാലത്ത് സംസ്ഥാനത്ത് ഉണ്ടായ സിലിണ്ടർ അപകടങ്ങളുടെ പശ്ചാത്തലത്തിൽ ബന്ധപ്പെട്ടവരുമായി സർക്കാർ നടത്തിയ ചർച്ചയിൽ ഉരുത്തിരിയപ്പെട്ട നിർദ്ദേശങ്ങളിൻമേൽ തുടർനടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു.

**ദേശീയ ഭക്ഷ്യ ഭദ്രതാനിയമം**

246 (5443) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുമ്പോൾ മുൻഗണനാ വിഭാഗങ്ങളിൽ നിന്നൊഴിവാക്കപ്പെടുന്നവർക്ക് റേഷൻ ഉത്പന്നങ്ങൾ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വീകരിച്ചുവരുന്നു.

**ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം**

247 (5444) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-ൽ പാസ്സാക്കിയ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ എന്തൊക്കെ കാര്യങ്ങളാണ് ചെയ്യേണ്ടിയിരുന്നത് ;

(ബി) സർക്കാരിന്റെ ഭാഗത്തു നിന്നും ഇക്കാര്യത്തിൽ വീഴ്ച സംഭവിച്ചിരുന്നോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് ;

(സി) കേന്ദ്ര സർക്കാർ കാലാവധി എത്ര തവണ നീട്ടി നൽകിയിരുന്നു; നിശ്ചിത സമയപരിധിക്കുള്ളിൽ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിന് സർക്കാർ സംവിധാനം പരാജയപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിരുന്നോ ?

ഉത്തരം

(എ&ബി) 5-7-2013 മുതൽ പ്രാബല്യം നൽകിക്കൊണ്ട് 10-7-2013-ലെ 29-ാം നമ്പർ ഗവൺമെന്റ് ഓഫ് ഇൻഡ്യ അസാധാരണ ഗസറ്റിലൂടെ വിജ്ഞാപനം ചെയ്യപ്പെട്ട ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം, 2013 കേരള സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് 2-12-2013-ലെ സ.ഉ. (കൈ) നമ്പർ 53/2013/ഭ.സി.സ.വ. പ്രകാരം തീരുമാനിച്ചിരുന്നു. എന്നാൽ നിയമം അനുശാസിക്കുന്ന വിധത്തിലുള്ള താഴെപ്പറയുന്ന അടിസ്ഥാന പ്രവർത്തനങ്ങൾ സംസ്ഥാനത്ത് സമയബന്ധിതമായി പൂർത്തിയാക്കി നിയമം പ്രവൃത്തിപഥത്തിൽ കൊണ്ടുവന്നിരുന്നില്ല:

(i) അർഹരായ മുൻഗണന/മുൻഗണനേതര കുടുംബങ്ങളെ കണ്ടെത്തൽ (identification of priority house holds)

(ii) വാതിൽപ്പടി ഭക്ഷ്യധാന്യ വിതരണം (door steps delivery)

(iii) റേഷൻ സാധനങ്ങൾ ഓൺലൈനിലൂടെ അനുവദിക്കൽ (online allocation)

(iv) പരാതി പരിഹാര സംവിധാനം (Grievance Redressal Mechanism)

ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം മുകളിൽ വിഭാവനം ചെയ്യുന്ന പ്രകാരം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

(സി) കാലാവധി നീട്ടി നൽകിയിട്ടില്ല. ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതിനാവശ്യമായ എല്ലാ കാര്യങ്ങളും സമയബന്ധിതമായി പൂർത്തിയാക്കി 1-4-2017-ന് സംസ്ഥാനത്ത് സമ്പൂർണ്ണമായി ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

**ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതിൽ പ്രതിസന്ധി**

248 (5445) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) മുൻ സർക്കാർ നടപ്പിലാക്കിയ ഭക്ഷ്യ സുരക്ഷാ ക്രമീകരണങ്ങൾ ഏതെങ്കിലും റദ്ദ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഭക്ഷ്യസുരക്ഷാ നിയമങ്ങൾ നടപ്പിലാക്കുന്നതിൽ ഈ സർക്കാർ നേരിടുന്ന പ്രതിസന്ധി എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിന് നിലവിലെ താലൂക്ക് തല റാങ്കിംഗിന് പകരം സംസ്ഥാനതല റാങ്കിംഗ് നടത്തുക, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ക്ലാസ് IV(ഓഫീസ് അറ്റൻഡന്റ്) തസ്തിക വരെയുള്ള ജീവനക്കാർ ഉൾപ്പെടുന്ന കാർഡുകളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുക, സ്വകാര്യ മൊത്ത വിതരണ ശാലകൾക്ക് പകരം സർക്കാർ അധീനതയിൽ ബ്ലോക്ക് തലത്തിൽ സംഭരണ ശാലകൾ ആരംഭിക്കുക, വാതിൽപ്പടി വിതരണം സപ്ലൈകോ മുഖാന്തരം നടപ്പിലാക്കുക, പൊതുവിതരണ പ്രക്രിയ ഇലക്ട്രോണിക്

ആയി നിരീക്ഷിക്കാൻ ഉതകുന്ന തരത്തിലുള്ള സുതാര്യവും കുറ്റമറ്റതുമായ സമ്പ്രദായം നടപ്പിലാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പൂർത്തിയാക്കി ഭക്ഷ്യസുരക്ഷാ നിയമം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) മുൻസർക്കാരിന്റെ കാലത്ത് മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനായി നിശ്ചയിച്ചിരുന്ന താലൂക്ക്തല റാങ്കിംഗ് മാറ്റി സംസ്ഥാനതല റാങ്കിംഗ് നടത്തി കരട് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. മുൻസർക്കാർ കെൽട്രോണിനെ ആണ് വാതിൽപ്പടി വിതരണം നടത്തുവാൻ നിയോഗിച്ചിരുന്നത്. എന്നാൽ ഇതു മാറ്റി സപ്ലൈകോയെ വാതിൽപ്പടി വിതരണം നടത്തുന്നതിനുള്ള നോഡൽ ഏജൻസിയായി നിയമിച്ചിട്ടുണ്ട്.

(സി) 31-3-2017-നകം ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം പൂർണ്ണതോതിൽ സംസ്ഥാനത്ത് നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നു.

**ഭക്ഷ്യ സംഭരണശാലകളുടെ നിർമ്മാണം**

249 (5446) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ സംഭരണ ശാലകൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഭക്ഷ്യ സാധനങ്ങളുടെ സുഗമമായ വിതരണത്തിന് ഇത് എത്രമാത്രം പ്രയോജനകരമാകും എന്നാണ് വിലയിരുത്തിയിട്ടുള്ളത്; വിവരിക്കുമോ;

(സി) ഏതെല്ലാം തലത്തിലാണ് ഇവ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 29-8-2016-ലെ സ.ഉ.(കൈ)നമ്പർ 11/2016/ഭ.പൊ.വി.വ. പ്രകാരം നിലവിലെ സ്വകാര്യ മൊത്ത വിതരണക്കാർക്ക് പകരം സർക്കാർ അധീനതയിൽ ബ്ലോക്ക് തലത്തിൽ സംഭരണശാലകൾ ആരംഭിക്കുവാൻ ഉത്തരവായിട്ടുണ്ട്.

കൂടാതെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സ്വന്തം നിലയിലും ഭക്ഷ്യ സംഭരണശാലകൾ നിർമ്മിക്കുവാൻ ആലോചിച്ചുവരുന്നു. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ അധീനതയിൽ വലിയതുറയിൽ ഭക്ഷ്യ സംഭരണശാല നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു. കൂടാതെ സംസ്ഥാനത്തെ വിവിധ താലൂക്കുകളിൽ സ്ഥലം അനുവദിച്ച് കിട്ടുന്നതനുസരിച്ച് ഭക്ഷ്യ സംഭരണശാലകൾ നിർമ്മിക്കുവാൻ സപ്ലൈകോ ഉദ്ദേശിക്കുന്നുണ്ട്.

(ബി) സ്വകാര്യ മൊത്ത വിതരണക്കാരെ പൊതുവിതരണ രംഗത്ത് നിന്നും ഒഴിവാക്കുന്നതുമൂലം പൊതു വിതരണ രംഗത്ത് നിലവിലുള്ള കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും പൂർണ്ണമായും ഒഴിവാക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ ഭക്ഷ്യ ഭദ്രതാ പദ്ധതിയുടെ ഭാഗമായി എഫ്.സി.ഐ. യിൽ നിന്നും ലഭ്യമാക്കുന്ന ധാന്യങ്ങൾ സംഭരിക്കുന്നതിനും സപ്ലൈകോയുടെ സ്വന്തം സംഭരണ ആവശ്യങ്ങൾ നിറവേറ്റുന്നതിനും ഇത് സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) സംസ്ഥാനത്തെ 152 ബ്ലോക്ക് പഞ്ചായത്തുകളിൽ ഗോഡൗൺ നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഗോഡൗൺ നിർമ്മിക്കുന്നതിന് ആവശ്യമായ ഭൂമി കണ്ടെത്തി നല്കണമെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഭക്ഷ്യ സംഭരണശാലകളുടെ നിർമ്മാണം

250 (5447) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ സാധനങ്ങളുടെ വിതരണം സുഗമമായി നടത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നത്; വിവരിക്കുമോ;

(ബി) ഇതിനായി ഭക്ഷ്യ സംഭരണ ശാലകൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഏതെല്ലാം തലത്തിലാണ് ഭക്ഷ്യസംഭരണ ശാലകൾ നിർമ്മിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത്;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ പൊതുവിതരണം സുഗമമാക്കുന്നതിനായി ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന രീതിയിൽ വാതിൽപ്പടി വിതരണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ പ്രാരംഭ നടപടിയായി കൊല്ലം ജില്ലയിൽ 2016 നവംബർ 1 മുതൽ പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വാതിൽപ്പടി വിതരണത്തിന്റെ നോഡൽ ഏജൻസിയായി സപ്ലൈകോയെ നിയോഗിച്ചുകൊണ്ട് സ.ഉ. (കൈ) നമ്പർ 11/2016/ ഭ.പൊ.വി.വ. പ്രകാരം 29-8-2016-ൽ ഉത്തരവായിട്ടുണ്ട്.

(ബി) 29-8-2016-ലെ സ.ഉ (കൈ)നമ്പർ 11/2016/ഭ.പൊ.വി.വ. പ്രകാരം നിലവിലെ സ്വകാര്യ മൊത്ത വിതരണക്കാർക്ക് പകരം സർക്കാർ അധീനതയിൽ ബ്ലോക്ക് തലത്തിൽ സംഭരണശാലകൾ ആരംഭിക്കുവാൻ ഉത്തരവായിട്ടുണ്ട്. കൂടാതെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സ്വന്തം നിലയിലും ഭക്ഷ്യ സംഭരണശാലകൾ നിർമ്മിക്കുവാൻ ആലോചിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ 152 ബ്ലോക്ക് പഞ്ചായത്തുകളിലാണ് ഗോഡൗൺ നിർമ്മിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നത്.

(ഡി) ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഗോഡൗൺ നിർമ്മിക്കുന്നതിന് ആവശ്യമായ ഭൂമി കണ്ടെത്തി നല്കണമെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്

**ഭക്ഷ്യ സുരക്ഷാനിയമം നടപ്പാക്കാത്തതുമൂലമുള്ള റേഷൻ നിരോധനം**

251 (5448) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ നിയമം ഇതിനകം നടപ്പാക്കിയിട്ടില്ലെങ്കിൽ അതു കാരണം ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള വിഭാഗങ്ങൾക്ക് (എ.പി.എൽ.) കുറഞ്ഞ നിരക്കിൽ റേഷൻ നൽകുന്നത് കേന്ദ്രം തടഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) എങ്കിൽ സംസ്ഥാനത്ത് എത്ര ലക്ഷം കുടുംബങ്ങളെയാണ് ഈ റേഷൻ നിരോധനം ബാധിക്കുകയെന്നും ഇവർക്ക് എന്നത്തേക്ക് റേഷൻ വിതരണം പുനഃസ്ഥാപിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(സി) ഏതു നിരക്കിലാണ് ഇവർക്ക് ഇനി റേഷൻ സാധനങ്ങൾ നൽകുകയെന്ന വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഭക്ഷ്യ ഭദ്രതാനിയമം നടപ്പിലാക്കുമെന്ന ഉറപ്പിൻമേൽ കേന്ദ്ര നിലപാടിൽ മാറ്റം വരുത്തുകയും നിയമം അനുശാസിക്കുന്ന നിരക്കിൽ ഭക്ഷ്യധാന്യം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ബാധകമല്ല.

(സി) ഇക്കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്.

**റേഷൻ സാധനങ്ങൾ കടകളിൽ എത്തിക്കുന്നതിന് സംവിധാനം**

252 (5449) <u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. വി. എസ്. ശിവകുമാർ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ സാധനങ്ങൾ കടകളിൽ എത്തിക്കുന്നതിന്റെ മേൽനോട്ടം സപ്ലൈകോയെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) റേഷൻ സാധനങ്ങൾ കടകളിൽ എത്തിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്, വിവരിക്കുമോ;

(സി) ഇതിന്റെ മേൽനോട്ടം സപ്ലൈകോയെ ഏൽപ്പിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം തയ്യാറെടുപ്പുകളും ക്രമീകരണങ്ങളും ആണ് സപ്ലൈകോ ചെയ്യേണ്ടി വരുന്നതെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. 3-10-2016-ലെ സ.ഉ.(കൈ) നമ്പർ 15/2016/ഭ.സി.സ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണ സംവിധാനവും വിതരണ ശൃംഖലാ മാനേജ്മെന്റ് സംവിധാനവും നടപ്പാക്കുന്നതിന് സർക്കാർ ഏജൻസിയായ സപ്ലൈകോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിൽ FCI ഗോഡൗണിൽ നിന്നും മധ്യതല സംഭരണ ശാലകളിലേയ്ക്കും അവിടെ നിന്നും റേഷൻകടകളിലേക്കുമുള്ള ഭക്ഷ്യധാന്യങ്ങളുടെ നീക്കം ഉൾപ്പെടുന്നു. ഇതിന് പുറമേ FCI ഗോഡൗണിൽ നിന്നും മധ്യതല സംഭണശാലകളിലേയ്ക്കും അവിടെ നിന്നും റേഷൻ കടകളിലേയ്ക്കുമുള്ള വാഹനങ്ങളുടെ നീക്കം ജി.പി.എസ്. സംവിധാനം വഴി നിരീക്ഷിക്കുന്നതിനുള്ള സംവിധാനവും ഒരുക്കുന്നുണ്ട്.

(സി) FCI ഗോഡൗണിൽ നിന്നും മധ്യതല സംഭരണ ശാലകളിലേയ്ക്കും അവിടെ നിന്നും റേഷൻ കടകളിലേയ്ക്കും റേഷൻ സാധനങ്ങൾ എത്തിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നത് സംബന്ധിച്ച് വിശദമായ പദ്ധതി റിപ്പോർട്ട് സപ്ലൈകോ തയ്യാറാക്കി വരുന്നുണ്ട്.

## ഭക്ഷ്യ സാധനങ്ങളുടെ പൊതുവിതരണ പ്രക്രിയയുടെ നിരീക്ഷണം

253 (5450) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൊത്തം ഭക്ഷ്യ സാധനങ്ങളുടെ പൊതു വിതരണ പ്രക്രിയ ഇലട്രോണിക്ക് ആയി നിരീക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി ബന്ധപ്പെട്ട റേഷൻ കടകളിലും ബന്ധപ്പെട്ട ഓഫീസുകളിലും ഗോഡൗണുകളിലും എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കേണ്ടത്; വിശദമാക്കുമോ;

(സി) എന്തെല്ലാം നടപടികളാണ് പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് കൈക്കൊള്ളേണ്ടതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. റേഷൻ കടകളിലെല്ലാം ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ -പോസ്) മെഷീനുകൾ സ്ഥാപിക്കുന്നതിനും റേഷൻ കടകളിൽ നടക്കുന്ന എല്ലാ ഇടപാടുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. റേഷൻ കടകളിലെത്തുന്ന ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിന് ആധാർ അല്ലെങ്കിൽ സ്മാർട്ട് കാർഡ്/ബാർകോഡ് പോലുള്ള ബദൽ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. റേഷൻ കടകളിൽ സപ്ലൈകോ മുഖേന ഡോർ ഡെലിവറി വഴി നേരിട്ട് റേഷൻ സാധനങ്ങൾ എത്തിക്കുന്നതാണ്. ജി.പി.എസ്. ട്രാക്കിംഗ് ഉൾപ്പെടെയുള്ള ആധുനിക ടെക്നോളജിയുടെ സഹായത്തോടെ ചരക്കുനീക്കം നിരീക്ഷിക്കുന്നതിനും ഓരോ ട്രാൻസാക്ഷനും തത്സമയം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും കാണാനാകുന്ന വിധത്തിൽ ഒരു ട്രാൻസ്പാരൻസി പോർട്ടൽ വികസിപ്പിക്കുന്നതിനും പദ്ധതിയുണ്ട്. കൂടാതെ സുതാര്യമായ ഒരു പരാതിപരിഹാര സംവിധാനവും കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി വിഭാവനം ചെയ്തിട്ടുണ്ട്.

## മാവേലി സ്റ്റോറുകൾ

254 (5451) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകൾ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവിടെ മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് സപ്ലൈകോ വിൽപ്പനശാലകളില്ലാത്ത 32 ഗ്രാമപഞ്ചായത്തുകളിലും പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. ഇതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇത് സംബന്ധിച്ച് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് ടി പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നത് സംബന്ധിച്ച്, നിലവിലുള്ള നിബന്ധനകൾ സപ്ലൈകോയുടെ ഹെഡ് ഓഫീസിൽനിന്നും നേരിട്ട് നൽകിയതിന് പുറമേ പഞ്ചായത്തുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ ഊർജ്ജിത ശ്രമങ്ങൾ നടത്തുന്നതിന് സപ്ലൈകോയുടെ 5 റീജിയണൽ മാനേജർമാർക്കും ബന്ധപ്പെട്ട ഡിപ്പോ മാനേജർമാർക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകി, തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**സിവിൽ സപ്ലൈസ് വകുപ്പ് സംഭരിക്കുന്ന നെല്ലിന്റെ മറിച്ചുവിൽക്കൽ**

255 (T* 5452) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരിൽ നിന്നും സിവിൽ സപ്ലൈസ് വകുപ്പ് സംഭരിക്കുന്ന നെല്ല്, സ്വകാര്യമില്ലുകളിലെത്തുമ്പോൾ ഇവ മറിച്ചുവിറ്റ് ഗുണനിലവാരമില്ലാത്ത അരിയായി മാറ്റി റേഷൻ കടകളിലൂടെ വിതരണത്തിനായി എത്തുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

**മലപ്പുറം ജില്ലയിലെ റേഷൻകടകളുടെ ലൈസൻസ് റദ്ദാക്കൽ**

256 (5453) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഏറ്റവും കുറവ് ഇൻസ്പെക്ഷൻ നടക്കുന്ന താലൂക്ക് സപ്ലൈ ഓഫീസിന്റെ പേര് അറിയിക്കാമോ;അതിനുള്ള കാരണം വിശദമാക്കുമോ; ഓരോ താലൂക്ക് സപ്ലൈ ഓഫീസും നിലവിലെ സർക്കാർ വന്നതിന് ശേഷം എത്ര തവണ റേഷൻ കടകളിൽ ഇൻസ്പെക്ഷൻ നടത്തി എന്ന് വ്യക്തമാക്കാമോ;

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) മലപ്പുറം ജില്ലയിൽ എത്ര റേഷൻകടകൾക്ക് 2010 മുതൽ വിവിധ കാരണങ്ങളാൽ സസ്പെൻഷൻ നൽകി; അവ (ARD നമ്പറുകൾ) ഏതൊക്കെയാണ് ; എത്ര കടകളുടെ സസ്പെൻഷൻ പിൻവലിച്ചു; ആയതിനുള്ള കാരണം വിശദമാക്കാമോ;

(സി) സസ്പെൻഷൻ ആയ കടകൾക്ക് വീണ്ടും ലൈസൻസ് പുതുക്കി നൽകാതിരിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇൻസ്പെക്ഷനുകളുടെ എണ്ണം താരതമ്യേന കുറവായിട്ടുള്ളത് ഏറനാട് താലൂക്ക് സപ്ലൈ ആഫീസിലാണ്. സ്റ്റാഫിന്റെ എണ്ണം കുറവായതിനാലാണ് ഇങ്ങനെ സംഭവിച്ചത്.

| | | |
|---|---|---|
| ഏറനാട് | - | 304 |
| നിലമ്പൂർ | - | 689 |
| പെരിന്തൽമണ്ണ | - | 498 |
| തിരൂരങ്ങാടി | - | 727 |
| തിരൂർ | - | 617 |
| കൊണ്ടോട്ടി | - | 362 |
| പൊന്നാനി | - | 309 |

(ബി) ഏറനാട് - 29 എണ്ണം

46, 40, 211, 228, 1, 9, 39, 186, 122, 88, 180, 5, 03, 44, 02, 147, 42, 72, 212, 13, 14, 163, 120, 183, 118, 35, 184, 198, 87

(18 എണ്ണം സസ്പെൻഷൻ പിൻവലിച്ചു.)

നിലമ്പൂർ- 10 എണ്ണം

156, 26, 126, 90, 146, 207, 164, 160, 58, 07

(6 എണ്ണം സസ്പെൻഷൻ പിൻവലിച്ചു.)

പെരിന്തൽമണ്ണ- 4 എണ്ണം

11, 65, 20, 183

(4 എണ്ണം സസ്പെൻഷൻ പിൻവലിച്ചു.)

തിരൂരങ്ങാടി- 33 എണ്ണം

3, 5, 7, 9, 10, 26, 31, 33, 38, 47, 48, 53, 65, 72, 73, 75, 77, 79, 82, 91, 93, 94, 118, 119, 123, 124, 132, 146, 148, 161, 163, 175, 178.

(10 എണ്ണം സസ്പെൻഷൻ പിൻവലിച്ചു.)

തിരൂർ-60 എണ്ണം

38, 24, 127, 192, 103, 190, 256, 42, 71, 14, 26, 142, 180, 91, 165, 79, 223, 12, 252, 206, 96, 19, 23, 29, 32, 141, 245, 251, 255, 5, 215, 260, 55, 87, 147, 168, 201, 210, 149, 200, 15, 85, 220, 221, 107, 101, 36, 49, 112, 137, 76, 174, 25, 61, 16, 44, 231, 37, 39, 117

(3 എണ്ണം സസ്പെൻഷൻ പിൻവലിച്ചു.)

കൊണ്ടോട്ടി - 1 എണ്ണം

കട നമ്പർ 05, സസ്പെൻഷൻ പിൻവലിച്ചിട്ടില്ല.

പൊന്നാനി -14 എണ്ണം

3, 4, 15, 18, 27, 32, 41, 54, 57, 66, 70, 91, 100, 130

(8 കടകളുടെ സസ്പെൻഷൻ പിൻവലിച്ചു)

ലൈസൻസികൾക്ക് കുറ്റാരോപണ മെമ്മോ നൽകി വിശദീകരണം സ്വീകരിക്കുകയും ചെയ്തതിനുശേഷം വിശദീകരണം വിശദമായി പരിശോധിച്ച് കെ.ആർ.ഒ.യ്ക്ക് (കേരള റേഷനിംഗ് ഓർഡർ) വിധേയമായി മേലധികാരിയുടെ വിവേചനാധികാരം ഉപയോഗിച്ചാണ് സസ്പെൻഷൻ പിൻവലിക്കാനോ സ്ഥിരമായി റദ്ദു ചെയ്യാനോ ഉത്തരവാകുന്നത്.

(സി) ഗുരുതരമായ കുറ്റം ചെയ്യുന്നവരുടെ ലൈസൻസ് സ്ഥിരമായി റദ്ദു ചെയ്യുന്നതാണ്. സസ്പെൻഷനിലുള്ള റേഷൻ ഡിപ്പോ ലൈസൻസികൾക്ക് കുറ്റപത്രം നൽകുകയും വിശദീകരണം സ്വീകരിക്കുകയും നേരിൽ വിചാരണ നടത്തുകയും ചെയ്ത് സസ്പെൻഷന് കാരണമായ സാഹചര്യങ്ങളുടെ ഗൗരവത്തിനനുസരിച്ച് ശിക്ഷാ നടപടികൾ കൈക്കൊണ്ടുവരുന്നു.

**ക്രമക്കേട് നടത്തിയ റേഷൻ മൊത്തവ്യാപാരികൾക്കെതിരെ നടപടി**

257 (5454) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ ഭക്ഷ്യധാന്യ മൊത്തവ്യാപാരം സർക്കാർ ഏറ്റെടുക്കുന്ന നടപടി എത്രത്തോളമായി;

(ബി) 2011-16 കാലയളവിൽ എത്ര റേഷൻ മൊത്ത വ്യാപാരികൾക്കെതിരെ ക്രമക്കേട് നടത്തിയതിന്റെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) 2016 ജൂൺ മുതൽ 2016 സെപ്റ്റംബർ അവസാനം വരെ മേൽപ്പറഞ്ഞ പ്രകാരം ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഭക്ഷ്യ ധാന്യങ്ങൾ സംഭരിക്കുന്നതിനും വാതിൽപ്പടി വിതരണം നടത്തുന്നതിനും സപ്ലൈകോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) 991 കേസുകൾ എടുത്തിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്രമക്കേടുകൾ നടത്തിയ റേഷൻ മൊത്ത വ്യാപാര ഡിപ്പോ ലൈസൻസികൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകി നിയമാനുസൃതമായ പിഴ തുക ഈടാക്കുന്നതിനും കുറവ്/കൂടുതൽ കണ്ട ഭക്ഷ്യധാന്യങ്ങളുടെ വില ഈടാക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയ കേസുകളിൽ ലൈസൻസിയുടെ അംഗീകാരം സ്ഥിരമായി റദ്ദ് ചെയ്യുതടക്കമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പൊതുവിതരണ മേഖലയിലെ ഇടപെടലുകൾ**

258 (5455) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിതരണ മേഖലയിൽ നടത്തിയ ഇടപെടലുകൾ വിശദമാക്കുമോ;

(ബി) മുൻസർക്കാരിൻെറ കാലത്ത് പ്രസ്തുത മേഖലയിൽ നടന്ന ക്രമക്കേടുകൾ ഈ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) റേഷൻ കടകളിൽ ഭക്ഷ്യ വസ്തുക്കൾ കൃത്യമായി വിതരണം ചെയ്യപ്പെടുന്നത് ഉറപ്പ് വരുത്താൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ഡി) നിലവിലുള്ള സംവിധാനത്തിലെ പോരായ്മകൾ എന്തെല്ലാമെന്നും ഇവ പരിഹരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

## ഉത്തരം

(എ) പൊതുവിതരണ ശൃംഖലയിലെ റേഷൻ സാധനങ്ങളുടെ തിരിമറി/മറിച്ചു വില്പന എന്നിവ തടയുന്നതിനായി വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥർ മാത്രമായും പോലീസ്, ലീഗൽ മെട്രോളജി വകുപ്പിലെ ഉദ്യോഗസ്ഥരെക്കൂടി ഏകോപിപ്പിച്ചുകൊണ്ടും നിരവധി പരിശോധനകളും റെയ്ഡുകളും നടത്തി നിയമലംഘനം നടത്തിയവർക്കെതിരെ നോട്ടീസ് നല്കി പിഴ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഓണം, ബക്രീദ് കാലത്ത് താലൂക്ക്/ജില്ല/മേഖലാതല സ്പെഷ്യൽ സ്ക്വാഡുകളും സംസ്ഥാനതലത്തിൽ ഫ്ലൈയിംഗ് സ്ക്വാഡുകളും രൂപീകരിച്ചു. ഇപ്രകാരം രൂപീകരിക്കപ്പെട്ട 103 സ്ക്വാഡുകൾ 25-8-2016 മുതൽ പ്രവർത്തിച്ചിരുന്നു. കൂടാതെ വിലക്കയറ്റം സംബന്ധിച്ച് പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കുന്നതിനും ആയത് പരിഹരിക്കുന്നതിനും സ്ക്വാഡുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും മറ്റുമായി സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിൽ കൺട്രോൾ റൂം പ്രവർത്തിച്ചു വന്നിരുന്നു. ഇതിന് പുറമേ താലൂക്ക്/ജില്ല/മേഖലാതല കൺട്രോൾ റൂമുകളും രൂപീകരിച്ചിരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിനെ നേരിടുന്നതിന്റെ ഭാഗമായി സപ്ലൈകോ വഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന 13 ഇനം അവശ്യ സാധനങ്ങളുടെ വില അടുത്ത അഞ്ച് വർഷത്തേയ്ക്ക് വർദ്ധിപ്പിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് വിപണിയിടപെടലിനായി അനുവദിച്ച തുകയായ 70 കോടി രൂപ 150 കോടി രൂപയായി വർദ്ധിപ്പിച്ചു.

ഈ കൊല്ലം ഓണം, ബക്രീദ് ഉത്സവകാലത്ത് കഴിഞ്ഞകൊല്ലങ്ങളേക്കാൾ കാര്യക്ഷമമായ വിപണിയിടപെടൽ സപ്ലൈകോ നടത്തിയിട്ടുണ്ട്. ഇതിനായി നിലവിലുള്ള വില്പനശാലകൾ ഉൾപ്പെടെ 1464 ഓണച്ചന്തകൾ സംസ്ഥാനത്തുടനീളം പ്രവർത്തിപ്പിച്ചു. ഇതു കൂടാതെ 16.06 ലക്ഷം BPL കുടുംബങ്ങൾക്ക് സൗജന്യ ഓണക്കിറ്റ് വിതരണം ചെയ്തു. സ്കൂൾ കുട്ടികൾക്ക് 5 കിലോ വീതം സൗജന്യ അരി വിതരണം ചെയ്തു. ഇത്തരം വിപണിയിടപെടലിലൂടെ ഓണക്കാലത്ത് നിത്യോപയോഗ സാധനങ്ങളുടെ വില പിടിച്ചുനിർത്താൻ സർക്കാരിന് സാധിച്ചു.

(ബി) ഇല്ല.

(സി) പൊതുവിതരണ കേന്ദ്രങ്ങളിൽ വിലവിവരപട്ടിക, വിതരണതോത്, സ്റ്റോക്കിന്റെ നില എന്നിവ ഉപഭോക്താക്കൾ കാണുന്ന വിധം പ്രദർശിപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിന്റെ ലംഘനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇതിന് പുറമേ എല്ലാ പൊതുവിതരണ കേന്ദ്രങ്ങളിലും

ഉപയോഗിക്കുന്ന ഇലക്ട്രോണിക് ത്രാസ്സുകളുടെ ഡിസ്പ്ലേ ഉപഭോക്താക്കൾ കാണത്തക്ക രീതിയിൽ ക്രമീകരിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. റേഷൻ സാധനങ്ങളുടെ വിലവിവരം, വിതരണതോത് എന്നിവ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് പുറമേ എല്ലാ ദൃശ്യ, ശ്രാവ്യ പത്രമാധ്യമങ്ങളിലൂടെ പരസ്യപ്പെടുത്തുകയും ചെയ്യുന്നു. കൂടാതെ റേഷൻ വിതരണ കേന്ദ്രങ്ങളിൽ നിന്നും വിതരണം ചെയ്യുന്ന സാധനങ്ങൾക്ക് കൃത്യമായും ബിൽ നല്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ഡി) നിലവിലുള്ള സംവിധാനത്തിലെ പോരായ്മ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേന്ദ്രസർക്കാരിന്റെ പ്രഖ്യാപിത നയം അനുസരിച്ചുള്ള ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം ഈ വർഷം പ്രാബല്യത്തിൽ വരുന്നതോടെ പൊതുവിതരണ സമ്പ്രദായം കൂടുതൽ സുതാര്യവും കാര്യക്ഷമവും ഫലപ്രദവുമാകുമെന്ന് കരുതുന്നു.

**ഹോട്ടലുകളിലെ അമിതവില**

259 (5456) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകൾ അമിത വില ഈടാക്കുന്നുവെന്ന പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ഹോട്ടലുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണപദാർത്ഥങ്ങളുടെ വില ഏകീകരിക്കാനും ഗുണനിലവാരം പരിശോധിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹോട്ടലുകളിൽ വിലവിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കുന്നത് നിയമംമൂലം നിർബന്ധമാക്കിയിട്ടുണ്ട്. ഇത് ഉറപ്പ് വരുത്തുന്നതിനായി വകുപ്പിലെ ഉദ്യോഗസ്ഥർ മാത്രമായും റവന്യൂ, ലീഗൽ മെട്രോളജി എന്നീ വകുപ്പിലെ ഉദ്യോഗസ്ഥരുമായി ചേർന്നും നിരന്തരം പരിശോധനകൾ നടത്തുകയും നിയമലംഘനം നടത്തുന്നവർ ക്കെതിരെ 1977-ലെ Kerala Food Stuffs (Display of Prices by Catering Establishments) Order, 1977-ലെയും 1980-ലെയും Kerala Essential Commodities (Maintenance of Accounts and Display of Prices and Stocks) Order എന്നിവ പ്രകാരവും ശക്തമായി നടപടി സ്വീകരിച്ചുവരുന്നുണ്ട്. എന്നാൽ ഹോട്ടലുകളുടെ നിലവാരമനുസരിച്ച് അവിടെ നൽകുന്ന ഭക്ഷണത്തിന് നിരക്ക് നിശ്ചയിക്കാനുള്ള അധികാരം നിലവിൽ സർക്കാരിനില്ല.

## വവ്വാക്കാവിൽ മാവേലി സ്റ്റോർ

260 (5457) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ വവ്വാക്കാവ് കേന്ദ്രമാക്കി മാവേലി സ്റ്റോർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

മാവേലിസ്റ്റോർ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ വവ്വാക്കാവ് എന്ന സ്ഥലം കുലശേഖരപുരം ഗ്രാമപഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. കുലശേഖരപുരം ഗ്രാമപഞ്ചായത്തിൽ സപ്ലൈകോയുടെ രണ്ട് വിൽപ്പനശാലകൾ നിലവിൽ പ്രവർത്തിച്ച് വരുന്നുണ്ട്. സപ്ലൈകോ വിൽപ്പനശാലകൾ ഒന്നും തന്നെയില്ലാത്ത പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനാണ് സപ്ലൈകോ നിലവിൽ മുൻഗണന നൽകി വരുന്നത്. എന്നിരുന്നാലും കുലശേഖരപുരം പഞ്ചായത്തിൽ മൂന്നാമതൊരു വിൽപ്പനശാല വവ്വാക്കാവിൽ ആരംഭിക്കുന്നതിന് നിലവിലെ സർക്കാർ മാനദണ്ഡമനുസരിച്ചുള്ള 500 ച. അടിയിൽ കുറയാതെയുള്ള ആജീവനാന്ത വാടകരഹിത കെട്ടിടവും, അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നതിനായി ഒരു ലക്ഷം രൂപയും ഗ്രാമപഞ്ചായത്ത് അനുവദിക്കുകയാണെങ്കിൽ സാധ്യതാപഠനത്തിന്റെയും ജീവനക്കാരുടെ ലഭ്യതയുടേയും അടിസ്ഥാനത്തിൽ പുതിയ മാവേലി സറ്റോർ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

## പ്രധാൻമന്ത്രി ഉജ്ജ്വൽ യോജന പദ്ധതി

261 (5458) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ. കുടുംബങ്ങൾക്ക് എൽ.പി.ജി. കണക്ഷൻ നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി ഉജ്ജ്വൽ യോജന (PMUY) യുടെ സംസ്ഥാനത്തെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ, ലഭിച്ച തുക, വിനിയോഗിച്ച തുക എന്നിവ സഹിതം ജില്ലാ അടിസ്ഥാനത്തിൽ വിശദീകരിക്കുമോ;

(ബി) ഈ വർഷം സംസ്ഥാനത്ത് ഈ കാര്യത്തിൽ നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ എന്തൊക്കെയാണെന്നും കേന്ദ്ര-സംസ്ഥാന വിഹിതം എത്രയാണെന്നും ഇതേവരെ എത്ര തുക വിനിയോഗിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പ്രധാൻമന്ത്രി ഉജ്ജ്വൽ യോജന പൂർണ്ണമായും കേന്ദ്രാവിഷ്കൃതമായ പദ്ധതിയാണ്. ഇതിൽ സംസ്ഥാന ഗവൺമെന്റിന് യാതൊരു പങ്കോ അധികാരമോ ഇല്ല. സംസ്ഥാനത്ത് 1.4 ലക്ഷം എൽ.പി.ജി. കണക്ഷനുകൾ ഈ പദ്ധതി പ്രകാരം അനുവദിക്കാൻ തീരുമാനം ആയിട്ടുണ്ട്. ഈ പദ്ധതിയെപ്പറ്റി എല്ലാ ജില്ലാ പഞ്ചായത്തുകൾക്കും വിവരം നല്കുകയും ഗുണഭോക്താക്കൾക്ക് ബോധവത്കരണം നല്കുകയും യോഗ്യരായവരിൽ നിന്ന് അപേക്ഷ സ്വീകരിച്ചുവരുകയും ചെയ്യുന്നുണ്ട്.

യോഗ്യരായ അപേക്ഷകർക്ക് ഈ പദ്ധതി പ്രകാരം സൗജന്യ കണക്ഷനുകൾ നൽകുകയും ഇതിന് ആവശ്യമായ തുക എണ്ണക്കമ്പനികൾ വഴി കേന്ദ്ര സർക്കാർ ഏജൻസികൾക്ക് നല്കുകയുമാണ് ചെയ്യുന്നത് എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈ പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാനത്തിന് യാതൊരു തരത്തിലുള്ള ഫണ്ടും ലഭ്യമാകുന്നില്ല.

**പൊതുവിതരണത്തിനുള്ള ഭക്ഷ്യ സാധനങ്ങളുടെ സൂക്ഷിക്കൽ**

262 (5459) ശ്രീ. അട്ടൂർ പ്രകാശ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിതരണത്തിനുള്ള ഭക്ഷ്യ സാധനങ്ങൾ സൂക്ഷിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) സ്വകാര്യ ഗോഡൗണുകളിൽ ഇവ സൂക്ഷിക്കാറുണ്ടോ; വിശദാംശം എന്തെല്ലാം;

(സി) ഭക്ഷ്യ സാധനങ്ങൾ സൂക്ഷിക്കുന്നതിന് സ്വകാര്യ ഗോഡൗണുകളെ ഒഴിവാക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പൊതുവിതരണത്തിനുള്ള ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്നതിന് നിലവിൽ 287 സ്വകാര്യ മൊത്ത വിതരണക്കാരും 30 കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഉടമസ്ഥതയിൽ 11 ഗോഡൗണുകളുമാണുള്ളത്.

(ബി) സൂക്ഷിക്കാറുണ്ട്. എഫ്.സി.ഐ.-യിൽ നിന്നും റിലീസിംഗ് ഓർഡർ എഴുതി സ്വകാര്യ മൊത്ത വിതരണക്കാരുടെ ചെലവിൽ ഭക്ഷ്യധാന്യങ്ങൾ അവരുടെ ഗോഡൗണിൽ സൂക്ഷിച്ച് താലൂക്ക് സപ്ലൈ ഓഫീസിൽനിന്നും ലഭിക്കുന്ന അതോറിറ്റി ലിസ്റ്റ് പ്രകാരം അതാത് റേഷൻ കടകളിൽ എത്തിക്കുന്ന ചുമതല സംസ്ഥാനത്ത് ഭൂരിഭാഗം മേഖലയിലും നിലവിൽ നിർവ്വഹിക്കുന്നത് സ്വകാര്യ മൊത്ത വിതരണക്കാരാണ്.

(സി) 29-8-2016-ലെ സ.ഉ. (കൈ) നമ്പർ 11/2016/ഭ.പൊ.വി.വ. പ്രകാരം നിലവിലെ സ്വകാര്യ മൊത്ത വിതരണക്കാർക്ക് പകരം സർക്കാർ അധീനതയിൽ ബ്ലോക്ക് തലത്തിൽ സംഭരണശാലകൾ ആരംഭിക്കുവാൻ ഉത്തരവായിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ 152 ബ്ലോക്ക് പഞ്ചായത്തുകളിലും ഗോഡൗൺ നിർമ്മിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തി നല്കണമെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. വിവിധ സർക്കാർ ഏജൻസികളുടെ കീഴിൽ ഗോഡൗൺ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് വാടകയ്ക്ക് എടുക്കുവാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

**പെട്രോൾ പമ്പുകളിൽനിന്നും ലഭിക്കുന്ന ഇന്ധനത്തിൽ മായം**

263 (5460) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പെട്രോൾ പമ്പുകളിൽ ഇന്ധനത്തിൽ മായം ചേർക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരത്തിൽ മായം ചേർക്കുന്നത് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) ഉപഭോക്താവിന് പെട്രോൾ പമ്പുകളിൽ നിന്നും ലഭിക്കുന്ന ഇന്ധനത്തിന്റെ പരിശുദ്ധി പരിശോധിച്ച് ബോധ്യപ്പെടാൻ നിലവിൽ എന്ത് സംവിധാനമാണുള്ളത്; ഇത് കാര്യക്ഷമമാണോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത മേഖലയിൽ ഇത്തരം പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ ഏതെല്ലാം; ജില്ലാ തലത്തിൽ/താലൂക്ക് തലത്തിൽ അത് ആരെല്ലാം;വിശദമാക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) എല്ലാ പെട്രോൾ പമ്പുകളിലും ഉപഭോക്താക്കൾക്ക് പെട്രോളിന്റെയും ഡീസലിന്റെയും ഗുണപരിശോധന നടത്തുവാനുള്ള പ്രക്രിയ രേഖപ്പെടുത്തിയ ബോർഡുകൾ പ്രദർശിപ്പിച്ചിട്ടുണ്ട് എന്നും വിൽപ്പനക്കാർ ദിനം തോറും ഗുണപരിശോധന നടത്താറുണ്ട് എന്നും ഇത് കൂടാതെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി എണ്ണക്കമ്പനികൾ പതിവ് പരിശോധനകൾ നടത്തുകയും പമ്പുകളിൽ നിന്നും ശേഖരിക്കുന്ന സാമ്പിളുകൾ ലബോറട്ടറികളിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ടെന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

(ഡി) ഭക്ഷ്യ പൊതു വിതരണ വകുപ്പിലെ താലൂക്ക് സപ്ലൈ ഓഫീസർ റാങ്കിൽ കുറയാത്ത തസ്തികയിലുള്ള ഉദ്യോഗസ്ഥർക്കും ജില്ലാ കളക്ടർക്കും, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്/അസിസ്റ്റന്റ് പോലീസ് കമ്മീഷണർ എന്നീ ഉദ്യോഗസ്ഥർക്കും പെട്രോൾ പമ്പുകൾ പരിശോധിക്കുവാനുള്ള അധികാരം ഉണ്ട്. ഇതു കൂടാതെ എണ്ണക്കമ്പനി ഉദ്യോഗസ്ഥർ കൃത്യമായ പരിശോധനകൾ നടത്തുകയും എല്ലാ എണ്ണക്കമ്പനികളുടെയും ആന്റി അഡൾട്ടറേഷൻ സെൽ മിന്നൽ പരിശോധനകൾ നടത്തുകയും സാമ്പിളുകൾ ശേഖരിക്കുകയും ചെയ്യാറുണ്ടെന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത T5201, 5213, 5221, 5244, 5306, 5334, 5431 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.37 am]

# II അടിയന്തരപ്രമേയം

## വരൾച്ച

മി. സ്പീക്കർ : റൂൾ 50 അനുസരിച്ചുള്ള നോട്ടീസ്, റൂൾ 300 പ്രകാരമുള്ള ഒരു പ്രസ്താവന ഇതെല്ലാം ബഹുമാനപ്പെട്ട മന്ത്രി നടത്താനിരിക്കുന്ന വിഷയവുമായി ബന്ധപ്പെട്ടാണ്. അടിയന്തരപ്രമേയാവതരണം നിർബന്ധമാണോ എന്ന് പ്രതിപക്ഷത്തോട് ആരാഞ്ഞപ്പോൾ ഇത് വേണമെന്ന് ആവശ്യപ്പെട്ട സ്ഥിതിക്ക് റൂൾ 50 അനുവദിക്കുകയാണ്.

മഴയുടെ ലഭ്യതക്കുറവുമൂലം സംസ്ഥാനം നേരിടുന്ന വരൾച്ചയും കുടിവെള്ളക്ഷാമവും കൃഷി നാശവുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന അതീവ ഗുരുതരമായ സ്ഥിതിവിശേഷവും വരൾച്ച നേരിടാൻ കൈക്കൊള്ളേണ്ട അടിയന്തര നടപടികളും കണക്കിലെടുത്ത് സംസ്ഥാനത്തെ വരൾച്ചാബാധിത സംസ്ഥാനമായി പ്രഖ്യാപിച്ച് പ്രശ്നപരിഹാരത്തിന് കൂടുതൽ കേന്ദ്രസഹായം നേടിയെടുക്കുന്ന കാര്യം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ വി. എസ്. ശിവകുമാർ, പി. ഉബൈദുള്ള എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ, റൂൾ 300 പ്രകാരം നടത്താനിരുന്ന പ്രസ്താവനയുടെ ഉള്ളടക്കമാണ് പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് പറയാൻ പോകുന്നത്. തെക്കുപടിഞ്ഞാറൻ കാലവർഷം നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ വർഷം വളരെ കുറവായിരുന്നു. കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം കണക്കാക്കിയതനുസരിച്ച് 34 ശതമാനം മഴ കുറവാണുണ്ടായത്. അതിനെ തുടർന്ന് കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം ചൂണ്ടിക്കാണിച്ചത് വരുന്ന വടക്കുകിഴക്കൻ കാലവർഷം 90 ശതമാനം മുതൽ 100 ശതമാനംവരെ ലഭിക്കാൻ സാധ്യതയുണ്ടെന്നായിരുന്നു. എന്നാൽ ഒക്ടോബർ മുതൽ ഡിസംബർ വരെ ലഭിച്ച കണക്കനുസരിച്ച് വടക്കുകിഴക്കൻ കാലവർഷത്തിന്റെ കാര്യത്തിലും 69 ശതമാനത്തിന്റെ കുറവാണുണ്ടായത്. ഈ സ്ഥിതി കണക്കിലെടുത്ത് ഒക്ടോബർ മാസം 13-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബന്ധപ്പെട്ട വകുപ്പിന്റെ മന്ത്രിയടക്കമുള്ളവരുമായി ഈ കാര്യത്തെക്കുറിച്ച് ചർച്ച ചെയ്യുകയുണ്ടായി. നമ്മുടെ സംസ്ഥാനം നേരിടുന്ന കുടിവെള്ളക്ഷാമം, ജലസേചനത്തിനാവശ്യമായ വെള്ളത്തിന്റെ ലഭ്യത, അത്യാവശ്യം വേണ്ടിവരുന്ന എല്ലാ രംഗങ്ങളിലെയും വെള്ളത്തിന്റെ ലഭ്യതക്കുറവ് തുടങ്ങിയവ സംബന്ധിച്ച് ചർച്ച ചെയ്ത് വെള്ളം

ഉപയോഗിക്കുന്നതിൽ വരുത്തേണ്ട നിയന്ത്രണമുൾപ്പെടെയുള്ള കാര്യങ്ങളെ സംബന്ധിച്ച് വ്യക്തമായ ഒരു നിർദ്ദേശം പൊതുവിൽ നൽകുന്നതിനായി തീരുമാനിക്കുകയുണ്ടായി. അതിനുശേഷം മുഖ്യമന്ത്രി പങ്കെടുത്തുകൊണ്ട് അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ 28-10-2016-ൽ സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി (SDMA)-യുടെ ഒരു യോഗം ചേരുകയും ആ യോഗത്തിൽവച്ച് സംസ്ഥാനത്തെ മുഴുവൻ ജില്ലകളും വരൾച്ചാ ബാധിതമായി നിൽക്കുന്ന സാഹചര്യം കണക്കിലെടുത്ത് സംസ്ഥാന ജില്ലകളെയാകെ വരൾച്ചാ ബാധിത ജില്ലകളെന്ന നിലയിൽ പ്രഖ്യാപനം നടത്താൻ തീരുമാനിക്കുകയും ചെയ്തു. നിയമസഭാ സമ്മേളനം നടക്കുന്ന സാഹചര്യത്തിൽ അത് സഭയിൽ പറയണമെന്നുള്ളതു കൊണ്ടാണ് ഈ കാര്യം ഇവിടെ റൂൾ 300 അനുസരിച്ച് പറയാൻ തീരുമാനിച്ചത്. ഈ സാഹചര്യത്തിൽ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, വരൾച്ച മൂലവും മഴയുടെ കുറവുമൂലവും സംസ്ഥാനം പൊതുവിൽ നേരിടുന്ന പ്രശ്നങ്ങൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിനായി സാധാരണ ഗതിയിൽ എല്ലാ ജില്ലകളിലും നടത്തേണ്ട മുന്നൊരുക്കങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങളും നൽകിയിരിക്കുകയാണ്. നവംബർ, ഡിസംബർ മാസത്തെ മഴയാണ് നമുക്ക് പ്രതീക്ഷിക്കാൻ വകനൽകുന്നത്. സംസ്ഥാനത്ത് ഇപ്പോൾത്തന്നെ വരൾച്ചയുടേതായ എല്ലാ ലക്ഷണങ്ങളും വന്നുചേർന്നിരിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ മൊത്തമായി വരൾച്ചാ ബാധിത മേഖലയായി പ്രഖ്യാപിക്കണമെന്ന തീരുമാനം എടുത്തിരിക്കുന്നത്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, നമ്മുടെ സംസ്ഥാനം അതീവഗുരുതര മായൊരു പാരിസ്ഥിതിക തകർച്ചയുടെ വക്കിലേയ്ക്ക് പോകുകയാണ്. കേരളത്തിൽ കൊടുംചൂടും വരൾച്ചയും വ്യാപകമായിക്കൊണ്ടിരിക്കുന്ന ഈ പശ്ചാത്തലത്തെ ക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. കേരള സംസ്ഥാനത്തെ വരൾച്ച ബാധിത സംസ്ഥാനമായി പ്രഖ്യാപിക്കണമെന്ന വിഷയത്തെ സംബന്ധിച്ചാണ് അടിയന്തരപ്രമേയത്തിലൂടെ ഉന്നയിക്കാൻ ശ്രമിക്കുന്നത്. കേരളത്തിൽ ഇതുവരെ കണ്ടിട്ടില്ലാത്ത രീതിയിൽ അതിഭയങ്കരമായ വരൾച്ച നേരിടാൻ പോകുന്ന അവസരത്തിൽ, സംസ്ഥാനത്തെ 140 നിയോജകമണ്ഡല ങ്ങളിലെയും ജനപ്രതിനിധികളിരിക്കുന്ന നിയമസഭയിൽ വളരെ വിശദമായ ചർച്ച നടത്തി ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് മുന്നോട്ടുവരണമെന്ന് അഭ്യർത്ഥിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനത്ത് തെക്കുപടിഞ്ഞാറൻ കാലവർഷത്തിൽ ഇതുവരെ 34 ശതമാനം മഴയുടെ കുറവുണ്ടായി എന്നത് എല്ലാ പത്രമാധ്യമങ്ങളിലും ഇതിനകം റിപ്പോർട്ട്

ചെയ്തിട്ടുള്ളതാണ്. കേരളത്തിന് ആകെ 2039 മില്ലീമീറ്റർ മഴയാണ് ലഭിക്കേണ്ടിയിരുന്നത്. ജൂൺ മുതൽ സെപ്റ്റംബർ വരെ 1352 മില്ലീമീറ്റർ മഴ കേരളത്തിൽ ലഭിച്ചു. കഴിഞ്ഞ 10 വർഷത്തിനിടയിൽ ഏറ്റവും കുറവ് മഴയാണ് കേരളത്തിന് ലഭിച്ചത്. കേന്ദ്ര സർക്കാരിന്റെ മാനദണ്ഡപ്രകാരം ഒരു സംസ്ഥാനം വരൾച്ച ബാധിതപ്രദേശമാണെന്ന് വിലയിരുത്തപ്പെടുന്നത് മഴയുടെ അളവിലുണ്ടാകുന്ന കുറവ്, ഭൂഗർഭജലത്തിന്റെ അഭാവം, സൂര്യതാപത്തിലുണ്ടാകുന്ന വർദ്ധന, മണ്ണിന്റെ ഉപരിതലത്തിൽ ജലാംശത്തിന്റെ അളവിലുണ്ടാകുന്ന കുറവ്, വൃക്ഷങ്ങളിലെ പച്ചപ്പ് നഷ്ടമാകൽ, റിസർവോയറുകളിലെ ജലനിരപ്പ് കുറയൽ, വരൾച്ചയുടെ ഭാഗമായുള്ള മരണങ്ങൾ, കന്നുകാലികളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ തുടങ്ങിയവയിലൂടെയാണ്. ഇന്ന് കേരളത്തിന്റെ വിവിധ മേഖലകളിൽ ഇവയെല്ലാം പ്രകടമായിക്കൊണ്ടിരിക്കുന്ന സാഹചര്യമാണുള്ളത്. തുലാവർഷം ഇന്നലെ ചെറുതായി ആരംഭിച്ചിട്ടുണ്ട്. ആറുദിവസക്കാലം നീണ്ടുനിൽക്കുമെന്നാണ് പറയപ്പെടുന്നത്. നവംബർ, ഡിസംബർ മാസങ്ങളിൽ നമ്മൾ പ്രതീക്ഷിക്കുന്ന മഴ ലഭ്യമാകുമെന്ന് കരുതുന്നില്ല. കാരണം ഔദ്യോഗികമായി ഇതുമായി ബന്ധപ്പെട്ട ആളുകളുമായി ഡിസ്കസ് ചെയ്തപ്പോൾ അക്കാര്യം സൂചിപ്പിക്കുകയുണ്ടായി. തുലാവർഷം ചെറിയ തോതിൽ ആരംഭിച്ചെങ്കിലും 100 ശതമാനം മഴ പെയ്താൽപോലും ഇടവപ്പാതിയിൽവന്ന കുറവുകൾ നികത്താൻ കഴിയുന്നൊരു സാഹചര്യമല്ല. വയനാട് ജില്ലയിൽ 60 ശതമാനം മഴയുടെ ലഭ്യതക്കുറവുണ്ട്; തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, പാലക്കാട് തുടങ്ങിയ ജില്ലകളിൽ ഏകദേശം 30-45 ശതമാനത്തിനും കൊല്ലം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് തുടങ്ങിയ ജില്ലകളിൽ 25-30 ശതമാനത്തിനും എറണാകുളം ജില്ലയിൽ 23 ശതമാനത്തിനും ഇടയ്ക്ക് മഴയുടെ ലഭ്യതക്കുറവുണ്ട്. പൊതുവേ കേരളത്തിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ടെങ്കിലും പാലക്കാട്, ഇടുക്കി, വയനാട് ജില്ലകളിലെ ചില പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അതിരൂക്ഷമാണ്. ഇപ്പോൾ കേരളത്തിലുള്ള തണ്ണീർത്തടങ്ങൾ കണ്ണീർത്തടങ്ങളായി മാറുന്ന സ്ഥിതിയുണ്ട്. തെക്കൻ ജില്ലകളിലെ ഡാമുകളിൽ ജലനിരപ്പ് കുറവാണ്, വടക്കൻ ജില്ലകളിലെ ഡാമുകളിൽ ജലനിരപ്പ് വളരെയധികം താഴ്ന്ന സ്ഥിതിയാണ്. രണ്ടുദിവസങ്ങൾക്കുമുമ്പുള്ള ദീപിക പത്രത്തിൽ തേക്കടി ഡാമിലെ ജലനിരപ്പ് കുറവാണെന്ന് സൂചിപ്പിക്കുകയുണ്ടായി. 'കാലവർഷം ചതിച്ചു, കേരളത്തെ കാത്തിരിക്കുന്നത് കൊടും വരൾച്ച' എന്നുള്ള വാർത്ത കേരളകൗമുദി, ഹിന്ദു തുടങ്ങിയ പത്രങ്ങളിൽ വരികയുണ്ടായി.

ശാസ്താംകോട്ട തടാകത്തിൽ 33 അടി വെള്ളം ഉണ്ടായിരുന്നിടത്ത് ഇപ്പോൾ 16 അടി വെള്ളം മാത്രമായി കുറഞ്ഞിരിക്കുകയാണ്. ഓരോ പ്രദേശങ്ങളിലുമുള്ള ഡാമുകളിലെ ജലനിരപ്പ് താഴ്ന്ന അവസരത്തിൽ ബോട്ടുയാത്രകൾ നിർത്തി വച്ചിരിക്കുകയാണ്. അതിരൂക്ഷമായ കുടിവെള്ളക്ഷാമം ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ പശ്ചാത്തലത്തിൽ ഇതിനെ നേരിടാനാവശ്യമായ നടപടികൾ സ്വീകരിക്കണം

വ്യാപകമായ കൃഷിനാശം, കുടിവെള്ള ദൗർലഭ്യം, വൈദ്യുതി പ്രതിസന്ധി എന്നിവ ഉണ്ടാകാൻ പോകുന്നു. വാട്ടർ മാനേജ്മെന്റിന്റെ അഭാവമാണ് ഏറ്റവും പ്രധാനം. 3000 മില്ലീമീറ്റർ മഴയും 44 നദികളും 33 ഡാമുകളും 45 ലക്ഷം കിണറുകളും സമൃദ്ധമായ വനസമ്പത്തുമുള്ള കേരളത്തിൽ വരൾച്ചയും കുടിവെള്ളക്ഷാമവും രൂക്ഷമാകുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനാവശ്യമായ ഒരു ജലനയം നമ്മുടെ സംസ്ഥാനത്തിന് ആവശ്യമാണ്. കഴിഞ്ഞ ചോദ്യോത്തര വേളയിൽ ഇക്കാര്യം മന്ത്രി സൂചിപ്പിക്കുകയുണ്ടായി. നമ്മുടെ സംസ്ഥാനത്തിന് ആവശ്യമായ മഴ ലഭിച്ചാൽപ്പോലും വരൾച്ച ഒരു യാഥാർത്ഥ്യമായി മാറുകയാണ്. അതിനെക്കുറിച്ച് സർക്കാർ വിശദമായി ആലോചിക്കണം. ജൂൺ മുതൽ നവംബർ വരെ 70 ശതമാനം മഴ ലഭിക്കുമ്പോൾ ജലലഭ്യത 15 ശതമാനം മാത്രമേയുള്ളൂ. 50 ശതമാനത്തിൽ കൂടുതൽ ജലലഭ്യത ആവശ്യമുള്ള വേനൽക്കാലത്ത് 10 ശതമാനത്തിൽ താഴെയാണ് കേരളത്തിൽ മഴ ലഭിക്കുന്നത്. ഇതിനുള്ള കാരണം ജലസംഭരണത്തിലെ പരാജയവും തെറ്റായ ജലവിനിയോഗ രീതികളുമാണ് എന്നുള്ളതിൽ യാതൊരു സംശയവുമില്ല. കേരളത്തിന് ലഭ്യമാകുന്ന മഴയെ കരുതിവച്ചുകൊണ്ട് നമ്മുടെ സമൂഹത്തിന് ആവശ്യമായ രീതിയിൽ വിനിയോഗിക്കാൻ കഴിയുന്ന സാഹചര്യമൊരുക്കുക എന്നുള്ളതാണ് പ്രധാനം. ഇപ്പോൾ മഴ പെയ്താൽ ആ വെള്ളം രണ്ടുദിവസങ്ങൾക്കുള്ളിൽ കടലിൽ എത്തിച്ചേരുകയാണ്. പണ്ടുകാലത്താണെങ്കിൽ ആ വെള്ളം കടലിൽ എത്തിച്ചേരാൻ മാസങ്ങളെടുക്കും. വനനശീകരണം, നഗരവത്കരണം, തടയണകളുടെ അഭാവം തുടങ്ങിയവയൊക്കെയാണിതിന് കാരണം.

ചെക്ക് ഡാമുകൾ കേരളത്തിൽ നിർമ്മിക്കുമെന്ന് സൂചിപ്പിക്കുകയുണ്ടായി. ചെക്ക് ഡാമുകൾ നിർമ്മിക്കുമ്പോൾ മൈനർ ചെക്ക് ഡാമുകൾ നിർമ്മിച്ചാൽ വെള്ളത്തിന്റെ വേഗത കുറച്ചുകൊണ്ട് വെള്ളം സംരക്ഷിക്കാൻ കഴിയുന്നതാണ്. മഴക്കുഴികൾ ഇല്ലാത്തതുകൊണ്ട് ജലനിരപ്പ് ഒലിച്ചുപോകുന്നു. ഇതുമൂലം കിണറുകളുടെയും കുളങ്ങളുടെയും വെള്ളം റീ-ചാർജ്ജ് ചെയ്യാനുള്ള അവസരം നഷ്ടപ്പെടുന്നു. എല്ലാവീടുകളുടെയും മുറ്റത്ത് ഇപ്പോൾ ടൈൽ ഇടുന്നതുമൂലം വെള്ളം ഒലിച്ചുപോകുന്ന സ്ഥിതിയാണുള്ളത്. കിണറുകളും കുളങ്ങളും വ്യാപകമായി നികത്തുന്നത് തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിന് ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട് ഒരു വലിയ പദ്ധതിക്ക് കഴിഞ്ഞ സർക്കാർ രൂപം കൊടുത്തതിന്റെ ഫലമായി കേരളത്തിലെ മുഴുവൻ കുളങ്ങളും സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ടുള്ള കുളങ്ങളും മറ്റ് കുളങ്ങളും സംരക്ഷിക്കുന്നതിനും ജലസ്രോതസ്സുകൾ മലിനമാകുന്നത് തടയുന്നതിനും നടപടി

സ്വീകരിക്കുകയും ഇതിനൊക്കെ പോലീസ് സാഹായത്തോടെ ശക്തമായ നിരീക്ഷണങ്ങൾ ഉണ്ടാകുകയും വേണം. പ്രൈവറ്റ് ലോബികളുടെ നേതൃത്വത്തിൽ പോലീസിന്റെ സഹായത്തോടുകൂടി ശുദ്ധജലം പൊല്യൂട്ട് ചെയ്യുന്നതിനുള്ള ശ്രമങ്ങൾ ഇപ്പോൾ ആരംഭിക്കും. തമിഴ്നാട്ടിൽ rain harvesting പദ്ധതി ആരംഭിച്ചത് വളരെ വിജയകരമാക്കാൻ സാധിച്ചിട്ടുണ്ട്. കേരളത്തിലും പുതുതായി നിർമ്മിക്കുന്ന ഭവനങ്ങളിൽ rain harvesting പദ്ധതി നടപ്പിലാക്കണം. നിലവിലുള്ള വീടുകൾ, ഓഫീസുകൾ തുടങ്ങിയവയ്ക്ക് ഒരു കട്ട് ഓഫ് ഡേറ്റ് കൊടുത്തുകൊണ്ട് മഴക്കുഴികൾ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശവും നൽകണം. ശുദ്ധജലക്ഷാമത്തിന് ഒരു കാരണം തെറ്റായ ജലവിനിയോഗ രീതികളാണ്.

കാർഷിക വിഭാഗത്തിൽ 14,62,375 ഉപഭോക്താക്കളും കാർഷിക ഇതരവിഭാഗത്തിൽ 1,10,382 ഉപഭോക്താക്കളും വ്യാവസായിക വിഭാഗത്തിൽ 1139 ഉപഭോക്താക്കളും ഉൾപ്പെടെ 16 ലക്ഷത്തോളം ആളുകളാണ് ജല അതോറിറ്റിയുടെ ഉപഭോക്താക്കളായുള്ളത്. 300 കോടി രൂപ വാട്ടർ അതോറിറ്റിക്ക് വിതരണ നഷ്ടം വരികയാണ്. വരൾച്ച നേരിടുമ്പോൾ കുടിവെള്ളം കിട്ടുന്നില്ല, മലിന ജലമാണ് ജനങ്ങൾക്ക് ലഭ്യമാകുന്നത്.

മി. സ്പീക്കർ : താങ്കൾ പറയുന്ന കാര്യങ്ങൾ വളരെ ശ്രദ്ധേയമാണ്. ജലനയമാണ് ഇവിടെ അവതരിപ്പിക്കുന്നത്. പക്ഷേ വരൾച്ച എങ്ങനെ നേരിടണമെന്നുള്ളതാണ് അടിയന്തര പ്രാധാന്യമുള്ള വിഷയം.

ശ്രീ. വി. എസ്. ശിവകുമാർ : ഈ വിഷയങ്ങളുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ വളരെ വിശദമായി ചർച്ച ചെയ്ത് മുന്നോട്ടുപോകണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. നഗരപ്രദേശങ്ങളിൽ നഗരവത്കരണം, ഫ്ലാറ്റുകൾ തുടങ്ങിയവ ഉണ്ടായി. പത്തും മുന്നൂറും കുടുംബങ്ങൾ ഫ്ലാറ്റുകളിൽ താമസിക്കുമ്പോൾ ജലത്തിന്റെ അളവ് വളരെ കൂടുതലായി ഉപയോഗിക്കപ്പെടുന്നുണ്ട്. ഫ്ലാറ്റുകളിൽ മഴക്കുഴികൾ സ്ഥാപിച്ചുകൊണ്ട് മഴവെള്ളം സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. ഇത് ജലനയത്തിന്റെ ഭാഗമായി വരേണ്ടതാണെങ്കിലും കുടിവെള്ളവുമായി ബന്ധപ്പെട്ടുള്ള ബുദ്ധിമുട്ട് ഉണ്ടാകുന്ന സാഹചര്യങ്ങൾ പരിശോധിച്ചുകൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കണം എന്നാണ് ഇക്കാര്യത്തെക്കുറിച്ച് സൂചിപ്പിക്കാനുള്ളത്.

ഓരോ ജില്ലകളും അതിരൂക്ഷമായ വരൾച്ച നേരിടാൻ പോകുന്നതിനാൽ സംസ്ഥാനത്തെ വരൾച്ച ബാധിത സംസ്ഥാനമായി പ്രഖ്യാപിക്കണം. ഓരോ ജില്ലകളിലും ഓരോ മന്ത്രിമാർക്കും അവരവരുടെ നിയോജകമണ്ഡലങ്ങളിൽ എം.എൽ.എ.-മാർക്കും ചുമതല നൽകിക്കൊണ്ട് അടുത്ത മേയ് വരെയുള്ള കാലഘട്ടത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വരൾച്ച രൂക്ഷമാകുന്ന സാഹചര്യത്തിൽ കാർഷിക വായ്പകൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കേണ്ടതാണ്. സ്റ്റേറ്റ് ലെവൽ ബാങ്കുകൾ മൊറട്ടോറിയം പ്രഖ്യാപിക്കുമ്പോൾ പലിശയിളവ് കൊടുക്കുന്നുണ്ട്. പ്രാദേശിക സഹകരണ സംഘങ്ങളും പ്രാദേശിക സഹകരണ ബാങ്കുകളും പലിശയിളവ് നൽകുന്നില്ല. അതിനുള്ള നടപടികൾ സ്വീകരിക്കണം. കാർഷിക വായ്പകൾക്കാണ് മൊറട്ടോറിയം നൽകുന്നത്. വയനാട് ജില്ലയിൽ കുട്ടികളെ പഠിപ്പിക്കുന്നതിന് വായ്പ എടുക്കാറുണ്ട്. കർഷകർ എടുക്കുന്ന എല്ലാ വായ്പകൾക്കും മൊറട്ടോറിയം പ്രഖ്യാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ജലസുഭിക്ഷമായിരുന്ന കേരളം ഇന്ന് ജലദരിദ്രമായ കേരളമായി മാറുന്നു. വരാൻ പോകുന്ന രൂക്ഷമായ വരൾച്ച നേരിടാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ചീഫ് സെക്രട്ടറിയുടെയും നേതൃത്വത്തിൽ ഈ പ്രശ്നങ്ങൾ വിശദമായി വിലയിരുത്തി കേന്ദ്രസഹായം നേടിയെടുക്കുന്നതിനാവശ്യമായ നടപടികളുമായി മുന്നോട്ടു പോകണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം ഈ വിഷയം അവതരിപ്പിക്കുന്നതിനുമുമ്പുതന്നെ കേരളത്തെ പൂർണ്ണമായി വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിച്ചതായി ഞാൻ അറിയിക്കുകയുണ്ടായി. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട വിഷയം അതാണല്ലോ. മറ്റ് ധാരാളം കാര്യങ്ങളിൽ അദ്ദേഹം വിലപ്പെട്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളുമൊക്കെ മുന്നോട്ടുവച്ചിട്ടുണ്ട്. അതെല്ലാം സ്വീകാര്യവുമാണ്. വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിച്ചുകഴിഞ്ഞാൽ തുടർനടപടികൾ—കടങ്ങൾക്കുള്ള മൊറട്ടോറിയത്തിന്റെ വിഷയങ്ങൾ, വിവിധ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികൾ തുടങ്ങി മറ്റ് കാര്യങ്ങളൊക്കെ ഇതിൽ വരുന്നതാണ്. മാത്രമല്ല, 13-10-2016-ന് ചേർന്ന യോഗത്തിൽ ഒക്ടോബർ മാസത്തിലെ മഴക്കുറവും മറ്റ് സാഹചര്യങ്ങളും വിശദമായ ചർച്ചയ്ക്ക് വിധേയമാക്കി ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ എടുത്തിരിക്കുന്നു എന്ന രീതിയിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളെയും വരൾച്ച ബാധിതമായി പ്രഖ്യാപിക്കാൻ തീരുമാനിച്ച കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചു. അതിന്റെ ഭാഗമായി ആവശ്യമായ വിജ്ഞാപനം പുറപ്പെടുവിക്കാൻ സംസ്ഥാനത്തെ ദുരിതാശ്വാസ കമ്മീഷണറെ ചുമതലപ്പെടുത്തി. ഫിനാൻസ് വകുപ്പും കൃഷി വകുപ്പും ചർച്ച ചെയ്ത് സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി യോഗം ചേർന്ന് ആവശ്യമായ പ്രദേശങ്ങളിൽ കർഷകരുടെ കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കേണ്ടതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വരൾച്ചയുമായി ബന്ധപ്പെട്ട് എല്ലാ ജില്ലാ കളക്ടർമാരുമായും വീഡിയോ കോൺഫറൻസ് നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്. റവന്യൂ,

കൃഷി വകുപ്പുമന്ത്രിമാർ എല്ലാ ജില്ലകളിലും നേരിട്ട് വരൾച്ചാ പ്രതിരോധപ്രവർത്തനം വിലയിരുത്തുന്നതിനായി യോഗം ചേരുന്നതിനും ചീഫ് സെക്രട്ടറി എല്ലാ ആഴ്ചയിലും വീഡിയോ കോൺഫറൻസ് മുഖാന്തരം വരൾച്ച പ്രഖ്യാപിച്ച ജില്ലകളുടെ വരൾച്ചാ പ്രതികരണ പ്രവർത്തനം അവലോകനം ചെയ്യുന്നതിനും തീരുമാനിച്ചിരിക്കുകയാണ്. ജനുവരി 2017-ൽ സംസ്ഥാനത്ത് ദുരന്തപ്രതികരണ നിധിയിൽനിന്ന് അതുവരെയുള്ള ചെലവ് പരിഗണിച്ച് വരൾച്ചാബാധിത സ്ഥിതി ഗുരുതരമായി തുടരുകയാണെങ്കിൽ കേന്ദ്ര ദുരന്തപ്രതികരണ നിധിയിൽനിന്ന് അധിക തുക ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര ഗവൺമെന്റിന് മെമ്മോറാണ്ടം നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾക്കാവശ്യമായ വിശദമായ നിർദ്ദേശങ്ങളടങ്ങിയ സർക്കുലർ ഇറക്കുവാൻ ദുരന്ത നിവാരണ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജില്ലാ കളക്ടർമാർക്ക് 26 നിർദ്ദേശങ്ങൾ അടങ്ങിയ കുറിപ്പ് ഇപ്പോൾത്തന്നെ നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ഏറ്റവും വലിയ വരൾച്ച വന്നുചേരുന്നു എന്ന് മനസ്സിലാക്കി 13-10-2016-ന് തന്നെ മുൻകൂട്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേരാനും ബന്ധപ്പെട്ട മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ആലോചനകൾ നടത്തി നടപടികളുമായി മുന്നോട്ടുപോകാനും തീരുമാനിച്ചിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യങ്ങൾ-വാട്ടർ റീ-ചാർജ്ജിംഗ് സംവിധാനം ഉണ്ടാകേണ്ടതിന്റെ ആവശ്യകത, മഴക്കുഴികൾ വ്യാപകമായി നിർമ്മിക്കേണ്ടതിന്റെ ആവശ്യകത, സംസ്ഥാനത്ത് ലഭിക്കുന്ന മഴയിൽ ഒരു തുള്ളിവെള്ളംപോലും നഷ്ടപ്പെടാതെ സംരക്ഷിക്കാനാവശ്യമായ സംവിധാനം ഉറപ്പാക്കേണ്ടതിനെക്കുറിച്ചുള്ള വിശദാംശങ്ങൾ തുടങ്ങിയവയൊക്കെ ചർച്ച ചെയ്തതാണ്. ഇക്കാര്യത്തിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒറ്റക്കെട്ടായി മുന്നോട്ടുപോകേണ്ടതാണെന്ന കാര്യവും എല്ലാവർക്കും അറിയാവുന്നതാണ്. ഏറ്റവും കൂടുതൽ മഴ കുറഞ്ഞിട്ടുള്ള ജില്ലകളുടെ കാര്യങ്ങൾ ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചു. ഓരോ ജില്ലതിരിച്ച് കഴിഞ്ഞ കാലവർഷത്തിൽ ലഭിച്ചിട്ടുള്ള മഴയുടെ അളവുകൾ പരിശോധിച്ചാൽ-ആലപ്പുഴയിൽ 64, കണ്ണൂർ 78, എറണാകുളം 54, ഇടുക്കി 66, കാസർഗോഡ് 88, കൊല്ലം 54, കോട്ടയം 57, കോഴിക്കോട് 86, മലപ്പുറം 72, പാലക്കാട് 78, പത്തനംതിട്ട 46, തിരുവനന്തപുരം 86, തൃശ്ശൂർ 78, വയനാട് 74 ശതമാനം എന്നിങ്ങനെ കുറവുണ്ടായിട്ടുള്ളതായാണ് കാണുന്നത്. വിവിധ ജില്ലകളിലെ കൃത്യമായ കണക്കുകളുൾപ്പെടെ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം സമർപ്പിച്ചുള്ള കണക്കുകളുമുണ്ട്. ഇതിന്റെ രൂക്ഷത കണക്കിലെടുത്താണ് 13-10-2016-നുതന്നെ ഈ ഗൗരവമേറിയ വിഷയം ചർച്ച ചെയ്യാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ യോഗം വിളിച്ചുചേർത്തത്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ഇവിടെയുണ്ട്. വാട്ടർ അതോറിറ്റിയുടെ തകരാറിലായ മോട്ടോറുകൾ മാറ്റി വയ്ക്കാൻ മാത്രമേ പണം കൊടുക്കുകയുള്ളൂ എന്ന് ഒരു ഉത്തരവിൽ പറയുന്നുണ്ട്. 100 മീറ്റർ പൈപ്പ് ഇട്ടാൽ പട്ടികജാതി കോളനിയിൽ ജലം ലഭിക്കും എന്നാണെങ്കിൽപ്പോലും കൊടുക്കുകയില്ല എന്നാണ് ഉത്തരവിൽ പറയുന്നതെന്നാണ് ഉദ്യോഗസ്ഥർ പറയുന്നത്. വരൾച്ച സംബന്ധിച്ച് മുൻകൂട്ടി ഞങ്ങൾ ചർച്ച നടത്തിയിരുന്നു. വാട്ടർ അതോറിറ്റിയിൽ കേടായ മോട്ടോറുകൾ മാറ്റാൻ മാത്രമേ പണമുള്ളൂ എന്നാണ് അവർ പറയുന്നത്. അത്തരത്തിൽ പണം കൊടുത്താൽ ജനങ്ങൾക്ക് ഗുണം കിട്ടുമെന്ന് തോന്നുന്നില്ല.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ച 13-10-2016-ലെ യോഗത്തിൽത്തന്നെ ഇതുസംബന്ധിച്ച് കൃത്യമായ തീരുമാനമുണ്ട്. ജലലഭ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിച്ച് വെള്ളം കൊടുക്കാൻ തീരുമാനമുണ്ട്. എവിടെയെങ്കിലും തെറ്റിദ്ധാരണയുണ്ടെങ്കിൽ അത് തിരുത്തി കൊടുക്കുന്നതാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ ദീർഘമായി പറയുന്നില്ല. ജില്ലാ കളക്ടർമാർക്ക് കൊടുത്തിട്ടുള്ള 26 നിർദ്ദേശങ്ങളിൽ ഇതെല്ലാം ഉൾപ്പെടുന്നുണ്ട്. വരൾച്ച ബാധിത മേഖലകളിൽ എങ്ങനെ ജലം എത്തിക്കണം, ജലം വ്യാപകമായി ദുരുപയോഗം ചെയ്യപ്പെടാതിരിക്കാനുള്ള മുൻകരുതലുകൾ, സോഷ്യൽ ഓഡിറ്റിംഗ് തുടങ്ങി എല്ലാ കാര്യങ്ങളും തീരുമാനിച്ചിരിക്കുകയാണ്. കിയോസ്കുകൾ സ്ഥാപിച്ച് കൊണ്ടാണ് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ജലം ലഭ്യമാക്കാൻ തീരുമാനിക്കുന്നത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, എനിക്ക് പറയാനുള്ളത് പൊതുമരാമത്ത് വകുപ്പുമന്ത്രിയോടാണ്. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള കാര്യങ്ങൾ നടപ്പിലാക്കുന്നതിൽ കാലതാമസം ഉണ്ടാക്കുന്നതിനുള്ള കാരണം റോഡ് കുഴിക്കുന്നതിലുള്ള തടസ്സമാണ്. എന്റെ നിയോജകമണ്ഡലത്തിൽ പൂർത്തിയാകാറായ ഒരു വർക്ക് ഇക്കാരണത്താൽ തടസ്സപ്പെട്ടിരിക്കുകയാണ്. റോഡ് കുഴിച്ച് ഉപയോഗ ശൂന്യമാക്കുന്നതിനോട് നമുക്കാർക്കും യോജിപ്പില്ല. പക്ഷേ കുടിവെള്ളത്തിന്റെ കാര്യത്തിൽ എന്തെങ്കിലും ക്രമീകരണമുണ്ടാക്കിയില്ലെങ്കിൽ ഈ അവസരത്തിൽ പുതിയ പൈപ്പ് ലൈൻ ഇടുന്നതിന് ബുദ്ധിമുട്ടുണ്ടാകും. അതിന് വ്യക്തമായൊരു കോ-ഓർഡിനേഷനുണ്ടാക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, കേരളത്തിൽ എല്ലാ സ്ഥലത്തും റോഡ് കുഴിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. ഒ. സൂരജ് കാശ് വാങ്ങി റോഡ് കുഴിക്കാനായി റിലയൻസിനും ബിർലയ്ക്കുമൊക്കെ ഓർഡർ കൊടുത്തിരിക്കുകയാണ്. റോഡ് വശങ്ങളിൽക്കൂടി കുഴിക്കാതെ എഞ്ചിനീയർമാർ റോഡിന്റെ മധ്യത്തിൽക്കൂടിത്തന്നെ കുഴിക്കുന്നു. അതുകഴിഞ്ഞ് ഓവർ എസ്റ്റിമേറ്റ് എടുക്കുകയും ചെയ്യും. ഇങ്ങനെ പൈസ ചോർത്തുകയാണ് ചെയ്യുന്നത്. ശ്രീ. മാത്യു ടി. തോമസും ഞാനുംകൂടി ചർച്ച ചെയ്ത് റോഡ് കുഴിക്കുന്നതിന് ഒരു ഗൈഡ്‌ലൈൻ ഇറക്കി. റോഡിന് സൈഡുണ്ടെങ്കിൽ അവിടെ കുഴിക്കണം അല്ലെങ്കിൽ ടാർ പോർഷന്റെ അരികിൽ കുഴിക്കണം. എവിടെയെങ്കിലും റോഡിന്റെ മധ്യത്തിൽ കുഴിക്കേണ്ടി വന്നാൽ, രണ്ട് എഞ്ചിനീയർമാർ എസ്റ്റിമേറ്റ് എടുക്കുകയും കുഴിക്കുമ്പോഴും അടയ്ക്കുമ്പോഴും സൂപ്പർവൈസ് ചെയ്യുകയും വേണം. ഇതിനെല്ലാം പൂർണ്ണ അധികാരം കൊടുത്തെങ്കിലും ഇതൊന്നുമല്ല നടക്കുന്നത്. അവിടെയുള്ള എഞ്ചിനീയർമാർ കള്ളക്കളി നടത്തുന്നത് ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റിലയൻസിനും ആദിത്യ ബിർലയ്ക്കുമൊക്കെക്കൂടി ഒന്നരലക്ഷം കിലോമീറ്ററാണ് കുഴിക്കാൻ അനുവാദം കൊടുത്തിരിക്കുന്നത്. നിയമാനുസരണം റോഡുകൾ കുഴിക്കുന്നതിന് ഒരു തടസ്സവുമില്ല. എം.എൽ.എ.-മാർക്കും അവിടെ പോയി സൂപ്പർവൈസ് ചെയ്യാവുന്നതാണ്. പലരും ഇതിനെക്കുറിച്ച് തെറ്റിദ്ധരിച്ചിരിക്കുകയാണ്. നിയമാനുസരണം ചെയ്യുന്നതിൽ യാതൊരു തടസ്സവുമില്ല.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, കട്ടിംഗിനുതന്നെ വാട്ടർ അതോറിറ്റി നാലര കോടി രൂപ എന്റെ മണ്ഡലത്തിൽ കൊടുത്തിട്ടുണ്ട്. പക്ഷേ ആ തുക ഉപയോഗിച്ച് അവിടെ കട്ടിംഗ് നടത്തിയ സ്ഥലങ്ങൾ അടയ്ക്കാതെ പി.ഡബ്ല്യു.ഡി. മറ്റ് സ്ഥലങ്ങളിലേയ്ക്ക് കൊണ്ടുപോകുകയാണ്. വിവരാവകാശംവഴി ചോദിച്ചപ്പോൾ പറയുന്നത് നാലര കോടി രൂപ അവിടെ ഉപയോഗിച്ചിട്ടുണ്ടെന്നാണ്. പക്ഷേ ഇവിടെ ചെയ്തിട്ടില്ല. ആ തുക മറ്റ് എവിടെയോ കൊണ്ടുപോകുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ആ കാര്യംകൂടി ശ്രദ്ധിക്കണം.

ശ്രീ. ജി. സുധാകരൻ: സർ, ഒരു മണ്ഡലത്തിന് മിനിമം ഒരു കോടി രൂപ വച്ച് 200 കോടി രൂപ കൊടുത്തിട്ട് മൂന്ന് മാസമായി. മുമ്പ് കുഴി അടയ്ക്കാതെ ഈ തുകയുടെ 75 ശതമാനവും അവർ എടുക്കുമായിരുന്നു. എന്നാൽ ഇപ്പോൾ അത് എടുക്കാൻ കഴിയാത്തതിനാൽ അവർക്ക് താൽപ്പര്യമില്ല. ഇതൊക്കെ നമുക്ക് മാറ്റണം. എം.എൽ.എ.-മാർ അവരവരുടെ മണ്ഡലങ്ങളിൽ അനുവദിക്കപ്പെട്ട പ്രോഗ്രാം നോക്കി നടത്തിയില്ലെങ്കിൽ ബുദ്ധിമുട്ടാണ്. ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രിയുടെ മണ്ഡലത്തിൽ ഒരു പ്രശ്നവുമില്ല. അങ്ങ് ഡയറക്ഷൻ കൊടുത്താൽ മതി. നിയമാനുസരണം ചെയ്യുന്നതിന് ഒരു തടസ്സവുമില്ല.

ശ്രീ. എ. എൻ. ഷംസീർ: സർ, നമ്മൾ വരൾച്ചയെക്കുറിച്ച് ചർച്ച ചെയ്യാൻ പോകുകയാണ്. എന്നാൽ ബഹുമാനപ്പെട്ട സ്പീക്കറുൾപ്പെടെ അറിയേണ്ട പ്രധാനപ്പെട്ട വിഷയം നമ്മുടെ എം.എൽ.എ. ഹോസ്റ്റലിൽ ആവശ്യത്തിന് ടാപ്പും മറ്റും ഇല്ലാത്തതിനാൽ വെള്ളം ലീക്കായിപ്പോകുന്ന എന്നുള്ളതാണ്. അത് ഗൗരവമായിത്തന്നെ ഈ സഭ ചർച്ച ചെയ്യേണ്ടതാണ്. പലപ്പോഴും വെള്ളം ലീക്കാകുന്നത് കാണുമ്പോൾ സങ്കടം തോന്നുകയാണ്. പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥർ വരാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതെന്നാണ് ഉദ്യോഗസ്ഥർ പറയുന്നത്. ഇത് മുൻകൂട്ടി കണ്ടുകൊണ്ട് നമ്മൾ ഈ വിഷയത്തിൽ ഇടപെടണം.

മി. സ്പീക്കർ: ഹൗസ് കമ്മിറ്റിയോട് ഇതുസംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പറയാം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാന്യനായ മെമ്പർ ചൂണ്ടിക്കാണിച്ച നിർദ്ദേശങ്ങളോടെല്ലാം പൊതുവിൽ യോജിപ്പാണെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയുണ്ടായി. കളക്ടർമാർക്ക് നൽകിയ 26 നിർദ്ദേശങ്ങളിൽ അദ്ദേഹം ചൂണ്ടിക്കാണിച്ച മിക്കവാറും എല്ലാ കാര്യങ്ങളും ഉൾപ്പെടുന്നുണ്ട്. എല്ലാവരുടെയും സഹകരണം ആവശ്യമുള്ളതും ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ കൈകാര്യം ചെയ്യേണ്ടതുമായ വിഷയമാണിത്. ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഇക്കാര്യത്തിൽ ഒരമാന്തവും ഉണ്ടാകില്ല. ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച വിഷയം സംബന്ധിച്ച് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

10.00 am]

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, വളരെ ഗുരുതരമായ വരൾച്ചയാണ് കേരളം നേരിടാൻ പോകുന്നത്. ബഹുമാനപ്പെട്ട മന്ത്രിയും ഈ വിഷയം അവതരിപ്പിച്ച ശ്രീ. വി. എസ്. ശിവകുമാറും വിഷയത്തിന്റെ കാഠിന്യത്തെപ്പറ്റി വളരെ വിശദമായി ഇവിടെ പ്രതിപാദിക്കുകയുണ്ടായി. ഇത്തവണ കിട്ടേണ്ട മഴ കിട്ടിയില്ലെന്ന് മാത്രമല്ല, ഇനി കിട്ടുമോയെന്ന സംശയം കൂടി നിലനിൽക്കുകയാണ്. ഇതിന്റെ ഫലമായി കേരളത്തിലെ ഡാമുകളിൽ വെള്ളമില്ല, വൈദ്യുതി ഉൽപ്പാദനം കുറയുന്നു, കൃഷിക്കാവശ്യമായ ജലം ലഭ്യമല്ലാത്തതുകൊണ്ട് ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു, ജല സ്രോതസ്സുകളില്ലാതെ കുടിവെള്ളക്ഷാമമുണ്ടാകുന്നു. പെരിയാറിൽ നിന്നാണ് കൊച്ചി നഗരത്തിലെ

ആളുകൾക്ക് കുടിവെള്ളം നൽകുന്നത്. അവിടെ ഗുരുതരമായ ശുദ്ധജലക്ഷാമം നേരിടുകയാണ്. ഇത്തരത്തിലുള്ള പ്രശ്നങ്ങൾ കേരളമൊട്ടാകെയുണ്ട്. ഞാൻ ഈയിടെ വയനാട്ടിൽ പോയിരുന്നു. അവിടെ മുള്ളൻകൊല്ലി, പുൽപ്പള്ളി എന്നീ രണ്ട് പഞ്ചായത്തുകളിൽ മണ്ണിരകൾ ചാകുകയാണ്. ഇത് വരാൻ പോകുന്ന കാഠിന്യമേറിയ വരൾച്ചയുടെ സൂചനയാണെന്നാണ് കർഷകർ പറയുന്നത്. ഇടുക്കി, വയനാട് തുടങ്ങിയ ജില്ലകളിൽ കാർഷിക മേഖലകളിൽ വലിയ തോതിലുള്ള പ്രതിസന്ധി ഉണ്ടായിരിക്കുന്നു. പാലക്കാട് ജില്ലയിൽ ഇപ്പോൾത്തന്നെ ചൂട് വർദ്ധിച്ചുകൊണ്ടിരിക്കുന്നു. കേരളം വലിയ രീതിയിലുള്ള വരൾച്ച നേരിടാൻ പോകുന്നുവെന്നുള്ളതാണ് ഇതിലൂടെ മനസ്സിലാക്കാൻ കഴിയുന്നത്. വാർഡ് അടിസ്ഥാനത്തിലാണ് ഇപ്പോൾ മഴ പെയ്യുന്നത്. ഒരു വാർഡിൽ പെയ്താൽ അടുത്ത വാർഡിൽ പെയ്യാറില്ല. വാർഡ് അടിസ്ഥാനത്തിൽ മഴ ലഭിക്കുന്നത് പുതിയ പ്രതിഭാസമാണ്. സംസ്ഥാനത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന ഗുരുതരമായ അവസ്ഥ, കാലാവസ്ഥാ വ്യതിയാനത്തിന്റെ അടിസ്ഥാനത്തിൽ ഉണ്ടായിട്ടുള്ളതാണെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ആഗോളതാപനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന കാലമാണിത്. യൂറോപ്പിൽപോലും കാലാവസ്ഥയിൽ ഉണ്ടായിട്ടുള്ള വലിയ മാറ്റം പഠനാർഹമായ വിഷയമാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം, കാർഷിക പ്രാധാന്യമർഹിക്കുന്ന സംസ്ഥാനമെന്ന നിലയിൽ വളരെ ഗുരുതരമായ പ്രതിസന്ധിയാണ് നേരിടുന്നത്. വരൾച്ച കാരണം, കർഷകർക്ക് ബുദ്ധിമുട്ട് അനുഭവിക്കേണ്ടിവരുന്നു, വൈദ്യുതി ക്ഷാമത്തിലേയ്ക്ക് കേരളം നീങ്ങാൻ പോകുന്നു, കർഷകർക്ക് ഉൽപ്പന്നങ്ങൾ ലഭിക്കാത്തതും ലഭിക്കുന്ന ഉൽപ്പന്നങ്ങൾക്ക് വില ലഭിക്കാത്തതും കാരണം കാർഷിക കടങ്ങൾ അടയ്ക്കാൻ കഴിയാത്ത അവസ്ഥ യുണ്ടാകുന്നു. പൊതുവെ നോക്കുമ്പോൾ വലിയ തകർച്ച നേരിടാൻ പോകുന്നുവെന്നുള്ളതാണ് യാഥാർത്ഥ്യം. 13-10-2016-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ ചില നടപടികൾ കൈക്കൊണ്ടതായി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എറണാകുളം ജില്ലയിൽ അത്തരത്തിൽ യോഗം വിളിച്ചുവെങ്കിലും പല ജില്ലകളിലും ജില്ലാ കളക്ടർമാർ ജനപ്രതിനിധികളുടെ യോഗം വിളിച്ചിട്ടില്ല. അടിയന്തരമായി എം.എൽ.എ.മാരടങ്ങുന്ന ജനപ്രതിനിധികളുടെ യോഗം വിളിച്ചാൽ അങ്ങ് നൽകിയിട്ടുള്ള 26 ഇന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് എം.എൽ.എ.മാർക്കുംകൂടി മനസ്സിലാക്കാൻ കഴിയും. കളക്ടർമാർ അടിയന്തരമായി യോഗം ചേരുകയും നിയോജകമണ്ഡലാടിസ്ഥാനത്തിൽ തഹസീൽദാർമാരുടെ നേതൃത്വത്തിൽ യോഗം വിളിക്കുകയും വേണം. എം.എൽ.എ.മാരെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് യോഗം ചേർന്നാൽ ശ്രീ. കെ. ബി.

ഗണേഷ് കുമാർ ചൂണ്ടിക്കാണിച്ചതുപോലെയുള്ള പൈപ്പ്‌ലൈൻ എക്സ്റ്റൻഷൻ, മോട്ടോർ കേടാകുക തുടങ്ങിയ ചെറിയ പ്രശ്നങ്ങൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ചർച്ച ചെയ്ത് പരിഹരിക്കാൻ സാധിക്കും. വരൾച്ചയും വെള്ളപ്പൊക്കവും ഉണ്ടാകുമ്പോൾ കേന്ദ്ര ഗവൺമെന്റ് നിശ്ചിത തുക ഫൈനാൻസ് കമ്മീഷന്റെ വകയായി എല്ലാ വർഷവും സംസ്ഥാനങ്ങൾക്ക് അനുവദിക്കാറുണ്ട്. 'In addition to that' അതല്ലാതെയുള്ള കേന്ദ്ര സഹായം ലഭിക്കണമെന്നാണ് എനിക്ക് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. അതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന് അടിയന്തരമായി മെമ്മോറാണ്ടം കൊടുക്കണം. സാധാരണഗതിയിൽ മറ്റ് സംസ്ഥാനങ്ങളിലെ പോലുള്ള വരൾച്ച കേരളത്തിലുണ്ടാകില്ല. ആടുമാടുകൾ ചത്തൊടുങ്ങുന്ന തരത്തിലുള്ള വരൾച്ചയും മരുഭൂമികളുള്ള രാജസ്ഥാനിലെ വരൾച്ചയും കേരളത്തിലെ വരൾച്ചയോട് താരതമ്യം ചെയ്താൽ കേരളത്തിൽ വരൾച്ചയില്ലെന്ന് കേന്ദ്ര ടീമിന് കണ്ടെത്താൻ കഴിയും. ഇവിടത്തെ വരൾച്ചയുടെ സ്വഭാവവും വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലെ വരൾച്ചയുടെ സ്വഭാവവും വ്യത്യസ്തമാണ്. വടക്കൻ സംസ്ഥാനങ്ങളിലെ വരൾച്ചയിൽ ചൂടുകൊണ്ട് ആളുകൾ മരിക്കാറുണ്ട്. രാജസ്ഥാനിലെ ധോൽപൂർ എന്ന സ്ഥലത്ത് 50 ഡിഗ്രി ചൂടാണ് അനുഭവപ്പെടുന്നത്. അവിടത്തെ കന്നുകാലികൾ ചാകാറുണ്ട്. അവിടത്തെ drought situation-ഉം കേരളത്തിലെ drought situation-ഉം തമ്മിൽ ഒരിക്കലും താരതമ്യപ്പെടുത്താൻ കഴിയില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഈ വിഷയം ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് മെമ്മോറാണ്ടം തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്. കേന്ദ്ര ടീം ഇവിടെ വരണം. വെള്ളപ്പൊക്ക സമയത്ത് കേന്ദ്ര ടീം എത്തിയിട്ട് യാതൊരു കാര്യവുമില്ല. നാണ്യ വിളകളും മറ്റ് കാർഷിക വിളകളും നശിക്കുന്നതും ഡാമുകൾ വറ്റി വരളുന്നതും കുടിവെള്ള സ്രോതസ്സ് ഇല്ലാതാകുന്നതും വാട്ടർബെഡ് താഴുന്നതുമായ കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സമഗ്രമായ അന്വേഷണം നടത്തുന്നതിന് കേന്ദ്ര ടീമിനെ എത്തിക്കാനുള്ള നടപടിയാണ് ഉണ്ടാകേണ്ടത്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ചതുപോലെ, ഓരോ ജില്ലയിലും മന്ത്രിമാരെ ചുമതലപ്പെടുത്തി യോഗങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കാവുന്നതാണ്. മണ്ഡലാടിസ്ഥാനത്തിൽ യോഗം വിളിക്കുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്; അത് എത്രയുംവേഗം നടത്താനുള്ള നിർദ്ദേശം കൊടുക്കാം. പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ചതുപോലെ, ദുരന്ത പ്രതികരണ നിധിയിൽ നിന്ന് വരൾച്ച നേരിടുന്നതിന് അധിക തുക ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് മെമ്മോറാണ്ടം നൽകാൻ സംസ്ഥാന ദുരിതാശ്വാസ കമ്മീഷനെ

ഇപ്പോൾത്തന്നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ച് മറ്റ് കാര്യങ്ങൾ ചെയ്യുന്നതാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ദുരന്ത നിവാരണ കമ്മീഷനിലെ ആളുകൾ കേന്ദ്രത്തിൽ പോകുന്നതിൽ തെറ്റില്ല. രാഷ്ട്രീയമായി മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയുംകൂടി കേന്ദ്രത്തിലെ ബന്ധപ്പെട്ട മന്ത്രിമാരെക്കൂടിക്കണ്ടാൽ പൊളിറ്റിക്കൽ പ്രോസസ്സാവുകയും ഇത് സംസ്ഥാനത്തിന്റെ ശക്തമായ ആവശ്യമായി കേന്ദ്ര ഗവൺമെന്റ് കാണുകയും ചെയ്യും. സാധാരണഗതിയിൽ കേന്ദ്രത്തിന്റെ നോംസ് അനുസരിച്ച് തുക ലഭിക്കാൻ ബുദ്ധിമുട്ടാണ്. മുൻ റവന്യൂ വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശ് ഇവിടെയുണ്ട്; അദ്ദേഹത്തിനറിയാം. പലപ്പോഴും കേരളത്തിന്റെ വരൾച്ച കേന്ദ്രത്തിൽ അവതരിപ്പിക്കുമ്പോൾ അതിന്റെ രൂക്ഷത മനസ്സിലാകാറില്ല. അതുകൊണ്ട് വളരെ ഗൗരവമായി ഈ വിഷയം കേന്ദ്ര ഗവൺമെന്റിൽ അവതരിപ്പിച്ച്, വേണമെങ്കിൽ കേന്ദ്ര സംഘത്തെ കേരളത്തിലെത്തിച്ച് വസ്തുതകൾ ബോദ്ധ്യപ്പെടുത്തിയാൽ മാത്രമേ ആവശ്യാനുസരണമുള്ള പണം ലഭിക്കുകയുള്ളു. കർഷകരുടെ കടങ്ങൾക്ക് മൊറട്ടോറിയമുണ്ട്. വയനാട്, ഇടുക്കി ജില്ലകളിലെ കർഷകരിൽ കൂടുതലും കടമെടുത്തിട്ടുള്ളത് നാഷണലൈസ്ഡ് ബാങ്കുകളിൽ നിന്നല്ല, സഹകരണ ബാങ്കുകളിൽ നിന്നാണ്. സഹകരണ ബാങ്കുകൾ മൊറട്ടോറിയം പ്രഖ്യാപിക്കുകയോ, എഴുതിത്തള്ളുകയോ ചെയ്യണമെങ്കിൽ സഹകരണ ബാങ്കുകൾക്കുള്ള സഹായം സംസ്ഥാന ഗവൺമെന്റ് നൽകണം. ആ നിലയിൽ കേന്ദ്രത്തിന്റെ അധിക സഹായം കിട്ടിയാൽ മാത്രമേ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്താൻ കഴിയുകയുള്ളു. അക്കാര്യത്തിൽ ഗവൺമെന്റ് ജാഗ്രത കാണിക്കുകയും ഇവിടെയെടുത്ത നടപടികൾ ഫലപ്രദമായി നടപ്പിലാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകുകയും വേണം. കുടിവെള്ളക്ഷാമം രൂക്ഷമാകുന്ന സാഹചര്യത്തിൽ ദുരന്ത നിവാരണത്തിനാവശ്യമായ ഫണ്ട് കണ്ടെത്തി വാട്ടർ അതോറിറ്റിക്ക് കൊടുക്കേണ്ടതാണ്. വ്യാപകമായി മോട്ടോറുകൾ കേടാവുന്ന പ്രശ്നത്തിനു കൂടി നടപടിയുണ്ടാകണമെന്ന് ജലവിഭവ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു. ഈ വിഷയത്തിന്റെ ഗൗരവം ഗവൺമെന്റ് ഉൾക്കൊണ്ട സാഹചര്യത്തിൽ വാക്കൗട്ട് ഉപേക്ഷിക്കുകയാണ്. ഇക്കാര്യത്തിൽ അടിയന്തര നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

# III ശ്രദ്ധ ക്ഷണിക്കൽ

## (1) ചികിത്സാസൗകര്യങ്ങളുടെ അപര്യാപ്തത

ശ്രീ. എ. പ്രദീപ്കുമാർ: സർ, കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയുടെ ശോചനീയാവസ്ഥ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞാൻ ഈ വിഷയം അവതരിപ്പിക്കുന്നത്. കേരളത്തിലെ ആദ്യത്തെ ഗവൺമെന്റായ ഇ.എം.എസ്. ഗവൺമെന്റിന്റെ കാലത്താണ് ഈ മെഡിക്കൽ കോളേജും ആശുപത്രിയും ആരംഭിച്ചത്. ഇപ്പോൾ വടക്കൻ കേരളത്തിന്റെയാകെ ആശ്രയമാണ് ആതുരശുശ്രൂഷാരംഗത്തെ ഈ സ്ഥാപനം. കേരളത്തിൽ ഏറ്റവും കൂടുതൽ ആളുകൾ ചികിത്സ തേടിയെത്തുന്ന ഈ ആശുപത്രിയിൽ രോഗികൾ വളരെയധികം ദുരിതമനുഭവിക്കുകയാണ്. അവിടത്തെ ഔട്ട് പേഷ്യന്റ്സ് വിഭാഗത്തിൽ പ്രതിദിനം നാലായിരം മുതൽ ആറായിരംവരെ ആളുകൾ എത്തുന്നുണ്ട്. ഒരു വർഷം 18 ലക്ഷത്തോളം ആളുകളാണ് അവിടെ ഒ.പി.യിൽ വരുന്നത്. കിടത്തി ചികിത്സയ്ക്കായി ഇൻ പേഷ്യന്റ്സ് വിഭാഗത്തിൽ വരുന്നത് എൺപതിനായിരം മുതൽ ഒരുലക്ഷം വരെ ആളുകളാണ്. ഏത് വർഷത്തെ സ്റ്റാറ്റിറ്റിക്സ് നോക്കിയാലും ഇത് മനസ്സിലാക്കാൻ സാധിക്കും. ഏഷ്യയിലെ തന്നെ ഏറ്റവും കൂടുതൽ പ്രസവം നടക്കുന്നത് സ്ത്രീകളുടെയും കുട്ടികളുടെയും വിഭാഗത്തിലാണ്. പാത്തോളജി വിഭാഗത്തിലാണ് നമ്മുടെ സംസ്ഥാനത്തുതന്നെ ഏറ്റവും കൂടുതൽ വിവിധ ടെസ്റ്റുകൾ നടത്തുന്നത്. സർജറികളുടെ എണ്ണമെടുത്താലും ഏറ്റവും കൂടുതലാണ്. അവിടത്തെ ജനറൽ മെഡിസിൻ, ഓർത്തോ ഡിപ്പാർട്ടുമെന്റിലൊക്കെ ഓരോ വാർഡിലും 28 പേർക്ക് കിടക്കാനുള്ള സൗകര്യമാണുള്ളത്. അതിന്റെ അഡീഷണൽ ഭാഗത്ത് 36 പേർക്ക് കൂടി കിടക്കാനുള്ള സൗകര്യമുണ്ട്. എന്നാൽ 120 പേരിലധികം രോഗികൾ വരാന്തയിലും ഓരോ കട്ടിലിന്റെ ഇടയിലുമൊക്കെയായി കിടക്കേണ്ട സാഹചര്യമാണ്. സർജറി വാർഡിലുൾപ്പെടെ അലോട്ടഡ് ബെഡ്ഡിനെക്കാൾ ഇരട്ടിയിലധികം രോഗികൾ കിടക്കുന്ന സാഹചര്യമുണ്ട്. കാർഡിയോളജി മേഖലയിലും കാർഡിയോ തൊറാസിക് സർജറിയുടെ കാര്യത്തിലുമൊക്കെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഒരുപാട് കാര്യങ്ങൾ ചെയ്യുന്നുണ്ടെങ്കിലും കാലഹരണപ്പെട്ട കാത്ത് ലാബും ഐ.സി.യു. സൗകര്യങ്ങളുടെ അപര്യാപ്തതയും കാരണം അതും ബുദ്ധിമുട്ടിലാണ്. പക്ഷേ ഈ പരിമിതികളൊക്കെ ഉള്ളപ്പോഴും അവിടത്തെ ഡോക്ടർമാരും നിലവിലുള്ള സ്റ്റാഫുകളുമൊക്കെ ആത്മാർത്ഥമായി പ്രവർത്തിക്കുന്നതിന്റെ ഭാഗമായാണ് കുറെയെങ്കിലും ആശ്വാസം ആളുകൾക്കുണ്ടാകുന്നത്. 1957-1959 കാലത്ത് ആരംഭിച്ച ആശുപത്രിയെന്ന നിലയിൽ ആ കാലത്തെ സ്റ്റാഫ് പാറ്റേൺ

ആണ് ഇപ്പോഴും നിലവിലുള്ളത്. 60 വർഷം മുമ്പുള്ള തസ്തികകളാണ് ഇപ്പോഴും അവിടെ നിലനിൽക്കുന്നത്. നിലവിലുള്ള തസ്തികകളിൽപ്പോലും ആളില്ല. അക്കാര്യത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജിനോട് വലിയ അവഗണനയും കൊടും ക്രൂരതയുമാണ് കഴിഞ്ഞ കാലത്ത് ഭരണാധികാരികൾ കാണിച്ചത്. അവിടെ വിവിധ വിഭാഗങ്ങളിലായി ഡോക്ടർമാരുടെ 105 ഒഴിവുകളാണ് ഇപ്പോഴുള്ളത്. ഇടക്കാലത്ത് കരാറടിസ്ഥാനത്തിൽ ആളുകളെ നിയമിക്കുന്നതിന് വേണ്ടി രണ്ടുതവണ ഇന്റർവ്യൂ നടത്തിയിട്ടും 19 പേരാണ് ആകെ വന്നത്. എന്താണ് ആളുകൾ വരാത്തത്, അവർക്ക് ശമ്പളമായി 35,000 രൂപ കൊടുക്കാൻ മാത്രമെ നമുക്ക് അവകാശമുള്ളൂ. അതേസമയം മഞ്ചേരി മെഡിക്കൽ കോളേജിൽ 60,000 രൂപ ശമ്പളം കൊടുക്കാമെന്ന് നേരത്തെ ഗവൺമെന്റ് തീരുമാനിച്ചതാണ്. ഈ സാഹചര്യം നിലനിൽക്കുന്നതുകൊണ്ട് അവിടേയ്ക്ക് ആള് വരില്ല. അതുകൊണ്ടാണ് ഞാൻ കഴിഞ്ഞ കാലത്ത് ക്രൂരമായ അവഗണനയായിരുന്നുവെന്ന് പറഞ്ഞത്. അതുപോലെതന്നെ പലപ്പോഴും പ്രൊമോഷനായി ഡോക്ടർമാർ പോയിക്കഴിഞ്ഞാൽ തസ്തിക സഹിതമാണ് തിരുവനന്തപുരത്തേയ്ക്കും മറ്റും കൊണ്ടു വരുന്നത്. അങ്ങനെയാണ് ഈ വലിയ ഗ്യാപ്പ് വന്നത്. നേരത്തെ മെഡിസിൻ, സർജറി വിഭാഗത്തിൽ 8 വീതം സീനിയർ റെസിഡന്റുമാരുണ്ടായിരുന്നു. അതിപ്പോൾ 2 വീതമായി കുറഞ്ഞു. നഴ്സുമാരുടെയും അറ്റൻഡർമാരുടെയും മറ്റ് പാരാ മെഡിക്കൽ സ്റ്റാഫിന്റെയും കുറവാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. 60 വർഷം മുമ്പ് നിശ്ചയിച്ച സ്റ്റാഫ് പാറ്റേൺ അനുസരിച്ചാണ് ഇപ്പോഴും തുടരുന്നത്. ഇരുന്നൂറിലേറെ ഗ്രേഡ്-II ജീവനക്കാരുടെ കുറവ് അവിടെയുണ്ട്. അവിടത്തെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് പ്രവർത്തനം ആരംഭിച്ചത് ബഹുമാനപ്പെട്ട പി.കെ. ശ്രീമതി ടീച്ചർ ആരോഗ്യ വകുപ്പുമന്ത്രിയായിരുന്ന അന്നത്തെ ഗവൺമെന്റിന്റെ അവസാന ഘട്ടത്തിലാണ്. കഴിഞ്ഞ അഞ്ചുവർഷക്കാലമായിരുന്നു അവിടെ പുതിയ തസ്തികകൾ അനുവദിക്കേണ്ടിയിരുന്നത്. അന്ന് വകുപ്പ് കൈകാര്യം ചെയ്ത മന്ത്രി ഇവിടെയുണ്ട്. ഒരു തസ്തികപോലും സൃഷ്ടിക്കപ്പെട്ടിട്ടില്ല. കാർഡിയോളജി, ന്യൂറോളജി, നെഫ്രോളജി, ന്യൂറോ മെഡിസിൻ, ഗ്യാസ്ട്രോ എൻറോളജി എന്നിവിടങ്ങളിലെ ഐ.പി., ഒ.പി. വിഭാഗം സൂപ്പർ സ്പെഷ്യാലിറ്റിയിൽ പ്രവർത്തിക്കുകയാണ്. പക്ഷേ ഒരു തസ്തികയുമില്ല. താൽക്കാലിക ജീവനക്കാരെ വച്ചുകൊണ്ടാണ് അവിടെ പ്രവർത്തനങ്ങൾ മുമ്പോട്ടുകൊണ്ടുപോകുന്നത്. നിലവിൽ അവിടെയുള്ള ഡോക്ടർമാരുടെ എണ്ണത്തിന്റെ സാധ്യതയ്ക്കനുസരിച്ചുപോലും സർജറികൾ നടത്താൻ സാധിക്കാത്ത സാഹചര്യമാണ്. അതിന് കാരണം അനസ്തേഷ്യ ഡോക്ടർമാരുടെ കുറവാണ്. സാങ്ഷൻഡ് സ്ട്രെങ്ത് അനുസരിച്ച് 34 അനസ്തേഷ്യ ഡോക്ടർമാർ വേണ്ടസ്ഥാനത്ത് 19 പേർ മാത്രമേയുള്ളൂ. തിരുവനന്തപുരത്ത് 34 പേരും ഉണ്ട്.

കാഷ്വാലിറ്റിയിൽ 3 തിയേറ്ററുകളുണ്ട്. അപകടങ്ങളും ആക്രമണങ്ങളും വന്നാൽ അവിടേയ്ക്കാണ് ആളുകളെ കൊണ്ടുവരുന്നത്. അതിൽ സർജറി തിയേറ്റർ മാത്രമാണ് പ്രവർത്തനസജ്ജമായിട്ടുള്ളത്. അവിടെയും ആവശ്യമായ ഡോക്ടർമാരും അനസ്തേഷ്യ ഡോക്ടർമാരും ഇല്ല. റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിൽ പണ്ട് എക്സ്റേ മാത്രം ഉണ്ടായിരുന്ന കാലത്തുള്ള അത്രയും ഡോക്ടർമാർ മാത്രമാണുള്ളത്. ഇപ്പോൾ സി.ടി. സ്കാനും എം.ആർ.ഐ. സ്കാനും ഒക്കെ സ്ഥാപിച്ചുവെങ്കിലും അവിടെ എക്സ്റേ ഡിപ്പാർട്ടുമെന്റ് മാത്രമായി പ്രവർത്തിക്കുന്ന കാലത്ത് എത്ര തസ്തികയുണ്ടോ അതുമാത്രമാണുള്ളത്. പൊള്ളലേറ്റ ആളുകളെ ധാരാളമായി കൊണ്ടുവരുന്ന, അവർക്ക് പ്രത്യേകമായ വാർഡ് സൗകര്യമില്ല. ഒരു പ്രദേശത്തെ ജനങ്ങളുടെ ഏറ്റവും ദുരിതപൂർണ്ണമായ പ്രശ്നമാണ് അവതരിപ്പിക്കുന്നത്. ഈ നിലയിലുള്ള പ്രശ്നങ്ങൾ എല്ലാ മേഖലയിലും ഉണ്ട്. സ്പോർട്സ് മെഡിസിൻ ഇൻസ്റ്റിറ്റ്യൂട്ട് ഉണ്ടായിട്ടും അവിടെ തസ്തികകളുണ്ടായിട്ടില്ല. അവിടത്തെ ആവശ്യത്തിനുള്ള കുടിവെള്ളത്തിനുമാത്രമായി പ്രതിദിനം രണ്ടുലക്ഷം രൂപ കൊടുക്കേണ്ട സാഹചര്യമുണ്ട്. അക്കാര്യത്തിൽ ഡിപ്പാർട്ടുമെന്റ് ആത്മാർത്ഥമായി പരിശ്രമിച്ചാൽ പരിഹാരമുണ്ടാക്കാവുന്നതേയുള്ളൂ. ശ്രീമതി ടീച്ചർ ആരോഗ്യ വകുപ്പുമന്ത്രിയായിരുന്ന കാലത്ത് മലിനജല സംസ്കരണ പ്ലാന്റ് അവിടെ സ്ഥാപിച്ചുകഴിഞ്ഞു. പക്ഷേ അതിന്റെ പൈപ്പ്ലൈൻ ഇടുന്നതിനായി അഞ്ചുവർഷം കാത്തിരിക്കേണ്ടിവന്നു. ആ പൈപ്പ്ലൈൻ ഇടൽ പൂർത്തിയായിട്ടും ഇപ്പോഴും അത് പ്രവർത്തനസജ്ജമാക്കിയിട്ടില്ല. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതി ലഭിക്കണമെന്നാണ് ഇപ്പോൾ അവസാനമായി അറിയാൻ കഴിഞ്ഞത്. അത് ചുറ്റുപാടുമുള്ള ജനങ്ങൾക്കുൾപ്പെടെ ബുദ്ധിമുട്ടുണ്ടാക്കുന്നു. വേസ്റ്റ് മാനേജ്മെന്റിന്റെ പ്രശ്നങ്ങളുണ്ട്. ആശുപത്രി വികസന സമിതിയുടെ പണം ഉപയോഗിച്ച് ഇക്കാര്യങ്ങൾ ചെയ്യണമെന്നുള്ള സാഹചര്യത്തിൽ അതിനൊരുപാട് പരിമിതികളുണ്ട്. നേരത്തെ കേന്ദ്ര ഗവൺമെന്റിന്റെ ഒരു പ്രത്യേക സ്കീം അനുസരിച്ച് ഒരു വലിയ വികസന പദ്ധതി അനുവദിക്കപ്പെട്ടെങ്കിലും അത് ഇപ്പോഴും എവിടെയും എത്തിയിട്ടില്ല. ഓരോ കാലത്തും അവിടത്തെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി പലപ്പോഴായി ഗവൺമെന്റുകൾ തുക അനുവദിച്ചെങ്കിലും ആസൂത്രിതമായിട്ടല്ല അത് വിനിയോഗിച്ചിട്ടുള്ളത്. അതുകൊണ്ട് ഇനിയെങ്കിലും അടിസ്ഥാന സൗകര്യ വികസന കാര്യത്തിൽ പണം ആസൂത്രിതമായി വിനിയോഗിക്കാനുള്ള സാഹചര്യമുണ്ടാകണം. അനസ്തേഷ്യ ഡോക്ടർമാരുടെ എണ്ണം വർദ്ധിപ്പിച്ചുകഴിഞ്ഞാൽ തന്നെ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പെർഫോമെൻസ് ഇരട്ടിയിലധികമായി മെച്ചപ്പെടുത്താനും ഗുണമേന്മയുള്ള ചികിത്സ കൊടുക്കാനും കഴിയും. അവിടത്തെ തിരക്ക് കുറയ്ക്കുന്നതിനായി ജില്ലാ-താലൂക്ക് ആശുപത്രികളെ മെച്ചപ്പെടുത്താൻ കഴിഞ്ഞാൽ നമുക്ക് കുറെയധികം

ആളുകളെ അങ്ങോട്ട് അയയ്ക്കാൻ സാധിക്കും. ഇതിനുവേണ്ടി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒരു ഉന്നതതല യോഗം വിളിക്കുന്നതിനും ഓരോ ഡിപ്പാർട്ടുമെന്റിന്റെയും ചുക്കാൻ പിടിക്കുന്ന ആളുകൾക്ക് അവരുടെ പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും അവതരിപ്പിക്കാൻ ഒരു പൂർണ്ണ ദിവസം ഉപയോഗിച്ചുകൊണ്ട് ശിൽപ്പശാല സംഘടിപ്പിക്കുന്നതിനും നടപടിയുണ്ടാകണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, മലബാർ മേഖലയിലെ മിക്കവാറും എല്ലാ ജില്ലകളിലെയും ജനങ്ങളുടെ ആശ്രയ കേന്ദ്രമാണ് കോഴിക്കോട് മെഡിക്കൽ കോളേജ്. ഇത് ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതുപോലെ 1957-ൽ സ്ഥാപിതമായിട്ടുള്ളതാണ്. പ്രഗത്ഭനായിട്ടുള്ള ഡോ. എ. ആർ. മേനോൻ കേരളത്തിന്റെ ആരോഗ്യ വകുപ്പുമന്ത്രി ആയിരിക്കുന്ന സമയത്താണ് കോഴിക്കോട് മെഡിക്കൽ കോളേജിന്റെ ആരംഭം കുറിക്കുന്നത്. കോഴിക്കോട് മെഡിക്കൽ കോളേജ് മാത്രമല്ല, കേരളത്തിലെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളെ ആധുനികവത്കരിക്കുന്നതിനും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും ഈ സർക്കാർ അധികാരത്തിൽ വന്നയുടനെതന്നെ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ എല്ലാ മെഡിക്കൽ കോളേജുകളും സന്ദർശിക്കുകയും അവിടത്തെ പോരായ്മകളെല്ലാം ആരോഗ്യ വകുപ്പ് മനസ്സിലാക്കുകയും ചെയ്തിട്ടുണ്ട്. ഞാൻ നേരിട്ട് ഓരോ ഡിപ്പാർട്ടുമെന്റിന്റേയും പ്രത്യേകതയും മെഡിക്കൽ കോളേജിന്റെ ഇപ്പോഴത്തെ പോരായ്മകളുമെല്ലാം കൃത്യമായി മനസ്സിലാക്കിയിട്ടുണ്ട്. അതിന്റെ ഭാഗമായി ആധുനികവത്കരിക്കാനും സെന്റർ ഓഫ് എക്സലൻസായി കോഴിക്കോട് മെഡിക്കൽ കോളേജിനെ മാറ്റാനും ഈ ഗവൺമെന്റ് സന്നദ്ധമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജും തിരുവനന്തപുരം മെഡിക്കൽ കോളേജും എയിംസ് നിലവാരത്തിലുള്ള സ്ഥാപനങ്ങളാക്കി മാറ്റുമെന്ന് ഈ ഗവൺമെന്റ് പ്രഖ്യാപിച്ചു. എയിംസ് നിലവാരമെന്ന് പറയുമ്പോൾ ചിലപ്പോൾ അതിനെക്കാൾ മെച്ചപ്പെട്ട നിലവാരത്തിലേയ്ക്ക് മാറാൻ സാധ്യതയുള്ള മെഡിക്കൽ കോളേജുകളാണ് നമ്മുടെ മെഡിക്കൽ കോളേജുകൾ. പലപ്പോഴായി കോഴിക്കോട് മെഡിക്കൽ കോളേജിന്റെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. പക്ഷെ അവിടെ ചികിത്സയ്ക്കെത്തുന്ന രോഗികളുടെ എണ്ണത്തിനനുസരിച്ച് ആവശ്യമായ സൗകര്യങ്ങളും തസ്തികകളും സൃഷ്ടിക്കപ്പെട്ടിട്ടില്ല. 1950-ലെ സ്റ്റാഫ് പാറ്റേണാണ് ഇപ്പോഴുമുള്ളത്. ഇത് കേരളത്തിലെ മെഡിക്കൽ മേഖലയുടെ ആകെ പ്രത്യേകതയാണെന്ന് നിരവധി തവണ ഞാൻ പറഞ്ഞിട്ടുണ്ട്. ഓരോ തവണ ആരോഗ്യ മേഖലയിലെ പ്രശ്നങ്ങൾക്ക് മറുപടി പറയുമ്പോഴും കേരളത്തിലെ ആരോഗ്യ മേഖലയിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടേയില്ല എന്നാണ് ഈ സഭയിൽത്തന്നെ സൂചിപ്പിച്ചിട്ടുള്ളത്. 1957-ലെ സ്റ്റാഫ് പാറ്റേണാണ് മെഡിക്കൽ കോളേജുകളിൽ

ഇപ്പോഴുമുള്ളത്. 1961-ലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചാണ് ആരോഗ്യ വിഭാഗത്തിലെല്ലാം പ്രവർത്തിക്കുന്നത്. അതിന്റെ വലിയ ചുരുക്കം അവിടെ അനുഭവപ്പെടുന്നുവെന്നുള്ളത് വസ്തുതയാണ്. തസ്തികകളുടെ എണ്ണത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജിലും കാര്യമായ വർദ്ധനവുണ്ടാക്കാൻ സാധിച്ചിട്ടില്ല. സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം, സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള പ്രത്യേക ബ്ലോക്ക്, വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റലുകൾ, ആധുനിക സൗകര്യങ്ങളോടുകൂടിയ ലാബ് തുടങ്ങിയവയെല്ലാം അവിടെയുണ്ട്. അതുപോലെ അവിടെ കാൻസർ രോഗ ചികിത്സയ്ക്കാവശ്യമായ ലീനിയർ ആക്സിലറേറ്റർ ഒരെണ്ണമുണ്ട്. പുതിയ ചില ബ്ലോക്കുകൾ നിർമ്മിക്കേണ്ടതും തിയേറ്ററുകളൊക്കെ ആധുനികവത്കരിക്കേണ്ടതുണ്ട്. അവിടെനിന്ന് ശേഖരിച്ചിട്ടുള്ള വിവരങ്ങൾ അനുസരിച്ച് ചില പ്രത്യേക തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. ആശുപത്രിയിലെ തിയേറ്റർ സംവിധാനമൊക്കെ വളരെ വിപുലമാണെങ്കിലും അവിടെ ആവശ്യമായിട്ടുള്ള പോസ്റ്റ് ക്രിയേഷൻ നടത്തുന്നതിനും രോഗികളുടെ എണ്ണത്തിനനുസരിച്ചുള്ള സപ്പോർട്ടിംഗ് സ്റ്റാഫുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും ഈ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ചുരുക്കം ചില പോസ്റ്റുകൾ ഇപ്പോൾത്തന്നെ നികത്തിയിട്ടുണ്ട്. ബാക്കിയുള്ളവ അടിയന്തരമായി നികത്തുന്നതാണ്. അവിടെയൊരു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ കാര്യം ബഹുമാനപ്പെട്ട അംഗം പറഞ്ഞു. പ്ലാന്റിന്റെ ഭൗതിക സൗകര്യവും കെട്ടിടവുമൊക്കെ ഒരുക്കിയിട്ടുണ്ടെന്നല്ലാതെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനസജ്ജമല്ല. അവിടെ വലിയ പരാതികൾ ഉയരുകയാണ്. ഇത്രയും വലിയൊരു മെഡിക്കൽ കോളേജിൽനിന്നുള്ള വേസ്റ്റ് ആ പ്രദേശത്താകെ ഒഴുകി പരക്കുകയും അവിടത്തെ പുഴകളിലേയ്ക്കും മറ്റും വന്നുചേരുകയും ചെയ്യുന്നുവെന്ന് നിരന്തരമായി റിപ്പോർട്ട് ചെയ്യുകയാണ്. അവിടെ ആദ്യം സന്ദർശിച്ചപ്പോൾതന്നെ ഈ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് അടിയന്തരമായി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. വളരെ പെട്ടെന്നുതന്നെ അത് പ്രവർത്തനക്ഷമമാകും. അതിനുള്ള നടപടി എടുത്തുകൊണ്ടിരിക്കുകയാണ്. അതുപോലെ അവിടെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് ആരംഭിച്ചിട്ട് പത്തുവർഷത്തിലേറെയായി. പക്ഷേ അതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. അവിടെ 450 കിടക്കകളാകാം, പക്ഷേ 25 ബെഡ് മാത്രമേ ഉപയോഗിക്കാൻ കഴിയുന്നുള്ളൂ. കാരണം അവിടത്തെ സ്റ്റാഫ് പാറ്റേൺ അങ്ങനെയാണ്. പോസ്റ്റ് ക്രിയേഷൻ നടന്നിട്ടില്ല. അതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. അവിടെയൊരു ടെറീഷ്യറി ക്യാൻസർ കെയർ സെന്ററിന് 42 കോടി രൂപ അനുവദിച്ചെങ്കിലും കെട്ടിട നിർമ്മാണം പൂർത്തിയായിട്ടില്ല. അവിടത്തെ സന്ദർശനവേളയിൽ അത് പൂർത്തിയാക്കാനുള്ള നടപടി എടുത്തിട്ടുണ്ട്. അതിന്റെ ഏത് മേഖലയിലാണ് പി.ഡബ്ല്യു.ഡി.ആണോ അല്ലെങ്കിൽ വേറെ ഏതെങ്കിലും വിഭാഗമാണോ തടസ്സമെന്നെല്ലാം വിശദമായി പരിശോധിച്ച് അത്

പരിഹരിക്കാനാവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം പുതിയ കാഷ്വാലിറ്റി ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അതുപോലെ സൂപ്പർ സ്പെഷ്യാലിറ്റി ഡി.എം. ഉള്ള (Pulmonary Medicine) ഏക മെഡിക്കൽ കോളേജാണ് കോഴിക്കോട് മെഡിക്കൽ കോളേജ്. അതിനാവശ്യമായിട്ടുള്ള എൻഡോ ബ്രോങ്കിയർ അൾട്രാസൗണ്ട് സംവിധാനം ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമെന്ന് ഈ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. 'ആർദ്രം' പദ്ധതി ഉപയോഗപ്പെടുത്തിക്കൊണ്ട് അവിടത്തെ ഒ. പി. ബ്ലോക്കും ട്രാൻസ്ഫർമേഷനുള്ള നടപടി സ്വീകരിച്ചുവരികയാണ്. രോഗീ സൗഹൃദവും അതുപോലതന്നെ പൂർണ്ണമായും ഇലക്ട്രോണിക് സംവിധാനത്തിലൂടെ ഏറ്റവും ആധുനികമായ ഒ.പി.ബ്ലോക്കും മെഡിക്കൽ കോളേജുകളിലുണ്ടാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിലും അതുണ്ടാകും. ഇപ്പോൾ ഉള്ള മൂന്ന് ആംബുലൻസുകൾക്കുപുറമേ മൂന്ന് ആംബുലൻസുകൂടി അവിടെ വാങ്ങുന്നതാണ്. അടുത്ത ഒരു വർഷത്തിനുള്ളിൽ അവിടെ കൂടുതൽ ആംബുലൻസ് വാങ്ങുമെന്നാണ് അറിയിക്കാനുള്ളത്. അനസ്തേഷ്യ വിഭാഗത്തിൽ 34 പേർ വേണ്ടിടത്ത് 15 പേരാണുള്ളത് എന്നാണ് അവിടെനിന്നും ശേഖരിച്ച കണക്കുകൾ വ്യക്തമാക്കുന്നത്. അവിടത്തെ ഇന്റൻസീവ് കെയർ യൂണിറ്റ് ശക്തമാക്കാനും അനസ്തറ്റിസ്റ്റിനെ നിയമിക്കുന്നതിനുള്ള പ്രവർത്തനവും നടത്തും. അവിടെ കുറെ വർഷങ്ങളായി പി.എസ്.സി. നിയമനമൊന്നും നടക്കാത്തതിനാൽ അത് പരിഹരിക്കാനുള്ള മാർഗ്ഗവും അതുപോലെ പഠിച്ചിറങ്ങുന്ന നഴ്സുമാർക്ക് നിർബന്ധ സേവനം ഏർപ്പെടുത്താൻ കഴിയുമോ എന്ന കാര്യവും പരിശോധിച്ചുവരുന്നുണ്ട്. ജില്ല, താലൂക്ക് ആശുപത്രികൾ ശക്തമാക്കുന്ന കാര്യത്തെ സംബന്ധിച്ച് ഇവിടെ നിരവധി തവണ പ്രഖ്യാപിച്ചതാണ്. ഈ ഗവൺമെന്റ് ആരോഗ്യമേഖലയിൽ സമഗ്രമായ മാറ്റമുണ്ടാക്കാൻ ആഗ്രഹിക്കുന്നതിന്റെ ഭാഗമായി ഞങ്ങൾ സ്വീകരിച്ചിട്ടുള്ള നടപടിയാണ് സമഗ്ര പ്രാഥമിക ആരോഗ്യ ദൗത്യം എന്നത്. അതിന്റെ ഭാഗമായി സെക്കണ്ടറി വിഭാഗത്തിൽപ്പെട്ട താലൂക്ക്, ജില്ലാ ആശുപത്രികളെ ശക്തമാക്കാൻ തീരുമാനിച്ചുവെന്നുള്ളത് ഈ സഭാതലത്തിൽ നേരത്തെ പ്രഖ്യാപിച്ചതാണ്. ജില്ലാ ആശുപത്രികൾ സൂപ്പർ സ്പെഷ്യാലിറ്റി ആക്കുന്നതിനുള്ള ഡി.പി.ആർ. ഒക്കെ തയ്യാറാക്കിവരുന്നു. അതനുസരിച്ച് ജില്ലാ ആശുപത്രികൾ കൂടുതൽ മെച്ചപ്പെടുത്തും. ഈ ഗവൺമെന്റ് വന്നിട്ട് അഞ്ചുമാസമാകുന്നതിനുമുമ്പേ പത്ത് കാത്ത്ലാബ് അനുവദിച്ചുവെന്ന് പറഞ്ഞു. അതിൽ എട്ടെണ്ണവും ജില്ലാ ആശുപത്രികൾക്കാണ്. അവിടെ കാർഡിയോളജി വിഭാഗത്തിൽപ്പെട്ട ട്രീറ്റ്മെന്റ് കൂടുതൽ ശക്തമാകുകയും ഓപ്പറേഷനൊക്കെ നടത്താൻ സാധിക്കുകയും ചെയ്യുമ്പോൾ മെഡിക്കൽ കോളേജിലേയ്ക്കുള്ള അധികമായിട്ടുള്ള വരവ് കുറച്ചുകൊണ്ടുവരാൻ സാധിക്കും. താലൂക്ക് ഹോസ്പിറ്റലുകളിൽ 42 എണ്ണത്തിൽ ഈ വർഷംതന്നെ ഡയാലിസിസ് യൂണിറ്റ്

തുടങ്ങാനുള്ള നിർദ്ദേശം നൽകിക്കഴിഞ്ഞു. അതും ഒരുവർഷക്കാലംകൊണ്ട് പ്രായോഗികമാകും. തുടർന്ന് എല്ലാ താലൂക്ക് ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റടക്കം എല്ലാ സ്പെഷ്യാലിറ്റി സൗകര്യവും മെച്ചപ്പെടുത്തുന്നതാണ്. പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുമെന്ന് ഈ ഗവൺമെന്റ് പറഞ്ഞിട്ടുണ്ട്. 140 മണ്ഡലങ്ങളിൽനിന്നും ഒരു പ്രൈമറി ഹെൽത്ത് സെന്റർ വീതം തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. എങ്ങനെയാണ് പ്രൈമറി ഹെൽത്ത് സെന്റർ മെച്ചപ്പെടുത്തുകയെന്ന് തീരുമാനിച്ചിട്ടുണ്ട്. പ്രൈമറി ഹെൽത്ത് സെന്ററുകൾ മെച്ചപ്പെടുത്തുന്നതോടെ പനിവന്നാൽപ്പോലും ഇപ്പോൾ മെഡിക്കൽ കോളേജിലേയ്ക്ക് വരുന്ന അവസ്ഥ മാറ്റിയെടുക്കാൻ സാധിക്കും. അതിനുള്ള എല്ലാ നടപടിക്രമങ്ങളും സർക്കാർ തീരുമാനിച്ചുകഴിഞ്ഞിട്ടുണ്ട്. തസ്തിക സൃഷ്ടിക്കുന്നതുൾപ്പെടെ എല്ലാ കാര്യങ്ങളും ഗവൺമെന്റ് പരിശോധിക്കും. പി.എം.എസ്.എസ്.വൈ. (പ്രധാൻ മന്ത്രി സ്വാസ്ഥ്യ സുരക്ഷാ യോജന) സ്കീമിൽ ഓപ്പറേഷൻ തിയേറ്ററുകൾ ആധുനികവത്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. നമുക്ക് പി.എം.എസ്.എസ്.വൈ. സ്കീമിൽ 150 കോടി രൂപയാണ് വേണ്ടത്. അതിൽ 125 കോടി രൂപ സെൻട്രൽ ഗവൺമെന്റാണ് തരുന്നത്. 25 കോടി രൂപ സ്റ്റേറ്റ് ഗവൺമെന്റിന്റെ ഷെയറാണ്. ആ പണം കിട്ടിയ ഉടൻ വളരെ പെട്ടെന്നുതന്നെ അതിനാവശ്യമായിട്ടുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. അവിടെ 19 ആധുനിക ഓപ്പറേഷൻ തിയേറ്ററുകളോടുകൂടിയ ഏഴ് നില സൂപ്പർ സ്പെഷ്യാലിറ്റി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികളാണ് ആരംഭിച്ചിട്ടുള്ളത്. അതുപോലെതന്നെ എം.സി.ഐ.യുടെ നിർദ്ദേശമനുസരിച്ച് ഒഴിവുകൾ നികത്താൻ ആലോചിക്കുന്നുണ്ട്. ഒരു ലീനിയർ ആക്സിലേറ്റർ മെഷീൻ കൂടി ആറ് മാസത്തിനുള്ളിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ സ്ഥാപിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. നാലു മാസം കഴിയുമ്പോഴേയ്ക്കും കോഴിക്കോട് മെഡിക്കൽ കോളേജിന്റെ കാര്യത്തിൽ ഇത്രയേറെ തീരുമാനങ്ങളെടുക്കുകയും ഇത്രയേറെ അതിനെ ആധുനികവത്കരിക്കാനുള്ള പ്രാരംഭ നടപടികൾ ആവിഷ്കരിക്കുകയും ചെയ്തൊരു കാലഘട്ടം ഉണ്ടായിട്ടില്ല എന്നുള്ളതാണ് ആ മെഡിക്കൽ കോളേജിന്റെ ചരിത്രം പരിശോധിച്ചപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത്. രണ്ടുവർഷക്കാലംകൊണ്ട് ഇന്നുള്ള ഈ പരാധീനതകൾ മാറ്റിക്കൊണ്ട് കോഴിക്കോട് മെഡിക്കൽ കോളേജിനെ സെന്റർ ഓഫ് എക്സലൻസാക്കി മാറ്റുകയും അവിടത്തെ പ്രശ്നങ്ങൾക്കെല്ലാം കാര്യമായിട്ടുള്ള പരിഹാരമുണ്ടാക്കാൻ പ്രാരംഭ നടപടികൾ സ്വീകരിക്കുകയും ചെയ്യും. ഈ ഗവൺമെന്റിന്റെ അഞ്ചുവർഷക്കാലം പൂർത്തിയാകുമ്പോൾ ഇന്ത്യയിലെ തന്നെ ഏറ്റവും ആധുനികവും സജ്ജവുമായിട്ടുള്ളൊരു മെഡിക്കൽ കോളേജായി കോഴിക്കോട് മെഡിക്കൽ കോളേജിനെ മാറ്റും എന്നാണ് പറയാനുള്ളത്.

ശ്രീ. എ. പ്രദീപ് കുമാർ: സർ, ബഹുമാനപ്പെട്ട മന്ത്രി ഒരു മീറ്റിംഗ് വിളിക്കുന്ന കാര്യം ഞാനിവിടെ ഉന്നയിച്ചിരുന്നു. അതോടൊപ്പംതന്നെ അടിയന്തരമായി ചെയ്യേണ്ട ഒരു കാര്യം അനസ്തേഷ്യ വിഭാഗത്തിലുള്ള കുറവ് ഉടനെ പരിഹരിച്ചുകഴിഞ്ഞാൽ നമുക്ക് ഇപ്പോൾ നടക്കുന്നതിന്റെ ഇരട്ടി സർജറികൾ നടത്താനാകും. അതോടൊപ്പം ഡോക്ടർമാരുടെ എണ്ണത്തിലുള്ള കുറവ് പരിഹരിക്കുന്നതിനായി കരാർ അടിസ്ഥാനത്തിലുള്ള ഡോക്ടർമാരുടെ വേതനത്തിൽ വർദ്ധനവുണ്ടാക്കണം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: ഫീസ് സംബന്ധിച്ച കാര്യമെല്ലാം ഒന്നുകൂടി ചർച്ച ചെയ്ത് തീരുമാനിക്കും. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതുപോലെ, ഒരു പൊതു മീറ്റിംഗ് സംഘടിപ്പിച്ച് അത്തരത്തിലുള്ള സഹായങ്ങൾ സുതാര്യമായും പരസ്യമായും സ്വീകരിക്കാമെന്നാണ് കരുതുന്നത്. ഇപ്പോൾ ക്രിസ്ത്യൻ സഭയുടെ ഭാഗമായി, മെഡിക്കൽ കോളേജിലുള്ള രോഗികൾക്ക് സൗജന്യമായി ഭക്ഷണം കൊടുക്കാനുള്ള ആഗ്രഹം കോഴിക്കോട് രൂപത പ്രകടിപ്പിച്ചിട്ടുണ്ട്. ഏതു വിഭാഗത്തിൽ നിന്നായാലും മെഡിക്കൽ കോളേജിന് അനുകൂലമായി പൊതുജനങ്ങളിൽ നിന്നും വരുന്ന സഹായങ്ങൾ സ്വീകരിക്കാൻ കഴിയുംവിധം ബഹുജനങ്ങളെയും അവരുടെ പ്രതിനിധികളെയുമെല്ലാം പങ്കെടുപ്പിച്ചുകൊണ്ട് അടിയന്തരമായി ഒരു മീറ്റിംഗ് വിളിച്ചുചേർക്കാൻ ആലോചിക്കുന്നുണ്ട്. നേരത്തെ ഞാൻ അവിടെ നടത്തിയ മീറ്റിംഗ് മാത്രമല്ല, ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതുപോലെ ബന്ധപ്പെട്ട ആളുകളെയെല്ലാം പങ്കെടുപ്പിച്ച്; വർക്ക്ഷോപ്പ് എന്നുള്ള രീതിയിൽ ഒരു മീറ്റിംഗ് സംഘടിപ്പിച്ചുകൊണ്ട് തന്നെ മെഡിക്കൽ കോളേജിൽ പ്രവർത്തനം മെച്ചപ്പെടുത്താനുള്ള കൂടുതൽ വിപുലമായ നടപടി സ്വീകരിക്കണമെന്നാണ് പറയാനുള്ളത്. അവരോടെല്ലാം നന്ദിയുണ്ട്. പൊതുസമൂഹവും ഗവൺമെന്റും ചേർന്ന് നമ്മുടെ ആരോഗ്യസ്ഥാപനങ്ങളെ രോഗീസൗഹൃദവും ജനകീയവുമായി മാറ്റാൻ മുന്നോട്ട് വരണമെന്നുള്ള അഭ്യർത്ഥന കൂടിയുണ്ട്.

### (2) പ്രീ-പ്രൈമറി സ്കൂൾ ജീവനക്കാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

ശ്രീ. ഷാഫി പറമ്പിൽ: സർ, വിദ്യാഭ്യാസത്തിന്റെ നട്ടെല്ലാണ് പ്രീപ്രൈമറി എഡ്യൂക്കേഷൻ. എം.ബി.ബി.എസ്.-നും എഞ്ചിനീയറിംഗിനും പ്ലസ് വണ്ണിനും പ്ലസ് ടുവിനുമൊക്കെ വലിയ പ്രാധാന്യം കൊടുക്കുന്ന ഒരു സൊസൈറ്റിയാണ് നമ്മുടേത്. അതിനെക്കാളുപരി ഒരു വിദ്യാർത്ഥി ജീവിതത്തിന്റെ ബെയ്സ്/നട്ടെല്ല് എന്നുപറയുന്നത് പ്രീ പ്രൈമറി രംഗത്ത് ആ കുട്ടിക്ക് കിട്ടുന്ന കോച്ചിംഗും ഇൻഫ്രാസ്ട്രക്ച്ചറുമാണ്. എന്നാൽ ആ മേഖലയിൽ ജോലിയെടുക്കുന്ന അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം, ജീവിതത്തിന്റെ നല്ലൊരു പങ്കും ഈ കഠിനാധ്വാനത്തി ലേർപ്പെടുമ്പോഴും അതിനനുസരിച്ചുള്ള പ്രതിഫലമോ അംഗീകാരമോ അവർക്ക്

ലഭിക്കുന്നില്ല എന്നുള്ളതാണ്. ഗവൺമെന്റുകൾ മാറിമാറി വരുന്നുണ്ടെങ്കിൽപ്പോലും 20 വർഷത്തോളമായി പ്രീപ്രൈമറി മേഖലയിൽ താൽക്കാലികമായി ജോലിയെടുക്കുന്നവർ നമുക്കിടയിലുണ്ട്. 30 വയസ്സിൽ ജോലിക്ക് കയറുന്ന ഒരു അദ്ധ്യാപിക 50 വയസ്സിൽ ജോലിയിൽ തുടരുമ്പോഴും അവർക്ക് ജോലിയിൽ സെക്യൂരിറ്റിയോ സേവന വേതന വ്യവസ്ഥയോ ഇല്ല. മെറ്റേണിറ്റി ലീവെടുക്കാൻപോലും അവർക്ക് കഴിയാതെ പോകുന്ന സാഹചര്യമുണ്ട്. മെറ്റേണിറ്റി ലീവെടുക്കുന്ന ഒരു അദ്ധ്യാപികയ്ക്ക് പിന്നീട് ആ തൊഴിൽ നഷ്ടപ്പെടുകയാണ്. 12-15 വർഷക്കാലം ഒരു മേഖലയിൽ ജോലിയെടുത്ത് മെറ്റേണിറ്റി ലീവോ മറ്റോ എടുക്കേണ്ടി വരുമ്പോൾ നഷ്ടപ്പെടുന്ന തൊഴിലവസര മായി അത് മാറുകയും ജീവിതത്തിന്റെ നല്ലൊരു ഭാഗം ഇതിനുവേണ്ടി വേസ്റ്റ് ചെയ്തതായി അവർക്ക് അനുഭവപ്പെടുകയുമാണ്. ഗവൺമെന്റ് സെക്ടറിൽ 9000-ഉം 6500-ഉം രൂപ ശമ്പളം കൊടുക്കാൻ തീരുമാനിക്കുകയും അത് ഇപ്പോൾ കൊടുക്കാൻ തുടങ്ങിയിട്ടുമുണ്ട്. താൽക്കാലിക വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് ചുരുങ്ങിയത് 600 രൂപയെങ്കിലും കൊടുക്കണമെന്നാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. എന്നാൽ അടുത്ത തലമുറയെ വാർത്തെടുക്കുന്ന; അവരുടെ വിദ്യാഭ്യാസത്തിന്റെ ആദ്യചുവടിൽ അവരോടാപ്പം നടക്കുന്ന അദ്ധ്യാപികമാരുടെ ശമ്പളം 9000-ത്തിലും അതിനുതാഴെയുമായി നിർത്തേണ്ടിവരുന്നത് ഖേദകരമാണ്. നമുക്ക് അതിനകത്ത് cutting across party line - ഐക്യത്തോടെ ഒരു തീരുമാനം എടുക്കേണ്ടതുണ്ട്. പൊതുവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്താനുള്ള എല്ലാ നീക്കങ്ങൾക്കും പ്രതിപക്ഷത്തിന്റെ പരിപൂർണ്ണ പിന്തുണയുണ്ടാകും. വിദ്യാഭ്യാസത്തിന് പണം മാനദണ്ഡമാകാതിരി ക്കുകയും നമ്മുടെ കലാലയങ്ങളെ മതം വേർതിരിക്കാതിരിക്കുകയും ചെയ്യണ മെങ്കിൽ പൊതുവിദ്യാഭ്യാസ മേഖല നിലനിൽക്കേണ്ടതാണ്. പൊതുവിദ്യാഭ്യാസ മേഖലയിലേയ്ക്കുള്ള റിക്രൂട്ടിംഗ് നടക്കുന്നത് പ്രീ പ്രൈമറി സെക്ടറിൽ നിന്നാണ്. അത് എയ്ഡഡാണെങ്കിലും ശരി, ഗവൺമെന്റാണെങ്കിലും ശരി. എയ്ഡഡ് മേഖലയിൽ ഗവൺമെന്റ് ഇപ്പോൾ ആനുകൂല്യം കൊടുക്കുന്നില്ലെന്ന് മാത്രമല്ല, മാനേജ്മെന്റും ലോക്കൽ ബോഡീസുമൊക്കെ കൊടുക്കുന്ന വളരെ തുച്ഛമായ തുകയ്ക്കാണ് അവർ ട്രെയിനിംഗ് നടത്തിക്കൊണ്ടിരിക്കുന്നത്. സംതൃപ്തിയില്ലാത്ത അദ്ധ്യാപികയുടെയോ അദ്ധ്യാപകന്റെയോ അടുക്കലേയ്ക്കാണ് ഈ കുട്ടി ആദ്യത്തെ ചുവടുമായി നടന്നടുക്കുന്നത്. അതിന്റെ ആഫ്റ്റർ ഇഫക്ട്സ് ആ കുട്ടിയുടെ വിദ്യാഭ്യാസ കാലയളവിൽ ഉണ്ടാകുമെന്നുള്ളത് വളരെ ഖേദകരമാണ്. അതുകൊണ്ട് അവർക്കൊരു സേവന വേതന വ്യവസ്ഥയുണ്ടാക്കി മിനിമം അവരുടെ കുടുംബത്തിന്റെ ചെലവുകൾ നടന്നുപോകാനുള്ളതെങ്കിലും കൊടുക്കണം. ചിലരൊക്കെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് പോയിവരാനുള്ള പണംപോലും ഇതിൽ നിന്നും കിട്ടാതെ വിഷമിക്കുകയാണ്. അതുകൊണ്ട് തീർച്ചയായും ഈ മേഖലയിലുള്ളവരെ മുന്നോട്ട് കൊണ്ടുവരാനും ഒരു കരിക്കുലം തയ്യാറാക്കാനും സാധിക്കണം. ഇത്

കുട്ടികളുടെ ലേണിംഗ് എക്സ്പീരിയൻസിന്റെ ആദ്യത്തെ സ്റ്റെപ്പാണെന്ന് പറയുമ്പോഴും അവിടെ തോന്നിയതുപോലെ, അവർക്ക് ഇഷ്ടപ്പെട്ട കാര്യങ്ങളാണ് പലപ്പോഴും പഠിപ്പിക്കുന്നത്. ഇന്ന് എം.ബി.ബി.എസ്.-ന് ഒരു സീറ്റ് കിട്ടുന്നതിനേക്കാൾ പ്രയാസമാണ് ചില പ്രൈവറ്റ് സ്കൂളുകളിൽ എൽ.കെ.ജി.-ക്ക് ഒരു സീറ്റ് കിട്ടാൻ. അവർ കെ.ജി. 1, കെ.ജി. 2 എന്നൊക്കെ പറയുന്നുണ്ട്. ഇപ്പോൾ മോണ്ടിസോറിയുടെ പുതിയ സ്ഥാപനങ്ങളും വരുന്നുണ്ട്. വലിയ സ്കൂളുകളിലൊക്കെ തന്നെ മോണ്ടിസോറിക്ക് ഏറ്റവും കൂടുതൽ പ്രാധാന്യം കൊടുത്ത് പഠിപ്പിക്കാൻ ശ്രമിക്കുന്നു. പണമില്ലാത്തതിന്റെ പേരിൽ ക്വാളിറ്റി എഡ്യൂക്കേഷൻ നിഷേധിക്കപ്പെടുന്നതിന്റെ ആദ്യചുവടുതന്നെ ഈ പ്രീ-പ്രൈമറി സെക്ടറി ലാണെങ്കിൽ അവിടെ ഒരു കരിക്കുലവും അതിനാവശ്യമായ ഇൻഫ്രാസ്ട്രക്ചറും മറ്റ് കാര്യങ്ങളും എത്തിച്ചുകൊടുക്കാനുള്ള ഇനിഷ്യേറ്റീവും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. നല്ല പ്രീ-പ്രൈമറി സെക്ടറുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക്, അത് ഗവൺമെന്റ് സ്ഥാപനങ്ങളായാൽ പോലും, ഇപ്പോഴും ഒന്നാം ക്ലാസിലെ അഡ്മിഷന് തിക്കും തിരക്കും അനുഭവപ്പെടുന്നുണ്ട്. നമ്മൾ മാതൃഭാഷാ സ്നേഹികളാണെങ്കിലും കമ്മ്യൂണിക്കേഷൻ സ്കില്ലിന്റെ കാര്യം വരുമ്പോൾ മറ്റു ഭാഷകൾ കൂടി കൈകാര്യം ചെയ്യാനുള്ള അറിവ് ചെറുപ്രായത്തിൽ കുട്ടികൾക്ക് കിട്ടുന്നതിനെ രക്ഷിതാക്കൾ സ്വാഗതം ചെയ്യുകയാണ്. നമ്മൾ ആ സത്യത്തിനുനേരെ കണ്ണടച്ചിട്ട് കാര്യമില്ല. ഇംഗ്ലീഷ് ടീച്ചേഴ്സിന്റെ ഒരു പൂൾ എല്ലാ സ്ഥാപനങ്ങളിലേയ്ക്കും കൊടുക്കാൻ നമുക്ക് കഴിഞ്ഞില്ലെങ്കിലും ഒരു ക്ലസ്റ്റർ രൂപീകരിച്ചിട്ടാണെങ്കിൽപ്പോലും അവർക്ക് അത് ആക്സസ് ചെയ്യാൻ കഴിയുന്നു വെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. അതിന് എയ്ഡഡ് മേഖലയിലുൾപ്പെടെ ഗവൺമെന്റിന്റെയും എം.എൽ.എ. ഫണ്ടും മറ്റും ഉപയോഗപ്പെടുത്താൻ കഴിയാവുന്ന ഒരു തീരുമാനം എടുക്കേണ്ടതാണ്. Educational Philosophy-യുടെയും Behavioural objectives-ന്റെയുമൊക്കെ കാര്യത്തിൽ അവർ പറയുന്നത് ടീച്ചിംഗ് ആന്റ് ലേണിംഗ് സൈക്കോളജിയുടെ ആരംഭമെന്ന് പറയുന്നത് പ്രീ പ്രൈമറി സെക്ടറാണെന്നാണ്. കുട്ടികൾക്ക് independent thinking ഉണ്ടാകുന്നത്, അവരുടെ ക്രിയേറ്റിവിറ്റിയുടെ ബെയ്സ് എന്നുപറയുന്നത് പ്രീ പ്രൈമറി സെക്ടർ തന്നെയാണ്. ആ നട്ടെല്ല് വളഞ്ഞുപോകാതിരിക്കാൻ, അതിന് ക്ഷതമേൽക്കാതിരിക്കാൻ, ഗവൺമെന്റ് മേഖലയിൽ പൊതുവിദ്യാഭ്യാസ മേഖല നിലനിൽക്കാൻ പ്രീ പ്രൈമറി സെക്ടറിലെ ജീവനക്കാർ ഉൾപ്പെടെയുള്ള ആളുകളുടെ അടിസ്ഥാന സൗകര്യം ഉറപ്പുവരുത്താൻ കാര്യക്ഷമമായ ഇടപെടലുണ്ടാകണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ. പറഞ്ഞത് വളരെ പ്രധാനപ്പെട്ട വർത്തമാനകാല പ്രാധാന്യമുള്ള ഒരു വിഷയം തന്നെയാണ്. സർക്കാർ അതിനെ വളരെ പോസിറ്റീവായി കാണുന്നു. ഇക്കഴിഞ്ഞ നാലരമാസം കേരളത്തിൽ ഏറ്റവും

അധികം പ്രചരിച്ചിട്ടുള്ള വിഷയമാണ് പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കുക യെന്നത്. അതിന്റെ ഭാഗമായി കേന്ദ്രീകൃത വിദ്യാഭ്യാസം വികസിപ്പിക്കണമെന്ന ഉദ്ദേശ്യത്തോടെയാണ് വിദ്യാഭ്യാസ രംഗത്ത് ആധുനികവൽക്കരണം കൊണ്ടുവരാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. വൈജ്ഞാനികവും ഫിലോസഫിക്കലായിട്ടുമുള്ള സങ്കൽപ്പങ്ങൾ ഉൾക്കൊണ്ടുകൊണ്ടുതന്നെ വേണം ഈ മേഖലയെ വളർത്താനെന്ന കാര്യം എല്ലാവരും അംഗീകരിക്കുന്നതാണ്. സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ രണ്ട് തരത്തിലുള്ള പ്രീ-പ്രൈമറികളാണ് ഇപ്പോൾ നിലവിലുള്ളത്. ഒന്ന്, സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും അംഗീകാരത്തിലു മുള്ള പ്രീ-പ്രൈമറികൾ. രണ്ട്, പി.ടി.എ.-യുടെ നേതൃത്വത്തിലുള്ള പ്രീ-പ്രൈമറികൾ. സർക്കാർ നിർദ്ദേശമനുസരിച്ചും മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായും തന്നെയാണ് പി.ടി.എ.-കളും ജീവനക്കാരെ നിയമിച്ചിരുന്നത്. ആവശ്യമായ സ്ഥലസൗകര്യങ്ങളും മറ്റ് ഭൗതിക സാഹചര്യങ്ങളും ലഭ്യമാക്കണമെന്നും നടത്തിപ്പിനാവശ്യമായ എല്ലാ ചെലവുകളും വഹിക്കണമെന്നുമുള്ള നിബന്ധന യോടെയാണ് പി.ടി.എ.-കൾക്ക് പണ്ട് പ്രീ-പ്രൈമറി അനുവദിച്ചിരുന്നത്. സർക്കാർ നേരിട്ട് നടത്തുന്ന പ്രീ-പ്രൈമറിയിലെ അതേ ആനുകൂല്യങ്ങൾ തങ്ങൾക്ക് ലഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പി.ടി.എ.-യുടെ നിയന്ത്രണത്തിലുള്ള പ്രീ-പ്രൈമറി സ്കൂളിലെ ജീവനക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒരു കേസ് ഫയൽ ചെയ്തു. കോടതി നിർദ്ദേശമനുസരിച്ച് സർക്കാർ അനുശാസിക്കുന്ന നിശ്ചിത യോഗ്യതയും 1:30 എന്ന അദ്ധ്യാപക വിദ്യാർത്ഥി അനുപാതവും പാലിച്ചുകൊണ്ട് അദ്ധ്യാപകർക്ക് 5,000 രൂപയും ആയമാർക്ക് 3,500 രൂപയും അനുവദിച്ചു. അദ്ധ്യാപകർ എസ്.എസ്.എൽ.സി.യും അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് പി.പി.ടി.ടി.സി.(പ്രീ പ്രൈമറി ടീച്ചർ ട്രെയിനിംഗ് കോഴ്സ്)-യും പാസ്സായവരും ആയമാർ ഏഴാം ക്ലാസ് പാസ്സായവരും ആയിരിക്കണമെന്ന നിബന്ധനയാണ് വച്ചിട്ടുള്ളത്. ഓണറേറിയം വിതരണം ചെയ്യവേ, പി.ടി.എ. നിയമനം നടത്തിയിട്ടുള്ള വലിയൊരു വിഭാഗം ജീവനക്കാർ നിശ്ചിത യോഗ്യത യില്ലാത്തവരാണെന്ന് കണ്ടെത്തി. എന്നാൽ സർക്കാർ പി.എസ്.സി. മുഖേന നിയമിച്ചവർക്ക് ഈ പറഞ്ഞ എല്ലാ യോഗ്യതയും ഉണ്ടായിരുന്നു. പി.ടി.എ. നിയമിച്ചവരിൽ നിർദ്ദിഷ്ട യോഗ്യത നേടാത്ത ജീവനക്കാരിൽ 1-8-2012-ന് ഒരു വർഷം സർവ്വീസെങ്കിലും പൂർത്തിയായവർക്കുകൂടി ഈ ശമ്പളം കൊടുക്കാൻ തീരുമാനിച്ചു. 24-5-2014-ലെ ജി.ഒ. പ്രകാരം ഓണറേറിയം അനുവദിച്ച് നൽകി. പുതിയ പ്രീ-പ്രൈമറികൾ ആരംഭിക്കുവാനോ നിയമനങ്ങൾ നടത്തുവാനോ പാടില്ലെന്ന് മേൽ ഉത്തരവിൽ നിഷ്കർഷിച്ചിരുന്നു. എന്നാൽ പിന്നീട് 18-7-2014-ൽ പുറപ്പെടുവിച്ച മറ്റൊരു ജി.ഒ. പ്രകാരം 1-8-2012-ൽ ജോലി ചെയ്തിരുന്ന എല്ലാവർക്കും യോഗ്യതയും സർവ്വീസും പരിഗണിക്കാതെ ബഹുമാനപ്പെട്ട കോടതി

നിർദ്ദേശ പ്രകാരം ഇതേ നിരക്കിൽ ഓണറേറിയം നൽകാൻ തീരുമാനിച്ചു. ഇതാണ് പഴയ അവസ്ഥ. 5000-ഉം 3500-ഉം കൊടുത്തിരുന്ന സ്ഥാനത്ത്, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് 9,000 രൂപയും ആയമാർക്ക് 6,500 രൂപയുമായി ഓണറേറിയം വർദ്ധിപ്പിച്ചു. ഇങ്ങനെ അംഗീകരിച്ച് ശമ്പളം കൊടുക്കുന്ന പ്രൈമറി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ബഡ്ജറ്റ് പ്ലാൻ ഫണ്ടിൽ നിന്ന് ഫർണിച്ചർ, കുട്ടികൾക്കുള്ള കളിക്കോപ്പ്, ബെഡ്ഡ്, ബെഡ്ഷീറ്റ്, പായ തുടങ്ങിയവ വാങ്ങുന്നതിലേയ്ക്കായി ഫണ്ടും അനുവദിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണവും Child Centered Education എന്ന സങ്കൽപ്പത്തിന്റെ വികാസവും വരുന്നു എന്നുള്ളതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ അവതരിപ്പിച്ച കാര്യങ്ങൾ വളരെ പോസിറ്റീവായി കാണുന്നതാണ്. ഈ രംഗത്ത് വിശദമായ പഠനം നടത്താനും സർക്കാർ തയ്യാറാണ്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, അങ്ങ് എടുക്കുന്ന പോസിറ്റീവ് നടപടികൾക്ക് പൂർണ്ണ പിന്തുണയുണ്ടായിരിക്കും. കരിക്കുലം സെൻട്രിക്കായി കാര്യങ്ങൾ പൊതുവായി എല്ലാവരോടും പറയുക എന്നുള്ളതിനപ്പുറത്തേയ്ക്ക് ഓരോ കുട്ടിയുടെയും സ്കില്ലിനെ ഐഡന്റിഫൈ ചെയ്യാൻ കഴിയാവുന്ന തരത്തിൽ, child centric-ആയി അദ്ധ്യാപകന്റെ മനഃസ്ഥിതി കൂടി മാറ്റണമെങ്കിൽ പ്രീ-പ്രൈമറി ടീച്ചേഴ്സിന് കൊടുക്കുന്ന കോഴ്സിനെ ആദ്യം റീഡിഫൈൻ ചെയ്യേണ്ടി വരും. അത് ചെയ്യാൻ പ്രത്യേകം പദ്ധതികൾ എന്തെങ്കിലും ആവിഷ്കരിക്കുമോ? ഗവൺമെന്റ് സെക്ടറിലെ അദ്ധ്യാപകരെ എങ്ങനെ സഹായിക്കാൻ കഴിയുമെന്നുകൂടി വ്യക്തമാക്കാമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, ഇവിടെ ഉന്നയിച്ച അനുബന്ധ ചോദ്യം വളരെ പ്രസക്തമാണ്. Child Centered Education ആയി മാറുന്ന സമയത്ത്, ഇവിടെയിരിക്കുന്ന ബഹുഭൂരിപക്ഷം അദ്ധ്യാപകരും Teachers Centered Education-ലൂടെ കടന്നുവന്നവരാണ്. അതുകൊണ്ട് പഠന രീതികളിലും Teachers Centered Education-ന്റെ ഹാംഗ് ഓവറുള്ളതാണ്. അത് മാറ്റിയെടുക്കുക എന്നതാണ് സംസ്ഥാന സർക്കാരിന്റെ ലക്ഷ്യം. അതനുസരിച്ച് കഴിഞ്ഞ വെള്ളിയാഴ്ച കേരളത്തിലെ പ്രൈമറി സ്കൂളുകളിലെ എല്ലാ അദ്ധ്യാപകർക്കും എങ്ങനെ പഠിപ്പിക്കണമെന്നുള്ള പഠിപ്പിക്കൽ-ടീച്ചേഴ്സ് ട്രെയിനിംഗ് എന്ന രീതിയിൽ മാസ്റ്റർ ട്രെയിനേഴ്സിനുള്ള ട്രെയിനിംഗ് ആരംഭിച്ചിട്ടുണ്ട്. അത് പൂർണ്ണമായും ചൈൽഡ് സെൻട്രിക്കാണ്. ഒരു ക്ലാസിൽ 40 കുട്ടികളുണ്ടെങ്കിൽ Teachers Centered Education-ൽ 40 കുട്ടികളെയും ഒരു യൂണിറ്റായി കണ്ടാണ് പഠിപ്പിക്കുന്നത്. Child Centered Education ആകുമ്പോൾ അക്ഷരത്തിന്റെ സ്ഫുടത എന്താണെന്ന് കൃത്യമായി എല്ലാവർക്കും മനസ്സിലാക്കി കൊടുക്കാനും ഓരോ

കുട്ടിയും 'വിദ്യാഭ്യാസം' അല്ലെങ്കിൽ 'വിദ്യഭ്യാസം' എന്നാണോ ഉച്ചരിക്കുന്നതെന്ന് തിരിച്ചറിയാനും ഓരോ അക്ഷരത്തിന്റെയും കൃത്യമായിട്ടുള്ള സ്പെൽ എന്താണെന്ന് മനസ്സിലാക്കി അതനുസരിച്ച് പ്രൊനൗൺസ് ചെയ്യാനും പഠിപ്പിച്ച് ഓരോരുത്തരെയും വികസിപ്പിച്ചെടുക്കുകയെന്നത് തന്നെയാണ് തന്ത്രം. അതാണ് Teachers Centered Education-ൽ നിന്ന് Child Centered Education-ലേയ്ക്കുള്ള മാറ്റം. ആ ഫിലോസഫിക്കായിട്ടുള്ള മാറ്റം, ഓരോ അദ്ധ്യാപകനും പ്രീ-പ്രൈമറിയിലുള്ളവർ മാത്രമല്ല ഉയർന്ന തലത്തിലുള്ള എല്ലാവരും ഈ മാറ്റം കൃത്യമായി പഠിപ്പിക്കണം. എയ്ഡഡ് മേഖലയിലുള്ളത് ഇപ്പോൾ ആലോചനയിലില്ല. സർക്കാർ, പ്രൈമറി കാര്യം മാത്രമാണ് പറയുന്നത്. പൊതുവായ ആധുനികവൽക്കരണത്തിന്റെ ഭാഗമായി പ്രീ-പ്രൈമറിയിലും ആധുനികവൽക്കരണത്തിന്റെ രീതികൾ കൊണ്ടുവരാൻ ശ്രമിക്കും. മുമ്പ് 'കളിപ്പെട്ടി' എന്ന് പറഞ്ഞ പുതിയ പാഠപുസ്തകം മുന്നോട്ട് വച്ചത് നിങ്ങൾ പത്രങ്ങളിലൂടെ കണ്ടുകാണും. ആധുനിക രീതിയിലുള്ള child centered education-ന്റെ സർവ്വതലങ്ങളും സമസ്ത തലങ്ങളും സർവ്വതല സ്പർശിയായി പ്രീ-പ്രൈമറി മുതൽ നടപ്പിലാക്കാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്.

# IV സബ്മിഷൻ

## (1) മലപ്പുറം ക്യാൻസർ സെന്റർ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം

ശ്രീ. പി. ഉബൈദുള്ള: സർ, മലപ്പുറം ക്യാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എത്രയും വേഗം യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കണം. കേരളത്തിൽ ഓരോ വർഷവും 35000-ഓളം പേർ ക്യാൻസർ രോഗ ബാധിതരാകുന്നുണ്ടെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഹൃദ്രോഗം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ മനുഷ്യന്റെ ജീവനെടുക്കുന്ന രോഗമാണ് അർബുദം. സംസ്ഥാനത്തെ ജനസംഖ്യയിൽ മുമ്പിൽ നിൽക്കുന്ന ജില്ലയായ മലപ്പുറത്ത് ക്യാൻസർ രോഗികളുടെ എണ്ണം പെരുകിവരികയാണ്. 2016 ജനവരി മുതൽ ഏപ്രിൽ വരെ അനൗദ്യോഗിക കണക്ക് പ്രകാരം ജില്ലയിൽ സർക്കാർ ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്ന ക്യാൻസർ രോഗികളുടെ എണ്ണം 2150 ആണ്. മറ്റ് ആശുപത്രികളെ ആശ്രയിക്കേണ്ടി വരുന്ന രോഗികളുടെ എണ്ണം ഇതിലും എത്രയോ കൂടുതലാണ്. വിദഗ്ദ്ധ ചികിത്സാ സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ക്യാൻസർ രോഗികൾ ചികിത്സയ്ക്കുവേണ്ടി കിലോമീറ്ററോളം സഞ്ചരിക്കേണ്ട സ്ഥിതിയാണ് ഇന്നുള്ളത്. തിരുവനന്തപുരം ആർ.സി.സി.-യെയാണ് ഈ രോഗികൾ പ്രധാനമായും ആശ്രയിക്കുന്നത്. പാവപ്പെട്ട കുടുംബത്തിലെ ചെറിയ കുട്ടികളടക്കം ആർ.സി.സി.-

ലേയ്ക്ക് ചികിത്സ തേടിയെത്തുകയാണ്. ഈ സാഹചര്യം കണക്കിലെടുത്താണ് മുൻ ഗവൺമെന്റ് മലപ്പുറത്ത് ക്യാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനുവേണ്ടി തീരുമാനിച്ചത്. ക്യാൻസർ രോഗം നിർണ്ണയിക്കുന്നതിനും മികച്ച ചികിത്സാ സാങ്കേതിക ഉപകരണങ്ങൾ ഉപയോഗപ്പെടുത്തി രോഗം പൂർണ്ണമായും മാറ്റിയെടുക്കാനുമുള്ള സംവിധാനങ്ങളോടെയാണ് ഈ സെന്റർ വിഭാവന ചെയ്തത്. 340 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കുവേണ്ടി 2016-17 വർഷത്തെ ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തുകയും ക്യാൻസർ സെന്റർ സ്ഥാപിക്കുന്നതിനാവശ്യമായ 25 ഏക്കർ സ്ഥലം പാണക്കാട് വില്ലേജിലെ ഇൻകെൽ സിറ്റിയിൽ വിട്ടുനൽകാൻ തീരുമാനിക്കുകയും സെന്ററിന്റെ ശിലാസ്ഥാപനവും നടക്കുകയുണ്ടായി. 26-9-2016-ൽ എന്റെ ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടിയിൽ, മലപ്പുറം ക്യാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് 25 ഏക്കർ സ്ഥലം അനുവദിച്ചുകൊണ്ട് 3-2-2016-ലെ ജി.ഒ. ആർ.ടി.നമ്പർ 132/16/ഐ.ഡി. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം റവന്യൂ വകുപ്പിൽ നിന്ന് സ്ഥലം പതിച്ച് നൽകേണ്ടതുണ്ട്. ഇതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നുവെന്നാണ് പറയുന്നത്. ഈ ജി.ഒ. ഇറങ്ങി 9 മാസം ആയിട്ടും നടപടിക്രമം നടന്നുവരുന്നുവെന്നുള്ള മറുപടിയാണ് കിട്ടിയിട്ടുള്ളത്. ഈ നടപടിക്രമങ്ങൾ എന്നേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കും. റവന്യൂ വകുപ്പിൽ നടന്നുകൊണ്ടിരിക്കുന്ന കുറ്റകരമായ അനാസ്ഥയാണിത്. അതുകൊണ്ട് അടിയന്തരമായി നടപടിക്രമങ്ങൾ പൂർത്തീകരിച്ച് മലപ്പുറം ക്യാൻസർ സെന്റർ യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കണം

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് 2014 ഫെബ്രുവരി 14-ന് മലപ്പുറം ക്യാൻസർ സെന്റർ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് രജിസ്റ്റർ ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനും വ്യവസായ, ആരോഗ്യ വകുപ്പുമന്ത്രിമാർ വൈസ് ചെയർമാൻമാരുമാണ്. 25 അംഗ ഗവേണിംഗ് ബോഡിയും സ്പെഷ്യൽ ഓഫീസറെയും നിയമിച്ച് പ്രോജക്ട് ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 340 കോടി രൂപ ചെലവ് വരുന്ന 300 കിടക്കകളുള്ള ആശുപത്രിയാണ് ഉദ്ദേശിക്കുന്നത്. 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഇതിനായി ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും നൽകിയിട്ടില്ല. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ഒരു കോടി രൂപ വായ്പ കൊടുത്തു. ഇതുകൊണ്ടാണ് കുറച്ച് പ്രവർത്തനങ്ങൾ നടത്തിയത്. 2014-15-ലേയും 2015-16-ലേയും ബഡ്ജറ്റുകളിൽ ഇതിനുവേണ്ടി തുകയൊന്നും വകയിരുത്തിയിട്ടില്ല.

ശ്രീ. പി. ഉബൈദുള്ള: സർ, 2016-17 വർഷത്തെ ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ശ്രീ. ജി. സുധാകരൻ: സർ, അത് ഗവൺമെന്റിന് അറിയില്ല. ഇങ്ങനെയൊക്കെ പറഞ്ഞ് പറ്റിച്ചതാണ് പ്രശ്നമെന്ന് ഞാൻ നേരത്തെ പറഞ്ഞല്ലോ. ആശുപത്രി പണിയുന്നതിനെക്കുറിച്ച് നമുക്ക് ആലോചിക്കാം. 3-2-2016-ൽ കെ.എസ്.ഐ.ഡി.സി. ഇറക്കിയിട്ടുള്ള 132/2016/ഐ.ഡി. ഉത്തരവ് പ്രകാരം പാണക്കാട് വ്യവസായ വളർച്ചാ കേന്ദ്രത്തിൽനിന്നും 30 ഏക്കർ ഭൂമി റവന്യൂ വകുപ്പിന് സറണ്ടർ ചെയ്യുകയും അതിൽനിന്ന് 25 ഏക്കർ ഭൂമി മലപ്പുറം ക്യാൻസർ സെന്റർ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് പതിച്ചുനൽകാൻ റവന്യൂ വകുപ്പിൽ നിന്നും നടപടികൾ നടന്നുവരികയുമാണ്. എന്നാൽ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്താൻ നിർദ്ദേശം സമർപ്പിച്ചപ്പോൾ ഇത് വ്യവസായ വകുപ്പിന്റെ കീഴിൽ പരിഗണിക്കപ്പെടേണ്ടതല്ലെന്നും ആരോഗ്യ വകുപ്പിന്റെ കീഴിലാണ് ഈ പ്രോജക്ട് നടപ്പിലാക്കേണ്ടതെന്നും ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 25-7-2016-ന് സൊസൈറ്റിയുടെ ഗവേണിംഗ് ബോഡി ചേർന്ന് മലപ്പുറം ക്യാൻസർ സെന്ററിന്റെ പ്രോജക്ടിന്റെ ഭാവി സംബന്ധിച്ച് തീരുമാനമെടുക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ വിഷയം സർക്കാർ ഗൗരവമായി പരിശോധിച്ചുവരുന്നു.

## (2) സ്ഥലം അനുവദിക്കൽ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, കേരളപ്പിറവിയുടെ 60-ാം വാർഷികം നാളെ ആഘോഷിക്കുകയാണ്. കേരള സാഹിത്യ അക്കാദമി 1956-ൽ പ്രവർത്തനം തുടങ്ങിയിട്ട് 60 വർഷം പൂർത്തീകരിക്കുകയാണ്. മലയാള സാഹിത്യത്തിനും ഭാഷയ്ക്കും വിലപ്പെട്ട സംഭാവനകൾ നൽകിയ സാഹിത്യ അക്കാദമി പ്രവർത്തിക്കുന്നത് ഇപ്പോഴും സ്വന്തം ഭൂമിയിലല്ല. പി.ഡബ്ല്യൂ.ഡി. ഒരു രൂപ നിരക്കിൽ പാട്ടത്തിന് നൽകിയിട്ടുള്ള ഭൂമിയിലാണ് സാഹിത്യ അക്കാദമി പ്രവർത്തിക്കുന്നത്. കേരള സാഹിത്യ അക്കാദമിയുടെ ആസ്ഥാനമായ തൃശ്ശൂരിൽ പാട്ടത്തിന് നൽകിയിട്ടുള്ള ഭൂമി സാഹിത്യ അക്കാദമിക്ക് സ്വന്തമായി നൽകുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, കേരള സാഹിത്യ അക്കാദമി ആരംഭിച്ചിട്ട് 60 വർഷം പൂർത്തിയായെങ്കിലും ഇപ്പോഴും സ്വന്തം സ്ഥലത്തല്ല പ്രവർത്തിക്കുന്നത്. 1956-ൽ തിരുകൊച്ചി സർക്കാരാണ് കേരള സാഹിത്യ അക്കാദമി ആരംഭിച്ചത്. 1958-ൽ സാഹിത്യ

അക്കാദമിയുടെ ആസ്ഥാനം തിരുവനന്തപുരത്തുനിന്ന് തൃശ്ശൂരിലേയ്ക്ക് മാറ്റി. തൃശ്ശൂർ ജില്ലയിൽ ചെമ്പുക്കാവ് ദേശം സർവ്വേ നമ്പർ 269-ൽ 2 ഏക്കർ 26 സെന്റ് സ്ഥലത്ത് പഴയ ജില്ലാ സെഷൻസ് കോടതി പ്രവർത്തിച്ചിരുന്ന കെട്ടിടമാണ് സാഹിത്യ അക്കാദമിക്ക് ലഭിച്ചത്. പൊതുമരാമത്ത് വകുപ്പിൽനിന്ന് പാട്ട വ്യവസ്ഥയിൽ അനുവദിച്ച പ്രസ്തുത ഭൂമിക്ക് പ്രതിമാസം ഒരു രൂപ പൊതുമരാമത്ത് വകുപ്പിൽ അക്കാദമി അടച്ചുകൊണ്ടിരിക്കുകയാണ്. അക്കാദമിയുടെ പ്രധാന കെട്ടിടം കൂടാതെ പുസ്തകശാല, മൺമറഞ്ഞ സാഹിത്യകാരന്മാരുടെ എണ്ണഛായാ ചിത്രങ്ങൾ സൂക്ഷിച്ചിരിക്കുന്ന പോർട്രെയിറ്റ് ഗ്യാലറി, ചങ്ങമ്പുഴ മന്ദിരം, സുവർണ്ണ ജൂബിലി സ്മാരക മന്ദിരം ഇതൊക്കെ ഈ കോമ്പൗണ്ടിലാണുള്ളത്. ഇതെല്ലാം പരിഗണിച്ചുകൊണ്ട് സാഹിത്യ അക്കാദമി നിലവിൽ പ്രവർത്തിക്കുന്ന പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടവും സ്ഥലവും സാംസ്കാരിക വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച് സർക്കാർ നടപടികൾ സ്വീകരിച്ച് വരികയാണ്.

## (3) അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, സ്വാതന്ത്ര്യത്തിനുമുമ്പ് ഇംഗ്ലീഷ് കമ്പനികൾ കൈവശം വച്ചിരുന്ന ഭൂമി തിരിച്ചുപിടിക്കാൻ ഗവൺമെന്റ് നടപടികൾ സ്വീകരിച്ചിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിലും ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ അനധികൃതമായി കൈവശം വച്ചിരുന്ന ഭൂമി തിരിച്ചുപിടിക്കാൻ നടപടികളുമായി മുന്നോട്ടുപോയി. അഞ്ച് ലക്ഷത്തോളം ഏക്കർ ഭൂമി അനധികൃതമായി പല ആളുകളുടെയും കൈവശമുണ്ടെന്നാണ് ഐ. ജി. ശ്രീ. ശ്രീജിത്തിന്റെ റിപ്പോർട്ട്. ഇതിൽ ഏറ്റവും കൂടുതൽ ഭൂമി അനധികൃതമായി കൈവശം വച്ചിരിക്കുന്നത് ഹാരിസൺ മലയാളം പ്ലാന്റേഷനാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഹാരിസണിന് എതിരെ കേസ് എത്തിയപ്പോഴാണ് കേരള ലാന്റ് കൺസർവൻസി ആക്ട് അനുസരിച്ച് നോട്ടീസ് നൽകി നടപടികളുമായി മുന്നോട്ടുപോയത്. അതുപോലെ ട്രാവൻകൂർ ടീ കമ്പനി പെരുവന്താനത്ത് അനധികൃതമായി കൈവശം വച്ചിരിക്കുന്ന 7373.67 ഏക്കർ ഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകാൻ കഴിഞ്ഞ ഗവൺമെന്റാണ് ഉത്തരവിട്ടത്. ഇക്കാര്യങ്ങൾ പരിശോധന നടത്താൻ ശ്രീ. രാജമാണിക്യം ഐ.എ.എസ്.-നെ ചുമതലപ്പെടുത്തിയതനുസരിച്ച് നടപടികളുമായി മുന്നോട്ടുപോകുന്ന അവസരത്തിൽ രേഖകൾ ഹാജരാക്കാൻ കമ്പനിയോട് ആവശ്യപ്പെട്ടെങ്കിലും അവർക്ക് രേഖകൾ ഹാജരാക്കാൻ കഴിഞ്ഞില്ല. തുടർന്ന് ഈ സ്ഥലത്തെ മരം മുറിക്കരുതെന്നും സ്ഥലം കൈമാറ്റം ചെയ്യരുതെന്നും കമ്പനിക്ക് റവന്യൂ സർട്ടിഫിക്കറ്റുകൾ നൽകരുതെന്ന് റവന്യൂ ഉദ്യോഗസ്ഥർക്കും ജൂൺ മാസം 10-ാം തീയതി നിർദ്ദേശം നൽകി. ഇതിനെതിരെ ആഗസ്റ്റ് 18-ന്

കമ്പനി ഹൈക്കോടതിയിൽ റിട്ട് ഹർജി നൽകി. ആഗസ്റ്റ് 30-ന് സിംഗിൾ ബഞ്ച് പരിഗണനയ്ക്കായി നിശ്ചയിച്ചു. സർക്കാരിന്റെ സത്യവാങ്മൂലം നൽകാനുള്ള വിശദാംശങ്ങൾ ആഗസ്റ്റ് 18-നുതന്നെ ഗവൺമെന്റ് പ്ലീഡർ മെയിൽ മുഖേന അറിയിക്കുകയും ചെയ്തു. മാത്രമല്ല ആഗസ്റ്റ് 22-ന് സ്പെഷ്യൽ ഓഫീസർ ശ്രീ. രാജമാണിക്യവും സംഘവും പ്ലീഡറെ നേരിട്ട് കണ്ട് വിശദാംശങ്ങൾ ധരിപ്പിച്ചതായി വിവരാവകാശ രേഖകൾ തന്നെ സൂചിപ്പിക്കുകയാണ്. എന്നാൽ സർക്കാർ അഭിഭാഷകൻ സത്യവാങ്മൂലം സമർപ്പിക്കുകയോ കേസ് പരിഗണിച്ചപ്പോൾ സമാനമായ കേസുകളിൽ ഡിവിഷൻ ബഞ്ചുകൾ സർക്കാരിന് അനുകൂലമായി വിധി പറഞ്ഞത് കോടതിയെ അറിയിക്കുകയോ ചെയ്തില്ല. സർക്കാർ അഭിഭാഷകർ മനഃപൂർവ്വം തോറ്റുകൊടുത്തതിനാൽ സ്ഥിതി തുടരാൻ സിംഗിൾ ബഞ്ച് നിർദ്ദേശിക്കുകയാണ് ചെയ്തത്. കോടതി വിധികൾ അതാത് സമയത്ത് സ്പെഷ്യൽ ഓഫീസറെ അറിയിക്കാതെ അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ് ആ വിധി മറച്ചുവയ്ക്കുകയാണ് ചെയ്തത്. വിധി എതിരാണെന്ന് അറിയാതെ സ്പെഷ്യൽ ഓഫീസർ സെപ്റ്റംബർ മാസം 24-ന് കമ്പനിയോട് രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടു. ഇത് കോടതിയലക്ഷ്യമാണെന്ന് ഒക്ടോബർ 20-ന് സിംഗിൾ ബഞ്ച് വിധിക്കുകയുണ്ടായി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഈ കേസുകളൊക്കെ പരിഗണിച്ചുകൊണ്ടിരുന്ന അഡ്വക്കേറ്റ് ശ്രീമതി സുശീലാ ഭട്ടിനെ നിങ്ങൾ മാറ്റി. അതിനെക്കുറിച്ച് ഈ ഗവൺമെന്റിന്റെ മുമ്പിൽ ഞങ്ങളാരും ആക്ഷേപങ്ങൾ പറഞ്ഞിട്ടില്ല. അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ശ്രീ. രഞ്ജിത്ത് തമ്പാൻ ഈ കേസിന് അനുകൂലമായൊരു വിധി ഉണ്ടാക്കുന്നതിനുപകരം ഹാരിസൺ കമ്പനി അനധികൃതമായി വിറ്റഴിച്ച തെന്മലയിലെ തോട്ടത്തിന്റെ ഒരു ഭാഗം വാങ്ങിയ തെന്മല സ്വദേശി ശ്രീമതി ആനന്ദവല്ലി അമ്മയുടെ പരാതിയിലാണ് വർഷങ്ങൾക്കുമുമ്പ് ഹാജരായത്. ഹാരിസൺ കമ്പനിയുടെ പക്കൽനിന്നും ശ്രീമതി ആനന്ദവല്ലി അമ്മ വാങ്ങിയ ഭൂമിക്ക് അനുകൂലമായ ഉത്തരവ് ഉണ്ടാക്കിക്കൊടുത്തു. ബഹുമാനപ്പെട്ട ഗവൺമെന്റ് ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിക്കാത്തതിനാൽ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ചുപിടിക്കാൻ സാധിച്ചില്ല. അഞ്ച് ലക്ഷത്തോളം വരുന്ന ഭൂരഹിതരായ ആളുകൾക്ക് ഭൂമി കൊടുക്കാൻ പോകുന്നുവെന്ന് ബഹുമാനപ്പെട്ട പട്ടികജാതി വകുപ്പുമന്ത്രി സഭയിൽ തന്നെ പറഞ്ഞു. അങ്ങ് ചെയ്യുന്ന കാര്യങ്ങൾക്കൊന്നും ഞങ്ങളാരും എതിരല്ല. ഞങ്ങൾ ഭൂമി കൊടുക്കുമെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും പറഞ്ഞു. ഭൂമി കൊടുക്കുന്നത് എങ്ങനെയാണെന്നുള്ളതിനെക്കുറിച്ച് അങ്ങ് ആലോചിക്കണം. അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഇത്തരം ഭൂമികൾ തിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനുപകരം അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ഉൾപ്പെടെയുള്ള ആളുകൾ ഇത്തരത്തിലുള്ള നടപടികളുമായി മുന്നോട്ടു പോയാൽ ഗവൺമെന്റ്

പ്രഖ്യാപിക്കുന്ന പദ്ധതികൾ എങ്ങനെ നടപ്പാക്കാൻ കഴിയും എന്നതിനെക്കുറിച്ച് ആശങ്കയുണ്ട്. ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണം.

11.00 am]

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഹാരിസൺ മലയാളം പ്ലാന്റേഷൻ ലിമിറ്റഡ്, ട്രാവൻകൂർ റബ്ബർ ആന്റ് ടീ തുടങ്ങിയ കമ്പനികൾ സംസ്ഥാനത്ത് അനധികൃതമായി കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി തിരിച്ചുപിടിക്കുന്നതിനും സ്വാതന്ത്ര്യത്തിന് മുൻപ് ബ്രിട്ടീഷ് പൗരന്മാരും കമ്പനികളും കൈവശം വച്ചിരുന്നതും സ്വാതന്ത്ര്യത്തിനുശേഷം നിലവിൽ വന്ന കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിയമംമൂലം കൈമാറിയിട്ടില്ലാത്തതുമായ സർക്കാർ ഭൂമി കേരള ഭൂസംരക്ഷണ നിയമപ്രകാരം ഏറ്റെടുക്കുന്നതിനായി ശ്രീ. എം. ജി. രാജമാണിക്യം, ഐ.എ.എസ്.-നെ സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസറായി നിയമിച്ച് ഉത്തരവായിരുന്നു. വിശദമായ പരിശോധനകൾക്കുശേഷം M/s മലയാളം പ്ലാന്റേഷൻ യു.കെ. ലിമിറ്റഡ് എന്ന വിദേശ കമ്പനി സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 75,000 ഏക്കറോളം ഭൂമിയും ട്രാവൻകൂർ റബ്ബർ ആന്റ് ടീ കമ്പനിയും അനുബന്ധ കമ്പനികളും കൂടി 14040.43 ഏക്കർ ഭൂമിയും അനധികൃതമായി കൈവശം വച്ചിരിക്കുന്നതായി കണ്ടെത്തിയതിനെത്തുടർന്ന്, 38170.92 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിനെതിരെ കമ്പനികൾ ഫയൽ ചെയ്ത കേസിൽ തൽസ്ഥിതി തുടരുവാൻ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത കേസുകളിൽ വാദം കേട്ട ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് വിശദമായ വാദം കേൾക്കുന്നതിനായി 25-11-2015-ൽ ഡിവിഷൻ ബഞ്ചിന് റഫർ ചെയ്ത് ഉത്തരവായിട്ടുണ്ട്. ട്രാവൻകൂർ റബ്ബർ ആന്റ് ടീ കമ്പനിക്കും അനുബന്ധ കമ്പനികളായ പീരുമേട് ടീ കമ്പനി, ബ്രൈമൂർ എസ്റ്റേറ്റ്, മാരിഗോൾഡ് എസ്റ്റേറ്റ് എന്നിവയ്ക്കുമെതിരെ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി അനുമതിയില്ലാതെ മരം മുറിക്കുന്നതും ഭൂമി കൈമാറുന്നതും റവന്യൂ രേഖകൾ നൽകുന്നതും തടഞ്ഞുകൊണ്ട് 10-6-2016-ന് സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസർ നൽകിയ ഉത്തരവിനെതിരെ ട്രാവൻകൂർ റബ്ബർ ആന്റ് ടീ കമ്പനി ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)26798/2016-ാം നമ്പർ കേസിൽ സമാനമായ മുൻകേസുകളുടെ ഇടക്കാല ഉത്തരവുകളുടെ ചുവടുപിടിച്ച് ബഹുമാനപ്പെട്ട കോടതി തൽസ്ഥിതി തുടരുവാൻ 30-8-2016-ന് ഉത്തരവായി. കമ്പനികൾക്ക് ഭൂമിയിലുള്ള അവകാശത്തെ സാധൂകരിക്കുന്നതിനുള്ള അസ്സൽ രേഖകളുമായി 21-10-2016-ന് നേരിൽ

ഹാജരാകുന്നതിന് സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസർ 24-9-2016-ന് ഹിയറിംഗ് നോട്ടീസ് അയച്ചു. പ്രസ്തുത നോട്ടീസിനെതിരെ കമ്പനികൾ ഹൈക്കോടതിയെ സമീപിച്ചിട്ടുള്ളതും സർക്കാർ അഭിഭാഷകരുടെ വാദം അംഗീകരിക്കാതെ ബഹുമാനപ്പെട്ട ഹൈക്കോടതി ഹിയറിംഗ് നടപടികൾ ഒരു മാസത്തേയ്ക്ക് സ്റ്റേ ചെയ്തിട്ടുള്ളതുമാണ്. ഈ വിഷയം സംബന്ധിച്ച് സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസർ സർക്കാരിന് സമർപ്പിച്ച വിശദമായ ഇടക്കാല റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ പരിശോധിച്ചുവരികയാണ്.

## (4) കുന്നമ്മൽ അനുബന്ധ കുടിവെള്ള പദ്ധതി

ശ്രീ. ഇ. കെ. വിജയൻ: സർ, രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി കുന്നമ്മൽ അനുബന്ധ കുടിവെള്ള പദ്ധതി എത്രയുംവേഗം കമ്മീഷൻ ചെയ്യാൻ നടപടിയുണ്ടാകണം. 'വേഴാമ്പലിനെപ്പോലെ' എത്രയോ വർഷങ്ങളായി കാത്തിരിക്കുന്ന രണ്ടുലക്ഷത്തിലേറെ വരുന്ന ജനങ്ങളുടെ ആവശ്യമാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. നിരവധി പഞ്ചായത്തുകളെ ബാധിക്കുന്ന ഒരു മേജർ കുടിവെള്ള പദ്ധതിയാണിത്. ഇത്തരമൊരു പദ്ധതിയുള്ളതുകൊണ്ട് മറ്റ് കുടിവെള്ള പദ്ധതികൾ ഒന്നുംതന്നെ തുടങ്ങാൻ കഴിയുന്നില്ല. 95 ശതമാനം പണിയും പൂർത്തീകരിച്ച ഈ പദ്ധതി എത്ര ദിവസത്തിനകം കമ്മീഷൻ ചെയ്യാൻ സാധിക്കും.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ഈ പദ്ധതിയെ സംബന്ധിച്ച് കഴിഞ്ഞ ദിവസം കൂടിയ ജില്ലാതല അവലോകന യോഗത്തിൽ പരാമർശിക്കുകയുണ്ടായി. കുന്നമ്മൽ കുടിവെള്ള പദ്ധതിക്ക് 10 ഘടകങ്ങളാണുള്ളത്. അതിൽ 8 ഘടകങ്ങൾ പൂർത്തീകരിച്ചുകഴിഞ്ഞു. ഇനി പൂർത്തീകരിക്കാനുള്ള 2 ഘടകങ്ങൾ; റാ-വാട്ടർ പമ്പിംഗ് ഹൗസിലേയ്ക്കുള്ള പവ്വർ കണക്ഷനും പ്രധാന ശുദ്ധജല ഗ്രാവിറ്റി മെയിൻ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികളുമാണ്. ശുദ്ധജല ഗ്രാവിറ്റി മെയിൻ 16 കിലോമീറ്ററിലധികം പൂർത്തീകരിച്ചുകഴിഞ്ഞു. ബാക്കിയുള്ളത് വെറും 800 മീറ്ററാണ്. അതിൽ റോഡ് മുറിച്ചു കടക്കേണ്ടത് (പി.ഡബ്ള്യു.ഡി റോഡും പഞ്ചായത്തു റോഡുമടക്കം) സർക്കാരിന്റെ അനുമതിക്കുവേണ്ടി കാത്തിരിക്കുകയാണ്. കുന്നമ്മൽ പഞ്ചായത്തിൽ പുതുതായി മെറ്റൽ ചെയ്ത ഒലിപ്പിൽ പീടിക റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് നാട്ടുകാരുടെ എതിർപ്പ് നിലവിലുണ്ട് എന്നാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. നരിപ്പറ്റ-കൊയ്യാൽ ടാങ്കിലേയ്ക്കുള്ള ഇടുങ്ങിയ വഴിയിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ സഹകരണം

ആവശ്യമാണ്. കുറ്റ്യാടി പമ്പ് ഹൗസിൽ പുതിയതായി സ്ഥാപിച്ച ട്രാൻസ്ഫോർമറിലേയ്ക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭ്യമായാലുടൻ ട്രയൽ റൺ നടത്തി പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യാനും ഗ്രാവിറ്റി മെയിൻ സ്ഥാപിക്കുന്നതിനുള്ള തടസ്സങ്ങൾ ത്വരിതഗതിയിൽ പരിഹരിച്ച് അടുത്ത വർഷം മാർച്ച് 31-ന് മുൻപ് പൂർണ്ണമായി കമ്മീഷൻ ചെയ്യാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## (5) ചീക്കോട് കുടിവെള്ള പദ്ധതി

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, മലപ്പുറം ജില്ലയിലെ ഏറ്റവും വലിയ കുടിവെള്ള പദ്ധതിയാണ് കൊണ്ടോട്ടി മണ്ഡലത്തിലെ ചീക്കോട് കുടിവെള്ള പദ്ധതി. 10 വില്ലേജുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് 1996-ൽ എൽ.ഐ.സി.യുടെ സഹായത്തോടെ ആരംഭിച്ച ഈ പദ്ധതിയിൽ നിന്ന് 2002-ൽ ഉദ്ഘാടന സമയത്ത് എൽ.ഐ.സി. പിൻവാങ്ങുകയും 2008-ൽ നബാർഡിന്റെ ധനസഹായത്തോടുകൂടി ഇത് പ്രവർത്തനമാരംഭിച്ച് 2006 ഫെബ്രുവരിയിൽ ഭാഗികമായി കമ്മീഷൻ ചെയ്ത് ഉദ്ഘാടനം ചെയ്യുകയുണ്ടായി. ഇതുപ്രകാരം 145 ദശലക്ഷം സംഭരണശേഷിയുള്ള 6 ടാങ്കുകൾ നിർമ്മിച്ചിട്ടുണ്ട്. ഡിപ്പാർട്ടുമെന്റുകളെ ഏകോപിപ്പിച്ചുകൊണ്ട് ഇതിലെ വെള്ളം പൊതുജനങ്ങൾക്ക് എത്തിച്ചുകൊടുക്കാൻ കഴിഞ്ഞാൽ ഈ വർഷം തന്നെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കും. ഇതിന്റെ വിതരണ ലൈനിന്റെ പണി പൂർത്തിയായാൽ 45,000 ത്തോളം കുടുംബങ്ങൾക്ക് വെള്ളം കൊടുക്കാൻ കഴിയും. അതിനാൽ വിതരണ ലൈൻ പണി പൂർത്തിയാക്കാൻവേണ്ടി പി.ഡബ്ള്യു.ഡി. റോഡിന് പെർമിഷൻ കൊടുക്കണം. ഏകദേശം 20 കോടി രൂപയെങ്കിലും ഗവൺമെന്റ് ഗ്രാന്റായി കൊടുത്താൽ മാത്രമേ ഇതിന്റെ വിതരണ ലൈൻ പൂർത്തിയാക്കാൻ കഴിയുകയുള്ളൂ. സർക്കാർ അടിയന്തരമായി ഈ കാര്യത്തിൽ ഇടപെടണമെന്നും ജലവിഭവ വകുപ്പുമന്ത്രിയുടെയും പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെയും ശ്രദ്ധ ഇക്കാര്യത്തിലുണ്ടാകണമെന്നുമാണ് എന്റെ സബ്മിഷൻ.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. മാത്യു ടി. തോമസ്</u>): സർ, സാമാന്യം ദീർഘമായ മറുപടിയാണ്. അതിന്റെ പ്രസക്ത ഭാഗങ്ങൾ പറയുകയും വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുകയും ചെയ്യാം.

മി. സ്പീക്കർ: പ്രസക്ത ഭാഗങ്ങൾ പറഞ്ഞാൽ മതി.

ശ്രീ. മാത്യു ടി. തോമസ്: വളരെ ബൃഹത്തായ ഒരു പദ്ധതിയാണിത്. നാല് ഘട്ടങ്ങളിലായി 11326.27 ലക്ഷം (113 കോടി) രൂപയ്ക്ക് ഭരണാനുമതി ലഭിച്ചതാണ്. 2016 മാർച്ചിൽ ഭാഗീകമായി കമ്മീഷൻ ചെയ്തുവെങ്കിലും വിതരണ ലൈനുകൾ ഓരോന്നായി ചാർജ് ചെയ്തുവരുന്നതേയുള്ളൂ. ഫീസിബിളായ ലൈനുകളിൽ നിന്നും അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് കണക്ഷൻ നൽകി വരുന്നുണ്ട്. ചീക്കോട് ജലവിതരണ പദ്ധതിയിൽ കൊണ്ടോട്ടി മണ്ഡലത്തിലെ ചീക്കോട്, മുതുവല്ലൂർ, പുളിക്കൽ, വാഴയൂർ, ചെറുകാവ് എന്നീ പഞ്ചായത്തുകളും കൊണ്ടോട്ടി മുനിസിപ്പാലിറ്റിയും ഉൾപ്പെട്ടിട്ടുണ്ട്. ഇത് ഭാഗീകമായി മാർച്ചിൽ കമ്മീഷൻ ചെയ്തു. ഇതിന്റെ പ്രയോജനം ഭാഗീകമായി കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിലും ചീക്കോട് മുതുവല്ലൂർ, പുളിക്കൽ, വാഴയൂർ, ചെറുകാവ്, കരിമണ്ണ, വാഴക്കാട് എന്നീ പഞ്ചായത്തുകളിലും ലഭ്യമാണ്. ചില പദ്ധതികൾ പൂർത്തീകരിക്കേണ്ടതുണ്ട്. വിതരണ ശൃംഖലയുടെ പൈപ്പ് ലൈൻ സ്ഥാപിക്കൽ പി.ഡബ്ല്യു.ഡി. മുനിസിപ്പാലിറ്റി, പഞ്ചായത്തുകൾ എന്നീ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്ഥലങ്ങളിലാണ് നടന്നുവരുന്നത്. പൈപ്പ് ലൈൻ സ്ഥാപിക്കുവാൻ അനുവാദം ലഭിക്കുന്നതിനുവേണ്ടി പി.ഡബ്ല്യു.ഡി. അധികാരികൾക്ക് യഥാസമയം തുക അനുവദിക്കാറുണ്ട്. റോഡ് റെസ്റ്റൊറേഷൻ ഇനത്തിൽ ഒന്നാം ഘട്ടത്തിൽ 9,13,43,195 രൂപ അടയ്ക്കാൻ പി.ഡബ്ല്യു.ഡി. ആവശ്യപ്പെട്ടതിൽ 4,36,75,477 രൂപ അടച്ചിട്ടുണ്ട്. ബാക്കി തുക അടയ്ക്കുവാനുണ്ട്. ഭരണാനുമതി പ്രകാരം ഈയിനത്തിൽ ഉൾപ്പെടുത്തിയിരുന്നത് 4,91,00,000 രൂപ മാത്രമായതിനാൽ മുഴുവൻ പണം ലഭിക്കുന്നതിനുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകാരത്തിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ചില സ്ഥലങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് അനുമതി കിട്ടാനുണ്ട്. ചില സ്ഥലങ്ങളിൽ ജോയിന്റ് വെരിഫിക്കേഷൻ നടത്താനുണ്ട്. പൈപ്പ് ലൈൻ സ്ഥാപിക്കാൻ വെട്ടിപ്പൊളിച്ച റോഡുകൾ പി.ഡബ്ല്യു.ഡി., മുനിസിപ്പാലിറ്റി, പഞ്ചായത്ത് അധികാരികൾ മുഖേനയാണ് നന്നാക്കേണ്ടത്. അതിന്റെ ജോയിന്റ് വേരിഫിക്കേഷൻ നടത്തി പ്രശ്നം പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുന്നതാണ്. ദീർഘമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്. (മറുപടി അനുബന്ധം* ആയി ചേർത്തിരിക്കുന്നു.)

## (6) കൊച്ചിൻ ട്രാംവെ റെയിൽ മ്യൂസിയം

ശ്രീ. ബി. ഡി. ദേവസ്സി: സർ, ചാലക്കുടി ആസ്ഥാനമായി 1905 -ൽ നിർമ്മിതമായ കൊച്ചിൻ ഫോറസ്റ്റ് ട്രാംവെ ലോകസാങ്കേതിക അത്ഭുതങ്ങളിൽ ഒന്നായിരുന്നു. ചാലക്കുടി മുതൽ പറമ്പിക്കുളം വരെ 49.5 കി. മീ. നീളത്തിൽ ബ്രിട്ടീഷ് റെയിൽവേ സാങ്കേതിക വിദ്യയും ജർമ്മൻ എൻജിൻ സാങ്കേതിക വിദ്യയും സമന്വയിപ്പിച്ച് നിർമ്മിച്ച ട്രാംവെ ഇന്ന് നിലനിന്നിരുന്നുവെങ്കിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കേരളത്തെ യുണെസ്കോ പൈതൃക പട്ടികയിൽ ഉൾപ്പെടുത്താൻ സഹായകരമാകുമായിരുന്നു. ഈ സാങ്കേതിക അത്ഭുതം കേരളത്തിൽ ആദ്യമായി ടെലിഫോൺ, വയർലെസ്, ജനറേറ്റർ, വൈദ്യുതി എന്നിവ വഴി എത്തിച്ചു. രാജ്യത്തിന്റെ വാർഷിക ബഡ്ജറ്റിന്റെ $^1/_5$ കൊച്ചി ട്രാംവെയിൽ നിന്നായിരുന്നു. ഒന്നും രണ്ടും ലോക മഹായുദ്ധങ്ങളിൽ ആവശ്യമായ തടി നൽകുന്നതുവഴി ട്രാംവെ പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു. ട്രാംവെയുടെ നിർമ്മാണത്തിന്റെ ഭാഗമായി ഇവിടെ എത്തിയ വിവിധ മത വിഭാഗക്കാരുടെ പിൻതലമുറക്കാരും അവരുടെ സാംസ്കാരിക മത സ്ഥാപനങ്ങളും ഇന്നും ചാലക്കുടിയിൽ നിലനിൽക്കുന്നു. ഈ ചരിത്ര പൈതൃകത്തെ സംരക്ഷിക്കുന്നതിനും അടുത്ത തലമുറയ്ക്ക് പരിചയപ്പെടുത്തുന്നതിനുമായി ട്രാംവെയുടെ അവശേഷിക്കുന്ന ഭാഗങ്ങൾ പ്രദർശിപ്പിക്കുന്നതിന് കൊച്ചിൻ ട്രാംവെ റെയിൽ മ്യൂസിയം ചാലക്കുടിയിൽ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ബഹുമാനപ്പെട്ട എം.എൽ.എ., ബി. ഡി. ദേവസ്സി ഈ സബ്മിഷനിലൂടെ ഉന്നയിച്ച് വ്യക്തമാക്കിയത് ചരിത്ര വസ്തുതകളാണ്. ബ്രിട്ടീഷ് റെയിൽവെ സാങ്കേതിക വിദ്യയും ജർമ്മൻ എൻജിൻ സാങ്കേതിക വൈദഗ്ദ്ധ്യവും ചേർന്ന് സൃഷ്ടിക്കപ്പെട്ട ട്രാംവെ അപൂർവ്വ ദൃശ്യവിസ്മയമാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ. വളരെയധികം താൽപ്പര്യം കാണിക്കുന്നതിന്റെയടിസ്ഥാനത്തിൽ ഈ സ്ഥാപനം സന്ദർശിച്ച് ഉദ്യോഗസ്ഥന്മാരുടെയും ഉത്തരവാദിത്തപ്പെട്ടവരുടെയും സാന്നിദ്ധ്യത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്. ചാലക്കുടിയിൽ ട്രാംവെയുടെ മ്യൂസിയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പുരാവസ്തുവകുപ്പിന്റെ ആഭിമുഖ്യത്തിൽ ബഹുമാനപ്പെട്ട ചാലക്കുടി എം.എൽ.എ. യുടെ അദ്ധ്യക്ഷതയിൽ 3-6-2014-ൽ ഒരു യോഗം ചേരുകയും പ്രസ്തുത മ്യൂസിയത്തിനുവേണ്ടി ബഹുമാനപ്പെട്ട എം.എൽ.എ. ചെയർമാനായി ഒരു സമിതി രൂപീകരിക്കുകയും ചെയ്തിരുന്നതാണ്. തുടർ നടപടികൾ വേണ്ടരീതിയിൽ ഉണ്ടായിട്ടില്ലായെന്നതാണ് വസ്തുത. പ്രസ്തുത മ്യൂസിയം സ്ഥാപിക്കുന്നതിന് മുന്നോടിയായി പ്രദർശിപ്പിക്കേണ്ട വസ്തുക്കളുടെ ലഭ്യത, ആയത് ശേഖരിക്കുന്നതിന് അവലംബിക്കേണ്ട മാർഗ്ഗങ്ങൾ, ആവശ്യമായ മനുഷ്യ വിഭവശേഷി എന്നിവ സംബന്ധിച്ച് ഒരു സാധ്യതാ പഠനം ആവശ്യമായിട്ടുണ്ട്. ട്രാംവെയുടെ അവശിഷ്ടങ്ങൾ കാടിനുള്ളിലായതിനാൽ വനം, റവന്യൂ വകുപ്പുകളുടെ സഹായ സഹകരണങ്ങളും കൂടാതെ മ്യൂസിയം സജ്ജീകരിക്കുന്നതിന് അനുയോജ്യമായ സ്ഥലവും കണ്ടെത്തേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ ട്രാംവെ മ്യൂസിയം ആരംഭിക്കുന്നത് സംബന്ധിച്ച സാധ്യതാ പഠനം നടത്തി അനുയോജ്യമായ നടപടി സ്വീകരിക്കുന്നതാണ്. അതിനുമുൻപ് ബഹുമാനപ്പെട്ട എം.എൽ.എ. യുടെ സാന്നിധ്യത്തിൽ ചാലക്കുടി ട്രാംവെ സ്ഥിതി ചെയ്യുന്ന സ്ഥലം സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തുന്നതാണ്.

## (7) തസ്തിക സൃഷ്ടിക്കൽ

ശ്രീ. എ. എം. ആരിഫ്: സർ, അരൂർ മണ്ഡലത്തിലെ തീരദേശ നിവാസികളായ മത്സ്യത്തൊഴിലാളികളും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരും തിങ്ങിപ്പാർക്കുന്ന പ്രദേശത്തെ ഏറ്റവും വലിയൊരു ആശ്രയ ആരോഗ്യകേന്ദ്രമാണ് തുറവൂർ താലൂക്കാശുപത്രി. അരൂർ നിയോജക മണ്ഡലത്തിൽ തന്നെയുള്ള ഒരു കയറ്റുമതി സ്ഥാപനം ഉദ്ദേശം 80 ലക്ഷത്തിലധികം രൂപ മുടക്കി 5 ഡയാലിസിസ് യൂണിറ്റുകൾ ആശുപത്രിയിൽ സൗജന്യമായി സ്ഥാപിക്കുകയുണ്ടായി. അവിടത്തെ മെഡിക്കൽ ഓഫീസർ പ്രത്യേക പരിശീലനം നേടി വന്നതിനുശേഷമാണ് ഇപ്പോൾ ആ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നത്. ആ ഒരു ഡോക്ടറുടെ സേവനം മാത്രമാണ് അവിടെ ഉള്ളത്. അവിടെ ഡയാലിസിസ് ടെക്നീഷ്യന്മാരുടെ തസ്തിക ഇല്ല. എച്ച്.എം.സി. കമ്മിറ്റി കൂടി ഒ.പി. ടിക്കറ്റിന്റെ ചാർജ് വർദ്ധിപ്പിച്ച് കിട്ടിയ തുക കൊണ്ടാണ് അവിടെ രണ്ട് ഡയാലിസിസ് ടെക്നീഷ്യന്മാരെ നിയമിച്ച് ഈ യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നത്. ഇപ്പോൾ അവിടെ ആറ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. നിലവിലുള്ള ഡോക്ടർ അവധിയെടുത്താൽ അത് പ്രവർത്തിപ്പിക്കാൻ കഴിയാത്ത സാഹചര്യമാണ്. പാവപ്പെട്ടവരായ നിരവധി ആളുകൾ വന്നുകൊണ്ടിരിക്കുകയാണ്. നാമമാത്രമായ ഫീസാണ് വാങ്ങുന്നത്. ഡോക്ടർമാരുടെയും സ്റ്റാഫിന്റെയും തസ്തിക സൃഷ്ടിച്ച് നല്ല രീതിയിൽ പ്രവർത്തിച്ചാൽ ജനങ്ങൾക്ക് അത് വളരെ ഗുണപ്രദമാകും.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 2010-ലാണ് തുറവൂർ കമ്മ്യൂണിറ്റി സെന്റർ 24 കിടക്കകളോടുകൂടി താലൂക്കാശുപത്രിയായി ഉയർത്തപ്പെട്ടത്. അവിടെ സാധാരണ 200 ഒ.പി.യാണ് വരുന്നത്. തീരപ്രദേശത്തുള്ള മത്സ്യത്തൊഴിലാളികളും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുമാണ് ഈ സ്ഥാപനത്തെ ആശ്രയിക്കുന്നവരിൽ ഭൂരിഭാഗവും. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഒരു സ്വകാര്യ സാംസ്കാരിക സ്ഥാപനത്തിന്റെ ഭാഗമായി ഈ സ്ഥാപനത്തിൽ ഡയാലിസിസ് യൂണിറ്റ് അനുവദിച്ചിട്ടുണ്ട്. 5 ഡയാലിസിസ് യൂണിറ്റുകൾ സൗജന്യമായി അവിടെ സ്ഥാപിച്ചു. യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് എച്ച്.എം.സി. തീരുമാനമെടുക്കുകയും എച്ച്.എം.സി. ഫണ്ടിൽ നിന്ന് വേതനം നൽകിക്കൊണ്ട് ജീവനക്കാരെ/ടെക്നീഷ്യന്മാരെ നിശ്ചയിക്കുക യാണ് ചെയ്തത്. ഈ യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് ട്രെയിനിംഗ് നേടിയ മെഡിക്കൽ ഓഫീസർ മേൽനോട്ടം വഹിച്ചുവരുന്നുണ്ട്. തുറവൂർ താലൂക്കാശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റിന്റെ (ജനറൽ മെഡിസിൻ

വിഭാഗത്തിൽപ്പെട്ട) ഒരു തസ്തികയാണ് നിലവിലുള്ളത്. ഈ തസ്തികയിൽ ഡോക്ടറെ ഇപ്പോൾ നിശ്ചയിച്ചിട്ടുണ്ട്. അതുപോലെ തന്നെ 4 കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരെ 17-8-2016-ലെ ഉത്തരവുപ്രകാരം അനുവദിച്ചിട്ടുണ്ട്. അവിടെ ഡോക്ടർമാരെ അടിയന്തരമായി തന്നെ നിശ്ചയിക്കുന്നതാണ്. താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു സമാഹൃത പ്രൊപ്പോസൽ സർക്കാർ ധനകാര്യവകുപ്പിലേയ്ക്കും ക്യാബിനറ്റിലേയ്ക്കും അയച്ചിട്ടുണ്ട്. തസ്തിക അനുവദിച്ചുകിട്ടുന്ന മുറയ്ക്ക് ഉറവൂർ താലൂക്ക് ആശുപത്രിയുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും തസ്തികകൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

### (8) 108 ആംബുലൻസിന്റെ പ്രവർത്തനം

ശ്രീ. കെ. മുരളീധരൻ: സർ, റോഡപകടങ്ങളിൽപ്പെടുന്നവർക്കും മറ്റ് അത്യാഹിതങ്ങളിൽപ്പെടുന്നവർക്കും അടിയന്തരസഹായം എത്തിക്കുകയെന്ന ലക്ഷ്യത്തോടെയാണ് 2010 മേയ് മാസം 108 ആംബുലൻസിന്റെ പ്രവർത്തനം ആരംഭിച്ചത്. 108 ആംബുലൻസിന്റെ സ്തുത്യർഹമായ പ്രവർത്തനംമൂലം ഏതാണ്ട് ഒരു ലക്ഷത്തിലേറെ രോഗികളുടെ ജീവൻ രക്ഷിക്കാനായിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം ജില്ലയിൽ 25 ആംബുലൻസുകളും ആലപ്പുഴ ജില്ലയിൽ 18 ആംബുലൻസുകളുമാണ് ഉള്ളത്. എന്നാൽ ഈ അടുത്ത കാലത്തായി 108 ആംബുലൻസുകളുടെ പ്രവർത്തനം ഏതാണ്ട് നിലച്ച അവസ്ഥയാണ്. റോഡപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തര വൈദ്യസഹായം ലഭ്യമാക്കാൻ 108 ആംബുലൻസുകളുടെ ദൗർലഭ്യംമൂലം സാധിക്കുന്നില്ല. നിയമപ്രകാരം 3 വർഷത്തിലധികം പഴക്കമുള്ള വാഹനങ്ങളെ ആംബുലൻസുകളായി നിലനിർത്താൻ സാധിക്കുകയില്ലെന്നിരിക്കെ ഇപ്പോൾ 108 ആംബുലൻസുകളിൽ അധികവും 6 വർഷത്തിലധികം പഴക്കമുള്ളവയാണ്. ഈ സാഹചര്യത്തിൽ 108 ആംബുലൻസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി പുതിയ ആംബുലൻസുകൾ വാങ്ങുന്നതിനോ അല്ലെങ്കിൽ അടിയന്തരമായി അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് ടെസ്റ്റ് നടത്തി നിരത്തിലിറക്കുന്നതിനോ നടപടി സ്വീകരിക്കണം. ഇതിന്റെ പ്രവർത്തനം മറ്റുജില്ലകളിൽ കൂടി വ്യാപിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, കേന്ദ്ര സർക്കാരിന്റെ നാഷണൽ ഹെൽത്ത് മിഷനുകീഴിൽ കേരള എമർജൻസി മെഡിക്കൽ സർവ്വീസസ് പ്രോജക്ടിന്റെ (KEMP) ഭാഗമായിട്ടാണ് 108 ആംബുലൻസുകൾ തിരുവനന്തപുരം ജില്ലയിൽ 25 അഡ്വാൻസ്ഡ് ലൈഫ് സപ്പോർട്ട് ആംബുലൻസുകളുമായി 2010-ൽ പ്രവർത്തനം ആരംഭിച്ചത്. പബ്ലിക്-പ്രൈവറ്റ് പാർട്ണർഷിപ്പ് എന്ന മോഡലിൽ പ്രാവർത്തികമാക്കിയ പദ്ധതിയുടെ

നടത്തിപ്പവകാശം ടെണ്ടർ നടപടികളിലൂടെ ആദ്യം ചികിത്സാ ഹെൽത്ത് കെയർ എന്ന കമ്പനിക്കാണ് നൽകിയിരുന്നത്. 2012 ഏപ്രിൽ 21-ാം തീയതി മുതൽ 18 ആംബുലൻസുകളുമായി ഈ പ്രോജക്ടിന്റെ പ്രവർത്തനം ആലപ്പുഴ ജില്ലയിലേയ്ക്കും വ്യാപിപ്പിച്ചു. ടി കമ്പനിയുടെ കരാർ കാലാവധി അവസാനിച്ചതിനാൽ 2014 ഒക്ടോബറിൽ വീണ്ടും ടെണ്ടർ വിളിക്കുകയും അതിന്റെ ഭാഗമായി ജി.വി.കെ.ഇ.എം.ആർ.ഐ. എന്ന കമ്പനി ഈ പ്രോജക്ടിന്റെ പ്രവർത്തനം ഏറ്റെടുക്കുകയും ചെയ്തു. പിന്നീട് പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനായി ടെണ്ടർ വിളിക്കുകയും അന്നത്തെ ഓപ്പറേറ്റിംഗ് ഏജൻസിയായ ജി.വി.കെ.ഇ.എം.ആർ.ഐ. ഏറ്റവും കുറഞ്ഞ നിരക്ക് സമർപ്പിക്കുകയും ചെയ്തു. ഈ നിരക്ക് ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി, പ്ലാനിംഗ് സെക്രട്ടറി, ആരോഗ്യ വകുപ്പ് സെക്രട്ടറി എന്നിവരടങ്ങിയ സെക്രട്ടറിമാരുടെ ഒരു കമ്മിറ്റി വിവിധ ഘട്ടങ്ങളിലായി പരിശോധിക്കുകയും നിരക്ക് കുറയ്ക്കാൻ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ സെക്രട്ടറിമാരുടെ കമ്മിറ്റി മുന്നോട്ടുവച്ച നിരക്കുകൾക്കനുസരിച്ച് പ്രവർത്തിക്കാൻ സാധ്യമല്ലെന്നാണ് കമ്പനി അറിയിച്ചത്. നിലവിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലെ 108 ആംബുലൻസിന്റെ പ്രവർത്തനവുമായി മുന്നോട്ടുപോകാൻ സാദ്ധ്യമല്ലെന്നും കമ്പനി അറിയിച്ചു. ഈ അവസരത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയുമായി ചേർന്ന് 108 ആംബുലൻസിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്നതാണെന്ന അഭിപ്രായം മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സർക്കാരിന് സമർപ്പിച്ചു. ചുരുങ്ങിയ കാലയളവിനുള്ളിൽ ആറ് വർഷത്തോളം പഴക്കമുള്ളതും ശരാശരി രണ്ടര ലക്ഷം കിലോമീറ്റർ സഞ്ചരിച്ചതുമായ വാഹനങ്ങളാണ് പ്രവർത്തിപ്പിക്കേണ്ടത്. അത് പ്രവർത്തിപ്പിക്കുന്നതിനായി ഒരു ഓപ്പറേറ്റിംഗ് ഏജൻസിയെ ലഭിക്കാൻ വലിയ ബുദ്ധിമുട്ടായിരുന്നു. ആ വിദൂര സാദ്ധ്യത മുൻനിർത്തി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ നിർദ്ദേശം അംഗീകരിച്ചുകൊണ്ട് ഈ വാഹനങ്ങൾ ജി.വി.കെ.ഇ.എം.ആർ.ഐ.-ൽ നിന്നും ഏറ്റെടുത്ത് ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയുമായി ചേർന്ന് പ്രവർത്തിപ്പിക്കുന്നതിനായി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറുകയാണ് ചെയ്തത്. തൽഫലമായി 16-7-2015-മുതൽ വാഹനങ്ങളും അതിലെ ജീവനക്കാരും അതത് ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയുടെ കീഴിലും കൺട്രോൾ റൂമും അതിലെ ജീവനക്കാരും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിലുമാണ് പ്രവർത്തിക്കുന്നത്. കേരള എമർജൻസി മെഡിക്കൽ സർവ്വീസസ് പ്രോജക്ട് (KEMP) എന്ന പദ്ധതി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ മേൽനോട്ടത്തിൽ പൊതുമേഖലയിൽ നടത്തിവരുന്നു. തിരുവനന്തപുരം ജില്ലയിൽ നിലവിൽ 11 വാഹനങ്ങൾ സർവ്വീസ്

നടത്തുന്നുണ്ട്. 14 വാഹനങ്ങളുടെ ഫിറ്റ്നസ് ടെസ്റ്റിനായുള്ള അറ്റകുറ്റപ്പണികൾ വാഹനനിർമ്മാതാക്കളായ ഫോർഡ്സ് മോട്ടോഴ്സിന്റെ തിരുവനന്തപുരത്തെ ആതറൈസ്ഡ് വർക്ക്ഷോപ്പിൽ നടന്നുവരുന്നു. രണ്ടര ലക്ഷം കിലോമീറ്റർ ഓടിയ വണ്ടികളിൽ പലതും ഇനി ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിലാണെന്നതാണ് വസ്തുത. അത് ഓടിയാൽ ജനങ്ങളുടെ ജീവൻ രക്ഷിക്കുന്നതിന് പകരം ജീവൻ നഷ്ടപ്പെടുന്ന അവസ്ഥ വരും. ഫിറ്റ്നസ് പരിശോധന വർക്ക്ഷോപ്പിൽ നടന്നുവരികയാണ്. ഈ വർക്ക്ഷോപ്പിൽ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്താനുള്ള ബാഹുല്യമുള്ളതിനാൽ പണികൾ പെട്ടെന്ന് പൂർത്തീകരിച്ചുകിട്ടുന്നില്ലെന്ന് കണ്ടപ്പോൾ കുറച്ച് വാഹനങ്ങൾ കൊല്ലം, കോട്ടയം ജില്ലകളിലുള്ള ഫോർഡ്സ് മോട്ടോഴ്സിന്റെ വർക്ക്ഷോപ്പിലേയ്ക്ക് മാറ്റാൻ തീരുമാനിച്ചു. അതിൻപ്രകാരം കുറച്ചുവാഹനങ്ങൾ ആ വർക്ക്ഷോപ്പിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ അറ്റകുറ്റപ്പണികൾ നടത്തുന്ന 18 വാഹനങ്ങളിൽ 16 എണ്ണവും പണികൾ തീർത്ത് ഫിറ്റ്നസ് പൂർത്തിയാക്കി സർവ്വീസ് നടത്തുന്നുണ്ട്. രണ്ട് വാഹനങ്ങളുടെ ഫിറ്റ്നസ് ടെസ്റ്റിനായുള്ള അറ്റകുറ്റപ്പണികൾ നടന്നുവരുന്നുണ്ട്. ഇതിൽ ചിലത് വല്ലാത്ത അവസ്ഥയിലുള്ള വാഹനങ്ങളാണെന്ന് കാണുന്നുണ്ട്. 108 ആംബുലൻസ് പദ്ധതി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനച്ചെലവുകൾ കണക്കാക്കി വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനോട് ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച റിപ്പോർട്ടിലെ നിരക്കുകൾ പുനഃപരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ഇപ്പോൾ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. മാത്രമല്ല, ഒരു സമ്പൂർണ്ണ ട്രോമാകെയർ സിസ്റ്റത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. അതുമായി ബന്ധപ്പെട്ട് ആംബുലൻസുകൾ കൂടുതൽ വാങ്ങുന്നതിനും ഇത്തരം പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കുന്നതിനും സർക്കാർ ആലോചിക്കുന്നുണ്ട്. 108 ആംബുലൻസുകളുടെ കാര്യം കൂടി അതിൽ ഉൾപ്പെടുത്തുന്നതാണ്.

## (9) സർവ്വെ നടപടികളും പദ്ധതിരേഖയും പൂർത്തിയാക്കൽ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, വളരെ അടിയന്തര പ്രാധാന്യത്തോട് കൂടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. കൊച്ചിയേയും ബാംഗ്ലൂരിനേയും തമ്മിൽ നേരിട്ട് ബന്ധിപ്പിക്കുന്ന കേരളത്തിന്റെ ഭാവി വികസനത്തിനും പരിസ്ഥിതി സംരക്ഷണത്തിനും അത്യാവശ്യമായ നിലമ്പൂർ-സുൽത്താൻ ബത്തേരി നഞ്ചൻഗോഡ് റെയിൽവേ പാതയ്ക്ക് ബഡ്ജറ്റിതര വിഭവ വിഭാഗത്തിൽ റെയിൽവേയുടെ അനുമതി ലഭിക്കുകയും സംയുക്ത സംരംഭമായി നടപ്പാക്കാൻ

കേരള റെയിൽവേയുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തു. അപ്രകാരം പാതയുടെ ഫൈനൽ ലൊക്കേഷൻ സർവ്വെയും വിശദമായ പദ്ധതിരേഖയും തയ്യാറാക്കാൻ ഡി.എം.ആർ.സി.-യെ ചുമതലപ്പെടുത്തുകയും ചെയ്തു. ചെലവിനായി 8 കോടി രൂപ അനുവദിച്ച് 24-6-2016-ൽ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം അറിയാൻ കഴിഞ്ഞത് വനം വകുപ്പ് ചില തടസ്സങ്ങൾ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ ഡി.എം.ആർ.സി.-ക്ക് പണം നൽകാത്തതിനാൽ സർവ്വേ നടപടികൾ തടസ്സപ്പെട്ടിരിക്കുകയാണെന്നാണ്. വയനാട്ടിൽ രാത്രി യാത്രാനിരോധനം മാത്രമല്ല, ഈ പാതയുടെ പ്രാധാന്യം കണക്കിലെടുത്ത് വയനാട് എം.പി. ശ്രീ. എം.ഐ. ഷാനവാസ് ഈ വിഷയം പലവട്ടം പാർലമെന്റിൽ ഉന്നയിക്കുകയും ചെയ്തു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കേരള മുൻ മുഖ്യമന്ത്രി, ശ്രീ. ഉമ്മൻ ചാണ്ടി കേന്ദ്ര റെയിൽവേ മന്ത്രാലയവുമായി ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ പാതയ്ക്ക് വേണ്ടിവരുന്ന മൊത്തം ചെലവിന്റെ 51 ശതമാനം കേരളം വഹിക്കാമെന്ന് ക്യാബിനറ്റ് തീരുമാനമെടുക്കുകയും ചെയ്തു. ഈ പദ്ധതി കേരളത്തിന്റെ ഒരു പൊതുവികസന കാഴ്ചപ്പാടോടെ കണ്ട് ഇതിലുള്ള തടസ്സങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ, നമ്മുടെ ഗവൺമെന്റും റെയിൽവേ മന്ത്രാലയവുമായി കേരളത്തിന്റെ അടിസ്ഥാന റെയിൽ വികസനത്തിനായി ഒരു എഗ്രിമെന്റിൽ ഒപ്പുവച്ചിട്ടുണ്ട്. കഴിഞ്ഞ സെപ്തംബർ ഒന്നിന് ഡൽഹിയിൽ സംസ്ഥാന ഗവൺമെന്റിനുവേണ്ടി ഗതാഗത വകുപ്പുസെക്രട്ടറി, ശ്രീ. ജ്യോതിലാൽ ഐ.എ.എസ്. ആണ് ഒപ്പുവച്ചത്. 51:49 എന്നതാണ് ഓഹരി പങ്കാളിത്തത്തിന്റെ അടിത്തറ. ഈ പട്ടികയിൽ മുൻഗണനയുള്ളതാണ് നിലമ്പൂർ-സുൽത്താൻ ബത്തേരി-നഞ്ചൻഗോഡ് പാത. വിശദമായ പദ്ധതി തയ്യാറാക്കാൻ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെലവിനായി 8 കോടി രൂപ ധനകാര്യ വകുപ്പിന്റെ അനുമതിയോടുകൂടി അനുവദിച്ചിട്ടുമുണ്ട്. അതിന് 24-6-2016-ന് ഗതാഗത വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. രണ്ട് കോടി രൂപയും സർവ്വീസ് ടാക്സും ആദ്യഘട്ടത്തിൽ മൊബിലൈസേഷൻ ചാർജ്ജായി ഡി.എം.ആർ.സി. ആവശ്യപ്പെട്ടിട്ടുണ്ട്. ആവശ്യപ്പെട്ട തുക ഉയർന്ന നിരക്കിലുള്ളതാണെന്ന് കണ്ടെത്തിയതിനാൽ ഡി.എം.ആർ.സി.-യുമായി നെഗോസിയേഷൻ നടത്തുവാനും അതിനുശേഷം ഫയൽ സമർപ്പിക്കുവാനും ധനകാര്യവകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. പൂർത്തിയാകുന്ന മുറയ്ക്ക് അതിന്റെ നടപടികളുമായി മുന്നോട്ടുപോകും.

### (10) ബൈപ്പാസ് നിർമ്മാണം

ശ്രീ. ആർ. രാജേഷ്: സർ, മാവേലിക്കര-കണ്ടിയൂർ ബൈപ്പാസ്സിന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കേണ്ടതാണ്. എൻ.എച്ച്.-ഉം എം.സി. റോഡുമൊന്നുമില്ലാത്ത അതിരൂക്ഷമായ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന ഒരു പട്ടണമാണ് മാവേലിക്കര. ബൈപ്പാസ്സിന്റെ നിർമ്മാണം പൂർത്തികരിച്ചാൽ ആ ഗതാഗതക്കുരുക്കിന് പരിഹാരമുണ്ടാക്കാൻ കഴിയും. അതിന് ആവശ്യമായ സ്ഥലം സൗജന്യമായി ഏറ്റെടുത്ത് ഭരണാനുമതി ലഭിച്ച് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചെങ്കിലും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ഈ വിഷയം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. കുറച്ചുകൂടി വേഗത്തിലാക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും കാര്യക്ഷമമായ ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ( ശ്രീ. ജി. സുധാകരൻ ) : സർ, മാവേലിക്കര-കണ്ടിയൂർ ബൈപ്പാസ്സിന്റെ ഒന്നാം ഘട്ട നിർമ്മാണത്തിനുവേണ്ടി 11-2-2014-ൽ രണ്ടുകോടി രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും കിട്ടിയിട്ടുള്ളതാണ്. രണ്ട് കോടി മുപ്പത് ലക്ഷം രൂപ സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. ബൈപ്പാസ് കടന്നുപോകേണ്ടത് ആഴമുള്ള ചെളിനിറഞ്ഞ ഒരു പുഞ്ചയിൽ കൂടിയാണ്. അവിടെ മണ്ണ് നിറയ്ക്കുന്നതിന് എസ്റ്റിമേറ്റിൽ വകയിരുത്തിയ തുക കുറവായതുകൊണ്ട് ടെണ്ടർ ചെയ്തെങ്കിലും കരാറുകാരാരും മുന്നോട്ടുവരുന്നില്ല. സുനിൽ ചന്ദ്രൻ എന്ന കരാറുകാരൻ 115 ശതമാനം അധിക നിരക്കിൽ ക്വട്ടേഷൻ എൽ.എം.ആർ. സഹിതം സമർപ്പിച്ചെങ്കിലും അംഗീകാരം കിട്ടിയിട്ടില്ല. തുടർന്ന് ഗ്രാവിലിന് ആലപ്പുഴ ജില്ലക്കാർക്കായുള്ള പ്രത്യേക കൺവേയൻസിൽ ഉൾപ്പെടുത്തി പുതിയ ഡി.എസ്.ഒ. വാങ്ങി എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ നിർദ്ദേശം നൽകിയെങ്കിലും റേറ്റ് തീരുമാനമാകാതെ നിൽക്കുകയാണ്. റേറ്റ് തീരുമാന മായാലുടൻ പണി ആരംഭിക്കുന്നതാണ്.

## V പ്രത്യേക പരാമർശം

### എം.എൽ.എ. ഫണ്ട് ലഭ്യമാകുന്നതിന് കാലതാമസം

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, എം.എൽ.എ. ഫണ്ട് എന്നുപറയുന്നത് എല്ലാ എം.എൽ.എ. മാരുടേയും ഒരു പ്രിവിലേജാണ്. എം.എൽ.എ. ഫണ്ടിന് എഴുതിക്കൊടുക്കുമ്പോൾ വളരെ മോശമായ രീതിയിലാണ് എം.എൽ.എ. മാരോടുള്ള കൊല്ലം ജില്ലാ കളക്ടറുടെ സമീപനം. കാരണം അവർ പി.ഡബ്ല്യൂ.ഡി. എടുത്ത എസ്റ്റിമേറ്റുകളും മറ്റും അടങ്ങുന്ന ഫയലുകൾ മാസങ്ങളോളം വച്ച് താമസിപ്പിക്കുകയാണ്. ഈ പ്രശ്നം എല്ലാ ജില്ലകളിലും ഉണ്ട്. ഞങ്ങൾ വളരെ ബുദ്ധിമുട്ടുകയാണ്. ബഹുമാനപ്പെട്ട സ്പീക്കർ ഇക്കാര്യത്തിൽ അടിയന്തരനടപടി സ്വീകരിക്കണം.

മി. സ്പീക്കർ: അക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കാം.

# VI മേശപ്പുറത്തുവച്ച കടലാസ്സുകൾ

## ചട്ടം 47 (2) അനുസരിച്ചുള്ള പ്രത്യേക ലിസ്റ്റ് പ്രകാരം

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 2200, പതിനഞ്ചാം സമ്മേളനത്തിലെ 164, 3590 എന്നീ നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

# VII റിപ്പോർട്ട് സമർപ്പണം

(1) ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

(2) സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): സർ, സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

# VIII വ്യക്തിപരമായ വിശദീകരണം

## (1) തെറ്റിദ്ധാരണാജനകമായ റിപ്പോർട്ട് സമർപ്പിച്ചത് സംബന്ധിച്ച്

ശ്രീ. വി. ഡി. സതീശൻ: സർ, കഴിഞ്ഞ ദിവസം തോട്ടണ്ടി വാങ്ങിയതുമായി ബന്ധപ്പെട്ട ഒരു ആരോപണത്തിന് മറുപടിയായി ഞാൻ നിയമസഭയിൽ വച്ചത് ഗവൺമെന്റ് ഓർഡർ അല്ല എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ഞാൻ സഭയിൽ വച്ചതും 27-ാം തീയതി ക്വാട്ട് ചെയ്തതും 22-7-2016-ലെ സർക്കാർ ഉത്തരവ് തന്നെയാണ്. ബഹുമാനപ്പെട്ട അങ്ങേയ്ക്കും എല്ലാ അംഗങ്ങൾക്കും അത് പരിശോധിക്കാം. എന്റെ ആരോപണം, 118 രൂപയ്ക്ക് വാങ്ങാമായിരുന്ന തോട്ടണ്ടിയുടെ ടെണ്ടർ നിരസിച്ചുകൊണ്ട് 124.50-രൂപയ്ക്ക് വാങ്ങിയെന്നാണ്. 118 രൂപയുടെ ടെണ്ടർ നിരസിച്ചുവെന്നുള്ള എന്റെ സ്റ്റേറ്റ്മെന്റിന് പിൻബലമേകാനുള്ള ഒരു രേഖയായിട്ടാണ് ഞാൻ ആ ഗവൺമെന്റ് ഉത്തരവിലെ 2-ാം പേജ് ഉദ്ധരിച്ചത്. അത് കൃത്യമാണ്. അത് ഈ സഭയുടെ മുമ്പാകെയുണ്ട്. മൂന്നുകാര്യങ്ങളാണ് പറഞ്ഞത്. ഒറ്റ ടെണ്ടർ ആയതുകൊണ്ടാണ് 118 രൂപയ്ക്കുള്ള ഓഫർ റിജക്ട് ചെയ്തത് എന്ന് മന്ത്രി പറഞ്ഞു. എന്നാൽ കശുവണ്ടി വികസന കോർപ്പറേഷൻ 132 രൂപയുടെ ജി.ബി. തോട്ടണ്ടി റിജക്ട് ചെയ്ത് പിന്നീട് 142 രൂപയുടെ തോട്ടണ്ടി വാങ്ങിച്ചപ്പോൾ അതും ഒറ്റ ടെണ്ടറായിരുന്നു. ഒറ്റ ടെണ്ടറിലൂടെ കശുവണ്ടി വികസന കോർപ്പറേഷൻ തോട്ടണ്ടി വാങ്ങിയിട്ടുണ്ട്. ഇപ്പോൾ ഇവിടെ റിജക്ട് ചെയ്തുവെന്ന് പറയുന്നത്-നാലാമത്തെ ടെണ്ടറാണ്. ആ നാലാമത്തെ ടെണ്ടർ വാങ്ങാമായിരുന്നു. 118 രൂപയുടെ ടെണ്ടർ റിജക്ട് ചെയ്ത് 124.50 രൂപയ്ക്ക് ഉറപ്പിച്ചപ്പോൾ ഒന്നിലധികം ടെണ്ടർ ഉണ്ടായിരുന്നു എന്നാണ് അവകാശവാദം. ഒന്നിലധികം ടെണ്ടറുണ്ടായിരുന്നു. 10-ാം ദിവസം ടെണ്ടർ അനുവദിച്ച 'ഒലാം ഇന്ത്യ' എന്ന കമ്പനിക്കാണ് അത് ലഭിച്ചത്. ആ കമ്പനിയുടെ ഉടമയുടെ പേര് ലൈജു എന്നാണ്. സച്ചുകുമാർ എന്നുപറയുന്ന സഹോദരന്റെ ടെണ്ടറാണ് കൂടെയുണ്ടായിരുന്നത്. അത് ഞാൻ നേരത്തേ ഇവിടെ ഉയർത്തിക്കാണിച്ചു, 'തട്ടിപ്പ് ടെണ്ടർ'. ഒരേ ഓഫീസിൽ വച്ച് ഒരേ കമ്പ്യൂട്ടറിൽ ഒരേ തെറ്റുകൾ വരുത്തിയ സാധനങ്ങൾതന്നെ വച്ചിട്ട് മൂന്ന് ടെണ്ടർ ഉണ്ടായിരുന്നുവെന്ന് പറയുന്നത് തട്ടിപ്പാണ്. എനിക്ക് ഒറ്റക്കാര്യം മാത്രമേ പറയാനുള്ളൂ. ഞാൻ ഇവിടെ ഈ വിഷയം അവതരിപ്പിക്കുമ്പോഴോ ഇതുമായി ബന്ധപ്പെട്ട് നടത്തിയ ചർച്ചകളിലോ മന്ത്രിയെയോ ബന്ധപ്പെട്ട ആരെയും അപമാനിക്കുന്ന തരത്തിലുള്ള ഒരു വാക്കോ, ആരോപണമോ ആക്ഷേപമോ ഉന്നയിച്ചിട്ടില്ല. നിരന്തരമായി ഞാൻ ഒരു വിവരമില്ലാത്തവനാണെന്നും കൊള്ളരുതാത്തവനാണെന്നും ആവർത്തിക്കുകയാണ്. സഭയിൽ ഉള്ള എന്റെ അവകാശം ഉപയോഗിച്ചുകൊണ്ടാണ് ഞാൻ ഇത് ഉന്നയിച്ചത്. ഞാൻ അതിനൊന്നും മറുപടി പറയുന്നില്ല. പിന്നീട് പറഞ്ഞത് എനിക്ക്

കശുവണ്ടി കഴിക്കാൻ മാത്രമേ അറിയുള്ളൂവെന്നാണ്. കശുവണ്ടി വാങ്ങിയത് സംബന്ധിച്ച് ഒരു ആരോപണം ഉന്നയിക്കാൻ കശുവണ്ടിയിൽ ഗവേഷണം നടത്തി ഡോക്ടറേറ്റ് എടുക്കണമെന്ന് എനിക്ക് ഇപ്പോഴാണ് മനസ്സിലായത്. ഞാൻ അവസാനിപ്പിക്കുന്നു. നല്ല മദ്യപാനികൾക്കു മാത്രമേ ബാർ കോഴയെപ്പറ്റി ആരോപണം ഉന്നയിക്കാൻ സാധിക്കുകയുള്ളോ; അങ്ങനെയല്ലല്ലോ; ഞാൻ ഈ വിഷയത്തിൽ ഈ സഭയെ തെറ്റിദ്ധരിപ്പിച്ചിട്ടില്ല. ഈ സഭയുടെ മേശപ്പുറത്തുവച്ച എല്ലാരേഖകളും ശരിയാണ്. ഞാൻ ഈ സഭയിൽ ആരോപണം ഉന്നയിച്ചുകൊണ്ട് നടത്തിയ പ്രസംഗത്തിലെ ഒരു വാചകം പോലും മാറ്റാൻ കഴിയില്ല എന്ന് അഭിമാനത്തോടുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഡിബേറ്റബിൾ ആയിട്ടുള്ള ഒരു പോയിന്റ് കൊണ്ടുവരുമ്പോൾ ബന്ധപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യം ഇവിടെ ആവശ്യമാണ്.

മി. സ്പീക്കർ: അതുകൊണ്ടാണ് ഒരു ഡിബേറ്റുമില്ല എന്നുപറഞ്ഞത്. ഇതിൽ ഒരു ഡിബേറ്റുമില്ല. കഴിഞ്ഞദിവസം മന്ത്രി ചട്ടം 288 പ്രകാരം വിശദീകരണം നൽകിയ സമയത്ത് ഇദ്ദേഹം ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന് സമയം നൽകണമെന്ന് പ്രതിപക്ഷനേതാവ് ആവശ്യപ്പെട്ടു.

ശ്രീ. എ. കെ. ബാലൻ: സർ, ഡിബേറ്റബിളായിട്ടുള്ള ഒരു വിശദീകരണം കൊടുക്കുന്നതിൽ ഒരു തടസ്സവുമില്ല. പക്ഷേ ഡിസ്പ്യൂട്ട് ആയിട്ടുള്ള ഒരു കാര്യത്തിൽ, ചർച്ചയ്ക്ക് വിധേയമാക്കേണ്ടതും ബന്ധപ്പെട്ട വകുപ്പുമന്ത്രി മറുപടി പറയേണ്ടതുമായ കാര്യത്തിന്റെ മെറിറ്റിലേയ്ക്ക് കടന്ന് പറയുമ്പോൾ ബന്ധപ്പെട്ട വകുപ്പുമന്ത്രി കൂടിയുണ്ടാകണം എന്നാണ് ഞാൻ പറഞ്ഞത്.

മി. സ്പീക്കർ: വകുപ്പുമന്ത്രിക്ക് ഇനിയും പ്രസ്താവന നടത്താവുന്നതാണ്. വകുപ്പുമന്ത്രിക്ക് ഇനിയും പ്രസ്താവന നടത്താനുള്ള അനുവാദമുണ്ടല്ലോ;...(ബഹളം)....

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഈ വിഷയം ഒരു ചർച്ചയ്ക്ക് വിധേയമാക്കേണ്ട താണെന്ന് പറഞ്ഞതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. വേണമെങ്കിൽ ചർച്ചയാകാം. അങ്ങ് ടൈം തീരുമാനിച്ചാൽ മതി. ..(ബഹളം)....ഒരു വലിയ അഴിമതിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ വി. ഡി. സതീശൻ ഉന്നയിച്ച ആരോപണത്തെ സംബന്ധിച്ച് ചർച്ച ചെയ്യാമെന്ന് ശ്രീ. എ. കെ. ബാലൻ പറഞ്ഞത് ഞങ്ങൾ അംഗീകരിക്കുന്നു.

മി. സ്പീക്കർ: ...(ബഹളം).... ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, അദ്ദേഹം അങ്ങനെ പറഞ്ഞിട്ടില്ല. ദയവായി കേൾക്കൂ ഞാൻ പറയാം. അദ്ദേഹം ഉന്നയിച്ചതിൽനിന്നും എനിക്ക് മനസ്സിലായത് ചട്ടം 288 പ്രകാരം വ്യക്തിപരമായ വിശദീകരണം നൽകാൻ അനുവാദം കൊടുത്തതിൽ തെറ്റില്ല എന്നും ഡിബേറ്റബിൾ പോയിന്റുണ്ടെങ്കിൽ മന്ത്രിയുടെകൂടി സാന്നിദ്ധ്യത്തിലാണ് നല്ലത് എന്നും പറഞ്ഞു. ഡിബേറ്റ് ചെയ്യണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടിട്ടില്ല. ഇക്കാര്യത്തിൽ ഡിബേറ്റില്ല. മന്ത്രിക്ക് ഇക്കാര്യത്തിൽ എന്തെങ്കിലും പറയാനുണ്ടെങ്കിൽ പ്രസ്താവന നൽകാൻ ഇനിയും അനുവാദം നൽകും.

### (2) സത്യവിരുദ്ധവും അടിസ്ഥാനരഹിതവുമായ പരാമർശം

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാനപ്പെട്ട ജെയിംസ് മാത്യു 27-10-2016-ന് ധനവിനിയോഗബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ചപ്പോൾ ഞാൻ 25-10-2016-ന് ഡിമാന്റ് ഡിസ്കഷനിൽ പങ്കെടുത്ത് സംസാരിക്കവെ പറഞ്ഞ ചില പരാമർശങ്ങൾ അടിസ്ഥാനരഹിതവും അതോടൊപ്പം സഭയെ തെറ്റിദ്ധരിപ്പിക്കുന്നതുമാണെന്ന് പറയുകയുണ്ടായി. യഥാർത്ഥത്തിൽ 85 കോടിരൂപ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പട്ടികജാതി വികസനവകുപ്പ് ഗ്രാമവികസന വകുപ്പിന് അനുവദിച്ചിരുന്നുവെന്നുള്ള എന്റെ പരാമർശം നൂറുശതമാനവും തെറ്റാണെന്നാണ് അദ്ദേഹം പറഞ്ഞത്. അദ്ദേഹം അങ്ങനെ പറഞ്ഞത് ധാരണപ്പിശക് കൊണ്ടായിരിക്കാം. 31-3-2015-ന് ഇറക്കിയ ഉത്തരവാണിത്. (ഉത്തരവ് ഉയർത്തിക്കാട്ടി) പട്ടികജാതി വികസനവകുപ്പ് 85 കോടി രൂപ ഗ്രാമവികസന വകുപ്പിന് അനുവദിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ഈ പരാമർശം നടത്തിയത്. ആയതിനാൽ അദ്ദേഹം നടത്തിയ പരാമർശം ശരിയല്ല, അത് പിൻവലിക്കണം.

## IX ധനകാര്യം

### 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4000 രൂപയുടെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2000 രൂപയുടെയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 23,11,02,000 രൂപയുടെയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 28,00,04,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 88,80,99,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 60,59,27,000 രൂപയുടെയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 131,00,06,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000/-രൂപയുടെയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 102,77,06,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,00,04,000 രൂപയുടെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,50,01,000 രൂപയുടെയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 128,63,35,000 രൂപയുടെയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 20,00,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 11,00,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 123,85,34,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ശ്രീ. പി. ടി. തോമസ്: സർ, റൂൾ 286 അനുസരിച്ചാണ് ഞാൻ ഈ പ്രശ്നം ഉന്നയിക്കുന്നത്. ഇന്ന് സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എത്തിയിട്ടില്ല. മന്ത്രിസഭയിലെ രണ്ടാം സ്ഥാനക്കാരനെന്ന് കരുതിയിരുന്നത് ബഹുമാന്യനായ മുൻമന്ത്രി ശ്രീ. ഇ. പി. ജയരാജനെയാണ്. ആ സ്ഥാനത്തേയ്ക്ക് ബഹുമാനപ്പെട്ട എ. കെ. ബാലൻ കടന്നുവന്നു. എന്നാൽ ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പേരിലുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരം പറയുന്നത് ബഹുമാനപ്പെട്ട ജി. സുധാകരനാണ്. അത് ക്രമത്തിലാണോ?

മി. സ്പീക്കർ: ഇതൊന്നും ശരിയല്ല. മുഖ്യമന്ത്രിക്ക് ഇന്ന് അസൗകര്യമുണ്ട്. അദ്ദേഹം ഒരു മന്ത്രിയെ ഓതറൈസ് ചെയ്തു. അത്രേയുള്ളൂ. അതിലപ്പുറമൊന്നും കാണേണ്ട കാര്യമില്ല.

<u>ശ്രീ. കെ. വി. വിജയദാസ്:</u> സർ, കേരളത്തിന്റെ 2016-17 വർഷത്തേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. വരാൻ പോകുന്ന 5 വർഷക്കാലത്തെ കേരളത്തിലെ ഭരണത്തിന്റെ സമീപനം എങ്ങനെയായിരിക്കണമെന്നതിനെ സംബന്ധിച്ച ആശാവഹമായ ഒരു ബഡ്ജറ്റാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചത്. 5 വർഷക്കാലം ഭരിച്ചുമുടിച്ച് തകർത്ത് തരിപ്പണമാക്കിയ കേരളത്തെ നേരായ വഴിക്ക് നയിക്കാനുള്ള ശ്രമകരമായ പുറപ്പാടാണ് ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിലൂടെ ഇവിടെ വരച്ചുകാണിച്ചത്. നാളെ നവംബർ 1-ാം തീയതി കേരളത്തിന്റെ ഏറ്റവും അഭിമാനകരമായ 60-ാം പിറന്നാൾ ആഘോഷിക്കുമ്പോൾ ആ 60 വർഷത്തെ അടയാളങ്ങൾ ഏതൊക്കെയാണെന്ന് പരിശോധിക്കേണ്ടതുണ്ട്. കേരള മോഡൽ എന്ന് വിശേഷിപ്പിക്കപ്പെട്ടുകൊണ്ട് കേരളം നേടിയ നേട്ടങ്ങൾ ഇന്ന് ഇന്ത്യയിലും ഇന്ത്യക്ക് പുറത്തും വളരെയധികം ചർച്ച ചെയ്യപ്പെടുന്ന കാലഘട്ടമാണിത്. കേരളം മാതൃകയായത് ഇടതുപക്ഷത്തിൽ കൂടിയാണെന്ന് നമുക്ക് പറയാൻ സാധിക്കും. ഇന്ത്യയ്ക്കാകെ മാതൃക കാണിച്ചുകൊണ്ടാണ് കേരളം ഭൂപരിഷ്കരണ നിയമം നടപ്പാക്കിയിട്ടുള്ളത്. ഭൂപരിഷ്കരണ നിയമം കൊണ്ടുവരണമെന്ന് അഖിലേന്ത്യാ കോൺഗ്രസ് എത്രയോ വർഷങ്ങൾക്കുമുമ്പ് നിയമം പാസ്സാക്കിയതാണ്. 1947 മുതൽ 1957 വരെ കോൺഗ്രസ് ഇന്ത്യാ രാജ്യം ഭരിച്ചെങ്കിലും ഭൂപരിഷ്കരണ നിയമം കൊണ്ടുവന്നത് മഹാനായ ഇ.എം.എസ്.-ന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റാണ്. ഇന്ത്യയ്ക്കാകെ മാതൃകയായി കാണിച്ചുകൊടുക്കാവുന്ന ഒന്നാണ് കേരളത്തിലെ വിദ്യാഭ്യാസ നിയമം. വന നിയമവും, കാർഷിക കടാശ്വാസ നിയമവും പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമവും സഹകരണ സൊസൈറ്റീസ് നിയമവും കർഷകത്തൊഴിലാളി പെൻഷനും മാവേലി സ്റ്റോറുകളും വനിതാ കമ്മീഷനും സ്കൂളുകളിലെ ഉച്ചക്കഞ്ഞിയും സമ്പൂർണ്ണ സാക്ഷരതയും ജനകീയാസൂത്രണവും ജനമൈത്രി പോലീസും കുടുംബശ്രീയും ഓണം-ക്രിസ്തുമസ്-റംസാൻ നാളുകളിലെ വീടുകളിലേയ്ക്കുള്ള 5 കിലോഗ്രാം അരി നൽകിത്തുടങ്ങി ലോകമെങ്ങും പേരുകേട്ട കേരള മോഡലുകൾ നാട്ടിൽ നടപ്പിലാക്കിയത് ഇടതുപക്ഷമാണെന്ന് അഭിമാനപൂർവ്വം പറയാം. യു.ഡി.എഫ്. ഭരണത്തിലാകട്ടെ ദുർഭരണവും അഴിമതിയും വിവാദങ്ങളും കെടുകാര്യസ്ഥതയുമാണ് നടമാടിയതെന്നുള്ളത് ഒരു വസ്തുതയാണ്. കേന്ദ്ര പദ്ധതികൾ നേടിയെടുക്കാൻ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് മുൻകയ്യെടുത്തില്ലെന്നു മാത്രമല്ല പദ്ധതി ഫണ്ട് ചെലവാക്കാനാകാത്ത സ്ഥിതിയിലേയ്ക്കെത്തിച്ചു. സോളാർ തട്ടിപ്പ്, കടകംപള്ളി ഭൂമി തട്ടിപ്പ്, ബഡ്ജറ്റ് വിൽപ്പന, പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലാക്കൽ, ബാർകോഴ കേസ്, അഞ്ചാം മന്ത്രി വിവാദം, ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് മന്ത്രിയാകാനുള്ള വിവാദങ്ങൾ, ശാലു മേനോൻ വിവാദം തുടങ്ങി വിവാദങ്ങളുടെ ബഹളമായിരുന്ന കഴിഞ്ഞ അഞ്ച് വർഷം.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. ഉമ്മർ)

അങ്ങനെ കാക്കത്തൊള്ളായിരം വിവാദങ്ങൾ കൊഴുക്കുമ്പോൾ ജനങ്ങളെ മറന്നു. ജനക്ഷേമം ഇല്ലാതായി. എല്ലാ ജനകീയ പ്രവർത്തനങ്ങളും യു.ഡി.എഫ്. സർക്കാർ അട്ടത്തുവച്ചു. അഞ്ചുവർഷത്തെ ഭരണം കേരളത്തിന്റെ ഖജനാവ് കാലിയാക്കി, കരാറുകാരുടെ കുടിശ്ശിക 3,000 കോടി രൂപയാക്കിയിട്ടാണ് പോയത്. ക്ഷേമ പെൻഷനുകൾ 1,230 കോടി രൂപ ബാക്കി വച്ചു.സാമൂഹ്യനീതി വകുപ്പ് പെൻഷൻ കുടിശ്ശിക 740 കോടി രൂപയും ശമ്പള പരിഷ്കരണത്തിന്റേയും ഡി.എ. കുടിശ്ശികയുടേയും ബാധ്യത 16,000 കോടി രൂപയുമാക്കിവച്ചു. അഞ്ച് വർഷത്തിനുള്ളിൽ 80,000 കോടി രൂപയോളം വായ്പയെടുത്തു. ഇങ്ങനെ ഖജനാവ് കാലിയാക്കിക്കൊണ്ടാണ് കഴിഞ്ഞ അഞ്ച് വർഷം ഭരിച്ച യു.ഡി.എഫ്. സർക്കാർ കേരളത്തിലെ ഭരണം അവസാനിപ്പിച്ചത്. ഇച്ഛാശക്തിയോടുകൂടിയുള്ള ഭരണ നടപടികളിലൂടെ മാത്രമേ ഈ അവസ്ഥ തരണം ചെയ്യാൻ സാധിക്കൂ എന്ന് ദൃഢനിശ്ചയം ചെയ്തുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ഭരണ പ്രവർത്തനങ്ങളിലേയ്ക്ക് കടന്നത്. ഈ തിരിച്ചറിവോടെ ചുമതലയേറ്റ് നാല് മാസം തികയുന്നതിന് മുൻപുതന്നെ ജനകീയ പ്രശ്നങ്ങളെയാകെ തൊട്ടറിഞ്ഞുകൊണ്ട് എൽ.ഡി.എഫ്. സർക്കാർ ആവിഷ്കരിച്ച പ്രവർത്തന പദ്ധതികൾ നിരവധിയാണ്. സമ്പൂർണ്ണ പാർപ്പിടം, ഹരിത കേരളം, വിദ്യാഭ്യാസ ശാക്തീകരണം, ജനസൗഹൃദ സർക്കാർ ആശുപത്രികൾ, ആയിരം സ്കൂളുകളെ അന്താരാഷ്ട്ര നിലവാരമുള്ളതാക്കൽ, ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പ്രവർത്തനം എന്നിവയെല്ലാം എൽ.ഡി.എഫ്. സർക്കാരിന്റെ അഭംഗുരം മുന്നോട്ടുപോകാനുള്ള പ്രവർത്തന പദ്ധതികളാണ്. നാളെ നവംബർ ഒന്നാം തീയതി പിറക്കുമ്പോൾ കേരളം ഇന്ത്യയിൽ മറ്റൊരു കാര്യത്തിൽക്കൂടി ശ്രദ്ധേയമാകാൻ പോവുകയാണ്. സമ്പൂർണ്ണ വെളിയിട വിസർജ്ജനരഹിത സംസ്ഥാനമായി കേരളം മാറുകയാണ്. ഇന്ത്യയ്ക്കത് മാതൃകയാണ്. കേവലം നാല് മാസങ്ങൾകൊണ്ടാണ് സമ്പൂർണ്ണ വെളിയിട വിസർജ്ജനരഹിത കേരളമായി നാളെ മാറാൻ പോകുന്നത്. അതിന്റെ ഔപചാരികമായ ഉദ്ഘാടനം നാളെ നടക്കും. ഈ എൽ.ഡി.എഫ്. സർക്കാർ നാല് വർഷംകൊണ്ട് നേടുന്ന ഏറ്റവും വലിയ നേട്ടങ്ങളിൽ ഒന്നായി മാറുകയാണ് ഇത്.

നമ്മുടെ കേരളം ഒട്ടേറെ പ്രഖ്യാപനങ്ങൾ കേട്ടിട്ടുണ്ട്. ആ പ്രഖ്യാപനങ്ങളിൽനിന്നെല്ലാം വ്യത്യസ്തമായി ഇവിടെ കഴിഞ്ഞ ഒരു മാസത്തിനുമുൻപ് ഒരു പ്രഖ്യാപനം നടന്നു. ഈ നാല് പ്രവർത്തന പദ്ധതികൾ ഉദ്ഘാനം ചെയ്ത് പ്രവർത്തനം തുടങ്ങുന്നതിനുവേണ്ടി പ്രഖ്യാപിക്കുമ്പോൾ,

എന്താണ് പ്രശ്നമെന്നും പരിഹാരം എങ്ങനെയെന്നും വിഭവം എവിടെനിന്നെന്നും ആരാണ് നടപ്പാക്കേണ്ടതെന്നും ചുമതല ആർക്കൊക്കെയെന്നും കൃത്യമായ ദിശാബോധത്തോടുകൂടിയുള്ള പ്രഖ്യാപനമാണ് ഈ നാല് പ്രഖ്യാപനങ്ങളിലൂടെ ഉണ്ടായത്. അത് കേരളത്തിന് പുതിയൊരു അനുഭവമാണ്. ചുരുങ്ങിയ കാലംകൊണ്ട് ജനവിശ്വാസം നേടിയ എൽ.ഡി.എഫ്. സർക്കാരിനെതിരെ അവമതിപ്പ് ഉണ്ടാക്കുക, വാചക കസർത്തുകൾ നടത്താനുള്ള വേദിയാക്കി നിയമസഭാ വേദിയെ മാറ്റുക എന്നിങ്ങനെയുള്ള ഗൂഢ ശ്രമത്തിലേയ്ക്കാണ് പ്രതിപക്ഷം ഇപ്പോൾ എത്തിയിട്ടുള്ളത്. തുടക്കം മുതൽ സ്വാശ്രയ പ്രശ്നം ഉയർത്തിക്കൊണ്ടാണ് സർക്കാർ നിയമസഭയെ അഭിമുഖീകരിച്ചത്. സ്വാശ്രയ പ്രശ്നം എല്ലാവർക്കും അറിയാം. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടങ്ങളിൽനിന്നും വ്യത്യസ്തമായി ധാരാളം കുട്ടികൾക്ക് 25,000 രൂപ ഫീസ് നിരക്കിൽ അഡ്മിഷൻ കൊടുക്കാൻ ഏർപ്പാടുണ്ടാക്കി. 20 കോളേജുകളെ സർക്കാർ എഗ്രിമെന്റിൽ ഒപ്പുവച്ച് സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഫീസ് കൊണ്ടുവരാനുള്ള സൗകര്യമുണ്ടാക്കി. ഇതെല്ലാം മറച്ചു വച്ച് സ്വാശ്രയ പ്രശ്നമെന്ന പുകമറ സൃഷ്ടിച്ചുകൊണ്ട് പ്രതിപക്ഷം രംഗത്തു വന്നെങ്കിലും ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽനിന്നും കരാറിന് അംഗീകാരം ലഭിച്ചതോടുകൂടി പ്രതിപക്ഷം തളർന്നുപോയി. സ്വാശ്രയ പ്രശ്നത്തിൽ സ്വാശ്രയ മാനേജ്മെന്റുകൾ ഫീസ് കുറയ്ക്കുമെന്ന് പ്രചരിപ്പിച്ചു. യു.ഡി.എഫ്.-ലെ ചില മാനേജ്മെന്റുകളും യു.ഡി.എഫ്. ഘടകകക്ഷികളും ചേർന്ന് നടത്തിയ കള്ളക്കളി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും സർക്കാരിന്റേയും ശരിയായ ഇടപെടലോടെ പൊളിഞ്ഞുപോയി. അതോടുകൂടി സമരംതന്നെ ഇല്ലാതായി, മഷിക്കുപ്പി സമരമായി അധഃപതിച്ചു. നവരാത്രി പൂജ കഴിഞ്ഞാൽ ഞങ്ങളിവിടെ ശക്തമായ സമരം കൊണ്ടുവരുമെന്നു പ്രഖ്യാപിച്ച് പിരിഞ്ഞുപോയ യു.ഡി.എഫ്. നവരാത്രിപൂജ കഴിഞ്ഞതോടുകൂടി സ്വാശ്രയ പ്രശ്നം തന്നെ വിട്ടു. പിന്നീടവർ വ്യവസായ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ഇ.പി. ജയരാജനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുമെതിരായുള്ള പടയൊരുക്കത്തോടെ യാണ് ഈ നിയമസഭയിലേയ്ക്ക് വന്നത്. പൊതുമേഖലാ നിയമനവുമായി ബന്ധപ്പെട്ട് ബന്ധു ഉൾപ്പെട്ടു എന്ന കാരണത്തിൽ ഇവിടെ ചർച്ച വന്നപ്പോൾ ധാർമ്മികത ഉയർത്തിപ്പിടിച്ചുകൊണ്ടാണ് മുൻ വ്യവസായ വകുപ്പുമന്ത്രി സഖാവ് ഇ.പി. ജയരാജൻ മന്ത്രിസ്ഥാനം രാജി വച്ചത്. അതോടുകൂടി പ്രതിപക്ഷം കാറ്റുപോയ പോലെ ഒരു വാക്കുപോലും പറയാൻ പറ്റാത്ത സ്ഥിതിയിലെത്തി. കഴിഞ്ഞ അഞ്ച് വർഷക്കാലം അഴിമതി ഒന്നൊന്നായി പുറത്തു വന്നപ്പോൾ തെളിവ് ചോദിച്ചും ഖജനാവിന് നഷ്ടമില്ലെന്ന് വാദിച്ചും മനഃസാക്ഷി പറഞ്ഞും അധികാരത്തിൽ കടിച്ചുതൂങ്ങിയ പ്രതിപക്ഷം ശ്രീ. ഇ.പി. ജയരാജൻ ധാർമ്മികമായി ഈ സ്ഥാനം ഒഴിഞ്ഞതോടുകൂടി ആയുധമില്ലാത്ത സ്ഥിതിയിലേയ്ക്കെത്തി. യു.ഡി.എഫ്. അല്ല എൽ.ഡി.എഫ്. എന്ന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പ്രഖ്യാപിച്ചത് അക്ഷരാർത്ഥത്തിൽ യു.ഡി.എഫ്.-ന് ബോധ്യപ്പെട്ടു. ഇതോടുകൂടി

യു.ഡി.എഫ്.ന്റെ ആവനാഴികളിൽ അമ്പില്ലാതെയായി. യു.ഡി.എഫ്. ഭരണത്തിലെ ചില കട്ടും വെട്ടുകൾ, മുൻമന്ത്രി ശ്രീ. കെ. ബാബു ഉൾപ്പെടെയുള്ളവർ കുടുങ്ങുമെന്ന് ഉറപ്പായപ്പോൾ വിജിലൻസ് ഡയറക്ടർ ശ്രീ. ജേക്കബ് തോമസിനെതിരെ ചില ഉണ്ടയില്ലാവെടികളുമായി പ്രതിപക്ഷം രംഗത്തുവന്നു. ഇല്ലാത്ത നടപടികൾ റിപ്പോർട്ടുകളായി ചില കേന്ദ്രങ്ങളിൽ രംഗത്തുവന്നു. സർക്കാരിന്റെ നീതിപൂർവ്വകമായ നിലപാടിന്റെ മുന്നിൽ അതും ചീറ്റിപ്പോയി. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ ആദിവാസികളെ ആക്ഷേപിച്ചു എന്ന് വരുത്തിത്തീർക്കാനായിരുന്നു പിന്നീടുള്ള ശ്രമം. ആദിവാസി ക്ഷേമപ്രവർത്തനങ്ങൾക്ക് മുൻഗണന കൊടുത്തുകൊണ്ട് പ്രവർത്തിക്കുന്ന സഖാവ് എ. കെ. ബാലൻ തന്റെ പ്രസംഗത്തിൽ എന്തെങ്കിലുമൊരു ആക്ഷേപമുണ്ടോയെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുകൂടി ചേർന്ന് പരിശോധിച്ചോട്ടെയെന്നും താനതിന് തയ്യാറാണെന്നും വ്യക്തമാക്കിയതോടുകൂടി പ്രതിപക്ഷം അതിൽനിന്ന് പിൻവാങ്ങുന്ന ദയനീയമായ കാഴ്ചയാണ് ഇവിടെ കണ്ടത്.

അസത്യങ്ങളും അപവാദങ്ങളും ആയുധമാക്കി സർക്കാരിനെ താറടിക്കുക മാത്രമാണോ പ്രതിപക്ഷത്തിന്റെ കടമ എന്ന് പ്രതിപക്ഷം ആത്മപരിശോധന നടത്തണം. കേരളത്തിന്റെ മതനിരപേക്ഷത തകർത്ത് വർഗ്ഗീയ ശക്തികളുമായി കൂട്ടുകൂടുന്ന യു.ഡി.എഫ്.-ന്റെ ഈ നയം തിരുത്തണം. എൽ.ഡി.എഫ്. ഉയർത്തുന്നത് മാനവികതയാണ്. ബഹുമാന്യനായ എ. കെ. ആന്റണി തന്നെ കോൺഗ്രസിന്റെ കേരളത്തിലെ അവസ്ഥ അതിദയനീയമാണെന്ന് പറയുകയുണ്ടായി. വർഗ്ഗീയ ശക്തികളുമായി ഒളിഞ്ഞും തെളിഞ്ഞും നിങ്ങൾ കൂട്ടുകൂടുന്നു. എന്തിനേറെ പറയണം, തിരുവനന്തപുരത്ത് ഡി.പി.സി.യിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ ബി.ജെ.പി.-യെ ജയിപ്പിച്ചുകൊണ്ടാണ് നിങ്ങൾ ബി.ജെ.പി.യോടുള്ള കൂറ് പ്രഖ്യാപിച്ചത്. നേമം തെരഞ്ഞെടുപ്പിലും നിങ്ങൾ ബി.ജെ.പി.യെ ജയിപ്പിച്ചു. വർഗ്ഗീയ ശക്തികളുമായുള്ള കൂട്ടുകൂടൽ കോൺഗ്രസിന്റെ കഥ കഴിക്കും. ഇത് കോൺഗ്രസ് രഹിത ഇന്ത്യയാക്കി മാറ്റുമെന്ന ബി.ജെ.പി.യുടെ നയത്തിന് കുറേക്കൂടി ശക്തി പകരാനാണ് കോൺഗ്രസിന്റെ ഈ നയം ഉപകരിക്കുകയെന്ന് കേരളത്തിലെയും ഇന്ത്യയിലേയും ജനങ്ങൾ മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നു. അതുകൊണ്ട് നിങ്ങളിത് തിരുത്തണം. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കൈക്കൊള്ളുന്ന ജനക്ഷേമകരമായ പ്രവർത്തനങ്ങളെ ക്രിയാത്മകമായി നിങ്ങൾ സമീപിക്കണം. ജനകീയ പ്രശ്നങ്ങളുയർത്തുന്ന വേദിയായി ഈ നിയമസഭയെ മാറ്റണം. അല്ലാതെ അസത്യങ്ങളും അപവാദങ്ങളും വാചക കസർത്തുകളും നടത്തുന്ന ഒരു വേദിയാക്കി നിയമസഭയെ മാറ്റരുത്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നടത്തുന്ന വികസന പ്രവർത്തനങ്ങളോട് സർവ്വാത്മനാ സഹകരിക്കാൻ തയ്യാറാകണം.

12.00 pm]

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, ഏറ്റവും കുറഞ്ഞകാലം കൊണ്ട് ഏറ്റവും കൂടുതൽ ദുഷ്പ്പേര് കേൾപ്പിച്ച ഈ സർക്കാരിന്റെ ഉപധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുകയാണ്. പ്രതിപക്ഷത്തിന്റെ ജോലി എളുപ്പമാക്കി ക്കൊണ്ടാണ് ശ്രീ. കെ. വി. വിജയദാസ് ഇവിടെ സംസാരിച്ചത്. കഴിഞ്ഞ ആറ് മാസംകൊണ്ട് ഇടതുപക്ഷത്തിന്റെ ഭാഗത്ത് എന്തൊക്കെ കുറ്റങ്ങളും കുറവുകളുമുണ്ടായി എന്ന് അദ്ദേഹംതന്നെ ഇവിടെ പ്രഖ്യാപിച്ചതുകൊണ്ട് ഞങ്ങളുടെ ജോലി കുറെ സുഗമമായിരിക്കുകയാണ്. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളേയും നിരാശരാക്കിയാണ് ഈ ഭരണം മുന്നോട്ടുപോകുന്നത്. ആശ്രിത വത്സലനും ബന്ധു സ്നേഹികളും മാത്രമായ മന്ത്രിമാർ; പരസ്പര വിശ്വാസമില്ലാത്ത പോലീസ് മേധാവികൾ; വിജിലൻസിനെ ഭയപ്പെട്ട് ജീവിക്കുന്ന ഐ.എ.എസ്. ഉദ്യോഗസ്ഥർ; ഹൈക്കോടതിയിൽ അഭിഭാഷക-മാധ്യമ പ്രവർത്തക പോര്; നിരന്തരം നടന്നുകൊണ്ടിരിക്കുന്ന രാഷ്ട്രീയ കൊലപാതകങ്ങളിൽ ആശങ്കയോടെ ജീവിക്കുന്ന പൊതുജനം; അരിയില്ലാത്ത റേഷൻ കടകൾ; ശമ്പളം നിഷേധിക്കപ്പെട്ട അദ്ധ്യാപകർ; വെറും വാചക കസർത്തുകളിൽ മാത്രം ഒതുങ്ങുന്ന വികസന പ്രഖ്യാപനങ്ങൾ ഇങ്ങനെ നിരാശമാത്രം നൽകുന്നതാണ് ഈ ഭരണം. രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം തികച്ചും ഒരു ഊഷരഭൂമിയായി മാറിയ പാശ്ചാത്യ സമൂഹത്തെ മനസ്സിൽ കണ്ടാണ് മഹാനായ ആംഗലേയ കവി ടി.എസ്. എലിയറ്റ് 'ദി വേസ്റ്റ് ലാൻഡ്' എന്ന കവിത എഴുതിയത്. ഈ അഞ്ച് കൊല്ലത്തെ ഇടതുപക്ഷ ഭരണം തീരുമ്പോഴേയ്ക്ക് കേരളവും ഒരു ഊഷരഭൂമിയായിമാറും, അതിനെക്കുറിച്ച് എഴുതാൻ എലിയറ്റിനെപ്പോലെ മറ്റൊരു കവി ഉണ്ടാകും എന്ന് നമുക്ക് പ്രതീക്ഷിക്കാം. ഇക്കഴിഞ്ഞ അഞ്ച് മാസത്തെ ഭരണംകൊണ്ട് ഏതു മേഖലയിലാണ് സർക്കാരിന് നേട്ടമുണ്ടാക്കാൻ കഴിഞ്ഞത്; പൊതുമേഖലാ സ്ഥാപനങ്ങളുടെ തലപ്പത്ത് നേതാക്കളുടെയും ബന്ധുക്കളുടേയും പൊന്നുമക്കളെ പ്രതിഷ്ഠിച്ചതാണോ ഈ സർക്കാരിന്റെ നേട്ടം? ഇടതുപക്ഷത്തോട് അനുഭാവം പുലർത്തുന്ന ഒരു പത്രത്തിന് പോലും ഇതിൽ സഹികെട്ട് 'മക്കളേ, പൊതുമേഖലയെ പൊന്നുപോലെ നോക്കണേ' എന്ന തലക്കെട്ടോടെ വാർത്ത കൊടുക്കേണ്ടിവന്നു. കേരളത്തിലെ തൊഴിൽരഹിതരായ പതിനായിരക്കണക്കിന് യുവജനങ്ങൾ പ്രതീക്ഷയോടെ കാണുന്ന, നമ്മുടെ സംസ്ഥാനത്തെ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലായ വ്യവസായ വകുപ്പിന് സ്വന്തമായി ഒരു മന്ത്രിപോലുമില്ല എന്നതിൽപ്പരം നാണക്കേട് വേറെയുണ്ടോ? സംസ്ഥാനത്തെ ടെക്സ്റ്റൈൽ മില്ലുകൾ മുഴുവൻ അടച്ചു പൂട്ടുകയാണ്. ഏറ്റവും ഒടുവിൽ എന്റെ നിയോജകമണ്ഡലത്തിലെ എടരിക്കോട് സ്പിന്നിംഗ് മില്ലും ലേ ഓഫ് ചെയ്തിരിക്കുകയാണ്. ഈ മേഖലയിൽ

ആയിരക്കണക്കിന് തൊഴിലാളികളാണ് തൊഴിലില്ലാതെ പട്ടിണിയിലായിരിക്കുന്നത്. തൊഴിലിനിടയിൽ മരണപ്പെട്ടുപോയിട്ടുള്ള തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നൽകാൻപോലും ഈ സർക്കാരിന് സാധിച്ചിട്ടില്ല. ഇടതുപക്ഷം ഭരിക്കുമ്പോൾ മനുഷ്യന്റെ തലയ്ക്കും, തെങ്ങിന്റെ കുലയ്ക്കും രക്ഷയുണ്ടാകില്ലെന്ന് മഹാനായ സി.എച്ച്. മുഹമ്മദ് കോയ സാഹിബ് വർഷങ്ങൾക്കുമുൻപ് ഈ നിയമസഭയിൽ വച്ച് പറഞ്ഞിട്ടുണ്ട്. ആ വാക്കുകൾ ഞാൻ ഓർക്കുന്നു. വർഷങ്ങൾ ഏറെ കഴിഞ്ഞിട്ടും സി.പി.ഐ.(എം) അറുകൊല രാഷ്ട്രീയത്തിൽ നിന്ന് പിൻമാറിയിട്ടില്ല. മനുഷ്യന്റെ തലയറുത്ത് ഒപ്പത്തിനൊപ്പം എത്താൻ ശ്രമിക്കുന്ന ബി.ജെ.പി.യും ഉണ്ട് അപ്പുറത്ത്. കണ്ണൂരിലെ രാഷ്ട്രീയ കൊലപാതകങ്ങളിൽ കൊല്ലപ്പെട്ടവരെക്കുറിച്ചുള്ള പഠന റിപ്പോർട്ട് എല്ലാവരുടേയും കണ്ണ് തുറപ്പിക്കുന്നതാണ്. ഇരു പാർട്ടിക്കാരിലും കൊല്ലപ്പെട്ടവരിൽ 70 ശതമാനവും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും ശരാശരി 18-നും 38-നും ഇടയ്ക്ക് പ്രായമുള്ളവരുമാണെന്നതാണ് വസ്തുത. ഇതിൽ 5.33 ശതമാനം പ്രൈമറി വിദ്യാഭ്യാസം നേടിയവരും ബാക്കിയുള്ളവർ ഹൈസ്കൂൾ വിദ്യാഭ്യാസം മാത്രമുള്ളവരുമാണ്. സ്വന്തം മക്കളേയും ബന്ധുക്കളേയും ഉന്നത ഉദ്യോഗങ്ങളിൽ കുടിയിരുത്തുവാൻ ശ്രമിക്കുന്ന സി.പി.എം. നേതാക്കൾ കണ്ണൂരിലെ പാവപ്പെട്ട പാർട്ടിപ്രവർത്തകർക്ക് വിദ്യാഭ്യാസവും തൊഴിലും നൽകാതെ, കൊല്ലാനും കൊല്ലപ്പെടാനും നിയോഗിക്കുകയാണ്. എത്ര മനുഷ്യത്വരഹിതവും കാടത്തവും നിറഞ്ഞ നടപടിയാണിത്. പയ്യന്നൂരിൽ ഒറ്റ രാത്രികൊണ്ട് മണിക്കൂറുകളുടെ വ്യത്യാസത്തിൽ രണ്ടു പേരെയാണ് വെട്ടിക്കൊന്നത്. രാത്രി 10.30-ന് ഒരു സി.പി.ഐ. (എം) പ്രവർത്തകൻ കൊല്ലപ്പെട്ടു, 12.30-ന് ബി.ജെ.പി.-ക്കാരനെ കൊന്ന് പകരം വീട്ടി. കേരളം ഒരു ഭ്രാന്താലയമാണെന്ന് ഉറക്കെ പറയാൻ സ്വാമി വിവേകാനന്ദൻ വരേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസ രംഗത്ത് എന്തുമാറ്റമാണ് ഈ സർക്കാർ കൊണ്ടുവന്നത്? അനാദായകരമായ സ്കൂളുകൾ മുഴുവൻ ഏറ്റെടുക്കുമെന്ന് വീരവാദം മുഴക്കിയ സർക്കാരിന്റെ സ്കൂൾ ഏറ്റെടുക്കൽ പരിപാടി എങ്ങുമെത്താതെ നിൽക്കുകയാണ്. അടച്ചു പൂട്ടിയ നാല് എയ്ഡഡ് സ്കൂളുകൾ ഏറ്റെടുക്കുമെന്ന പ്രഖ്യാപനവും കഴിഞ്ഞ ജൂലൈ 27 മുതൽ ഈ സ്കൂളുകൾ പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിലാകുമെന്ന വിധത്തിൽ പുറത്തിറക്കിയ വിജ്ഞാപനവും തിരുത്തേണ്ട അവസ്ഥയാണ്. നഷ്ടപരിഹാരത്തിന്റെ കാര്യത്തിൽ ധാരണയാകുന്ന മുറയ്ക്ക് ഈ സ്കൂളുകൾ സർക്കാരിൽ നിഷിപ്തമാകുമെന്നാണ് പുതിയ ഉത്തരവ്. എന്നാൽ ഇക്കാര്യത്തിൽ കളക്ടർമാരും സ്കൂൾ മാനേജർമാരുമായി കാര്യമായ ഒരു ചർച്ചപോലും നടത്തിയിട്ടില്ല. ഫലത്തിൽ ഈ നാലു സ്കൂളുകൾപോലും സർക്കാർ ഏറ്റെടുത്തിട്ടില്ല. പിന്നെയെന്തിനാണ് ഈ സ്കൂളുകൾ സർക്കാർ ഏറ്റെടുത്തു എന്നുപറഞ്ഞ് നാട്ടുകാരെ

കബളിപ്പിക്കുന്നത്; നാലു സ്കൂളുകൾ ഏറ്റെടുക്കാൻ കഴിയാത്തവരാണോ സംസ്ഥാനത്ത് അനാദായകരം എന്ന് വിശേഷിപ്പിക്കപ്പെടുന്ന 360-ലധികം വരുന്ന സ്കൂളുകൾ ഏറ്റെടുക്കാൻ പോകുന്നത്; പൊതുജനങ്ങളെ ഇങ്ങനെ വിഡ്ഢികളാക്കാമോ? സ്വാശ്രയ പ്രശ്നത്തിൽ വിദ്യാർത്ഥികളുടെ എല്ലാ താൽപ്പര്യങ്ങളും ബലികഴിച്ചു കൊണ്ടുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചത്. പണമുള്ളവന് പഠിക്കാൻ സൗകര്യം ഒരുക്കിക്കൊടുക്കുന്ന ഈ സർക്കാരാണോ, പാവപ്പെട്ടവന്റെ സർക്കാർ. All are equal, but some are more equal എന്ന് അനിമൽ ഫാം എന്ന നോവലിൽ ജോർജ്ജ് ഓർവൽ പണ്ടത്തെ സോവിയറ്റ് റഷ്യയെ കളിയാക്കിയിട്ടുണ്ട്. ഇവിടത്തെ കമ്മ്യൂണിസ്റ്റ് സർക്കാരും more equal ആയ ആളുകളെ സൃഷ്ടിക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ക്രമസമാധാന രംഗം ഇത്രയും തകർന്ന ഒരു കാലം മുൻപ് ഉണ്ടായിട്ടുണ്ടോ, മനഃസാക്ഷിയുള്ളവരെ മുഴുവൻ കരയിച്ച സൗമ്യാവധക്കേസിൽ ഈ സർക്കാർ സുപ്രീം കോടതിയിൽ ശരിയായ രീതിയിൽ കേസ്സു നടത്താത്തതിനാൽ ഗോവിന്ദച്ചാമിക്ക് കൊലക്കയറിൽ നിന്നും രക്ഷപ്പെടാനുള്ള സാഹചര്യമുണ്ടായി. അദ്ദേഹത്തിനുവേണ്ടി പ്രതിഫലംകൂടിയ വക്കീലിനെ ഏർപ്പാടാക്കിയത് മയക്കുമരുന്ന് മാഫിയയാണ് എന്നാണ് പറയുന്നത്. അതേ മാഫിയതന്നെ ഈ സർക്കാരിനേയും വിലയ്ക്കു വാങ്ങിയോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ജിഷ വധക്കേസ്സിലും ഇത് ആവർത്തിക്കുമോ എന്ന ആശങ്കയിലാണ് കേരളം. എസ്.ഡി.പി.ഐ. പ്രവർത്തകരാൽ കൊല്ലപ്പെട്ട നസറുദീൻ, സി.പി.ഐ.(എം) പ്രവർത്തകരാൽ കൊല്ലപ്പെട്ട അസ്ലം എന്നീ യൂത്ത് ലീഗ് പ്രവർത്തകരുടെ കൊലപാതകത്തിൽ പങ്കാളികളായ മുഴുവൻ പേരെയും ഇതുവരെ നിയമത്തിന് മുൻപിൽ കൊണ്ടുവരാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല.

സംസ്ഥാനത്തെ റേഷൻ വിതരണം ആകെ താറുമാറായിക്കഴിഞ്ഞു, റേഷൻ വ്യാപാരികൾ സെക്രട്ടേറിയറ്റ് മാർച്ച് നടത്തി. ഇനി അരി കിട്ടാതെ പട്ടിണിയായി പോകുന്ന സാധാരണക്കാർ വന്ന് സെക്രട്ടേറിയറ്റ് വളയുന്ന കാലം അതിവിദൂരമല്ലായെന്നുകൂടി നമ്മൾ ഓർക്കേണ്ടതുണ്ട്.

മുൻ ഇടതുപക്ഷ സർക്കാർ അനുവദിച്ച ഹയർ സെക്കന്ററി സ്കൂളുകളിലെ തസ്തികകളും അതിനുശേഷം വന്ന യു.ഡി.എഫ്. സർക്കാർ അനുവദിച്ച ഹയർ സെക്കന്ററി സ്കൂളുകളിലെ തസ്തികകളും യു.ഡി.എഫ്. സർക്കാർ തന്നെ അംഗീകരിച്ചു. 2014-15 അദ്ധ്യയന വർഷം യു.ഡി.എഫ്. സർക്കാർ അനുവദിച്ച പുതിയ സ്കൂളുകളിലെയും അധിക ബാച്ചുകളിലെയും തസ്തികകൾ അംഗീകരിക്കുന്നതിനുള്ള എല്ലാ നടപടികളും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പൂർത്തീകരിച്ചിട്ടും

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ അനുവദിച്ച ഈ തസ്തികകൾ അംഗീകരിക്കാതെ കുട്ടികളുടെ പഠനം അവതാളത്തിലാക്കുകയാണ്. സ്ഥിരമായ അദ്ധ്യാപക നിയമനങ്ങൾ നടത്താൻ ഇതുവരെ ഗവൺമെന്റ് ഉത്തരവുകളിറക്കാത്തതു കൊണ്ടുള്ള പ്രയാസമാണ് ഈ മേഖലയിലുള്ളത്. കഴിഞ്ഞ 5 വർഷത്തെ യു.ഡി.എഫ്. ഭരണത്തിൽ റിക്കാർഡ് സൃഷ്ടിച്ചുകൊണ്ട് 1 മുതൽ 12 വരെയുള്ള മുഴുവൻ ക്ലാസ്സുകളിലേയും പാഠപുസ്തകങ്ങൾ പരിഷ്കരിക്കുകയുണ്ടായി. ആ പാഠപുസ്തകങ്ങളെ ക്കുറിച്ച് ഒരു ആക്ഷേപമോ വിമർശനമോ ഒരു കോണിൽ നിന്നും ഉയരുക യുണ്ടായില്ല. പക്ഷേ ഇപ്പോൾ ഈ ഗവൺമെന്റ് വീണ്ടും പാഠ്യപദ്ധതി പരിഷ്കരണം കൊണ്ടുവരാൻ ആലോചിക്കുകയാണ്. പരിഷത് പ്രവർത്തകരുടെ മേൽനോട്ടത്തിൽ പാഠ്യപദ്ധതി അട്ടിമറിക്കാനുള്ള നീക്കങ്ങളാണ് ഇപ്പോൾ നടക്കുന്നത്. ഏകപക്ഷീയമായ വിദ്യാഭ്യാസ പരിഷ്കാരങ്ങളാണ് മുൻപത്തെ എൽ.ഡി.എഫ്. സർക്കാരിനെതിരെ ജനരോഷമുണ്ടാക്കിയത് എന്ന കാര്യം ഓർമ്മവേണം. ആ സമയത്താണ് ഇവിടെ മതമില്ലാത്ത ജീവൻ എന്ന പാഠപുസ്തകത്തെ സംബന്ധിച്ചും അതുപോലെ മഹാത്മജിയെ തവളയാക്കിക്കൊണ്ടുള്ള പടങ്ങളുമൊക്കെ പാഠപുസ്തകങ്ങളിൽ വന്നത് എന്ന് ആരും മറന്ന പോയിക്കാണില്ല. 'സ്കോൾ കേരള'യുടെ ഹെഡ്ഡ് ഓഫീസ് കോഴിക്കോട് നിന്നും മാറ്റാനും മലപ്പുറം ഉപകേന്ദ്രം നിർത്തലാക്കാനുമുള്ള നീക്കങ്ങളും അണിയറയിൽ നടക്കുകയാണ്. സ്കോൾ കേരളയിൽ രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികളിൽ 75 ശതമാനവും മലബാർ മേഖലയിൽ നിന്നാണ്. അവർക്ക് സൗകര്യത്തിനുവേണ്ടിയാണ് കോഴിക്കോട് ഹെഡ്ഡാഫീസാക്കാനും മലപ്പുറത്ത് നേരത്തേയുള്ള റീജിയണൽ ഓഫീസ് തുടരാനും കഴിഞ്ഞ ഗവൺമെന്റ് തീരുമാനിച്ചത്. എന്നാൽ അടച്ചുപൂട്ടിയ സ്കൂളുകൾ നടത്താൻ ശ്രമിക്കുന്നതിനുപകരം അത് നീട്ടിക്കൊണ്ടുപോകുകയും മേഖലാ കേന്ദ്രവും അതുപോലെ ഹെഡ്ഡാഫീസും എല്ലാം ധൃതിപിടിച്ച് മാറ്റാൻ ശ്രമിക്കുകയും ചെയ്യുന്നത് രാഷ്ട്രീയ ലക്ഷ്യങ്ങൾ വച്ചുകൊണ്ടാണ്. അതുകൊണ്ട് ആ നീക്കങ്ങൾ ഉപേക്ഷിക്കുവാൻ ഗവൺമെന്റ് തയ്യാറാകണം. ഈ ഗവൺമെന്റ് വന്നതിനുശേഷം സ്കോൾ കേരള രൂപീകരിച്ച് ആദ്യ കൗൺസിൽ കഴിഞ്ഞതിനുശേഷം അതിന്റെ നിയമാവലിയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾക്ക് വിരുദ്ധമായി 28 ഓളം പേരെ പിൻവാതിലിൽ കൂടി നിയമിക്കാനും തയ്യാറായിട്ടുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

സർക്കാർ വകുപ്പുകൾ തമ്മിലുള്ള ശീതസമരമാണ് ഇവിടെ നടക്കുന്നത്. വിദ്യാഭ്യാസ വകുപ്പും ധനകാര്യവകുപ്പും തമ്മിലുള്ള ശീതസമരത്തിൽ 4000 ത്തിലേറെ അദ്ധ്യാപകർക്ക് ശമ്പളമില്ലാതായിട്ട് കാലങ്ങളായി. കോടിക്കണക്കിന് രൂപയുടെ പദ്ധതികൾ കിഫ്ബിയിലൂടെ പ്രഖ്യാപിക്കുമ്പോഴും

ശമ്പളം നൽകാൻ അതിന്റെ ആയിരത്തിലൊരു അംശം മാത്രം വേണ്ടുന്ന ഇവർക്ക് അത് നൽകാൻ ഗവൺമെന്റ് തയ്യാറാകുന്നില്ല. പല അദ്ധ്യാപക സംഘടനകളുടേയും നേതാക്കന്മാരും, അദ്ധ്യാപകരും സെക്രട്ടേറിയറ്റിലും നിയമസഭയിലുമൊക്കെ വന്ന് എം.എൽ.എ. മാരെ കണ്ടുകൊണ്ടിരിക്കുന്ന ഒരു അവസ്ഥയാണ് ഇന്ന് കാണാൻ കഴിയുന്നത്. നമ്മുടെ സംസ്ഥാനത്തിന് വലിയ വലിയ പദ്ധതികളും അതിനാവശ്യമായ ഫണ്ടും ഉണ്ടാകണം, കിഫ്ബി പോലുള്ള കാര്യങ്ങളും വളരെ നല്ലതാണ്, അതേ അവസരത്തിൽ നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങൾ പ്രത്യേകിച്ച് വിദ്യാഭ്യാസമേഖലയിൽ യഥാവിധി നടക്കാൻ വേണ്ടിയുള്ള പരിശ്രമങ്ങൾകൂടി എല്ലാ വകുപ്പുമന്ത്രിമാരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

<u>ശ്രീ. ഇ. കെ. വിജയൻ</u> : സർ, ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ നാലുമാസം മുമ്പ് പുതിയ ഗവൺമെന്റ് കേരളത്തിൽ നിലവിൽ വരുന്നതിനുമുമ്പുള്ള സാമ്പത്തിക-സാമൂഹിക-രാഷ്ട്രീയ സാഹചര്യങ്ങളെക്കുറിച്ചൊക്കെ ഈ സഭയ്ക്കകത്ത് ഏറെ തവണ പ്രതിപാദിക്കപ്പെട്ടുകഴിഞ്ഞു. എന്നാൽ സാമ്പത്തികമായി അങ്ങേയറ്റം തകർന്ന് തരിപ്പണമായ ഒരു സാഹചര്യത്തിലാണ് തെരഞ്ഞെടുപ്പ് നടന്നത്. കഴിഞ്ഞ സർക്കാരിൽനിന്നും തികച്ചും വ്യത്യസ്തമായ സാമ്പത്തിക രാഷ്ട്രീയ നിലപാട് സ്വീകരിക്കുമെന്ന് ജനങ്ങളോട് പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി ഈ സർക്കാർ അധികാരത്തിൽ വന്നത്. അതിനനുസരിച്ച് മുൻഗണന നൽകിക്കൊണ്ടുള്ള പദ്ധതികൾ നടപ്പാക്കാൻ തയ്യാറായ ഒരു ബഡ്ജറ്റാണ് ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രി ഡോ. തോമസ് ഐസക് ഇവിടെ അവതരിപ്പിച്ചത്. സ്വാഭാവികമായും ഇത്തരമൊരു സാഹചര്യത്തിൽ ബഡ്ജറ്റവതരിപ്പിക്കുകയെന്നത് തന്നെ ഏറെ പ്രയാസമുള്ള കാര്യമാണ്. സാമ്പത്തിക രംഗത്ത് അത്രയേറെ അരാജകത്വവും വികസന മുരടിപ്പും സൃഷ്ടിച്ചുകൊണ്ടിരുന്ന ഒരു സാഹചര്യമായിരുന്നു. കഴിഞ്ഞ ഗവൺമെന്റിൽ നിന്നും വിഭിന്നമായി ഒരു ജനപക്ഷപാത സമീപനമായിരിക്കും ഈ ഗവൺമെന്റിനുള്ളത്. അതിന്റെ ഭാഗമായാണ് കേരളത്തിലെ ലക്ഷക്കണക്കിന് വരുന്ന പാവപ്പെട്ട മനുഷ്യർ, അമ്മൂമ്മമാർ, കാരണവന്മാർ ഉൾപ്പെടെയുള്ളവർക്ക് പെൻഷൻ ലഭിക്കാതെ വേഴാമ്പലിനെപ്പോലെ കാത്തിരുന്ന കാലയളവിന് അറുതി വരുത്തിക്കൊണ്ട്, ഒരു മാസത്തെ പെൻഷൻ അഡ്വാൻസ് നൽകിക്കൊണ്ടാണ് അവർക്ക് പണം നൽകാൻ ഈ ഗവൺമെന്റ് തീരുമാനമെടുത്തത്. മാത്രമല്ല ആ പണം ഓണം, ബക്രീദ് ആഘോഷിക്കുന്ന നാളുകളിൽ അവരുടെ വീടുകളിൽ എത്തിച്ചുകൊടുത്തു. കേരളത്തിലാകമാനം സന്തോഷത്തിന്റെ വേലിയേറ്റമാണ് എല്ലാ വീടുകളിലുമുണ്ടായത്. ചില വീടുകളിൽ അതിന്റെ ആഘോഷംതന്നെയുണ്ടാകുന്ന സാഹചര്യമുണ്ടായി. ജനപക്ഷ സമീപനത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ഗവൺമെന്റ് അധികാരത്തിലേറിയതെന്നതിന്റെ ചൂണ്ടുപലകയാണ് അത് സൂചിപ്പിക്കുന്നത്. 1991-ൽ നടപ്പിലാക്കിയ സാമ്പത്തിക പരിഷ്കരണത്തെത്തുടർന്നാണ് ഇന്ത്യയിലാകമാനം സാമ്പത്തിക

തകർച്ചയുണ്ടായത്. അത് നമ്മുടെ സംസ്ഥാനത്തെയും ഏറെ ബാധിച്ചു. എന്നാൽ ഇന്ന് ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര ഗവൺമെന്റ് അതിനേക്കാൾ വേഗതയിൽ ആ നയം നടപ്പിലാക്കുന്നതിനുള്ള നിലപാടുകൾ, കോർപ്പറേറ്റുകൾക്ക് പൂർണ്ണമായും അടിയറവ് വച്ചുകൊണ്ട് മുന്നോട്ട് പോകുന്ന നിലപാടാണ് സ്വീകരിക്കുന്നത്. അത്തരമൊരു സാഹചര്യത്തിലാണ് കേരളത്തിലെ ഗവൺമെന്റിന് ഈ പ്രതിസന്ധികളെയെല്ലാം തരണംചെയ്തുകൊണ്ട് മുന്നോട്ട് പോകേണ്ട സാഹചര്യം വരുന്നത്. കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ തന്നെ ഉലയ്ക്കുന്ന നിലപാടിലേയ്ക്കാണ് പുതിയ കേന്ദ്ര ഗവൺമെന്റ് പോകുന്നതെന്നതാണ് ഇന്നത്തെ ഒരവസ്ഥ. തീർച്ചയായും അതിനെതിരെ രാജ്യത്തിലെ ജനങ്ങളുടെ യോജിച്ച ഒരു സമരനിര അണിനിരക്കേണ്ടത് അനിവാര്യമാണ്. കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്ന പ്രശ്നങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് ഈ ജനവിരുദ്ധ നയങ്ങളാൽ നടപ്പിലാകുന്ന പ്രശ്നങ്ങളൊക്കെതന്നെ ജനങ്ങൾ ഏറ്റെടുക്കണമെന്ന നിലപാടാണ് തുടർന്നുവരുന്ന കേന്ദ്രഗവൺമെന്റുകൾ സ്വീകരിക്കുന്നത്. ആ വെല്ലുവിളി ഏറ്റെടുത്തുകൊണ്ട് ജനപക്ഷ സമീപനങ്ങളുമായി കമ്പോളത്തിൽ എങ്ങനെ ഇടപെടാമെന്നും ജീവിത പ്രശ്നങ്ങൾക്ക് എങ്ങനെ പരിഹാരം കാണാൻ കഴിയുമെന്നുമുള്ള സമീപനം സ്വീകരിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. തീർച്ചയായും ഇതൊക്കെ നടപ്പിലാക്കണമെങ്കിൽ ചില നിലപാടുകൾ സ്വീകരിക്കേണ്ടതുണ്ടെന്ന് അനുഭവത്തിന്റെ അടിസ്ഥാനത്തിൽ സൂചിപ്പിക്കട്ടെ. കഴിഞ്ഞ ഗവൺമെന്റിന്റെ കാലയളവിൽ പൊതുമരാമത്തുവകുപ്പുമായി ബന്ധപ്പെട്ട ഒരു റോഡിന്റെ പുനർനിർമ്മാണത്തിന് ഭരണാനുമതിക്ക് പോയപ്പോൾ അന്നത്തെ പി.ഡബ്ല്യൂ.ഡി. സെക്രട്ടറി ഈ റോഡ് വനവുമായി ബന്ധപ്പെട്ടതാണോയെന്ന് ചോദിച്ചുകൊണ്ട് താഴേയ്ക്ക് ഒരു കുറിപ്പ് കൊടുക്കുകയാണ്. നാൽപ്പത്തിയഞ്ചു വർഷമായി പൊതുമരാമത്തു വകുപ്പിന്റെ കീഴിലുള്ള റോഡാണെന്ന് പൊതുമരാമത്തു സെക്രട്ടറിക്കും വകുപ്പിനുമറിയാം. എന്നാൽ അങ്ങനെയൊരു ചോദ്യം ചോദിച്ചതിന്റെ ഭാഗമായി റോഡ് പരിഗണിക്കാതെ വന്നു. ഞാൻ ഒരു വകുപ്പിന്റെ കാര്യമാണ് പറഞ്ഞതെങ്കിലും എല്ലാ വകുപ്പുകളുടേയും പ്രശ്നമിതാണ്. ഒരു വിഷയം കൈകാര്യം ചെയ്യണമെങ്കിൽ നാൽപ്പത്തിയഞ്ച് ടേബിളുകളിലൂടെ കടന്നുപോകേണ്ടതുണ്ട്. ഇന്നത്തെ പരിഷ്കൃത സമൂഹത്തിൽ, ഈ ജനാധിപത്യ പ്രക്രിയയിൽ അതിനെ എങ്ങനെ ലഘൂകരിച്ച് മുന്നോട്ട് പോകാൻ കഴിയുമെന്ന് തീരുമാനിച്ചാലേ ഇച്ഛാശക്തിയോടുകൂടി ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റുകൾ നടപ്പിലാക്കിയെടുക്കാൻ കഴിയുകയുള്ളൂ. അത് കുടിവെള്ളത്തിന്റെ പ്രശ്നമാകാം, മനുഷ്യ ജീവിതത്തിന്റെ പ്രശ്നമാകാം. അത് മനസ്സിലാക്കിയാണ് ബഹുമാന്യനായ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്ത് ഈ ഫയലുകളിലെല്ലാം കണ്ണുനീരിന്റെ കഥകളാണുള്ളത്, അത് പരിഹരിക്കാൻ സമയബന്ധിതമായി ഇടപെടണമെന്ന് സൂചിപ്പിച്ചത്. ഞാനെന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് നേരത്തെ ഈ വിഷയം ഇവിടെ സൂചിപ്പിച്ചത്. ഗവൺമെന്റിന്റെ പ്രഖ്യാപിത നയമാണ് പൊതു വിദ്യാഭ്യാസം ശക്തിപ്പെടുത്തുകയെന്നത്. കഴിഞ്ഞ

ഗവൺമെന്റിന്റെ പിടിപ്പുകേടുകൊണ്ടാണ് അവർ തയ്യാറാക്കിയ ഇക്കണോമിക്, അൺഇക്കണോമിക് പരിധി നിശ്ചയിച്ചുകൊണ്ട്, വിദ്യാഭ്യാസ സ്ഥാപനങ്ങൾ ലാഭകച്ചവട മേഖലയാണെന്ന് കണ്ടുകൊണ്ട്, അത് നഷ്ടത്തിലേയ്ക്ക് പോകുന്നു എന്ന് കണ്ടുകൊണ്ട് അടച്ചുപൂട്ടുന്ന നിലപാട് സ്വീകരിച്ചത്. അതിന്റെ ഭാഗമായാണ് എയ്ഡഡ് മാനേജർമാർ പൊന്നുംവിലയ്ക്ക് സ്ഥലം വിൽപ്പന നടത്തുന്നതിനുള്ള അവസരമാക്കി ഇതിനെ മാറ്റുന്ന സാഹചര്യം ഉണ്ടായത്. കോടതിയിൽ കോഴിക്കോട് സ്കൂൾ മാനേജർമാർക്ക് അനുകൂലമായ വിധിയുണ്ടാകുന്ന സാഹചര്യം ഉണ്ടായപ്പോഴാണ് ഇത്തരം പ്രശ്നങ്ങളുണ്ടായത്. അതിൽനിന്നും കേരളത്തെ പുറകോട്ട് കൊണ്ടുപോകുവാൻ ജനങ്ങളോടൊപ്പം ജനങ്ങളെ ചേർത്തുകൊണ്ട്, ജനങ്ങളുടെ സഹായത്തോടുകൂടി ഈ പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്താനുള്ള നിലപാടുകളാണ് വിദ്യാഭ്യാസ വകുപ്പും കേരള ഗവൺമെന്റും സ്വീകരിച്ചത്. അതിന് ഇന്ന് വലിയ പിൻതുണയാണ് വിവിധ മേഖലകളിൽനിന്നും രക്ഷിതാക്കളിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്നത്. ആ നിലയിലേയ്ക്ക് പോകണമെന്ന ആഗ്രഹമല്ലേ ഈ നാട്ടിലെ സാധാരണ രക്ഷിതാക്കളുടെ ഭാഗത്തുനിന്നും ജനപ്രതിനിധികളുടെ ഭാഗത്തുനിന്നും ഉയർന്നുവരുന്നത്. വിദ്യാഭ്യാസത്തിന്റെ ശക്തിയെന്ന് പറഞ്ഞാൽ നമ്മുടെ രാജ്യത്തിന്റെ മതേതരമൂല്യം നിലനിർത്തുകയെന്നതാണ്. പൊതുവിദ്യാഭ്യാസത്തിലൂടെ പഠിക്കുന്ന വിദ്യാർത്ഥിയിലാണ് 'എന്റെ നാട് ' 'എന്റെ വിദ്യാലയം' 'എന്റെ അദ്ധ്യാപകൻ' എന്ന ചിന്ത ഉയർന്നു വരുന്നത്. മറ്റിതര സ്ഥാപനങ്ങൾ നടത്തുന്നവർ ആ വിദ്യാർത്ഥികളെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. അവർ കാണുന്നത് അവിടെ പഠിക്കുന്ന, അവരോടൊപ്പം നിൽക്കുന്ന സഹപാഠികളെയാണ്. അത് നമ്മുടെ മതേതര മൂല്യങ്ങൾക്ക് സഹായകരമല്ല. അതുകൊണ്ടാണ് പൊതുവിദ്യാഭ്യാസത്തിന് ഊന്നൽ നൽകുന്ന നിലയിലേയ്ക്കും ഗവൺമെന്റ് സ്കൂളുകളെ അന്തർദ്ദേശീയ നിലവാരങ്ങളിലേയ്ക്ക് മാറ്റാനുള്ള കാൽവയ്പ്പ് വച്ചുകൊണ്ട് നൂറ് വിദ്യാലയങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ടുള്ള ഒരു നിലപാട് സ്വീകരിച്ചിട്ടുള്ളത്. ഇത് 1957-ൽ തുടക്കം കുറിച്ചപ്പോഴും ഇതിനെതിരെയുള്ള ശബ്ദങ്ങളുയർന്നതിനെക്കുറിച്ച് നമുക്കോർമ്മയുണ്ട്. അതിന്റെ ഭാഗമായാണ് എല്ലാ ജാതി-മത സംഘടനകളേയും ചേർത്തുകൊണ്ട് ആ ഗവൺമെന്റിനെ താഴെയിറക്കാൻ ജനാധിപത്യവിരുദ്ധ നിലപാടുകൾ അന്ന് സ്വീകരിച്ചതെന്ന കാര്യം കേരളം വിസ്മരിക്കരുത്.

കാർഷിക സമ്പദ്ഘടന ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി ആ രംഗത്ത് ഏറെ മുന്നോട്ട് പോകുന്ന സമീപനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. കരകൃഷിയായാലും നെൽവയലുകൾ സംരക്ഷിക്കുന്ന കാര്യത്തിലായാലും ജൈവ കൃഷിയിലൂടെ വരുംതലമുറയുടെ ആരോഗ്യ സംരക്ഷണം നമ്മുടെ ബാധ്യതയാണെന്ന് കണ്ടുകൊണ്ട് ആ നിലയിലേയ്ക്ക് പോകാനുള്ള സമീപനം കൈക്കൊണ്ടിട്ടുണ്ട്.

ഭക്ഷ്യ വകുപ്പുമായി ബന്ധപ്പെട്ട് ഒട്ടേറെ പ്രശ്നങ്ങൾ ഇന്ന് നാട്ടിലുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ദേശീയ ഭക്ഷ്യ സുരക്ഷാനിയമം നടപ്പിലാക്കാൻ കാലതാമസം വരുത്തിയതുകൊണ്ട്, റേഷൻ കാർഡുകൾ പുതുക്കുന്ന നിലപാടുകൾ മാറ്റി വച്ചുകൊണ്ട് കുറ്റമറ്റ രീതിയിൽ പ്രയോറിറ്റി ലിസ്റ്റ് തയ്യാറാക്കാൻ ഈ സഭ ആവശ്യപ്പെട്ടതനുസരിച്ച് അതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നവംബർ 5-ാം തീയതി വരെ തീയതി നീട്ടിയിട്ടുണ്ട്. എങ്കിൽപ്പോലും അർഹരായവർക്ക് ആനുകൂല്യങ്ങൾ നഷ്ടപ്പെടാതെയും അനർഹർ കടന്നുകൂടാതെയും ഇത് എങ്ങനെ പരിഹരിക്കാൻ കഴിയുമെന്ന് ആലോചിക്കേണ്ടതുണ്ട്. ബഡ്ജറ്റിൽ പ്രഖ്യാപിച്ച നടപടികൾ സ്വീകരിക്കുവാൻ നമ്മുടെ നാട്ടിലെ എല്ലാവരുടേയും പരിപൂർണ്ണമായ പിൻതുണ ആർജ്ജിച്ചുകൊണ്ട് വളരെ വേഗതയിൽ, നമ്മുടെ ഈ കർമ്മ മണ്ഡലങ്ങളിലേയ്ക്ക് വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് എല്ലാവരുടേയും പിൻതുണയുണ്ടാകണമെന്നും തീർച്ചയായും പ്രതിപക്ഷം കൂടി ഈ പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ഒരു പുതിയ കേരള സൃഷ്ടിക്കുവേണ്ടി പ്രവർത്തിക്കണമെന്നുമാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. തന്റെ പുതുക്കിയ ബഡ്ജറ്റ് മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ 2016 ഫെബ്രുവരി മാസത്തെ ബഡ്ജറ്റിന്റെ തുടർച്ചയാണെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് ചർച്ചയിലും ധനവിനിയോഗ ബില്ലിന്റെ ചർച്ചയിലുമെല്ലാം സൂചിപ്പിച്ചത്. പുതിയ ഗവൺമെന്റിന്റെ സമീപനം ബഡ്ജറ്റിലുണ്ടാവുകയെന്നത് സ്വാഭാവികമാണ്. മുൻ ബഡ്ജറ്റിലെ വാഗ്ദാനങ്ങൾ പാലിക്കുമെന്ന് അങ്ങ് പറയുകയുണ്ടായി. എന്നാൽ മുൻ ബഡ്ജറ്റിൽ മുന്നോട്ടുവച്ച പല കാര്യങ്ങൾക്കും ഈ ബഡ്ജറ്റിന്റെ സപ്ലിമെന്ററി ഡിമാന്റിൽ പ്രൊവിഷൻ കാണുന്നില്ല. കഴിഞ്ഞ ബഡ്ജറ്റിനേക്കാൾ ഇപ്പോൾ പ്രഖ്യാപിച്ച ബഡ്ജറ്റിൽ അധിക ചെലവായി ചില സ്ഥാപനങ്ങൾക്ക് തുക സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പക്ഷേ സാംസ്കാരിക വകുപ്പിന്റെയും മറ്റ് സ്ഥാപനങ്ങളുടെയും അലോക്കേഷൻ വീണ്ടും പ്രഖ്യാപിച്ചപ്പോൾ കഴിഞ്ഞ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പല സ്ഥാപനങ്ങളെയും അറിഞ്ഞോ അറിയാതെയോ വിട്ടുപോയി. സാധാരണ ഗതിയിൽ budget speech is a part of Budget എന്നാണ് പറയുന്നത്. പ്രസ്തുത പ്രസംഗത്തിൽ പറയുന്ന വാഗ്ദാനങ്ങളും പാലിക്കപ്പെടേണ്ട താണ്. അത് പാലിക്കാൻ അങ്ങ് ഉദ്ദേശിക്കുന്നുണ്ടോ? കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പല കാര്യങ്ങൾക്കും തുക മാറ്റിവച്ചിട്ടില്ല. ചെങ്ങന്നൂരിലെ ഗുരു ചെങ്ങന്നൂർ സ്മാരകം, ഉപ്പളയിലെ ഉറുദു അക്കാദമി, മഞ്ചേശ്വരത്തെ തുളു അക്കാദമി, അതുപോലെ മഞ്ചേശ്വരത്തെ രാഷ്ട്രകവി ഗോവിന്ദപൈ സ്മാരകം, പാലായിലെ

മന്നം കൾച്ചറൽ സ്റ്റഡി സെന്റർ, തൃത്താലയിലെ വി.ടി. ഭട്ടതിരിപ്പാട് സ്മാരകം, വയനാട് സി. കേശവൻ സ്മാരകം എന്നിവയ്ക്കൊന്നും പ്രൊവിഷൻ ഉൾക്കൊള്ളിച്ചിട്ടില്ല. ചില കാര്യങ്ങൾ പ്രത്യേകമായി പരാമർശിച്ചിട്ടുണ്ട്. അതുകൊണ്ട് മറുപടി പ്രസംഗത്തിൽ കഴിഞ്ഞ ബഡ്ജറ്റിലെ ഈ പ്രഖ്യാപനങ്ങൾ നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കിയാൽ കൊള്ളാം.

അതുപോലെ ഡിമാന്റ് നമ്പർ XXXII-ൽ (ഡയറി) കഴിഞ്ഞ ബഡ്ജറ്റിൽ ഞങ്ങൾ ക്ഷീര കർഷക പെൻഷൻ 500 രൂപയിൽനിന്ന് 750 രൂപയാക്കി വർദ്ധിപ്പിച്ചിരുന്നു. എല്ലാ പെൻഷനും ആയിരം രൂപ എന്നതാണ് എൽ.ഡി.എഫ്.ന്റെ സമീപനം. പക്ഷേ ഇവിടെ സപ്ലിമെന്ററി ഡിമാന്റിൽ അതിനാവശ്യമായ ഫണ്ട് വകയിരുത്തിക്കാണുന്നില്ല. ക്ഷീരകർഷക പെൻഷൻ ആയിരം രൂപയാക്കാൻ സാധിക്കില്ലെങ്കിൽ നേരത്തെ പ്രഖ്യാപിച്ചതുപോലെ 750 രൂപയെങ്കിലുമാക്കി മാറ്റാൻ ശ്രമിച്ചാൽ നന്നായിരിക്കും. ഞങ്ങൾ ഖജനാവ് കാലിയാക്കിയെന്നാണ് ഇവിടത്തെ പ്രധാന ആക്ഷേപം. ഞങ്ങൾ അധികാരമൊഴിഞ്ഞ് മൂന്ന് മാസങ്ങൾക്കുള്ളിൽ ഏതാണ്ട് 4000 കോടി രൂപയോളം പെൻഷൻ നൽകാൻ അങ്ങേയ്ക്ക് സാധിച്ചു. കാലിയായ ഖജനാവാണെങ്കിൽ പെൻഷൻ കൊടുക്കാൻ സാധിക്കുന്ന രീതിയിലുള്ള തുക സമാഹരിക്കാൻ സാധിക്കുമോ? ഞങ്ങൾ അധികാരത്തിൽനിന്ന് ഒഴിയുമ്പോൾ ധനകാര്യ സ്ഥിതി മെച്ചപ്പെട്ടതായിരുന്നു, അങ്ങേയ്ക്ക് കുടിശ്ശിക കൊടുക്കാൻ കഴിയുംവിധത്തിലുള്ള സാമ്പത്തിക ഭദ്രത ഉണ്ടായിരുന്നു. ദയവായി അക്കാര്യങ്ങൾകൂടി കണക്കിലെടുത്തുകൊണ്ട് ഞങ്ങൾ ഖജനാവ് കാലിയാക്കിയെന്ന് പറയാൻ മുതിരരുത്.

ജി.എസ്.ടി. ചർച്ചകളെക്കുറിച്ച് പരാമർശിച്ചു. ജി.എസ്.ടി. ചർച്ചകൾ പൂർത്തിയാകുമ്പോൾ ഇപ്പോഴത്തെ നിലയിലാണെങ്കിൽ ഒന്നാമത്തെ വർഷം 2000 കോടി രൂപയെങ്കിലും കേരളത്തിന് അധിക വരുമാനം ലഭിക്കും. പിന്നീടുള്ള വർഷങ്ങളിൽ അത് വർദ്ധിക്കും. അങ്ങയെ സംബന്ധിച്ചിടത്തോളം അധിക നികുതി വരുമാനം ഇല്ലാതെതന്നെ ജി.എസ്.ടി. മുഖേന 2000 കോടി രൂപ ലഭിക്കാൻ പോകുകയാണ്. ഇത് തീർച്ചയായും കേരളത്തിന്റെ സമ്പദ്ഘടനയ്ക്ക് വളരെയേറെ ശക്തി പകരുന്നതാണ്. ഭരണം ആരംഭിച്ചിട്ട് ഇപ്പോൾ അഞ്ച് മാസക്കാലമായി. കഴിഞ്ഞ ഗവൺമെന്റിനെക്കുറിച്ചുള്ള വിമർശനങ്ങളാണ് ഇവിടെ സംസാരിച്ച ശ്രീ. കെ. വി. വിജയദാസ് ഉൾപ്പെടെയുള്ളവർ നടത്തിയത്. നിങ്ങൾ ചർച്ചയിൽ പറയേണ്ടത് ഈ ഗവൺമെന്റിന്റെ ഇനിഷ്യേറ്റീവിനെക്കുറിച്ചാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ ആദ്യത്തെ ആറ് മാസക്കാലവും നിങ്ങളുടെ ഗവൺമെന്റിന്റെ ആറുമാസക്കാലവുമായി താരതമ്യം ചെയ്ത് നോക്കൂ. ഇന്ന് നിങ്ങളെ

അനുകൂലിച്ച കേരളത്തിലെ ജനവിഭാഗത്തിന് യാതൊരു പ്രതീക്ഷയുമില്ല. ഗവൺമെന്റിൽ നിലനിൽക്കുന്ന ആഭ്യന്തര പ്രശ്നങ്ങളും തർക്കങ്ങളും നിങ്ങളെ അനുകൂലിച്ച ജനസമൂഹത്തെ നിരാശപ്പെടുത്തുകയാണ്. കഴിഞ്ഞ അഞ്ച് കൊല്ലക്കാലം കേരളത്തിൽ യു.ഡി.എഫ്. കൈവരിച്ച വമ്പിച്ച വികസന മുന്നേറ്റം അംഗീകരിക്കാതെ പോകാൻ നിങ്ങൾക്ക് കഴിയില്ല. ആരവങ്ങളെല്ലാം കെട്ടടങ്ങി നിങ്ങളുടെ കാൽ നിലത്തുറപ്പിക്കുമ്പോൾ നിങ്ങൾക്ക് ഈ കാര്യം ബോദ്ധ്യമാകും. മെത്രാൻ കായൽ സംഭവം, സന്തോഷ് മാധവന്റെ വസ്തു ഇടപാട് തുടങ്ങിയ ചില പാളിച്ചകൾ ഞങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് സംഭവിച്ചു. എന്നാൽ ഇവയെല്ലാം ഞങ്ങൾ തിരുത്തി. പക്ഷേ ആ പാളിച്ചകൾ ഒഴിവാക്കിയാൽ നാലരക്കൊല്ലക്കാലം കേരളത്തിന്റെ വികസന രംഗത്ത് ഗവൺമെന്റ് കൈവരിച്ച നേട്ടങ്ങളെ നിങ്ങൾക്ക് അവഗണിക്കാൻ സാധിക്കില്ല. നിങ്ങൾ അധികാരമേറ്റ് ആദ്യം ചെയ്ത കാര്യം, ഞങ്ങളുടെ 2016 ജനുവരി 1 മുതലുള്ള ക്യാബിനറ്റ് തീരുമാനങ്ങൾ പരിശോധിക്കാൻ ശ്രീ. എ. കെ. ബാലൻ കൺവീനറായ ഒരു സബ്കമ്മിറ്റിയെ നിയോഗിക്കുകയായിരുന്നു. 2016 ജനുവരി മുതൽ ഫെബ്രുവരി വരെയുള്ള കാലയളവിലേതാണ് പരിശോധിക്കേണ്ടത്. മാർച്ച് 4-ന് ഇലക്ഷൻ നോട്ടിഫിക്കേഷൻ വന്നു. ഒരു ആഴ്ചയിൽ ഒരു ക്യാബിനറ്റ് യോഗം എന്ന നിലയിൽ ഏതാണ്ട് പത്തോ പതിനൊന്നോ ക്യാബിനറ്റ് യോഗം കാണും. രണ്ട് മാസത്തെ ക്യാബിനറ്റ് തീരുമാനങ്ങൾ പരിശോധിക്കുന്നതിന് ഇപ്പോൾ അഞ്ച് മാസം ആയിരിക്കുകയാണ്. അദ്ദേഹത്തിന്റെ സബ്കമ്മിറ്റിക്ക് ഇപ്പോൾ എന്ത് സംഭവിച്ചു? ഞങ്ങളെ കുറ്റപ്പെടുത്തുമ്പോഴും വിമർശിക്കുമ്പോഴും ഞങ്ങളുടെ വീഴ്ചകൾ ചൂണ്ടിക്കാണിക്കാൻ നിങ്ങൾക്ക് സാധിക്കുന്നില്ല. രണ്ട് മാസക്കാലത്തെ ക്യാബിനറ്റ് യോഗത്തിൽ കൈക്കൊണ്ടതായി പറയുന്ന തെറ്റായ തീരുമാനങ്ങൾ പരിശോധിക്കാൻവേണ്ടി അഞ്ച് മാസക്കാലമായിട്ടും സാധിച്ചിട്ടില്ല. ഇതാണ് നിങ്ങളുടെ സമീപനം. ഈ സർക്കാരിന്റെ പോക്ക് ഒച്ചിന്റെ വേഗതയിലാണ്. ദേശീയ രാഷ്ട്രീയ രംഗത്ത് കോൺഗ്രസ്സിനെ പിന്നിലാക്കാൻ നിങ്ങൾക്ക് സാധിക്കുമോ? നിങ്ങൾ കഴിഞ്ഞ കുറച്ചുകാലമായി തുടർന്നുവന്നശൈലി എന്താണ്? അന്ധമായ കോൺഗ്രസ് വിരോധം, ആ വിരോധമാണ് ഇന്ത്യയിൽ ബി.ജെ.പി. വരുന്നതിനുള്ള സാഹചര്യമുണ്ടാക്കിയത്. നിങ്ങളുടെ ഒന്നാം നമ്പർ ശത്രു കോൺഗ്രസ്സാണ്. ബി.ജെ.പി. പിന്നീടാണ് വരുന്നത്. നിങ്ങളുണ്ടാക്കിയ രാഷ്ട്രീയ കാലാവസ്ഥമൂലം ബി.ജെ.പി.ക്ക് അനുകൂലമായ സാഹചര്യമുണ്ടായി. ആർ.എസ്.എസ്., ഫാസിസ്റ്റ് സംഘടനയല്ലായെന്ന് ശ്രീ. പ്രകാശ് കാരാട്ട് പറയുമ്പോൾ ശ്രീ. സീതാറാം യെച്ചൂരി പറയുന്നത് ബി.ജെ.പി. ഫാസിസ്റ്റ് സംഘടനയാണെന്നാണ്. നിങ്ങളുടെ പാർട്ടിക്കുള്ളിൽപ്പോലും ബി.ജെ.പി.യെ

സംബന്ധിച്ച സമീപനത്തിൽ ആഭ്യന്തര തർക്കങ്ങളുണ്ട്. ഇന്ത്യ എന്നുപറയുന്നത് കേരളവും ത്രിപുരയും മാത്രമാണോ? ബി.ജെ.പി.ക്ക് സ്വാധീനമുള്ള സംസ്ഥാനങ്ങളിൽ അവരെ നിയന്ത്രിക്കണമെങ്കിൽ, തളയ്ക്കണമെങ്കിൽ അതിന് കഴിയുന്ന ഏക പാർട്ടി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണെന്ന് നിങ്ങൾ തിരിച്ചറിയണം. നിങ്ങളുടെ കോൺഗ്രസ് വിരോധം ബി.ജെ.പി.ക്കും ആർ.എസ്.എസ്.നും വളരുന്നതിനുള്ള വളക്കൂറുള്ള മണ്ണാക്കി ഇന്ത്യയെ മാറ്റും. മലവെള്ളപ്പാച്ചിലിനെ തടുക്കാൻ മണൽച്ചിറകൊണ്ടാകില്ല. കേരളവും ത്രിപുരയും വിചാരിച്ചാൽ ബി.ജെ.പി.യെ തടയാൻ സാധിക്കില്ല.

<u>ശ്രീ. ആർ. രാജേഷ്</u>: മണൽച്ചിറ എന്ന് ഉദ്ദേശിച്ചത് എന്തിനെയാണ്?

<u>ശ്രീ. കെ. സി. ജോസഫ്</u>: ഇവിടെ ഉദ്ദേശിച്ചത് ബി.ജെ.പി.ക്ക് സ്വാധീനമുള്ള ഇന്ത്യൻ സംസ്ഥാനങ്ങളിൽ അവിടെ സാന്നിദ്ധ്യമില്ലാത്ത സി.പി.ഐ.(എം)നെക്കൊണ്ട് തടയാൻ സാധിക്കില്ലെന്നാണ്.

<u>ശ്രീ. എ.എം. ആരിഫ്</u>: ഇന്ത്യയിലാകെ വളർന്ന് പന്തലിച്ച ഒരു പ്രസ്ഥാനമല്ല സി.പി.ഐ.(എം) എന്നത് ഞങ്ങൾക്കും അങ്ങേയ്ക്കും അറിയാവുന്നതാണ്. പക്ഷേ ഇന്ത്യയിലാകെ പടർന്ന് പന്തലിച്ചുനിന്ന നിങ്ങളുടെ പാർട്ടി 440-ൽ നിന്ന് 44 സീറ്റിലേയ്ക്ക് ഒതുങ്ങിയത് ഞങ്ങളുടെ കുറ്റം കൊണ്ടാണോ? അക്കാര്യം വ്യക്തമാക്കുമോ?

<u>ശ്രീ. കെ. സി. ജോസഫ്</u>: വർഗ്ഗീയതയെ ചെറുക്കുന്നതിൽ നിങ്ങളുടെ കോൺട്രിബ്യൂഷൻ ഞങ്ങൾ ചെറുതായി കാണുന്നില്ല. നിങ്ങൾ മനസ്സിലാക്കേണ്ടത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെ മാറ്റിനിർത്തിക്കൊണ്ട് ബി.ജെ.പി.യെ ചെറുക്കാൻ ഇന്ത്യയിൽ സാധിക്കില്ല എന്ന കാര്യമാണ്. ശ്രീ. ഒ. രാജഗോപാലിനെ സഭയിൽ ഞങ്ങൾ കൊണ്ടുവന്നു എന്ന് ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം സൂചിപ്പിച്ചു. നിങ്ങൾ ഞങ്ങളെ കുറ്റപ്പെടുത്തി. ഒരു കാര്യം മനസ്സിലാക്കണം, ഞങ്ങളുടെ നേരെ ഒരു വിരൽ ചൂണ്ടുമ്പോൾ നിങ്ങളുടെ നേരെ നാല് വിരലുകൾ ചൂണ്ടപ്പെടുന്നു. വട്ടിയൂർക്കാവ്, കാസർഗോഡ്, മഞ്ചേശ്വരം, പാലക്കാട് എന്നിവിടങ്ങളിൽ നിങ്ങൾ മൂന്നാം സ്ഥാനത്തായി. അതെങ്ങനെ സംഭവിച്ചു? വട്ടിയൂർക്കാവിൽ ശ്രീ. കെ. മുരളീധരൻ പരാജയപ്പെടുത്തിയത് ബി.ജെ.പി. സംസ്ഥാന പ്രസിഡന്റിനെയാണ്. കേരളത്തിൽ നേമത്ത് മാത്രം കോൺഗ്രസ് മൂന്നാം സ്ഥാനത്ത് പോയെങ്കിൽ നാല് സീറ്റിൽ സി.പി.ഐ.(എം) മൂന്നാം സ്ഥാനത്തേയ്ക്ക് പോയി. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്? നിങ്ങളുടെ സമീപനം കൊണ്ടാണ് ഇപ്രകാരം സംഭവിച്ചത്. അന്ധമായ കോൺഗ്രസ് വിരോധം നിങ്ങൾ ഉപേക്ഷിക്കണം. ഇന്ത്യയിൽ ബി.ജെ.പി.യുടെ വളർച്ച

തടയണമെങ്കിൽ നിങ്ങൾ കോൺഗ്രസ്സുമായി സഹകരിക്കണം. അല്ലാതെ നിങ്ങൾ മുന്നോട്ടുപോയാൽ ബി.ജെ.പി.ക്ക് അനുകൂലമായ രാഷ്ട്രീയ സാഹചര്യമുണ്ടാകും. കഴിഞ്ഞ ബഡ്ജറ്റിൽ നൽകിയ വാഗ്ദാനം പാലിക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകണം.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി വളരെ പരിതാപകരമാണ്. യു.ഡി.എഫ്. താളം തെറ്റിച്ച ഈ ധനവ്യവസ്ഥയെ നേർവഴിയിലാക്കുക എന്ന ഭഗീരഥ പ്രയത്നമാണ് ഇവിടെ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ നാട്ടിൽ വികസനമുണ്ടാകണമെങ്കിൽ വികസന മുന്നേറ്റത്തിന് വൻ മൂലധന നിക്ഷേപം ഉറപ്പുവരുത്തേണ്ടതായിട്ടുണ്ട്. എന്താണ് നമ്മുടെ സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ അവസ്ഥ? ഇവിടെ ഖജനാവ് കാലിയായിട്ടില്ല, ഖജനാവിൽ പണമുണ്ടായിരുന്നു എന്നൊക്കെയുള്ള പൊള്ളയായ ചില കാര്യങ്ങൾ ബഹുമാന്യനായ മുൻ മന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. എന്താണ് കേരളത്തിന്റെ അവസ്ഥ? കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിന്റ കടബാധ്യത 75000 കോടി രൂപയായിരുന്നുവെങ്കിൽ ഇന്ന് അത് നേരെ ഇരട്ടിയായിരിക്കുകയാണ്. 55 വർഷം കൊണ്ട് മുൻ ഭരണാധികാരികൾ വരുത്തിവച്ച കടത്തിന്റെ അത്രയും തുക യു.ഡി.എഫ്.-ന്റെ അഞ്ച് വർഷത്തെ ഭരണം കൊണ്ടുണ്ടായിട്ടുണ്ട്. 75394 കോടി രൂപയാണ് കഴിഞ്ഞ 5 വർഷം കൊണ്ട് യു.ഡി.എഫ്. സർക്കാർ കേരളത്തിന് വരുത്തിവച്ച കടബാധ്യത. കഴിഞ്ഞ വർഷം ഗവൺമെന്റ് പറഞ്ഞത് ഞങ്ങൾക്ക് വേയ്സ് ആന്റ് മീൻസായും ഓവർ ഡ്രാഫ്റ്റായും വായ്പ എടുക്കേണ്ടി വന്നിട്ടില്ല എന്നാണ്. എന്നാൽ ബഡ്ജറ്റ് രേഖകൾ പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കുന്നത് 2013-14-ൽ 1139 കോടി രൂപയും 2014-15-ൽ 2661 കോടി രൂപയും വായ്പ എടുത്തിട്ടുണ്ടെന്നാണ്. കേരളത്തിന്റെ ഇന്നത്തെ അവസ്ഥയിൽ മാറ്റമുണ്ടാകണം. അതിന് വേണ്ടിയാണ് ഈ സർക്കാർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ അഞ്ച് വർഷക്കാലം ബഡ്ജറ്റിൽ ലക്ഷ്യമിട്ടതുപോലെ നികുതി പിരിക്കാൻ യു.ഡി.എഫ്. സർക്കാരിന് കഴിഞ്ഞില്ല. അതിനുവേണ്ടി യാതൊരു ശ്രമവും യു.ഡി.എഫ്. സർക്കാർ നടത്തിയില്ല. വിഭവങ്ങൾ ലക്ഷ്യമിട്ടപ്രകാരം സമാഹരിക്കാൻ കഴിയാത്തതും ചെലവുകൾ ലക്ഷ്യമിട്ടതിനേക്കാൾ വളരെ കൂടിയതുമാണ് ഇന്നത്തെ അഭൂതപൂർവ്വമായ ധനപ്രതിസന്ധിക്ക് ഇടയാക്കിയിട്ടുള്ളത്. നികുതി ചോർച്ചയുടെ പഴുതുകൾ അടയ്ക്കുന്നതിൽ കഴിഞ്ഞ സർക്കാർ കാണിച്ച ഉദാസീനമായ നിലപാടും നികുതി കുടിശ്ശികക്കാർക്ക് സർക്കാർ നൽകിയിട്ടുള്ള സ്റ്റേ ഉത്തരവുകളുമാണ് കേരളത്തെ ഇത്തരത്തിലൊരു പ്രതിസന്ധിയിലേയ്ക്ക് നയിച്ചത്. അതിനാണ് ഈ നിയമസഭയിൽ അംഗമായിട്ടുള്ള മുൻ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി

ഇപ്പോൾ വെള്ളം കുടിക്കുന്നത്. ഖജനാവിലെ പണം ധൂർത്തടിക്കുകയായിരുന്നു. സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിൽ ഗുരുതരമായ വീഴ്ചയാണ് കഴിഞ്ഞ സർക്കാരിനുണ്ടായത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നികുതി വരുമാനത്തിന്റെ തോതെടുത്തു നോക്കിയാൽ 12 ശതമാനത്തിലേയ്ക്ക് ഇടിയുകയാണ് ചെയ്തത്. എന്നാൽ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 17 ശതമാനമായിരുന്നു നികുതി വരുമാനം. ലക്ഷ്യമിട്ടതിനേക്കാൾ കൂടുതൽ നികുതി പിരിച്ച് ബഡ്ജറ്റ് ലക്ഷ്യം സാക്ഷാത്കരിച്ച സംഭവം കേരളത്തിലുണ്ടായത് 2006 മുതൽ 2011 വരെ കേരളം ഭരിച്ച ഇടതുപക്ഷ സർക്കാരിന്റെ, ഡോ. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന കാലത്താണ്. അതുകൊണ്ടുതന്നെ ഈ മന്ത്രിയുടെ പ്രാഗൽഭ്യത്തിൽ കേരളത്തിലെ ജനങ്ങൾക്ക് വിശ്വാസമുണ്ട്. കേരളത്തിൽ കൂടുതൽ മുതൽമുടക്കുണ്ടായാൽ മാത്രമേ കേരളത്തിന്റെ പ്രശ്നങ്ങൾ നമുക്ക് പരിഹരിക്കാൻ സാധിക്കുകയുള്ളൂ. സർക്കാരിന് കടമെടുക്കാൻ തടസ്സമുള്ളതുകൊണ്ടാണ് കമ്പോളത്തിൽ നിന്ന് കടമെടുക്കുന്നതിനുവേണ്ടി കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് രൂപീകരിച്ചത്. കിഫ്ബി ഉപയോഗിച്ചുകൊണ്ട് ഓരോ വകുപ്പിലും സ്പെഷ്യൽ പർപ്പസ് വെഹിക്കിളുണ്ടാക്കി വികസന പദ്ധതികൾ മുന്നോട്ട് കൊണ്ടുപോകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതൊരു മാജിക്കാണ്. കിഫ്ബിയെ പലരും പരിഹസിച്ചു. ഓം കിഫ്ബി ഓം നമഃ എന്ന് പറഞ്ഞ ചില യു.ഡി.എഫ്. മെമ്പർമാരുണ്ട്. അവരോട് ഞങ്ങൾക്ക് പറയാനുള്ളത് നിങ്ങൾക്ക് റോഡോ പാലമോ വേണമെങ്കിൽ കിഫ്ബി വേണം കിഫ്ബി ഉണ്ടെങ്കിലേ നിങ്ങളുടെ മണ്ഡലത്തിലും വികസനം നടക്കൂ. ഇവിടെ അസാധ്യമായതിനെ സാധ്യമാക്കാനുള്ള സാമ്പത്തിക ശാസ്ത്രപരമായ ഒരു മാജിക്കാണ് കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രി കാണിക്കുന്നത്. ഭാവി ഭരണാധികാരികൾക്കും സാമ്പത്തിക ശാസ്ത്ര വിദ്യാർത്ഥികൾക്കും ഭാവിയിൽ ഒരു പഠനവിഷയമാകും കിഫ്ബി എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് കിഫ്ബിയെ പരിഹസിക്കാതെ അതിനെ പിന്തുണയ്ക്കാം. കേരളത്തിന്റെ സമഗ്രമായ വികസനമാണ് നിങ്ങൾ ലക്ഷ്യമിടുന്നതെങ്കിൽ കിഫ്ബിയെ പിന്തുണയ്ക്കാൻ ഈ സർക്കാരിനൊപ്പം നിൽക്കാൻ നിങ്ങൾ തയ്യാറാകണം. ഈ ഗവൺമെന്റ് എന്തുചെയ്തു എന്ന് ചോദിക്കുന്നുണ്ട്. നിങ്ങൾ ഒരു തവണ പെൻഷൻ കൊടുത്താൽ പിന്നെ ആളുകൾക്ക് നീണ്ട കാത്തിരിപ്പായിരുന്നില്ലേ? രണ്ടു വർഷം വരെ കാത്തിരിക്കേണ്ടി വന്നില്ലേ? ഇത്തവണ ആ സ്ഥിതി മാറി. ഗവൺമെന്റ് വാക്കുപാലിച്ചു. ഓണത്തിന് മുമ്പ് ഒരു മാസത്തെ പെൻഷൻ മുൻകൂറായി കൊടുത്തുകൊണ്ട് കേരള സർക്കാർ മാതൃകയായി.

ഇന്നലെ പത്തനംതിട്ടയിലെ ആറൻമുളയിൽ വിത്തിട്ടുകൊണ്ട് തരിശ്ശായി കിടക്കുന്ന ഭൂമിയിൽ കൃഷിയിറക്കാൻ കേരള സർക്കാർ തീരുമാനിച്ചു. വ്യവസായ-ആരോഗ്യ-വിദ്യാഭ്യാസ രംഗങ്ങളിലും അടിസ്ഥാനസൗകര്യ വികസനം,

തുറമുഖങ്ങൾ, ടൂറിസം ഈ മേഖലകളിലൊക്കെ വൻ മുതൽമുടക്കാണ് സർക്കാർ ലക്ഷ്യമിടുന്നത്. അടുത്ത അഞ്ച് വർഷം കൊണ്ട് അൻപതിനായിരം കോടി രൂപ കേരളത്തിൽ മുതൽമുടക്കിക്കൊണ്ട് ഇന്ത്യയിലെ ഏറ്റവും മികച്ച സംസ്ഥാനമാക്കി കേരളത്തെ മാറ്റാൻ ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. കടം വാങ്ങുക ചെലവഴിക്കുക എന്ന കേരളത്തിലെ സാമ്പ്രദായികമായ രീതി അവസാനിപ്പിച്ചുകൊണ്ട് വികസനത്തിന്റെ പുത്തൻ പന്ഥാവുകൾ വെട്ടിത്തെളിച്ചുകൊണ്ട് ഈ സർക്കാർ മുന്നോട്ടുപോകുകയായിരുന്നു. നേരത്തെ സംസാരിച്ച ബഹുമാന്യനായ അംഗം കെ. സി. ജോസഫ് ഞങ്ങൾക്ക് അന്ധമായ കോൺഗ്രസ്സ് വിരോധമാണെന്ന് പറയുകയുണ്ടായി. എവിടെയാണ് ഞങ്ങൾക്ക് അന്ധമായ കോൺഗ്രസ്സ് വിരോധം? 2004-ൽ ബി.ജെ.പി. വീണ്ടും അധികാരത്തിൽ വരാതിരിക്കാൻ ഞങ്ങൾ നിങ്ങൾക്ക് പിന്തുണ നൽകി. 64 പേർ ഞങ്ങൾക്കുണ്ടായിരുന്നു. ഞങ്ങൾ അതിന് വേണ്ടി ഒന്നും ചോദിച്ചില്ല. ഒരു മന്ത്രിസ്ഥാനം പോലും ഞങ്ങൾ ചോദിച്ചില്ല. നിങ്ങളുമായി ഞങ്ങൾക്ക് അഭിപ്രായ വ്യത്യാസമുണ്ട്. പക്ഷേ ആ അഭിപ്രായ വ്യത്യാസം നിങ്ങളെ പിന്തുണയ്ക്കുന്നതിന് ഞങ്ങൾക്ക് തടസ്സമായിരുന്നില്ല. കാരണം രാജ്യതാല്പര്യമായിരുന്നു ഞങ്ങളെ നയിച്ചത്. എന്താണ് കോൺഗ്രസ്സ് എടുക്കുന്ന നിലപാട്; എന്താണ് കോൺഗ്രസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ? ഏറ്റവും അവസാനം ഇപ്പോൾ ത്രിപുരയിൽ പ്രതിപക്ഷ നേതാവും പി.സി.സി.യുടെ ആക്ടിംഗ് പ്രസിഡന്റും കോൺഗ്രസ്സ് വിട്ടുപോയി. നോർത്ത് ഇന്ത്യൻ സംസ്ഥാനങ്ങളിൽ മാത്രമല്ല ജവഹർലാൽ നെഹ്റുവും ഇന്ദിരാ ഗാന്ധിയും രാജീവ് ഗാന്ധിയുമൊക്കെ ജയിച്ചുവന്ന കോൺഗ്രസ്സിന്റെ തട്ടകമായ യു.പി.-യിലെ പി.സി.സി. പ്രസിഡന്റായിരുന്ന റീത്ത ബഹുഗുണ ബി.ജെ.പി.യിലേയ്ക്ക് പോകുകയാണ്. എന്തൊരു അവസ്ഥയാണിതെന്ന് നിങ്ങൾ ആലോചിച്ച് നോക്കൂ. ബഹുമാനപ്പെട്ട കോൺഗ്രസ്സ് അംഗങ്ങളേ, ഇങ്ങനെ പോയാൽ മോദി സർക്കാർ അഞ്ച് വർഷം പൂർത്തിയാക്കുമ്പോൾ വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും എന്ന് പറഞ്ഞതുപോലെ രാഹുലും പ്രിയങ്കയും പിന്നെ സോണിയയും മാത്രമായി കോൺഗ്രസ്സ് അവശേഷിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്താണ് കാരണം? ബി.ജെ.പി. ഉയർത്തുന്ന അക്രമോത്സുകമായ വർഗ്ഗീയതയ്ക്കെതിരായി ശക്തമായ നിലപാട് സ്വീകരിക്കാൻ നിങ്ങൾക്ക് കഴിയുന്നില്ല. ഇവിടെ കോൺഗ്രസ്സ് പ്രസിഡന്റ് കാസർഗോഡ് നിന്ന് ഒരു ജാഥ ആരംഭിച്ച ഘട്ടത്തിൽ ആർ.എസ്.എസ്. നേതാവായ ഗോപാലകൃഷ്ണൻ കേസരിയിൽ എഴുതിയ ലേഖനം ഗാന്ധിയല്ല നെഹ്റുവായിരുന്നു വധിക്കപ്പെടേണ്ടിയിരുന്നത് എന്നാണ്. അതിനെക്കുറിച്ച് പറയാൻ, എതിർക്കാൻ

ആർജ്ജവമുള്ള ഒരാളെങ്കിലും അപ്പുറത്തെ ബഞ്ചിലുണ്ടായിരുന്നോ? നിങ്ങൾ ആലോചിച്ച് നോക്കണം. ഇവിടെ ഇരിക്കുന്ന മുൻ മുഖ്യമന്ത്രി, ഈ നിയമസഭയിലെ ബഹുമാന്യനായ അംഗം ശ്രീ. ഉമ്മൻ ചാണ്ടി ആർ.എസ്.എസ്. നടത്തുന്ന അക്രമങ്ങളെ ഇന്നേവരെ ശക്തമായ ഭാഷയിൽ അപലപിക്കാൻ തയ്യാറായിട്ടുണ്ടോ? അരുവിക്കര ഇലക്ഷന്റെ സമയത്ത് നിങ്ങൾ എന്താണ് പറഞ്ഞത്. ഇവിടെ മത്സരം യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും തമ്മിലാണ് എന്നാണ്. എന്തിന് വേണ്ടിയായിരുന്നു ബി.ജെ.പി.-ക്ക് ഇല്ലാതിരുന്ന അംഗീകാരവും പിന്തുണയുമുണ്ടെന്ന് വരുത്തിതീർക്കാൻ മുഖ്യമന്ത്രി ശ്രമിച്ചത്? നിയമസഭാ തെരഞ്ഞെടുപ്പിന്റെ അവസാന ഘട്ടത്തിൽ കുട്ടനാട് പോയി മുൻമുഖ്യമന്ത്രി പ്രസംഗിച്ചതെന്താണ്? മുൻ മുഖ്യമന്ത്രി പറഞ്ഞു, ഇവിടെ മത്സരം യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും തമ്മിലാണെന്ന്. ഇതാണ് നിങ്ങൾ ചെയ്ത കാര്യം. ഒരേ സമയത്ത് ഇടതുപക്ഷത്തോടടുപ്പമുള്ള ന്യൂനപക്ഷങ്ങൾക്കിടയിൽ ബി.ജെ.പി. ഭീതിയുണ്ടാക്കി, ന്യൂനപക്ഷത്തെ വഞ്ചിക്കുക അതേസമയം ബി.ജെ.പി.-യുടെ സഹായം തേടുക എന്ന നെറികെട്ട രാഷ്ട്രീയമാണ് നിങ്ങൾ പയറ്റുന്നത്. കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് 18 സി.പി.ഐ.(എം) പ്രവർത്തകരെ ആർ.എസ്.എസ്. പ്രവർത്തകർ ക്രൂരമായി കൊലപ്പെടുത്തി. ഞാൻ ചോദിക്കട്ടെ, ആ കൊലപാതകം നടന്ന ഘട്ടത്തിൽ ആ മരണം നടന്ന ഏതെങ്കിലും ഒരു വീട്ടിൽ പോകാൻ അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ശ്രീ. രമേശ് ചെന്നിത്തലയോ മുഖ്യമന്ത്രിയായിരുന്ന ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയോ തയ്യാറായോ? ആർ.എസ്.എസ്. നടത്തുന്ന അക്രമങ്ങളെ നിങ്ങൾ കണ്ടില്ലെന്ന് നടിക്കുകയാണ്. നാദാപുരത്ത് സമാധാനാന്തരീക്ഷം തല്ലിത്തകർത്തത് 18 വയസ്സുള്ള നിഷ്കളങ്കനായ ഷിബിനെന്ന ചെറുപ്പക്കാരനെ അകാരണമായി വെട്ടിക്കൊന്നതിന്റെ ഭാഗമായാണ്. നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുമോ? അവിടെ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പ് വേളയിൽ 2011-ൽ അഞ്ച് ലീഗുകാർ ബോംബ് സ്ഫോടനത്തിൽ മരിച്ചു. എന്തിനായിരുന്നു ബോംബുണ്ടാക്കിയത്; എത്രയെത്ര സംഭവങ്ങൾ കേരളത്തിലുണ്ടായി. ചാവക്കാട് മുനിസിപ്പൽ ചെയർമാനായിരുന്ന സി.പി.ഐ.(എം) നേതാവ് കെ. പി. വൽസലനെ തെരഞ്ഞടുപ്പ് സ്ക്വാഡ് പ്രവർത്തനം നടത്തുമ്പോഴാണ് മുസ്ലീം ലീഗുകാർ കൊലപ്പെടുത്തിയത്. കേരളത്തിലെ ഒരു പഞ്ചായത്ത് പ്രസിഡന്റുമാത്രമേ കൊലചെയ്യപ്പെട്ടിട്ടുള്ളൂ. അത് കണ്ണൂർ ജില്ലയിലെ രാമന്തളി പഞ്ചായത്ത് പ്രസിഡന്റായ ഒ. കെ. കുഞ്ഞിക്കണ്ണനാണ്. എന്തായിരുന്നു കാരണം? പയ്യന്നൂരിൽ പാർട്ടി ഓഫീസിൽ മണ്ഡലം കമ്മിറ്റി യോഗം ചേർന്നു കൊണ്ടിരിക്കുമ്പോഴാണ് രാമന്തളിയിൽ സംഘർഷം നടക്കുന്നുവെന്നുള്ള വിവരം അറിഞ്ഞത്. സഖാവ് സുബ്രഹ്മണ്യ ഷേണായി ഒ. കെ. കുഞ്ഞിക്കണ്ണനോട് രാമന്തളിയിലേയ്ക്ക് പോകാൻ ആവശ്യപ്പെട്ടു. അദ്ദേഹം സംഘർഷം ഇല്ലാതാക്കാൻ

ശ്രമിച്ചു. പ്രവർത്തകരെ അവിടെ നിന്നും പിന്തിരിപ്പിച്ച് അവരോടൊപ്പം നടന്നുവരുമ്പോൾ പുറകിൽക്കൂടിവന്ന് അദ്ദേഹത്തെ ചവിട്ടി വീഴ്ത്തി തലയിൽ ചെത്തുകല്ലുകൊണ്ട് അടിച്ച് അദ്ദേഹത്തെ കൊന്നത് മുസ്ലീംലീഗുകാരാണ്. കേരളത്തിന്റെ ചരിത്രത്തിൽ ഒരു മുനിസിപ്പൽ ചെയർമാൻ മാത്രമേ കൊലചെയ്യപ്പെട്ടിട്ടുള്ളൂ. അത് കെ. പി. വത്സലനാണ്. ഒരു പഞ്ചായത്ത് പ്രസിഡന്റുമാത്രമേ കൊലചെയ്യപ്പെട്ടിട്ടുള്ളൂ. അത് ഒ. കെ. കുഞ്ഞിക്കണ്ണനാണ്. കൊലപാതകികൾ ആരാണെന്ന് മുസ്ലീംലീഗുകാർ മനസ്സിലാക്കേണ്ടതാണ്. നമുക്കെല്ലാവർക്കും ഒന്നിക്കാം. നമ്മളാരും അക്രമത്തെ പിന്തുണയ്ക്കുന്നവരല്ല. അക്രമത്തിലൂടെ ഏതെങ്കിലും ഒരു പ്രസ്ഥാനത്തെ അവസാനിപ്പിക്കാൻ കഴിയുമെന്നും ഞങ്ങൾ കരുതുന്നില്ല. കഴിഞ്ഞ ദിവസം ശ്രീ. സണ്ണി ജോസഫ് കണ്ണൂർ വിമാനത്താവളം എന്തായി എന്ന് ചോദിച്ചു. അത് ഞങ്ങളോടല്ല അവിടെയിരിക്കുന്ന മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയോടാണ് ചോദിക്കേണ്ടത്. സാധാരണ ഉദ്ഘാടനം എന്നു പറഞ്ഞാൽ ഒരു പ്രവൃത്തി പൂർത്തീകരിച്ചാലാണ് ഉദ്ഘാടനം നടക്കുന്നത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഉദ്ഘാടനത്തെക്കുറിച്ചുള്ള പതിവ് സങ്കൽപ്പത്തെ തിരുത്തിയെഴുതി. അന്ന് നടന്നതെല്ലാം ഇൻസ്റ്റാൾമെന്റ് ഉദ്ഘാടനമായിരുന്നു. കണ്ണൂർ വിമാനത്താവളം, കൊച്ചി മെട്രോ ഇവയെല്ലാം ഇൻസ്റ്റാൾമെന്റ് ഉദ്ഘാടനമായിരുന്നു. ഞാൻ ബഹുമാനപ്പെട്ട ഹൈബി ഈഡനോട് ചോദിക്കുന്നത് മെട്രോ സർവ്വീസ് ആരംഭിച്ചോ; ആ മെട്രോയിൽ കയറാൻ ഒരവസരം കിട്ടിയോ? കഴിഞ്ഞ ദിവസം ബഹുമാന്യനായ സണ്ണി ജോസഫ് ശ്രീ. ഉമ്മൻ ചാണ്ടിയെ ന്യായീകരിക്കാൻ വേണ്ടി ഏഴ് മിനിട്ടെടുത്തു സംസാരിച്ചു. എന്താണ് പറഞ്ഞത് ? എക്സ്-പാർട്ടി വിധിയാണെന്നാണ്. എക്സ്-പാർട്ടി വിധിയായാൽ അത് കോടതി വിധിയല്ലേ? ബഹുമാനപ്പെട്ട അംഗം അഡ്വക്കേറ്റല്ലേ? ഞങ്ങളും എൽ.എൽ.ബി. പഠിച്ചവരാണ്. സാമാന്യ നിയമങ്ങളെക്കുറിച്ചുള്ള ധാരണ ഞങ്ങൾക്കുമുണ്ട്. കോടതി നോട്ടീസ് കൈപ്പറ്റിയില്ലേ; വക്കാലത്ത് ഏർപ്പാടാക്കിയില്ലേ; എന്നിട്ട് എന്തുകൊണ്ടാണ് ബഹുമാനപ്പെട്ട മുൻമുഖ്യമന്ത്രി കോടതിയിൽ ഹാജരാകാത്തത്? സോളാർ കേസ്സിൽ പണി കിട്ടി തുടങ്ങിയിരിക്കുന്നതേയുള്ളൂ. ശ്രീ. കെ. സി. ജോസഫിന് ഇപ്പോൾ ഒരു ചെറിയ വെളിപാട് ഉണ്ടായിരിക്കുകയാണ്. കടമക്കുടി, മെത്രാൻ കായൽ ഇതിലൊക്കെ തെറ്റുപറ്റിയെന്നാണ് പറഞ്ഞത്. സന്തോഷ് മാധവൻ ആരായിരുന്നു; രാജ്യത്തിനുവേണ്ടി പോരാടിയ ധീര ദേശാഭിമാനിയായിരുന്നോ? കഴിഞ്ഞ ഗവൺമെന്റ് അവസാന ക്യാബിനറ്റിൽ മാർച്ച് രണ്ടിന് ധൃതിപിടിച്ചാണ് എഴുതി കൊടുത്തത് സന്തോഷ് മാധവന്റെ ബിനാമി കമ്പനിക്കുവേണ്ടി. ഇത് എന്തിനുവേണ്ടി ആയിരുന്നു? ഇതായിരുന്നു കേരളത്തിൽ അഞ്ചുവർഷക്കാലം

നടന്നത്. ബഹുമാനപ്പെട്ട ഡോ. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രി യായിരുന്ന കാലത്ത് നാല്പതോളം ട്രഷറികൾ ഇൻകെൽ-നെ ഏൽപ്പിച്ചിരുന്നു. അതിൽ ഒരു ട്രഷറി കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലായിരുന്നു. ഇൻകെലിനെ ഏൽപ്പിച്ച പണി പൂർത്തീകരിച്ചിട്ടില്ല. അതുകൊണ്ട് ഒരു പുതിയ ഏജൻസിയെ ചുമതലപ്പെടുത്തി ആ ട്രഷറിയുടെ നിർമ്മാണം പൂർത്തീകരിക്കാൻ ആവശ്യമായ നടപടിയുണ്ടാകണം എന്ന് അഭ്യർത്ഥിക്കുകയാണ്. മലയാള ഭാഷയുമായി ബന്ധപ്പെട്ട് മാതൃഭാഷാ അവകാശ ജാഥാ സമാപനം ഇന്ന് തിരുവനന്തപുരത്ത് നടക്കുകയാണ്. മാതൃഭാഷ ഔദ്യോഗിക ഭാഷയാകും എന്ന പ്രഖ്യാപനം ഇതുവരെ പ്രാവർത്തികമായിട്ടില്ല. അത് പ്രാവർത്തികമാക്കാൻ ഗവൺമെന്റ് നിലപാട് സ്വീകരിക്കണം. ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് ഒരു കാര്യം സൂചിപ്പിക്കുവാനുള്ളത് പല സ്കൂളുകളും വിദ്യാർത്ഥികളെ ആകർഷിക്കാൻവേണ്ടി പൊതു വിദ്യാലയങ്ങളിൽ ഇംഗ്ലീഷ് മീഡിയം ആരംഭിക്കുന്നുണ്ട്. അത് ശരിയല്ല. നമ്മുടെ മീഡിയം മലയാളമായിരിക്കണം. അത് നിരുത്സാഹപ്പെടുത്താൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, ഒരു ഡിവിഷനല്ലേയുള്ളൂ. ബാക്കി മലയാളമാണ്. ആവശ്യമുള്ള രക്ഷിതാക്കൾക്ക് ഇംഗ്ലീഷ് മീഡിയത്തിൽ ചേർക്കാവുന്നതാണ്.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, അത് നമ്മുടെ കൺസെപ്റ്റിനെതിരാണ്. നമ്മുടെ പഠനം മാതൃഭാഷയിലായിരിക്കണം. ഇതെന്റെ അഭ്യർത്ഥനയാണ്. ആ അഭ്യർത്ഥന കൂടി മന്ത്രിയുടെ മുമ്പാകെ വച്ചുകൊണ്ട് ഉപധനാഭ്യർത്ഥനകളെ സർവ്വാത്മനാ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളിൽ കേരളത്തിലെ പാവപ്പെട്ട കർഷകരുടെ ദുരിതമാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ഒട്ടേറെ കാര്യങ്ങൾ ഈ ഗവൺമെന്റിൽ നിന്ന് കേരളത്തിലെ കർഷകർ പ്രതീക്ഷിക്കുന്നുണ്ട്. ഇൻഡ്യാ ഗവൺമെന്റിന്റെ സർവ്വേ റിപ്പോർട്ടിൽ കൃഷിക്കാരുടെ ആവറേജ് കടം പറഞ്ഞിരിക്കുന്നത് 6,48,000 രൂപയാണ്. കേരളത്തിലെ സർവ്വേ ഫലം പരിശോധിക്കുമ്പോഴാണ് ഇന്നത്തെ കർഷകരുടെ ആവറേജ് വരുമാനം ഒരു മാസത്തിൽ 5000 രൂപയാണെന്ന് മനസ്സിലാകുന്നത്. ഈ നിലയിൽ ഒരു കർഷക കുടുംബത്തിന് ജീവിക്കാൻ സാധിക്കുമോ എന്നതാണ് പരമ പ്രധാനമായ കാര്യം. ഇൻഡ്യാ ഗവൺമെന്റ് മിനിമം വേജസ്സായി ജീവിതത്തിന്റെ സാധ്യതകൾക്കുവേണ്ടി കണ്ടെത്തിയിട്ടുള്ള 18000 രൂപയെങ്കിലും

ഒരു ക്ലാസ് ഫോർ ജീവനക്കാരന് വേണമെന്നാണ്. ജീവനക്കാർക്ക് പരിമിതി നിശ്ചയിച്ചുകൊണ്ട് ഒരു കുടുംബത്തിന് 18000 രൂപയെങ്കിലും കണ്ടെത്തണമെന്ന നിലയിലാണ് ഇന്ന് നമ്മുടെ ശമ്പളനിരക്കിൽ വന്നിരിക്കുന്ന ശമ്പള പരിഷ്കരണം. ഈ കാര്യങ്ങളൊക്കെ പരിഗണിക്കുമ്പോൾ കർഷകരെ സംരക്ഷിക്കാൻ ഒരു നിയമവും ഒരു നയവുമുണ്ടാകണം. ഇന്ന് റേഷൻ കാർഡുമായി ബന്ധപ്പെട്ട് ചർച്ച നടന്നു. അനർഹരായവരെ ഒഴിവാക്കി അർഹരായവരെ കൊണ്ടുവരാൻ നടത്തുന്ന ശ്രമം ശ്ലാഘനീയമാണ്. ഇത് പൂർണ്ണമായി പ്രാവർത്തികമാക്കാൻ കഴിഞ്ഞാൽ അത്തരത്തിലെങ്കിലും ബി.പി.എൽ. കാർഡുള്ളവർക്ക് ആനുകൂല്യങ്ങൾ കൊടുക്കാൻ കഴിയും. ഇന്ന് നമ്മുടെ വരുമാനത്തിനനുസരിച്ച് നമുക്ക് ജീവിക്കാൻ സാധിക്കുന്നുണ്ടോ എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. വരവും ചെലവും തമ്മിൽ വലിയ അന്തരമാണുള്ളത്. ഇന്ന് കേരളത്തിൽ ഒരേക്കർ ഭൂമിയുള്ള ഒരു കർഷകൻ ബി.പി.എൽ. ആനുകൂല്യത്തിന് അർഹതാ പട്ടികയിൽ വരാനുള്ള സാധ്യത വിരളമാണ്. നിയമസഭയിലെ ഭരണ പ്രതിപക്ഷ അംഗങ്ങൾ ഒരുമിച്ച് ചിന്തിക്കേണ്ട കാര്യമാണിത്. ബി.പി.എൽ. ആനുകൂല്യം ലഭിക്കുന്നത് കേന്ദ്ര ഗവൺമെന്റിന്റെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസരിച്ചാണെങ്കിലും കേരളത്തിലെ സർക്കാർ ഈ കാർഷിക മേഖലയോട് ആഭിമുഖ്യം പുലർത്തിക്കൊണ്ടുതന്നെ അവരെ സംരക്ഷിക്കുന്നതിന് പ്രത്യേകമായ നിയമമുണ്ടാക്കണം. കേരളത്തിലെ ഒരേക്കറിൽ താഴെമാത്രം സ്ഥലം സ്വന്തമായുള്ള പാവപ്പെട്ട കർഷക കുടുംബത്തിന് ഇന്ന് ലഭ്യമാകുന്ന ബി.പിഎൽ. ആനുകൂല്യമെങ്കിലും കൊടുക്കാൻവേണ്ടി ഒരു പ്രത്യേക നിയമം നിയമസഭ പാസ്സാക്കണമെന്നാണ് എനിക്ക് അപേക്ഷിക്കുവാനുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇത് പരിഹരിക്കാൻ കഴിയുന്ന ഒരു കാർഷിക നയത്തിന് രൂപംകൊടുത്തു. ആ കാർഷിക നയവുമായി ബന്ധപ്പെട്ടുവരുന്ന ഒരു കാര്യത്തിലും നമുക്ക് മുന്നോട്ടുപോകാൻ സാധിച്ചിട്ടില്ല. അതിനുവേണ്ടി ഫാർമേഴ്സ് ഇൻകം ഗ്യാരന്റി ആക്ട് നടപ്പിലാക്കേണ്ടതായിട്ടുണ്ട്. കാർഷിക ഉല്പന്നങ്ങളുടെ ഉല്പാദന ചെലവുമായി ബന്ധപ്പെട്ട് വില നിർണ്ണയിക്കുന്നതിനുള്ള ഒരു അതോറിറ്റി കൊണ്ടുവരുന്നതിനുവേണ്ടി ശ്രമിക്കും എന്ന് പറഞ്ഞിരുന്നുവെങ്കിലും ആ നടപടിയുമായി മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടില്ല. വകുപ്പിന്റെ പേരു മാറ്റിയതുകൊണ്ടുമാത്രം കർഷകർക്ക് ക്ഷേമം ഉറപ്പാക്കാൻ കഴിയുകയില്ല. കുടുംബാംഗങ്ങൾ തമ്മിലുള്ള ഭൂമി ഇടപാടിന്റെ ആധാര മുദ്രവില വസ്തുവിലയുടെ മൂന്നു ശതമാനമായി വർദ്ധിപ്പിച്ചത് ഭാഗീകമായിട്ടെങ്കിലും മാറ്റം വരുത്താനുള്ള തീരുമാനവും വികസന കുതിപ്പിനുവേണ്ടി ധാരാളം തുക കണ്ടെത്തി കേരളത്തിന്റെ വികസന രംഗത്ത് മാറ്റം വരുത്താൻ ശ്രമിക്കുന്നതും ശ്ലാഘനീയമാണ്.

അതോടൊപ്പം കർഷകരെ സംരക്ഷിക്കാൻ ഒരു സ്കീം കൊണ്ടുവരണം. ഒരേക്കറിൽ താഴെ കൃഷിഭൂമിയുള്ള ഒരു സാധാരണ കർഷകന് അതിൽ നിന്നും കിട്ടുന്ന ആദായംകൊണ്ടുമാത്രം ജീവിക്കാൻ സാധ്യമല്ല. മാരകരോഗത്തിന് അടിമയായി തീരുന്നു, വിദ്യാഭ്യാസ ചെലവ് താങ്ങാൻ കഴിയുന്നില്ല. ആത്മഹത്യ ആരംഭിക്കുന്നത് നാണ്യവിളകളുടെ വിലയിടിവ് കൊണ്ടാണെന്നുമാത്രം കരുതാൻ പാടില്ല പ്രകൃതിക്ഷോഭംമൂലവും നാണ്യവിളകൾ നശിച്ചു പോകുന്നു. ഒരേക്കറിൽ നിന്നുള്ള ആദായം കൊണ്ടുമാത്രം ജീവിക്കാൻ സാധ്യമല്ലാത്ത സാഹചര്യത്തിൽ, സെൻട്രൽ ഗവൺമെന്റിന്റെ കണക്കുപ്രകാരം 5000 രൂപയാണ് പ്രതിമാസ വരുമാനമെന്ന് കണ്ടെത്തുന്ന സാഹചര്യത്തിൽ, ഒരു ക്ലാസ് ഫോർ ജീവനക്കാരന് 18000 രൂപ വേണമെന്ന് കേന്ദ്രഗവൺമെന്റിന്റെ സർവ്വേയിൽ തന്നെ പറയുന്ന സാഹചര്യത്തിൽ ഈ കർഷകരെ സംരക്ഷിക്കാൻ എത്ര കോടി രൂപ മാറ്റിവച്ചിട്ടാണെങ്കിലും പുതിയ പദ്ധതിയും നയവും കൊണ്ടുവരണം. ബി.പി.എൽ. ആനുകൂല്യത്തിന് അർഹതയുള്ളവർക്ക് ലഭിക്കുന്ന അതേ ആനുകൂല്യം കർഷകർക്കും ലഭ്യമാക്കുന്നതിന് നടപടിയെടുക്കണം. സംസ്ഥാന ഗവൺമെന്റിന്റെ പണം മുടക്കിതന്നെ കർഷകരെ സംരക്ഷിക്കാൻ ഒരു പുതിയ ചട്ടവും നിയമവും രൂപീകരിക്കണം. കേരളത്തിൽ എല്ലാ വിഭാഗങ്ങൾക്കും ഓണക്കാലത്ത് പെൻഷൻ കൊടുത്തെങ്കിലും കർഷക പെൻഷൻ കൊടുക്കാൻ സാധിച്ചിട്ടില്ല അത് അടിയന്തരമായി കൊടുക്കുന്നതിന് നടപടി സ്വീകരിക്കണം. ചെറുകിട നാമമാത്ര കർഷകരെ അംഗീകരിക്കുന്നത് കർഷകരോട് പുലർത്തുന്ന ഒരു നീതിയാണ്. ഇന്ന് ഇടുക്കിയിലെ കാർഷിക മേഖലയിലുള്ളവർ വലിയ ദുരിതമനുഭവിക്കുകയാണ്. അതോടൊപ്പം പരിസ്ഥിതിലോല പ്രദേശവുമായി ബന്ധപ്പെട്ട വിഷയങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. 2014 മാർച്ച് 10-ന് പ്രസിദ്ധീകരിച്ച നോട്ടിഫിക്കേഷൻ അനുസരിച്ച് കേരളം ബയോ ഡൈവേഴ്സിറ്റി ബോർഡിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച അതിരുകളോടുകൂടി ഇ.എസ്.എ. ആയാണ് നിലനിൽക്കുന്നത്. ഇ.എസ്.എ.യിൽ നിന്ന് കൃഷിയിടവും തോട്ടം മേഖലയും ജനവാസ കേന്ദ്രങ്ങളും ഒഴിവാക്കിയിട്ടുള്ളതാണ്. ഈ സാഹചര്യത്തിലാണ് 2016 ഓഗസ്റ്റ് 31-ന് ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തത്. ആ അപ്പീൽ ഫയൽ ചെയ്തതിൽ പരാമർശിച്ചിട്ടുള്ളത് കൃഷിയിടവും തോട്ടം മേഖലയും ഒക്കെ പരിസ്ഥിതിലോല പ്രദേശമായി നിലനിൽക്കുന്നു എന്നാണ്. അത് പിൻവലിച്ച് ഇടുക്കിയിലെ ജനങ്ങളുടെ ആശങ്കയകറ്റുന്നതിനായി അന്തിമ വിജ്ഞാപനം ഉടൻ ഇറങ്ങേണ്ടതായിരിക്കുന്നു. നിർത്തിവച്ചിരിക്കുന്ന പട്ടയ നടപടികളെല്ലാം പുനരാരംഭിക്കണം. 2010-ലെ ഹൈക്കോടതി ഉത്തരവിന് ആധാരമാണെന്ന വാദത്താൽ ജില്ലാ കളക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദേവികുളം, ഉടുമ്പൻചോല, പീരുമേട് തുടങ്ങിയ താലൂക്കുകളിൽ നിർത്തിവച്ചിരിക്കുന്ന

കൺസ്ട്രക്ഷൻ വർക്കുകൾ പുനരാരംഭിക്കാൻ നടപടി സ്വീകരിക്കണം. റവന്യൂ അധികൃതരുടെ മേൽനോട്ടത്തിൽ കൊടുത്ത റിപ്പോർട്ടിന്റെയും പൊസഷൻ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ പഞ്ചായത്തിന് അനുമതി കൊടുത്തു കൊണ്ട് ആരംഭിച്ച നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ തടസ്സപ്പെട്ടിരിക്കുന്നത് ഗൗരവത്തിൽ കാണേണ്ടതാണ്.

ഏലം മേഖലയിൽ ഇന്ന് വലിയ പ്രതിസന്ധി നേരിടുകയാണ്. ഷെയ്ഡ് ഇറക്കാൻ പാടില്ല എന്നതരത്തിൽ ഒരു രേഖ വനം വകുപ്പിൽനിന്നും ഏലം കർഷകർക്ക് കൊടുത്തിരിക്കുകയാണ്. ഷെയ്ഡ് ഇറക്കിയില്ലെങ്കിൽ ഏലം ഉൽപ്പാദനം കുറയുകയും കൃഷിയിടങ്ങളിൽ പലതരത്തിലുള്ള രോഗങ്ങൾ ബാധിക്കാനുള്ള സാഹചര്യമുണ്ടാവുകയും ചെയ്യും. വൈദ്യുതി സബ്സിഡിയും നിർത്തലാക്കിയിരിക്കുന്നു. ഇക്കാര്യങ്ങളിലെല്ലാം സുവ്യക്തമായൊരു നടപടി ഉണ്ടാകണം.

ഈ ഗവൺമെന്റ് വന്നതിനുശേഷം കാരുണ്യ ബനവലന്റ് ഫണ്ട് പ്രകാരമുള്ള യാതൊരു ആനുകൂല്യങ്ങളും ലഭിക്കാതെ സാധാരണക്കാരും നിർദ്ധനരുമായ ധാരാളം ആളുകൾ ബുദ്ധിമുട്ടുകയാണ്. അത് പുനരാരംഭിക്കാൻ നടപടി സ്വീകരിക്കണം. വരൾച്ച വളരെ കൂടുതലാകുന്ന സാഹചര്യത്തിലെ ബുദ്ധിമുട്ട് ഒഴിവാക്കാൻ ഡിസംബർ മാസത്തിൽതന്നെ ധനകാര്യ വകുപ്പ് മുൻകയ്യെടുത്ത് ഇറിഗേഷൻ വകുപ്പുമായി ആലോചിച്ച് എം.എൽ.എ.മാരുടെയും പഞ്ചായത്തുതല സമിതിയുടെയും നേതൃത്വത്തിൽ പ്രാഥമിക മീറ്റിംഗുകൾക്ക് തുടക്കം കുറിക്കണം. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട അർഹതയുള്ള കുടുംബങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ഒരേക്കറിൽ താഴെ ഭൂമിയുള്ള കർഷക കുടുംബങ്ങൾക്ക് കൂടി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടിയുണ്ടാകണം.

ശ്രീ. സി. കെ. നാണു: സർ, ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 44 നദികളാൽ സമ്പന്നമായിരുന്ന കേരളം ഇന്ന് ഗുരുതരമായ ജലദൗർലഭ്യം നേരിടുകയാണ്. ഓരോ ജലസേചന പദ്ധതികൾക്കും കോടിക്കണക്കിന് രൂപയാണ് സർക്കാർ ചെലവഴിക്കുന്നത്. ഭൂഗർഭ ജലത്തിന്റെ തോത് അപകടകരമാംവിധം വളരെ താഴ്ന്നിരിക്കുകയാണ്. നമ്മുടെ നദികളിൽനിന്ന് അന്യസംസ്ഥാനക്കാർ വെള്ളമെടുക്കുന്ന ഈ അവസരത്തിൽ വരൾച്ചാ ഘട്ടത്തിൽ ജലലഭ്യത ഉറപ്പുവരുത്താൻ കൂട്ടായ ശ്രമം നടത്തേണ്ടതുണ്ട്. അതിന് പ്രധാനമായും കേരളത്തിലെ നദികൾ സംരക്ഷിക്കപ്പെടണം. നദികളിൽ ശുദ്ധജലം ഉണ്ടാകണമെങ്കിൽ കേരളത്തിലെ വനമേഖല സംരക്ഷിക്കപ്പെടണം. വനമേഖലയെ സംരക്ഷിക്കാൻ വനനശീകരണത്തെ അനുകൂലിക്കാതെ, വനനശീകരണത്തി

നെതിരെ ഫലപ്രദമായ നടപടികൾ സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകണം. അത് സ്വീകരിച്ചില്ലെങ്കിൽ തുടർന്നുള്ള വർഷങ്ങളിൽ ജലലഭ്യത ഇല്ലാതാകുകയും ഭൂഗർഭജലം തകരുകയും കുളങ്ങളിൽനിന്നും ലഭിക്കുന്ന വെള്ളത്തിന്റെ തോത് മെല്ലെ കുറഞ്ഞുവരികയും ചെയ്യുന്ന വലിയൊരു പ്രതിസന്ധിയിലേയ്ക്ക് കേരളം നീങ്ങുമെന്നുള്ള കാര്യത്തിൽ സംശയമില്ല. കേരളത്തിന് സമീപത്തുള്ള അന്യസംസ്ഥാനങ്ങൾ കേരളത്തിന് നൽകാനുള്ള ജലം നൽകാതെ കേരളത്തിന്റെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായാണ് പ്രവർത്തിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റുകൾ അലസത കാണിച്ച ഇത്തരം നടപടികൾ ഒഴിവാക്കി കേരളത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ സാധിക്കണം.

ശ്രീ. കെ. സി. ജോസഫ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തോട് നിങ്ങൾ ഞങ്ങളെ എതിർത്തവരല്ലേയെന്ന് ചോദിച്ചപ്പോൾ എനിക്ക് ആവേശം തോന്നുകയുണ്ടായി. 1969-ൽ കോൺഗ്രസ്സ് പിളർന്നപ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ സഹായമില്ലായിരുന്നെങ്കിൽ ഇന്ത്യാരാജ്യം ഇന്നുള്ളതിനേക്കാളും വളരെ മുമ്പോട്ടുപോകുമായിരുന്നു എന്നുള്ളത് എനിക്കും തോന്നുകയുണ്ടായി. കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ സഹായം കൊണ്ടാണ് അന്ന് കേന്ദ്രത്തിൽ ശ്രീമതി ഇന്ദിരാഗാന്ധിക്ക് അധികാരത്തിൽ തുടരാൻ സാധിച്ചത്. 1969-ലെ കോൺഗ്രസ്സ് പിളർപ്പിനുശേഷം കമ്മ്യൂണിസ്റ്റുകാരുടെ പിന്തുണ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അവർക്ക് അധികാരത്തിൽ വരാൻ സാധിച്ചു. അത് ശരിയല്ലേ? 1969-ലെ അവസാന കാലഘട്ടത്തിൽ ഗുജറാത്തിൽ ചേർന്ന ഒരു യോഗത്തിൽ എത്രകാലം ഇന്ത്യാ രാജ്യത്തിലെ ജനങ്ങൾ തന്റെകൂടെ ഉണ്ടെന്ന് ഇന്ദിരാഗാന്ധിക്ക് തോന്നുന്നോ, അതുവരെ അവർ ജനാധിപത്യത്തിന്റെ മുഖം ഉപയോഗിക്കുമെന്നും ജനങ്ങൾ തന്നിൽനിന്ന് പോകുന്നുവെന്ന് തോന്നിയാൽ അവരുടെ ആവരണം മാറ്റി ഏകാധിപതിയായ ഇന്ദിരാഗാന്ധിയെ ജനത്തിന് കാണാമെന്നും ശ്രീ. മൊറാർജി ദേശായി പറയുകയുണ്ടായി.

ശ്രീ. സണ്ണി ജോസഫ്: ഇന്ന് ഇന്ദിരാഗാന്ധിയുടെ രക്തസാക്ഷി ദിനമാണ്. അതേക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. സി. കെ. നാണു: രക്തസാക്ഷി ദിനം ബഹുമാനിക്കേണ്ടത് തന്നെയാണ്. ഞാൻ അതിനെ ബഹുമാനിക്കുന്നു. പക്ഷേ ഞാൻ ഇവിടെ രാഷ്ട്രീയം പറയട്ടെ. ഈ രാജ്യം അടിയന്താവരസ്ഥയിലേയ്ക്ക് പോയി. ആരാണ് ഇന്ത്യൻ ജനാധിപത്യം പുനഃസ്ഥാപിച്ചത്; നിങ്ങളാണോ? നിങ്ങൾ ഇന്ത്യൻ ജനാധിപത്യം തകർക്കുന്നതിന്റെ ഭാഗമായി നിന്നവരാണ്. സമാധാനപരമായി പ്രക്ഷോഭം നടത്തിയവരെ ജയിലിൽ കൊണ്ടുപോയി. മർദ്ദനമേറ്റവരെ രാജ്യത്തിന്റെ

ജനാധിപത്യത്തിന്റെ പാതയിൽ കൊണ്ടുവരുന്നതിന് കമ്മ്യൂണിസ്റ്റുകാരിൽ ഒരു വിഭാഗം ഞങ്ങളെ സഹായിച്ചു. രാഷ്ട്രീയം പഠിക്കാൻ ശ്രമിക്കാതെ, രാഷ്ട്രീയത്തിൽനിന്ന് താൽക്കാലികമായി ലാഭം മാത്രം ഉണ്ടാക്കാൻ ശ്രമിക്കുന്നവരായ ആളുകൾക്ക് മൊറാർജി ദേശായിയെ അറിയില്ല. പക്ഷേ ഇന്ത്യാ രാജ്യത്തിലെ ജനങ്ങൾക്ക് ജയപ്രകാശ് നാരായണനെയും മൊറാർജി ദേശായിയേയും മനസ്സിലാക്കിയാൽ മാത്രമേ ഒരു ജനാധിപത്യ രാജ്യത്തിൽ 1969-നുശേഷം ഞങ്ങൾ വന്നതെങ്ങനെയെന്ന് മനസ്സിലാക്കാൻ സാധിക്കൂ. നരസിംഹ റാവുവിന്റെ ഭരണകാലത്ത്, ഈ രാജ്യത്തിലെ ന്യൂനപക്ഷ സമുദായത്തിൽപ്പെട്ടവർ, കോൺഗ്രസ്സിന് പിന്തുണ നൽകാമോ എന്നാണ് എന്റെ ചോദ്യം. ഡൽഹിയിലെ ജുമാമസ്ജിദിലെ ഇമാം വടക്കേ ഇന്ത്യയിലെ മുസ്ലീം ന്യൂനപക്ഷത്തിന്റെ രക്തം പുരണ്ട വസ്ത്രങ്ങളടക്കം എടുത്തുകൊണ്ട് ഇന്ത്യ മുഴുവൻ നിങ്ങൾക്കെതിരായി നീങ്ങിയ അവസരത്തിൽ, അടിയന്തരാവസ്ഥയ്ക്ക് അനുകൂലമായി കേരളം മാത്രമേ നിങ്ങളുടെ കൂടെ നിന്നുള്ളൂ. ബാബ്റി മസ്ജിദ് തകർക്കപ്പെട്ടത് നരസിംഹ റാവു ഇന്ത്യാരാജ്യത്തിന്റെ പ്രധാനമന്ത്രിയായിരുന്ന കാലത്താണ്.

<u>ശ്രീ. പി. ടി. തോമസ്</u> : സർ, വളരെ പരിണിതപ്രജ്ഞനായ ഒരു പൊതുപ്രവർത്തകനാണ് ശ്രീ. സി. കെ. നാണു. അദ്ദേഹത്തിന് എല്ലാ കാര്യങ്ങളും അറിയാം. അദ്ദേഹം പറയുന്നതിനോട് പരിപൂർണ്ണമായി യോജിക്കുന്നില്ലെങ്കിലും ചില കാര്യങ്ങളുണ്ട്. എന്റെ ചോദ്യം, നരസിംഹ റാവു ഗവൺമെന്റ് ഇന്ത്യാ രാജ്യം ഭരിക്കുമ്പോൾ, ബാബ്റി മസ്ജിദ് വിഷയത്തിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി ഒരു കമ്മീഷനെ നിയോഗിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ പ്രവർത്തിക്കാവൂവെന്ന് ശക്തമായ നിർദ്ദേശം കൊടുക്കുകയും ചെയ്തു. സുപ്രീം കോടതിയുടെ നിയന്ത്രണത്തിൽ കാര്യങ്ങൾ നടക്കുമ്പോഴാണ് ബാബ്റി മസ്ജിദ് പൊളിക്കപ്പെടുന്നത്. അങ്ങ് അത് മറന്നുകൊണ്ട് ഇങ്ങനെ പറയുന്നത് ശരിയാണോ?

1.00 pm]

<u>ശ്രീ. സി. കെ. നാണു</u>: എ. ബി. വാജ്പേയി ഉൾപ്പെടെയുള്ള പാർലമെന്റിലെ ഭൂരിപക്ഷാംഗങ്ങൾ, സുപ്രീം കോടതി തുടങ്ങി ഇന്ത്യയിലെ എല്ലാ ഏജൻസികളും എന്തുവില കൊടുത്തും ബാബറി മസ്ജിദ് സംരക്ഷിക്കണമെന്ന് പറഞ്ഞിട്ടും ബാബറി മസ്ജിദ് സംരക്ഷിച്ചോ? ബാബറി മസ്ജിദ് തകർത്ത് തരിപ്പണമാക്കി ഒരു പ്ലാറ്റ്ഫോം പോലെ ആക്കിയതിനുശേഷം അന്നത്തെ പ്രധാനമന്ത്രി ശങ്കരാചാര്യരെ കാണാൻ പോയിരുന്നു, അതൊക്കെ ചരിത്രമാണ്. അത് എന്നോട് ചോദിച്ചിട്ട് ഫലമില്ല. അതിനുശേഷം വി. പി. സിംഗ് പ്രധാനമന്ത്രിയാവുകയും

മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുകയും ചെയ്തു. ബി.ജെ.പി.-യിൽനിന്ന് ഇന്ത്യയിലെ ജനങ്ങളെ രക്ഷിച്ചത് കോൺഗ്രസ്സാണെന്ന് നിങ്ങൾ പറയുമല്ലോ.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഇവിടെ വി.പി. സിംഗ് പ്രധാനമന്ത്രി യായതായി അങ്ങ് സൂചിപ്പിച്ചു. ഇടതുപക്ഷത്തിന്റെയും ബി.ജെ.പി.-യുടെയും ആർ.എസ്.എസ്.-ന്റെയും പിന്തുണയോടുകൂടിയല്ലേ വി.പി. സിംഗ് അധികാരത്തി ലെത്തിയത്.

ശ്രീ. സി. കെ. നാണു: സർ, അദ്ദേഹം പറഞ്ഞത് വളരെ ശരിയാണ്. വി.പി. സിംഗ് ഗവൺമെന്റിന് പിന്തുണ നൽകിയത് ഇടതുപക്ഷ കക്ഷികളും ബി.ജെ.പി.-യുമാണ്. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കിയ വി.പി. സിംഗ് ഗവൺമെന്റിനെ തകർക്കുകയും പിന്തുണ പിൻവലിക്കാൻ തീരുമാനിക്കുകയും ചെയ്ത ബി.ജെ.പി.-യെ പാർലമെന്റിൽ പിന്തുണച്ചത് കോൺഗ്രസ്സായിരുന്നു. ഇതെല്ലാം രേഖയിലുള്ളതാണ്. ഇവിടത്തെ ബഹുഭൂരിപക്ഷം വരുന്ന ഹിന്ദുക്കൾ പട്ടികജാതി പട്ടികവർഗ്ഗവും ന്യൂനപക്ഷങ്ങളുമാണ്. അവരുടെ താല്പര്യമാണ് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുക എന്നുള്ളത്. ഞങ്ങൾ അധികാരത്തിൽ വന്നാൽ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുമെന്ന് പ്രകടന പത്രികയിൽ പറഞ്ഞിരുന്നു. എൻ.ടി.ആറിന്റെ പാർട്ടിയും ബി.ജെ.പി.യുമെല്ലാം ഒരുമിച്ച് പ്രകടനപത്രികയുടെ കൂടെയുണ്ടായിരുന്നു. പക്ഷേ മണ്ഡൽ കമ്മീഷൻ നടപ്പാക്കിയപ്പോൾ എതിർത്തു. അന്ന് കോൺഗ്രസ്സിനോടൊപ്പം ചേർന്ന് വി.പി. സിംഗ് ഗവൺമെന്റിനെ തകർത്തവരാണ് നിങ്ങൾ. ചരിത്രം ഇതാണ്. നിങ്ങൾ ഭരിക്കുന്നുവെന്ന് ഞാൻ സമ്മതിക്കുന്നു. എന്നാൽ ഇതെല്ലാം ചെയ്തിട്ടും നിങ്ങൾ ഈ രാജ്യത്ത് നിലനിൽക്കുന്നുണ്ട്. ഇത് ഈ രാജ്യത്തിന്റെ ഗുണമാണെന്ന് പറയാമോ? നേരത്തെ ശ്രീ. കെ. സി. ജോസഫ് രാഷ്ട്രീയത്തെക്കുറിച്ച് പറഞ്ഞപ്പോൾ, നമ്മളെപ്പോലുള്ളവർ ഇവിടെ ഇരിക്കുമ്പോൾ ഇതൊന്നു പഞ്ഞില്ലെങ്കിൽ ശരിയല്ല എന്ന ഒരു സമ്മർദ്ദം അറിയാതെ വന്നുപോകുന്നു.

ശ്രീ. എം. സ്വരാജ് : സർ, ഈ ഉപധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണയ്ക്കുന്നു. അഴിമതിയും ജീർണ്ണതയും ദുർഗന്ധപൂരിതമാക്കി മാറ്റിയ ഒരു കാലത്തിന്റെ സായാഹ്നത്തിൽ ഇവിടെയൊരു പുതുയുഗം പിറന്നിരിക്കുകയാണ്. കേരളത്തിന്റെ സമീപ ഭൂതകാലം നമ്മുടെ ചരിത്രത്തിലെ കളങ്കത്തിന്റെ കാലഘട്ടം എന്നായിരിക്കും ഭാവിയിൽ അറിയപ്പെടുക എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. കീഴടക്കിയ രാഷ്ട്രങ്ങൾ കൊള്ളയടിച്ച ചക്രവർത്തിമാരെക്കുറിച്ചും രാജാക്കൻമാരെ ക്കുറിച്ചും നമ്മൾ ധാരാളം കഥകൾ കേട്ടിട്ടുണ്ട്. എന്നാൽ ഇവിടെ തെരഞ്ഞെടുത്ത ജനങ്ങളെയും പിറന്ന നാടിനെയും കൊള്ളയടിച്ച ഒരു സർക്കാരിന്റെ

വാർത്തകളാണ് കഴിഞ്ഞ കാലത്ത് കേരളത്തിൽ തുടർച്ചയായി വന്നു കൊണ്ടിരുന്നത്. കൊള്ളക്കാരായ രാജാക്കൻമാർക്കും ചക്രവർത്തിമാർക്കും പിന്നീട് എന്തു സംഭവിച്ചു എന്നും കൊള്ളമുതൽ കൊണ്ട് അവർ പടുത്തുയർത്തിയ കൊട്ടാരങ്ങൾക്കും മഹാസൗധങ്ങൾക്കും ചരിത്രത്തിൽ പിന്നീട് എന്തുസംഭവിച്ചു എന്നും നാം പരിശോധിക്കേണ്ടതുണ്ട്. മലയാളത്തിന്റെ പ്രിയപ്പെട്ട കവി കടമ്മനിട്ട രാമകൃഷ്ണൻ ഒരിക്കലെഴുതി "എല്ലാ കോട്ടകളും പുരാവസ്തുവായി മാറും, എല്ലാ സുൽത്താൻമാർക്കും ഇരുളടഞ്ഞ ഗുഹകളിലൂടെ പാലായനം ചെയ്യേണ്ടതായി വരും". ഏകാധിപതികളും കൊള്ളക്കാരുമായ ഭരണാധികാരികൾക്കൊക്കെയും ഇരുളടഞ്ഞ ഗുഹകളിലൂടെ പാലായനം ചെയ്യേണ്ടി വരുമെന്നാണ് പ്രവചന തുല്യമായ മനോഭാവത്തോടെ കവി എഴുതിയത്. എപ്പോഴും ചട്ടമൊക്കെ ഉദ്ധരിക്കുന്ന ധാരാളം ആളുകളുണ്ട്. 281(2)(8)(9) ചട്ടമൊക്കെ വായിച്ചുനോക്കിയാൽ ഇങ്ങനെ പറയുന്നത് ശരിയല്ല എന്ന് ബോധ്യപ്പെടും. എന്നാലും പറയണമെന്നുണ്ടെങ്കിൽ ധൈര്യമായി പറയാം. പറയുന്നതിൽ എനിക്ക് വിരോധമൊന്നുമില്ല. എനിക്ക് പറയാനുള്ളതൊക്ക ഞാൻ പറയുകതന്നെ ചെയ്യും. ഞാൻ സൂചിപ്പിച്ചത്, ചരിത്രത്തിലെ ഏകാധിപതികൾക്ക് വന്ന അനുഭവം അതാണെങ്കിൽ ജനാധിപത്യത്തിലെ അവസരങ്ങളുപയോഗിച്ച് രാഷ്ട്രത്തിന്റെയും നാടിന്റെയും സമ്പത്ത് കൊള്ളയടിച്ചവരെ കാത്തിരുന്നത് എന്തായിരുന്നുവെന്ന് കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ നമുക്ക് മനസ്സിലായി. ദയാരഹിതമായ ജനകീയ വിചാരണയ്ക്ക് വിധേയരായവർ പ്രബുദ്ധമായ കേരള രാഷ്ട്രീയത്തിന്റെ പുറമ്പോക്കിലേയ്ക്ക് അതിവേഗം വലിച്ചെറിയപ്പെടുന്ന കാഴ്ചയ്ക്കാണ് നാം സാക്ഷ്യം വഹിച്ചത്. പഴയകാലത്തെ കൊള്ളക്കാരായ രാജാക്കൻമാരുടെ കൊട്ടാരങ്ങൾക്ക് പുരാവസ്തുവിന്റെ മൂല്യമെങ്കിലുമുണ്ടെങ്കിൽ ഇവരെയെല്ലാം ഏറ്റവും അഭിശപ്തവും നിരാശാഭരിതവുമായ കാലഘട്ടത്തിന്റെ ഓർമ്മയായി മാത്രമായിരിക്കും കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിനെ ഭാവി കേരളം വിലയിരുത്തുകയും ഓർമ്മിക്കുകയും ചെയ്യുക എന്ന കാര്യത്തിൽ ഒരു സംശയവും എനിക്കില്ല. അഴിമതിയുടെ കൂത്തരങ്ങെന്നപോലെ സമസ്ത രംഗവും തകർക്കപ്പെട്ട ഭരണമായിരുന്നു കഴിഞ്ഞ യു.ഡി.എഫ്. ഭരണം. എല്ലാ രംഗത്തും മുരടിപ്പായിരുന്നു. നികുതി പിരിവ് അട്ടിമറിക്കപ്പെട്ടു. എൽ.ഡി.എഫ്.-ന്റെ ഭരണകാലത്ത് 2006-2011 കാലഘട്ടത്തിൽ കേരളത്തിലെ റവന്യൂ വരുമാനം 17.40 ശതമാനമായിരുന്നത് തുടർന്നുവന്ന യു.ഡി.എഫ്. ഭരണകാലത്ത് 12.94 ആയി കുറയുകയാണ് ചെയ്തത്. നികുതി പിരിവ് അട്ടിമറിക്കപ്പെട്ടത് ആർക്കുവേണ്ടിയായിരുന്നു. ആരുടെ താല്പര്യങ്ങളാണ് സംരക്ഷിക്കപ്പെട്ടത്. എന്നാൽ റവന്യൂ ചെലവ് എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് 13.15 ശതമാനമുണ്ടായിരുന്നത് 21.04 ശതമാനമായി വർദ്ധിക്കുന്ന

കാഴ്ചയാണ് നമ്മൾ കണ്ടത്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ 61 ശതമാനവും തനത് നികുതികളാണെന്നിരിക്കെ ആ നികുതി പിരിവിൽ കുറ്റകരമായ അലംഭാവമാണ് യു.ഡി.എഫ്-ന്റെ കാലത്തുണ്ടായിരുന്നത്. ബഡ്ജറ്റിലെ നികുതി പിരിവ് സംബന്ധിച്ച ലക്ഷ്യം സാക്ഷാത്കരിച്ചത് സംബന്ധിച്ച് ശ്രീ. റ്റി. വി. രാജേഷ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ചരിത്രത്തിലാദ്യമായി ബഡ്ജറ്റിന്റെ ലക്ഷ്യം പൂർത്തിയാക്കാൻ കഴിഞ്ഞ ഗവൺമെന്റായിരുന്ന അന്നത്തെ എൽ.ഡി.എഫ്. ഗവൺമെന്റ്. ചരിത്രം തിരുത്തിയ ഗവൺമെന്റായിരുന്ന അത്. ഞങ്ങൾ ചരിത്രം തിരുത്തുന്നവരാണ്. ആ നേട്ടങ്ങളെ പിറകോട്ടടിപ്പിച്ചവരാണ് നിങ്ങളെന്ന് പറയാതെ വയ്യ. കേരളത്തിന്റെ സമ്പദ്ഘടനയുടെ വളർച്ച എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 7.61 ശതമാനമായിരുന്നുവെങ്കിൽ യു.ഡി.എഫ്-ന്റെ കാലത്ത് അത് ഒരു ശതമാനം കുറയുന്നതിനാണ് നമ്മൾ സാക്ഷ്യം വഹിച്ചത്. എൽ.ഡി.എഫ്. ഭരണമൊഴിയുന്ന സമയത്ത് കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ലാഭം 666 കോടി രൂപയായിരുന്നത് അഞ്ച് വർഷത്തെ യു.ഡി.എഫ്.-ന്റെ ഭരണം കഴിയുമ്പോൾ 460 കോടി രൂപയുടെ നഷ്ടമാണ് കാണിക്കുന്നത്. 666 കോടി രൂപയുടെ ലാഭമുണ്ടാക്കിയ കേരളത്തിന്റെ പൊതുമേഖലയെ 5 കൊല്ലം കൊണ്ട് 460 കോടി രൂപയുടെ നഷ്ടമുണ്ടാക്കിയ മേഖലയാക്കി മാറ്റാൻ ലോകത്തിൽ യു.ഡി.എഫ്-നല്ലാതെ മറ്റൊരു ശക്തിക്കും കഴിയില്ല. ഈയൊരു ഘട്ടത്തിലാണ് കോൺഗ്രസ്സിന്റെ രണ്ടാമത്തെ നേതാവെന്ന് കോൺഗ്രസ്സുകാർ തന്നെ പറയുന്ന ബഹുമാന്യനായ എ. കെ. ആന്റണി കേരളത്തിൽവന്ന് നടത്തിയ പ്രസ്താവന നാം ഓർക്കേണ്ടത്. കേരളത്തിന്റെ വ്യാവസായിക വികസനത്തിന് യു.ഡി.എഫ്. സർക്കാരിന് ഒരു താല്പര്യവുമില്ലെന്ന് ബഹുമാനപ്പെട്ട എ. കെ. ആന്റണി അന്ന് വെട്ടിത്തുറന്ന് പറയുകയാണ് ചെയ്തത്. അതോടൊപ്പം അദ്ദേഹം മുൻ എൽ.ഡി.എഫ്. ഗവൺമെന്റിനെ മുക്തകണ്ഠം പ്രശംസിക്കാനും വ്യവസായ വകുപ്പിന്റെ സമീപനങ്ങളെ ശ്ലാഘിക്കാനും ശ്രമിച്ചുവെന്നുള്ളതും വസ്തുതയാണ്. ഇവിടെയിരിക്കുന്ന പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട എ. കെ. ആന്റണിയുടെ അഭിപ്രായങ്ങളെ ഇപ്പോൾ ഓർക്കുന്നുണ്ടാകുമെന്നാണ് ഞാൻ കരുതുന്നത്. അതോടൊപ്പം അഴിമതിയുടെ കൂത്തരങ്ങായി കേരളം മാറി. ഗോഡ്സ് ഓൺ കൺട്രി എന്ന് പരാമർശിക്കപ്പെടുന്ന കേരളം ലാന്റ് ഓഫ് കറപ്ഷനായി മാറുന്നതാണ് ഈ കാലഘട്ടത്തിൽ നമ്മൾ കണ്ടത്. സോളാർ ഒഴികെ 12,000 കോടി രൂപയുടെ അഴിമതിയാരോപണങ്ങൾ ഉയർന്നുവരികയും 136 അഴിമതിക്കേസ്സുകൾ കേരളത്തിൽ എടുക്കപ്പെടുകയും ചെയ്യുന്ന സാഹചര്യമുണ്ടായി. മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരുമെല്ലാം ശിക്ഷ കാത്ത് കോടതി വരാന്തയിൽ ഇരിക്കുന്ന കാലഘട്ടമായിരുന്ന യു.ഡി.എഫ്. കാലഘട്ടം. യു.ഡി.എഫ് ഭരണത്തിന്റെ

അവസാനകാലത്തെക്കുറിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. മത്സരാടിസ്ഥാന ത്തിലുള്ള മോഷണമാണ് അക്കാലത്ത് നടന്നത്. മെത്രാൻ കായൽ, കരുണ എസ്റ്റേറ്റ്, കടമക്കുടി പാടം തുടങ്ങിവയെല്ലാം നമ്മുടെ മുമ്പിലുണ്ട്. സന്തോഷ് മാധവന് 128 ഏക്കർ ഭൂമി തീറെഴുതിക്കൊടുക്കാൻ തീരുമാനിച്ച ഗവൺമെന്റായും വിജയ് മല്യയെന്ന ഇന്ത്യയിലെ പാവം ദരിദ്രന് 20 ഏക്കർ ഭൂമി എഴുതിക്കൊടുക്കാൻ തീരുമാനിച്ച ഗവൺമെന്റായും യു.ഡി.എഫ്. ഗവൺമെന്റ് മാറി. യു.ഡി.എഫ് ഭരണകാലത്ത് 67 കർഷകരാണ് ആത്മഹത്യ ചെയ്തത്. 3 ലക്ഷംവരുന്ന കേരളത്തിലെ സാധാരണക്കാരായ ജനങ്ങൾക്ക് തലചായ്ക്കാൻ ഒരുപിടി മണ്ണില്ലാത്ത നാട്ടിലാണ് സന്തോഷ് മാധവന്റെയും വിജയ് മല്യയുടെയും കാൽക്കൽ കേരളത്തിന്റെ ഭൂമി തീറെഴുതിക്കൊടുക്കാൻ നിങ്ങൾ തയ്യാറായത്. ഈ തീരുമാനത്തെയാണ് കെ.പി.സി.സി പ്രസിഡന്റ് 'കൊള്ള' എന്ന വാക്കുകൊണ്ട് വിശേഷിപ്പിച്ചത്. കൊള്ളയെന്നും തീവെട്ടിക്കൊള്ളയെന്നും കോൺഗ്രസ്സിന്റെ സമുന്നതനേതാക്കന്മാരാൽ വിശേഷിപ്പിക്കപ്പെട്ട ഭരണമായിരുന്നു കഴിഞ്ഞ യു.ഡി.എഫ്. ഭരണം. അനധികൃതമായി സ്വത്ത് സമ്പാദിക്കാൻ ഒരു സ്വത്ത് സംഭരണ സംഘടിത പ്രയത്നമായി മുൻ യു.ഡി.എഫ്-ന്റെ ഭരണം മാറി. ചില ലോക്കറുകൾ കാലിയാക്കാൻ ചിലർ നെട്ടോട്ടമോടുന്നു. ചില ലോക്കറുകൾ തുറക്കുമ്പോൾ പത്മനാഭസ്വാമി ക്ഷേത്രത്തിലെ 'ബി' നിലവറയാണോ 'എ' നിലവറയാണോ തുറക്കപ്പെട്ടതെന്ന സംശയമാണ് മാധ്യമങ്ങളിലെ വാർത്തകൾ കേൾക്കുമ്പോൾ നമുക്ക് തോന്നുന്നത്. അനധികൃതമായി പണം സമ്പാദിക്കുക, സ്വർണ്ണവും വെള്ളിയും വജ്രവും സമ്പാദിക്കുക തുടങ്ങിയവയാണ് അന്നിവിടെ നടന്നത്. ഇങ്ങനെ സംഘടിതമായി കേരളത്തെ കൊള്ളയടിച്ച പണത്തിന്റെ ചില ഭാഗങ്ങൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. ഞാൻ ഈ അവസരത്തിൽ മത്തായിയുടെ സുവിശേഷം 10-ാം അദ്ധ്യായം 9-ാം വാചകം ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. “നിങ്ങൾ പൊന്നും വെള്ളിയും സമ്പാദിക്കരുത്, നിങ്ങളുടെ മടിശീലകളിൽ നാണയങ്ങളും വേണ്ട” ഇതാണ് ആ ഭാഗത്ത് പരാമർശിക്കുന്നത്. ഇതൊന്ന് വായിച്ചിരുന്നെങ്കിൽ എന്തെങ്കിലും മാറ്റം ഉണ്ടാകുമായിരുന്നുവെന്നാണ് എനിക്ക് തോന്നുന്നത്. ആ കാലഘട്ടം മുതൽ ഇങ്ങനെയാണ് കരുതപ്പെട്ടിരുന്നത്. അത് നിങ്ങളെക്കുറിച്ച് ദീർഘവീക്ഷണത്തോടെ എഴുതിയതാണെന്നാണ് ബലമായും ന്യായമായും ഞാൻ സംശയിക്കുന്നത്. ഇത്തരം വിഷയങ്ങൾ ഉയർന്നുവരുമ്പോഴെല്ലാം അന്ന് മുഖ്യമന്ത്രി പറഞ്ഞത്, നിയമം നിയമത്തിന്റെ വഴിയേ പോകുമെന്നാണ്. നിയമത്തെ ചങ്ങലയ്ക്കിട്ടാൽ എങ്ങനെയാണ് അതിന്റെ വഴിയേ പോകുന്നത്? നിയമം നിയമത്തിന്റെ വഴിയിൽ പോയാൽ എങ്ങനെയിരിക്കുമെന്ന് ഇപ്പോൾ ബാംഗ്ലൂരിൽ നിന്നും വരുന്ന വാർത്തകൾ നമ്മളെ

ഓർമ്മപ്പെടുത്തുന്നുണ്ട്. അപ്പോഴെല്ലാം അദ്ദേഹം പറഞ്ഞത് എന്റെ മന:സാക്ഷിക്ക് നിരക്കുന്നത് ചെയ്യുമെന്നാണ്. മന:സാക്ഷി എന്നത് നല്ല വാക്കാണെങ്കിലും ജനാധിപത്യത്തിൽ മന:സാക്ഷിക്കനുസരിച്ച് ചെയ്യുമെന്ന് പറയുന്നത് നല്ല പ്രയോഗമല്ല. നിങ്ങളുടെ മന:സാക്ഷി തല്ലിപ്പൊളി മന:സാക്ഷിയാണെങ്കിൽ അതിന്റെ പാപഭാരം ഈ നാട് പേറണമോയെന്നുള്ളതാണ് ചോദ്യം. ആ മന:സാക്ഷിയെക്കുറിച്ചാണ് ബാംഗ്ലൂരിലെ വാർത്തകൾ അടയാളപ്പെടുത്തുന്നതെന്നും എനിക്ക് തോന്നുന്നു. ഇത്തരം അന്തരീക്ഷത്തിലാണ് ബഹുമാനപ്പെട്ട തലശ്ശേരി അംഗം സംസാരിച്ചപ്പോൾ, ഇനിയൊരു 50 കൊല്ലത്തേയ്ക്ക് കേരളത്തിൽ ഞങ്ങൾ അധികാരത്തിൽ തുടരുമെന്ന് പറഞ്ഞത്. അതിനെ പരിഹസിച്ചുകൊണ്ട് വട്ടിയൂർക്കാവ് എം.എൽ.എ. പറഞ്ഞത്, 50 കൊല്ലം വേണോ 35 പോരേയെന്നാണ്. തിരിച്ച് പരിഹസിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഞങ്ങളല്ല അത് തീരുമാനിക്കേണ്ടത്, നിങ്ങളെ മടക്കിക്കൊണ്ടുവരാൻ ഞങ്ങൾ തീരുമാനിച്ചാലും കേരളത്തിലെ ജനങ്ങൾ തീരുമാനിക്കണ്ടേ? എന്താണ് തമിഴ്നാട്ടിലെ അനുഭവം. കാമരാജ് നാടാരെപ്പോലെ മഹാരഥന്മാരായ കോൺഗ്രസ് നേതാക്കന്മാരെ സംഭാവന ചെയ്ത, ഒരു കാലത്ത് കോൺഗ്രസ്സിന്റെ ഈറ്റില്ലമായിരുന്ന തമിഴകത്ത് 1967-ലാണ് കോൺഗ്രസ് അധികാരത്തിൽ നിന്ന് പുറത്തുപോകേണ്ടിവന്നത്. ഭക്തവൽസലനായിരുന്നു അന്നത്തെ മുഖ്യമന്ത്രി. ഇന്ന് കൊല്ലം 50 ആയിട്ടും ഈ നിമിഷം വരെ തിരിച്ചുവരാൻ കോൺഗ്രസ്സിന് കഴിഞ്ഞിട്ടില്ല. കോൺഗ്രസ്സിന്റെ ഈറ്റില്ലമെന്ന് വിശേഷിക്കപ്പെടുന്ന നാടാണ് ഉത്തർ പ്രദേശ്. കാൽ നൂറ്റാണ്ട് കഴിഞ്ഞു. എൻ.ഡി. തിവാരിയാണ് അവസാനത്തെ മുഖ്യമന്ത്രി. പിന്നീട് കോൺഗ്രസ് അവിടെ തിരിച്ചുവന്നില്ല. ബംഗാളിലെ അവസാനത്തെ കോൺഗ്രസ് മുഖ്യമന്ത്രി സിദ്ധാർത്ഥ ശങ്കർ റായ് ആയിരുന്നു. ഇപ്പോൾ കൊല്ലം 40 ആയിട്ടും ബംഗാളിന്റെ മണ്ണിൽ കോൺഗ്രസ്സിന് തിരിച്ചുവരാൻ കഴിഞ്ഞില്ല. ഗാന്ധി പിറന്ന ഗുജറാത്തിലും ഒറീസയിലും കോൺഗ്രസ്സിനെ അധികാരഭ്രഷ്ടരാക്കപ്പെട്ടിട്ട് കാൽനൂറ്റാണ്ട് പിന്നിടുകയാണ്. എന്തുകൊണ്ട് നിങ്ങൾ തിരിച്ചുവരുന്നില്ല? കോൺഗ്രസ്സിന്റെ പാർലമെന്ററി ചരിത്രത്തിൽ പുറത്തുപോയ ചരിത്രമേയുള്ളൂ, പോയ വഴിയിൽ തിരിച്ചുവന്ന ചരിത്രമില്ല. ആ ചരിത്രത്തിലേയ്ക്കാണ് കേരളവും മാറുന്നത്. ഇത് സമീപ ഭൂതകാല ഇന്ത്യൻ തെരഞ്ഞെടുപ്പ് അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ നിങ്ങൾക്ക് വിശകലനം ചെയ്യാൻ സാധിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. ഇവിടെ ബഹുമാന്യനായ ഇരിക്കൂർ എം.എൽ.എ. പറഞ്ഞത് ഒരു വിരൽ ചൂണ്ടുമ്പോൾ മൂന്ന് വിരൽ തിരികെ ചൂണ്ടുമെന്നാണ്. ഞങ്ങളെയല്ല ചൂണ്ടുന്നത്. സഭയിൽ സന്നിഹിതനായിട്ടുള്ള മുൻ ആരോഗ്യ വകുപ്പുമന്ത്രി സ്വന്തം മണ്ഡലത്തിൽ ഭൂരിപക്ഷത്തോടെ ജയിച്ചു. കോർപ്പറേഷൻ തെരഞ്ഞെടുപ്പിൽ ആ ഭാഗത്തെല്ലാം ആരാണ് ജയിച്ചത്?

എങ്ങനെയാണ് വളരെ ചെറിയ ഇടവേളയിൽ നടന്ന തെരഞ്ഞെടുപ്പിൽ ബി.ജെ.പി. വലിയ നിലയിൽ ജയിക്കുകയും അതുകഴിഞ്ഞ് നിയമസഭാ തെരഞ്ഞെടുപ്പിൽ തിരിച്ചുവരികയും ചെയ്തത്. അതിന്റെ മറ്റ് ഗണിതശാസ്ത്രപരമായ കൂടിയാലോചന കളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ബി.ജെ.പി.-യെ തരാതരം പോലെ സഹായിക്കുകയും അവർക്ക് പിന്തുണ കൊടുക്കുകയും ചെയ്യുന്ന സമീപനം സമീപകാലത്ത് നാം കേട്ടിട്ടുള്ളതാണ്. പശുവിറച്ചി കഴിക്കുന്നവർ ഇന്ത്യവിട്ട് പോകണമെന്ന് പറഞ്ഞത് ഉത്തർഖണ്ഡിന്റെ മുഖ്യമന്ത്രി ശ്രീ. ഹരീഷ് റാവത്തായിരുന്നു. ഇത് ഞങ്ങളുടെ അഭിപ്രായമല്ലെന്ന് പറയാൻ തന്റേടമുള്ള ഒറ്റ കോൺഗ്രസ്സുകാരെയും കേരളത്തിന്റെ മണ്ണിൽ ഞങ്ങളാരും കണ്ടില്ല. പോലീസ് അക്കാഡമിയിൽ ബീഫ് നിരോധിച്ച് ആർ.എസ്.എസ്.-നോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചവരാണ് നിങ്ങൾ. ഇവിടെ മുൻമുഖ്യമന്ത്രി ഇരിപ്പുണ്ട്. എസ്.ഐ.യെ കൊല്ലാൻ ശ്രമിച്ച ആർ.എസ്.എസ് ക്രിമിനലുകളുടെ പേരിലുള്ള കേസ് അവർക്ക് പരീക്ഷ എഴുതാൻ തടസ്സമാകുമെന്ന് പറഞ്ഞ് പിൻവലിച്ചവരാണ് നിങ്ങൾ. ഇത്തരത്തിൽ ബി.ജെ.പി.-യോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചത് നിങ്ങളാണ്, മറിച്ച് വർഗ്ഗീയതയ്ക്കെതിരായ പോരാട്ടത്തിൽ കോൺഗ്രസ് ആത്മാർത്ഥമായ സമീപനം പുലർത്തിയാൽ പിന്തുണയ്ക്കാൻ ഞങ്ങൾക്ക് ഒരുമടിയും ഉണ്ടായിട്ടില്ല. അക്കാര്യത്തിൽ മാത്രമല്ല, ഒരു കാര്യത്തിലും ഞങ്ങൾക്ക് അന്ധമായ രാഷ്ട്രീയ വിരോധമില്ല. അടിയന്തരാവസ്ഥ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കോൺഗ്രസ്സിനെ അതിശക്തമായി എതിർക്കുമ്പോൾത്തന്നെ 1969-ൽ ഇന്ത്യൻ പാർലമെന്റിൽ, ബാങ്ക് ദേശസാൽക്കരണ നിയമവും പ്രിവി പെഴ്സ് നിർത്തലാക്കലും കൊണ്ടുവന്നപ്പോൾ ഇന്ദിരാ ഗാന്ധിയുടെ ഗവൺമെന്റിന് അനുകൂലമായി കൈപൊക്കാൻ അന്നത്തെ ഇടതുപക്ഷത്തിന് ഒരു മടിയും ഉണ്ടായിരുന്നില്ലെന്ന് നിങ്ങൾ ഓർക്കണം. ഞങ്ങൾ വിഷയാധിഷ്ഠിതമായി നാടിന്റെ ഉത്തമ താൽപ്പര്യങ്ങളെയാണ് ഉയർത്തിപ്പിടിക്കുന്നതെന്ന് പരാമർശിക്കാൻ ആഗ്രഹിക്കുക യാണ്. ഇത്രയുമെല്ലാമായിട്ടും ഒരു പാഠവും പഠിക്കാൻ നിങ്ങൾ തയ്യാറാകുന്നില്ലെന്നുള്ളതിന്റെ സൂചനയാണ് സമീപ സമയങ്ങളിൽ നടന്ന സമരാഭാസം. സമയക്കുറവുകൊണ്ട് ഞാൻ അതിലേയ്ക്ക് കൂടുതൽ കടക്കുന്നില്ല. എണ്ണിയാലൊടുങ്ങാത്ത സമരങ്ങളുടെ രണസ്മരണകളിരമ്പുന്ന കേരളത്തിന്റെ മണ്ണിൽ മഷിക്കുപ്പി സമരമെന്ന അങ്ങേയറ്റം അപമാനകരമായ സമരത്തിനല്ലേ കോൺഗ്രസ് നേതൃത്വം കൊടുത്തത്. അവസാനം നിരാഹാര സമരവും നമ്മൾ കണ്ടു. തൃത്താല മെമ്പർ നിരാഹാരം കിടന്നത് അത്താഴത്തിനുശേഷം. പിറ്റേ ദിവസം ഉച്ചയൂണായപ്പോഴേയ്ക്കും നിരാഹാരം കഴിഞ്ഞു. ഉപേക്ഷിച്ചതും ത്യാഗം ചെയ്തതും ഒരു ബ്രേക്ക് ഫാസ്റ്റ്. ഒരു ബ്രേക്ക് ഫാസ്റ്റ് ത്യാഗം ചെയ്തതിന് നൂറകണക്കിന് ഫ്ലക്സുകൾ

നഗരത്തിലാകെ സ്ഥാപിച്ചു. ആറേഴ് ദിവസം നിരാഹാരം കിടന്ന ശ്രീ. ഹൈബി ഈഡനും ശ്രീ. ഷാഫി പറമ്പിലും ഇവിടെയുണ്ട്. അവരുടെ ഫ്ലക്സുകൾ ഒരിടത്തും കണ്ടില്ല. 6 മണിക്കൂർ ഉപവാസത്തിനുവേണ്ടി നൂറുകണക്കിന് ഫ്ലക്സ് ബോർഡുകൾ സ്ഥാപിച്ച രാഷ്ട്രീയ അൽപ്പത്തരം കേരളത്തിലെ ജനങ്ങൾ തിരിച്ചറിയുന്നുണ്ട്. ഇതെല്ലാം സമരമെന്ന വാക്കിനെ അധിക്ഷേപിക്കലാണ്; സമരകേരളത്തെ അപമാനിക്കലാണ്. നിങ്ങൾ ഈ പോക്കാണ് പോകുന്നതെങ്കിൽ 50 കൊല്ലം കഴിഞ്ഞാലും പച്ചതൊടുമെന്ന് എനിക്ക് തോന്നുന്നില്ല. ഡൽഹിയിലെ അനുഭവം നമ്മുടെ മുമ്പിലുണ്ട്. ദീർഘകാലം ഡൽഹി ഭരിച്ചവർ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ സംപൂജ്യരായി മാറി. കയ്യിലിരിപ്പ് നല്ലതല്ലെങ്കിൽ ഈ തെരഞ്ഞെടുപ്പിൽ ഞങ്ങൾക്ക് സംഭവിച്ചത് എല്ലാവർക്കും സംഭവിക്കുമെന്നാണ് ഇന്നലെ എന്റെ മണ്ഡലമായ തൃപ്പൂണിത്തുറയിൽ ഈ ഗവൺമെന്റിന്റെ നടപടികളെ അഭിനന്ദിക്കാൻ കൂടിയ സർവ്വകക്ഷി യോഗത്തിൽ കോൺഗ്രസ് നേതാവ് പ്രസംഗിച്ചതെന്നുകൂടി നിങ്ങളെ ഓർമ്മപ്പെടുത്തിക്കൊണ്ട് നിർത്തുന്നു.

ശ്രീ. ജി. എസ്. ജയലാൽ : സർ, ഈ ഉപധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണയ്ക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി രാജ്യത്ത് ഉയർത്തിക്കാട്ടുന്ന രാഷ്ട്രീയ ബദലാണ് ഈ ബഡ്ജറ്റ്. "നിങ്ങൾ പരസ്പര സഹവർത്തിത്വത്തിലൂടെ പരമമായ ശ്രേയസ് നേടുക" എന്ന ഭഗവത്ഗീതയിലെ വചനം ഞാൻ ഓർക്കുകയാണ്. എല്ലാ വിഭാഗം ജനങ്ങളുടെയും ക്ഷേമം മുന്നിൽ കണ്ടുകൊണ്ട് മതനിരപേക്ഷവും അഴിമതിരഹിതവും സമഭാവനയിലധിഷ്ഠിതവുമായ ഒരു വികസന കാഴ്ചപ്പാടാണ് എൽ.ഡി.എഫ്. ഗവൺമെന്റിന്റേത്. മനുഷ്യനെന്നതു പോലെതന്നെ പ്രകൃതിക്കും തുല്യ പ്രാധാന്യമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രകടിപ്പിക്കുന്നത്. കഴിഞ്ഞ അഞ്ചുവർഷക്കാലം മനുഷ്യരെയും മണ്ണിനെയും ജലത്തെയും മരത്തെയും എന്തിന് സൗരോർജ്ജത്തെപ്പോലും വിറ്റ് കാശാക്കി കീശ വീർപ്പിച്ച ഭരണമായിരുന്നു യു.ഡി.എഫ്. കേരളത്തിൽ നടപ്പിലാക്കിയത്. ഇന്ന് മണ്ണിനും മനുഷ്യനും മരങ്ങൾക്കും ജലത്തിനും ജീവജാലങ്ങൾക്കുമെല്ലാം തുല്യ പ്രാധാന്യം നൽകികൊണ്ടുള്ള ഒരു വികസന കാഴ്ചപ്പാടിലൂടെയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ധനശേഷി പരിമിതമെങ്കിലും വികസനവും അടിയന്തരാശ്വാസവും തടസ്സപ്പെടാൻ പാടില്ലെന്ന വാശിയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനുള്ളത്. ധനശേഷി ആർജ്ജിച്ചതിനുശേഷംമാത്രം വികസനം എന്നുകരുതിയാൽ കേരളം പിന്നോട്ട് പോകുമെന്ന് മനസ്സിലാക്കിക്കൊണ്ട് ഒരുവശത്ത് മൂലധനത്തിന് 'കിഫ്ബി'-യെ പുതിയ നിയമങ്ങൾ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുകയും മറുവശത്ത് ജനങ്ങൾക്ക് ആശ്വാസ പദ്ധതി പ്രഖ്യാപിക്കുകയും ചെയ്യുന്ന ഒരു രാഷ്ട്രീയ ബദലാണ് ഇടതുപക്ഷ

ജനാധിപത്യ മുന്നണി കേരളത്തിന് സമർപ്പിക്കുന്നത്. കോൺഗ്രസിന്റെയും ബി.ജെ.പി.യുടെയും ഗവൺമെന്റുകൾ നമ്മുടെ രാജ്യത്ത് നടപ്പിലാക്കിക്കൊണ്ടിരുന്ന തെറ്റായ സാമ്പത്തിക നയ സമീപനമാണ് ഇത്തരത്തിൽ സാധാരണ ജനങ്ങളിൽനിന്ന് കോൺഗ്രസ് അപ്രത്യക്ഷമാകാനുള്ള കാരണമെന്ന യാഥാർത്ഥ്യം ഇനിയെങ്കിലും തിരിച്ചറിയണം. ബി.ജെ.പി.യുടെയും കോൺഗ്രസിന്റെയും ഗവൺമെന്റുകൾ ഭരണത്തിലിരിക്കുമ്പോൾ നമ്മുടെ രാജ്യത്ത് നടപ്പിലാക്കിയ സാമ്പത്തികനയ സമീപനമെന്നുപറയുന്നത് കോർപ്പറേറ്റുകൾക്ക് വാരിക്കോരി കൊടുക്കുകയും പാവപ്പെട്ടവന് കാലിപാത്രം മാത്രം ദാനം ചെയ്യുകയും ചെയ്യുന്ന ഒരു സമീപനമായിരുന്നുവെങ്കിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കേരളത്തിൽ ഉയർത്തുന്ന രാഷ്ട്രീയ ബദൽ രാജ്യത്തിനാകെത്തന്നെ മാതൃകയാണ്. പാവപ്പെട്ടവർ പൊട്ടും ചീപ്പും കണ്ണാടിയും കൺമഷിയും ഉപ്പും മുളകുമൊക്കെ വാങ്ങുന്നതിലൂടെ നികുതി പണമായി സമാഹരിക്കുന്ന തുക ഖജനാവിലെത്തുമ്പോൾ ഈ നാട്ടിലെ പാവപ്പെട്ടവന് എങ്ങനെ പ്രയോജനപ്പെടുത്താമെന്ന തരത്തിലേയ്ക്കുള്ള പ്രവർത്തനങ്ങളാണ് ഈ ഗവൺമെന്റ് പുലർത്തുന്നത്. ഇപ്പോൾ സമ്പൂർണ്ണ വൈദ്യുതീകരണം നേടാൻ പോകുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളം മാറാൻ പോകുകയാണ്. രണ്ടരലക്ഷത്തോളം വരുന്ന പാവപ്പെട്ടവരുടെ വീടുകളിൽ ഇപ്പോഴും വൈദ്യുതിയില്ലെന്ന് മനസ്സിലാക്കികൊണ്ട് അങ്ങനെയൊരു പുതിയ സമീപനത്തിലേയ്ക്ക് ഗവൺമെന്റ് വരികയാണ്. പൊതുവിദ്യാലയങ്ങൾ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട്, പാവപ്പെട്ടവന്റെ മക്കൾക്ക് പഠിക്കാനുള്ള പൊതുവിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ശാക്തീകരിക്കുന്നതിന് മൂലധനത്തിന്റെ കുറവുവരാതെ ആ വെല്ലുവിളി ഏറ്റെടുക്കുന്ന ഈ ഗവൺമെന്റ് ജനപക്ഷ ഗവൺമെന്റാണ്. പാവപ്പെട്ടവന്റെ ശരണാലയമായ പൊതുജനാരോഗ്യ കേന്ദ്രങ്ങളെ യാതൊരു പരിമിതിയും ബാധിക്കാതെ ശക്തിപ്പെടുത്തുന്നതിലേയ്ക്ക് ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ ആശാവഹമായി മുമ്പോട്ടുപോകുകയാണ്. ഇത് കേരളത്തിലെ ജനങ്ങളിൽ വലിയ പ്രതീക്ഷയാണ് ഉണ്ടാക്കിയിട്ടുള്ളത്. എത്ര ആക്ഷേപിച്ചാലും ജനമനസ്സുകളിൽനിന്ന് ഈ ബഡ്ജറ്റിന്റെ ഇത്തരം നിർദ്ദേശങ്ങളെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ കാഴ്ചപ്പാടിനെ തുടച്ചുനീക്കാൻ കഴിയില്ലെന്ന് പ്രതിപക്ഷം ഓർക്കുന്നത് നല്ലതാണ്. വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനുള്ള നടപടികൾ ഭക്ഷ്യ വകുപ്പുമന്ത്രി ആവർത്തിച്ച് പ്രഖ്യാപിക്കുന്നു. കേരളത്തിൽ മാവേലി സ്റ്റോറുകൾവഴി വിതരണം ചെയ്യുന്ന 13 ഇനം നിത്യോപയോഗ സാധനങ്ങൾക്ക് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരണത്തിലിരിക്കുന്ന ഈ അഞ്ചുവർഷക്കാലവും ഒരു നയാപൈസ കൂട്ടാതെയുള്ള സമീപനമായിരിക്കുമെന്ന് ഇച്ഛാശക്തിയോടുകൂടി പറയാൻ കഴിയുന്ന ഭക്ഷ്യ

വകുപ്പാണുള്ളത്. എല്ലാം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ വികസന കാഴ്ചപ്പാടിന്റെ ഭാഗമാണ്. ക്ഷേമ പെൻഷനുമായി ബന്ധപ്പെട്ടുണ്ടായിരുന്ന ബുദ്ധിമുട്ടുകൾ ഈ രാജ്യം അനുഭവിച്ചതല്ലേ? നാട്ടിലെ ആ യാഥാർത്ഥ്യം തിരിച്ചറിയാതെ ഇവിടെ മുൻ മന്ത്രിമാർ ഉൾപ്പെടെയുള്ളവർ സംസാരിക്കുന്നതു കേൾക്കുമ്പോൾ ഞങ്ങൾക്ക് വിഷമമുണ്ട്. യാഥാർത്ഥ്യങ്ങൾ തിരിച്ചറിയണം. പരമ്പരാഗത വ്യവസായ മേഖലയുമായി ബന്ധപ്പെട്ടുള്ള ഗവൺമെന്റിന്റെ ഇടപെടൽ കേരളം കണ്ടതല്ലേ? കശുവണ്ടി വ്യവസായത്തിന്റെ ഈറ്റില്ലമായ കൊല്ലം ജില്ലയിൽ തകർന്ന് തരിപ്പണമായ കശുവണ്ടി മേഖലയെ ശാക്തീകരിക്കുന്നതിനു വേണ്ടി ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ശ്രദ്ധേയമാണ്. കേരളത്തിൽ വരാൻ പോകുന്ന രൂക്ഷമായ കുടിവെള്ള പ്രശ്നം അഡ്രസ്സ് ചെയ്യുന്നതിനും കൃഷിയും ജലസേചനവും കൂട്ടിച്ചേർത്തുകൊണ്ടുള്ള ഒരു സങ്കൽപ്പത്തിലേയ്ക്ക് ഈ രാജ്യത്തിലെ ജനമനസ്സുകളെ കൂട്ടികൊണ്ടുവരാൻ കഴിഞ്ഞാൽ തീർച്ചയായും കൃഷിയിലൂടെ ജലസമ്പത്ത് വർദ്ധിപ്പിക്കാനും പ്രകൃതിയെയും മനുഷ്യനെയും ഒരുപോലെ സഹവർത്തിത്വത്തിലൂടെ കൊണ്ടുപോയി നമ്മുടെ രാജ്യത്തിന്റെ വെല്ലുവിളികളെ അതിജീവിക്കാൻ കഴിയുന്ന സാഹചര്യമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ വികസന കാഴ്ചപ്പാടിൽ പുലർത്തുന്നത്. യു.ഡി.എഫ്. ഗവൺമെന്റ് വിറ്റുതുലച്ച കൃഷിയിടങ്ങളെല്ലാം തിരിച്ചെടുത്ത് കൃഷിയെ പ്രോത്സാഹിപ്പിച്ചുകൊണ്ട് മനുഷ്യനെയും പ്രകൃതിയെയും ഒരു സഹവർത്തിത്വത്തിലൂടെ കൊണ്ടുവന്ന് ഈ രാജ്യം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരമുണ്ടാക്കുന്നതിനുള്ള നല്ലൊരു സമീപനമാണ് ഈ ബഡ്ജറ്റിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് പുലർത്തിയിട്ടുള്ളത്. രാഷ്ട്രീയ വിവാദങ്ങൾകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഇത്തരം പ്രവർത്തനങ്ങളെ ആക്ഷേപിച്ച് അതിന്റെ മൂല്യം ചെറുതാക്കാൻ ശ്രമിക്കുന്നത് ഈ രാജ്യത്തിനും നാടിനുംതന്നെ ആപത്താണെന്ന് തിരിച്ചറിയേണ്ടതാണ്. കുടിവെള്ള പ്രശ്നവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും ജലവിഭവ വകുപ്പുമന്ത്രിയുമെല്ലാം രാവിലെ ഇവിടെ മറുപടി പറഞ്ഞു. പക്ഷെ, ജില്ലകളിലുള്ള അത്തരം പ്രവർത്തനങ്ങളിൽ കുറച്ചുകൂടി വേഗത വർദ്ധിപ്പിക്കാനും യഥാസമയം ഫണ്ട് അനുവദിച്ചുവെന്ന് ഉറപ്പാക്കാനും അത്തരം പ്രവൃത്തികൾ കൃത്യസമയത്ത് ജലവിഭവ വകുപ്പിനെകൊണ്ട് ഏറ്റെടുപ്പിക്കാനും അത് ഈ വരൾച്ചയ്ക്കുവേണ്ടിതന്നെ പ്രയോജനപ്പെടുത്താനും ശ്രദ്ധിക്കണം. രാജ്യത്തിനു തന്നെ മാതൃകയായ ഈ വികസന കാഴ്ചപ്പാട് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ സംഭാവനയായതുകൊണ്ട് ആര് ചെയ്യുന്നുവെന്ന് നോക്കാതെ എന്ത് ചെയ്യുന്നുവെന്ന് നോക്കി അതിനെ പിന്തുണയ്ക്കുന്ന ഒരു രാഷ്ട്രീയ സംസ്കാരത്തിലേയ്ക്ക് കേരളത്തെ വളർത്തികൊണ്ടുവരാൻ നമുക്ക് കഴിയണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ബഡ്ജറ്റ് പ്രഖ്യാപനം മുതൽ ധനാഭ്യർത്ഥന ചർച്ചകളുടെ മറുപടി പ്രസംഗത്തിൽവരെ മന്ത്രിമാരുടെ സ്വപ്നങ്ങളുടെ കണക്കുകളും വികലമായ പ്രഖ്യാപനങ്ങളും മാത്രമുണ്ടായ കാഴ്ചയാണ് നമുക്കിവിടെ കാണാൻ സാധിച്ചത്. കേരളത്തിൽ എല്ലാപേർക്കും വീട്, എല്ലാപേർക്കും വെള്ളം, തെരുവ് നായകളില്ലാത്ത കേരളം, മാലിന്യമുക്തമായ കേരളം എന്നിങ്ങനെ വരാനിരിക്കുന്ന പദ്ധതികളും പ്രവർത്തനങ്ങളുമൊക്കെ മന്ത്രിമാരുടെയും ഗവൺമെന്റിന്റെയും ഒരു സ്വപ്നമായി അവതരിപ്പിക്കുകയായിരുന്നു ഗവൺമെന്റ് ഇവിടെ ചെയ്തത്. ബഡ്ജറ്റിൽതന്നെ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി സ്ഥാപനങ്ങൾ അനുവദിക്കുകയോ നിയമനങ്ങൾ നടത്തുകയോ ചെയ്യില്ല എന്നുപറഞ്ഞുകൊണ്ട് അപ്രഖ്യാപിത നിയമന നിരോധനം നടപ്പിലാക്കുകയായിരുന്നു. എന്റെ പ്രിയപ്പെട്ട സുഹൃത്ത് ശ്രീ. റ്റി. വി. രാജേഷ് കൊലപാതകങ്ങളുടെ കണക്കുപറഞ്ഞുകൊണ്ട് ലീഗിനെ ആക്ഷേപിക്കുന്നത് കണ്ടു. കേരളത്തിലെ കഴിഞ്ഞ കാലങ്ങളിലെ മുഴുവൻ രാഷ്ട്രീയ കൊലപാതകങ്ങളുടെ കണക്കെടുത്ത് പരിശോധിച്ചാൽ ഏറിയ പങ്കും സി.പി.ഐ.(എം)-ന്റെ ഭാഗത്തുനിന്നായിരുന്നു വെന്ന് വ്യക്തമാകും. ഷിബിന്റെ കൊലപാതകക്കേസാണ് ശ്രീ. റ്റി. വി. രാജേഷ് ഇവിടെ സൂചിപ്പിച്ചത്. അത് വ്യക്തിപരമായ പ്രാദേശിക സംഘട്ടനത്തിന്റെ പേരിലുണ്ടായ ഒരു കൊലപാതകമാണെന്ന് നമുക്കെല്ലാപേർക്കുമറിയാം. ആ കൊലപാതകത്തിന്റെ പേരിൽ അവിടെ ഉണ്ടായ സംഘട്ടനത്തിൽ അറസ്റ്റ് ചെയ്ത പ്രിയപ്പെട്ട അസ്‌ലമിനെ കോടതി വെറുതെ വിട്ടിട്ടും പുറത്തുവച്ച് വിചാരണ ചെയ്ത് നിഷ്ഠുരമായി കൊലചെയ്തത് സി.പി.ഐ.(എം)കാരായിരുന്നുവെന്ന് വളരെ വ്യക്തമായി എല്ലാ മാധ്യമങ്ങളും കോടതിയുമൊക്കെ പറഞ്ഞുകഴിഞ്ഞതാണ്. വ്യക്തിപരമായ കാരണങ്ങളാലുണ്ടായ ആ കൊലപാതകം തൊട്ട് കേരളത്തിലുണ്ടായ ഏറെ കൊലപാതകങ്ങൾ പരിശോധിച്ചാൽ ആരായിരുന്നു പ്രതികളെന്ന് നമുക്ക് കാണാൻ സാധിക്കും. മുസ്ലീം വിദ്യാർത്ഥി ഫെഡറേഷന്റെ പ്രിയപ്പെട്ട ഒരു സഹോദരൻ അരിയിൽ ഷുക്കൂറിനെ ഏത് തരത്തിലാണ് സി.പി.ഐ.(എം)-കാർ വിചാരണ നടത്തി പാടത്ത് വളഞ്ഞുവച്ച് ആക്രമിച്ച് പച്ചയായി കൊന്നതെന്ന് ഈ സംസ്ഥാനത്ത് എല്ലാവർക്കുമറിയാം. അതിൽ ആരാണ് പ്രതികളെന്ന് നമുക്കറിയാം. ഒട്ടേറെ കൊലപാതകങ്ങൾ പെരിങ്ങളത്ത് മാവിലൂട്ട് മുഹമ്മദ്, ആലപ്പുഴയിലെ റഷീദ്, നാദാപുരത്തെ വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി, ജാതിയേരിയിലെ യൂസഫ് ഹാജി അങ്ങനെ എത്രയെത്ര കേസ്സുകളാണ്. ആ കേസ്സുകളൊക്കെ പരിശോധിച്ചാൽ അതിന്റെയെല്ലാം പിന്നിൽ സി.പി.ഐ.(എം)കാരായിരുന്നു എന്ന് വളരെ വ്യക്തമാണ്. സി.പി.ഐ.(എം)-ന്റെ സംസ്ഥാന സെക്രട്ടറിയായ ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പ്രസ്താവനയായിരുന്നു കേരളത്തെ അക്രമരാഷ്ട്രീയത്തിലേയ്ക്ക് കൊണ്ടുപോകാൻ പ്രേരിപ്പിച്ചതെന്ന് ഈ

സഭതന്നെ പലപ്പോഴായി ചർച്ച ചെയ്തതും പറഞ്ഞതുമാണ്. ആ തരത്തിലാണ് ഞാൻ സൂചിപ്പിച്ചത് കേരളത്തിലെ രാഷ്ട്രീയ കൊലപാതകങ്ങളുടെ കണക്കെടുത്താൽ അവിടെ സി.പി.ഐ.(എം) ആയിരിക്കും മുന്നിൽ. ഒരു ഭാഗത്ത് സി.പി.ഐ.(എം)-ഉം മറുഭാഗത്ത് ഭാരതീയ ജനതാ പാർട്ടിയും ഒപ്പത്തിനൊപ്പം നിന്നുകൊണ്ട് പരസ്പരം മത്സരിച്ച് അക്രമങ്ങളും കൊലപാതകങ്ങളും നടത്തുകയാണ്. കേരളത്തിലെ രാഷ്ട്രീയ ചരിത്രമെടുത്ത് പരിശോധിച്ചാൽ വീണ്ടും ഒന്നുകൂടി വ്യക്തമാക്കാൻ സാധിക്കുന്നത് സി.പി.ഐ.(എം) ഏത് കാലത്തൊക്കെ അധികാരത്തിൽ വന്നിട്ടുണ്ടോ ആ കാലഘട്ടങ്ങളിൽ മുഴുവൻ അക്രമ രാഷ്ട്രീയങ്ങളുടെ പരമ്പര കേരള സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട് എന്നാണ്. ശ്രീ. രാജേഷിന് ലീഗിനെതിരെ പറയാൻ കിട്ടിയ ഒരവസരത്തിൽ പറയേണ്ടത് പറഞ്ഞുവെന്ന തരത്തിൽ പറഞ്ഞുകൊണ്ട് മാറ്റിവയ്ക്കാം. കേരളത്തെ സംബന്ധിച്ചിടത്തോളം പുതിയ ഒരു യുഗമാണ് ആരംഭിക്കുന്നതെന്ന് ശ്രീ. റ്റി. വി. രാജേഷ് പറയുകയുണ്ടായി. ശ്രീ. ഇ. പി. ജയരാജൻ രാജിവച്ചതോടെ ആ യുഗം ഭരണ രംഗത്ത് ആരംഭിച്ചിരിക്കുകയാണ്. ഈ ഉപധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്തുകൊണ്ട് കേരളത്തിലെ പ്രശ്നങ്ങളെക്കുറിച്ച് ധാരാളംപേർ സംസാരിച്ചു. വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ പരിശോധിച്ചാൽ അവിടെയൊക്കെ തെറ്റായ നിലപാടുകളാണ് വിദ്യാഭ്യാസ വകുപ്പിൽനിന്നും ഗവൺമെന്റിൽനിന്നും ഉണ്ടാകുന്നത് എന്ന് കാണാൻ സാധിക്കും. കേരളത്തിൽ അനുവദിച്ച ഹയർ സെക്കന്ററി സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നതിനാവശ്യമായ നിലപാടുകൾ ഈ ഗവൺമെന്റ് ഇതുവരെ സ്വീകരിച്ചിട്ടില്ല എന്ന് മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചു. അതുമാത്രമല്ല, മുപ്പത് കൊല്ലത്തിനുശേഷം കേരളത്തിൽ അനുവദിച്ച കോളേജുകളിലും കോഴ്സുകളിലും ഇതുവരെ പോസ്റ്റ് ക്രിയേഷൻ നടത്താതെ ഉന്നത വിദ്യാഭ്യാസ രംഗം പുറകോട്ടുപോകുന്ന അവസ്ഥാവിശേഷം മാറ്റി കോളേജ് തലങ്ങളിലും ഹയർ സെക്കന്ററി തലങ്ങളിലും പോസ്റ്റ് ക്രിയേഷൻ നടത്താനാവശ്യമായ നിലപാടുകൾ സ്വീകരിക്കണം. വിദ്യാഭ്യാസ മേഖലയിൽ പാഠ്യപദ്ധതി പരിഷ്കരണം നടപ്പിലാക്കുമെന്നും മൂന്ന് ഘട്ടങ്ങളിലായി കേരളത്തിലെ വിദ്യാർത്ഥികൾക്ക് പുസ്തകങ്ങൾ വിതരണം ചെയ്യുമെന്നും ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രഖ്യാപിച്ചുകണ്ടു. ഇവിടെ കരിക്കുലം കമ്മിറ്റിയുണ്ട്, വിദ്യാഭ്യാസ വിചക്ഷണന്മാരുണ്ട്. അതുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് ആലോചിക്കുന്ന സമിതികളുണ്ട്. പക്ഷെ ആ സമിതികളോടൊന്നും ആലോചിക്കാതെ പ്രഖ്യാപനം നടത്തിക്കൊണ്ട് പാഠ്യപദ്ധതി പരിഷ്ക്കരിക്കുമെന്ന് പറയുന്ന വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ വികലമായ നയങ്ങളെക്കുറിച്ച് സംസ്ഥാനത്തെ അദ്ധ്യാപക സംഘടനാ നേതാക്കന്മാർ ആലോചിക്കുകയും എന്റെ ധാരണ ശരിയാണെങ്കിൽ വരാനിരിക്കുന്ന

ദിവസങ്ങളിൽ അവരൊരുമിച്ചുകൂടി വിദ്യാഭ്യാസ മേഖലയിൽ സ്തംഭനാവസ്ഥ സൃഷ്ടിക്കുന്ന അവസ്ഥപോലും സംജാതമാകുന്ന സമയം വരാനിരിക്കുകയാണ്. ഈ രാജ്യം സ്വതന്ത്രമാകുന്നതിനുമുമ്പ് ബ്രിട്ടീഷുകാരോട് പടവെട്ടുന്ന കാലഘട്ടങ്ങളിൽ ബ്രിട്ടീഷ് വിരോധത്തിന്റെ പേരിൽ ഇംഗ്ലീഷ് ഭാഷ പഠിക്കരുത് എന്നുപറഞ്ഞുകൊണ്ട് അത്തരം സ്ഥാപനങ്ങളുണ്ടാക്കാതെ മാറിനിന്ന മുസ്ലീം സമുദായം രാജ്യത്തിന് സ്വാതന്ത്ര്യം കിട്ടിയതിനുശേഷം ഈ രാജ്യത്ത് അവരുടെ നിലനിൽപ്പിനുവേണ്ടിയുള്ള പോരാട്ടങ്ങൾ നടത്തുന്നതിനിടയ്ക്ക് വിദ്യാഭ്യാസ മേഖലയിലേയ്ക്ക് കടന്നുപോകാതെ അവർ സാമ്പത്തികമായും വിദ്യാഭ്യാസപരമായും സാമൂഹികമായും പുറകോട്ടുനിന്ന ഒരവസ്ഥാ വിശേഷം ഇന്ത്യാ രാജ്യത്ത് സംജാതമായിട്ടുണ്ട്. അതിനൊരു പരിഹാരമെന്ന നിലയിലാണ് 1986-ൽ ദേശീയ വിദ്യാഭ്യാസ നയം പ്രഖ്യാപിക്കുകയും ആ പ്രവർത്തനങ്ങളുമായി കേന്ദ്ര ഗവൺമെന്റ് മുന്നോട്ടുവരികയും ചെയ്തത്. അതിലൂടെ കേരളത്തിൽ ഏരിയ ഇന്റൻസീവ് പ്രോഗ്രാമിൽ ആരംഭിച്ച 42-ഓളം സ്കൂളുകളിലെ 95-ഓളം അദ്ധ്യാപകർക്ക് ഇന്നും നിയമനാംഗീകാരം ലഭിക്കാതെയുണ്ട്. ഗവൺമെന്റ് ഉത്തരവിലൂടെ എയ്ഡഡ് ആയി അംഗീകരിക്കുകയും ശമ്പളം കൊടുക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടും അവർക്ക് ശമ്പളം കൊടുക്കാൻ കഴിയാത്ത പരിതാപകരമായ അവസ്ഥാവിശേഷം കേരളത്തിലുണ്ട്. ബഹുമാന്യനായ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി പൊതുവിതരണ രംഗത്ത് യാതൊരു പ്രയാസങ്ങളുമില്ല എന്നാണ് ഇവിടെ പറഞ്ഞത്. കേരളീയ സമൂഹം നേരിട്ടുകൊണ്ടിരിക്കുന്ന പ്രയാസങ്ങളെക്കുറിച്ച് റേഷനിൽ കുരുങ്ങാത്ത ജീവിതങ്ങൾ എന്നുപറഞ്ഞ് ഇന്നത്തെ പത്രത്തിൽ വളരെ വ്യക്തമായി കൊടുത്തിരിക്കുകയാണ്. സ്ത്രീശാക്തീകരണ രംഗത്ത് കേരളത്തിലെ വനിതാ വികസന കോർപ്പറേഷനും വനിതാ കമ്മീഷനുമുണ്ടായിട്ടും ഒരു വനിതാ വകുപ്പുതന്നെ കൊണ്ടുവരുമെന്ന് പറയുന്നിടത്ത് നിലവിലുള്ള സ്ത്രീ സുരക്ഷയ്ക്ക് ഗുണകരമാകുന്ന രൂപത്തിൽ, നിലവിലുള്ള വ്യവസ്ഥിതികളെ ശാക്തീകരിക്കുന്ന തലങ്ങളിലേയ്ക്ക് കേരളത്തിലെ ഗവൺമെന്റ് മുന്നോട്ടുപോകുന്നതിനുപകരം മറ്റൊരു തലത്തിലേയ്ക്ക് പോകുകയാണ്. അതുപോലെതന്നെ കേരളത്തിലെ റോഡുകളിൽ കേരള സർക്കാരിന്റെ കീഴിലുള്ള വാഹനങ്ങൾ അനവധിയുണ്ട് എന്ന് കേരളത്തിലെ പത്രങ്ങൾ മുഴുവൻ വിളിച്ചുപറയുന്നുണ്ട്.

1.42 pm]

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എ. പ്രദീപ് കുമാർ)

ശ്രീ. ആർ. രാജേഷ് : സർ, ഈ ഉപധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. തുടക്കം നന്നായാൽ പകുതി നന്നായി എന്നാണ്. കഴിഞ്ഞ

അഞ്ചുമാസക്കാലം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് കേരളത്തിൽ ഉജ്ജ്വലമായ തുടക്കമാണ് കുറിച്ചിട്ടുള്ളത്. ഒരു പക്ഷേ, പ്രതിപക്ഷം ആഗ്രഹിച്ച തുടക്കമാവില്ല, കേരളത്തിലെ ജനങ്ങൾ ആഗ്രഹിച്ച തുടക്കമാണ് ഇടതുപക്ഷ സർക്കാരിന്റേത്. കാലിയായ ഖജനാവായിരുന്ന ഇടതുപക്ഷത്തെ യു.ഡി.എഫ്. ഏല്പിച്ചത്. ആ കാലിയായ ഖജനാവിൽ നിന്ന് ജനക്ഷേമകരമായ പ്രവർത്തനങ്ങൾ മുടങ്ങാതെ തുടർന്നുപോകുക എന്ന വലിയ ഉത്തരവാദിത്വമാണ് ഇടതുപക്ഷ സർക്കാരിനുള്ളത്. ആ ഉത്തരവാദിത്വം ഫലപ്രദമായി നിർവ്വഹിക്കുക എന്ന കടമയാണ് ഇടതുപക്ഷം ഇപ്പോൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുക, ആ വരുമാനത്തിൽ നിന്നുകൊണ്ട് ഫലപ്രദമായി കാര്യങ്ങൾ ആവിഷ്ക്കരിക്കുമ്പോൾ ധൂർത്തും അഴിമതിയും ഒഴിവാക്കുക, സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുക എന്ന നടപടിക്രമങ്ങൾ സർക്കാർ തുടർന്നുപോകേണ്ടതായിട്ടുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ്.-ന്റെ കാലത്ത് റവന്യൂ വരുമാനം 17.4 ശതമാനം നിരക്കിൽ വർദ്ധിക്കുമ്പോൾ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അത് 12.94 ശതമാനമായി കുറയുകയാണ് ചെയ്തത്. 2015-ലെ സി. ആന്റ് എ.ജി. റിപ്പോർട്ട് തന്നെ പറയുന്നത്, വിഭവസമാഹരണത്തിന്റെ കാര്യത്തിൽ ഗുരുതരമായ പിഴവാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടായിരുന്നതെന്നാണ്. ചെലവഴിക്കപ്പെടുന്ന ഫണ്ട് ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നുണ്ടോ എന്നുള്ളതും ഗൗരവമായി പരിശോധിക്കേണ്ടതാണ്. 2016 മാർച്ച് 31-ന്റെ കണക്കനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിച്ചിട്ടുള്ളത് 47.48 ശതമാനം തുക മാത്രമാണ്. 4900 കോടി രൂപയോളം ചെലവഴിക്കാതെ കിടക്കുന്നുവെന്നുള്ളതാണ്. ഇക്കാര്യം ഗവൺമെന്റ് പരിശോധിക്കുകയും തുടർന്ന് അത്തരം കാര്യങ്ങൾ വരാതിരിക്കാനാവശ്യമായ സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്. 1957 മുതൽ 2011 വരെയുള്ള ഗവൺമെന്റുകൾ 55 വർഷക്കാലം ഭരിച്ചപ്പോൾ കേരളത്തിന്റെ പൊതുകടം 75673 കോടി രൂപയായിരുന്നു. കഴിഞ്ഞ 5 വർഷക്കാലം കൊണ്ട് കേരളത്തിന്റെ പൊതുകടം 75384 കോടി രൂപ വർദ്ധിച്ച് 151057 കോടി രൂപയിലേയ്ക്ക് മാറിയിരിക്കുന്നു. എനിക്കുശേഷം കേരളത്തിന്റെ മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി പ്രസംഗിക്കുന്നുണ്ട്, അദ്ദേഹം ഇത് ചൂണ്ടിക്കാണിക്കണം. ഈ പൊതുകടത്തിന്റെ ഭീമമായ വർദ്ധനവ് നമുക്ക് വലിയ സാമ്പത്തിക പ്രതിസന്ധിയുണ്ടാക്കിയിട്ടുണ്ട്. ഒരു കൺസ്യൂമർ സംസ്ഥാനമെന്ന നിലയിൽ കേരളത്തിലേയ്ക്ക് 85 ശതമാനവും സാധനങ്ങൾ വരുന്നത് ചെക്ക് പോസ്റ്റുകൾ വഴിയാണ്. അതിനാൽ ചെക്ക് പോസ്റ്റുകളെ ആധുനികവത്കരിച്ച് കള്ളക്കടത്ത് അവസാനിപ്പിച്ച് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. ശ്രീ. വി. ഡി. സതീശൻ അദ്ധ്യക്ഷനായ കമ്മിറ്റിയുടെ ഒരു റിപ്പോർട്ട് ഇവിടെ വച്ചു. നമ്മുടെ സംസ്ഥാനത്തിന്റെ പൊതുവിഭവം കേരളത്തിലെ

എക്സിക്യൂട്ടീവ്, അതിന് നേതൃത്വം കൊടുക്കുന്ന ഉദ്യോഗസ്ഥർ എങ്ങനെയാണ് ഫലപ്രദമായി കൈകാര്യം ചെയ്യാതിരിക്കുക എന്നതിനെക്കുറിച്ച് ആ റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നുണ്ട്. മോഡണൈസേഷൻ ഓഫ് ഗവൺമെന്റ് പ്രോഗ്രാമിന്റെ ഭാഗമായി എ.ഡി.ബി. ഫണ്ട് ചെലവഴിച്ചതിൽ; 93 പദ്ധതികൾ പൊതുഭരണ വകുപ്പാണ് ചെലവഴിക്കുന്നത്. പരിശോധനയുടെ ഭാഗമായി പൊതുഭരണ വകുപ്പിനോട് നിയമസഭാ കമ്മിറ്റി എങ്ങനെയാണ് പണം ചെലവഴിച്ചത്; എത്ര പണമാണ് ചെലവഴിച്ചത്; ഏത് മേഖലയിലാണ് ചെലവഴിച്ചത് എന്നതിനെ സംബന്ധിച്ച വിവരങ്ങൾ ചോദിക്കുമ്പോൾ ഒരു കണക്കും നൽകാൻ കഴിയുന്നില്ല. നമ്മുടെ പൊതു വിഭവങ്ങൾ ഫലപ്രദമായി ചെലവഴിക്കേണ്ടതിനെ സംബന്ധിച്ച് വ്യക്തമായ കാഴ്ചപ്പാട് ഈ ഗവൺമെന്റിനുണ്ടാകണം. ആ കാഴ്ചപ്പാടിന്റെ ഭാഗമായാണ് കേരളത്തിന്റെ മുഖ്യമന്ത്രി അധികാരമേറ്റെടുത്തയുടൻ ഉദ്യോഗസ്ഥരെ വിളിച്ചുകൂട്ടി, കേരളത്തിലെ ഉദ്യോഗസ്ഥ സമൂഹത്തോടായി പറഞ്ഞത്, ഇവിടെ ഓരോ ഫയലിലുമുള്ളത് ഓരോ ജീവിതമാണ് എന്ന്. യു.ഡി.എഫ്.-ന്റെ കാലത്ത് അവിടെ ഫയലുകൾ ഉറങ്ങുകയായിരുന്നു. ഫയലുകൾ ഉറങ്ങുന്നത് അവസാനിപ്പിച്ചുകൊണ്ട് ആ ഫയലുകൾക്ക് ജീവൻ വയ്പിക്കുന്ന സമീപനമാണ് കേരളത്തിലെ മുഖ്യമന്ത്രി സ്വീകരിച്ചത്. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീ. പി. കെ. അബ്ദു റബ്ബ് അടക്കമുള്ള അംഗങ്ങൾ ഒരുപാട് ചോദ്യങ്ങൾ ചോദിച്ചു. വികലമായ പ്രഖ്യാപനമായിരുന്നില്ലേ ഇടതുപക്ഷം നടത്തിയതെന്ന്. ഏതാണ് വികലമായ പ്രഖ്യാപനം. നാളെ നവംബർ മാസം ഒന്നാം തീയതിയാണ്, കേരളപ്പിറവിയുടെ അറുപതാം വാർഷികമാണ്. എത്രയോ ഫലപ്രദമായ പ്രഖ്യാപനങ്ങൾ സാദ്ധ്യമാക്കിയിട്ടാണ് ഇടതുപക്ഷ ഗവൺമെന്റ് അഞ്ചുമാസക്കാലം പൂർത്തീകരിച്ച് നവംബർ മാസം ഒന്നാം തീയതി കേരളപ്പിറവിയുടെ ആഘോഷങ്ങളിലേയ്ക്ക് പോകുന്നത്. സമ്പൂർണ്ണ വൈദ്യുതീകരണം, 1,16,000 ഉപഭോക്താക്കൾക്ക് സൗജന്യമായി വൈദ്യുതി കൊടുക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടാണ് നവംബർ ഒന്നാം തീയതി അറുപതാം കേരളപ്പിറവി ആഘോഷങ്ങളിലേയ്ക്ക് ഇടതുപക്ഷ ഗവൺമെന്റ് പോകുന്നത്. അതിന് യു.ഡി.എഫ്. ഇടതുപക്ഷത്തെ അംഗീകരിക്കണം. ഔട്ട് ഓഫ് ബഡ്ജറ്റായി, 20000 കോടി രൂപയുടെ കിഫ്ബി പ്രഖ്യാപനം നടത്തി. കിഫ്ബി പ്രഖ്യാപിച്ച നികുതി വരുമാനത്തിനപ്പുറത്തായി എങ്ങനെയാണ് വിഭവം സമാഹരിക്കാൻ കഴിയുക. അങ്ങനെ സമാഹരിച്ച് കേരളത്തിന്റെ ഇൻഫ്രാസ്ട്രക്ചർ വർദ്ധിപ്പിക്കാനാവശ്യമായ 20000 കോടി രൂപയുടെ കിഫ്ബി പാക്കേജ് പ്രഖ്യാപിച്ച്; 6000 കോടി രൂപയുടെ പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കി; അതിന് അനുമതി കൊടുത്തുകൊണ്ടാണ് ഈ ഗവൺമെന്റ് നവംബർ ഒന്നാം തീയതി അറുപതാമത് കേരളപ്പിറവി ആഘോഷങ്ങളിലേയ്ക്ക് പോകുന്നത്. നിങ്ങൾ കുടിശ്ശികയാക്കിയ 3500 കോടി രൂപയുടെ ക്ഷേമ പെൻഷനുകൾ പരിപൂർണ്ണമായി കൊടുത്തുതീർത്ത

കൊണ്ടാണ് ഈ ആഘോഷങ്ങളിലേയ്ക്ക് ഇടതുപക്ഷ സർക്കാർ പോകുന്നത്. യു.ഡി.എഫ്.-ന് എങ്ങനെയാണ് ഹൃദയത്തിൽ കൈവച്ചുകൊണ്ട് ഈ ഗവൺമെന്റിനെ വിമർശിക്കാൻ കഴിയുക. 174720 ശൗചാലയങ്ങൾ നിർമ്മിച്ചുകൊടുത്തുകൊണ്ട് ഇന്ത്യയിലെ ആദ്യത്തെ ഒ.ഡി.എഫ്. സ്റ്റേറ്റായി കേരളം മാറുന്നത് ഈ സർക്കാരിന്റെ ഒരു പൊൻതൂവലാണ്. അങ്ങനെ ഒരു പ്രഖ്യാപനം നടത്തി അത് യാഥാർത്ഥ്യമാക്കിക്കൊണ്ടാണ് ഇടതുപക്ഷ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. കേരളത്തിന്റെ തരിശായ ഭൂമികളാകെ കാർഷിക മേഖലയ്ക്ക് പ്രയോജനകരമായ നിലയിലേയ്ക്ക് മാറ്റാനാവശ്യമായ നടപടികളാണ് ഇവിടെ സ്വീകരിക്കുക.

ഇവിടെ മുസ്ലീം ലീഗ് ചോദിച്ചത് കൊല ചെയ്യപ്പെട്ടത് സി.പി.ഐ.(എം) മാത്രമാണോ എന്നാണ്. വിദ്യാഭ്യാസം കുറയുന്നതുകൊണ്ടാണോ കൊലപാതകമുണ്ടാകുന്നതെന്ന് ബഹുമാന്യനായ പി. കെ. അബ്ദു റബ്ബ് ചോദിച്ചു, ശ്രീ. എം. സ്വരാജ് ചൂണ്ടിക്കാണിച്ചതുപോലെ കൊലപാതകം ആരും നടത്താൻ പാടില്ല. ഐ.എ.എസ്. കോച്ചിംഗ് ക്ലാസ്സിൽ ഇരിക്കുമ്പോഴാണോ; മണ്ണെണ്ണ വിളക്ക് പൊട്ടിത്തെറിച്ചാണോ നിങ്ങളുടെ അഞ്ചാളുകൾ നരിക്കാട്ടേരി സൂപ്പിയുടെ പറമ്പിൽ മരിച്ചുവീണത്. വാലില്ലാപുഴ സ്കൂളിൽ അദ്ധ്യാപകനായിരുന്ന ജെയിംസ് അഗസ്റ്റിനെയും മുനിസിപ്പൽ ചെയർമാനായിരുന്ന കെ. പി. വത്സലനെയും ഒ.കെ. കുഞ്ഞിക്കണ്ണനെയും ആരാണ് കൊന്നുതള്ളിയത്, ലീഗല്ലേ? പന്ത്രണ്ടുവർഷക്കാലം സമാധാനമുണ്ടായിരുന്ന നാദാപുരത്തിന്റെ മണ്ണിൽ കൗമാരക്കാരൻ സഖാവ് ഷിബിനെ കൊലപ്പെടുത്തി ഈ നാട് സംഘർഷഭരിതമാക്കിയത് ലീഗല്ലേ? ജോബി ആൻഡ്രൂസിനെ കല്ലെറിഞ്ഞ് കൊലപ്പെടുത്തിയതും വയനാട്ടിലെ കുട്ടിയപ്പനെ കൊലപ്പെടുത്തിയതും ലീഗാണ്. സി.എച്ച്. മുഹമ്മദ് കോയയ്ക്ക് അകമ്പടി സേവിച്ച് പോയ ലീഗുകാരാണ് പൗലോസിനെ കുത്തിക്കൊലപ്പെടുത്തിയത്. ആ ലീഗാണോ പരിശുദ്ധ മാലാഖമാരാകാൻ ശ്രമിക്കുന്നത്. കേരളത്തിലെ അവസാനത്തെ രാഷ്ട്രീയ കൊലപാതകം നടത്തിയത് ലീഗാണ്. ഏത് പാർട്ടിയുമാകട്ടെ, ആരും കൊല ചെയ്യപ്പെടാൻ പാടില്ല. നിങ്ങൾ കണ്ണൂരിനെക്കുറിച്ച് വാചാലമാകുന്നല്ലോ. കണ്ണൂർ ജില്ലയിൽ അവസാനത്തെ രാഷ്ട്രീയ കൊലപാതകം നടത്തിയത് ലീഗാണ്. ഇവിടെ ശ്രീ. കെ. സി. ജോസഫ് ചൂണ്ടിക്കാണിച്ചു, എന്തുകൊണ്ട് നിയമസഭാ സമിതി പരിശോധിച്ച് റിപ്പോർട്ട് വയ്ക്കുന്നില്ല. Ready to wait, കാത്തിരുന്നു കാണാൻ പോകുന്നതേയുള്ളൂ. നിങ്ങളുടെ കാലത്ത് നടത്തിയ എല്ലാ തീവെട്ടിക്കൊള്ളകളും അന്വേഷിച്ച് കുറ്റക്കാരായവരെ ശിക്ഷിക്കുന്ന നിലയിലേയ്ക്ക് ഈ ഇടതുപക്ഷ സർക്കാർ മാറും. കൊടുത്താൽ ബാംഗ്ലൂരും കിട്ടും എന്നതിന് തെളിവ് ഇപ്പോൾ കേരളം കണ്ടുകൊണ്ടിരിക്കുകയല്ലേ. ഇവിടെ യു.ഡി.എഫ്.-ലെ യുവ എം.എൽ.എ.-മാർ കൂത്തുപറമ്പിനെക്കുറിച്ച് പറയുന്നത് കാലത്തിന്റെ കാവ്യനീതിയാണ്. ശ്രീ.

ശബരീനാഥനും ശ്രീ. ഷാഫി പറമ്പിലും ശ്രീ. ഹൈബി ഈഡനും ശ്രീ. വി. ടി. ബൽറാമും അടക്കമുള്ള യു.ഡി.എഫ്-ലെ യുവ എം.എൽ.എ.-മാർ കൂത്തുപറമ്പിലെ ആ രക്തസാക്ഷികളുടെ കല്ലറകൾക്കു മുന്നിൽ മാപ്പിരക്കുകയാണ്. വിദ്യാഭ്യാസ കച്ചവടത്തെക്കുറിച്ച് പറയുമ്പോൾ നിങ്ങൾ കൂത്തുപറമ്പ് രക്തസാക്ഷികളെക്കുറിച്ച് പറയുന്നു. കൂത്തുപറമ്പിലെ രക്തസാക്ഷികൾ ചെയ്തത് ശരിയാണെന്ന് യു.ഡി.എഫ്. ഇപ്പോൾ ആവർത്തിക്കുകയാണ്. കൂത്തുപറമ്പിൽ ഞങ്ങളുടെ രാജീവനും മധുവും ബാബുവും റോഷനും ഷിബുലാലും മരിച്ചുവീണത് ഓട്ടോറിക്ഷയിടിച്ചല്ല, അവരെ വെടിവെച്ച് കൊലപ്പെടുത്തിയതാണ്. ആരാണ് വെടിവച്ച് കൊലപ്പെടുത്തിയത്? നിങ്ങളുടെ കാലത്ത് വിദ്യാഭ്യാസ കൊള്ളയ്ക്കെതിരായി പോരാട്ടം നടത്തുമ്പോൾ അവരെ വെടിവച്ച് കൊലപ്പെടുത്തി. ആ കൊലപാതകങ്ങൾ നിങ്ങൾ തുടർന്നുകൊണ്ടേയിരിക്കുകയാണ്. കോൺഗ്രസ് ഇവിടെ പരിശുദ്ധമാകാൻ ശ്രമിക്കുകയാണ്. അക്രമ രാഷ്ട്രീയത്തെക്കുറിച്ച് പറയുന്നു. നിലമ്പൂരിലെ നിങ്ങളുടെ പാർട്ടി ഓഫീസിലല്ലേ നിങ്ങൾ ഇട്ടുകളയുന്ന വസ്തുങ്ങൾ മാറ്റിവയ്ക്കുന്ന, ഉണ്ടുപേപ്പറുകൾ ഒതുക്കിവയ്ക്കുന്ന, നിങ്ങൾ കഴിക്കുന്ന ഭക്ഷണത്തിന്റെ എച്ചിൽ എടുത്തുവയ്ക്കുന്ന നിരപരാധിയായ ഒരു സ്ത്രീയെ നിലമ്പൂരിലെ പാർട്ടി ഓഫീസിനകത്ത് കൊന്ന് മൂലയ്ക്കിരുത്തി ഒരു പൊട്ടക്കുളത്തിലേയ്ക്ക് തള്ളിയത്. ആ നിങ്ങളാണോ അക്രമരാഷ്ട്രീയത്തെക്കുറിച്ച് പറയുന്നത്. നിങ്ങളുടെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തല്ലേ ലാൽജി കൊള്ളന്നൂരും മധു ഈച്ചരത്തും തൃശ്ശൂരിൽ കൊല ചെയ്യപ്പെട്ടത്. ഹനീഫ കൊല ചെയ്യപ്പെട്ടു. നിങ്ങളാണോ കൊലപാതകത്തെക്കുറിച്ച് പറയുന്നത്. നിങ്ങളുടെ കൊടി പിടിക്കുന്നവർ, നിങ്ങളുടെ മുദ്രാവാക്യം വിളിക്കുന്നവർ, നിങ്ങളുടെ പ്രത്യയ ശാസ്ത്രത്തോട് ചേർന്ന് ഒരുമിച്ച് സഞ്ചരിക്കുന്നവർ അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഏതെങ്കിലും മന്ത്രി നിങ്ങളുടെ പാർട്ടിയിൽപ്പെട്ട ആളുകൾ കൊല ചെയ്യപ്പെട്ടപ്പോൾ ആ വീട്ടിലേയ്ക്ക് പോകാൻ തയ്യാറായോ. ഈ രാജ്യത്ത് വർഗ്ഗീയതയോട് സന്ധിചെയ്യുന്ന സമീപനം ഇടതുപക്ഷം സ്വീകരിക്കുന്നില്ല. നിങ്ങളുടെ പാർട്ടി വർഗ്ഗീയതയോട് സന്ധി ചെയ്യുന്ന നിലപാടാണ് സ്വീകരിക്കുന്നത്. അതുകൊണ്ടാണ് കേരളത്തിൽ ഇടതുപക്ഷത്തിന് വർഗ്ഗീയതയെ പ്രതിരോധിക്കേണ്ടതായി വരുന്നത്. രാജ്യത്ത് കൽബുർഗിയെ, ബൻസാരെയെ, രോഹിത് വെമുലയെ ഒക്കെ കൊന്നുതള്ളുന്നു. ആർ.എസ്.എസ്. കേരളത്തിലേയ്ക്ക് വരുമ്പോൾ നിങ്ങൾ എതിർക്കുന്നുണ്ടോ; നിങ്ങൾ എതിർക്കുന്നില്ലായെന്ന് മാത്രമല്ല, നിങ്ങൾ ആർ.എസ്.എസ്.-ന് വളരാൻ ആവശ്യമായ സമീപനം സ്വീകരിക്കുകയാണ്. ഒരു സി.ഐ.-യെ ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച കേസ്സിലെ പ്രതികളെ, ആ കേസ്സിൽ നിന്ന് വിടുതൽ ചെയ്യാൻ ആവശ്യമായ നടപടി സ്വീകരിച്ചത് പഴയ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ കാലത്തല്ലേ; കേരളത്തിൽ ഏറ്റവും വലിയ വർഗ്ഗീയ വിദ്വേഷ പ്രസംഗം നടത്തിയ പ്രവീൺ തൊഗാഡിയയുടെ കേസ് എഴുതി തള്ളിയത് യു.ഡി.എഫ്.ന്റെ സർക്കാരല്ലേ; നിങ്ങൾ വർഗ്ഗീയതയോട് സന്ധി

ചെയ്യുന്നു. ഇവിടെ ബാബ്റി മസ്ജിദ് ചൂണ്ടിക്കാണിച്ചു. ബാബ്റി മസ്ജിദ് ആകട്ടെ; ഗുജറാത്ത് വംശഹത്യയാകട്ടെ; എന്തുമാകട്ടെ; ഈ രാജ്യത്ത് വർഗ്ഗീയത ഭീകരമായി നമ്മുടെ നാട്ടിലെ സാംസ്കാരിക നായകന്മാരെ, മതന്യൂനപക്ഷങ്ങളെ, ദളിതരെ അക്രമിക്കുമ്പോൾ അവരെ സംരക്ഷിക്കാൻ കോൺഗ്രസ് ഒരു നടപടിയും സ്വീകരിക്കുന്നില്ല. ആ വർഗ്ഗീയതയെ പ്രതിരോധിക്കുന്ന, ഇടതുപക്ഷത്തിന്റെ ശക്തികേന്ദ്രമായ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ജില്ലയാണ് കണ്ണൂർ. അതുകൊണ്ടാണ് കണ്ണൂർ ജില്ലയെ ആക്രമിക്കുവാൻ ആർ.എസ്.എസ്. തയ്യാറാകുന്നത്. സൗമ്യയുടെയും ജിഷയുടെയും കൊലപാതകത്തെക്കുറിച്ച് ഇവിടെ ചൂണ്ടിക്കാണിച്ചു. ജിഷയുടെ കൊലപാതകത്തിലെ പ്രതികളെ പിടിച്ചത് ഇടതുപക്ഷ ഗവൺമെന്റാണ്. സൗമ്യ കൊലപാതകത്തിൽ ഏറ്റവും വലിയ വീഴ്ച സംഭവിച്ചത് പ്രോസിക്യൂഷനാണെന്നും പ്രോസിക്യൂഷൻ സെൽഫ് ഗോൾ അടിച്ചിരിക്കുന്നു വെന്നുമാണ് സുപ്രീംകോടതി പറഞ്ഞിരിക്കുന്നത്. ആരുടെ പ്രോസിക്യൂഷനാണ്; ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്തെ പ്രോസിക്യൂഷന് ഗുരുതരമായ വീഴ്ച പറ്റിയിരിക്കുന്നുവെന്നാണ് സുപ്രീംകോടതി പറഞ്ഞിരിക്കുന്നത്. ശ്രീ. ഉമ്മൻ ചാണ്ടി മറുപടി പറയണം. ശ്രീമതി മേനക ഗാന്ധി നായയെ കൊല്ലാൻ പാടില്ലെന്ന് പറയുന്നു. നിങ്ങൾ നായയെ കൊല്ലാൻ പാടില്ലായെന്ന് പറയുന്ന മേനകാ ഗാന്ധിക്ക് എതിരാണോ; സ്നേഹസമ്പന്നമായ പരാമർശം നടത്തിയ കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. വി. എം. സുധീരന് എതിരാണോ? നിലപാട് വ്യക്തമാക്കണം. ആദർശ രാഷ്ട്രീയം, സംസ്കാര രാഷ്ട്രീയമെന്ന് ആവർത്തിച്ച് പറയുന്ന കോൺഗ്രസ് പാർട്ടിയുടെ പാപ്പരത്തമാണ് ഇത് സൂചിപ്പിക്കുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്, നിങ്ങൾ കാലിയാക്കിയ ഖജനാവിൽ നിന്ന് ഈ നാട്ടിൽ ഒട്ടേറെ ജനക്ഷേമകരമായ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് മുന്നോട്ട് പോകുമ്പോൾ ഒരുപക്ഷേ, നിയമസഭയ്ക്കകത്ത് പ്രത്യക്ഷമായി എതിർക്കുമെങ്കിലും നിങ്ങൾക്കും ഹൃദയത്തിൽ കൈ വച്ചുകൊണ്ട് ഈ ഗവൺമെന്റിനെ അനുകൂലിക്കേണ്ടതായി വരും.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് 2016-17-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച നിരവധി കാര്യങ്ങൾക്കുള്ള തുടക്കമാണ് പ്രധാനമായും ഉപധനാഭ്യർത്ഥനകളിൽ ചൂണ്ടിക്കാണിക്കുന്നത്. പൊതുസ്ഥലങ്ങളിലും ലൈബ്രറികളിലുമെല്ലാം വൈഫൈ കണക്ഷൻ നൽകുമെന്ന് ധനകാര്യ വകുപ്പുമന്ത്രി നടത്തിയ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിലാക്കാനുള്ള നടപടികൾ ഇവിടെ ആരംഭിക്കുകയാണ്. അതുപോലെ അച്ചൻകോവിൽ, കയ്യൂമംഗലം അടക്കമുള്ള നിരവധി പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനങ്ങൾ ആരംഭിക്കാൻ ടോക്കൺ പ്രൊവിഷൻ നൽകിയിരിക്കുകയാണ്. അത്രൂർ, കൊയിലാണ്ടി, കൊങ്ങാട്, തിരുവനന്തപുരം സെക്രട്ടേറിയറ്റ്,

26/4/2019.

പത്മനാഭസ്വാമി ക്ഷേത്രം അടക്കമുള്ള സ്ഥലങ്ങളിൽ പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കാനുള്ള പണവും ഒന്നു മുതൽ എട്ടാം ക്ലാസ് വരെ സ്കൂൾ കുട്ടികൾക്കുള്ള യൂണിഫോമുകൾ വിതരണം ചെയ്യാനുള്ള ടോക്കൺ പ്രൊവിഷനും ഈ സപ്ലിമെന്ററി ഡിമാന്റിൽ വച്ചിരിക്കുകയാണ്. അതുപോലെ ചരിത്രപ്രാധാന്യം നൽകിയ പ്രഖ്യാപനമാണ് മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി. ആ പദ്ധതിക്കുവേണ്ടി ടോക്കൺ പ്രൊവിഷനടക്കം ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള നിരവധി കാര്യങ്ങൾ നടപ്പാക്കാൻ വേണ്ടിയുള്ള പ്രഖ്യാപനങ്ങളും നടപടികളും ആരംഭിച്ചിരിക്കുന്നു. എന്റെ സ്നേഹിതന്മാർ അപ്പുറത്തുനിന്നും കഴിഞ്ഞ ദിവസങ്ങളിൽ പ്രസംഗിച്ചത്, ഇത് സ്വപ്ന ബഡ്ജറ്റാണെന്നും ഇക്കാര്യങ്ങളൊന്നും നടക്കാൻ പോകുന്നില്ലായെന്നുമാണ്. ആദ്യ അഞ്ചുമാസം തികയുന്നതിന് മുമ്പുതന്നെ പറഞ്ഞ കാര്യങ്ങൾ നടപ്പാക്കുമെന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവ് തന്നെ, ഈ സപ്ലിമെന്ററി ഡിമാന്റിൽ വച്ചുകൊണ്ട് കേരളത്തിന് പുതിയ മാതൃക സൃഷ്ടിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ മന്ത്രിയും മന്ത്രിസഭയിലെ മറ്റ് മന്ത്രിമാരും നേതൃത്വം നൽകുന്നുവെന്നുള്ളതാണ് പ്രധാനമായും നമുക്ക് കാണാൻ കഴിയുന്നത്. ഈ ഗവൺമെന്റ് ആരുടെ പക്ഷത്താണെന്നുള്ളത് പ്രധാനപ്പെട്ട പ്രശ്നമാണ്. ഈ ഗവൺമെന്റ് കേരളത്തിലെ പാവപ്പെട്ട ആളുകളുടെ പക്ഷത്താണ്. ഇവിടെ ശ്രീ. ആർ. രാജേഷ് അടക്കമുള്ള, ഞങ്ങളുടെ ആളുകളൊക്കെ പറഞ്ഞ പ്രധാനപ്പെട്ട വിഷയം, ഇവിടെ വീടില്ലാത്തവർക്ക് വീട് കൊടുക്കാനുള്ള നടപടികൾ വീണ്ടും ആരംഭിക്കുന്നു. കേരളത്തിൽ വീടില്ലാത്തവർക്ക് വീട് കൊടുക്കാനുള്ള നടപടി ശ്രീ. വി.എസ്. അച്ചുതാനന്ദൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ചതാണ്. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായി വന്നപ്പോൾ അവതരിപ്പിച്ച ആദ്യത്തെ ബഡ്ജറ്റിൽ തന്നെ ഇ.എം.എസ്. ഭവന പദ്ധതി റദ്ദാക്കുന്നുവെന്നാണ് പ്രഖ്യാപിച്ചത്. പകരം പദ്ധതി ഉണ്ടാകുമെന്നാണ് ഞങ്ങൾ പ്രതീക്ഷിച്ചത്. സംസ്ഥാനത്ത് പകരം ഒരു പദ്ധതിയും കൊണ്ടുവന്നില്ല. ഇന്ദിരാ ആവാസ് യോജനയിലൂടെ നാമമാത്രമായി വീട് കൊടുക്കാനേ ഇവിടെ കഴിഞ്ഞുള്ളൂ. അതുകൊണ്ടാണ് കേരളത്തിലെ പാവപ്പെട്ടവർക്ക് വീട് കിട്ടാതെ പോയത്. അതുകൊണ്ടാണ് ഇവിടെ എല്ലാവർക്കും വീട് നൽകുന്ന ഏറ്റവും മാതൃകാപരമായ നടപടി, കഴിഞ്ഞ വി.എസ്. സർക്കാരിന് തുടർച്ചയായി, കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ചെയ്യാതെ പോയ കൊടും പാപത്തിന്റെ പരിഹാരം കാണാൻ വേണ്ടിയാണ് എല്ലാവർക്കും വീട് നൽകുന്ന ഒരു പദ്ധതി ആവിഷ്ക്കരിച്ചുകൊണ്ട് പാവപ്പെട്ടവരുടെ പക്ഷത്തു നിൽക്കുന്ന ഗവൺമെന്റാണെന്ന് പ്രഖ്യാപിച്ചിരിക്കുന്നത്. കേരളത്തിൽ ആദ്യമായാണ് ഒരു മുഖ്യമന്ത്രി പാവപ്പെട്ട നിരവധി ആളുകൾക്ക് സഹായം ലഭിക്കുന്ന കടാശ്വാസ പദ്ധതി പ്രഖ്യാപിക്കുന്നത്. നവംബർ 1-ന്

സമ്പൂർണ്ണമായി ശുചിമുറികളുള്ള സംസ്ഥാനമായി കേരളം മാറുമ്പോൾ വീണ്ടും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്, സഖാവ് ശ്രീ. പിണറായി വിജയൻ നയിക്കുന്ന ഗവൺമെന്റ്, പാവപ്പെട്ടവരുടെ പക്ഷത്താണെന്ന് ഒരിക്കൽ കൂടി തെളിയിക്കുകയാണ്. ആ നിലയിലുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ആദ്യമായാണ് വിലക്കയറ്റമില്ലാത്ത ഓണത്തെ കേരളം കണ്ടത്. സ്കൂളുകൾ സ്മാർട്ടാകുന്ന രൂപത്തിലേയ്ക്കുള്ള നടപടികളാണ് ഇന്ന് കേരള ഗവൺമെന്റ് ആരംഭിച്ചിരിക്കുന്നത്. ഒരു ശ്രമകരമായ ദൗത്യമാണ് ഇവിടെ ഏറ്റെടുക്കുന്നതെന്നുള്ള കാര്യത്തിൽ സംശയമില്ല. കാരണം, 39,841 രൂപയാണ് ആളോഹരി കടം. കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് യു.ഡി.എഫ്. ഗവൺമെന്റ് വരുത്തിവച്ച കടം എന്ന് പറയുന്നത് ഒരു ലക്ഷം കോടി രൂപയിൽ അധികമാണ്. അങ്ങനെയാണിത് ഏതാണ്ട് ഒന്നരലക്ഷം കോടി രൂപയിലേയ്ക്ക് മാറിയത്. ആ വലിയ കടത്തിൽ നിന്നുകൊണ്ടാണ് ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ചത്. ആ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ ധനകാര്യ വകുപ്പുമന്ത്രി വളരെ പ്രാധാന്യത്തോടുകൂടി കിഫ്ബിയെക്കുറിച്ച് പറഞ്ഞു. എത്ര പരിഹാസ രൂപത്തിലാണ് കിഫ്ബിയെ സംബന്ധിച്ച ആക്ഷേപങ്ങൾ പ്രതിപക്ഷ എം.എൽ.എ.-മാർ നടത്തിയത്. നവംബർ 7-ാം തീയതി 4,000 കോടി രൂപയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾക്ക് കിഫ്ബി തീരുമാനം എടുക്കാൻ പോവുകയാണ്. ഇവിടെ ഉയർത്തിയ പരിഹാസങ്ങൾ പിൻവലിക്കുമോയെന്നാണ് ബഹുമാനപ്പെട്ട സുഹൃത്തുക്കളോട് എനിക്ക് ചോദിക്കാനുള്ളത്. നിങ്ങൾ അഞ്ചുവർഷക്കാലം വികസനത്തെ സംബന്ധിച്ച് പ്രസംഗിച്ചു. ഞാനൊന്നും അതിനെപ്പറ്റി പറയുന്നില്ല. ഏത് വികസനമാണ് നിങ്ങൾ നടത്തിയത്? 45 മീറ്റർ വീതിയിൽ കേരളത്തിൽ ഒരു റോഡ് നിർമ്മിക്കാൻ കഴിഞ്ഞോ; കഴിഞ്ഞില്ല. ഇവിടെ പ്രഖ്യാപിച്ചിരിക്കുകയാണ് ഗവൺമെന്റ്. കഴിഞ്ഞ അഞ്ചുവർഷക്കാലം നാലുവരി പാതപോലും നിർമ്മിക്കാൻ നിങ്ങൾക്ക് കഴിഞ്ഞില്ലായെന്ന് പറഞ്ഞാൽ കേരളത്തിലെ വികസനത്തോട് നിങ്ങളുടെ സമീപനം എന്തായിരുന്നു. ഒരു നാലുവരി പാത പോലും ആധുനികമായ കാലഘട്ടത്തിൽ നിർമ്മിക്കാൻ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന് കഴിഞ്ഞില്ലായെന്ന് പറയുമ്പോൾ നിങ്ങൾ അഞ്ചുവർഷക്കാലം ആരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടിയാണ് ഭരണം നടത്തിയത്? കഴിഞ്ഞ ദിവസം ശ്രീ. സണ്ണി ജോസഫ്, കണ്ണൂർ വിമാനത്താവളം പൂർത്തിയാക്കണമെന്ന് പറഞ്ഞപ്പോൾ ഞങ്ങളും കയ്യടിച്ചു. അന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കണ്ണൂർ വിമാനത്താവളം ഉദ്ഘാടനം ചെയ്യുന്ന പടം ഞങ്ങൾ കണ്ടു. ഉദ്ഘാടനം കഴിയുമ്പോൾ മുഖ്യമന്ത്രിയും ശ്രീ. സണ്ണി ജോസഫുമെല്ലാം വിമാനത്തിൽ കയറി നേരെ തിരുവനന്തപുരത്ത് വരുമെന്ന് ഞങ്ങൾ വിചാരിച്ചു. ഇപ്പോഴാണ് അറിയുന്നത്

അവിടെ വിമാനം പൊങ്ങണമെങ്കിൽ ഇനിയും വർഷങ്ങൾ എടുക്കുമെന്ന്, എന്ത് തട്ടിപ്പാണ്. ശ്രീ. ഹൈബി ഈഡൻ പ്രസംഗിച്ചപ്പോൾ, മെട്രോ നിർമ്മാണം ഉടൻ പൂർത്തിയാക്കണമെന്ന് മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ശ്രീ. ഹൈബി ഈഡനും അന്നത്തെ മുഖ്യമന്ത്രിയുമെല്ലാം ഉദ്ഘാടനം ചെയ്ത മെട്രോയിൽ കയറി സുന്ദരമായ യാത്ര നടത്തുന്നുവെന്നാണ് ഞങ്ങൾ പ്രതീക്ഷിച്ചത്. ഇത്തരം തട്ടിപ്പുകളുടെ അഞ്ചുവർഷക്കാലം...എന്തിനുവേണ്ടിയായിരുന്നു ഇത്തരം കാര്യങ്ങൾ നടത്തിയത്? നിങ്ങൾ ഈ പണം മുഴുവൻ കടമെടുത്ത് കേരളത്തിന്റെ പുരോഗതിക്കുവേണ്ടി, വികസനത്തിനുവേണ്ടി നടത്തിയ കാര്യങ്ങൾ കേരളത്തിലെ ജനങ്ങളോട് പറയാൻ കഴിഞ്ഞോ; പറയാൻ കഴിഞ്ഞില്ല. അതുകൊണ്ടാണ് കേരളത്തിലെ ജനങ്ങൾ നിങ്ങൾക്ക് എതിരായി തീരുമാനം എടുത്തത്. നിങ്ങളും കേന്ദ്ര ഗവൺമെന്റും ചേർന്നെടുത്ത സമീപനങ്ങൾ കേരളത്തിലെ ജനങ്ങൾ അനുഭവിക്കുകയാണ്.

2.00 pm]

റബ്ബറിന്റെ കാര്യത്തിൽ 2012 മുതൽ പ്രതിപക്ഷ എം.എൽ.എ.-മാർ ഇവിടെ നിരവധി തവണ സബ്മിഷനുകൾ, ശ്രദ്ധക്ഷണിക്കൽ പ്രമേയങ്ങൾ, അടിയന്തരപ്രമേയം എല്ലാം കൊണ്ടുവന്നിട്ടും കേന്ദ്രത്തിൽ പോയി ഒരു നിവേദനം കൊടുക്കാൻ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന് കഴിഞ്ഞോ? നിങ്ങൾ ശ്രമിച്ചില്ല. നിങ്ങൾ ഇവിടത്തെ റബ്ബർ ഫാക്ടറി ഉടമകൾക്കൊപ്പമായിരുന്നു. അതുകൊണ്ട് എല്ലാ ഇറക്കുമതിയും വന്നപ്പോൾ മാറിനിന്നു. ബി.ജെ.പി. വന്നപ്പോഴാണ് ഒരു നിവേദനം കൊടുക്കാൻ ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി ഡൽഹിക്ക് പോയത്. കസ്തൂരിരംഗൻ, ഗാഡ്ഗിൽ പ്രശ്നത്തിൽ ഒക്കെ എന്ത് സമീപനമാണ് എടുത്തത്. അന്നത്തെ പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ പ്രമേയം കൊണ്ടുവന്നപ്പോഴാണ് അതിനെ പിന്തുണയ്ക്കാൻ തയ്യാറായത്. കേരളത്തിലെ മലയോര കൃഷിക്കാരുടെ നെഞ്ചത്തുകൂടി മാത്രമേ ഇത് നടപ്പാക്കാൻ ഞങ്ങൾ അനുവദിക്കൂ എന്ന് പ്രഖ്യാപിച്ചത് ഇവിടത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണ്. നിങ്ങൾ നടപ്പാക്കിയതാണ് ഈ കൊടും ദ്രോഹം. ഇത്തരം ദ്രോഹനടപടികളാണ് നിങ്ങൾ കഴിഞ്ഞ അഞ്ച് വർഷക്കാലം നടപ്പിലാക്കിയത്. കേരളത്തിലെ ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കാൻ നിങ്ങൾക്ക് കഴിഞ്ഞില്ല. ഇപ്പോൾ എന്തൊരു പോരാട്ടമാണ്.

സ്വാശ്രയ ഫീസിന്റെ വർദ്ധനവ് വന്നപ്പോൾ എത്ര ദിവസമാണ് നിയമസഭ സ്തംഭിച്ചത്. ഹർത്താൽ നടത്തുകയില്ലെന്ന് പ്രഖ്യാപിച്ച് ഉണ്ണാവ്രതമിരുന്ന ആളുകൾ മുഴുവൻ ഹർത്താലിന്റെ പ്രഖ്യാപനവുമായി മുന്നോട്ട്. നിയമസഭ എന്നുപറഞ്ഞാൽ

സമാധാനത്തിന്റെ വെഞ്ചാമരം വീശുന്ന കേന്ദ്രമാണെന്ന് പറഞ്ഞ് പ്രചരിപ്പിച്ചുനടന്ന ആളുകൾ പത്ത് പന്ത്രണ്ട് ദിവസക്കാലം എന്ത് നൃത്തമാണ് ഇവിടെ നടത്തിയത്. പേക്കൂത്തുകൾ എന്ന വാക്കുപോലും മാറിനിൽക്കും. ഇത് ആർക്കുവേണ്ടിയായിരുന്നു? നിങ്ങൾ ഭരിച്ച അഞ്ച് വർഷക്കാലം ഇവിടത്തെ സ്വാശ്രയ മാനേജ്മെന്റുകൾ ക്യാപിറ്റേഷൻ ഫീസായി വാങ്ങിക്കൂട്ടിയത് 1000 കോടി രൂപയിലേറെയാണ്. ആ ക്യാപിറ്റേഷൻ ഫീസ് നിർത്തലാക്കാനുള്ള തീരുമാനമെടുത്ത ശക്തമായൊരു മുഖ്യമന്ത്രിയും ഗവൺമെന്റുമാണ് ഇന്നുള്ളത്. ഇന്ത്യാരാജ്യത്ത് ആദ്യമായി ക്യാപിറ്റേഷൻ ഫീസ് നിർത്തലാക്കിയ സ്റ്റേറ്റായി കേരളം മാറുകയായിരുന്നു. ആ ഗവൺമെന്റിനെ നിങ്ങൾ അനുകൂലിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിച്ചു. പക്ഷേ നിങ്ങൾ അവർക്കൊപ്പമായിരുന്നു. അതിനുവേണ്ടി യായിരുന്നു നാമമാത്രമായ ഫീസ് വർദ്ധിപ്പിച്ചപ്പോൾ നിങ്ങൾ ഈ സമര ആഭാസങ്ങൾ മുഴുവൻ നടത്തിയത്. ആ സ്ഥാപനം നടത്തിക്കൊണ്ടുപോകണ്ടേ.

ശ്രീ. ജേക്കബ് തോമസിനെ മറയാക്കിക്കൊണ്ട് എങ്ങനെയെങ്കിലും പുകച്ച് പുറത്തുചാടിക്കാൻവേണ്ടി എത്ര അടിയന്തര പ്രമേയങ്ങളാണ് ഇവിടെ വന്നത്. നിങ്ങളുടെ ഭാഗത്തുനിന്നും ഏതെങ്കിലും തെറ്റ് കണ്ടാൽ ഈ ഗവൺമെന്റ് തിരുത്തും. പക്ഷേ ജേക്കബ് തോമസിനെപ്പോലെയുള്ള പത്ത് ഉദ്യോഗസ്ഥർ ഈ കേരളത്തിലുണ്ടായിരുന്നെങ്കിൽ കഴിഞ്ഞ അഞ്ച് വർഷക്കാലം ഐക്യജനാധിപത്യ മുന്നണി ഈ കേരളത്തെ അഴിമതിയുടെ കേന്ദ്രമാക്കി മാറ്റുമായിരുന്നോ? ഇവിടെ നല്ല ഉദ്യോഗസ്ഥന്മാർ ഇല്ലെന്നൊന്നും ഞങ്ങൾ പറയുന്നില്ല. പക്ഷേ നല്ലൊരു വിഭാഗം ഉദ്യോഗസ്ഥന്മാരെ അഴിമതിയുടെ ഭാഗമാക്കിമാറ്റാനാണ് കഴിഞ്ഞ ഗവൺമെന്റ് ശ്രമിച്ചത്. അത് കണ്ടുപിടിക്കുമ്പോൾ എന്തൊരു വിഭ്രാന്തിയാണ്. പ്രാരംഭ വാദം ഹൈക്കോടതിയിൽ വരുമ്പോൾ ശ്രീ. ജേക്കബ് തോമസിനെതിരെ കേസ്സെടുക്കാൻ വകുപ്പുണ്ടെന്ന് സി.ബി.ഐ. പോലും ചാടിക്കയറി പറയുകയാണ്. പ്രാരംഭവാദം പോലും കേട്ടില്ല. ഫോണുകൾ ചോർത്തപ്പെടുകയാണ്. ആളുകൾ ഭയപ്പെടുകയാണ്. എന്തിനാണ് ഭയപ്പെടുന്നത്; ആർക്കുവേണ്ടിയാണ് ഭയപ്പെടുന്നത്? ഇവിടെ കുറേ കാര്യങ്ങൾ പുറത്തുവരാനുണ്ട്. ആ കാര്യങ്ങൾ പുറത്തുവരട്ടെ. കേരള സമൂഹം അത് പ്രതീക്ഷിക്കുകയാണ്. അങ്ങനെ പുറത്തുവരുമ്പോൾ അതിനെ സ്വാഗതം ചെയ്യുകയാണ് വേണ്ടത്.

ഭക്ഷ്യസുരക്ഷാ നിയമം-ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പി. തിലോത്തമൻ മറുപടി പറഞ്ഞപ്പോൾ പറഞ്ഞല്ലോ, എന്തുകൊണ്ടായിരുന്നു മൂന്ന് വർഷക്കാലം നിങ്ങൾ ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കാൻ തയ്യാറാകാതിരുന്നത്. 700 കോടിയോളം രൂപയുടെ ഒരു ആക്ഷേപവും അഴിമതിയായി അദ്ദേഹം ഉന്നയിച്ചില്ല. കേരളത്തിലെ മൊത്തം അരി വിതരണക്കാരുടെ താല്പര്യം സംരക്ഷിക്കാൻ വേണ്ടിയായിരുന്നു നിങ്ങൾ മൂന്ന് വർഷക്കാലം ഈ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കാതിരുന്നതെന്ന് പറഞ്ഞപ്പോൾ അടിയന്തര പ്രമേയം അവതരിപ്പിച്ച

ശ്രീ. അനൂപ് ജേക്കബ് അനങ്ങിയില്ല. അനങ്ങാൻ കഴിയില്ല. ഇപ്പോൾ ഭക്ഷ്യ സുരക്ഷയുടെ പേരിൽ നിങ്ങളിവിടെ അടിയന്തര പ്രമേയം കൊണ്ടുവരികയാണ്. നിങ്ങൾ അടിയന്തര പ്രമേയം കൊണ്ടുവരുന്നതിൽ ഒരു പ്രശ്നവുമില്ല. പക്ഷേ അത് കൊണ്ടുവരുമ്പോൾ കഴിഞ്ഞ മൂന്ന് വർഷക്കാലം എന്തുകൊണ്ട് ഇത് നടപ്പാക്കാതിരുന്നുവെന്ന് മറുപടി പറയേണ്ട ബാദ്ധ്യത നിങ്ങൾക്കുണ്ടെന്ന കാര്യം ഓർക്കണം.

നിസാം കേസ്-അതിന്റെ അന്വേഷണം നടത്തണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. നിസാം കൊലചെയ്ത മദ്ധ്യവയസ്കന്റെ രക്തക്കറ പുരണ്ട ഉടുപ്പുപോലും കളഞ്ഞു. അദ്ദേഹത്തിന്റെ മരണമൊഴി എടുക്കാൻ തയ്യാറായില്ല. നിഗൂഢതകളുടെ നിഗൂഢതയിലേയ്ക്ക് പോകുകയാണ്. ഇവിടത്തെ ഓരോ കേസ്സുകളും അങ്ങനെയാണ് കൈകാര്യം ചെയ്യപ്പെട്ടത്. അവിടെയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ രവി പൂജാരി ഭീക്ഷണിപ്പെടുത്തുന്നത്. ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്കെതിരെ പരാതി കൊടുത്ത എം. കെ. കുരുവിളയെ ഭീഷണിപ്പെടുത്തിയതും ഇതേ രവി പൂജാരി തന്നെയാണ്. എവിടേയ്ക്കാണ് നിഗൂഢതകൾ പോകുന്നത്? അതുകൊണ്ട് സഗൗരവമായ കാര്യങ്ങളാണ് ഇവിടെ ചർച്ച ചെയ്യപ്പെടേണ്ടത്. ബാംഗ്ലൂർ കോടതിയിലെ കേസ് വന്നപ്പോൾ ഞാൻ അറിഞ്ഞില്ലായെന്ന് ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി പറഞ്ഞു. അദ്ദേഹം ഇന്നിവിടെ വന്നിട്ടുണ്ട്. ഇവിടെ വലിയൊരു മഞ്ഞ് ഉരുകുന്നതിന്റെ തുടക്കമാണ് സോളാർ കേസ്സെന്ന് അന്ന് ഞങ്ങൾ പറഞ്ഞു. അറിഞ്ഞില്ലെന്നുള്ള അദ്ദേഹത്തിന്റെ വാദം ശരിയല്ല. ഇവിടെ 23-ാം തീയതി വക്കാലത്ത് നൽകിയിട്ടുണ്ട്. അവിടെ രവീന്ദ്രനാഥ് അസോസിയേറ്റ്സിന് കേസ് കൊടുത്തിട്ടുണ്ട്. ഇവിടെ സമൻസ് കൈപ്പറ്റിയ രജിസ്റ്ററുണ്ട്. അറിഞ്ഞില്ലെന്ന് പറഞ്ഞുകൊണ്ട് ഇത്ര പ്രമാദമായ ഒരു കേസ്സിൽനിന്ന് ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രിക്ക് ഒഴിഞ്ഞുമാറാൻ കഴിയുമോ? ഒഴിഞ്ഞുമാറാൻ കഴിയില്ല. വളരെ ഗൗരവമായ പ്രശ്നങ്ങളെ കേരളം നേരിടേണ്ടതായിട്ടുണ്ട്.

ബി.ജെ.പി.-ക്ക് ബി.ഡി.ജെ.എസ്. പിന്തുണ കൊടുത്തപ്പോൾ ഇടതുപക്ഷ മുന്നണിയുടെ വോട്ടുകൾ മുഴുവൻ ഒലിച്ചുപോകുമെന്ന് കണ്ടുകൊണ്ട് അവസാന നാളുകളിൽ നടത്തിയ എല്ലാ കട്ടുംവെട്ടുകളുടെയും കൊള്ളക്കഥകൾ പുറത്തുകൊണ്ടുവരണം. ഇവിടെ നോട്ട് എണ്ണുന്ന യന്ത്രം ഒന്ന് മാത്രമേയുള്ളൂ എന്നാണ് കരുതിയത്. ഏറ്റവും കൂടുതൽ നോട്ട് എണ്ണുന്ന യന്ത്രം വിറ്റത് കേരളത്തിലാണെന്ന് കഴിഞ്ഞ ദിവസം അതിന്റെ കമ്പനി പറഞ്ഞപ്പോൾ വളരെയധികം നിഗൂഢതകളിലേയ്ക്ക് കാര്യങ്ങൾ പോകുകയാണ്. അതുകൊണ്ട്

വളരെ ഗൗരവമായി ഈ പ്രശ്നങ്ങൾ അന്വേഷിക്കാൻ അഴിമതിക്കാരല്ലാത്ത കരുത്തരായ കൂടുതൽ ഉദ്യോഗസ്ഥരെ രംഗത്തിറക്കി ഇത്തരം അഴിമതി കാണിച്ചവരെ കൽത്തുറുങ്കിൽ അടയ്ക്കാനുള്ള കാര്യശേഷി ഈ ഗവൺമെന്റ് കാണിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി പിന്തുണയ്ക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. പുതിയതായി അധികാരത്തിൽ വന്ന ഗവൺമെന്റ് ചെയ്യുന്ന നല്ല കാര്യങ്ങളെ ഞങ്ങൾ എതിർക്കുകയില്ല, അനുകൂലിക്കുമെന്ന് ആദ്യ സമ്മേളനത്തിൽതന്നെ യു.ഡി.എഫ്.-ന്റെ എല്ലാ നേതാക്കളും ഈ സഭയിൽ പറഞ്ഞതാണ്. എല്ലാത്തിനേയും എതിർക്കുന്ന നിഷേധാത്മകമായ സമീപനമല്ല ഞങ്ങൾ സ്വീകരിക്കുന്നത്. നല്ലത് ചെയ്താൽ അനുകൂലിക്കും. തെറ്റ് ചെയ്താൽ എതിർക്കും. ഇവിടെ കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന കാലത്തെ തീരുമാനങ്ങളെക്കുറിച്ച് പറഞ്ഞു. ഈ ഗവൺമെന്റ് വന്നിട്ട് അഞ്ച് മാസം ആയില്ലേ. അതിന് സബ് കമ്മിറ്റിയെ വച്ചു. എന്താണ് ആ കാര്യങ്ങളിൽ ഒരു തീരുമാനം എടുക്കാൻ വൈകുന്നത്. ആരാണ് നിങ്ങൾക്ക് തടസ്സം നിൽക്കുന്നത്? അഴിമതിയെന്ന് പറഞ്ഞ് മാറ്റിവച്ചുകൊണ്ടിരിക്കുന്ന ഓരോ തീരുമാനവും സാഹചര്യങ്ങളുടെ സമ്മർദ്ദം കൊണ്ട് ശരിയെന്ന് ബോദ്ധ്യപ്പെടുമ്പോൾ നിങ്ങൾ ആ തീരുമാനം നടപ്പിലാക്കുകയാണ്. നെല്ല് സംഭരണത്തിന് മില്ലുടമകൾ കൊടുക്കേണ്ട കമ്മീഷൻ വർദ്ധിപ്പിച്ചു. അത് നിങ്ങൾ മാറ്റിവച്ചു. നെല്ല് എടുക്കേണ്ട സമയത്ത് എടുക്കാൻ മില്ലുടമകൾ തയ്യാറായില്ല. അഴിമതിയുണ്ടെന്നുപറഞ്ഞ് നിങ്ങൾ മാറ്റിവച്ച കഴിഞ്ഞ ഗവൺമെന്റ് എടുത്ത അവസാനത്തെ തീരുമാനം അതേപടി നടപ്പിലാക്കാൻ നിങ്ങൾ തീരുമാനിച്ചു. പാലക്കാട് നിന്ന് നെല്ല് എടുക്കാൻ ഒരു മാസം താമസിച്ചു; അതിനുകാരണം അഴിമതി സംബന്ധിച്ച് നിങ്ങളെടുത്ത തീരുമാനം വൈകിപ്പോയതുകൊണ്ടാണ്. ഞാനൊന്നു പറയട്ടെ, അഴിമതിയുടെ പേരിൽ മാറ്റിവച്ചിരിക്കുന്ന മറ്റൊരു തീരുമാനം, mentally challenged (Cerebral palsy) ആയ, ഓട്ടിസമുള്ള കുട്ടികളെ പഠിപ്പിക്കുന്നതും അവർക്ക് ആശ്വാസം നൽകുന്നതും അവർക്ക് എന്തെങ്കിലും സഹായം ചെയ്യുന്നതുമായ 288 സ്കൂളുകൾ ഇവിടെയുണ്ട്. അതിൽ 287 സ്കൂളുകൾ സ്വകാര്യമേഖലയിലാണ്. സംസ്ഥാനത്ത് നടക്കുന്ന വലിയൊരു തെറ്റ്, ഇവിടെ പ്ലസ് ടു വരെ എല്ലാ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസം സൗജന്യമാണെന്നതാണ്. എന്നാൽ ഒരു വിഭാഗം കുട്ടികൾക്കു മാത്രം സൗജന്യ വിദ്യാഭ്യാസമില്ല; അവരാണ് ഈ വിഭാഗത്തിൽപ്പെട്ട പ്രത്യേക പരിഗണന വേണ്ട കുട്ടികൾ. ഞങ്ങൾ ബോധപൂർവ്വമായ ഒരു തീരുമാനമെടുത്തു; ഇതിന്റെ ഭാരം ഒന്നിച്ച് ഏറ്റെടുക്കാൻ കഴിയാത്തതുകൊണ്ട് 100 കുട്ടികളുള്ള സ്കൂളുകൾ എയ്ഡഡ് ആക്കുക;

അങ്ങനെ 33 സ്കൂളുകൾ എയ്ഡഡ് ആക്കി. രണ്ടാംഘട്ടത്തിൽ 50 കുട്ടികളുള്ള സ്കൂളുകളും 25 കുട്ടികളുള്ള ബഡ്സ് സ്കൂളുകളും (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്കൂളുകളാണ് ബഡ്സ് സ്കൂളുകൾ) എയ്ഡഡ് ആക്കുക എന്നുള്ളതായിരുന്നു. എന്നാൽ നിങ്ങൾ അത് തടഞ്ഞുവച്ചിരിക്കുകയാണ്. എന്ത് അഴിമതിയാണ്? എനിക്ക് ഒന്നേപറയാനുള്ളൂ, നിങ്ങൾ അത് നടപ്പിലാക്കണം. അഴിമതിയെങ്കിൽ, നിങ്ങൾ വേറെ ആരെയും അന്വേഷിച്ച് പോകേണ്ട; അതിന്റെ ഉത്തരവാദി ഞാനാണ്; എന്റെ പേരിൽ കേസ്സെടുക്കുക; ഞാൻ ആ കുറ്റം ഏൽക്കാൻ തയ്യാറാണ്. കാരണം വർഷങ്ങളായി നിലനിന്നിരുന്ന അനീതി തീർക്കുന്നതിനു വേണ്ടി എടുത്തിട്ടുള്ള നടപടിയാണിത്. നിങ്ങൾ മാറ്റിവച്ചിരിക്കുന്ന മറ്റൊരു തീരുമാനം, 12 പുതിയ എയ്ഡഡ് കോളേജുകൾ കൊടുക്കുന്നതിനെടുത്തതാണ്. അതിൽ 10 എയ്ഡഡ് കോളേജുകളും ഒരൊറ്റ വിദ്യാലയം പോലുമില്ലാത്ത കൊച്ചു സമുദായങ്ങൾക്ക് കൊടുത്തിട്ടുള്ളതാണ്. ഇവിടെ ഷെഡ്യൂൾഡ് ട്രൈബ്, വിശ്വകർമ്മ, ധീവര, വണിക വൈശ്യസംഘം തുടങ്ങിയ സമുദായങ്ങൾക്ക് കോളേജില്ല. അനേകം കോളേജുകളുള്ള ഒരു സംസ്ഥാനമാണിത്. അത് ഇവിടെയുള്ള എല്ലാ വിഭാഗക്കാർക്കും വേണ്ടേ?

ശ്രീ. എം. സ്വരാജ് : സർ, ഓരോ ജാതിയും ഉപജാതിയും തിരിച്ച് വീതം വച്ച് കൊടുക്കുന്നത് വിദ്യാഭ്യാസ മേഖലയിൽ നല്ല ഫലമാണോ ഉണ്ടാക്കുക?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇന്ന് മറ്റ് എന്തിനെക്കാളും വലുത് വിദ്യാഭ്യാസമാണ്. കച്ചവടമൊന്നുമല്ല. ഈ ഗവൺമെന്റ് വരുമ്പോൾ പട്ടികജാതിക്കാർക്ക് ഒരു കോളേജുപോലും ഉണ്ടായിരുന്നില്ല. ഞങ്ങൾ മൂന്ന് കോളേജുകൾ അനുവദിച്ചു. രണ്ട് കോളേജുകൾക്ക് സ്ഥലമില്ല; ഗവൺമെന്റ് സ്ഥലം കൊടുത്തു. മൂന്നാമത്തെ കോളേജിന് കെട്ടിടം വയ്ക്കാൻ സ്ഥലമുണ്ട്; കെട്ടിടം കെട്ടാൻ പൈസയില്ല; ഗവൺമെന്റ് ഒരു കോടി രൂപ കൊടുത്തു. ഇവിടെ എല്ലാ വിഭാഗങ്ങൾക്കും നീതി കിട്ടണം. അതിനുവേണ്ടി എടുത്തിട്ടുള്ള തീരുമാനമാണ്. അഴിമതിയുണ്ടെങ്കിൽ നിങ്ങൾ അതിന് നടപടിയെടുക്കുക. തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ അത് തുറന്ന് പറയുക. അഴിമതിയുടെ പേര് പറഞ്ഞ് ആരെയും പേടിപ്പിക്കേണ്ട. അഴിമതിയുണ്ടെങ്കിൽ നടപടിയെടുക്കണം. നിങ്ങളെ ആര് തടസ്സപ്പെടുത്തുന്നു? അതല്ലാതെ മുമ്പോട്ടുപോകുന്ന നടപടി ഒരിക്കലും ശരിയല്ല. ഒരു ഗവൺമെന്റ് ഓരോരോ ക്രൈസിസ് വരുമ്പോഴാണ് അതിനകത്ത് ഇടപെട്ട് പ്രവർത്തിക്കുന്നത്. ഇവിടെ മാസങ്ങളായി അഭിഭാഷകരും മാധ്യമപ്രവർത്തകരും തമ്മിൽ തർക്കം. ഇത് കേരളത്തിന് അപമാനമല്ലേ? കേരളം പോലുള്ള ഒരു സംസ്ഥാനത്ത് ഏറ്റവും പ്രധാനപ്പെട്ട രണ്ടു വിഭാഗങ്ങളാണ് മാധ്യമങ്ങളും ജുഡിഷ്യറിയും. ആ തർക്കം തീർക്കാൻ സാധിക്കാത്തത് എന്താണ്; അതിൽ ഇടപെടണ്ടേ; പരിഹാരം കാണണ്ടേ?

സ്വാശ്രയ കോളേജിലെ ഫീസിനെക്കുറിച്ച് ഒരു നിസ്സാര ഫീസ് വർദ്ധനവെന്നാണ് ഇവിടെ പറഞ്ഞത്. നിങ്ങൾ സമരം ചെയ്തത് പതിനായിരം രൂപ കൂട്ടിയപ്പോഴാണ്. ഗവൺമെന്റ് മെറിറ്റ് സീറ്റിൽ പതിനായിരം രൂപ കൂട്ടിയപ്പോൾ മന്ത്രിമാരെ തടഞ്ഞു; പൊതുമുതൽ നശിപ്പിച്ചു; പോലീസിനെ ആക്രമിച്ചു. ഇപ്പോൾ 65,000 രൂപയാണ് മെറിറ്റ് സീറ്റിൽ കൂട്ടിയിട്ടുള്ളത്. ശ്രീ. രാജു എബ്രഹാമിന്റെ ഒരു ചോദ്യം വളരെ പ്രസക്തമാണ്. ഈ കോളേജ് നടത്തിക്കൊണ്ടുപോകുവാനുള്ള വരുമാനം വേണ്ടേ; വരുമാനം വേണം ഞങ്ങൾ അതിനെ അനുകൂലിക്കുന്നു. എന്നാൽ ആ വരുമാനം ഈ ഗവൺമെന്റ് മെറിറ്റ് സീറ്റിൽ നിന്നും ആകരുത്. അവിടെ ഒരു നോമിനൽ ഇൻക്രീസ് മാത്രമേ ആകാവൂ. ആ വരുമാനം മാനേജ്മെന്റ് ക്വാട്ടയിൽ നിന്നെടുക്കുന്ന വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കണം. ശ്രീ. എ. കെ. ആന്റണി ഇതു കൊണ്ടുവരുന്ന അവസരത്തിൽ പറഞ്ഞത്, രണ്ട് സ്വാശ്രയ കോളേജ് സമം ഒരു ഗവൺമെന്റ് കോളേജ് എന്നാണ്. ഇതാണ് അന്നത്തെ ആശയം.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, നിങ്ങൾ 80 ലക്ഷം രൂപ മുതൽ ഒരു കോടി രൂപ വരെ ക്യാപ്പിറ്റേഷൻ ഫീ വാങ്ങിയ സ്ഥാനത്താണ് അങ്ങ് ഇപ്പോൾ സൂചിപ്പിച്ചതുപോലെ 65,000 രൂപയുടെ വർദ്ധനവുണ്ടായത്. ഒരു കോടി രൂപയുടെ സ്ഥാനത്താണ് 65,000 രൂപ. ഏതാണ് വലുത്?

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> സർ, ഇതാരോട് പറയാനാണ് ശ്രീ. രാജു എബ്രഹാം; ക്യാപ്പിറ്റേഷൻ ഫീസിന്റെ കാര്യത്തിൽ അത് വാങ്ങിയിട്ടില്ലായെന്ന് പറയുമ്പോൾ ആളുകൾ പരിഹസിക്കുകയില്ലേ; അറിയില്ലേ? ഇവിടെ ഗവൺമെന്റ് മെറിറ്റ് സീറ്റിൽ ഗവൺമെന്റ് ഫീസ് എന്നുള്ള നിലയാണ്. അത് ക്രമേണ കൂട്ടാൻ തീരുമാനിച്ചു. അതിനകത്ത് പ്രശ്നങ്ങളില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുള്ള രണ്ട് പദ്ധതികളെക്കുറിച്ച് എനിക്ക് ധനകാര്യമന്ത്രിയോട് അഭ്യർത്ഥിക്കാനുണ്ട്. നിങ്ങൾ അത് നിർത്തലാക്കരുത്. ഒന്ന്, കോക്ലിയർ ഇംപ്ലാന്റ് സർജറി സ്കീം. കഴിഞ്ഞ ഗവൺമെന്റ് അത് 642 പേർക്ക് ചെയ്തു. അതിന്റെ വാറന്റി 5 കൊല്ലമാണ്. ഏതാനും ദിവസം കഴിയുമ്പോൾ ആദ്യ ബാച്ചിന്റെ വാറന്റി പീരിയഡ് കഴിയുകയാണ്. കഴിഞ്ഞ ഗവൺമെന്റ് ആ കമ്പനിക്കാരെ വിളിച്ച് സംസാരിച്ചു. ഏതാണ്ട് രണ്ടുവർഷം കൂടി നീട്ടിക്കൊടുക്കാൻ സമ്മതിച്ചിരുന്നു. ഈ പദ്ധതി തുടരാനും വാറന്റി നീട്ടിക്കിട്ടാനുമുള്ള അടിയന്തര നടപടികളെടുക്കണമെന്ന് പറയാനാഗ്രഹിക്കുകയാണ്. അതുപോലെതന്നെ കാരുണ്യ ബെനവലന്റ് ഫണ്ട്, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 1200 കോടി രൂപ കൊടുത്തു. ഗവൺമെന്റ് വരുമാനമല്ല; ലോട്ടറിയിൽ നിന്നുള്ള വരുമാനത്തിൽ നിന്ന് മാറ്റിവച്ച് കൊടുത്തതാണ്. അത് കേവലം ഒരു ചികിത്സാ സഹായം മാത്രമല്ല. നമുക്ക് ഇന്ന്

ഏറ്റവും മെച്ചപ്പെട്ട രീതിയിലുള്ള ചികിത്സ കേരളത്തിൽ നിന്ന് കിട്ടും. എന്നാൽ അതിന്റെ കോസ്റ്റ് വളരെ കൂടുതലായിരിക്കും. മുൻ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. എം. മാണി നടപ്പിലാക്കുകയും കേരളത്തിന്റെ മൊത്തം അംഗീകാരം നേടിയ സാധാരണക്കാർക്കും പാവപ്പെട്ടവർക്കും മെച്ചപ്പെട്ട ചികിത്സ പ്രാപ്യമാകുന്നതുമായ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി തുടരണം.

ഇവിടെ കഴിഞ്ഞ ഗവൺമെന്റിന്റെ ധനകാര്യ മാനേജ്മെന്റിനെ വിമർശിച്ചുകൊണ്ട് ചിലർ പറഞ്ഞു. യു.ഡി.എഫ്.-ന്റെ കാലത്ത് മൂലധനച്ചെലവ് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിനേക്കാൾ 153 ശതമാനവും പദ്ധതിച്ചെലവ് 95 ശതമാനവും നികുതിയേതര വരുമാനം 336 ശതമാനവും വാണിജ്യനികുതിക്കുള്ള വരുമാനം 92.82 ശതമാനവുമാണ് വർദ്ധിപ്പിച്ചിട്ടുള്ളത്. റവന്യൂ കമ്മി കൂടിയുണ്ട്; ഞാൻ സമ്മതിക്കുന്നു. റവന്യൂ കമ്മി കൂടിയതിന്റെ കാരണം എന്താണ്? കഴിഞ്ഞ അഞ്ചുവർഷക്കാലം ആരോഗ്യ-വിദ്യാഭ്യാസ മേഖലയിൽ വളരെക്കൂടുതൽ തുക ചെലവഴിച്ചു. നിങ്ങൾ വലിയ അഭിമാനത്തോടുകൂടി സാമൂഹ്യ സുരക്ഷാ പെൻഷൻ കൊടുത്ത കാര്യം പറയുന്നുണ്ടല്ലോ; ചെയ്ത കാര്യത്തെ ഞാൻ എപ്പോഴും അംഗീകരിക്കും, ന്യായീകരിക്കും. സാമൂഹ്യ സുരക്ഷാ പെൻഷൻ 12.9 ലക്ഷം ആയിരുന്നത് 34.43 ലക്ഷമായി വർദ്ധിപ്പിച്ചു. നിങ്ങളുടെ കാലത്ത് 592 കോടി രൂപ കൊടുത്ത സ്ഥാനത്ത് യു.ഡി.എഫ്.-ന്റെ അവസാനവർഷം 3,016 കോടി രൂപയായി വർദ്ധിപ്പിച്ചു. ഞങ്ങൾ ഇറങ്ങിപ്പോകുന്ന സമയത്ത് മൂന്നു മാസത്തെ കുടിശ്ശികയാണുണ്ടായിരുന്നത്. ദീർഘവീക്ഷണത്തോടുകൂടിയാണ് ഞങ്ങൾ ധനകാര്യ മാനേജ്മെന്റിന്റെ കാര്യത്തിലുള്ള പ്രശ്നങ്ങളെ കണ്ടത്. നിങ്ങൾ എതിർത്തുവെങ്കിലും ഞങ്ങൾ പങ്കാളിത്ത പെൻഷൻ നടപ്പിലാക്കി. ഒരു ലാഭവും ഈ കഴിഞ്ഞ അഞ്ചുകൊല്ലക്കാലവും ഉണ്ടായിട്ടില്ല. പത്തുശതമാനം കൂടുതൽ വിഹിതം ഇവർക്കുവേണ്ടി അടയ്ക്കണം. എന്നിട്ടും പങ്കാളിത്ത പെൻഷനുമായി മുന്നോട്ട് നീങ്ങിയത് കേരളത്തിന്റെ ഭാവി മുന്നിൽ കണ്ടുകൊണ്ടാണ്. അല്ലെങ്കിൽ 20 കൊല്ലം കഴിയുമ്പോൾ പെൻഷൻ ബാധ്യത കൊണ്ട് ഈ സംസ്ഥാനം മുങ്ങും. ബഹുമാനപ്പെട്ട ഡോ. തോമസ് ഐസക്, പങ്കാളിത്ത പെൻഷനോട് ഈ ഗവൺമെന്റിന്റെ സമീപനമെന്താണെന്ന് അങ്ങയുടെ ഒരു മറുപടി ഞങ്ങൾ പ്രതീക്ഷിക്കുന്നു. സാമ്പത്തിക ബുദ്ധിമുട്ടുകൾക്ക് നടുവിലും പത്തു ശതമാനം അധിക ചെലവ് വരുത്തിക്കൊണ്ട് ഞങ്ങൾ അത് ഏറ്റെടുത്തത് ഈയൊരു ഉദ്ദേശത്തോടുകൂടിയാണ്. ഇക്കാര്യത്തിൽ അന്ന് എതിർത്ത നിങ്ങളുടെ ഇന്നത്തെ നിലപാട് അറിയാൻ ഞങ്ങൾക്ക് താൽപ്പര്യമുണ്ട്.

അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. കെ. എം. എബ്രഹാമിന്റെ വീട്ടിലെ നിയമവിരുദ്ധമായ റെയ്ഡിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ

പറഞ്ഞത് ഞാൻ സ്വാഗതം ചെയ്യുന്നു. തെറ്റ് പറ്റിയെന്ന് അദ്ദേഹം സമ്മതിച്ചു. അന്വേഷിക്കാൻ ഉത്തരവിട്ടു, നല്ല കാര്യം. ഒരു എസ്.പി. വിചാരിച്ചാൽ ഈ സംസ്ഥാനത്തെ രണ്ടാം സ്ഥാനത്തിരിക്കുന്ന ഉന്നത ഉദ്യോഗസ്ഥനെതിരെ നിയമവിരുദ്ധമായി ഇതുപോലെ കൈകാര്യം ചെയ്യാൻ സാധിക്കുമോ? പണ്ടൊക്കെ പിറ്റേദിവസം പത്രം വന്നാലേ വാർത്ത അറിയാൻ സാധിക്കുകയുള്ളൂ. ശ്രീ. കെ.എം. എബ്രഹാമിന്റെ വീട്ടിൽ റെയ്ഡ് നടക്കുന്നുവെന്ന് ഇവിടത്തെ ദൃശ്യമാധ്യമങ്ങളി ലെല്ലാം വാർത്ത വന്നിട്ടും അത് നിർത്തിവയ്ക്കാൻ ശ്രമിക്കാതിരുന്നതെന്ത് എന്നത് ആ സംശയത്തെ ബലപ്പെടുത്തുന്നു. അതിലുപരി ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗിന്റെ റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ ഇത് കേവലം ഒരു എസ്.പി.-യിൽ മാത്രം ഒതുങ്ങി നിൽക്കുന്ന വീഴ്ചയാണെന്ന് കേരളത്തിൽ ആരും വിശ്വസിക്കുകയില്ല. ഇവിടെ അക്രമത്തെക്കുറിച്ച് പറഞ്ഞു. അക്രമത്തെ സംബന്ധിച്ച് യു.ഡി.എഫ്.-ന്റെ നിലപാട് വളരെ വ്യക്തമാണ്. ആരുടെ ഭാഗത്തുനിന്ന് അക്രമം വന്നാലും എതിർക്കും. ആർ.എസ്.എസ്.-നെ ഞങ്ങളാരും വെള്ളപൂശിയിട്ടില്ല. ആർ.എസ്.എസ്.-ന്റെ സമീപനത്തോടും നിലപാടിനോടും ഒരിക്കലും വിട്ടുവീഴ്ച ചെയ്തിട്ടില്ലാത്ത പാർട്ടിയാണ് യു.ഡി.എഫ്. യാതൊരു സംശയവും വേണ്ട. ആർ.എസ്.എസ്.-നെ പിന്താങ്ങിയവരുണ്ട്. അതിന് ഓരോ രാഷ്ട്രീയ സാഹചര്യങ്ങളും അവർ പറഞ്ഞിട്ടുണ്ട്. ഞങ്ങൾ ഒരു രാഷ്ട്രീയ സാഹചര്യത്തിലും കൂടിയിട്ടില്ല. എവിടെയെങ്കിലും കൂടിയതായി ചൂണ്ടിക്കാണിച്ചാൽ ആ നിമിഷത്തിൽ അത് തിരുത്തും. ആർ.എസ്.എസ്-ന് എതിരായിട്ടുള്ള കാര്യങ്ങൾ പറഞ്ഞുകൊണ്ട് അത് ഞങ്ങൾക്ക് ചേരുന്ന യോഗ്യതയല്ല, തൊപ്പിയല്ല എന്ന് പറയുകയാണ്. കണ്ണൂരിലെ അക്രമം സംബന്ധിച്ച് അടിയന്തരപ്രമേയം വന്നപ്പോൾ ചർച്ച നടത്തുമെന്ന് പറഞ്ഞിട്ട് ഇതുവരെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ മന്ത്രിമാരോ ഇടപെട്ട് ചർച്ച നടത്തിയിട്ടില്ല. ഉദ്യോഗസ്ഥ തലത്തിൽ ചർച്ച നടന്നു. ആ ചർച്ചയുടെ അടിസ്ഥാനത്തിൽ ഒരു കോഡ് ഓഫ് കോണ്ടക്റ്റ് ഉണ്ടാക്കിയെന്നും അത് മാർക്സിസ്റ്റ് പാർട്ടി തള്ളിയെന്നും പത്ര വാർത്ത കണ്ടു. അതിൽ കൂടുതൽ ഒന്നും എനിക്ക് അറിയില്ല. അതാണെങ്കിൽ എന്താണ് സ്ഥിതി? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ മന്ത്രിമാരോ കോൺഫറൻസ് വിളിക്കുന്നില്ല. ഉദ്യാഗസ്ഥന്മാർ തയ്യാറാക്കുന്ന കോഡ് ഓഫ് കോണ്ടക്ട് ഒരുവിധത്തിലും സി.പി.എം. അംഗീകരിക്കില്ലായെന്നുള്ള നിലപാടെടുത്തുവെന്ന് പറഞ്ഞത് എല്ലാവരെയും ഭയപ്പെടുത്തുന്ന കാര്യമാണ്. അടിയന്തരമായി മുഖ്യമന്ത്രി തന്നെ നേരിട്ട് ഇടപെട്ട് ചർച്ച നടത്തി പരിഹാരമുണ്ടാക്കണം. അക്കാര്യത്തിൽ പ്രതിപക്ഷത്തു നിന്നും പൂർണ്ണമായ സഹകരണം ഉണ്ടാകും. സമാധാനമാണ് ഏറ്റവും പ്രധാനം. കഴിഞ്ഞ ദിവസം ഞാൻ കണ്ണൂർ പോയിരുന്നു. രാഷ്ട്രീയ വ്യത്യാസമില്ലാതെ നിരവധി ആളുകൾ എത്രയും വേഗം അതിന് പരിഹാരമുണ്ടാക്കണമെന്ന അഭിപ്രായമാണ് പറഞ്ഞിട്ടുള്ളത്.

ഇവിടെ മെട്രോയെക്കുറിച്ച് ശ്രീ. രാജു എബ്രഹാം പറഞ്ഞു. അവിടെ മെട്രോയുടെ ഉദ്ഘാടനമല്ല ടെസ്റ്റ് റൺ ആണ് നടത്തിയത്. ഡി.എം.ആർ.സി. യാണ് നമ്മുടെ അഡ്വൈസർ അവരാണ് കാര്യങ്ങളെല്ലാം ചെയ്യുന്നത്. ഡി.എം.ആർ.സി. എവിടെയൊക്കെ ഇത് നടത്തിയിട്ടുണ്ടോ അവിടെയൊക്കെ നടത്തുന്നതാണ് ടെസ്റ്റ് റൺ. ട്രയൽ റൺ പിന്നീട് പാളത്തിൽ കൂടി നടത്തി. ഗ്രൗണ്ടിൽ കൊണ്ടുവരുന്ന വാഗണുകൾ ഓടിക്കുന്നതിനുവേണ്ട ടെസ്റ്റ് റൺ ആണ് നടത്തിയത്. അതിന്റെ അടുത്തയാഴ്ച മുതൽ ട്രയൽ റൺ തുടങ്ങി. 2016 നവംബർ 1-ന് സർവ്വീസ് ആരംഭിക്കാനാണ് കഴിഞ്ഞ ഗവൺമെന്റ് തീരുമാനിച്ചത്. ഇപ്പോൾ അത് നീട്ടിയത് എന്തുകൊണ്ടാണെന്ന് എനിക്ക് അറിയില്ല. എന്തായാലും കമ്മീഷൻ ചെയ്ത സ്ഥലങ്ങളിലെല്ലാം ട്രയൽ റൺ സ്ലോ സ്പീഡിലും ഹൈ സ്പീഡിലും ഓടിക്കഴിഞ്ഞിരിക്കുകയാണ്. സർവ്വീസ് നടത്തുന്നതിന് സ്റ്റേഷനുകളിൽ പണി തീരാത്ത തടസ്സമുണ്ടോയെന്ന് എനിക്കറിയില്ല. ഏതായാലും വാഗണും പാളവും റെഡിയാണ്. കണ്ണൂർ വിമാനത്താവളത്തിന്റെ കാര്യം പറഞ്ഞു. വിമാനത്താവളത്തിൽ വിമാനം ഇറങ്ങിയാണ് അന്നത്തെ ഉത്സവം നടത്തിയത്. അവിടെ ഫ്ലൈറ്റ് ലാന്റ് ചെയ്തു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, കണ്ണൂർ എയർപോർട്ടിൽ ഫ്ലൈറ്റ് ലാന്റ് ചെയ്തതിനുശേഷം എന്തു സംഭവിച്ചുവെന്നാണ് അറിയേണ്ടത്?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, കണ്ണൂർ സ്വദേശിയായ ശ്രീ. നമ്പ്യാർ, ഇന്ത്യൻ എയർഫോഴ്സിലെ ഏറ്റവും സീനിയറായ ഒരു പൈലറ്റ് ആണ്. അദ്ദേഹമാണ് അവിടെ വിമാനം കൊണ്ടിറക്കിയത്. എന്റെ സ്വന്തം നാട്ടിൽ വിമാനം ഇറക്കാൻ സാധിച്ചതിൽ എനിക്ക് അഭിമാനമുണ്ടെന്ന് അദ്ദേഹം പറഞ്ഞു. റൺവേയുടെ പണി പൂർണ്ണമായും ടെർമിനലിന്റെ പണി 80 ശതമാനത്തിലധികവും പൂർത്തിയായി. അങ്ങനെ ഓരോന്നിന്റെയും കണക്ക് അസംബ്ലിയിൽ മുഖ്യമന്ത്രി തന്നെ മറുപടി തന്നിട്ടുണ്ട്.

വികസനകാര്യത്തിൽ കഴിഞ്ഞ ഗവൺമെന്റ് മുന്നോട്ട് വച്ച ഒരുകാര്യത്തിലും വീഴ്ച വരുത്തിയിട്ടില്ല. വിഴിഞ്ഞം പദ്ധതി, ആയിരം ദിവസത്തിനുള്ളിൽ തീർക്കാൻ സാധിക്കും. ഉദ്ഘാടനം നിങ്ങൾ നടത്തണം, അതിൽ ഒരു തെറ്റും ഇല്ല. പക്ഷെ കുറെ കാര്യങ്ങളിൽ ശിലാസ്ഥാപനം കൂടി നടത്തണം, തുടങ്ങി വയ്ക്കണം. പണി പൂർത്തിയാക്കുന്നതിന്റെ ഉദ്ഘാടനം മാത്രമാകരുത്. ഫണ്ടിന്റെ കാര്യം സംബന്ധിച്ച് ഒരു തീരുമാനമെടുക്കാൻ പോകുന്നുവെന്ന് പറഞ്ഞു. നിങ്ങൾ ആരും അറിയാത്തൊരു കാര്യം ഉണ്ട്. 400 കോടി രൂപ നിങ്ങളെ ഏൽപ്പിച്ചാണ് ഞങ്ങൾ പോന്നിരിക്കുന്നത്. പെട്രോൾ-ഡീസലിന്റെ 1 രൂപ സെസ്. ഇപ്പോൾ അത് 400 കോടി രൂപ കഴിഞ്ഞിട്ടുണ്ട്. അതിൽ 200 കോടി രൂപ പൊതുമരാമത്തിനും ബാക്കി 200 കോടി രൂപ ഹൗസിംഗിനും നൽകാനാണ് കഴിഞ്ഞ ഗവൺമെന്റ് തീരുമാനിച്ചിരുന്നത്. നിങ്ങൾക്ക് ഇഷ്ടമുള്ള തീരുമാനം അതുസംബന്ധിച്ച് എടുക്കാൻ സാധിക്കും.

ഭക്ഷ്യധാന്യങ്ങളുടെ കാര്യത്തിൽ ബി.ജെ.പി. ഗവൺമെന്റ് ഉണ്ടാക്കുന്ന ചില പ്രശ്നങ്ങൾ ഉണ്ട്. നമുക്ക് ആവശ്യത്തിനുള്ള ഭക്ഷ്യധാന്യങ്ങൾ കിട്ടിയേ മതിയാകൂ. ദേശീയ ഭക്ഷ്യനയം വന്നപ്പോൾ നിങ്ങൾ എന്താണ് വൈകിയതെന്ന് ചോദിച്ചു. നമ്മൾ യു.പി.എ. ഗവൺമെന്റിനോട് ഫൈറ്റ് ചെയ്യുകയായിരുന്നു. 10 ലക്ഷം ടൺ ആണ് നമുക്ക് അനുവദിക്കുന്നത്. 16 ലക്ഷമാണ് നമ്മൾ ഡിമാന്റ് ചെയതത്. 14.25 ഔദ്യോഗികമായി അംഗീകരിച്ചു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, അറുപതുകളുടെ മദ്ധ്യത്തിൽ കോൺഗ്രസ്സ് ഹൈക്കമാന്റാണ് അന്നത്തെ ഭക്ഷ്യസമരത്തിനിടയിൽ കേരളത്തിൽ വന്ന് ഒരു ക്രോണിക് ഫുഡ് ഡെഫിസിറ്റ് സ്റ്റേറ്റ് എന്ന നിലയിൽ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സംവിധാനം ആരംഭിക്കാൻ ഒത്തുതീർപ്പുണ്ടാക്കിയത്. ഇതാണ് കേരളത്തിന്റെ ചരിത്രം. അതുകൊണ്ട് എത്ര ബി.പി.എൽ. എന്ന് നോക്കാതെ കേരളത്തിന് ഭക്ഷ്യധാന്യത്തിന് അർഹതയുണ്ടെന്ന് ബോദ്ധ്യപ്പെടുത്താൻ എന്തുകൊണ്ട് നിങ്ങളുടെ നേതൃത്വത്തിന് കഴിയാതെപോയി?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞങ്ങൾ അത് ബോദ്ധ്യപ്പെടുത്തി. അതിന്റെ ഫലമായി 10 ലക്ഷം മെട്രിക് ടൺ ഭക്ഷ്യ ധാന്യങ്ങൾ നിയമാനുസൃതം കിട്ടാനുണ്ടായിരുന്ന സ്ഥാനത്ത് ഔദ്യോഗികമായി 14.25 ലക്ഷം മെട്രിക് ടൺ അനുവദിച്ചു. അതിനുപുറമെ നമുക്ക് ആവശ്യാനുസരണം അഡ്ഹോക് അലോട്ട്മെന്റ് തന്നിരുന്നു. അതുകൊണ്ടാണ് ബി.പി.എൽ. കാർക്ക് ചിലപ്പോൾ അഞ്ചുകിലോയും ചിലപ്പോൾ ഒൻപത് കിലോയും കൊടുത്തുകൊണ്ടിരുന്നത്. നമ്മൾ 16½ ലക്ഷം മെട്രിക് ടൺ ആണ് ചോദിച്ചുകൊണ്ടിരുന്നത്. അതിൽ 14.25 ലക്ഷം മെട്രിക് ടൺ അംഗീകരിച്ചുകിട്ടി. ബാക്കിയും അഡ്ഹോക് അലോട്ട്മെന്റായി കിട്ടിക്കൊണ്ടിരുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ആക്ട് പ്രകാരം നമുക്ക് 14.25 ലക്ഷം മെട്രിക് ടൺ കിട്ടുന്നുണ്ട്. അഡ്ഹോക് അലോട്ട്മെന്റ് ഉൾപ്പെടെ 16 ലക്ഷം മെട്രിക് ടൺ നമുക്ക് ഉപഭോഗമുണ്ടായിരുന്നു. ആ ഉപഭോഗത്തെ ബേസ് ചെയ്ത് അലോട്ട്മെന്റ് കിട്ടിയില്ല. അതാണ് വിഷയം. ഇനി അഡ്ഹോക് അലോട്ട്മെന്റ് നമുക്ക് ഇല്ല. അത് വളരെ ക്ലിയറായി അവർ പറഞ്ഞിട്ടുണ്ട്. ആക്ടിൽ അങ്ങനെ പറയുന്നുമില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: ഇതൊക്കെയാണ് കഴിഞ്ഞ യു.പി.എ. ഗവൺമെന്റ് ഞങ്ങളോടും പറഞ്ഞത്, പക്ഷേ നമ്മൾ അഡ്ഹോക് അലോട്ട്മെന്റ് വാങ്ങി. നമുക്ക് ഇനിയും പറയണം. ഡോ. തോമസ് ഐസക് ഇവിടെ പറഞ്ഞകാര്യം വളരെ പ്രസക്തമാണ്. നമ്മൾ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് തുടങ്ങുന്ന സമയത്ത് കേന്ദ്രഗവൺമെന്റിന്റെ ഒരു ഉറപ്പുണ്ട്. അത് ചൂണ്ടിക്കാണിച്ചുകൊണ്ടാണ് ഈ പത്ത്

എന്നുള്ളത് പതിനാലും പതിനാറും ലക്ഷം ടൺ ആയതും അഡ്ഹോക് അലോട്ട്മെന്റ് കിട്ടിക്കൊണ്ടിരുന്നതും. ഇനിയാണെങ്കിലും നമുക്ക് എന്താണോ ആവശ്യം അത് നേടിയെടുക്കണം. ഈ ഗവൺമെന്റിനോടൊപ്പം പ്രതിപക്ഷം ഒറ്റക്കെട്ടായി നിൽക്കും. ആ കാര്യത്തിൽ യാതൊരു സംശയവുമില്ല.

ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് പ്രോജക്ട് കേന്ദ്ര ഗവൺമെന്റ് ഏറ്റെടുത്ത കേരളത്തിലെ ഒരു പ്രധാനപ്പെട്ട പ്രോജക്ടാണ്. അത് പ്രൈവറ്റൈസ് ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണ്. സ്റ്റേറ്റ് ഗവൺമെന്റിന് അതിനോടുള്ള റെസ്പോൺസ് കുറച്ചുകൂടി ആക്ടീവായേ മതിയാവുകയുള്ളൂ. ഇക്കാര്യത്തിൽ മുഖ്യമന്ത്രി ഇടപെടണം, സാധിക്കുമെങ്കിൽ ഈ നിയമസഭ പ്രമേയം പാസ്സാക്കണം. 500 ഏക്കർ സ്ഥലം നമ്മളെടുത്തു കൊടുത്തതാണ്. അസംസ്കൃത വസ്തുക്കൾ ഇത്രയും കാലം വലിയ നഷ്ടം സഹിച്ചാണ് കൊടുത്തിരുന്നത്. ഒരു ദിവസം അത് പ്രൈവറ്റൈസ് ചെയ്യുകയെന്നുപറഞ്ഞാൽ അതിനെ എതിർക്കാൻ ഗവൺമെന്റ് ശക്തമായി മുന്നോട്ട് വന്നേ മതിയാകൂ. വിഭാഗീയത വളർത്താൻ കേന്ദ്രഗവൺമെന്റും ബി.ജെ.പി.-യും നടത്തുന്ന ശ്രമങ്ങൾക്കെതിരെ ഒന്നായി നിന്ന് പോരാടണം. അതിന് പ്രതിപക്ഷത്തിന്റെ പൂർണ്ണ പിൻതുണ ഉണ്ടായിരിക്കും. ഞങ്ങൾ അക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറല്ലെന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

ശ്രീനാരായണ ഗുരുദേവന്റെ 'നമുക്ക് ജാതിയില്ല' എന്ന പ്രഖ്യാപനത്തിന്റെ ശതാബ്ദി കൊണ്ടാടുന്ന അവസരമാണിപ്പോൾ. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് ഗുരുദേവനെക്കുറിച്ച് എസ്.എസ്.എൽ.സി. വരെയുള്ള പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കുറേക്കൂടി പാഠ്യഭാഗങ്ങൾ ഉന്നത ക്ലാസ്സുകളിലേയ്ക്കുകൂടി ചേർക്കണം. ഗുരുദേവനെക്കുറിച്ചുള്ള പഠനവും ഗവേഷണവും നടത്തിക്കൊണ്ടു പോകാൻ ജാതിയില്ലാ പ്രഖ്യാപനത്തിന്റെ ശതാബ്ദിവർഷംകൂടി പ്രയോജനപ്പെടുത്തണം. കഴിഞ്ഞ അഞ്ചുവർഷം ഞങ്ങൾ തുടങ്ങിവച്ച നടപടിക്രമം തുടരണം.

ഇവിടെ ബാംഗ്ലൂർ കേസ്സിനെക്കുറിച്ച് പറഞ്ഞു, ആ കേസ് എന്നെ സംബന്ധിച്ചിടത്തോളം ഒരു ബന്ധവുമുള്ളതല്ല, എനിക്ക് സമൻസ് കിട്ടിയിട്ടില്ലെന്നൊന്നും ഞാൻ പറഞ്ഞിട്ടില്ല. എന്നെ കേട്ടിട്ടില്ലെന്നേ പറഞ്ഞിട്ടുള്ളൂ. സമൻസ് കിട്ടി, ഞാൻ ഒരു അഡ്വക്കേറ്റിനെ ചുമതലപ്പെടുത്തി. പക്ഷേ പത്രിക കൊടുക്കാൻ അദ്ദേഹത്തിന് അവസരം കിട്ടിയില്ല. ജഡ്ജ്മെന്റിന്റെ കോപ്പിയുണ്ട്. അതിനകത്ത് പറഞ്ഞിരിക്കുന്നത് എക്സ്പാർട്ടി വിധിയെന്നാണ്. അതുമാത്രവുമല്ല, ഹാജരായ അഡ്വക്കേറ്റ്സിന്റെ ലിസ്റ്റിൽ എന്റെ അഡ്വക്കേറ്റിന്റെ പേര് പറഞ്ഞിട്ടില്ല. ആ സാഹചര്യത്തിൽ ഞാൻ നിയമപരമായി അതിനെ നേരിടും. എനിക്ക് യാതൊരു ബന്ധവുമുള്ളതല്ല. ഒരുവിധത്തിലും ദോഷകരമായി വരുകയില്ല.

വക്കീലന്മാരായിട്ടുള്ള മെമ്പർമാരെ ഞാൻ ഈ ജഡ്ജ്മെന്റ് കാണിക്കാം. ജഡ്ജ്മെന്റിൽ പോലും എനിക്ക് ഒരു റോളുള്ളതായി പറയുന്നില്ല. പക്ഷേ എക്സ്പാർട്ടി വിധി വന്നതാണ്. അതിനെക്കുറിച്ച് ഒരു ആശങ്കയും എനിക്കില്ല. കാരണം എന്റെ നിരപരാധിത്വം പരാതിക്കാരൻ കൊടുത്ത പരാതിയിലും ആ ജഡ്ജ്മെന്റിലുമുണ്ട്. ചൂണ്ടിക്കാണിച്ചാൽ മാത്രം മതി. അത് ചൂണ്ടിക്കാണിക്കും, എന്റെ നിരപരാധിത്വം പൂർണ്ണമായും തെളിയിക്കും യാതൊരു സംശയവുമില്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സാധാരണഗതിയിൽ സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സിൽ ആ ധനകാര്യ വർഷത്തിൽ നടന്നിട്ടുള്ള അധിക ചെലവുകൾ, ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പുതിയ കാര്യങ്ങൾ എന്നിവയാണ് ഉൾപ്പെടുന്നത്. പുതിയ കാര്യങ്ങൾക്ക് അക്കൗണ്ട്സിൽ ഹെഡ്ഡുണ്ടാക്കി സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റിൽവച്ച് പാസ്സാക്കിയെങ്കിൽ മാത്രമേ അഡീഷണൽ ആതറൈസേഷൻ കൊടുത്ത് ബജറ്റിൽ നിന്നും പണം ചെലവഴിക്കാൻ സാധിക്കുകയുള്ളൂ. ഇത്തവണത്തെ പ്രത്യേകത, എന്റെ ബജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുള്ള മുഴുവൻ പുതിയ കാര്യങ്ങൾക്കും സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സ് പാസ്സാകുന്നതോടുകൂടി ബഡ്ജറ്റ് ഹെഡ്ഡുണ്ടാകും. സാധാരണഗതിയിൽ വർഷാവസാനമാണ് ഇങ്ങനെ ചെയ്യുന്നത്. അതിൽ നിന്നും വ്യത്യസ്തമായി, പറഞ്ഞ കാര്യങ്ങളെല്ലാം നടപ്പാക്കാനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. അഞ്ചുമാസം കൊണ്ട് ചെയ്ത കാര്യങ്ങളെക്കുറിച്ച് പലരും ഇവിടെ ചർച്ച ചെയ്തു. അക്കാര്യങ്ങൾ തന്നെ പരിശോധിച്ചാൽ മതി. ചില പദ്ധതികൾക്ക് തറക്കല്ലിടണമെന്നാണ് ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി പറഞ്ഞത്. അങ്ങയുടെ ഉപദേശം ഞങ്ങൾ സ്വീകരിക്കുന്നു. കേരളത്തിൽ ഇടാൻ പോകുന്ന തറക്കല്ലുകളുടെ എണ്ണം ഒരു വിസ്മയകരമായ പ്രതിഭാസമായിരിക്കും എന്നതിൽ ഒരു സംശയവും വേണ്ട. ഏകദേശം 20,000 കോടി രൂപയുടെ പുതിയ പദ്ധതികൾ പ്രഖ്യാപിച്ചതിൽ 5000-6000 കോടി രൂപയുടേത് ഭൂമി ഏറ്റെടുക്കലാണ്. ബാക്കി 15,000 കോടി രൂപയുടെ പ്രവൃത്തികൾക്കുള്ള തറക്കല്ലിടണ്ടേ; നിങ്ങളുടെ മണ്ഡലങ്ങളിലുള്ള ആശുപത്രികൾക്കും, സ്കൂൾ നവീകരണത്തിനും, പാലം, റോഡ്, തുടങ്ങിയവയുടെ നിർമ്മാണപ്രവൃത്തികൾക്കും ഇനി വരുന്ന നാലഞ്ചു മാസത്തിനുള്ളിൽ തറക്കല്ലിടണമല്ലോ? അതുകൊണ്ടാണ് ഞാൻ പറഞ്ഞത് അതൊരു പ്രതിഭാസ മായിരിക്കുമെന്ന്. അഞ്ചുമാസം കൊണ്ട് ഞങ്ങളിട്ട തറക്കല്ലുകളുടെ എണ്ണം നിങ്ങൾ അഞ്ച് വർഷംകൊണ്ട് ഇട്ടതിന്റത്രയും വന്നിട്ടില്ലായെന്നത് വലിയ കാര്യമായി പറയേണ്ട. ഇനിയുള്ള മാസങ്ങൾ നോക്കിക്കോളൂ, വരുന്ന 7-ാം തീയതി കിഫ്ബി ബോർഡ് യോഗം ചേരുകയാണ്. ഇതുതന്നെ കഴിഞ്ഞ അഞ്ചുമാസത്തെ എന്റെ

പ്രധാനപ്പെട്ട നേട്ടമെന്ന് ഞാൻ പറയും. സാധാരണഗതിയിൽ ഒരു ഓർഡിനൻസ് ഇറക്കി, നിയമനിർമ്മാണവും നടത്തി അതിന്റെ ബോർഡ് യോഗം ചേർന്നിട്ടാണ് ആദ്യത്തെ 4000 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകുന്നത്. പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിനായി സാധാരണ എസ്റ്റിമേറ്റ് പോരാ, റോഡാണെങ്കിലും ഡി.പി.ആർ. തന്നെ വേണമെന്നാണ് ഇൻസിസ്റ്റ് ചെയ്യുന്നത്. അതായത് ഭൂമി ഏറ്റെടുത്തിട്ടുണ്ടോ; അതിന്റെ ഡിസൈൻ എന്താണ്; തുടങ്ങിയ കാര്യങ്ങളെല്ലാം വ്യക്തമായി ഈ റിപ്പോർട്ടിലുണ്ടായിരിക്കണം. കൂടാതെ, ആ റോഡ്/പാലം തുടങ്ങിയവകൊണ്ട് എത്രപേർക്ക് ഗുണം ലഭിക്കുമെന്ന കോസ്റ്റ് ബെനിഫിറ്റ് അനാലിസിസ് നടത്തിയിരിക്കണം. ഇത്തരത്തിൽ വിശദമായ ഡി.പി.ആർ. തയ്യാറാക്കി, ഏതാണ്ട് നാലായിരത്തോളം കോടി രൂപയുടെ പദ്ധതികൾ, നവംബർ 7-ാം തീയതി കിഫ്ബി നിയമം പാസ്സാക്കി രണ്ടുദിവസം കഴിഞ്ഞാൽ അതിന്റെ തീരുമാനങ്ങളിലേയ്ക്ക് പോകും. ഇത് വലിയൊരു മാറ്റമാണ് സംസ്ഥാനത്ത് വരുത്താൻ പോകുന്നത്. ഇക്കാര്യത്തിൽ ഇവിടെയിരിക്കുന്ന ആർക്കും ഒരു സംശയവും വേണ്ട, എന്തെങ്കിലും സംശയമുണ്ടെങ്കിൽ കിഫ്ബി നിയമത്തിന്റെ അവസാനഘട്ട ചർച്ചയിൽ നമുക്ക് ദൂരീകരിക്കാം. ഇത് തികച്ചും വയബിളായിട്ടുള്ള പ്രോഗ്രാമാണ്. നിങ്ങളുടെ ഭരണകാലത്ത് എസ്.ബി.ഐ. ക്യാപ്പിറ്റൽ വിശദമായി പരിശോധിച്ച് വിശദീകരണങ്ങൾ നൽകിയിട്ടുള്ളതാണ്. യഥാർത്ഥത്തിൽ SEBI അടക്കമുള്ള സ്ഥാപനങ്ങൾ വളരെ ആവേശത്തോടു കൂടിയാണ് പ്രതികരിക്കുന്നത്. കാരണം, SEBI-യും RBI-യും ഉണ്ടാക്കിയിട്ടുള്ള ഇൻഫ്രാസ്ട്രക്ച്ചർ നിക്ഷേപത്തിന് പണം സംഭരിക്കാനുള്ള സാധ്യതയെ ഇത്ര ചിട്ടയായി ഒരു സംസ്ഥാനം ഉപയോഗപ്പെടുത്തുന്നതിൽ സന്തോഷമുള്ളതുകൊണ്ട് അവരാണ് പരിശീലനത്തിന് വരുന്നത്. ഇവിടുത്തെ ഉദ്യോഗസ്ഥരെ പരിശീലനത്തിന് അങ്ങോട്ടു കൊണ്ടുപോകാമെന്നാണ് അവർ പറയുന്നത്. ഇതാണ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് സംബന്ധിച്ച് പറയാനുള്ളത്. ക്ഷേമ പെൻഷനുകൾ ആയിരം രൂപയാക്കിയത് ചെറിയ കാര്യമാണോ? നാല് മിഷനുകൾ 10-ാം തീയതി ഉദ്ഘാടനം ചെയ്യപ്പെടാൻ പോകുകയല്ലേ; എല്ലാവർക്കും വീട് എന്നത് യാഥാർത്ഥ്യമാകാൻ പോകുകയാണ്. എല്ലാവർക്കും വീട് നൽകുന്നതിന് മുമ്പൊക്കെയുണ്ടായിരുന്ന ധനപരമായ തടസ്സങ്ങൾ ഇന്ന് ഇല്ല. ഭൂരഹിതർക്ക് ഭൂമി കണ്ടെത്തുന്നതിനുള്ള പ്രശ്നമാണ് ആകെ തടസ്സമായി കാണുന്നത്. അല്ലാതെ പണത്തിന്റെ പ്രശ്നമില്ല. രണ്ടുവർഷം കൊണ്ട് വേണോ; മൂന്ന് വർഷം കൊണ്ട് വേണോ എന്ന് തീരുമാനമെടുത്താൽ മതിയാകും. വരൾച്ച സംബന്ധിച്ച് ഇന്ന് അടിയന്തര പ്രമേയം ഉണ്ടായിരുന്നു. വരൾച്ച നേരിടുന്നതിന് സമഗ്രമായ തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്തിക്കൊണ്ട് ജലസംരക്ഷണത്തിനു

വേണ്ടിയുള്ള വലിയ ക്യാംപെയ്ൻ ഉപയോഗപ്പെടുത്താൻ സാധിക്കണം. സാനിട്ടേഷൻ, ജൈവ പച്ചക്കറി, ആശുപത്രി, സ്കൂൾ നവീകരണം തുടങ്ങിയവയ്ക്ക് ലക്ഷ്യമിടുകയും, നാല് മണ്ഡലങ്ങളിലെ സ്കൂളുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ 20-ാം തീയതി ആകുമ്പോഴേക്കും കമ്പ്യൂട്ടറുകൾ നൽകുകയാണ്. അതിന്റെയടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ വിളിക്കാൻ പോകുന്ന എം.എൽ.എ.മാരുടെ യോഗത്തിൽ ബാക്കിയുള്ള മണ്ഡലങ്ങളിൽ എങ്ങനെയാണ് ഈ പദ്ധതി നടപ്പാക്കുന്നത് എന്ന വിശദാംശങ്ങൾ പറയും. എയ്ഡഡ് സ്കൂളുകളിൽ സർക്കാർ പണം കമ്പ്യൂട്ടറുകൾ നൽകുന്നതിനല്ലാതെ മറ്റ് കെട്ടിടാവശ്യങ്ങൾക്കു വേണ്ടി ഉപയോഗപ്പെടുത്താനാവില്ല. മിനിസ്റ്റർ പോയ പൊതു ചടങ്ങിൽ വച്ച് അവിടത്തെ എം.എൽ.എ. ശ്രീ. ജെയിംസ് മാത്യു പറഞ്ഞു ഇത് നമുക്ക് നടത്തണം, ഇതിന് ജനങ്ങളുടെ സഹകരണം വേണമെന്ന്. ഒരു പതിനെട്ടുവയസ്സുകാരൻ അയാളുടെ മാലയൂരിക്കൊടുത്തു. ചില കുട്ടികൾ കമ്മൽ, മോതിരം എന്നിവ നൽകി. 10 ലക്ഷം രൂപ ആ വേദിയിൽ വച്ച് പിരിഞ്ഞു. ഇതാണ് ജനങ്ങളുടെ പ്രതികരണം. എത്ര ആവേശത്തോടെയാണ് ജനങ്ങൾ ഇങ്ങനെയുള്ള കാര്യങ്ങൾക്ക് മുൻകൈ എടുക്കുന്നതെന്നത് ഉത്തമ ഉദാഹരണമാണ്. 5 മാസം കൊണ്ട് എന്തുചെയ്തു എന്ന് ചോദിച്ച് ഒരുപാട് ബുദ്ധിമുട്ടേണ്ടതില്ല; ഏതായാലും അടുത്ത നിയമസഭാ സമ്മേളനം ആകുമ്പോഴേക്കും ഈ സംശയങ്ങൾക്കൊക്കെ അറുതി വരും എന്നെനിക്ക് ഉറപ്പുണ്ട്. ശ്രീ. കെ. സി. ജോസഫ് എന്നോട് ചോദിച്ച ഒരു പ്രധാനപ്പെട്ട ചോദ്യമിതാണ്. ഖജനാവ് ഇത്രയ്ക്ക് കാലിയായിരുന്നെങ്കിൽ എങ്ങനെയാണ് ഇത്രയധികം പെൻഷൻ കൊടുക്കാൻ കഴിഞ്ഞതെന്ന്. ഇപ്പോൾ 47 ലക്ഷം പേർക്കാണ് പെൻഷൻ കൊടുത്തത്. പെൻഷന്റെ രീതി സംബന്ധിച്ച് നമ്മളെല്ലാവരും കൂടി ആലോചിക്കേണ്ടതുണ്ട്. കേരളത്തിലാകെ 60 വയസ്സിനുമുകളിൽ പ്രായമുള്ള 47 ലക്ഷം പേരുണ്ടായിരുന്നു. അതിൽ സർക്കാർ പെൻഷണേഴ്സ്, കേന്ദ്ര സർക്കാർ പെൻഷണേഴ്സ്, ഇ.പി.എഫ്. പെൻഷണേഴ്സ് എല്ലാം കഴിഞ്ഞാൽ 10-15 ലക്ഷം വരും. പല രീതിയിൽ വരുന്ന മിസ്യൂസ് തടയാൻ കഴിഞ്ഞാൽ കേരളത്തെ സമ്പൂർണ്ണ പെൻഷൻ സംസ്ഥാനമാക്കി മാറ്റാൻ സാധിക്കും. അതിനെക്കുറിച്ച് വേറെ ചർച്ച ചെയ്യാം. 3200 കോടി രൂപ ചെലവാക്കിയത് ഖജനാവിൽ ഒരുപാട് പണം ഉണ്ടായിട്ടല്ല. 2500 കോടി രൂപ മാർക്കറ്റ് ബോറോയിംഗ് നടത്തി. ബാക്കി നിങ്ങളുടെ കാലത്ത് ചെയ്തിരുന്നതുപോലെ തന്നെ കടം വാങ്ങി കൈകാര്യം ചെയ്തു. ഇങ്ങനെ കടം വാങ്ങി നമുക്ക് പോകാൻ പറ്റില്ല. ബഹുമാനപ്പെട്ട മുൻമുഖ്യമന്ത്രി പറഞ്ഞത്, എങ്ങനെയാണ് നിങ്ങൾക്ക് ധനകാര്യ മാനേജ്മെന്റിനെപ്പറ്റി അഭിമാനം കൊള്ളാൻ സാധിക്കുന്നതെന്ന് മനസ്സിലാകുന്നില്ലെന്നാണ്. കമ്മി അല്പം

കൂടിപ്പോയി. കുറച്ചാണോ കൂടിയത്; ഇന്ത്യാ രാജ്യത്ത് ഏറ്റവും വലിയ റവന്യൂ കമ്മിയുള്ള സംസ്ഥാനം ഇതല്ലേ? റവന്യൂ കമ്മി പരിപൂർണ്ണമായും ഇല്ലാതാക്കുന്നതിന് നിങ്ങളുടെ ഭരണ കാലത്ത് പ്രതിവർഷം 3000 കോടി രൂപ. ഈ വർഷം 2000, അടുത്ത വർഷം ആയിരം എന്ന നിലയിൽ കേന്ദ്ര ധനകാര്യ കമ്മീഷൻ നൽകുന്നു. ഇതൊക്കെ ഉണ്ടായിട്ടും ഒരു ബെല്ലും ബ്രേക്കുമില്ലാത്ത രീതിയാണ്. ഈ പണം ചെലവാക്കിയത് മുഴുവൻ അനാവശ്യമാണെന്ന് നമ്മളാരും പറയുകയില്ല. ആവശ്യവും അനാവശ്യവും നിർണ്ണയിക്കുന്നത് നമ്മുടെ വരുമാനവുമായി ബന്ധപ്പെടുത്തിയാണ്. ആ ഒരു വീണ്ടുവിചാരമില്ലാത്ത മാനേജ്മെന്റ് നല്ല ധനകാര്യ മാനേജ്മെന്റ് അല്ല. നമുക്ക് തോന്നുന്നതുപോലെ പണമെടുത്ത് ചെലവഴിക്കുന്നതിന് എന്തിനാണ് മാനേജ്മെന്റ്? ചെലവാക്കിയാൽ പോരേ? സാമ്പത്തിക ശാസ്ത്രം തന്നെ പറയുന്നത് നിങ്ങളുടെ ആഗ്രഹങ്ങൾ അനന്തമാണ്, അത് നിർവ്വഹിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ പരിമിതമാണ്. അതുകൊണ്ട് തെരഞ്ഞെടുക്കണം. അതാണ് സാമ്പത്തിക ശാസ്ത്രത്തിന്റെ നിർവ്വചനം. ആ തെരഞ്ഞെടുപ്പ് ഉണ്ടായില്ല. ഓരോന്ന് തോന്നുന്നതുപോലെ ചെലവഴിച്ചതിന്റെ ഫലമായി ധനകാര്യം കുളമായി. നിങ്ങളുടെ ഭരണത്തിന്റെ ആദ്യത്തെ രണ്ടുവർഷം എൽ.ഡി.എഫ്. ഭരണകാലംപോലെ ഏതാണ്ട് 20 ശതമാനം റവന്യൂ വരുമാനം കൂടിയില്ലേ? പിന്നെ 10 ശതമാനമായി ഇടിയുമ്പോഴും ആർക്കും ഒരു വേവലാതിയും തോന്നിയില്ലല്ലോ? എന്താണ് ഇതിനുകാരണം; എങ്ങനെയാണ് ഇത് കുത്തഴിയുന്നത്? ഏതാണ്ട് 60 ശതമാനം അസസ്സിംഗ് ഓഫീസേഴ്സും ആറുമാസത്തിൽ താഴെ മാത്രമല്ലേ ഒരു പോസ്റ്റിൽ ഇരുന്നിട്ടുള്ളൂ. എന്ത് പണപ്പിരിവ് നടത്താനാണ്? എങ്ങനെയാണ് അങ്ങേയ്ക്ക് ഭയങ്കരമായ ഒരു ധനകാര്യ മാനേജ്മെന്റായിരുന്നുവെന്ന് പറയാൻ കഴിയുന്നതെന്ന് എനിക്ക് വിശ്വസിക്കാൻ കഴിയുന്നില്ല. മൂലധനച്ചെലവ് വർദ്ധിച്ചിട്ടുണ്ട്. നമ്മുടെ മൊത്തം ചെലവ് 5 വർഷം കൂടുമ്പോൾ ഇരട്ടിയിലേറെ കൂടിക്കൊണ്ടിരിക്കുകയാണ്. അതൊരു മിടുക്കല്ല. യഥാർത്ഥത്തിൽ നമ്മൾ കടം വാങ്ങുന്ന തുകയിൽ എത്ര ശതമാനം നിങ്ങൾ മൂലധനച്ചെലവിനുവേണ്ടി ചെലവഴിച്ചു, നമ്മൾ ഏതാണ്ട് 50 ശതമാനം വരെ എത്തിച്ചിരുന്നത് കുറഞ്ഞ് കുറഞ്ഞ് 20 ശതമാനത്തിലെത്തി. കടം എടുത്തതിനെക്കുറിച്ച് ഒരു വേവലാതിയുമില്ല. ഞാൻ നിയമസഭയിൽ വന്ന് ഇത്രയും വർഷമായിട്ടും കടം മേടിക്കുന്നതിനെതിരെ പ്രസംഗിച്ചിട്ടില്ല. കുറെയായി, ഇരട്ടിയായി എന്നൊക്കെ പലരും പ്രസംഗിക്കുന്നുണ്ട്. യഥാർത്ഥത്തിൽ ഇരട്ടിയാകും. എല്ലാ അഞ്ചുവർഷമാകുമ്പോഴും കടം ഇരട്ടിയാകും. വേണമെങ്കിൽ അതിനെക്കുറിച്ച് നമുക്ക് പ്രസംഗിക്കുകയും ചെയ്യാം. അതല്ല പ്രശ്നം. കടം

എന്തിനുവേണ്ടി ഉപയോഗിച്ചു; കടം ദുരുപയോഗപ്പെടുത്തിയതിന്റെ ഫലമായി അത് ഒരു ജഡഭാരമായി നമ്മുടെമേൽ വന്നിരിക്കുകയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അഞ്ചുവർഷം മൂലധനച്ചെലവ് 153 ശതമാനം വർദ്ധിച്ചിട്ടുണ്ട്. 24,032 കോടി രൂപ. പദ്ധതിച്ചെലവ് 95 ശതമാനം വർദ്ധിച്ചിട്ടുണ്ട്. കടം വാങ്ങിയ തുകയിൽ മൂലധനച്ചെലവായും പദ്ധതിച്ചെലവായും വന്നിട്ടുള്ള തുക വരുന്നുണ്ട്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ പറഞ്ഞത് അക്കാലയളവിൽ നമ്മുടെ മൊത്തം ചെലവ് 20 ശതമാനം വച്ചാണ് വർദ്ധിച്ചത്. അതിനോട് താരതമ്യപ്പെടുത്തുമ്പോൾ നിങ്ങളുടെ മൂലധനച്ചെലവിന്റെ വർദ്ധനവ് ചെറിയ തോതിലാണ്. അതുതന്നെ അവസാന വർഷം മൂലധനച്ചെലവിനുവേണ്ടി മാറ്റിവച്ച 1,000 കോടി രൂപ കൂടി മൂലധനച്ചെലവിലേയ്ക്ക് വരവ് വയ്ക്കുമ്പോഴാണ് മൂലധനച്ചെലവിന് കുതിപ്പുണ്ടാകുന്നത്. ഇപ്പോൾ മെച്ചപ്പെടുന്ന സ്ഥിതിയുണ്ടോ; 19 ശതമാനം വളർന്നപ്പോൾ നികുതിവരുമാനം കൂടാൻ പോകുകയാണെന്ന് ഞാൻ വിചാരിച്ചു. ഒരു വേനൽ മഴ വന്നപ്പോൾ കാലവർഷമാണെന്ന് തെറ്റിദ്ധരിച്ചത് പോലെയായി. പെട്ടെന്ന് നന്നാക്കാൻ സാധിക്കുന്ന രൂപത്തിലല്ലായിരുന്നു ഇതിന്റെ കിടപ്പ്. പക്ഷേ നമുക്ക് ഈ വർഷം അവസാനിക്കുമ്പോഴേക്കും അതിനെ ഒരുനിലയിൽ കൊണ്ടുവരാൻ പറ്റും. അടുത്തവർഷമാകുമ്പോൾ പൂർണ്ണമായും പഴയ നിലയിലേയ്ക്ക് വരുത്താൻ പറ്റണം. അവിടെയാണ് ജി.എസ്.ടി. എന്നത് മഹാഭാഗ്യമെന്നുപറയുന്നതിൽ സങ്കടം വരുന്നത്. കാരണം ആദ്യവർഷം പോക്കാണ്. ജി.എസ്.ടി. നമ്മൾ പിരിച്ചാൽ മാത്രം പോരാ. ഇന്റർസ്റ്റേറ്റ് വ്യാപാരമാണ് ഗണ്യമായിട്ടുള്ളത്. അപ്പുറത്ത് പിരിച്ചാൽ മാത്രമേ നമുക്ക് കിട്ടുകയുള്ളൂ. അവർ പിരിച്ചില്ലെങ്കിൽ നമുക്ക് കിട്ടുകയില്ല. കേന്ദ്രമാണ് പിരിക്കാൻ പോകുന്നതെന്ന ഒരു സൗകര്യമുണ്ട്. വാറ്റ് പോലെതന്നെ ജി.എസ്.ടി.-യുടെ ആദ്യ വർഷം മോശമായിരിക്കും. ആദ്യത്തെ രണ്ട് വർഷംകഴിഞ്ഞ് പിന്നീടുള്ള 3 വർഷംകൊണ്ട് മേക്കപ്പ് ചെയ്യണം. അത് വലിയൊരു മഹാഭാഗ്യമാണെന്ന് ഞാൻ കരുതുന്നില്ല. അങ്ങ് അവസാന രണ്ട് മാസം എടുത്ത തീരുമാനങ്ങളെക്കുറിച്ച് പല പ്രാവശ്യം ചോദിക്കുകയുണ്ടായി. എനിക്ക് ആദ്യം പറയാനുള്ളത്, ഇത്രയും നല്ല കാര്യങ്ങളൊക്കെ ചെയ്യാൻ അവസാനം വരെ കാത്തിരിക്കേണ്ടിയിരുന്നോ? എല്ലാം മോശമാണെന്ന് ഞങ്ങളും പറയുന്നില്ല. ഞങ്ങൾ പരിശോധിച്ച് മോശമുള്ളതൊക്കെ മാറ്റി. നല്ലതൊക്കെ ഞങ്ങൾ തുടരുന്നു. എന്താണെന്നുള്ള പരിശോധന തീർന്നിട്ടില്ല. സ്വൽപം നീണ്ടുപോയി. വേഗം തീർക്കാം. തീരുമ്പോൾ അതിൽ പ്രത്യക്ഷമായി അഴിമതിയുള്ളതിന് നടപടിയുണ്ടാകും. ചില കാര്യങ്ങളോട് ഞങ്ങൾക്ക് യോജിപ്പില്ലെങ്കിലും പ്രഖ്യാപിച്ചു കഴിഞ്ഞത് പിൻവലിക്കുക പ്രയാസമാണ്. അതനുസരിച്ചുള്ള നടപടിയായിരിക്കും സ്വീകരിക്കുക. നല്ല കാര്യങ്ങൾ

മുന്നോട്ടുകൊണ്ടുപോകാം. അങ്ങനെയൊരു സമീപനമല്ലാതെ ഈ രണ്ട് മാസം നടത്തിയ മുഴുവൻ കാര്യങ്ങളും അവസാനിപ്പിക്കുന്ന സമീപനം കൈക്കൊള്ളാൻ ഞങ്ങൾ ഉദ്ദേശിക്കുന്നില്ല. കർഷക പെൻഷനെക്കുറിച്ച് ശ്രീ. റോഷി അഗസ്റ്റിൻ പറയുകയുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കർഷക പെൻഷൻ 130 കോടി രൂപ കൊടുത്തു. ഏറിവന്നാൽ മൂന്ന് മാസത്തെ കുടിശ്ശികയാണുള്ളത്.

ശ്രീ. സി. എഫ്. തോമസ് : സർ, 7 മാസത്തെ കുടിശ്ശികയുണ്ട്.

ഡോ. ടി. എം. തോമസ് ഐസക്: സർ, അത് നിങ്ങളുടെ കാലത്തെ 7 മാസം ആയിരിക്കും. ഞങ്ങൾ അധികാരത്തിൽ വന്നതിനുശേഷം 130 കോടി രൂപ കൊടുത്തുവെന്ന് പറഞ്ഞു. അതിനേക്കാൾ വലിയ കുടിശ്ശിക ബാക്കിയുണ്ടെങ്കിൽ പഴയ കുടിശ്ശികയാണ്. കർഷക പെൻഷൻ സ്കീമില്ലാത്ത പരിപാടിയാണ്. ബാക്കിയെല്ലാത്തിനും സ്കീമുണ്ട്, ബോർഡ് ഉണ്ട്, അതിൽ അംഗത്വമെടുക്കണം, പണവും അടയ്ക്കണം. ഇതിന് അതൊന്നുമില്ല. തുടങ്ങിയപ്പോഴും ഇല്ല, ഇപ്പോഴുമില്ല. അതാത് കാലത്ത് കൃഷി ഓഫീസർമാർ അവിടെയുള്ള ആളുകൾക്ക് വിതരണം ചെയ്യുന്ന ഏർപ്പാടാണത്. ഇനി അങ്ങനെ പോകാൻ പറ്റില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഒരു സ്കീമുണ്ടാക്കണം. നമുക്ക് കൃഷിക്കാരെ സഹായിക്കാം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഇക്കാര്യത്തിൽ കൃഷി വകുപ്പ് എടുത്തിരിക്കുന്ന തീരുമാനം - ഇതിനുള്ള മാനദണ്ഡം 2 ഹെക്ടർ ഭൂമിയും 60 വയസ്സുമാണ്. ഈ രീതിയിലുള്ള മാനദണ്ഡത്തിൽ ഒരുപാട് അനർഹരായുള്ളവർ കയറിപ്പറ്റിയിട്ടുണ്ട്. കർഷക ക്ഷേമ ബോർഡ് നിങ്ങളുടെ കാലത്തെ ഒരു ഉത്തരവിലൂടെ വന്നിട്ടുള്ളതാണ്. ആ ബോർഡിന്റെ പ്രവർത്തനങ്ങൾ പെൻഷനുമായി ബന്ധപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. അങ്ങനെ വരുമ്പോൾ ഇക്കാര്യത്തിൽ വ്യവസ്ഥയുണ്ടാക്കാൻ കഴിയും. കർഷകരുടെ പെൻഷൻ ഒരു കാരണവശാലും മുടക്കാൻ ഉദ്ദേശിക്കുന്നില്ലെന്നുള്ളതുകൊണ്ടാണ് നേരത്തെ അനോമലിയുണ്ടെങ്കിൽപ്പോലും ഓണത്തിന് 1000 രൂപയായി വർദ്ധിപ്പിച്ച് കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിന് 34 കോടി രൂപ അനുവദിക്കുകയും ആകെ 144 കോടി രൂപ ഈ ഗവൺമെന്റ് വന്നതിനുശേഷം പെൻഷൻ തുകയിലേയ്ക്ക് കൊടുക്കുകയും ചെയ്തിരിക്കുന്നത്.

ശ്രീ. കെ. സി. ജോസഫ് : സർ, എല്ലാ പെൻഷനുകളും 1,000 രൂപയാക്കുമെന്നായിരുന്നു എൽ.ഡി.എഫ്. സർക്കാരിന്റെ പ്രഖ്യാപനം. ക്ഷീരകർഷക പെൻഷൻ ഇപ്പോഴും 500 രൂപയാണ്. അത് 750 രൂപയെങ്കിലുമാക്കണം. അല്ലെങ്കിൽ ആ മേഖലയിൽ നിന്ന് ആളുകൾ കൊഴിഞ്ഞുപോകുകയും ക്ഷീരോത്പാദനം കുറയുകയും ചെയ്യും.

ഡോ. ടി. എം. തോമസ് ഐസക് : സർ, അങ്ങനെ 750 രൂപയുടെ ക്രെഡിറ്റ് വിട്ടുതരാൻ തീരുമാനിച്ചിട്ടില്ല. ക്ഷീരകർഷകർക്കും പെൻഷൻ 1,000 രൂപയായിരിക്കും. കേരളത്തിലെ ക്ഷേമ പെൻഷനുകളെല്ലാം മിനിമം 1,000 രൂപയാക്കി മാറ്റിയിരിക്കുകയാണ്. 1,500 രൂപയുള്ളത് കുറയ്ക്കില്ല. രണ്ട് കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി പറയുകയുണ്ടായി. ഒന്ന്, കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി നിർത്തരുതെന്നാണ്. ഒരിക്കലും നിർത്തില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, കഴിഞ്ഞ അഞ്ച് മാസമായി ഒന്നും നടന്നിട്ടില്ല. ഓരോ ദിവസവും അതിന് പ്രാധാന്യമുണ്ട്. അഞ്ച് വയസ്സ് കഴിഞ്ഞാൽ ഈ ഓപ്പറേഷൻ നടത്താൻ പറ്റില്ല. അഞ്ച് മാസത്തെ കാലതാമസം വന്നിട്ടുണ്ട്. അത് എത്രയും വേഗം തുടങ്ങണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, അങ്ങ് മനസ്സിലാക്കാഞ്ഞിട്ടാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം 35 പേരുടെ കോക്ലിയർ ഇംപ്ലാന്റേഷൻ ഓപ്പറേഷൻ നടത്തിക്കഴിഞ്ഞു. ബാക്കി 67 എണ്ണമുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. ഇപ്പോൾ തന്നെ കമ്മിറ്റി ചേർന്ന് അത്രയും പേരുടെ ഇംപ്ലാന്റേഷൻ ഓപ്പറേഷൻ നടത്താനുള്ള തീരുമാനം എടുത്തിട്ടുമുണ്ട്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞാൻ ഓരോ ദിവസവും ഇത് അന്വേഷിച്ചുകൊണ്ടിരിക്കുന്നതാണ്. 35 എണ്ണത്തിന്റെ കാര്യം എനിക്കറിയില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എല്ലാം ക്ലിയർ ചെയ്ത് ഓർഡർ ആക്കിയ 26 എണ്ണത്തിന്റെ ഓപ്പറേഷനാണ് നടത്തിയത്. ബാക്കി 9 എണ്ണത്തിന്റെ കാര്യം എനിക്കറിയില്ല.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അങ്ങയോട് ഞാൻ തർക്കിക്കുന്നില്ല. ഞാൻ മിനിസ്റ്ററായി വന്നതിനുശേഷമാണ് അതിന്റെ കമ്മിറ്റി ചേർന്നത്. അങ്ങയുടെ കാലത്ത് അതിന് എന്ത് തീരുമാനമാണ് എടുത്തതെന്നതിന്റെ മുൻ ഫയലൊന്നും ഞാൻ നോക്കിയിട്ടില്ല. ഈ ഗവൺമെന്റ് വന്നപ്പോൾ തീരുമാനം എടുത്ത് അതുവരെയുള്ളത് ചെയ്തു. അതിനുശേഷം ഇത്രയും പെറ്റീഷൻ കിട്ടിയിട്ടുണ്ട്. അതിന്റെ കമ്മിറ്റി ചേരാനുള്ള തീരുമാനവും എടുത്തുകഴിഞ്ഞിട്ടുണ്ട്.

ഡോ. ടി. എം. തോമസ് ഐസക് : സർ, കാരുണ്യ സ്കീമിന്റെ കാര്യത്തിൽ എന്താണ് സംശയമുള്ളത്. അത് തുടരുകയാണ്. കാരുണ്യയെന്ന് പറയുന്നത് ചുരുക്കം ചിലരുടേതല്ല. ആർ.എസ്.ബി.വൈ. പദ്ധതിക്ക് പണം അടയ്ക്കുന്ന മുഴുവൻ ആളുകൾക്കും കാരുണ്യയുടെ ബെനിഫിറ്റ് ഓട്ടോമാറ്റിക്കായി നൽകാൻ പറ്റുന്ന രീതിയിൽ ഒരു ഇൻഷ്വറൻസ് പ്രോഗ്രാമിനെക്കുറിച്ച് അലോചിച്ചുകൊണ്ടിരിക്കുകയാണ്. അത് സംബന്ധിച്ച് വിശദമായ തീരുമാനം എടുക്കുന്നതുവരെ കാരുണ്യ

ഇന്നത്തെപ്പോലെ തുടരും. ഇതിന് പുറമെ ഒ.പി. ടിക്കറ്റ് കാണിച്ചുവെന്ന് പറഞ്ഞാൽ 3,000 രൂപ ധനകാര്യ വകുപ്പുമന്ത്രി ഒപ്പിട്ടുകൊടുക്കുന്ന ഒരു പരിപാടി ഉണ്ടായിരുന്നു. അത് അവസാനിപ്പിച്ചു. അതിൽ ഒരു ന്യായമില്ല. എനിക്കറിയാം എങ്ങനെയാണ് കൊടുക്കുന്നതെന്ന്. അങ്ങനെ പൊതുപണത്തിൽ ധാരാളിത്തം പാടില്ല. അതേസമയം കാരുണ്യയിൽ മുൻവർഷത്തേക്കാൾ കൂടുതൽ പണം ഈ വർഷം ചെലവാകുമെന്നുതന്നെയാണ് ഞാൻ കരുതുന്നത്. പങ്കാളിത്ത പെൻഷനെക്കുറിച്ച് ചോദിക്കുകയുണ്ടായി.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, ഇവിടത്തെ പ്രധാന പ്രശ്നം, അപേക്ഷ കൊടുത്തുകഴിഞ്ഞാൽ തീരുമാനം എടുക്കുന്നതിലുള്ള കാലതാമസമാണ്. കാരുണ്യയിൽ അപേക്ഷിക്കണമെങ്കിൽ ഈ പ്രോസസ്സിൽക്കൂടിയൊക്കെ അവർ വരണം. ഓപ്പറേഷൻ ഡേറ്റ് ഫിക്സ് ചെയ്തിട്ടും ഈ തീരുമാനം എടുക്കാൻ വൈകിപ്പോയാൽ പിന്നീട് തുക കിട്ടിയാലും അവർക്ക് ഗുണമില്ലാത്ത രൂപത്തിലേയ്ക്ക് പോകും. അതുകൊണ്ട് അത് സ്പീഡ്-അപ്പ് ചെയ്യുന്നതിനുള്ള നടപടിയെടുക്കുമോ;

<u>ഡോ. ടി. എം. തോമസ് ഐസക്</u> : സർ, ബഹുമാനപ്പെട്ട അങ്ങ് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഇതിന്റെ സംസ്ഥാനതല കമ്മിറ്റി എല്ലാ മാസവും ഒരു നിശ്ചിത ദിവസം യോഗം ചേർന്ന് ആ മാസം അതുവരെ വന്ന എല്ലാ അപേക്ഷകളും പരിഗണിക്കുന്ന രീതിയുണ്ടാക്കാം. നമ്മുടെ പൊതു ആശുപത്രികളാണെങ്കിൽ അതിന് അപ്പപ്പോൾ പണം കൈമാറേണ്ടതില്ല. അവിടെ ഒരു അക്കൗണ്ടുപോലെതന്നെയുണ്ട്. അവിടെയാണെങ്കിൽ ബുദ്ധിമുട്ട് വരികയില്ല.

<u>ശ്രീ. വി. എസ്. ശിവകുമാർ:</u> സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കാരുണ്യ പദ്ധതിപോലെതന്നെ ക്യാൻസർ ചികിത്സയ്ക്കായി ബി.പി.എൽ.-കാർക്കുവേണ്ടി ആവിഷ്ക്കരിച്ച ഒരു പദ്ധതിയാണ് സുകൃതം പദ്ധതി. അതിന് തുക കൊടുക്കുന്നില്ല, ചികിത്സാ ധനസഹായം മുടങ്ങുന്നുവെന്നുള്ള വാർത്തകൾ കഴിഞ്ഞ ദിവസങ്ങളിൽ ദൃശ്യമാധ്യമങ്ങളിൽ വരികയുണ്ടായി. ആർ.സി.സി.-യിലും എം.സി.സി.-യിലും 5 മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ആശുപത്രിയിലുമാണ് അന്ന് സുകൃതം പദ്ധതി നടപ്പിലാക്കിയത്. സൗജന്യ ചികിത്സയാണ്. അതിനുവേണ്ടി ആർ.സി.സി.-യിൽ 10 കോടി രൂപ കൊടുക്കാനുണ്ട്. മറ്റ് മെഡിക്കൽ കോളേജുകളിലും തുക എത്താനുണ്ട്. അത് അടിയന്തരമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u> സർ, ഈ പറയുന്ന കുടിശ്ശികകൾ ഈ ഗവൺമെന്റിന്റെ കാലത്തുണ്ടായിട്ടുള്ളതല്ല. ഇത് മാധ്യമങ്ങളിൽ വാർത്ത വന്നപ്പോൾ തന്നെ ഞാൻ പരിശോധിച്ചു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൊടുക്കാനുള്ള കുടിശ്ശിക കൊടുക്കാത്തതുകൊണ്ട് ചില ഹോസ്പിറ്റലുകൾ തടസ്സം പറയുകയാണുണ്ടായത്, ഈ പരിപാടി നിർത്തലാക്കിയതല്ല. അപ്പോൾ തന്നെ ഇടപെട്ടു. കുടിശ്ശികയുടെ കാര്യം നമുക്ക് ആലോചിക്കാം. ഇപ്പോൾ ഈ പദ്ധതി യാതൊരു തടസ്സവുമില്ലാതെ നടപ്പിലാക്കാനുള്ള ഉത്തരവ് കൊടുത്തിട്ടുണ്ട്.

<u>ശ്രീ. വി. എസ്. ശിവകുമാർ:</u> സർ, കുടിശ്ശിക കൊടുത്തുതീർക്കാനുള്ള നടപടി സ്വീകരിക്കുമോ;

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u> സർ, കുടിശ്ശിക കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുള്ളതാണ്.

<u>മി. സ്പീക്കർ:</u> ചികിത്സ നടക്കുന്നുണ്ട്.

<u>ഡോ. ടി. എം. തോമസ് ഐസക്</u> : സർ, ഇതുപോലെ ഒരു ഡസൺ ചികിത്സാ പദ്ധതികളുണ്ട് ഓരോ വകുപ്പിനുകീഴിലും. ഇതെല്ലാം വലിയൊരു പരിധിവരെ പാടണേജിന് ഉപയോഗിക്കുകയാണ്. ആളുകൾക്ക് ആവശ്യമുണ്ട്. ആവശ്യക്കാരന് കിട്ടുമോ ഇല്ലയോ എന്നത് നമ്മുടെ ഔദാര്യത്തെ ആശ്രയിച്ചാണിരിക്കുന്നത്.

3.00 pm]

ഈ സർക്കാർ നയപ്രഖ്യാപനത്തിൽ പറഞ്ഞതുപോലെ ഇവയാകെ സംയോജിപ്പിച്ച് സമഗ്രമായ ഒരു സമ്പൂർണ്ണ ഇൻഷ്വറൻസ് പ്രോഗ്രാമാക്കി മാറ്റാൻ പോവുകയാണ്. അങ്ങനെയാകുമ്പോൾ ഇത് പലതരത്തിലുള്ള കൊച്ചുകൊച്ചു സ്കീമുകളായി നിൽക്കുകയില്ല. ഇതൊരു പുതിയ കാര്യമാണെന്നു പറഞ്ഞ് അതിന്റെ പേരിൽ ആരും തർക്കിക്കാൻ വരണ്ട. കാരണം അങ്ങ് മുഖ്യമന്ത്രിയായിരുന്ന സമയത്ത് പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളതും എന്നാൽ മന്ത്രിമാരാരും അവരുടെ അവകാശം അടിയറ വയ്ക്കാൻ തയ്യാറല്ലാത്തതുകൊണ്ട് നടപ്പാക്കാൻ പറ്റാതെ പോയതുമായ നല്ലൊരു കാര്യമാണ്. നമുക്കത് ചെയ്യാൻ നോക്കാം.

പങ്കാളിത്ത പെൻഷൻ സംബന്ധിച്ച് നയപരമായൊരു തീരുമാനം സർക്കാർ എടുത്തിട്ടില്ല. അടുത്തുതന്നെ അതുസംബന്ധിച്ച തീരുമാനം എടുക്കും. ഞാൻ കൂടുതൽ ദീർഘിപ്പിക്കുന്നില്ല. എനിക്ക് പറയുവാനുള്ളത് ബഹുമാനപ്പെട്ട എം.എൽ.എ.-മാർ, നിങ്ങളുടെ മണ്ഡലത്തിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രവൃത്തികളുണ്ട്. അതിൽ ഒരു തെറ്റിദ്ധാരണയുള്ളത്, 70 എന്നുപറഞ്ഞപ്പോൾ കിഫ്ബിയിൽനിന്ന് 70 എന്നാണോ എന്നതാണ്. അല്ല. ഓൺഗോയിംഗ് വർക്കുകളുടെ 70 ആണ്.

നേരത്തെ അച്ചടിച്ച നൽകിയ ബഡ്ജറ്റിലെ വർക്കുകളിൽപ്പെടുന്ന തുകയും കിഫ്ബിയും കൂടി ചേർന്നാൽ മിനിമം 70 വരണം എന്നുള്ളതാണ്. ചില ദൗർഭാഗ്യകരമായ സംഭവങ്ങൾ എന്റെ ആഫീസിൽ വന്നതുകൊണ്ട് തുടർന്ന് ആ ലിസ്റ്റ് തയ്യാറാക്കാൻ കഴിഞ്ഞില്ല. അതാണ് പ്രശ്നം.

ശ്രീ. രമേശ് ചെന്നിത്തല: സർ, പി.ഡബ്ല്യു.ഡി.-യിൽ ധാരാളം റോഡുകളുണ്ട്. പല റോഡുകളും പൊളിഞ്ഞു കിടക്കുകയാണ്. അതൊന്നും കിഫ്ബിയിൽ വരുന്ന റോഡുകളല്ല. അതിൽ മേജർ റോഡുകളാണ് വരുന്നത്. ഇപ്പോൾത്തന്നെ പി.ഡബ്ല്യു.ഡി.-ക്ക് മരാമത്ത് പണികൾക്കുവേണ്ടി കൊടുത്ത തുക വളരെ കുറവാണ്. അതനുസരിച്ച് കുറേ പണം അവർക്ക് നൽകിയാൽ ഇന്നുള്ള ഈ റോഡുകളുടെ ശോച്യാവസ്ഥ മാറ്റാൻ സാധിക്കും. അതിന് നടപടി സ്വീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക് : സർ, നമുക്കിത് മൊത്തത്തിൽ കാണാം. 5 കോടി രൂപയ്ക്ക് മുകളിൽ വരുന്നതിൽ ചിലതൊഴികെ എല്ലാം കിഫ്ബിയുമായി ബന്ധപ്പെട്ടു വരുന്നു. 5 കോടി രൂപവരെയുള്ള ഇടത്തരം വർക്കുകൾക്കൊക്കെ എം.എൽ.എ.-മാരുടെ അസറ്റ് ഫണ്ടുണ്ട്. നേരത്തെ ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരിക്കുമ്പോൾ അംഗീകരിച്ച ബഡ്ജറ്റ് ഔട്ട്ലേയിൽനിന്ന് ഒന്നും മാറ്റിയിട്ടില്ല. ബാക്കിയുള്ളതിൽ ആവശ്യമായിട്ടുള്ള കാര്യങ്ങൾ അപ്പപ്പോൾ ആവശ്യമനുസരിച്ച് തീരുമാനിക്കാം.

ശ്രീ. ഹൈബി ഈഡൻ: സർ, ചെറു റോഡുകൾക്കും പഞ്ചായത്ത് റോഡുകൾക്കുംവേണ്ടി അസറ്റ് ഡെവലപ്മെന്റ് ഫണ്ടിൽനിന്ന് പണം അനുവദിക്കാൻ സാധിക്കും. എന്നാൽ മേജർ പി.ഡബ്ല്യു.ഡി. റോഡുകളുടെ മെയിന്റനൻസിനും റീ ടാറിംഗിനും വേണ്ടി നമുക്ക് അസറ്റ് ഫണ്ട് ഉപയോഗിക്കാൻ സാധിക്കില്ല.

ഡോ. ടി. എം. തോമസ് ഐസക് : സർ, ഇതെല്ലാം ബഡ്ജറ്റ് കൺസ്ട്രെയിനുള്ളിൽ നിൽക്കണം. ഏതു കാലത്തും അങ്ങനെയാണ് നടക്കുന്നത്. കിഫ്ബിയുടെ കാര്യത്തിൽ ഇനി കൺസ്ട്രെയിനില്ല, വായ്പയെടുക്കാൻ പറ്റും. എങ്കിലും അധീഷണലായിട്ടുള്ള ചില അത്യാവശ്യ വർദ്ധനവുകളും കാര്യങ്ങളും നൽകാൻ നിശ്ചയമായും നമുക്ക് സാധിക്കും.

ശ്രീ. പി. ഉബൈദുള്ള: സർ, യു.ഡി.എഫ്. സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളൊന്നും ഒഴിവാക്കാതെ അതുപോലെ നടപ്പാക്കുമെന്ന് അങ്ങ് പറഞ്ഞിരുന്നു. മലപ്പുറം ക്യാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ടി കഴിഞ്ഞ ബഡ്ജറ്റിൽ അന്നത്തെ മുഖ്യമന്ത്രി ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി 10 കോടി രൂപ പ്രഖ്യാപിച്ചിരുന്നതാണ്. ഇന്ന് രാവിലെ ഞാനൊരു സബ്മിഷനിലൂടെ

ഇക്കാര്യത്തെ സംബന്ധിച്ച് ഉന്നയിച്ചപ്പോൾ മുഖ്യമന്ത്രിക്കുവേണ്ടി മറുപടി പറഞ്ഞ പൊതുമരാമത്തു വകുപ്പുമന്ത്രി പറഞ്ഞത് അങ്ങനെ ഒരു സംഭവമില്ല എന്നാണ്. 10 കോടി രൂപ പ്രഖ്യാപിച്ചത് നിയമസഭാ രേഖയിലുണ്ട്.

ഡോ. ടി. എം. തോമസ് ഐസക് : സർ, ബഡ്ജറ്റ് രേഖ എന്നുപറഞ്ഞ് അക്കൗണ്ടിൽ രേഖപ്പെടുത്തിയതിൽ ഒരുമാറ്റവും ഉണ്ടാവില്ല. ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള തുകകൾ, പ്രസംഗിക്കുന്ന ആളും പ്രസംഗവും മാറുമ്പോൾ മാറുമെന്നുള്ളതിൽ എന്താണ് സംശയം. നേരത്തെയുള്ള എന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ, സാംസ്കാരിക സ്ഥാപനങ്ങൾക്കുവേണ്ടി നീക്കിവയ്ക്കുന്ന സബ്സിഡിയിൽ സൂചിപ്പിച്ചിരുന്ന ഒരു സ്ഥാപനമെങ്കിലും യു.ഡി.എഫ്. സർക്കാരിന്റെ ആദ്യത്തെ ബഡ്ജറ്റിലൊന്ന് കാണിച്ചു തരാൻ പറ്റുമോയെന്ന് ഞാൻ വെല്ലുവിളിക്കുകയാണ്. ഇതാണ് പാരമ്പര്യം. എന്നാൽ ഇത്തവണ അങ്ങനെയല്ല.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ബഡ്ജറ്റ് പ്രസംഗത്തിൽ വരുന്ന തുക ബഡ്ജറ്റ് ഡോക്യുമെന്റിൽ ഇല്ലെങ്കിൽ ബന്ധപ്പെട്ട വകുപ്പ് ആ പ്രസംഗത്തിന്റെ പാരഗ്രാഫ് ചൂണ്ടിക്കാണിച്ചുകൊണ്ട് ടേക്ക്അപ്പ് ചെയ്യണം. വകുപ്പിൽനിന്ന് ടേക്ക്അപ്പ് ചെയ്തു കഴിഞ്ഞാൽ ഫിനാൻസിൽനിന്ന് സാങ്ഷൻ കൊടുക്കും. അതാണ് സിസ്റ്റം. അങ്ങനെ വന്നിട്ടുള്ള ഒന്നും നിഷേധിച്ചിട്ടില്ല.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ശരിയായ മറുപടി ഞാനിവിടെ സബ്മിഷനിൽ തന്നു. ഒരു കോടി രൂപ ബഡ്ജറ്റിൽ ഉണ്ടായിരുന്നുവെന്നും 10 കോടി രൂപ പ്രഖ്യാപിച്ചത് ഇല്ലായിരുന്നു എന്നും. അത് ഡോ. ടി. എം. തോമസ് ഐസക്കും പറഞ്ഞു. അദ്ദേഹം പറഞ്ഞതുപോലെ അതിനെപ്പറ്റി സംശയിക്കാതെ, പൈസ വേണമെങ്കിൽ എത്തിക്കും.

ഡോ. ടി. എം. തോമസ് ഐസക് : സർ, ക്യാൻസർ സെന്റർ വിപുലീകരിക്കുന്നതിനായി ബഹുമാനപ്പെട്ട എം.എൽ.എ.-യും അവിടത്തെ ഡോക്ടർമാരും ആരോഗ്യ വകുപ്പുമന്ത്രിയുമായിട്ട് ആലോചിച്ച് 10 കോടി രൂപയെന്നുള്ളത് 50 കോടി രൂപ ചെലവഴിച്ചിട്ടാണെങ്കിലും പുതിയ ലീനിയർ ആക്സിലറേറ്റർ, മറ്റ് എക്യുപ്മെന്റുകൾ, തുടങ്ങിയവ വാങ്ങുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എൽദോസ് കുന്നപ്പിള്ളി: സർ, എറണാകുളം ജില്ലയിലെ ഒരു പൊതുമേഖലാ സ്ഥാപനമായ ഗ്വാളിയാർ റയോൺസ് ഏറ്റെടുക്കുമെന്ന് അങ്ങ് ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിരുന്നു. അവിടെ 71 കോടി രൂപയുടെ കടബാധ്യതയുണ്ട്. 2000 തൊഴിലാളികൾക്ക് കൊടുക്കാനുള്ള തുകയാണ്. പക്ഷേ ഇതിന് തുക മാറ്റി വച്ചിട്ടില്ല. ഈ തുക എങ്ങനെ കൊടുക്കാൻ സാധിക്കും?

ഡോ. ടി. എം. തോമസ് ഐസക് : സർ, ഈ പറഞ്ഞ തുകകളൊക്കെ ഉചിതമാണോ, ഇത്രമാത്രം വേണ്ടതാണോ തുടങ്ങിയ കാര്യങ്ങൾ നിശ്ചയമായും ഫിനാൻസ് വകുപ്പിന് പരിശോധിക്കേണ്ടി വരും. അങ്ങനെ ഒരു പരിശോധന നടന്നിട്ടില്ല. ബന്ധപ്പെട്ട വകുപ്പുമായി ചർച്ച ചെയ്ത് അതുസംബന്ധിച്ച് തീരുമാനം എടുക്കുന്നതാണ്.

ശ്രീ. റ്റി. വി. രാജേഷ് : സർ, 2010-ൽ അങ്ങുതന്നെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന കാലത്ത് കേരളത്തിൽ നിരവധി ട്രഷറികൾ അനുവദിച്ച് ഇൻകെൽ-നെ ഏൽപ്പിക്കുകയുണ്ടായെങ്കിലും പിന്നീട് ഇൻകെൽ പിൻമാറി. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിരവധി തവണ അത് പി.ഡബ്ല്യൂ.ഡി. മുഖേന ചെയ്യണമെന്ന് ആവശ്യപ്പെട്ടെങ്കിലും തീരുമാനം ഉണ്ടായില്ല. ആ കാര്യത്തിൽ പെട്ടെന്നൊരു തീരുമാനം ഉണ്ടാകുമോ?

ഡോ. ടി. എം. തോമസ് ഐസക് : സർ, ഇൻകെൽ-നെ കുറ്റം പറയണ്ട. കാരണം നമ്മുടെ പെൻഷൻ ട്രഷറിയും പാരലൽ ട്രഷറിയും കഴിഞ്ഞപ്പോൾ പിന്നെ ഇൻകെലല്ല തീരുമാനിക്കേണ്ടത്. തുടരണമോയെന്ന് ബന്ധപ്പെട്ട വകുപ്പ് തീരുമാനിക്കണ്ടേ; അതിനൊരു താൽപ്പര്യമുണ്ടായില്ല. അങ്ങനെയാണ് പോയത്. നമുക്ക് രണ്ടാമത് അത് റിവൈവ് ചെയ്യാം.

മി. സ്പീക്കർ: രാവിലെ മുതൽ ചർച്ചയിൽ ഒന്നും പറയില്ല. ചർച്ച തുടങ്ങിയാൽ രാഷ്ട്രീയമായ ആക്രമണമാണ്. അതുകഴിഞ്ഞ് മറുപടി പറയുന്ന സമയത്ത് കാര്യങ്ങളൊക്കെ പറഞ്ഞുകൊണ്ടിരിക്കും.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീമിൽ മംഗലാപുരത്തെ ആശുപത്രികളെക്കൂടി ഉൾപ്പെടുത്തണമെന്നുള്ളത് ഏറെ നാളത്തെ ആവശ്യമായിരുന്നു. അങ്ങത് അനുവദിച്ചതിൽ എനിക്ക് വളരെയധികം സന്തോഷമുണ്ട്. അതിൽ ഞാൻ അങ്ങയെ അഭിനന്ദിക്കുന്നു. അതിന്റെ ഓർഡറിൽ പറയുന്നത് ആ ആശുപത്രികളിൽ ചികിത്സ നടത്തി ഡിസ്ചാർജ്ജ് ചെയ്തതിനുശേഷം ബില്ലുകൾ കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീം ആഫീസുകളിൽ എത്തിച്ചാൽ പണം അനുവദിക്കുമെന്നാണ്. അതിലൊരു വ്യത്യാസം വരുത്തിക്കൂടേ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അക്കാര്യം പരിശോധിക്കാം.

ശ്രീ. എ. പി. അനിൽ കുമാർ: സർ, കിഫ്ബി-ക്ക് പ്രവൃത്തി നടപ്പാക്കുന്നതിന് ആവശ്യമായ ഫണ്ട് നമുക്ക് കണ്ടെത്താൻ കഴിയുമെന്ന് അങ്ങിവിടെ സൂചിപ്പിച്ചു. നല്ല കാര്യം. 10 കോടി രൂപയ്ക്ക് മുകളിൽ വരുന്ന വർക്കുകളൊക്കെ പൂർത്തീകരിക്കാൻ പ്രയാസമില്ല എന്നുപറഞ്ഞു. പക്ഷേ നേരത്തെ പി.ഡബ്ല്യൂ.ഡി.-ക്ക്

കിട്ടിക്കൊണ്ടിരിക്കുന്ന പെട്രോൾ സെസ്സും റോഡ് ഫണ്ട് ബോർഡിന്റെ ഫണ്ടും കിഫ്ബിയിലേയ്ക്ക് പോയി. യഥാർത്ഥത്തിൽ 5 കോടി രൂപ വരെയുള്ള മെയിന്റനൻസ്, മറ്റു കാര്യങ്ങൾ എന്നിവയെല്ലാം ഏത് ഫണ്ട് ഉപയോഗിച്ചാണ് ഇനി പി.ഡബ്ല്യൂ.ഡി.-ക്ക് ചെയ്യാൻ കഴിയുക; നമുക്കാണെങ്കിൽ ഇപ്രാവശ്യം അലോക്കേഷൻ വളരെ കുറവായിട്ടാണ് കാണുന്നത്. 10 കോടി രൂപയുടെ വർക്കുകൾ നടപ്പാക്കുന്നതുപോലെതന്നെ ഇത്തരത്തിലുള്ള വർക്കുകൾക്ക് ആവശ്യമായ ഫണ്ട് കൂടി പി.ഡബ്ല്യൂ.ഡി.-ക്ക് കൊടുത്തില്ലെങ്കിൽ കേരളത്തിൽ ഇതെങ്ങനെ നടക്കുമെന്ന് സൂചിപ്പിക്കാമോ?

ഡോ. ടി. എം. തോമസ് ഐസക് : സർ, റോഡ് ഫണ്ട് ബോർഡിന് ഈ സെസ്സിന്റെ ഒരു നിശ്ചിത ശതമാനം കൊടുത്തിരുന്നു. റോഡ് ഫണ്ട് ബോർഡിന് അതുവച്ച് ലിവറേജ് ചെയ്യാൻ പറ്റുന്നതിന്റെ നൂറു മടങ്ങ് പ്രോജക്ടാണ് കൊടുക്കുന്നത്. അപ്പോൾ അത് സാധാരണ ബഡ്ജറ്റ് കൺസ്ട്രെയിനിൽ ചെയ്യുന്നതുപോലെ ചെയ്യണം. സംസ്ഥാന ബഡ്ജറ്റിനുവേണ്ടി വായ്പയെടുത്ത് ഉൾക്കൊള്ളിക്കാൻ പറ്റുമായിരുന്നെങ്കിൽ പ്രശ്നമില്ല. പക്ഷേ അത് പറ്റില്ല. എഫ്.ആർ.ബി.എം. ആക്ടുണ്ട്. അതുകൊണ്ട് പുറത്തേ പറ്റൂ. പുറത്ത് വായ്പയെടുക്കുന്നത് ബഡ്ജറ്റിനുള്ളിലേയ്ക്ക് കൊണ്ടുവരാനും പറ്റില്ല.

ശ്രീ. കെ. എം. ഷാജി: സർ, 2 കോടി രൂപ നീർക്കടവിലെ ഒരു ഫിഷിംഗ് ഹാർബറിനുവേണ്ടി കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞിരുന്നു. വളരെ പാവങ്ങൾ താമസിക്കുന്ന ഒരു പ്രദേശമാണ്. അത് ഒഴിവാക്കാതെ ഈ ബഡ്ജറ്റിൽ കൊണ്ടുവരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഡോ. ടി. എം. തോമസ് ഐസക് : സർ, അതുസംബന്ധിച്ച് ഫിഷറീസ് വകുപ്പുമന്ത്രി പറയും, നമുക്കത് ചർച്ച ചെയ്യാം. ഞാൻ എങ്ങനെയാണ് മറ്റൊരു വകുപ്പിന്റെ കാര്യം പറയുന്നത്.

ഈ ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 23,11,02,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ....................

പ്രതികൂലിക്കുന്നവർ ...................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 28,00,04,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 88,80,99,000/-രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ .......................

പ്രതികൂലിക്കുന്നവർ .......................

<u>ശ്രീ. കെ. സി. ജോസഫ്</u> : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീ. എ. കെ. ബാലൻ
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. കെ. ദാസൻ
11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീ. എൽദോ എബ്രഹാം
13. ശ്രീമതി ഗീതാ ഗോപി
14. ശ്രീ. ജോർജ് എം. തോമസ്
15. ശ്രീ. സി. കെ. ഹരീന്ദ്രൻ
16. ഡോ. കെ. ടി. ജലീൽ
17. ശ്രീ. ജി. എസ്. ജയലാൽ

18. ശ്രീ. ഇ. പി. ജയരാജൻ
19. ശ്രീ. ജോൺ ഫെർണാണ്ടസ്
20. ശ്രീ. വി. ജോയി
21. ശ്രീ. ഒ. ആർ. കേളു
22. ശ്രീ. സി. കൃഷ്ണൻ
23. ശ്രീ. കെ. കൃഷ്ണൻകുട്ടി
24. ശ്രീ. കെ. കുഞ്ഞിരാമൻ
25. ശ്രീ. കോവൂർ കുഞ്ഞുമോൻ
26. ശ്രീ. വി. കെ. സി. മമ്മത് കോയ
27. ശ്രീ. എം. എം. മണി
28. ശ്രീ. മാത്യു ടി. തോമസ്
29. ശ്രീ. കെ. ജെ. മാക്സി
30. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
31. ശ്രീ. എ. സി. മൊയ്തീൻ
32. ശ്രീ. മുഹമ്മദ് മുഹസിൻ. പി.
33. ശ്രീ. മുരളി പെരുനെല്ലി
34. ശ്രീ. സി. കെ. നാണു
35. ശ്രീ. യു. ആർ. പ്രദീപ്
36. ശ്രീ. എ. പ്രദീപ് കുമാർ
37. ശ്രീമതി യു. പ്രതിഭ ഹരി
38. ശ്രീ. പുരുഷൻ കടലുണ്ടി
39. ശ്രീ. പി. ടി. എ. റഹീം
40. ശ്രീ. എം. രാജഗോപാലൻ
41. ശ്രീ. കെ. രാജൻ

42. ശ്രീ. എസ്. രാജേന്ദ്രൻ
43. ശ്രീ. ആർ. രാജേഷ്
44. ശ്രീ. റ്റി. വി. രാജേഷ്
45. ശ്രീ. കെ. രാജു
46. ശ്രീ. രാജു എബ്രഹാം
47. ശ്രീ. ആർ. രാമചന്ദ്രൻ
48. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
49. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
50. ശ്രീ. മുല്ലക്കര രത്നാകരൻ
51. പ്രൊഫ. സി. രവീന്ദ്രനാഥ്
52. ശ്രീ. കാരാട്ട് റസാഖ്
53. ശ്രീ. എസ്. ശർമ്മ
54. ശ്രീ. എ. കെ. ശശീന്ദ്രൻ
55. ശ്രീ. സി. കെ. ശശീന്ദ്രൻ
56. ശ്രീ. വി. ശശി
57. ശ്രീ. എ. എൻ. ഷംസീർ
58. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
59. ശ്രീ. ജി. സുധാകരൻ
60. ശ്രീ. വി. ആർ. സുനിൽ കുമാർ
61. ശ്രീ. വി. എസ്. സുനിൽ കുമാർ
62. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
63. ശ്രീ. കെ. സുരേഷ് കുറുപ്പ്
64. ശ്രീ. എം. സ്വരാജ്
65. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
66. ശ്രീ. പി. തിലോത്തമൻ

67. ഡോ. ടി. എം. തോമസ് ഐസക്

68. ശ്രീ. കെ. വി. വിജയദാസ്

69. ശ്രീ. ഇ. കെ. വിജയൻ

70. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.

2. ശ്രീ. പാറക്കൽ അബ്ദുല്ല

3. ശ്രീ. പി. കെ. അബ്ദു റബ്ബ്

4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

5. ശ്രീ. അടൂർ പ്രകാശ്

6. ശ്രീ. ടി. എ. അഹമ്മദ് കബീർ

7. ശ്രീ. മഞ്ഞളാംകുഴി അലി

8. ശ്രീ. അനിൽ അക്കര

9. ശ്രീ. എ. പി. അനിൽ കുമാർ

10. ശ്രീ. അനൂപ് ജേക്കബ്

11. ശ്രീ. അൻവർ സാദത്ത്

12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

13. ശ്രീ. വി. ടി. ബൽറാം

14. ശ്രീ. പി. കെ. ബഷീർ

15. ശ്രീ. എൽദോസ് കുന്നപ്പിള്ളി

16. ശ്രീ. ഹൈബി ഈഡൻ

17. ശ്രീ. ടി. വി. ഇബ്രാഹിം

18. ഡോ. എൻ. ജയരാജ്

19. ശ്രീ. കെ. സി. ജോസഫ്

20. ശ്രീ. പി. ജെ. ജോസഫ്
21. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
22. ശ്രീ. മോൻസ് ജോസഫ്
23. ശ്രീ. കെ. മുരളീധരൻ
24. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
25. ശ്രീ. ഉമ്മൻ ചാണ്ടി
26. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
27. ശ്രീ. രമേശ് ചെന്നിത്തല
28. ശ്രീ. റോജി എം. ജോൺ
29. ശ്രീ. റോഷി അഗസ്റ്റിൻ
30. ശ്രീ. കെ. എസ്. ശബരീനാഥൻ
31. ശ്രീ. വി. പി. സജീന്ദ്രൻ
32. ശ്രീ. എൻ. ഷംസുദ്ദീൻ
33. ശ്രീ. ഷാഫി പറമ്പിൽ
34. ശ്രീ. കെ. എം. ഷാജി
35. ശ്രീ. വി. എസ്. ശിവകുമാർ
36. ശ്രീ. സണ്ണി ജോസഫ്
37. ശ്രീ. സി. എഫ്. തോമസ്
38. ശ്രീ. പി. ടി. തോമസ്
39. ശ്രീ. പി. ഉബൈദുള്ള
40. ശ്രീ. എം. ഉമ്മർ

<u>മി. സ്പീക്കർ:</u> അനുകൂലിക്കുന്നവർ - 70

പ്രതികൂലിക്കുന്നവർ - 40

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 60,59,27,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

269/2019 ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീ. എ. കെ. ബാലൻ
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. കെ. ദാസൻ
11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീ. എൽദോ എബ്രഹാം
13. ശ്രീമതി ഗീതാ ഗോപി
14. ശ്രീ. ജോർജ് എം. തോമസ്
15. ശ്രീ. സി. കെ. ഹരീന്ദ്രൻ
16. ഡോ. കെ. ടി. ജലീൽ
17. ശ്രീ. ജി. എസ്. ജയലാൽ

18. ശ്രീ. ഇ. പി. ജയരാജൻ
19. ശ്രീ. ജോൺ ഫെർണാണ്ടസ്
20. ശ്രീ. വി. ജോയി
21. ശ്രീ. ഒ. ആർ. കേളു
22. ശ്രീ. സി. കൃഷ്ണൻ
23. ശ്രീ. കെ. കൃഷ്ണൻകുട്ടി
24. ശ്രീ. കെ. കുഞ്ഞിരാമൻ
25. ശ്രീ. കോവൂർ കുഞ്ഞുമോൻ
26. ശ്രീ. വി. കെ. സി. മമ്മത് കോയ
27. ശ്രീ. എം. എം. മണി
28. ശ്രീ. മാത്യു ടി. തോമസ്
29. ശ്രീ. കെ. ജെ. മാക്സി
30. ശ്രീമതി ജെ. മേഴ്സിക്കുട്ടിഅമ്മ
31. ശ്രീ. എ. സി. മൊയ്തീൻ
32. ശ്രീ. മുഹമ്മദ് മുഹസിൻ. പി.
33. ശ്രീ. മുരളി പെരുനെല്ലി
34. ശ്രീ. സി. കെ. നാണു
35. ശ്രീ. യു. ആർ. പ്രദീപ്
36. ശ്രീ. എ. പ്രദീപ് കുമാർ
37. ശ്രീമതി യു. പ്രതിഭ ഹരി
38. ശ്രീ. പുരുഷൻ കടലുണ്ടി
39. ശ്രീ. പി. ടി. എ. റഹീം
40. ശ്രീ. എം. രാജഗോപാലൻ
41. ശ്രീ. കെ. രാജൻ

42. ശ്രീ. എസ്. രാജേന്ദ്രൻ
43. ശ്രീ. ആർ. രാജേഷ്
44. ശ്രീ. റ്റി. വി. രാജേഷ്
45. ശ്രീ. കെ. രാജു
46. ശ്രീ. രാജു എബ്രഹാം
47. ശ്രീ. ആർ. രാമചന്ദ്രൻ
48. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
49. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
50. ശ്രീ. മുല്ലക്കര രത്നാകരൻ
51. പ്രൊഫ. സി. രവീന്ദ്രനാഥ്
52. ശ്രീ. കാരാട്ട് റസാഖ്
53. ശ്രീ. എസ്. ശർമ്മ
54. ശ്രീ. എ. കെ. ശശീന്ദ്രൻ
55. ശ്രീ. സി. കെ. ശശീന്ദ്രൻ
56. ശ്രീ. വി. ശശി
57. ശ്രീ. എ. എൻ. ഷംസീർ
58. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
59. ശ്രീ. ജി. സുധാകരൻ
60. ശ്രീ. വി. ആർ. സുനിൽ കുമാർ
61. ശ്രീ. വി. എസ്. സുനിൽ കുമാർ
62. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
63. ശ്രീ. കെ. സുരേഷ് കുറുപ്പ്
64. ശ്രീ. എം. സ്വരാജ്
65. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
66. ശ്രീ. പി. തിലോത്തമൻ

67. ഡോ. ടി. എം. തോമസ് ഐസക്

68. ശ്രീ. കെ. വി. വിജയദാസ്

69. ശ്രീ. ഇ. കെ. വിജയൻ

70. ശ്രീ. എൻ. വിജയൻ പിള്ള

പ്രതികൂലിക്കുന്നവർ:

1. ശ്രീ. അബ്ദുൽ ഹമീദ്. പി.

2. ശ്രീ. പാറക്കൽ അബ്ദുല്ല

3. ശ്രീ. പി. കെ. അബ്ദു റബ്ബ്

4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

5. ശ്രീ. അടൂർ പ്രകാശ്

6. ശ്രീ. ടി. എ. അഹമ്മദ് കബീർ

7. ശ്രീ. മഞ്ഞളാംകുഴി അലി

8. ശ്രീ. അനിൽ അക്കര

9. ശ്രീ. എ. പി. അനിൽ കുമാർ

10. ശ്രീ. അനൂപ് ജേക്കബ്

11. ശ്രീ. അൻവർ സാദത്ത്

12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

13. ശ്രീ. വി. ടി. ബൽറാം

14. ശ്രീ. പി. കെ. ബഷീർ

15. ശ്രീ. എൽദോസ് കുന്നപ്പിള്ളി

16. ശ്രീ. ഹൈബി ഈഡൻ

17. ശ്രീ. ടി. വി. ഇബ്രാഹിം

18. ഡോ. എൻ. ജയരാജ്

19. ശ്രീ. കെ. സി. ജോസഫ്

20. ശ്രീ. പി. ജെ. ജോസഫ്
21. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
22. ശ്രീ. മോൻസ് ജോസഫ്
23. ശ്രീ. കെ. മുരളീധരൻ
24. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
25. ശ്രീ. ഉമ്മൻ ചാണ്ടി
26. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
27. ശ്രീ. രമേശ് ചെന്നിത്തല
28. ശ്രീ. റോജി എം. ജോൺ
29. ശ്രീ. റോഷി അഗസ്റ്റിൻ
30. ശ്രീ. കെ. എസ്. ശബരീനാഥൻ
31. ശ്രീ. വി. പി. സജീന്ദ്രൻ
32. ശ്രീ. എൻ. ഷംസുദ്ദീൻ
33. ശ്രീ. ഷാഫി പറമ്പിൽ
34. ശ്രീ. കെ. എം. ഷാജി
35. ശ്രീ. വി. എസ്. ശിവകുമാർ
36. ശ്രീ. സണ്ണി ജോസഫ്
37. ശ്രീ. സി. എഫ്. തോമസ്
38. ശ്രീ. പി. ടി. തോമസ്
39. ശ്രീ. പി. ഉബൈദുള്ള
40. ശ്രീ. എം. ഉമ്മർ

<u>മി. സ്പീക്കർ:</u> അനുകൂലിക്കുന്നവർ - 70

പ്രതികൂലിക്കുന്നവർ - 40

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 131,00,06,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

<u>ശ്രീ. കെ. സി. ജോസഫ്</u> : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീ. എ. കെ. ബാലൻ
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. കെ. ദാസൻ
11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീ. എൽദോ എബ്രഹാം
13. ശ്രീമതി ഗീതാ ഗോപി
14. ശ്രീ. ജോർജ് എം. തോമസ്
15. ശ്രീ. സി. കെ. ഹരീന്ദ്രൻ
16. ഡോ. കെ. ടി. ജലീൽ
17. ശ്രീ. ജി. എസ്. ജയലാൽ

18. ശ്രീ. ഇ. പി. ജയരാജൻ
19. ശ്രീ. ജോൺ ഫെർണാണ്ടസ്
20. ശ്രീ. വി. ജോയി
21. ശ്രീ. ഒ. ആർ. കേളു
22. ശ്രീ. സി. കൃഷ്ണൻ
23. ശ്രീ. കെ. കൃഷ്ണൻകുട്ടി
24. ശ്രീ. കെ. കുഞ്ഞിരാമൻ
25. ശ്രീ. കോവൂർ കുഞ്ഞുമോൻ
26. ശ്രീ. വി. കെ. സി. മമ്മത് കോയ
27. ശ്രീ. എം. എം. മണി
28. ശ്രീ. മാത്യു ടി. തോമസ്
29. ശ്രീ. കെ. ജെ. മാക്സി
30. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
31. ശ്രീ. എ. സി. മൊയ്തീൻ
32. ശ്രീ. മുഹമ്മദ് മുഹസിൻ. പി.
33. ശ്രീ. മുരളി പെരുനെല്ലി
34. ശ്രീ. സി. കെ. നാണു
35. ശ്രീ. യു. ആർ. പ്രദീപ്
36. ശ്രീ. എ. പ്രദീപ് കുമാർ
37. ശ്രീമതി യു. പ്രതിഭ ഹരി
38. ശ്രീ. പുരുഷൻ കടലുണ്ടി
39. ശ്രീ. പി. ടി. എ. റഹീം
40. ശ്രീ. എം. രാജഗോപാലൻ
41. ശ്രീ. കെ. രാജൻ

42. ശ്രീ. എസ്. രാജേന്ദ്രൻ
43. ശ്രീ. ആർ. രാജേഷ്
44. ശ്രീ. റ്റി. വി. രാജേഷ്
45. ശ്രീ. കെ. രാജു
46. ശ്രീ. രാജു എബ്രഹാം
47. ശ്രീ. ആർ. രാമചന്ദ്രൻ
48. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
49. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
50. ശ്രീ. മുല്ലക്കര രത്നാകരൻ
51. പ്രൊഫ. സി. രവീന്ദ്രനാഥ്
52. ശ്രീ. കാരാട്ട് റസാഖ്
53. ശ്രീ. എസ്. ശർമ്മ
54. ശ്രീ. എ. കെ. ശശീന്ദ്രൻ
55. ശ്രീ. സി. കെ. ശശീന്ദ്രൻ
56. ശ്രീ. വി. ശശി
57. ശ്രീ. എ. എൻ. ഷംസീർ
58. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
59. ശ്രീ. ജി. സുധാകരൻ
60. ശ്രീ. വി. ആർ. സുനിൽ കുമാർ
61. ശ്രീ. വി. എസ്. സുനിൽ കുമാർ
62. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
63. ശ്രീ. കെ. സുരേഷ് കുറുപ്പ്
64. ശ്രീ. എം. സ്വരാജ്
65. ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ
66. ശ്രീ. പി. തിലോത്തമൻ

67. ഡോ. ടി. എം. തോമസ് ഐസക്

68. ശ്രീ. കെ. വി. വിജയദാസ്

69. ശ്രീ. ഇ. കെ. വിജയൻ

70. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. അടൂർ പ്രകാശ്
6. ശ്രീ. ടി.. എ. അഹമ്മദ് കബീർ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. അനിൽ അക്കര
9. ശ്രീ. എ. പി. അനിൽ കുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. വി. റ്റി. ബൽറാം
14. ശ്രീ. പി. കെ. ബഷീർ
15. ശ്രീ. എൽദോസ് കുന്നപ്പിള്ളി
16. ശ്രീ. ഹൈബി ഈഡൻ
17. ശ്രീ. ടി. വി. ഇബ്രാഹിം
18. ഡോ. എൻ. ജയരാജ്
19. ശ്രീ. കെ. സി. ജോസഫ്

20. ശ്രീ. പി. ജെ. ജോസഫ്
21. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
22. ശ്രീ. മോൻസ് ജോസഫ്
23. ശ്രീ. കെ. മുരളീധരൻ
24. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
25. ശ്രീ. ഉമ്മൻ ചാണ്ടി
26. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
27. ശ്രീ. രമേശ് ചെന്നിത്തല
28. ശ്രീ. റോജി എം. ജോൺ
29. ശ്രീ. റോഷി അഗസ്റ്റിൻ
30. ശ്രീ. കെ. എസ്. ശബരീനാഥൻ
31. ശ്രീ. വി. പി. സജീന്ദ്രൻ
32. ശ്രീ. എൻ. ഷംസുദ്ദീൻ
33. ശ്രീ. ഷാഫി പറമ്പിൽ
34. ശ്രീ. കെ. എം. ഷാജി
35. ശ്രീ. വി. എസ്. ശിവകുമാർ
36. ശ്രീ. സണ്ണി ജോസഫ്
37. ശ്രീ. സി. എഫ്. തോമസ്
38. ശ്രീ. പി. ടി. തോമസ്
39. ശ്രീ. പി. ഉബൈദുള്ള
40. ശ്രീ. എം. ഉമ്മർ

<u>മി. സ്പീക്കർ:</u> അനുകൂലിക്കുന്നവർ - 70

പ്രതികൂലിക്കുന്നവർ - 40

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീ. എ. കെ. ബാലൻ
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. കെ. ദാസൻ
11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീ. എൽദോ എബ്രഹാം
13. ശ്രീമതി ഗീതാ ഗോപി
14. ശ്രീ. ജോർജ് എം. തോമസ്
15. ശ്രീ. സി. കെ. ഹരീന്ദ്രൻ
16. ഡോ. കെ. ടി. ജലീൽ
17. ശ്രീ. ജി. എസ്. ജയലാൽ
18. ശ്രീ. ഇ. പി. ജയരാജൻ

19. ശ്രീ. ജോൺ ഫെർണാണ്ടസ്
20. ശ്രീ. വി. ജോയി
21. ശ്രീ. ഒ. ആർ. കേളു
22. ശ്രീ. സി. കൃഷ്ണൻ
23. ശ്രീ. കെ. കൃഷ്ണൻകുട്ടി
24. ശ്രീ. കെ. കുഞ്ഞിരാമൻ
25. ശ്രീ. കോവൂർ കുഞ്ഞുമോൻ
26. ശ്രീ. വി. കെ. സി. മമ്മത് കോയ
27. ശ്രീ. എം. എം. മണി
28. ശ്രീ. മാത്യു ടി. തോമസ്
29. ശ്രീ. കെ. ജെ. മാക്സി
30. ശ്രീമതി ജെ. മേഴ്സിക്കുട്ടിഅമ്മ
31. ശ്രീ. എ. സി. മൊയ്തീൻ
32. ശ്രീ. മുഹമ്മദ് മുഹസിൻ. പി.
33. ശ്രീ. മുരളി പെരുനെല്ലി
34. ശ്രീ. സി. കെ. നാണു
35. ശ്രീ. യു. ആർ. പ്രദീപ്
36. ശ്രീ. എ. പ്രദീപ് കുമാർ
37. ശ്രീമതി യു. പ്രതിഭ ഹരി
38. ശ്രീ. പുരുഷൻ കടലുണ്ടി
39. ശ്രീ. പി. ടി. എ. റഹീം
40. ശ്രീ. എം. രാജഗോപാലൻ
41. ശ്രീ. കെ. രാജൻ
42. ശ്രീ. എസ്. രാജേന്ദ്രൻ

43. ശ്രീ. ആർ. രാജേഷ്
44. ശ്രീ. റ്റി. വി. രാജേഷ്
45. ശ്രീ. കെ. രാജു
46. ശ്രീ. രാജു എബ്രഹാം
47. ശ്രീ. ആർ. രാമചന്ദ്രൻ
48. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
49. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
50. ശ്രീ. മുല്ലക്കര രത്നാകരൻ
51. പ്രൊഫ. സി. രവീന്ദ്രനാഥ്
52. ശ്രീ. കാരാട്ട് റസാഖ്
53. ശ്രീ. എസ്. ശർമ്മ
54. ശ്രീ. എ. കെ. ശശീന്ദ്രൻ
55. ശ്രീ. സി. കെ. ശശീന്ദ്രൻ
56. ശ്രീ. വി. ശശി
57. ശ്രീ. എ. എൻ. ഷംസീർ
58. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
59. ശ്രീ. ജി. സുധാകരൻ
60. ശ്രീ. വി. ആർ. സുനിൽ കുമാർ
61. ശ്രീ. വി. എസ്. സുനിൽ കുമാർ
62. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
63. ശ്രീ. കെ. സുരേഷ് കുറുപ്പ്
64. ശ്രീ. എം. സ്വരാജ്
65. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
66. ശ്രീ. പി. തിലോത്തമൻ
67. ഡോ. ടി. എം. തോമസ് ഐസക്

68. ശ്രീ. കെ. വി. വിജയദാസ്

69. ശ്രീ. ഇ. കെ. വിജയൻ

70. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. അടൂർ പ്രകാശ്
6. ശ്രീ. ടി. എ. അഹമ്മദ് കബീർ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. അനിൽ അക്കര
9. ശ്രീ. എ. പി. അനിൽ കുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. വി. ടി. ബൽറാം
14. ശ്രീ. പി. കെ. ബഷീർ
15. ശ്രീ. എൽദോസ് കുന്നപ്പിള്ളി
16. ശ്രീ. ഹൈബി ഈഡൻ
17. ശ്രീ. ടി. വി. ഇബ്രാഹിം
18. ഡോ. എൻ. ജയരാജ്
19. ശ്രീ. കെ. സി. ജോസഫ്
20. ശ്രീ. പി. ജെ. ജോസഫ്

21. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
22. ശ്രീ. മോൻസ് ജോസഫ്
23. ശ്രീ. കെ. മുരളീധരൻ
24. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
25. ശ്രീ. ഉമ്മൻ ചാണ്ടി
26. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
27. ശ്രീ. രമേശ് ചെന്നിത്തല
28. ശ്രീ. റോജി എം. ജോൺ
29. ശ്രീ. റോഷി അഗസ്റ്റിൻ
30. ശ്രീ. കെ. എസ്. ശബരീനാഥൻ
31. ശ്രീ. വി. പി. സജീന്ദ്രൻ
32. ശ്രീ. എൻ. ഷംസുദ്ദീൻ
33. ശ്രീ. ഷാഫി പറമ്പിൽ
34. ശ്രീ. കെ. എം. ഷാജി
35. ശ്രീ. വി. എസ്. ശിവകുമാർ
36. ശ്രീ. സണ്ണി ജോസഫ്
37. ശ്രീ. സി. എഫ്. തോമസ്
38. ശ്രീ. പി. ടി. തോമസ്
39. ശ്രീ. പി. ഉബൈദുള്ള
40. ശ്രീ. എം. ഉമ്മർ

<u>മി. സ്പീക്കർ:</u> അനുകൂലിക്കുന്നവർ - 70

പ്രതികൂലിക്കുന്നവർ - 40

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 102,77,06,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ശ്രീ. കെ. സി. ജോസഫ് : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീ. എ. കെ. ബാലൻ
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. കെ. ദാസൻ
11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീ. എൽദോ എബ്രഹാം
13. ശ്രീമതി ഗീതാ ഗോപി
14. ശ്രീ. ജോർജ് എം. തോമസ്
15. ശ്രീ. സി. കെ. ഹരീന്ദ്രൻ
16. ഡോ. കെ. ടി. ജലീൽ
17. ശ്രീ. ജി. എസ്. ജയലാൽ
18. ശ്രീ. ഇ. പി. ജയരാജൻ

19. ശ്രീ. ജോൺ ഫെർണാണ്ടസ്

20. ശ്രീ. വി. ജോയി

21. ശ്രീ. ഒ. ആർ. കേളു

269/2019.

22. ശ്രീ. സി. കൃഷ്ണൻ

23. ശ്രീ. കെ. കൃഷ്ണൻകുട്ടി

24. ശ്രീ. കെ. കുഞ്ഞിരാമൻ

25. ശ്രീ. കോവൂർ കുഞ്ഞുമോൻ

26. ശ്രീ. വി. കെ. സി. മമ്മത് കോയ

27. ശ്രീ. എം. എം. മണി

28. ശ്രീ. മാത്യു ടി. തോമസ്

29. ശ്രീ. കെ. ജെ. മാക്സി

30. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ

31. ശ്രീ. എ. സി. മൊയ്തീൻ

32. ശ്രീ. മുഹമ്മദ് മുഹസിൻ. പി.

33. ശ്രീ. മുരളി പെരുനെല്ലി

34. ശ്രീ. സി. കെ. നാണു

35. ശ്രീ. യു. ആർ. പ്രദീപ്

36. ശ്രീ. എ. പ്രദീപ് കുമാർ

37. ശ്രീമതി യു. പ്രതിഭ ഹരി

38. ശ്രീ. പുരുഷൻ കടലുണ്ടി

39. ശ്രീ. പി. ടി. എ. റഹീം

40. ശ്രീ. എം. രാജഗോപാലൻ

41. ശ്രീ. കെ. രാജൻ

42. ശ്രീ. എസ്. രാജേന്ദ്രൻ

43. ശ്രീ. ആർ. രാജേഷ്
44. ശ്രീ. റ്റി. വി. രാജേഷ്
45. ശ്രീ. കെ. രാജു
46. ശ്രീ. രാജു എബ്രഹാം
47. ശ്രീ. ആർ. രാമചന്ദ്രൻ
48. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
49. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
50. ശ്രീ. മുല്ലക്കര രത്നാകരൻ
51. പ്രൊഫ. സി. രവീന്ദ്രനാഥ്
52. ശ്രീ. കാരാട്ട് റസാഖ്
53. ശ്രീ. എസ്. ശർമ്മ
54. ശ്രീ. എ. കെ. ശശീന്ദ്രൻ
55. ശ്രീ. സി. കെ. ശശീന്ദ്രൻ
56. ശ്രീ. വി. ശശി
57. ശ്രീ. എ. എൻ. ഷംസീർ
58. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
59. ശ്രീ. ജി. സുധാകരൻ
60. ശ്രീ. വി. ആർ. സുനിൽ കുമാർ
61. ശ്രീ. വി. എസ്. സുനിൽ കുമാർ
62. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
63. ശ്രീ. കെ. സുരേഷ് കുറുപ്പ്
64. ശ്രീ. എം. സ്വരാജ്
65. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
66. ശ്രീ. പി. തിലോത്തമൻ
67. ഡോ. ടി. എം. തോമസ് ഐസക്

68. ശ്രീ. കെ. വി. വിജയദാസ്

69. ശ്രീ. ഇ. കെ. വിജയൻ

70. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. അടൂർ പ്രകാശ്
6. ശ്രീ. ടി. എ. അഹമ്മദ് കബീർ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. അനിൽ അക്കര
9. ശ്രീ. എ. പി. അനിൽ കുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. വി. ടി. ബൽറാം
14. ശ്രീ. പി. കെ. ബഷീർ
15. ശ്രീ. എൽദോസ് കുന്നപ്പിള്ളി
16. ശ്രീ. ഹൈബി ഈഡൻ
17. ശ്രീ. ടി. വി. ഇബ്രാഹിം
18. ഡോ. എൻ. ജയരാജ്
19. ശ്രീ. കെ. സി. ജോസഫ്
20. ശ്രീ. പി. ജെ. ജോസഫ്

21. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
22. ശ്രീ. മോൻസ് ജോസഫ്
23. ശ്രീ. കെ. മുരളീധരൻ
24. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
25. ശ്രീ. ഉമ്മൻ ചാണ്ടി
26. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
27. ശ്രീ. രമേശ് ചെന്നിത്തല
28. ശ്രീ. റോജി എം. ജോൺ
29. ശ്രീ. റോഷി അഗസ്റ്റിൻ
30. ശ്രീ. കെ. എസ്. ശബരീനാഥൻ
31. ശ്രീ. വി. പി. സജീന്ദ്രൻ
32. ശ്രീ. എൻ. ഷംസുദ്ദീൻ
33. ശ്രീ. ഷാഫി പറമ്പിൽ
34. ശ്രീ. കെ. എം. ഷാജി
35. ശ്രീ. വി. എസ്. ശിവകുമാർ
36. ശ്രീ. സണ്ണി ജോസഫ്
37. ശ്രീ. സി. എഫ്. തോമസ്
38. ശ്രീ. പി. ടി. തോമസ്
39. ശ്രീ. പി. ഉബൈദുള്ള
40. ശ്രീ. എം. ഉമ്മർ

<u>മി. സ്പീക്കർ:</u> അനുകൂലിക്കുന്നവർ - 70

പ്രതികൂലിക്കുന്നവർ - 40

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,00,04,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

<u>ശ്രീ. കെ. സി. ജോസഫ്</u> : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാന്
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീ. എ. കെ. ബാലൻ
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. കെ. ദാസൻ
11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീ. എൽദോ എബ്രഹാം
13. ശ്രീമതി ഗീതാ ഗോപി
14. ശ്രീ. ജോർജ് എം. തോമസ്
15. ശ്രീ. സി. കെ. ഹരീന്ദ്രൻ
16. ഡോ. കെ. ടി. ജലീൽ
17. ശ്രീ. ജി. എസ്. ജയലാൽ

18. ശ്രീ. ഇ. പി. ജയരാജൻ

19. ശ്രീ. ജോൺ ഫെർണാണ്ടസ്

20. ശ്രീ. വി. ജോയി

21. ശ്രീ. ഒ. ആർ. കേളു

22. ശ്രീ. സി. കൃഷ്ണൻ

23. ശ്രീ. കെ. കൃഷ്ണൻകുട്ടി

24. ശ്രീ. കെ. കുഞ്ഞിരാമൻ

25. ശ്രീ. കോവൂർ കുഞ്ഞുമോൻ

26. ശ്രീ. വി. കെ. സി. മമ്മത് കോയ

27. ശ്രീ. എം. എം. മണി

28. ശ്രീ. മാത്യു ടി. തോമസ്

29. ശ്രീ. കെ. ജെ. മാക്സി

30. ശ്രീമതി ജെ. മേഴ്സിക്കുട്ടിഅമ്മ

31. ശ്രീ. എ. സി. മൊയ്തീൻ

32. ശ്രീ. മുഹമ്മദ് മുഹസിൻ. പി.

33. ശ്രീ. മുരളി പെരുനെല്ലി

34. ശ്രീ. സി. കെ. നാണു

35. ശ്രീ. യു. ആർ. പ്രദീപ്

36. ശ്രീ. എ. പ്രദീപ് കുമാർ

37. ശ്രീമതി യു. പ്രതിഭ ഹരി

38. ശ്രീ. പുരുഷൻ കടലുണ്ടി

39. ശ്രീ. പി. ടി. എ. റഹീം

40. ശ്രീ. എം. രാജഗോപാലൻ

41. ശ്രീ. കെ. രാജൻ

42. ശ്രീ. എസ്. രാജേന്ദ്രൻ
43. ശ്രീ. ആർ. രാജേഷ്
44. ശ്രീ. റ്റി. വി. രാജേഷ്
45. ശ്രീ. കെ. രാജു
46. ശ്രീ. രാജു എബ്രഹാം
47. ശ്രീ. ആർ. രാമചന്ദ്രൻ
48. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
49. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
50. ശ്രീ. മുല്ലക്കര രത്നാകരൻ
51. പ്രൊഫ. സി. രവീന്ദ്രനാഥ്
52. ശ്രീ. കാരാട്ട് റസാഖ്
53. ശ്രീ. എസ്. ശർമ്മ
54. ശ്രീ. എ. കെ. ശശീന്ദ്രൻ
55. ശ്രീ. സി. കെ. ശശീന്ദ്രൻ
56. ശ്രീ. വി. ശശി
57. ശ്രീ. എ. എൻ. ഷംസീർ
58. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
59. ശ്രീ. ജി. സുധാകരൻ
60. ശ്രീ. വി. ആർ. സുനിൽ കുമാർ
61. ശ്രീ. വി. എസ്. സുനിൽ കുമാർ
62. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
63. ശ്രീ. കെ. സുരേഷ് കുറുപ്പ്
64. ശ്രീ. എം. സ്വരാജ്
65. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
66. ശ്രീ. പി. തിലോത്തമൻ

67. ഡോ. ടി. എം. തോമസ് ഐസക്
68. ശ്രീ. കെ. വി. വിജയദാസ്
69. ശ്രീ. ഇ. കെ. വിജയൻ
70. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. അടൂർ പ്രകാശ്
6. ശ്രീ. ടി. എ. അഹമ്മദ് കബീർ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. അനിൽ അക്കര
9. ശ്രീ. എ. പി. അനിൽ കുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. വി. ടി. ബൽറാം
14. ശ്രീ. പി. കെ. ബഷീർ
15. ശ്രീ. എൽദോസ് കുന്നപ്പിള്ളി
16. ശ്രീ. ഹൈബി ഈഡൻ
17. ശ്രീ. ടി. വി. ഇബ്രാഹിം
18. ഡോ. എൻ. ജയരാജ്
19. ശ്രീ. കെ. സി. ജോസഫ്

20. ശ്രീ. പി. ജെ. ജോസഫ്
21. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
22. ശ്രീ. മോൻസ് ജോസഫ്
23. ശ്രീ. കെ. മുരളീധരൻ
24. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
25. ശ്രീ. ഉമ്മൻ ചാണ്ടി
26. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
27. ശ്രീ. രമേശ് ചെന്നിത്തല
28. ശ്രീ. റോജി എം. ജോൺ
29. ശ്രീ. റോഷി അഗസ്റ്റിൻ
30. ശ്രീ. കെ. എസ്. ശബരീനാഥൻ
31. ശ്രീ. വി. പി. സജീന്ദ്രൻ
32. ശ്രീ. എൻ. ഷംസുദ്ദീൻ
33. ശ്രീ. ഷാഫി പറമ്പിൽ
34. ശ്രീ. കെ. എം. ഷാജി
35. ശ്രീ. വി. എസ്. ശിവകുമാർ
36. ശ്രീ. സണ്ണി ജോസഫ്
37. ശ്രീ. സി. എഫ്. തോമസ്
38. ശ്രീ. പി. ടി. തോമസ്
39. ശ്രീ. പി. ഉബൈദുള്ള
40. ശ്രീ. എം. ഉമ്മർ

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 70

പ്രതികൂലിക്കുന്നവർ - 40

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,50,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ശ്രീ. കെ. സി. ജോസഫ് : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീ. എ. കെ. ബാലൻ
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. കെ. ദാസൻ
11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീ. എൽദോ എബ്രഹാം
13. ശ്രീമതി ഗീതാ ഗോപി
14. ശ്രീ. ജോർജ് എം. തോമസ്
15. ശ്രീ. സി. കെ. ഹരീന്ദ്രൻ
16. ഡോ. കെ. ടി. ജലീൽ
17. ശ്രീ. ജി. എസ്. ജയലാൽ
18. ശ്രീ. ഇ. പി. ജയരാജൻ

19. ശ്രീ. ജോൺ ഫെർണാണ്ടസ്
20. ശ്രീ. വി. ജോയി
21. ശ്രീ. ഒ. ആർ. കേളു
22. ശ്രീ. സി. കൃഷ്ണൻ
23. ശ്രീ. കെ. കൃഷ്ണൻകുട്ടി
24. ശ്രീ. കെ. കുഞ്ഞിരാമൻ
25. ശ്രീ. കോവൂർ കുഞ്ഞുമോൻ
26. ശ്രീ. വി. കെ. സി. മമ്മത് കോയ
27. ശ്രീ. എം. എം. മണി
28. ശ്രീ. മാത്യു ടി. തോമസ്
29. ശ്രീ. കെ. ജെ. മാക്സി
30. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
31. ശ്രീ. എ. സി. മൊയ്തീൻ
32. ശ്രീ. മുഹമ്മദ് മുഹസിൻ. പി.
33. ശ്രീ. മുരളി പെരുനെല്ലി
34. ശ്രീ. സി. കെ. നാണു
35. ശ്രീ. യു. ആർ. പ്രദീപ്
36. ശ്രീ. എ. പ്രദീപ് കുമാർ
37. ശ്രീമതി യു. പ്രതിഭ ഹരി
38. ശ്രീ. പുരുഷൻ കടലുണ്ടി
39. ശ്രീ. പി. ടി. എ. റഹീം
40. ശ്രീ. എം. രാജഗോപാലൻ
41. ശ്രീ. കെ. രാജൻ
42. ശ്രീ. എസ്. രാജേന്ദ്രൻ

43. ശ്രീ. ആർ. രാജേഷ്
44. ശ്രീ. റ്റി. വി. രാജേഷ്
45. ശ്രീ. കെ. രാജു
46. ശ്രീ. രാജു എബ്രഹാം
47. ശ്രീ. ആർ. രാമചന്ദ്രൻ
48. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
49. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
50. ശ്രീ. മുല്ലക്കര രത്നാകരൻ
51. പ്രൊഫ. സി. രവീന്ദ്രനാഥ്
52. ശ്രീ. കാരാട്ട് റസാഖ്
53. ശ്രീ. എസ്. ശർമ്മ
54. ശ്രീ. എ. കെ. ശശീന്ദ്രൻ
55. ശ്രീ. സി. കെ. ശശീന്ദ്രൻ
56. ശ്രീ. വി. ശശി
57. ശ്രീ. എ. എൻ. ഷംസീർ
58. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
59. ശ്രീ. ജി. സുധാകരൻ
60. ശ്രീ. വി. ആർ. സുനിൽ കുമാർ
61. ശ്രീ. വി. എസ്. സുനിൽ കുമാർ
62. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
63. ശ്രീ. കെ. സുരേഷ് കുറുപ്പ്
64. ശ്രീ. എം. സ്വരാജ്
65. ശ്രീ. ഇ. റ്റി. ടൈസൺ മാസ്റ്റർ
66. ശ്രീ. പി. തിലോത്തമൻ
67. ഡോ. ടി. എം. തോമസ് ഐസക്

68. ശ്രീ. കെ. വി. വിജയദാസ്
69. ശ്രീ. ഇ. കെ. വിജയൻ
70. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. അടൂർ പ്രകാശ്
6. ശ്രീ. ടി. എ. അഹമ്മദ് കബീർ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. അനിൽ അക്കര
9. ശ്രീ. എ. പി. അനിൽ കുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. വി. ടി. ബൽറാം
14. ശ്രീ. പി. കെ. ബഷീർ
15. ശ്രീ. എൽദോസ് കുന്നപ്പിള്ളി
16. ശ്രീ. ഹൈബി ഈഡൻ
17. ശ്രീ. ടി. വി. ഇബ്രാഹിം
18. ഡോ. എൻ. ജയരാജ്
19. ശ്രീ. കെ. സി. ജോസഫ്
20. ശ്രീ. പി. ജെ. ജോസഫ്

21. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
22. ശ്രീ. മോൻസ് ജോസഫ്
23. ശ്രീ. കെ. മുരളീധരൻ
24. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
25. ശ്രീ. ഉമ്മൻ ചാണ്ടി
26. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
27. ശ്രീ. രമേശ് ചെന്നിത്തല
28. ശ്രീ. റോജി എം. ജോൺ
29. ശ്രീ. റോഷി അഗസ്റ്റിൻ
30. ശ്രീ. കെ. എസ്. ശബരീനാഥൻ
31. ശ്രീ. വി. പി. സജീന്ദ്രൻ
32. ശ്രീ. എൻ. ഷംസുദ്ദീൻ
33. ശ്രീ. ഷാഫി പറമ്പിൽ
34. ശ്രീ. കെ. എം. ഷാജി
35. ശ്രീ. വി. എസ്. ശിവകുമാർ
36. ശ്രീ. സണ്ണി ജോസഫ്
37. ശ്രീ. സി. എഫ്. തോമസ്
38. ശ്രീ. പി. ടി. തോമസ്
39. ശ്രീ. പി. ഉബൈദുള്ള
40. ശ്രീ. എം. ഉമ്മർ

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 70

പ്രതികൂലിക്കുന്നവർ - 40

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

269/2019. ശ്രീ. കെ. സി. ജോസഫ് : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീ. എ. കെ. ബാലൻ
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. കെ. ദാസൻ
11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീ. എൽദോ എബ്രഹാം
13. ശ്രീമതി ഗീതാ ഗോപി
14. ശ്രീ. ജോർജ് എം. തോമസ്
15. ശ്രീ. സി. കെ. ഹരീന്ദ്രൻ
16. ഡോ. കെ. ടി. ജലീൽ
17. ശ്രീ. ജി. എസ്. ജയലാൽ

18. ശ്രീ. ഇ. പി. ജയരാജൻ
19. ശ്രീ. ജോൺ ഫെർണാണ്ടസ്
20. ശ്രീ. വി. ജോയി
21. ശ്രീ. ഒ. ആർ. കേളു
22. ശ്രീ. സി. കൃഷ്ണൻ
23. ശ്രീ. കെ. കൃഷ്ണൻകുട്ടി
24. ശ്രീ. കെ. കുഞ്ഞിരാമൻ
25. ശ്രീ. കോവൂർ കുഞ്ഞുമോൻ
26. ശ്രീ. വി. കെ. സി. മമ്മത് കോയ
27. ശ്രീ. എം. എം. മണി
28. ശ്രീ. മാത്യു ടി. തോമസ്
29. ശ്രീ. കെ. ജെ. മാക്സി
30. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
31. ശ്രീ. എ. സി. മൊയ്തീൻ
32. ശ്രീ. മുഹമ്മദ് മുഹസിൻ. പി.
33. ശ്രീ. മുരളി പെരുനെല്ലി
34. ശ്രീ. സി. കെ. നാണു
35. ശ്രീ. യു. ആർ. പ്രദീപ്
36. ശ്രീ. എ. പ്രദീപ് കുമാർ
37. ശ്രീമതി യു. പ്രതിഭ ഹരി
38. ശ്രീ. പുരുഷൻ കടലുണ്ടി
39. ശ്രീ. പി. ടി. എ. റഹീം
40. ശ്രീ. എം. രാജഗോപാലൻ
41. ശ്രീ. കെ. രാജൻ

42. ശ്രീ. എസ്. രാജേന്ദ്രൻ
43. ശ്രീ. ആർ. രാജേഷ്
44. ശ്രീ. റ്റി. വി. രാജേഷ്
45. ശ്രീ. കെ. രാജു
46. ശ്രീ. രാജു എബ്രഹാം
47. ശ്രീ. ആർ. രാമചന്ദ്രൻ
48. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
49. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
50. ശ്രീ. മുല്ലക്കര രത്നാകരൻ
51. പ്രൊഫ. സി. രവീന്ദ്രനാഥ്
52. ശ്രീ. കാരാട്ട് റസാഖ്
53. ശ്രീ. എസ്. ശർമ്മ
54. ശ്രീ. എ. കെ. ശശീന്ദ്രൻ
55. ശ്രീ. സി. കെ. ശശീന്ദ്രൻ
56. ശ്രീ. വി. ശശി
57. ശ്രീ. എ. എൻ. ഷംസീർ
58. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
59. ശ്രീ. ജി. സുധാകരൻ
60. ശ്രീ. വി. ആർ. സുനിൽ കുമാർ
61. ശ്രീ. വി. എസ്. സുനിൽ കുമാർ
62. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
63. ശ്രീ. കെ. സുരേഷ് കുറുപ്പ്
64. ശ്രീ. എം. സ്വരാജ്
65. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
66. ശ്രീ. പി. തിലോത്തമൻ

67. ഡോ. ടി. എം. തോമസ് ഐസക്

68. ശ്രീ. കെ. വി. വിജയദാസ്

69. ശ്രീ. ഇ. കെ. വിജയൻ

70. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. അടൂർ പ്രകാശ്
6. ശ്രീ. ടി. എ. അഹമ്മദ് കബീർ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. അനിൽ അക്കര
9. ശ്രീ. എ. പി. അനിൽ കുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. വി. ടി.. ബൽറാം
14. ശ്രീ. പി. കെ. ബഷീർ
15. ശ്രീ. എൽദോസ് കുന്നപ്പിള്ളി
16. ശ്രീ. ഹൈബി ഈഡൻ
17. ശ്രീ. ടി. വി. ഇബ്രാഹിം
18. ഡോ. എൻ. ജയരാജ്
19. ശ്രീ. കെ. സി. ജോസഫ്

20. ശ്രീ. പി. ജെ. ജോസഫ്
21. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
22. ശ്രീ. മോൻസ് ജോസഫ്
23. ശ്രീ. കെ. മുരളീധരൻ
24. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
25. ശ്രീ. ഉമ്മൻ ചാണ്ടി
26. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
27. ശ്രീ. രമേശ് ചെന്നിത്തല
28. ശ്രീ. റോജി എം. ജോൺ
29. ശ്രീ. റോഷി അഗസ്റ്റിൻ
30. ശ്രീ. കെ. എസ്. ശബരീനാഥൻ
31. ശ്രീ. വി. പി. സജീന്ദ്രൻ
32. ശ്രീ. എൻ. ഷംസുദ്ദീൻ
33. ശ്രീ. ഷാഫി പറമ്പിൽ
34. ശ്രീ. കെ. എം. ഷാജി
35. ശ്രീ. വി. എസ്. ശിവകുമാർ
36. ശ്രീ. സണ്ണി ജോസഫ്
37. ശ്രീ. സി. എഫ്. തോമസ്
38. ശ്രീ. പി. ടി. തോമസ്
39. ശ്രീ. പി. ഉബൈദുള്ള
40. ശ്രീ. എം. ഉമ്മർ

<u>മി. സ്പീക്കർ:</u> അനുകൂലിക്കുന്നവർ - 70

പ്രതികൂലിക്കുന്നവർ - 40

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ശ്രീ. കെ. സി. ജോസഫ് : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീ. എ. കെ. ബാലൻ
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. കെ. ദാസൻ
11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീ. എൽദോ എബ്രഹാം
13. ശ്രീമതി ഗീതാ ഗോപി
14. ശ്രീ. ജോർജ് എം. തോമസ്
15. ശ്രീ. സി. കെ. ഹരീന്ദ്രൻ
16. ഡോ. കെ. ടി. ജലീൽ
17. ശ്രീ. ജി. എസ്. ജയലാൽ

18. ശ്രീ. ഇ. പി. ജയരാജൻ
19. ശ്രീ. ജോൺ ഫെർണാണ്ടസ്
20. ശ്രീ. വി. ജോയി
21. ശ്രീ. ഒ. ആർ. കേളു
22. ശ്രീ. സി. കൃഷ്ണൻ
23. ശ്രീ. കെ. കൃഷ്ണൻകുട്ടി
24. ശ്രീ. കെ. കുഞ്ഞിരാമൻ
25. ശ്രീ. കോവൂർ കുഞ്ഞുമോൻ
26. ശ്രീ. വി. കെ. സി. മമ്മത് കോയ
27. ശ്രീ. എം. എം. മണി
28. ശ്രീ. മാത്യു ടി. തോമസ്
29. ശ്രീ. കെ. ജെ. മാക്സി
30. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
31. ശ്രീ. എ. സി. മൊയ്തീൻ
32. ശ്രീ. മുഹമ്മദ് മുഹസിൻ. പി.
33. ശ്രീ. മുരളി പെരുനെല്ലി
34. ശ്രീ. സി. കെ. നാണു
35. ശ്രീ. യു. ആർ. പ്രദീപ്
36. ശ്രീ. എ. പ്രദീപ് കുമാർ
37. ശ്രീമതി യു. പ്രതിഭ ഹരി
38. ശ്രീ. പുരുഷൻ കടലുണ്ടി
39. ശ്രീ. പി. ടി. എ. റഹീം
40. ശ്രീ. എം. രാജഗോപാലൻ
41. ശ്രീ. കെ. രാജൻ

42. ശ്രീ. എസ്. രാജേന്ദ്രൻ
43. ശ്രീ. ആർ. രാജേഷ്
44. ശ്രീ. റ്റി. വി. രാജേഷ്
45. ശ്രീ. കെ. രാജു
46. ശ്രീ. രാജു എബ്രഹാം
47. ശ്രീ. ആർ. രാമചന്ദ്രൻ
48. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
49. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
50. ശ്രീ. മുല്ലക്കര രത്നാകരൻ
51. പ്രൊഫ. സി. രവീന്ദ്രനാഥ്
52. ശ്രീ. കാരാട്ട് റസാഖ്
53. ശ്രീ. എസ്. ശർമ്മ
54. ശ്രീ. എ. കെ. ശശീന്ദ്രൻ
55. ശ്രീ. സി. കെ. ശശീന്ദ്രൻ
56. ശ്രീ. വി. ശശി
57. ശ്രീ. എ. എൻ. ഷംസീർ
58. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
59. ശ്രീ. ജി. സുധാകരൻ
60. ശ്രീ. വി. ആർ. സുനിൽ കുമാർ
61. ശ്രീ. വി. എസ്. സുനിൽ കുമാർ
62. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
63. ശ്രീ. കെ. സുരേഷ് കുറുപ്പ്
64. ശ്രീ. എം. സ്വരാജ്
65. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
66. ശ്രീ. പി. തിലോത്തമൻ

67. ഡോ. ടി. എം. തോമസ് ഐസക്

68. ശ്രീ. കെ. വി. വിജയദാസ്

69. ശ്രീ. ഇ. കെ. വിജയൻ

70. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്.പി.

2. ശ്രീ. പാറക്കൽ അബ്ദുല്ല

3. ശ്രീ. പി. കെ. അബ്ദു റബ്ബ്

4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

5. ശ്രീ. അടൂർ പ്രകാശ്

6. ശ്രീ. ടി. എ. അഹമ്മദ് കബീർ

7. ശ്രീ. മഞ്ഞളാംകുഴി അലി

8. ശ്രീ. അനിൽ അക്കര

9. ശ്രീ. എ. പി. അനിൽ കുമാർ

10. ശ്രീ. അനൂപ് ജേക്കബ്

11. ശ്രീ. അൻവർ സാദത്ത്

12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

13. ശ്രീ. വി. ടി. ബൽറാം

14. ശ്രീ. പി. കെ. ബഷീർ

15. ശ്രീ. എൽദോസ് കുന്നപ്പിള്ളി

16. ശ്രീ. ഹൈബി ഈഡൻ

17. ശ്രീ. ടി. വി. ഇബ്രാഹിം

18. ഡോ. എൻ. ജയരാജ്

19. ശ്രീ. കെ. സി. ജോസഫ്

20. ശ്രീ. പി. ജെ. ജോസഫ്

21. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

22. ശ്രീ. മോൻസ് ജോസഫ്

23. ശ്രീ. കെ. മുരളീധരൻ

24. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

25. ശ്രീ. ഉമ്മൻ ചാണ്ടി

26. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

27. ശ്രീ. രമേശ് ചെന്നിത്തല

28. ശ്രീ. റോജി എം. ജോൺ

29. ശ്രീ. റോഷി അഗസ്റ്റിൻ

30. ശ്രീ. കെ. എസ്. ശബരീനാഥൻ

31. ശ്രീ. വി. പി. സജീന്ദ്രൻ

32. ശ്രീ. എൻ. ഷംസുദ്ദീൻ

33. ശ്രീ. ഷാഫി പറമ്പിൽ

34. ശ്രീ. കെ. എം. ഷാജി

35. ശ്രീ. വി. എസ്. ശിവകുമാർ

36. ശ്രീ. സണ്ണി ജോസഫ്

37. ശ്രീ. സി. എഫ്. തോമസ്

38. ശ്രീ. പി. ടി. തോമസ്

39. ശ്രീ. പി. ഉബൈദുള്ള

40. ശ്രീ. എം. ഉമ്മർ

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 70

പ്രതികൂലിക്കുന്നവർ - 40

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 128,63,35,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ശ്രീ. കെ. സി. ജോസഫ് : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീ. എ. കെ. ബാലൻ
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. കെ. ദാസൻ
11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീ. എൽദോ എബ്രഹാം
13. ശ്രീമതി ഗീതാ ഗോപി
14. ശ്രീ. ജോർജ് എം. തോമസ്
15. ശ്രീ. സി. കെ. ഹരീന്ദ്രൻ
16. ഡോ. കെ. ടി. ജലീൽ
17. ശ്രീ. ജി. എസ്. ജയലാൽ

18. ശ്രീ. ഇ. പി. ജയരാജൻ
19. ശ്രീ. ജോൺ ഫെർണാണ്ടസ്
20. ശ്രീ. വി. ജോയി
21. ശ്രീ. ഒ. ആർ. കേളു
22. ശ്രീ. സി. കൃഷ്ണൻ
23. ശ്രീ. കെ. കൃഷ്ണൻകുട്ടി
24. ശ്രീ. കെ. കുഞ്ഞിരാമൻ
25. ശ്രീ. കോവൂർ കുഞ്ഞുമോൻ
26. ശ്രീ. വി. കെ. സി. മമ്മത് കോയ
27. ശ്രീ. എം. എം. മണി
28. ശ്രീ. മാത്യു ടി. തോമസ്
29. ശ്രീ. കെ. ജെ. മാക്സി
30. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
31. ശ്രീ. എ. സി. മൊയ്തീൻ
32. ശ്രീ. മുഹമ്മദ് മുഹസിൻ. പി.
33. ശ്രീ. മുരളി പെരുനെല്ലി
34. ശ്രീ. സി. കെ. നാണു
35. ശ്രീ. യു. ആർ. പ്രദീപ്
36. ശ്രീ. എ. പ്രദീപ് കുമാർ
37. ശ്രീമതി യു. പ്രതിഭ ഹരി
38. ശ്രീ. പുരുഷൻ കടലുണ്ടി
39. ശ്രീ. പി. ടി. എ. റഹീം
40. ശ്രീ. എം. രാജഗോപാലൻ
41. ശ്രീ. കെ. രാജൻ

42. ശ്രീ. എസ്. രാജേന്ദ്രൻ
43. ശ്രീ. ആർ. രാജേഷ്
44. ശ്രീ. റ്റി. വി. രാജേഷ്
45. ശ്രീ. കെ. രാജു
46. ശ്രീ. രാജു എബ്രഹാം
47. ശ്രീ. ആർ. രാമചന്ദ്രൻ
48. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
49. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
50. ശ്രീ. മുല്ലക്കര രത്നാകരൻ
51. പ്രൊഫ. സി. രവീന്ദ്രനാഥ്
52. ശ്രീ. കാരാട്ട് റസാഖ്
53. ശ്രീ. എസ്. ശർമ്മ
54. ശ്രീ. എ. കെ. ശശീന്ദ്രൻ
55. ശ്രീ. സി. കെ. ശശീന്ദ്രൻ
56. ശ്രീ. വി. ശശി
57. ശ്രീ. എ. എൻ. ഷംസീർ
58. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
59. ശ്രീ. ജി. സുധാകരൻ
60. ശ്രീ. വി. ആർ. സുനിൽ കുമാർ
61. ശ്രീ. വി. എസ്. സുനിൽ കുമാർ
62. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
63. ശ്രീ. കെ. സുരേഷ് കുറുപ്പ്
64. ശ്രീ. എം. സ്വരാജ്
65. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
66. ശ്രീ. പി. തിലോത്തമൻ

67. ഡോ. ടി. എം. തോമസ് ഐസക്

68. ശ്രീ. കെ. വി. വിജയദാസ്

69. ശ്രീ. ഇ. കെ. വിജയൻ

70. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്.പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. അടൂർ പ്രകാശ്
6. ശ്രീ. ടി. എ. അഹമ്മദ് കബീർ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. അനിൽ അക്കര
9. ശ്രീ. എ. പി. അനിൽ കുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. വി. ടി. ബൽറാം
14. ശ്രീ. പി. കെ. ബഷീർ
15. ശ്രീ. എൽദോസ് കുന്നപ്പിള്ളി
16. ശ്രീ. ഹൈബി ഈഡൻ
17. ശ്രീ. ടി. വി. ഇബ്രാഹിം
18. ഡോ. എൻ. ജയരാജ്
19. ശ്രീ. കെ. സി. ജോസഫ്

20. ശ്രീ. പി. ജെ. ജോസഫ്
21. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
22. ശ്രീ. മോൻസ് ജോസഫ്
23. ശ്രീ. കെ. മുരളീധരൻ
24. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
25. ശ്രീ. ഉമ്മൻ ചാണ്ടി
26. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
27. ശ്രീ. രമേശ് ചെന്നിത്തല
28. ശ്രീ. റോജി എം. ജോൺ
29. ശ്രീ. റോഷി അഗസ്റ്റിൻ
30. ശ്രീ. കെ. എസ്. ശബരീനാഥൻ
31. ശ്രീ. വി. പി. സജീന്ദ്രൻ
32. ശ്രീ. എൻ. ഷംസുദ്ദീൻ
33. ശ്രീ. ഷാഫി പറമ്പിൽ
34. ശ്രീ. കെ. എം. ഷാജി
35. ശ്രീ. വി. എസ്. ശിവകുമാർ
36. ശ്രീ. സണ്ണി ജോസഫ്
37. ശ്രീ. സി. എഫ്. തോമസ്
38. ശ്രീ. പി. ടി. തോമസ്
39. ശ്രീ. പി. ഉബൈദുള്ള
40. ശ്രീ. എം. ഉമ്മർ

<u>മി. സ്പീക്കർ:</u> അനുകൂലിക്കുന്നവർ - 70

പ്രതികൂലിക്കുന്നവർ - 40

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

<u>ശ്രീ. കെ. സി. ജോസഫ്</u> : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീ. എ. കെ. ബാലൻ
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. കെ. ദാസൻ
11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീ. എൽദോ എബ്രഹാം
13. ശ്രീമതി ഗീതാ ഗോപി
14. ശ്രീ. ജോർജ് എം. തോമസ്
15. ശ്രീ. സി. കെ. ഹരീന്ദ്രൻ
16. ഡോ. കെ. ടി. ജലീൽ
17. ശ്രീ. ജി. എസ്. ജയലാൽ
18. ശ്രീ. ഇ. പി. ജയരാജൻ

19. ശ്രീ. ജോൺ ഫെർണാണ്ടസ്
20. ശ്രീ. വി. ജോയി
21. ശ്രീ. ഒ. ആർ. കേളു
22. ശ്രീ. സി. കൃഷ്ണൻ
23. ശ്രീ. കെ. കൃഷ്ണൻകുട്ടി
24. ശ്രീ. കെ. കുഞ്ഞിരാമൻ
25. ശ്രീ. കോവൂർ കുഞ്ഞുമോൻ
26. ശ്രീ. വി. കെ. സി. മമ്മത് കോയ
27. ശ്രീ. എം. എം. മണി
28. ശ്രീ. മാത്യു ടി. തോമസ്
29. ശ്രീ. കെ. ജെ. മാക്സി
30. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
31. ശ്രീ. എ. സി. മൊയ്തീൻ
32. ശ്രീ. മുഹമ്മദ് മുഹസിൻ. പി.
33. ശ്രീ. മുരളി പെരുനെല്ലി
34. ശ്രീ. സി. കെ. നാണു
35. ശ്രീ. യു. ആർ. പ്രദീപ്
36. ശ്രീ. എ. പ്രദീപ് കുമാർ
37. ശ്രീമതി യു. പ്രതിഭ ഹരി
38. ശ്രീ. പുരുഷൻ കടലുണ്ടി
39. ശ്രീ. പി. ടി. എ. റഹീം
40. ശ്രീ. എം. രാജഗോപാലൻ
41. ശ്രീ. കെ. രാജൻ
42. ശ്രീ. എസ്. രാജേന്ദ്രൻ

43. ശ്രീ. ആർ. രാജേഷ്

44. ശ്രീ. റ്റി. വി. രാജേഷ്

45. ശ്രീ. കെ. രാജു

46. ശ്രീ. രാജു എബ്രഹാം

47. ശ്രീ. ആർ. രാമചന്ദ്രൻ

48. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

49. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ

50. ശ്രീ. മുല്ലക്കര രത്നാകരൻ

51. പ്രൊഫ. സി. രവീന്ദ്രനാഥ്

52. ശ്രീ. കാരാട്ട് റസാഖ്

53. ശ്രീ. എസ്. ശർമ്മ

54. ശ്രീ. എ. കെ. ശശീന്ദ്രൻ

55. ശ്രീ. സി. കെ. ശശീന്ദ്രൻ

56. ശ്രീ. വി. ശശി

57. ശ്രീ. എ. എൻ. ഷംസീർ

58. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

59. ശ്രീ. ജി. സുധാകരൻ

60. ശ്രീ. വി. ആർ. സുനിൽ കുമാർ

61. ശ്രീ. വി. എസ്. സുനിൽ കുമാർ

62. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

63. ശ്രീ. കെ. സുരേഷ് കുറുപ്പ്

64. ശ്രീ. എം. സ്വരാജ്

65. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

66. ശ്രീ. പി. തിലോത്തമൻ

67. ഡോ. ടി. എം. തോമസ് ഐസക്

68. ശ്രീ. കെ. വി. വിജയദാസ്

69. ശ്രീ. ഇ. കെ. വിജയൻ

70. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. അടൂർ പ്രകാശ്
6. ശ്രീ. ടി. എ. അഹമ്മദ് കബീർ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. അനിൽ അക്കര
9. ശ്രീ. എ. പി. അനിൽ കുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. വി. ടി. ബൽറാം
14. ശ്രീ. പി. കെ. ബഷീർ
15. ശ്രീ. എൽദോസ് കുന്നപ്പിള്ളി
16. ശ്രീ. ഹൈബി ഈഡൻ
17. ശ്രീ. ടി. വി. ഇബ്രാഹിം
18. ഡോ. എൻ. ജയരാജ്
19. ശ്രീ. കെ. സി. ജോസഫ്
20. ശ്രീ. പി. ജെ. ജോസഫ്
21. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
22. ശ്രീ. മോൻസ് ജോസഫ്
23. ശ്രീ. കെ. മുരളീധരൻ
24. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
25. ശ്രീ. ഉമ്മൻ ചാണ്ടി

26. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
27. ശ്രീ. രമേശ് ചെന്നിത്തല
28. ശ്രീ. റോജി എം. ജോൺ
29. ശ്രീ. റോഷി അഗസ്റ്റിൻ
30. ശ്രീ. കെ. എസ്. ശബരീനാഥൻ
31. ശ്രീ. വി. പി. സജീന്ദ്രൻ
32. ശ്രീ. എൻ. ഷംസുദ്ദീൻ
33. ശ്രീ. ഷാഫി പറമ്പിൽ
34. ശ്രീ. കെ. എം. ഷാജി
35. ശ്രീ. വി. എസ്. ശിവകുമാർ
36. ശ്രീ. സണ്ണി ജോസഫ്
37. ശ്രീ. സി. എഫ്. തോമസ്
38. ശ്രീ. പി. ടി. തോമസ്
39. ശ്രീ. പി. ഉബൈദുള്ള
40. ശ്രീ. എം. ഉമ്മർ

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 70

പ്രതികൂലിക്കുന്നവർ - 40

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 123,85,34,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ശ്രീ. കെ. സി. ജോസഫ് : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ

2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീ. എ. കെ. ബാലൻ
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. കെ. ദാസൻ
11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീ. എൽദോ എബ്രഹാം
13. ശ്രീമതി ഗീതാ ഗോപി
14. ശ്രീ. ജോർജ് എം. തോമസ്
15. ശ്രീ. സി. കെ. ഹരീന്ദ്രൻ
16. ഡോ. കെ. ടി. ജലീൽ
17. ശ്രീ. ജി. എസ്. ജയലാൽ
18. ശ്രീ. ഇ. പി. ജയരാജൻ
19. ശ്രീ. ജോൺ ഫെർണാണ്ടസ്
20. ശ്രീ. വി. ജോയി
21. ശ്രീ. ഒ. ആർ. കേളു
22. ശ്രീ. സി. കൃഷ്ണൻ
23. ശ്രീ. കെ. കൃഷ്ണൻകുട്ടി
24. ശ്രീ. കെ. കുഞ്ഞിരാമൻ
25. ശ്രീ. കോവൂർ കുഞ്ഞുമോൻ
26. ശ്രീ. വി. കെ. സി. മമ്മത് കോയ
27. ശ്രീ. എം. എം. മണി
28. ശ്രീ. മാത്യു ടി. തോമസ്

29. ശ്രീ. കെ. ജെ. മാക്സി
30. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
31. ശ്രീ. എ. സി. മൊയ്തീൻ
32. ശ്രീ. മുഹമ്മദ് മുഹസിൻ. പി.
33. ശ്രീ. മുരളി പെരുനെല്ലി
34. ശ്രീ. സി. കെ. നാണു
35. ശ്രീ. യു. ആർ. പ്രദീപ്
36. ശ്രീ. എ. പ്രദീപ് കുമാർ
37. ശ്രീമതി യു. പ്രതിഭ ഹരി
38. ശ്രീ. പുരുഷൻ കടലുണ്ടി
39. ശ്രീ. പി. ടി. എ. റഹീം
40. ശ്രീ. എം. രാജഗോപാലൻ
41. ശ്രീ. കെ. രാജൻ
42. ശ്രീ. എസ്. രാജേന്ദ്രൻ
43. ശ്രീ. ആർ. രാജേഷ്
44. ശ്രീ. റ്റി. വി. രാജേഷ്
45. ശ്രീ. കെ. രാജു
46. ശ്രീ. രാജു എബ്രഹാം
47. ശ്രീ. ആർ. രാമചന്ദ്രൻ
48. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
49. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
50. ശ്രീ. മുല്ലക്കര രത്നാകരൻ
51. പ്രൊഫ. സി. രവീന്ദ്രനാഥ്
52. ശ്രീ. കാരാട്ട് റസാഖ്
53. ശ്രീ. എസ്. ശർമ്മ
54. ശ്രീ. എ. കെ. ശശീന്ദ്രൻ
55. ശ്രീ. സി. കെ. ശശീന്ദ്രൻ
56. ശ്രീ. വി. ശശി

57. ശ്രീ. എ. എൻ. ഷംസീർ
58. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
59. ശ്രീ. ജി. സുധാകരൻ
60. ശ്രീ. വി. ആർ. സുനിൽ കുമാർ
61. ശ്രീ. വി. എസ്. സുനിൽ കുമാർ
62. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
63. ശ്രീ. കെ. സുരേഷ് കുറുപ്പ്
64. ശ്രീ. എം. സ്വരാജ്
65. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
66. ശ്രീ. പി. തിലോത്തമൻ
67. ഡോ. ടി. എം. തോമസ് ഐസക്
68. ശ്രീ. കെ. വി. വിജയദാസ്
69. ശ്രീ. ഇ. കെ. വിജയൻ
70. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. അടൂർ പ്രകാശ്
6. ശ്രീ. ടി. എ. അഹമ്മദ് കബീർ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. അനിൽ അക്കര
9. ശ്രീ. എ. പി. അനിൽ കുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്

12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. വി. ടി. ബൽറാം
14. ശ്രീ. പി. കെ. ബഷീർ
15. ശ്രീ. എൽദോസ് കുന്നപ്പിള്ളി
16. ശ്രീ. ഹൈബി ഈഡൻ
17. ശ്രീ. ടി. വി. ഇബ്രാഹിം
18. ഡോ. എൻ. ജയരാജ്
19. ശ്രീ. കെ. സി. ജോസഫ്
20. ശ്രീ. പി. ജെ. ജോസഫ്
21. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
22. ശ്രീ. മോൻസ് ജോസഫ്
23. ശ്രീ. കെ. മുരളീധരൻ
24. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
25. ശ്രീ. ഉമ്മൻ ചാണ്ടി
26. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
27. ശ്രീ. രമേശ് ചെന്നിത്തല
28. ശ്രീ. റോജി എം. ജോൺ
29. ശ്രീ. റോഷി അഗസ്റ്റിൻ
30. ശ്രീ. കെ. എസ്. ശബരീനാഥൻ
31. ശ്രീ. വി. പി. സജീന്ദ്രൻ
32. ശ്രീ. എൻ. ഷംസുദ്ദീൻ
33. ശ്രീ. ഷാഫി പറമ്പിൽ
34. ശ്രീ. കെ. എം. ഷാജി
35. ശ്രീ. വി. എസ്. ശിവകുമാർ

36. ശ്രീ. സണ്ണി ജോസഫ്

37. ശ്രീ. സി. എഫ്. തോമസ്

38. ശ്രീ. പി. ടി. തോമസ്

39. ശ്രീ. പി. ഉബൈദുള്ള

40. ശ്രീ. എം. ഉമ്മർ

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 70

പ്രതികൂലിക്കുന്നവർ - 40

നിഷ്പക്ഷത പാലിക്കുന്നവർ- ആരുമില്ല.

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 20,00,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ശ്രീ. കെ. സി. ജോസഫ് : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ

2. ശ്രീ. വി. അബ്ദുറഹിമാൻ

3. ശ്രീമതി പി. അയിഷാ പോറ്റി

4. ശ്രീ. കെ. ആൻസലൻ

5. ശ്രീ. എ. എം. ആരിഫ്

6. പ്രൊഫ. കെ. യു. അരുണൻ

7. ശ്രീ. എ. കെ. ബാലൻ

8. ശ്രീമതി ഇ. എസ്. ബിജിമോൾ

9. ശ്രീ. ഇ. ചന്ദ്രശേഖരൻ

10. ശ്രീ. കെ. ദാസൻ
11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീ. എൽദോ എബ്രഹാം
13. ശ്രീമതി ഗീതാ ഗോപി
14. ശ്രീ. ജോർജ് എം. തോമസ്
15. ശ്രീ. സി. കെ. ഹരീന്ദ്രൻ
16. ഡോ. കെ. ടി. ജലീൽ
17. ശ്രീ. ജി. എസ്. ജയലാൽ
18. ശ്രീ. ഇ. പി. ജയരാജൻ
19. ശ്രീ. ജോൺ ഫെർണാണ്ടസ്
20. ശ്രീ. വി. ജോയി
21. ശ്രീ. ഒ. ആർ. കേളു
22. ശ്രീ. സി. കൃഷ്ണൻ
23. ശ്രീ. കെ. കൃഷ്ണൻകുട്ടി
24. ശ്രീ. കെ. കുഞ്ഞിരാമൻ
25. ശ്രീ. കോവൂർ കുഞ്ഞുമോൻ
26. ശ്രീ. വി. കെ. സി. മമ്മത് കോയ
27. ശ്രീ. എം. എം. മണി
28. ശ്രീ. മാത്യു ടി. തോമസ്
29. ശ്രീ. കെ. ജെ. മാക്സി
30. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
31. ശ്രീ. എ. സി. മൊയ്തീൻ
32. ശ്രീ. മുഹമ്മദ് മുഹസിൻ. പി.
33. ശ്രീ. മുരളി പെരുനെല്ലി

34. ശ്രീ. സി. കെ. നാണു
35. ശ്രീ. യു. ആർ. പ്രദീപ്
36. ശ്രീ. എ. പ്രദീപ് കുമാർ
37. ശ്രീമതി യു. പ്രതിഭ ഹരി
38. ശ്രീ. പുരുഷൻ കടലുണ്ടി
39. ശ്രീ. പി. ടി. എ. റഹീം
40. ശ്രീ. എം. രാജഗോപാലൻ
41. ശ്രീ. കെ. രാജൻ
42. ശ്രീ. എസ്. രാജേന്ദ്രൻ
43. ശ്രീ. ആർ. രാജേഷ്
44. ശ്രീ. റ്റി. വി. രാജേഷ്
45. ശ്രീ. കെ. രാജു
46. ശ്രീ. രാജു എബ്രഹാം
47. ശ്രീ. ആർ. രാമചന്ദ്രൻ
48. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
49. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
50. ശ്രീ. മുല്ലക്കര രത്നാകരൻ
51. പ്രൊഫ. സി. രവീന്ദ്രനാഥ്
52. ശ്രീ. കാരാട്ട് റസാഖ്
53. ശ്രീ. എസ്. ശർമ്മ
54. ശ്രീ. എ. കെ. ശശീന്ദ്രൻ
55. ശ്രീ. സി. കെ. ശശീന്ദ്രൻ
56. ശ്രീ. വി. ശശി
57. ശ്രീ. എ. എൻ. ഷംസീർ

58. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
59. ശ്രീ. ജി. സുധാകരൻ
60. ശ്രീ. വി. ആർ. സുനിൽ കുമാർ
61. ശ്രീ. വി. എസ്. സുനിൽ കുമാർ
62. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
63. ശ്രീ. കെ. സുരേഷ് കുറുപ്പ്
64. ശ്രീ. എം. സ്വരാജ്
65. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
66. ശ്രീ. പി. തിലോത്തമൻ
67. ഡോ. ടി. എം. തോമസ് ഐസക്
68. ശ്രീ. കെ. വി. വിജയദാസ്
69. ശ്രീ. ഇ. കെ. വിജയൻ
70. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്.പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. അടൂർ പ്രകാശ്
6. ശ്രീ. ടി. എ. അഹമ്മദ് കബീർ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. അനിൽ അക്കര
9. ശ്രീ. എ. പി. അനിൽ കുമാർ
10. ശ്രീ. അനൂപ് ജേക്കബ്

11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. വി. ടി. ബൽറാം
14. ശ്രീ. പി. കെ. ബഷീർ
15. ശ്രീ. എൽദോസ് കുന്നപ്പിള്ളി
16. ശ്രീ. ഹൈബി ഈഡൻ
17. ശ്രീ. ടി. വി. ഇബ്രാഹിം
18. ഡോ. എൻ. ജയരാജ്
19. ശ്രീ. കെ. സി. ജോസഫ്
20. ശ്രീ. പി. ജെ. ജോസഫ്
21. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
22. ശ്രീ. മോൻസ് ജോസഫ്
23. ശ്രീ. കെ. മുരളീധരൻ
24. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
25. ശ്രീ. ഉമ്മൻ ചാണ്ടി
26. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
27. ശ്രീ. രമേശ് ചെന്നിത്തല
28. ശ്രീ. റോജി എം. ജോൺ
29. ശ്രീ. റോഷി അഗസ്റ്റിൻ
30. ശ്രീ. കെ. എസ്. ശബരീനാഥൻ
31. ശ്രീ. വി. പി. സജീന്ദ്രൻ
32. ശ്രീ. എൻ. ഷംസുദ്ദീൻ
33. ശ്രീ. ഷാഫി പറമ്പിൽ
34. ശ്രീ. കെ. എം. ഷാജി
35. ശ്രീ. വി. എസ്. ശിവകുമാർ

36. ശ്രീ. സണ്ണി ജോസഫ്

37. ശ്രീ. സി. എഫ്. തോമസ്

38. ശ്രീ. പി. ടി. തോമസ്

39. ശ്രീ. പി. ഉബൈദുള്ള

40. ശ്രീ. എം. ഉമ്മർ

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 70

പ്രതികൂലിക്കുന്നവർ - 40

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 11,00,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ശ്രീ. കെ. സി. ജോസഫ് : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ

2. ശ്രീ. വി. അബ്ദുറഹിമാൻ

3. ശ്രീമതി പി. അയിഷാ പോറ്റി

4. ശ്രീ. കെ. ആൻസലൻ

5. ശ്രീ. എ. എം. ആരിഫ്

6. പ്രൊഫ. കെ. യു. അരുണൻ

7. ശ്രീ. എ. കെ. ബാലൻ

8. ശ്രീമതി ഇ. എസ്. ബിജിമോൾ

9. ശ്രീ. ഇ. ചന്ദ്രശേഖരൻ

10. ശ്രീ. കെ. ദാസൻ

11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീ. എൽദോ എബ്രഹാം
13. ശ്രീമതി ഗീതാ ഗോപി
14. ശ്രീ. ജോർജ് എം. തോമസ്
15. ശ്രീ. സി. കെ. ഹരീന്ദ്രൻ
16. ഡോ. കെ. ടി. ജലീൽ
17. ശ്രീ. ജി. എസ്. ജയലാൽ
18. ശ്രീ. ഇ. പി. ജയരാജൻ
19. ശ്രീ. ജോൺ ഫെർണാണ്ടസ്
20. ശ്രീ. വി. ജോയി
21. ശ്രീ. ഒ. ആർ. കേളു
22. ശ്രീ. സി. കൃഷ്ണൻ
23. ശ്രീ. കെ. കൃഷ്ണൻകുട്ടി
24. ശ്രീ. കെ. കുഞ്ഞിരാമൻ
25. ശ്രീ. കോവൂർ കുഞ്ഞുമോൻ
26. ശ്രീ. വി. കെ. സി. മമ്മത് കോയ
27. ശ്രീ. എം. എം. മണി
28. ശ്രീ. മാത്യു ടി. തോമസ്
29. ശ്രീ. കെ. ജെ. മാക്സി
30. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
31. ശ്രീ. എ. സി. മൊയ്തീൻ
32. ശ്രീ. മുഹമ്മദ് മുഹസിൻ. പി.
33. ശ്രീ. മുരളി പെരുനെല്ലി
34. ശ്രീ. സി. കെ. നാണു

35. ശ്രീ. യു. ആർ. പ്രദീപ്
36. ശ്രീ. എ. പ്രദീപ് കുമാർ
37. ശ്രീമതി യു. പ്രതിഭ ഹരി
38. ശ്രീ. പുരുഷൻ കടലുണ്ടി
39. ശ്രീ. പി. ടി. എ. റഹീം
40. ശ്രീ. എം. രാജഗോപാലൻ
41. ശ്രീ. കെ. രാജൻ
42. ശ്രീ. എസ്. രാജേന്ദ്രൻ
43. ശ്രീ. ആർ. രാജേഷ്
44. ശ്രീ. റ്റി. വി. രാജേഷ്
45. ശ്രീ. കെ. രാജു
46. ശ്രീ. രാജു എബ്രഹാം
47. ശ്രീ. ആർ. രാമചന്ദ്രൻ
48. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
49. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
50. ശ്രീ. മുല്ലക്കര രത്നാകരൻ
51. പ്രൊഫ. സി. രവീന്ദ്രനാഥ്
52. ശ്രീ. കാരാട്ട് റസാഖ്
53. ശ്രീ. എസ്. ശർമ്മ
54. ശ്രീ. എ. കെ. ശശീന്ദ്രൻ
55. ശ്രീ. സി. കെ. ശശീന്ദ്രൻ
56. ശ്രീ. വി. ശശി
57. ശ്രീ. എ. എൻ. ഷംസീർ
58. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

59. ശ്രീ. ജി. സുധാകരൻ
60. ശ്രീ. വി. ആർ. സുനിൽ കുമാർ
61. ശ്രീ. വി. എസ്. സുനിൽ കുമാർ
62. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
63. ശ്രീ. കെ. സുരേഷ് കുറുപ്പ്
64. ശ്രീ. എം. സ്വരാജ്
65. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
66. ശ്രീ. പി. തിലോത്തമൻ
67. ഡോ. ടി. എം. തോമസ് ഐസക്
68. ശ്രീ. കെ. വി. വിജയദാസ്
69. ശ്രീ. ഇ. കെ. വിജയൻ
70. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്.പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. അടൂർ പ്രകാശ്
6. ശ്രീ. ടി. എ. അഹമ്മദ് കബീർ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. അനിൽ അക്കര
9. ശ്രീ. എ. പി. അനിൽ കുമാർ
10. ശ്രീ. അനൂപ് ജേക്കബ്

11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. വി. ടി. ബൽറാം
14. ശ്രീ. പി. കെ. ബഷീർ
15. ശ്രീ. എൽദോസ് കുന്നപ്പിള്ളി
16. ശ്രീ. ഹൈബി ഈഡൻ
17. ശ്രീ. ടി. വി. ഇബ്രാഹിം
18. ഡോ. എൻ. ജയരാജ്
19. ശ്രീ. കെ. സി. ജോസഫ്
20. ശ്രീ. പി. ജെ. ജോസഫ്
21. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
22. ശ്രീ. മോൻസ് ജോസഫ്
23. ശ്രീ. കെ. മുരളീധരൻ
24. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
25. ശ്രീ. ഉമ്മൻ ചാണ്ടി
26. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
27. ശ്രീ. രമേശ് ചെന്നിത്തല
28. ശ്രീ. റോജി എം. ജോൺ
29. ശ്രീ. റോഷി അഗസ്റ്റിൻ
30. ശ്രീ. കെ. എസ്. ശബരീനാഥൻ
31. ശ്രീ. വി. പി. സജീന്ദ്രൻ
32. ശ്രീ. എൻ. ഷംസുദ്ദീൻ
33. ശ്രീ. ഷാഫി പറമ്പിൽ
34. ശ്രീ. കെ. എം. ഷാജി

35. ശ്രീ. വി. എസ്. ശിവകുമാർ
36. ശ്രീ. സണ്ണി ജോസഫ്
37. ശ്രീ. സി. എഫ്. തോമസ്
38. ശ്രീ. പി. ടി. തോമസ്
39. ശ്രീ. പി. ഉബൈദുള്ള
40. ശ്രീ. എം. ഉമ്മർ

<u>മി. സ്പീക്കർ:</u> അനുകൂലിക്കുന്നവർ - 70

പ്രതികൂലിക്കുന്നവർ - 40

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..........................

പ്രതികൂലിക്കുന്നവർ ..........................

<u>ശ്രീ. കെ. സി. ജോസഫ്</u> : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീ. എ. കെ. ബാലൻ
8. ശ്രീമതി ഇ. എസ്. ബിജിമോൾ

9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. കെ. ദാസൻ
11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീ. എൽദോ എബ്രഹാം
13. ശ്രീമതി ഗീതാ ഗോപി
14. ശ്രീ. ജോർജ് എം. തോമസ്
15. ശ്രീ. സി. കെ. ഹരീന്ദ്രൻ
16. ഡോ. കെ. ടി. ജലീൽ
17. ശ്രീ. ജി. എസ്. ജയലാൽ
18. ശ്രീ. ഇ. പി. ജയരാജൻ
19. ശ്രീ. ജോൺ ഫെർണാണ്ടസ്
20. ശ്രീ. വി. ജോയി
21. ശ്രീ. ഒ. ആർ. കേളു
22. ശ്രീ. സി. കൃഷ്ണൻ
23. ശ്രീ. കെ. കൃഷ്ണൻകുട്ടി
24. ശ്രീ. കെ. കുഞ്ഞിരാമൻ
25. ശ്രീ. കോവൂർ കുഞ്ഞുമോൻ
26. ശ്രീ. വി. കെ. സി. മമ്മത് കോയ
27. ശ്രീ. എം. എം. മണി
28. ശ്രീ. മാത്യൂ ടി. തോമസ്
29. ശ്രീ. കെ. ജെ. മാക്സി
30. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
31. ശ്രീ. എ. സി. മൊയ്തീൻ
32. ശ്രീ. മുഹമ്മദ് മുഹസിൻ. പി.

33. ശ്രീ. മുരളി പെരുനെല്ലി
34. ശ്രീ. സി. കെ. നാണു
35. ശ്രീ. യു. ആർ. പ്രദീപ്
36. ശ്രീ. എ. പ്രദീപ് കുമാർ
37. ശ്രീമതി യു. പ്രതിഭ ഹരി
38. ശ്രീ. പുരുഷൻ കടലുണ്ടി
39. ശ്രീ. പി. ടി. എ. റഹീം
40. ശ്രീ. എം. രാജഗോപാലൻ
41. ശ്രീ. കെ. രാജൻ
42. ശ്രീ. എസ്. രാജേന്ദ്രൻ
43. ശ്രീ. ആർ. രാജേഷ്
44. ശ്രീ. റ്റി. വി. രാജേഷ്
45. ശ്രീ. കെ. രാജു
46. ശ്രീ. രാജു എബ്രഹാം
47. ശ്രീ. ആർ. രാമചന്ദ്രൻ
48. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
49. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
50. ശ്രീ. മുല്ലക്കര രത്നാകരൻ
51. പ്രൊഫ. സി. രവീന്ദ്രനാഥ്
52. ശ്രീ. കാരാട്ട് റസാഖ്
53. ശ്രീ. എസ്. ശർമ്മ
54. ശ്രീ. എ. കെ. ശശീന്ദ്രൻ
55. ശ്രീ. സി. കെ. ശശീന്ദ്രൻ
56. ശ്രീ. വി. ശശി

57. ശ്രീ. എ. എൻ. ഷംസീർ
58. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
59. ശ്രീ. ജി. സുധാകരൻ
60. ശ്രീ. വി. ആർ. സുനിൽ കുമാർ
61. ശ്രീ. വി. എസ്. സുനിൽ കുമാർ
62. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
63. ശ്രീ. കെ. സുരേഷ് കുറുപ്പ്
64. ശ്രീ. എം. സ്വരാജ്
65. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
66. ശ്രീ. പി. തിലോത്തമൻ
67. ഡോ. ടി. എം. തോമസ് ഐസക്
68. ശ്രീ. കെ. വി. വിജയദാസ്
69. ശ്രീ. ഇ. കെ. വിജയൻ
70. ശ്രീ. എൻ. വിജയൻ പിള്ള

പ്രതികൂലിക്കുന്നവർ:

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. അടൂർ പ്രകാശ്
6. ശ്രീ. ടി. എ. അഹമ്മദ് കബീർ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. അനിൽ അക്കര
9. ശ്രീ. എ. പി. അനിൽ കുമാർ
10. ശ്രീ. അനൂപ് ജേക്കബ്

11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. വി. ടി. ബൽറാം
14. ശ്രീ. പി. കെ. ബഷീർ
15. ശ്രീ. എൽദോസ് കുന്നപ്പിള്ളി
16. ശ്രീ. ഹൈബി ഈഡൻ
17. ശ്രീ. ടി. വി. ഇബ്രാഹിം
18. ഡോ. എൻ. ജയരാജ്
19. ശ്രീ. കെ. സി. ജോസഫ്
20. ശ്രീ. പി. ജെ. ജോസഫ്
21. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
22. ശ്രീ. മോൻസ് ജോസഫ്
23. ശ്രീ. കെ. മുരളീധരൻ
24. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
25. ശ്രീ. ഉമ്മൻ ചാണ്ടി
26. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
27. ശ്രീ. രമേശ് ചെന്നിത്തല
28. ശ്രീ. റോജി എം. ജോൺ
29. ശ്രീ. റോഷി അഗസ്റ്റിൻ
30. ശ്രീ. കെ. എസ്. ശബരീനാഥൻ
31. ശ്രീ. വി. പി. സജീന്ദ്രൻ
32. ശ്രീ. എൻ. ഷംസുദ്ദീൻ
33. ശ്രീ. ഷാഫി പറമ്പിൽ
34. ശ്രീ. കെ. എം. ഷാജി
35. ശ്രീ. വി. എസ്. ശിവകുമാർ

36. ശ്രീ. സണ്ണി ജോസഫ്

37. ശ്രീ. സി. എഫ്. തോമസ്

38. ശ്രീ. പി. ടി. തോമസ്

39. ശ്രീ. പി. ഉബൈദുള്ള

40. ശ്രീ. എം. ഉമ്മർ

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 70

പ്രതികൂലിക്കുന്നവർ - 40

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ചർച്ച കൂടാതെ പാസ്സാക്കുന്ന ഉപധനാഭ്യർത്ഥനകൾ**

മി. സ്പീക്കർ: ജില്ലാ ഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,28,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 100,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ.........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ.........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ.........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,00,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ..........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## X വ്യക്തിപരമായ വിശദീകരണം

മി. സ്പീക്കർ: ബഹുമാനപ്പെട്ട മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യു വ്യവസായവും വകുപ്പുമന്ത്രിക്ക് ചട്ടം 288 പ്രകാരം വ്യക്തിപരമായ വിശദീകരണം നൽകാവുന്നതാണ്. അതിനുമുമ്പ് ഒരു കാര്യം പറയട്ടെ, ഈ കാര്യത്തിൽ സഭയിൽ ഉയർന്നു വന്ന കാര്യത്തെ സംബന്ധിച്ച് ചട്ടം 288 പ്രകാരം വിശദീകരിക്കാൻ മതിയായ അവസരം ഇരുവിഭാഗത്തിനും അനുവദിച്ചു കഴിഞ്ഞതായിട്ടാണ് ചെയർ മനസ്സിലാക്കുന്നത്. ഇനി ഇതിനുശേഷം കൂടുതൽ കാര്യങ്ങൾ സഭയിൽ വിശദീകരിക്കേണ്ടതുണ്ടെന്ന് തോന്നുന്നില്ല. അങ്ങേയ്ക്ക് ചുരുക്കിപ്പറയാം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യു വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ഇന്ന് ബഹുമാന്യനായ അംഗം വി. ഡി. സതീശൻ സഭയിൽ ചില വിശദീകരണങ്ങൾ നൽകുകയുണ്ടായി. ഇന്നലെ ഞാൻ നിയമസഭയിൽ വച്ച മറുപടി ഗവൺമെന്റ് ഉത്തരവ് അല്ലായെന്ന് പറയുന്നത് വായിച്ച് നോക്കാതെ പറയുന്നതാണ്. കശുവണ്ടി ഇറക്കുമതി ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഇ-ടെണ്ടറിന്റെ മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് ഇറക്കിയ നാല് ഉത്തരവുകളിൽ രണ്ട് ഉത്തരവുകൾ ഉയർത്തിപ്പിടിച്ചാണ് പർച്ചേസ് ഓർഡറെന്നുപറഞ്ഞ് സഭയെ തെറ്റിദ്ധരിപ്പിച്ചത്. അതിൽ ഒന്നിൽ വിദേശത്തുനിന്നും ഹൈ സീസ് സെയിൽ നടത്തുമ്പോൾ തോട്ടണ്ടി ലഭ്യമല്ലാത്തതുകൊണ്ട് ലോക്കൽ പർച്ചേസ് നടത്താമെന്നും രണ്ടാമത്തേത് ഇ-ടെണ്ടർ പ്രോസസ് എങ്ങനെയൊക്കെ ആയിരിക്കണമെന്നുമാണ്. അദ്ദേഹം അതിനെ ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് ഒർജിൻ ഏതെന്ന് സെൽഫ് സർട്ടിഫൈ ചെയ്യണമെന്ന വ്യവസ്ഥയെ കട്ടിംഗ് ടെസ്റ്റിന് തോട്ടണ്ടി തരുന്നതാരാണോ അവരെത്തന്നെ നിയോഗിച്ചുവെന്ന് പറഞ്ഞത് ശരിയല്ല. കണ്ടീഷനിൽ തന്നെ ഒർജിൻ ഡിക്ലയർ ചെയ്യാനുള്ള വ്യവസ്ഥയും കട്ടിംഗ് ടെസ്റ്റ് ആർക്കാണ് നടത്തേണ്ടതെന്ന വ്യവസ്ഥയും പറയുന്നുണ്ട്. അദ്ദേഹം വ്യാഖ്യാനിക്കുന്നത് ആദ്യത്തെ കട്ടിംഗ് ടെസ്റ്റ്, രണ്ടാമത്തെ കട്ടിംഗ് ടെസ്റ്റ് എന്നാണ്. അങ്ങനെയൊരു കട്ടിംഗ് ടെസ്റ്റില്ല. ഒരു കട്ടിംഗ് ടെസ്റ്റേയുള്ളൂ. കൃത്യമാണ് അതിലെ വ്യവസ്ഥ. ആ വ്യവസ്ഥയുടെ ഉത്തരവിനെ ചൂണ്ടിക്കാട്ടി പർച്ചേസ് ഓർഡറെന്ന് പറഞ്ഞതാണ് ശരിയല്ലായെന്ന് ഞാൻ പറഞ്ഞത്. ഞാൻ തലേദിവസത്തെ വിശദീകരണത്തിൽ കൃത്യമായി 22/07-ലെ ഉത്തരവും 01/08-ലെ ഉത്തരവും ഇവിടെ ചൂണ്ടിക്കാട്ടി. ഇന്നിപ്പോൾ അദ്ദേഹം വിശദീകരണം നടത്തിയത്, ഗവൺമെന്റ് ഉത്തരവ് അല്ലായെന്ന് ഞാൻ പറഞ്ഞുവെന്നാണ്. ഗവൺമെന്റ് ഉത്തരവുതന്നെയാണ്. ഗവൺമെന്റ് ഉത്തരവിൽ പറഞ്ഞ കാര്യം ഇതാണ്, അദ്ദേഹം വ്യാഖ്യാനിച്ചതല്ല സത്യമെന്ന് മാത്രമാണ് ഞാനിവിടെ വിശദീകരിച്ചത്. കോർപ്പറേഷൻ ജി. ബി. എന്ന വെറൈറ്റി കിട്ടിയിട്ട് അത് വാങ്ങിയില്ലെന്ന് പറഞ്ഞത് വസ്തുതാവിരുദ്ധമാണ്. അദ്ദേഹം ബോധപൂർവ്വം കാര്യങ്ങൾ വളച്ചൊടിച്ച് തെറ്റിദ്ധരിപ്പിക്കുകയാണ്. ഇവിടെ കോർപ്പറേഷൻ ജി.ബി.-യുടെ (Guinea Bissau) ഒർജിന്റെ തോട്ടണ്ടി ക്വട്ടേഷൻ കിട്ടിയത് റിജക്ട് ചെയ്തിട്ടില്ല. ആദ്യം ഐവറി കോസ്റ്റിന്റേതാണ് റിജക്ട് ചെയ്തത്. ഈ ഗവൺമെന്റ് വന്ന്, ആദ്യത്തെ രണ്ട് ടെണ്ടറിലും ഒരു ക്വട്ടേഷനും കിട്ടിയില്ല. മൂന്നാമത്തെ ടെണ്ടർ കിട്ടിയത് ഐവറി കോസ്റ്റാണ്. ഗുണനിലവാരത്തിന്റെ പേരിലും വിലക്കൂടുതൽകൊണ്ടും അത് റിജക്ട് ചെയ്തു. പിന്നീട് ജി. ബി. വന്നു. ആദ്യമായി കോർപ്പറേഷനുകിട്ടിയ ആ ജി.ബി. തന്നെ ഉറപ്പിച്ചു. ആദ്യം കിട്ടിയതിനെ തള്ളി പിന്നെ രണ്ടാമത് എടുത്തുവെന്നാണ് അദ്ദേഹം വ്യാഖ്യാനിച്ചത്. കാപ്പെക്സിന്റെ ടെണ്ടറിനേയും ഇതിനേയുമാണ് പത്തുദിവസം എന്ന് അദ്ദേഹമിവിടെ താരതമ്യം

ചെയ്തത്. കാപ്പെക്സിന് കിട്ടിയിരുന്ന 1886 ഡോളറിന്റേത് കുറഞ്ഞ റേറ്റാണെന്നും അതേസമയം 142 രൂപ കൊടുത്ത് കോർപ്പറേഷൻ ഒരാഴ്ച കഴിഞ്ഞ് വാങ്ങിയെന്നുമാണ് അദ്ദേഹം ഉന്നയിച്ച ആക്ഷേപം. ആ പറയുന്ന റേറ്റിൽതന്നെ ഉദ്ധരിക്കാൻ ഈ അവസരം ഉപയോഗിക്കുകയാണ്. 1886 ഡോളർ ജൂലൈ 16-ന് ആണ് കാപ്പെക്സിന്റെ ടെണ്ടർ, അത് ഹൈ സീസ് സെയിലാണ്. ഹൈ സീസ് സെയിലെന്ന് പറഞ്ഞാൽ അത് നാട്ടിലേയ്ക്ക് വന്നാൽ ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള ഇംപോർട്ട് ഡ്യൂട്ടി കൊടുക്കണം. ആ ഇംപോർട്ട് ഡ്യൂട്ടിയെന്ന് പറയുന്നത് ആയിരം ടണ്ണിന് 176 ഡോളർ വരും. അതിനെ പോർട്ടിൽ കൊണ്ടുവരുമ്പോൾ ക്ലിയറൻസ് ചാർജ് 33.5 ഡോളർ വരും. അപ്പോൾ ഈ 1886 ഡോളറിന് കാപ്പെക്സ് ക്വാട്ട് ചെയ്തത് അതിനെ ഡോളർ റേറ്റിലേയ്ക്ക് മാറ്റിയാൽ കാപ്പെക്സ് അന്ന് വാങ്ങിയിരുന്നുവെങ്കിൽ അതിന് 2095 ഡോളർ വില വരും. ആ കാലത്തെ വിലയുമായി നോക്കുമ്പോൾ അത് അധികമാണെന്ന് പറഞ്ഞ് റിജക്ട് ചെയ്തു. സി.വി.സി.-യുടെതന്നെ മാനദണ്ഡമുണ്ട്. സി.വി.സി.-യുടെ മാനദണ്ഡം ഇ-ടെണ്ടറിന് ആൾ ഇന്ത്യാ പാറ്റേണാണ്. കേരളത്തിന് മാത്രം ഒരു പാറ്റേണല്ല. ആൾ ഇന്ത്യാ പാറ്റേണിൽ ആദ്യത്തെ മൂന്ന് പ്രാവശ്യവും എടുക്കാൻ ഒരാളുമില്ല. രണ്ടാമത് ജി. ബി. കിട്ടിയത് നാലാമത്തെ പ്രാവശ്യമാണ്. അതെടുക്കാം, സി.വി.സി.-യുടെ മാനദണ്ഡം അനുസരിച്ചുതന്നെ എടുക്കാം. അത് അങ്ങനെയാണ് എടുത്തത്. അത് ലോക്കൽ പർച്ചേസാണ്. ലോക്കൽ പർച്ചേസെന്ന് പറയുമ്പോൾ ഹൈ സീസ് സെയിലിനകത്ത് ഇല്ലാത്ത ഇംപോർട്ട് ഡ്യൂട്ടിയും ക്ലിയറൻസ് ചാർജുമെല്ലാം ഉൾക്കൊള്ളും. അങ്ങനെ ക്ലിയറൻസ് ചാർജെല്ലാം ഉൾക്കൊണ്ട് 142 രൂപയ്ക്ക് വാങ്ങിയത് കട്ടിംഗ് ടെസ്റ്റ് നടത്തുമ്പോൾ നമുക്ക് 135 രൂപയേ ആയിട്ടുള്ളൂ. അതിനെ ശ്രീ. വി. ഡി. സതീശൻ പറയുന്ന തരത്തിൽ ഡോളർ റേറ്റിലേയ്ക്ക് മാറ്റുമ്പോൾ 2017 ഡോളറേ വരുന്നുള്ളൂ. ഒരാഴ്ചയ്ക്ക് മുമ്പ് കാപ്പെക്സിന് ക്വാട്ട് ചെയ്ത് റിജക്ട് ചെയ്തതിന് 2095 ഡോളർ വരും. ഈ 1886 ഡോളർ മാത്രമല്ല. അതിന്റെ ഇംപോർട്ട് ഡ്യൂട്ടിയും മറ്റുമെല്ലാം വരുമ്പോൾ, നാട്ടിൽ, ഫാക്ടറി പടിക്കൽ എത്തുമ്പോൾ 2095 ഡോളറാണ്. നമ്മൾ രണ്ടാമത് വാങ്ങുമ്പോൾ ഫാക്ടറി പടിക്കൽ സാധനമെത്തുമ്പോൾ 2017 ഡോളറേയുള്ളൂ. എന്നുപറഞ്ഞാൽ 78 ഡോളർ കുറവ്. ഞാൻ അന്നിവിടെ പറഞ്ഞത് ലോക്കൽ പർച്ചേസാണ് നടത്തിയത്, ഹൈ സീസ് സെയിലല്ല. ഹൈ സീസ് സെയിലിനകത്ത് ഇറക്കുമതി ചെയ്യുമ്പോൾ വരുന്ന വ്യത്യാസം അറിയാത്തതുകൊണ്ടല്ല **** ബോധപൂർവ്വമായി അഴിമതിയാരോപണം ഉന്നയിക്കുകയാണ്. ആ അഴിമതി ആരോപണമെന്ന് പറയുന്നത് ...

(ബഹളം..)

---

*** സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

<u>ശ്രീ. പി. ടി. തോമസ്</u> : സർ, ചർച്ചയിൽ സ്ഥാപിത താൽപ്പര്യക്കാർക്കുവേണ്ടി എന്ന് മന്ത്രി പറഞ്ഞു. ചട്ട പ്രകാരം അത് പാടില്ല. അതിന്റെ പശ്ചാത്തലത്തിൽ ചർച്ച വേണം. അതിന് വിശദീകരണം പറയണം. അങ്ങ് അനുവദിക്കണം. ...... (ബഹളം..)...........

<u>മി. സ്പീക്കർ</u>: ചട്ടം 288 അനുസരിച്ച് ചർച്ചയില്ല. ഒരു നിർവ്വാഹവുമില്ല. രാവിലെ ശ്രീ. വി. ഡി. സതീശൻ പറഞ്ഞതും അദ്ദേഹം നടത്തിയ കൺക്ലൂഷനും ഞാൻ കേട്ടിരുന്നു. ദയവായി അംഗങ്ങൾ സീറ്റിലിരിക്കണം. പ്ലീസ്...

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u> : 1.75 കോടി ...(ബഹളം)...... അദ്ദേഹം പറഞ്ഞത് നിലനിൽക്കുന്ന ആരോപണമല്ല. ഒരു കാര്യം കൂടി പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ അഞ്ചുവർഷക്കാലം കാഷ്യൂ കോർപ്പറേഷനിൽ നടന്ന അഴിമതി ഈ ഗവൺമെന്റിന്റെ കാലത്ത് നടക്കാൻ അനുവദിക്കില്ല. ഒരാളേയും ഒരു തരത്തിലും അഴിമതി നടത്താൻ അനുവദിക്കുന്ന പ്രശ്നമേയില്ല....(ബഹളം)..... കാഷ്യൂ കോർപ്പറേഷൻ തുറക്കരുതെന്ന് ആഗ്രഹിച്ച സ്വകാര്യ ലോബികളുടെ ഇംഗിതത്തിന് വിരുദ്ധമായി അവർക്കുണ്ടായ മോഹഭംഗമാണ് ശ്രീ. വി.ഡി. സതീശൻ ഇവിടെ ആവർത്തിച്ച് ആക്ഷേപമുന്നയിക്കുന്നത്. ...(ബഹളം)..... ഇതിന്റെ അടിത്തറ നഷ്ടത്തിന്റെ പേരിലല്ല. ഈ കഴിഞ്ഞതും പിന്നീടുള്ളതുമായ പർച്ചേസ് ഓർഡറുകൾ തമ്മിലുള്ള വ്യത്യാസം, എടുത്ത തോട്ടണ്ടി വിൽക്കുന്നതും പരിപ്പുമായി ബന്ധപ്പെട്ടാണ് നഷ്ടലാഭങ്ങൾ പറയുന്നത്. ഒരു കാര്യം ഞാൻ പറയുവാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ അഞ്ചുവർഷക്കാലം കോർപ്പറേഷനിൽ നടന്ന തീവെട്ടിക്കൊള്ള ഈ ഗവൺമെന്റിന്റെ കാലത്ത് അനുവദിക്കുന്ന പ്രശ്നമേയില്ല....

<u>മി. സ്പീക്കർ</u> : ഇനി ചർച്ചയില്ല. ദയവായി അംഗങ്ങൾ സീറ്റിലിരിക്കു.

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: കൊല്ലത്തെ തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കാൻ ഈ ഗവൺമെന്റെടുത്ത നിലപാടിനെതിരായി മോഹഭംഗം വന്ന മുതലാളിമാരുടെ വിടുപണി ചെയ്ത് ഇവിടെ നടത്തുന്ന ആക്ഷേപങ്ങൾ, അത് കൊല്ലത്തെ ജനങ്ങൾ തള്ളിക്കളയും. കൊല്ലത്തെ തൊഴിലാളികളോട് ശ്രീ. വി. ഡി. സതീശന് മാപ്പ് പറയേണ്ടിവരും എന്നുമാത്രം ഞാൻ പറയുകയാണ്.

<u>ശ്രീ. പി. ടി. തോമസ്</u> : സർ, ചട്ടം 287 അനുസരിച്ച് ചർച്ച ചെയ്ത വിഷയത്തിൽ മെമ്പർക്ക് സംസാരിക്കാൻ അവകാശമുണ്ട്. ...(ബഹളം).....

<u>മി. സ്പീക്കർ</u>: ഇത് ചട്ടം 288 ആണ്. അങ്ങേയ്ക്ക് എന്തെങ്കിലും പറയാനുണ്ടെങ്കിൽ എഴുതിത്തന്നോളൂ. ഞാൻ ഒരു കാര്യം പറഞ്ഞോട്ടെ, രാവിലെ ശ്രീ. വി. ഡി. സതീശന്റെ പ്രസംഗവും വിശദീകരണവും കേട്ടു. അദ്ദേഹത്തിന്റെ

കൺക്ലൂഷൻ എങ്ങനെയാണുണ്ടായിരുന്നതെന്ന് നമുക്കെല്ലാവർക്കുമറിയാം. നിങ്ങൾ ഈ ചെയ്യുന്നത് ശരിയല്ല. ചർച്ച ചെയ്യാൻ നിങ്ങൾ എന്തെങ്കിലും നോട്ടീസ് തന്നിട്ടുണ്ടോ? എഴുതിത്തരാതെ എഴുന്നേറ്റുനിന്നാൽ ചർച്ച ചെയ്യാൻ പറ്റുമോ? ഇതിനെല്ലാം ചില നടപടിക്രമങ്ങളില്ലേ? ഇത് ആദ്യമായിട്ടാണോ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ സഭയിൽ ആരോപണമുയരുന്നത്? ഒരു ആരോപണം വന്നാൽ അത് വീണ്ടും വീണ്ടും അങ്ങോട്ടുമിങ്ങോട്ടും ഡിബേറ്റ് ചെയ്യലാണോ?

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇവിടെ 288 അനുസരിച്ച് അങ്ങ് പേഴ്സണൽ എക്സ്പ്ലനേഷൻ അനുവദിക്കുന്നതിൽ ഒരപാകതയുമില്ല. പക്ഷേ ബഹുമാന്യയായ മന്ത്രി തന്റെ വ്യക്തിപരമായ വിശദീകരണത്തിന് പകരം മറ്റൊരംഗത്തിനെതിരെ ഗുരുതരമായ ആരോപണമുന്നയിച്ചിരിക്കുകയാണ്. അതാണ് ഇവിടെ പ്രശ്നം. അത് ശരിയാണോ? അത് ഒരിക്കലും ന്യായീകരിക്കാൻ കഴിയുന്നതല്ല.**** അംഗത്തിനെതിരെ ഇവിടെ ഉന്നയിച്ച കാര്യങ്ങൾ, ഒരംഗം ഒരാരോപണം ഉന്നയിക്കുമ്പോൾ അദ്ദേഹത്തിന്റെ ഉദ്ദേശ ശുദ്ധിയെ ചോദ്യം ചെയ്യുകയാണ്. അങ്ങനെയുള്ള ഭാഗങ്ങൾ സഭാനടപടികളിൽ ഉണ്ടാകാൻ പാടില്ല. മന്ത്രിക്ക് പേഴ്സണൽ എക്സ്പ്ലനേഷൻ കൊടുക്കാം. ആ നടപടി ശരിയല്ല. അങ്ങത് പരിശോധിക്കണം. അത് സഭാരേഖകളിൽ നിന്നും നീക്കം ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: പരിശോധിക്കാം.

# XI ചട്ടം 58 അനുസരിച്ചുള്ള ചർച്ച

## സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ

മി. സ്പീക്കർ : കേരളത്തിൽ വർദ്ധിച്ചുവരുന്ന റോഡപകടങ്ങളെക്കുറിച്ചും അതിനുള്ള പരിഹാര മാർഗ്ഗങ്ങളെക്കുറിച്ചും ശ്രീ. കെ. എസ്. ശബരീനാഥൻ നൽകിയ നോട്ടീസിന്മേലുള്ള ചർച്ച ആരംഭിക്കുകയാണ്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, കേരളത്തിൽ വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങളെക്കുറിച്ചും അതിനുള്ള പരിഹാരമാർഗ്ഗങ്ങളെക്കുറിച്ചുമുള്ള ചർച്ച ഞാൻ ആരംഭിക്കുകയാണ്. നാളെ നവംബർ 1 ആണ്. ലോകത്തെമ്പാടുമുള്ള മലയാളികൾ കേരളപ്പിറവിയുടെ 60-ാം വാർഷികം നാളെ ആഘോഷിക്കുകയാണ്. നിയമസഭയിലും ഇതുസംബന്ധിച്ച ആഘോഷങ്ങൾ നടത്തുന്നുണ്ട്. ഈ അവസരത്തിൽ ഒരു തിരിഞ്ഞ് നോട്ടം നടത്തിയാൽ മലയാളികൾക്ക്

*** സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

അഭിമാനിക്കാനുള്ള ഒട്ടേറെ കാര്യങ്ങളുണ്ടെന്ന് മനസ്സിലാകും. വിദ്യാഭ്യാസ രംഗത്തും സ്ത്രീ ശാക്തീകരണത്തിലും സാക്ഷരതയിലും ആരോഗ്യ രംഗത്തും കലയിലും സംസ്കാരത്തിലും ചിന്തയിലുമെല്ലാം മലയാളികൾ മറ്റാരെക്കാളും ഒരുപടി മുന്നിലാണ്. പക്ഷെ ഇതിനെക്കുറിച്ച് നമ്മൾ അഭിമാനിക്കുമ്പോഴും ഊറ്റം കൊള്ളുമ്പോഴും നമ്മുടെ നാടിന് അപമാനമായി, നമുക്ക് കളങ്കമായി ഒരു അഞ്ചാം സ്ഥാനം കേരളത്തിനുണ്ടെന്ന് നാം മനസ്സിലാക്കണം. 2015-ലെ കേന്ദ്ര റോഡ് ട്രാൻസ്പോർട്ട് ആന്റ് ഹൈവേ മന്ത്രാലയത്തിന്റെ കണക്കുകൾ പ്രകാരം രാജ്യത്തെ വാഹനാപകടങ്ങളുടെ എണ്ണം നോക്കിയാൽ കേരളമെന്ന ഈ കൊച്ചു സംസ്ഥാനത്തിന് അഞ്ചാം സ്ഥാനമാണുള്ളത്. കേരളത്തേക്കാൾ രണ്ടോ മൂന്നോ ഇരട്ടി ജനസംഖ്യയുള്ള സംസ്ഥാനങ്ങളാണ് കർണ്ണാടകയും മധ്യപ്രദേശും മഹാരാഷ്ട്രയും തമിഴ്നാടും. കേവലം മൂന്ന് കോടി ജനങ്ങൾ മാത്രം താമസിക്കുന്ന കേരളത്തിൽ 2015-ൽ ആക്സിഡന്റ്മൂലം 4196 മരണങ്ങളും 43325 പരിക്കുകളുമാണ് ഉണ്ടായിട്ടുള്ളത്. 39014 റോഡ് ആക്സിഡന്റുകളുമുണ്ടായിട്ടുണ്ട്. ഈ കണക്കുകൾ നോക്കുമ്പോൾ ശ്രദ്ധിക്കേണ്ട വേറൊരു കാര്യം കൂടിയുണ്ട്. Fatal അല്ലെങ്കിൽ അതീവ ഗുരുതരം, grievous injury അല്ലെങ്കിൽ കാര്യമായ പരിക്ക്, minor injury അല്ലെങ്കിൽ നിസ്സാര പരിക്ക്, non-injury അല്ലെങ്കിൽ പരിക്കില്ലായ്മ എന്നിങ്ങനെ നാല് വിഭാഗമായിട്ടാണ് കേന്ദ്ര സർക്കാർ കമ്മിറ്റികൾ ഇതിനെ തരംതിരിക്കുന്നത്. കേരളത്തിലെ 39014 അപകടങ്ങളുടെ കണക്ക് നോക്കുമ്പോൾ 78 ശതമാനം അപകടവും ഫേറ്റൽ കാറ്റഗറിയിലും ഗ്രീവിയസ് ഇൻജുറി കാറ്റഗറിയിലുമാണ് ഉൾപ്പെടുന്നത്. മുകളിൽ പരാമർശിച്ച അഞ്ച് സംസ്ഥാനങ്ങളിൽ ഈ കാറ്റഗറി വളരെ കുറവാണ്. കേരളത്തിൽ ഒരു ദിവസം ആക്സിഡന്റുകളിൽ 11 ആളുകൾ മരിക്കുകയും 77 ആളുകൾക്ക് ഗുരുതരമായ പരിക്കേൽക്കുകയും ചെയ്യുന്നു എന്നതാണ് കണക്ക്. ആക്സിഡന്റ് സംബന്ധമായി 107 കേസ്സുകളാണ് കേരളമെന്ന കൊച്ചു സംസ്ഥാനത്ത് എല്ലാ ദിവസവും നടന്നുകൊണ്ടിരിക്കുന്നത്. ഇത്തരം ആക്സിഡന്റുകൾ സംഭവിക്കുന്നത് പ്രധാനമായും റോഡ് ഡിസൈനിംഗിലെ അശാസ്ത്രീയത കൊണ്ടാണ്. 58 ശതമാനം റോഡപകടങ്ങളും നടക്കുന്നത് സ്റ്റേറ്റ് ഹൈവേയിലോ നാഷണൽ ഹൈവേയിലോ അല്ല, ഗ്രാമീണ റോഡുകളിലും പഞ്ചായത്ത് ഫണ്ടും എം.എൽ.എ. ഫണ്ടും എം.പി. ഫണ്ടും ഉപയോഗിച്ച് നിർമ്മിക്കുന്ന ചെറിയ റോഡുകളിലുമാണ്. റോഡ് സേഫ്റ്റിയെക്കുറിച്ച് നമ്മൾ തീരെ ബോധവാന്മാരല്ല. ഇത്തരം ഫണ്ടുകൾ ഉപയോഗിച്ച് റോഡ് നിർമ്മിക്കുമ്പോൾ ജനസാന്ദ്രതയുള്ള രണ്ട് സ്ഥലങ്ങളെ തമ്മിൽ കൂട്ടിമുട്ടിക്കുന്നതിനാണ് ഏറ്റവും കൂടുതൽ ശ്രദ്ധിക്കുന്നത്. ഇവിടെ റോഡുകൾ നിർമ്മിക്കുമ്പോൾ റോഡ് സേഫ്റ്റിയെക്കുറിച്ചോ റോഡ് ഡിസൈനിംഗിനെക്കുറിച്ചോ നമ്മൾ ചിന്തിക്കുന്നില്ല. റോഡ്

ഡിസൈനിംഗിനുവേണ്ടി ഇന്ത്യൻ റോഡ് കോൺഗ്രസ് എന്നൊരു സ്ഥാപനമുണ്ട്. അവർ എല്ലാ റോഡുകളിലേയും ഡിസൈനിംഗ് ആസ്പെക്ട് ഏറ്റെടുക്കണമെന്ന് കർക്കശമായി പറയുന്നുണ്ടെങ്കിലും റോഡ് ഡിസൈൻ നമ്മുടെ റോഡുകളുടെ അവസാന വാക്കായി ഒരിക്കലും മാറുന്നില്ല. അതിനോടൊപ്പം റോഡുകളിൽ കുണ്ടുകളും കുഴികളും ഹമ്പുകളും സ്പീഡ് ബ്രേക്കറുകളും ഉണ്ടാക്കുന്ന പ്രശ്നങ്ങൾ പലതവണ ഈ സഭയിൽ സംസാരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിമാർപോലും നമ്മുടെ നാട്ടിലെ റോഡുകളിലെ കുഴികളുടെ എണ്ണംതന്നെ നിയമസഭയിൽ പറഞ്ഞിട്ടുണ്ട്. റോഡ് ഡിസൈനും റോഡ് സേഫ്റ്റിയും വന്നാൽ മാത്രമെ അപകടങ്ങൾ കുറയ്ക്കാൻ സാധിക്കുകയുള്ളൂ. തെറ്റുകൾ മനുഷ്യസഹജമാണ്. മനുഷ്യസഹജമായ തെറ്റുകൾമൂലമുള്ള റോഡ് ആക്സിഡന്റ് കുറയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് വികസിത രാജ്യങ്ങളിൽ റോഡ് ഡിസൈൻ ചെയ്യുന്നത്. മോട്ടോർ വെഹിക്കിൾ ഓടിക്കുന്ന ആളുകൾക്കു മാത്രമല്ല, കാൽനടയാത്രക്കാരെയും സൈക്കിൾ സവാരിക്കാരെയും പരിഗണിച്ചുകൊണ്ടാണ് അവർ റോഡ് ഡിസൈൻ ചെയ്യുന്നത്. അത്തരത്തിലുള്ളൊരു റോഡ് ഡിസൈനിംഗ് വന്നാൽ മാത്രമേ നമ്മുടെ നാട്ടിലെ ആക്സിഡന്റുകളുടെ എണ്ണം കുറയ്ക്കാൻ സാധിക്കുകയുള്ളൂ. രണ്ടാമത്തെ കാര്യം, ഡ്രൈവർമാരുടെ അശ്രദ്ധയാണ്. റോഡ് സേഫ്റ്റി പഠനങ്ങൾ പ്രകാരം 97 ശതമാനം റോഡ് ആക്സിഡന്റുകളും നടക്കുന്നത് ഡ്രൈവർമാരുടെ അശ്രദ്ധമൂലമാണ്. ശരിയായ ഡ്രൈവിംഗ് സ്വഭാവമില്ലായ്മ, അമിത വേഗം, മത്സരയോട്ടം, ലഹരി ഉപയോഗം, മദ്യപാനം, ട്രാഫിക് നിയമ ലംഘനം, അപകടകരമായ പാർക്കിംഗ്, ഇടത്തുനിന്നും വലത്തുനിന്നുമുള്ള ഓവർടേക്കിംഗ് എന്നിവയാണ് റോഡപകടത്തിനുള്ള പ്രധാന കാരണങ്ങൾ. റോഡ് ആക്സിഡന്റ് സംബന്ധിച്ച കണക്കുകൾ പരിശോധിക്കുകയാണെങ്കിൽ മരിക്കുന്നതിൽ 70 ശതമാനം ആളുകളും 18 വയസ്സിനും 35 വയസ്സിനും ഇടയിലുള്ളവരാണ്. ഏകദേശം 40 ശതമാനം റോഡ് ആക്സിഡന്റുകളും നടക്കുന്നത് ഇരുചക്രവാഹനങ്ങൾമൂലമാണ്. ഇരുചക്രവാഹനങ്ങളെ നിരോധിക്കണമെന്നോ ഹൈസ്പീഡിൽ പോകുന്ന വണ്ടികളെ നിരോധിക്കണ മെന്നോ ഞാൻ ഒരിക്കലും പറയുന്നില്ല. പക്ഷെ നമ്മൾ ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്, ഇപ്പോൾ സാധാരണ ബൈക്കിൽപ്പോലും 100 കിലോമിറ്റർ സ്പീഡിൽ പോകാൻ സാധിക്കുന്ന അവസ്ഥയുണ്ട്. മുൻകാലങ്ങളിൽ ഏറ്റവും താഴെത്തട്ടിലുള്ള ബൈക്കുകൾക്ക് സ്പീഡ് ലിമിറ്റുണ്ടായിരുന്നു. ടെക്നോളജി മാറുമ്പോൾ തീർച്ചയായും നല്ല ബൈക്കുകൾ നിരത്തിൽ വരും. നല്ല ബൈക്കുകൾ എന്നുപറഞ്ഞാൽ രണ്ട് ലക്ഷം രൂപയിൽ കൂടുതലുള്ള ബൈക്കുകൾ മാത്രമല്ല ഉദ്ദേശിക്കുന്നത്. ഇന്ന് സാധാരണ ബൈക്കുകളിലാണ് ഏറ്റവും കൂടുതൽ ആക്സിഡന്റുണ്ടാകുന്നത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, അങ്ങ് പറയുന്നത് വളരെ കറക്റ്റാണ്. ചെറുപ്പക്കാരുടെ പ്രത്യേകിച്ച് 19 വയസ്സിനും 24 വയസ്സിനും ഇടയിലുള്ളവരുടെ മരണ നിരക്ക് വർദ്ധിക്കുന്നതിനുള്ള പ്രധാന കാരണം അമിതവേഗതയും പലപ്പോഴും വാഹനങ്ങൾ ഇടതുവശത്തുകൂടി വ്യാപകമായി ഓവർടേക്ക് ചെയ്യുന്നതുമാണ്. ഇത്തരം കാര്യങ്ങൾ തടയുന്നതിന് ഫലപ്രദമായ യാതൊരു നടപടിയും ഉണ്ടാകാറില്ല എന്നത് യാഥാർത്ഥ്യമല്ലേ?

ശ്രീ. എ. എൻ. ഷംസീർ: സർ, ഇപ്പോഴത്തെ ന്യൂജനറേഷൻ ബൈക്കുകളും ആക്സിഡന്റിന്റെ എണ്ണം വർദ്ധിപ്പിക്കുന്നുണ്ട്. അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, രണ്ട് മെമ്പർമാരും സൂചിപ്പിച്ചത് ശരിയാണ്. ഇവിടെ ഒരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. എം.എൽ.എ. എന്ന നിലയിൽ എന്നെക്കാണാൻ ധാരാളം ആളുകൾ എം.എൽ.എ. ഹോസ്റ്റലിലും മണ്ഡലത്തിലെ ഓഫീസിലും വരാറുണ്ട്. രാഷ്ട്രീയ പാരമ്പര്യം ഇല്ലാത്ത, രാഷ്ട്രീയത്തിൽ വിശ്വാസമില്ലാത്ത ഒരു വ്യക്തിയെങ്കിലും ഒരു ദിവസം എന്റെ ഓഫീസിൽ വരാറുണ്ട്. ഇവർ വരുന്നത് വികസന കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനോ റോഡിന്റെയോ ആശുപത്രിയുടെയോ കാര്യം പറയുന്നതിനോ അല്ല. ന്യൂ ജനറേഷൻ ബൈക്ക് ബുക്കിംഗുമായി ബന്ധപ്പെട്ടാണ് ഇവരെല്ലാം വരുന്നത്.

ശ്രീ. ഹൈബി ഈഡൻ: സർ, 1000 സിസി മുതൽ 1500 സിസി വരെയുള്ള ബൈക്കുകളാണ് ഇപ്പോൾ ഇറങ്ങുന്നത്. ഇത്തരം ബൈക്കുകൾ നമ്മുടെ റോഡുകൾക്ക് പര്യാപ്തമല്ല. ആയതിനാൽ ഇത്തരം ബൈക്കുകൾ നിരത്തിലിറങ്ങുന്നതിനെക്കുറിച്ചുള്ള ഒരു അഭിപ്രായം കൂടി അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകുമോ?

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, നിരോധനം എല്ലാ പ്രശ്നത്തിനും പരിഹാരമായി കാണുന്നില്ല. കേന്ദ്രസർക്കാരിന്റെ പുതിയ മോട്ടോർ വെഹിക്കിൾ അമെന്റ്മെന്റ് അനുസരിച്ച് ഇന്ത്യയിൽ വരുന്ന എല്ലാ ബൈക്കുകളിലും 2019-നുള്ളിൽ എ.ബി.എസ്.-ഉം കമ്പൈൻഡ് ബ്രേക്കിംഗ് സിസ്റ്റവും വേണമെന്നുള്ള നിബന്ധനയുണ്ട്. പക്ഷെ കേരളത്തിലെ റോഡുകളുടെ പൊതുസ്വഭാവം പരിഗണിച്ച്, പ്രത്യേകിച്ച് ഇടുങ്ങിയ റോഡുള്ള നമ്മുടെ സംസ്ഥാനത്ത് ഇതുപോലുള്ള ബൈക്കുകൾ ഉണ്ടാക്കുന്ന അപകടങ്ങൾ നിരവധിയാണ്. ആയതിനാൽ സ്ട്രിക്റ്റായ റെഗുലേഷനും പണിഷ്മെന്റും അത് മോണിറ്റർ ചെയ്യാനുള്ള സംവിധാനവും നമ്മുടെ നാട്ടിലുണ്ടാകണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. കെ. ആൻസലൻ: സർ, ജനസാന്ദ്രത കൂടിയ നമ്മുടെ സംസ്ഥാനത്ത്, ബൈക്കുകൾ 120-ഉം 140-ഉം 180-ഉം കി.മീ. സ്പീഡിൽ പോകാൻ കഴിയുന്ന രീതിയിലാണ് ഇറക്കുന്നത്. കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് 70 കിലോമീറ്ററിനപ്പുറത്ത് ബൈക്കിന്റെ സ്പീഡ് ഉണ്ടാകാതിരിക്കുന്നതിനുള്ള നിയമപരമായ തീരുമാനമെടുത്താൽ റോഡപകടം ഒഴിവാക്കുകയും ആഡംബര ബൈക്കുകൾ ചെറുപ്പക്കാരെ സ്വാധീനിക്കുന്നത് തടയുകയും ചെയ്യാം.

ശ്രീ. എൽദോസ് കുന്നപ്പിള്ളി: സർ, അശാസ്ത്രീയമായി നിർമ്മിക്കപ്പെട്ടിരിക്കുന്ന ഹമ്പുകൾ അപകടങ്ങളുണ്ടാക്കുന്നതിന് ഒരു പ്രധാന കാരണമാണ്. പെരുമ്പാവൂരിൽ കഴിഞ്ഞ ദിവസം ഹമ്പിൽ ഇടിച്ചുണ്ടായ വാഹനാപകടത്തിൽ രണ്ട് യാത്രക്കാർ മരിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട അങ്ങയുടെ അഭിപ്രായംകൂടി രേഖപ്പെടുത്തുമോ?

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ഇതുപോലുള്ള ഒട്ടനവധി ആക്സിഡന്റുകൾ സംഭവിക്കുന്നുണ്ട്. ഞാൻ അതിലേയ്ക്ക് വരാം. റോഡുകളിൽ വണ്ടികളുടെ പെരുപ്പം ഇന്ന് വലിയൊരു പ്രശ്നമാണ്. 1965-ൽ കേരളത്തിൽ എല്ലാംകൂടി 13000 വാഹനങ്ങളാണുണ്ടായിരുന്നത്. എന്നാൽ ഇന്നത്തെ കണക്കനുസരിച്ച് കേരളത്തിൽ 95 ലക്ഷം വാഹനങ്ങളാണുള്ളത്. കേരളത്തിന്റെ മൊത്തം ജനസംഖ്യ 3,14,00,000 ആണ്. കേരളത്തിലെ കുടുംബങ്ങളുടെ എണ്ണം ഏകദേശം ഒരു കോടിയോളമാണ്. ഒരു വീടിന് ഒരു വാഹനമെന്ന നിലയിൽ മലയാളികൾ മുന്നോട്ടുപോകുകയാണ്. സാധാരണ രാജ്യങ്ങളെല്ലാം വികസനം എന്നുപറയുമ്പോൾ പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റം ഉപയോഗിക്കുന്നതിനെക്കുറിച്ചാണ് പറയുന്നത്. ചൈന, ജപ്പാൻ, യു.എസ്.എ., യു.കെ. എന്നീ രാജ്യങ്ങളിൽ ആളുകൾ പബ്ലിക് ട്രാൻസ്പോർട്ടാണ് കൂടുതലായി ഉപയോഗിക്കുന്നത്. എം.ടി.-യുടെ കഥകളിൽ പരാമർശിക്കുന്നതുപോലെ വടക്കൻ മലബാറിലെയോ മലബാറിലെയോ വലിയ നായർ തറവാടുകളുടെ മുറ്റത്ത് ഗജകേസരിമാരെ നിർത്തുന്നതുപോലെ വീടിന്റെ മുന്നിൽ രണ്ടോ മൂന്നോ കാർ വയ്ക്കുന്നത് ഭൂഷണമായി കാണുന്നതാണ് മലയാളികൾ ചെയ്യുന്ന തെറ്റ്.

ശ്രീ. സണ്ണി ജോസഫ് : സർ, ചൈനയുടെ തലസ്ഥാനമായ ബീജിംഗ് കഴിഞ്ഞ കാലഘട്ടത്തിൽ ഞാൻ സന്ദർശിക്കുകയുണ്ടായി. അവിടെ വാഹനം വാങ്ങണമെങ്കിൽ ഗവൺമെന്റിന്റെ അനുമതി വേണം. ഇത്തരം അനുമതിക്കായി ഇരുപത് ലക്ഷം അപേക്ഷകളാണ് ലഭിച്ചത്. എറണാകുളത്തുള്ള ഒരു എഞ്ചിനീയർ വാഹനം വാങ്ങുന്നതിന് അപേക്ഷ നൽകിയിട്ട് ഒന്നര വർഷമായെങ്കിലും അദ്ദേഹത്തിന് ഇതുവരെ അനുമതി ലഭിച്ചിട്ടില്ല. ഇത്തരത്തിൽ വാഹനങ്ങൾ വാങ്ങുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കുമോ; അതിന്റെ ആവശ്യമുണ്ടോ?

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, ഇത് ആശയപരമായി കറക്ടാണ്. ടിപ്പറുകളിലും പ്രൈവറ്റ് ബസ്സുകളിലും കെ.എസ്.ആർ.ടി.സി. ബസ്സുകളിലും സ്പീഡ് ഗവർണർ ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുന്നുവെങ്കിലും അതിന്റെ ഇംപ്ലിമെന്റേഷൻ കൃത്യമായി നടക്കുന്നില്ല. മിക്ക വാഹനങ്ങളും ഇടതുഭാഗത്തുകൂടിയാണ് ഓവർടേക്ക് ചെയ്യുന്നത്. ഞാൻ ഇന്ത്യയിലുടനീളം കാറിലും ബസ്സിലും യാത്ര ചെയ്തിട്ടുള്ള വ്യക്തിയാണ്. കേരളത്തിൽ മാത്രമാണ് ഇത്തരമൊരു ഓവർടേക്കിംഗ് കണ്ടിട്ടുള്ളത്. നമ്മളെക്കാളും reckless ഡ്രൈവിംഗുള്ള പഞ്ചാബിൽപ്പോലും ഇത്തരം പ്രവണത കണ്ടിട്ടില്ല. എനിക്ക് കുറെയേറെ കാര്യങ്ങൾ പറയുവാനുണ്ട്. സമയപരിമിതി കാരണം കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇത്തരം പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാര മുണ്ടാകണമെങ്കിൽ ഡ്രൈവർമാരുടെ ആറ്റിറ്റ്യൂഡിൽ മാറ്റമുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതോടൊപ്പം ബോധവൽക്കരണ പരിപാടികളും സർക്കാർ നടത്തണം. ജലഗതാഗത സൗകര്യത്തെക്കുറിച്ച് പലപ്പോഴും ഈ സഭയിൽ ചർച്ച ചെയ്തിട്ടുള്ളതാണ്. ഏകദേശം 600 കിലോമീറ്റർ കോസ്റ്റ് ലൈനും 44 നദികളുമുള്ള സംസ്ഥാനമാണ് കേരളം. ഇവിടെ ഒരു കോടി വണ്ടികൾ നിരത്തിൽ ഇറങ്ങാതിരിക്കണമെങ്കിൽ തീർച്ചയായും പരിസ്ഥിതി സൗഹൃദമായ ജലഗതാഗത സൗകര്യം നമ്മുടെ നാട്ടിലുണ്ടാകണം.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ആക്സിഡന്റുകൾ നടക്കുമ്പോൾ പ്രധാനപ്പെട്ട ഒരു കാര്യം ശ്രദ്ധിക്കേണ്ടത് ആക്സിഡന്റിൽപ്പെടുന്ന ആളുകളുടെ കാര്യമാണ്. ആക്സിഡന്റിൽപ്പെടുന്ന ആളുകളേയുംകൊണ്ട് എൻ.എച്ച്.-ൽകൂടി ചീറിപ്പാഞ്ഞ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വരാറുണ്ട്. ആളുകളെ പെട്ടെന്ന് അടുത്തുള്ള സർക്കാർ ആശുപത്രിയിലോ സ്വകാര്യ ആശുപത്രിയിലോ കൊണ്ടുപോകുകയാണെങ്കിൽ ഒന്നുരണ്ട് മണിക്കൂറിൽ അവർക്കാവശ്യമായ ചികിത്സ ഫ്രീയായി നൽകണം. അതിനൊരു ഫണ്ട് സർക്കാർ കണ്ടെത്തണമെന്ന ഒരു ചെറിയ നിർദ്ദേശം മുന്നോട്ട് വയ്ക്കുകയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്....

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, അതുപോലെ പല സ്ഥലങ്ങളിലുള്ള കാര്യമാണ് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള മോട്ടോർ വെഹിക്കിൾ ഡെവലപ്മെന്റ് ആക്ടിന്റെ അമെന്റ്മെന്റിൽ ഗുഡ് സമരിറ്റൻ ലായെക്കുറിച്ച് പറയുന്നുണ്ട്. ആക്സിഡന്റ് നടക്കുമ്പോൾ ഏറ്റവും കൂടുതൽ സഹായിക്കുന്നത് അടുത്തുള്ള ആളുകളാണ്.

പ്രൈവറ്റ് മെമ്പേഴ്സ് ബിൽ അവതരിപ്പിച്ച് ശ്രീ. ഹൈബി ഈഡനും ഇക്കാര്യം സൂചിപ്പിച്ചിരുന്നു. അതായത്, ആക്സിഡന്റ് നടക്കുമ്പോൾ സഹായിക്കാൻ തയ്യാറാകുന്ന ആളുകൾക്ക് ലീഗലായിട്ടുള്ള ഇൻസുലേഷൻ നൽകാൻ സർക്കാർ തയ്യാറാകണം. ഇത്തരക്കാർക്ക് കേസ്സിന്റേയും വ്യവഹാരത്തിന്റേയും പുറകേ പോകേണ്ടി വന്നാൽ ഇതുപോലെയുള്ള ആളുകളെ സഹായിക്കാനുള്ള മനസ്സ് കുറയും. സമയപരിമിതിമൂലം ഞാൻ ചുരുക്കുകയാണ്.

മറ്റൊരു കാര്യം എനിക്ക് സൂചിപ്പിക്കാനുള്ളത്, പത്ത് വർഷങ്ങൾക്കുമുൻപ്, 2006 ഒക്ടോബർ 19-ാം തീയതി ഈ സഭയിൽ സമാന സ്വഭാവമുള്ള വിഷയം ചട്ടം 130 അനുസരിച്ച് എന്റെ അച്ഛൻ ജി. കാർത്തികേയൻ ഇവിടെ പ്രമേയമായി അവതരിപ്പിച്ചിട്ടുണ്ട്. അതീവ ഗുരുതരമായ അപകടങ്ങളുടെ കാരണങ്ങളെക്കുറിച്ച് പഠിച്ച് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കുന്നതിനെക്കുറിച്ചുള്ള പ്രമേയമാണ് അദ്ദേഹം അന്ന് സഭയിൽ അവതരിപ്പിച്ചത്. അതിന്റെ ഭാഗമായി 2007-ൽ ശ്രീ. വി. എസ്. അച്യുതാനന്ദൻ മുഖ്യമന്ത്രിയും ശ്രീ. മാത്യു ടി. തോമസ് ഗതാഗത വകുപ്പുമന്ത്രിയുമായിരുന്നപ്പോൾ കേരള സ്റ്റേറ്റ് റോഡ് ഫണ്ട് ബോർഡ് രൂപീകരിച്ചു. അതിനുശേഷം റോഡ് ട്രാൻസ്പോർട്ട് ഫണ്ട് വന്നു, പക്ഷെ ഇതൊക്കെ ചെയ്തിട്ടും നമ്മുടെ നിരത്തുകളിൽ മരിക്കുന്ന ആളുകളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. എന്റെ മണ്ഡലത്തിലെ നെടുമങ്ങാട്-ആര്യനാട് റോഡ് ബി.എം.&ബി.സി. ആയതിനുശേഷം 11 പേർ മരിച്ചു. അതിനെക്കുറിച്ച് പറയണമെന്നാലോചിച്ച് ചർച്ചയ്ക്കുവേണ്ടി പഠിച്ചുകൊണ്ടിരിക്കുമ്പോഴാണ് മിനിഞ്ഞാന്ന് രാത്രി എനിക്ക് പരിചയമുള്ള തൗഫീക് എന്ന 18 വയസ്സുള്ള ഒരു ബാലൻ അതേ റോഡിൽ, അതേ ആക്സിഡന്റ് ഹോട്ട് സ്പോട്ടിൽ അമിതവേഗം കാരണം മാരുതി 800 മറിഞ്ഞ് മരിക്കുന്നത്. ഇതുപോലെയുള്ള അവസ്ഥ നമ്മുടെ നാട്ടിൽ മാറണം. അതിനുവേണ്ടി നിയമങ്ങളുണ്ടാക്കുകയും ശക്തമായി ആ നിയമങ്ങൾ പാലിക്കാൻ വേണ്ടി ഫോഴ്സും സ്ട്രെങ്ത്തും അതിനേക്കാൾ കൂടുതൽ ഒരു മനസ്സും സർക്കാരിനുണ്ടാകണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, കയ്യും തലയും പുറത്തിടരുത്, ഇടതുവശം ചേർന്ന് പോകുക എന്നുള്ളതൊക്കെ പൂർണ്ണമായും പാലിക്കുകയാണെങ്കിൽ കാര്യമായ അപകടങ്ങളില്ലാതെ നമുക്ക് മുന്നോട്ടുപോകാൻ കഴിയും. കേരള പിറവിയുടെ അറുപതാം വാർഷികത്തിൽ കേരളത്തിൽ വർദ്ധിച്ചുവരുന്ന റോഡപകടങ്ങളേയും അതിനുള്ള പരിഹാരമാർഗ്ഗങ്ങളേയും കുറിച്ചുള്ള ചർച്ചയ്ക്ക് വളരെയേറെ പ്രാധാന്യമുണ്ട്. കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ ഇന്ത്യയിൽ 10 ലക്ഷം പേരുടെ ജീവനാണ് റോഡുകളിൽ പൊലിഞ്ഞു വീണിട്ടുള്ളത്. ഔദ്യോഗിക

കണക്കുപ്രകാരം രാജ്യത്ത് റോഡപകടങ്ങളുടെ കാര്യത്തിൽ മുന്നിൽ നിൽക്കുന്നത് തമിഴ്നാട്, മഹാരാഷ്ട്ര, മധ്യപ്രദേശ്, കർണാടക സംസ്ഥാനങ്ങളാണ്. പക്ഷെ കേരളീയർക്ക് അഭിമാനിക്കാൻ വകയൊന്നുമില്ല. തൊട്ടുപിന്നാലെ നമ്മളും ആ സ്ഥാനത്തുണ്ടെന്ന വസ്തുത ഗൗരവപൂർവ്വം നമ്മൾ കാണേണ്ടതുണ്ട്. രാജ്യത്തെ അപകടങ്ങളിൽ 30 ശതമാനവും കേരളമടക്കമുള്ള ഈ അഞ്ച് സംസ്ഥാനങ്ങളിലാണ് നടക്കുന്നതെന്നതാണ് കണക്കുകൾ വ്യക്തമാക്കുന്നത്. റോഡപകടങ്ങളിൽ ഇരയാകുന്നവരിൽ പകുതി പേരും ഇരുപതിനും അൻപതിനുമിടയിൽ പ്രായമുള്ളവരാണെന്നുള്ള കണക്കുകളും പുറത്തുവരുന്നുണ്ട്. ഇതിന്റെ ഫലമായി നിരവധി കുടുംബങ്ങൾ അനാഥരാകുന്ന ഒരു സ്ഥിതിവിശേഷം നമുക്ക് കാണാൻ കഴിയും. റോഡപകടങ്ങൾമൂലമുള്ള മരണത്തിന് നിരവധി ഘടകങ്ങളുണ്ടെന്നുള്ള കാര്യം പ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. കെ. എസ്. ശബരീനാഥൻ സൂചിപ്പിക്കുകയുണ്ടായി. ഡ്രൈവിംഗിനെ സംബന്ധിച്ച ശരിയായ ധാരണയില്ലായ്മ, പുതുതലമുറയ്ക്ക് ഇരുചക്രവാഹനങ്ങളോടുള്ള ഭ്രമം, അതുണ്ടാക്കുന്ന വർദ്ധനവ്, ടിപ്പർലോറി-ബസ് ഡ്രൈവർമാരുടെ അമിത വേഗത, ശരിയായി ഉറങ്ങാതെ ഡ്രൈവ് ചെയ്യുന്നത്, റോഡുകളുടെ ശോചനീയാവസ്ഥ, റോഡ് നിയമങ്ങൾ ലംഘിക്കുന്ന അവസ്ഥ, മദ്യപിച്ചുള്ള ഡ്രൈവിംഗ്, സീറ്റ് ബെൽറ്റ്, ഹെൽമറ്റ് എന്നിവ ഇല്ലാതെ ഡ്രൈവ് ചെയ്യുന്ന സ്ഥിതി, ഡ്രൈവ് ചെയ്യുമ്പോൾ മൊബൈൽ ഫോണിലുള്ള സംഭാഷണങ്ങൾ ഇങ്ങനെ നിരവധി ഘടകങ്ങളുണ്ട്. കഴിഞ്ഞ വർഷത്തെ കണക്കുകൾ കാണിക്കുന്നത് ആകെ 39014 അപകടങ്ങളുണ്ടായതിൽ 37950-ഉം ഡ്രൈവർമാരുടെ വീഴ്ചമൂലമുണ്ടായ അപകടങ്ങളാണെന്നാണ്. കേരളം കണികണ്ടുണരുന്നത് തന്നെ റോഡപകടങ്ങളെന്ന ഈ തിന്മയെ കണ്ടുകൊണ്ടാണ്. അപകടമരണങ്ങളുടെ വാർത്തകൾ നിറഞ്ഞ പത്രത്താളുകളാണ് ദിവസവും നമ്മൾ കാണുന്നത്. ഇന്ന് തന്നെ സൂചിപ്പിക്കപ്പെട്ടതാണ്, പെരുമ്പാവൂരിൽ അമിത വേഗത്തിൽ വന്ന കാർ സ്കൂളിന് മുന്നിലുള്ള ഹമ്പിലിടിച്ച് തൊട്ട് മുന്നിലുള്ള കെട്ടിടത്തിന്റെ സൺ ഷെയ്ഡ് വരെ പോയി തട്ടി മറിഞ്ഞ് രണ്ടുപേർ മരണപ്പെട്ടത്. അപകടരഹിതമായ യാത്രയ്ക്ക് സുരക്ഷിത റോഡുകൾ അനിവാര്യമാണെന്നതിൽ തർക്കമില്ല. ഏതൊരു സമൂഹത്തിന്റേയും വളർച്ചയ്ക്ക് റോഡുകളുടെ വികസനം വളരെ അനിവാര്യമാണ്. എന്നാൽ റോഡ് വികസിച്ചതുകൊണ്ടുമാത്രം സാമൂഹ്യ പുരോഗതിയുണ്ടാകണ മെന്നില്ല. ബി.ഒ.ടി. വ്യവസ്ഥയിൽ വലിയ റോഡുകൾ അയൽ സംസ്ഥാനങ്ങളിൽ വികസിപ്പിച്ചിട്ടുണ്ട്. പക്ഷെ അതനുസരിച്ച് അവിടത്തെ ജനങ്ങളിൽ, അവരുടെ ജീവിത സാഹചര്യങ്ങളിൽ വലിയ മെച്ചപ്പെടലൊന്നും ഉണ്ടായിട്ടില്ലെന്നുള്ളത് കാണാൻ കഴിയും. റോഡ് സുരക്ഷയുടെ ഭാഗമായി നടപ്പാതകൾ, ട്രാഫിക് ഐലന്റുകൾ, പാർശ്വ ചാലുകൾ എന്നിവ നിർബന്ധമായും ഉണ്ടാകേണ്ടതുണ്ട്.

ശ്രീ. വി. ടി. ബൽറാം: സർ, റോഡ് സുരക്ഷയുടെ ഭാഗമായി നടപ്പാതകൾ വേണമെന്ന് താങ്കൾ പറഞ്ഞു. വളരെ നല്ല കാര്യമാണ്. പുറകിൽ വരുന്ന വാഹനങ്ങൾക്ക് യാതൊരു മുന്നറിയിപ്പും കൊടുക്കാതെ സ്വകാര്യ ബസ്സുകൾ റോഡിന്റെ നടുവിൽ പെട്ടെന്ന് ബ്രേക്ക് ചെയ്ത് ആളുകളെ കയറ്റുകയും ഇറക്കുകയും ചെയ്യുന്നതിന്റെ ഭാഗമായാണ് ഏറ്റവും കൂടുതൽ അപകടങ്ങളുണ്ടാകുന്നത്. അതുകൊണ്ട് മറ്റ് വികസിത രാജ്യങ്ങളിലുള്ളതുപോലെ റോഡിന്റെ സൈഡിൽ ബസ്സുകൾക്ക് നിർത്താൻ ബസ് ബേകൾ നിർമ്മിക്കുക എന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. കിഫ്ബി വഴിയൊക്കെ നല്ല നിലവാരത്തിലുള്ള റോഡുകൾ നിർമ്മിക്കുമ്പോൾ പി.ഡബ്ല്യു.ഡി. വകുപ്പ് ഇക്കാര്യം പരിഗണിക്കണമെന്ന ആവശ്യം താങ്കൾക്കുണ്ടോ?

ശ്രീ. മുരളി പെരുനെല്ലി: സർ, ശരിയായ ആവശ്യമാണ് അങ്ങ് മുന്നോട്ടുവച്ചത്. പാതയോരങ്ങളിൽ അനധികൃതമായി നീണ്ട നിരകളായി വാഹനങ്ങൾ പാർക്ക് ചെയ്യുന്ന അവസ്ഥ തടയേണ്ടതുണ്ട്. അതുപോലെ, വാഹന ഗതാഗതത്തിനും കാൽനട യാത്രക്കാർക്കും തടസ്സമുണ്ടാക്കുന്ന രീതിയിൽ കല്ല്, മെറ്റൽ, പൂഴി തുടങ്ങി നിരവധി സാധനങ്ങൾ അനിയന്ത്രിതമായി റോഡരികിൽ നിക്ഷേപിക്കുന്നതുമൂലം ധാരാളം അപകടങ്ങൾ സമൂഹത്തിൽ ഉണ്ടാകുന്നുണ്ട്. ഇത് നിയന്ത്രിക്കാനാവശ്യമായ ബോധവൽക്കരണം നടത്തേണ്ടതുണ്ട്. സുരക്ഷിതമായ ഡ്രൈവിംഗിന് ഡ്രൈവർമാർക്ക് സഹായകരമായ തരത്തിൽ റോഡുകളിൽ സൈൻ ബോർഡുകൾ പ്രദർശിപ്പിക്കുന്നുണ്ടെങ്കിലും അതെല്ലാം പരസ്യ ബോർഡുകളായി മാറുന്ന ഒരു സ്ഥിതിവിശേഷം വരുന്നത് ഡ്രൈവർമാരുടെ ശ്രദ്ധ തിരിച്ചുവിടുന്നതിനും അതുവഴി അപകടങ്ങൾ ധാരാളമായി ഉണ്ടാകുന്നതിനും ഇടയാകുന്നുണ്ട്. റോഡ് ഗവേഷണത്തിലും ഡിസൈനിംഗിലും കേരളം വളരെ പിന്നിലായതിനാൽ നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി റോഡുകൾ സുരക്ഷിതമാക്കാനുള്ള നടപടികളും അമിതവേഗതയും മദ്യപിച്ചുള്ള ഡ്രൈവിംഗും നിയന്ത്രിക്കാനാവശ്യമായ സംവിധാനങ്ങളും ഉണ്ടാകണം. ബസ്സുകൾക്ക് വാതിൽ നിർബന്ധമാണെന്ന് നിയമമുണ്ടെങ്കിലും ആ വാതിലുകൾ കണ്ടക്ടർമാർ സൈഡിലേക്ക് വലിച്ചുകെട്ടി തുറന്ന് വച്ചുകൊണ്ടു പോകുന്നതിന്റെ ഫലമായി യാത്രക്കാർ തൂങ്ങിനിന്ന് യാത്ര ചെയ്യുന്ന അവസ്ഥാവിശേഷവുമുണ്ട്. ആട്ടോമാറ്റിക് ഡോറുകളടക്കം തുറന്നുവയ്ക്കുന്നതു കൊണ്ട് യാത്രക്കാർ റോഡിലേയ്ക്ക് തെറിച്ച് വീണ് മരണമടയുന്ന വാർത്തകളും നമ്മൾ കാണുന്നുണ്ട്. കാൽനടക്കാർക്ക് റോഡ് മുറിച്ച് കടക്കുന്നതിനാണ് സീബ്രാ ലൈൻ സ്ഥാപിച്ചിട്ടുള്ളതെങ്കിലും പലപ്പോഴും സിഗ്നൽ സംവിധാനത്തിൽ ചുവന്ന ലൈറ്റ് തെളിയുമ്പോൾ സീബ്രാ ലൈനിലേയ്ക്ക് വണ്ടി കയറ്റി നിർത്തി യാത്രക്കാർക്ക് കടന്നുപോകാൻ പറ്റാത്ത സ്ഥിതിവിശേഷമാണ് കാണുന്നത്. ഇത്തരം

അപകടങ്ങളുണ്ടാകുമ്പോൾ പരിക്കേൽക്കുന്നവർക്ക് പ്രഥമശുശ്രൂഷ നൽകുന്നതിനു വേണ്ടി കേരള പോലീസ് Save Our Fellow Traveller (SOFT) എന്ന പുതിയ പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. തിരുവനന്തപുരത്താണ് അതിന്റെ തുടക്കമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സോഫ്റ്റ് എന്ന സംവിധാനം സംസ്ഥാന വ്യാപകമാക്കാനാവശ്യമായ നടപടികളെടുക്കേണ്ടതുണ്ട്. ഓരോ വർഷവും 5 ലക്ഷം പുതിയ വാഹനങ്ങളാണ് നമ്മുടെ നിരത്തുകളിൽ ഇറങ്ങുന്നത്. ഇവയിൽ ഭൂരിപക്ഷവും നഗരപ്രദേശങ്ങളിലാണ് ഇറങ്ങുന്നത്. വാഹനവൽക്കരണത്തിന്റെ ഭാഗമായി ഗതാഗതക്കുരുക്ക്, പാർക്കിംഗ് സ്ഥലത്തിന്റെ അപര്യാപ്തത, സുരക്ഷാ പ്രശ്നങ്ങൾ, അപകടങ്ങൾ, വർദ്ധിച്ചുവരുന്ന അന്തരീക്ഷ മലിനീകരണം തുടങ്ങി ധാരാളം ദൂഷ്യഫലങ്ങൾ നമ്മുടെ പട്ടണങ്ങൾ ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. റോഡുകളുടെ വികസനത്തിന് ഭൂമി ആവശ്യമാണ്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി ഭൂമി ലഭ്യത കേരളത്തിൽ കുറവാണെന്ന കാര്യം നമുക്കറിയാം. അപകടങ്ങൾ കൂടുതൽ നടക്കുന്ന ദേശീയ പാതയിൽ ചരക്ക് ഗതാഗതവുമായി ബന്ധപ്പെട്ട് ഹെവി വാഹനങ്ങളാണ് ഓടുന്നത്. ചരക്ക് ഗതാഗതം റെയിൽവെവഴി ആക്കുന്നതിനെക്കുറിച്ച് നമ്മൾ ഗൗരവപൂർവ്വം ആലോചിക്കേണ്ടതുണ്ട്. റോഡിന്റെ ആറിരട്ടി ഇന്ധനക്ഷമതയുണ്ട് റെയിൽ ഗതാഗതത്തിന് എന്ന് നമുക്ക് കാണാൻ സാധിക്കും. 1257 കിലോമീറ്ററുള്ളതാണ് കേരളത്തിലെ റെയിൽവെ ശൃംഖല. ചരക്ക് നീക്കത്തിന് മാത്രമായി ഒരു റെയിൽപ്പാത പണിയുകയാണെങ്കിൽ കേവലം 8 മീറ്റർ വീതിയിൽ മാത്രം ഭൂമി ഏറ്റെടുത്താൽ മതിയാകും. മറ്റ് റോഡുകൾക്ക് വലിയ വീതിയിൽ ഭൂമി ഏറ്റെടുക്കേണ്ട അവസ്ഥയുണ്ട്. ദേശീയപാതയിൽ കാറുകളും ഇരുചക്രവാഹനങ്ങളും കയറ്റി വരുന്ന വലിയ ലോറികൾ ധാരാളം അപകടങ്ങളുണ്ടാക്കുന്നുണ്ട്. അതൊഴിവാക്കിക്കൊണ്ട് അതെല്ലാം റെയിൽവെ വഴി കൊണ്ടുവരാനാവശ്യമായ സംവിധാനം എങ്ങനെ നടപ്പിലാക്കാൻ കഴിയുമെന്ന കാര്യം ആലോചിക്കേണ്ടതുണ്ട്. മുൻപ് ശ്രീ. കെ. എസ്. ശബരീനാഥൻ സൂചിപ്പിച്ച ജലഗതാഗതം പ്രധാനപ്പെട്ട ഒരു കാര്യമാണ്.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, റോഡിലൂടെ അപകടകരമായ ഇന്ധനങ്ങൾ കൊണ്ടുവരുന്നതുമൂലം സമീപകാലത്ത് കേരളത്തിൽ വലിയ അപകടങ്ങളുണ്ടായിട്ടുണ്ട്. റോഡ് സുരക്ഷയെക്കുറിച്ച് സംസാരിക്കുന്ന ഈ സന്ദർഭത്തിൽ, ജനസാന്ദ്രതയുള്ള കേരളത്തിൽ ഇത്തരം കാര്യങ്ങളിൽ പ്രത്യേകമായ ശ്രദ്ധ ഉണ്ടാകേണ്ടതല്ലേ?

<u>ശ്രീ. മുരളി പെരുനെല്ലി</u> : സർ, ഒരു പ്രധാനപ്പെട്ട കാര്യമാണ് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത്. ഏറ്റവുമധികം ഇന്ധനക്ഷമതയുള്ള പരിസ്ഥിതി സൗഹൃദമായ ഗതാഗത മാർഗ്ഗമാണ് ജലഗതാഗതം. 1650 കി.മീ. നീളമുള്ള ജലപാതയാണ്

നമുക്കുള്ളത്. എന്തുകൊണ്ട് ചരക്ക് ഗതാഗതത്തിന് റോഡിനുപകരം ജലഗതാഗതം ഉപയോഗിച്ചുകൂടാ എന്നുള്ള കാര്യം നാം ഗൗരവപൂർവ്വം ആലോചിക്കണം. ഒരു കാലത്ത് പ്രബലമായിരുന്ന കേരളത്തിലെ ആഭ്യന്തര ജലഗതാഗതം വേഗതയേറിയ ഗതാഗത മാർഗ്ഗങ്ങളുടെ ആവിർഭാവത്തോടുകൂടി പുറന്തള്ളപ്പെട്ടിരിക്കുകയാണ്. അത് തിരിച്ചു കൊണ്ടുവരാൻ നമുക്ക് കഴിയണം. കുറഞ്ഞ ചെലവിൽ അപകടങ്ങളില്ലാതെ വൻതോതിൽ ചരക്കു ഗതാഗതം നടത്താൻ കഴിയുന്ന ഈ മാർഗ്ഗത്തെപ്പറ്റി ഗൗരവപൂർവ്വം ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയണ്. ജലഗതാഗത പാതകളെ പുനരുദ്ധരിക്കുന്നതിനായി നടത്തുന്ന ഏതൊരു ശ്രമവും ഈ മേഖലയിലെ ജനങ്ങളുടെ സാമ്പത്തിക മുന്നേറ്റത്തിന് സഹായകരമായിരിക്കും. ബോട്ട് ജെട്ടികൾ, കാർഗോ ലാന്റിംഗ് സ്ഥലങ്ങൾ എന്നിവയ്ക്കുചുറ്റും നടക്കുന്ന സാമ്പത്തിക പ്രവർത്തനങ്ങൾ പ്രാദേശികമായ തൊഴിൽ ലഭ്യതയും തൊഴിലവസരങ്ങളും ഉണ്ടാക്കുന്ന കാര്യങ്ങളാണ്. അതുകൊണ്ട് അതിനാവശ്യമായ വിധത്തിലുള്ള ജലഗതാഗത പാതയെ സംബന്ധിച്ച് വളരെ ഗൗരവപൂർവ്വം നമ്മൾ ആലോചിക്കേണ്ടതുണ്ട്. റോഡുവികസനം മാത്രമല്ല ഗതാഗത വികസനമെന്നത് നാം തിരിച്ചറിയേണ്ടതാണ്. റോഡ്, ജലഗതാഗതം, റെയിൽ, തീരക്കടൽ വ്യോമയാന ഗതാഗതം തുടങ്ങിയവ ആധുനിക സങ്കേതങ്ങളുടെ സഹായത്തോടെ വികസിപ്പിക്കാനും അതിനാവശ്യമായ സമഗ്ര ഗതാഗത നയം രൂപപ്പെടുത്താനും കഴിഞ്ഞാൽ മാത്രമേ ഇപ്പോൾ ചർച്ച ചെയ്യപ്പെടുന്ന ഈ വിഷയത്തിന് പരിഹാരമാകൂ എന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുകയാണ്.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, വളരെ ഗൗരവതരമായ ഒരു വിഷയത്തെ സംബന്ധിച്ചാണ് സഭ ചർച്ച ചെയ്യുന്നത്. സുരക്ഷിതമായ ഗതാഗതം വികസനത്തിൽ അതിപ്രാധാന്യം അർഹിക്കുന്ന ഘടകമാണെന്ന കാര്യത്തിൽ തർക്കമില്ല. കേരളം അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന നഗരസമാനമായ ഒരു ഭൂപ്രദേശമാണ്. വർത്തമാനകാലത്ത് സംസ്ഥാനത്തുണ്ടായിക്കൊണ്ടിരിക്കുന്ന പുരോഗതിയുടെ സൂചനയാണ് വാഹനങ്ങളുടെ വർദ്ധനവ്. നമ്മുടെ സംസ്ഥാനത്ത് പ്രതിവർഷം അഞ്ചുലക്ഷത്തിലധികം വാഹനങ്ങൾ നിരത്തിലിറങ്ങുന്നുണ്ട്. അതുകൊണ്ട് അപകടങ്ങളും പെരുകുകയാണ്. കഴിഞ്ഞ നാലുമാസത്തിനിടയിൽ എന്റെ മണ്ഡലത്തിൽ ഗ്യാസ് കയറ്റിവന്ന നാല് ടാങ്കർ ലോറികളാണ് അപകടത്തിൽപ്പെട്ടത്. ജനങ്ങളെ ഭീതിപ്പെടുത്തുന്ന തരത്തിലുള്ള അവസ്ഥയാണ് സംജാതമായിട്ടുള്ളത്. ഇതിനുള്ള മൂലകാരണം റോഡിന്റെ അശാസ്ത്രീയമായ നിർമ്മാണവും അലസമായ ഡ്രൈവിംഗുമാണ്. ഡ്രൈവർമാർ ലൈസൻസ് എടുക്കുമ്പോഴും പുതുക്കുമ്പോഴും മാത്രമാണ് അവരുടെ കാഴ്ചശക്തി പരിശോധനയ്ക്ക് വിധേയമാകുന്നത്. അതുതന്നെ സാങ്കേതിക അർത്ഥത്തിൽ സർട്ടിഫിക്കറ്റ്

ഹാജരാക്കുന്ന എന്നല്ലാതെ മറ്റ് പരിശോധനകളൊന്നും നടക്കുന്നില്ല. കാഴ്ചശക്തി പരിശോധനയില്ല എന്നുള്ളതും അപകടങ്ങൾ ക്ഷണിച്ചുവരുത്തുന്ന ഒരു ഘടകമാണ്. അതുപോലെ ട്രാഫിക് നിയമങ്ങളെ സംബന്ധിച്ചുള്ള ഒരു അവബോധം ജനങ്ങളിൽ വളർത്താൻ ഇനിയും നമുക്ക് കഴിഞ്ഞിട്ടില്ല. പ്രത്യേകിച്ച് നമ്മുടെ ചെറുപ്പക്കാർ ട്രാഫിക് നിയമങ്ങൾ ലംഘിച്ചുകൊണ്ടുള്ള ഡ്രൈവിംഗാണ് നിരത്തിൽ നടത്തുന്നതെന്നുള്ളത് നിരന്തരം യാത്ര ചെയ്യുന്ന ഒരാളെന്ന നിലയിൽ എനിക്ക് നേരിട്ട് ബോദ്ധ്യമുള്ള കാര്യമാണ്. ഇടതുവശത്തുകൂടി ഓവർടേക്ക് ചെയ്യാൻ പാടില്ലെന്ന നിയമമുള്ളപ്പോൾ ആ നിയമം ലംഘിക്കാനുള്ള പ്രവണതയാണ് പൊതുവിൽ കാണുന്നത്. ഡ്രൈവിംഗ് എന്നതിനുപകരം വണ്ടി ഡൈവ് ചെയ്ത് പോകുന്ന ഒരവസ്ഥയാണ് റോഡിലുടനീളം കാണാൻ കഴിയുന്നത്. ഇരുചക്ര വാഹനങ്ങളുടെ പെരുപ്പം നിരോധിക്കണമെന്ന് ഞാൻ പറയുന്നില്ല. നിയന്ത്രണ വിധേയമാകുന്നില്ലെങ്കിൽ അപകടങ്ങളും മരണങ്ങളും നിരന്തരം പെരുകി ക്കൊണ്ടിരിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ന്യൂ ജനറേഷൻ ഇരുചക്ര വാഹനങ്ങൾ വന്നതോടുകൂടിയാണ് അപകടങ്ങളുടെ എണ്ണം വർദ്ധിച്ചിട്ടുള്ള തെന്ന് കാണാൻ കഴിയും. അത് നാഷണൽ ഹൈവേയിൽ മാത്രമല്ല ഗ്രാമപ്രദേശ ങ്ങളിലെ റോഡുകളിൽ പോലും ചീറിപ്പായുന്ന ബൈക്കുകളാണ് ഇന്ന് നമുക്ക് കാണാൻ സാധിക്കുന്നത്. യാതൊരു നിയന്ത്രണവുമില്ലാതെ, അപകടത്തെക്കുറിച്ച് യാതൊരു ധാരണയുമില്ലാതെ സ്വന്തം ജീവനുപോലും വില കൽപ്പിക്കാതെയുള്ള യാത്രയാണ് ചെറുപ്പക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. അണുകുടുംബങ്ങളാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. ഒന്നോ രണ്ടോ കുട്ടികളുള്ള വീടുകളിലെ കുട്ടികൾ അകാലത്തിൽ പൊലിഞ്ഞുപോകുന്നത് ആ കുടുംബങ്ങളെ അനാഥമാക്കുന്ന അവസ്ഥ സംജാതമാക്കുന്നു എന്നുള്ളത് ഗൗരവതരമായി കണ്ട് ലൈസൻസ് നൽകുമ്പോൾ കുറച്ചുകൂടി ഗൗരവതരമായ പരിശോധനയും നിരീക്ഷണവും ഏർപ്പെടുത്തണം. 18 വയസ്സിലാണ് ഇപ്പോൾ ലൈസൻസ് നൽകുന്നത്. 18 വയസ്സിൽ ലൈസൻസ് നൽകണമോ എന്നുള്ള കാര്യവും പരിശോധനയ്ക്ക് വിധേയമാക്കണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. കാരണം 18 വയസ്സ് നല്ല ത്രില്ലിൽ നിൽക്കുന്ന പ്രായമാണ്. ലൈസൻസ് കിട്ടിക്കഴിഞ്ഞാൽ പിന്നെ യാതൊന്നും നോക്കേണ്ടതില്ലെന്നാണ് അവരുടെ പക്ഷം. അതുപോലെ മദ്യപിച്ചുകൊണ്ടും ലഹരി പദാർത്ഥങ്ങളുപയോഗിച്ചുകൊണ്ടുമുള്ള ഡ്രൈവിംഗിന് പരിശോധന ഗൗരവതരമായി നടക്കുന്നില്ല എന്നുള്ളതാണ് വസ്തുത. ഇത് കുറച്ചുകൂടി ഗൗരവതരമായ പരിശോധനകൾക്ക് വിധേയമാക്കാനുള്ള സന്ദർഭം ഉണ്ടാകേണ്ടതുണ്ട്. റോഡുകളിലെ അനാവശ്യമായ പാർക്കിംഗും റോഡുകൾ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന അവസ്ഥയും നിയന്ത്രിക്കാൻ കഴിയണം. റോഡുകൾ

ഗതാഗതത്തിനുള്ളതാണെന്ന അവസ്ഥ നിലനിർത്താനുള്ള സാഹചര്യമുണ്ടാകണം. പുതിയ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് എന്തെങ്കിലും നിയന്ത്രണങ്ങൾ കൊണ്ടുവരാൻ കഴിയുമോ എന്നുള്ളത് പരിശോധനയ്ക്ക് വിധേയമാക്കണം. യാതൊരു നിയന്ത്രണവുമില്ലാതെയാണ് ഇന്ന് കേരളത്തിൽ വാഹനങ്ങൾ രജിസ്റ്റർ ചെയ്തുകൊണ്ടിരിക്കുന്നത്. അഞ്ചുലക്ഷം വാഹനങ്ങളാണ് പുതിയതായി ഇറങ്ങിക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ ജനസാന്ദ്രതയ്ക്ക് അനുയോജ്യമായിട്ടുള്ള ഗതാഗതസൗകര്യം നമുക്കില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഉള്ള സൗകര്യങ്ങൾ എങ്ങനെ നമുക്ക് പ്രയോജനകരമാക്കി എടുക്കാമെന്നുള്ളത് സംബന്ധിച്ചുള്ള ഗൗരവതരമായ അന്വേഷണമാണ് നമുക്കാവശ്യമായിട്ടുള്ളത്. റോഡപകടങ്ങൾ ഇന്നൊരു വാർത്തയല്ലാതായി മാറിയിരിക്കുകയാണ്. എത്ര വിലപ്പെട്ട ജീവനുകളാണ് പൊലിഞ്ഞുപോകുന്നത്. ചില അപകടങ്ങൾ കാണുമ്പോൾ നമുക്ക് അത്ഭുതം തോന്നും. കഴിഞ്ഞ ദിവസം ഞാൻ യാത്ര ചെയ്യുന്നതിനിടയ്ക്ക് കല്ലുവാതുക്കലിന് സമീപം ഒരു ഇലക്ട്രിക് പോസ്റ്റിന്റെയും സ്റ്റേ പോസ്റ്റിന്റെയും ഇടയ്ക്ക് അന്തരീക്ഷത്തിൽ ഒരു കാറ് കയറിയിരിക്കുന്നു. എങ്ങനെ ആ കാർ അവിടെ എത്തിയെന്നുള്ളത് യാതൊരു നിശ്ചയവുമില്ല. ഇത്തരത്തിലുള്ള ഡ്രൈവിംഗും അപകടങ്ങളുമാണ് നമ്മുടെ റോഡുകളിൽ നടന്നുകൊണ്ടിരിക്കുന്നത് എന്ന് ബോദ്ധ്യപ്പെട്ട് കേരള സംസ്ഥാനത്തിന്റെ ഏറ്റവും ഗൗരവമുള്ള ഒരു വിഷയമായി ഇതിനെ കണ്ട് ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. മോൻസ് ജോസഫ്</u> : സർ, റോഡുകൾ മെച്ചപ്പെട്ടതായാലും മോശമായാലും അപകടങ്ങളുണ്ടാകുന്നു. റോഡുകൾ മെച്ചപ്പെട്ടാൽ അമിതവേഗവും അശ്രദ്ധയുംമൂലം അപകടങ്ങളുണ്ടാകുന്നു. റോഡ് മോശമായാൽ കുഴിയിൽ വീണ് അപകടങ്ങളുണ്ടാകുന്നു. അപകടങ്ങൾ കുറച്ചുകൊണ്ടുവരാനും ജീവൻപോലും നഷ്ടപ്പെടുന്ന സാഹചര്യങ്ങൾ പരമാവധി ഒഴിവാക്കാനുംവേണ്ടി ഗവൺമെന്റിന് എന്തെല്ലാം ഇടപെടലുകൾ നടത്താൻ കഴിയുമെന്ന് ആലോചിക്കേണ്ടതാണ്. അപകടങ്ങൾ കുറച്ചുകൊണ്ടുവരുന്നതിനായി Road Safety measures ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾക്ക് ഗവൺമെന്റ് നേതൃത്വം കൊടുക്കണമെന്നുള്ളതായിരിക്കണം ഈ ചർച്ചയുടെ റിസൾട്ട്. സംസ്ഥാനത്ത് റോഡ് സേഫ്റ്റി കൗൺസിൽ ഈ ലക്ഷ്യത്തോടുകൂടിയാണ് നിലവിൽ വന്നത്. പി.ഡബ്ല്യു.ഡി. മന്ത്രിയാകാനുള്ള അവസരം കിട്ടിയിട്ടുള്ളതുകൊണ്ട് ഒരു കാര്യം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. സ്റ്റേറ്റ് ലെവൽ കൗൺസിൽ നിലവിൽ വന്നപ്പോൾ എടുത്തിട്ടുള്ള സുപ്രധാനമായ തീരുമാനങ്ങളാണ് ജില്ലാതലത്തിലേയ്ക്ക് റോഡ് സേഫ്റ്റി കൗൺസിൽ വ്യാപിപ്പിക്കുക, പഞ്ചായത്തുതലംവരെയും മുനിസിപ്പൽതലം വരെയും റോഡ് സേഫ്റ്റി കൗൺസിലുണ്ടാക്കുക, അപകടങ്ങൾ കുറച്ചു കൊണ്ടു

വരുന്നതിനുവേണ്ടി ജനപങ്കാളിത്തത്തോടുകൂടി ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ചേർന്ന് ഇഫക്ടീവായ ഇടപെടൽ നടത്തുക എന്നിവ. ഇതിനെ വലിയൊരു മൂവ്മെന്റായി കേരളത്തിൽ കൊണ്ടുവരണമെന്നതായിരുന്നു മറ്റൊരു പ്രധാന തീരുമാനം. പക്ഷേ, അതിലേയ്ക്കൊന്നും പോകാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഇതെല്ലാം ജില്ലാതലത്തിൽ രൂപീകരിച്ചുവെന്ന് പറയുന്നതല്ലാതെ ജില്ലാതല റോഡ് സേഫ്റ്റി കൗൺസിൽ കൂടാറേയില്ല. ഇതൊക്കെ ഗവൺമെന്റ് പരിശോധിക്കേണ്ടതായിട്ടുണ്ട്. റോഡ് ഡിസൈനുകളെക്കുറിച്ച് ശ്രീ. കെ. എസ്. ശബരീനാഥൻ ഇവിടെ ചൂണ്ടിക്കാണിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. പലപ്പോഴും നിലവിലുള്ള റോഡ് നന്നാക്കി പോകാമെന്ന് ആലോചിക്കുമ്പോൾ ഡിസൈൻ നൽകുന്നതിനുള്ള സാഹചര്യങ്ങൾ പരിമിതമായിരിക്കും. റോഡ് മാർക്കിംഗിനുപോലും ഫണ്ടില്ല എന്നുള്ള പ്രശ്നം ഇവിടെ നിലനിൽക്കുന്നുണ്ട്. കെ.എസ്.ടി.പി. ഒഴികെയുള്ള റോഡുകളിൽ റോഡ് മാർക്കിംഗോ ദിശാബോർഡുകൾ ഫലപ്രദമായി വയ്ക്കാനോ നമുക്ക് കഴിയുന്നില്ല. ഇത്തരം പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെടേണ്ടവയാണ്. ഹമ്പിന്റെ തൊട്ടടുത്തു ഹമ്പ് എന്ന് എഴുതിവച്ചാൽ ഒരു പ്രയോജനവുമില്ല. നല്ല റോഡിൽ നല്ല വേഗത്തിൽ വാഹനം വരുമ്പോൾ ഈ ബോർഡ് കാണുന്നില്ല. ഹമ്പിൽ ചാടി ആളുകൾ മറിഞ്ഞു കഴിയുമ്പോഴാണ് ബോർഡ് കാണുന്നത്. വിദേശ രാജ്യങ്ങളിലെ മാതൃക ഇവിടെ ആരും ശ്രദ്ധിക്കുന്നില്ല. നമ്മുടെ സംസ്ഥാനത്ത് കെ.എസ്.ടി.പി. റോഡുകളിൽ അത് മാതൃകാപരമായി ചെയ്തിട്ടുണ്ട്. ഹമ്പ് അത്യാവശ്യമുള്ളിടത്ത് മാത്രം വയ്ക്കുക, അതോടൊപ്പം ഹമ്പുണ്ട് എന്ന് മനസ്സിലാക്കാൻ കഴിയുന്ന വിധത്തിൽ കുറച്ച് ദൂരം മാറ്റി മുൻകൂറായി ബോർഡുകൾ സ്ഥാപിക്കേണ്ടതാണ്. ഇത്തരം കാര്യങ്ങളെല്ലാം ശാസ്ത്രീയമാക്കി മാറ്റുന്നതിനുള്ള ഒരു ഇടപെടൽ ഉണ്ടാകണം. ഇതുപോലുള്ള കാര്യങ്ങൾക്കുവേണ്ടി റോഡ് സേഫ്റ്റി ഫണ്ട് നിലവിലുണ്ടെങ്കിലും പലപ്പോഴും ഇത് വേണ്ടതുപോലെ വിനിയോഗിക്കുന്നില്ലെന്ന ആക്ഷേപമുണ്ട്. അതുകൊണ്ട് റോഡ് സേഫ്റ്റി ഫണ്ടിന് കൂടുതൽ തുക അനുവദിക്കുന്നതിനും പ്രസ്തുത തുക ഫലപ്രദമായി വിനിയോഗിക്കുന്നതിനും ഈ ചർച്ചയുടെ വെളിച്ചത്തിൽ അപകടങ്ങൾ കുറച്ചുകൊണ്ടുവരുന്നതിനുമുള്ള ഒരു കർമ്മ പരിപാടി ആവിഷ്കരിക്കുന്നതിനും ഗവൺമെന്റ് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

4.00 pm]

ശ്രീ. സി. കെ. നാണു: സർ, നമ്മുടെ നാട്ടിലെ ഓരോ കുടുംബത്തിലേയും നിരവധി പേരാണ് നിത്യേന വാഹനാപകടങ്ങളിൽപെട്ട് മരണമടയുന്നത്. നാഷണൽ ഹൈവേയിൽ കൂടി വാഹനങ്ങൾ പോകുമ്പോൾ ഇന്നയിന്ന സ്ഥലങ്ങളിൽ സ്ഥിരമായി അപകടങ്ങൾ ഉണ്ടാകാറുണ്ടെന്ന് ഉദ്യോഗസ്ഥന്മാരോട്

പലതവണ വിളിച്ചു പറഞ്ഞാലാണ് സൂചനാ ബോർഡുകൾ വയ്ക്കുന്നത്. ഈ വിഷയം സർക്കാർ ഗൗരവമായി കാണേണ്ടതുണ്ട്. റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനം നല്ല രീതിയിൽ നടക്കുന്നുണ്ടോ എന്നുള്ളത് പരിശോധിക്കണം. 2005-ൽ 42,000-ത്തോളം വാഹന അപകടങ്ങൾ ഉണ്ടായി. അത് 2011 ആയപ്പോൾ 35,000 ആയി കുറയ്ക്കാൻ സാധിച്ചു. എനിക്ക് തോന്നുന്നത്, ശ്രീ. മോൻസ് ജോസഫ് പി.ഡബ്ല്യു.ഡി മന്ത്രിയും ശ്രീ. മാത്യു ടി. തോമസ് ഗതാഗത വകുപ്പുമന്ത്രിയും ആയിരുന്ന സന്ദർഭത്തിൽ ഈ അപകടങ്ങൾ കുറയ്ക്കാൻ സാധിച്ചുവെന്നുള്ളതാണ്. മുമ്പ് ഞാൻ ഗതാഗത വകുപ്പുമന്ത്രിയായിരുന്ന കാലഘട്ടത്തിലും റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. എന്റെ നാട്ടിലും ആർ.ടി. ഓഫീസുകളുണ്ട്. അവിടെ ഓരോ ദിവസവും പുതിയ വാഹനങ്ങൾ രജിസ്റ്റർ ചെയ്ത് നിരത്തിലിറങ്ങുകയാണ്. റോഡിന് വീതി കുറവാണ്, വീതികൂട്ടാനുള്ള കാര്യങ്ങളിൽ നമ്മൾ വിജയിക്കുന്നില്ല. എന്റെ മണ്ഡലത്തിൽ ഒരു മാസത്തിൽ എത്രപേർ വാഹന അപകടംമൂലം മരണപ്പെടുന്നു എന്നുള്ളതിന്റെ കണക്കെടുക്കുമ്പോൾ എനിക്ക് വേദനയുണ്ട്. അതുകൊണ്ട് അതിന്റെ കണക്കെടുപ്പിലേയ്ക്ക് പോകുന്നില്ല. അപകടങ്ങൾ ഉണ്ടാകുമ്പോൾ ചാനലുകളിൽ വാർത്തകൾ വരുന്ന അവസരത്തിൽ മാത്രം ശ്രദ്ധിച്ചാൽ പോരാ, ഈ വിഷയം സംബന്ധിച്ച് താൽക്കാലികമായി എന്ത് ചെയ്യാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം. ഈ ചർച്ചയുടെ ഫലമായി റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനങ്ങൾ സജീവമാക്കാൻ സാധിക്കണം. അതിനുവേണ്ടി ആഭ്യന്തരം, ഗതാഗതം തുടങ്ങിയ വകുപ്പുകളുടെ ഇടപെടൽ അത്യാവശ്യമാണ്. ഏഞ്ചൽസ് എന്നുപറയുന്ന ചെറുപ്പക്കാരുടെ ഒരു സംഘടന എന്റെ നാട്ടിൽ വടകരയിൽ വളരെ സ്ട്രോങ്ങായി പ്രവർത്തിക്കുന്നുണ്ട്. അവിടെ എന്തെങ്കിലും ഒരു സംഭവമുണ്ടായാൽ ഓടിയെത്തി ആശുപത്രിയിൽ കൊണ്ടുപോകാനും രക്തം നൽകാനും മറ്റും നേതൃത്വം നൽകുന്ന ആ സംഘടനയിൽപ്പെട്ടവർ മുന്നിൽ ഉണ്ടാകും. ഒരു അപകടവും പറ്റാതിരിക്കാൻ ഉതകുന്ന രൂപത്തിലുള്ള പ്രചരണങ്ങൾ അവിടെ നടത്തുന്നുണ്ട്. ഹെൽമറ്റ് ധരിക്കാതെ മോട്ടോർ ബൈക്കിൽ പോകുന്നവരെ തടയണം. ഹെൽമറ്റ് ധരിച്ചിരുന്നെങ്കിൽ ഒരു പെൺകുട്ടിയുടെ ജീവൻ രക്ഷപ്പെടുമായിരുന്ന അവസ്ഥ ഞാൻ കാണുകയുണ്ടായി. ആ കുട്ടി കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ പി.എച്ച്.ഡി.-ക്ക് പഠിക്കുകയായിരുന്നു. ആ കുട്ടിയുടെ വണ്ടിയിൽ ഒരു ബസ് വന്ന് ചെറുതായി തട്ടുകയായിരുന്നു. അപ്പോൾ തന്നെ ആ കുട്ടിയുടെ ജീവൻ നഷ്ടപ്പെട്ടു. എത്രയോ കുടുംബങ്ങളുടെ നിലനിൽപ്പിനെ തകർക്കുന്ന കാഴ്ചയാണ് നമ്മുടെ നാട്ടിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇതൊരു വലിയ പ്രശ്നമാണ്. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങളെ സംബന്ധിച്ച് ചർച്ചചെയ്യുന്നതിനായി കുറച്ച്

സമയം മാത്രമേ ലഭിക്കുന്നുള്ളൂ. നമ്മുടെ നാടിനെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട ഈ വിഷയം കുറച്ചുകൂടി വിശദമായി ചർച്ച ചെയ്യണം. ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രിയോടും ഗതാഗത വകുപ്പുമന്ത്രിയോടുമുള്ള എന്റെ വിനീതമായ അഭ്യർത്ഥന വാഹനാപകടങ്ങൾ എങ്ങനെ കുറയ്ക്കാൻ സാധിക്കും എന്നുള്ളതായിരിക്കണം നമ്മുടെ ലക്ഷ്യം. സ്കൂൾ സമയത്തായിരിക്കും വലിയ വലിയ ടക്കുകൾ നിരത്തുകളിൽ കൂടി കടന്നുപോകുന്നത്. അത് അപകട സാധ്യത വർദ്ധിപ്പിക്കുന്നു. അതുകൊണ്ട് വളരെ ആസൂത്രിതമായ രൂപത്തിൽ വാഹനാപകടങ്ങൾ കുറയ്ക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. കേരളത്തിലെ പൊതുമരാമത്ത്, ഗതാഗതം, ആഭ്യന്തരം തുടങ്ങിയ എല്ലാ വകുപ്പുകളെയും യോജിപ്പിച്ച് വാഹനാപകടങ്ങൾ കുറച്ചുകൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കണം. വളരെ ഫലപ്രദമായൊരു ചർച്ചയാണ് ഇവിടെ നടത്തിയിട്ടുള്ളത് എന്നത് നമ്മുടെ നാട്ടിലെ ജനങ്ങൾക്ക് മനസ്സിലാകണം. കൂടാതെ ഗതാഗതം, പൊതുമരാമത്ത് തുടങ്ങിയ പ്രധാനപ്പെട്ട വകുപ്പുകൾ കൈകാര്യം ചെയ്ത ഇപ്പോഴത്തെ ജലവിഭവ വകുപ്പുമന്ത്രിയായ ശ്രീ. മാത്യു ടി.തോമസ്, ശ്രീ. മോൻസ് ജോസഫ് എം.എൽ.എ. തുടങ്ങിയ ആളുകളെയെല്ലാം ഉൾപ്പെടുത്തി ഒരു സമിതിയുണ്ടാക്കി ഈ വിഷയം വളരെ ഗൗരവത്തോടെ കണ്ട് അതിനനുസരിച്ചുള്ള നടപടികളുമായി മുന്നോട്ടുപോകണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, മനുഷ്യജീവനെ ബാധിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ഇപ്പോൾ ഇവിടെ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ ആറുവർഷത്തെ അപകടങ്ങളുടെ കണക്ക് പരിശോധിക്കുമ്പോൾ ഓരോ വർഷവും വാഹനാപകടങ്ങൾ വർദ്ധിച്ചുവരുന്നതായി കാണാൻ സാധിക്കും. 2011-ൽ 35,216 വാഹനാപകടങ്ങളിൽ 41,379 പേർക്ക് പരിക്കേൽക്കുകയും 4,145 പേർ മരണപ്പെടുകയും ചെയ്തിട്ടുണ്ട്. പിന്നീട് ഓരോ വർഷവും അത് വർദ്ധിച്ച് 2015-ൽ 39,014 അപകടങ്ങൾ ഉണ്ടാകുകയും 43,735 പേർക്ക് പരിക്കേൽക്കുകയും 4,196 പേർ മരണപ്പെടുകയും ചെയ്തു. 2016-ൽ ഇതുവരെ നടന്ന അപകടങ്ങളുടെ കണക്കെടുത്ത് പരിശോധിച്ചാൽ മുൻകാല റിക്കോർഡുകൾ ഭേദിക്കുന്ന ലക്ഷണമാണ് കാണാൻ സാധിക്കുന്നത്. അഞ്ച് മാസത്തിനകം 15,017 അപകടങ്ങൾ ഉണ്ടായതിൽ 18,729 പേർക്ക് പരിക്കേൽക്കുകയും 1,921 പേർ മരണപ്പെടുകയും ചെയ്തു. ഇങ്ങനെ വാഹനാപകടങ്ങൾ വർദ്ധിക്കുകയും നിരവധിപേർക്ക് ജീവഹാനി സംഭവിക്കുകയും ചെയ്തിട്ടും ഇത് നിയന്ത്രിക്കാൻ സാധിക്കാത്ത അവസ്ഥ കേരളത്തിൽ നിലനിൽക്കുകയാണ്. അപകടങ്ങൾക്ക് കാരണങ്ങൾ പലതാണ്. മൊത്തം ജനസംഖ്യയുടെ ഏകദേശം മൂന്നിലൊന്ന് വാഹനങ്ങൾ ഇപ്പോൾ കേരളത്തിലുണ്ട്. ജനിക്കുന്ന കുഞ്ഞുങ്ങൾ ഉൾപ്പെടെ

മൂന്നുപേർക്ക് ഒന്നിലധികം വാഹനങ്ങളാണ് ഇപ്പോൾ കേരളത്തിലുള്ളത്. കേരളത്തിൽ ഒരു കോടി 5 ലക്ഷം വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിനുപുറമേ ഓരോ ദിവസവും ശരാശരി 80 വാഹനങ്ങളെങ്കിലും പുതുതായി രജിസ്റ്റർ ചെയ്തുകൊണ്ടിരിക്കുകയാണ്. വാഹനങ്ങളുടെ പെരുപ്പത്തിന് അനുസൃതമായി റോഡ് വികസനം നടക്കുന്നില്ല. നിലവിലുള്ള റോഡുകൾക്ക് വീതികൂട്ടാൻ കഴിയുന്നില്ല എന്നുമാത്രമല്ല ഉള്ള റോഡുകൾ പോലും പലവിധ എൻക്രോച്ച്മെന്റ് കാരണം ഇടുങ്ങി വരികയാണ്. റോഡുകൾ വീതി കൂട്ടാനുള്ള സംവിധാനം ഉണ്ടാകേണ്ടതായിട്ടുണ്ട്. അതുപോലെ അമിത വേഗതയും വാഹനങ്ങൾ തമ്മിലുള്ള അനാരോഗ്യകരമായ മത്സര ഓട്ടവും ഡ്രൈവർമാരുടെ അശ്രദ്ധയും മദ്യപിച്ച് വാഹനമോടിക്കുന്നതുംമൂലം എത്രയോപേരുടെ ജീവൻ നഷ്ടപ്പെട്ട് കൊണ്ടിരിക്കുകയാണ്. മദ്യപിച്ച് വാഹനമോടിച്ച് ആളുകളെ കൊന്നാലും സ്റ്റേഷനിൽ പോയാൽ ജാമ്യം കിട്ടുമെന്ന ഒരവസ്ഥ നമ്മുടെ നാട്ടിലുണ്ട്. ബോധപൂർവ്വം ഡ്രൈവറുടെ അശ്രദ്ധകൊണ്ട് മാത്രം സംഭവിച്ച അപകടമാണെങ്കിൽ കടുത്ത ശിക്ഷാനടപടികൾ സ്വീകരിക്കണം കാൽനട യാത്രക്കാരെ പൂർണ്ണമായും അവഗണിക്കുന്ന റോഡ് സംസ്കാരമാണ് ഇപ്പോൾ കാണാൻ സാധിക്കുന്നത്. സുരക്ഷിതമായി റോഡ് മുറിച്ച് കടക്കാനുള്ള ഇടങ്ങൾ വേണ്ടത്രയില്ല. സീബ്രാ ലൈനിൽ കൂടി ധൈര്യമായി റോഡ് മുറിച്ച് കടക്കാമെന്ന് വിചാരിച്ചാൽ അവിടെയും വാഹനങ്ങൾ വന്ന് തട്ടിയിടുന്ന അവസ്ഥ ഉണ്ടാകും. സീബ്രാ ലൈൻ കാൽനട യാത്രക്കാർക്ക് സഞ്ചരിക്കാനുള്ളതാണ് അവിടെ എത്തുമ്പോൾ ശ്രദ്ധവേണമെന്ന ബോധം ഡ്രൈവർമാരിൽ ഉണ്ടാക്കിയെടുക്കേണ്ടതായുണ്ട്. എല്ലാ ടൗണുകളിലും റോഡ്സൈഡിലാണ് വാഹനങ്ങൾ പാർക്ക് ചെയ്തിരിക്കുന്നത്, ഓട്ടോറിക്ഷയ്ക്കായി പ്രത്യേക പാർക്കിംഗ് ഒന്നുമില്ല. കാൽനട യാത്രക്കാർക്ക് നടന്നു പോകാൻ ഫുട്പാത്തുകൾ ഇല്ല. എല്ലാ ടൗണുകളിലും കാൽനട യാത്രക്കാർക്ക് ഫുട്പാത്തുകൾ ആവശ്യമാണ്. ഫുട്പാത്തുകളിലൂടെ സുരക്ഷിതമായി സഞ്ചരിക്കുന്നതിന് ബാരിക്കേഡുകൾ നിർബന്ധമായും സ്ഥാപിക്കണം. റോഡ് വികസനത്തിന് യാതൊരു സാധ്യതകളുമില്ലാത്ത ടൗണുകളിൽ പരമാവധി ഫ്ലൈ ഓവറുകൾ നിർമ്മിക്കണം. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ജലഗതാഗത പാത നിർമ്മിക്കുന്നത് സംബന്ധിച്ച് നേരത്തെ ഒരു നിർദ്ദേശമുണ്ടായിരുന്നു എന്നല്ലാതെ കാര്യമായ ഒരു പ്രവർത്തനവും അതുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടില്ല. നമ്മുടെ സംസ്ഥാനത്ത് ജലഗതാഗത പാതയ്ക്കുള്ള എല്ലാ സാധ്യതകളുമുണ്ട്. ആ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി അതിനാവശ്യമായ പദ്ധതികൾക്ക് ഗവൺമെന്റ് രൂപം നൽകണം. അടുത്ത കാലത്തായി സ്കൂൾ വാഹനങ്ങൾ അപകടത്തിൽപ്പെട്ട് നിരവധി കുട്ടികൾ മരണപ്പെടുന്ന സാഹചര്യമുണ്ടാകുന്നു. കാലഹരണപ്പെട്ട സ്കൂൾ ബസ്സുകൾ മാറ്റി പുതിയ ബസ്സുകൾ നൽകാൻ എം.എൽ.എ. മാരുടെ ആസ്തി

വികസന ഫണ്ടിൽനിന്ന് പണം അനുവദിച്ചാൽപോലും അത് വാങ്ങാൻ കാലതാമസം നേരിടുന്നു. വിദ്യാലയങ്ങൾക്ക് വാഹനം വാങ്ങുന്നതിനായി എം.എൽ.എ. ഫണ്ട് കൊടുത്താൽ എത്രയുംവേഗം വാഹനം വാങ്ങാനുള്ള സംവിധാനമുണ്ടാക്കണം. മലപ്പുറത്ത് ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിലെ ബസ് കഴിഞ്ഞ ദിവസം അപകടത്തിൽപ്പെടുകയും ഒരു വിദ്യാർത്ഥിനി മരണപ്പെടുകയും പി.ടി.എ. മീറ്റിംഗിന് വന്ന രക്ഷകർത്താക്കൾക്കടക്കം ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. വിദ്യാഭ്യാസ വകുപ്പുമന്ത്രി സംഭവ സ്ഥലവും മരണപ്പെട്ട വിദ്യാർത്ഥിനിയുടെ വീടും സന്ദർശിച്ചു. എന്നാൽ ഒരു മാസം കഴിഞ്ഞിട്ടും മരണപ്പെട്ട കുട്ടിയുടെ കുടുംബത്തിനോ പരിക്കേറ്റവരുടെ ചികിത്സയ്ക്കോ ധനസഹായം നൽകിയിട്ടില്ല. ഇക്കാര്യത്തിൽ ജനങ്ങൾക്കിടയിൽ വലിയ പരാതി നിലനിൽക്കുകയാണ്. ഈ കാര്യംകൂടി ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇത്തരം സംഭവങ്ങളുണ്ടായാൽ വില്ലേജ് ഓഫീസ് മുഖേന റിപ്പോർട്ട് വാങ്ങി അടിയന്തരമായി ധനസഹായം നൽകുന്നതിനുള്ള സംവിധാനമുണ്ടാക്കണം. അപകടങ്ങളുണ്ടാകുന്ന സ്ഥലങ്ങളിൽ അപകടങ്ങൾ ഒഴിവാക്കാൻ റോഡ് സേഫ്റ്റി ഫണ്ട് എങ്ങനെ വിനിയോഗിക്കാം എന്നത് സംബന്ധിച്ചുള്ള വ്യവസ്ഥ ഇപ്പോൾ നിലവിലുണ്ടോ എന്നറിയില്ല. റോഡ് സേഫ്റ്റി ഫണ്ട് എങ്ങനെയാണ് വിനിയോഗിക്കുന്നത് എന്നതുസംബന്ധിച്ച് വ്യക്തമായ ധാരണയില്ല. അതുകൊണ്ട് റോഡ് സേഫ്റ്റി ഫണ്ടുപയോഗിച്ച് സ്ഥിരമായി അപകടമുണ്ടാകുന്ന സ്ഥലങ്ങളിൽ അപകടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>ശ്രീ. എ. എം. ആരിഫ്</u> : സർ, ചട്ടം 58 പ്രകാരം ഇത്തരമൊരു ചർച്ചയ്ക്ക് മുൻകയ്യെടുത്ത ശ്രീ. കെ. എസ്. ശബരീനാഥിനെ ഞാൻ അഭിനന്ദിക്കുന്നു. വാഹനാപകടങ്ങളുമായി ബന്ധപ്പെട്ട കണക്കുകൾ എല്ലാവരും പറയുകയുണ്ടായി. ലോകത്തിൽ 12 ലക്ഷം പേരാണ് ഒരു വർഷം അപകടത്തിൽ മരിക്കുന്നത്. 50 ലക്ഷം പേർക്ക് പരിക്ക് പറ്റുന്നുണ്ട്. ലോകാരോഗ്യ സംഘടനയുടെ കണക്കുപ്രകാരം ഒന്നര ലക്ഷം പേർ ഇന്ത്യയിൽ അപകടത്തിൽപ്പെടുന്നു. ഓരോ 15 മിനിട്ടിലും ഒരു അപകടം നടക്കുന്നു എന്നതാണ് കേരളത്തിലെ കണക്ക്. വാഹനാപകടങ്ങൾ നടക്കുന്നതിന്റെ കാര്യവും കാരണവും പരിഹാരവും ഇവിടെ ഇരിക്കുന്ന എല്ലാവർക്കും അറിയാം. എന്നാൽ നടപടികളാണ് നമുക്ക് ചെയ്യാൻ കഴിയാതെ വരുന്നത്. അതുകൊണ്ട് ഓരോ നടപടിയും സ്വീകരിക്കാനാവശ്യമായ ചർച്ചയും അതിന് പരിഹാരവുമുണ്ടാകണം. നമ്മുടെ വാഹനാപകട നിരക്കും മരണനിരക്കും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. വാഹനാപകടത്തിന്റെ കാര്യകാരണങ്ങൾ പറഞ്ഞ കൂട്ടത്തിൽ എല്ലാവരും പറഞ്ഞ ഒരു കാര്യം വാഹനത്തിന്റെ വേഗത തന്നെയാണ്.

വേഗതയെപ്പറ്റി പറയുമ്പോൾ ജനപ്രതിനിധികളായ നമ്മൾ തന്നെ ആത്മപരിശോധന നടത്തേണ്ടതുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. നമ്മൾ ഒരു ദിവസം ശരാശരി പങ്കെടുക്കുന്ന പൊതു പരിപാടികളുടെ എണ്ണവും പങ്കെടുക്കുന്ന സമയവും പരിശോധിച്ചാൽ സാധാരണ സഞ്ചരിക്കാവുന്ന വേഗതയെക്കാൾ കൂടിയ വേഗതയിലാണ് നമ്മളും സഞ്ചരിക്കുന്നതെന്ന് മനസ്സിലാകും. നമ്മുടെ മന്ത്രിമാർക്ക് സമയപരിമിതിയുണ്ടെങ്കിലും അവരെല്ലാം പൊതുപരിപാടികളിൽ പങ്കെടുക്കാൻ നിർബന്ധിതരാകുകയാണ്. അവിടെ എത്തിച്ചേരാനുള്ള വ്യഗ്രതയിൽ നമ്മൾ വേഗത്തിൽ സഞ്ചരിക്കാൻ നിർബന്ധിതരാകുന്നു. നിയമം പരിപാലിക്കേണ്ട നമ്മളടക്കം പലപ്പോഴും ഇതെല്ലാം ലംഘിക്കാൻ നിർബന്ധിതരായിത്തീരുന്നു എന്നതൊരു വസ്തുതയാണ്. അതുപോലെ അപകടത്തിന് ഏറ്റവും കൂടുതൽ കാരണമാകുന്ന വസ്തുതകൾ മനസ്സിലാക്കിയാണ് അപകടനിരക്ക് കുറച്ചുകൊണ്ടുവരാൻ കഴിയുന്നതിനുള്ള ഇടപെടൽ നമ്മൾ നടത്തേണ്ടത്. അക്കാര്യത്തിൽ ഇവിടെ എല്ലാവരും പരാമർശിച്ച പ്രധാനപ്പെട്ട ഒരാശയമാണ് ടൂ വീലറുകളുടെ വേഗത. ടൂ വീലറുകളുടെ വേഗത നിയന്ത്രിക്കേണ്ടത് അത്യാവശ്യമാണ്. വളരെക്കുറച്ച് വാഹനങ്ങൾ മാത്രമാണ് ഇന്ത്യയിൽ ഇംപോർട്ട് ചെയ്യുന്നത്. മറ്റുള്ളവ വിദേശ കമ്പനികളാണെങ്കിലും ഇവിടെയുള്ള യൂണിറ്റുകളിൽനിന്നാണ് ഉല്പാദനം നടക്കുന്നത്. ഓരോ സംസ്ഥാനത്തിന്റെയും ജനസാന്ദ്രതയും റോഡ് ഗതാഗത സൗകര്യങ്ങളും കണക്കിലെടുത്ത് ഓരോ സംസ്ഥാനത്തിന്റെയും കപ്പാസിറ്റി അനുസരിച്ച് വാഹനങ്ങളിൽ വേഗത നിയന്ത്രണം ഏർപ്പെടുത്തണമെന്ന് ഇന്ത്യാ ഗവൺമെന്റ് മാനുഫാക്ചേഴ്സിനോട് ആവശ്യപ്പെടണം. ന്യൂ ജനറേഷൻ അപകടത്തിൽപ്പെടുന്നത് ഒഴിവാക്കാനായി കേന്ദ്ര ഗതാഗത വകുപ്പ് ഇടപെടൽ നടത്തി നിയന്ത്രണം ഏർപ്പെടുത്തണം. പല രാജ്യങ്ങളും അങ്ങനെ ചെയ്യുന്നുണ്ട്.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, ന്യൂ ജനറേഷൻ മദ്യപിച്ചും മയക്കുമരുന്ന് ഉപയോഗിച്ചും വാഹനം ഓടിക്കുന്ന പ്രവണത വർദ്ധിച്ചുവരികയാണ്. അടുത്ത സമയത്ത് റിലീസാകുന്ന പല സിനിമകളും മദ്യത്തെയും മയക്കുമരുന്നിനെയും പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യുന്നത്. ഈ പ്രവണത നിരുത്സാഹപ്പെടുത്തേണ്ട താണ്.

<u>ശ്രീ. എ. എം. ആരിഫ്</u> : മദ്യപിച്ച് വാഹനം ഓടിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ ഇവിടെ ചർച്ചയിൽ പങ്കെടുത്ത എല്ലാവരും പറഞ്ഞുകഴിഞ്ഞു.

ശ്രീമതി യു. പ്രതിഭ ഹരി: സർ, ഈ കാലഘട്ടത്തിലെ ഏറ്റവും പ്രസക്തമായ വിഷയത്തെ സംബന്ധിച്ചാണ് ചർച്ച നടക്കുന്നത്. എല്ലാവരും അപകടത്തെപ്പറ്റി പറഞ്ഞു. അപകടത്തിൽപ്പെടുന്നവരെ യഥാവിധി ആശുപത്രിയിൽ എത്തിച്ച് ട്രോമാ കെയർ സംവിധാനത്തിലേയ്ക്ക് എത്തിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഞാൻ ജനപ്രതിനിധി ആയതിനുശേഷം ഇരുപത്തിയഞ്ചോളം ചെറുപ്പക്കാരുടെ മരണം കാണേണ്ട ദൗർഭാഗ്യകരമായ അനുഭവം ഉണ്ടായിട്ടുണ്ട്. യഥാവിധി ചികിത്സ ലഭിക്കാത്തതിനാൽ brain injured ആയിട്ടാണ് അവർ മരിക്കുന്നത്. നാഷണൽ ഹൈവേയുടെ സമീപത്തുള്ള ആശുപത്രികളിലെങ്കിലും ട്രോമാ കെയർ സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കാനുള്ള സംവിധാനം ഏർപ്പെടുത്തുന്നതു കൂടി ചർച്ചയുടെ ഭാഗമായി വരണം.

ശ്രീ. എ. എൻ. ഷംസീർ: സർ, ഗൾഫ് രാഷ്ട്രങ്ങളിൽ മദ്യപിച്ച് വാഹനമോടിച്ചാൽ ജയിലിൽ കിടക്കേണ്ടിവരുന്നതായി പറഞ്ഞുകേട്ടിട്ടുണ്ട്. എന്നാൽ ഇവിടെ ഫൈനടച്ചാൽ മാത്രം മതിയാകും. മദ്യപിച്ച് വാഹനമോടിക്കുന്നവർക്കെതിരെ കർശന നിയമനടപടി സ്വീകരിക്കണമെന്ന അഭിപ്രായമാണുള്ളത്.

ശ്രീ. എ. എം. ആരിഫ് : സർ, ഇത് ഇവിടെ എല്ലാവരും പ്രകടിപ്പിച്ച അഭിപ്രായം തന്നെയാണ്. മദ്യപാനവുമായി ബന്ധപ്പെട്ട് കൂടുതൽ ചർച്ച നടന്നു. സ്പീഡ് നിയന്ത്രണമാണ് ഏറ്റവും അഭികാമ്യമായിട്ടുള്ള കാര്യം. കേന്ദ്ര സർക്കാർ കൊണ്ടുവരുന്ന ബില്ലിൽ അപകടത്തിൽപ്പെടുന്നവരെ ആശുപത്രികളിൽ എത്തിക്കുന്നവർക്ക് പ്രോത്സാഹനവും സമ്മാനവും നൽകുന്ന നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു എന്ന് മന്ത്രി പ്രസ്താവിച്ചു. ഇവിടെ അപകടങ്ങൾ ഉണ്ടാകുന്ന തെങ്ങനെയാണെന്ന് കണ്ടുപിടിക്കാനും ശിക്ഷിക്കാനുമുള്ള ഇച്ഛാശക്തിയാണ് ഏറ്റവും പ്രധാനം. ക്യാമറകൾ വ്യാപകമായി സ്ഥാപിക്കണം. ക്യാമറകൾ തെളിവുകളാണ്. വാഹനങ്ങളുടെ വേഗത, ഇടതുവശങ്ങളിൽക്കൂടിയുള്ള ഓവർടേക്കിംഗ് തുടങ്ങിയ കാര്യങ്ങൾ ക്യാമറ വച്ച് കണ്ടുപിടിച്ചാൽ തൽക്ഷണം തെളിവോടുകൂടി ഫൈൻ ഈടാക്കണം. ഡ്രൈവിംഗ് ലൈസൻസിന്റെ കാര്യത്തിൽ തുടർച്ചയായി മൂന്ന് തവണ വയലേഷനുണ്ടായാൽ പിന്നീട് ലൈസൻസ് നൽകാത്ത വിധത്തിൽ കർശനമായ നിലപാട് സ്വീകരിക്കണം. ഇങ്ങനെയുള്ള ശിക്ഷാനടപടികൾ ശക്തിപ്പെടുത്തി നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയാൽ മാത്രമേ വാഹനാപകടങ്ങൾ കുറച്ചുകൊണ്ടുവരാൻ സാധിക്കുകയുള്ളൂ.

ശ്രീ. ഷാഫി പറമ്പിൽ : അങ്ങ് സൂചിപ്പിച്ച ശിക്ഷയുടെ കാര്യം മാത്രമല്ല, Blame ചെയ്യുന്ന student community ഏറ്റവും പോസിറ്റീവായി ഉപയോഗപ്പെടുത്താൻ

കഴിയുന്ന ഫോഴ്സാണ്. പാലക്കാട് ജില്ലയിൽ ഹെൽമറ്റ് അവയർനെസ്സിന്റെ ഭാഗമായി നടത്തിയ കാമ്പയിനിൽ പ്ലസ് വൺ, പ്ലസ് ടു സ്കൂളുകളിലെ വിദ്യാർത്ഥികളും സ്റ്റുഡന്റ്സ് പോലീസും ജനമൈത്രി പോലീസും ചേർന്ന് റോഡിൽ വന്ന് ഹെൽമെറ്റ് ധരിക്കാതെ പോകുന്ന ബൈക്കുകാരെ തടഞ്ഞ് "ചേട്ടാ, എന്റെ പ്രായത്തിലുള്ള മകനോ മകളോ നിങ്ങളുടെ വീട്ടിലുമുണ്ടാകും. നിങ്ങൾക്ക് എന്തെങ്കിലും പറ്റിയാൽ അവർക്ക് ആരാണ് ഉണ്ടാവുക" എന്ന് വളരെ സിംപിളായി ചോദിക്കുകയുണ്ടായി. മറ്റേത് ഫൈനിനെക്കാളും ഇഫക്ടീവായി ആളുകൾ ഹെൽമെറ്റ് ഉപയോഗിക്കാൻ തുടങ്ങിയതായി അന്ന് പോലീസ് തന്നെ പറയുകയുണ്ടായി. അത്തരത്തിൽ സ്റ്റുഡന്റ്സ് ഫോഴ്സിനെ കൂടുതൽ പോസിറ്റീവായി ഉപയോഗപ്പെടുത്താൻ സാധിക്കില്ലേ?

<u>ശ്രീ. എ. എം. ആരിഫ്</u> : സ്റ്റുഡന്റ്സ് പോലീസ് കേഡറ്റിന്റെ സഹായത്തോടെ മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റ് പലയിടത്തും ഇത്തരത്തിൽ ചെയ്യുതാണ്. ആ ദിവസത്തേയ്ക്ക് കുറച്ച് ഇംപാക്ട് ഉണ്ടാവുകയും ആളുകൾ വേഗത കുറച്ച് പോവുകയും ചെയ്യും. പിറ്റേ ദിവസം വീണ്ടും പഴയപടിയാണ്. പാഠ്യപദ്ധതിയുടെ ഭാഗമായി ട്രാഫിക് നിയമങ്ങൾ പഠിപ്പിക്കണമെന്ന നിർദ്ദേശം നേരത്തെ തന്നെയുണ്ട്. ചില സ്ഥലങ്ങളിൽ അത്തരത്തിൽ പഠിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. അത്തരത്തിൽ ട്രാഫിക് നിയമങ്ങൾ കർശനമായി പാഠ്യപദ്ധതിയുടെ ഭാഗമാക്കി ഭാവി തലമുറയെ ട്രാഫിക് സംസ്കാരമുള്ളവരായി രൂപപ്പെടുത്തിയെടുക്കണം.

<u>ശ്രീ. ആർ. രാജേഷ്</u> : സർ, അങ്ങിവിടെ ലൈസൻസിനെക്കുറിച്ച് സൂചിപ്പിച്ചു. നിരത്തിലിറങ്ങുന്ന വാഹനങ്ങളുടെ എണ്ണവും വാഹനം ഓടിക്കാനുള്ള ലൈസൻസ് കൊടുക്കുന്ന ആളുകളുടെ എണ്ണവും ഓരോ ദിവസവും കൂടുകയാണ്. വിദേശ രാജ്യങ്ങളിൽ ലൈസൻസ് കിട്ടുകയെന്ന് പറയുന്നത് വലിയ കടമ്പയാണ്. കേരളത്തിൽ അങ്ങനെയില്ല. കർശനമായ മാർഗ്ഗനിർദ്ദേശ നടപടികളുടെ ഭാഗമായി മാത്രമേ ലൈസൻസ് നൽകാവൂ എന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

<u>ശ്രീ. എ. എം. ആരിഫ്</u> : ടെസ്റ്റും പ്രാക്ടിക്കൽ ടെസ്റ്റും പാസ്സായെന്ന് വ്യക്തത വരുത്തിമാത്രമാണ് ഇപ്പോഴും ലൈസൻസ് നൽകുന്നത്. ടെസ്റ്റിന് പ്രത്യേക ചോദ്യാവലിയുമുണ്ട്. ഇതൊക്കെ പഠിച്ച് പാസ്സായി ലൈസൻസ് ലഭിച്ചാൽ പിന്നെ അഭ്യാസിയായി മാറി എന്തും ചെയ്യാനുള്ള ലൈസൻസായി അതിനെ മാറ്റുകയാണ്. അത്തരത്തിൽ ഒരുപറ്റം ആളുകൾ മാറുന്നതിന്റെ പരിണിതഫലമായിട്ടാണ് അപകടങ്ങൾ ഉണ്ടാകുന്നത്. ഒരാൾ ശ്രദ്ധയോടെ വണ്ടി ഓടിച്ചാലും എതിരെ വരുന്നവനോ പിന്നാലെ വരുന്നവനോ ഇതൊന്നും പാലിക്കുന്നില്ലെങ്കിൽ നമുക്കെന്തുചെയ്യാൻ കഴിയും? പ്രധാനമായും നിയമങ്ങൾ കർശനമാക്കുകയും ശിക്ഷാ നടപടികൾ വർദ്ധിപ്പിക്കുകയും ചെയ്യണം. എല്ലാം നിയന്ത്രിക്കേണ്ട

പോലീസിന്റെ വാഹനങ്ങൾ നിയമം ലംഘിച്ച് പോകാറുണ്ട്. പോലീസ് വാഹനങ്ങൾ ഒരിക്കലും ലൈറ്റ് ഡിം ചെയ്യാറില്ല. ലൈറ്റ് ഡിം ചെയ്താൽ അവർ എന്തോ കുറ്റം ചെയ്തതുപോലെയാണ് അവരുടെ ഭാവം. ബൈക്ക് യാത്രികരെ ഓടിച്ചിട്ട് പിടിക്കുന്നതിന്റെ ഫലമായി എത്രയോ അപകടങ്ങൾ ഉണ്ടാകുന്നുണ്ട്. നിയമം പരിപാലിക്കാൻ ബാധ്യസ്ഥരായവർ, ചെയ്സ് ചെയ്താൽ അപകടത്തിൽ പ്പെടുമെന്ന് അറിഞ്ഞുകൊണ്ട് ചെയ്സ് ചെയ്യുന്ന അനുഭവങ്ങളുമുണ്ട്. ചർച്ചയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം കാര്യങ്ങളാണ് നിർവ്വഹിക്കേണ്ടതെന്നത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മാർഗ്ഗരേഖ തയ്യാറാക്കണം. ഇവിടെ റോഡ് സേഫ്റ്റി കൗൺസിലും റോഡ് സേഫ്റ്റി അതോറിറ്റിയുമുണ്ട്. ധാരാളം ഫണ്ട് ഉണ്ടെങ്കിലും അതിന്റെ വിനിയോഗത്തെ സംബന്ധിച്ച് ചില പരാതികളൊക്കെ യുണ്ട്. ഏകദേശം 46-ഓളം കോടി രൂപ മറ്റാവശ്യങ്ങൾക്കായി ഉപയോഗിച്ചതായി മലയാള മനോരമ പത്രത്തിൽ വാർത്തയുണ്ടായിരുന്നു. ചേർത്തല മുതൽ മണ്ണുത്തി വരെ സുരക്ഷാ പാതയായി പ്രഖ്യാപിച്ചിരിക്കുകയാണ്. റോഡിന്റെ മീഡിയനിൽ റിഫ്ലക്ടറില്ല, യു-ടേൺ ഇൻഡിക്കേഷനില്ല, വാഹനങ്ങൾ വന്ന് സൈഡിലെ കാനയിൽ വീഴുകയാണ്. സുരക്ഷാ പാതയെന്ന് പ്രഖ്യാപിച്ചിടത്താണ് അരക്ഷിതാവസ്ഥ ഉണ്ടാകുന്നത്. ഇത്തരത്തിലുള്ള പ്രതിസന്ധികൾ മറികടക്കാൻ ഓരോ ജില്ലയിലും ഉണ്ടാകുന്ന അപകടങ്ങൾ കണക്കാക്കി ഓരോ ജില്ലയ്ക്കും പ്രത്യേകമായി റോഡ് സേഫ്റ്റി കൗൺസിൽ ഉണ്ടാക്കുകയും അവ വർഷത്തിലൊരിക്കൽ കൂടുകയും ഫണ്ട് വിനിയോഗത്തെക്കുറിച്ച് തീരുമാനമെടുത്ത് പിരിയുകയും ചെയ്യുന്ന കേവലം പതിവ് സമിതികളായി മാറാതെ റോഡുകളിൽ ഉണ്ടാകുന്ന അപകടങ്ങൾ അവലോകനം ചെയ്യുകയും അതില്ലാതാക്കാൻ കഴിയുന്ന നടപടികളിലേയ്ക്ക് പോകുകയും ചെയ്യുക എന്നുള്ളതാണ് പരിഹാര മാർഗ്ഗം. ഇതിന്റെ ഭാഗമായി അത്തരത്തിലുള്ള തീരുമാനമുണ്ടാകണം. ആ തീരുമാനം എക്സിക്യൂട്ട് ചെയ്യുമ്പോൾ മുകൾത്തലം മുതൽ താഴെത്തലം വരെ അവലോകനം നടത്തണം. അവലോകനത്തിന്റെ അടിസ്ഥാനത്തിൽ അപകടങ്ങളുടെ എണ്ണം കുറച്ചുകൊണ്ടു വരാനുള്ള ഇടപെടലുകൾ ഉണ്ടാകണമെന്ന് പറഞ്ഞുകൊണ്ട് ഈ ചർച്ചയ്ക്ക് മുൻകയ്യെടുത്ത ശ്രീ. കെ.എസ്. ശബരീനാഥിനെയും ചർച്ചയ്ക്ക് അനുവാദം തന്ന ബഹുമാനപ്പെട്ട സ്പീക്കറെയും അഭിനന്ദിച്ചുകൊണ്ട് നിർത്തുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. റോജി എം. ജോൺ: സർ, സംസ്ഥാനം നേരിടുന്ന അതീവ ഗുരുതരമായ ഈ പ്രശ്നത്തെക്കുറിച്ച് ചർച്ച ചെയ്യാൻ മുൻകയ്യെടുത്ത ശ്രീ. കെ. എസ്. ശബരീനാഥിനെയും ചർച്ച അനുവദിച്ച ബഹുമാനപ്പെട്ട സ്പീക്കറെയും ഞാൻ ആദ്യം തന്നെ അഭിനന്ദിക്കുകയാണ്. ലോകത്ത് ഉണ്ടാകുന്ന റോഡപകടങ്ങളുടെ 9 ശതമാനം മാത്രമാണ് 52 ശതമാനം രജിസ്റ്റേർഡ് വാഹനങ്ങൾ ഉള്ള വികസിത രാജ്യങ്ങളിൽ ഉണ്ടാകുന്നത്. അപ്പോൾ അപകടങ്ങളുടെ പ്രധാന കാരണം

വാഹനങ്ങളുടെ എണ്ണം മാത്രമല്ലെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. 91 ശതമാനം അപകടങ്ങൾ ഉണ്ടാകുന്നത് ഡെവലപ്പിംഗ് രാജ്യങ്ങളിലും അണ്ടർ ഡെവലപ്പിംഗ് രാജ്യങ്ങളിലുമാണെന്നുള്ളത് യാഥാർത്ഥ്യമാണ്. അതുകൊണ്ടുതന്നെ റോഡിന്റെ അവസ്ഥയും ഡിസൈനുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങളും അതീവ ഗൗരവമായി പരിഗണിക്കേണ്ടതാണ്. രാജ്യത്തുണ്ടാകുന്ന റോഡപകടങ്ങളുടെ 10 ശതമാനത്തിലധികം കേരളത്തിൽ തന്നെയാണ് നടക്കുന്നതെന്ന വളരെ ലജ്ജാകരമായ അവസ്ഥ നമ്മൾ നോക്കിക്കാണണം. ഒരു കോടിയിലധികം വാഹനങ്ങളാണ് ഇന്ന് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഒരു ദിവസം ഒരു രജിസ്ട്രേഷൻ ഓഫീസിന്റെ കീഴിൽ ഏകദേശം 45-50 വാഹനങ്ങളാണ് പുതിയതായി രജിസ്റ്റർ ചെയ്ത് റോഡുകളിൽ ഇറക്കുന്നത്. അതിൽനിന്നും ഓരോ ദിവസവും നിരത്തിലിറങ്ങുന്ന വാഹനങ്ങളുടെ എണ്ണത്തെക്കുറിച്ച് മനസ്സിലാക്കാവുന്ന താണ്. ഇത് നിരുൽസാഹപ്പെടുത്തുന്നതിന് മറ്റ് രാജ്യങ്ങളിൽ നിലനിൽക്കുന്നതു പോലെ പബ്ലിക് ട്രാൻസ്പോർട്ടേഷൻ സിസ്റ്റം കൂടുതൽ ഇഫക്റ്റീവാക്കേണ്ടത് അത്യാവശ്യമാണ്. പല വിദേശ രാജ്യങ്ങളിലും പബ്ലിക് ട്രാൻസ്പോർട്ടേഷൻ ഫ്രീയായി കൊടുക്കുന്നുണ്ട്. സ്വകാര്യ വാഹനങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിനു വേണ്ടിയാണ് അത്തരത്തിലൊരു നടപടി അവിടത്തെ ഗവൺമെന്റുകൾ സ്വീകരിക്കുന്നത്. രണ്ടാമത്തെ കാര്യം, ചില വ്യക്തികളുടെ പേരിൽ ഒന്നിലധികം വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഒരാൾ ഒന്നിൽക്കൂടുതൽ വാഹനങ്ങൾ രജിസ്റ്റർ ചെയ്ത് വാങ്ങുന്നുണ്ടെങ്കിൽ രണ്ടാമതും മൂന്നാമതും വാങ്ങുന്ന വാഹനങ്ങൾക്ക് അധിക ടാക്സ് ചുമത്തുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കേണ്ടതാണ്. അതുപോലെ നാം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ വിഷയം ഗതാഗതക്കുരുക്കാണ്. ഇവിടത്തെ റോഡിന്റെ സാഹചര്യം നമുക്കറിയാവുന്നതാണ്. ഉദാഹരണം പറഞ്ഞാൽ എറണാകുളത്തുനിന്നും ആലുവ വരെ വളരെയധികം ഗതാഗതക്കുരുക്കാണ്. അതിനുശേഷം റോഡ് അൽപ്പം ഫ്രീയായാൽ നഷ്ടപ്പെട്ട സമയം കവർ ചെയ്യാനായി അമിതവേഗതയിൽ വാഹനങ്ങൾ ഓടിക്കുകയാണ്. വീണ്ടും അങ്കമാലി എത്തുമ്പോൾ ഗതാഗതക്കുരുക്കാണ്. അങ്കമാലി കഴിയുമ്പോൾ വീണ്ടും വേഗത വർദ്ധിപ്പിക്കുന്ന പ്രവണത എല്ലാ ഡ്രൈവർമാരെയും സംബന്ധിച്ചുണ്ടാകുന്നുണ്ട്. അതുകൊണ്ട് റോഡുകളിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി അങ്കമാലി ഉൾപ്പെടെ സംസ്ഥാനത്ത് ഗുരുതരമായ ട്രാഫിക് അനുഭവപ്പെടുന്ന സ്ഥലങ്ങളിലെല്ലാം ബൈപ്പാസ് സംവിധാനം നിർമ്മിച്ച് സുഗമമായ ട്രാഫിക് ഗതാഗതം ഉറപ്പുവരുത്താൻ നമുക്ക് കഴിയണം.

ശ്രീ. അൻവർ സാദത്ത് : സർ, നമ്മുടെ സമൂഹത്തിൽ നിയമം അറിയാമെങ്കിലും അറിയില്ലെന്ന് നടിച്ച് വാഹനം ഓടിക്കുന്നവരാണ് കൂടുതലും അപകടങ്ങൾ ഉണ്ടാക്കുന്നത്. മദ്യപിച്ചും ഹെൽമെറ്റ് ധരിക്കാതെയും വാഹനങ്ങൾ ഓടിക്കുന്നു. എന്റെ ഒരനുഭവം പറയാം. ഞാൻ ചെറുപ്പകാലത്ത് ഹെൽമെറ്റ് വയ്ക്കാതെ

ബൈക്കിൽ യാത്രചെയ്തു. പോകുന്നവഴിയിൽ ഹെൽമെറ്റ് ധരിക്കുകയും അടുത്ത നിമിഷം അപകടം സംഭവിക്കുകയും ചെയ്തു. ആ അപകടത്തിൽ ഞാൻ ധരിച്ചിരുന്ന ഹെൽമെറ്റ് പൊട്ടിപ്പൊളിഞ്ഞുപോയി.അന്ന് ആ ഹെൽമെറ്റ് ധരിച്ചില്ലായിരുന്നെങ്കിൽ... ജീവൻ അപകടത്തിലാകുമായിരുന്നു.

ശ്രീ. റോജി എം. ജോൺ : എനിക്ക് 6 മിനിറ്റാണ് അനുവദിച്ചിട്ടുള്ളത്. ഇവിടെ പ്രതിപാദിച്ച കാര്യങ്ങൾ ഇനി ആവർത്തിക്കുന്നില്ല. പ്രധാനമായും അപകടങ്ങൾ ഉണ്ടാക്കുന്നത് ടാങ്കർ ലോറികളും സ്വകാര്യ ബസ്സുകളുടെ മത്സര ഓട്ടവുമാണ്. ടാങ്കർ ലോറികളെ സംബന്ധിച്ച് ദുരന്ത നിവാരണ അതോറിറ്റി കൃത്യമായ മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ടാങ്കർ ലോറികൾ രാത്രികാലങ്ങളിൽ ഓടുന്നതിന്, ഓരോ ജില്ലാ അതിർത്തികളിലും ചായയോ കാപ്പിയോ കൊടുക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിന് ദുരന്ത നിവാരണ അതോറിറ്റി കഴിഞ്ഞ വർഷത്തെ മൺസൂൺ സർക്കുലറിൽ പോലും നിർദ്ദേശിച്ചിട്ടുണ്ട്. അത്തരം നിർദ്ദേശങ്ങൾ നടപ്പിലാക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇന്ന് നമ്മുടെ സംസ്ഥാനത്ത് ഏകദേശം 45 ഹൈവേ പട്രോൾ ടീമുകളാണ് നിലവിലുള്ളത്. ഹെൽമെറ്റില്ലാതെ വാഹനമോടിക്കുന്ന ആളുകളെ പിടിക്കുക എന്ന ജോലിമാത്രമാണ് ഇപ്പോൾ ഇവർ പ്രധാനമായി ചെയ്തുകൊണ്ടിരിക്കുന്നത്. ഇതിനെ ഒരു മൾട്ടി പർപ്പസ്-മൾട്ടി ഏജൻസി-ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റമാക്കി ഡെവലപ് ചെയ്യുന്നതിന് സാധിക്കണം. ഈ ഹൈവേ പട്രോൾ ടീമിൽ നിലവിലുള്ളത് ഒരു ഡ്രൈവറും രണ്ട് കോൺസ്റ്റബിൾമാരും ഒരു ഗ്രേഡ് എസ്.ഐ.-യുമാണ്. ഇവർക്ക് ഫലപ്രദമായി ഹൈവേയിലെ ഗതാഗത പ്രശ്നങ്ങളിലിടപെടാൻ സാധിക്കുകയില്ല. എന്തുകൊണ്ട് ഒരു ട്രോമാ കെയർ നഴ്സിനെ ഹൈവേ പട്രോൾ ടീമിൽ ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് നമുക്കാലോചിച്ചുകൂടാ; പല ആശുപത്രികളുമായും ബന്ധപ്പെട്ടുകഴിഞ്ഞാൽ ആശുപത്രികൾ സൗജന്യമായി അത്തരത്തിലുള്ള ട്രോമാ കെയർ നഴ്സുമാരെ ഹൈവേ പട്രോൾ ടീമിലേയ്ക്ക് നൽകുവാൻ തയ്യാറാണ് എന്നുള്ളത് യാഥാർത്ഥ്യമാണ്. ആശുപത്രിയുമായി ബന്ധപ്പെട്ട് അവരെ നമുക്ക് ഈ ടീമിൽ ഉൾപ്പെടുത്താൻ സാധിക്കണം. അതുപോലെതന്നെ ഹൈവേയിലും പ്രധാനപ്പെട്ട നിരത്തുകളിലും ഉണ്ടാകുന്ന അനധികൃത കയ്യേറ്റങ്ങൾ, നിർമ്മാണങ്ങൾ, താൽക്കാലിക നിർമ്മാണങ്ങൾ, പരസ്യ ബോർഡുകൾ സ്ഥാപിക്കൽ എന്നിവ ഒഴിപ്പിക്കുന്നതിനായി ഹൈവേ പട്രോൾ ടീമിനെ സജ്ജമാക്കണം. അതിനുള്ള കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ അവർക്ക് നൽകാൻ സാധിക്കണം. അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ മിനിമം

യോഗ്യത 10-ാം ക്ലാസ്സും ഡിപ്ലോമയും അല്ലെങ്കിൽ ഏതെങ്കിലും വർക്ക്ഷോപ്പിൽ ജോലി ചെയ്ത എക്സ്പീരിയൻസും മാത്രമാണ്. ഗതാഗതം അല്ലെങ്കിൽ റോഡ് സേഫ്റ്റി എന്നുപറയുന്നത് വളരെ സങ്കീർണ്ണമായ ഒരു വിഷയമാണ്. അതുകൊണ്ട് ഇക്കാര്യങ്ങൾ മനസ്സിലാക്കുന്ന, കൃത്യമായ പരിശീലനം ലഭിച്ച എഞ്ചിനീയറിംഗ് വിഭാഗത്തിലേയോ അല്ലെങ്കിൽ നല്ല ക്വാളിഫൈഡായ മറ്റാളുകളെയോ ഈ സർവ്വീസിലേയ്ക്ക് കൊണ്ടുവരാൻ സാധിക്കണം. കഴിഞ്ഞ കുറേ വർഷങ്ങളായി സ്കൂളുകളും കോളേജുകളുമായി ബന്ധപ്പെട്ട് ട്രാഫിക് അവബോധത്തെക്കുറിച്ച് പറയാറുണ്ട്. സിവിൽ സർവ്വീസിൽപോലും ട്രാഫിക് മാനേജ്മെന്റിനെക്കുറിച്ച് ഒരു മൊഡ്യൂൾ മാത്രമാണ് പഠിപ്പിക്കുന്നത്. ബി.എഡ്, ടി.ടി.സി. പോലുള്ള കോഴ്സുകളിൽ ടീച്ചർമാരെ ട്രാഫിക് അവെയർനെസ്സിനെക്കുറിച്ച് ബോധവാന്മാരാക്കുകയും അത് പാഠ്യപദ്ധതിയുടെ ഭാഗമാക്കുകയും ചെയ്താൽ മാത്രമേ ഗതാഗത പ്രശ്നങ്ങളെക്കുറിച്ച് പുതുതലമുറയിൽ അവബോധമുണ്ടാക്കാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ നിലവിലുള്ള നിയമങ്ങൾ കൃത്യമായി ഇംപ്ലിമെന്റ് ചെയ്യുന്നതിന് രാഷ്ട്രീയത്തിനതീതമായി സർക്കാരിന്റെയും ജനപ്രതിനിധികളുടെയും ഭാഗത്തുനിന്ന് ക്രിയാത്മകമായ ഇടപെടലുണ്ടായിക്കഴിഞ്ഞാൽ തീർച്ചയായും നമ്മുടെ സംസ്ഥാനത്ത് റോഡപകടങ്ങൾ കുറച്ചുകൊണ്ടുവരാൻ സാധിക്കും.

മി. സ്പീക്കർ: വളരെ പ്രധാനപ്പെട്ട ഒരു വിഷയം ചട്ടം 58 അനുസരിച്ച് നോട്ടീസ് നൽകി സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ശ്രമിച്ചതിന് ശ്രീ. കെ. എസ്. ശബരീനാഥിനെ ഞാനാദ്യമായി അഭിനന്ദിക്കുകയാണ്. സഭയുടെ നടപടിക്രമങ്ങളുടെ സാധ്യതകളും അവസരങ്ങളും പരമാവധി ഉപയോഗപ്പെടുത്തി ഇത്തരം ശ്രദ്ധേയമായ ചർച്ചകളിൽ ഇടപെടൽ നടത്താൻ പ്രത്യേകിച്ചും പുതിയ അംഗങ്ങൾ കാണിക്കുന്ന താൽപ്പര്യവും ശ്രദ്ധേയമാണ്. ബഹുമാനപ്പെട്ട മന്ത്രിമാരുടെ മറുപടിക്കുമുമ്പ് ഒരു കാര്യം ഒരിക്കൽക്കൂടി സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

# XII അറിയിപ്പ്

### കേരളപ്പിറവി ആഘോഷം

മി. സ്പീക്കർ: ഐക്യകേരള പിറവിയുടെ 60-ാം വാർഷികമായ നാളെ സഭ രാവിലെ ചേർന്ന് നടപടിക്രമങ്ങളൊന്നുമില്ലാതെ കക്ഷിനേതാക്കളുടെ പ്രസംഗത്തോടുകൂടി പിരിയാനാണ് തീരുമാനിച്ചിട്ടുള്ളത്. സഭ പിരിഞ്ഞതിനുശേഷം നിയമസഭാ കോംപ്ലക്സിൽത്തന്നെ വിപുലമായ ഒരു സമ്മേളനം ചേരുന്നുണ്ട്. മുഴുവൻ നിയമസഭാ സാമാജികരും അതിൽ പങ്കാളികളാകണം. രാവിലെ 9 മണിയോടുകൂടിത്തന്നെ കലാ സാംസ്കാരിക പരിപാടികൾ ആരംഭിക്കും. ഉച്ചവരെയാണ് സമ്മേളനം നടക്കുന്നത്. വൈകിട്ട് നിയമസഭാ സാമാജികർക്കായി മെമ്പേഴ്സ് ലോഞ്ചിൽ നിശ്ചയിച്ചിട്ടുള്ള ശ്രീ. ഷഹബസ് അമൻ അവതരിപ്പിക്കുന്ന ഗസൽ സന്ധ്യയിലും സഭാംഗങ്ങൾ കുടുംബസമേതം പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ചർച്ച (തുടർച്ച)

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഇവിടെ ബഹുമാനപ്പെട്ട സ്പീക്കർ സൂചിപ്പിച്ചതുപോലെ നമ്മുടെ അംഗങ്ങൾ വളരെ പ്രധാനപ്പെട്ട വിഷയത്തിനാണ് ഇന്ന് സഭയുടെ സമയം ഉപയോഗപ്പെടുത്തിയത്. അത്തരത്തിലായിരിക്കണം സഭാ പ്രവർത്തനം എന്ന അങ്ങയുടെ നിരീക്ഷണവും വളരെയേറെ സ്വാഗതാർഹമാണ്. വിശദമായ മറുപടി ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ഇവിടെ നടത്തും. ഞാൻ ഒന്നുരണ്ട് കാര്യങ്ങൾ മാത്രമാണ് സൂചിപ്പിക്കാനാഗ്രഹിക്കുന്നത്. അപകടങ്ങൾ കുറയ്ക്കുകയും അപകടമുണ്ടായാൽ അടിയന്തര ചികിത്സയും സുരക്ഷയും ഉറപ്പുവരുത്തുകയും വേണം. റോഡ് നിയമങ്ങൾ പാലിക്കുക എന്നതാണ് അപകടങ്ങൾ കുറയ്ക്കാനുള്ള പരിഹാര മാർഗ്ഗം. റോഡപകടങ്ങൾ കുറയ്ക്കുന്നതിന് ബോധവൽക്കരണം വലിയൊരു ക്യാമ്പയിനായി നടത്താൻ എല്ലാവരുടെയും സഹകരണമാവശ്യമാണ്. ബഹുമാനപ്പെട്ട ജസ്റ്റിസ് ചന്ദ്രശേഖർ ദാസ് കമ്മീഷൻ ഈ ദിശയിലേയ്ക്ക് വിരൽചൂണ്ടുന്ന നിരവധി നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനം, വിദ്യാലയങ്ങളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുക എന്നുള്ളതാണ്. വിദ്യാലയങ്ങളിൽ ബോധവൽക്കരണം നടത്തുന്നത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് പരിഹാരം കാണുന്നതാണ്. ഇന്റർവ്യൂകളിൽ 5 ശതമാനം മാർക്കിനെങ്കിലും റോഡ് സേഫ്റ്റിയുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ഉൾപ്പെടുത്തുക എന്നൊരു നിർദ്ദേശവും മുന്നോട്ടുവച്ചിട്ടുണ്ട്. ഹെൽമെറ്റ് ധരിക്കുന്നതിനെക്കുറിച്ച് ഇവിടെയും നല്ല അഭിപ്രായമല്ല ഉണ്ടായിട്ടുള്ളത്. പക്ഷെ, ഹെൽമെറ്റ് ധരിച്ചേ പറ്റുകയുള്ളൂ. കാരണം, സ്വന്തം ജീവൻ രക്ഷിക്കുന്നതിനു വേണ്ടിയുള്ള കർശനമായ ഒരു നിയമമാണത്. ശാസ്ത്രീയമായ പരിശോധനാ സംവിധാനത്തിലൂടെ 80 ശതമാനം ആളുകൾ ഇപ്പോൾ ഹെൽമെറ്റ് ധരിക്കുന്ന ശീലത്തിലേയ്ക്ക് വന്നിട്ടുണ്ട്. അതു 100 ശതമാനമാക്കി വർദ്ധിപ്പിക്കാൻ കഴിഞ്ഞാൽ ഇവിടെ ഉത്കണ്ഠപ്പെട്ടതുപോലെ 18 വയസ്സിനും 20 വയസ്സിനും ഇടയിലുള്ള ഇരുചക്രവാഹനമോടിക്കുന്ന ചെറുപ്പക്കാരുടെ ദാരുണമായ മരണം ഒഴിവാക്കാൻ ഒരു പരിധിവരെ സാധിക്കും എന്നാണ് കരുതുന്നത്.

ശ്രീ. പി. ഉബൈദുള്ള: സർ, 2014-ലെ കണക്കനുസരിച്ച് ഹെൽമെറ്റ് ധരിച്ചിരുന്ന 587 പേരും ഹെൽമെറ്റ് ധരിക്കാത്ത 325 പേരുമാണ് മരണപ്പെട്ടത്. ഹെൽമെറ്റ് ധരിച്ചവരാണ് കൂടുതലായി മരണപ്പെട്ടിട്ടുള്ളത്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഹെൽമെറ്റ് ധരിക്കുന്നതനുസരിച്ച് മരണനിരക്ക് കുറയ്ക്കാൻ കഴിയുമെന്നുതന്നെയാണ് കണ്ടെത്തിയിട്ടുള്ളത്.

ശ്രീ. പി. ടി. തോമസ് : സർ, കേരളത്തിന് പുറത്തുള്ള സംസ്ഥാനങ്ങളിലൊക്കെ റോഡ് സേഫ്റ്റി കൗൺസിലും കേരളത്തിലേത് റോഡ് സേഫ്റ്റി അതോറിറ്റിയുമാണ്. കേരളത്തിൽ റോഡ് സേഫ്റ്റി ഫണ്ടായി 500 കോടി രൂപയുണ്ട്. അത് കാര്യമായി ഉപയോഗപ്പെടുത്തിയിട്ടില്ല. കേരളത്തിൽ ട്രാൻസ്പോർട്ട് കമ്മീഷണർക്ക് തന്നെയാണ് റോഡ് സേഫ്റ്റി അതോറിറ്റിയുടെ ചുമതല. കേരളത്തിന് പുറത്ത് ഇതിനൊക്കെ രണ്ടാളുകളാണ്. ജില്ലാതല കൗൺസിലിൽ ജനപ്രതിനിധികളായ എം.എൽ.എ.-മാർക്ക് യാതൊരു പങ്കാളിത്തവുമില്ല. എം.എൽ.എ.മാരില്ലാത്തതുകൊണ്ട് ഒരുപറ്റം ഉദ്യോഗസ്ഥർ കാര്യങ്ങൾ തീരുമാനിച്ചുപോകുകയാണ്. ഈ കൗൺസിലിൽ ജനപ്രതിനിധികളെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, സംസ്ഥാന അതോറിറ്റിയും ജില്ലാ കൗൺസിലുമൊക്കെ പ്രവർത്തിക്കുന്നത് 2006-ൽ ഇവിടെ പാസ്സാക്കിയ റോഡ് സേഫ്റ്റി അതോറിറ്റി നിയമത്തിന്റെ അടിസ്ഥാനത്തിലാണ്. അതിൽ മാറ്റങ്ങൾ വരുത്തണമെങ്കിൽ നിയമ ഭേദഗതി കൊണ്ടുവരേണ്ടതാണ്. സഭയുടെ പൊതുവികാരമതാണെങ്കിൽ അതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സഭ ഇന്ന് ഏറ്റവും നന്നായി ചർച്ചചെയ്ത ഒരു വിഷയമാണിത്. കേരളത്തിൽ റോഡപകടങ്ങൾ വർദ്ധിച്ചുവരുന്നു. പോലീസ്, ട്രാൻസ്പോർട്ട്, പി.ഡബ്ല്യു.ഡി., ഹെൽത്ത് എന്നീ നാലുവകുപ്പുകൾകൂടി ചേർന്നാൽ മാത്രമേ ഇന്നത്തെ സാഹചര്യത്തിൽ റോഡപകടങ്ങൾ കുറയ്ക്കാൻ കഴിയുകയുള്ളൂ. അപകടമുണ്ടാകുമ്പോഴുള്ള ആദ്യത്തെ ഒരു മണിക്കൂറിനെ ഗോൾഡൻ അവർ എന്നുപറയും. ഈ ഒരുമണിക്കൂറിനകം വിദഗ്ദ്ധ ചികിത്സ കൊടുത്താൽ മാത്രമേ നമുക്ക് ആ വ്യക്തിയെ രക്ഷപ്പെടുത്തിയെടുക്കാൻ കഴിയുകയുള്ളൂ. ശ്രീ. പി. ടി. തോമസ് പറഞ്ഞത് നൂറുശതമാനം ശരിയാണ്. റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിക്കാത്തതിന്റെ പരിണിതഫലമായി അപകടങ്ങൾ വർദ്ധിച്ചുവരുന്നു, ആളുകൾ മരിക്കുന്നു. അതുകൊണ്ട് പോലീസ്, ട്രാൻസ്പോർട്ട്, ഹെൽത്ത്, പി.ഡബ്ല്യു.ഡി. എന്നീ നാലുവകുപ്പുകളെ സംയോജിപ്പിച്ച് കേരളത്തിന്റെ റോഡ് സുരക്ഷയ്ക്കുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാൻ അങ്ങ് മുൻകയ്യെടുക്കണം എന്നാണ് എന്റെ അഭിപ്രായം.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അത് ശരിയായ ഒരു നിർദ്ദേശമാണ്. സംസ്ഥാന പോലീസ് മേധാവി, പി.ഡബ്ല്യു.ഡി. മേധാവി, നാറ്റ്പാക്കിന്റെ മേധാവി, ഡി.എച്ച്.എസ്. എന്നിവരെല്ലാം തന്നെയാണ് ഇപ്പോഴത്തെ റോഡ്

സേഫ്റ്റി അതോറിറ്റിയിലെ അംഗങ്ങൾ. എന്നിരുന്നാലും ഈ കമ്മിറ്റികളുടെ പ്രവർത്തനം സംസ്ഥാനതലം മുതൽ താഴെത്തലം വരെ കാര്യക്ഷമമാക്കണമെന്നതാണ് അങ്ങയുടെ നിർദ്ദേശത്തിന്റെ കാതൽ എന്ന് ഞാൻ കരുതുന്നു. അത് കണക്കിലെടുത്തുകൊണ്ടുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. മറ്റൊന്ന്, ട്രോമാകെയർ യൂണിറ്റുകൾ സ്ഥാപിച്ചുകൊണ്ട് അപകടത്തിൽപ്പെട്ടവർക്ക് എത്രയുംപെട്ടെന്ന് സഹായകരമായ ആശ്വാസ നടപടികളെത്തിക്കുക എന്നുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട് എമർജൻസി മെഡിക്കൽ സ്കീം എന്നൊരു പുതിയ സ്കീമിന് ആരോഗ്യ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. താലൂക്ക് ആശുപത്രികളെ കേന്ദ്രീകരിച്ച് ട്രോമോകെയർ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ആംബുലൻസുകൾ വാങ്ങുന്നതിനാവശ്യമായ പ്രവർത്തന ചെലവിലേയ്ക്ക് ഒറ്റത്തവണ സഹായമായും അതോറിറ്റിയിൽനിന്ന് പണം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസൽ കിട്ടിയിട്ടുണ്ട്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഹെൽത്തുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യേണ്ട വിഷയംതന്നെയാണിത്. മോർട്ടാലിറ്റി റേറ്റ് കുറയ്ക്കുന്നതിനെക്കുറിച്ച് എസ്.ഡി.ജി.-യുടെ ഭാഗമായി വർക്ഷോപ്പൊക്കെ നടത്തി തീരുമാനമെടുത്തിട്ടുണ്ട്. അതിൽ ഒരു എക്സ്പെർട്ട് ഗ്രൂപ്പിനെ ചുമതലപ്പെടുത്തിയിരിക്കുന്നത് ട്രോമാകെയറുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ തന്നെയാണ്. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചത് ഒരു പ്രധാനപ്പെട്ട വിഷയമാണ്. ആക്സിഡന്റ് നടന്നിട്ട് ആദ്യത്തെ ഒരു മണിക്കൂറിനിടയിലാണ് ഭൂരിപക്ഷം മരണവും സംഭവിക്കുന്നത്. ഒന്നുകിൽ കാർഡിയാക് അറസ്റ്റായിരിക്കും അല്ലെങ്കിൽ രക്തം വാർന്നുപോയി മരണം സംഭവിക്കുന്നതായിരിക്കും. അത് മനസ്സിലാക്കിക്കൊണ്ടുതന്നെ കഴിഞ്ഞ അഞ്ചുമാസത്തിനിടയിൽ ഞങ്ങൾ എസ്.ഡി.ജി. പ്രഖ്യാപിച്ചതിന്റെകൂടെ ട്രോമാകെയറിന്റെ കാര്യം വിശദമായി ചർച്ചചെയ്ത് നല്ല പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. പ്രധാനപ്പെട്ട ആശുപത്രികളെ നല്ല ട്രോമാകെയർ സിസ്റ്റമുള്ള ആശുപത്രിയാക്കി മാറ്റുക, അതിന്റെ കൂടെ ഏറ്റവും അത്യന്താധുനികമായിട്ടുള്ള ആംബുലൻസുകൾ സജ്ജീകരിച്ചുകൊണ്ട് അപകടങ്ങളിൽപ്പെടുന്നവരെ പെട്ടെന്നുതന്നെ തൊട്ടടുത്ത ആശുപത്രിയിലെത്തിച്ച് ജീവൻ രക്ഷിക്കുക എന്നുള്ളതാണ്. ഇതിന് മറ്റ് മേഖലകളിൽപോയി പിക്കപ്പ് ചെയ്ത് കൊണ്ടുവരാനടക്കം 540 ആംബുലൻസെങ്കിലും വേണ്ടിവരുമെന്നതിനാൽ അത്തരത്തിലുള്ള ആംബുലൻസുകൾ വാങ്ങുന്നതിനും ട്രോമാകെയർ സിസ്റ്റം ഒരുക്കുന്നതിനും വേണ്ടി ഒരു പ്രൊപ്പോസൽ തയ്യാറാക്കി റോഡ് സേഫ്റ്റി അതോറിറ്റിക്കും കിഫ്ബിക്കും കൊടുത്തിട്ടുണ്ട്. ഞങ്ങളുടെ പ്രൊപ്പോസൽ പാസ്സായിക്കിട്ടിയാൽ മോർട്ടാലിറ്റി റേറ്റ് നല്ലരീതിയിൽ കുറയ്ക്കാൻ കഴിയുമെന്ന് ആരോഗ്യ വകുപ്പ് വിശ്വസിക്കുന്നു. ഇതിനുള്ള ഒരുക്കങ്ങളെല്ലാം ആരോഗ്യ വകുപ്പ് ചെയ്യുന്നുണ്ട്.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, കർണ്ണാടകയിലൊക്കെ റോഡപകടം സംഭവിച്ചാൽ അപകടം സംഭവിച്ച ആളിന് സ്വകാര്യ ആശുപത്രിയിലാണെങ്കിൽ പ്പോലും അടിയന്തര ചികിത്സയ്ക്കായി അവിടത്തെ സർക്കാർ 25,000 രൂപ വരെ നൽകുന്നുണ്ട്. അതിനെക്കുറിച്ച് അങ്ങേയ്ക്ക് ചിന്തിച്ചുകൂടെ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, സമ്പൂർണ്ണ ട്രോമാകെയർ സിസ്റ്റം വരുന്ന മുറയ്ക്ക് ഇത്തരത്തിലുള്ള കാര്യങ്ങൾ, അതായത് സ്വകാര്യ ആശുപത്രികളാണ് ഹൈവേയിൽ തൊട്ടടുത്തുള്ളതെങ്കിൽ അവിടെ ആദ്യം എത്തിക്കുന്നതിനും ചികിത്സയ്ക്കാവശ്യമായിട്ടുള്ള മറ്റ് സംവിധാനങ്ങൾ ഗവൺമെന്റിന്റെ നേതൃത്വത്തിൽ നടത്തുന്നതിനും ആവശ്യമായ വിശദമായ നിർദ്ദേശങ്ങളടക്കം ഈ പ്രൊപ്പോസലിലുണ്ട് എന്നറിയിക്കുകയാണ്.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ഈ കാര്യത്തിൽ ആരോഗ്യ വകുപ്പ് സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾ അടുത്ത റോഡ് സേഫ്റ്റി അതോറിറ്റി യോഗം പരിശോധിച്ച് അനുകൂലമായ തീരുമാനമെടുക്കുന്നതാണ്. ഇവിടെ ചൂണ്ടിക്കാണിച്ചതു പോലെ പി.ഡബ്ല്യു.ഡി., ആരോഗ്യം, ട്രാൻസ്പോർട്ട്, പോലീസ് എന്നീ നാല് വകുപ്പുകളും സംയുക്തമായി ആലോചിച്ച് റോഡപകടങ്ങളും അതിന്മേലുള്ള മരണനിരക്കും കുറയ്ക്കാനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തുന്ന താണ്. ഇവിടെ വാഹനങ്ങൾ പെരുകുന്ന, വാഹനങ്ങൾ കിട്ടുന്നതിനും വാഹനങ്ങൾക്ക് ലൈസൻസ് കിട്ടുന്നതിനും ഒരു തടസ്സവുമില്ല എന്നതും വലിയൊരു പ്രശ്നമാണ്. കാരണം ബാങ്കുകളിൽ വായ്പയ്ക്കപേക്ഷിച്ചാൽ അടുത്ത നിമിഷം വായ്പ കിട്ടുന്ന ഏക സംവിധാനം വാഹനങ്ങളുടെ വായ്പ മാത്രമാണ്. അത് ഇന്ത്യാ ഗവൺമെന്റിന്റെ ഒരു നയമാണ്. ആ നയത്തിന്റെ ഭാഗമായി നവംബർ മാസം 8-ാം തീയതി ഇന്ത്യയിലെ ട്രാൻസ്പോർട്ട് മന്ത്രിമാർ റോഡ് സേഫ്റ്റി ബില്ലുമായി ബന്ധപ്പെട്ട് ദേശീയ തലത്തിൽ തിരുവനന്തപുരത്തുവച്ച് ഒരു യോഗം നടത്തുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. ആ യോഗത്തിൽ ഈ ബില്ലിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതാണ്. റോഡപകടങ്ങളും അതുമൂലമുണ്ടാകുന്ന മരണനിരക്കും കുറയ്ക്കുന്നതിനാവശ്യമായ നടപടികളുടെ കാര്യത്തിൽ ഗവൺമെന്റ് എല്ലാ വകുപ്പുകളുമായി ആലോചിച്ച് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുന്നതാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>) : സർ, ജനങ്ങൾ ഒന്നടങ്കം ആഗ്രഹിക്കുന്ന ചർച്ചയാണ് ഇവിടെ നടന്നത്. അതിന് അങ്ങയോടും പ്രമേയം അവതരിപ്പിച്ച ശ്രീ. കെ. എസ്. ശബരീനാഥിനോടും ചർച്ചയിൽ പങ്കെടുത്ത എല്ലാ സാമാജികരോടും ഞങ്ങൾ കടപ്പെട്ടിരിക്കുന്നു. നമ്മുടെ

മൗലികാവകാശമാണ് ഇന്ത്യയിലെവിടെയും സുരക്ഷിതമായി യാത്ര ചെയ്യുക എന്നത്. ഇത്രയധികം ജീവൻ പൊലിയുകവഴി ഭരണകൂടംതന്നെ ഭരണഘടനാ വ്യവസ്ഥ ലംഘിച്ചിരിക്കുകയാണ്. ഇന്ത്യയിൽ 2001 മുതൽ 2015 വരെ 571444 റോഡപകടങ്ങൾ നടന്നു. അതിൽ പൊലിഞ്ഞ ജീവനുകൾ 54686 ആണ്. മരണം വർദ്ധിച്ചുവരികയാണ്. വാഹനങ്ങളുടെ എണ്ണം വർദ്ധിക്കുന്നു, വീതിയില്ലാത്ത നിലവാരമില്ലാത്ത റോഡുകൾ, റോഡുകളിൽ അന്യപദാർത്ഥങ്ങളുടെ കുന്നുകൂടൽ, ഡ്രൈവർമാരുടെ അനാസ്ഥ, നിരുത്തരവാദിത്വം, വാഹനങ്ങളുടെ പഴക്കം, ബഹുജനങ്ങളുടെ ഗതാഗത ബോധമില്ലായ്മ എന്നിവയെല്ലാം ഇതിനകത്ത് വരുന്നുണ്ട്. ശരിക്കും റോഡ് നിർമ്മാണത്തിന്റെ പോരായ്മകൊണ്ടുണ്ടാകുന്ന അപകടങ്ങൾ വെറും മൂന്നുശതമാനമാണ്. 97 ശതമാനം അപകടങ്ങളും റോഡിന്റെ സാങ്കേതിക പിഴവുകൊണ്ടല്ലെന്നാണ് പോലീസിന്റെ പഠനം വ്യക്തമാക്കി യിരിക്കുന്നത്.

കേരളത്തിൽ ഒരു വർഷം ശരാശരി 30000 മുതൽ 36810 വരെ അപകടങ്ങളുണ്ടാകുന്നുണ്ട്. പരിക്കുപറ്റുന്നവരുടെ എണ്ണം വർഷത്തിൽ 40000 കടക്കുന്നു. 4000 മുതൽ 4300 പേർ മരിക്കുന്നുണ്ട്. 30000-ത്തിനും 40000 ത്തിനുമിടയ്ക്കുള്ള കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ട്. ഗതാഗത അച്ചടക്കം പാലിക്കപ്പെടുന്നതേയില്ല. റോഡ് നിർമ്മാണത്തിന് ആവശ്യമായ ആധുനിക സംവിധാനത്തെപ്പറ്റി ചർച്ച ചെയ്യാം. പുതിയ കാലത്തിന് പുതിയ നിർമ്മാണം പറയുന്നുണ്ട്. ഇന്ത്യൻ റോഡ്സ് കോൺഗ്രസിന്റെ തീരുമാനങ്ങൾ വിട്ടുവീഴ്ചയില്ലാതെ നടപ്പിലാക്കിയേ പറ്റൂ. അതുകൊണ്ട് കേരളത്തിലെ പി.ഡബ്ല്യു.ഡി. റോഡുകളിലും നാഷണൽ ഹൈവേകളിലും ഹൈവേ പ്രൊട്ടക്ഷൻ ആക്ട് നടപ്പിലാക്കാൻ കഴിഞ്ഞ മാസത്തെ ക്യാബിനറ്റിൽ തീരുമാനമെടുത്തിരിക്കുക യാണ്. അത് നടപ്പിലാക്കുമ്പോൾ ആരും തന്നെ ശിപാർശയായി വരാൻ പാടില്ല. നമ്മൾ കൂടിയാലോചിച്ചിട്ടേ നടപ്പിലാക്കുകയുള്ളൂ. ഓരോ സ്ഥലത്തും അഞ്ചെട്ട് മാസം മുതൽ ഒരു വർഷം വരെ ചർച്ച ചെയ്താലേ അത് പരിഹരിക്കാൻ കഴിയൂ. ദേശീയപാതകൾ മാത്രമേ ഇപ്പോൾ നാലുവരിയാക്കാൻ ഉദ്ദേശിക്കുന്നുള്ളൂ. ഭൂമി കിട്ടാനുള്ള പ്രയാസം കാരണം ബാക്കി പ്രധാന റോഡുകളെല്ലാം രണ്ടുവരിയാക്കണം. കാൽനടക്കാരെ ഇവിടെ ആർക്കുവേണം? ഈ രാജ്യത്തുള്ളവർക്കെല്ലാം കാറുകളിലും ആധുനിക വാഹനങ്ങളിലും പോകാൻ പറ്റുമോ? ഇപ്പോൾ കാൽനടക്കാരെ ആർക്കും വേണ്ട. അതുകൊണ്ട് ഇപ്പോൾ കാൽനടപ്പാതകൾ ഇല്ല. അത് വലിയതരത്തിൽ അപകടത്തിന് കാരണമാകും. റോഡിലെല്ലാം അനാവശ്യ വസ്തുക്കൾ കൂട്ടിയിട്ടിരിക്കുകയാണ്. അനധികൃത

നിർമ്മാണങ്ങളാണ് നടക്കുന്നത്. നേരത്തെ ഞാൻ പറഞ്ഞു, ഡ്രൈവർമാരുടെ അനാസ്ഥ കാരണം 57 ശതമാനം അപകടങ്ങളുണ്ടാകുന്നു. അവരുടെയെല്ലാം ലൈസൻസ് ക്യാൻസൽ ചെയ്യണം. അതിനുവേണ്ടി ആരും വാദിക്കേണ്ട. യൂണിയനാണെന്ന് പറഞ്ഞിട്ട് കാര്യമില്ല. തുടർച്ചയായി റാഷ് ഡ്രൈവിംഗ് നടത്തുന്നവർ വണ്ടി ഓടിക്കാൻ അർഹരല്ല. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഒരു സ്വകാര്യ രാഷ്ട്രീയ പരിപാടിക്കായി ഞാൻ ഗൾഫിൽ പോയപ്പോൾ മനസ്സിലാക്കിയത് അവിടെ ലൈസൻസുള്ള എല്ലാവരും മൂന്നു മാസത്തിലൊരിക്കൽ ക്ലാസ്സിന് ചെന്നേ മതിയാകൂ. അത് ഉദ്യോഗസ്ഥനാകട്ടെ, സ്ഥാപനത്തിന്റെ മാനേജർമാരാകട്ടെ, ഏത് പ്രമാണിയായാലും ചെന്നില്ലെങ്കിൽ ലൈസൻസ് പോകും. നാല് ക്ലാസ്സാണുള്ളത്, അവരൊക്കെ അവിടേക്ക് പോകുന്ന പോക്ക് കാണണം. ഇവിടേയും അത് കൊണ്ടുവരണം. ഡ്രൈവർമാരെ പഠിപ്പിക്കാൻ എല്ലാ ജില്ലകളിലും സ്കൂളുണ്ടാക്കണം. അതൊക്കെ നടക്കുന്ന കാര്യമാണ്. അവർ അവിടെ വന്ന് പഠിക്കണം. അല്ലാതെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ലൈസൻസ് കൊടുക്കുന്നതു ശരിയാണോ? തെറ്റായിട്ട് വണ്ടി ഓടിച്ചതിന് ഒരു ഡ്രൈവറെ കസ്റ്റഡിയിലെടുത്താൽ നമ്മൾ പോയി ഇറക്കിക്കൊണ്ടുവരികയാണ്. ഒരു സിവിൽ സെൻസ് നമുക്കില്ല. അതാണ് പാശ്ചാത്യരും നമ്മളും തമ്മിലുള്ള വ്യത്യാസം. ഒരുപാട് ഗുണങ്ങൾ നമുക്കുണ്ട്, വ്യത്യാസമിതാണ്. ഇന്റർനാഷണൽ ലിക്കർ കമ്പനിയിൽനിന്നും ഒരു ബോട്ടിൽ വൈൻ വാങ്ങിയ ഒരാൾ, അതിനകത്ത് ഒരു പാമ്പ് ചത്തുകിടന്നതുകൊണ്ട് കേസ് കൊടുത്തു. പത്ത് ലക്ഷം പൗണ്ടാണ് ബ്രിട്ടനിലെ കോടതി നഷ്ടപരിഹാരമായി വിധിച്ചത്. കാരണം ഇത് കുടിച്ചാൽ അയാൾ മരിക്കും, അയാളുടെ ഭാര്യയ്ക്കും കുട്ടികൾക്കും ആരുമില്ലാതെ വരും. അതാണ് സിവിൽ സെൻസ്. ഒരു കന്നുകാലി അടുത്ത പുരയിടത്തിൽ trespass ചെയ്താൽ അവിടെ ഫൈനുണ്ട്. അങ്ങനെയൊരു ലൈഫിനെപ്പറ്റി ഇവിടെ ചിന്തിക്കാൻപോലും കഴിയില്ല. അപ്പോൾ നമുക്ക് രാഷ്ട്രീയമായി പ്രബുദ്ധതയുണ്ട്, പക്ഷേ സിവിൽ ലൈഫ് മോശമാണ്. അതെല്ലാം അപകടത്തിന് കാരണമായിട്ടുണ്ട്. ട്രാഫിക് നിയമം ഇവിടെ ആരാണ് പാലിക്കുന്നത്? പോലീസുകാർക്കുതന്നെ ട്രാഫിക് വേണ്ട, ലോക്കൽ പോലീസ് മതി. കാരണം കാശ് വാങ്ങാം. യൂറോപ്യൻ രാജ്യങ്ങളിൽ ട്രാഫിക്കാണ് ഏറ്റവും പ്രധാനം. എല്ലാ ജംഗ്ഷനുകളിലും ട്രാഫിക് വേണം. ഭരണപരിഷ്കാര കമ്മീഷനൊക്കെ ഇതുപോലുള്ള കാര്യങ്ങൾ എഴുതുമെന്നാണ് എന്റെ പ്രതീക്ഷ. മൊബൈലിൽ സംസാരിച്ചുകൊണ്ട് ഡ്രൈവ് ചെയ്യുന്നതിനെപ്പറ്റി ബഹുമാനപ്പെട്ട മെമ്പർ സി. കെ. നാണുവേട്ടൻ സംസാരിച്ചല്ലോ. മൂന്നു പേരാണ് മരിച്ചത്. ഇത് കൊലക്കുറ്റമല്ലേ, അയാളെ എന്താണ് ചെയ്യേണ്ടത്? ഒന്നും ചെയ്യുന്നില്ല. മരിച്ചവർ

മരിച്ചു. അയാൾ മൊബൈലുമായി പോയി. സ്പീഡിൽ ഓവർടേക്ക് ചെയ്യൽ - ഒരു മിനിസ്റ്ററായ എന്റെ കാറിന്റെ ഇടതുവശത്തുകൂടി എപ്പോഴും ഓവർടേക്ക് ചെയ്യുന്നുണ്ട്. നമ്മൾ സൂക്ഷിക്കുന്നതുകൊണ്ട് ഇടിക്കുന്നില്ല. വണ്ടി ഓടിക്കുന്നവർക്ക് ഒരു മര്യാദയില്ല, ദേശീയപതാകയെ ഒരു ബഹുമാനവുമില്ല. നമ്മളാണെങ്കിൽ പോലീസിനെ വിളിക്കുന്നുമില്ല, അതൊക്കെ പ്രശ്നങ്ങളാണ്. അബോധാവസ്ഥയിൽ വാഹനമോടിക്കുകയാണ് പലരും. എവിടെയും പാർക്കിംഗാണ്. നടക്കാൻ സ്ഥലമില്ല. ആവശ്യമായിട്ടുള്ള ബോർഡുകളും മുന്നറിയിപ്പുകളുമില്ല. നാഷണൽ ഹൈവേയിൽ മരങ്ങളെല്ലാം ചാഞ്ഞുകിടക്കുകയാണ്. നാഷണൽ ഹൈവേയുടെ സമീപമുള്ള നമ്മുടെ വീടുകൾ എപ്പോഴാണ് തകരുന്നതെന്ന് അറിയാൻ സാധിക്കില്ല. കേബിളുകളും തൂണുകളും റോഡിൽ വെറുതെയിടുകയാണ്. രാത്രി കാലങ്ങളിൽ പോലീസ് വണ്ടി പോലും ലൈറ്റ് ഡിം ചെയ്യുന്നില്ല. തെരുവുവിളക്കുകളുടെ അഭാവവുമുണ്ട്. പിന്നെ ആരെ കുറ്റം പറയാൻ പറ്റും. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ജസ്റ്റിസ് ടി. കെ. ചന്ദ്രശേഖർ ദാസ് റിപ്പോർട്ടിൽ ഇതെല്ലാമുണ്ട്. ഇതിന് പരിഹാരം കാണാൻ പി.ഡബ്ല്യു.ഡി., ഉപരിതല ഗതാഗതം, റോഡ് സുരക്ഷാ സമിതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പോലീസ്, മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ്, പി.ആർ.ഡി., വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ് ഇവയുടെ സംയുക്ത നീക്കം വേണം.

ഡ്രെയിനേജ് സൗകര്യങ്ങൾ ഉണ്ടാകണം. റോഡിന് സമമായിട്ടേ അത് പാടുള്ളൂ. പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ ഡ്രെയിനേജ് റോഡിന് അടിയിലായിരിക്കും, ഡ്രെയിനേജിന്റെ മുകളിൽകൂടി വാഹനങ്ങൾ പോകും. സുരക്ഷാ സംവിധാനങ്ങൾ, ക്രാഷ് ബാരിയർ തുടങ്ങിയവയും ഉണ്ടാകണം. റോഡിന്റെ ഉപരിതലവും വശങ്ങളും തമ്മിലുള്ള ഉയരം കാരണം എത്രയാളുകൾ മരിക്കുന്നു. ഒരു വണ്ടി ചീറിപ്പാഞ്ഞുപോയാൽ സൈക്കിൾ യാത്രക്കാരൻ താഴെ വീണ് മരിക്കുന്നു. നമ്മുടെ എഞ്ചിനീയർമാർ, അവരെ കുറ്റം പറയുകയല്ല. താജ്മഹൽ നിർമ്മിച്ചതു് അവർ തന്നെയാണ്. അതും നീയെ, ഇതും നീയെ എന്നു പറയേണ്ടിവരും. രണ്ടും ഒരാൾ തന്നെയാണ്. അതൊക്കെ മാറണം. അതുപോലെ സ്പീഡ് കൺട്രോളറുകൾ വേണ്ടത്രയില്ല. ഓവർസ്പീഡ് ഡിറ്റക്ടർ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. അപകടകരമായി വണ്ടി ഓടിക്കുന്നവരുടെ ലൈസൻസ് ക്യാൻസൽ ചെയ്യണം. ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയുമായി ചർച്ചചെയ്ത് ഡ്രൈവർമാർക്ക് ക്ലാസ് കൊടുക്കുന്നതിനായി ജില്ലകൾതോറും സ്കൂളുകൾ തുടങ്ങണം, അവിടെ പോയാൽ അവർക്കുതന്നെ ആത്മാഭിമാനമായിരിക്കും. പോസ്റ്റുകളും കേബിളുകളും റോഡരികിലേയ്ക്ക് മാറ്റണം. അതിന് ബന്ധപ്പെട്ട വകുപ്പുകൾ

നിർദ്ദേശം നൽകേണ്ടതാണ്. ബഹുജനങ്ങളെ ഗതാഗത ബോധമുള്ളവരാക്കണ മെന്നത് ഏറ്റവും പ്രധാനമാണ്. അത് ഇന്ന് കേരളത്തിലില്ല. റോഡുസുരക്ഷ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുകതന്നെ വേണം. അതിന് ഇവിടത്തെ ചർച്ചയുടെ ഭാഗമായി തീരുമാനം ഉണ്ടാകണം. റോഡ് നിർമ്മാണത്തിൽ വിട്ടുവീഴ്ചയില്ലാത്ത നിലയുണ്ടാകണം. പി.ഡബ്ല്യു.ഡി., പോലീസ്, ഗതാഗത വകുപ്പ്, പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ കൂട്ടായ്മയുണ്ടാകണം. കേരളത്തിൽ വാഹനപ്പെരുപ്പം പ്രതിവർഷം 19 ശതമാനമാണ്. റോഡ് വികസനം 7 ശതമാനമേ കൂടുന്നുള്ളൂ. ആ വൈരുദ്ധ്യം എങ്ങനെയാണ് പരിഹരിക്കുക. ഇന്ത്യയിൽ ഏറ്റവും കൂടുതൽ റോഡ് സാന്ദ്രതയുള്ള കേരളത്തിൽ 100 ചതുരശ്ര കിലോമീറ്ററിന് 853 കിലോമീറ്റർ റോഡുണ്ട്, ഇന്ത്യയിൽ മൊത്തത്തിൽ നോക്കുകയാണെങ്കിൽ വെറും 387 കിലോമീറ്ററേയുള്ളൂ. നമ്മൾ നാടിന്റെ ആവശ്യമായ പബ്ലിക് ട്രാൻസ്പോർട്ട് ഉപേക്ഷിച്ചില്ലേ. ബസ്സുകൾ ധാരാളം വർദ്ധിപ്പിക്കണം. നിന്നുകൊണ്ട് ആരും യാത്ര ചെയ്യാൻ പാടില്ല. ഇരുന്ന് തന്നെ യാത്രചെയ്യണം. ലോ ഫ്ലോർ ബസ്സിന് നല്ല സൗകര്യമില്ലേ. അതിനകത്ത് എ.സി.-യൊക്കെയുണ്ട്, ഒരു പ്രശ്നവുമില്ല ഇതെല്ലാം നമുക്ക് ചെയ്യാവുന്നതാണ്. ഇപ്പോൾ ബസ്സുകളുടെ എണ്ണം പകുതിയായി കുറഞ്ഞു. കാറുകളുടെ എണ്ണം അഞ്ചിരട്ടിയായി വർദ്ധിച്ചു. മോട്ടോർ സൈക്കിളുകളുടെ എണ്ണം ആയിരം മടങ്ങാണ് വർദ്ധിച്ചിരിക്കുന്നത്. പണ്ട് സ്കൂളിൽ പഠിക്കുമ്പോൾ നമ്മുടെ നാട്ടിൽ എവിടെയെങ്കിലും മോട്ടോർ സൈക്കിൾ ഉണ്ടായിരുന്നോ? നാട്ടിൻ പുറത്ത് ജാലവിദ്യക്കാരൻ വരുമ്പോഴാണ് നമ്മൾ മോട്ടോർ സൈക്കിൾ കാണുന്നത്. ഏറ്റവും കൂടുതൽ അപകടങ്ങളുണ്ടാകുന്നത് കാറുകളും ഇരുചക്ര വാഹനങ്ങളുംമൂലമാണ്. അവയുടെ ഉപയോഗം പരമാവധി കുറയ്ക്കണം. ആവശ്യമില്ലാതെ വൈകുന്നേരങ്ങളിൽ പത്രാസ് കാണിക്കാൻ കാൽനടക്കാരുടെ അവകാശം നിഷേധിച്ചുകൊണ്ട് വാഹനങ്ങൾ റോഡിൽ കൊണ്ടിട്ടിട്ട് പോകുകയാണ് ഓരോരുത്തരും. ആ വണ്ടിയെല്ലാം തന്നെ പോലീസ് ഉറപ്പായും പിടിക്കണം. ആവശ്യത്തിന് വണ്ടി ഉപയോഗിക്കണം. ഇത് ഒരു ആഡംബരമല്ല. ഇംഗ്ലണ്ടിലൊക്കെ ഒരു കാർ ഒരു മാസം കഴിഞ്ഞാൽ തല്ലിപ്പൊളിച്ചുകളയും. ഇവിടെ ഉടുപ്പൊക്കെ പുതപ്പിച്ച് വലിയ പൂജയാണ്, ഭയങ്കര സംഭവമാണ്. ഇത് വെറുമൊരു മെറ്റലാണ്. അതിന്റെ പെയിന്റ് പോയിക്കഴിഞ്ഞാൽ ഒന്നുമില്ല. അതിനാൽ പൊതുവാഹനങ്ങളുടെ എണ്ണം കൂട്ടണം. 2015-ൽ കേരളത്തിൽ വാഹനങ്ങളുടെ എണ്ണം ഒരു കോടി ചില്ലാനമായിരുന്നു. ഇക്കാലത്ത് കേരളത്തിൽ റോഡുകളുടെ നീളം 3.73 ലക്ഷമാണ്. കഴിഞ്ഞ വർഷം 8.33 ലക്ഷം വാഹനങ്ങൾ കേരളത്തിൽ രജിസ്റ്റർ ചെയ്തു. ഈ സാഹചര്യത്തിൽ വാഹനാപകടങ്ങൾ സ്വാഭാവികമായും വർദ്ധിക്കും. ദേശീയ കണക്ക് പ്രകാരം ഒരു വർഷം 39,000-ൽ

പരം അപകടങ്ങൾ കേരളത്തിൽ നടക്കുന്നുണ്ട്. 2015-ൽ 4200-ഓളം പേർ മരിച്ചു. ഇപ്പോൾ കേരളത്തിൽ (ഇത് റിപ്പോർട്ട് ചെയ്യുമ്പോൾ) ഒരു കോടി ആറ് ലക്ഷം വാഹനങ്ങൾ നിലവിലുണ്ട്. കഴിഞ്ഞ മൂന്ന് വർഷം 38,000 ലൈസൻസുകൾ ക്യാൻസൽ ചെയ്തിട്ടുണ്ട്. അമിത വേഗതയ്ക്ക് കഴിഞ്ഞ ഏഴ് മാസത്തിനുള്ളിൽ 53,930 കേസ്സുകളും അടയാള ലംഘനത്തിന്, അതായത് സൈൻ ബോർഡ് ഉണ്ടായിട്ടും അതിക്രമിച്ച് പോയതിന് 33,000 കേസ്സുകളും മദ്യപിച്ചുള്ള ഡ്രൈവിംഗിന് 17,500 കേസ്സുകളും ഓവർ ലോഡിന് 37,200 കേസ്സുകളും രജിസ്റ്റർ ചെയ്യുകയുണ്ടായി. പിഴയിനത്തിൽ ആറ് വർഷങ്ങളിലായി 6.34 കോടി രൂപ ഖജനാവിലേയ്ക്ക് വരവുണ്ടായിട്ടുണ്ട്. ഗവൺമെന്റ് നിരീക്ഷണ ക്യാമറ സംവിധാനമുൾപ്പെടെ ഒരുപാട് നല്ല കാര്യങ്ങൾ ചെയ്യുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിധിയിൽ വാഹന പരിശോധനയുണ്ട്, കുട്ടികളുടെ വാഹന ഉപയോഗം നോക്കുന്നുണ്ട്, സ്പീഡ് ഗവർണറുണ്ട്, റോഡ് സേഫ്റ്റി നടപടിയുണ്ട്, ജസ്റ്റിസ് ചന്ദ്രശേഖരദാസ് കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ ആഗ്രഹിക്കുന്നുണ്ട്. റോഡ് മെയിന്റനൻസ് ചീഫ് എഞ്ചിനീയറെ നിയമിക്കാൻ ഉദ്ദേശിക്കുന്നു. സോഷ്യൽ ഓഡിറ്റ് വരുന്നുണ്ട്. ഇതിലെല്ലാം സർക്കാർ ശക്തമായ നിലപാട് സ്വീകരിച്ചുവരികയാണ്. സർക്കാരിന്റെ ശുഭയാത്രാ പദ്ധതിയുണ്ട്. സർക്കാരും പോലീസും നേരത്തേ പറഞ്ഞ വകുപ്പുകളും ചേർന്നാണ് ഇത് നടത്തുന്നത്. ബോധവൽക്കരണമാണ് ലക്ഷ്യം. ട്രാഫിക് അപകടങ്ങൾ 25 ശതമാനം കുറയ്ക്കുക, ഗുരുതരമായ അപകടങ്ങൾ 20 ശതമാനം കുറയ്ക്കുക, കാൽ നടയാത്രക്കാർക്ക് സുരക്ഷ, ട്രാഫിക് നിയമങ്ങൾ പാലിക്കുക, തുടങ്ങിയവയാണ് ലക്ഷ്യം. ആധുനിക സാങ്കേതിക വിദ്യകളായ ഓട്ടോമാറ്റിക് ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം, ഹാൻഡ്ഹെൽഡ് സ്പീഡ് റഡാർ, ആധുനിക ബ്രീത്ത് അനലൈസർ ആന്റ് ആൽക്കോ മീറ്റർ, മോഡേൺ ട്രാഫിക് സ്റ്റേറ്റ് കമാന്റ് ആന്റ് സെൻട്രൽ സെക്ടർ, ട്രാഫിക് പാർക്ക്സ് ആന്റ് മൊബൈൽ ട്രാഫിക് മുതലായാവ വഴി ഗതാഗതം മെച്ചപ്പെടുത്തുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കുകയാണ്. റോഡ് നിർമ്മാണത്തിനായി റബ്ബർ, വേസ്റ്റ് പ്ലാസ്റ്റിക്ക്, സിമന്റ് ടൈൽസ്, സ്റ്റോൺ ടൈൽസ് തുടങ്ങിയ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിക്കുമ്പോൾ റോഡുകളിലൂടെ കുറച്ചുകൂടി നല്ല നിലയിൽ സഞ്ചരിക്കാൻ കഴിയും. അമേരിക്കയിലെ ട്രാഫിക് സിദ്ധാന്തമെന്ന് പറയുന്നത് എതിരെ വരുന്ന വാഹനം ഇടിക്കാനാണ് വരുന്നതെന്ന് നമ്മൾ കരുതണമെന്നാണ്. അവിടെ പോയിട്ടുള്ള എല്ലാവർക്കുമറിയാം. കേരളത്തിലാണെങ്കിൽ നമ്മളെ ഉറപ്പായും ഇടിക്കാൻ വേണ്ടിയാണ് വരുന്നതെന്ന് കരുതണം. മറ്റേത് ഇടിക്കാനല്ല വരുന്നത്, പക്ഷെ, കേരളത്തിൽ നമ്മെ ഇടിക്കാൻ തന്നെയാണ് വരുന്നത്. അതാണ് കേരളത്തിന്റെ

പ്രത്യേകത. ട്രാഫിക് പോലീസ് വളരെ പ്രധാനമാണ്. ധാരാളം ട്രാഫിക് പോലീസുണ്ട് അവർക്ക് നല്ല ട്രെയിനിംഗ് കൊടുക്കേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട കായംകുളം എം.എൽ.എ. ശ്രീമതി യു. പ്രതിഭ ഹരി ഒരു നോട്ട് ഇവിടെ തന്നു. അവർ പറയുന്നത് ശരിയാണ്. അമ്പലപ്പുഴയുടെയും തകഴിയുടെയും ഇടയ്ക്കുള്ള സ്ഥലമാണ് കരുമാടി. അവിടെ പൈപ്പ് ഇറക്കിയിട്ടിരിക്കുകയാണ്. ഒരാൾ മോട്ടോർ സൈക്കിൾ ഓടിച്ചുവന്ന് പൈപ്പിൽ ഇടിച്ചുമരിച്ചു. ഇത്തരം കാര്യങ്ങളിൽ ഉദ്യോഗസ്ഥന്മാരിൽ നിന്നും കോൺട്രാക്ടർമാരിൽ നിന്നും വീഴ്ചയാണ് സംഭവിക്കുന്നത്. അവരിൽ നിന്ന് പണം ഈടാക്കാനുള്ള നിയമം വരണം. അവർക്കങ്ങനെ ഒഴിഞ്ഞുമാറാനാകില്ല, കാരണം സമയം കഴിഞ്ഞാൽ പൈപ്പ് എടുത്തുമാറ്റണം. അതുപോലുള്ള സാമഗ്രികൾ അവിടെ സൂക്ഷിക്കാൻ പാടില്ല. ഇങ്ങനെ മരിക്കുന്നവരുടെ കുടുംബങ്ങൾക്ക് ഓരോ കാലത്തും മുഖ്യമന്ത്രിയുടെ മഹാമനസ്കതകൊണ്ട് ക്യാബിനറ്റിൽ വച്ച് കുറച്ച് പൈസ കൊടുത്താൽ പ്രശ്നം തീരുമോ; പ്രശ്നം തീരില്ല. ഇത്തരത്തിലുള്ള അതീവ ഗുരുതരമായ പ്രശ്നങ്ങൾക്ക് മാറ്റമുണ്ടാകണം. മാറ്റത്തിന്റെ ആരംഭം കുറിക്കാൻ ഈ ചർച്ച ഉപകരിക്കും. പി.ഡബ്ല്യൂ.ഡി. പോലീസ്, ആരോഗ്യം, ഗതാഗതം എന്നീ വകുപ്പുകൾ ചേർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തി നമുക്ക് കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകാവുന്നതാണ്.

ശ്രീ. ഹൈബി ഈഡൻ: സർ, അൺ സയന്റിഫിക് റോഡ് കൺസ്ട്രക്ഷനെക്കുറിച്ചും ഡിസൈനിനെക്കുറിച്ചും പറയുകയുണ്ടായി. പി.ഡബ്ല്യൂ.ഡി. ആണെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണെങ്കിലും റോഡ് ടാർ ചെയ്യുന്നത് സർഫസിൽ നിന്നും വളരെ ഉയരത്തിലാണ്. അത് ഓരോ പ്രാവശ്യം റീടാർ ചെയ്യുന്നത് നേരത്തേ ചെയ്തതിന്റെ മുകളിലാണ്. ബി.എം. & ബി.സി. ആണെങ്കിൽ നാലടി ഉയരം ഇതിന് വരികയാണ്. എല്ലാവർഷവും ഇത് ഉയർന്നുവരികയാണ്. ഇതിന്റെ കൺസ്ട്രക്ഷനിൽ സർഫസിന് അനുയോജ്യമായ രീതിയിൽ നീക്കം ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ : സർ, അതാണ് ചെയ്യേണ്ടത്. പക്ഷെ, അതാണ് ചെയ്യാത്തത്. കോൺട്രാക്ടർമാർ പഴയ കല്ലും മണ്ണുംതന്നെ തിരിച്ചിടുകയാണ്. എഞ്ചിനീയർമാർ ഇങ്ങനെ നോക്കിക്കൊണ്ടു നിന്ന് സൂപ്പർവൈസ് ചെയ്യുകയാണ്. കേന്ദ്ര ഗവൺമെന്റ്, നാഷണൽ ഹൈവേയ്ക്ക് ഇത് മാറ്റി പുതിയത് നിറയ്ക്കാൻ സമ്മതിക്കില്ല. ഒരു കി. മീറ്ററിന് ഒരു കോടി രൂപയാണ് തരുന്നത്. തിരുവനന്തപുരത്ത് റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ വഴി ഒരു കി. മീറ്ററിന് 14 കോടി രൂപയാണ് ചെലവാകുന്നത്. അതുകൊണ്ട് തിരുവനന്തപുരത്ത് നമ്മുടെ

റോഡിന് ഒരു കുഴപ്പവുമില്ലല്ലോ. അങ്ങനെയുള്ള റോഡ് നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്.

മി. സ്പീക്കർ: അങ്ങ് പറഞ്ഞതുപോലെ ഈ ചർച്ച അതിന് സഹായകരമാകട്ടെ.

ഓർഡർ....................ഓർഡർ..........സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00-മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 നവംബർ മാസം 1-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00-മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 5.07-ന് പിരിഞ്ഞു.)

**അനുബന്ധം**

(ചീക്കോട് കുടിവെള്ള പദ്ധതിയെ സംബന്ധിച്ച് ജലവിഭവ വകുപ്പുമന്ത്രി)

ശ്രീ. മാത്യു ടി. തോമസ് നൽകിയ മറുപടിയിൽ സഭയുടെ മേശപ്പുറത്തുവച്ച ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.)

1. ചീക്കോട് കുടിവെള്ള പദ്ധതിക്കായി ഒന്നാം ഘട്ടത്തിൽ NABARD-RIDF XIV-ൽ 8072.27 ലക്ഷം രൂപയുടെ ഭരണാനുമതിയും, രണ്ടാം ഘട്ടത്തിൽ SLSSC 2013-ൽ 2200 ലക്ഷം രൂപയുടെ ഭരണാനുമതിയും, മൂന്നാം ഘട്ടത്തിൽ NABARD-RIDF XVIII 1254 ലക്ഷം രൂപയുടെ ഭരണാനുമതിയും നാലാം ഘട്ടത്തിൽ SLSSC 2014-ൽ 800 ലക്ഷം രൂപയുടെ ഭരണാനുമതിയും നാളിതുവരെ ലഭിച്ചു. പ്രോജക്ട് റിപ്പോർട്ട് പ്രകാരം ചീക്കോട്, മുതുവല്ലൂർ, കുഴിമണ്ണ, ചെറുകാവ്, വാഴയൂർ, വാഴക്കാട്, പുളിക്കൽ എന്നീ പഞ്ചായത്തുകളിലായി ഏകദേശം 362 കി. മീറ്റർ വിതരണ ശൃംഖല ആവശ്യമുള്ളതായി മനസ്സിലാക്കുന്നു. ഇതിൽ ഏകദേശം 196 കി. മീറ്റർ സ്ഥാപിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

2. 2016 മാർച്ചിൽ ഭാഗീകമായി കമ്മീഷൻ ചെയ്തുവെങ്കിലും വിതരണ ലൈനുകൾ ഓരോന്നായി ചാർജ് ചെയ്ത് വരുന്നതേയുള്ളൂ. ഫീസിബിളായ ലൈനുകളിൽ നിന്നും അപേക്ഷകൾ വരുന്ന മുറയ്ക്ക് കണക്ഷൻ നൽകി വരുന്നുണ്ട്.

ചീക്കോട് ജല വിതരണ പദ്ധതിയിൽ കൊണ്ടോട്ടി മണ്ഡലത്തിലെ ചീക്കോട്, മുതുവല്ലൂർ, പുളിക്കൽ, വാഴയൂർ, ചെറുകാവ് എന്നീ പഞ്ചായത്തുകൾ ഉൾപ്പെട്ടിട്ടുണ്ട്. ഈ പദ്ധതി ഭാഗീകമായി മാർച്ച് മാസത്തിൽ കമ്മീഷൻ ചെയ്തു. ഇതിന്റെ പ്രയോജനം ഭാഗീകമായി താഴെപ്പറയുന്ന സ്ഥലങ്ങളിൽ ലഭ്യമാണ്.

**കൊണ്ടോട്ടി മുനിസിപ്പാലിറ്റി**

ചീക്കോട് പദ്ധതി പ്രവർത്തനക്ഷമമായതോടുകൂടി 19 ലക്ഷം ശേഷിയുള്ള ചേപ്പിളിക്കുന്ന് ടാങ്കിൽ ശുദ്ധീകരിച്ച ജലം എത്തിയിട്ടുണ്ട്. ഇവിടെ നിന്നും നിലവിലുള്ള കാളോത്ത്, ബ്ലോക്ക് ഓഫീസ് എന്നിവിടങ്ങളിലെ ടാങ്കുകളിൽ വെള്ളമെത്തിച്ച് അറുപതോളം ടാപ്പുകളിലൂടെ ജലവിതരണം നടത്തുന്നുണ്ട്. പുതുതായി 180 ഗാർഹിക കണക്ഷൻ നൽകിയിട്ടുണ്ട്. 1500 ഓളം പുതിയ കണക്ഷനുവേണ്ടി അപേക്ഷകളും ലഭിച്ചിട്ടുണ്ട്. പൈപ്പ് ലൈനുകൾ സജീവമായ സ്ഥലങ്ങളിൽ മാത്രമേ കണക്ഷൻ നൽകാൻ സാധിക്കുകയുള്ളൂ.

**ചീക്കോട് പഞ്ചായത്ത്-** ചീക്കോട് പദ്ധതി പ്രവർത്തനക്ഷമമായതോടുകൂടി 8 പുതിയ കണക്ഷനുകൾ നൽകിയിട്ടുണ്ട്. പൈപ്പ് ലൈനുകൾ ഉള്ള ഭാഗങ്ങളിൽ പുതിയ കണക്ഷൻ നൽകുന്ന പ്രവൃത്തി നടന്നുവരുന്നു. ഇതിനായി ചുള്ളിക്കോടുള്ള 23.04 ലക്ഷം ശേഷിയുള്ള ടാങ്കാണ് ഉപയോഗിക്കുന്നത്.

**മുതുവല്ലൂർ പഞ്ചായത്ത്-** മുതുവല്ലൂർ പഞ്ചായത്തിൽ പൈപ്പ് ലൈൻ ഉള്ള ഭാഗങ്ങളിൽ പുതിയ കണക്ഷൻ നൽകുന്ന പ്രവൃത്തികൾ നടന്നുവരുന്നു.

**പുളിക്കൽ പഞ്ചായത്ത്-** ഈ പഞ്ചായത്തിൽ കോമ്പറമ്പ് 28.79 ലക്ഷം ശേഷിയുള്ള ടാങ്ക്, 9.42 ലക്ഷം ശേഷിയുള്ള ഹൈസ്കൂൾ ടാങ്ക് എന്നിവയിൽ ചീക്കോട് പദ്ധതിയുടെ ശുദ്ധീകരിച്ച ജലം എത്തിയിട്ടുണ്ട്. നിലവിൽ വിതരണ പൈപ്പ് ലൈൻ ഇല്ലാത്തതിനാൽ കണക്ഷൻ നൽകിയിട്ടില്ല.

**വാഴയൂർ പഞ്ചായത്ത്-** വാഴയൂർ പഞ്ചായത്തിൽ 30.21 ലക്ഷം ശേഷിയുള്ള മുണ്ടകശ്ശേരി ടാങ്കിൽ വെള്ളം എത്തിയിട്ടുണ്ട്. ഇവിടെ നിന്നും വൈദ്യരങ്ങാടി സബ് വഴി വാഴയൂർ ഭാഗത്തുള്ള പൈപ്പ് ലൈൻ ഉള്ള ഭാഗങ്ങളിൽ ജല വിതരണം എത്തുന്നുണ്ട്. പുതിയ അപേക്ഷയിന്മേൽ കണക്ഷൻ നൽകുന്ന നടപടി നടന്നുവരുന്നു.

**ചെറുകാവ് പഞ്ചായത്ത്-** ചെറുകാവ് പഞ്ചായത്തിൽ നിലവിൽ മുണ്ടകശ്ശേരി ടാങ്കിൽ നിന്നും വൈദ്യരങ്ങാടി സബ് വഴിയാണ് ജലം വിതരണം നടത്തുന്നത്. നിലവിൽ പൈപ്പ് ലൈൻ ഉള്ള ഭാഗങ്ങളിൽ കണക്ഷൻ നൽകുന്നുണ്ട്. ഇതുവരെ പുതിയതായി 150 കണക്ഷനുകൾ നൽകിയിട്ടുണ്ട്. പുതിയ കണക്ഷന്റെ പ്രവൃത്തികൾ നടന്നുവരുന്നുണ്ട്.

**കുഴിമണ്ണ, വാഴക്കാട് പഞ്ചായത്ത് -** വിതരണ ശൃംഖലയുടെ പൈപ്പ് ലൈൻ സ്ഥാപിക്കൽ പുരോഗമിച്ചു വരുന്നു.

3. വിതരണ ശൃംഖലയുടെ പൈപ്പ് ലൈൻ സ്ഥാപിക്കൽ PWD/ മുനിസിപ്പാലിറ്റി/പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്ഥലങ്ങളിലാണ് നടന്നുവരുന്നത്. പൈപ്പ് ലൈൻ സ്ഥാപിക്കുവാൻ അനുവാദം ലഭിക്കുന്നതിനുവേണ്ടി PWD അധികാരികൾക്ക് യഥാസമയം തുക ഒടുക്കാറുണ്ട്. റോഡ് റെസ്റ്റൊറേഷൻ ഇനത്തിൽ ഒന്നാം ഘട്ടത്തിൽ 9,13,43,195 രൂപ PWD അടയ്ക്കുവാൻ ആവശ്യപ്പെട്ടതിൽ 4,36,75,477 രൂപ അടച്ചിട്ടുണ്ട്. ബാക്കി 4,76,67,718 രൂപ അടയ്ക്കുവാനുണ്ട്. ഭരണാനുമതി പ്രകാരം ഈ ഇനത്തിൽ ഉൾപ്പെടുത്തിയത് 4,91,00,000 രൂപ മാത്രമായതിനാൽ മുഴുവൻ പണവും അനുവദിക്കുന്നതിന് പദ്ധതിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകാരത്തിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

രണ്ടാം ഘട്ടത്തിൽ ആദ്യം PWD ആവശ്യപ്പെട്ട 25,19,194 തുക അടയ്ക്കുകയും തുടർന്ന് PWD ആവശ്യപ്പെട്ട 5,11,24,280 രൂപയുടെ കൃത്യത ഉറപ്പുവരുത്തുന്നതിലേയ്ക്കായി PWD-യോട് ഒരു ജോയിന്റ് ഇൻസ്പെക്ഷന് ആവശ്യപ്പെട്ടിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ഭരണാനുമതി പ്രകാരം ഈ ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് 323 ലക്ഷം രൂപ മാത്രമായതിനാൽ മുഴുവൻ സംഖ്യയും അടയ്ക്കുന്നതിന് PWD-യുമായി ജോയിന്റ് ഇൻസ്പെക്ഷൻ നടത്തിയശേഷം മാത്രമേ സാധിക്കുകയുള്ളൂ.

മൂന്നാം ഘട്ടത്തിന്റെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് മുന്നോടിയായി PWD-യുടെ റോഡ് കട്ടിംഗ് സാംഗ്ഷനുവേണ്ടി അപേക്ഷിച്ചിട്ടുണ്ട്. ഇതിനുവേണ്ടിയുള്ള തുക എത്രയെന്ന് PWD-യിൽ നിന്നും അറിയിച്ചിട്ടില്ല. ഇതിനായി 125 ലക്ഷം രൂപ പ്രോജക്റ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. നാലാം ഘട്ടത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി റോഡ് റെസ്റ്റൊറേഷൻ ഇനത്തിൽ 173.17 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

പൈപ്പ് ലൈൻ സ്ഥാപിക്കാൻ വേണ്ടി വെട്ടിപ്പൊളിച്ച റോഡുകൾ ബന്ധപ്പെട്ട PWD, മുനിസിപ്പാലിറ്റി, പഞ്ചായത്ത് അധികാരികൾ മുഖേനയാണ് നന്നാക്കേണ്ടത്.